# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

## ആറാം സമ്മേളനം

2022 ആഗസ്റ്റ് 24, ബുധൻ

സ്പീക്കർ

**ശ്രീ. എം. ബി. രാജേഷ്**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. ചിറ്റയം ഗോപകുമാർ**

സെക്രട്ടറി

**ശ്രീ. എ. എം. ബഷീർ**

ചീഫ് എഡിറ്റർ

**ശ്രീമതി എസ്. ജയശ്രീ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

565/2023

## മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : | ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി | : | ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : | ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : | ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : | ശ്രീമതി ജെ. ചിഞ്ചുറാണി |
| തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി | : | ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. പി. പ്രസാദ് |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : | ശ്രീ. പി. രാജീവ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. റോഷി അഗസ്റ്റിൻ |
| വനം-വന്യജീവി-വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി | : | ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി | : | ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി | : | ശ്രീമതി വീണാ ജോർജ് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ...30

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...30

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...102

**II അടിയന്തരപ്രമേയം**

ഉന്നത വിദ്യാഭ്യാസ മേഖല നേരിടുന്ന നിലവാരത്തകർച്ച
(അവതരണാനുമതി നിഷേധിച്ചു) ...472

**III ശ്രദ്ധ ക്ഷണിക്കൽ**

1. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
—ശ്രീ. പി. എസ്. സുപാൽ ...501

2. ഉച്ചഭക്ഷണത്തിന് നൽകുന്ന തുക പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത
—ശ്രീ. അൻവർ സാദത്ത് ...506

**IV സബ്മിഷൻ**

1. ലിംഗനീതി സംരക്ഷണം
—ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ...511

2. ഫയർ സ്റ്റേഷൻ
—ശ്രീ. കെ. പ്രേംകുമാർ ...514

3. ന്യൂസ്പ്രിന്റിന്റെ വിലവർദ്ധന
—ശ്രീ. യു. എ. ലത്തീഫ് ...514

4. തഴവ കോളേജ് കെട്ടിടനിർമ്മാണം
— ശ്രീ. സി. ആർ. മഹേഷ് ...516

5. പറവൂർ ഒല്ലാൽ റെയിൽവെ മേൽപ്പാലം നിർമ്മാണം
—ശ്രീ. ജി. എസ്. ജയലാൽ ...519

*പേജ്*

6. പേരാവൂർ പൊതുമരാമത്ത് റോഡുകളുടെ നവീകരണം
—ശ്രീ. സണ്ണി ജോസഫ് ...520

7. ശക്തികുളങ്ങര ഹാർബറിന്റെ പ്രവേശന കവാട നിർമ്മാണം
—ഡോ. സുജിത് വിജയൻപിള്ള ...523

8. അടിമാലി താലൂക്കാശുപത്രിയുടെ പ്രവർത്തനം
—ശ്രീ. എ. രാജ ...525

9. ഡോക്ടർമാരുടെ സേവനം
—ഡോ. മാത്യു കുഴൽനാടൻ ...528

10. കേരള കായികക്ഷമത മിഷൻ
—ശ്രീ. എ. എൻ. ഷംസീർ ...531

**V റിപ്പോർട്ടുകളുടെ സമർപ്പണം**

1. 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ റിപ്പോർട്ട് ...533

2. 2022-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ റിപ്പോർട്ട് ...533

3. 2022-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ റിപ്പോർട്ട് ...533

4. 2022-ലെ കേരള ലോക്ആയുക്ത (ഭേദഗതി) ബിൽ, 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ റിപ്പോർട്ടുകൾ ...534

**VI നിയമനിർമ്മാണകാര്യം**

1. താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും ...534

(i) 2022-ലെ കേരള തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ബിൽ ...534

പേജ്

**ക്രമപ്രശ്നം & റൂളിംഗ്**

(1) ബിൽ ഭരണഘടനാ വിരുദ്ധം
—ശ്രീ. യു. എ. ലത്തീഫ് ...534

(2) ബില്ലിന്റെ പകർപ്പ് യഥാസമയം ലഭ്യമാകാത്തത് സംബന്ധിച്ച്
—ഡോ. മാത്യു കുഴൽനാടൻ ...535

(ii) 2022-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ ...571

(iii) 2022-ലെ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ബിൽ ...583

(iv) 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ ... 610

**ക്രമപ്രശ്നം & റൂളിംഗ്**

(3) ബിൽ യു.ജി.സി. റെഗുലേഷന് വിരുദ്ധമാണെന്നത് സംബന്ധിച്ച്
—ശ്രീ. പി. സി. വിഷ്ണുനാഥ് ... 610

(v) 2022-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ ...637

**VII അറിയിപ്പ്**

ബില്ലുകളിന്മേൽ ഭേദഗതി നോട്ടീസ് നൽകാനുള്ള സമയം ദീർഘിപ്പിക്കൽ ... 662

**നിയമനിർമ്മാണകാര്യം (തുടർച്ച)**

2. 2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണ മിശ്രിതം (ഉല്പാദനവും വിൽപ്പനയും നിയന്ത്രിക്കൽ) ബില്ലിന്റെ അവതരണവും സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും ...663

**ക്രമപ്രശ്നം &റൂളിംഗ്**

(4) ബില്ലിലെ വ്യവസ്ഥകൾക്ക് മുൻകാല പ്രാബല്യം നൽകുന്നത് സംബന്ധിച്ച്
—ശ്രീ. മാത്യു. ടി. തോമസ് ...663

**അനുബന്ധം** ...673

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### ആറാം സമ്മേളനം

*2022 ആഗസ്റ്റ് 24, ബുധൻ*

വാല്യം 189] ഔദ്യോഗികറിപ്പോർട്ട് [നമ്പർ 3

നിയമസഭ 2022 ആഗസ്റ്റ് മാസം 24-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ.....ഓർഡർ......ചോദ്യം നമ്പർ *31

### സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി

1(*31) ശ്രീ. മഞ്ഞളാംകുഴി അലി:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെയും പെൻഷൻ വിതരണം ചെയ്യാൻ രൂപീകരിച്ച കമ്പനിയുടെയും കടമെടുപ്പ് കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിന്റെ കണക്കിൽ ഉൾപ്പെടുത്തിയതിനാൽ ഈ വർഷം പ്രതീക്ഷിച്ച വരുമാനത്തിൽ എത്ര തുകയുടെ കുറവുണ്ടാകുമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വരുമാനത്തിലുണ്ടാകുന്ന കുറവ് ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി സങ്കീർണ്ണമാക്കാതെ വരുമാനം വർദ്ധിപ്പിക്കാനും ചെലവ് ചുരുക്കാനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, (എ) കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശയുടെ അടിസ്ഥാനത്തിലാണ് കേന്ദ്ര സർക്കാർ ഓരോ വർഷവും സംസ്ഥാനത്തിന് വായ്പാ പരിധി നിശ്ചയിച്ച് നൽകുന്നത്. അതനുസരിച്ച് നടപ്പ് വർഷത്തെ കടമെടുപ്പ് പരിധി മൊത്തം സംസ്ഥാന ആഭ്യന്തരോത്പാദനത്തിന്റെ 3.5 ശതമാനമാണ്. അതായത് സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനമായി കേന്ദ്ര സർക്കാർ എസ്റ്റിമേറ്റ് ചെയ്തിട്ടുള്ള 9,26,837 കോടി രൂപയുടെ 3.5 ശതമാനമായ 32,439 കോടി രൂപയാണ് സംസ്ഥാനത്തിന്റെ നടപ്പ് വർഷത്തെ കടമെടപ്പ് പരിധി. ഇതിനുപുറമെ നിശ്ചിത മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി ഊർജ്ജ മേഖലയിൽ കൈവരിക്കുന്ന നേട്ടങ്ങൾക്കായി 0.5 ശതമാനം അധിക വായ്പാ പരിധിയും ലഭിക്കേണ്ടതാണ്. ആയതിനുള്ള അനുമതി ഇതുവരെയും ലഭിച്ചിട്ടില്ല. എന്നാൽ സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിൽ ഉൾപ്പെടുത്തുന്ന ഒരു നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഈ നിലപാടിനോടുള്ള സംസ്ഥാനത്തിന്റെ ശക്തമായ വിയോജിപ്പ് കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. പ്രസ്തുത നിലപാടിൽ ഇളവ് അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സംസ്ഥാനം കേന്ദ്ര സർക്കാരിനെ സമീപിച്ചിട്ടുണ്ടെങ്കിലും പൂർണ്ണമായും അംഗീകരിച്ചിട്ടില്ല. ഏതായാലും ഇപ്പോൾ നടപ്പുസാമ്പത്തിക വർഷത്തെ ആദ്യത്തെ 9 മാസത്തേയ്ക്ക് 17,936 കോടി രൂപ മാത്രമാണ് പൊതുവിപണിയിൽനിന്ന് കടമെടുക്കുന്നതിന് അനുമതി നൽകിയിട്ടുള്ളത്. കിഫ്ബിയും പെൻഷൻ വിതരണം ചെയ്യാൻ രൂപീകരിച്ച കമ്പനി ഉൾപ്പെടെയുള്ളവയുടെ കടമെടുപ്പിന് സർക്കാർ ഗ്യാരന്റി മാത്രമേ കൊടുത്തിട്ടുള്ളൂ. ആ കടമെടുപ്പ് Off Budget Borrowing എന്നൊരു വാദമുന്നയിച്ചുകൊണ്ട് 14,312.80 കോടി രൂപ നമ്മുടെ കടമെടുപ്പ് പരിധിക്കകത്തേയ്ക്ക് കൊണ്ടുവന്നിരിക്കുന്നു. നാല് വർഷങ്ങളായി, ഓരോ വർഷവും ഈ തുക കുറയ്ക്കുന്ന നിലയിലേക്കാണ് പോകുന്നത്. 3,578.20 കോടി രൂപയുടെ ഈ വർഷത്തെ പരിധിയിൽനിന്ന് കുറയ്ക്കുന്ന നിലയ്ക്കാണ് തീരുമാനമെടുത്തിരിക്കുന്നത്. ഇതിനെതിരെ സംസ്ഥാന ഗവണ്മെന്റിന്റെ ശക്തമായ അഭിപ്രായം അറിയിച്ചിട്ടുള്ളതാണ്.

(ബി) ധനകാര്യ കമ്മീഷൻ നിശ്ചയിച്ചുനൽകിയിട്ടുള്ള അനുവദനീയമായ കടമെടുപ്പ് പരിധിയെ അടിസ്ഥാനപ്പെടുത്തിയാണ് സംസ്ഥാന ബഡ്ജറ്റ് തയ്യാറാക്കാറുള്ളത്. ഇത്തരത്തിൽ കടമെടുക്കുന്ന തുക പ്രധാനമായും അടിസ്ഥാന സൗകര്യ വികസനത്തിനാണ് ഉപയോഗിക്കുന്നത്. സംസ്ഥാന നിയമസഭ ബഡ്ജറ്റ് പാസ്സാക്കിയതിനുശേഷം കടമെടുപ്പ് പരിധിയിൽ കുറവ് വരുത്തുന്നത് സംസ്ഥാനത്തിന്റെ വികസന മുൻഗണനകളെ താളംതെറ്റിക്കുകയും നടന്നുകൊണ്ടിരിക്കുന്ന പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്നതിന് ഇടവരുത്തുകയും ചെയ്യും.

(സി) സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും റവന്യൂകമ്മിയും ധനകമ്മിയും കുറച്ചുകൊണ്ടുവരാനാണ് സർക്കാർ പരിശ്രമിക്കുന്നത്. മുൻ വർഷങ്ങളിൽ സമ്പദ് വ്യവസ്ഥയ്ക്ക് അകത്തുനിന്നും പുറത്തുനിന്നും ഉണ്ടായ തടസ്സങ്ങളിൽനിന്നും മോചനം നേടി പുനർനിർമ്മാണ പ്രക്രിയയ്ക്ക് ആക്കം കൂട്ടുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. നികുതി, നികുതിയേതര വരുമാനം ഉയർത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിയും റവന്യൂകമ്മി ക്രമേണ ഇല്ലാതാക്കിയും ധനകമ്മിയും കടവും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനത്തിന്റെ നിശ്ചിത പരിധിയിൽ നിർത്തിയും കടമെടുക്കുന്ന തുക പൂർണ്ണമായും വികസനപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുകയെന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിച്ചും അധിക ജിവനക്കാരെ ആവശ്യമുള്ള മറ്റ് വകുപ്പുകളിലേയ്ക്ക് പുനർവിന്യസിച്ചുംകൊണ്ടുള്ള നടപടികൾ സർക്കാർ ഇതിനകംതന്നെ കൈക്കൊണ്ടിട്ടുണ്ട്. നിലവിലുള്ള സാമ്പത്തിക മാന്ദ്യത്തെ ചെറുക്കുകയെന്ന ലക്ഷ്യത്തോടെ പരമാവധി വിഭവങ്ങൾ സമാഹരിക്കാനുള്ള തന്ത്രപരമായ ശ്രമം ഏറ്റെടുക്കാൻ സംസ്ഥാനം ബാധ്യസ്ഥമാണ്. ചരക്കുസേവന നികുതി നടപ്പിലാക്കിയതോടെ സംസ്ഥാനങ്ങൾക്ക് നികുതി വർദ്ധനവിനുള്ള ഇടപെടലുകൾക്ക് പരിമിതികളും നിയന്ത്രണങ്ങളുമുണ്ടായി. പെട്രോളിയം ഉത്പന്നങ്ങൾ, മദ്യം തുടങ്ങിയ ചുരുക്കം ഇനങ്ങൾക്ക് മാത്രമാണ് സംസ്ഥാനങ്ങൾക്ക് ഇപ്പോൾ നികുതി ഏർപ്പെടുത്താൻ അധികാരമുള്ളത്. പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ 12.7 ശതമാനം വളർച്ചയാണ് പ്രതീക്ഷിക്കുന്നത്. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി സർക്കാർ വിഭാവനം ചെയ്തിട്ടുള്ള നിർദ്ദേശങ്ങളും സ്വീകരിച്ചുവരുന്ന നടപടികളും ചുവടെ ചേർക്കുന്നു.

- ചരക്ക് സേവന നികുതി വകുപ്പിനെ പുന:സംഘടിപ്പിച്ചുകൊണ്ട് നികുതിച്ചോർച്ച ഫലപ്രദമായി തടയുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ചരക്ക് സേവന നികുതി വകുപ്പിന് കീഴിൽ ടാക്സ് പെയെർ സർവ്വീസസ്, ഓഡിറ്റ് & ഇന്റലിജൻസ് എൻഫോഴ്സ്മെന്റ് എന്നീ വിഭാഗങ്ങൾക്ക് രൂപം നൽകിക്കഴിഞ്ഞു;

- ഭൂരേഖകൾ കൈകാര്യം ചെയ്യുന്നതിലെ കേന്ദ്ര ഘടകമായ അടിസ്ഥാന ഭൂനികുതി പരിഷ്കരിക്കൽ സംബന്ധിച്ച് തീരുമാനമെടുത്തിട്ടുണ്ട്;

- ഭൂമിയുടെ ന്യായവിലയിലെ അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളലും നിലവിലുള്ള ന്യായവിലയിൽ 10 ശതമാനം ഒറ്റത്തവണ വർദ്ധനവ് നടപ്പിലാക്കലും;

- വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ആകർഷകമായ ആംനസ്റ്റി സ്കീമുകൾ;

- രണ്ട് ലക്ഷം രൂപവരെ വിലയുള്ള മോട്ടോർ സൈക്കിളുകളുടെ ഒറ്റത്തവണ മോട്ടോർ വാഹന നികുതി ഒരു ശതമാനം (1%) വർദ്ധിപ്പിക്കൽ;
- മലിനീകരണ പ്രശ്നങ്ങൾ പരിഹരിക്കുകയും വൈദ്യുതി വാഹനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിന്റെ ഭാഗമായി ഡീസൽ വാഹനങ്ങൾക്ക് ഹരിതനികുതി ഏർപ്പെടുത്തൽ;
- നികുതിച്ചോർച്ച തടയുന്നതിന്റെ ഭാഗമായി റിട്ടേൺ സ്ക്രൂട്ടിണിയും പരിശോധനകളും ശക്തമാക്കൽ;
- ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി;
- വിവര സാങ്കേതികവിദ്യയുടെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിക്കൽ;
- ചരക്ക് സേവന നികുതിച്ചോർച്ചയ്ക്ക് കാരണമായ പഴുതുകളും സാദ്ധ്യതകളും ഒഴിവാക്കുന്നതിനുള്ള നടപടികൾ;
- സർക്കാർ ഗ്യാരണ്ടി സീലിംഗ് നിയമഭേദഗതി ചെയ്യുന്നതിലൂടെ ഈയിനത്തിലുള്ള വരുമാനം വർദ്ധിപ്പിക്കൽ;

സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ മേഖലയുടെ വികസനം ലക്ഷ്യമാക്കി മുൻവർഷത്തെ അപേക്ഷിച്ച് കൂടുതൽ വിഹിതമാണ് നടപ്പുവർഷം മൂലധന ചെലവുകൾക്കായി ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഇതിനുപുറമെ കിഫ്ബിയുടെ നിക്ഷേപം അടിസ്ഥാന സൗകര്യമേഖലയെ ചലനാത്മകമാക്കും. പ്രധാനമായും ഇത്രയും പദ്ധതികളാണ് ചെലവ് നിയന്ത്രിക്കാനും നികുതി പിരിവ് ഊർജ്ജിതവും കാര്യക്ഷമവുമാക്കാനുള്ളത്.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, 2021-22-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം സംസ്ഥാനത്തിന് തനത് നികുതിയിനത്തിൽ 78,833 കോടി രൂപ ലഭിക്കുമെന്നാണ് പ്രതീക്ഷിച്ചിരുന്നതെങ്കിലും 58,340 കോടി രൂപയാണ് ലഭിച്ചത്. നികുതി പിരിവിലെ കെടുകാര്യസ്ഥതയല്ലേ സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ ഈ പ്രതിസന്ധിക്ക് കാരണം; ഓരോ വർഷവും നികുതി നിരക്ക് വർദ്ധിപ്പിച്ചും സേവനങ്ങൾക്കുള്ള ഫീസ് വർദ്ധിപ്പിച്ചും പൊതുജനങ്ങളുടെമേൽ അമിതഭാരം അടിച്ചേൽപ്പിക്കുന്നതിനുപകരം നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ ചോദ്യം വളരെ പ്രധാനമാണ്. നേരെ നോക്കുമ്പോൾ ഈ കണക്ക് ശരിയാണെന്ന് തോന്നും. 2021-22-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം സംസ്ഥാനം തനത് നികുതിയിനത്തിൽ 78,000 കോടി രൂപയാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ 58,000 കോടി രൂപയാണ് ലഭിച്ചത്. പക്ഷേ, ആ വർഷത്തെ വരുമാനത്തിന്റെ കാര്യം ഞാൻ ഇതേ സഭയിൽ സൂചിപ്പിച്ചിട്ടുണ്ട്, മുൻവർഷത്തെക്കാൾ 11,000 കോടി രൂപ വർദ്ധിച്ചൊരു വർഷമാണ് കഴിഞ്ഞുപോയത്. എന്നാൽ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യം ഈ ചോദ്യത്തിന്റെ ഭാഗമായിട്ടല്ലെങ്കിലും ചർച്ച ചെയ്യപ്പെടേണ്ടതാണ്. 78,000 കോടി രൂപ ലഭിക്കുമെന്ന് പ്രതീക്ഷിച്ചിരുന്നതിൽ ജി.എസ്.ടി. വരുമാനം 12,000 കോടി രൂപ കുറഞ്ഞു. ഏകദേശം 12,000 കോടി രൂപ കോമ്പൻസേഷനായി ലഭിക്കേണ്ടതാണ്. അതായത് 58,000 കോടി രൂപയും 12,000 കോടി രൂപയുംകൂടി വരുമ്പോൾ 70,000 കോടി രൂപവരും. ഈ കോമ്പൻസേഷൻ നമ്മുടെ പിടിപ്പുകേടുകൊണ്ട് നഷ്ടപ്പെട്ടതല്ല. ജി.എസ്.ടി. നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തെ റവന്യൂ ന്യൂട്രൽ റേറ്റ് 16 ശതമാനമായിരുന്നു. ഇതിൽ ടാക്സ് ഏകപക്ഷീയമായി പലതരത്തിലും കുറച്ചു, 250-ലധികം ലക്ഷ്വറി ഐറ്റങ്ങൾക്കുള്ള ടാക്സ് കുറച്ചതാണ് പ്രധാന വിഷയം. അങ്ങനെ കുറയ്ക്കാൻ പാടില്ലെന്നതാണ് നമ്മുടെ അഭിപ്രായം. ഇപ്പോൾ റവന്യൂ ന്യൂട്രൽ റേറ്റ് 11 ശതമാന മേയുള്ളൂ. ശരിയായ കണക്ക് 16 ശതമാനത്തിൽ നിന്നും 11 ശതമാനമാകുമ്പോൾ ഏകദേശം മൂന്നിലൊന്ന് ഭാഗം കുറയും. ഏകദേശം 24,000 കോടി രൂപയാണ് കഴിഞ്ഞ വർഷം ജി.എസ്.ടി. ഇനത്തിൽ ലഭിച്ചത്. അതിന്റെ 50 ശതമാനംകൂടി വന്നാൽ 12,000 കോടി രൂപകൂടി വരും. 36,000 കോടി രൂപ ലഭിക്കേണ്ടി യിരുന്നിടത്ത് ജി.എസ്.ടി. കൗൺസിലിന്റെ തീരുമാനപ്രകാരം റവന്യൂ ന്യൂട്രൽ റേറ്റ് കുറച്ചതുകൊണ്ടാണ് യഥാർത്ഥത്തിൽ സംസ്ഥാനത്തിന്റെ വരുമാനം ഇങ്ങനെ കുറഞ്ഞത്. അത് ഭരണപക്ഷത്തെ മാത്രമല്ല പ്രതിപക്ഷത്തെയും കേരളത്തിലെ മുഴുവൻ ജനങ്ങളെയും ബാധിക്കുന്ന പ്രശ്നമാണ്. ഇങ്ങനെ ഏകപക്ഷീയമായി ലക്ഷ്വറി ഐറ്റങ്ങൾക്കുൾപ്പെടെ ടാക്സ് കുറച്ചുകൊണ്ടുവന്ന നിലപാട് എല്ലാ സംസ്ഥാനങ്ങളെയും ബാധിച്ചിട്ടുണ്ട്. 12,000 കോടി രൂപയുടെ കുറവ് ഉണ്ടായതെന്നത് സംബന്ധിച്ച് അങ്ങ് സൂചിപ്പിച്ച കണക്ക് ശരിയാണ്. വരുമാനം വർദ്ധിപ്പിക്കാൻ ഗവൺമെന്റ് ധാരാളം കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നുവെന്നത് പലപ്പോഴും ഇവിടെ സൂചിപ്പിച്ചിട്ടുള്ളതാണ്. കുറെ കാര്യങ്ങൾ അതിന്റെ ഭാഗമായി നടക്കുന്നുണ്ട്. നമുക്ക് മുന്നോട്ടുവരാൻ കഴിയുമെന്ന ആത്മവിശ്വാസമാണുള്ളത്. ഈ വർഷവും 7,000 മുതൽ 10,000 കോടി രൂപവരെ വരുമാന വർദ്ധനവ് ലഭിക്കുമെന്ന ആത്മവിശ്വാസമുണ്ട്. ധനകാര്യ വകുപ്പുമന്ത്രി എന്ന നിലയിൽ ഇക്കാര്യം സഭയെ അറിയിക്കുകയാണ്. വരുമാന വർദ്ധനവ് വരും, പക്ഷേ, അതൊന്നും ഈ നഷ്ടത്തിന് പരിഹാരമാകില്ല എന്നതാണ് നമ്മൾ നേരിടുന്ന പ്രശ്നം.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, കിഫ്ബിയുടെ കടമെടുപ്പ് കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിന്റെ കണക്കിൽ ഉൾപ്പെടുത്തിയതിനാൽ കിഫ്ബി വഴി നടപ്പിലാക്കുന്നതിന് നിശ്ചയിച്ചിരുന്ന പല പദ്ധതികളും എന്തെങ്കിലും കാര്യങ്ങൾ പറഞ്ഞ് വൈകിപ്പിക്കുകയോ നിരസിക്കുകയോ ചെയ്യുന്നതായി ആക്ഷേപമുണ്ട്. അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ ലഭിച്ച റോഡുകൾ, ബൈപ്പാസുകൾ, സ്കൂൾ കെട്ടിടങ്ങൾ എന്നിവയുടെ പ്രവൃത്തികൾ ഇതിലുൾപ്പെടും. പ്രതിപക്ഷ എം.എൽ.എ.-മാർക്കാണ് കൂടുതൽ പരാതിയുള്ളത്. കേന്ദ്ര സർക്കാരിന്റെ ഈ തീരുമാനത്തെ ത്തുടർന്ന് ഇത്തരത്തിൽ എ.എസ്. നൽകിയ പദ്ധതികൾക്ക് അനുമതി നിഷേധിക്കുകയോ പ്രവൃത്തി ആരംഭിക്കുന്നത് വൈകിപ്പിക്കുകയോ ചെയ്തിട്ടുണ്ടോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, കിഫ്ബിയുടെ പേരിൽ തുക വെട്ടിക്കുറയ്ക്കുന്ന ഭരണഘടനാവിരുദ്ധമായ സമീപനം കേന്ദ്ര സർക്കാർ സ്വീകരിച്ചതിനെതിരെ സംയുക്തമായി പോരാടേണ്ടതാണ്. ഇതിന്റെ ഭാഗമായി ഏതെങ്കിലും സ്ഥലത്തെ നിർമ്മാണങ്ങൾ വെട്ടിക്കുറച്ചിട്ടില്ല. ഏകദേശം 53,000 കോടി രൂപ നിർമ്മാണപ്രവർത്തനങ്ങൾക്കും 20,000 കോടി രൂപയിലധികം land acquisition-നും വേണ്ടിയാണ് മാറ്റിവച്ചിട്ടുള്ളത്. ഏകദേശം 73,000 കോടി രൂപയ്ക്ക് അത്തരത്തിൽ അംഗീകാരം കൊടുത്തിട്ടുണ്ട്. പൊതുവിൽ പറഞ്ഞിട്ടുള്ള പദ്ധതികൾ അതിലും കൂടുതലാണ്. മേൽപ്പറഞ്ഞ 53,000 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ 50 ശതമാനം ടെണ്ടറിംഗ് കഴിഞ്ഞു, ബാക്കിയുള്ളതിന്റെ ഇവാല്യുവേഷൻ നടക്കുകയാണ്. ഒരു കാര്യം വളരെ പ്രധാനമാണ്, നമ്മൾ പരാമർശിക്കുന്ന സ്റ്റാൻഡേർഡ് (അതായത് റോഡിന്റെ വീതി, മറ്റ് സൗകര്യങ്ങൾ തുടങ്ങിയവ) അനുസരിച്ച് മാത്രമേ കൊടുക്കാൻ കഴിയുകയുള്ളൂ. ഇക്കാര്യത്തിൽ പ്രതിപക്ഷ/ഭരണപക്ഷ വ്യത്യാസമില്ല. പ്രതിപക്ഷാംഗങ്ങളുടെ മണ്ഡലങ്ങളുടെ കണക്ക് ഞാൻ പ്രത്യേകമെടുത്ത് വച്ചിട്ടുണ്ട്, കൂടുതൽ തന്നെയാണ് നൽകിയിട്ടുള്ളത്. പ്രതിപക്ഷത്തിന് കിട്ടിയിട്ടില്ല, കുറച്ചുവെന്ന് പറയുന്നത് അങ്ങേയറ്റം ദു:ഖകരമാണ്. കാരണം അങ്ങനെ പറയാൻ പാടില്ല, അങ്ങനെയൊരു കാര്യം നടന്നിട്ടില്ല. നമുക്കിപ്പോൾ പ്രതിസന്ധിയുണ്ടെങ്കിലും ഈ സ്റ്റാൻഡേർഡനുസരിച്ച് ചില കാര്യങ്ങളിൽ പുതിയ സിസ്റ്റംകൂടി ഉപയോഗിച്ച് നിർമ്മാണം നടത്താനാണ് ആലോചിക്കുന്നത്. കിഫ്ബിയെ സംബന്ധിച്ച് വിശദമായ ചോദ്യം മൂന്നാമത് വരുന്നുണ്ട്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, സർക്കാരിന്റെ നേരിട്ടുള്ളതും ബഡ്ജറ്റിന് പുറത്തുനിന്നുള്ളതുമായ കടമെടുപ്പ് സംസ്ഥാനത്തെ ഒരു പ്രത്യേക സാമ്പത്തിക സ്ഥിതിയിലേയ്ക്കാണ് കൊണ്ടുപോകുന്നതെന്ന് ബഹുമാനപ്പെട്ട ധനകാര്യ

വകുപ്പുമന്ത്രി സൂചിപ്പിക്കുന്നതിൽനിന്ന് വളരെ വ്യക്തമാണ്. റിസർവ് ബാങ്ക് ആശങ്ക പ്രകടിപ്പിച്ചിട്ടുള്ളതും ഇക്കാര്യത്തെ സംബന്ധിച്ചാണ്. സാമ്പത്തിക പ്രതിസന്ധിക്കിടയിലും റവന്യൂ കമ്മിയും ധനകമ്മിയും കുറയ്ക്കാൻ ശ്രമിക്കുകയാണെന്ന് പറയുന്നു. ആ പ്രതീക്ഷ അസ്ഥാനത്താകാതിരിക്കട്ടെ എന്ന് കരുതുകയാണ്. നമ്മളെടുക്കുന്ന വായ്പയ്ക്ക് 5.5 മുതൽ 8.96 ശതമാനം വരെയാണ് പലിശ ഈടാക്കുന്നത്. മറ്റ് സംസ്ഥാനങ്ങൾക്ക് ഇത്രയധികം പലിശ ഈടാക്കുന്നില്ലെന്നാണ് അറിയാൻ കഴിയുന്നത്. വായ്പാ കാലയളവ് സംബന്ധിച്ച് റിസർവ് ബാങ്കിന് നിബന്ധനകളില്ലെന്നും മനസ്സിലാക്കുന്നു. അതുസംബന്ധിച്ചുള്ള പൂർണ്ണാധികാരം സംസ്ഥാനങ്ങൾക്കാണ്. അങ്ങനെയെങ്കിൽ പലിശഭാരം കുറയ്ക്കുന്ന തരത്തിലുള്ള നടപടികളിലേയ്ക്ക് പോകാൻ, സർക്കാരിന് സാദ്ധ്യമാകുമോയെന്ന് പരിശോധിക്കാമോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ദേശീയ തലത്തിലുള്ള നിയമമനുസരിച്ചാണ് വായ്പയെടുക്കുന്നത്. മത്സരബുദ്ധിയോടെയുള്ള ഒരു നിരക്കിൽ എത്തിച്ചേർന്ന ശേഷമാണ് ഇപ്രകാരം വായ്പ എടുക്കുന്നത്. ഇന്ത്യൻ മാർക്കറ്റിൽ പലിശ വളരെ കുറയുന്ന രീതിയായിരുന്നു കഴിഞ്ഞ വർഷം വരെയും നിലനിന്നിരുന്നത്. ട്രഷറിയിലേയ്ക്കെടുക്കുന്ന കമ്പോള വായ്പയുൾപ്പെടെ പലിശ കുറവായിരുന്നു. പക്ഷെ അമേരിക്കൻ ഫെഡറൽ റിസർവ് ഉൾപ്പെടെ പലിശ നിരക്ക് വർദ്ധിപ്പിച്ചതുകാരണം നിരക്ക് കൂടി വരുന്നുണ്ട്. കടമെടുപ്പ് തുകയിലെ പലിശ തീരുമാനിക്കുന്നത് മാർക്കറ്റാണ്. കേരളം കടക്കെണിയിലാണെന്ന ആശങ്ക താങ്കൾ സൂചിപ്പിക്കുകയുണ്ടായി. അത്തരത്തിലൊരു കടക്കെണിയിലല്ലെന്ന് വ്യക്തമാക്കേണ്ടത് ആവശ്യമാണ്. കേന്ദ്ര സർക്കാർ വ്യക്തമാക്കിയിട്ടുള്ള റേറ്റനുസരിച്ച് ജി.എസ്.ഡി.പി.-യുടെ 34.7 ശതമാനം കടമെടുക്കാവുന്നതാണ്. പക്ഷെ കോവിഡ് സാഹചര്യത്തിൽ കഴിഞ്ഞ മൂന്ന് വർഷവും സംസ്ഥാനങ്ങൾക്ക് നിശ്ചയിച്ച പരിധി നമ്മൾ മനസ്സിലാക്കണം. കോവിഡ് ഏറ്റവും രൂക്ഷമായ സമയത്ത് അനുവദിച്ചത് 5 ശതമാനമാണ്. സാധാരണയുള്ള മൂന്ന് ശതമാനത്തേക്കാൾ രണ്ട് ശതമാനംകൂടി അനുവദിച്ചു. അടുത്ത വർഷം 4.5 ശതമാനവും അതിനടുത്ത വർഷം 4 ശതമാനവും തുടർന്നുവരുന്ന വർഷം 3.5 ശതമാനവുമാണ്. 34.7 ശതമാനമെന്നത് കേന്ദ്രസർക്കാർ സൂചിപ്പിച്ച കണക്കനുസരിച്ച് 39.7 ശതമാനം വരെയാകാം. കോവിഡ് സാഹചര്യത്തിൽ ഈ വ്യവസ്ഥ എല്ലാ സംസ്ഥാനങ്ങൾക്കും ബാധകമായിരുന്നു. പക്ഷെ 37 ശതമാനത്തിൽ താഴെ നിർത്തുന്നത് വളരെ നല്ല കാര്യമാണ്.

കേരളം കടക്കെണിയിലാണെന്ന് സൂചിപ്പിക്കപ്പെടുന്ന സാഹചര്യത്തിൽ അതുസംബന്ധിച്ച് ചില വസ്തുതകൾ സഭയിൽ അവതരിപ്പിക്കാം. ജി.എസ്.ഡി.പി. 75,000 കോടി രൂപയായിരുന്ന 1980-90 കാലഘട്ടത്തിൽ 25,000 കോടി

രൂപയായിരുന്നു സംസ്ഥാനം കടമെടുത്തത്. അത് 33 ശതമാനത്തേക്കാളും കൂടുതലായിരുന്നു. ഇപ്പോൾ പണപ്പെരുപ്പമുണ്ടാകുകയും രൂപയുടെ മൂല്യത്തിൽ വ്യത്യാസം വരികയും ചെയ്തു. ജി.എസ്.ഡി.പി. 10 ലക്ഷം കോടി രൂപയുള്ള സാഹചര്യത്തിൽ നമ്മുടെ കടം 3,30,000 കോടി രൂപയാണ്. പണം കൂടുതലായി കടമെടുത്തെന്ന് തോന്നാം. പക്ഷെ പണത്തിന്റെ മൂല്യം മാറിയതനുസരിച്ച് ശമ്പളവും വരുമാനവും കൂടിയിട്ടുണ്ട്. ഏകദേശം 33 ശതമാനമാണ് അന്നും നമ്മുടെ കടം. 75,000 കോടി രൂപ ആകെ ജി.എസ്.ഡി.പി.-യുള്ള സമയത്ത് 25,000 കോടി രൂപയുള്ള കടം, ഇന്ന് പത്ത് ലക്ഷം കോടി രൂപയാകുമ്പോൾ 3,30,000 കോടി രൂപ എന്ന തുകയാകുന്നതിൽ വലിയ ശതമാന വ്യത്യാസമില്ലെന്നത് ആത്മവിശ്വാസത്തോടെ നാം മനസ്സിലാക്കണം. ഇതോടൊപ്പം കേന്ദ്രസർക്കാരിന്റെ കടംകൂടി മനസ്സിലാക്കണം. ജി.ഡി.പി.-യുടെ 69 ശതമാനമാണ് കേന്ദ്രസർക്കാരിന്റെ കടം. എന്നാൽ ഇവിടെ 35 ശതമാനത്തിനടുത്ത് നില്ക്കുന്നതേയുള്ളൂ എന്നത് കേരളീയർ എന്ന നിലയിൽ നമുക്ക് ആത്മവിശ്വാസത്തോടുകൂടി മുന്നോട്ടുപോകാൻ പറ്റുന്ന കണക്കാണ്. ഭരണപക്ഷത്തിനും പ്രതിപക്ഷത്തിനും രാഷ്ട്രീയ പ്രസ്ഥാനത്തിൽ വിശ്വാസമില്ലാത്തവർക്കും ഈ കണക്ക് സ്വീകാര്യമാകണം.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, മാർച്ചിൽ നിയമസഭയിൽ അവതരിപ്പിച്ച 'Medium Term Fiscal Policy and Strategy statement with Medium Term Fiscal plan for Kerala' അനുസരിച്ച് നടപ്പുസാമ്പത്തിക വർഷം ആഭ്യന്തര ഉല്പാദനം രണ്ടക്ക വളർച്ചയാകുമെന്നും ഇതിന്റെ ഫലമായി നികുതി-നികുതിയേതര വരുമാനങ്ങളും വളർച്ച കൈവരിക്കുമെന്നും സൂചിപ്പിച്ചിരുന്നു. എന്നാൽ നികുതി പിരിവ് ഊർജ്ജിതമാകാത്തതുകൊണ്ടും ധൂർത്തും ചെലവും ക്രമാതീതമായതുകൊണ്ടും അത് നേടാൻ കഴിഞ്ഞില്ല. 2023-24 വർഷത്തോടുകൂടി റവന്യൂ കമ്മി ഗ്രാന്റ് ഇല്ലാതെയാകും. ജി.എസ്.ടി. നഷ്ടപരിഹാരത്തിന്റെ കാര്യത്തിലുള്ള അനിശ്ചിതത്വം ഇപ്പോഴും നിലനില്ക്കുകയാണ്. ഇങ്ങനെയുള്ളൊരു സ്ഥിതിയിൽ, വരാൻ പോകുന്ന സാമ്പത്തിക പ്രതിസന്ധിയെ മുൻകൂട്ടിക്കണ്ട് അത് മറികടക്കാൻവേണ്ട നടപടികൾ സ്വീകരിക്കാത്തത് ധനകാര്യ മാനേജ്മെന്റിലെ പാളിച്ചയാണെന്ന് പറഞ്ഞാൽ അങ്ങേയ്ക്കത് നിഷേധിക്കാൻ കഴിയുമോ? ധനകാര്യ മാനേജ്മെന്റിന്റെ കാര്യത്തിൽ സർക്കാരിന്റെ ഭാഗത്തുനിന്നുവന്ന പാളിച്ചകൾ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ബഡ്ജറ്റിന് പുറത്തുള്ള കടമെടുപ്പ് സംബന്ധിച്ചൊന്നും ചർച്ച ചെയ്തിട്ട് കാര്യമില്ല. പ്രസ്തുത വിഷയം ഇപ്പോൾ പരിഗണിക്കുന്നതെങ്ങനെയാണെന്നുകൂടി വ്യക്തമാക്കുമോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ധനകാര്യ മാനേജ്മെന്റിന്റെ പാളിച്ചയാണോയെന്ന സംശയത്തിന്റെ ആവശ്യമില്ല. അക്കാര്യം നിഷേധിക്കുകയാണ്. ഇത്രയും കണക്കുകൾ അവതരിപ്പിച്ചിട്ടും അങ്ങേയ്ക്കത് ബോദ്ധ്യപ്പെടുന്നില്ലെങ്കിൽ

എന്തുചെയ്യാനാണ്? 1990-ലെ കടവും ഇപ്പോഴത്തെ കടവും തമ്മിൽ ശതമാനത്തിൽ വ്യത്യാസമില്ല. പക്ഷെ ഒരു കാര്യം അങ്ങ് സൂചിപ്പിച്ചത് ശരിയാണ്. നികുതി വരുമാനത്തിന്റെ കാര്യത്തിൽ നാം വിചാരിക്കുന്നതിലും വലിയ കുറവ് വരുന്നുണ്ട്. വ്യക്തിപരമായി ഒരു വകുപ്പിന്റേയോ സർക്കാരിന്റേയോ പ്രശ്നമല്ല ഇത്. 3.9 ശതമാനമുണ്ടായിരുന്ന നമ്മുടെ ഡിവിസിബിൾ പൂൾ കേന്ദ്ര സർക്കാർ 1.92 ശതമാനമായി കുറച്ചു. ഇപ്പോൾ കിട്ടുന്നതിന്റെ ഇരട്ടി നമുക്ക് കിട്ടേണ്ടിയിരുന്നതാണ്. പഴയ ഡിവിസിബിൾ പൂളിൽ നമുക്ക് കിട്ടിയിരുന്ന ശതമാനമനുസരിച്ച് 15,000 കോടി രൂപയെങ്കിലും അധികം കിട്ടേണ്ടതാണ്. എന്തുകൊണ്ടാണ് കേരളത്തിന് കുറച്ചത്? 17 ശതമാനം ജനസംഖ്യയുള്ള യു.പി. സർക്കാരിന് ഡിവിസിബിൾ പൂളിൽനിന്ന് 18 ശതമാനം ലഭിക്കുന്നുണ്ട്. ഓരോ സംസ്ഥാനങ്ങളുടെ കാര്യവും പരിശോധിച്ചാൽ ചില സംസ്ഥാനങ്ങൾക്ക് കുറവുണ്ടെന്ന് കാണാം. ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള ഒരു സംസ്ഥാനം എന്ന നിലയിൽ ഇക്കാര്യം സൂചിപ്പിച്ചെന്നേയുള്ളൂ. കേരളത്തിൽ നല്ല ആശുപത്രികളും വിദ്യാഭ്യാസ സൗകര്യങ്ങളുമൊക്കെയുള്ളതുകൊണ്ട് സെക്കന്റ് ജനറേഷൻ പ്രോബ്ലം മനസ്സിലാക്കാതെ കേരളത്തിന് ഇത്രയും മതിയെന്ന് കേന്ദ്ര ഫിനാൻസ് കമ്മീഷൻ തീരുമാനിക്കുന്നത് ശരിയല്ല. രണ്ടാമത്തെ കാര്യം സൂചിപ്പിക്കാനുള്ളത് ജി.എസ്.ടി.-യുടെ കാര്യത്തിലാണ്. നമ്മൾ സ്വന്തമായി നികുതി പിരിച്ചുകൊണ്ടിരുന്നപ്പോഴുണ്ടായിരുന്ന അധികാരം മുഴുവൻ കേന്ദ്രസർക്കാർ പിൻവലിക്കുകയും പെട്രോളിന്റെയും മദ്യത്തിന്റെയും നികുതി പിരിക്കാനുള്ള അവകാശം മാത്രം നൽകുകയും ചെയ്തശേഷം നിരക്കുകൾ ഏകപക്ഷീയമായി നിശ്ചയിക്കുകയാണ്. ഇതിന്റെ ഭാഗമായി ഏകദേശം 12,000 കോടി രൂപയാണ് കുറഞ്ഞത്. ഇതൊക്കെ സംബന്ധിച്ചാണ് ആദ്യചോദ്യത്തിന്റെ മറുപടിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഇപ്പോൾ റിസർവ് ബാങ്ക് ഒരു സർക്കുലർ ഇറക്കിയിരിക്കുന്നത് ശ്രദ്ധേയമാണ്. ഇനി മുതൽ സംസ്ഥാനത്തിന്റെ ഒരു പൊതുമേഖലാ സ്ഥാപനത്തിനും സർക്കാർ ഗ്യാരന്റിയിൽ കടം കൊടുക്കേണ്ടതില്ലെന്നാണ് പറഞ്ഞിരിക്കുന്നത്. അങ്ങനെ വരുമ്പോൾ ലൈഫ്, വിഴിഞ്ഞം പദ്ധതികളുടെയും പൊതുപ്രോജക്ടുകളുടെയും വയബിലിറ്റി ഗ്യാപ് നികത്തൽ തുടങ്ങി പല സാഹചര്യങ്ങളേയും ബാധിക്കും. കഴിഞ്ഞ സമ്മേളനത്തിൽ റൂൾ 300 അനുസരിച്ച് ഒരു സ്റ്റേറ്റ്മെന്റ് നടത്തുകയുണ്ടായി. കേന്ദ്രസർക്കാരിന്റെ നിലപാട് തിരുത്തിക്കാനുള്ള ഒരു പ്രക്ഷോഭത്തിൽ, കേരളത്തിലെ ഭരണപക്ഷവും പ്രതിപക്ഷവും ഉൾപ്പെടെ രാഷ്ട്രീയത്തിനതീതമായി കൈകോർത്ത് മുന്നോട്ടുപോകണം. ഇക്കാര്യത്തോട് യോജിക്കാൻ പ്രതിപക്ഷം തയ്യാറുണ്ടോ; അങ്ങനെയാണെങ്കിൽ പ്രസ്തുത വിഷയം ചർച്ചചെയ്യാം. കേരളത്തിന്റെ പൊതു ധനകാര്യ സ്ഥിതി മെച്ചപ്പെടുത്തുന്നതിനുവേണ്ടി അത്തരമൊരു സംയുക്ത പ്രക്ഷോഭമാണ് ആവശ്യം. ഞാനിവിടെ അവതരിപ്പിച്ച കണക്കുകളൊന്നും എന്റെ കയ്യിൽനിന്ന് ചേർത്തവയല്ല,

അടിസ്ഥാനപരമായ കണക്കുകളാണ്. അത്തരമൊരു പ്രക്ഷോഭംകൂടി സംഘടിപ്പിക്കണം. സംസ്ഥാനങ്ങളോട് ഇത്തരത്തിലുള്ള വിവേചനം പാടില്ലെന്ന നിലപാടിൽ ഉറച്ചുനിൽക്കേണ്ടതാണ്.

ശ്രീ. നജീബ് കാന്തപുരം: സർ, ബഹുമാന്യനായ മന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ, കേരളത്തോടുള്ള വിവേചനത്തെ വളരെ ശക്തമായി പ്രതിരോധിക്കാൻ ഒരുമിച്ച് നിൽക്കേണ്ടതുണ്ടെന്ന അഭിപ്രായത്തിൽ വ്യത്യാസമില്ല. പക്ഷെ, ബഡ്ജറ്റിന് പുറത്തുനിന്ന് എടുത്ത കിഫ്ബി വായ്പകൾ ഉൾപ്പെടെയുള്ളവ സംസ്ഥാനത്തിന്റെ കടബാദ്ധ്യതയിൽ ഉൾപ്പെടുത്തുകവഴി നമുക്ക് കിട്ടേണ്ട സാമ്പത്തിക സഹായം കുറയുമെന്നതാണ് വരാൻ പോകുന്ന ഏറ്റവും വലിയ പ്രതിസന്ധി. അതോടുകൂടി ബഡ്ജറ്റ് താളംതെറ്റാൻ പോകുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സൂചിപ്പിച്ചത് 7,000 കോടി രൂപ വരുമാന വർദ്ധനവ് വരുമെന്നാണ്. ഈ സാഹചര്യത്തിൽ കിഫ്ബിയുടെ ഫണ്ട് നിർമ്മാണ പ്രവർത്തനങ്ങളോടൊപ്പം സംരംഭകത്വ പ്രോത്സാഹനത്തിനുകൂടി അനുവദിച്ച്, സംരംഭകത്വം വളർത്തി അതുവഴി വരുമാനം ഉയർത്തുന്നതിനെ സംബന്ധിച്ച് സർക്കാർ ആലോചിക്കുന്നുണ്ടോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, 7,000 കോടി രൂപയിലധികം വരുമാന വർദ്ധനവുണ്ടാകുമെന്ന് സൂചിപ്പിച്ചിരുന്നത് വളരെ ശരിയാണ്. പക്ഷെ കേന്ദ്രം ഈ വർഷം 23,000 കോടി രൂപ വെട്ടിക്കുറച്ച സാഹചര്യത്തിൽ 7,000 മുതൽ 10,000 കോടി രൂപവരെ വരുമാന വർദ്ധനവ് ഉണ്ടാകുന്ന കാര്യത്തിൽ ഒരു വിടവ് നിലനില്ക്കുകയാണ്. ഞാൻ നേരത്തെ സഭയിൽ സൂചിപ്പിച്ച കാര്യത്തെ സംബന്ധിച്ച് സംയുക്തമായി മുന്നോട്ടുനീങ്ങാമെന്ന് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതിനെ സ്വാഗതം ചെയ്യുന്നു. കേന്ദ്രസർക്കാർ ന്യായമായ രീതിയിലുള്ള നിലപാടുകൾ സ്വീകരിക്കണമെന്ന ആവശ്യത്തിൽ നമുക്ക് മുന്നോട്ട് നീങ്ങാം.

സംരംഭകത്വ വികസനത്തിന് ഫണ്ട് കൊടുക്കുന്ന തരത്തിലുള്ള പദ്ധതിയല്ല കിഫ്ബി. നിലവിൽ സംരംഭകത്വ വികസനത്തിന് ധാരാളം പദ്ധതികളുണ്ട്. കെ.എഫ്.സി., കെ.എസ്.ഐ.ഡി.സി., കേരള ബാങ്ക് ഉൾപ്പെടെയുള്ള ധാരാളം സ്ഥാപനങ്ങളുണ്ട്. സംരംഭകത്വ വികസനത്തിന് കെ.എഫ്.സി.-യിൽനിന്ന് 5 ശതമാനം പലിശയ്ക്കാണ് പത്ത് കോടി രൂപ വരെ കൊടുക്കുന്നത്. പ്രത്യേക സ്റ്റാർട്ടപ്പ് പദ്ധതികൾക്ക് 2 കോടി രൂപ വരെ നല്കുന്നുണ്ട്. കഴിഞ്ഞ വർഷം വരെ ഒരുകോടി രൂപയായിരുന്നു. പുതിയ ആളുകളെ പ്രോത്സാഹിപ്പിക്കാൻ, ഭാരിച്ച ഗ്യാരന്റികളില്ലാത്ത പ്രത്യേക സ്കീമുകൾക്ക് പലിശ 5 ശതമാനമാണ്. 5 ശതമാനം കൊടുക്കുമ്പോൾ ബാക്കി പലിശ ബഡ്ജറ്റിൽ വച്ച് സർക്കാരിന്റെ സബ്സിഡിയാകും.

ഇൻവെസ്റ്റ്മെന്റിനെ പ്രോത്സാഹിപ്പിക്കാൻ വേണ്ടി ചെയ്യുന്നതാണിത്. 5000-ൽ അധികം പ്രവാസികൾക്ക് കെ.എസ്.എഫ്.ഇ. വഴി ഇത്തരത്തിൽ കൊടുക്കുന്നുണ്ട്, ധാരാളം കാര്യങ്ങൾ ചെയ്യുന്നുണ്ട്. ഫണ്ടിന്റെ കാര്യത്തിൽ കാര്യമായ പ്രശ്നം വരുന്നില്ല. ഒരു ലക്ഷം സംരംഭകരുടെ ഒരു വലിയ പദ്ധതിയാണ് വ്യവസായ വകുപ്പ് നടത്തുന്നത്. അതിൽ കെ.എഫ്.സി.-യും കെ.എസ്.ഐ.ഡി.സി.-യും മറ്റ് ബാങ്കുകളുമെല്ലാം പണം നല്കുന്നുണ്ട്. അവിടെയും പലിശ 5 ശതമാനവും അതിൽ താഴെയുമാണ്. കൂടുതൽ നിക്ഷേപം വരികയും ഉല്പാദനം വർദ്ധിക്കുകയും ചെയ്യുന്നുണ്ട്. പക്ഷെ ഒരു രാജ്യമെന്ന നിലയിൽ ഫിസ്കൽ ഫെഡറലിസത്തെയും സംസ്ഥാനങ്ങളുടെ സാമ്പത്തിക അവകാശങ്ങളെയും മുഴുവൻ കവർന്നെടുക്കുന്ന തരത്തിലുള്ള കാര്യങ്ങളെ ഒരുമിച്ചുനിന്ന് ചോദ്യം ചെയ്യണമെന്ന പ്രശ്നം നിലനിൽക്കുന്നുണ്ട്. ഇന്ത്യൻ വരുമാനത്തിന്റെ 34 ശതമാനം മാത്രമേയുള്ളൂ സംസ്ഥാനങ്ങളുടെ വരുമാനമെന്നും എന്നാൽ ചെലവ് 64 ശതമാനം ആണെന്നുമാണ് 15-ാം ഫിനാൻസ് കമ്മീഷൻ സൂചിപ്പിച്ചിരിക്കുന്നത്. കേന്ദ്രത്തിനാണെങ്കിൽ വരുമാനം 63 ശതമാനത്തിന് അടുത്താണെങ്കിലും മൂന്നിലൊന്ന് ചെലവ് മാത്രമേ വരുന്നുള്ളൂ. സംസ്ഥാനങ്ങളുടെ സാമ്പത്തിക സ്ഥിതി കൂടുതൽ മോശമാക്കുന്ന കാര്യങ്ങളാണിത്. ഇത്തരത്തിലുള്ള പ്രശ്നങ്ങൾ നിലനില്ക്കുന്നു എന്നതാണ് അടിസ്ഥാന പ്രശ്നം. കിഫ്ബിയെ ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങളുൾപ്പെടെയുള്ള കാര്യങ്ങൾ തുടർന്നുകൊണ്ടുപോകുന്നതിനുള്ള ശ്രമമാണ് നടത്തുന്നത്.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, കേന്ദ്രസർക്കാർ നയംമൂലം സംസ്ഥാനങ്ങളുടെ വരുമാനമില്ലാതാകുന്ന പശ്ചാത്തലത്തിലാണ് കേരളത്തിൽ കിഫ്ബി വരുന്നത്. ഈ സംവിധാനമില്ലെങ്കിൽ വികസനത്തിനായി പണം കണ്ടെത്താൻ മറ്റെന്തെങ്കിലും മാർഗ്ഗമുണ്ടോ? വികസനംതന്നെ വേണ്ടെന്നതാണോ കിഫ്ബി വിരുദ്ധർ നടത്തുന്ന ബഹളത്തിന്റെ യഥാർത്ഥ ഉദ്ദേശ്യം?

മി. സ്പീക്കർ: കിഫ്ബി സംബന്ധിച്ച് പ്രത്യേകം ചോദ്യമുണ്ട്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇതുമായി ബന്ധപ്പെട്ട ചോദ്യമായതിനാൽ ഞാൻ പറയാം. യഥാർത്ഥ പ്രശ്നം അതാണ്. കേരളത്തിൽ ഇത്രയും തടസ്സങ്ങളുണ്ടായിട്ടും വികസന കാര്യങ്ങളിൽ നല്ല മാറ്റമുണ്ടാകുന്നുണ്ട്. 1,31,000 കോടി രൂപയുടെ നാഷണൽ ഹൈവേ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിൽ ലാൻഡ് അക്വിസിഷന്റെ 25 ശതമാനവും സംസ്ഥാനമാണ് കൊടുക്കുന്നത്. ഇനിയും പുതിയ റോഡുകളുടെ പ്രൊപ്പോസലുകൾക്ക് കൊടുക്കാമെന്ന് പറഞ്ഞിരിക്കുകയാണ്. വികസന കാര്യങ്ങളെ തടസ്സപ്പെടുത്തുന്നതിനുള്ള ശ്രമങ്ങളാണ്

നടക്കുന്നത്. കേരളത്തിന്റെ വികസനം വലിയ തോതിൽ നാടിന് മാറ്റമുണ്ടാക്കുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ആറുവർഷമായി നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളിൽ രാഷ്ട്രീയമായി എതിർക്കുന്ന ആളുകളുടെ ഇടപെടലുകളുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, നമ്മൾ വളരെ ഗൗരവതരമായി ചർച്ച ചെയ്യേണ്ട വിഷയമാണ് ഫിസ്കൽ ഫെഡറലിസം. ഇവിടെ സൂചിപ്പിച്ചതുപോലെ, നികുതിയുടെ നിശ്ചിത വരുമാനം സംസ്ഥാനത്തിന് ലഭിക്കണമെന്ന ഉറച്ച നിലപാടാണ് ഞങ്ങൾക്കുള്ളത്. അക്കാര്യത്തിൽ കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളും കോൺഗ്രസ്സിന്റെ സഖ്യകക്ഷികൾ ഭരിക്കുന്ന സംസ്ഥാനങ്ങളുമുൾപ്പെടെ ഒരേ നിലപാടാണ് എടുത്തത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും ഞങ്ങൾ അക്കാര്യത്തിൽ പൂർണ്ണമായും സഹകരിച്ചിട്ടുണ്ട്. ഒരു കൺസ്യൂമർ സ്റ്റേറ്റ് എന്ന അർത്ഥത്തിൽ ജി.എസ്.ടി. ഏറ്റവും വലിയ ബെനിഫിഷ്യറിയായി മാറേണ്ട സംസ്ഥാനം കേരളമാണ്. കാരണം, VAT-ൽനിന്നും വളരെ വ്യത്യസ്തമായി GST ലാസ്റ്റ് പോയിന്റിൽ ടാക്സുള്ള ഒരു സംവിധാനമാണ്. കൺസ്യൂമർ സ്റ്റേറ്റായ കേരളത്തിൽ പ്രതിസന്ധികളും പ്രതികൂല സാഹചര്യങ്ങളും ഉണ്ടെങ്കിൽപ്പോലും എന്തുകൊണ്ടാണ് നികുതി നിരക്ക് വർദ്ധിക്കാത്തതെന്ന് ഗൗരവതരമായി പഠിക്കണ്ടേ? ആയിരക്കണക്കിന് കോടി രൂപയാണ് സ്വർണ്ണത്തിൽനിന്നുള്ള നികുതിയിനത്തിൽ നമുക്ക് നഷ്ടപ്പെടുന്നത്. അക്കാര്യം നിയമസഭയിൽ പലപ്രാവശ്യം പറഞ്ഞിട്ടുണ്ട്. സ്വർണ്ണത്തിന്റെ നികുതി ഗണ്യമായി കുറയുകയാണ്. ഏറ്റവും കൂടുതൽ സ്വർണ്ണക്കള്ളക്കടത്ത് നടത്തുന്ന സംസ്ഥാനമാണ് കേരളം. സ്വർണ്ണത്തിൽനിന്നും ആയിരക്കണക്കിന് കോടി രൂപയുടെ നികുതി നഷ്ടമുണ്ടാകുന്നു. വിവിധ സെക്ടറുകൾ പരിശോധിച്ചാൽ ഗണ്യമായ നികുതി വരുമാനം കുറയുന്നു. ആദ്യത്തെ രണ്ടുവർഷം മഹാമാരിയുടെ പശ്ചാത്തലത്തിലാണെന്ന് മനസ്സിലാക്കാം. പക്ഷേ കഴിഞ്ഞ വർഷവും ഈ വർഷവും അതേരീതിയിൽത്തന്നെയാണ് തുടരുന്നത്. അതിന് ഒരു വളർച്ചയും മാറ്റവുമുണ്ടാകാത്തത് നമ്മുടെ നികുതി ഭരണ സംവിധാനത്തിലുള്ള പ്രശ്നങ്ങളാണ്. നമ്മൾ പലപ്പോഴും അക്കാര്യം ആവർത്തിച്ച് പറഞ്ഞിട്ടുള്ളതാണ്. കോമ്പൻസേഷൻ കിട്ടുമെന്ന് കരുതി കുറെനാൾ അനങ്ങാതെയിരുന്നുവെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. കോമ്പൻസേഷനുവേണ്ടി കാത്തിരുന്നതുകൊണ്ട് ഒരു പുതിയ സിസ്റ്റം വന്നപ്പോൾ അത് ഫലപ്രദമായി നടപ്പാക്കുന്ന കാര്യത്തിലുണ്ടായ ദയനീയമായ പരാജയംകൂടിയാണ് ഈ നികുതിവരുമാനത്തിന്റെ കുറവെന്നത് ശരിയല്ലേ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അത് ശരിയല്ലെന്ന് ആത്മാർത്ഥമായി ചിന്തിച്ചുനോക്കിയാൽ അങ്ങേയ്ക്ക് മനസ്സിലാകും. കേരളത്തിലെയും ഇന്ത്യയിലെയും ആകെ ടാക്സിന്റെ കുറവ് സംബന്ധിച്ച കാര്യങ്ങൾ അങ്ങയോട് ഞാൻ പറഞ്ഞു. ജി.എസ്.ടി. നടപ്പിലാക്കുമ്പോൾ നമ്മുടെ റവന്യൂ ന്യൂട്രൽ റേറ്റ് 16 ശതമാനമായിരുന്നു.

ഞാൻ ജി.എസ്.ടി.-യുടെ സെലക്ട് കമ്മിറ്റിയിൽ അംഗമായിരുന്നു. റവന്യൂ ന്യൂട്രൽ റേറ്റ് ഒരു പ്രധാനപ്പെട്ട കാര്യമാണ്. 28 ശതമാനമാണ് ഉയർന്ന റവന്യൂ ന്യൂട്രൽ റേറ്റ്. അതിൽനിന്ന് ഇരുന്നൂറ്റിയമ്പതിലധികം ഐറ്റങ്ങളുടെ ടാക്സ് പതിനെട്ടോ പന്ത്രണ്ടോ ശതമാനമാക്കി കുറച്ചു. ഉദാഹരണം പറയാം, റെഫ്രിജറേറ്ററിന്റെ ടാക്സ് 28 ശതമാനമായിരുന്നത് 18 ആക്കി. ടാക്സ് കുറച്ചതിലെ 25 ഐറ്റങ്ങളെ സംബന്ധിച്ച് കേരള ജി.എസ്.ടി. വകുപ്പ് ഒരു പഠനം നടത്തി. അതിലൊന്നായിരുന്നു ടാക്സ് കുറച്ചതിന്റെ ഇഫക്ട് കസ്റ്റമർക്ക് കിട്ടിയോയെന്നുള്ളത്. 10,000 രൂപയുണ്ടായിരുന്ന ഫ്രിഡ്ജിന് 28 ശതമാനം നിരക്കിൽ 2,800 രൂപയാണ് ടാക്സ് വരേണ്ടത്. ഇത് 18 ശതമാനമാക്കിയപ്പോൾ 1,000 രൂപ കുറഞ്ഞു. പക്ഷേ കേരളത്തിൽ ഒരൊറ്റ ബ്രാൻഡ് ഫ്രിഡ്ജിന്റെയും വില കുറഞ്ഞില്ല. ടാക്സ് കുറച്ചത് വിലയിൽ കൂടിയതേയുള്ളൂ. ടാക്സ് കുറച്ചതിന്റെ ഗുണം മാനുഫാക്ച്വേഴ്സിനാണ് കിട്ടിയത്. ഇക്കാര്യം പ്രത്യേകമായി ജി.എസ്.ടി. കൗൺസിലിൽ ഉന്നയിച്ചു, റേറ്റ് റിവിഷന്റെ കാര്യം പ്രത്യേകമായി പഠിക്കണമെന്ന് പറഞ്ഞു. ഇരുന്നൂറ്റിയമ്പതിലധികം ലക്ഷ്വറി ഐറ്റങ്ങൾക്കുള്ള ടാക്സ് കുറച്ചത് കൂട്ടാൻ തയ്യാറാകുന്നില്ല. ഇങ്ങനെ മൂന്നിലൊന്ന് നികുതി കുറയുന്ന ഒരു ഇഫക്ട് ജി.എസ്.ടി. നടപ്പിലാക്കിയതോടെ വന്നിട്ടുണ്ട്. അതിന്റെകൂടെ, പെട്രോളിയത്തിന് സ്പെഷ്യൽ എക്സൈസ് ഡ്യൂട്ടിയെന്നുപറഞ്ഞ് അഞ്ചേകാൽ ലക്ഷം കോടി രൂപയാണ് കഴിഞ്ഞ വർഷം മാത്രം കേന്ദ്ര ഗവൺമെന്റ് കളക്ട് ചെയ്തത്. അത് ജനറൽ ടാക്സായ എക്സൈസ് ഡ്യൂട്ടിയായി എടുത്തിരുന്നെങ്കിൽ അതിൽനിന്ന് 3,000 കോടി രൂപയെങ്കിലും നമുക്ക് കിട്ടുമായിരുന്നു. ഫിസ്കൽ ഫെഡറലിസത്തെ ബാധിക്കുന്ന തരത്തിൽ കേന്ദ്ര ഗവൺമെന്റ് എല്ലായിടത്തും ഇടപെടുകയാണ്. ഇതിനൊപ്പമാണ് കേന്ദ്ര ഗവൺമെന്റ് ഏജൻസികളെ ഉപയോഗിച്ച് ഡൽഹിയിലെ ഉപമുഖ്യമന്ത്രിയെയുമുൾപ്പെടെ ഇപ്പോൾ ചോദ്യം ചെയ്യുന്നത്. നമ്മുടെ മുൻധനകാര്യ മന്ത്രിയുൾപ്പെടെയുള്ളവരെ ചോദ്യം ചെയ്യാനായി വിളിക്കുന്നു. അതിൽ കോടതി ഇടപെടുന്നു. ഇത്തരം കാര്യങ്ങൾ കൂടിവരുന്നുണ്ട്. ഇതെല്ലാം കൂടിനോക്കുമ്പോൾ സംസ്ഥാനത്തിന്റെ ഫിസ്കൽ ഫെഡറലിസത്തെ മാത്രമല്ല നമ്മുടെ അഡ്മിനിസ്ട്രേറ്റീവും പൊളിറ്റിക്കലുമായ ഫെഡറൽ അവകാശങ്ങളെക്കൂടി ബാധിക്കുന്നുണ്ട്. അങ്ങ് പറഞ്ഞതുപോലെ, അഖിലേന്ത്യാടിസ്ഥാനത്തിൽ യോജിച്ചുനിൽക്കുന്ന സമീപനം ജി.എസ്.ടി. കൗൺസിലിലുംമറ്റും സ്വീകരിക്കാറുണ്ട്. അത് കൂടുതൽ ശക്തമാക്കണം. കേരളത്തിന്റെ ശബ്ദം കൂടുതൽ ഉയർത്താൻ കളക്ടീവായ പരിപാടികൾ വേണം. ഇപ്പോഴുള്ള 18 ലോകസഭാംഗങ്ങളുൾപ്പെടെയുള്ള പാർലമെന്റ് അംഗങ്ങൾ പല കാര്യങ്ങളും ഉന്നയിക്കുന്നതോടൊപ്പം കേരളത്തിന്റെ 50 ശതമാനം വരുമാനം കുറച്ചതുൾപ്പെടെയുള്ള കാര്യങ്ങൾ ഉയർത്തിക്കാണിച്ചാൽ നമുക്ക് കുറച്ചുകൂടി ഗുണമുണ്ടാകുമെന്ന അപേക്ഷകൂടി വയ്ക്കാനുണ്ട്.

<u>ശ്രീ. വി. കെ. പ്രശാന്ത്</u>: സർ, സർക്കാരിന്റെ കീഴിലുള്ള സ്ഥാപനങ്ങളെടുക്കുന്ന കടങ്ങൾ ഭരണഘടനാപരമായി സംസ്ഥാന സർക്കാരിന്റെ കടമായി പരിഗണിക്കാൻ കഴിയുമോ; സർക്കാർ കിഫ്ബിയിലൂടെ സമാഹരിച്ച തുകയുപയോഗിച്ച് എല്ലാ മണ്ഡലങ്ങളിലും വികസന പദ്ധതികൾ നടക്കുകയാണ്. അത് മുഖാന്തരം വലിയ ആസ്തികൾ ക്രിയേറ്റ് ചെയ്യപ്പെടുകയും വരുമാനം വരികയുമാണ്. ഇത് കണക്കാക്കാതെയാണോ കിഫ്ബിയെ അട്ടിമറിക്കാനുള്ള നീക്കങ്ങൾ നടത്തുന്നതെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, സ്ഥാപനങ്ങളെടുക്കുന്ന കടങ്ങൾ ഈ പരിധിയിൽ വരേണ്ടതല്ല. അതിന് ഗ്യാരന്റി മാത്രമാണ് സർക്കാർ നൽകുന്നത്. ആ ഗ്യാരന്റിയുംകൂടി ഇപ്പോൾ കടമെടുപ്പ് പരിധിയിൽ വരുന്നുവെന്ന് മാത്രമല്ല പൊതുമേഖല/ഗവൺമെന്റ് സ്ഥാപനങ്ങൾക്ക് കടമെടുക്കുന്നതിന് ലിമിറ്റും മറ്റ് വ്യവസ്ഥകളും നിശ്ചയിച്ചുകൊണ്ട് റിസർവ് ബാങ്ക് കഴിഞ്ഞ മാർച്ച് മാസത്തിനു ശേഷം ഒരു സർക്കുലർ ഇറക്കുകയുണ്ടായി. എന്നുപറഞ്ഞാൽ, കേരളത്തിലെ മാത്രമല്ല, എല്ലാ സംസ്ഥാനങ്ങളിലെയും മിക്ക പൊതുമേഖലാ സ്ഥാപനങ്ങളുടെയും കടമെടുപ്പിനെയുൾപ്പെടെ ബാധിക്കുന്ന തരത്തിൽ റിസർവ് ബാങ്ക് ഒരു സർക്കുലർ കൊണ്ടുവന്നിരിക്കുകയാണ്. ഗ്യാരന്റി കൊടുത്താൽ തിരിച്ചടയ്ക്കേണ്ടിവരുന്നത് അപൂർവ്വം ചില സ്ഥാപനങ്ങളിൽ മാത്രമേയുള്ളൂ. കെ.എസ്.ആർ.ടി.സി.-ക്ക് ഗ്യാരന്റി കൊടുത്തിട്ടുണ്ട്. അവർക്ക് ഗ്യാരന്റി കൊടുത്തതിന്റെ കടം തിരിച്ചടയ്ക്കേണ്ടി വരുന്നുണ്ട്. കെ.എസ്.എഫ്.ഇ., കെ.എഫ്.സി., കെ.എസ്.ഇ.ബി.എൽ. മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾക്കുമെല്ലാം ഗ്യാരന്റി കൊടുത്തിട്ടുള്ള ലോണുകൾ കൃത്യമായി അടയ്ക്കുന്നുണ്ട്. ഇത്തരം കാര്യങ്ങളൊക്കെ ഗവണ്മെന്റിന്റെ പൊതുവിലുള്ള പ്രവർത്തനങ്ങളെയാകെ ബാധിക്കുന്ന തരത്തിലേയ്ക്ക് വരികയാണ്. അത് വളരെ അപകടകരമായ സ്ഥിതിയാണ്. അങ്ങനെ ചെയ്യാൻ പാടില്ലെന്നുള്ളത് ശരിയാണ്.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, കേരളത്തിൽ പലവക ചെലവുകളാണ്. ശമ്പളവും സോഷ്യൽ വെൽഫെയർ സ്കീമുകളും കേരളത്തിൽ വളരെ കൂടുതലാണ്. വികസനത്തിന് കിട്ടുന്ന പണം വളരെ കുറവാണ്. സിസ്റ്റം മാറിയപ്പോൾ ജി.എസ്.ടി.-യിലും വമ്പിച്ച കുറവുണ്ടായി. നികുതി വരുമാനം വർദ്ധിക്കാത്തതിന്റെ കാരണങ്ങളൊക്കെ ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. കിഫ്ബി ലോണുകളുടെ പലിശയുൾപ്പെടെയുള്ള റീപേമെന്റും വരുന്നുണ്ട്. ഈ സാഹചര്യത്തിൽ കേന്ദ്ര ഗവണ്മെന്റ് ഞെരുക്കുന്ന സമീപനമെടുത്താൽ ഇവിടെ സാമ്പത്തിക പ്രതിസന്ധി വരുമോ; അത് ഒഴിവാക്കുന്നതിനെപ്പറ്റി ഗവണ്മെന്റ് ഗൗരവപൂർവ്വം ചിന്തിക്കുന്നുണ്ടോ? നാളെ ശമ്പളം മുടങ്ങുന്ന സാഹചര്യമുണ്ടാകാം.

കെ.എസ്.ആർ.ടി.സി.-യിൽ വന്നത് നാളെ ഗവണ്മെന്റിനും വരാം. ശമ്പളം മുടങ്ങുന്ന സാഹചര്യം നാളെ വരില്ലെന്ന് എന്താണ് ഗ്യാരന്റി? ഇത്തരത്തിലുള്ള സാഹചര്യം വരാതിരിക്കാൻ ഗവണ്മെന്റ് ഗൗരവമായി എന്തെങ്കിലും ചിന്തിക്കുന്നുണ്ടോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, കേരളത്തിന് യാതൊരു അപകടവുംവരാതെ എങ്ങനെ മുന്നോട്ടുപോകാമെന്നാണ് സർക്കാർ എപ്പോഴും ചിന്തിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ടാണ് കളകൂീവായി നീങ്ങണമെന്ന് പറയുന്നത്. അങ്ങ് പറഞ്ഞ ആശങ്കകളിലേയ്ക്ക് എത്താതെ കാര്യങ്ങൾ മുന്നോട്ടുകൊണ്ടു പോകാനാണ് ശ്രമിക്കുന്നത്. ജീവനക്കാർക്ക് ശമ്പളം ലഭിക്കില്ലെന്ന വ്യാപകമായ പ്രചാരണം തൃക്കാക്കര ഇലക്ഷനുമുമ്പ് നടന്നിരുന്നു. തെരഞ്ഞെടുപ്പ് തീയതി കഴിഞ്ഞപ്പോൾ അതൊക്കെ മാറി. ഓണം സീസണും അതിനുശേഷവുമുള്ള കാര്യങ്ങളൊക്കെ നല്ല രീതിയിൽ മാനേജ് ചെയ്ത് പോകാനാണ് ശ്രമിക്കുന്നത്. 17,000 കോടി രൂപ മാത്രമേ സംസ്ഥാനത്തിന് കടമെടുക്കുന്നതിനായി അനുവദിച്ചിട്ടുള്ളൂവെന്ന സ്ഥിതിയുണ്ട്. ഈയൊരു സാഹചര്യത്തിൽ യാതൊരു കാര്യത്തിലും കുറവുവരാതെ മുന്നോട്ടുപോകാൻ സാധിക്കുമെന്നുതന്നെയാണ് കരുതുന്നത്. കഴിഞ്ഞവർഷം സംസ്ഥാനത്തിന്റെ വരുമാനം 11,000 കോടി രൂപ വർദ്ധിച്ചു. ഈ വർഷവും 7,000 മുതൽ 10,000 കോടി രൂപ വരെ വർദ്ധിക്കുമെന്നത് എന്റെ വ്യക്തിപരമായൊരു വിലയിരുത്തലാണ്. ജി.എസ്.ടി. കോമ്പൻസേഷൻ കേന്ദ്ര ഗവണ്മെന്റ് തുടർന്നും തരണമെന്ന് ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തിന്റെ ടാക്സ് വർദ്ധിപ്പിക്കുന്നതിനുവേണ്ടി വകുപ്പിനെ പുനഃസംഘടിപ്പിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത ലക്കി ബിൽ ആപ് എന്നൊരു സ്കീമുണ്ട്. ബിൽ അപ്‌ലോഡ് ചെയ്യുന്നതിന് കച്ചവടക്കാരും അനുകൂല നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. ടാക്സ് കൃത്യമായി ശേഖരിക്കുന്നതിന് ഇങ്ങനെ പല കാര്യങ്ങൾ ചെയ്യുന്നുണ്ട്. ആശങ്കാപരമായ സ്ഥിതിയിലേയ്ക്ക് സംസ്ഥാനം പോകില്ലെന്ന് പ്രതീക്ഷിക്കാം. എന്തായാലും വളരെ നന്നായി ഇക്കാര്യങ്ങൾ ചെയ്തുപോകുകയാണ്. കഴിഞ്ഞ മൂന്നുനാല് വർഷത്തെ കാര്യം പരിശോധിച്ചാൽ കേരള ചരിത്രത്തിൽ നിർമ്മാണപ്രവർത്തനങ്ങൾക്ക് ഏറ്റവും കൂടുതൽ പണം ചെലവഴിച്ച വർഷങ്ങളാണ് കടന്നുപോയതെന്ന് കാണാം. കിഫ്ബി, പി.ഡബ്ല്യു.ഡി., റീബിൽഡ് കേരള ഇനിഷ്യേറ്റീവ് എന്നിവയിലും ഏറ്റവും കൂടുതൽ നിക്ഷേപവും നിർമ്മാണവും നടന്നിട്ടുള്ള വർഷമാണ് കടന്നുപോയതെന്നതിന് വ്യക്തമായ കണക്കുകളുണ്ട്. എന്നാൽ ഇപ്പോൾ അത്തരം നിർമ്മാണപ്രവർത്തനങ്ങൾ തടസ്സപ്പെടുത്തുന്ന തരത്തിലുള്ള ശ്രമങ്ങളുണ്ടാകുന്നുണ്ട്. സ്കൂളുകൾ, ആശുപത്രികൾ, പാലങ്ങൾ, റോഡുകൾ എന്നീ മേഖലകളിൽ നടത്തിയ ധാരാളം നിർമ്മാണ പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാക്കാനുള്ള ശ്രമമാണ് ഇപ്പോൾ നടക്കുന്നത്.

## വ്യവസായ സംരംഭക പ്രോത്സാഹന നയം

2 (*32) ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. ആന്റണി ജോൺ:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനവ വിഭവശേഷിയുടെ ക്രിയാത്മക വിനിയോഗത്തിനും പരിസ്ഥിതിക്കും അനുയോജ്യമായ സൂക്ഷ്മ, ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് നാല് ശതമാനം പലിശ നിരക്കിൽ സംരംഭക വായ്പ പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) സംരംഭക പ്രോത്സാഹന നയത്തിന്റെ അടിസ്ഥാനത്തിൽ വ്യവസായ വകുപ്പിന് കീഴിലുള്ള വ്യവസായ പ്രോത്സാഹന സ്ഥാപനങ്ങളുടെ പ്രവർത്തന രീതിയിൽ മാറ്റം വരുത്തിയിട്ടുണ്ടോ;

(സി) വ്യവസായങ്ങൾ ആരംഭിക്കുന്നതിനും തുടർന്നു കൊണ്ടുപോകുന്നതിനും ആവശ്യമായ സേവനങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, (എ) 2022-23 സർക്കാർ സംരംഭക വർഷമായി ആചരിക്കുകയാണ്. ഈ വർഷം ഒരു ലക്ഷം സൂക്ഷ്മ/ചെറുകിട/ഇടത്തരം സംരംഭങ്ങൾ ആരംഭിക്കുകയെന്ന ലക്ഷ്യത്തിന്റെ ഭാഗമായി നടപ്പിലാക്കുന്നൊരു പദ്ധതിയാണ് 'ഒരു കുടുംബം ഒരു സംരംഭം'. ടി പദ്ധതിയിൽ ബാങ്ക് വായ്പയുടെ പലിശ നിരക്കിൽ നാല് ശതമാനത്തിൽ അധികരിച്ചുള്ള പലിശയിൽ അഞ്ച് ശതമാനം വരെ ഇളവ് ധനസഹായമായി സർക്കാർ നൽകുന്നു. പദ്ധതിയുടെ മാർഗ്ഗരേഖ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 10 ലക്ഷം രൂപ വരെ ബാങ്ക് ലോണുള്ള ഉല്പാദന, സേവന, വ്യാപാര മേഖലയിലെ സ്ഥാപനങ്ങൾക്ക് പദ്ധതി വഴി പലിശ ഇളവ് നൽകുന്നു. പദ്ധതി പ്രകാരം സ്ഥിരമൂലധന വായ്പയ്ക്കും പ്രവർത്തന മൂലധന വായ്പയ്ക്കും ആനുകൂല്യം ലഭിക്കും. ഇപ്രകാരം അഞ്ച് വർഷം വരെ പലിശ ഇളവ് നൽകുന്നു. ലോൺ കാലാവധിയുടെ ആദ്യത്തെ അഞ്ച് വർഷമോ, ലോൺ തീർപ്പാക്കുന്ന കാലയളവ് വരെയോ (ഏതാണോ ആദ്യം) ആയിരിക്കും പലിശയിളവ് നൽകുന്നത്. 1-4-2022 മുതൽ പ്രവർത്തനം ആരംഭിക്കുന്ന പുതിയ യൂണിറ്റുകൾക്ക് മാത്രമാണ് സർക്കാരിൽനിന്നുള്ള പലിശയിളവ് ലഭ്യമാകുന്നത്.

(ബി) ഉണ്ട്. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് വ്യവസായികൾക്ക് സംശയ ദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കിക്കൊണ്ട് എം.എസ്.എം.ഇ. ക്ലിനിക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്. കൂടാതെ എല്ലാ താലൂക്ക് വ്യവസായ ഓഫീസുകളെയും MSME ഫെസിലിറ്റേഷൻ സെന്ററുകളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി താലൂക്ക് വ്യവസായ ഓഫീസുകളിൽ പ്രൊഫഷണൽ യോഗ്യതയുള്ള റിസോഴ്സ് പേഴ്സണെ നിയമിച്ച് പ്രവർത്തനം നടന്നുവരുന്നു. ഇതുകൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സംരംഭക വർഷവുമായി ബന്ധപ്പെട്ട് സംരംഭകർക്ക് നേരിട്ടുള്ള സഹായം നൽകുന്നതിനും സംരംഭക വർഷവുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി ബിടെക്/എം.ബി.എ. യോഗ്യതയുള്ള 1153 ഇന്റേണുകളെ നിയമിച്ചിട്ടുണ്ട്. കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും സംരംഭകർക്കുള്ള ഹെൽപ്ഡെസ്ക് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ ആഴ്ചയിലും തിങ്കൾ, ബുധൻ ദിവസങ്ങളിൽ ഹെൽപ്ഡെസ്ക് വഴിയുള്ള ഇന്റേണിന്റെ സേവനം സംരംഭകർക്ക് ലഭ്യമാക്കുന്നതാണ്. സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളുടെ സംശയ ദൂരീകരണത്തിനായി കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ ഒരു കോൾ സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സംരംഭകവർഷത്തിന്റെ ഭാഗമായി പ്രാദേശികമായി സംരംഭകരെ കണ്ടെത്തുന്നതിന് കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശങ്ങളിലും മേയ്-ജൂൺ മാസങ്ങളിൽ പൊതുബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. ഇതിൽ പങ്കെടുത്ത സംരംഭകർക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്നതിനായി ജില്ലാ പ്രൊഫൈലുകൾ, ആവശ്യമായ ലൈസൻസുകൾ, ലഭ്യമായ സഹായപദ്ധതികൾ എന്നീ വിവരങ്ങൾ ക്രോഡീകരിച്ച് പ്രത്യേക കൈപുസ്തകങ്ങൾ ജില്ലാ തലത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഒരു ലക്ഷം സംരംഭങ്ങളുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും ഒരു ഓൺലൈൻ പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. പൊതുബോധവത്കരണ പരിപാടിയുടെ തുടർച്ചയായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും 2022 ആഗസ്റ്റ് മാസത്തിൽ പൂർത്തിയാകുന്ന രീതിയിൽ ലൈസൻസ്/ലോൺ/സബ്സിഡി മേളകൾ നടത്തിവരുന്നുണ്ട്. ഓരോ തദ്ദേശ സ്ഥാപനതലത്തിലും മാസത്തിൽ നിർദ്ദിഷ്ട എണ്ണം സ്ഥാപനങ്ങൾ ആരംഭിക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കാൻ ബന്ധപ്പെട്ട ഇന്റേണുകൾക്ക് ലക്ഷ്യം നിശ്ചയിച്ചുനിൽകിയിട്ടുണ്ട്. സംസ്ഥാനത്താകെയായി 22-8-2022 വരെ 49020 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(സി) ഉണ്ട്. സംരംഭകർക്ക് വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി 2021-ലെ 137-ാം നമ്പർ ഓർഡിനൻസ് പ്രകാരം, 1999-ലെ കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആൻഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡെവലപ്മെന്റ് ആക്ട്, 1999 (2000-ലെ നിയമം 5)ന്റെ ഭേദഗതി വഴി പരാതി പരിഹാര സംവിധാനം (Grievance Redressal System) നിലവിൽ വന്നിട്ടുണ്ട്. ഈ നിയമഭേദഗതിയിലൂടെ രൂപീകരിച്ചിട്ടുള്ള ജില്ലാ/സംസ്ഥാന പരാതിപരിഹാര കമ്മിറ്റികൾ മുഖേനയാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്. അഞ്ച് കോടി രൂപ വരെ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികൾ ജില്ലാ പരാതിപരിഹാര കമ്മിറ്റിക്കും അഞ്ച് കോടി രൂപയിൽ കൂടുതൽ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികളും ജില്ലാ കമ്മിറ്റിയുടെ തീരുമാനത്തിന്മേലുള്ള അപ്പീലും സംസ്ഥാന പരാതിപരിഹാര കമ്മിറ്റിക്കുമാണ് നൽകേണ്ടത്. ഈ സംവിധാനം കാര്യക്ഷമമായും സമയബന്ധിതമായും പ്രവർത്തിപ്പിക്കുന്നതിനായി ഒരു ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്.

ശ്രീമതി ഒ. എസ്. അംബിക: സർ, ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി ആരംഭിക്കുന്ന എം.എസ്.എം.ഇ. ഉൽപ്പന്നങ്ങൾ വിൽക്കുന്നതിന് സഹായകരമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

ശ്രീ. പി. രാജീവ്: സർ, എം.എസ്.എം.ഇ.-കളുടെ ഓരോ ദിവസത്തേയും കണക്കുകൾ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നുണ്ട്. ഓരോ ജില്ലയിലേയും കണക്കുകൾ പബ്ലിക്ക് ഡൊമൈനിൽ ലഭ്യമാണ്. ഇന്നത്തെ കണക്കുപ്രകാരം 49608 എം.എസ്.എം.ഇ.-കൾ ഈ പദ്ധതിയുടെ ഭാഗമായി രജിസ്റ്റർ ചെയ്തുകഴിഞ്ഞിട്ടുണ്ട്. അതിന്റെ ഭാഗമായി 2,930 കോടി രൂപയുടെ നിക്ഷേപം വന്നുകഴിഞ്ഞിട്ടുണ്ട്. 108551 തൊഴിലവസരങ്ങൾ ഇതിന്റെ ഭാഗമായി സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ബഹുമാന്യയായ അംഗം ചോദിച്ച ഒരു കാര്യം വളരെ പ്രസക്തമാണ്. ഇങ്ങനെ വരുന്ന സ്ഥാപനങ്ങളുടെ ഉല്പന്നങ്ങൾക്ക് വിപണി ഉറപ്പുവരുത്തേണ്ടതുണ്ട്. അതിന് 'മെയ്ഡ് ഇൻ കേരള' എന്ന രൂപത്തിലുള്ള ബ്രാൻഡ് ഉല്പന്നങ്ങൾ പ്രോൽസാഹിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ജില്ലാ/ബ്ലോക്ക്/പഞ്ചായത്ത് തലങ്ങളിൽ ഇതിന്റെ ഭാഗമായി വന്ന പുതിയ സംരംഭങ്ങളുടെ ഉല്പന്നങ്ങളുടെ പ്രത്യേക മേള സംഘടിപ്പിക്കാനും വ്യവസായ വകുപ്പ് ഉദ്ദേശിക്കുന്നുണ്ട്. ഇതുകൂടാതെ ഓൺലൈൻ ഇ-കോമേഴ്സ് പ്ലാറ്റ്ഫോം കൂടി മെയിഡ് ഇൻ കേരള ഉല്പന്നങ്ങളുടെ വിപണനത്തിനായി രൂപപ്പെടുത്താനും സർക്കാർ ഉദ്ദേശിക്കുന്നു. അങ്ങനെ വിപണി ശക്തിപ്പെടുത്തിക്കൊണ്ട് ഈ സംരംഭങ്ങൾ നിലനിർത്തി മുന്നോട്ടുപോകുന്നതിനുള്ള പരിശ്രമം നടത്താനാണ് സർക്കാർ ശ്രമിക്കുന്നത്.

ശ്രീമതി ഒ. എസ്. അംബിക: സർ, വ്യവസായങ്ങൾ ആരംഭിക്കുന്നതിനും തുടർന്നുകൊണ്ടുപോകുന്നതിനും ആവശ്യമായ സേവനങ്ങൾ ലഭിക്കുന്നത് സംബന്ധിച്ചുള്ള പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. രാജീവ്: സർ, ഒരു വർഷം ആരംഭിക്കുന്ന എം.എസ്.എം.ഇ.-കളിൽ 30 ശതമാനം ആ വർഷംതന്നെ അടച്ചുപൂട്ടാറുണ്ടെന്നതാണ് രാജ്യത്തിന്റെ പൊതുവായിട്ടുള്ള കണക്ക്. അത് എങ്ങനെ കുറയ്ക്കാൻ സാധിക്കും. അതിനാവശ്യമായ സംവിധാനങ്ങൾ മുൻകൂട്ടിക്കണ്ട് സർക്കാർ പ്രവർത്തിക്കുന്നുണ്ട്. അതിലൊന്നാണ് ടെക്നോളജി ക്ലിനിക്കുകൾ. ഒരു സ്ഥാപനത്തിന്റെ മാനേജിംഗിലോ മാർക്കറ്റിംഗിലോ പ്രൊഡക്ഷൻ ടെക്നോളജിയിലോ എന്തെങ്കിലും പ്രശ്നങ്ങളുണ്ടായാൽ ജില്ലാ വ്യവസായ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഈ ക്ലിനിക്കുകളിൽനിന്ന് ഈ പ്രശ്നം പരിഹരിക്കാനുള്ള ഉപദേശം തേടാവുന്നതാണ്. ആ ക്ലിനിക്കുകളുടെ ഭാഗമായി വിദഗ്ദ്ധരായ വ്യക്തികളുടെയും വൈദഗ്ദ്ധ്യമുള്ള സ്ഥാപനങ്ങളുടെയും ഒരു പാനലുണ്ട്. അതിനാവശ്യമായ റെമ്യൂണറേഷൻ പൂർണ്ണമായും സർക്കാർ നൽകും. ഒരാളുടെയോ ഒരു സ്ഥാപനത്തിന്റെയോ ഉപദേശംകൊണ്ട് തൃപ്തിയായില്ലെങ്കിൽ മറ്റൊരാളുടെകൂടി ഉപദേശം തേടുന്നതിനുള്ള വ്യവസ്ഥയും അതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനുള്ള റെമ്യൂണറേഷനും സർക്കാരായിരിക്കും നൽകുന്നത്. നേരത്തെ ഓർഡിനൻസായി വന്നതും ഇന്ന് ചർച്ചചെയ്യാൻ പോകുന്നതുമായ ബില്ലാണ് സ്റ്റാറ്റ്യൂട്ടറി ഗ്രീവൻസ് റിഡ്രസ്സൽ മെക്കാനിസം. ഒരു സ്ഥാപനം തുടങ്ങുന്നതിനോ നടത്തിക്കൊണ്ടുപോകുന്നതിനോ ആവശ്യമായ സേവനങ്ങളെ സംബന്ധിച്ചുള്ള ഏതുവിധ പരാതികളും പ്രസ്തുത റിഡ്രസ്സൽ മെക്കാനിസത്തിന് നൽകാം. അക്കാര്യം ചോദ്യത്തിന്റെ മറുപടിയിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. അഞ്ച് കോടി രൂപ വരെയുള്ളത് ജില്ലാതല സംവിധാനമാണ്. അഞ്ച് കോടി രൂപയ്ക്ക് മുകളിലുള്ളത് സംസ്ഥാനതല സംവിധാനമാണ്. ആ തീരുമാനത്തിന് തീർപ്പുകൽപ്പിക്കാൻ ഒരു ബോർഡ് കോൺസ്റ്റിറ്റ്യൂട്ട് ചെയ്തിട്ടുണ്ട്. ആ ബോർഡിന്റെ തീർപ്പ് എല്ലാ ഉദ്യോഗസ്ഥർക്കും ബാധകമാണ്. ഏതെങ്കിലും ഒരുദ്യോഗസ്ഥൻ 15 ദിവസത്തിനുള്ളിൽ നടപ്പിലാക്കിയില്ലെങ്കിൽ 16-ാം ദിവസം 250 രൂപ മുതൽ 10,000 രൂപ വരെ പിഴ ഈടാക്കാനുള്ള അധികാരവും ഈ ബോർഡിന് നൽകിയിട്ടുണ്ടെന്നകാര്യവും അറിയിക്കുകയാണ്.

ശ്രീ. ആന്റണി ജോൺ: സർ, വ്യവസായ മേഖലയ്ക്ക് പുത്തൻ ഉണർവ് നൽകുന്ന നിരവധി പദ്ധതികളുമായി മുന്നോട്ടുപോകുന്ന വ്യവസായ വകുപ്പിനെ പ്രത്യേകം അഭിനന്ദിക്കുകയാണ്. നവീന മാതൃകകൾ നടപ്പിലാക്കി നിക്ഷേപ

ലോകത്തിന്റെ വിശ്വാസം നേടിയെടുക്കാൻ സാധിച്ചതും നിയമങ്ങളിലൂടെ നിക്ഷേപകർക്ക് അനുകൂലമായ സാഹചര്യങ്ങൾ സൃഷ്ടിച്ചതും കേരളത്തെക്കുറിച്ച് ഇതുവരെയുണ്ടായിരുന്ന മുൻധാരണകൾ മാറ്റിയെടുക്കുന്നതിനും കൂടുതൽ നിക്ഷേപങ്ങൾ കേരളത്തിലേയ്ക്ക് വരുന്നതിനും സഹായമായിട്ടുണ്ടെന്നുള്ളത് നമ്മളെല്ലാവരും അംഗീകരിക്കേണ്ടതാണ്. ഇവിടെ ആദ്യം സൂചിപ്പിച്ച ഒരു ലക്ഷം സംരംഭങ്ങളെക്കുറിച്ചാണ് എനിക്ക് ചോദിക്കാനുള്ളത്. പുതിയ എം.എസ്.എം.ഇ.-കൾ ആരംഭിക്കുന്നതിന് കൂടുതൽ സഹായങ്ങൾ കൊടുക്കുന്നതിനോടൊപ്പം നിലവിലുള്ള എം.എസ്.എം.ഇ. സംരക്ഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് സർക്കാർ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്?

<u>ശ്രീ. പി. രാജീവ്</u>: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് നല്ലൊരു ചോദ്യമാണ്. കേരളത്തിൽ മാത്രമല്ല രാജ്യത്തിന്റെ പൊതുവെയുള്ള എം.എസ്.എം.ഇ.-കളെടുത്താൽ സൂക്ഷ്മ സംരംഭങ്ങളാണ് കൂടുതലായുള്ളത്. സൂക്ഷ്മ സംരംഭങ്ങളെ ചെറുകിട സംരംഭങ്ങളാക്കാനും ചെറുകിട സംരംഭങ്ങളെ ഇടത്തരം സംരംഭങ്ങളാക്കാനുമുള്ള പ്രത്യേക സ്കെയിലിംഗ് അപ് പദ്ധതി ഗവണ്മെന്റ് ആലോചിക്കുന്നുണ്ട്. ഇതുകൂടാതെ നിലവിലുള്ള സംരംഭകരെ സഹായിക്കുന്നതിനുവേണ്ടിയുള്ള സംരംഭക സഹായ പദ്ധതിപ്രകാരം ഉൽപ്പാദന സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15 ശതമാനം മുതൽ 45 ശതമാനം വരെ പരമാവധി 40 ലക്ഷം രൂപ ധനസഹായം നൽകുന്നുണ്ട്. ഇതുകൂടാതെ കോവിഡിന്റെ ഭാഗമായി പ്രഖ്യാപിച്ച വ്യവസായ ഭദ്രതാ പാക്കേജ് പ്രകാരം സംരംഭകത്വ സഹായ പദ്ധതിയിലൂടെ യുവാക്കൾ, വനിതകൾ, എസ്.സി./എസ്.ടി. വിഭാഗം എന്നിവർക്ക് അധികമായി 5 ശതമാനം സബ്സിഡി എന്നുള്ളത് 10 ശതമാനമാക്കി ഉയർത്തിയിട്ടുണ്ട്. ഈ പ്രത്യേക വിഭാഗങ്ങളുടെ കൂട്ടത്തിൽ പ്രവാസികളെക്കൂടി ഇപ്പോൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുകൂടാതെ നാനോ ഗാർഹിക സംരംഭകർക്ക് പലിശ സബ്സിഡി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 5HP വരെ വൈദ്യുതി ആവശ്യമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡപ്രകാരം വെള്ള, പച്ച എന്നീ വിഭാഗങ്ങളിൽപ്പെട്ടതും ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതുമായ സ്ഥാപനങ്ങൾക്ക് 6 ശതമാനം മുതൽ 8 ശതമാനംവരെ പലിശ നിരക്ക് സബ്സിഡിയായി നൽകുന്ന സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. നിലവിലുള്ള ചെറുകിട യൂണിറ്റുകൾക്ക് മാർജിൻ മണി ഗ്രാന്റ് നൽകുന്നുണ്ട്. 10 ലക്ഷം രൂപവരെയുള്ള യൂണിറ്റുകൾ ഈ പദ്ധതിയുടെ സഹായത്തിന് അർഹരാണ്. ജനറൽ വിഭാഗത്തിന് പ്രോജക്ട് ചെലവിന്റെ 40 ശതമാനവും ഗുണഭോക്തൃവിഹിതം കുറഞ്ഞത് 30 ശതമാനവും ബാങ്ക് വായ്പ 30 ശതമാനവുമായിരിക്കും. ഇതാണ് നിലവിലുള്ള സംരംഭകർക്കുള്ള പദ്ധതി. ഇതുകൂടാതെ സ്റ്റാർട്ടപ്പുകൾക്ക് പ്രത്യേകം സാമ്പത്തിക പിന്തുണ നൽകുന്ന പദ്ധതികളും ഗവണ്മെന്റ് നടപ്പിലാക്കുന്നുണ്ട്.

ശ്രീ. എൻ. കെ. അക്ബർ: സർ, ഒരു ലക്ഷം സംരംഭങ്ങളുമായി ബന്ധപ്പെട്ട സംരംഭകർക്ക് വായ്പ ലഭിക്കുന്നതിനായി ബാങ്കുകളെ ഉൾപ്പെടുത്തി സബ്സിഡി മേളകൾ നടത്തുന്നതിന് ഉദ്ദേശ്യമുണ്ടോ; കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഇതിന്റെ പ്രയോജനം ലഭിക്കുന്ന തരത്തിൽ പദ്ധതി ആവിഷ്കരിക്കുമോ?

ശ്രീ. പി. രാജീവ്: സർ, ഇക്കാര്യം ഞാൻ നേരത്തെ ഈ സഭയിൽ വ്യക്തമാക്കിയിരുന്നു. ഇവിടത്തെ പ്രശ്നം, നിക്ഷേപത്തിന്റെ 60 ശതമാനത്തോളം തുകയാണ് വായ്പയായി നൽകുന്നത്. എന്നാൽ ആന്ധ്രാപ്രദേശ്, തമിഴ്നാട്, തെലുങ്കാന എന്നീ സംസ്ഥാനങ്ങൾ പരിശോധിച്ചാൽ 110, 115 ശതമാനംവരെ ക്രെഡിറ്റ്-ഡെപ്പോസിറ്റ് റേഷ്യോ ഉണ്ട്. മറ്റ് സംസ്ഥാനങ്ങളുടെകൂടി നിക്ഷേപം അവിടെ വായ്പയായിട്ടാണ് നൽകുന്നത്. വ്യവസായങ്ങളുമായി ബന്ധപ്പെട്ട പ്രശ്നം വന്നപ്പോൾ സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയിൽ മന്ത്രി എന്ന നിലയിൽ ഞാൻ ഈ പ്രശ്നം ഉന്നയിച്ചിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആ യോഗത്തെ അഭിസംബോധന ചെയ്തപ്പോൾ ഈ പ്രശ്നം സംസാരിച്ചിരുന്നു. അങ്ങനെ ബാങ്കുകളുടെ പ്രത്യേക യോഗം ചേർന്നു. ഇപ്പോൾ എം.എസ്.എം.ഇ.-കളുടെ കാര്യത്തിൽ ബാങ്കുകൾ അനുകൂല സമീപനമെടുക്കുന്നുണ്ട്. ഞങ്ങൾ 37 ബാങ്കുകളുടെ പ്രതിനിധികളുമായി നേരിട്ട് ആശയവിനിമയം നടത്തി. ഈ സംരംഭക വർഷത്തിനുവേണ്ടി പ്രത്യേക ലോൺ സ്കീം അവർ ആവിഷ്കരിച്ചിട്ടുണ്ട്. അതിന്റെ 5 ശതമാനം ഇന്ററ് സബ്‌വെൻഷനായി ഗവണ്മെന്റ് നൽകുന്നുണ്ട്. ഇതിന്റെ ഭാഗമായി പഞ്ചായത്ത് - മുനിസിപ്പൽ തലങ്ങളിൽ ലോൺ മേളകൾ സംഘടിപ്പിക്കുന്നുണ്ട്. 10 ലക്ഷം രൂപവരെയുള്ള ആളുകൾക്ക് ഇതുസംബന്ധിച്ച വായ്പ നൽകാനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 304 എണ്ണത്തിൽ ലോൺ മേളകൾ സംഘടിപ്പിച്ചതിൽ 15270 പേർ പങ്കെടുത്തു, അതിൽ 2301 അപേക്ഷകളാണ് ലഭിച്ചത്. 304 അപേക്ഷകൾ ഇപ്പോൾത്തന്നെ ക്ലിയർ ചെയ്തുകഴിഞ്ഞു. ആ ലോൺ മേളകളിൽ വന്ന അപേക്ഷകളുടെ ഭാഗമായി 862 കോടി രൂപയുടെ വായ്പ ഇതിനകം വിതരണം ചെയ്തുകഴിഞ്ഞിട്ടുണ്ട്.

ശ്രീ. പി. മമ്മിക്കുട്ടി: സർ, വ്യവസായ വളർച്ചയും അതുവഴി സാമ്പത്തിക ഭദ്രതയും ഉറപ്പുവരുത്തി നിരവധി പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കുന്ന വ്യവസായ വകുപ്പിനെ അഭിനന്ദിക്കുകയാണ്. അതോടൊപ്പം നഷ്ടത്തിലാകുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കി പ്രവർത്തിപ്പിക്കാൻ നടത്തിയ പ്രവർത്തനങ്ങളെയും അഭിനന്ദിക്കാതിരിക്കാൻ നിർവ്വാഹമില്ല. ഷൊർണ്ണൂർ മണ്ഡലത്തിൽ പൊതുമേഖലയിൽ പ്രവർത്തിക്കുന്ന മെറ്റൽ ഇൻഡസ്ട്രീസിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള

ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. മെറ്റൽ ഇൻഡസ്ട്രീസും കഴിഞ്ഞ വർഷം ലാഭകരമായി. അവർക്ക് പെരിന്തൽമണ്ണ-തൃശ്ശൂർ ഹൈവേ റോഡിൽ 23 ഏക്കർ സ്ഥലമുണ്ട്. വ്യവസായ വികസനവുമായി ബന്ധപ്പെട്ട് ഒരു മാസ്റ്റർ പ്ലാൻ വ്യവസായ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. അത് പരിശോധിച്ച് മെറ്റൽ പാർക്ക് ഉൾപ്പെടെയുള്ള കാര്യങ്ങൾ നടപ്പിലാക്കാനാവശ്യമായ സഹായം ഗവണ്മെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകുമോ?

ശ്രീ. പി. രാജീവ്: സർ, മെറ്റൽ ഇൻഡസ്ട്രീസിന്റെ വികസനം ബഹുമാന്യനായ അംഗം പി. മമ്മിക്കുട്ടി എല്ലാഘട്ടത്തിലും ആവശ്യപ്പെട്ട ന്നതാണ്. ഒരു ലക്ഷം സംരംഭക പദ്ധതിയിൽ പൊതുമേഖലയുമായി ബന്ധപ്പെട്ട ഒരു കാഴ്ചപ്പാടുമുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങൾക്കാവശ്യമായ അസംസ്കൃത വസ്തുക്കളിൽ പലതും മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വരുന്നതായിരിക്കും. പൊതുമേഖലാ സ്ഥാപനങ്ങളുടെ ബൈ പ്രോഡക്ടുകൾ അസംസ്കൃത വസ്തുവാക്കിക്കൊണ്ടുള്ള വാല്യു അഡിഷൻ പ്രോഡക്ടുകൾ എം.എസ്.എം.ഇ.-കൾക്ക് ചെയ്യാൻ കഴിയുന്നതായിരിക്കും. ഒരു പഠനം നടത്തി പൊതുമേഖലാ സ്ഥാപനങ്ങളുടെ എക്സ്റ്റെൻഷന് ആവശ്യമായ ഒരു സംരംഭം പ്രത്യേക പാർക്കുകളിലൂടെ ആരംഭിക്കണമെന്ന് സർക്കാർ ഈ പദ്ധതിയുടെ ഭാഗമായി കണ്ട് അതിന് ബഡ്ജറ്റിൽ പ്രത്യേകം പണം വകയിരുത്തിയിട്ടുണ്ട്. ആ പദ്ധതി തുടർന്നുകൊണ്ടിരിക്കുകയാണ്. ഇവിടെ പറഞ്ഞതുപോലെ മെറ്റൽ ഇൻഡസ്ട്രീസ് ഉൾപ്പെടെയുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെയും മാസ്റ്റർ പ്ലാനുകൾ ഗവണ്മെന്റിൽ ലഭ്യമായിട്ടുണ്ട്. ആ മാസ്റ്റർ പ്ലാനുകളുടെ ഷോർട്ട് ടേം, മിഡ് ടേം, ലോംഗ് ടേം ഗോളുകൾ നിർവ്വഹിച്ചിട്ടുണ്ട്. അത് സമയബന്ധിതമായി ഇംപ്ലിമെന്റ് ചെയ്യുന്നതിനുവേണ്ടി ഒരു പ്രത്യേക പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് (പി.എം.യു.) പ്രവർത്തിക്കുന്നുണ്ട്. അതിന്റെ ഭാഗമായി അദ്ദേഹം ഉന്നയിച്ച പദ്ധതിയും സമയബന്ധിതമായി നടപ്പിലാക്കാൻ സർക്കാർ ശ്രമിക്കും.

ശ്രീ. രമേശ് ചെന്നിത്തല: സർ, രാജ്യത്ത് സ്റ്റാർട്ടപ്പുകൾ ധാരാളം വളർന്നുകൊണ്ടിരിക്കുന്ന സന്ദർഭമാണ്. പ്രത്യേകിച്ച് ചെറുപ്പക്കാരായ ആളുകൾ, ന്യൂ എന്റർപ്രണേഴ്സ് എന്നിവർ ഇന്നവേറ്റീവ് പ്രോഗ്രാമുകളുമായി വരുമ്പോൾ അവർക്ക് ഗവണ്മെന്റിന്റെ സഹായം അനിവാര്യമാണ്. ഇത്തരം ഇന്നവേറ്റീവ് പ്രോഗ്രാമുകളുമായി വരുന്നവർക്ക് പലപ്പോഴും സാങ്കേതിക പരിജ്ഞാനം (technical knowhow) കിട്ടാതെ വരുന്നുവെന്നുള്ള പരാതി പരിശോധിച്ച് അവർക്കുവേണ്ട സാങ്കേതിക പരിജ്ഞാനം നൽകാനുള്ള പദ്ധതി വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിക്കുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, സ്റ്റാർട്ടപ്പുകളുടെ കാര്യത്തിൽ കേരളത്തിന് അഭിമാനകരമായ സ്ഥാനമാണ് നിലവിലുള്ളത്. ഏറ്റവും മികച്ച സ്റ്റാർട്ടപ്പ് ഇക്കോ സിസ്റ്റത്തിനുള്ള അവാർഡ് തുടർച്ചയായി മൂന്നാമത്തെ വർഷവും കേരളത്തിനാണ് ലഭിച്ചത്. അതോടൊപ്പം സൗത്ത് ഏഷ്യയിലെ ഏറ്റവും മികച്ച സ്റ്റാർട്ടപ്പ് സംവിധാനത്തിനും കേരളത്തെ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ഗവണ്മെന്റ് മറ്റൊരു കാര്യംകൂടി തീരുമാനിച്ചിട്ടുണ്ട്. സ്റ്റാർട്ടപ്പ് എന്നുപറയുമ്പോൾ പൊതുവെ ഐ.ടി. അനുബന്ധമായ കാര്യങ്ങളാണ് ചിന്തയിൽ വരിക. അഗ്രിക്കൾച്ചറുമായും മാനുഫാക്ചറിംഗുമായും ബന്ധപ്പെട്ട സ്റ്റാർട്ടപ്പുകൾക്കുകൂടി ഐ.ടി.-യുമായി ബന്ധപ്പെട്ട സ്റ്റാർട്ടപ്പുകൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ നൽകാൻ വ്യവസ്ഥയുണ്ട്. ആശയം വികസിപ്പിക്കുന്നതിന് പ്രാരംഭ സഹായമായി പൊതുവെയുള്ള ഗ്രാന്റിന്റെ 30 ശതമാനം ആദ്യംതന്നെ നൽകുന്നുണ്ട്. അതോടൊപ്പം ഉൽപ്പന്നത്തിന്റെ പ്രോട്ടോടൈപ്പ് പൂർത്തീകരിക്കാൻ യോഗ്യമായ ഗ്രാന്റിന്റെ 50 ശതമാനം നൽകുന്നുണ്ട്. ബാക്കി 20 ശതമാനം ഉൽപ്പാദനം ആരംഭിച്ചതിനുശേഷമാണ് നൽകുന്നത്. അതോടൊപ്പം ടെക്നോളജിയുടെ പരിജ്ഞാനത്തിനുവേണ്ടി മെന്റർമാരുടെ സഹായം നൽകുന്നതിനുള്ള ശ്രമവും ഇതിന്റെ ഭാഗമായി നടപ്പിലാക്കുന്നുണ്ട്. പൊതുവെ നമ്മുടെ സ്റ്റാർട്ടപ്പ് സംവിധാനം നല്ല രീതിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുണ്ട്. അത് കുറേക്കൂടി ശക്തിപ്പെടുത്താനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കും.

<u>ശ്രീ. സജി ചെറിയാൻ</u>: സർ, സംരംഭകത്വ വർഷം എന്നനിലയിൽ രാജ്യത്തിനുതന്നെ മാതൃകയായി സംസ്ഥാന ഗവണ്മെന്റും വ്യവസായ വകുപ്പും മാറിയിരിക്കുന്നതിൽ പ്രത്യേകം അഭിനന്ദിക്കുകയാണ്. അതിന്റേതായ ധാരാളം പ്രതിഫലനം കേരളത്തിന്റെ എല്ലാ ഭാഗങ്ങളിലും കാണുന്നുണ്ട്. ധാരാളം ആളുകൾക്ക് പുതുതായി തൊഴിൽ കിട്ടിയിട്ടുണ്ട്. ഈ ആവശ്യങ്ങൾക്കായി ഭൂമി ഏറ്റെടുക്കുന്ന തിനുവേണ്ടി 20,000 കോടി രൂപ കിഫ്ബി വഴി ചെലവഴിക്കുന്ന കാര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിച്ചു. ആലപ്പുഴ ജില്ലയെക്കുറിച്ച് ഒരു പരാമർശം നടത്താൻ മാത്രമേ ഞാൻ ഉദ്ദേശിക്കുന്നുള്ളൂ. കിൻഫ്രവഴി വ്യവസായാവശ്യത്തിനായി ഇതുവരെ ഒരു സെന്റ് ഭൂമിപോലും ഏറ്റെടുക്കാത്ത ജില്ലയാണ് ആലപ്പുഴ. ആലപ്പുഴയിലെ ജനങ്ങൾ പരമ്പരാഗത വ്യവസായങ്ങളുമായി ബന്ധപ്പെട്ട് ജീവിക്കുന്നവരാണ്. കാർഷിക മേഖലയിലുൾപ്പെടെ ധാരാളം പ്രതിസന്ധികൾ നേരിടുന്നുണ്ട്. ഈ ഘട്ടത്തിൽ കിൻഫ്രയെക്കൊണ്ട് ഭൂമി ഏറ്റെടുപ്പിച്ച് ആലപ്പുഴ ജില്ലയിൽ അത്തരത്തിലുള്ള വ്യവസായങ്ങൾ തുടങ്ങുന്നതിന് നടപടികൾ സ്വീകരിക്കുമോ; ഇതുവരെ ആലപ്പുഴ ജില്ലയിൽ ഭൂമി ഏറ്റെടുത്തിട്ടില്ലെന്നുള്ളതുകൊണ്ടാണ് ഞാൻ ഇക്കാര്യം സൂചിപ്പിച്ചത്.

ശ്രീ. പി. രാജീവ്: സർ, ആലപ്പുഴ ജില്ലയിൽ പൊതുമേഖലാ സ്ഥാപനങ്ങൾ നന്നായി പ്രവർത്തിക്കുന്നുണ്ട്. ആട്ടോകാസ്റ്റ് ലിമിറ്റഡും സ്റ്റീലിന്റെ കമ്പനികളുമെല്ലാം പ്രവർത്തിക്കുകയും അത് വികസിപ്പിക്കുന്നതിനാവശ്യമായ പദ്ധതികൾ തയ്യാറാക്കുന്നുമുണ്ട്. അവിടെ ലഭ്യമായിട്ടുള്ള ഭൂമിയും ഒരു പാർക്കായി വികസിപ്പിക്കുന്നുണ്ട്. കേരളത്തിൽ രണ്ട് മെഗാഫുഡ് പാർക്കുകളാണ് ഇപ്പോൾ തുടങ്ങുന്നത്. ഒരെണ്ണം പാലക്കാട് ഉദ്ഘാടനം ചെയ്യപ്പെട്ടു. രണ്ടാമത്തെ മെഗാഫുഡ് പാർക്ക് ആലപ്പുഴ ജില്ലയിലെ ചേർത്തലയിലാണ്. അത് സീ ഫുഡിന്റേതാണ്. അത് പൂർണ്ണമായും ഒക്കുപ്പൈ ചെയ്തുകഴിഞ്ഞു. സ്ഥാപനങ്ങളെല്ലാം റെഡിയാണ്. കേന്ദ്ര മന്ത്രിയുടെ സൗകര്യം നോക്കിയാണ് നിൽക്കുന്നത്. ഇതുകൂടാതെ ശ്രീ. സജി ചെറിയാൻ തുടർച്ചയായി ഇടപെട്ടതിന്റെ ഭാഗമായി കിൻഫ്രകൂടി ബന്ധപ്പെട്ടുകൊണ്ട് കുട്ടനാട് റൈസ് ഫാക്ടറിക്ക് അദ്ദേഹത്തിന്റെ മണ്ഡലത്തിൽത്തന്നെ കല്ലിടാൻ കഴിഞ്ഞു. അത് സമയബന്ധിതമായി പൂർത്തീകരിക്കും. കിൻഫ്രയുടെ പ്രത്യേക പാർക്കില്ലാത്ത ജില്ലകളിലൊന്ന് ആലപ്പുഴയാണെന്ന് അദ്ദേഹം പറഞ്ഞത് ശരിയാണ്. ഈ വർഷം നല്ലരീതിയിൽ സംരംഭങ്ങൾ വരുന്ന അവസ്ഥ ആലപ്പുഴയിൽ വന്നിട്ടുണ്ട്. നേരത്തെ ആലപ്പുഴയ്ക്ക് കുറച്ച് വ്യത്യസ്തതകളുണ്ടായിരുന്നെങ്കിലും ഇപ്പോൾ സംരംഭകർക്കും ആശങ്കകളില്ലെന്നുള്ളത് നല്ല സൂചനയാണ്. അത് പരമാവധി ഉപയോഗപ്പെടുത്താനാവശ്യമായ നടപടി സർക്കാർ പരിഗണിക്കുന്നതായിരിക്കും.

**കിഫ്ബിയുടെ പ്രവർത്തനത്തിൽ കേന്ദ്ര ഏജൻസികളുടെ ഇടപെടൽ**

3 (*33) ശ്രീ. എം. വിജിൻ:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ മേഖലയിൽ വൻ മുന്നേറ്റമുണ്ടാക്കുന്നതിനായി പ്രവർത്തിക്കുന്ന കിഫ്ബിയെ ദുർബലപ്പെടുത്താൻ ചിലർ നടത്തുന്ന ശ്രമം തുറന്നുകാട്ടാൻ വിപുലമായ പ്രചാരണത്തിന്റെ ആവശ്യകത പരിശോധിക്കുമോ;

(ബി) സംസ്ഥാനം പാസ്സാക്കിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ വ്യവസ്ഥാപിതവും സുതാര്യവുമായി പ്രവർത്തിക്കുന്ന സ്ഥാപനത്തിൽ, ദുഷ്പ്രചാരണം നടത്തുന്നവരുടെ താല്പര്യം സംരക്ഷിക്കുകയെന്ന ലക്ഷ്യത്തോടെ കേന്ദ്ര അന്വേഷണ ഏജൻസികൾ ഇടപെടൽ നടത്തുന്നത് അവസാനിപ്പിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്ന കാര്യം പരിഗണിക്കുമോ;

(സി) കള്ളപ്പണം വെളുപ്പിക്കൽ നിരോധന നിയമ പരിപാലനവും വിദേശ നാണയ കൈകാര്യ നിയമ പരിപാലനവും മാത്രം അധികാര പരിധിയിലുൾപ്പെടുത്തിയുള്ള എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് കിഫ്ബിയുടെ പ്രവർത്തനത്തിൽ നടത്തുന്ന ഭരണഘടനാവിരുദ്ധ നീക്കത്തിനെതിരെ നിയമനടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, (എ) കേരളത്തിലെ അടിസ്ഥാനസൗകര്യ പദ്ധതികളിലേയ്ക്കായി പണം കണ്ടെത്തുകയെന്ന ലക്ഷ്യത്തോടെ കിഫ് ആക്ട് 1999-ന്റെ അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ട ഒരു ബോഡി കോർപ്പറേറ്റാണ് കിഫ്ബി. നാളിതുവരെ 73,000 കോടിയിൽപ്പരം രൂപയുടെ 993 പദ്ധതികൾക്ക് കിഫ് ബോർഡ് അംഗീകാരം നൽകിക്കഴിഞ്ഞു. ഈ പദ്ധതികൾക്കായി രാജ്യത്തെ നിയമവ്യവസ്ഥകൾക്കുള്ളിൽനിന്നുകൊണ്ട് കിഫ്ബി ധനസമാഹരണം നടത്തിവരുന്നു. ഇതിനോടകം 18,000 കോടിയിലധികം രൂപ ധനവിപണിയിൽനിന്നും ഇത്തരത്തിൽ കിഫ്ബി സമാഹരിച്ചിട്ടുണ്ട്. കേരള സംസ്ഥാനത്തിന്റെ വികസന മുഖച്ഛായ സമഗ്രമായി മാറ്റുന്നതിനുള്ള ഇടപെടലാണ് കിഫ്ബി മുഖേന സർക്കാർ ചെയ്തുവരുന്നത്. അപ്രായോഗികമായ വികസന മാതൃകയെന്ന് പ്രവചിച്ചവർപോലും പിന്നീട് അത് തിരുത്തിപ്പറയുന്ന രീതിയിലുള്ള പ്രവർത്തനമാണ് കിഫ്ബി വഴി നടന്നുവരുന്നത്. ആഭ്യന്തര-അന്താരാഷ്ട്ര മാർക്കറ്റിലും കിഫ്ബി ഒരു നൂതന ധനകാര്യസ്ഥാപനമെന്ന രീതിയിൽ ശ്രദ്ധിക്കപ്പെട്ടു. ഇത്തരത്തിൽ കിഫ്ബി മികച്ച രീതിയിൽ പ്രവർത്തിച്ചുവരുന്ന അവസരത്തിലാണ് വിവിധ കേന്ദ്ര ഏജൻസികളെ ഉപയോഗിച്ച് അതിനെ തടസ്സപ്പെടുത്താനുള്ള ശ്രമങ്ങൾ നടന്നുവരുന്നത്. പൊതുമദ്ധ്യത്തിൽ കിഫ്ബിയെ മോശപ്പെടുത്താനും നിക്ഷേപകരിൽ പരിഭ്രാന്തി സൃഷ്ടിച്ച് കിഫ്ബിയിലേയ്ക്ക് വരേണ്ട നിക്ഷേപങ്ങളെ തടസ്സപ്പെടുത്താനും അതുവഴി നിലവിൽ ലക്ഷ്യം വച്ചിരിക്കുന്ന വികസന പ്രവർത്തനങ്ങളെ അവതാളത്തിലാക്കാനും ഇക്കൂട്ടർ നിരന്തരം പരിശ്രമിക്കുകയാണ്. ഈ നീക്കം ഒരിക്കലും അനുവദിച്ചുകൂടെന്ന് മാത്രമല്ല, സംസ്ഥാനത്തിന്റെയും പൊതുജനങ്ങളുടെയും താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി സമൂഹമദ്ധ്യത്തിൽ ഇക്കൂട്ടരുടെയും അവരുടെ ദുഷ്ടലാക്കോടെയുള്ള പ്രവർത്തനത്തെയും തുറന്നുകാട്ടേണ്ടത് അനിവാര്യമാണ്. ഇതിനുള്ള നടപടികൾ തീർച്ചയായും സർക്കാർ സ്വീകരിക്കുന്നതാണ്.

(ബി) കഴിഞ്ഞ കുറച്ചുവർഷങ്ങളായി ഇൻഡ്യൻ ഭരണഘടന വിഭാവനം ചെയ്യുന്ന ഫെഡറൽ സാമ്പത്തിക സംവിധാനത്തെ ദുർബ്ബലപ്പെടുത്തുന്നതിന് കേന്ദ്രസർക്കാരിന്റെ നിലപാടുകൾ കാരണമാകുന്നുണ്ട്. ഒന്നാമതായി, സംസ്ഥാനങ്ങളുടെ താല്പര്യങ്ങളെ പ്രതികൂലമായി ബാധിക്കുന്ന തരത്തിൽ ഭരണഘടനയിലെ വ്യവസ്ഥകൾ തെറ്റായി

വ്യാഖ്യാനിക്കുന്നു. രണ്ടാമതായി, ധനകാര്യ കമ്മീഷൻ വഴിയും ഇതര മാർഗ്ഗങ്ങൾ വഴിയുമുള്ള ധനകൈമാറ്റത്തിൽ കുറവ് വരുത്തുന്നു. കൂടാതെ, കേന്ദ്ര ഏജൻസികൾ പ്രത്യേകിച്ച് റെഗുലേറ്ററി ഏജൻസികളായ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യ (സി. & എ. ജി.), ആദായനികുതി വകുപ്പ്, എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് തുടങ്ങിയ സർക്കാരിന്റെ പ്രത്യക്ഷമോ പരോക്ഷമോ ആയ നിയന്ത്രണത്തിലുള്ളവയെ ഉപയോഗിച്ചുകൊണ്ട് സംസ്ഥാന താല്പര്യങ്ങളെ ദുർബ്ബലപ്പെടുത്തുന്നു. ഈ ശ്രമങ്ങളിൽ പലതും പൊതുവെ സംസ്ഥാനങ്ങളുടെ താല്പര്യങ്ങൾക്കെതിരും അവയിൽ പലതും പ്രത്യേകിച്ച് കേരള സംസ്ഥാനത്തിന്റെ പുരോഗതിയെ അട്ടിമറിക്കുന്നതിന് കാരണമാകുന്നതുമാണ്.

കേന്ദ്ര ഇടപെടൽമൂലം കേരളം നേരിടുന്ന വിവിധ പ്രതിസന്ധികൾ ചൂണ്ടിക്കാണിച്ചുകൊണ്ട് കേന്ദ്ര ധനകാര്യമന്ത്രിക്ക് ഇതിനോടകം കത്തയച്ചിട്ടുണ്ട്. കിഫ്ബിയിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് പോലെയുള്ള കേന്ദ്ര ഏജൻസികളുടെ ഇടപെടൽ സംബന്ധിച്ച വിഷയം നിലവിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ പരിഗണനയിലാണ്.

(സി) കള്ളപ്പണം വെളുപ്പിക്കൽ നിരോധന നിയമപരിപാലനവും വിദേശനാണയ കൈകാര്യ നിയമപരിപാലനവും മാത്രം അധികാരപരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ള എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇ.ഡി.) കിഫ്ബിയുടെ പ്രവർത്തനം സംബന്ധിച്ച് നിലവിൽ നടത്തുന്ന അന്വേഷണങ്ങൾ വിമർശന വിധേയമായിട്ടുണ്ട്. 2021 ഫെബ്രുവരി 3-ന് 1999-ലെ ഫെമ ആക്ട് പ്രകാരം കിഫ്ബിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് സമൻസ് അയയ്ക്കുകയുണ്ടായി. എന്നാൽ, സമൻസിന്റെ കാരണമോ അന്വേഷണ വിഷയമോ വ്യക്തമാക്കിയിരുന്നില്ല. കിഫ്ബിയെ പ്രതിനിധീകരിച്ച് ജോയിന്റ് ഫണ്ട് മാനേജർ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ആവശ്യപ്പെട്ട എല്ലാ രേഖകളും സമർപ്പിച്ചു. ആറോളം തവണ ഉദ്യോഗസ്ഥർ കൊച്ചിയിലെ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിനുമുന്നിൽ ഹാജരാകേണ്ടി വന്നു. ചോദ്യം ചെയ്യുന്ന എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ഉദ്യോഗസ്ഥർ ആഗ്രഹിച്ച ഉത്തരങ്ങൾ പറയാൻ പ്രേരിപ്പിക്കുന്ന ശക്തമായ സമ്മർദ്ദവും ഉണ്ടായെന്ന പരാതിയുണ്ട്. 2021 ഡിസംബർ 15-ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ നേരിട്ട് ചോദ്യം ചെയ്യുന്നതിനായി കൊച്ചിയിലെ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിലേയ്ക്ക് വിളിപ്പിച്ചിരുന്നു. മസാല ബോണ്ടിന്റെ പേപ്പർ വർക്ക് കൈകാര്യം ചെയ്ത കിഫ്ബിയിലെ മറ്റ് ഉദ്യോഗസ്ഥരെയും ഒന്നിലധികം തവണ വിപുലമായ ചോദ്യം ചെയ്യലിന് വിധേയമാക്കി. ഖേദകരമെന്നു പറയട്ടെ, മുകളിൽ സൂചിപ്പിച്ച ചോദ്യം ചെയ്യലുകളുടെ പരമ്പരയിൽ ചോദ്യം ചെയ്യലിന്റെ ഉദ്ദേശത്തെക്കുറിച്ചോ അന്വേഷിക്കുന്ന വിഷയത്തെക്കുറിച്ചോ ഒരു വ്യക്തതയും ഉണ്ടായിരുന്നില്ല എന്നാണ് മനസ്സിലാക്കുന്നത്. ഓരോ സമൻസിലും ആവശ്യപ്പെട്ട രേഖകൾ അന്വേഷണ ഏജൻസിക്ക് യഥാവിധി നൽകിയിട്ടുണ്ട്.

എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിനെ ദുരുപയോഗം ചെയ്യുന്നതിന്റെ ഏറ്റവും പുതിയ ഉദാഹരണമാണ് മുൻധനകാര്യ വകുപ്പുമന്ത്രിയും കിഫ്ബി വൈസ് ചെയർമാനുമായിരുന്ന ഡോ. ടി. എം. തോമസ് ഐസകിന് സമൻസ് അയച്ചത്. ഇത്തരം നടപടികൾ സംസ്ഥാന സർക്കാരിനെ അപകീർത്തിപ്പെടുത്താനും അതിന്റെ വികസന അജണ്ടയും പുരോഗതിയും തടയാനുമുള്ള ശ്രമമാണെന്നാണ് മനസ്സിലാക്കുന്നത്. ഫെമ ആക്ടിന് കീഴിലുള്ള എല്ലാ മാനദണ്ഡങ്ങളും പാലിച്ച് റിസർവ് ബാങ്ക് അംഗീകാരത്തോടെയാണ് കിഫ്ബി മസാല ബോണ്ട് പുറപ്പെടുവിച്ചത്. കേന്ദ്രസർക്കാരിന് കീഴിലുള്ള, കിഫ്ബിക്ക് സമാനമായ ബോഡി കോർപ്പറേറ്റുകളും മസാല ബോണ്ട് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സ്ഥാപനങ്ങൾക്കുമേൽ ഫെമ ചട്ടലംഘനങ്ങളൊന്നുംതന്നെ ആരോപിക്കപ്പെട്ടിട്ടില്ല എന്നുള്ളതും ശ്രദ്ധേയമാണ്. ഇ.ഡി.-യുടെ ഇത്തരത്തിലുള്ള സംശയാസ്പദമായിട്ടുള്ള പ്രവർത്തനങ്ങൾ ചോദ്യം ചെയ്തുകൊണ്ട് കിഫ്ബിയും മുൻധനകാര്യ വകുപ്പുമന്ത്രിയും കേരള ഹൈക്കോടതിയെ സമീപിച്ചിട്ടുണ്ട്. കോടതി ഇക്കാര്യത്തിൽ വാദം കേട്ടുവരുന്നു. 2021-ലെ നിയമസഭാ തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പായി ആരംഭിച്ച ഇ.ഡി. അന്വേഷണവും ചോദ്യം ചെയ്യലും നീണ്ട 18 മാസങ്ങൾക്കുശേഷവും കിഫ്ബി നടത്തിയ ചട്ടലംഘനമെന്താണെന്ന് കൃത്യമായി പറയാൻ ആ ഏജൻസിക്ക് കഴിഞ്ഞിട്ടില്ല. ഇതുസംബന്ധിച്ച ചർച്ചകൾ കോടതിയിൽ വന്ന അവസരത്തിൽ ഇ.ഡി. കൂടുതൽ സമയം ആവശ്യപ്പെടുന്ന സ്ഥിതിയാണുണ്ടായത്.

<u>ശ്രീ. എം. വിജിൻ</u>: സർ, കേരളത്തിലെ വിദ്യാലയങ്ങൾ, ആശുപത്രികൾ, റോഡുകൾ, പാലങ്ങൾ ഉൾപ്പെടെ അടിസ്ഥാനസൗകര്യവികസനത്തിന് മുന്നേറ്റമുണ്ടാക്കാൻ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കിഫ്ബിയെയും അതുപോലെ അതിന് നേതൃത്വം കൊടുക്കുന്ന ഗവൺമെന്റിനെയും അഭിനന്ദിക്കുകയാണ്. മസാല ബോണ്ട് പുറപ്പെടുവിക്കുന്നതുസംബന്ധിച്ച് നിയമപരമായി വേണ്ടിയിരുന്ന അനുവാദങ്ങൾ കിഫ്ബിക്ക് ലഭിച്ചിട്ടുണ്ടോ; കിഫ്ബി പോലെ മസാല ബോണ്ട് പുറപ്പെടുവിച്ച ബോഡി കോർപ്പറേറ്റുകൾക്കെതിരെ ഫെമ ചട്ടലംഘനം ആരോപിച്ച് ഇ.ഡി. അന്വേഷണം നിലവിലുണ്ടോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ഫെമ ചട്ടങ്ങളനുസരിച്ച് മസാല ബോണ്ട് ഉൾപ്പെടുന്ന external commercial borrowing-ന്റെ റെഗുലേറ്റർ റിസർവ് ബാങ്കാണ്. റിസർവ് ബാങ്ക് നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങളെല്ലാം പാലിച്ച് ബാങ്കിന്റെ അനുമതിയോടെയാണ് കിഫ്ബി മസാല ബോണ്ട് പുറപ്പെടുവിച്ചത്.

നാളിതുവരെ മസാല ബോണ്ടുവഴി സമാഹരിച്ച പണത്തിന്റെ ഉപയോഗം സംബന്ധിച്ച് എന്തെങ്കിലും കാര്യങ്ങളിൽ പ്രത്യേക പരാമർശം വന്നിട്ടില്ല. ചാർട്ടേഡ് അക്കൗണ്ടന്റ്സിന്റെ സഹായത്തോടുകൂടി ഇതുസംബന്ധിച്ചുള്ള കണക്കുകൾ റെഗുലറായി കൊടുക്കുന്നുണ്ട്. റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ഇതുസംബന്ധിച്ച് യാതൊരാക്ഷേപവും ഉന്നയിച്ചിട്ടില്ല. കേന്ദ്ര സർക്കാരിന് കീഴിലുള്ള ബോഡി കോർപ്പറേറ്റുകളായ എൻ.എച്ച്.എ.ഐ.- 3,000 കോടി രൂപ, എൻ.ടി.പി.സി.-4,000 കോടി രൂപ, ഐ.ആർ.ഇ.ഡി.എ.- 1.950 കോടി രൂപ എന്നീ സ്ഥാപനങ്ങൾ കിഫ്ബിക്ക് മുമ്പുതന്നെ മസാല ബോണ്ടുവഴി പണം സമാഹരിച്ചിട്ടുണ്ട്. എന്നാൽ ഈ സ്ഥാപനങ്ങൾക്കെതിരെ ഇത്തരത്തിൽ ഫെമ ചട്ടലംഘന ആരോപണം ഉള്ളതായോ ഇ.ഡി. അന്വേഷണം നേരിടുന്നതായോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

<u>ശ്രീ. എം. വിജിൻ</u>: സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ 2021 ഫെബ്രുവരി മുതൽ കഴിഞ്ഞ 18 മാസത്തിൽ ധനകാര്യ വകുപ്പുമന്ത്രിക്കും കിഫ്ബി ഉദ്യോഗസ്ഥർക്കുമെതിരെ ഇ.ഡി. തുടർച്ചയായ സമൻസയയ്ക്കുകയാണ്. എന്ത് നിയമലംഘനം ചൂണ്ടിക്കാട്ടിയാണ് ഈ അന്വേഷണമെന്ന് ഇ.ഡി. വ്യക്തമാക്കിയിട്ടുണ്ടോ; അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് പറയാൻ സാധിക്കുമോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ഇക്കാര്യം ഞാൻ നേരത്തെ വ്യക്തമാക്കിയതാണ്. എന്തിനാണ് ഇങ്ങനെയൊരു അന്വേഷണമെന്നത് വ്യക്തമായി അറിയില്ല. പക്ഷെ, ഈ ചോദ്യത്തിന്റെ ഭാഗമായിട്ടല്ലെങ്കിലും ഇ.ഡി.-യെ സംബന്ധിച്ചുള്ള സുപ്രീംകോടതിയുടെ ലേറ്റസ്റ്റായിട്ടുള്ള ഒരു വിധിയിൽ ഇ.ഡി.-ക്ക് കൂടുതൽ നിയന്ത്രണമില്ലാതെ കാര്യങ്ങൾ ചെയ്യുന്നതിനുള്ള അവകാശങ്ങൾ കൊടുക്കുന്നുവെന്നുള്ള വിമർശനം വലിയതോതിൽ വരികയാണ്. നിലവിൽ കേരളത്തിൽ ഇ.ഡി. നടത്തുന്ന അന്വേഷണങ്ങളെ സംബന്ധിച്ച വിശദാംശങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി ചോദിച്ചിരിക്കുകയാണ്. കൃത്യമായ കാര്യങ്ങളൊന്നുമില്ലാതെയാണ് ഇതുസംബന്ധിച്ച് ഇ.ഡി. അന്വേഷണം നടത്തുന്നത്. അതുപോലെ ആരുടെ പേരിലാണോ കുറ്റം ആരോപിക്കുന്നത്, അവർക്കായിരിക്കും burden of proof. ഒരു കാര്യംകൂടി പറയാൻ ഞാൻ ആഗ്രഹിക്കുന്നു, ബഹുമാനപ്പെട്ട കോൺഗ്രസ് പ്രസിഡന്റ് ശ്രീമതി സോണിയാ ഗാന്ധിയെയും ശ്രീ. രാഹുൽ ഗാന്ധിയെയും ഉൾപ്പെടെ ഇ.ഡി. കൈകാര്യം ചെയ്ത രീതി ഏറെ ചർച്ചചെയ്തതാണ്. ഇങ്ങനെയുള്ള പ്രശ്നങ്ങളുണ്ടെന്നുള്ളത് സത്യമാണ്. ഈ ഏജൻസിയെ ദുരുപയോഗപ്പെടുത്താൻ ശ്രമിക്കുന്നുവെന്ന ആരോപണം അതിശക്തമാണ്. ശക്തമായ പ്രതിഷേധം

വിവിധ സംസ്ഥാനങ്ങളിൽനിന്ന് ഉയർന്നുവന്നിട്ടുണ്ട്. കിഫ്ബിക്കെതിരായ അന്വേഷണം എന്തിനാണെന്നുള്ളത് കൃത്യമായി അറിയില്ലെന്നുതന്നെയാണ് ഇതുവരെയുള്ള വിവരം. അങ്ങനെയൊരു സ്ഥിതിയിലാണ് ഇപ്പോൾ കാര്യങ്ങൾ മുന്നോട്ടു പോകുന്നത്.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, കിഫ്ബി നിയമപരമായി പ്രവർത്തിക്കുന്ന സ്ഥാപനമാണ്. കിഫ്ബിയുടെ നാനാമുഖങ്ങളിലുള്ള പ്രവർത്തനങ്ങൾ തടസ്സപ്പെടുത്തുന്നതിനുള്ള രാഷ്ട്രീയ ലക്ഷ്യത്തോടെ കേന്ദ്ര ഏജൻസികൾ സ്വീകരിച്ചുവരുന്ന നിലപാടുകൾ സംസ്ഥാനം അതിജീവിക്കുകതന്നെ ചെയ്യും. വൻകിട വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് തടസ്സമായി നിൽക്കുന്നത് ഭൂമിയുടെ ലഭ്യതക്കുറവാണ്. ആവശ്യമായ ഭൂമി അക്വയർ ചെയ്തെടുക്കുന്നതിനുള്ള നടപടികളാണ് ഉണ്ടാകേണ്ടത്. കാലതാമസം പരിഹരിച്ച് അക്വിസിഷൻ നടപടികൾ ത്വരിതപ്പെടുത്തി മുന്നോട്ടു പോകുന്നതിനുള്ള പ്രത്യേക സംവിധാനം ഗവൺമെന്റ് ആവിഷ്കരിച്ച് നടപ്പിലാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഡ്ജറ്റിതര വിഭവസമാഹരണം പാടില്ലെന്നാണ് കേന്ദ്ര ഗവൺമെന്റ് കേരളത്തോട് പറഞ്ഞിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റിനെക്കുറിച്ച് സി. & എ.ജി.-യുടെ 2022-ലെ റിപ്പോർട്ട് നം.18-ന്റെ അദ്ധ്യായം 5-ൽ ചില പരാമർശങ്ങൾ വന്നിട്ടുണ്ട്. അതിൽ Air India Holding Company, Indian Railway Finance Corporation, National Highway Authority of India മുതലായവ കടമെടുക്കുന്ന തുക കേന്ദ്രസർക്കാർ കണക്കിൽ കാണിച്ചിട്ടില്ല. Air India Holding Company 21,985 കോടി രൂപ കടമെടുത്തിട്ടുള്ളതിൽ 7,000 കോടി രൂപ മാത്രമേ സ്റ്റേറ്റ്മെന്റിൽ കാണിച്ചിട്ടുള്ളൂ. അതിൽ ഉൾപ്പെടുത്താത്ത 14,985 കോടി രൂപയ്ക്ക് കേന്ദ്രസർക്കാർ ഗ്യാരന്റിയും നൽകിയിട്ടുണ്ട്. അതുപോലെ Indian Railway Finance Corporation-ന്റെ വിഭവസമാഹരണത്തിനെടുത്ത 36,400 കോടി രൂപയും കേന്ദ്രസർക്കാർ സ്റ്റേറ്റ്മെന്റിൽ കാണിച്ചില്ല. റെയിൽവേ മന്ത്രാലയം ഇൻഡ്യൻ ഫിനാൻസ് കോർപ്പറേഷന് ബഡ്ജറ്റിലൂടെ നൽകുന്ന ലീസ് വാടക വഴിയാണ് ഈ വായ്പയുടെ തിരിച്ചടവ് നടക്കുന്നത്. ഇതുപോലെ ദേശീയ ഹൈവേ അതോറിറ്റി കടമെടുക്കുന്ന തുകയും ഈ കണക്കിൽ കാണിച്ചിട്ടില്ല. ഇതും ബഡ്ജറ്റിതര വിഭവസമാഹരണത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. 2019-20-ൽ സമാഹരിച്ചത് 74,988 കോടി രൂപയാണ്. രാസവള സബ്സിഡിയുടെ 2019-20 വരെയുള്ള കുടിശ്ശികയായ 43,483 കോടി രൂപയും സ്റ്റേറ്റ്മെന്റിൽ കാണിച്ചിട്ടില്ല. ഇതൊക്കെ സി. & എ.ജി. ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. അതോടൊപ്പം നാം കാണേണ്ടത്, കേന്ദ്ര ഗവൺമെന്റിന്റെ 2016-17 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിതര വിഭവസമാഹരണം ആകെ 79,167 കോടി രൂപയാണ്. 2017-18-ൽ ഇത് 88,095 കോടി രൂപയും 2018-19-ൽ 1,62,602 കോടി രൂപയും 2019-20-ൽ

1,48,316 കോടി രൂപയുമാണ്. ഇനിയും കുറച്ചുണ്ട്; കേന്ദ്ര സർക്കാരിന് ഇതെല്ലാമാകാം സംസ്ഥാന സർക്കാരിന് അത് പാടില്ല, എന്നതാണ് ഇപ്പോൾ കേന്ദ്ര സർക്കാർ എടുക്കുന്ന നിലപാട്.

മി. സ്പീക്കർ: ഓർഡർ ... ഓർഡർ... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### സഹകരണ മേഖലയിലെ സർഫാസി നിയമം

4(*34) ശ്രീ. പി. കെ. ബഷീർ:
ഡോ. എം. കെ. മുനീർ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ മേഖലയിൽ കേന്ദ്ര സർക്കാരിന്റെ സർഫാസി നിയമം ബാധകമാക്കിയിട്ടുണ്ടോ?

The Securitisation and Reconstruction of Financial Assets and Enforcement of Security Interest Act, 2002 (SARFAESI ACT) സഹകരണ ബാങ്കുകളിൽ ബാധകമാക്കിയിട്ടുണ്ട്. സഹകരണ വകുപ്പിനുകീഴിൽ R.B.I. ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന കേരള സംസ്ഥാന സഹകരണ ബാങ്ക്, മലപ്പുറം ജില്ലാ സഹകരണ ബാങ്ക്, 60 അർബൻ സഹകരണ ബാങ്കുകൾ എന്നിവയാണ് സർഫാസി നിയമപ്രകാരം നടപടികൾ സ്വീകരിക്കുന്നത്.

(ബി) സർഫാസി നിയമപ്രകാരം മൂവാറ്റുപുഴ അർബൻ ബാങ്ക് പായിപ്രയിലെ നാല് കുട്ടികളടങ്ങുന്ന കുടുംബത്തെ കുടിയിറക്കി ജപ്തിചെയ്ത സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തിയിരുന്നുവോ; എങ്കിൽ വിശദാംശം നൽകുമോ?

മൂവാറ്റുപുഴ അർബൻ സഹകരണ ബാങ്കിലെ 29483-ാം നമ്പർ അംഗം ശ്രീ. അജേഷ് കുമാർ വി. എ., വലിയപറമ്പിൽ, പേഴയ്ക്കാപ്പിള്ളി എന്ന വ്യക്തി ബാങ്കിന്റെ പേഴയ്ക്കാപ്പിള്ളി ശാഖയിൽനിന്നും 31-8-2017-ൽ MTS0230/PY നമ്പരായി 1,00,000 രൂപ വായ്പ എടുത്തിരുന്നു. വസ്തു ഈടിന്മേലുള്ള ടി വായ്പ തിരിച്ചടവ്

മുടങ്ങിയതിനെത്തുടർന്ന് എൻ.പി.എ. ആകുകയും ബാങ്ക് 26-4-2018-ൽ സർഫാസി നിയമപ്രകാരം നോട്ടീസ് അയയ്ക്കുകയും ടി നോട്ടീസ് കൈപ്പറ്റിയതിനു ശേഷവും ടിയാൾ വായ്പ തിരിച്ചടയ്ക്കാത്തതിനെത്തുടർന്ന് ബാങ്ക് ബഹുമാനപ്പെട്ട എറണാകുളം സി.ജെ.എം. കോടതിയിൽ MC 55/19 നമ്പരായി കേസ് ഫയൽ ചെയ്യുകയും ബഹുമാനപ്പെട്ട കോടതി ഈട് വസ്തുവിന്റെയും വീടിന്റെയും പൊസ്സഷൻ എടുക്കുന്നതിന് അഡ്വക്കേറ്റ് കമ്മീഷണറെ നിയമിച്ചുകൊണ്ട് 11-1-2019-ൽ ഉത്തരവിടുകയും ചെയ്തു. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയമിതനായ അഡ്വക്കേറ്റ് കമ്മീഷണർ കുടിശ്ശികക്കാരനായ ശ്രീ. അജേഷ് കുമാറിന് നോട്ടീസ് അയയ്ക്കുകയും ടി നോട്ടീസ് കൈപ്പറ്റിയതിനുശേഷവും വായ്പാ കുടിശ്ശിക അടയ്ക്കാൻ തയ്യാറാകാത്തതിനെ തുടർന്ന് 23-12-2021-ൽ അഡ്വക്കേറ്റ് കമ്മീഷണർ ഈട് വസ്തുവിൽ എത്തുകയും വീട് പൂട്ടിയ നിലയിൽ ആയതിനാൽ ശ്രീ. അജേഷ് കുമാറിനെ ബന്ധപ്പെടാൻ ശ്രമിച്ചിട്ട് സാധിക്കാത്തതിനാൽ തിരികെ പോകുകയും ചെയ്തു.

തുടർന്ന് ബഹുമാനപ്പെട്ട കോടതിയിൽ ടി വിവരം റിപ്പോർട്ട് ചെയ്യുകയും കോടതി ബ്രേക്ക് ഓപ്പൺ, പോലീസ് സഹായം എന്നിവയ്ക്ക് ഉത്തരവ് നൽകിയതിനെ തുടർന്ന് 2-4-2022-ൽ 12 മണിയോടുകൂടി അഡ്വക്കേറ്റ് കമ്മീഷണർ പോലീസ് സഹായത്തോടെ ഈട് വസ്തുവിൽ പ്രവേശിക്കുകയും വീട് പൂട്ടിയ സ്ഥിതിയിൽ ആയതിനാലും വീട്ടിൽ ആരും ഇല്ലാതിരുന്നതിനാലും ബ്രേക്ക് ഓപ്പൺ ചെയ്ത് ഇൻവെന്ററി എടുത്ത് വീട് പൂട്ടി സീൽ ചെയ്ത് ബാങ്കിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ താക്കോൽ കൈപ്പറ്റി 2 മണിയോടെ തിരികെ പോകുകയും ചെയ്തിട്ടുള്ളതാണ്. ശ്രീ. അജേഷ് കുമാറിന്റെ വായ്പ 4-4-2022-ൽ മുതലും പലിശയുമുൾപ്പെടെ 1,35,586 രൂപയ്ക്ക് അടച്ച് തീർപ്പാക്കിയിട്ടുള്ളതും ടിയാന്റെ ഈട് വസ്തു പ്രമാണങ്ങൾ തിരികെ കൈപ്പറ്റിയിട്ടുള്ളതുമാണ്.

ശ്രീ. അജേഷ് കുമാറിന്റെ വീട്ടിൽ നടത്തിയ ജപ്തി നടപടികളുമായി ബന്ധപ്പെട്ട് ബാങ്കിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ. ജോസ്. കെ. പീറ്റർ 6-4-2022-ൽ രാജിവച്ചിട്ടുള്ളതുമാണ്. കൂടാതെ 5 സെന്റിൽ താഴെയുള്ള കുടുംബങ്ങളെ ജപ്തിചെയ്യുമ്പോൾ പകരം താമസസൗകര്യം ഏർപ്പെടുത്തണമെന്ന സർക്കാർ നയം നടപ്പാക്കാത്തതിനാൽ ബാങ്കിലെ ഡെപ്യൂട്ടി ജനറൽ മാനേജരും ഓതറൈസ്ഡ് ഓഫീസറുമായ ശ്രീമതി എം. എ. ഷാന്റി, പേഴയ്ക്കാപ്പിള്ളി ബ്രാഞ്ച് മാനേജർ ശ്രീ. കെ. കെ. സജീവ് എന്നിവരെ 16-4-2022-ൽ സസ്പെന്റ് ചെയ്തിട്ടുള്ളതും 9-5-2022-ൽ തിരിച്ചെടുക്കുകയും ചെയ്തിട്ടുള്ളതുമാണ്.

(സി) സർഫാസി നിയമം പാവപ്പെട്ടവരെയും ഇടത്തരക്കാരെയും ദോഷകരമായി ബാധിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

5 സെന്റിൽ കവിയാതെയുള്ള ഭൂമിയും വീടും സെക്യൂരിറ്റിയായി നൽകുമ്പോൾ ഉണ്ടാകുന്ന ബാദ്ധ്യതയ്ക്ക് സർഫാസി നിയമത്തിലെ വ്യവസ്ഥകൾ ബാധകമാക്കുന്നതല്ല എന്ന് വ്യവസ്ഥ ചെയ്യുന്നതിനായി, പ്രസ്തുത നിയമത്തിന്റെ 31-ാം വകുപ്പ് ഭേദഗതി ചെയ്യുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചുകൊണ്ട് 14-ാം കേരള നിയമസഭ 2017 ആഗസ്റ്റ് 21-ന് ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കുകയും ആയത് പ്രകാരം ടി നിയമത്തിൽ ഭേദഗതി വരുത്തുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിലേയ്ക്ക് അപേക്ഷ സമർപ്പിക്കുകയും ചെയ്തിരുന്നു. 5 സെന്റിൽ താഴെയുള്ള കുടുംബങ്ങളെ ജപ്തിചെയ്യുമ്പോൾ പകരം താമസസൗകര്യം ഏർപ്പെടുത്തണമെന്നാണ് ഇക്കാര്യത്തിലുള്ള സർക്കാർ നയം.

## സ്റ്റാർട്ടപ്പ് മിഷന്റെ പ്രവർത്തനങ്ങൾ

5 (*35) ശ്രീ. ടി. ഐ. മധുസൂദനൻ:
ഡോ. കെ. ടി. ജലീൽ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) അഭ്യസ്തവിദ്യരുടെ നൂതനാശയങ്ങളെ സംരംഭങ്ങളാക്കുകയെന്ന ലക്ഷ്യത്തോടെ സ്റ്റാർട്ടപ്പ് സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ; ഈ മേഖലയിൽ സർക്കാരിന്റെ പ്രോത്സാഹന ഫലമായി തുടർച്ചയായി മൂന്നാം വർഷവും രാജ്യത്ത് ഒന്നാം സ്ഥാനത്തെത്താൻ കഴിഞ്ഞിട്ടുണ്ടോ?

സാങ്കേതികത അടിസ്ഥാനമായുള്ളതോ സാമൂഹിക പ്രതിബദ്ധതയുള്ളതോ ആയ നൂതന ആശയങ്ങളെ സംരംഭങ്ങളാക്കുക എന്ന ലക്ഷ്യത്തോടെയാണ് താഴെപ്പറയുന്ന ഘടകങ്ങളടങ്ങിയ യുവ സംരംഭകത്വ വികസന പദ്ധതി കേരള സ്റ്റാർട്ടപ്പ് മിഷൻ നടപ്പിലാക്കിവരുന്നത്.

### 1. ഇവാഞ്ചലൈസേഷൻ സപ്പോർട്ട്

സ്കൂൾ തലം മുതൽ സാങ്കേതികതയിലും സംരംഭകത്വത്തിലും താത്പര്യം ജനിപ്പിക്കുന്നതിനും പരീക്ഷണങ്ങൾക്കും പരിശീലനത്തിനും അവസരം നൽകുന്ന പദ്ധതിയാണിത്.

## 2. ഇൻക്യുബേറ്ററുകൾ

ഇൻക്യുബേറ്ററുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുക, ഇൻക്യുബേറ്ററുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കാൻ മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുക, പ്രവർത്തിച്ച് വരുന്ന ഇൻക്യുബേറ്ററുകളെ സഹായിക്കുക തുടങ്ങിയവയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്.

## 3. വിജ്ഞാന/നൈപുണ്യ വികസനം

തിരുവനന്തപുരം, കൊച്ചി എന്നിവിടങ്ങളിൽ മസാച്ചുസെറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (MIT), USA-യുമായി ബന്ധപ്പെട്ട് ഫാബ് ലാബുകളും കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട് 20 എഞ്ചിനീയറിംഗ് കോളേജുകളിൽ മിനി ഫാബ് ലാബുകളും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ടെക്നോളജി ഇന്നവേഷൻ സോണിൽ M.I.T.-യുടെ സഹായത്തോടെ സൂപ്പർ ഫാബ് ലാബും സ്ഥാപിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഭാവി സാങ്കേതികതയിൽ ഗവേഷണ വികസന പ്രവർത്തനങ്ങൾക്കായി ഒരു ഫ്യൂച്ചർ ലാബും സ്ഥാപിച്ചിട്ടുണ്ട്.

## 4. ആക്സിലറേറ്ററുകൾ

വിവിധ മേഖലകളിൽ ആക്സിലറേറ്ററുകൾ തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. C-DAC-മായി സഹകരിച്ച് ഇലക്ട്രോണിക്സ് ആക്സിലറേറ്റർ സ്ഥാപിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

## 5. ഫണ്ടിംഗ് & എന്റർപ്രൈസ് ഡെവലപ്മെന്റ്

കേരളമടിസ്ഥാനമായി പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകൾക്ക് കൂടുതൽ ആദ്യകാല നിക്ഷേപം ലഭ്യമാക്കുന്നതിനായി സെബി അംഗീകാരമുള്ള ഫണ്ടുകളിൽ നിക്ഷേപിച്ച് അതിന്റെ ഇരട്ടിയിൽ കുറയാത്ത തുക ലഭ്യമാക്കുന്ന കേരള സ്പെസിഫിക് ഏയ്ഞ്ചൽ ഫണ്ട് പദ്ധതി, ആദ്യകാല സീഡ് ഫണ്ട് സഹായം നൽകുന്ന പദ്ധതി, പേറ്റന്റുകൾക്ക് ചെലവാകുന്ന തുക തിരികെ നല്കുന്ന പദ്ധതി, സമ്മിറ്റുകൾ കോൺഫറൻസുകൾ, ഡെമോഡേ, കണക്റ്റിവിറ്റി തുടങ്ങിയവ ഈ പദ്ധതിയിൻ കീഴിൽ നടപ്പിലാക്കി വരുന്നു.

## 6. പ്രൊഡക്റ്റൈസേഷൻ/മാർക്കറ്റിംഗ്

ഉത്പന്നം വിപണിയിൽ എത്തിക്കുന്നതിനുള്ള സഹായം, ഗവേഷണ വികസന പ്രവർത്തനങ്ങൾ, ടെക്നോളജി കൊമേഴ്ഷ്യലൈസേഷൻ, പ്ലാറ്റ്ഫോം വികസിപ്പിക്കൽ, വിപണനത്തിനുള്ള സഹായം എന്നിവയാണ് ഈ ഘടകത്തിലൂടെ നിർവ്വഹിക്കുന്നത്.

### 7. എക്സ്ചേഞ്ചസ് & ഗ്ലോബൽ ഇമേർഷൻ

ആഗോള തലത്തിൽ ലാൻഡിംഗ് പാഡുകൾ സ്ഥാപിക്കുക, വിദ്യാർത്ഥികൾക്കും സ്റ്റാർട്ടപ്പുകൾക്കും അന്തർദേശീയ സന്ദർശനങ്ങൾ തുടങ്ങിയവ ഈ ഘടകത്തിലൂടെ നടപ്പിലാക്കിവരുന്നു.

### 8. റിസർച്ച് & ഇന്നൊവേഷൻ പ്രോഗ്രാം

ഗവേഷണ വികസന സ്ഥാപനങ്ങൾ, ശാസ്ത്രജ്ഞർ, ഇന്നൊവേറ്റർമാർ, വിദ്യാർത്ഥികൾ, അദ്ധ്യാപകർ, സ്റ്റാർട്ടപ്പുകൾ തുടങ്ങിയവരെ ബന്ധിപ്പിച്ച് ഗവേഷണ വികസന പ്രവർത്തനങ്ങളിലൂടെ കണ്ടെത്തുന്ന ആശയങ്ങളെ ഉൽപ്പന്നമാക്കി വിപണിയിലെത്തിക്കുന്നതിന് ലക്ഷ്യമിട്ടാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

### 9. വനിതാ സംരംഭകത്വവും സ്റ്റാർട്ടപ്പ് പരിപാടികളും

സംരംഭകത്വ സാങ്കേതിക പരിജ്ഞാന ശേഷി വികസിപ്പിച്ച് വനിതകളെ സംരംഭകത്വത്തിലേയ്ക്ക് നയിക്കുന്നതിനുദ്ദേശിച്ചുള്ള പദ്ധതിയാണിത്.

കേന്ദ്രസർക്കാരിന്റെ സംസ്ഥാന സ്റ്റാർട്ടപ്പ് റാങ്കിംഗിൽ ടോപ് പെർഫോർമർ ആകാൻ കേരളത്തിന് മൂന്നാം വർഷവും കഴിഞ്ഞിട്ടുണ്ട്.

(ബി) പ്രാരംഭഘട്ടത്തിലെന്നപോലെ വളർച്ചയുടെ ഘട്ടത്തിലും സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കാൻ സ്റ്റാർട്ടപ്പ് മിഷൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; മിഷന്റെ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

പ്രാരംഭ ഘട്ടത്തിലെന്നപോലെ വളർച്ചയുടെ ഘട്ടത്തിലും സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള താഴെപ്പറയുന്ന ഘടകങ്ങൾ യുവ സംരംഭകത്വ വികസന പദ്ധതിയുടെ ഭാഗമായി നിലവിലുണ്ട്.

1. സ്കെയിലപ്പ് സ്പേസ്
2. സ്കെയിലപ്പ് ഗ്രാന്റ്
3. ഫണ്ട് ഓഫ് ഫണ്ട്
4. മാർക്കറ്റ് അക്സസ് പരിപാടികൾ
5. കോർപ്പറേറ്റ് കണക്ട് പരിപാടികൾ
6. ഗവണ്മെന്റ് ആസ് എ മാർക്കറ്റ് പ്ലേസ്

(സി) സ്റ്റാർട്ടപ്പുകൾക്കായി സംരംഭക വികസന പരിപാടിയും മെന്റർഷിപ്പ് പരിപാടിയും ആരംഭിച്ചിട്ടുണ്ടോ; സ്റ്റാർട്ടപ്പുകൾക്ക് സർക്കാർ ഗ്രാന്റ് നൽകുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

സംരംഭക വികസനത്തിനായി കേരള സ്റ്റാർട്ടപ്പ് മിഷൻ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് യുവ സംരംഭകത്വ വികസന പദ്ധതി. ഈ പദ്ധതിയുടെ ഭാഗമായ ഇങ്കുബേഷനിൽ ഉൾപ്പെട്ടതാണ് മെന്ററിംഗ്. സ്റ്റാർട്ടപ്പുകൾക്ക് ഐഡിയ ഗ്രാന്റ്, പ്രോഡക്ടൈസേഷൻ ഗ്രാന്റ്, മാർക്കറ്റ് ആക്സിലറേഷൻ ഗ്രാന്റ്, സ്കെയിലപ് ഗ്രാന്റ്, ഗവേഷണ വികസന ഗ്രാന്റ് എന്നിങ്ങനെ അഞ്ചുതരത്തിലുള്ള ഗ്രാന്റ് നൽകിവരുന്നു.

**വികസന പ്രവർത്തനങ്ങളെ ദുർബലപ്പെടുത്തുന്ന കേന്ദ്ര നടപടികൾ**

6 (*36) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>:
<u>ശ്രീ കടകംപള്ളി സുരേന്ദ്രൻ</u>:
<u>ശ്രീ. കെ. ബാബു (നെന്മാറ)</u>:
<u>ശ്രീ. കെ. വി. സുമേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) ഫെഡറൽ തത്വങ്ങൾക്ക് വിരുദ്ധമായി സംസ്ഥാന വരുമാനത്തിലും വായ്പാത്തുകയിലും ഗണ്യമായ കുറവ് വരുത്തുന്ന കേന്ദ്ര സർക്കാർ നടപടികൾ സംസ്ഥാനത്ത് സൃഷ്ടിച്ചേക്കാനിടയുള്ള സാമ്പത്തിക പ്രതിസന്ധി വിലയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

കേന്ദ്ര സർക്കാർ പിന്തുടരുന്ന സാമ്പത്തിക നയങ്ങൾ സംസ്ഥാന സർക്കാരിനെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് തള്ളിവിടുകയാണ്. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ പ്രധാന സ്രോതസ്സാണ് കേന്ദ്രത്തിൽനിന്നുള്ള നികുതി വിഹിതവും കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയുള്ള വിഭവ കൈമാറ്റവും. കഴിഞ്ഞ കുറേ വർഷങ്ങളായി കേരളത്തിന് ലഭിക്കേണ്ട വിഹിതത്തിൽ കുറവ് ഉണ്ടായിട്ടുണ്ട്.

സംസ്ഥാനങ്ങൾക്ക് വീതിച്ച് നൽകേണ്ട നികുതി വിഭവങ്ങളുടെ അനുപാതം പതിനാലാം ധനകാര്യ കമ്മീഷനിൽ 42 ശതമാനമായിരുന്നത് പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 41 ശതമാനമായി കുറഞ്ഞിട്ടുണ്ട്. ഡിവിസിബിൾ പൂളിൽനിന്നും കേരളത്തിന് ലഭിക്കുന്ന വിഹിതം കാലാകാലങ്ങളായി കുറഞ്ഞു വരികയാണ്. പത്താം ധനകാര്യ കമ്മീഷന്റെ സമയത്ത് 3.875 ശതമാനമായിരുന്ന കേരളത്തിന്റെ വിഹിതം പതിനാലാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 2.5 ശതമാനമായി മാറുകയും പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ഈ കാലയളവിൽ 1.925 ശതമാനമായി കുറയുകയും ചെയ്തിട്ടുണ്ട്. കേന്ദ്രാവിഷ്കൃത

പദ്ധതികളുടെ വിഹിതത്തിലും കുറവുണ്ടായിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി ഗ്രാന്റിനത്തിൽ ലഭ്യമായത് 5,141 കോടി രൂപ ആയിരുന്നുവെങ്കിൽ അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 2021-22 സാമ്പത്തിക വർഷം ഈയിനത്തിൽ 3,798 കോടി രൂപ മാത്രമേ ലഭ്യമായിട്ടുള്ളൂ. ഇതിനു പുറമേ, 2023-24 -നുശേഷം റവന്യൂ കമ്മി ഗ്രാന്റ് ലഭ്യമല്ലാതാകുകയും ജി.എസ്.ടി. നഷ്ടപരിഹാരം 2022 ജൂണിൽ അവസാനിക്കുകയും കോവിഡ് കാലത്ത് കേന്ദ്ര സർക്കാർ എല്ലാ സംസ്ഥാനങ്ങൾക്കുമായി അനുവദിച്ച് നൽകിയിരുന്ന കടമെടുപ്പ് പരിധിയായ 4.5 ശതമാനം തിരികെ 3 ശതമാനത്തിലേയ്ക്ക് കൊണ്ടുവരുന്നതും സംസ്ഥാന സമ്പദ്‍വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കും. കേന്ദ്ര ആസൂത്രണ കമ്മീഷൻ നിലവിലുണ്ടായിരുന്നപ്പോൾ ലഭിച്ചു കൊണ്ടിരുന്ന ഒറ്റത്തവണ കേന്ദ്രസഹായം, അധിക കേന്ദ്ര സഹായം, സാധാരണ കേന്ദ്ര സഹായം എന്നിവ കേന്ദ്രസർക്കാർ ഇതിനകം തന്നെ നിർത്തലാക്കിയിട്ടുമുണ്ട്.

സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എടുക്കുന്ന വായ്പകൾ (Off Budget borrowing) സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിൽ ഉൾപ്പെടുത്തുന്ന ഒരു നിലപാടാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഈ നിലപാടിനോട് സംസ്ഥാന സർക്കാരിനുള്ള ശക്തമായ വിയോജിപ്പ് കേന്ദ്ര സർക്കാരിനെ അറിയിച്ചുകൊണ്ട് സംസ്ഥാനം പല തവണ കേന്ദ്ര സർക്കാരിനെ സമീപിച്ചിരുന്നുവെങ്കിലും അനുകൂലമായ നടപടി ഇക്കാര്യത്തിൽ ഇതുവരെ ഉണ്ടായിട്ടില്ല. കൂടാതെ ഭരണഘടനയുടെ ആർട്ടിക്കിൾ 293(3), 293(4) എന്നിവയ്ക്കനുസൃതമായി, 2017 ഓഗസ്റ്റിന് മുൻപ് നിലനിന്നിരുന്ന പോലെ പൊതുകണക്കിനത്തിലെ (പബ്ലിക് അക്കൗണ്ടിലെ) നീക്കിയിരിപ്പും പൊതുമേഖലാ സ്ഥാപനങ്ങളുടെ വായ്പകളും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി നിർണ്ണയിക്കുന്നതിൽനിന്നും ഒഴിവാക്കണമെന്ന് 22-7-2022-ലെ 134/2022/എം.ധന കത്ത് പ്രകാരം സംസ്ഥാന ധനകാര്യ വകുപ്പുമന്ത്രി കേന്ദ്രധനകാര്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുമുണ്ട്.

(ബി) നാഷണൽ ഹൈവേ അതോറിറ്റി ഉൾപ്പെടെയുള്ള കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ ആന്വിറ്റി മാതൃകയിൽ പ്രോജക്ടുകൾ നടപ്പാക്കിക്കൊണ്ടിരിക്കുമ്പോൾ വികസന പ്രവർത്തനങ്ങൾക്കായി കിഫ്ബി എടുക്കുന്ന വായ്പ പൊതുകടത്തിൽ ഉൾപ്പെടുത്തുന്ന നിലപാട് തിരുത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ?

സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിൽ ഉൾപ്പെടുത്തുന്ന ഒരു നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ളത്. പ്രസ്തുത നിലപാടിൽ ഇളവ് അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സംസ്ഥാനം കേന്ദ്ര സർക്കാരിനെ

സമീപിക്കുകയും ആവശ്യപ്പെട്ട വിശദാംശങ്ങൾ നല്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ നടപ്പു സാമ്പത്തിക വർഷത്തെ ആദ്യത്തെ 9 മാസത്തേയ്ക്ക് 17,936 കോടി രൂപ പൊതുവിപണിയിൽനിന്ന് കടമെടുക്കുന്നതിനുള്ള അനുമതി കേന്ദ്രസർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ വിയോജിപ്പ് അംഗീകരിക്കാതെ 14,312.80 കോടി രൂപ Off Budget Borrowing ആണെന്ന നിലപാട് സ്വീകരിച്ച് ആ തുക നാലുതവണകളായി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽനിന്ന് കുറയ്ക്കുന്നതാണെന്നും ഇതിന്റെ ഭാഗമായി നടപ്പ് വർഷം 3,578.20 കോടി രൂപ കടമെടുപ്പ് പരിധിയിൽനിന്ന് കുറയ്ക്കുന്നതാണെന്നും പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ എടുത്തിട്ടുള്ള വായ്പകളുടെ തിരിച്ചടവ് സംബന്ധിച്ച് 2021-22 മുതലുള്ള കണക്കുകൾ ഉടനടി ലഭ്യമാക്കണമെന്നും 4-7-2022-ലെ 40(12)PF-S/2021-22 നമ്പർ കത്ത് പ്രകാരം കേന്ദ്രധനകാര്യ മന്ത്രാലയം അറിയിച്ചിട്ടുണ്ട്. ഇതിൻപ്രകാരം പ്രത്യേക ഉദ്ദേശസ്ഥാപനങ്ങൾ എടുത്തിട്ടുള്ള വായ്പകളുടെ തിരിച്ചടവ് സംബന്ധിച്ചുള്ള വിവരങ്ങൾ സംസ്ഥാന സർക്കാർ കേന്ദ്രധനകാര്യ മന്ത്രാലയത്തിന് ഇതിനകം തന്നെ കൈമാറിയിട്ടുണ്ടെങ്കിലും മറുപടിയൊന്നും ലഭ്യമായിട്ടില്ല.

(സി) സംസ്ഥാനത്തിന് അർഹതപ്പെട്ട നികുതി വിഹിതത്തിൽ കുറവു വരുത്തിയും വായ്പ ഉൾപ്പെടെയുള്ള വരുമാന സ്രോതസ്സുകൾ തടസ്സപ്പെടുത്തിയും സംസ്ഥാനത്തെ വികസനക്ഷേമ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്ന കേന്ദ്ര നടപടികൾ മറികടക്കുന്നതിന് തനത് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും ധനദൃഢീകരണത്തിനും സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ അറിയിക്കാമോ?

സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും റവന്യൂകമ്മി കുറച്ചുകൊണ്ടുവരാനാണ് സർക്കാർ പരിശ്രമിക്കുന്നത്. മുൻ വർഷങ്ങളിൽ സമ്പദ് വ്യവസ്ഥയ്ക്ക് അകത്തുനിന്നും പുറത്തുനിന്നും ഉണ്ടായ തടസ്സങ്ങളിൽ നിന്നും മോചനം നേടി പുനർനിർമ്മാണ പ്രക്രിയയ്ക്ക് ആക്കംകൂട്ടുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. നികുതി നികുതിയേതര വരുമാനം ഉയർത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിക്കൊണ്ടും റവന്യൂ കമ്മി ക്രമേണ ഇല്ലാതാക്കിയും ധനക്കമ്മിയും കടവും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനത്തിന്റെ നിശ്ചിത പരിധിയിൽ നിർത്തിയും കടമെടുക്കുന്ന തുക പൂർണ്ണമായും വികസനപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുകയെന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. നിലവിലുള്ള സാമ്പത്തിക മാന്ദ്യത്തെ ചെറുക്കുകയെന്ന ലക്ഷ്യത്തോടെ പരമാവധി വിഭവങ്ങൾ സമാഹരിക്കാനുള്ള തന്ത്രപരമായ ശ്രമം ഏറ്റെടുക്കാൻ സംസ്ഥാനം ബാദ്ധ്യസ്ഥമാണ്.

ചരക്കുസേവന നികുതി നടപ്പിലാക്കിയതോടെ സംസ്ഥാനങ്ങൾക്ക് നികുതി വർദ്ധനവിനുള്ള ഇടപെടലുകൾക്ക് പരിമിതികളും നിയന്ത്രണങ്ങളുമുണ്ടായി. പെട്രോളിയം ഉത്പന്നങ്ങൾ, മദ്യം തുടങ്ങിയ ചുരുക്കം ഇനങ്ങൾക്ക് മാത്രമാണ്

സംസ്ഥാനങ്ങൾക്ക് ഇപ്പോൾ നികുതി ഏർപ്പെടുത്താൻ അധികാരമുള്ളത്. പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ 12.7 ശതമാനം വളർച്ചയാണ് പ്രതീക്ഷിക്കുന്നത്. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി സർക്കാർ വിഭാവനം ചെയ്തിട്ടുള്ള നിർദ്ദേശങ്ങളും സ്വീകരിച്ചു വരുന്ന നടപടികളും ചുവടെ ചേർക്കുന്നു.

1. ഭൂരേഖകൾ കൈകാര്യം ചെയ്യുന്നതിലെ കേന്ദ്ര ഘടകമായ അടിസ്ഥാന ഭൂനികുതി പരിഷ്കരിക്കൽ.
2. ഭൂമിയുടെ ന്യായവിലയിലെ അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളലും നിലവിലുള്ള ന്യായവിലയിൽ 10% ഒറ്റത്തവണ വർദ്ധനവ് നടപ്പിലാക്കലും.
3. വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ആകർഷകമായ ആംനെസ്റ്റി സ്കീമുകൾ.
4. 2 ലക്ഷം രൂപ വരെ വിലയുള്ള മോട്ടോർ സൈക്കിളുകളുടെ ഒറ്റത്തവണ മോട്ടോർ വാഹന നികുതി 1 % വർദ്ധിപ്പിക്കൽ.
5. മലിനീകരണ പ്രശ്നങ്ങൾ പരിഹരിക്കുകയും വൈദ്യുതി വാഹനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിന്റെ ഭാഗമായി ഡീസൽ വാഹനങ്ങൾക്ക് ഹരിത നികുതി ഏർപ്പെടുത്തൽ.
6. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി റിട്ടേൺ സ്ക്രൂട്ടിനിയും പരിശോധനകളും ശക്തമാക്കൽ.
7. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി.
8. വിവര സാങ്കേതികവിദ്യയുടെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിക്കൽ.
9. ചരക്ക് സേവന നികുതി ചോർച്ചയ്ക്ക് കാരണമായ പഴുതുകൾ പരമാവധി അടയ്ക്കുന്നതിനുള്ള ലക്കിബിൽ പദ്ധതി.
10. സർക്കാർ ഗ്യാരണ്ടി സീലിംഗ് നിയമഭേദഗതി ചെയ്യുന്നതിലൂടെ ഈയിനത്തിലുള്ള വരുമാനം വർദ്ധിപ്പിക്കൽ.

സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ മേഖലയുടെ വികസനം ലക്ഷ്യമാക്കി മുൻ വർഷത്തെ അപേക്ഷിച്ച് കൂടുതൽ വിഹിതമാണ് നടപ്പു വർഷം മൂലധന ചെലവുകൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഇതിനുപുറമേ കിഫ്ബിയുടെ നിക്ഷേപം അടിസ്ഥാന സൗകര്യ മേഖലയെ ചലനാത്മകമാക്കും.

**സാമൂഹ്യക്ഷേമ പെൻഷൻ വിതരണം**

7 (*37) ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) കേരളത്തെ ദരിദ്രരില്ലാത്ത സംസ്ഥാനമാക്കി തീർക്കുന്നതിൽ ക്ഷേമ പെൻഷനുകളുടെ പ്രാധാന്യം കണക്കിലെടുത്ത് എത്ര പേർക്ക് വിവിധ ക്ഷേമപെൻഷനുകൾ നൽകിവരുന്നുണ്ടെന്ന് അറിയിക്കാമോ?

2022 ജൂൺ മാസത്തെ കണക്ക് പ്രകാരം 5013085 സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾക്കും സർക്കാർ നൽകുന്ന ഫണ്ടുപയോഗിച്ച് പെൻഷൻ വിതരണം ചെയ്യുന്ന 16 ക്ഷേമനിധി ബോർഡിലെ 669936 ഗുണഭോക്താക്കൾക്കും പെൻഷൻ അനുവദിച്ചിട്ടുണ്ട്. 2022 ജൂലൈ, ആഗസ്റ്റ് മാസത്തെ പെൻഷനുകൾ 2022 ആഗസ്റ്റ് 20-ന് ശേഷം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കായിക യുവജന ക്ഷേമ വകുപ്പ് മുഖേന നൽകുന്ന സർക്കസ് കലാകാര പെൻഷൻ 1297 ഗുണഭോക്താക്കൾക്കും അവശകായികതാര പെൻഷൻ 190 ഗുണഭോക്താക്കൾക്കും സാംസ്കാരിക വകുപ്പ് മുഖേന കലാകാര പെൻഷൻ 2666 ഗുണഭോക്താക്കൾക്കും ചലച്ചിത്ര അക്കാഡമി വിതരണം ചെയ്യുന്ന അവശകലാകാര പെൻഷൻ 216 പേർക്കും സർക്കാർ നൽകിവരുന്നു. ഇതിനുപുറമെ, തനത് ഫണ്ടുപ യോഗിച്ച് പെൻഷൻ നൽകുന്ന വിവിധ ക്ഷേമനിധി ബോർഡിലെ 413649 ഗുണഭോക്താക്കൾക്കും ക്ഷേമ പെൻഷൻ നൽകിവരുന്നു. ഇതിനുപുറമേ കാൻസർ പോലുള്ള വിവിധ രോഗങ്ങൾ ബാധിച്ചവർക്കും മാസംതോറും ധനസഹായം നൽകി വരുന്നു.

(ബി) അർഹതപ്പെട്ടവർക്കെല്ലാം കൃത്യസമയത്ത് സാമൂഹ്യക്ഷേമ പെൻഷൻ ലഭ്യമാക്കാൻ ഈ സർക്കാരിനായിട്ടുണ്ടോ; ഇതിനായി കേരള സ്റ്റേറ്റ് സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ടോ?

സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ വിതരണം കാര്യക്ഷമവും സുഗമവുമാക്കുക എന്ന ലക്ഷ്യം ലാക്കാക്കി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് രൂപീകരിച്ചിരുന്നു. കമ്പനിയുടെ പ്രവർത്തന ഫലമായി വളരെ പ്രതികൂല സാമ്പത്തിക പരിതസ്ഥിതിയിലും മാസംതോറും കൃത്യമായി പെൻഷൻ വിതരണം നടത്താൻ ഒരുപരിധിവരെ സർക്കാരിന് സാധിച്ചിട്ടുണ്ട്. പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലുള്ള ടി കമ്പനിയുടെ പ്രവർത്തനങ്ങൾ സർക്കാർ നിയോഗിച്ചിട്ടുള്ളവർ ഉൾപ്പെടുന്ന ഡയറക്ടർ ബോർഡ് വിലയിരുത്തുകയും ആയത് കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) വിവിധ സ്കീമുകൾക്കായി മുൻവർഷം 1.86 ലക്ഷം കോടി രൂപ വായ്പയെടുത്ത കേന്ദ്ര സർക്കാർ കെ.എസ്.എസ്.പി.എൽ.-ന് സർക്കാർ നൽകുന്ന ഗ്യാരന്റി സംസ്ഥാനത്തിന്റെ പൊതുകടമായി കണക്കാക്കുമെന്ന നിലപാട് സ്വീകരിക്കുന്നത് സംസ്ഥാനത്തെ വികസന പ്രവർത്തനങ്ങളെയും ക്ഷേമ പ്രവർത്തനങ്ങളെയും ദുർബലപ്പെടുത്താനുള്ള ആസൂത്രിത നീക്കമായി കണക്കാക്കുന്നുണ്ടോ?

സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിൽ ഉൾപ്പെടുത്തുന്ന ഒരു നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ളത്. നടപ്പുസാമ്പത്തിക വർഷത്തെ ആദ്യത്തെ 9 മാസത്തേയ്ക്ക് 17,936 കോടി രൂപ മാത്രമേ പൊതുവിപണിയിൽനിന്ന് കടമെടുക്കുന്നതിനുള്ള അനുമതി കേന്ദ്രസർക്കാർ ലഭ്യമാക്കിയിട്ടുള്ളൂ. 2021-22 സാമ്പത്തിക വർഷം (കിഫ്ബി, പെൻഷൻ കമ്പനി എന്നിവ) Off Budget borrowing ആയി എടുത്തിട്ടുണ്ട് എന്ന തെറ്റായ വാദം ഉന്നയിച്ച് 14,312.80 കോടി രൂപ നാലുതവണകളായി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ നിന്ന് കുറയ്ക്കുന്നതാണെന്നും ഇതിന്റെ ഭാഗമായി നടപ്പുവർഷം 3,578.20 കോടി രൂപ കടമെടുപ്പ് പരിധിയിൽനിന്ന് കുറയ്ക്കുന്നതാണെന്നും പ്രത്യേക ഉദ്ദേശസ്ഥാപനങ്ങൾ എടുത്തിട്ടുള്ള വായ്പകളുടെ തിരിച്ചടവ് സംബന്ധിച്ച് 2021-22 മുതലുള്ള കണക്കുകൾ ഉടനടി ലഭ്യമാക്കണമെന്നും 4-7-2022-ലെ 40(12)PF-S/2021-22 നമ്പർ കത്ത് പ്രകാരം കേന്ദ്രധനകാര്യ മന്ത്രാലയം അറിയിച്ചിട്ടുണ്ട്. ഇതിൻപ്രകാരം പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ എടുത്തിട്ടുള്ള വായ്പകളുടെ തിരിച്ചടവ് സംബന്ധിച്ചുള്ള വിവരങ്ങൾ ഇതിനകം തന്നെ സംസ്ഥാന സർക്കാർ കേന്ദ്രധനകാര്യ മന്ത്രാലയത്തിന് കൈമാറിയിട്ടുണ്ട്. കൂടാതെ ഭരണഘടനയുടെ ആർട്ടിക്കിൾ 293(3), 293(4) എന്നിവയ്ക്കനുസൃതമായി, 2017 ആഗസ്റ്റിനുമുൻപ് നിലനിന്നിരുന്നപോലെ പൊതു കണക്കിനത്തിലെ (പബ്ലിക് അക്കൗണ്ടിലെ) നീക്കിയിരിപ്പും പൊതുമേഖലാ സ്ഥാപനങ്ങളുടെ വായ്പകളും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി നിർണ്ണയിക്കുന്നതിൽനിന്നും ഒഴിവാക്കണമെന്ന് 22-7-2022-ലെ 134/2022/എം.ധന കത്ത് പ്രകാരം സംസ്ഥാന ധനകാര്യ വകുപ്പുമന്ത്രി കേന്ദ്രധനകാര്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുമുണ്ട്.

ധനകാര്യ കമ്മീഷൻ നിശ്ചയിച്ച് നൽകിയിട്ടുള്ള അനുവദനീയമായ കടമെടുപ്പ് പരിധിയെ അടിസ്ഥാനപ്പെടുത്തിയാണ് സംസ്ഥാന ബഡ്ജറ്റ് തയ്യാറാക്കാറുള്ളത്. ഇത്തരത്തിൽ കടമെടുക്കുന്ന തുക പ്രധാനമായും അടിസ്ഥാന സൗകര്യ വികസനത്തിനാണ് ഉപയോഗിക്കുന്നത്. സംസ്ഥാന നിയമസഭ ബഡ്ജറ്റ് പാസ്സാക്കിയതിനു ശേഷം പിന്നീട് കടമെടുപ്പ് പരിധിയിൽ കുറവ് വരുത്തുന്നത് സംസ്ഥാനത്തിന്റെ വികസന മുൻഗണനകളെ താളംതെറ്റിക്കുകയും നടന്നുകൊണ്ടിരിക്കുന്ന പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്നതിന് ഇടവരുത്തുകയും ചെയ്യും. ക്ഷേമ പ്രവർത്തനങ്ങളെയും ഇത് സാരമായി ബാധിക്കും.

(ഡി) ഇത്തരം സാമ്പത്തിക ഞെരുക്കലിനെ അതിജീവിച്ചുകൊണ്ട് സംസ്ഥാനത്തെ ക്ഷേമ, വികസന പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

വിവിധങ്ങളായ പ്രതികൂല സാമ്പത്തിക സാഹചര്യങ്ങൾക്കിടയിലും നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിയും ചെലവുകളിൽ മിതത്വം പാലിച്ചും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ ഊന്നിനിന്നുകൊണ്ടുമുള്ള നടപടികളിലൂടെ സംസ്ഥാനത്തെ ക്ഷേമ, വികസന പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

**സമ്പദ്ഘടനയെ ശക്തിപ്പെടുത്താൻ പുതിയ പദ്ധതികൾ**

8 (*38) ശ്രീ. കെ. പി. മോഹനൻ:
ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കെ. ബി. ഗണേഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ ശക്തിപ്പെടുത്താൻ ഏതെല്ലാം പുതിയ പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ ശക്തിപ്പെടുത്തുന്നതിനും ചലനാത്മകമാക്കുന്നതിനും വേണ്ടി സർക്കാർ വിഭാവനം ചെയ്തിട്ടുള്ള പുതിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- ചരക്ക് സേവന നികുതി വകുപ്പിനെ പുനഃസംഘടിപ്പിച്ചുകൊണ്ട് നികുതി ചോർച്ച ഫലപ്രദമായി തടയുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ചരക്ക് സേവന നികുതി വകുപ്പിന് കീഴിൽ ടാക്സ് പേയർ സർവ്വീസസ്, ആഡിറ്റ് ആന്റ് ഇന്റലിജന്റ്സ് എൻഫോഴ്സ്മെന്റ് എന്നീ വിഭാഗങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്.

- നികുതിയുടെ രംഗത്ത് ആധുനികവൽക്കരണം സാദ്ധ്യമാക്കുന്നതിനായി മോഡൽ 2 GSTN സൊല്യൂഷൻ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. ' ടാക്സ് പേയേഴ്സ് പ്രൊഫൈൽ കാർഡ്' എന്ന സംരംഭത്തിലൂടെ നികുതിദായകർക്ക് കൃത്യമായി നികുതി നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

- ലക്കി ബിൽ സ്കീം എന്ന ആപ്ലിക്കേഷനിലൂടെ പൊതുജനങ്ങൾക്ക് ജി.എസ്.ടി. ഇൻവോയ്സുകൾ അപ്ലോഡ് ചെയ്യുന്നതിനും പ്രസ്തുത ആപ്ലിക്കേഷനിലൂടെ നികുതിദായകരുടെ റിട്ടേൺ ഫയലിംഗ് സ്റ്റാറ്റസ് സംബന്ധിച്ച വിവരങ്ങൾ സർക്കാരിന് പരിശോധിക്കുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

- അടിസ്ഥാന ഭൂനികുതി പരിഷ്കരിക്കുന്നതിലൂടെ 80 കോടി രൂപയുടെ അധിക വരുമാനം നടപ്പുവർഷം ലക്ഷ്യമിടുന്നു.

- ഭൂമിയുടെ നിലവിലുള്ള ന്യായവിലയിൽ 10% ഒറ്റത്തവണ വർദ്ധനവ് നടപ്പിലാക്കുന്നതിലൂടെ 200 കോടി രൂപയുടെ അധിക വരുമാനം നടപ്പ് വർഷം ലക്ഷ്യമിടുന്നു.

- വിലക്കയറ്റ ഭീഷണിയെ അതിജീവിക്കുന്നതിനും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനുമായി നടപ്പ് വർഷം 2,000 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

- എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക്കുകൾ, ഐ.ടി.ഐ.-കൾ, ആർട്സ് ആന്റ് സയൻസ് കോളേജുകൾ എന്നിവയോട് ചേർന്ന് ആധുനിക സാങ്കേതിക സൗകര്യങ്ങളുള്ള ചെറിയ വ്യവസായ യൂണിറ്റുകൾ, സ്റ്റാർട്ട് അപ്പുകൾ എന്നിവ സജ്ജീകരിക്കുന്നതിനായി കേരളത്തിലെ എല്ലാ ജില്ലകളിലും തൊഴിൽ സംരംഭക കേന്ദ്രങ്ങൾ തുടങ്ങുന്നതാണ്.

- അടുത്ത അഞ്ച് വർഷംകൊണ്ട് നിലവിലുള്ള ഐ.ടി. പാർക്കുകളിൽ 2 ലക്ഷം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി ടെക്നോപാർക്ക്, ടെക്നോസിറ്റി, ഇൻഫോപാർക്ക്, മറ്റ് ഐ.ടി. കേന്ദ്രങ്ങൾ എന്നിവ വിപുലീകരിക്കുന്ന പദ്ധതിക്കായി കിഫ്ബി വഴി 100 കോടി രൂപ അധികമായി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

- വർക്ക് ഫ്രം ഹോം പോലെ വർക്ക് നിയർ ഹോം എന്ന ആശയം നടപ്പാക്കുന്നതിനായി ഐ.ടി. അധിഷ്ഠിത സൗകര്യങ്ങളുള്ള തൊഴിൽ കേന്ദ്രങ്ങൾ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും തുടങ്ങുന്നതിലേയ്ക്കായി 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

- പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ തിരുവനന്തപുരം കിഴങ്ങ് ഗവേഷണ കേന്ദ്രത്തിൽ മരച്ചീനിയിൽനിന്നും എഥനോളും മറ്റ് മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളും ഉൽപാദിപ്പിക്കാനുള്ള പദ്ധതിക്കായി 2 കോടി രൂപ അനുവദിച്ചിട്ടുണ്ട്.
- കാർഷിക വിഭവങ്ങളിൽനിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുണ്ടാക്കി സംസ്ഥാനത്തിന്റെ ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി മൂല്യവർദ്ധിത കാർഷിക മിഷൻ (VAAM) രൂപീകരിക്കും.
- കേരളത്തിന്റെ തനതായ വിഭവങ്ങൾ ഉൽപ്പാദിപ്പിക്കാനും വിപണനം ചെയ്യാനും സൗകര്യമുള്ള 10 മിനി ഫുഡ് പാർക്കുകൾ വ്യവസായ വകുപ്പിന് കീഴിൽ ആരംഭിക്കാൻ കിഫ്ബി വഴി 100 കോടി രൂപ അനുവദിക്കും.
- വിദേശരാജ്യങ്ങളിലുൾപ്പെടെ വിവിധ മേഖലകളിൽ തൊഴിൽ ചെയ്യുന്നവരെയും വ്യവസായ-വാണിജ്യ സംരംഭകരേയും സഹകരിപ്പിച്ച് കാർഷികമൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ വിപണനം മെച്ചപ്പെടുത്താനായി സിയാൽ മാതൃകയിൽ 100 കോടി രൂപ മൂലധനമുള്ള ഒരു മാർക്കറ്റിംഗ് കമ്പനി ആരംഭിക്കുന്നതാണ്.
- റബ്ബർ മേഖല ഗുരുതരമായ പ്രതിസന്ധി നേരിടുന്ന ഈ ഘട്ടത്തിൽ റബ്ബറിന്റെ വിലയും ഉൽപ്പാദനവും ഉപഭോഗവും ഒരുപോലെ വർദ്ധിപ്പി ക്കാനുള്ള നടപടികൾ ആവിഷ്കരിക്കുന്നതിന്റെ ഭാഗമായി റബ്ബറൈസ്ഡ് റോഡുകൾ കൂടുതലായി നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കും. പൊതുമരാമത്ത് വകുപ്പും കിഫ്ബിയും ഏറ്റെടുക്കുന്ന റോഡ് നിർമ്മാ ണങ്ങളിൽ ടാറിനൊപ്പം റബ്ബർ മിശ്രിതം കൂടി ചേർക്കുന്ന രീതി അവലംബിക്കും.
- വിളയധിഷ്ഠിത സമീപനത്തിൽനിന്നും മാറി സംയോജിത ബഹുവിള കൃഷി സമ്പ്രദായത്തിന് പ്രാധാന്യം നൽകുന്നതിനായി പദ്ധതികൾ ആവിഷ്കരിക്കുകയും ഇതിലേയ്ക്കായി 29 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്.
- സ്വകാര്യ വ്യവസായ പാർക്കുകൾ പ്രോത്സാഹിപ്പിക്കുന്നതിനായി 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

- സ്റ്റാർട്ടപ്പുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 6.5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.
- കാസർഗോഡ് K.S.I.D.C.-യുടെ കീഴിലുള്ള 1.99 ഏക്കർ സ്ഥലത്ത് പുതുതായി വ്യവസായം ആരംഭിക്കുന്നതിനായി K.S.I.D.C.-ക്ക് 2.5 കോടി രൂപ അനുവദിക്കും.

(ബി) കോവിഡിന്റെ പിടിയിൽനിന്നും മുക്തമാകുന്ന സംസ്ഥാനത്തെ ജനങ്ങൾക്ക് കൂടുതൽ ലോണുകൾ കുറഞ്ഞ പലിശ നിരക്കിൽ നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) കോവിഡും മറ്റു പ്രകൃതിദുരന്തങ്ങളും കാരണം കഷ്ടത അനുഭവിക്കുന്ന ജനങ്ങൾക്ക് മുടങ്ങിക്കിടക്കുന്ന ലോണുകൾ പുനഃക്രമീകരിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(ബി&സി) കോവിഡിന്റെ പ്രത്യാഘാതമനുഭവിക്കുന്ന ചെറുകിട വ്യാപാരികൾ, വ്യവസായികൾ, കൃഷിക്കാർ എന്നിവരുൾപ്പെടെയുള്ളവർക്ക് സഹായകരമായ പാക്കേജ് സർക്കാർ പ്രഖ്യാപിച്ചതിന്റെ ഭാഗമായി കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽനിന്നും വായ്പയെടുത്ത് 2021 മാർച്ച് 31 വരെ തിരിച്ചടവ് കൃത്യമായിരുന്ന ചെറുകിട സംരംഭകരുടെ വായ്പകൾക്ക് 1-7-2021-ൽ തുടങ്ങി ഒരു വർഷത്തെ മോറട്ടോറിയം പ്രഖ്യാപിച്ചു. കൂടാതെ, ചെറുകിട വ്യവസായങ്ങൾ, ആരോഗ്യ പരിപാലനം, ടൂറിസം എന്നീ വിഭാഗങ്ങൾക്കുള്ള പലിശയിൽ കെ.എഫ്.സി. ഇളവുവരുത്തിയിട്ടുണ്ട്. കുറഞ്ഞ പലിശ 9.5 ശതമാനത്തിൽനിന്നും 8 ശതമാനമായും ഉയർന്ന പലിശ 12 ശതമാനത്തിൽനിന്നും 10.5 ശതമാനമായി കുറയ്ക്കുകയും കുറഞ്ഞ പലിശയുടെ ആനുകൂല്യം 2021 ജൂലൈ 1 മുതൽ എല്ലാ ഇടപാടുകൾക്കും ലഭ്യമാക്കുകയും ചെയ്തിരുന്നു. ഇതിനുപുറമേ, നടപ്പ് സാമ്പത്തിക വർഷം സർക്കാർ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളതും നടപടി സ്വീകരിച്ച് വരുന്നതുമായവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- കാർഷിക ഉപകരണങ്ങളും യന്ത്രങ്ങളും വാങ്ങാനായി സ്വയം തൊഴിൽ കാർഷിക ഗ്രൂപ്പുകൾക്ക് ഉദാരമായ വ്യവസ്ഥയിൽ 50 ലക്ഷം രൂപ വരെ വായ്പയായി ലഭ്യമാക്കും. ഇതിൽ 25 ശതമാനമോ 10 ലക്ഷം രൂപയോ ഏതാണോ കുറവ് അത് സബ്സിഡിയായി നൽകാനും കഴിയുന്ന ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതിക്കായി 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

- നിർമ്മാണ മേഖലയ്ക്ക് ആവശ്യമായ നൂതന യന്ത്രങ്ങൾ വാങ്ങുന്നതിനായി 1 കോടി രൂപ വരെ വായ്പയായി അനുവദിക്കാനും ഇതിൽ 25 ശതമാനമോ 20 ലക്ഷം രൂപയോ ഏതാണോ കുറവ് അത് സബ്സിഡിയായി നൽകാനും കഴിയുന്ന ഒരു പദ്ധതി ആരംഭിക്കുന്നതിനായി 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

- പ്രദേശിക സാമ്പത്തിക വികസനത്തിനും ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുമായി കുറഞ്ഞ പലിശ നിരക്കിൽ 500 കോടി രൂപയുടെ വായ്പ ലഭ്യമാക്കും. ഇതിന്റെ പലിശ ഇളവ് നൽകുന്നതിനായി 18 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

- ചെറുകിട-ഇടത്തരം കശുവണ്ടി ഫാക്ടറികളുടെ പ്രവർത്തനമൂലധനത്തിനും ആധുനികവത്കരണത്തിനുള്ള മൂലധന സഹായത്തിനും പലിശ സഹായത്തിനും പുനരുദ്ധാരണത്തിനുമായി 7 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

- കശുവണ്ടി വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി ബാങ്ക് ലോണുകൾക്ക് പലിശ ഇളവ് നല്കാനും തൊഴിൽ നൽകുന്നതിനനുസരിച്ച് മറ്റ് പ്രോത്സാഹന പദ്ധതികൾ നടപ്പിലാക്കുന്നതിനുമായി 30 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

- മുഖ്യമന്ത്രിയുടെ പ്രത്യേക സഹായ പദ്ധതിയുടെ കീഴിൽ ഈ സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് കുറഞ്ഞത് 100 സ്റ്റാർട്ടപ്പുകൾക്കും M.S.M.E.-കൾക്കുമായി ഒരു അപേക്ഷകന് 2 കോടി രൂപ വീതം K.S.I.D.C. മുഖേന സാമ്പത്തിക സഹായം ലഭ്യമാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് 3 ശതമാനം പലിശ ഇളവ് നൽകുന്നതിനായി നടപ്പുവർഷം 6 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

- മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതി മുഖേന 5% പലിശനിരക്കിൽ 1 കോടി രൂപ വരെ ഒരോ സംരംഭത്തിനും വായ്പ ലഭിക്കും. ഈ പദ്ധതിയുടെ വായ്പാ പരിധി 2 കോടി രൂപയായി വർദ്ധിപ്പിച്ച് ഈ വർഷം 500 കോടി രൂപ വായ്പ നൽകത്തക്ക രീതിയിൽ പദ്ധതിയെ പുനരാവിഷ്കരിക്കും. പലിശ ഇളവ് നൽകുന്നതിനായി 18 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

- ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് കെ.എഫ്.സി. M.S.M.E. പ്രവർത്തനമൂലധന വായ്പയ്ക്കായി 500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

- കാർഷിക വ്യവസായങ്ങൾ, അഗ്രി-സ്റ്റാർട്ടപ്പുകൾ, സംസ്കരണം, വിപണനം, കാർഷിക ഉൽപ്പന്നങ്ങളുടെ വ്യാപാരം, ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾ, വെയർഹൗസ്, ഗോഡൗൺ, കോൾഡ് സ്റ്റോറേജ് എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് 5% പലിശ നിരക്കിൽ 10 കോടി രൂപ വരെ വായ്പ നൽകുന്നതിനായി കെ.എഫ്.സി. 250 കോടി രൂപ അനുവദിക്കും. ഇതിന് പലിശയിളവ് നൽകുന്നതിനായി 3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

## സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ വികസനം

9 (*39) <u>ശ്രീ. പി. ബാലചന്ദ്രൻ:</u>
<u>ശ്രീ. വി. ശശി:</u>
<u>ശ്രീ. സി. സി. മുകുന്ദൻ:</u>
<u>ശ്രീ. വാഴൂർ സോമൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമീണ മേഖലയുടെ വികസനത്തിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് നിർണ്ണായകമായ പങ്ക് വഹിക്കാനാകും എന്നത് പഠനവിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

കേരളത്തിന്റെ സാമ്പത്തിക വളർച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വികസനവുമായി ബന്ധപ്പെട്ടതാണ് എന്നതിന്റെ അടിസ്ഥാനത്തിൽ ഈ മേഖലയിൽ ഉത്പാദനവും തൊഴിലും വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നുണ്ട്. സർക്കാർ പദ്ധതികൾ വഴിയുള്ള സാമ്പത്തിക സഹായങ്ങൾ നൽകുന്നതിലുപരി സംരംഭകർക്ക് ആവശ്യമായ വിവിധ സേവനങ്ങളും ഉപദേശങ്ങളും നൽകുന്ന ഒരു ഫെസിലിറ്റേറ്റർ എന്ന നിലയിലും വകുപ്പിന്റെ പ്രവർത്തനം മാറിയിട്ടുണ്ട്. സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകിയും വ്യവസായം തുടങ്ങാൻ ആവശ്യമായ അനുമതികൾ സമയബന്ധിതമായി നൽകുകയും വഴി കേരളത്തെ മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റിക്കൊണ്ടിരിക്കുന്നു.

കേരളത്തിൽ ബിസിനസ്സ് നടത്തുന്നത് സുഗമമാക്കുക എന്ന ഉദ്ദേശത്തോടു കൂടി വ്യവസായ സംരംഭകർക്ക് ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിന് സഹായകരമായ വിധത്തിൽ "കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ നിയമം" നിലവിൽ വന്നിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ഒരു സംരംഭത്തിനാവശ്യമായ എല്ലാ ലൈസൻസുകളും ക്ലിയറൻസുകളും ഓൺലൈൻ ഏക ജാലക സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിന് K-SWIFT സോഫ്റ്റ് വെയർ നിലവിലുണ്ട്.

2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് നിയമസഭ അംഗീകരിക്കുകയും തുടർന്ന് നിയമം നടപ്പിൽ വരികയും ചെയ്തു. ഈ നിയമപ്രകാരം സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികളിൽനിന്ന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ റെഡ് കാറ്റഗറിയിൽ ഉൾപ്പെടാത്ത സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ 3 വർഷത്തേയ്ക്ക് ഒഴിവാക്കുന്നു. നിക്ഷേപം സംബന്ധിച്ച് സംരംഭകൻ സമർപ്പിക്കുന്ന സ്വയം സാക്ഷ്യപത്രം ഓൺലൈൻ (കെ-സ്വിഫ്റ്റ്) മുഖാന്തരം സ്വീകരിച്ച് ഭൗതിക പരിശോധന ഇല്ലാതെ ഉടൻ തന്നെ ജില്ലാ ഏക ജാലക ക്ലിയറൻസ് ബോർഡ് കൈപ്പറ്റ് സാക്ഷ്യപത്രം നൽകുന്നു. ലഭിക്കുന്ന കൈപ്പറ്റ് സാക്ഷ്യപത്രത്തിന് മൂന്ന് വർഷം കാലാവധി. മൂന്ന് വർഷത്തിനുശേഷം 6 മാസത്തിനകം അനുമതികൾ സംരംഭകൻ കരസ്ഥമാക്കിയാൽ മതിയാകുന്നതാണ്.

ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് വ്യവസായികൾക്ക് സംശയ ദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കിക്കൊണ്ട് എം.എസ്.എം.ഇ. ക്ലിനിക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്. കൂടാതെ എല്ലാ താലൂക്ക് വ്യവസായ ഓഫീസുകളെയും M.S.M.E. ഫെസിലിറ്റേഷൻ സെന്ററുകളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി താലൂക്ക് വ്യവസായ ഓഫീസുകളിൽ പ്രൊഫഷണൽ യോഗ്യതയുള്ള റിസോഴ്സ് പേഴ്സണെ നിയമിച്ച് പ്രവർത്തനം നടന്നുവരുന്നു. ഇതുകൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സംരംഭകവർഷവുമായി ബന്ധപ്പെട്ട് സംരംഭകർക്ക് നേരിട്ടുള്ള സഹായം നൽകുന്നതിനും സംരംഭക വർഷവുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി ബിടെക്/എം.ബി.എ. യോഗ്യതയുള്ള 1153 ഇന്റേണുകളെ നിയമിച്ചിട്ടുണ്ട്. കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും സംരംഭകർക്കുള്ള ഹെല്പ് ഡെസ്ക് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ ആഴ്ചയിലും തിങ്കൾ, ബുധൻ ദിവസങ്ങളിൽ ഹെല്പ് ഡെസ്ക് വഴിയുള്ള ഇന്റേണിന്റെ സേവനം സംരംഭകർക്ക് ലഭ്യമാകുന്നതാണ്. സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളുടെ സംശയദൂരീകരണത്തിനായി കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ ഒരു കാൾ സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) വ്യവസായ വികസനത്തിൽ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ പ്രാധാന്യം വിലയിരുത്തി ആവശ്യമായ പദ്ധതികൾ ആവിഷ്കരി ച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

കേരളത്തിന്റെ വ്യവസായ വികസനത്തിൽ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ട് ആ മേഖലയിൽ ഉത്പാദനവും തൊഴിലും വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു.

എം.എസ്.എം.ഇ ക്ലിനിക് -

സംരംഭകരുടെ സംശയങ്ങൾ ദൂരീകരിക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ ഉപദേശങ്ങൾ നൽകുന്നതിനുമായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ സ്ഥാപിച്ചിട്ടുള്ള സംവിധാനം ആണ് എം.എസ്.എം.ഇ. ക്ലിനിക്കുകൾ.

വ്യവസായവും സാങ്കേതിക സർവകലാശാലയുമായി ബന്ധിപ്പിക്കുന്ന പദ്ധതി -

സംരംഭങ്ങൾ നേരിടുന്ന സാങ്കേതിക പ്രശ്നങ്ങൾ കണ്ടെത്തുകയും സാങ്കേതിക സർവകലാശാലയുമായി ബന്ധിപ്പിച്ചുകൊണ്ട് അവ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു.

സ്റ്റേറ്റ് ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം -

അഞ്ച് കോടി രൂപവരെ മുതൽമുടക്ക് വരുന്ന, സൂക്ഷ്മ-ചെറുകിട-സംരംഭങ്ങളുടെ പൊതുസേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ക്ലസ്റ്റർ വികസന പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

ലോക്കൽ മാർക്കറ്റ് പദ്ധതി –

സംരംഭങ്ങൾക്ക് പ്രാദേശിക വിപണി ലഭ്യമാക്കുന്നതിനായി പ്രത്യേക പദ്ധതി ഈ വർഷം നടപ്പിലാക്കുന്നതാണ്.

എക്സ്പോർട്ട് പ്രൊമോഷൻ പദ്ധതി –

പുതിയ സംരംഭങ്ങളുടെയും നിലവിൽ പ്രവർത്തിച്ചുവരുന്ന സംരംഭങ്ങളുടെയും കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു.

സംരംഭക സഹായ പദ്ധതി -

വ്യവസായ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭക സഹായ പദ്ധതി 2012 മുതൽ നടപ്പിലാക്കി വരുന്നുണ്ട്.

നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി -

10 ലക്ഷം രൂപ വരെ സ്ഥിരം മൂലധന നിക്ഷേപമുള്ളതും 5 എച്ച്.പി. വരെ വൈദ്യുതി ആവശ്യമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡ പ്രകാരം വൈറ്റ്, ഗ്രീൻ എന്നീ വിഭാഗത്തിൽപ്പെട്ട വീട്ടിലുള്ളതോ വീടിനോട് ചേർന്നോ നടത്തുന്ന ഉല്പാദക/സേവന/ജോബ്/വർക്ക് വിഭാഗത്തിലുൾപ്പെട്ട നാനോ സംരംഭങ്ങൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക.

ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ് -

വായ്പാധിഷ്ഠിത പ്രോജക്ടുകൾക്ക് Margin money നല്കിക്കൊണ്ട് അർഹമായ സംരംഭകർക്ക് സംസ്ഥാനത്തിനകത്ത് ചെറുസംരംഭങ്ങൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

ഒരു കുടുംബം, ഒരു സംരംഭം പദ്ധതി -

2022-23 സർക്കാർ സംരംഭകത്വ വർഷമായി ആചരിക്കുകയാണ്. ഈ വർഷം ഒരു ലക്ഷം സൂക്ഷ്മ/ചെറുകിട/ഇടത്തരം സംരംഭങ്ങൾ ആരംഭിക്കുകയാണ് ലക്ഷ്യം. അതിന്റെ ഭാഗമായി നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ് "ഒരു കുടുംബം ഒരു സംരംഭം" പദ്ധതി.

മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി -

ഉൽപ്പാദന മേഖലയിലെ സ്റ്റാർട്ടപ്പുകൾക്ക് സാമ്പത്തിക സഹായം നൽകുക, പ്രാരംഭഘട്ടത്തിൽത്തന്നെ ആവശ്യമായ സാമ്പത്തിക സഹായം ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളാണ് പദ്ധതി വിഭാവനം ചെയ്യുന്നത്.

നിലവിലുള്ള എം.എസ്.എം.ഇ.-കളിൽ സൂക്ഷ്മ സംരംഭങ്ങളിൽനിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽനിന്നും ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള സഹായം -

നിലവിൽ പ്രവർത്തനക്ഷമമായ എം.എസ്.എം.ഇ. യൂണിറ്റുകൾക്ക് സഹായം നൽകുന്നതിനും നിലവിലുള്ള എം.എസ്.എം.ഇ.-കളിൽ സൂക്ഷ്മ സംരംഭങ്ങളിൽ നിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽനിന്നും ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള പിന്തുണ നൽകുന്നതിനുമായി പ്രഖ്യാപിച്ച പദ്ധതിയാണിത്.

2022-23-ൽ ഈ പദ്ധതിക്കായി ബഡ്ജറ്റിൽ-2851-00-102-07(01)-ശീർഷകത്തിൽ 1140 ലക്ഷം രൂപ വകയിരുത്തുകയും 15-7-2022-ലെ G.O.(Rt).No.704/2022/ID നമ്പർ പ്രകാരം 100 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

പ്രവർത്തനം ആരംഭിച്ച് ഒരു വർഷത്തിനുശേഷം വിപുലീകരണ പ്രവർത്തനം നടത്തുന്ന ഉത്പാദന/സേവന മേഖലയിലുള്ള സംരംഭങ്ങൾക്കാണ് ഈ പദ്ധതിപ്രകാരം ധനസഹായം ലഭിക്കുന്നത്.

സ്ഥിര മൂലധന നിക്ഷേപ സബ്സിഡിക്ക് ബാങ്ക് ലോൺ നിർബന്ധമല്ല. കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നിവയിൽനിന്നും വായ്പ നേടിയിട്ടുള്ള യൂണിറ്റുകൾക്ക് മാത്രമാണ് ഈ പദ്ധതി പ്രകാരം പ്രവർത്തന മൂലധന സഹായം ലഭിക്കുന്നത്. 1-1-2021 മുതൽ വിപുലീകരണ പ്രവർത്തനം ആരംഭിച്ച യൂണിറ്റുകൾക്ക് ഈ പദ്ധതിപ്രകാരം ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്.

ഈ പദ്ധതിപ്രകാരം, ഒരു യൂണിറ്റിന് സ്ഥിരമൂലധനത്തിന്റെ 30% (പരമാവധി 100 ലക്ഷം) രൂപയാണ് Capital Investment Subsidy-ക്ക് അർഹതയുള്ളത്.

ബാങ്കിൽനിന്നും പ്രവർത്തന മൂലധന വായ്പ എടുത്തിട്ടുള്ള യൂണിറ്റുകൾക്ക് ആദ്യത്തെ 3 വർഷം 8 % പലിശയിളവ് നൽകുന്നു. ഇത് റീ-ഇംബേഴ്സ്മെന്റ് ആയാണ് നൽകുന്നത്. (പരമാവധി 30 ലക്ഷം രൂപ). പദ്ധതിപ്രകാരം ബന്ധപ്പെട്ട ഉപജില്ലാ വ്യവസായ ഓഫീസർ റെക്കമൻഡിംഗ് അതോറിറ്റിയും അതത് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ സാംഗ്ഷനിംഗ് അതോറിറ്റിയുമാണ്.

(സി) സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സംരംഭക ഹെൽപ് ഡെസ്കുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ?

സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സംരംഭക ഹെൽപ് ഡെസ്കുകൾ ആരംഭിച്ചിട്ടുണ്ട്. ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ നടപ്പിലാക്കുന്നതിന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുമായി പ്രൊഫഷണൽ യോഗ്യതയുള്ള 1153 ഇന്റേണുകളെ നിയമിച്ചിട്ടുണ്ട്. കൂടാതെ ഇന്റേണിന്റെ നേതൃത്വത്തിൽ തിങ്കൾ, ബുധൻ ദിവസങ്ങളിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും സംരംഭക ഹെൽപ് ഡെസ്ക് പ്രവർത്തിച്ചുതുടങ്ങിയിട്ടുണ്ട്.

(ഡി) ഇത്തരം വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്ന പദ്ധതികളുടെ ഭാഗമായി പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും വനിതകൾക്കും മുൻഗണന നൽകാനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

വ്യവസായ വകുപ്പ് വഴി നടപ്പിലാക്കുന്ന പദ്ധതികളിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും വനിതകൾക്കും മുൻഗണന നൽകിവരുന്നുണ്ട്. സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി, നടപ്പിലാക്കിവരുന്ന സംരംഭക സഹായ പദ്ധതിയിൽ (ESS), വനിതകൾ, പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 10% അധികമായി സബ്സിഡി നൽകുന്നു. ഇത് പ്രകാരം സ്ഥിര മൂലധന നിക്ഷേപത്തിന്റെ 25 ശതമാനം പരമാവധി 40 ലക്ഷം വരെ സബ്സിഡി ലഭിക്കുന്നു.

ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണി ഗ്രാന്റ് പദ്ധതിയിൽ എസ്.സി./എസ്.ടി. വനിതാ വിഭാഗക്കാർക്ക് 10 % അധിക ഗ്രാന്റ് നൽകുന്നു. ജനറൽ വിഭാഗത്തിന് നൽകുന്ന മാർജിൻ മണി ഗ്രാന്റ് ആകെ പ്രോജക്ട് ചെലവിന്റെ 30 ശതമാനവും ഗുണഭോക്തൃ വിഹിതം 30 ശതമാനവും ബാങ്ക് വായ്പ 40 ശതമാനവുമാണ്. എസ്.സി./എസ്.ടി., വനിതാ വിഭാഗക്കാർക്ക് മാർജിൻ മണി ഗ്രാന്റ് ആകെ പ്രോജക്ട് ചെലവിന്റെ 40 ശതമാനവും ഗുണഭോക്തൃ വിഹിതം 20

ശതമാനവും ബാങ്ക് വായ്പ 40 ശതമാനവും ആയിരിക്കും. ഈ പദ്ധതിയിലൂടെ നല്കുന്ന പരമാവധി സഹായം ജനറൽ വിഭാഗത്തിന് 3 ലക്ഷം രൂപയും എസ്.സി./എസ്.ടി. വനിതാ വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് 4 ലക്ഷം രൂപയുമാണ്. പദ്ധതിയിൽ 30% ഗുണഭോക്താക്കൾ വനിതാ സംരംഭകർ ആയിരിക്കണം.

2022-23 ബഡ്ജറ്റിൽ പ്രഖ്യാപിച്ച 'ഒരു കുടുംബം ഒരു സംരംഭം' പദ്ധതിയിൽ 50 ശതമാനം ഗുണഭോക്താക്കൾ വനിതാ സംരംഭകരായിരിക്കും. കൂടാതെ വനിതകൾ/പട്ടികജാതി/വർഗ്ഗ വിഭാഗങ്ങൾക്ക് ഈ പദ്ധതിയിൽ മുൻഗണന നൽകുന്നതാണ്.

നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതിയിൽ വനിതകൾ/പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 2% അധിക പലിശ ഇളവ് നൽകുന്നു.

ജനറൽ വിഭാഗത്തിന് 6 ശതമാനവും വനിതകൾ/പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് 8% ശതമാനവുമാണ് പലിശ സബ്സിഡി ലഭിക്കുന്നത്.

(ഇ) പ്രസ്തുത മേഖലയുമായി ബന്ധപ്പെട്ട് വരുംവർഷത്തിൽ നടപ്പാക്കേണ്ട പ്രവർത്തനങ്ങളെ സംബന്ധിക്കുന്ന വിശദമായ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

പുതുതായി നടപ്പിലാക്കുന്ന പദ്ധതികൾ വരുംവർഷങ്ങളിൽ കാര്യക്ഷമമാക്കുന്നതിനുള്ള വ്യക്തമായ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് വകുപ്പ് പ്രവർത്തിക്കുന്നത്. ഈ സാമ്പത്തിക വർഷം സംരംഭക വർഷമായി പ്രഖ്യാപിച്ച് നടത്തിവരുന്ന പദ്ധതി പ്രവർത്തനങ്ങൾ പോലെയുള്ളവ വരുംവർഷങ്ങളിൽ തുടരാനും കൂടുതൽ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിക്കുന്നതിനും അതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വ്യവസായ വകുപ്പ് ലക്ഷ്യമിടുന്നു. ഈ സാമ്പത്തിക വർഷം ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കാനുള്ള ഒരു ബൃഹത്തായ പദ്ധതി വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ വ്യവസായ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രാവർത്തികമാക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുമായി പ്രൊഫഷണൽ യോഗ്യതയുള്ള 1153 ഇന്റേണുകളെ നിയമിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും തിങ്കൾ, ബുധൻ ദിവസങ്ങളിൽ ഹെൽപ്ഡെസ്ക് വഴിയുള്ള ഇന്റേണിന്റെ സേവനവും ലഭ്യമാകുന്നതാണ്. ഇപ്രകാരമുള്ള ഒരു സിസ്റ്റം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സ്ഥാപിച്ചുവഴി വരും വർഷങ്ങളിൽ സംരംഭക മേഖലയിൽ കൂടുതൽ കാര്യക്ഷമമായി പദ്ധതികൾ നടപ്പിലാക്കാൻ കഴിയുന്നതാണ്.

**ദേശീയ സഹകരണ നയം**

10 (*40) ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) ദേശീയ സഹകരണ നയം പുതുക്കുന്നതിനായി കേന്ദ്ര സർക്കാർ സംസ്ഥാനത്തിന്റെ നിർദ്ദേശം തേടിയിരുന്നോ?

തേടിയിരുന്നു.

(ബി) എങ്കിൽ സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്.

(സി) സഹകരണ മേഖലയിൽ സമാഹരിക്കുന്ന പണം വിവിധ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ അനുവദിക്കണമെന്ന നിർദ്ദേശം ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ബാധകമല്ല.

**ഇതര സംസ്ഥാന ലോട്ടറി തടയാൻ നടപടി**

11 (*41) ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. സജി ചെറിയാൻ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന ഇതര സംസ്ഥാന ലോട്ടറിയുടെ കടന്നുവരവ് തടയാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇതിനെതിരെ നിയമപരമായും ഭരണപരമായും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ?

സംസ്ഥാനത്തിനുള്ളിൽ നിലവിൽ ഇതര സംസ്ഥാന ലോട്ടറികൾ വില്ക്കപ്പെടുന്നില്ല. ചരക്ക് സേവന നികുതിയുടെ ഏകീകരണത്തിന്റെ പശ്ചാത്തലത്തിൽ ഇതര സംസ്ഥാന ലോട്ടറിയുടെ കടന്നുവരവ് മുൻകൂട്ടി കണ്ട് ഇതര സംസ്ഥാന ലോട്ടറി നടത്തിപ്പ് ഫലപ്രദമായി നിയന്ത്രിക്കുന്നതിനായി 2005-ലെ കേരള പേപ്പർ ലോട്ടറി (റെഗുലേഷൻ) റൂൾസ്, 2018-ൽ ഭേദഗതി ചെയ്തിട്ടുണ്ട്. സംസ്ഥാനത്തിനകത്ത് ലോട്ടറി വിതരണത്തിനായി രജിസ്റ്റർ ചെയ്തിരിക്കുന്ന സെല്ലിംഗ് ഏജന്റുമാർ നിർബന്ധമായും ചരക്കുസേവന നികുതി വകുപ്പ് നിർദ്ദേശിച്ചിരിക്കുന്ന ഇൻഫർമേഷൻ റിട്ടേൺ ഫയൽ ചെയ്തുമാത്രമേ വില്പന നടത്താൻ പാടുള്ളൂ എന്ന് ഉത്തരവ് നൽകി 27-07-2017-ലെ S.R.O. നമ്പർ 470/2017 പ്രകാരം ചരക്കുസേവന നികുതി റൂളുകളിൽ ഭേദഗതി കൊണ്ടുവന്നിട്ടുണ്ട്. സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകൾ വിൽപ്പന നടത്തുന്ന ഏജന്റുമാരോ ടി ഏജന്റുമാരാൽ നിയമിക്കപ്പെടുന്ന സബ് ഏജന്റുമാരോ റീട്ടെയിലർമാരോ നിയമവിധേയമല്ലാത്ത ഇതര സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകൾ വിൽക്കുന്ന പക്ഷം ഏജൻസി റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ ഏജന്റുമാർക്കെതിരെ സ്വീകരിക്കുമെന്നറിയിച്ച് 27-7-2017-ലെ സ.ഉ.(എം.എസ്.)നമ്പർ 61/2017/നി.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ഭാഗ്യക്കുറി വിൽപ്പനക്കാർക്ക് സഹായം നൽകുന്നതിന് പ്രത്യേകമായ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

2009-ലെ കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി പദ്ധതി വിജ്ഞാപന പ്രകാരം ക്ഷേമനിധിയിൽ അംഗത്വമെടുത്തതും സജീവാംഗത്വം നിലനിർത്തുന്നവരുമായ അംഗങ്ങളുടെ മക്കൾക്ക് വിവാഹ ധനസഹായം, വിദ്യാഭ്യാസ സ്കോളർഷിപ്പ്, അംഗങ്ങൾക്ക് ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, പ്രസവ ധനസഹായം, മരണാന്തര ധനസഹായം, പെൻഷൻ, കുടുംബ പെൻഷൻ, എല്ലാവർഷവും ഉത്സവബത്ത എന്നീ ആനുകൂല്യങ്ങൾ നല്കിവരുന്നുണ്ട്. കൂടാതെ അംഗങ്ങളായ അംഗപരിമിതരായ ഭാഗ്യക്കുറി വില്പനക്കാർക്ക് ട്രൈ സ്കൂട്ടർ, സ്വന്തമായി വില്പനശാലയില്ലാത്ത തൊഴിലാളികൾക്ക് ബീച്ച് അംബ്രല്ല, യൂണിഫോം എന്നിവയും നിധിയിലെ സാമ്പത്തിക നിലയുടെ അടിസ്ഥാനത്തിൽ നല്കിവരുന്നു.

(സി) ഏജന്റ് മരണപ്പെടുന്ന സാഹചര്യത്തിൽ നോമിനിക്ക് ടിക്കറ്റുകൾ സംരക്ഷിച്ച് നൽകാൻ വ്യവസ്ഥ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഏജന്റുമാർ മരണപ്പെടുന്ന സാഹചര്യത്തിൽ നോമിനിക്ക് ടിക്കറ്റുകൾ സംരക്ഷിച്ച് നൽകാൻ നടപടി സ്വീകരിക്കാൻ 30-9-2021-ലെ G.O.(P) 85/2021/Taxes നമ്പർ പ്രകാരം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ 28-3-2022-ലെ SLTY/2086/2021/S2 ഉത്തരവ് പ്രകാരം വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി ഉത്തരവായിട്ടുണ്ട്. ഇതിൻപ്രകാരം ഏജന്റ് മരണപ്പെട്ടാൽ 30 ദിവസത്തിനകം ടിക്കറ്റ് അനുവദിച്ചുകിട്ടുന്നതിനായി നോമിനി നിശ്ചിത ഫാറത്തിൽ അതത് ജില്ലാ ഭാഗ്യക്കുറി ഓഫീസർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. നോമിനി ഏജന്റല്ലെങ്കിൽ പുതുതായി ഏജൻസി എടുക്കേണ്ടതും നോമിനി ഏജന്റ് ആണെങ്കിൽ നിലവിലുള്ള ഏജൻസി നോമിനി ഏജൻസിയാക്കി മാറ്റേണ്ടതുമാണ്.

## പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി

12 (*42) ശ്രീ. എം. വിൻസെന്റ്:
ശ്രീമതി ഉമ തോമസ്:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിന്റെ രൂപീകരണത്തിനുമുമ്പ് പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ജില്ലാ ബാങ്കുകൾ കാര്യക്ഷമമായി ഇടപെട്ടിരുന്നുവോ എന്ന് വ്യക്തമാക്കാമോ;

(ബി) ജില്ലാ സഹകരണ ബാങ്കുകളെ കേരള ബാങ്കിൽ ലയിപ്പിച്ചതോടെ ഇത് സാധ്യമല്ലാതായി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ?

(എ&ബി) കേരള ബാങ്ക് പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ ഇടപെടുന്നുണ്ട്.

കേരള ബാങ്ക് രൂപീകരണത്തോടെ പ്രാഥമിക സഹകരണ സംഘങ്ങൾക്കായി സംസ്ഥാനത്താകെ ഏകീകൃത സംവിധാനം നിലവിൽ വന്നു. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്കായി കേരള ബാങ്ക് ഭരണസമിതി അംഗീകരിച്ച വായ്പാ പോളിസി, മോണിറ്ററിംഗ് പോളിസി, പുനരുദ്ധാരണ പോളിസി എന്നിവ തയ്യാറാക്കുകയും അത് പ്രാവർത്തികമാക്കുന്നതിന് എല്ലാ ജില്ലകളിലും ഡെവലപ്മെന്റ് കമ്മിറ്റി രൂപീകരിക്കുകയുമുണ്ടായി.

ടി സംഘങ്ങൾക്ക് വായ്പകൾക്കായി വായ്പാ പോളിസിയും പ്രവർത്തനം നിരീക്ഷിക്കുന്നതിനായി മോണിറ്ററിംഗ് പോളിസിയും ദുർബലമായതും ദുർബലമാകാൻ സാദ്ധ്യതയുള്ളതുമായ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ കണ്ടെത്തി അവയെ ലാഭകരമാക്കാൻ പുനരുദ്ധാരണ പോളിസിയും നടപ്പിലാക്കിവരുന്നുണ്ട്. PACS Development Committee, PACS Advisory Committee, PACS Development Cell എന്നിവ ഇതിനായി പ്രവർത്തിച്ചുവരുന്നു.

കൂടാതെ നബാർഡിന്റെ നിർദ്ദേശ പ്രകാരമുള്ള Business Diversification and Product Innovation Cell-ന്റെ പ്രവർത്തനങ്ങളിൽ പ്രാഥമിക സംഘങ്ങളുടെ വിഷയംകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കേരള ബാങ്ക് രൂപീകരണത്തോടെ സഹകരണ വായ്പാ മേഖലയിൽ ഒരു തലം കുറഞ്ഞതോടെ കാർഷിക വായ്പയ്ക്ക് പലിശ കുറയ്ക്കാൻ കഴിഞ്ഞു. K.C.C. വായ്പ 6.25% പലിശയ്ക്ക് നൽകിയിരുന്നത് 5.25% ആയും മെമ്പർ തലത്തിൽ 4 ശതമാനത്തിൽ നിന്ന് 3% ആയും കുറയ്ക്കാൻ കഴിഞ്ഞു.

കൂടാതെ നബാർഡ് റീഫൈനാൻസുള്ള ദീർഘകാല കാർഷിക വായ്പ 4.9% നിരക്കിൽ നൽകിവരുന്നു. ഇതുകൂടാതെ സംഘങ്ങൾക്കായി സമഗ്ര PACS as MSC, MSME വായ്പകളും നൽകിവരുന്നുണ്ട്. ഇപ്രകാരം പ്രാഥമിക വായ്പാ സംഘങ്ങളുടെ സമഗ്ര പുരോഗതി ഉറപ്പുവരുത്തുന്നതിനാണ് കേരള ബാങ്ക് പരിശ്രമിക്കുന്നത്.

ജില്ലാ സഹകരണ ബാങ്കുകളെ കേരള സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിച്ചതോടെ പ്രാഥമിക ബാങ്കുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് കൂടുതൽ കാര്യക്ഷമമായി ഇടപെടാൻ സാധിച്ചിട്ടുണ്ട്.

(സി) കേരള ബാങ്കിനെ പൂർണ്ണമായും റിസർവ് ബാങ്കിന്റെ നിയന്ത്രണത്തിൽ കൊണ്ടുവന്നതുമൂലം ഭരണസമിതികൾക്കുപോലും കാര്യമായ ഇടപെടൽ നടത്താൻ സാധിക്കാത്ത അവസ്ഥ സംജാതമായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

കേരള സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും മുമ്പും ബാങ്കിംഗ് റെഗുലേഷൻ ആക്ട് പ്രകാരം RBI/NABARD നിയന്ത്രണത്തിന് വിധേയമായാണ് പ്രവർത്തിച്ചിട്ടുള്ളത്. കേരള ബാങ്ക് ഭരണസമിതിയുടെ പ്രവർത്തനത്തിന് പ്രത്യേക തടസ്സങ്ങളൊന്നും നിലവിലില്ല.

(ഡി) കരുവന്നൂർ ബാങ്കിൽ പണം നിക്ഷേപിക്കുന്നതിന് പ്രാഥമിക സഹകരണ സംഘങ്ങൾക്ക് അനുമതി നൽകാൻ സർക്കാർ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ;

(ഇ) സഹകരണ ബാങ്കുകളുടെ കൺസോർഷ്യം വഴി കരുവന്നൂർ ബാങ്കിലെ നിക്ഷേപകർക്ക് പണം തിരിച്ചുനൽകും എന്ന സർക്കാർ വാഗ്ദാനം നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

(ഡി&ഇ) കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിലെ നിക്ഷേപകരുടെ താല്പര്യം സംരക്ഷിക്കുന്നതിനും ബാങ്കിന്റെ പ്രവർത്തനം പൂർവ്വസ്ഥിതിയിൽ ആക്കുന്നതിനും വ്യക്തമായ പദ്ധതി ഗവൺമെന്റ് അംഗീകരിച്ച് നടപ്പിലാക്കുന്നതാണ്.

**കേരള ബാങ്കിന്റെ നവീകരണ പ്രവർത്തനങ്ങൾ**

13 (*43) ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീമതി യു. പ്രതിഭ:
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിനെ സംസ്ഥാനത്തെ ഏറ്റവും വലിയ ബാങ്കായി ഉയർത്തുകയെന്ന ലക്ഷ്യത്തോടെ നടത്തുന്ന വിപുലീകരണ, നവീകരണ പ്രവർത്തനങ്ങൾ ഫലം കണ്ടുതുടങ്ങിയിട്ടുണ്ടോ; പ്രവർത്തന മികവിന് ദേശീയ അംഗീകാരം ലഭിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ?

കേരള സംസ്ഥാന സഹകരണ ബാങ്കും 13 ജില്ലാ സഹകരണ ബാങ്കുകളും 29-11-2019-ൽ ലയിച്ച് കേരള ബാങ്ക് രൂപീകൃതമായപ്പോൾ നിക്ഷേപത്തിലും വായ്പയിലും മൂലധനത്തിലും വർദ്ധനവ് ഉണ്ടാകുകയുണ്ടായി. സമൂഹത്തിലെ എല്ലാത്തരം ജനവിഭാഗത്തിന്റെയും നിക്ഷേപ ആവശ്യങ്ങൾ നിറവേറ്റാൻ ഉതകുന്ന രീതിയിലുള്ള വിവിധതരം നിക്ഷേപ പദ്ധതികൾ കേരള ബാങ്കായതിനുശേഷം ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. 2019-20-ൽ 61,037.59 കോടി രൂപയായിരുന്ന നിക്ഷേപം 2021-22-ൽ 69,907.12 കോടി രൂപയായി വർദ്ധിപ്പിക്കാൻ കേരള ബാങ്കിന് കഴിഞ്ഞിട്ടുണ്ട്. ഈ നിക്ഷേപത്തിൽ 14.10% CASA നിക്ഷേപമാണ്. സോഫ്റ്റ്വെയർ ഏകീകരണത്തോടെ ആകെ നിക്ഷേപത്തിന്റെ 30% CASA നിക്ഷേപമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കേരള ബാങ്ക് വ്യക്തിഗത വായ്പാ വിതരണത്തിനും വൈവിധ്യ വൽക്കരണത്തിനുമായി വിവിധതരം വായ്പാ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. 2021-22 വർഷത്തെ കേരള ബാങ്കിന്റെ ആകെ വായ്പാ ബാക്കിനിൽപ്പ് 40,950.04 കോടി രൂപയാണ്. ഈ കോവിഡ് കാലത്ത് പ്രവാസികൾക്കും കർഷകർക്കും സാധാരണക്കാർക്കും ഒട്ടേറെ വായ്പാ സഹായങ്ങൾ നൽകാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ NABARD പുനർവായ്പാ പദ്ധതിയിലൂടെ ദീർഘകാല കാർഷിക വായ്പയും

നൽകിയിട്ടുണ്ട്. പുതിയ തൊഴിൽ സംരംഭകർക്കും വിദഗ്ധ തൊഴിലാളികൾക്കും ചെറുകിട വ്യാപാരികൾക്കും കരാർ സേവനദാതാക്കൾക്കും ടൂറിസം മേഖലയിലെ സംരംഭകർക്കും ഹോട്ടൽ-റെസ്റ്റോറന്റ് ഉടമകൾക്കും ഭ്രുവികസനത്തിനുള്ള ഉപകരണങ്ങളുടെ operator/ഉടമകൾക്കും ചെറുകിട നാമമാത്ര കർഷകർക്കും പ്രയോജനപ്രദമായ M.S.M.E. വായ്പാ പദ്ധതികൾ ബാങ്ക് നടപ്പിലാക്കി വരുന്നു. നിലവിൽ കേരള ബാങ്കിന് 769 ശാഖകളും ' എ' ക്ലാസ് മെമ്പർമാരായി 1557 പ്രാഥമിക സഹകരണ സംഘങ്ങളുമുണ്ട്. 31-3-2022- ലെ ബാങ്കിന്റെ ആകെ ബിസിനസ് 1,10,857.16 രൂപ ആണ്. 31-3-2022-ൽ ബാങ്കിന്റെ മൂലധനപര്യാപ്തത (CRAR) RBI നിഷ്കർഷിച്ചിട്ടുള്ള 9 ശതമാനത്തിന് മുകളിലെത്തി 10.24% ആയി നിൽക്കുന്നു. ആകെ നിഷ്ക്രിയ ആസ്തി 13.35 ശതമാനവും അറ്റനിഷ്ക്രിയ ആസ്തി 9.01 ശതമാനവുമായും കുറയ്ക്കുന്നതിന് ഈ കാലയളവിൽ ബാങ്കിന് കഴിഞ്ഞിട്ടുണ്ട്.

സഹകരണ ബാങ്കിംഗ് മേഖലയിലെ പ്രവർത്തന മികവിന് കേരള ബാങ്കിന് ദേശീയതലത്തിൽ അവാർഡ് ലഭിച്ചു. സഹകരണ മേഖലയിൽ മികച്ച പ്രവർത്തനം കാഴ്ചവച്ചതിന് നാഷണൽ ഫെഡറേഷൻ ഓഫ് സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് (NAFSCOB) ഏർപ്പെടുത്തിയ അവാർഡിൽ പ്രഥമസ്ഥാനമാണ് കേരള ബാങ്കിന് ലഭിച്ചത്.

(ബി) കേരള ബാങ്കിന്റെ പ്രവർത്തന ലാഭത്തിൽ കൈവരിക്കാൻ കഴിഞ്ഞ നേട്ടമെത്രയെന്ന് അറിയിക്കാമോ?

2021-22 സാമ്പത്തിക വർഷത്തിൽ കേരള ബാങ്കിന് 77.24 കോടി രൂപ അറ്റലാഭം കൈവരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

(സി) നിഷ്ക്രിയ ആസ്തി കുറച്ചുകൊണ്ടുവരുന്നതിന് ആവിഷ്കരിച്ച മിഷൻ 100 ഡേയ്സ് വഴി കൈവരിക്കാനായ നേട്ടം അറിയിക്കാമോ?

2022 ആഗസ്റ്റ് 1 മുതൽ 11 വരെയുള്ള കാലയളവിൽ 3 വർഷത്തിൽ കൂടുതലായി കുടിശ്ശിക ആയിട്ടുള്ള 100% കരുതൽ വച്ചിട്ടുള്ള 548 വായ്പകളിലായി മുതൽ ഇനത്തിൽ 349.15 ലക്ഷം രൂപയും പലിശ ഇനത്തിൽ 153.31 ലക്ഷം രൂപയും ഉൾപ്പെടെ 502.46 ലക്ഷം രൂപ നിഷ്ക്രിയ ആസ്തി (NPA) പിരിച്ചെടുക്കാൻ കഴിഞ്ഞു.

(ഡി) കേരള ബാങ്കിന്റെ സേവന നിലവാരം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഏകീകൃത കോർ ബാങ്കിംഗ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

കേരള ബാങ്കിന്റെ ഏകീകൃത കോർ ബാങ്കിംഗ് സോഫ്റ്റ്‌വെയർ സംവിധാനം ' Finacle' M/s Wipro എന്ന കമ്പനി മുഖാന്തരം നടപ്പിലാക്കിവരികയാണ്. ഇതിനായി എറണാകുളത്ത് കാക്കനാട് കേന്ദ്രമായി പ്രത്യേക പ്രോജക്ട് മോണിറ്ററിംഗ് യൂണിറ്റ് ഒരു ജനറൽ മാനേജറുടെ കീഴിൽ ഭരണസമിതിയുടെ മേൽനോട്ടത്തിൽ പ്രവർത്തിച്ചു വരുന്നു. കോട്ടയം ജില്ലയിലെ മുഴവൻ ശാഖകളും ലയനത്തിന് മുമ്പുള്ള സംസ്ഥാന സഹകരണ ബാങ്കിന്റെ ശാഖകളും പുതിയ സോഫ്റ്റ്‌വെയറിലേയ്ക്ക് മാറിയിട്ടുണ്ട്. 2022 ഡിസംബർ മാസത്തോടെ എല്ലാ ആധുനിക ബാങ്കിംഗ് സംവിധാനങ്ങളോടും കിടപിടിക്കാൻ കഴിയുന്ന തരത്തിലുള്ള ഏകീകൃത കോർ ബാങ്കിംഗ് സംവിധാനം സംസ്ഥാനത്താകെ നിലവിൽ വരും.

**പ്രാഥമിക സഹകരണ സംഘങ്ങളുടെ സംരക്ഷണം**

14 (*44) ശ്രീ. സി. കെ. ഹരീന്ദ്രൻ
ശ്രീ. സജി ചെറിയാൻ
ശ്രീ. കെ. കെ. രാമചന്ദ്രൻ
ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സഹകരണം സംസ്ഥാന വിഷയമാണെന്നിരിക്കെ കേന്ദ്ര സർക്കാർ സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങളിൽനിന്നും അവയുടെ പ്രവർത്തനരീതിയും ഭരണസമിതിയുടെ ഘടനയുമുൾപ്പെടെയുള്ള വിവരങ്ങൾ ശേഖരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കേന്ദ്ര സഹകരണ സെക്രട്ടറിയുടെ 22-4-2022-ലെ കത്തിൽ നാഷണൽ ഡാറ്റാ ബേസിലേയ്ക്ക് സഹകരണ സംഘങ്ങളുടെ വിവര ശേഖരണത്തിനായി തയ്യാറാക്കിയിട്ടുള്ള മാതൃക സംബന്ധിച്ച് സംസ്ഥാനങ്ങളുടെ അഭിപ്രായം ആരാഞ്ഞിരിക്കുന്നു.

സംസ്ഥാനങ്ങളിലെ പ്രവർത്തനരഹിതമായ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനായി ഇത്തരത്തിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ പ്രവർത്തനരഹിതമാകുന്നതിനുള്ള കാരണങ്ങളും അവയുടെ പുനരുജ്ജീവനത്തിനുള്ള മാർഗ്ഗങ്ങളും അറിയിക്കുന്നതിന് കേന്ദ്ര സഹകരണ വകുപ്പിൽനിന്നും നിർദ്ദേശിച്ചിരുന്നു.

എൻ.സി.ഡി.സി.-യുടെ 17-6-2022-ലെ കത്ത് പ്രകാരം കേരളത്തിലെ സഹകരണ സ്ഥാപനങ്ങളുടെ Basic/Identification details Prescribed Format-ൽ നൽകുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്.

NAFSCOB(National Federation of State Co-operative Banks)-ന് വേണ്ടി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ എണ്ണം, മെമ്പർഷിപ്പ്, സാമ്പത്തിക വർഷത്തെ അടിസ്ഥാനമാക്കിയുള്ള സ്ഥിതിവിവരക്കണക്കുകൾ തുടങ്ങിയവ വർഷംതോറും നൽകിവരുന്നുണ്ട്.

രാജ്യത്തെ സഹകരണ മേഖലയുടെ വിശദമായ Data base കേന്ദ്ര സഹകരണ മന്ത്രാലയം തയ്യാറാക്കുകയാണെന്ന് NAFSCOB അറിയിച്ചിട്ടുണ്ട്.

കേന്ദ്ര സഹകരണ വകുപ്പ് പുറത്തിറക്കിയ " Model Bye-laws for Primary Agricultural Credit Societies (PACS)" -ൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും രേഖപ്പെടുത്തി കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തിന്റെ സമഗ്ര പുരോഗതിയിൽ നിർണ്ണായക പങ്കുവഹിക്കുന്ന സഹകരണ മേഖലയിലെ സഹകാരികളുടെ താല്പര്യം സംരക്ഷിക്കുന്നതിന് സർക്കാർ നടത്താനുദ്ദേശിക്കുന്ന ഇടപെടലുകൾ അറിയിക്കാമോ?

സഹകരണ മേഖലയിലെ പ്രവർത്തനങ്ങൾ മികവുറ്റതാക്കാനും സഹകരണ രംഗത്ത് ഉയർന്നുവരുന്ന ആശ്വാസ്യകരമല്ലാത്ത പ്രവണതകൾ അവസാനിപ്പിക്കുന്നതിനും സംഘങ്ങളുടെ വളർച്ചയ്ക്ക് അനുയോജ്യമായ പ്രതലം സൃഷ്ടിക്കുന്നതിനുള്ള സഹകരണ നിയമ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 1607 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലും അവയുടെ ശാഖകളിലും ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു. പല സംഘങ്ങളിലും നിലവിൽ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയറുകളിൽ കൃത്രിമം നടന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാൽ ബാങ്കിംഗ് ഇടപാടുകളിൽ സുതാര്യത ഉറപ്പുവരുത്തുക, അഴിമതിയും പണാപഹരണവും തടയുക എന്നീ ലക്ഷ്യത്തോടെ പരമാവധി സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയാണ് സഹകരണ വകുപ്പ് ഏകീകൃത സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നത്.

സഹകരണ സ്ഥാപനങ്ങളിൽനിന്നും വായ്പയെടുത്ത് കുടിശ്ശിക വരുത്തിയവർക്ക് കോവിഡ് പശ്ചാത്തലത്തിൽ വിവിധ ഇളവുകളോടെ വായ്പാ കണക്ക് അവസാനിപ്പിക്കുന്നതിന് ' നവകേരളീയം കുടിശ്ശിക നിവാരണം – ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ' നടപ്പിലാക്കിവരുന്നു. ടി പദ്ധതി പ്രകാരം എല്ലാ വായ്പകളിലും പിഴപ്പലിശ പൂർണ്ണമായി ഒഴിവാക്കുന്നു. വ്യവസ്ഥകൾക്ക് വിധേയമായി 50% വരെ പലിശയിലും അർഹരായവർക്ക് വ്യവസ്ഥകൾക്ക് വിധേയമായി മുതലിലും ഇളവ് അനുവദിക്കുന്നു.

കേരള സംസ്ഥാന സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം പ്രകാരമുള്ള ഗ്യാരണ്ടി പരിധി രണ്ട് ലക്ഷം രൂപയിൽനിന്ന് അഞ്ച് ലക്ഷം രൂപയായി ഉയർത്തുന്നതിനുള്ള നടപടികൾ ആരംഭിക്കാൻ തത്വത്തിൽ അനുമതി നൽകുകയും ആയത് പ്രകാരം തുടർനടപടികൾ സ്വീകരിക്കാൻ ബോർഡ് വൈസ് ചെയർമാനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ കാർഷിക വായ്പ സംഘങ്ങൾ പ്രതിസന്ധി നേരിടുമ്പോൾ അവരെ സംരക്ഷിക്കുന്നതിനും പൂർവ്വസ്ഥിതിയിൽ എത്തിക്കുന്നതിനുമായി ഒരു സ്കീം തയ്യാറാക്കുന്നതാണ്.

ഗുരുതര രോഗബാധിതരായ ' എ' ക്ലാസ്സ് അംഗങ്ങളെ സഹായിക്കുന്നതിനു വേണ്ടി ആരംഭിച്ച അംഗ സമാശ്വാസ പദ്ധതി പ്രകാരം ഇതിനകം 46,87,60,000 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

കേരള സഹകരണ ബാങ്ക് രൂപീകരണത്തോടുകൂടി വായ്പാ മേഖലയിൽ ഘടനാപരമായ മാറ്റം സൃഷ്ടിച്ചുകൊണ്ട് ത്രിതല സംവിധാനത്തിൽനിന്നും ദ്വിതല സംവിധാനത്തിലേയ്ക്ക് മാറുകയും ആയതിനാൽ കുറഞ്ഞ പലിശയ്ക്ക് കർഷകർക്ക് വായ്പ ലഭ്യമാക്കാനും കഴിഞ്ഞിട്ടുണ്ട്.

സഹകരണ സംഘങ്ങളുടെ ആഡിറ്റ് കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതും ആക്കുന്നതിലേയ്ക്കായി ടീം ആഡിറ്റ് സംവിധാനം നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പത്തനംതിട്ട ജില്ലയിൽ പ്രാഥമികമായി ടീം ആഡിറ്റ് നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

അശരണരായ സഹകാരികൾക്ക് ധനസഹായം നൽകുന്നതിനായി രൂപീകരിച്ച " സഹകാരി-സാന്ത്വനം" പദ്ധതി പ്രകാരം ധനസഹായം നൽകി വരുന്നു.

സംസ്ഥാനത്തെ പ്രവർത്തനക്ഷമമായ എല്ലാ പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെയും സ്വയംപര്യാപ്തമായ നിലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളാക്കി മാറ്റുന്ന സമഗ്രപദ്ധതിയായ ' പുനർജ്ജനി' യിൽ ഉൾപ്പെടുത്തി പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് ധനസഹായം ലഭ്യമാക്കുന്നതിനായി സമർപ്പിച്ച അപേക്ഷകളിൽ നടപടികൾ സ്വീകരിച്ചു വരുന്നു.

ഇപ്രകാരം സംസ്ഥാനത്തിന്റെ സമഗ്ര പുരോഗതിയിൽ നിർണ്ണായക പങ്കു വഹിക്കുന്ന സഹകരണ മേഖലയിലെ സഹകാരികളുടെ താല്പര്യം സംരക്ഷിക്കുന്നതിന് സർക്കാർ വിവിധങ്ങളായ നടപടികൾ സ്വീകരിച്ച് വരുന്നു.

(സി) സഹകരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് സ്വതന്ത്രവും കാര്യക്ഷമവുമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

സഹകരണ സംഘങ്ങളുടെ ആഡിറ്റ് കാര്യക്ഷമമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സഹകരണ സംഘങ്ങളുടെ ആഡിറ്റ് സമ്പ്രദായം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ IA&AS സർവ്വീസിൽനിന്നും സീനിയർ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ ഗ്രേഡിലുള്ള ഉദ്യോഗസ്ഥയെ ആഡിറ്റ് ഡയറക്ടറായി നിയമിച്ചിട്ടുണ്ട്.

ആഡിറ്റിൽ കണ്ടെത്തുന്ന ഗുരുതരമായ ക്രമക്കേടുകൾ സ്പെഷ്യൽ റിപ്പോർട്ട് സഹിതം മേൽ നടപടികൾക്കായി അറിയിക്കുന്നതിനും ആഡിറ്റർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് സംബന്ധിച്ച് 50/2021 സർക്കുലർ നമ്പർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

സഹകരണ സംഘങ്ങളുടെ ആഡിറ്റ് കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതും ആക്കുന്നതിലേയ്ക്കായി ടീം ആഡിറ്റ് നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

സഹകരണ ആഡിറ്റ് സംവിധാനം ഫലപ്രദമായ വിധം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ടീം ആഡിറ്റ് സംവിധാനം ആരംഭിക്കുന്നതിന് അനുമതി നൽകി.

കമ്പ്യൂട്ടർവൽകൃത സംഘങ്ങളിൽ ആഡിറ്റ് കാര്യക്ഷമമായി നിർവ്വഹിക്കത്തക്ക രീതിയിൽ ജില്ലാതലത്തിൽ ആഡിറ്റർമാർക്ക് പരിശീലനം നൽകിയിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട സംഘങ്ങളിൽ ഐ.റ്റി. ആഡിറ്റ് പുറത്തുനിന്നുള്ള കമ്പ്യൂട്ടർ വിദഗ്ധരുടെ സഹായത്തോടെ നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

വസ്തു ഈടുകളുടെ സാമ്പിൾ തെരഞ്ഞെടുത്ത് ഭൗതിക പരിശോധന നടത്താൻ ആഡിറ്റർമാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

സ്വർണ്ണപ്പണയ പണ്ടങ്ങളുടെ പരിശോധന കാലാനുസൃതമായി കാര്യക്ഷമമായ രീതിയിൽ നടത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

വകുപ്പുതല ആഡിറ്റർമാരുടെ സഹകരണ സംഘങ്ങളുടെ ആഡിറ്റ് സംബന്ധിച്ച് അവരുടെ ടൂർ, പ്രോഗ്രാം, ഡയറി വെരിഫിക്കേഷനുകൾ താലൂക്ക് അസിസ്റ്റന്റ് ഡയറക്ടർമാരും ജില്ലാ ജോയിന്റ് ഡയറക്ടർമാരും ആഡിറ്റ് ഡയറക്ടറും കൃത്യമായി നടത്തിവരുന്നു.

വകുപ്പുതലത്തിൽ ആഡിറ്റർമാരുടെ പ്രവൃത്തി അവലോകനം പ്രതിമാസം താലൂക്ക്/ജില്ലാ/സംസ്ഥാന തലത്തിലും നടത്തുന്നുണ്ട്.

പരിഷ്കരിച്ച ആഡിറ്റ് മാന്വൽ പ്രകാരം ആഡിറ്റ് നടത്തുന്നതിന് ആഡിറ്റർമാർക്ക് ആവശ്യമായ പരിശീലനം നൽകിവരുന്നു. ആഡിറ്റ് മാന്വൽ മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

പ്രതിമാസ നിക്ഷേപ പദ്ധതികളുടെ ആഡിറ്റ് ഏകീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

അനുപാത വിശകലനം നടത്തി സംഘത്തിന്റെ സാമ്പത്തിക നില മനസ്സിലാക്കി സംഘങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിന് ആഡിറ്റർമാർക്ക് ജില്ലാ ജോയിന്റ് ഡയറക്ടർ മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്.

വസ്തു ജാമ്യത്തിലുള്ള വായ്പ അപേക്ഷയിന്മേൽ ഏകീകൃത സ്വഭാവം കൊണ്ടു വരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ആഡിറ്റ് സംബന്ധിച്ച വിവരങ്ങൾ ഓൺലൈൻ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ആഡിറ്റ് ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ ഭേദഗതികൾ സഹകരണ നിയമത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സഹകരണ വകുപ്പ് ആധുനികവത്കരണത്തിന്റെ ഭാഗമായി C-Dit മുഖേന നടപ്പിലാക്കിയിട്ടുള്ള (Integrated Co-operative Department Management System) പ്രോജക്ടിൽ ഉൾപ്പെടുത്തി സഹകരണ സംഘങ്ങളുടെ ആഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്.

സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും മറ്റ് ഫംഗ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുമുള്ള കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെ അടിസ്ഥാന വിവരങ്ങളും ആഡിറ്റ് സംബന്ധിച്ച വിവരങ്ങളും സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS)-ലൂടെ ഓൺലൈനായി www.camis.kerala.gov.in എന്ന വെബ് സൈറ്റ് മുഖാന്തരം പൊതുജനങ്ങൾക്ക് കാണുന്നതിനുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

**കേന്ദ്ര വൈദ്യുതി നിയമ ഭേദഗതി**

15 (*45) ശ്രീമതി ഉമ തോമസ്:
ശ്രീമതി കെ. കെ. രമ:
ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ അവതരിപ്പിച്ച 2022-ലെ വൈദ്യുതി നിയമ ഭേദഗതി ബിൽ നിയമമായാൽ ഭരണഘടനയിലെ കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വൈദ്യുതി മേഖലയിലെ അധികാരങ്ങൾ സംസ്ഥാനങ്ങളിൽ നിന്ന് മാറി കേന്ദ്ര ഗവണ്മെന്റിലും കേന്ദ്ര ഗവണ്മെന്റ് ഏജൻസികളിലും കേന്ദ്രീകരിക്കുന്ന സ്ഥിതി സംജാതമാകുമെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ;

(ബി) ഇൻഡ്യൻ യൂണിയൻ ഗവണ്മെന്റ് നിർദ്ദേശിക്കുന്ന മറ്റ് കടമകളും സെൻട്രൽ ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ നിർവ്വഹിക്കണമെന്ന പുതിയ ബില്ലിലെ വ്യവസ്ഥ സംസ്ഥാന റെഗുലേറ്ററി കമ്മീഷനുകളുടെ അധികാരം കുറയ്ക്കുന്ന നടപടിയാകുമെന്ന ആശങ്ക കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഗ്രാമീണ മേഖലയിലുള്ളവർക്ക് ഉൾപ്പെടെ പൊതുമേഖലാ ബോർഡുകൾ നൽകുന്ന ക്രോസ് സബ്സിഡിയെ പുതിയ നിയമം സാരമായി ബാധിച്ചേക്കുമെന്ന ആശങ്ക സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

(എ-സി) വൈദ്യുതി നിയമഭേദഗതി ബിൽ നിയമമായാൽ ഭരണഘടനയിലെ കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സംസ്ഥാനങ്ങളിൽ നിക്ഷിപ്തമായ അധികാരങ്ങൾപോലും കേന്ദ്ര ഗവണ്മെന്റിലും കേന്ദ്ര ഗവണ്മെന്റ് ഏജൻസികളിലും കേന്ദ്രീകരിക്കുന്ന സ്ഥിതി സംസ്ഥാനം ഗൗരവമായി കണക്കിലെടുത്തിട്ടുണ്ട്. കൂടാതെ സംസ്ഥാന റെഗുലേറ്ററി കമ്മീഷനുകളുടെ അധികാരം കുറയുമ്പോൾ ക്രോസ് സബ്സിഡി സംവിധാനം തകരുന്ന സ്ഥിതിയും സംജാതമാവും. ഇതുസംബന്ധിച്ച് സംസ്ഥാനത്തിന്റെ അഭിപ്രായം കേന്ദ്ര സർക്കാരിനെയും ഭേദഗതി നിർദ്ദേശം പരിശോധിക്കാൻ നിയോഗിക്കപ്പെട്ട ഊർജ്ജകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയെയും താമസംവിനാ അറിയിക്കുന്നതാണ്.

(1) വൈദ്യുതി വിതരണ കമ്പനികൾ പ്രവർത്തിക്കേണ്ടത് കേന്ദ്ര നിയമങ്ങൾക്കും ബന്ധപ്പെട്ട കമ്മീഷനുകൾ പുറത്തിറക്കുന്ന ചട്ടങ്ങൾക്കും ഫോറം ഓഫ് റെഗുലേറ്റേഴ്സിന്റെ മാതൃകാചട്ടങ്ങൾക്കും അനുസൃതമായി ആകണമെന്ന് സെക്ഷൻ 42 (1.c) ഭേദഗതി നിർദ്ദേശിക്കുന്നു. ഇതോടൊപ്പം താഴെ പറയുന്ന ഭേദഗതികൾ കൂടി കണക്കിലെടുക്കേണ്ടതാണ്.

a. കേന്ദ്ര റെഗുലേറ്ററി കമ്മീഷന്റെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത് കേന്ദ്ര സർക്കാർ കാലാകാലങ്ങളിൽ പുറത്തിറക്കുന്ന ദേശീയ വൈദ്യുതി നയം, ദേശീയ വൈദ്യുതി പദ്ധതി, താരിഫ് നയം എന്നിവയാണ്- (സെക്ഷൻ 79 (4). ഒന്നിൽ കൂടുതൽ സംസ്ഥാനങ്ങളിൽ വൈദ്യുതി വിതരണം നടത്തുന്ന കമ്പനികളുടെ ലൈസൻസ് നൽകുന്നതിനുള്ള ചുമതലയും കേന്ദ്ര റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാവുന്നു - സെക്ഷൻ 79 (1.ja)

b. സെക്ഷൻ 62(1) അനുസരിച്ച് ബന്ധപ്പെട്ട റെഗുലേറ്ററി കമ്മീഷൻ വൈദ്യുതി നിരക്ക് നിശ്ചയിക്കുന്നത് കേന്ദ്ര സർക്കാർ പുറത്തിറക്കുന്ന ചട്ടങ്ങൾ പ്രകാരമാകണം എന്നും സെക്ഷൻ 86 (1.k) അനുസരിച്ച് കേന്ദ്ര സർക്കാർ നിർദ്ദേശിക്കുന്ന ചുമതലകൾ നിർവ്വഹിക്കാനും സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ ബാധ്യസ്ഥമാകും.

c. ഫോറം ഓഫ് റെഗുലേറ്റേഴ്സിന്റെ പ്രവർത്തനവും കേന്ദ്ര സർക്കാർ നിർദ്ദേശാനുസരണമാകുന്നു - സെക്ഷൻ 166 (3A.c)

d. സെക്ഷൻ 14 (b) പ്രകാരം വൈദ്യുതി വിതരണം ചെയ്യേണ്ട പ്രദേശത്തെ സംബന്ധിച്ച മാനദണ്ഡവും കേന്ദ്ര സർക്കാർ ആകും പുറപ്പെടുവിക്കുക.

e. സംസ്ഥാന റെഗുലേറ്ററി കമ്മീഷനുകൾ വിതരണ ലൈസൻസികളുടെ വിഭവശേഷി പര്യാപ്തത ആറുമാസത്തിൽ ഒരിക്കൽ പരിശോധിക്കണമെന്ന് നിർദ്ദേശിക്കുന്ന ഭേദഗതി നിർദ്ദേശത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വ്യക്തമാക്കുന്നില്ല - സെക്ഷൻ 86 (1.k)

(2) വിതരണ കമ്പനികളുടെ പ്രവർത്തന മികവ് എന്ന പ്രഖ്യാപിത ലക്ഷ്യവുമായി കോർപ്പറേറ്റ് ഗവേണൻസ് ഗൈഡ്‌ലൈനുകൾ നടപ്പിലാക്കാനും കേന്ദ്രസർക്കാർ ഉദ്ദേശിക്കുന്നു. - സെക്ഷൻ 59 (1.c).

(3) സെക്ഷൻ 60A-നിലവിലുള്ള വൈദ്യുതി വാങ്ങൽ കരാറുകൾ സംസ്ഥാന റെഗുലേറ്ററി കമ്മീഷനുകൾ വിവിധ വൈദ്യുതി വിതരണ കമ്പനികൾക്കായി വീതംവയ്ക്കുന്നത് കേന്ദ്രസർക്കാർ പുറത്തിറക്കുന്ന ചട്ടങ്ങൾ പ്രകാരം ആയിരിക്കണം എന്ന് നിഷ്കർഷിക്കുന്നു.

(4) ഭേദഗതി നിർദ്ദേശത്തിൽ സെക്ഷൻ 26-ഉം അനുബന്ധ വകുപ്പുകളും നാഷണൽ ലോഡ് ഡെസ്പാച്ച് സെന്റർ പോലെ ഗ്രിഡ് നിയന്ത്രിക്കാൻ ദൈനംദിനം ഇടപെടുന്ന ഗ്രിഡ് മാനേജ്മെന്റ് സംവിധാനത്തെ പരമാധികാര കേന്ദ്രമാക്കി മാറ്റുന്നു.

(5) വൈദ്യുതി വാങ്ങൽ കരാറുകളിൽ യുക്തമായത് തെരഞ്ഞെടുത്ത് ഷെഡ്യൂൾ ചെയ്യാൻ നാഷണൽ ലോഡ് ഡെസ്പാച്ച് സെന്ററിനെ അധികാരപ്പെടുത്തി- സെക്ഷൻ 26 (4.b)

(6) രണ്ട് സ്വതന്ത്ര വ്യാപാര സ്ഥാപനങ്ങൾ (ഉത്പാദകനും വിതരണക്കാരനും) തമ്മിലുള്ള വ്യാപാര കരാറിന്റെ പണമിടപാട് വ്യവസ്ഥകൾ ഏത് വിധത്തിൽ വേണമെന്ന് കേന്ദ്ര സർക്കാർ നിഷ്കർഷിക്കുകയും അത് നടപ്പിലാക്കാൻ നാഷണൽ ലോഡ് ഡെസ്പാച്ച് സെന്ററിനെ ചുമതലപ്പെടുത്തുകയും ചെയ്യുന്നു - സെക്ഷൻ 26 (4.b).

(7) നാഷണൽ ലോഡ് ഡെസ്പാച്ച് സെന്റർ - ഗ്രിഡ്ഡിന്റെ കാര്യക്ഷമതയും സാമ്പത്തിക നേട്ടവും കണക്കിലെടുത്ത് നിയന്ത്രണങ്ങൾ ഏർപ്പെടുത്തണം എന്നത് ഭാവിയിൽ അവ്യക്തത ഉണ്ടാക്കാൻ ഇടയാക്കും- സെക്ഷൻ 26 (5).

(8) റീജിയണൽ ലോഡ് ഡെസ്പാച്ച് സെന്ററുകളും സംസ്ഥാന ലോഡ് ഡെസ്പാച്ച് സെന്ററുകളും ഗ്രിഡ് മാനേജ്മെന്റിനായി ഒരുക്കിയിട്ടുള്ള സംവിധാനങ്ങൾ ഉത്പാദകനും വിതരണക്കാരനും തമ്മിലുള്ള വ്യാപാര കരാറിന്റെ പണമിടപാട് വ്യവസ്ഥകൾ പരിശോധിച്ച് നടപ്പിലാക്കാൻ ചുമതലപ്പെട്ട ധനകാര്യ റെഗുലേറ്റർമാരായി മാറും - സെക്ഷൻ 28 (3) & 32 (2).

(9) നാഷണൽ ലോഡ് ഡെസ്പാച്ച് സെന്റർ വൈദ്യുതി വ്യാപാരത്തിൽ ഏർപ്പെടരുതെന്ന് നിഷ്കർഷിച്ചിരുന്ന മാതൃനിയമത്തിൽ ‘ വൈദ്യുതി സംവിധാനത്തിന്റെ സ്ഥിരത ഉറപ്പാക്കുന്നതിന് കേന്ദ്ര സർക്കാർ നിഷ്കർഷിക്കുന്ന പദ്ധതികൾ നടപ്പി ലാക്കാൻ ഇളവുകൾ നൽകുന്നു - സെക്ഷൻ 26 (2). അതോടൊപ്പം നാഷണൽ ലോഡ് ഡെസ്പാച്ച് സെന്റർ, റീജിയണൽ ലോഡ് ഡെസ്പാച്ച് സെന്ററുകൾ തുടങ്ങിയവ ഉൾപ്പെടുന്ന തർക്കങ്ങളിൽ തീരുമാനമെടുക്കാനുള്ള ചുമതല കേന്ദ്ര സർക്കാരിന് നിയന്ത്രണമുള്ള കേന്ദ്ര റെഗുലേറ്ററി കമ്മീഷന് നൽകുന്നു - സെക്ഷൻ79.

(10) വിതരണ ലൈസൻസി തങ്ങളുടെ ആകെ വൈദ്യുതി ഉപഭോഗത്തിന്റെ നിശ്ചിത ശതമാനം പുനരുപയോഗ സ്രോതസ്സുകളിൽ നിന്നാകണമെന്നും അത് എത്രത്തോളമെന്നത് സംസ്ഥാന കമ്മീഷനുകൾക്ക് നിർദ്ദേശിക്കാവുന്നതാണെന്ന് പറയുന്നതിനോടൊപ്പം പ്രസ്തുത ശതമാനം കേന്ദ്ര സർക്കാർ നിഷ്കർഷിക്കുന്നതിൽ കുറയാൻ പാടില്ല എന്നും ഭേദഗതി നിഷ്കർഷിക്കുന്നു - സെക്ഷൻ 86 (1.e).

(11) പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന എല്ലാ ജലവൈദ്യുത പദ്ധതികൾക്കും കേന്ദ്ര സർക്കാർ നിയന്ത്രണത്തിലുള്ള സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ മുൻകൂർ അനുമതി ആവശ്യമാണ് എന്നതിനോടൊപ്പം കേന്ദ്രസർക്കാർ നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾക്ക് അനുസൃതമായി മാത്രമേ പ്രസ്തുത അതോറിറ്റി അനുമതി നൽകാവൂ എന്ന് വ്യവസ്ഥ ചെയ്യുന്നു - സെക്ഷൻ 8 (1A).

(12) സംസ്ഥാന കമ്മീഷന് അതിന്റെ ചുമതലകൾ നിർവ്വഹിക്കാൻ എന്തെങ്കിലും കാരണത്താൽ കഴിയുന്നില്ലെങ്കിൽ കേന്ദ്ര സർക്കാരിന് പ്രസ്തുത കമ്മീഷന്റെ ചുമതലകൾ മറ്റേതെങ്കിലും സംസ്ഥാന കമ്മീഷനെയോ ജോയിന്റ് കമ്മീഷനെയോ ഏൽപ്പിക്കാവുന്നതാണ് (സെക്ഷൻ 82).

(13) കേന്ദ്ര ഇലക്ട്രിസിറ്റി നിയമത്തിന്റെ സെക്ഷൻ 183 ൽ (ബുദ്ധിമുട്ടുകൾ നീക്കം ചെയ്യാനുള്ള അധികാരം) പുതുതായി കൂട്ടിച്ചേർത്ത ഉപവകുപ്പ് (1A) പ്രകാരം മാതൃനിയമവുമായി പൊരുത്തപ്പെടാത്തതുമൂലം ഭാവിയിൽ (രണ്ട് വർഷത്തിനുള്ളിൽ) ഉണ്ടായേക്കാവുന്ന ബുദ്ധിമുട്ടുകൾ നീക്കംചെയ്യുന്നതിന് യുക്തമായ മാറ്റങ്ങൾ ഗസറ്റിൽ പ്രസിദ്ധീകരിച്ച് മാത്രം ഒഴിവാക്കാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു.

ഇലക്ട്രിസിറ്റി ആക്റ്റ്, അതിന്റെ ചുവടുപിടിച്ച് നിർമ്മിച്ചിട്ടുള്ള നിയമങ്ങൾ എന്നിവ ലംഘിക്കപ്പെടുന്ന പക്ഷം ഒരു കോടി രൂപ വരെ പിഴ (നിലവിൽ നിർദ്ദേശിച്ചിട്ടുള്ള പിഴയുടെ നൂറ് മടങ്ങ്) ചുമത്തുന്ന ഭേദഗതി നിർദ്ദേശം വളരെ ബുദ്ധിമുട്ട് ഉണ്ടാക്കുന്നതാണ്. (സെക്ഷൻ 142, 146).

കേന്ദ്ര വൈദ്യുതി നിയമത്തിലെ ഭേദഗതി നിർദ്ദേശം സെക്ഷൻ 86 (1.k) പ്രകാരം സംസ്ഥാന റെഗുലേറ്ററി കമ്മീഷനുകൾ കേന്ദ്ര സർക്കാർ നിർദ്ദേശിക്കുന്ന ചുമതലകൾ നിർവ്വഹിക്കാൻ ബാധ്യസ്ഥം എന്നും കമ്മീഷനിൽ നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തുന്നു എന്നത് ഒരു അംഗത്തെ തൽസ്ഥാനത്തുനിന്ന് നീക്കംചെയ്യാൻ പര്യാപ്തമായ കുറ്റമാണ് എന്ന് കൂട്ടിച്ചേർത്തിട്ടുണ്ട്. റെഗുലേറ്ററി കമ്മീഷനുകളിൽ പിടിമുറുക്കാനുള്ള കേന്ദ്ര സർക്കാരിന്റെ ശ്രമമായി വിലയിരുത്തപ്പെടാം. ഒഴിവുകൾ കാരണം സംസ്ഥാന കമ്മീഷന് അതിന്റെ ചുമതലകൾ നിർവ്വഹിക്കാൻ കഴിയുന്നില്ലെങ്കിൽ കേന്ദ്ര സർക്കാരിന് പ്രസ്തുത കമ്മീഷന്റെ ചുമതലകൾ മറ്റേതെങ്കിലും സംസ്ഥാന കമ്മീഷനെയോ ജോയിന്റ് കമ്മീഷനെയോ ഏൽപ്പിക്കാവുന്നതാണ് (സെക്ഷൻ 82).

നിലവിലുള്ള വൈദ്യുതി വാങ്ങൽ കരാറുകൾ സംസ്ഥാന റെഗുലേറ്ററി കമ്മീഷനുകൾ വിവിധ വൈദ്യുതി വിതരണ കമ്പനികൾക്കായി വീതം വയ്ക്കുന്നത് കേന്ദ്രസർക്കാർ പുറത്തിറക്കുന്ന ചട്ടങ്ങൾ പ്രകാരമായിരിക്കണം എന്ന് പുതുതായി കൂട്ടിച്ചേർത്ത സെക്ഷൻ 60 A നിഷ്കർഷിക്കുന്നു.

ഒരു സർക്കാർ കമ്പനിയോ സ്ഥാപനമോ കൈകാര്യം ചെയ്യുന്ന ക്രോസ് സബ്സിഡി ബാലൻസിംഗ് ഫണ്ട് സംസ്ഥാന സർക്കാർ സ്ഥാപിക്കണം എന്നും ക്രോസ് സബ്സിഡി, ക്രോസ് സബ്സിഡി സർചാർജ്, അല്ലെങ്കിൽ അധിക സർചാർജ് എന്നിവ വഴി ഒരു ഡിസ്ട്രിബ്യൂഷൻ ലൈസൻസിക്ക് ലഭിക്കുന്ന അധിക തുക ക്രോസ് സബ്സിഡിയിൽ വരുന്ന കമ്മി നികത്തുന്നതിനായി ഫണ്ടിലേയ്ക്ക് നിക്ഷേപിക്കേണ്ടതാണ് എന്നും ഭേദഗതി നിർദ്ദേശിക്കുന്നു (സെക്ഷൻ 60A (2)). എന്നാൽ സ്വകാര്യ കമ്പനികൾ അവരുടെ പക്കൽ ലഭിക്കുന്ന ക്രോസ്-സബ്സിഡി, ക്രോസ്-സബ്സിഡി സർചാർജ്, അധിക സർചാർജ് എന്നിവ ഫണ്ടിലേയ്ക്ക് ലഭ്യമാക്കാതെ വരുന്ന പക്ഷം അത് ക്രോസ് സബ്സിഡി സംവിധാനത്തിന്റെ

തകർച്ചയിലേയ്ക്കും സാധാരണക്കാരന്റെ വൈദ്യുതി നിരക്ക് ക്രമാതീതമായി വർദ്ധിക്കുന്നതിലേയ്ക്കും നയിക്കും. അത്തരം ഒരു വിഷമസന്ധി വന്നാൽ നിലവിൽ ക്രോസ് സബ്സിഡി ആനുകൂല്യം ലഭിക്കുന്ന വിഭാഗങ്ങൾക്ക് ആയത് ലഭിക്കാതെ വരാനിടയാകുന്നതാണ്.

വൈദ്യുതി നിയമഭേദഗതി ബിൽ 2021 മുന്നോട്ട് വച്ചപ്പോൾ ഇത് സംസ്ഥാനത്തെ ഉപഭോക്താക്കളെയും പൊതുമേഖലാ സ്ഥാപനത്തെയും എങ്ങനെയൊക്കെ ബാധിക്കുമെന്നത് സംബന്ധിച്ച് വിശദമായ കത്ത് മുഖേന 20-2-2021-ൽ കേന്ദ്ര സർക്കാരിനെ അറിയിച്ചിരുന്നു. തുടർന്ന് ഇത് സംബന്ധിച്ച സംസ്ഥാനത്തിന്റെ നിലപാടും ഭേദഗതിമൂലം സാധാരണ ഉപഭോക്താക്കൾക്കും പൊതുമേഖലയ്ക്കും ഉണ്ടാകാനിടയുള്ള ആഘാതവും ബദൽ നിർദ്ദേശങ്ങളും കാര്യകാരണസഹിതം 15-3-2021-ലെ എ 1/131/2020/ഊ.വ. നമ്പർ അർദ്ധ ഔദ്യോഗിക കത്ത് പ്രകാരം സംസ്ഥാന സർക്കാർ രേഖാമൂലം കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാന വൈദ്യുതി വകുപ്പുമന്ത്രി 23-7-2021-ലെ 272/M(Ele)/L/2021 കത്ത് പ്രകാരം ഡീ-ലൈസൻസിംഗും തുടർന്ന് വിതരണ കമ്പനികൾ തന്നിഷ്ടപ്രകാരം നടത്താൻ ഇടയുള്ള ഉപഭോക്താക്കളുടെ തെരഞ്ഞെടുപ്പ്, ക്രോസ്-സബ്സിഡി ഇല്ലാതാകുന്ന സാഹചര്യം, നിലവിലുള്ള വൈദ്യുതി വാങ്ങൽ കരാറുകൾ (പ്രത്യേകിച്ച് ഉയർന്ന നിരക്കുള്ളവ) വഴിയുള്ള ബാധ്യത പുതിയ വിതരണ കമ്പനി ഏറ്റെടുക്കാൻ തയ്യാറാകാത്തപക്ഷം കെ.എസ്.ഇ.ബി.എൽ.-ന് വരാൻപോകുന്ന ബാദ്ധ്യത, വിതരണ ശൃംഖലയുടെ വികസനത്തിലും പരിപാല നത്തിലും വരാൻ സാദ്ധ്യതയുള്ള പ്രശ്നങ്ങൾ തുടങ്ങിയവ സംബന്ധിച്ച സംസ്ഥാനത്തിന്റെ ആശങ്കകളും കേരളം വൈദ്യുതി വിതരണം പൊതുമേഖലയിൽ നിർത്തിക്കൊണ്ട് കൈവരിച്ച നേട്ടങ്ങളും കേന്ദ്ര ഊർജ്ജ വകുപ്പ് മന്ത്രിയെ അറിയിച്ചിട്ടുണ്ട്. വൈദ്യുതി മേഖല സംബന്ധിച്ച് തീരുമാനങ്ങളെടുക്കാൻ സംസ്ഥാനങ്ങൾക്കുള്ള അധികാരം കവരുന്നത് ഭരണഘടനയുടെ അടിസ്ഥാനത്തെ ദുർബലപ്പെടുത്തുമെന്നും ഈ കാരണങ്ങൾ കണക്കിലെടുത്ത് വൈദ്യുതി നിയമം ഭേദഗതി ചെയ്യുവാനുള്ള നീക്കത്തിൽ നിന്നും കേന്ദ്ര സർക്കാർ പിന്മാറണമെന്നും വൈദ്യുതി ബിൽ ഭേദഗതി നിർദ്ദേശം പിൻവലിക്കണമെന്നും സംസ്ഥാന നിയമസഭ 5-8-2021-ന് ഒരു പ്രമേയത്തിലൂടെ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. മുൻപ് 17-2-2021-ലെ കേന്ദ്ര ഊർജ്ജ വകുപ്പ് മന്ത്രി വിവിധ സംസ്ഥാന ഊർജ്ജ വകുപ്പ് സെക്രട്ടറിമാരും ഉത്പാദന-പ്രസരണ-വിതരണ കമ്പനികളുടെ മേധാവികളുമായി നടത്തിയ ഓൺലൈൻ മീറ്റിംഗിലും ബഹുമാനപ്പെട്ട പ്രധാനമന്ത്രി 18-2-2021-ൽ നടത്തിയ വെബിനാറിലും പ്രസ്തുത ഭേദഗതി നിർദ്ദേശങ്ങൾ സംബന്ധിച്ച പരാമർശങ്ങൾ ഉണ്ടായിരുന്നു. തദവസരങ്ങളിലും കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ തങ്ങളുടെ ആശങ്കകളും ബദൽ നിർദ്ദേശങ്ങളും അവതരിപ്പിക്കുകയുണ്ടായി.

## സഹകരണ സംഘങ്ങൾക്ക് നിക്ഷേപക ഗ്യാരണ്ടി പദ്ധതി

16 (*46) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങൾക്ക് നിക്ഷേപക ഗ്യാരണ്ടി പദ്ധതി നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ലിക്വിഡേഷനിലായ സംഘങ്ങൾക്ക് മാത്രമേ നിക്ഷേപ ഗ്യാരണ്ടി ബോർഡിൽനിന്ന് സഹായം ലഭ്യമാക്കാൻ സാധിക്കുകയുള്ളൂ എന്ന വ്യവസ്ഥ നിലനിൽക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) കരുവന്നൂർ ബാങ്ക് അടക്കമുള്ള ബാങ്കുകളിലെ പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ സമാനമായ പ്രതിസന്ധിയുള്ള ബാങ്കുകളിൽ കൂടി നിക്ഷേപക ഗ്യാരണ്ടി ബാധകമാക്കി നിക്ഷേപകർക്ക് സഹായം ലഭ്യമാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

(എ-സി) നിലവിലെ വ്യവസ്ഥകൾ പ്രകാരം ലിക്വിഡേഷനിലായ സംഘങ്ങൾക്ക് മാത്രമേ ഗ്യാരന്റി ബോർഡിൽനിന്ന് സഹായം ലഭിക്കുകയുള്ളൂ.

## ജി.എസ്.ടി. കൗൺസിൽ ശിപാർശകൾ

17 (*47) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. കൗൺസിൽ ശിപാർശകൾ അംഗീകരിക്കുന്നതിന് കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്ക് ബാദ്ധ്യതയില്ലെന്നും നികുതി നിയമ നിർമ്മാണത്തിൽ കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്ക് തുല്യ അവകാശമാണെന്നുമുള്ള സുപ്രീം കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ബഹുമാനപ്പെട്ട സുപ്രീംകോടതി 19-5-2022-ൽ സി.എ. നമ്പർ 1390/2022 കേസ്സിന്മേൽ പുറപ്പെടുവിച്ച വിധിന്യായം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പായ്ക്കറ്റിലാക്കി ലേബൽ പതിച്ച അരി, ഗോതമ്പ് അടക്കമുള്ള ധാന്യങ്ങൾക്കും പയറുവർഗ്ഗങ്ങൾക്കും പായ്ക്കറ്റിലാക്കിയ തൈര്, മോര്, മീൻ, തേൻ, ശർക്കര, പനീർ, ലെസി, പപ്പടം തുടങ്ങിയവയ്ക്കും അഞ്ച് ശതമാനം നികുതി ബാധകമാക്കാൻ നാല്പത്തിയേഴാമത്തെ ജി.എസ്.ടി. കൗൺസിൽ യോഗത്തിൽ തീരുമാനിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ?

" യൂണിറ്റ് കണ്ടെയ്നറിൽ പായ്ക്ക് ചെയ്യപ്പെട്ടിട്ടുള്ളതും ബ്രാൻഡ് നെയിം ഉള്ളതുമായ നിർദ്ദിഷ്ട സാധനങ്ങൾ"ക്ക് നേരത്തെതന്നെ 5 ശതമാനം ജി.എസ്.ടി. ബാധകമായിരുന്നു. ചരക്കുകളുടെയും സേവനങ്ങളുടെയും ജി.എസ്.ടി. നിരക്ക് പരിശോധിക്കുന്നതിനും പുനഃസംഘടിപ്പിക്കുന്നതിനുമായി രൂപീകരിച്ച ഗ്രൂപ്പ് ഓഫ് മിനിസ്റ്റേഴ്സ് സമർപ്പിച്ച ഭാഗിക റിപ്പോർട്ടിലെ ശിപാർശ പ്രകാരം നാല്പത്തിയേഴാമത് ജി.എസ്.ടി. കൗൺസിൽ യോഗത്തിൽ ഇത് " 2019-ലെ ലീഗൽ മെട്രോളജി നിയമത്തിലെ വകുപ്പ് 2-ലെ ക്ലോസ് (എൽ) പ്രകാരം മുൻകൂറായി പായ്ക്ക് ചെയ്യപ്പെട്ടിട്ടുള്ളതും ലേബൽ ചെയ്തിട്ടുള്ളതുമായ നിർദ്ദിഷ്ട സാധനങ്ങൾ" എന്നാക്കി മാറ്റുകയാണ് ചെയ്തിട്ടുള്ളത്. കൂടാതെ പായ്ക്കറ്റിലാക്കിയ തൈര്, മോര്, മീൻ, തേൻ, ശർക്കര, പനീർ, ലെസി, പപ്പടം തുടങ്ങിയവയ്ക്കും അഞ്ച് ശതമാനം നികുതി ബാധകമാക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. അരി ഉൾപ്പെടെയുള്ള ബ്രാൻഡ് ചെയ്യപ്പെട്ടിട്ടുള്ള ചില സാധനങ്ങൾക്ക് നേരത്തെതന്നെ ജി.എസ്.ടി. ബാധകമായിരുന്നു. അടിസ്ഥാനപരമായി ഇതിന്റെ ഘടന മുൻകൂറായി പായ്ക്ക് ചെയ്ത് ലേബൽ ചെയ്തിട്ടുള്ളത് എന്നതാക്കി മാറ്റുകയാണുണ്ടായത്.

(സി) സാധാരണക്കാരായ ജനങ്ങൾക്ക് അമിതമായ നികുതിഭാരം അടിച്ചേൽപ്പിക്കുന്ന മേൽപ്പറഞ്ഞ തീരുമാനത്തെ പ്രസ്തുത യോഗത്തിൽ സംസ്ഥാന സർക്കാർ എതിർത്തിരുന്നോയെന്ന് വ്യക്തമാക്കാമോ?

സാധാരണക്കാരുടെ ജീവിതത്തെ പ്രതികൂലമായി ബാധിക്കുന്ന രീതിയിൽ ചരക്കുകളുടെയും സേവനങ്ങളുടെയും നികുതി വർദ്ധനവ് വരുത്തരുതെന്ന ശക്തമായ നിലപാട് ബന്ധപ്പെട്ട ഗ്രൂപ്പ് ഓഫ് മിനിസ്റ്റേഴ്സ് യോഗത്തിലും തുടർന്ന് നടന്ന ജി.എസ്.ടി. കൗൺസിൽ മീറ്റിംഗിലും സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ വ്യക്തമായ നിലപാട് ഗ്രൂപ്പ് ഓഫ് മിനിസ്റ്റേഴ്സ്-നെ അറിയിച്ചിട്ടുണ്ടായിരുന്നു. ആയത് 29-11-2021-ൽ ഗ്രൂപ്പ് ഓഫ് മിനിസ്റ്റേഴ്സിന്റെ ചെയർമാന് എഴുതിനൽകുകയും ചെയ്തിട്ടുണ്ട്. ബഹു. മുഖ്യമന്ത്രിയും ഈ വിഷയം ചൂണ്ടിക്കാണിച്ച് കേന്ദ്രത്തിന് കത്ത് നൽകിയിട്ടുണ്ട്.

(ഡി) സുപ്രീംകോടതി വിധിയെ മുൻനിർത്തി പ്രസ്തുത തീരുമാനം നടപ്പിലാക്കാതിരിക്കാനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

സാധാരണക്കാർക്ക് ലൂസായി വിൽക്കുന്ന അരി, ഗോതമ്പ് തുടങ്ങിയ ധാന്യങ്ങൾക്കും പയറുവർഗ്ഗങ്ങൾക്കും നികുതി ചുമത്താൻ 47-ാമത് ജി.എസ്.ടി. കൗൺസിൽ തീരുമാനമെടുത്തിട്ടില്ല. ആയത് മുൻകാലത്തെ പോലെതന്നെ നികുതിരഹിതമായി തുടരുകയാണ്. എന്നാൽ രജിസ്റ്റേർഡ് ബ്രാൻഡ് നാമത്തിൽ വിൽക്കുന്ന അരി ഉൾപ്പെടെയുള്ള ധാന്യങ്ങൾക്ക് അഞ്ച് ശതമാനം നികുതിയാണ് നിലവിൽ ഉണ്ടായിരുന്നത്. പല ബ്രാൻഡഡ് കമ്പനികളും ബ്രാൻഡഡ് സാധനങ്ങൾക്കുള്ള നികുതി അടയ്ക്കാതെ ഡിക്ലറേഷൻ എഴുതി നികുതി ഒഴിവ് ദുരുപയോഗം ചെയ്ത് വില്പന നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 47-ാമത് ജി.എസ്.ടി. കൗൺസിൽ പരിശോധിക്കുകയും ലൂസായി വിൽക്കുന്ന ഇത്തരം സാധനങ്ങൾക്ക് മാത്രം നികുതി ഒഴിവ് നിലനിർത്തുന്നതിനായി തീരുമാനിക്കുകയും ചെയ്തു. ഈ നികുതി സാധാരണക്കാരെ പ്രതികൂലമായി ബാധിക്കാതിരിക്കാനുള്ള എല്ലാ നടപടികളും സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. സാധാരണയായി മില്ലുടമകൾ മൊത്തവ്യാപാരികൾക്കും മൊത്തവ്യാപാരികൾ ചില്ലറ വില്പനക്കാർക്കും അരി ഉൾപ്പെടെയുള്ള ധാന്യങ്ങൾ നൽകുന്നത് 50 കിലോയും അതിന് മുകളിലുമുള്ള പായ്ക്കറ്റുകളായിട്ടാണ്. അതിന് ജി.എസ്.ടി. ബാധകമാവുകയില്ല. ചില്ലറ വ്യാപാരികൾ ഇത്തരം പായ്ക്കറ്റുകളിൽനിന്ന് ലൂസായി സാധാരണക്കാർക്ക് സാധനങ്ങൾ തൂക്കി കൊടുക്കുമ്പോഴും ജി.എസ്.ടി. ബാധകമാവുകയില്ല.

**സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങളുടെ വിവരശേഖരണം**

18 (*48) ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങളുടെയും സംരംഭകർ നേരിടുന്ന പ്രതിബന്ധങ്ങളുടെയും വിവര ശേഖരണത്തിന് പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെയാണ് പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്നതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ ഭൂമിശാസ്ത്രപരമായ സ്ഥാനം ഉൾപ്പെടെയുള്ള അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്നതിന് 'വ്യവസായ ജാലകം' എന്ന പേരിൽ സോഫ്റ്റ്‍വെയർ തയ്യാറാക്കിയിരുന്നു. നിലവിൽ പ്രസ്തുത

വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. സംരംഭകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഒരു ഓൺലൈൻ പരാതി പരിഹാര സംവിധാനവും തയ്യാറാക്കിയിട്ടുണ്ട്.

(ബി) വ്യവസായ വാണിജ്യ വകുപ്പ് നടപ്പിലാക്കുന്ന എല്ലാ സേവനങ്ങളെയും ഓൺലൈൻ സംവിധാനത്തിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

വ്യവസായ വാണിജ്യ വകുപ്പ് മുഖേന നടപ്പിലാക്കുന്ന സേവനങ്ങൾക്കെല്ലാം ഓൺലൈൻ പോർട്ടൽ തയ്യാറാക്കിയിട്ടുണ്ട്. ഇതിലൂടെ പൊതുജനങ്ങൾക്ക് അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. കൂടാതെ വ്യവസായ വാണിജ്യ വകുപ്പ് മുഖേന നൽകിവരുന്ന ഓൺലൈൻ സേവനങ്ങളുടെ തീർപ്പാക്കൽ നിരക്ക് തത്സമയം നിരീക്ഷിക്കുന്നതിന് ഡാഷ്ബോർഡ് തയ്യാറാക്കുകയും ആയത് www.dashboard.kerala.gov.in എന്ന സംസ്ഥാന സർക്കാർ ഡാഷ്ബോർഡ് പോർട്ടലുമായി ബന്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

കൂടാതെ സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ആരംഭിക്കുന്ന പുതിയ യൂണിറ്റുകളുടെ പ്രവർത്തന പുരോഗതി നിരീക്ഷിക്കുന്നതിനുള്ള ഓൺലൈൻ സംവിധാനവും വികസിപ്പിച്ചിട്ടുണ്ട്.

(സി) വിദ്യാർത്ഥികളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ?

എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക്കുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിക്കുന്നതിനും പ്രസ്തുത ക്ലബ്ബുകൾക്ക് സംരംഭകത്വ പരിശീലനം നൽകുന്നതിനും ജില്ലാ വ്യവസായ കേന്ദ്രം വഴി നിലവിൽ സംവിധാനമുണ്ട്. ബന്ധപ്പെട്ട വ്യവസായ വികസന ഓഫീസർമാർ വഴി ക്ലബ്ബുകൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്.

സാങ്കേതിക സർവ്വകലാശാലയുമായി സംയോജിച്ച് സംരംഭകർക്ക് സാങ്കേതിക സഹായം നൽകുന്നതിനായി പുതിയ ഒരു പദ്ധതി ഈ സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കുന്നുണ്ട്. ഇതനുസരിച്ച് സംരംഭങ്ങളിലെ സാങ്കേതികതലത്തിലും മാനേജ്മെന്റ് തലത്തിലും പരിഹരിക്കേണ്ട വിഷയങ്ങൾ കണ്ടെത്തി അവ സാങ്കേതിക സർവ്വകലാശാല വഴി പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ് ആയി നൽകുകയും അവ പരിഹരിക്കുന്നതിനുള്ള നടപടി ഇന്റേൺഷിപ്പിന്റെ ഭാഗമായി സ്വീകരിക്കുന്നതുമാണ്. ഉത്പാദന മേഖലയിലെ നവീന ആശയങ്ങളിൽ അധിഷ്ഠിതമായ സ്റ്റാർട്ടപ്പുകൾക്ക് സഹായം നൽകാൻ പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതുകൂടാതെ

നവീന ആശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും ഈ ആശയങ്ങൾക്ക് ആവശ്യമായ നിക്ഷേപം ലഭ്യമാക്കാൻ സഹായിക്കുന്നതിനുമായി 'ഡ്രീം-വെസ്റ്റർ' എന്ന പ്രോഗ്രാം സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാനത്തെ യുവാക്കളുടെ സംരംഭക ആശയങ്ങൾ അവതരിപ്പിക്കാനുള്ള അവസരം നൽകുന്ന ഈ പ്രോഗ്രാമിലൂടെ മികച്ച ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിന് സമ്മാനവും നൽകുന്നതാണ്.

യുവസംരംഭകർക്കായി കെ.എസ്.ഐ.ഡി.സി. ഒരു സാമ്പത്തിക സഹായ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. വിദ്യാർത്ഥികളടക്കമുള്ള യുവസംരംഭകരുടെ വ്യാപാര യോഗ്യമായ നൂതന സംരംഭങ്ങൾക്ക് കെ.എസ്.ഐ.ഡി.സി ഇരുപത്തഞ്ച് ലക്ഷം രൂപ വരെ മൂലധന സഹായം നൽകിവരുന്നു. സംരംഭം തുടങ്ങുന്നതിനാവശ്യമായ മൊത്തം തുകയുടെ തൊണ്ണൂറ് ശതമാനമോ അല്ലെങ്കിൽ ഇരുപത്തഞ്ച് ലക്ഷം രൂപയോ ആണ് പ്രാഥമിക മൂലധന സഹായമായി നൽകിവരുന്നത്.

**സംരംഭകർക്ക് അനായാസം സേവനം ലഭ്യമാക്കാനുള്ള പ്രവർത്തനം**

19 (*49) ശ്രീ. പി. പി. സുമോദ്:
ശ്രീ. പി. വി. അൻവർ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) 2022-23 സംരംഭക വർഷമായി പ്രഖ്യാപിച്ചും ഒരു വർഷത്തിനുള്ളിൽ ഒരു ലക്ഷം സംരംഭങ്ങൾ സ്ഥാപിച്ചും സംരംഭകത്വം ഒരു സംസ്കാരമായി വളർത്തിയെടുക്കാനുള്ള ഉദ്യമത്തിന്റെ ഇതുവരെയുള്ള പുരോഗതി ആശാവഹമാണോ എന്ന് അറിയിക്കാമോ?

ആശാവഹമാണ്.

2022-23 സംരംഭക വർഷമായി കേരള സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരുലക്ഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കാനുള്ള ഈ ബൃഹത്തായ പദ്ധതി, തദ്ദേശ സ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗസംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് ആരംഭിച്ചിട്ടുള്ളതാണ്. 30-3-2022-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംരംഭക വർഷത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. കൂടാതെ 30-3-2022 - ലെ സ.ഉ.(സാധാ)നമ്പർ 289/2022/ID പ്രകാരം സംരംഭക വർഷത്തിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി സംസ്ഥാന,

ജില്ലാ, തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ കമ്മിറ്റികൾ രൂപീകരിച്ചു. ഒരുലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ യോഗ്യതയുള്ള 1153 ഇന്റേണുകളെ നിയമിച്ചിട്ടുണ്ട്. കൂടാതെ ഇന്റേണിന്റെ നേതൃത്വത്തിൽ തിങ്കൾ, ബുധൻ ദിവസങ്ങളിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സംരംഭക ഹെൽപ് ഡെസ്ക് പ്രവർത്തിച്ചുതുടങ്ങിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിന്റെ ആദ്യഘട്ടമെന്ന നിലയിൽ, കേരളത്തിലെ എല്ലാ തദ്ദേശസ്വയം ഭരണ സ്ഥാപന പ്രദേശങ്ങളിലും സംരംഭം തുടങ്ങാൻ താല്പര്യമുള്ള ആളുകൾക്ക് 2022 മേയ്-ജൂൺ മാസങ്ങളിൽ പൊതുബോധവൽക്കരണ പരിപാടി നടത്തിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുബോധവൽക്കരണ പരിപാടിയിൽ പങ്കെടുക്കുന്ന സംരംഭകർക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്നതിനായി ജില്ലാ പ്രൊഫൈലുകൾ, ആവശ്യമായ ലൈസൻസുകൾ, ലഭ്യമായ സഹായ പദ്ധതികൾ എന്നീ വിവരങ്ങൾ ക്രോഡീകരിച്ച് പ്രത്യേക കൈപുസ്തകങ്ങൾ ജില്ലാ തലത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ ഈ വിവരങ്ങൾ സംരംഭകർക്ക് അനായാസമായി ലഭ്യമാക്കാൻ ഇവ ഉൾപ്പെടുത്തി പ്രത്യേക ചെറുവീഡിയോകളും നിർമ്മിച്ചിട്ടുണ്ട്. ഇതുവരെ 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 1158 പൊതുബോധവൽക്കരണ പരിപാടികൾ നടത്തുകയും അവയിലായി ആകെ 85,160 പേർ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. ഒരു ലക്ഷം സംരംഭങ്ങളുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും ഒരു ഓൺലൈൻ പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. പൊതുബോധവൽക്കരണ പരിപാടിയുടെ തുടർച്ചയായി, എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും 2022 ആഗസ്റ്റ് മാസത്തിൽ പൂർത്തിയാകുന്ന രീതിയിൽ ലൈസൻസ്/ലോൺ/സബ്സിഡി മേളകൾ നടത്തി വരുന്നുണ്ട്. ഒരു തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ മാസത്തിൽ നിശ്ചിത എണ്ണം സ്ഥാപനങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഇന്റേണുകൾക്ക് ഭൗതിക ലക്ഷ്യവും നിശ്ചയിച്ചുനൽകിയിട്ടുണ്ട്. സംസ്ഥാനത്താകെയായി 22-8-2022 വരെ 49020 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ജില്ലാടിസ്ഥാനത്തിൽ വിദഗ്ധരുടെ പാനൽ തയ്യാറാക്കി എം.എസ്.എം.ഇ. ക്ലിനിക്ക്, താലൂക്ക് തലത്തിൽ ഫെസിലിറ്റേഷൻ സെന്റർ എന്നിവ സ്ഥാപിച്ച് സംരംഭകർക്ക് അനായാസം സേവനം ലഭ്യമാക്കാനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ?

ഉണ്ട്.

(സി) വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും സംരംഭം തുടങ്ങുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും സഹായങ്ങളും ലഭ്യമാക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ ഹെൽപ്പ് ഡെസ്കുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഇവയുടെ പ്രവർത്തനം ഫലപ്രദമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കുന്നതിന് എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലുമായി പ്രൊഫഷണൽ യോഗ്യതയുള്ള 1153 ഇന്റേണുകളെ നിയമിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങളിലും തിങ്കൾ, ബുധൻ ദിവസങ്ങളിൽ ഹെൽപ് ഡെസ്ക് വഴി ഇന്റേണിന്റെ സേവനം ലഭ്യമാകുന്നതാണ്. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഹെൽപ് ഡെസ്ക് ആരംഭിക്കണമെന്ന നിർദ്ദേശം നൽകിക്കൊണ്ട് 25-6-2022-ലെ സ.ഉ.(സാധാ)നമ്പർ 1529/2022/LSGD പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**സംസ്ഥാനത്തെ സഹകരണ മേഖലയിൽ കേന്ദ്ര സർക്കാർ ഇടപെടൽ**

20 (*50) ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീമതി സി. കെ. ആശ:
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ മേഖലയെ തകർക്കാൻ കേന്ദ്ര സർക്കാർ ശ്രമങ്ങൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ സഹകരണ മേഖലയിലെ നിക്ഷേപകരിൽ ആശങ്ക സൃഷ്ടിക്കുന്ന തരത്തിൽ റിസർവ് ബാങ്ക് നീക്കംനടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

(എ & ബി) 1949-ലെ ബാങ്കിംഗ് റെഗുലേഷൻ നിയമത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് 2020-ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമം പാർലമെന്റ് പാസ്സാക്കിയിരുന്നു. 1966 വരെ Banking നിയമങ്ങൾ സഹകരണ സംഘങ്ങൾക്ക് ബാധകമായിരുന്നില്ല. എന്നാൽ കാലങ്ങളിൽ വരുത്തിയ ഭേദഗതികളിലൂടെ ബാങ്കിംഗ് നിയമത്തിലെ മിക്കവാറും എല്ലാ വ്യവസ്ഥകളും സഹകരണ സംഘങ്ങൾക്ക് ബാധകമാക്കിയിട്ടുണ്ട്. പല ഭേദഗതി നിർദ്ദേശങ്ങളും സഹകരണ നിയമത്തിന് എതിരുമാണ്.

2020-ൽ ബാങ്കിംഗ് നിയമത്തിൽ വരുത്തിയ ഭേദഗതികൾ പലതും സംസ്ഥാനത്തിന്റെ അധികാരങ്ങൾ കവരുന്നതും സഹകരണ നിയമത്തിന്റെ വ്യവസ്ഥകൾക്ക് വിരുദ്ധവുമാണ്. മുഖ്യ ഭേദഗതികൾ താഴെപ്പറയുന്നവയാണ്.

(i) Section 36 AA: ബാങ്കിംഗ് നിയമത്തിലെ 36 AA നിയമപ്രകാരം, ബാങ്കിംഗ് സ്ഥാപനങ്ങളിലെ മാനേജിംഗ് കമ്മിറ്റിയെ supersede ചെയ്യാൻ R.B.I.-യ്ക്ക് അധികാരമുണ്ട്. ഈ ഭേദഗതിയിലൂടെ സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങളുടെ ഭരണസമിതിക്കെതിരെ നടപടിയെടുക്കാൻ R.B.I.-യ്ക്ക് അധികാരം നൽകുന്നു.

(ii) സെക്ഷൻ 56: ഈ ഭേദഗതിയിലൂടെ സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ ഇടപെടാൻ വിപുലമായ അധികാരം നൽകുന്നു. ബൈലോ റദ്ദാക്കാൻ വരെ ആർ.ബി.ഐ.-യ്ക്ക് അധികാരമുണ്ട്.

(iii) Section 10 of Banking Regulation Act: പുതിയ ഭേദഗതിയിലൂടെ സെക്ഷൻ 10-ലെ വ്യവസ്ഥകൾ സഹകരണ ബാങ്കുകൾക്കും ബാധകമാക്കുകയുണ്ടായി. ഈ നിയമത്തിലെ വ്യവസ്ഥ പ്രകാരം സഹകരണ ബാങ്കിന്റെ ചെയർമാൻ മറ്റൊരു ബാങ്കിൽ ചെയർമാനോ അംഗമോ ആകാൻ കഴിയില്ല. പ്രസ്തുത നിയമ വ്യവസ്ഥകൾപ്രകാരം മാനേജിംഗ് ഡയറക്ടറുടെ നിയമനത്തിനുള്ള യോഗ്യതയും നിയമന കാലാവധിയും നിശ്ചയിക്കുന്നതിനുള്ള അധികാരം റിസർവ് ബാങ്ക് ഓഫ് ഇന്ത്യയിൽ അർപ്പിതമാണ്.

(iv) ബാങ്കിംഗ് നിയമത്തിലെ സെക്ഷൻ 56 (i) ഭേദഗതി ചെയ്തതിലൂടെ സെക്ഷൻ 12, 12A, 13, 15 to 17 എന്നിവ സഹകരണ സ്ഥാപനങ്ങൾക്ക് ബാധകമാക്കി.

സെക്ഷൻ 12-ൽ വരുത്തിയ ഭേദഗതിമൂലം ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്കുകൾ എന്നിവയ്ക്ക് R.B.I.-യുടെ മുൻകൂർ അനുമതി വാങ്ങിയശേഷം public issue, private placement of shares, preference share issue എന്നിവ നടത്താവുന്നതാണ്. അംഗങ്ങൾക്ക് മെമ്പർഷിപ്പ് സറണ്ടർ ചെയ്ത് ഓഹരി തിരിച്ചുവാങ്ങുന്നതിനും കഴിയുന്നതല്ല. ഇതുമൂലം ഓഹരി പിൻവലിക്കാനുള്ള അവസരം ഇല്ലാതാകുന്നതാണ്. ആയത് സഹകരണ നിയമത്തിനും വ്യവസ്ഥകൾക്കും വിരുദ്ധമാണ്. ഈ ഭേദഗതി നിർദ്ദേശം സഹകരണ നിയമത്തിലെ 22, 23, 24 എന്നിവയുടെ ലംഘനമാണ്.

ബാങ്കിംഗ് റെഗുലേഷൻ നിയമത്തിൽ വരുത്തിയ ഭേദഗതികൾ മിക്കവയും സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിന് ലക്ഷ്യം വച്ചിട്ടുള്ളതിനാൽ പ്രസ്തുത വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി സഹകാരികൾ, PACS Association ഭാരവാഹികൾ, സഹകരണ സംഘം/ബാങ്ക് ജീവനക്കാരുടെ സംഘടനാപ്രതിനിധികൾ എന്നിവരുമായി ചർച്ചനടത്തുകയും ഇത്തരം പ്രവർത്തന ങ്ങൾക്ക് എതിരെ പ്രതിരോധം നിൽക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. കൂടാതെ ഈ വിഷയത്തിൽ ഭരണഘടനയുടെ 131-ാം വകുപ്പ് പ്രകാരം ഒരു Suit സുപ്രീം കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്.

(സി) സംസ്ഥാനത്തെ സഹകരണ മേഖലയെ സംരക്ഷിക്കാനായി എന്തെല്ലാം ഇടപെടലുകളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

കേന്ദ്ര ആദായ നികുതി നിയമത്തിൽ കൂട്ടിചേർത്ത 194 N എന്ന വകുപ്പ് പ്രാബല്യത്തിൽ വന്നതോടെ സംസ്ഥാനത്തെ പ്രാഥമിക വായ്പ സഹകരണ സംഘങ്ങൾ ബാങ്കിംഗ് ബിസിനസ്സല്ല ചെയ്യുന്നതെന്ന് അഭിപ്രായപ്പെട്ട് പ്രാഥമിക സഹകരണ ബാങ്കുകളിൽനിന്നും ആദായ നികുതി ഈടാക്കണമെന്ന് കാണിച്ച് നികുതി വകുപ്പ് നോട്ടീസ് നൽകുകയുണ്ടായി. ടി നിയമത്തിലെ പ്രസ്തുത വകുപ്പിന്റെ പരിധിയിൽനിന്നും സംസ്ഥാനത്തെ സഹകരണ മേഖലയെ ഒഴിവാക്കുന്നതിനായി കേന്ദ്ര സർക്കാരിന് നൽകുകയും ആയതിന്മേൽ കേന്ദ്ര സർക്കാർ നടപടി ഒന്നുംതന്നെ സ്വീകരിച്ചിട്ടില്ലാത്തതാണ്. ഈ വിഷയത്തിൽ വിവധ സംഘങ്ങൾ ബഹു. ഹൈക്കോടതിയിൽനിന്ന് സ്റ്റേ ഉത്തരവുകൾ സമ്പാദിച്ചിട്ടുണ്ട്.

അതുപോലെ 194 A പ്രകാരം TDS ഇടാക്കണമെന്ന വ്യവസ്ഥയും ആദായ നികുതി വകുപ്പ് നടപ്പാക്കുന്നു. ആയതിന് സ്റ്റേ നേടിയിട്ടുണ്ട്.

(ഡി) സംസ്ഥാന സഹകരണ മേഖലയെ സംബന്ധിച്ച് ആർ.ബി.ഐ. പുറത്തിറക്കിയിട്ടുള്ള സർക്കുലറുകൾ സുപ്രീംകോടതി വിധിയുടെയും ഭരണഘടനയുടെ ഫെഡറൽ തത്വങ്ങളുടെയും ലംഘനമാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശ ദമാക്കാമോ?

കേരളത്തിലെ licensed ബാങ്കുകളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്ന തിനായി R.B.I. സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ടി നിർദ്ദേശങ്ങൾക്കെതിരെ ചില Urban Bank-കൾ കേരള ഹൈക്കോടതിയിൽ Writ Petition ഫയൽ ചെയ്തിരുന്നു. പ്രസ്തുത കേസുകൾ ഉൾപ്പെടെ ഇന്ത്യയിലൊട്ടാകെ സർക്കുലർ നിർദ്ദേശ ങ്ങൾക്കെതിരായി ഫയൽ ചെയ്തിരുന്ന കേസുകൾ ബഹു. സുപ്രീംകോടതിലേയ്ക്ക് മാറ്റുന്നതിന് ഭരണഘടനയുടെ Article 139 പ്രകാരം RBI Petition ഫയൽ ചെയ്തിട്ടുണ്ട്.

## സഹകരണ സംഘ സംരക്ഷണ നിധി

21(*51) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:

ശ്രീ. ജോബ് മൈക്കിൾ:

ശ്രീ. പ്രമോദ് നാരായൺ:

ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ മേഖലയിൽ സഹകരണ സംഘ സംരക്ഷണ നിധി രൂപീകരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിധിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും സ്രോതസ്സും പ്രവർത്തന രീതിയും അറിയിക്കാമോ;

(സി) പ്രസ്തുത നിധി മുഖേന എന്തൊക്കെ പരിരക്ഷകളാണ് നൽകാൻ ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ?

(എ-സി) സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി ഒരു പദ്ധതി ഗവണ്മെന്റ് തയ്യാറാക്കാൻ തീരുമാനിച്ചിട്ടുണ്ട്. സ്കീം തയ്യാറാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) നിലവിലുള്ള ഗ്യാരന്റി ബോർഡുകളുടെ പ്രവർത്തനം വിപുലമാക്കുന്നതിന് ആലോചനയുണ്ടോ; വിശദാംശം അറിയിക്കാമോ?

12-5-2022-ലെ സ.ഉ.(സാധാ)നമ്പർ 329/2022/Co-op. പ്രകാരം കേരള സംസ്ഥാന സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം പ്രകാരമുള്ള ഗ്യാരന്റി പരിധി രണ്ട് ലക്ഷം രൂപയിൽനിന്ന് അഞ്ച് ലക്ഷം രൂപയായി ഉയർത്തുന്നതിനുള്ള നടപടികൾ ആരംഭിക്കാൻ തത്വത്തിൽ അനുമതി നൽകുകയും ആയത് പ്രകാരം തുടർ നടപടികൾ സ്വീകരിക്കാൻ ബോർഡ് വൈസ് ചെയർമാനെ ചുമതലപ്പെടുത്തുകയും ചെയ്തു. ബോർഡിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിശദമായ ഭേദഗതി തയ്യാറാക്കുന്നതാണ്.

## പൊതുമേഖലാ സ്ഥാപനങ്ങൾക്കായി മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ നടപടി

22 (*52) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ നിലപാടിൽനിന്ന് വ്യത്യസ്തമായി സംസ്ഥാനത്തെ പൊതുമേഖലാസ്ഥാപനങ്ങളെ പൊതുമേഖലയിൽത്തന്നെ നിലനിർത്തി കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യ വത്ക്കരിക്കുകയും നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ അടച്ചുപൂട്ടുകയും ചെയ്യുന്ന നയമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചിരിക്കുന്നത്. എന്നാൽ പൊതുമേഖലാ സ്ഥാപനങ്ങളെ പൊതുമേഖലയിൽത്തന്നെ നിലനിർത്തി സംരക്ഷിക്കുന്ന ബദൽ നയസമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളെ സംസ്ഥാനത്തിന്റെ മുതൽക്കൂട്ടായി കണ്ടുകൊണ്ട് ഉല്പന്നത്തിന്റെ വിപണന സാദ്ധ്യതയും ലാഭകരമായി നടത്താനുള്ള സാങ്കേതികവിദ്യയും സ്വായത്തമായിട്ടുണ്ടെങ്കിൽ അവയുടെ മുൻകാല കടങ്ങൾ വീട്ടി ആ സ്ഥാപനത്തെ ഏറ്റെടുത്ത് പുനരുജ്ജീവിപ്പിക്കുക എന്നുള്ളതാണ് സംസ്ഥാന സർക്കാർ അനുവർത്തിച്ചിരിക്കുന്ന നയം. കൂടാതെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ സമഗ്രമായ പുനരുദ്ധാരണം ലക്ഷ്യമിട്ടുകൊണ്ടുള്ള മാസ്റ്റർ പ്ലാൻ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്.

സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്ന നയത്തിന്റെ ഭാഗമായി സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്നതും കേന്ദ്രസർക്കാർ സ്വകാര്യവത്ക്കരിക്കാൻ തീരുമാനിച്ചതുമായ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റിഡിനെ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് എന്ന പേരിൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞത് കൂടാതെ കേന്ദ്ര സർക്കാർ സ്വകാര്യവത്ക്കരിക്കാൻ തീരുമാനിച്ച കാസർഗോഡ് ജില്ലയിൽ പ്രവർത്തിച്ചിരുന്ന ഭെൽ-ഇ.എം.എൽ. കമ്പനി സംസ്ഥാനം ഏറ്റെടുക്കുന്നതിന്റെ ഭാഗമായി ബി.എച്ച്.ഇ.എൽ.-ന് BHEL-

EML-ൽ ഉണ്ടായിരുന്ന 51% ഓഹരികളും കേരള സർക്കാർ ഏറ്റെടുത്ത് പ്രസ്തുത സ്ഥാപനത്തെ കെൽ-ഇ.എം.എൽ. എന്ന പേരിൽ സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമാക്കി മാറ്റിയിട്ടുണ്ട്.

(ബി) സാങ്കേതിക രംഗത്ത് ഉൾപ്പെടെ സമസ്ത മേഖലകളിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങളെ ഉൾക്കൊണ്ടുകൊണ്ട് പൊതുമേഖലാ സ്ഥാപനങ്ങളെ കൂടുതൽ കാര്യക്ഷമമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിശദമായി വിലയിരുത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങൾ സാങ്കേതിക രംഗത്ത് ഉൾപ്പെടെ സമസ്ത മേഖലകളിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങളെ ഉൾകൊണ്ട് കൂടുതൽ കാര്യക്ഷമത കൈവരിക്കുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചു-വരുന്നത്. വ്യവസായ വകുപ്പിനുകീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ കാര്യക്ഷമമാക്കാൻ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു:-

- ഉൽപ്പാദന-വിപണന സംവിധാനങ്ങളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്താൻ ഓരോ സ്ഥാപനത്തിനും അനുയോജ്യമായ ആധുനികവത്കരണ, വിപുലീകരണ, വൈവിദ്ധ്യവൽക്കരണ പദ്ധതികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള മാസ്റ്റർ പ്ലാനുകൾ കമ്പനി തലത്തിൽ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വിശദമായ പദ്ധതി നടത്തിപ്പ് റിപ്പോർട്ടുകൾ തയ്യാറായിവരുന്നു.

- മാസ്റ്റർ പ്ലാനിന്റെ ഭാഗമായുള്ള വ്യവസായ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ പ്രത്യേക പ്രാവീണ്യമുള്ള വിദഗ്ധരെ ഉൾപ്പെടുത്തി ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് സജ്ജമാക്കിയിട്ടുണ്ട്. ടെക്നിക്കൽ, പ്രോജക്ട് എക്സിക്യൂഷൻ, ഫിനാൻസ് എന്നീ മേഖലകളിലേയ്ക്കാണ് പ്രസ്തുത വിദഗ്ധരുടെ സേവനം ലഭ്യമാക്കിയിരിക്കുന്നത്.

- വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മാസംതോറും അവലോകനം ചെയ്ത് വരുന്നുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇന്റേണൽ ആഡിറ്റ് സംവിധാനവും സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സംവിധാനവും പ്രത്യേക അവലോകനത്തിന് വിധേയമാക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

- വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാസ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള വിവിധ ഡയറക്ടറേറ്റുകൾ, വിവിധ വികസന ഏജൻസികൾ എന്നിവ ഉൾപ്പെടെയുള്ള വിവിധ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളുടെ തത്സമയ നിരീക്ഷണത്തിനായി ഒരു ഓൺലൈൻ വെബ് പോർട്ടൽ ആരംഭിച്ചിട്ടുണ്ട്.

- സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ കൂടുതൽ കാര്യക്ഷമത ഉറപ്പ് വരുത്തുന്നതിനായി അതാത് മേഖലയിൽ വിദഗ്ദ്ധരായവരെ കമ്പനി മേധാവികളായി നിയമിക്കുന്നതിനും കമ്പനികളുടെ ഡയറക്ടർ ബോർഡുകൾ വിദഗ്ദ്ധരെ ഉൾപ്പെടുത്തി ശക്തിപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

- നൂതന ഇലക്ട്രോണിക് ഗവേണൻസ് സംവിധാനങ്ങൾ ഏർപ്പെടുത്തു ന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

- ജീവനക്കാരുടെ കാര്യക്ഷമതയും മികവും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളിലെ ചെയർമാൻ, മാനേജിംഗ് ഡയറക്ടർ ഉൾപ്പെടെയുള്ള ഡയറക്ടർ ബോർഡ് അംഗങ്ങൾക്കും ആവശ്യമായ പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

- പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനമികവിന് അംഗീകാരം നൽകു ന്നതിന്റെ ഭാഗമായി ഏറ്റവും മികച്ച സ്ഥാപനം, മാനേജിംഗ് ഡയറക്ടർ, ജീവനക്കാരൻ, വ്യവസായ മേഖലയെ സംബന്ധിച്ച മികച്ച മാധ്യമ റിപ്പോർട്ടിംഗ് എന്നീ മേഖലകളിൽ അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) ഉല്പാദന, വിപണന സംവിധാനങ്ങളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്താൻ കഴിയുന്നവിധം ഓരോ പൊതുമേഖലാ സ്ഥാപനത്തിനും അനുയോജ്യമായ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സാങ്കേതിക രംഗത്ത് ഉൾപ്പെടെ സമസ്ത മേഖലകളിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങളെ ഉൾക്കൊണ്ടുകൊണ്ട് തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള പദ്ധതികൾ സ്ഥാപനങ്ങൾ നടപ്പിലാക്കിവരുന്നു. ഓരോ സ്ഥാപനങ്ങളുടെയും പ്രവർത്തന മേഖലയ്ക്ക് അനുയോജ്യമായ പദ്ധതികളും നിലവിലെ ഉല്പന്നങ്ങളുടെ ഭാവി വിപണന സാദ്ധ്യതകൾ വിലയിരുത്തി വിപുലീകരണ പദ്ധതികളും കൂടുതൽ വിപണന സാദ്ധ്യതകളുള്ള നൂതന ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള വൈവിദ്ധ്യവത്കരണ പദ്ധതികളുമാണ് ഇതിലൂടെ ആവിഷ്കരിച്ചിരിക്കുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികൾ മാസ്റ്റർ പ്ലാൻ പദ്ധതികളുടെ അടിസ്ഥാനത്തിലാണ് നടപ്പിലാക്കുക.

മാസ്റ്റർ പ്ലാൻ പദ്ധതികളുടെ വിശദമായ പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും അത് സമയബന്ധിതമായി പൂർത്തീകരണത്തിന് ആവശ്യമായ സഹായം ഉറപ്പുവരുത്തുന്നതിനുമായി വ്യവസായ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ പ്രത്യേക പ്രാവീണ്യമുള്ള വിദഗ്ദ്ധരെ ഉൾപ്പെടുത്തി ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് സജ്ജമാക്കിയിട്ടുണ്ട്. ടെക്നിക്കൽ, പ്രോജക്ട് എക്സിക്യൂഷൻ, ഫിനാൻസ് എന്നീ മേഖലകളിലേയ്ക്കാണ് പ്രസ്തുത വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കിയിരിക്കുന്നത്. മാസ്റ്റർ പ്ലാൻ പദ്ധതികളുടെ നടത്തിപ്പിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും ടെക്നിക്കൽ കോ-ഓർഡിനേഷൻ ചുമതല നിർവ്വഹിക്കുന്നതിനുമായി അഡ്വൈസർ (മാസ്റ്റർ പ്ലാൻ) ആയി ഒരു വിദഗ്ദ്ധനെയും നിയോഗിച്ചിട്ടുണ്ട്.

(ഡി) പൊതുമേഖലാ സ്ഥാപനങ്ങളെ കാര്യക്ഷമമാക്കുന്നതിനായി സാമ്പത്തികവും പ്രവർത്തനപരവുമായ സ്വാതന്ത്ര്യം അനുവദിക്കണമെന്ന് ഇതേക്കുറിച്ച് പഠിക്കാൻ സർക്കാർ നിയോഗിച്ച വിദഗ്ദ്ധ സമിതി ശിപാർശ ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

കമ്പനികളുടെ സമഗ്രമായ പുനഃസംഘടനയും ആധുനികവത്കരണത്തിനുമായുള്ള നിർദ്ദേശങ്ങളോടൊപ്പം സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ച് പ്രായോഗിക നിർദ്ദേശങ്ങൾ നൽകുന്നതിനുവേണ്ടി മുൻ ചീഫ് സെക്രട്ടറിയും കെ.എസ്.ഐ.ഡി.സി. ചെയർമാനുമായ ശ്രീ. പോൾ ആന്റണി, ഐ.എ.എസ്. ചെയർമാനായി ഒരു വിദഗ്ദ്ധ കമ്മിറ്റി രൂപീകരിച്ചിരുന്നു. സ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തനമികവും അവയുടെ വികസനത്തിനുള്ള ഭാവി സാദ്ധ്യതകളും മുൻനിർത്തി ഓരോ തലത്തിലും ഉത്തരവാദിത്തം ഉറപ്പുവരുത്തിക്കൊണ്ട് അവയുടെ പ്രവർത്തനങ്ങളിൽ സ്വയം ഭരണാവകാശം നൽകുന്നതിനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള റിപ്പോർട്ട് കമ്മിറ്റി നൽകിയിട്ടുണ്ട്. സർക്കാർ ഈ റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

## സഹകരണ ഓഡിറ്റ് പരിഷ്കരിക്കാൻ നടപടി

23 (*53) ശ്രീ. വാഴൂർ സോമൻ:
ശ്രീ. വി. ശശി:
ശ്രീ. സി. സി. മുകുന്ദൻ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ സംഘങ്ങളുടെ വിശ്വാസ്യത, സുതാര്യത എന്നിവ ഉറപ്പുവരുത്തുന്നതിനായി ഓഡിറ്റ് സംവിധാനം ആധുനിക ഓഡിറ്റ് രീതികൾക്കും സമ്പ്രദായങ്ങൾക്കും അനുസരിച്ച് പരിഷ്കരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ ഓഫീസിൽ നിന്നുള്ള ഉദ്യോഗസ്ഥൻ ഓഡിറ്റ് ഡയറക്ടറായി സഹകരണ ഓഡിറ്റിംഗ് സംവിധാനം നിലവിൽ വന്നിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) ഉണ്ട്. സഹകരണ സംഘങ്ങളുടെ ഓഡിറ്റ് സമ്പ്രദായം ശക്തമാക്കുന്നതിന്റെ ഭാഗമായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ IA&AS സർവ്വീസിൽനിന്ന് സീനിയർ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ ഗ്രേഡിലുള്ള ഉദ്യോഗസ്ഥയെ സഹകരണ ആഡിറ്റ് ഡയറക്ടറായി നിയമിച്ചിട്ടുണ്ട്.

സഹകരണ സംഘങ്ങളുടെ ഓഡിറ്റ് കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതും ആക്കുന്നതിലേയ്ക്കായി സഹകരണ വകുപ്പിൽ ടീം ഓഡിറ്റ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ടീം ഓഡിറ്റ് നടത്തുന്നത് സംബന്ധിച്ച് ഒരു സ്കീം തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് നടത്തുന്നതാണ്.

സഹകരണ ഓഡിറ്റ് സംവിധാനം ഫലപ്രദമായവിധം ശക്തിപ്പെടുത്തു ന്നതിന്റെ ഭാഗമായി പത്തനംതിട്ട ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ ടീം ഓഡിറ്റ് സംവിധാനം നടത്തുന്നതിന് അനുമതി നൽകി.

കമ്പ്യൂട്ടർവൽകൃത സംഘങ്ങളിൽ ഓഡിറ്റ് കാര്യക്ഷമമായി നിർവ്വഹിക്കത്തക്ക രീതിയിൽ ജില്ലാതലത്തിൽ ഓഡിറ്റർമാർക്ക് പരിശീലനം നൽകിയിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട സംഘങ്ങളിൽ ഐ.റ്റി. ഓഡിറ്റ് പുറത്തുനിന്നുള്ള കമ്പ്യൂട്ടർ വിദഗ്ദ്ധരുടെ സഹായത്തോടെ നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

വസ്തു ഈടുകളുടെ സാമ്പിൾ തെരഞ്ഞെടുത്ത് ഭൗതിക പരിശോധന നടത്താൻ ആഡിറ്റർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് (ഐ.സി.എം.), അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (ACSTI) എന്നിവയിലെ വിദഗ്ധരുടെ സേവനം ലഭ്യമാക്കി പരിശീലന പരിപാടി സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് (ഐ.സി.എം.), അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (ACSTI) എന്നിവയിലെ ഡയറക്ടർമാരുമായി സഹകരണ ആഡിറ്റ് ഡയറക്ടർ ചർച്ചചെയ്ത് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

ഓഡിറ്റ് MATRIX-ന്റെ ഉപയോഗത്തിലൂടെ ഓഡിറ്റ് കൂടുതൽ കാര്യക്ഷമമാക്കാനും റിപ്പോർട്ടിംഗ് മികവുറ്റതാക്കാനും റിസ്ക് കൂടിയ മേഖലകളിൽ കൂടുതൽ ശ്രദ്ധചെലുത്താനുമുള്ള പരിശീലനം ആഡിറ്റ് ഡയറക്ടറുടെ നേതൃത്വത്തിൽ നൽകിയിട്ടുണ്ട്.

സ്വർണ്ണപ്പണയ പണ്ടങ്ങളുടെ പരിശോധന കാലാനുസൃതമായി കാര്യക്ഷമമായ രീതിയിൽ നടത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

സഹകരണ സംഘങ്ങളുടെ ഓഡിറ്റ് സംബന്ധിച്ച് വകുപ്പുതല ആഡിറ്റർമാരുടെ ടൂർ പ്രോഗ്രാം, ഡയറി വെരിഫിക്കേഷനുകൾ എന്നിവ താലൂക്ക് അസിസ്റ്റന്റ് ഡയറക്ടർമാരും ജില്ലാ ജോയിന്റ് ഡയറക്ടർമാരും കൃത്യമായി നടത്തിവരുന്നു.

വകുപ്പുതലത്തിൽ ആഡിറ്റർമാരുടെ പ്രവൃത്തി അവലോകനം പ്രതിമാസം താലൂക്ക്/ജില്ലാ/സംസ്ഥാനതലങ്ങളിലും നടത്തുന്നുണ്ട്.

പരിഷ്കരിച്ച ഓഡിറ്റ് മാന്വൽ പ്രകാരം ഓഡിറ്റ് നടത്തുന്നതിന് ആഡിറ്റർമാർക്ക് ആവശ്യമായ പരിശീലനം നൽകിവരുന്നു.

ഓഡിറ്റ് മാന്വൽ മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പ്രതിമാസ നിക്ഷേപ പദ്ധതികളുടെ ഓഡിറ്റ് ഏകീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

അനുപാത വിശകലനം നടത്തി സംഘത്തിന്റെ സാമ്പത്തിക നില മനസ്സിലാക്കി സംഘങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിന് ആഡിറ്റർമാർക്ക് ജില്ലാ ജോയിന്റ് ഡയറക്ടർ മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്.

ഓഡിറ്റ് സംബന്ധിച്ച വിവരങ്ങൾ ഓൺലൈൻ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സഹകരണ വകുപ്പ് ആധുനികവത്കരണത്തിന്റെ ഭാഗമായി C-Dit മുഖേന നടപ്പിലാക്കിയിട്ടുള്ള Integrated Co-operative Department Management System പ്രോജക്ടിൽ ഉൾപ്പെടുത്തി സഹകരണ സംഘങ്ങളുടെ ഓഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്.

സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും മറ്റ് ഫംഗ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുമുള്ള കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെ അടിസ്ഥാന വിവരങ്ങളും ഓഡിറ്റ് സംബന്ധിച്ച വിവരങ്ങളും സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS)-ലൂടെ ഓൺലൈനായി www.camis.kerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തരം പൊതുജനങ്ങൾക്ക് കാണുന്നതിനുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ വിശ്വാസ്യത, സുതാര്യത എന്നിവ ഉറപ്പ് വരുത്തുന്നതിനായി ഓഡിറ്റ് സംവിധാനം ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലും അവയുടെ ശാഖകളിലും കോമൺ സോഫ്റ്റ്‌വെയർ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സഹകരണ സംഘങ്ങളിലെ ക്രമക്കേടുകൾ ഇല്ലാതാക്കുന്നതിനായി അക്കൗണ്ടിംഗ് സംവിധാനത്തിൽ കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരാനും സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്താനും ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

പുതിയ സഹകരണ ഭേദഗതി നിയമത്തിൽ അക്കൗണ്ടിംഗിന് നിയതമായ വ്യവസ്ഥ ഏർപ്പെടുത്തുന്നതാണ്.

(ഡി) സഹകരണ സംഘങ്ങളിലെ ഓഡിറ്റ് സംവിധാനം കാര്യക്ഷമമാക്കുന്നതിനായി സഹകരണ നിയമം, ചട്ടങ്ങൾ, മാന്വൽ എന്നിവയിൽ ഭേദഗതി കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. സഹകരണ മേഖലയിലെ പ്രവർത്തനങ്ങൾ മികവുറ്റതാക്കാനും സഹകരണ നിയമത്തിൽ കൂടുതൽ കർശന വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനും സഹകരണ സംഘങ്ങളിലെ ഓഡിറ്റ് കാര്യക്ഷമമാക്കുന്നതിനും സംഘങ്ങളുടെ വളർച്ചയ്ക്ക് അനുയോജ്യമായ രീതിയിലും സമഗ്ര നിയമ ഭേദഗതി വരുത്തുന്നതാണ്. 26-3-2021-ലെ ജി.ഒ.(പി)നമ്പർ 61/2021/സഹ. നമ്പർ ഉത്തരവ് പ്രകാരം സഹകരണ ഓഡിറ്റ് മാന്വൽ പരിഷ്കരിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## സ്മാർട്ട് മീറ്റർ സ്ഥാപിക്കാൻ നടപടി

24 (*54) ഡോ. എൻ. ജയരാജ്:

ശ്രീ. ജോബ് മൈക്കിൾ:

ശ്രീ. പ്രമോദ് നാരായൺ:

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.എൽ. ഉപഭോക്താക്കൾക്കായി സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ?

വൈദ്യുതി വിതരണ മേഖലയുടെ വികസനവും നവീകരണവും ലക്ഷ്യമാക്കി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പുതിയ " നവീകൃത വിതരണ മേഖല പദ്ധതി" (Revamped Distribution Sector Scheme - RDSS)-യിൽ ഉൾപ്പെടുത്തി എല്ലാ വിഭാഗത്തിലുമുള്ള ഉപഭോക്താക്കൾക്കും 2025-ഓടുകൂടി ഘട്ടംഘട്ടമായി പ്രീപെയ്ഡ് സ്മാർട്ട് മീറ്റർ സ്ഥാപിക്കാനാണ് ലക്ഷ്യമിടുന്നത്.

15-3-2022-ൽ ചേർന്ന RDSS (റീവാമ്പ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം) മോണിറ്ററിംഗ് കമ്മിറ്റി മീറ്റിംഗിൽ പദ്ധതിക്കുള്ള കേന്ദ്ര സർക്കാർ അനുമതി ലഭ്യമായിട്ടുണ്ട്.

രണ്ട് ഘട്ടങ്ങളിലായി എല്ലാ ഉപഭോക്താക്കൾക്കും സ്മാർട്ട് മീറ്റർ സ്ഥാപിക്കാൻ കെ.എസ്.ഇ.ബി.എൽ. ഉദ്ദേശിക്കുന്നു. ഒന്നാം ഘട്ടത്തിൽ ഏതാണ്ട് 37 ലക്ഷം ഉപഭോക്താക്കൾക്കും രണ്ടാം ഘട്ടത്തിൽ ബാക്കിയുള്ള ഏതാണ്ട് 96 ലക്ഷം ഉപഭോക്താക്കൾക്കും സ്മാർട്ട് മീറ്റർ സ്ഥാപിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. RDSS മാർഗ്ഗരേഖ പ്രകാരം ഒന്നാം ഘട്ടം സ്മാർട്ട് മീറ്ററുകളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും സ്ഥാപിക്കുന്നതിനായി കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ RECPDCL (REC Power Development and Consultancy Ltd.) എന്ന സ്ഥാപനത്തെ പ്രോജക്റ്റ് ഇംപ്ലിമെന്റേഷൻ ഏജൻസി (PIA) ആയിട്ട് മാനദണ്ഡങ്ങൾക്ക് വിധേയമായി, കെ.എസ്.ഇ.ബി.എൽ. 10 വർഷത്തെ കാലയളവിലേയ്ക്ക് നിയമിച്ചിട്ടുണ്ട് (2.5 വർഷം പദ്ധതി നടപ്പിലാക്കുന്നതിനും 7.5 വർഷം പദ്ധതി പരിപാലനത്തിനും). ഒന്നാം ഘട്ടപദ്ധതി നടത്തിപ്പിനായുള്ള AMISP (Automated Metering Infrastructure Service Provider)-യെ (സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്ന കമ്പനി) ടെൻഡർ മുഖേന നിയമിക്കുന്നതിനുള്ള സത്വര നടപടികൾ ഇംപ്ലിമെന്റേഷൻ ഏജൻസി ആയ RECPDCL കൈക്കൊണ്ടുവരുന്നു.

(ബി) ഗാർഹിക ഉപഭോക്താക്കളുടെ മീറ്റർ റീഡിംഗ് രണ്ടുമാസത്തിലൊരിക്കൽ എടുക്കുന്നതിന് പകരം പ്രതിമാസം എടുക്കുന്നതിനും അതത് മാസത്തെ റീഡിംഗ് ഉപഭോക്താക്കൾക്ക് തന്നെ മൊബൈൽ ആപ്പ്, വെബ്സൈറ്റ് എന്നിവ മുഖേന അപ്‌ലോഡ് ചെയ്ത് ബിൽ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കാമോ?

റീഡിംഗ് മാസംതോറും ആയി മാറ്റുമ്പോൾ, റീഡിംഗ് എടുക്കുന്നതിനും ബില്ലുകൾ തയ്യാറാക്കുന്നതിനും ക്യാഷ് കളക്ഷൻ നടത്തുന്നതിനും കൂടുതൽ ജീവനക്കാരെ നിയോഗിക്കേണ്ടിവരുന്നതുമൂലം ഉണ്ടാകുന്ന അധിക ചെലവ് കെ.എസ്.ഇ.ബി.എൽ.-ന്റെ പ്രവർത്തന ചെലവിനെ ക്രമാതീതമായി വർദ്ധിപ്പിക്കും. ഈ തുക ഉയർന്ന വൈദ്യുതി നിരക്കായി താരിഫിൽ പ്രതിഫലിക്കുന്ന സാഹചര്യം ഉണ്ടാവുകയും ചെയ്യും. ആയതിനാൽ ഇക്കാര്യം ഇപ്പോൾ കെ.എസ്. ഇ.ബി.എൽ. -ന്റെ പരിഗണനയിലില്ല.

കോവിഡ്-19 വ്യാപിച്ചിരുന്ന പശ്ചാത്തലത്തിൽ, ലോക്ക്ഡൗൺ പ്രദേശത്തുള്ള ഉപഭോക്താക്കൾക്ക് സ്വയം മീറ്റർ റീഡിംഗ് രേഖപ്പെടുത്തി ഫോട്ടോ അപ്‌ലോഡ് ചെയ്യുന്നതിനുള്ള സംവിധാനം ഒരുക്കിയിരുന്നു. ടി സംവിധാനം നിലവിലുള്ള ദ്വൈമാസ ബില്ലിംഗ് പ്രകാരമാണ് നടപ്പിലാക്കിയിരുന്നത്. അതിനാൽ മീറ്റർ റീഡിംഗ് എടുക്കാത്തതുമൂലം ശരാശരി ബിൽ ലഭിക്കുമായിരുന്ന ഉപഭോക്താക്കൾക്ക് അപ്‌ലോഡ് ചെയ്ത മീറ്റർ റീഡിംഗ് പ്രകാരമുള്ള ബില്ലുകൾ നൽകിയിരുന്നു.

പ്രസ്തുത സംവിധാനം എല്ലാ ഉപഭോക്താക്കൾക്കും ലഭ്യമാക്കുന്ന കാര്യം പരിശോധിക്കണമെന്ന നിർദ്ദേശത്തെ തുടർന്ന്, ഉപഭോക്താക്കൾക്ക് തന്നെ മീറ്റർ റീഡിംഗ് എടുത്ത് അപ്‌ലോഡ് ചെയ്യുന്നതിനുള്ള സംവിധാനം പരീക്ഷണ അടിസ്ഥാനത്തിൽ നടപ്പിലാക്കാൻ തീരുമാനിക്കുകയും പ്രത്യേക മൊബൈൽ ആപ്പ്/സോഫ്റ്റ്‌വെയർ ഉണ്ടാക്കി ടി സംവിധാനം 8 സെക്ഷൻ ഓഫീസുകളിൽ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ തുടങ്ങുകയും ചെയ്തിട്ടുണ്ട്.

**സഹകരണ ബാങ്കുകളുടെ ഓഡിറ്റിംഗ് കാര്യക്ഷമമാക്കാൻ നടപടി**

25 (*55) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ ബാങ്കുകളുടെ പ്രവർത്തനം സുതാര്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) സഹകരണ ബാങ്കുകളുടെ പ്രവർത്തനം നിയമവിധേയമാണെന്ന് ഉറപ്പുവരുത്താൻ എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത്; ഇവ പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ; ഇല്ലെങ്കിൽ ഇതുസംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നറിയിക്കാമോ?

(എ&ബി) സഹകരണ മേഖലയിലെ സാമ്പത്തിക ഇടപാടുകൾ സുതാര്യവും വിശ്വാസ്യവും ആക്കുന്നതിന് ഓഡിറ്റ്, ഇൻസ്പെക്ഷൻ എന്നിവ ശക്തിപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

സഹകരണ രംഗത്ത് ആശാസ്യമല്ലാത്ത നടപടികൾ ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ ഇവ തടയുന്നതിനും ക്രിമിനൽ നിയമപ്രകാരം അന്വേഷിക്കുന്നതിനുമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കേരള സഹകരണ സംഘം നിയമം ഭേദഗതി ചെയ്യുന്നതാണ്. സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 1607 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലും അവയുടെ ശാഖകളിലും കോമൺ സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനായുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

സഹകരണ ഓഡിറ്റ് സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി ICDMS പ്രോജക്ടിന്റെ ഭാഗമായി സഹകരണ സംഘങ്ങളുടെ ഓഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്.

സഹകരണസംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും മറ്റ് ഫംഗ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുമുള്ള കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെയും അടിസ്ഥാന വിവരങ്ങളും ആഡിറ്റ് സംബന്ധിച്ച വിവരങ്ങളും CAMIS-ലൂടെ പൊതുജനങ്ങൾക്ക് ഉൾപ്പെടെ ഓൺലൈനായി www.camis.kerala.gov.in എന്ന വെബ്സൈറ്റിലൂടെ ലഭ്യമാക്കിയിട്ടുണ്ട്.

(സി) സഹകരണ ബാങ്കുകളുടെ ഓഡിറ്റിംഗ് കുറ്റമറ്റതും കാര്യക്ഷമവുമാക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

സഹകരണ ബാങ്കുകളുടെ ഓഡിറ്റിംഗ് കുറ്റമറ്റതും കാര്യക്ഷമവുമാക്കാൻ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

സഹകരണ സംഘങ്ങളുടെ ഓഡിറ്റ് കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതും ആക്കുന്നതിലേയ്ക്കായി സഹകരണ വകുപ്പിൽ ടീം ആഡിറ്റ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി പത്തനംതിട്ട ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ ടീം ആഡിറ്റ് നടപ്പിലാക്കുന്നതിന് അനുമതി

നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 16-8-2022-ന് ടീം ആഡിറ്റ് സംവിധാനം ആരംഭിച്ചു. കമ്പ്യൂട്ടർവൽകൃത സംഘങ്ങളിൽ ആഡിറ്റ് കാര്യക്ഷമമായി നിർവ്വഹിക്കത്തക്ക രീതിയിൽ ജില്ലാതലത്തിൽ ആഡിറ്റർമാർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

സ്വർണ്ണപ്പണയ പണ്ടങ്ങളുടെ പരിശോധന കാലാനുസൃതമായി കാര്യക്ഷമമായ രീതിയിൽ നടത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്.

സഹകരണ സംഘങ്ങളുടെ ഓഡിറ്റ് സംബന്ധിച്ച് വകുപ്പുതല ആഡിറ്റർമാരുടെ ടൂർ പ്രോഗ്രാം, ഡയറി വെരിഫിക്കേഷനുകൾ എന്നിവ താലൂക്ക് അസിസ്റ്റന്റ് ഡയറക്ടർമാരും ജില്ലാ ജോയിന്റ് ഡയറക്ടർമാരും ആഡിറ്റ് ഡയറക്ടറും കൃത്യമായി നടത്തിവരുന്നു.

വകുപ്പുതലത്തിൽ ഓഡിറ്റർമാരുടെ പ്രവൃത്തി അവലോകനം പ്രതിമാസം താലൂക്ക്/ ജില്ലാ/സംസ്ഥാന തലങ്ങളിലും നടത്തുന്നുണ്ട്.

പരിഷ്കരിച്ച ഓഡിറ്റ് മാന്വൽ പ്രകാരം ഓഡിറ്റ് നടത്തുന്നതിന് ഓഡിറ്റർമാർക്ക് ആവശ്യമായ പരിശീലനം നല്കിവരുന്നു. ഓഡിറ്റ് മാന്വൽ മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

പ്രതിമാസ നിക്ഷേപ പദ്ധതികളുടെ ഓഡിറ്റ് ഏകീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

അനുപാത വിശകലനം നടത്തി സംഘത്തിന്റെ സാമ്പത്തിക നില മനസ്സിലാക്കി സംഘങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നല്കുന്നതിന് ഓഡിറ്റർമാർക്ക് ജില്ലാ ജോയിന്റ് ഡയറക്ടർ മുഖേന നിർദ്ദേശം നല്കിയിട്ടുണ്ട്.

വസ്തു ജാമ്യത്തിലുള്ള വായ്പ അപേക്ഷയിന്മേൽ ഏകീകൃത സ്വഭാവം കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഓഡിറ്റ് സംബന്ധിച്ച വിവരങ്ങൾ ഓൺലൈൻ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഓഡിറ്റ് ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ ഭേദഗതികൾ സഹകരണ നിയമത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു

സഹകരണ വകുപ്പ് ആധുനികവത്കരണത്തിന്റെ ഭാഗമായി C-Dit മുഖേന നടപ്പിലാക്കിയിട്ടുള്ള (Integrated Co-operative Department Management System) പ്രോജക്ടിൽ ഉൾപ്പെടുത്തി സഹകരണ സംഘങ്ങളുടെ ഓഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്

സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും മറ്റ് ഫംഗ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുമുള്ള കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെ അടിസ്ഥാന വിവരങ്ങളും ഓഡിറ്റ് സംബന്ധിച്ച വിവരങ്ങളും സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS)-ലൂടെ ഓൺലൈനായി www.camis.kerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തരം പൊതുജനങ്ങൾക്ക് കാണുന്നതിനുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

സഹകരണ രംഗത്ത് ആശാസ്യമല്ലാത്ത നടപടികൾ ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ ക്രമക്കേടുകൾ തടയുന്നതിനും ക്രിമിനൽ നിയമപ്രകാരം അന്വേഷിക്കുന്നതിനുമുള്ള വ്യവസ്ഥകൾ കേരള സഹകരണ സംഘം നിയമത്തിൽ ഉൾപ്പെടുത്തുന്നതാണ്.

## സ്റ്റേറ്റ്സ് സ്റ്റാർട്ടപ്പ് റാങ്കിംഗിൽ ടോപ്പ് പെർഫോർമർ പുരസ്കാരം

26 (*56) ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. എം. മുകേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കരുത്തുറ്റ സ്റ്റാർട്ടപ്പ് അന്തരീക്ഷം പ്രദാനം ചെയ്തതിന് 2021-ലെ സ്റ്റേറ്റ്സ് സ്റ്റാർട്ടപ്പ് റാങ്കിംഗിൽ ടോപ്പ് പെർഫോർമർ പുരസ്കാരം നേടുന്ന നിലയിലേയ്ക്ക് കേരളത്തെ മാറ്റുന്നതിനായി സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ഓരോ സംസ്ഥാനത്തും സ്റ്റാർട്ടപ്പ് മേഖലയിൽ ഓരോ വർഷവും ഉണ്ടാകുന്ന മികവിനെ പ്രത്യേക മാനദണ്ഡങ്ങളുടെയും രേഖകളുടെയും അടിസ്ഥാനത്തിൽ വിശകലനം ചെയ്താണ് കേന്ദ്രസർക്കാരിന്റെ DPIIT സ്റ്റാർട്ടപ്പ് സ്റ്റേറ്റ് റാങ്കിംഗ് തയ്യാറാക്കുന്നത്. സംസ്ഥാനത്ത് ഈ മേഖലയിലുണ്ടായ വളർച്ചയുടെ അടിസ്ഥാനത്തിൽ 2018, 2019, 2020 വർഷങ്ങളിൽ ടോപ്പ് പെർഫോർമറായി തെരഞ്ഞെടുത്തിരുന്നു. 2014-15 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കിവരുന്ന യുവ സംരംഭകത്വ വികസന പദ്ധതി, ടെക്നോളജി ഇന്നവേഷൻ സോൺ പദ്ധതി എന്നിവയുടെ ഫലമായി സംസ്ഥാനത്തെ സ്റ്റാർട്ടപ്പ് മേഖലയിലുണ്ടായ മികവിന്റെ ഫലമാണ് ലഭ്യമായ അംഗീകാരം.

(ബി) സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലയിൽ നിന്നുള്ള കയറ്റുമതി വർദ്ധിപ്പിക്കുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം നൽകാമോ?

സംസ്ഥാനത്ത് വാണിജ്യ മേഖലയ്ക്ക് ആകർഷകമായ പ്രതിച്ഛായ സൃഷ്ടിക്കുന്നതിനും അന്താരാഷ്ട്ര വിപണിയിൽ ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ മത്സരക്ഷമത ഉറപ്പാക്കുന്നതിനും വിപണന സാദ്ധ്യതയും കയറ്റുമതിയും പ്രോത്സാഹിപ്പിക്കുന്നതിനുമായി വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കിവരുന്നു. ബി ടു ബി വെബ് പോർട്ടൽ, വാണിജ്യ മിഷൻ, വ്യാപാർ (ബി.ടു.ബി.മീറ്റ്), എക്സ്പോർട്ട് പ്രൊമോഷൻ പദ്ധതി എന്നിവ ഇതിൽ ഉൾപ്പെടുന്നു. കേരളത്തിൽ നിർമ്മിക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും അവയ്ക്ക് ദേശീയ-അന്തർദേശീയ വിപണികൾ പ്രാപ്തമാക്കുന്നതിനും സഹായിക്കുന്നതിനായി കേരള ബ്രാൻഡ് സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികളും കൂടാതെ സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിനായി Open Network for Digital Commerce (ONDC) യുമായി ചേർന്ന് ഒരു ഓപ്പൺ നെറ്റ് വർക്ക് പ്ലാറ്റ്ഫോം നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.

ബി 2 ബി വെബ് പോർട്ടൽ

കേരളത്തിൽ ഉത്പാദിപ്പിക്കപ്പെടുന്ന സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകരുടെ ഉൽപ്പന്നങ്ങൾക്കും വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾക്കും വിപണി ലഭ്യതക്കായി വ്യവസായ വകുപ്പിനുവേണ്ടി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെ ബിപ്പ്) മുഖേന ഓൺലൈൻ വ്യാപാരത്തിനായുള്ള സംവിധാനമായി ഒരു വെബ്പോർട്ടൽ രൂപീകരിച്ചിട്ടുണ്ട്. വ്യവസായ വകുപ്പ് രൂപീകരിച്ച ഈ വെബ്പോർട്ടൽ സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഉൽപ്പാദകർക്ക് ദേശീയ-അന്തർദേശീയ കമ്പനികളുമായി ബന്ധം സ്ഥാപിക്കുന്നതിനും തങ്ങളുടെ ഉൽപ്പന്നങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കി വിവിധ രാജ്യങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യാനും സഹായകമാകും.

വാണിജ്യ മിഷൻ

കേരള ബ്രാൻഡ് നടപ്പിലാക്കി ഉൽപ്പന്നങ്ങൾ യാഥാർത്ഥ്യമാക്കാനും അത് വഴി ഉൽപ്പാദനവും വിപണനവും കാര്യക്ഷമമാക്കുന്നതിനും കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനുമായി വാണിജ്യ മിഷൻ രൂപീകരിച്ചിട്ടുണ്ട്.

ബിസിനസ്സ് 2 ബിസിനസ്സ് മീറ്റ് - വ്യാപാർ

കേരളത്തിലെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് (MSME) ദേശീയ തലത്തിൽ പുതിയ വിപണി കണ്ടെത്താനായി സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് ബിസിനസ്സ് മീറ്റായ " വ്യാപാർ 2022" സംഘടിപ്പിച്ചുവരുന്നു.

കേരളത്തിലെ വിവിധ ജില്ലകളിൽനിന്നും ഭക്ഷ്യ സംസ്കരണം, കൈത്തറി, ടെക്സ്റ്റൈൽസ് & ഗാർമെന്റ്സ്, റബ്ബർ, ആയുർവ്വേദ & ഹെർബൽ, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്, കരകൗശലം, മുള പോലുള്ള പരമ്പരാഗത മേഖലയിലെ ഉൽപ്പന്നങ്ങൾ എന്നിവയിൽനിന്നുള്ള ചെറുകിട ഉൽപ്പാദകർ അവരുടെ ഉൽപ്പന്നങ്ങളും സാങ്കേതിക വിദ്യയും ഈ അവസരത്തിൽ പ്രദർശിപ്പിക്കുന്നു. കേരള ബിസിനസ്സ് 2 ബിസിനസ്സ് മീറ്റ് നടത്തുന്നതിന്റെ പ്രധാന ഉദ്ദേശം സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായികൾക്ക് നേരിട്ട് രാജ്യത്തിനകത്തുനിന്നുമുള്ള ബയർമാരുമായി വ്യാപാര ചർച്ചകൾ നടത്തുന്നതിനുള്ള അവസരം ഒരുക്കുകയാണ്. കൂടാതെ കേരളത്തിലെ സൂക്ഷ്മ ചെറുകിട വ്യവസായ സംരംഭകർക്ക് വിപണി കണ്ടെത്തുന്നതിനും സാങ്കേതികപരമായി പുരോഗമനം കൈവരിക്കുന്നതിനുമായി ദേശീയ-അന്തർദേശീയ ട്രേഡ് ഫെയറുകളിൽ സൂക്ഷ്മ ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ മുഖേന പങ്കെടുപ്പിച്ചുവരുന്നു. ഇതിലൂടെ സംരംഭകർക്ക് വിപണി കണ്ടെത്തുന്നതിനും നേരിട്ട് വ്യാപാര ചർച്ചകൾ നടത്തുന്നതിനുള്ള അവസരം ലഭ്യമാകുന്നു.

എക്സ്പോർട്ട് പ്രൊമോഷൻ പദ്ധതി

പുതിയ സംരംഭങ്ങളുടെയും അതുപോലെ നിലവിൽ പ്രവർത്തിച്ചുവരുന്ന സംരംഭങ്ങളുടെയും കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു. വിപണനത്തിന്റെ ഭാഗമായി അന്താരാഷ്ട്ര വിപണന മേളകളിൽ പങ്കെടുക്കൽ, ഉത്പ്പന്നത്തിന്റെ മാതൃക വിദേശത്തേയ്ക്ക് അയയ്ക്കുക, കയറ്റുമതി ചെയ്യുന്നതിന്റെ ഭാഗമായി സംരംഭത്തിന്റെ നിലവിലുള്ള അടിസ്ഥാന സൗകര്യം വികസിപ്പിക്കൽ, വിവിധ ഗുണമേന്മാ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുക എന്നിവയുടെ ഭാഗമായി വരുന്ന വിവിധ ചെലവുകൾക്ക് സഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഈ മേഖലയിലെ സംരംഭകർക്കും സ്റ്റാർട്ടപ്പുകൾക്കും നൽകിവരുന്ന ആനുകൂല്യങ്ങളും സാമ്പത്തിക സഹായ പാക്കേജുകളും സംബന്ധിച്ച് വിശദമാക്കാമോ?

സ്റ്റാർട്ടപ്പുകൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങളും സാമ്പത്തിക സഹായവും സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:-

1. അന്താരാഷ്ട്ര നിലവാരമുള്ള ഇങ്കുബേഷൻ സൗകര്യം
2. പ്രാഥമിക ഘട്ടം കഴിഞ്ഞവർക്ക് വളർച്ച പ്രാപിക്കുന്നതിനായി ആക്സിലറേറ്ററുകൾ

3. ഡിസൈൻ ഫാബ്രിക്കേഷൻ, സൗകര്യം ലഭ്യമാക്കുന്ന ഫാബ് ലാബുകളും സൂപ്പർ ഫാബ് ലാബും

4. ചുരുങ്ങിയ പലിശയിലും ലഘുവായ വ്യവസ്ഥയിലും ലഭ്യമാക്കുന്ന 15 ലക്ഷം രൂപവരെയുള്ള ആദ്യകാല സീഡ് ഫണ്ട്.

5. 3 ലക്ഷം രൂപ വരെയുള്ള ഐഡിയ ഗ്രാന്റ്

6. 7 ലക്ഷം രൂപ വരെയുള്ള പ്രോഡക്ടൈസേഷൻ ഗ്രാന്റ്

7. 10 ലക്ഷം രൂപ വരെയുള്ള മാർക്കറ്റ് ആക്സിലറേഷൻ ഗ്രാന്റ്

8. 15 ലക്ഷം രൂപ വരെയുള്ള സ്കെയിലപ് ഗ്രാന്റ്

9. 30 ലക്ഷം രൂപ വരെയുള്ള ഗവേഷണ വികസന ഗ്രാന്റ്

10. ഫണ്ട് ഓഫ് ഫണ്ട് പദ്ധതിയിലൂടെ ഓഹരി നിക്ഷേപം

11. KFC, KSIDC എന്നീ സ്ഥാപനങ്ങളിലൂടെയുള്ള വായ്പ സൗകര്യം

12. ദേശീയ-അന്തർദേശീയ പ്രദർശനങ്ങളിലും മേളകളിലും പങ്കെടുക്കുന്നതിനുള്ള സഹായം

13. പേറ്റന്റിനപേക്ഷിക്കുന്നതിനുള്ള ചെലവ് തിരികെ നൽകുന്ന പദ്ധതി.

14. സർക്കാർ സംവിധാനങ്ങളിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകൾക്ക് വാടക സബ്സിഡി.

സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലയ്ക്ക് നൽകി വരുന്ന ആനുകൂല്യങ്ങളും സാമ്പത്തിക സഹായവും സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. സംരംഭക സഹായ പദ്ധതി (ESS).

2. നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി.

3. ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ്.

4. കരകൗശല മേഖലയ്ക്കുള്ള ആശ പദ്ധതി.

5. പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP).

6. സൂക്ഷ്മ ഭക്ഷ്യസംസ്കരണ മേഖലയ്ക്കായുള്ള PMFME പദ്ധതി.

കൂടാതെ 2022-23 വർഷത്തെ ബഡ്ജറ്റിൽ MSME മേഖലയ്ക്കായി 45.6 കോടി രൂപയുടെ ഒരു വിപുലമായ പാക്കേജ് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിൽ താഴെപ്പറയുന്ന 7 പുതിയ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. നിലവിലുള്ള എം.എസ്.എം.ഇ.-കളിൽ സൂക്ഷ്മ സംരംഭങ്ങളിൽ നിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽ നിന്നും ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള സഹായം.
2. നിലവിലുള്ള എം.എസ്.എം.ഇ.-കൾക്ക് കയറ്റുമതി പ്രോത്സാഹനത്തിനുള്ള സഹായം.
3. സ്വകാര്യ വ്യവസായ പാർക്കുകളുടെ പ്രോത്സാഹനം
4. ഒരു കുടുംബം ഒരു സംരംഭം പദ്ധതി
5. എം.എസ്.എം.ഇ.-കളുടെ പ്രാദേശിക വിപണികൾക്ക് പശ്ചാത്തല സൗകര്യമൊരുക്കൽ
6. സ്റ്റാർട്ടപ്പുകൾക്ക് മാനുഫാക്ചറിംഗ് പ്രവർത്തനങ്ങൾക്കായുള്ള സഹായം
7. സംസ്ഥാന സഹായത്തോടെയുള്ള ക്ലസ്റ്റർ വികസന പരിപാടി

## സഹകരണ മേഖലയിൽ കേന്ദ്ര സർക്കാരിന്റെ ഏകീകൃത സോഫ്റ്റ്‌വെയർ

27 (*57) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിലെ മുഴുവൻ ഡാറ്റയും കേന്ദ്ര സർക്കാരിന്റെ ഏകീകൃത സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശം നൽകിയിരുന്നോ?

രാജ്യത്തെ 63000 പ്രാഥമിക കാർഷിക ബാങ്കുകളെ ഏകീകൃത സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തുന്ന നിർദ്ദേശം കേന്ദ്ര സർക്കാർ തയ്യാറാക്കിയിട്ടുണ്ട്. സംഘങ്ങളുടെ ഡാറ്റാ ക്ലൗഡ് സ്റ്റോറേജ് സംവിധാനത്തിൽ സൂക്ഷിക്കുമെന്നും ആയത് കേന്ദ്ര സർക്കാർ ഉപയോഗിക്കുമെന്നും ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

(ബി) നബാർഡ് വഴി സഹായം ലഭിക്കുന്നതിന് ഇത് ആവശ്യമാണെന്ന് അറിയിച്ചിരുന്നോ?

കേന്ദ്ര സർക്കാർ PACS-കൾക്കായി തയ്യാറാക്കുന്ന കോമൺ സോഫ്റ്റ്‌വെയറിൽ സംസ്ഥാനങ്ങൾ ചേരുകയാണെങ്കിൽ മാത്രമാണ് NABARD വഴി കോമൺ സോഫ്റ്റ്‌വെയറിനുള്ള സാമ്പത്തിക സഹായം ലഭ്യമാകുന്നത്.

(സി) ഇക്കാര്യത്തിൽ സംസ്ഥാനത്തിന്റെ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

വിഷയം പരിശോധിച്ചുവരുന്നു.

**ആധാരങ്ങളുടെ രജിസ്ട്രേഷൻ നടപടിക്രമങ്ങൾ ലളിതമാക്കാൻ നടപടി**

28 (*58) ശ്രീ. നജീബ് കാന്തപുരം:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. എ. കെ. എം. അഷ്‌റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്ന നടപടിക്രമങ്ങൾ ലളിതമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. ആയതിന്റെ ഭാഗമായി രജിസ്റ്റർ ചെയ്യാനുദ്ദേശിക്കുന്ന ആധാര വിവരങ്ങൾ കമ്പ്യൂട്ടറിൽ ഡാറ്റാ എൻട്രി ചെയ്തതിനുശേഷം കമ്പ്യൂട്ടറിൽ നിന്നുതന്നെ ആധാരം പ്രിന്റ് ചെയ്തെടുക്കുന്നതിനുള്ള സൗകര്യം പരീക്ഷണം നടത്തി വിജയകരമാണെന്ന് വിലയിരുത്തുകയും ചെയ്തിട്ടുള്ളതാണ്. പ്രസ്തുത ആധാരങ്ങളുടെ രജിസ്ട്രേഷൻ നടപടികളുടെ ഭാഗമായി ബന്ധപ്പെട്ട സബ് രജിസ്ട്രാർ ഓഫീസിൽനിന്നും ആധാര കക്ഷികളുടെ വിരൽപ്പതിപ്പും ഫോട്ടോയും ഇലക്ട്രോണിക് രൂപത്തിൽ തന്നെ ശേഖരിച്ച് ആധാരങ്ങളുടെ പുറത്തെഴുത്തിന്റെ ഭാഗമായി അവ പ്രിന്റ് ചെയ്തുവരുന്ന രീതിയാണ് അവലംബിച്ചിരിക്കുന്നത്. ഇതിനായി എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും വെബ് ക്യാമറ, ബയോമെട്രിക് സ്കാനർ, ഡിജിറ്റൽ സിഗ്നേച്ചർ ഉപകരണങ്ങളും വിതരണം ചെയ്യേണ്ടതായിട്ടുണ്ട്. ഈ സൗകര്യങ്ങൾ നടപ്പിലാക്കിയാൽ ആധാരം ഹാജരാക്കിയ ദിവസം തന്നെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിക്കൊണ്ട് ആധാരം മടക്കി നൽകുക എന്ന ലക്ഷ്യവും കൈവരിക്കുവാൻ സാധിക്കുന്നതാണ് പദ്ധതി.

(ബി) ഇതുമായി ബന്ധപ്പെട്ട് ആധാരമെഴുത്തുകാരുടെ ആശങ്കകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

ആധാരമെഴുത്തുകാരുടെ ആശങ്കകൾ പരിഹരിക്കുന്നതിനായി ബഹു. രജിസ്ട്രേഷൻ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം കൂടുകയും ആധാരമെഴുത്തുകാരുടെ തൊഴിൽ നഷ്ടപ്പെടാതെതന്നെ രജിസ്ട്രേഷൻ നടപടിക്രമങ്ങളുടെ ലളിതവൽക്കരണം സാദ്ധ്യമാകുന്ന രീതിയിൽ പരിഷ്കരണ പരിപാടികൾ മുന്നോട്ട് കൊണ്ടുപോകാൻ തീരുമാനിച്ചിട്ടുമുണ്ട്.

## സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ

29 (*59) ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിക്ഷേപ അനുകൂല സാഹചര്യം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കാൻ തീരുമാനിച്ചതിന്റെ ഭാഗമായി ഇതുവരെ എത്ര സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

നിലവിൽ 24 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് നിർദ്ദേശിച്ചിട്ടുള്ളത്?

2-4-2022-ലെ ജി.ഒ.(എം.എസ്)നം.1/2022/ഐ.ഡി. പ്രകാരം സ്വകാര്യ വ്യവസായ എസ്റ്റേറ്റ് സ്കീം - 2022 നിലവിൽ വന്നിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ വെബ്പോർട്ടൽ മുഖേന ഓൺലൈനായി വ്യവസായ വാണിജ്യ ഡയറക്ടർക്ക് ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് സർക്കാരിലേയ്ക്ക് അയയ്ക്കുന്നു. സർക്കാർ തലത്തിൽ ധനകാര്യം, വ്യവസായം, റവന്യൂ, വൈദ്യുതി, പരിസ്ഥിതി, തദ്ദേശസ്വയംഭരണം, ജലവിഭവം എന്നീ വകുപ്പുകളുടെ സെക്രട്ടറിമാർ അടങ്ങിയ സ്റ്റേറ്റ് ലെവൽ സെലക്ഷൻ കമ്മിറ്റി യോഗം ചേർന്ന് ഇവ വിലയിരുത്തി അനുയോജ്യമായവയ്ക്ക് അംഗീകാരം നൽകുകയും തുടർന്ന് ഡെവലപ്പർ പെർമിറ്റ് അനുവദിക്കുകയും ചെയ്യും. ഇത്തരത്തിൽ സ്വകാര്യ വ്യവസായ എസ്റ്റേറ്റ് ആരംഭിക്കാൻ അനുമതി ലഭിച്ച ഭൂമിക്ക് കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്, ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഡെവലപ്പ്മെന്റ് റൂൾ 2019 എന്നിവയുടെ പരിധിയിൽ വരുന്ന എല്ലാ ആനുകൂല്യങ്ങൾക്കും അർഹത ഉണ്ടായിരിക്കും.

(സി) സ്വകാര്യ വ്യവസായ പാർക്കുകൾക്ക് എന്തെല്ലാം അടിസ്ഥാന വികസന സൗകര്യങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ?

സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളിൽ സംരംഭം ആരംഭിക്കുന്നതിനാവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഡെവലപ്പർ സജ്ജമാക്കി സംരംഭകർക്ക് നൽകുന്നു. ഈ പദ്ധതിപ്രകാരം സ്വകാര്യ വ്യവസായ എസ്റ്റേറ്റിലെ റോഡുകൾ,

വൈദ്യുതി, ജലവിതരണം, മറ്റു പൊതു സൗകര്യങ്ങൾ എന്നിവ വികസിപ്പിക്കുന്നതിന് ഡെവലപ്പർക്ക് സർക്കാർ ധനസഹായം നൽകുന്നതാണ്. ഇത്തരത്തിൽ, പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റാക്കി മാറ്റുന്ന ഭൂമിയുടെ അളവിന്റെ അടിസ്ഥാനത്തിൽ ഒരു ഏക്കറിന് 30 ലക്ഷം രൂപ നിരക്കിൽ പരമാവധി 3 കോടി രൂപ വരെ സർക്കാർ ധനസഹായം നൽകുന്നതാണ്.

**ഒരു വർഷം ഒരു ലക്ഷം സംരംഭം**

30(*60) ശ്രീ. എം. നൗഷാദ്:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) ബിസിനസ് റിഫോംസ് ആക്ഷൻ പ്ലാൻ പ്രകാരം കേരളം വ്യവസായ സൗഹൃദ സംസ്ഥാനമാണെന്ന് കേന്ദ്ര സർക്കാർ പാർലമെന്റിൽ പ്രഖ്യാപിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രാലയത്തിന് കീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇന്റേണൽ ട്രേഡ് (ഡി.പി.ഐ.ഐ.റ്റി.) എല്ലാ സംസ്ഥാനങ്ങളേയും കേന്ദ്രഭരണ പ്രദേശങ്ങളേയും ഉൾപ്പെടുത്തി വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള എളുപ്പത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചയിക്കുന്ന ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് റാങ്കിംഗിൽ 2019-ലെ ഇരുപത്തിയെട്ടാം സ്ഥാനത്തുനിന്ന് 2020-ൽ പതിനഞ്ചാം സ്ഥാനം കരസ്ഥമാക്കാൻ സംസ്ഥാനത്തിന് സാധിച്ചു. ഉപയോക്തൃ അഭിപ്രായ സർവ്വേയെ അടിസ്ഥാനമാക്കി ടോപ്പ് അച്ചീവേഴ്സ്, അച്ചീവേഴ്സ്, ആസ്പയറേഴ്സ്, എമെർജിങ് ബിസിനസ്സ് ഇക്കോസിസ്റ്റംസ് എന്നിങ്ങനെ നാലായാണ് സൂചികയിൽ സംസ്ഥാനങ്ങളെ തരംതിരിച്ചിട്ടുള്ളത്. അതിൽ ' ആസ്പയറേഴ്സ് വിഭാഗത്തിലാണ് കേരളത്തെ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) ഈ വിധത്തിൽ നിക്ഷേപ സൗഹൃദമായി സംസ്ഥാനത്തെ മാറ്റിയെടുക്കുന്നതിന് നടത്തിവരുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. സംസ്ഥാനം വ്യവസായ സൗഹൃദമാക്കാനായി 7 നിയമങ്ങളിലും 10 ചട്ടങ്ങളിലും ഭേദഗതി വരുത്തി കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് നിലവിൽ വന്നിട്ടുണ്ട്. വിവിധ വകുപ്പുകളിൽ നിന്നുള്ള

ലൈസൻസുകളും അനുമതികളും ലഭ്യമാക്കുന്നത് സുഗമമാക്കാൻ ഓൺലൈൻ ഏകജാലക പോർട്ടൽ-കെ-സ്വിഫ്റ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽപെടാത്ത പുതിയതായി ആരംഭിക്കുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് മൂന്ന് വർഷത്തേയ്ക്ക് സംസ്ഥാന നിയമ പ്രകാരമുള്ള ലൈസൻസുകൾ സ്വയംസാക്ഷ്യപ്പെടുത്തൽ വഴി മൂന്ന് വർഷത്തേയ്ക്ക് ഒഴിവാക്കിയിട്ടുള്ള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്റ്റ് നിലവിൽ വന്നിട്ടുണ്ട്. സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായസ്ഥാപനങ്ങളുടെ പ്രശ്നപരിഹാരത്തിനായി കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ ഒരു കോൾ സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

വിവിധ വകുപ്പുകളിലെ വ്യവസായവുമായി ബന്ധപ്പെട്ട് നിയമങ്ങൾ സുഗമമാക്കുന്നതിനും ഗുരുതരമല്ലാത്ത പിഴവുകൾക്ക് ശിക്ഷാനടപടികൾ ഒഴിവാക്കുന്നതിനുമായുള്ള ഭേദഗതികൾ വരുത്താനുള്ള നടപടികൾ വകുപ്പുതലങ്ങളിൽ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ വിവിധ വകുപ്പുകളുടെ സേവനങ്ങൾ ഓൺലൈൻ ആക്കുന്നതിനും അവയെ കെ-സ്വിഫ്റ്റ് ഏകജാലക സംവിധാനവുമായി ഏകോപിപ്പിക്കുന്നതിനുമുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചുവരുന്നുണ്ട്. ജില്ലാ-സംസ്ഥാന തലങ്ങളിൽ ഏകജാലക ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ സേവനങ്ങളും മറ്റുവിവരങ്ങളും സംരംഭകരിൽ എത്തിക്കുന്നതിനായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് ഒരു യൂ-ട്യൂബ് ചാനൽ, ഫേസ്ബുക്കിലും ഇൻസ്റ്റാഗ്രാമിലും പ്രൊഫൈലുകൾ എന്നിവയും ആരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ വിവിധ വകുപ്പുകളുടെ ഏകോപനത്തിൽ പരിശോധനകൾ സുഗമമാക്കുന്നതിന് കേ-സിസ് സംവിധാനം നിലവിൽ വന്നിട്ടുണ്ട്. ലൈസൻസുകൾ, അനുമതികൾ മുതലായവയുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കാൻ ജില്ലാ സംസ്ഥാന തലങ്ങളിൽ പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

(സി) ഒരു വർഷം ഒരു ലക്ഷം സംരംഭം എന്ന ലക്ഷ്യത്തോടെ ഈ സംരംഭക വർഷത്തിൽ സംസ്ഥാനത്ത് നടപ്പാക്കിയ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. 2022-23 സംരംഭക വർഷമായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കാനുള്ള ഒരു ബൃഹത്തായ പദ്ധതി,

തദ്ദേശസ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗസംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. 30-3-2022-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംരംഭക വർഷത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. സംരംഭക വർഷത്തിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി സംസ്ഥാന, ജില്ലാ, തദ്ദേശ സ്ഥാപനതലത്തിൽ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ നടപ്പിലാക്കുന്നതിന് എല്ലാ തദ്ദേശ സ്ഥാപനങ്ങളിലുമായി പ്രൊഫഷണൽ യോഗ്യതയുള്ള 1153 ഇന്റേണുകളെ നിയമിച്ചിട്ടുണ്ട്. കൂടാതെ ഇന്റേണിന്റെ തേതൃത്വത്തിൽ തിങ്കൾ, ബുധൻ ദിവസങ്ങളിൽ എല്ലാ തദ്ദേശസ്ഥാപനത്തിലും സംരംഭക ഹെൽപ് ഡെസ്ക് പ്രവർത്തിച്ചുതുടങ്ങിയിട്ടുണ്ട്. ഈ പദ്ധതി നടത്തിപ്പിന്റെ ആദ്യഘട്ടമെന്ന നിലയിൽ, കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണസ്ഥാപന പ്രദേശങ്ങളിലും സംരംഭം തുടങ്ങാൻ താല്പര്യമുള്ള ആളുകൾക്ക് 2022 മേയ്-ജൂൺ മാസങ്ങളിൽ പൊതുബോധ വൽക്കരണ പരിപാടി നടത്തിയിരുന്നു. ഈ പരിപാടിയിൽ പങ്കെടുത്ത സംരംഭകർക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്നതിനായി ജില്ലാ പ്രൊഫൈലുകൾ, ആവശ്യമായ ലൈസൻസുകൾ, ലഭ്യമായ സഹായ പദ്ധതികൾ എന്നീ വിവരങ്ങൾ ക്രോഡീകരിച്ച് പ്രത്യേക കൈപുസ്തകങ്ങൾ ജില്ലാതലത്തിൽ പ്രസിദ്ധീകരിക്കുകയും ആയത് സംരംഭകർക്ക് അനായാസമായി ലഭ്യമാക്കാൻ ഇവ ഉൾപ്പെടുത്തി പ്രത്യേക ചെറുവീഡിയോകളും നിർമ്മിച്ചിട്ടുണ്ട്. ഇതുവരെ 1034 തദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 1158 പൊതുബോധവൽക്കരണ പരിപാടികൾ നടത്തുകയും അവയിലായി ആകെ 84,964 പേർ പരിപാടിയിൽ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. ഒരു ലക്ഷം സംരംഭങ്ങളുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും ഒരു ഓൺലൈൻ പോർട്ടൽ ആരംഭിച്ചിട്ടുണ്ട്.

പൊതുബോധവൽക്കരണ പരിപാടിയുടെ തുടർച്ചയായി, എല്ലാ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലും 2022 ആഗസ്റ്റ് മാസത്തിൽ പൂർത്തിയാകുന്ന രീതിയിൽ ലൈസൻസ്/ലോൺ/സബ്സിഡി മേളകൾ നടത്തിവരുന്നുണ്ട്. ഒരു തദ്ദേശസ്ഥാപ നതലത്തിൽ മാസത്തിൽ നിശ്ചിത എണ്ണം സ്ഥാപനങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഇന്റേണുകൾക്ക് ലക്ഷ്യവും നൽകിയിട്ടുണ്ട്. സംസ്ഥാനത്താകെയായി നിലവിൽ ഇതുവരെ 48,394 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) സംരംഭക വർഷം പ്രമാണിച്ച് സംസ്ഥാനത്ത് നിക്ഷേപകർക്ക് നൽകുന്ന ആനുകൂല്യങ്ങളും സേവനങ്ങളും എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

സംരംഭക വർഷം പ്രമാണിച്ച് നടത്തുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും തിങ്കൾ, ബുധൻ ദിവസങ്ങളിൽ ഹെല്പ് ഡെസ്ക് വഴിയുള്ള ഇന്റേണിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. വിദേശത്തുള്ള മലയാളികളെ സംരംഭകത്വത്തിന്റെ വിവിധ മേഖലകളെക്കുറിച്ച് ബോധവാന്മാരാക്കുന്നതിനും അവരെ കേരളത്തിൽ സംരംഭങ്ങൾ ആരംഭിക്കാൻ പ്രാപ്തരാക്കുകയും അതുവഴി കേരളത്തിലെ നിക്ഷേപം വർദ്ധിപ്പിക്കുകയും ചെയ്യുന്നതിന് പ്രവാസികൾക്കായി നോർക്കയുമായി ചേർന്ന് ശില്പശാലകൾ നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള സാമ്പത്തിക സഹായം നൽകുന്നതിനായി സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി (SLBC) വഴി കുറഞ്ഞ പലിശ നിരക്കിൽ വായ്പകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സംരംഭക സാദ്ധ്യതയുള്ളതായി വ്യവസായ വകുപ്പ് കണ്ടെത്തിയിട്ടുള്ള ഉത്പ്പന്നങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിന് കൈമാറിയിട്ടുണ്ട്. അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ ഉൽപ്പന്നങ്ങളുടെ സാദ്ധ്യത പരിശോധിച്ച്, താല്പര്യമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ, ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം ഒരു ഉൽപ്പന്നം (One Local body One Product-OLOP) എന്ന ആശയം നടപ്പിലാക്കാനും പ്രസ്തുത ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനയെ പ്രോത്സാഹിപ്പിച്ചുകൊണ്ട് കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കേരളത്തിൽ നിർമ്മിക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും അവയ്ക്ക് ദേശീയ അന്തർദേശീയ വിപണികൾ പ്രാപ്തമാക്കുന്നതിന് സഹായിക്കുന്നതിനായി കേരള ബ്രാൻഡ് സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികളും കൂടാതെ സംസ്ഥാനത്തെ സൂക്ഷ്മ- ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യാനായി Open Network for Digital Commerce (ONDC) -മായി ചേർന്ന് ഒരു ഓപ്പൺ നെറ്റ്‌വർക്ക് പ്ലാറ്റ്‌ഫോം നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാനത്തെ ഭൗമ സൂചിക പദവി ലഭിച്ചിട്ടുള്ള വിവിധ ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനത്തിനായും അവയ്ക്ക് അനുയോജ്യമായ വിപണി കണ്ടെത്തുന്നതിനായും ഇതിൽനിന്നുള്ള ലാഭം യഥാർത്ഥ നിർമ്മാതാക്കളിൽ എത്തിക്കുന്നതിനുമായി ഇത്തരം ഉല്പന്നങ്ങൾക്കായി ഒരു ജി.ഐ. മാർക്കറ്റിംഗ് പോർട്ടൽ ആരംഭിക്കും. ഇപ്രകാരം വിവിധ വകുപ്പുകൾ/ഏജൻസികൾ എന്നിവരുടെ

സംയോജനത്തോടുകൂടി 2022-23 സാമ്പത്തിക വർഷം ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ വ്യവസായ വകുപ്പ് വളരെ ചിട്ടയോടുകൂടി ചെയ്തുവരുന്നു. 2022-23 സംരംഭക വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന പുതിയ പദ്ധതികളും പ്രഖ്യാപിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. <u>ഒരു കുടുംബം, ഒരു സംരംഭം പദ്ധതി</u>:

2022-23 സർക്കാർ സംരംഭകത്വ വർഷമായി ആചരിക്കുകയാണ്. ഈ വർഷം ഒരു ലക്ഷം സൂക്ഷ്മ/ചെറുകിട/ഇടത്തരം സംരംഭങ്ങൾ ആരംഭിക്കുകയാണ് ലക്ഷ്യം. അതിന്റെ ഭാഗമായി നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ് ഒരു കുടുംബം ഒരു സംരംഭം പദ്ധതി. ഇതിന് 400 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

ഈ പദ്ധതിയുടെ 50% ഗുണഭോക്താക്കൾ വനിതാ സംരംഭകരായിരിക്കും. ടി പദ്ധതിയിൽ ബാങ്ക് വായ്പയുടെ പലിശ നിരക്കിൽ 4%-ൽ അധികരിച്ചുള്ള പലിശയിൽ 5% വരെ ഇളവ് ധനസഹായമായി സർക്കാർ നൽകുന്നു. പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 10 ലക്ഷം വരെ ബാങ്ക് ലോണുള്ള ഉല്പാദന, സേവന, വ്യാപാര മേഖലയിലെ സ്ഥാപനങ്ങൾക്ക് പദ്ധതി വഴി പലിശ ഇളവ് നൽകുന്നു. പദ്ധതിപ്രകാരം സ്ഥിര മൂലധന വായ്പയ്ക്കും പ്രവർത്തന മൂലധന വായ്പയ്ക്കും ആനുകൂല്യം ലഭിക്കുന്നു. 1-4-2022 മുതൽ പ്രവർത്തനം ആരംഭിക്കുന്ന പുതിയ യൂണിറ്റുകൾക്ക് മാത്രമാണ് സർക്കാരിൽനിന്നുള്ള പലിശയിളവ് ലഭ്യമാകുന്നത്.

2. <u>മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി</u>

ടി പദ്ധതിക്കായി 650 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽ ഒരു കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സംരംഭകൻ മുന്നോട്ടുവെച്ച ആശയത്തിന്റെയോ, ഉല്പന്നത്തിന്റെയോ അപരിചിതത്വം കാരണം നിക്ഷേപം ആകർഷിക്കാൻ സ്റ്റാർട്ടപ്പുകൾ പ്രയാസപ്പെടുന്നുണ്ട്. ഒരു ആശയമോ ഉൽപ്പന്നമോ വികസിപ്പിക്കുന്നതിന് സ്റ്റാർട്ടപ്പുകൾക്ക് ഗണ്യമായ തുക ആവശ്യമാണ്. ആയതിനാൽ, സ്റ്റാർട്ടപ്പ് ആശയങ്ങളുള്ള നിക്ഷേപകർക്ക് മതിയായ സാമ്പത്തിക പ്രോത്സാഹനങ്ങൾ നൽകേണ്ടത് പ്രധാനമാണ്. നിലവിൽ സ്റ്റാർട്ടപ്പുകളിൽ ഭൂരിഭാഗവും ഐ.ടി. അധിഷ്ഠിത ഉൽപ്പന്നങ്ങളോ ഐ.ടി.-യുമായി ബന്ധപ്പെട്ടതോ ആയതിനാൽ ഉൽപ്പാദന മേഖലയിൽ നൂതന ആശയങ്ങളുമായി വരുന്ന സംരംഭകരുടെ എണ്ണം ഗണ്യമായി കുറയുന്നു. ഈ സാഹചര്യത്തിൽ, ഉൽപ്പാദന മേഖലയിലെ സ്റ്റാർട്ടപ്പുകൾക്ക് സാമ്പത്തിക സഹായം നൽകുക, പ്രാരംഭഘട്ടത്തിൽ തന്നെ ആവശ്യമായ സാമ്പത്തിക സഹായം ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളാണ് പദ്ധതി വിഭാവനം ചെയ്യുന്നത്.

ഈ പദ്ധതി പ്രകാരം യോഗ്യമായ പദ്ധതി ചെലവിന്റെ (Project Cost) 75% സബ്സിഡിയായി നൽകുന്നു.

3. സംരംഭക സഹായ പദ്ധതി(ESS)

4. നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി

5. ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ്

6. കരകൗശല മേഖലയ്ക്കുള്ള ആശ പദ്ധതി

7. പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP)

8. സൂക്ഷ്മ ഭക്ഷ്യസംസ്കരണ മേഖലയ്ക്കായുള്ള PMFME പദ്ധതി

സംസ്ഥാനത്ത് വ്യവസായങ്ങൾ ആരംഭിക്കാനും നിലവിലെ സംരംഭങ്ങൾ നടത്താനും കെ.എസ്.ഐ.ഡി.സി. കുറഞ്ഞ പലിശ നിരക്കിൽ (നിലവിൽ 8.35% - 10.35%) 60 കോടി രൂപ വരെ വായ്പയായി നൽകിവരുന്നു. ഓരോ ആറു മാസത്തിന്റെയും അവസാനം കുടിശ്ശിക ഇല്ലെങ്കിൽ പലിശ നിരക്കിൽ അര ശതമാനം വരെ (ബാക്കിയുള്ള മുതലിന്റെ അടിസ്ഥാനത്തിൽ) വീണ്ടും കുറവ് നൽകിവരുന്നു.

സംസ്ഥാനത്ത് വ്യവസായികൾക്ക് എളുപ്പത്തിൽ ധനസഹായം ലഭ്യമാക്കാനും സംസ്ഥാനത്ത് ഒരു മികച്ച നിക്ഷേപ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും സർക്കാർ മുൻകൈയെടുത്ത് കെ.എസ്.ഐ.ഡി.സി. മുഖേന നടപ്പിലാക്കുന്ന പ്രത്യേക സഹായ പദ്ധതിയാണ് ചീഫ് മിനിസ്റ്റേഴ്സ് സ്പെഷ്യൽ അസിസ്റ്റൻസ് സ്കീം. സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾ, സ്റ്റാർട്ടപ്പുകൾ, പ്രവാസി മലയാളികൾ എന്നിവർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുക. നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് പ്രവർത്തന മൂലധന വായ്പയും ലഭ്യമാക്കും.

പങ്കാളിത്ത സൗഹൃദ ടൂറിസം പദ്ധതി 'കാരവൻ കേരള'യ്ക്ക് കരുത്തേകാൻ ടൂറിസ്റ്റ് കാരവനുകൾ വാങ്ങുന്നതിനും കാരവൻ പാർക്കുകൾ നിർമ്മിക്കുന്നതിനും അഞ്ചുകോടി രൂപ വരെ വായ്പ നൽകുന്നു. ഒരു കാരവൻ വാങ്ങിക്കുന്നതിനായി 50 ലക്ഷം രൂപ മുതൽ ഒരു കോടി രൂപവരെ (ചെലവിന്റെ 70%) നൽകിവരുന്നു. പുതിയ വാഹനങ്ങൾക്ക് മാത്രമാണ് വായ്പ ലഭിക്കുക. 8.35 ശതമാനമാണ് പലിശ. ഒരു വർഷത്തെ മൊറട്ടോറിയം കാലാവധിക്കുശേഷം 84 മാസങ്ങൾക്കുള്ളിൽ തുക തിരിച്ചടയ്ക്കുന്ന രീതിയിലാണ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ജി.എസ്.ടി. നഷ്ടപരിഹാരം

1 (412) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. പി. വി. അൻവർ:
ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് ജി.എസ്.ടി. നടപ്പാക്കുമ്പോൾ സംസ്ഥാനങ്ങൾക്കുണ്ടാകുന്ന വരുമാന നഷ്ടം പരിഹരിക്കാൻ കേന്ദ്ര സർക്കാർ നഷ്ടപരിഹാരം നൽകണമെന്ന വ്യവസ്ഥയുണ്ടായിരുന്നോ; നിലവിൽ നഷ്ടപരിഹാരം നൽകുന്നത് നിർത്തലാക്കിയിട്ടുണ്ടോ?

ജി.എസ്.ടി. നിലവിൽ വന്നപ്പോൾ സംസ്ഥാനങ്ങൾക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടം പരിഹരിക്കാൻ 2015-16-ലെ നികുതി വരുമാനത്തിന്റെ 14 ശതമാനം വാർഷിക വർദ്ധനവ് കണക്കിൽ അഞ്ച് വർഷത്തേക്ക് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥയുണ്ടായിരുന്നു. ഇത് 2022 ജൂൺ മാസത്തോടെ അവസാനിച്ചു.

(ബി) ഇത് കേരളത്തിന്റെ സാമ്പത്തിക ഘടനയിൽ എത്രത്തോളം ആഘാതം സൃഷ്ടിക്കുമെന്ന് അറിയിക്കാമോ; വിശദാംശം നൽകാമോ?

2020-21 വർഷത്തിലെ ജി.എസ്.ടി. കോമ്പൻസേഷൻ ഇനത്തിൽ 12828.96 കോടി രൂപയും 2021-22 വർഷത്തിലെ കോമ്പൻസേഷൻ ഇനത്തിൽ 12850.39 കോടി രൂപയും സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. കോവിഡ് ലോക്ക്ഡൗൺ സാഹചര്യങ്ങളുണ്ടാക്കിയ പ്രതിസന്ധികൾക്കിടയിൽ ജി.എസ്.ടി. നഷ്ടപരിഹാരം കൂടി നിർത്തലാക്കുന്നത് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ പ്രതികൂലമായി ബാധിക്കുമെന്നാണ് കണക്കാക്കുന്നത്.

(സി) സംസ്ഥാനത്തിന്റെ കടമെടുക്കാനുള്ള പരിധിയിൽ കേന്ദ്ര സർക്കാർ കൂടുതൽ വ്യവസ്ഥകളും നിയന്ത്രണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഫെഡറൽ സംവിധാനത്തിൽ സംസ്ഥാനങ്ങളുടെ സാമ്പത്തിക അധികാരത്തിലേക്കുള്ള കടന്നുകയറ്റമായി ഇതിനെ കാണാൻ കഴിയുമോ; ഇത് സംസ്ഥാന വികസനത്തെ ഏതെല്ലാം രീതിയിൽ ബാധിക്കുമെന്ന് വിശദമാക്കാമോ;

(ഡി) ഫെഡറൽ സംവിധാനത്തിൽ സംസ്ഥാനങ്ങളുടെ സാമ്പത്തിക അധികാരത്തിലേക്കുള്ള കടന്നുകയറ്റമായി ഇതിനെ വിലയിരുത്തുന്നുണ്ടോ; വിശദമാക്കാമോ?

(സി&ഡി) ധനകാര്യ കമ്മീഷൻ നിശ്ചയിച്ചുനൽകിയിട്ടുള്ള കടമെടുപ്പ് പരിധിയെ അടിസ്ഥാനമാക്കി കേന്ദ്ര സർക്കാരിന്റെ അനുമതിയോടുകൂടിയാണ് സംസ്ഥാനം കടമെടുക്കുന്നത്. ഇത്തരത്തിൽ കടമെടുക്കുന്ന തുക പ്രധാനമായും അടിസ്ഥാന സൗകര്യ വികസനത്തിനാണ് ഉപയോഗിക്കുന്നത്. അതനുസരിച്ച് നടപ്പുവർഷത്തെ കടമെടുപ്പ് പരിധി മൊത്തം സംസ്ഥാന ആഭ്യന്തരോത്പാദനത്തിന്റെ 3.5% ആണ്. അതായത് സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനമായി കേന്ദ്ര സർക്കാർ എസ്റ്റിമേറ്റ് ചെയ്തിട്ടുള്ള 9,26,837 കോടി രൂപയുടെ 3.5% ആയ 32,439 കോടി രൂപയാണ് സംസ്ഥാനത്തിന്റെ നടപ്പുവർഷത്തെ കടമെടുപ്പ് പരിധി.

കിഫ്ബി അടക്കമുള്ള സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ കടബാധ്യതയായി കണക്കാക്കുന്ന നിലപാടാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഈ നിലപാടിനോടുള്ള സംസ്ഥാനത്തിന്റെ ശക്തമായ വിയോജിപ്പ് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. പ്രസ്തുത നിലപാടിൽ ഇളവ് അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സംസ്ഥാനം കേന്ദ്ര സർക്കാരിനെ സമീപിക്കുകയും ആവശ്യപ്പെട്ട വിശദാംശങ്ങൾ നൽകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ നടപ്പുസാമ്പത്തിക വർഷം 17,936 കോടി രൂപ പൊതുവിപണിയിൽനിന്ന് കടമെടുക്കുന്നതിനുള്ള അനുമതി കേന്ദ്ര സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ വിയോജിപ്പ് പരിഗണിക്കാതെ പ്രത്യേക ഉദ്ദേശസ്ഥാപനങ്ങൾ 2021-22-ൽ കടമെടുത്തിട്ടുള്ള 14312.80 കോടി രൂപ Off Budget Borrowing ആണെന്ന നിലപാട് സ്വീകരിച്ച് ആ തുക 4 തവണകളായി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽനിന്ന് കുറയ്ക്കുന്നതാണെന്നും ഇതിന്റെ ഭാഗമായി നടപ്പുവർഷം 3578.20 കോടി രൂപ കടമെടുപ്പ് പരിധിയിൽനിന്ന് കുറയ്ക്കുന്നതാണെന്നും പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ എടുത്തിട്ടുള്ള വായ്പകളുടെ തിരിച്ചടവ് സംബന്ധിച്ച് 2021-22 മുതലുള്ള കണക്കുകൾ ഉടനടി ലഭ്യമാക്കണമെന്നും 4-7-2022-ലെ 40(12)PF-S/2021-22 നമ്പർ കത്ത് പ്രകാരം കേന്ദ്ര ധനകാര്യ മന്ത്രാലയം അറിയിച്ചിട്ടുണ്ട്.

സംസ്ഥാന നിയമസഭ ബഡ്ജറ്റ് പാസാക്കിയതിനുശേഷം പിന്നീട് കടമെടുപ്പ് പരിധിയിൽ കുറവുവരുത്തുന്നത് സംസ്ഥാനത്തിന്റെ വികസന മുൻഗണനകളെ താളം തെറ്റിക്കുകയും നടന്നുകൊണ്ടിരിക്കുന്ന പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം വരുത്തുന്നതിന് ഇടവരുത്തുകയും ചെയ്യും. കേന്ദ്ര സർക്കാർ കൈക്കൊള്ളുന്ന ഇത്തരം നടപടികൾ ഫെഡറൽ തത്വങ്ങൾക്ക് നിരക്കുന്നതല്ല.

## ധനകാര്യ വകുപ്പ് പരിശോധനാ വിഭാഗത്തിന്റെ അന്വേഷണം

2(414) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് കോവിഡ് കാലയളവിൽ വിപണി വിലയെക്കാൾ കൂടിയ വിലയ്ക്ക് പി.പി.ഇ. കിറ്റുകൾ, സ്കാനർ, ഗ്ലൗസ് എന്നിവ വാങ്ങിയതിലെ ക്രമക്കേട് സംബന്ധിച്ച് ധനകാര്യ വകുപ്പ് പരിശോധനാ വിഭാഗം നടത്തിയ അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

കോവിഡ് കാലയളവിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് (KMSCL) മുഖേന മരുന്നുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങിയത് സംബന്ധിച്ച് ധനകാര്യ വകുപ്പ് പരിശോധനാ വിഭാഗം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിൽ (KMSCL) ആരംഭിച്ച പരിശോധന പുരോഗമിക്കുന്നു.

(ബി) പ്രസ്തുത അന്വേഷണം നടത്താനുണ്ടായ കാരണം വിശദമാക്കാമോ?

ആരോഗ്യ വകുപ്പിന്റെ HEALTH-B3/312/2021-HEALTH നമ്പർ ഫയലിലെ ബഹു. ആരോഗ്യ വകുപ്പുമന്ത്രിയുടെ നിർദ്ദേശത്തെ തുടർന്ന് ബഹു. ധനകാര്യ വകുപ്പുമന്ത്രിയുടെ ഉത്തരവിന്റെകൂടി അടിസ്ഥാനത്തിലാണ് KMSCL-ൽ ധനകാര്യ പരിശോധനാ വിഭാഗം അന്വേഷണം ആരംഭിച്ചിട്ടുള്ളത്.

(സി) പ്രസ്തുത അന്വേഷണം ഏത് ഘട്ടത്തിലാണെന്നും ആയതിന്റെ പുരോഗതിയും വ്യക്തമാക്കാമോ?

അന്വേഷണം പുരോഗമിക്കുന്നു.

(ഡി) അന്വേഷണം അനന്തമായി നീളുന്നത് അഴിമതി നടത്തിയവരെ സംരക്ഷിക്കുന്നതിനാണെന്ന തരത്തിലുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## സാമൂഹ്യ സുരക്ഷാ പെൻഷൻ കമ്പനി

3(415) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിനായുള്ള പ്രത്യേക കമ്പനിക്ക് നാളിതുവരെ എത്ര കോടി രൂപ നൽകിയെന്ന വിവരം ലഭ്യമാക്കാമോ?

സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിനായി രൂപീകരിച്ച പ്രത്യേക കമ്പനിക്ക് 19-8-2022 വരെ 26,048.93 കോടി രൂപയുടെ ധനസഹായം സർക്കാർ നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത കമ്പനിക്ക് എത്ര തുക ഇനി നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ?

2022-23 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് വിഹിതത്തിൽനിന്ന് 19-8-2022 വരെ കമ്പനിക്ക് 3,650 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(സി) സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിനായുള്ള പ്രത്യേക കമ്പനിക്ക് നാളിതുവരെ എത്ര കോടി രൂപ ലഭിച്ചുവെന്നും എത്ര കോടി രൂപ ചെലവഴിച്ചുവെന്നും വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

| സാമ്പത്തിക വർഷം | സർക്കാർ വിഹിതം (കോടിയിൽ) | പെൻഷൻ വിതരണത്തിനായി കമ്പനി ആകെ ചെലവഴിച്ച തുക (കോടിയിൽ) |
|---|---|---|
| 2018-2019 | 1,435.79 | 6,493.31 |
| 2019-2020 | 2,100.00 | 7,156.18 |
| 2020-2021 | 11,924.14 | 8,539.36 |
| 2021-2022 | 6,939.00 | 8,380.95 |
| 2022-2023 (19-08-2022 വരെ) | 3,650.00 | 3,460.84 |
| ആകെ | 26,048.93 | 34,030.63 |

(ഡി) സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിനായുള്ള പ്രത്യേക കമ്പനി നാളിതുവരെ ഏതൊക്കെ സ്ഥാപനങ്ങളിൽനിന്നും എത്ര കോടി രൂപ വായ്പയായി സ്വീകരിച്ചുവെന്നും ഇതിൽ ഓരോ സ്ഥാപനവും നൽകിയ വായ്പയുടെയും പലിശയുടെയും വിശദാംശങ്ങളും നൽകാമോ?

കമ്പനി കെ.എസ്.എഫ്.ഇ., കെ.എസ്.ബി.സി., മോട്ടോർ ബോർഡ്, പെൻഷൻ വിതരണത്തിന് ഫണ്ട് സ്വരൂപിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള പ്രാഥമിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം, കെ.എഫ്.സി. എന്നിവയിൽനിന്ന് ആകെ 30,541.66 കോടി രൂപ വായ്പയായി സ്വീകരിക്കുകയും ആയതിൽ

19,835.17 കോടി രൂപ (മുതൽ ഇനത്തിൽ) തിരിച്ചടച്ചിട്ടുമുണ്ട്. നിലവിൽ കമ്പനിക്ക് 10,706.49 കോടി രൂപ ബാധ്യതയുണ്ട്. ഇതിൽ ഓരോ സ്ഥാപനവും നൽകിയ വായ്പയുടെയും കമ്പനി നൽകിയ പലിശയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| വായ്പ നൽകിയ സ്ഥാപനം | വായ്പ തുക (കോടിയിൽ) | കമ്പനി നൽകിയ പലിശ (കോടിയിൽ) |
|---|---|---|
| കെ.എസ്.എഫ്.ഇ. | 12,770.69 | 699.72 |
| കെ.എസ്.ബി.സി. | 5,250 | 289.21 |
| പെൻഷൻ വിതരണത്തിന് ഫണ്ട് സ്വരൂപിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള പ്രാഥമിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം | 10,020.97 | 1,408.05 |
| മോട്ടോർ ബോർഡ് | 2,000 | 207.4 |
| കെ.എഫ്.സി. | 500 | 6.54 |

**കോവിഡ് പ്രതിരോധത്തിനും വാക്സിനേഷനുമായി ചെലവാക്കിയ തുക**

4 (420) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് പ്രതിരോധത്തിനും വാക്സിനേഷനുമായി ഓരോ സാമ്പത്തിക വർഷവും ചെലവാക്കിയ തുക എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) കോവിഡ്മൂലം മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് നിലവിൽ നൽകിവരുന്ന സാമ്പത്തിക സഹായങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) കോവിഡ് പ്രതിരോധത്തിനും വാക്സിനേഷനും മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് സഹായം നൽകുന്നതിനും കേന്ദ്ര സർക്കാരിന്റെ ധനസഹായമോ മറ്റിതര സഹായങ്ങളോ ലഭ്യമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

(എ-സി) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

## സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി വിലയിരുത്തൽ

5(423) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി ഗുരുതരാവസ്ഥയിലേയ്ക്ക് നീങ്ങുന്നതായി റിസർവ് ബാങ്ക് റിപ്പോർട്ട് ചെയ്യത് സർക്കാർ തലത്തിൽ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ട് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ സംബന്ധിച്ച മുന്നറിയിപ്പായി കരുതിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തിരുത്തൽ നടപടികൾ സ്വീകരിക്കാൻ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) എങ്കിൽ പ്രസ്തുത റിപ്പോർട്ട് പുറപ്പെടുവിച്ചതിനുശേഷം ചെലവ് ചുരുക്കലുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പ് പുതിയ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(എ-സി) റിസർവ് ബാങ്കിന്റെ 2022 ജൂൺ മാസത്തെ ബുള്ളറ്റിനിൽ State Finances: A Risk Analysis എന്ന പേരിൽ ഒരു ആർട്ടിക്കിൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ശ്രീലങ്കൻ സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ Public Debt Sustainability-യുടെ പ്രാധാന്യം ചൂണ്ടിക്കാട്ടുന്ന പ്രസ്തുത ലേഖനത്തിന്റെ അടിക്കുറിപ്പിൽ ലേഖനത്തിലെ അഭിപ്രായങ്ങൾ റിസർവ് ബാങ്കിന്റേതല്ലെന്നും Authors-ന്റേതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ ആർട്ടിക്കിളിൽ highly stressed സംസ്ഥാനങ്ങളുടെ അഞ്ചംഗ പട്ടികയിൽ ബീഹാർ, പഞ്ചാബ്, രാജസ്ഥാൻ, പശ്ചിമ ബംഗാൾ എന്നിവരോടൊപ്പം കേരളത്തെയും ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രധാനമായും Debt-GSDP അനുപാതം, GFD-GSDP അനുപാതം, Interest Payment (IP) - Revenue Receipt (RR) അനുപാതം എന്നീ സാമ്പത്തിക സൂചകങ്ങളെ അടിസ്ഥാനമാക്കിയാണ് മേൽ പട്ടിക തയ്യാറാക്കിയിട്ടുള്ളത്.

സംസ്ഥാനത്തിന്റെ കടബാദ്ധ്യത ഒരു തുടർച്ചയാണ്. ഇക്കാര്യത്തിൽ മുൻ വർഷങ്ങളിലെ ഈ ഇനത്തിലെ വർദ്ധനവ് പ്രസക്തമാണ്. 2010-11-ൽ സംസ്ഥാനത്തിന്റെ മൊത്തം കടബാദ്ധ്യത 78,673 കോടി രൂപയായിരുന്നത് അഞ്ച് വർഷം കൊണ്ട് 100 ശതമാനത്തിന് മേൽ വർദ്ധിച്ച് 1,57,370 കോടി രൂപയായി. ടി കാലയളവിലെ RD/GSDP, FD/GSDP ശരാശരി യഥാക്രമം 2.26%-വും 3.54%-വും ആയിരുന്നു. അതിന് മുമ്പുള്ള അഞ്ച് വർഷത്തെ ശരാശരി 1.83%-വും 3.04%-വും ആയിരുന്ന സ്ഥാനത്താണ് ഗണ്യമായ വർദ്ധനവ് 2011-2016

കാലയളവിൽ ഉണ്ടായിട്ടുള്ളത്. എന്നാൽ പ്രളയമടക്കമുള്ള പ്രകൃതി ദുരന്തങ്ങളും കോവിഡ്-19 മഹാമാരിമൂലമുള്ള പ്രതിസന്ധിയും ഉണ്ടായിട്ടും മൊത്തം കടബാദ്ധ്യതയിലെ വർദ്ധനവ് 2020-21-ൽ 2015-16-നെ അപേക്ഷിച്ച് 88.66%-ൽ പരിമിതപ്പെടുത്താൻ സാധിച്ചിട്ടുണ്ട്.

നിർദ്ദിഷ്ട ലേഖനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന നിഗമനങ്ങൾക്ക് ആധാരമാക്കിയിട്ടുള്ള കണക്കുകളിൽ 2019-20-ഉം 2020-21-ഉം ഉൾപ്പെടും. ടി കാലയളവ് കോവിഡ്-19 മൂലം വളർച്ച മുരടിക്കുകയോ നെഗറ്റീവ് ഗ്രോത്ത് രേഖപ്പെടുത്തിയതോ ആയ സമയമാണ്. അത്തരമൊരു കാലയളവിലെ Debt-GSDP അനുപാതം കണക്കിലെടുത്ത് അനുമാനങ്ങളിലെത്തുന്നത് എത്രത്തോളം യുക്തിസഹമാണെന്നത് പരിശോധിക്കപ്പെടേണ്ടതാണ്.

കോവിഡിന്റെ പശ്ചാത്തലത്തിൽ കേന്ദ്ര സർക്കാർ സംസ്ഥാനങ്ങൾക്കുള്ള കടമെടുപ്പ് പരിധി വർദ്ധിപ്പിച്ച് നൽകിയ 2020-21-ലെയും 2021-22-ലെയും ധനക്കമ്മിയും കടബാദ്ധ്യതയും കണക്കിലെടുത്ത് ഭാവിയിലേയ്ക്കുള്ള സാമ്പത്തിക സൂചകങ്ങൾ തയ്യാറാക്കുന്നത്, ടി സാഹചര്യം തുടരാത്ത പശ്ചാത്തലത്തിൽ, എത്രത്തോളം റലവന്റ് ആണെന്നതും ഈ അവസരത്തിൽ പ്രസക്തമായ ചോദ്യമാണ്.

Debt sustainability സൂചകമായി പരിഗണിക്കപ്പെടുന്ന Domar Stability condition (പലിശനിരക്ക്- GSDP വളർച്ച നിരക്ക്) കോവിഡ് മഹാമാരിമൂലം സമ്പദ്ഘടന മുരടിപ്പ് പ്രകടമാക്കിയ 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിലൊഴികെയുള്ള വർഷങ്ങളിൽ, സംസ്ഥാനം സാറ്റിസ്ഫൈ ചെയ്തിരുന്നതായി ടി ലേഖനത്തിൽനിന്നുതന്നെ വ്യക്തമാണ്. കൂടാതെ കടത്തിന്റെ വിജയകരമായ പരിപാലനത്തിന് പരിഗണിക്കുന്ന GSDP growth, Debt growth differential നിർദ്ദിഷ്ട ആർട്ടിക്കിളിൽ പരാമർശിച്ചത് കണക്കിലെടുത്താൽ മേൽ രണ്ട് വർഷങ്ങളിലൊഴികെ മെച്ചപ്പെട്ട നിലയിലാണുള്ളത്. മേൽ കാരണങ്ങൾ കൊണ്ടു തന്നെ ലേഖനത്തിൽ രേഖപ്പെടുത്തുന്നതുപോലെയുള്ള ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി സംസ്ഥാനം നിലവിൽ അഭിമുഖീകരിക്കുന്നില്ലെന്ന് സ്പഷ്ടമാണ്. ടി സാഹചര്യത്തിൽ മേൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിലവിൽ പിന്തുടരുന്ന ധനദൃഢീകരണ പ്രവർത്തനങ്ങളല്ലാതെ മറ്റ് നടപടികളൊന്നും കൈക്കൊള്ളേണ്ട സാഹചര്യമുള്ളതായി സർക്കാർ കരുതുന്നില്ല.

## അഖിലേന്ത്യാ സർവീസ് ഉദ്യോഗസ്ഥർക്കുവേണ്ടി പെൻഷൻ സ്കീം

6(424) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഖിലേന്ത്യാ സർവീസ് ഉദ്യോഗസ്ഥർക്കുവേണ്ടി റിട്ടയർമെന്റിന് ശേഷമുള്ള 'സങ്കൽപ്' പെൻഷൻ സ്കീം സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത സ്കീമിന്റെ നോഡൽ ഓഫീസർ ആരാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഉദ്യോഗസ്ഥനെ നിയോഗിച്ചുകൊണ്ടുള്ള ഗവണ്മെന്റ് ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(എ-സി) പെൻഷൻകാർക്ക് സമൂഹത്തിൽ ഉപയോഗപ്രദമായ ഇടപെടലു കൾക്കുള്ള അവസരങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച ഒരു പ്ലാറ്റ്ഫോമാണ് 'സങ്കൽപ്' (SANKALP (https://pensionersportal.gov.in/ SANKALP/Index.asx). ആയത് ഒരു പെൻഷൻ സ്കീം അല്ല. ഇത് കേന്ദ്ര സർക്കാരിന്റെ പെൻഷനും പെൻഷൻകാരുടെ ക്ഷേമവും എന്ന വകുപ്പിന് കീഴിൽ പ്രവർത്തിച്ചുവരുന്നു. പെൻഷൻകാർക്കും പെൻഷനേഴ്സ് അസോസിയേഷനുകൾക്കും സർക്കാരിതര സംഘടനകൾക്കും 'സങ്കൽപ്' പ്ലാറ്റ്ഫോമിൽ വിവിധ പദ്ധതികളിൽ സന്നദ്ധ പ്രവർത്തനം നടത്തുന്നതിനായി രജിസ്റ്റർ ചെയ്യാം. ലഭ്യമായ സന്നദ്ധ പെൻഷൻകാരുടെ കൂട്ടത്തിൽനിന്നും അനുയോജ്യമായ വൈദഗ്ധ്യവും പരിചയ സമ്പത്തുമുള്ള പെൻഷൻകാരെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് തെരഞ്ഞെടുക്കാൻ സൗകര്യമൊരുക്കുന്നു. കേന്ദ്ര സർക്കാർ സിവിൽ പെൻഷൻകാർ, ഡിഫൻസ് സിവിലിയന്മാർക്കും ഡിഫൻസ് റിട്ടയേഴ്സിനും 'സങ്കൽപി'ന് കീഴിൽ രജിസ്ട്രേഷന് അർഹതയുണ്ട്. നിലവിൽ കേരളത്തിൽനിന്നും 60 പെൻഷൻകാരും രണ്ട് അസോസിയേഷനുകളും പ്രസ്തുത പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന വിവരം പ്രസ്തുത വെബ്സൈറ്റിൽനിന്നും അറിയാൻ കഴിഞ്ഞു. ഈ പ്ലാറ്റ്ഫോം പൂർണ്ണമായും ഒരു കേന്ദ്ര സ്കീം ആയതിനാൽ അതിൽ പെൻഷൻകാരെ രജിസ്റ്റർ ചെയ്യിക്കുന്നതിന് സംസ്ഥാനങ്ങൾക്ക് പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കാൻ സാധിക്കുന്നതല്ല. കൂടാതെ, ഈ ആവശ്യത്തിനായി സംസ്ഥാന സർക്കാർ നോഡൽ ഓഫീസറെ നിയമിച്ചിട്ടില്ലാത്തതുമാണ്.

സമാന വിഷയത്തിൽ നാലാം സംസ്ഥാന ഭരണ പരിഷ്കാര കമ്മീഷന്റെ നാലാമത് റിപ്പോർട്ടിലെ ഖണ്ഡിക 7.2(i)-ൽ ചുവടെ പറയുംവിധം ശിപാർശയു ണ്ടായിരുന്നു:

"അനുഭവ പരിചയമുള്ളവർ സമൂഹത്തിന്റെ മുതൽക്കൂട്ടാണ്. കേരളത്തിലെ ശരാശരി ആയുർദൈർഘ്യം 74.9 വർഷമാണ്. മിക്ക സർക്കാർ ജീവനക്കാരും 56 വയസ്സിൽ സർവീസിൽനിന്ന് വിരമിക്കുന്നു. ഇത് ഇന്ത്യയിലെവിടെയും ജീവനക്കാർക്ക് ഏറ്റവും കുറഞ്ഞ പ്രായമാണ്. 56 വയസ്സിൽ വിരമിച്ചവർക്ക് ഇപ്പോഴും പൊതുസേവനത്തിൽ വളരെ സജീവമായ പങ്കുവഹിക്കാനുള്ള കഴിവും അനുഭവവുമുണ്ട്. സർക്കാർ പ്രവർത്തനങ്ങളുമായി സഹകരിക്കുന്നതിൽ തങ്ങളുടെ വൈദഗ്ദ്ധ്യം സംഭാവന ചെയ്യാൻ താൽപ്പര്യമുള്ള വിരമിച്ച ജീവനക്കാരെ പ്രോത്സാഹിപ്പിക്കണമെന്ന് കമ്മീഷൻ ശിപാർശ ചെയ്യുന്നു. ഇതിനായി വിരമിച്ച ജീവനക്കാരുടെ ഒരു 'pool' രൂപീകരിക്കാം. അവർക്ക് ഓണറേറിയം നൽകും."

ടി ശിപാർശ പരിശോധിച്ച് ധനകാര്യ വകുപ്പ് ചുവടെ പറയുന്ന അഭിപ്രായം രേഖപ്പെടുത്തിയിരുന്നു:

"കേരള സർക്കാരിന്റെ പെൻഷന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള ഓൺലൈൻ സംവിധാനമായ പ്രിസം (PRISM) സോഫ്റ്റ്‌വെയറിൽ വിരമിക്കുന്ന ഓരോ ജീവനക്കാരന്റെയും അടിസ്ഥാന വിവരം ഉള്ളതിനാൽ, ആയതിൽ ഒരു ഷെഡ്യൂൾകൂടി ഉൾപ്പെടുത്തിയാൽ താൽപ്പര്യമുള്ള വിരമിക്കുന്ന ജീവനക്കാരന് തന്റെ അനുഭവവും വൈദഗ്ദ്ധ്യവും അവരുടെ കരിയറിലെ നാഴികക്കല്ലുകളും രേഖപ്പെടുത്തി നൽകാൻ കഴിയും. നിലവിൽ വിരമിച്ച ജീവനക്കാർക്ക് മേൽ വിവരങ്ങൾ പ്രസ്തുത ഷെഡ്യൂളിൽ ഉൾപ്പെടുത്തുന്നതിന് ഓൺലൈനായി സൗകര്യങ്ങൾ നൽകണം. ഈ ഷെഡ്യൂളുകൾ സംയോജിപ്പിച്ച് ഒരു ഡാറ്റാബേസ് സൃഷ്ടിച്ചാൽ, അത് അടിയന്തര ഘട്ടങ്ങളിൽ ഉപയോഗിക്കാവുന്ന ഉദ്യോഗസ്ഥരുടെ പൂളായി പ്രവർത്തിക്കും. കൂടാതെ, ഏതെങ്കിലും പെൻഷൻകാരനെ ഏതെങ്കിലും സ്കീമിലോ പ്രോജക്റ്റിലോ ടിയാളുടെ വൈദഗ്ദ്ധ്യമോ അനുഭവസമ്പത്തോ ആവശ്യമുള്ളപക്ഷം ടിയാനെ ദിവസ വേതനത്തിലോ കരാർ അടിസ്ഥാനത്തിലോ പുനർനിയമന വേതനത്തിലോ നിയമിക്കുന്നതിന് സർക്കാരിന് ഈ ഡാറ്റാബേസും പരിഗണിക്കാവുന്നതാണ്."

പ്രസ്തുത വിഷയം ഇപ്പോൾ ഉദ്യോഗസ്ഥ ഭരണപരിഷ്കാര കമ്മീഷന്റെ പരിശോധനയിലാണ്.

**ഇടുക്കി പാക്കേജ്**

7(425) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ സമഗ്രവികസനം ലക്ഷ്യമിട്ട് പ്രഖ്യാപിച്ചിട്ടുള്ള ഇടുക്കി പാക്കേജ് സംബന്ധിച്ച വിശദാംശം നൽകാമോ?

ഇടുക്കി പാക്കേജിൽ ഏറ്റെടുക്കേണ്ട പദ്ധതികൾ സംബന്ധിച്ച് ജില്ലയിലെ വിവിധ സ്റ്റേക്ക്ഹോൾഡേഴ്സുമായി സംസ്ഥാന ആസൂത്രണ ബോർഡ് മെമ്പർ ഡോ. രാംകുമാർ, കൃഷി വിഭാഗം ചീഫ് ശ്രീ. എസ്. എസ്. നാഗേഷ് എന്നിവർ 17-3-2022-ൽ ഇടുക്കി സന്ദർശിച്ച് ചർച്ച നടത്തി. ഇടുക്കി പാക്കേജിന്റെ നടത്തിപ്പിനായി ഒരു വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പിന്റെ കോ-ചെയർപേഴ്സൺമാരായി ശ്രീ. ജീവൻ ബാബു ഐ.എ.എസ്. (ഡയറക്ടർ, പൊതുവിദ്യാഭ്യാസം), ശ്രീമതി ഷീബ ജോർജ്ജ് ഐ.എ.എസ്. (ജില്ലാ കളക്ടർ, ഇടുക്കി) എന്നിവരെ നിയമിക്കുകയും കൂടാതെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിനെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. പാക്കേജിന്റെ സ്പെഷ്യൽ ഓഫീസറായി ജില്ലാ വികസന കമ്മീഷണറെയാണ് നിയമിച്ചിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പിന്റെയും ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും വിവിധ യോഗങ്ങൾ ജില്ലയിൽ നടത്തുകയുണ്ടായി.

(ബി) പ്രസ്തുത ജില്ലയിൽ ആകെ എത്ര കോടി രൂപയുടെ പാക്കേജാണ് പ്രഖ്യാപിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ജില്ലയിൽ 12,000 കോടി രൂപയുടെ പാക്കേജാണ് പ്രഖ്യാപിച്ചിട്ടുള്ളത്.

(സി) എത്ര വർഷത്തിനുള്ളിൽ പ്രസ്തുത പാക്കേജ് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

അഞ്ച് വർഷത്തിനുള്ളിൽ പാക്കേജ് പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(ഡി) 2022-23-ലെ സംസ്ഥാന ബഡ്ജറ്റിൽ ഇടുക്കി പാക്കേജിനായി വകയിരുത്തിയ തുക എത്രയാണെന്ന് അറിയിക്കാമോ?

2022-23-ലെ സംസ്ഥാന ബഡ്ജറ്റിൽ ഇടുക്കി പാക്കേജിനായി 75 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ഇ) പ്രസ്തുത തുക ഏതൊക്കെ മേഖലകളിലാണ് ചെലവഴിക്കുകയെന്നും ഈ തുക പ്രയോജനപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ?

കൃഷി, മൃഗസംരക്ഷണം, വ്യവസായം, ടൂറിസം, ഭൗതിക-സാമൂഹ്യ-പശ്ചാത്തല സൗകര്യങ്ങൾ, ദാരിദ്ര്യ നിർമ്മാർജ്ജനം, പരിസ്ഥിതി സന്തുലനം അടക്കമുള്ള മേഖലകളിലാണ് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത്. ഇടുക്കി വികസന പാക്കേജിൽ നിലവിൽ പദ്ധതികളൊന്നും ഏറ്റെടുത്തിട്ടില്ല.

## മെഡിസെപ്പ് പദ്ധതി

8(426) ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമുള്ള മെഡിസെപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ മെച്ചപ്പെട്ട ആശുപത്രികൾ കുറവാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പരാതി പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

(എ&ബി) ഉണ്ട്. സംസ്ഥാനത്തെ മെച്ചപ്പെട്ട ആശുപത്രികളെ പദ്ധതിയിൽ ഉൾപ്പെടുത്താൻ കമ്പനി നിരന്തരം ആശുപത്രികളുമായി ബന്ധപ്പെടുകയും ചർച്ചകൾ നടത്തിവരികയുമാണ്.

(സി) തിരുവനന്തപുരം ജില്ലയിലെ ആശുപത്രികളുടെ പട്ടികയിൽ ജില്ലയിലെ പ്രധാനപ്പെട്ട ആശുപത്രികൾ ഇല്ലെന്നും നേത്രരോഗ ആശുപത്രികളുടെ എണ്ണം കൂടുതലാണെന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ സാഹചര്യം സംജാതമായതിന്റെ കാരണം വ്യക്തമാക്കാമോ?

തിരുവനന്തപുരം ജില്ലയിൽ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള മെച്ചപ്പെട്ട ആശുപത്രികൾ കുറവാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പി.ആർ.എസ്., ഗോകുലം മെഡിക്കൽ കോളേജ്, അനന്തപുരി തുടങ്ങിയ പ്രധാന ആശുപത്രികളെ പദ്ധതിയിൽ എംപാനൽ ചെയ്യുന്നതിനുള്ള ചർച്ചകൾ സജീവമായി കമ്പനി നടത്തിവരികയാണ്. മെഡിസെപ്പ് ഗുണഭോക്താക്കളിൽ പകുതിയിലധികം വരുന്നത് പെൻഷൻകാരായതിനാൽ നേത്രസംബന്ധമായ ചികിത്സകൾ കൂടുതലായി ആവശ്യമുണ്ടാകുമെന്നും അടുത്തുള്ള നേത്രരോഗ ആശുപത്രികളിൽത്തന്നെ ചികിത്സ ലഭ്യമാക്കുക എന്ന കാരണത്താലുമാണ് ഇത്തരം ആശുപത്രികളുടെ എണ്ണം കൂടിയത്.

(ഡി) അവിവാഹിതരായവർക്കും നിയമപരമായി വിവാഹമോചനം നേടിയവർക്കും അവരുടെ മാതാപിതാക്കളെ മെഡിസെപ്പിൽ ഗുണഭോക്താവായി ഉൾപ്പെടുത്താൻ കഴിയുമോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ;

(ഇ) ഭാവിയിൽ മാതാപിതാക്കളെ ഗുണഭോക്താവായി ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുമോ?

എല്ലാ ജീവനക്കാർക്കും പൂർണ്ണമായും അവരെ ആശ്രയിച്ച് ജീവിക്കുന്ന മാതാപിതാക്കളെ പദ്ധതിയിൽ ഗുണഭോക്താവായി നിലവിൽ ഉൾപ്പെടുത്താവുന്നതാണ്. എന്നാൽ പെൻഷൻകാർക്ക് അവരുടെ പങ്കാളിയേയും മാനസിക/ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളേയും (പ്രായപരിധി ബാധകമല്ല) മാത്രമേ പദ്ധതിയിൽ ഗുണഭോക്താവായി ചേർക്കാൻ സാധിക്കുകയുള്ളൂ.

## വായ്പകൾക്കുള്ള ഗ്യാരണ്ടി

9(429) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നിലവിൽ ആകെ എത്ര തുകയുടെ വായ്പയ്ക്ക് ഗ്യാരണ്ടി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇത് സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപാദനത്തിന്റെ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ?

സംസ്ഥാന സർക്കാർ നിലവിൽ ആകെ 46,391.38 കോടി രൂപയ്ക്കാണ് ഗ്യാരണ്ടി നൽകിയിട്ടുള്ളത്. ഇത് സംസ്ഥാനത്തിന്റെ 2022-23 സാമ്പത്തിക വർഷത്തിലെ മൊത്തം ആഭ്യന്തര ഉൽപാദനത്തിന്റെ 4.64% ആണ്.

(ബി) പ്രസ്തുത വായ്പകൾക്കുള്ള ഗ്യാരണ്ടി കമ്മീഷൻ ഇനത്തിൽ സംസ്ഥാനം നാളിതുവരെ എത്ര തുക പിരിച്ചെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഗ്യാരണ്ടി കമ്മീഷനായി 2016 മുതൽ സർക്കാരിന് ലഭിച്ച തുക ചുവടെ ചേർക്കുന്നു:

| വർഷം | ഗ്യാരണ്ടി കമ്മീഷൻ (തുക കോടിയിൽ) |
|---|---|
| 2016-17 | 100.10 |
| 2017-18 | 121.22 |
| 2018-19 | 124.10 |
| 2019-20 | 150.80 |
| 2020-21 | 216.57 |
| 2021-22 | കണക്കുകൾ ലഭ്യമായിട്ടില്ല. |

(സി) മേൽപ്പറഞ്ഞ ഗ്യാരണ്ടി കമ്മീഷൻ തുക ഏത് രീതിയിലാണ് വിനിയോഗിച്ചതെന്ന് അറിയിക്കുമോ?

ഗ്യാരണ്ടി കമ്മീഷനായി ലഭിക്കുന്ന തുക സർക്കാരിന്റെ നികുതിയേതര വരുമാനമായി കണക്കാക്കി പൊതുവായ ആവശ്യങ്ങൾക്ക് ചെലവഴിക്കുന്നു.

## സംസ്ഥാന പൊതുകടം-പലിശയിനത്തിനുള്ള തിരിച്ചടവ്

10(430) ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പൊതുകടം നിലവിൽ എത്രയാണെന്ന് വ്യക്തമാക്കുമോ; ഇത് വാർഷിക ആഭ്യന്തര ഉല്പാദനത്തിന്റെ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ?

അക്കൗണ്ടന്റ് ജനറലിന്റെ സപ്ലിമെന്ററി കണക്ക് പ്രകാരം 31-3-2022 വരെയുള്ള സംസ്ഥാനത്തിന്റെ ആകെ പൊതുകടം 2,19,986.89 കോടി രൂപയാണ്. ഇത് സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉല്പാദനമായ 901997.83 കോടി രൂപയുടെ 24.4% ആണ്.

(ബി) 2011-12 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ കാലിക വരവിന്റെ എത്ര ശതമാനം പലിശയിനത്തിനുള്ള തിരിച്ചടവിനായി മാറ്റിവച്ചിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) 2021-22 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ കാലിക വരവിന്റെ എത്ര ശതമാനം പലിശയിനത്തിനുള്ള തിരിച്ചടവിനായി ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ?

(ബി&സി) 2011-12, 2021-22 എന്നീ സാമ്പത്തിക വർഷങ്ങളിലെ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനവും പലിശയിനത്തിലുള്ള തിരിച്ചടവും ചുവടെ പട്ടികയായി ചേർക്കുന്നു.

(തുക കോടിയിൽ)

| സാമ്പത്തിക വർഷം | റവന്യൂ വരുമാനം | പലിശയിനത്തിലുള്ള തിരിച്ചടവ് |
|---|---|---|
| 2011-12 | 38010.36 | 6293.60 |
| 2021-22* | 116640.24 | 23315.16 |

*അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുപ്രകാരം ഇത് യഥാക്രമം 16.5 ശതമാനവും 19.9 ശതമാനവും ആയിരുന്നു.

## എ.ഡി.ബി. വായ്പ

11(439) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2000 ജൂലൈ 24-ന് കേരളം സന്ദർശിച്ച എ.ഡി.ബി. ഉദ്യോഗസ്ഥർ സർക്കാരുമായി നടത്തിയ ചർച്ചയിൽ പബ്ലിക് റിസോഴ്സസ് മാനേജ്മെന്റിന് ധനസഹായം നൽകുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിരുന്നോ; വിശദാംശം നൽകുമോ;

(ബി) 2000 ആഗസ്റ്റ് 12-ന് ചേർന്ന മന്ത്രിസഭാ യോഗം എ.ഡി.ബി. വായ്പ സംബന്ധിച്ച വ്യവസ്ഥകൾ അംഗീകരിച്ചിരുന്നോ; എങ്കിൽ പ്രസ്തുത തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത വായ്പ സംബന്ധിച്ച് സർക്കാർ തത്വത്തിൽ അംഗീകരിച്ച വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## പനച്ചമൂട് മത്സ്യ മാർക്കറ്റ് നവീകരണം

12(444) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ വെള്ളറട ഗ്രാമപഞ്ചായത്തിൽ കിഫ്ബിയുടെ ധനസഹായത്തോടെ തീരദേശ വികസന കോർപ്പറേഷൻ നിർവ്വഹണ ഏജൻസിയായിട്ടുള്ള പനച്ചമൂട് മത്സ്യ മാർക്കറ്റ് നവീകരണ പ്രവൃത്തി നാളിതുവരെ ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ കാര്യകാരണ സഹിതമുള്ള വിവരം ലഭ്യമാക്കാമോ?

പാറശ്ശാല നിയോജകമണ്ഡലത്തിലെ വെള്ളറട ഗ്രാമപഞ്ചായത്തിൽ കിഫ്ബിയുടെ ധനസഹായത്തോടെ തീരദേശ വികസന കോർപ്പറേഷൻ നിർവ്വഹണ ഏജൻസിയായിട്ടുള്ള പനച്ചമൂട് മത്സ്യമാർക്കറ്റ് നവീകരണ പ്രവൃത്തിക്ക് 4-8-2020-ലെ FSH003-01/APR-3/2020/KIIFB നമ്പർ ഉത്തരവ് പ്രകാരം 4,62,82,834 രൂപയുടെ ധനാനുമതി നൽകിയിട്ടുള്ളതും ഡി.എസ്.ആർ.2018 പ്രകാരം എസ്.പി.വി. ആയ കെ.എസ്.സി.എ.ഡി.സി. (KERALA STATE COASTAL AREA DEVELOPMENT CORPORATION) സമർപ്പിച്ച റിവിഷൻ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ 15-3-2022-ലെ FSH003-01/APR-4/2022/KIIFB നമ്പർ ഉത്തരവ് പ്രകാരം 5,35,77,000 രൂപയുടെ പുതുക്കിയ

ധനാനുമതി നൽകിയിട്ടുള്ളതുമാണ്. മത്സ്യമാർക്കറ്റ് നവീകരണ പദ്ധതിക്ക് തിരിച്ചടവ് വ്യവസ്ഥ ബാധകമാക്കിയിരുന്നതിനാലും ഇതുസംബന്ധിച്ച കരാറിന് മിക്ക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വിസമ്മതം അറിയിച്ചിരുന്നതിനാലും സമ്മതമറിയിക്കുന്ന പദ്ധതികളുമായി മുന്നോട്ടുപോകാൻ കെ.എസ്.സി.എ.ഡി.സി.-ക്ക് കിഫ്ബി നിർദ്ദേശം നൽകിയിരുന്നു.

(ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുമ്പോൾ പദ്ധതി അടങ്കൽ തുക തിരിച്ചടവ് എന്ന നിബന്ധന ഇല്ലായിരുന്നുവെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കിഫ്ബിയെ സംബന്ധിച്ചിടത്തോളം മത്സ്യമാർക്കറ്റ് നവീകരണ പദ്ധതി, വരുമാനം ഉളവാക്കുന്ന പദ്ധതികളിൽ ഒന്നായാണ് കണക്കാക്കിയിട്ടുള്ളത്. ആയതിനാൽ തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, മത്സ്യവും തുറമുഖവും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, എസ്.പി.വി. ആയ കെ.എസ്.സി.എ.ഡി.സി. എന്നിവരുമായി 23-1-2022-ൽ കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ നടത്തിയ ചർച്ചയിലെ തീരുമാനമനുസരിച്ച് മത്സ്യമാർക്കറ്റ് നവീകരണ പദ്ധതിക്ക് കിഫ്ബി അനുവദിക്കുന്ന ഫണ്ട്, 12 വർഷ കാലാവധിയോടും അഞ്ച് ശതമാനം പലിശയോടും കൂടിയ ലോണായി നൽകിക്കൊണ്ടുള്ള തിരിച്ചടവ് വ്യവസ്ഥ, പുതുക്കിയ ധനാനുമതി ഉത്തരവിൽ പരാമർശിച്ചിരുന്നു.

(സി) പ്രസ്തുത തീരുമാനപ്രകാരം നിലവിൽ ഗ്രാമപഞ്ചായത്തിനോട് നിർദ്ദേശിച്ചിട്ടുള്ള പദ്ധതി അടങ്കൽ തുക തിരിച്ചടവ് പൂർണ്ണമായും ഒഴിവാക്കി നൽകി എത്രയുംവേഗം പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

മത്സ്യമാർക്കറ്റ് നവീകരണ പദ്ധതിക്ക് ബാധകമാക്കിയിട്ടുള്ള തിരിച്ചടവ് വ്യവസ്ഥ ഒഴിവാക്കുന്നതിന് എസ്.പി.വി. ആയ കെ.എസ്.സി.എ.ഡി.സി., വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ബഹു. എം.എൽ.എ.-മാർ എന്നിവരുടെ അഭ്യർത്ഥനകൾ കിഫ്ബിയിൽ ലഭ്യമാകുകയും അവ പരിശോധിച്ചശേഷം ഫിഷറീസ് വകുപ്പിന് കീഴിലെ മത്സ്യമാർക്കറ്റ് നവീകരണ പദ്ധതിക്ക് അനുവദിച്ച കിഫ്ബി ഫണ്ട് ഗ്രാന്റായി കണക്കാക്കുന്നതിനുള്ള തീരുമാനം കൈക്കൊള്ളുകയും ടി തീരുമാനം തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, മത്സ്യവും തുറമുഖവും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, എസ്.പി.വി. ആയ കെ.എസ്.സി.എ.ഡി.സി. എന്നിവരെ 4-8-2022-ലെ കത്ത് പ്രകാരം കിഫ്ബി അറിയിക്കുകയും ചെയ്തിട്ടുള്ളതിനാൽ മത്സ്യമാർക്കറ്റ് പദ്ധതികൾ ആരംഭിക്കുന്നതിന് കെ.എസ്.സി.എ.ഡി.സി.-ക്ക് നിലവിൽ തടസ്സമൊന്നുമില്ല.

## കോഴിക്കോട് ജില്ലയിലെ കിഫ്ബി മുഖേനയുള്ള റോഡ് നിർമ്മാണം

13(445) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പ്രധാന റോഡായ പി.യു.കെ.സി. റോഡിന്റെ രണ്ടാംഘട്ട പ്രവൃത്തിയുടെ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

പി.യു.കെ.സി. റോഡിന്റെ രണ്ടാംഘട്ട പ്രവൃത്തിയുടെ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചിട്ടില്ല.

(ബി) ഉള്ളിയേരി മുതൽ കുറ്റ്യാടി വരെയുള്ള രണ്ടാംഘട്ട പ്രവൃത്തിക്ക് എത്ര കോടി രൂപയുടെ എസ്റ്റിമേറ്റാണ് ഭരണ വകുപ്പ് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളതെന്നും ഇതിൽ ഭൂമി ഏറ്റെടുക്കുന്നതിനായി എത്ര തുക ഉൾപ്പെടുത്തിയിട്ടുണ്ടെന്നും വിശദാംശം ലഭ്യമാക്കാമോ?

ഉള്ളിയേരി മുതൽ കുറ്റ്യാടി വരെയുള്ള രണ്ടാംഘട്ട പ്രവൃത്തിക്ക് 167.21 കോടി രൂപയുടെ എസ്റ്റിമേറ്റാണ് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളത്. ഇതിൽ ഭൂമി എറ്റെടുക്കുന്നതിനായി 21.50 കോടി രൂപയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

## കിഫ്ബി ധനസഹായം

14(449) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി കിഫ്ബി ധനസഹായമായി സംസ്ഥാനത്ത് എത്ര തുകയുടെ വികസന പ്രവർത്തനങ്ങൾക്കാണ് ഈ സർക്കാർ കാലയളവിൽ തുടക്കമിട്ടതെന്ന് വ്യക്തമാക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രഖ്യാപിച്ച അഞ്ച് കോടി രൂപയുടെ 141 സ്കൂളുകളും മൂന്ന് കോടി രൂപയുടെ 385 സ്കൂളുകളും ഒരു കോടി രൂപയുടെ 446 സ്കൂളുകൾക്കുമായി കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളിൽ 259 സ്കൂളുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും 713 സ്കൂളുകൾക്കായുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയും ചെയ്യുന്നു.

(ബി) ഇതിനായി ഓരോ ജില്ലയിലുമായി എത്ര തുകയുടെ പ്രവർത്തനങ്ങൾക്ക് ലക്ഷ്യമിട്ടെന്നും ആയതിൽ ധനകാര്യ അനുമതി എത്ര തുകയ്ക്ക് നാളിതുവരെ ലഭ്യമായെന്നും ഉദ്യോഗസ്ഥ വീഴ്ചമൂലം ധനകാര്യ അനുമതി ലഭ്യമാകാത്തത് എത്ര തുകയുടേതെന്നും വ്യക്തമാക്കുമോ?

ധനാനുമതി സംബന്ധിച്ച വിശദാംശങ്ങൾ, ഓരോ ജില്ലയിലും പൂർത്തീകരിച്ച സ്കൂളുകളുടെ എണ്ണം എന്നിവ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.* ചില സ്കൂളുകൾക്കായി സമർപ്പിക്കപ്പെട്ട പദ്ധതികളുടെ എസ്റ്റിമേറ്റിലുള്ള കുറവുകൾ കാരണവും മറ്റ് അടിസ്ഥാന പ്രശ്നങ്ങൾ കാരണവുമാണ് കിഫ്ബി ഇതുവരെയും അത്തരം പദ്ധതികൾക്ക് ധനാനുമതി നൽകാത്തത്. ആയത് പരിഹരിക്കുന്ന മുറയ്ക്ക് ഫണ്ടിംഗിനായി പരിഗണിക്കുന്നതാണ്.

(സി) പ്രസ്തുത വികസന പ്രവർത്തനങ്ങൾ കുറ്റമറ്റതാക്കാനായി ധനകാര്യ അനുമതിക്കായി കുറ്റമറ്റ രീതിയിൽ അപേക്ഷകൾ സ്വീകരിക്കുന്നതിനായി ധനകാര്യ വകുപ്പ് സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

കിഫ്ബിയുടെ മാനദണ്ഡങ്ങൾ പ്രകാരം നിർദ്ദിഷ്ട ഗുണനിലവാരത്തോടെ പദ്ധതികൾ നടപ്പിലാക്കാനുള്ള ശ്രമങ്ങളാണ് നടത്തിവരുന്നത്. ഇതിനായി ബന്ധപ്പെട്ട ഭരണ വകുപ്പിന്റെയും നിർദ്ദിഷ്ട എസ്.പി.വി.-കളുടെയും ബന്ധപ്പെട്ട ജനപ്രതിനിധികളുടെയും യോഗങ്ങൾ നടത്തിവരുന്നുണ്ട്.

## നാദാപുരം മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

15(450) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാദാപുരം മണ്ഡലത്തിൽ കിഫ്ബി മുഖാന്തരം ഏറ്റെടുത്ത കായപ്പനച്ചി-കുന്നംചിറ-പുതിയങ്ങാടി (എടച്ചേരി), കരിങ്ങാട്-കൈവലി റോഡുകൾക്ക് ഭരണാനുമതി ലഭ്യമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

നാദാപുരം മണ്ഡലത്തിൽ കിഫ്ബി മുഖാന്തരം ഏറ്റെടുത്ത കായപ്പനച്ചി-കുന്നംചിറ-പുതിയങ്ങാടി (എടച്ചേരി), മൂന്നാംകൈ-കരിങ്ങാട്-കൈവേലി റോഡുകൾക്ക് 10-7-2017-ലെ G.O.(Rt)No. 942/2017/PWD നമ്പർ ഉത്തരവ് പ്രകാരം 20 കോടി രൂപ വീതം ഭരണാനുമതി ലഭിച്ചിട്ടുള്ളതാണ്. മൂന്നാംകൈ-കരിങ്ങാട്-കൈവേലി റോഡിന്റെ അവലോകനവുമായി ബന്ധപ്പെട്ട ചർച്ചകൾ കേരള റോഡ് ഫണ്ട് ബോർഡ്, സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് എന്നിവരുമായി നടത്തിവരികയാണ്.

കായപ്പനച്ചി-കുന്നംചിറ-പുതിയങ്ങാടി റോഡിന്റെ വിശദമായ പദ്ധതി റിപ്പോർട്ട്, പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് (KRFB) നാളിതുവരെ കിഫ്ബിയിൽ സമർപ്പിച്ചിട്ടില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പൂഞ്ഞാർ മണ്ഡലത്തിലെ ചിറ്റാറ്റിൻകര പാലം നിർമ്മാണം

16(452) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ അരുവിത്തുറ-ഭരണങ്ങാനം റോഡിലെ ചിറ്റാറ്റിൻകര പാലത്തിന് കാലപ്പഴക്കവും വെള്ളപ്പൊക്കവുംമൂലം ബലക്ഷയം സംഭവിച്ചതിനാൽ പ്രസ്തുത പാലത്തിന്റെ പുനർ നിർമ്മാണം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ അരുവിത്തുറ-ഭരണങ്ങാനം റോഡിലെ ചിറ്റാറ്റിൻകര പാലത്തിന്റെ പുനർനിർമ്മാണം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം പരിശോധിക്കുന്നതിന് വേണ്ടിയുള്ള ആദ്യഘട്ട അന്വേഷണത്തിൽ പ്രസ്തുത റോഡ്, പാലം, അപ്രോച്ച് റോഡ് എന്നിവ ഉൾപ്പെടെ ബി.എം. & ബി.സി. നവീകരണം നടക്കുകയാണെന്നും ഈ പ്രവൃത്തിക്ക് മൂന്ന് വർഷത്തെ ഡിഫക്റ്റ് ലയബിലിറ്റി പീരിയഡ് ഉണ്ടെന്നുമാണ് അറിയാൻ കഴിഞ്ഞത്. ഈ സാഹചര്യത്തിൽ കുറഞ്ഞത് മൂന്ന് വർഷത്തേയ്ക്ക് പ്രസ്തുത പാലം നവീകരിക്കാൻ നിർവ്വാഹമില്ലാത്തതിനാൽ ഇത് നിലവിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്താൻ സാധിക്കുകയില്ല.

## സ്കൂളുകൾക്ക് അനുവദിച്ച കിഫ്ബി ഫണ്ട്

17(453) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നതും പ്രായോഗികമല്ലാത്തതിനാൽ ഫണ്ട് മറ്റ് സ്കൂളുകൾക്ക് നൽകിയതുമായ എത്ര പ്രവൃത്തികളാണ് കോഴിക്കോട് ജില്ലയിലുള്ളതെന്ന് വിശദമാക്കാമോ?

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നതും പ്രായോഗികമല്ലാത്തതിനാൽ ഫണ്ട് മറ്റ് സ്കൂളുകൾക്ക് നൽകിയതുമായ മൂന്ന് പ്രവൃത്തികളാണ് കോഴിക്കോട് ജില്ലയിലുള്ളത്. കോഴിക്കോട് സൗത്ത് നിയോജക മണ്ഡലത്തിലെ ഗവ. വി.എച്ച്.എസ്.എസ്. കുറ്റിച്ചിറ, തിരുവമ്പാടി നിയോജക മണ്ഡലത്തിലെ ജി.യു.പി.എസ്. കൊടിയത്തൂർ എന്നീ സ്കൂളുകൾ സ്ഥലം ലഭ്യമല്ലാത്തതിനാലും

ഇലത്തൂർ നിയോജക മണ്ഡലത്തിലെ ഗവ. ജി.എച്ച്.എസ്.എസ്. പുതിയപ്പയിലെ നിർമ്മാണം ആവശ്യമില്ലെന്ന് കണ്ടെത്തിയതിനാലും ഒഴിവാക്കിയിട്ടുണ്ട്. പകരം കോഴിക്കോട് ജില്ലയിലെ ഗവ. മോഡൽ ഹയർ സെക്കണ്ടറി സ്കൂൾ, ഗവ. യു.പി.എസ്. തോട്ടുമുക്കം, ജി.എൽ.പി.എസ്. കൂടൽ എന്നീ സ്കൂളുകൾ ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) മാവൂർ പഞ്ചായത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി മണക്കാട് ഗവണ്മെന്റ് യു.പി. സ്കൂളിന് അനുവദിച്ച ഒരു കോടി രൂപയുടെ പ്രവൃത്തി സാങ്കേതിക കാരണംകൊണ്ട് ആരംഭിക്കാൻ സാധിക്കാത്ത സാഹചര്യമുണ്ടോ?

മാവൂർ പഞ്ചായത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി മണക്കാട് ഗവ. യു.പി. സ്കൂളിന് അനുവദിച്ച ഒരു കോടി രൂപയുടെ പ്രവൃത്തി സാങ്കേതികാനുമതി ലഭിക്കാത്തതിനാൽ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. കവറേജ് ഇഷ്യു മൂലമാണ് സാങ്കേതികാനുമതി വൈകുന്നതെന്നും ടി പ്രശ്നം പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നതായും പദ്ധതിയുടെ നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്.

(സി) എങ്കിൽ നിലവിൽ അഞ്ഞൂറിനടുത്ത് കുട്ടികൾ പഠിക്കുന്ന പൊതുവയൽ പഞ്ചായത്തിലെ വെള്ളിപറമ്പ ഗവ. എൽ.പി. സ്കൂളിന് കെട്ടിടം നിർമ്മിക്കാൻ പ്രസ്തുത തുക മാറ്റിനൽകുന്ന കാര്യം പരിഗണിക്കുമോ?

മണക്കാട് ഗവ. യു.പി. സ്കൂൾ പദ്ധതി നിലവിൽ പൂർണ്ണമായും ഒഴിവാക്കിയിട്ടില്ല. 24-2-2018-ലെ സ.ഉ.(എം.എസ്.)നം.69/2018/Fin പ്രകാരം കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുള്ള പദ്ധതികളും കിഫ്ബി മുഖേന നടപ്പിലാക്കാൻ കാബിനറ്റ് തീരുമാനം കൈകൊണ്ടതുമായ പദ്ധതികളുമാണ് നിലവിൽ കിഫ്ബി ധനസഹായത്തിന് പരിഗണിക്കുന്നത്. പൊതുവയൽ പഞ്ചായത്തിലെ വെള്ളിപറമ്പ ഗവ. എൽ.പി. സ്കൂളിന് ഭരണാനുമതിയോ കാബിനറ്റിന്റെ അനുമതിയോ ലഭിച്ചതായി ബന്ധപ്പെട്ട ഭരണ വകുപ്പ് അറിയിച്ചിട്ടില്ല. ആയതിനാൽ ടി സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിന് നിർവ്വാഹമില്ല.

**റാന്നിയിലെ കിഫ്ബി പദ്ധതികൾ**

18(454) <u>ശ്രീ. പ്രമോദ് നാരായൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന റാന്നി നിയോജക മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച് നടപ്പാക്കിവരുന്ന പൂർത്തിയായതും പ്രാരംഭഘട്ടത്തിലുള്ളതും തുടങ്ങാനിരിക്കുന്നതുമായ വിവിധ പദ്ധതികളുടെ സംക്ഷിപ്ത വിവരണം പട്ടികരൂപത്തിൽ വകുപ്പ് തിരിച്ച് ലഭ്യമാക്കുമോ?

കിഫ്ബി മുഖേന റാന്നി നിയോജക മണ്ഡലത്തിൽ നടപ്പാക്കുന്നതിനായി ധനാനുമതി നൽകിയ പൂർത്തിയായതും പ്രാരംഭ ഘട്ടത്തിലുള്ളതും തുടങ്ങാനിരിക്കുന്നതുമായ വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി പട്ടികരൂപത്തിൽ വിശദീകരിക്കാമോ?

പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.*

(സി) സ്ഥലമേറ്റെടുക്കൽ ആവശ്യമായി വരുന്ന പദ്ധതികൾ ഏതൊക്കെയാണ്; നിലവിലെ സ്ഥിതി വിശദമാക്കാമോ?

സ്ഥലമേറ്റെടുക്കൽ ആവശ്യമായി വരുന്ന പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയും അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.*

**ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

19(457) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബി പദ്ധതി പ്രകാരം ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ വക്കം-മങ്കുഴി മാർക്കറ്റ്, നിലയ്ക്കാമുക്ക് മാർക്കറ്റ്, കിളിമാനൂർ പുതിയകാവ് മാർക്കറ്റ് എന്നിവയുടെ നവീകരണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കിഫ്ബി പദ്ധതി പ്രകാരം ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ വക്കം മത്സ്യ മാർക്കറ്റിന്റെ നവീകരണത്തിനായി 4-9-2021-ലെ FSH003-05/APR-3/2021/KIIFB നമ്പർ ഉത്തരവ് പ്രകാരം 1,67,90,824 രൂപയുടെ ധനാനുമതി നൽകുകയും തുടർന്ന് ഡി.എസ്.ആർ.2018 പ്രകാരം എസ്.പി.വി. ആയ കേരള തീരദേശ വികസന കോർപ്പറേഷൻ സമർപ്പിച്ച റിവിഷൻ പ്രൊപ്പോസൽ കിഫ്ബി പരിശോധിച്ചശേഷം 8-2-2022-ലെ FSH003-05/APR-4/2022/KIIFB നമ്പർ ഉത്തരവ് പ്രകാരം 1,95,78,643 രൂപയുടെ പുതുക്കിയ ധനാനുമതി നൽകുകയും ചെയ്തു. കൂടാതെ നിലയ്ക്കാമുക്ക് മത്സ്യ മാർക്കറ്റിന്റെ നവീകരണത്തിനായി 9-4-2021-ലെ FSH003-04/PE-4-PAD/2021/KIIFB നമ്പർ ഉത്തരവ് പ്രകാരം 1,34,91,832 രൂപയുടെ ധനാനുമതി നൽകുകയും തുടർന്ന് ഡി.എസ്.ആർ.2018 പ്രകാരം കെ.എസ്.സി.എ.ഡി.സി. സമർപ്പിച്ച റിവിഷൻ പ്രൊപ്പോസൽ കിഫ്ബി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പരിശോധിച്ചശേഷം 8-2-2022-ലെ FSH003-04/APR-4/2022/KIIFB നമ്പർ ഉത്തരവ് പ്രകാരം 1,55,28,200 രൂപയുടെ പുതുക്കിയ ധനാനുമതി നൽകുകയും ചെയ്തു. മത്സ്യബന്ധന വകുപ്പ് പുറപ്പെടുവിച്ച ഭരണാനുമതിയിൽ 'കിളിമാനൂർ പുതിയകാവ് മത്സ്യമാർക്കറ്റ് കിഫ്ബി പദ്ധതിയായി കാണുന്നില്ല. കിഫ്ബി മുഖേന നടപ്പിലാക്കുന്ന മത്സ്യ മാർക്കറ്റ് നവീകരണ പദ്ധതി വരുമാനം ലഭ്യമാകുന്ന പദ്ധതിയായി കണക്കാക്കിയിരുന്നതിനാൽ, 12 വർഷത്തെ കാലാവധിയും അഞ്ച് ശതമാനം പലിശയും ഉൾപ്പെടെയുള്ള തിരിച്ചടവ് വ്യവസ്ഥ ബാധകമാക്കിയിരുന്നു. എന്നാൽ ബഹു.എം.എൽ.എ.-മാർ, വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കെ.എസ്.സി.എ.ഡി.സി. എന്നിവർ സമർപ്പിച്ച അഭ്യർത്ഥനകൾ കിഫ്ബിയിൽ പരിശോധിക്കുകയും കിഫ്ബി ധനസഹായം ലോണിന് പകരം ഗ്രാന്റായി അനുവദിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

## കിഫ്ബി പദ്ധതികളുടെ ഗുണനിലവാരം

20(459) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന ധനസഹായം ലഭ്യമാക്കുന്ന പദ്ധതികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ചീഫ് പ്രോജക്ട് എക്സാമിനറുടെ നേതൃത്വത്തിൽ ഇൻസ്പെക്ഷൻ അതോറിറ്റി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അതോറിറ്റിയിൽ ഏത് വകുപ്പിൽ നിന്നുള്ള ഉദ്യോഗസ്ഥരെയാണ് നിയമിച്ചിട്ടുള്ളത് എന്നതിന്റെ വിശദവിവരം നൽകുമോ?

സർക്കാർ കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി ചീഫ് പ്രോജക്ട് എക്സാമിനറുടെ നേതൃത്വത്തിൽ ടെക്നിക്കൽ ഇൻസ്പെക്ഷൻ വിഭാഗം കിഫ്ബിയിൽ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത വിഭാഗത്തിൽ സാങ്കേതിക മികവുള്ള ഉദ്യോഗസ്ഥരെ കരാർ അടിസ്ഥാനത്തിലാണ് നിയമിച്ചിട്ടുള്ളത്.

(ബി) ധനകാര്യ വകുപ്പിന്റെ സാങ്കേതിക പരിശോധനാ സംവിധാനമായ സി.റ്റി.ഇ.-(ചീഫ് ടെക്നിക്കൽ എക്സാമിനർ)യെ ഒഴിവാക്കി ഇൻസ്പെക്ഷൻ അതോറിറ്റി രൂപീകരിച്ചത് എന്തിന്റെ അടിസ്ഥാനത്തിലാണെന്നത് വിശദമാക്കുമോ?

കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ആക്ട് 1999 പ്രകാരവും കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് (ഭേദഗതി) ആക്ട് 2016 പ്രകാരവുമാണ് കിഫ്ബിയുടെ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. കിഫ്ബി ആക്ടിൽ സംസ്ഥാനത്തുള്ള കിഫ്ബി പദ്ധതികളുടെ പരിശോധനയ്ക്കായി ഒരു ഇൻസ്പെക്ഷൻ

വിഭാഗം ഉണ്ടാകണമെന്ന് നിർദ്ദേശിക്കുന്നുണ്ട്. അതുപ്രകാരം കിഫ്ബി പദ്ധതികളുടെ ഗുണനിലവാരം പരിശോധിക്കേണ്ടത് കിഫ്ബിയിലെ ടെക്നിക്കൽ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ ചുമതലയാണ് എന്നിരുന്നാലും ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിന് സർക്കാർ കിഫ്ബി മുഖേന ഫണ്ട് ചെയ്യുന്ന പദ്ധതികളിൽ പരിശോധന നടത്തുന്നതിന് തടസ്സമൊന്നുമില്ല.

(സി) കിഫ്ബിയിൽ ഉൾപ്പെടുത്തി ചെയ്ത നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത കരാറുകാർ സമർപ്പിച്ച ബില്ലിന്മേൽ കുടിശ്ശിക ഉണ്ടോയെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ?

കിഫ്ബിയിൽ സമർപ്പിക്കുന്ന ബില്ലുകളെല്ലാം അതത് പദ്ധതി നിർവ്വഹണ ഏജൻസിയുടെ ധനാനുമതി ഉത്തരവോടുകൂടിയാണ് ലഭ്യമാക്കുന്നത്. അത് കിഫ്ബി മാനദണ്ഡങ്ങൾക്ക് അനുസൃതമാണോയെന്ന് പരിശോധിച്ചതിനുശേഷം ബന്ധപ്പെട്ട കരാറുകാർക്ക് തുക നേരിട്ട് അവരുടെ അക്കൗണ്ടിലേയ്ക്ക് നൽകുന്ന രീതിയാണ് കിഫ്ബിയിൽ അവലംബിക്കുന്നത്. കിഫ്ബിയിലെ പരിശോധനകളിൽ ഏതെങ്കിലും വിധത്തിലുള്ള പോരായ്മകൾ കാണപ്പെടുന്ന സാഹചര്യങ്ങളിൽ ആ പോരായ്മ പരിഹരിച്ച് എസ്.പി.വി. ബിൽ വീണ്ടും സമർപ്പിക്കുമ്പോൾ മാത്രമേ തുക നൽകാൻ സാധിക്കുകയുള്ളൂ. 23-8-2022-ലെ കണക്കനുസരിച്ച് 67 ബില്ലുകൾ കിഫ്ബിയിൽ പരിശോധനയുടെ വിവിധ ഘട്ടങ്ങളിലാണ്. അതിന്മേൽ കിഫ്ബിയുടെ വിവിധ വിഭാഗങ്ങൾ പരിശോധന പൂർത്തിയാക്കുന്ന മുറയ്ക്ക് തുകകൾ അനുവദിക്കുന്നതാണ്. പണം നൽകുന്നതിൽ കാലതാമസം ഉണ്ടാകാതിരിക്കാൻ ബില്ലുകളുടെ വീക്കിലി റിവ്യൂ ഉൾപ്പെടെ ആവശ്യമായ എല്ലാ മുൻകരുതലും കിഫ്ബി സ്വീകരിച്ചുവരുന്നു.

## നിലമ്പൂർ റവന്യൂ ടവർ നിർമ്മാണം

21(469) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷത്തിൽ കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച മലപ്പുറം ജില്ലയിലെ നിലമ്പൂർ റവന്യൂ ടവർ നിർമ്മാണത്തിനായി വിശദമായ പദ്ധതി രൂപരേഖ (ഡി.പി.ആർ.) തയ്യാറാക്കിയിട്ടുണ്ടോ?

മലപ്പുറം ജില്ലയിലെ നിലമ്പൂർ റവന്യൂ ടവർ നിർമ്മാണത്തിനായി ഡി.പി.ആർ. തയാറാക്കിയിട്ടുണ്ട്.

(ബി) എങ്കിൽ ഏത് ഏജൻസിയാണ് പ്രസ്തുത രൂപരേഖ തയ്യാറാക്കിയിരിക്കുന്നതെന്ന് അറിയിക്കാമോ; നിലമ്പൂർ റവന്യൂ ടവർ നിർമ്മാണത്തിനായി സർക്കാർ പുറപ്പെടുവിച്ച ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് ആണ് പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുള്ളത്. നിലമ്പൂർ റവന്യൂ ടവർ നിർമ്മാണത്തിനായി സർക്കാർ പുറപ്പെടുവിച്ച ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) പ്രസ്തുത റവന്യൂ ടവർ നിർമ്മാണവുമായി ബന്ധപ്പെട്ട ഫയൽ നിലവിൽ ഏത് കാര്യാലയത്തിലാണെന്ന് അറിയിക്കാമോ; പ്രസ്തുത ഫയലിൽ അടിയന്തരമായി തീർപ്പുണ്ടാക്കി റവന്യൂ ടവർ കെട്ടിടം നിർമ്മിക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ; വിശദമാക്കാമോ; പ്രസ്തുത പദ്ധതിക്ക് എന്തെങ്കിലും തടസ്സങ്ങളുണ്ടെങ്കിൽ അറിയിക്കാമോ?

റവന്യൂ ടവർ നിർമ്മാണം നിലവിൽ സർക്കാരിന്റെ മുൻഗണനാപട്ടികയിൽ ഉൾപ്പെട്ടതല്ലാത്തതിനാൽ പ്രസ്തുത പദ്ധതി തൽക്കാലത്തേയ്ക്ക് മാറ്റിവച്ചിരിക്കുകയാണ്.

## കിഫ്ബി എടുത്ത കടം

22(474) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തര ഉല്പാദനത്തിന്റെ എത്ര ശതമാനമാണ് ഒരു വർഷം സംസ്ഥാനത്തിന് കടമെടുക്കാൻ കഴിയുകയെന്ന് വ്യക്തമാക്കാമോ; ഇത് ശരാശരി എത്ര കോടി രൂപയാണ്?

കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശയുടെ അടിസ്ഥാനത്തിലാണ് കേന്ദ്ര സർക്കാർ ഓരോ വർഷവും സംസ്ഥാനത്തിന് വായ്പ പരിധി നിശ്ചയിച്ചു നൽകുന്നത്. അതനുസരിച്ച് നടപ്പുവർഷത്തെ കടമെടുപ്പ് പരിധി മൊത്തം സംസ്ഥാന ആഭ്യന്തരോല്പാദനത്തിന്റെ 3.5 ശതമാനമാണ്. അതായത് സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോല്പാദനമായി കേന്ദ്ര സർക്കാർ എസ്റ്റിമേറ്റ് ചെയ്തിട്ടുള്ള 9,26,837 കോടി രൂപയുടെ 3.5 ശതമാനമായ 32,439 കോടി രൂപയാണ് സംസ്ഥാനത്തിന്റെ നടപ്പുവർഷത്തെ കടമെടുപ്പ് പരിധി.

(ബി) സർക്കാരിന്റെ ചെലവുകൾക്കാവശ്യമായ വരുമാനം ഇല്ലാത്തതിനാൽ വികസന പദ്ധതികൾ നടപ്പാക്കുന്നതിന് കടമെടുക്കാനാണ് കിഫ്ബി എന്ന സ്ഥാപനം കൊണ്ടുവന്നത് എന്നത് ശരിയാണോ; വ്യക്തമാക്കാമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) എത്ര ശതമാനത്തിന് പുറത്ത് അധികതുക കടമെടുക്കാനാണ് കിഫ്ബി സ്ഥാപിച്ചതെന്ന് വ്യക്തമാക്കാമോ?

(ബി&സി) സാമ്പത്തിക മേഖലയിൽ നിലനിൽക്കുന്ന മാന്ദ്യത്തെ ഫലപ്രദമായി പ്രതിരോധിക്കുക, സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയെ ഉത്തേജിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് 2016-ലെ ബജറ്റിൽ കിഫ്ബി വഴിയുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ പ്രഖ്യാപിച്ചത്. ഏകദേശം 50000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് കിഫ്ബി വഴി നടപ്പിലാക്കാൻ വിഭാവനം ചെയ്തത്. ഭാവി വരുമാനത്തെ സെക്യൂരിറ്റൈസ് ചെയ്തുകൊണ്ട്, ഇരുപതോ ഇരുപത്തിയഞ്ചോ വർഷം കാത്തുനിൽക്കാതെ അത്യന്താപേക്ഷിതമായ പശ്ചാത്തലസൗകര്യം ഇപ്പോൾ തന്നെ സൃഷ്ടിക്കുകയെന്നതാണ് കിഫ്ബിയിലൂടെ നടപ്പാക്കിവരുന്നത്. വരുമാനത്തിന്റെ ചെറിയൊരു പങ്ക് വർഷംതോറും കിഫ്ബിക്ക് സർക്കാർ വിഹിതമായി നൽകിക്കൊണ്ട് വിദൂര ഭാവിയിൽ മാത്രം സാധ്യമാകുമായിരുന്ന നാടിന്റെ പശ്ചാത്തലസൗകര്യ വികസനം ഇന്നുതന്നെ സാധ്യമാക്കുകയെന്ന ലക്ഷ്യമാണ് ഇതിലൂടെ കൈവരിക്കുന്നത്. കിഫ്ബി ആക്ടിൽ നിഷ്കർഷിക്കുന്ന പ്രകാരം കിഫ്ബിക്ക് വാർഷികമായി നൽകേണ്ട വിഹിതം കൃത്യമായി ലഭിക്കുന്നുണ്ടെന്നും കിഫ്ബിയുടെ പ്രവർത്തങ്ങൾ സുഗമമായി നടക്കുന്നുണ്ടെന്നും സർക്കാർ ഉറപ്പുവരുത്തുന്നു. പെട്രോളിയം സെസിലൂടെയും, മോട്ടോർ വാഹന നികുതിയുടെ വിഹിതമായും കിഫ്ബിക്ക് നൽകുന്ന തുകയിൽ ഏതെങ്കിലും കാരണത്താൽ കുറവുണ്ടാകുകയാണെങ്കിൽ അപ്രകാരമുള്ള കുറവ് സർക്കാർ നികത്തുന്നതാണ്.

(ഡി) കിഫ്ബി എടുത്ത കടം കൂടി സർക്കാർ കണക്കിൽ ഉൾപ്പെടുത്താൻ കേന്ദ്രം തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ സർക്കാരിന്റെ വരുമാനത്തെ ഇത് എങ്ങനെ ബാധിക്കുമെന്ന് വ്യക്തമാക്കാമോ?

കിഫ്ബി അടക്കമുള്ള സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിൽ ഉൾപ്പെടുത്തുന്ന നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഈ നിലപാടിനോടുള്ള സംസ്ഥാനത്തിന്റെ ശക്തമായ വിയോജിപ്പ് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. പ്രസ്തുത നിലപാടിൽ ഇളവ് അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സംസ്ഥാനം കേന്ദ്ര സർക്കാരിനെ സമീപിക്കുകയും ആവശ്യപ്പെട്ട വിശദാംശങ്ങൾ നൽകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ നടപ്പുസാമ്പത്തിക വർഷത്തെ ആദ്യത്തെ 9 മാസത്തേയ്ക്ക് 17,936 കോടി രൂപ പൊതുവിപണിയിൽനിന്ന് കടമെടുക്കുന്നതിനുള്ള അനുമതി കേന്ദ്രസർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ വിയോജിപ്പ്

പരിഗണിക്കാതെ 14312.80 കോടി രൂപ Off Budget Borrowing ആണെന്ന നിലപാട് സ്വീകരിച്ച് ആ തുക നാലുതവണകളായി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽനിന്ന് കുറയ്ക്കുന്നതാണെന്നും ഇതിന്റെ ഭാഗമായി നടപ്പ് വർഷം 3578.20 കോടി രൂപ കടമെടുപ്പ് പരിധിയിൽ നിന്ന് കുറയ്ക്കുന്നതാണെന്നും, പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ എടുത്തിട്ടുള്ള വായ്പകളുടെ തിരിച്ചടവ് സംബന്ധിച്ച് 2021-22 മുതലുള്ള കണക്കുകൾ ഉടനടി ലഭ്യമാക്കണമെന്നും 4-7-2022-ലെ 40(12)PF-S/2021-22 നമ്പർ കത്ത് പ്രകാരം കേന്ദ്രധനകാര്യ മന്ത്രാലയം അറിയിച്ചിട്ടുണ്ട്.

(ഇ) ജി.എസ്.ടി നഷ്ടപരിഹാരം നിർത്തലാക്കിയത് വഴിയുള്ള വരുമാനക്കുറവ് എത്രയാണെന്ന് വ്യക്തമാക്കാമോ?

2020-21, 2021-22 വർഷങ്ങളിൽ ഏകദേശം 12800 കോടി രൂപ വീതമാണ് ജി.എസ്.ടി. നഷ്ടപരിഹാരമായി സംസ്ഥാനത്തിന് ലഭിച്ചത്. ഈ സാമ്പത്തിക വർഷം ഇതുവരെ 5,693 കോടി രൂപയാണ് ലഭിച്ചത്. ഇതുകൂടാതെ ഏകദേശം 6000 കോടി രൂപയുടെ കുറവ് നടപ്പുവർഷം ഈയിനത്തിൽ ഉണ്ടായേക്കാം.

(എഫ്) ഒന്നരലക്ഷം കോടിയോളം രൂപ വരുമാനം പ്രതീക്ഷിക്കുന്ന നടപ്പ് വർഷത്തെ ബജറ്റിൽ ഗണ്യമായ തുക നഷ്ടമായാൽ അതുമൂലമുണ്ടാകുന്ന സാമ്പത്തിക ആഘാതം എന്തായിരിക്കുമെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ പ്രധാന സ്രോതസ്സാണ് കേന്ദ്രത്തിൽനിന്നുള്ള നികുതി വിഹിതവും കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയുള്ള വിഭവ കൈമാറ്റവും. കഴിഞ്ഞ കുറേ വർഷങ്ങളായി കേരളത്തിനുലഭിക്കേണ്ട വിഹിതത്തിൽ കുറവ് ഉണ്ടായിട്ടുണ്ട്.

സംസ്ഥാനങ്ങൾക്ക് വീതിച്ച് നൽകേണ്ട നികുതി വിഭവങ്ങളുടെ അനുപാതം പതിനാലാം ധനകാര്യ കമ്മീഷനിൽ 42 ശതമാനമായിരുന്നത് പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 41 ശതമാനമായി കുറഞ്ഞിട്ടുണ്ട്. ഡിവിസിബിൾ പൂളിൽനിന്നും കേരളത്തിന് ലഭിക്കുന്ന വിഹിതം കാലാകാലങ്ങളായി കുറഞ്ഞു വരികയാണ്. ഇതിനുപുറമേ, 2023-24-ന് ശേഷം റവന്യൂ കമ്മി ഗ്രാന്റ് ലഭ്യമല്ലാതാകുകയും ജി.എസ്.ടി നഷ്ടപരിഹാരം 2022 ജൂണിൽ അവസാനിക്കുകയും കോവിഡ് കാലത്ത് കേന്ദ്ര സർക്കാർ എല്ലാ സംസ്ഥാനങ്ങൾക്കുമായി അനുവദിച്ചു നൽകിയിരുന്ന കടമെടുപ്പ് പരിധിയായ 4.5 ശതമാനം തിരികെ 3 ശതമാനത്തിലേയ്ക്ക് കൊണ്ടുവരുന്നതും സംസ്ഥാന സമ്പദ്‌വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കും. കേന്ദ്ര ആസൂത്രണ കമ്മീഷൻ നിലവിൽ ഉണ്ടായിരുന്നപ്പോൾ ലഭിച്ചുകൊണ്ടിരുന്ന ഒറ്റത്തവണ കേന്ദ്രസഹായം, അധിക കേന്ദ്ര സഹായം, സാധാരണ കേന്ദ്ര സഹായം എന്നിവ കേന്ദ്രസർക്കാർ ഇതിനകം തന്നെ

നിർത്തലാക്കിയിട്ടുണ്ട്. എന്നാൽ ബജറ്റിൽ എസ്റ്റിമേറ്റ് ചെയ്തിട്ടുള്ള സംസ്ഥാനത്തിന്റെ തനത് വരുമാനത്തിൽ നടപ്പ് വർഷം കുറവുണ്ടാകാനിടയില്ലായെന്നാണ് കണക്കാക്കപ്പെടുന്നത്. നികുതി നികുതിയേതര വരുമാനം ഉയർത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിക്കൊണ്ടും റവന്യൂ കമ്മി ക്രമേണ ഇല്ലാതാക്കിയും ധനകമ്മിയും കടവും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോല്പാദനത്തിന്റെ നിശ്ചിത പരിധിയിൽ നിർത്തിയും കടമെടുക്കുന്ന തുക പൂർണ്ണമായും വികസനപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുകയെന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. നിലവിലുള്ള സാമ്പത്തിക മാന്ദ്യത്തെ ചെറുക്കുകയെന്ന ലക്ഷ്യത്തോടെ പരമാവധി വിഭവങ്ങൾ സമാഹരിക്കാനുള്ള തന്ത്രപരമായ ശ്രമം ഏറ്റെടുക്കാൻ സംസ്ഥാനം ബാധ്യസ്ഥമാണ്.

## പാലക്കാട് ചല്ലിപ്പറമ്പ്-കല്ലേരി പാലം

23(481) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ എം.എൽ.എ.-യുടെ 2021-22 വർഷത്തെ ആസ്തി വികസന ഫണ്ടിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് അനുവദിച്ച തുകയിൽ നിന്നും ചെലവാകാതെ മിച്ചംവന്ന തുക ഉപയോഗിച്ച് ചല്ലിപ്പറമ്പ്-കല്ലേരി പാലം നിർമ്മിക്കുന്നതിന് പ്രത്യേകാനുമതി ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 21-2-2022-ലെ 03/Fin/MLA Tarur/2021 നമ്പർ കത്തിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ആവശ്യം അനുവദിച്ചുകൊണ്ട് ഉത്തരവിറക്കുന്നത് അടിയന്തരമായി പരിഗണിക്കുമോ?

(എ&ബി) തരൂർ എം.എൽ.എ.-യുടെ 2021-22 വർഷത്തെ ആസ്തി വികസന ഫണ്ടിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് അനുവദിച്ച തുകയിൽ നിന്നും ചെലവാകാതെ മിച്ചംവന്ന തുക ഉപയോഗിച്ച് ചല്ലിപ്പറമ്പ്-കല്ലേരി പാലം നിർമ്മിക്കുന്നതിന് പ്രത്യേകാനുമതി ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 21-1-2022-ലെ 03/Fin/MLA Tarur/2021 നമ്പർ കത്ത് സർക്കാർ പരിശോധിക്കുകയും 2-12-2021-ലെ സ.ഉ.(സാധാ)നം.7815/2021/ധന. പ്രകാരം പ്രത്യേകാനുമതി നൽകിയ 1,79,82,758 രൂപയിൽനിന്നുമാണ് 47,77,400 രൂപ ആവശ്യപ്പെട്ടിരിക്കുന്നത് എന്നതിനാൽ ബഹു. എം.എൽ.എ.-യുടെ ആവശ്യം പരിഗണിക്കാൻ കഴിയുകയില്ലെന്ന് 2-4-2022-ലെ എൻ.സി.സി-2/39/2021/ധന. നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

## എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ട്

24(482) ശ്രീ. എ. എൻ. ഷംസീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് തലശ്ശേരി നിയോജകമണ്ഡലത്തിൽ 2020-21, 2021-22, 2022-23 എന്നീ സാമ്പത്തിക വർഷങ്ങളിൽ നടത്തിയ മുഴുവൻ പ്രവൃത്തികളുടെയും നിലവിലുള്ള അവസ്ഥയെന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തിയാക്കാനുള്ളവ ഏതൊക്കെയാണെന്നും ആയതിന്റെ കാരണം എന്താണെന്നും ഇവ പൂർത്തിയാക്കുന്നതിന് എന്തൊക്കെ നടപടിക്രമങ്ങളാണുള്ളതെന്നും വ്യക്തമാക്കാമോ?

(എ&ബി) എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് തലശ്ശേരി നിയോജകമണ്ഡലത്തിൽ 2020-21, 2021-22, 2022-23 എന്നീ സാമ്പത്തിക വർഷങ്ങളിൽ നടത്തിയ മുഴുവൻ പ്രവൃത്തികളുടെയും നിലവിലുള്ള അവസ്ഥയും പ്രസ്തുത പ്രവൃത്തികളിൽ പൂർത്തിയാക്കാനുള്ളവ ഏതൊക്കെയാണെന്നും ആയതിന്റെ കാരണം എന്താണെന്നും ഇവ പൂർത്തിയാക്കുന്നതിന് എന്തൊക്കെ നടപടിക്രമങ്ങളാണുള്ളതെന്നുമുള്ള വിവരങ്ങൾ അനുബന്ധത്തിൽ ചേർത്തിരിക്കുന്നു.*

## നടുവിൽക്കരയിൽ കളിസ്ഥല നിർമ്മാണം

25(484) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിലെ നടുവിൽക്കരയിൽ ഒരു കളിസ്ഥലം നിർമ്മിക്കുന്നതിനായി 2020-21-ലെ നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നാൽപ്പത് ലക്ഷം രൂപയുടെ ഭരണാനുമതിക്കായി സമർപ്പിച്ചെങ്കിലും പ്രസ്തുത പ്രവൃത്തിക്ക് 50 ശതമാനം ഫണ്ട് മാത്രമേ ആസ്തി വികസന പദ്ധതിപ്രകാരം വിനിയോഗിക്കാനാകൂ എന്നും 50 ശതമാനം മറ്റ് ഫണ്ടുകൾകൂടി ചേർത്തുമാത്രമേ നടപ്പാക്കാനാകൂ എന്നും നിർദ്ദേശിച്ച് പ്രവൃത്തിയുടെ അനുമതി റദ്ദ് ചെയ്തിട്ടുള്ളതിനാൽ പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കാനായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഗ്രാമീണ കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിന് സർക്കാർ പ്രോത്സാഹനം നൽകുന്ന സാഹചര്യത്തിൽ മറ്റ് ഫണ്ടുകൾ ലഭ്യമല്ലാത്തപക്ഷം ആസ്തി വികസന ഫണ്ടിൽനിന്നും 100 ശതമാനം വിനിയോഗിക്കുന്നതിന് നിലവിലുള്ള നിബന്ധനയിൽ ഇളവ് നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം നൽകുമോ?

13-6-2022-ലെ സ.ഉ.(അ)നം.65/2022/ധന. പ്രകാരം നിയോജകമണ്ഡല ആസ്തി വികസന ഫണ്ട്, ഓരോ പഞ്ചായത്തിലും കളിസ്ഥലം എന്ന ലക്ഷ്യത്തിനായി കേരള ഫൗണ്ടേഷൻ നിർവ്വഹണ ഏജൻസിയായി നടപ്പിലാക്കുന്ന ഗ്രാമീണ കളിസ്ഥല പദ്ധതിക്കായി തദ്ദേശ സ്ഥാപന ഫണ്ട്/CSR ഫണ്ടുകൾ/പൊതു-സ്വകാര്യ പങ്കാളിത്തം (PPP)/മറ്റ് സർക്കാർ വിഹിതം എന്നിവയോടൊപ്പം ചേർത്തു കൊണ്ട് ഉപയോഗിക്കാം. ഒരു കളിസ്ഥലത്തിനായി നിയോജകമണ്ഡല ആസ്തി വികസന ഫണ്ട്, മറ്റ് സർക്കാർ സഹായം എന്നിവ ചേർന്ന് പരമാവധി ഒരു കോടി രൂപ വരെ വിനിയോഗിക്കാം. പദ്ധതിയുടെ 50% തുക സർക്കാർ വിഹിതവും ബാക്കി 50% ആസ്തിവികസന ഫണ്ട്/തദ്ദേശ സ്ഥാപന ഫണ്ട്/CSR ഫണ്ടുകൾ/പൊതു-സ്വകാര്യ പങ്കാളിത്തം (PPP) എന്നിവയിൽ നിന്നോ സമാഹരിക്കാം. ആസ്തി വികസന ഫണ്ടിൽനിന്നും 10 ലക്ഷം രൂപ മുതൽ 50 ലക്ഷം രൂപ വരെ എം.എൽ.എ.-മാർ ശിപാർശ ചെയ്യുന്നപക്ഷം ഗ്രാമീണ കളിസ്ഥല പദ്ധതിക്കായി അനുവദിക്കാവുന്നതാണ്. ഗ്രാമീണ കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിന് മേൽ ഉത്തരവ് നിലനില്ക്കുന്ന സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തിക്ക് ആസ്തി വികസന ഫണ്ടിൽ നിന്നും 100 ശതമാനം വിനിയോഗിക്കുന്നതിന് നിലവിലുള്ള നിബന്ധനയിൽ ഇളവ് നൽകുന്ന കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ**

26(485) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ 2016-17 മുതൽ 2020-21 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ആസ്തി വികസന ഫണ്ടിൽ അനുവദിക്കപ്പെട്ട പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തുക, ടെണ്ടർ ഉറപ്പിച്ച തുക, ടെണ്ടർ സേവിംഗ്സ്, നിർവ്വഹണ ഏജൻസി എന്ന അടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

## ആസ്തിവികസന ഫണ്ട് വിനിയോഗിച്ച പദ്ധതികൾ

27(486) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷം ആരോഗ്യ മേഖലയ്ക്കായി എം.എൽ.എ.-മാരുടെ നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് വിനിയോഗിച്ച പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

2021-22 സാമ്പത്തിക വർഷം ആരോഗ്യ മേഖലയ്ക്കായി എം.എൽ.എ.-മാരുടെ നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് വിനിയോഗിച്ച പദ്ധതികളുടെ വിശദാംശം അനുബന്ധം 1 ആയി ചേർക്കുന്നു.* കോവിഡ് പ്രതിരോധ പ്രവൃത്തികൾക്കായി നീക്കിവച്ച നാല് കോടി രൂപയിൽ ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനായി നീക്കിവച്ച തുക വിനിയോഗിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ മണ്ഡലം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.*

(ബി) തിരുവമ്പാടി നിയോജകമണ്ഡലത്തിൽ ഇതുപ്രകാരം നിർദ്ദേശിച്ച പദ്ധതികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ അവസ്ഥ എന്താണെന്നും വ്യക്തമാക്കുമോ?

തിരുവമ്പാടി നിയോജകമണ്ഡലത്തിലെ മുക്കം സി.എച്ച്.സി.-യിൽ ഐസൊലേഷൻ വാർഡ് സ്ഥാപിക്കുന്നതിന് തീരുമാനമായിട്ടുണ്ട്.

## ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തിയ പദ്ധതികളുടെ ടെൻഡർ സേവിംഗ്സ്

28(487) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ 2016 മുതൽ 2021 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തിയ പദ്ധതികൾ ടെൻഡർ ചെയ്തതുമായി ബന്ധപ്പെട്ട് ആകെയുണ്ടായിട്ടുള്ള ടെൻഡർ സേവിംഗ്സ് എത്ര രൂപയാണ്; ഓരോ സാമ്പത്തിക വർഷത്തിലുമുണ്ടായ ടെൻഡർ സേവിംഗ്സ് സംബന്ധിച്ച വിശദാംശം നൽകാമോ?

4-8-2018-ലെ സ.ഉ.(സാധാ)നമ്പർ 119/2018/ധന. പ്രകാരം 2017-18 മുതലാണ് ടെണ്ടർ സേവിംഗ്സിന് പ്രാബല്യമുള്ളത്. വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ 2017-18 മുതൽ 2020-21 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ആസ്തി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വികസനഫണ്ടിൽ ഉൾപ്പെടുത്തിയ പദ്ധതികൾ ടെൻഡർ ചെയ്തതുമായി ബന്ധപ്പെട്ട് ആകെ 1,17,71,182 രൂപയുടെ ടെൻഡർ സേവിംഗ്സുണ്ട്. ഓരോ സാമ്പത്തിക വർഷത്തിലുമുണ്ടായ ടെൻഡർ സേവിംഗ്സ് ചുവടെ ചേർക്കും പ്രകാരമാണ്:

| വർഷം | ടെൻഡർ സേവിംഗ്സ് (രൂപ) |
|---|---|
| 2017-18 | 69,76,856 |
| 2018-19 | 7,46,694 |
| 2019-20 | 14,72,526 |
| 2020-21 | 25,75,106 |

(ബി) ടെൻഡർ സേവിംഗ്സ് ഇനത്തിൽ ലഭിച്ച തുക വിനിയോഗം ചെയ്യുന്നതിന് പ്രത്യേക മാർഗ്ഗരേഖ പുറത്തിറക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉണ്ട്. 4-8-2018-ലെ സ.ഉ.(സാധാ)നം.119/2018/ധന. ഉത്തരവിന്റെ പകർപ്പ് അനുബന്ധം 1-ലും* 31-3-2022-ലെ സ.ഉ.(അച്ചടി)നമ്പർ 40/2022/ധന. ഉത്തരവിന്റെ പകർപ്പ് അനുബന്ധം 2-ലും*ചേർത്തിരിക്കുന്നു.

### എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധി

29(488) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധി 2016-17 ഉപയോഗിച്ച് പണി കഴിപ്പിച്ച പനച്ചിക്കാട് ഗ്രാമ പഞ്ചായത്തിലെ പ്രകാശ് ലൈബ്രറിയ്ക്ക് ' വായനശാല നിർമ്മാണം'എന്ന പ്രവൃത്തിയ്ക്ക് ഫൈനൽ ബിൽ സമർപ്പിച്ചിട്ടും തുക അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുക അടിയന്തരമായി അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(എ&ബി) പനച്ചിക്കാട് ഗ്രാമപഞ്ചായത്തിലെ പ്രകാശ് ലൈബ്രറിക്ക് 'വായനശാല നിർമ്മാണം' എന്ന പ്രവൃത്തിയുടെ ഫൈനൽ ബിൽ സംബന്ധിച്ച ശിപാർശ ധനകാര്യ വകുപ്പിൽ നാളിതുവരെ ലഭ്യമായിട്ടില്ല. കോട്ടയം കളക്ടേറ്റിൽ നിന്ന് ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കെ.എസ്.ആർ.ടി.സി. ഡിപ്പോ കെട്ടിട നിർമ്മാണം

30(489) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ 2016-17 എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണത്തിന് ഒരു കോടി രൂപയുടെ ഭരണാനുമതി 16-2-2016-ലെ G.O.No.74/2016/Tran. പ്രകാരം ലഭിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത തുക വിനിയോഗിച്ച് കെ.എസ്.ആർ.ടി.സി. ഡിപ്പോ കോൺക്രീറ്റും ഇന്റർലോക്കും ചെയ്യുന്നതിനുള്ള ഭരണാനുമതിക്കാവശ്യമായ നടപടി സ്വീകരിക്കാമോ; വിശദമാക്കുമോ?

ടി പ്രവൃത്തി ആരംഭിക്കുകയും എന്നാൽ കെ.എസ്.ആർ.ടി.സി.-യും നഗരസഭയും തമ്മിലുണ്ടായ സ്ഥലത്തർക്കത്തെ തുടർന്ന് മുനിസിപ്പാലിറ്റി സ്റ്റോപ്പ് മെമ്മോ നൽകിയതിനാൽ പ്രവൃത്തി പൂർത്തിയാക്കാൻ സാധിക്കാതെ വരികയും ഭാഗികമായി ചെയ്ത പ്രവൃത്തിയുടെ ബിൽ തുകയായി 4,93,314 രൂപ (നാല് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരത്തി മുന്നൂറ്റി പതിനാല് രൂപ മാത്രം) അനുവദിച്ച് കരാറുകാരനെ ഒഴിവാക്കുന്നതിന് ധനകാര്യ വകുപ്പ് അനുമതി നല്കിയിട്ടുള്ളതുമാണ്. എന്നാൽ ഡിപ്പോ കോൺക്രീറ്റും ഇന്റർലോക്കും ചെയ്യുന്നതിനുള്ള ഭരണാനുമതിക്കാവശ്യമായ ശിപാർശ ധനകാര്യ വകുപ്പിന് ലഭ്യമായിട്ടുള്ളതായി കാണുന്നില്ല.

## മങ്കട നിയോജകമണ്ഡലത്തിലെ എം.എൽ.എ., എസ്.ഡി.എഫ്. പദ്ധതി

31(490) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെയും നിലവിലെ സർക്കാരിന്റെയും കാലത്ത് എം.എൽ.എ. എസ്.ഡി.എഫ്. പദ്ധതി പ്രകാരം മങ്കട നിയോജകമണ്ഡലത്തിൽ നിർദ്ദേശിക്കപ്പെട്ട ഓരോ പ്രവൃത്തിയുടെയും നിലവിലത്തെ സ്ഥിതി വർഷം തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ നാളിതുവരെ ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികൾ ഏതെല്ലാമെന്നും ഭരണാനുമതി നൽകുന്നതിന്റെ കാലതാമസത്തിനുള്ള കാരണം എന്തെല്ലാമെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## എം.എൽ.എ. പ്രത്യേക വികസന പദ്ധതി

32(491) ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷം മുതൽ എം.എൽ.എ. പ്രത്യേക വികസന പദ്ധതി പ്രകാരം എത്ര പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്;

(ബി) ഭരണാനുമതി നല്കിയിട്ടുള്ളതിൽ പൂർത്തിയാക്കാത്ത പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകാമോ?

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## ആസ്തി വികസന പദ്ധതി

33(492) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ 2021-22 സാമ്പത്തിക വർഷത്തെ ആസ്തി വികസന പദ്ധതി പ്രകാരം നിർദ്ദേശിക്കപ്പെട്ട പ്രവൃത്തികളിൽ ഇനിയും ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികളുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഇല്ല.

(ബി) എങ്കിൽ അതിന്റെ കാരണവും ആയത് പരിഹരിക്കാൻ സ്വീകരിച്ച നടപടികളും വ്യക്തമാക്കുമോ?

ബാധകമല്ല.

(സി) ആലത്തൂർ മണ്ഡലത്തിലെ 2021-22 സാമ്പത്തിക വർഷത്തെ എം.എൽ.എ. എസ്.ഡി.എഫ്. (സ്പെഷ്യൽ ഡെവലപ്മെന്റ് ഫണ്ട്) പദ്ധതി പ്രകാരം നിർദ്ദേശിക്കപ്പെട്ട പ്രവൃത്തികളിൽ ഇനിയും ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികളുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഇല്ല.

(ഡി) എങ്കിൽ ആയതിന്റെ കാരണവും പരിഹരിക്കാൻ സ്വീകരിച്ച നടപടികളും വ്യക്തമാക്കുമോ?

ബാധകമല്ല.

**കുന്നത്തുനാട് മണ്ഡലത്തിലെ എസ്.ഡി.എഫ്., എ.ഡി.എസ്. പദ്ധതികൾ**

34(493) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ എം.എൽ.എ.-യുടെ പ്രാദേശിക വികസന പദ്ധതി, ആസ്തി വികസന പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പദ്ധതികളിൽ പ്രവൃത്തി പൂർത്തിയാകാത്തവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഓരോ പദ്ധതിയും നിലവിൽ ഏത് ഘട്ടത്തിലാണെന്നും പ്രവൃത്തികൾ പൂർത്തിയാക്കാൻ കാലതാമസം നേരിടുന്നതിന്റെ കാരണം എന്താണെന്നും വിശദമാക്കാമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**അക്രെഡിറ്റഡ് ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമം**

35(494) ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാരുടെ നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെട്ട പദ്ധതികൾക്കായി അക്രെഡിറ്റഡ് ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമം വിശദമാക്കാമോ?

എം.എൽ.എ.-മാരുടെ നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെട്ട പദ്ധതികൾക്കായി അക്രെഡിറ്റഡ് ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമം 28-4-2021-ലെ സ.ഉ.(അച്ചടി) നമ്പർ 67/2021/ധന. ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) എം.എൽ.എ. നിർദ്ദേശിക്കുന്ന പദ്ധതിക്ക് ഒരു ബിഡ്ഡിംഗ് നടപടിയിലൂടെ ഏജൻസികളെ കണ്ടെത്തണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

29-12-2017-ലെ സ.ഉ.(അച്ചടി) നമ്പർ 161/2017/ധന ഉത്തരവ് പ്രകാരം എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധി (SDF) വിനിയോഗിച്ച് നടപ്പിലാക്കുന്നതിന് എം.എൽ.എ. ശിപാർശ ചെയ്യുന്ന പ്രവൃത്തി ഏത് ഏജൻസി മുഖേനയാണ് നടപ്പിലാക്കേണ്ടതെന്ന് തീരുമാനിക്കുന്നത് അതാത് ജില്ലാ കളക്ടർമാരാണ്.

4-8-2018-ലെ സ.ഉ.(അച്ചടി) നമ്പർ 119/2018/ധന ഉത്തരവ് പ്രകാരം, ഇ-ടെണ്ടറിംഗ്, പദ്ധതികളുടെ നിർവ്വഹണം എന്നിവയുമായി ബന്ധപ്പെട്ട് കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളതും പുറപ്പെടുവിക്കുന്നതുമായ എല്ലാ ഉത്തരവുകളും നിയോജകമണ്ഡല ആസ്തിവികസന പദ്ധതിക്ക് (LAC ADS) ബാധകമാണ്.

മേൽ പദ്ധതികൾക്ക് ഏജൻസികളെ കണ്ടെത്തുന്നതിനുള്ള നടപടിക്രമം 28-4-2021-ലെ സ.ഉ.(അച്ചടി) നമ്പർ 67/2021/ധന. ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. 17-1-2022-ലെ സ.ഉ.(പി) നമ്പർ 7/2022/ധന. പ്രകാരം ഒരു കോടി രൂപ വരെയുള്ള പ്രവൃത്തികൾ നോൺ-പി.എം.സി.-കൾക്ക് ടെണ്ടർ കൂടാതെ നല്കാവുന്നതാണ്. കൂടാതെ 21-6-2022-ലെ സ.ഉ.(പി) നം.68/2022/ധന. പ്രകാരം 17-1-2022-ലെ സ.ഉ.(പി) നമ്പർ 7/2022/ധന. ഉത്തരവിന് 28-04-2021 മുതൽ പ്രാബല്യമുണ്ട്.

(സി) ഓരോ പ്രവൃത്തിക്കും പ്രസ്തുത ബിഡ്ഡിംഗ് പ്രോസസ്സ് മുഴുവൻ ചെയ്യേണ്ടത് ആരെന്ന് വ്യക്തമാക്കുന്ന ഉത്തരവോ സർക്കുലറോ നിലവിലുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുന്നതുൾപ്പെടെ വിശദാംശങ്ങൾ അറിയിക്കാമോ?

ഓരോ പ്രവൃത്തിക്കും പ്രസ്തുത ബിഡ്ഡിംഗ് പ്രോസസ്സ് മുഴുവൻ ചെയ്യേണ്ടത് ആരെല്ലാമാണെന്ന് 28-4-2021-ലെ സ.ഉ.(അച്ചടി) നമ്പർ 67/2021/ധന ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ഡി) ഓരോ പ്രവൃത്തിക്കുമുള്ള ബിഡ്ഡിംഗ് പ്രോസസ്സ് ചെയ്യുമ്പോൾ ടെണ്ടർ ചെലവുകൾ ആരാണ് കണ്ടെത്തേണ്ടതെന്ന് വ്യക്തമാക്കാമോ?

ഓരോ പ്രവൃത്തിക്കുമുള്ള ബിഡ്ഡിംഗ് പ്രോസസ്സ് ചെയ്യുമ്പോൾ ടെണ്ടർ ചെലവുകൾ കണ്ടെത്തേണ്ടത് അതത് വകുപ്പുകളാണ്.

(ഇ) പല ജില്ലകളിലും പലവിധത്തിൽ പ്രസ്തുത നടപടികൾ പൂർത്തിയാക്കുന്ന സാഹചര്യത്തിൽ ഏകീകൃത മാനദണ്ഡപ്രകാരം അവ നടപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങളടങ്ങിയ സർക്കുലർ പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അക്രെഡിറ്റഡ് ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമം 28-4-2021-ലെ സ.ഉ.(അച്ചടി) നമ്പർ 67/2021/ധന. ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്. നിർദ്ദേശങ്ങൾ പുതുക്കി സർക്കുലർ പുറപ്പെടുവിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

**കേന്ദ്ര സർക്കാരിൽനിന്നും സംസ്ഥാന സർക്കാരിന് എത്ര കോടി രൂപ ഓരോ വർഷവും ലഭിച്ചു എന്ന വിവരം**

36(495) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016, 2016-2021 കാലയളവുകളിൽ സംസ്ഥാന സർക്കാരിന് കേന്ദ്ര സർക്കാരിൽനിന്നും എത്ര കോടി രൂപ ഓരോ വർഷവും ലഭിച്ചുവെന്ന വിവരം ലഭ്യമാക്കാമോ;

(ബി) 2021 മുതൽ നാളിതുവരെ സംസ്ഥാന സർക്കാരിന് കേന്ദ്ര സർക്കാരിൽ നിന്നും എത്ര കോടി രൂപ ഓരോ വർഷവും ലഭിച്ചു എന്ന വിവരം ലഭ്യമാക്കാമോ?

(എ&ബി) 2011-2012 സാമ്പത്തിക വർഷം മുതൽ 2022 ജൂൺ മാസം വരെ കേന്ദ്ര സർക്കാരിൽനിന്നും സംസ്ഥാന സർക്കാരിന് ലഭിച്ച തുകയുടെ വിശദാംശം ചുവടെ പട്ടികയിൽ ചേർക്കുന്നു:

(തുക കോടിയിൽ)

| സാമ്പത്തിക വർഷം | കേന്ദ്ര നികുതി വിഹിതം | കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച ഗ്രാന്റ് | ആകെ |
|---|---|---|---|
| (1) | (2) | (3) | (4) |
| 2011-12 | 5,990.36 | 3,709.22 | 9,699.58 |
| 2012-13 | 6,840.65 | 3,021.53 | 9,862.18 |
| 2013-14 | 7,468.68 | 4,138.21 | 11,606.89 |
| 2014-15 | 7,926.29 | 7,507.99 | 15,434.28 |
| 2015-16 | 12,690.67 | 8,921.35 | 21,612.02 |
| 2016-17 | 15,225.02 | 8,510.35 | 23,735.37 |
| 2017-18 | 16,833.08 | 8,527.84 | 25,360.92 |

| (1) | (2) | (3) | (4) |
|---|---|---|---|
| 2018-19 | 19,038.17 | 11,388.96 | 30,427.13 |
| 2019-20 | 16,401.05 | 11,235.26 | 27,636.31 |
| 2020-21 | 11,560.40 | 31,068.28 | 42,628.68 |
| 2021-22* | 17,820.09 | 30,017.12 | 47,837.21 |
| 2022-23* (2022 ജൂൺ വരെ) | 2,748.39 | 10,390.10 | 13,138.49 |

* അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം

**പായ്ക്ക് ചെയ്ത ഭക്ഷ്യ വസ്തുക്കൾക്ക് ജി.എസ്.ടി. ഏർപ്പെടുത്തൽ**

37(496) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. എ. എൻ. ഷംസീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് ഭക്ഷണസാധനങ്ങളുടെ വിലക്കയറ്റം മേയ് മാസത്തിൽ 12.4 ശതമാനവും ജൂൺ മാസത്തിൽ 16.9 ശതമാനവുമായിരിക്കുന്ന സാഹചര്യത്തിൽ പൊതികളിലാക്കി വില്ക്കുന്ന ഭക്ഷ്യ വസ്തുക്കൾക്ക് പുതുതായി അഞ്ച് ശതമാനം ജി.എസ്.ടി. ഏർപ്പെടുത്തിയ തീരുമാനം വിലക്കയറ്റം രൂക്ഷമാക്കുമെന്നതിനാൽ അത് പിൻവലിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ?

രജിസ്റ്റേർഡ് ബ്രാൻഡ് നാമത്തിൽ വിൽക്കുന്ന അരി ഉൾപ്പെടെയുള്ള ധാന്യങ്ങൾക്ക് അഞ്ച് ശതമാനം നികുതിയാണ് നിലവിൽ ഉണ്ടായിരുന്നത്. പല ബ്രാന്റഡ് കമ്പനികളും ബ്രാന്റഡ് സാധനങ്ങൾക്കുള്ള നികുതി അടയ്ക്കാതെ ഡിക്ലറേഷൻ എഴുതി നികുതി ഒഴിവ് ദുരുപയോഗം ചെയ്ത് വില്പന നടത്തുന്നതായി ശ്രദ്ധയിൽ പ്പെട്ടതിനെതുടർന്ന് നാൽപത്തിയേഴാമത് ജി.എസ്.ടി. കൗൺസിൽ യോഗത്തിൽ "2019 ലെ ലീഗൽ മെട്രോളജി നിയമത്തിലെ വകുപ്പ് 2 ക്ലോസ് (എൽ) പ്രകാരം മുൻകൂറായി പായ്ക്ക് ചെയ്യപ്പെട്ടിട്ടുള്ളതും ലേബൽ ചെയ്തിട്ടുള്ളതുമായ നിർദ്ദിഷ്ട സാധനങ്ങൾ" എന്നാക്കി മാറ്റുവാൻ തീരുമാനിച്ചു. സാധാരണക്കാരുടെ ജീവിതത്തെ പ്രതികൂലമായി ബാധിക്കുന്ന രീതിയിൽ ചരക്കുകളുടെയും സേവനങ്ങളുടെയും നികുതി

വർദ്ധനവ് വരുത്തരുതെന്ന ശക്തമായ നിലപാട് നിരക്ക് പുനഃസംഘടനയുമായി ബന്ധപ്പെട്ട ഗ്രൂപ്പ് ഓഫ് മിനിസ്റ്റേഴ്സ് യോഗത്തിലും തുടർന്ന് നടന്ന ജി.എസ്.ടി. കൗൺസിൽ മീറ്റിംഗിലും സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ വ്യക്തമായ നിലപാട് ഗ്രൂപ്പ് ഓഫ് മിനിസ്റ്റേഴ്സിനെ അറിയിച്ചിട്ടുണ്ടായിരുന്നു. ഈ നികുതി സാധാരണക്കാരെ പ്രതികൂലമായി ബാധിക്കാതിരിക്കാനുള്ള എല്ലാ നടപടികളും സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ഇരുപത്തിയഞ്ച് കിലോയ്ക്ക് മുകളിലുള്ള ബ്രാന്റഡ് ഉല്പന്നങ്ങൾക്ക് ഏർപ്പെടുത്തിയിരുന്ന നികുതി ഒഴിവാക്കി സപ്ലൈകോ, കുടുംബശ്രീ പോലെയുള്ള സ്ഥാപനങ്ങൾ പായ്ക്ക് ചെയ്ത് വിൽക്കുന്ന സാധനങ്ങൾക്ക് നികുതി ചുമത്തിയത് സാധാരണക്കാരെ പ്രതികൂലമായി ബാധിക്കുമെന്ന് കരുതുന്നുണ്ടോ?

സാധാരണയായി മില്ലുടമകൾ മൊത്തവ്യാപാരികൾക്കും മൊത്ത വ്യാപാരികൾ ചില്ലറ വില്പനക്കാർക്കും അരി ഉൾപ്പെടെയുള്ള ധാന്യങ്ങൾ നൽകുന്നത് 50 കിലോയും അതിനുമുകളിലുള്ള പായ്ക്കറ്റുകൾ ആയിട്ടാണ്. അതിന് ജി.എസ്.ടി. ബാധകമാവുകയില്ല. ചില്ലറ വ്യാപാരികൾ ഇത്തരം പായ്ക്കറ്റുകളിൽ നിന്ന് ലൂസ് ആയി സാധാരണക്കാർക്ക് സാധനങ്ങൾ തൂക്കി കൊടുക്കുമ്പോൾ ജി.എസ്.ടി. ബാധകമാവുകയില്ല. നിലവിൽ പായ്ക്ക് ചെയ്ത് ലേബൽ ചെയ്ത സാധനങ്ങൾക്ക് ചുമത്തുന്ന അഞ്ച് ശതമാനം നികുതി സാധാരണക്കാരെ പ്രതികൂലമായി ബാധിക്കാതിരിക്കാനുള്ള എല്ലാ നടപടികളും സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാന ചരക്കുസേവന നികുതി നിയമത്തിലെ വകുപ്പ് 22 പ്രകാരം പ്രതിവർഷം 40 ലക്ഷം രൂപ വരെ വിറ്റുവരവുള്ള വില്പനക്കാർ രജിസ്ട്രേഷൻ എടുക്കുകയോ നികുതി പിരിക്കുകയോ ചെയ്യേണ്ടതില്ല. സംസ്ഥാന ചരക്കുസേവന നികുതി നിയമത്തിലെ വകുപ്പ് 10 പ്രകാരം പ്രതിവർഷം 1.5 കോടി രൂപ വരെ വിറ്റുവരവുള്ള നികുതി ദായകർക്ക് കോമ്പോസിഷൻ സ്കീമിന്റെ സൗകര്യം നൽകുന്നു. ഇത്തരത്തിലുള്ള ഏകദേശം 50000 കടകൾ കേരളത്തിലുണ്ട്. ഈ രണ്ട് വിഭാഗങ്ങളും ചെറുകിട മേഖലയിൽ പ്രവർത്തിക്കുന്നവയാണ്. ഇവർ ഉപഭോക്താക്കളിൽനിന്ന് നികുതി ഈടാക്കേണ്ടതില്ല. ഇതുപോലെ ഉപഭോക്താവിന്റെ സാന്നിധ്യത്തിൽ അരി പായ്ക്ക് ചെയ്യുന്ന സ്ഥാപനങ്ങളും നികുതി ഈടാക്കാൻ പാടില്ല. ഈ വിഭാഗത്തിൽപ്പെട്ടവർ നികുതി പിരിക്കുന്നതായി കണ്ടെത്തിയാൽ സംസ്ഥാന ചരക്കു സേവന നികുതി നിയമപ്രകാരം കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) കേന്ദ്രസർക്കാർ വൻകിട കുത്തക കമ്പനികളുടെ താല്പര്യം സംരക്ഷിക്കുന്ന നിലപാട് സ്വീകരിക്കുന്ന പശ്ചാത്തലത്തിൽ ജി.എസ്.ടി. കൗൺസിൽ തീരുമാനം സംസ്ഥാനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കാനാകില്ലെന്ന സുപ്രീം കോടതി വിധിയുടെ ആനുകൂല്യം പ്രാവർത്തികമാക്കുന്ന കാര്യം പരിശോധിക്കുമോ?

ബഹുമാനപ്പെട്ട സുപ്രീം കോടതി 19-5-2022-ൽ സി.എ. നമ്പർ 1390/2022 കേസിന്മേൽ പുറപ്പെടുവിച്ച വിധിന്യായം സർക്കാർ പരിശോധിച്ചുവരുന്നു. നിലവിൽ പായ്ക്ക് ചെയ്ത് ലേബൽ ചെയ്ത സാധനങ്ങൾക്ക് ചുമത്തുന്ന അഞ്ച് ശതമാനം നികുതി സാധാരണക്കാരെ പ്രതികൂലമായി ബാധിക്കാതിരിക്കാനുള്ള എല്ലാ നടപടികളും സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്.

**കേന്ദ്ര ഏജൻസികളുടെ കടന്നു കയറ്റം**

38(497) ശ്രീ. എ. എൻ. ഷംസീർ:

ശ്രീ. വി. കെ. പ്രശാന്ത്:

ശ്രീ. പി. പി. സുമോദ്:

ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രം ഭരിക്കുന്ന മുന്നണി അധികാരത്തിലില്ലാത്ത സംസ്ഥാനങ്ങളെ കേന്ദ്ര ഏജൻസികളെ ദുരുപയോഗപ്പെടുത്തി അസ്ഥിരപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് ഇത്തരം ഏജൻസികൾ നടത്തിയിട്ടുള്ള കടന്നുകയറ്റം സംബന്ധിച്ച് വിശദീകരിക്കാമോ?

കേന്ദ്രം ഭരിക്കുന്ന മുന്നണി അധികാരത്തിലില്ലാത്ത സംസ്ഥാനങ്ങളെ കേന്ദ്ര ഏജൻസികളെ ദുരുപയോഗപ്പെടുത്തി തങ്ങളുടെ രാഷ്ട്രീയ ഇംഗിതത്തിന് വശം വദരാക്കുവാനോ രാഷ്ട്രീയ അജണ്ടകളുടെ അനുവർത്തികളാക്കാനോ ഉള്ള ശ്രമം കുറച്ച് നാളുകളായി നടത്തിവരുന്നുണ്ട്. ടി ശ്രമങ്ങളെ പ്രതിരോധിക്കുന്ന സാഹചര്യങ്ങളിൽ സംസ്ഥാന സർക്കാരുകളെ അസ്ഥിരപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളുമായി കേന്ദ്രം മുന്നോട്ട് പോകുന്നുവെന്നത് അത്യന്തം അപലപനീയമായ നടപടിയാണ്. Co-operative Federalism-ന്റെ സ്പിരിറ്റിനെത്തന്നെ അട്ടിമറിക്കുന്ന ഇത്തരം നടപടികൾ കേരളവും അഭിമുഖീകരിച്ചുവരുന്നുണ്ട്. മേൽ ദിശയിലേയ്ക്കുള്ള പ്രവൃത്തികൾ സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളുടെ വേഗം മന്ദീഭവിപ്പിക്കാൻ സാധ്യതയുള്ളതിനാൽ ആയത് സംസ്ഥാനത്തിന്റെ പൊതുതാൽപ്പര്യത്തിന് വിരുദ്ധവുമാണ്.

(ബി) സംസ്ഥാനത്തിന്റെ ആഭ്യന്തര-സാമ്പത്തിക ഇടപാടുകൾ പ്രതിഫലിക്കുന്ന പബ്ലിക് അക്കൗണ്ടിൽ ബാക്കിയുള്ള തുകകൂടി ഉൾപ്പെടുത്തി കടമെടുപ്പ് പരിധി നിശ്ചയിക്കുന്ന രീതി കേന്ദ്ര ധനമന്ത്രാലയം പിൻതുടർന്നു വരുന്നുണ്ടോ; വിശദമാക്കുമോ;

സംസ്ഥാനത്തിന്റെ കടത്തിൽ പബ്ലിക് അക്കൗണ്ടുകൂടി ഉൾപ്പെടുത്തുന്ന ഒരു സമീപനം കേന്ദ്ര സർക്കാർ കുറച്ച് കാലങ്ങളായി അനുവർത്തിച്ച് പോരുന്നുണ്ട്. തത്ഫലമായി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ ആയിരക്കണക്കിന് കോടി രൂപയുടെ കുറവ് ഓരോ സാമ്പത്തിക വർഷവും വരുന്നുണ്ട്. ഇത് വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇതിനെതിരായ സംസ്ഥാന സർക്കാരിന്റെ വിയോജിപ്പ് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(സി) കേന്ദ്ര ഏജൻസികളെ ദുരുപയോഗം ചെയ്ത് യുക്തിസഹമല്ലാത്ത പരാമർശങ്ങൾ നടത്തിയും വ്യാജ മാധ്യമ വാർത്തകൾ നൽകിയും കിഫ്ബി, സംസ്ഥാന സാമൂഹ്യ സുരക്ഷാ പെൻഷൻ കമ്പനി എന്നിവയുടെ ബ്രാൻഡിംഗ് തകർക്കുന്നതിനും അതിലൂടെ വികസന പ്രവർത്തനങ്ങൾക്കും സാമൂഹ്യ സുരക്ഷാ പ്രവർത്തനങ്ങൾക്കും ധനസമാഹരണം നടത്തുന്നതിന് ഭരണഘടനാപരമായി സംസ്ഥാനത്തിനുള്ള അവകാശങ്ങളെ ഹനിക്കുന്നതിനും നടന്നുവരുന്ന ഇടപെടലുകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

കേന്ദ്ര ഏജൻസികളുടെ നിയമവിരുദ്ധമായ ഇടപെടലുകൾ ഉചിതമായ രീതിയിൽ സംസ്ഥാനം പ്രതിരോധിച്ചുപോരുന്നുണ്ട്.

## റവന്യൂ കമ്മി ഗ്രാന്റ്

39(499) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനഞ്ചാമത് ധനകാര്യ കമ്മീഷന്റെ ശിപാർശപ്രകാരം സംസ്ഥാനത്തിന് റവന്യൂ കമ്മി ഗ്രാന്റ് ഇനത്തിൽ വകയിരുത്തിയതും നാളിതുവരെ ലഭ്യമായതുമായ തുകയെത്രയെന്ന് അറിയിക്കാമോ?

2020-21 മുതൽ 2021-2026 വരെയുള്ള പതിനഞ്ചാം ധനകാര്യ കമ്മീഷൻ കാലയളവിൽ നമ്മുടെ സംസ്ഥാനത്തിന് മൊത്തം 53,137 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2020-21 മുതൽ 2022 ജൂലൈ മാസം വരെ ലഭിച്ച തുക 39,605.33 കോടി രൂപയാണ്.

(തുക കോടിയിൽ)

| വർഷം | വകയിരുത്തിയ തുക | ലഭിച്ച തുക |
|---|---|---|
| 2020-21 | 15,323 | 15,323 |
| 2021-22 | 19,891 | 19,891 |
| 2022-23 | 13,174 | 4,391.33 |
| 2023-24 | 4,749 | - |
| 2024-25 | Nil | - |
| 2025-26 | Nil | - |
| ആകെ | 53,137 | 39,605.33 |

(ബി) പതിനഞ്ചാമത് ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം മറ്റ് സംസ്ഥാനങ്ങൾക്ക് വകയിരുത്തിയ റവന്യൂകമ്മി ഗ്രാന്റിന്റെ വിവരം ലഭ്യമാണോ; എങ്കിൽ നൽകുമോ;

ലഭ്യമാണ്. മറ്റ് സംസ്ഥാനങ്ങൾക്ക് പതിനഞ്ചാം ധനകാര്യ കമ്മീഷൻ 2020-21 മുതൽ 2021-26 വരെയുള്ള കാലയളവിൽ ശിപാർശ ചെയ്ത റവന്യൂ കമ്മി ഗ്രാന്റിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. *

| സംസ്ഥാനം | തുക (കോടിയിൽ) |
|---|---|
| (1) | (2) |
| Andra Pradesh | 36,394 |
| Arunachal Pradesh | Nil |
| Assam | 21,763 |
| Bihar | Nil |
| Chhattisgarh | Nil |
| Goa | Nil |
| Gujarat | Nil |

* അവലംബം-15-ാം ധനകാര്യ കമ്മീഷൻ റിപ്പോർട്ട്

| (1) | (2) |
|---|---|
| Hariyana | 132 |
| Himachal Pradesh | 48,630 |
| Jharkhand | Nil |
| Karnataka | 1631 |
| Madhya Pradesh | Nil |
| Maharastra | Nil |
| Manipur | 12,620 |
| Meghalaya | 3,628 |
| Misoram | 7,966 |
| Nagaland | 25,166 |
| Odisha | Nil |
| Punjab | 33,627 |
| Rajasthan | 14,740 |
| Sikkim | 1,715 |
| Tamil Nadu | 6,229 |
| Telungana | Nil |
| Tripura | 23,126 |
| Uttar Pradesh | Nil |
| Uttarakhand | 33,223 |
| West Bengal | 45,128 |

(സി) പതിനാലാം ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം സംസ്ഥാന സർക്കാരിന് റവന്യൂ കമ്മി ഗ്രാന്റ് ഇനത്തിൽ വകയിരുത്തിയതും ലഭിച്ചതുമായ തുകയെത്രയെന്ന് അറിയിക്കാമോ?

പതിനാലാം ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം സംസ്ഥാന സർക്കാരിന് റവന്യൂ കമ്മി ഗ്രാന്റ് ഇനത്തിൽ വകയിരുത്തിയതും ലഭിച്ചതുമായ തുക താഴെ പറയുന്ന പ്രകാരമാണ്:

(തുക കോടിയിൽ)

| വർഷം | വകയിരുത്തിയ തുക | ലഭിച്ച തുക |
|---|---|---|
| 2015-16 | 4,640 | 4,640 |
| 2016-17 | 3,350 | 3,350 |
| 2017-18 | 1,529 | 1,529 |
| 2018-19 | തുക വകയിരുത്തിയിട്ടില്ല | - |
| 2019-20 | തുക വകയിരുത്തിയിട്ടില്ല | - |

**പായ്ക്ക് ചെയ്ത ഉല്പന്നങ്ങൾക്കുള്ള ജി.എസ്.ടി.**

40(500) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പായ്ക്ക് ചെയ്ത ഉല്പന്നങ്ങൾക്ക് ജി.എസ്.ടി. ബാധകമാക്കിക്കൊണ്ടുള്ള കേന്ദ്ര സർക്കാർ തീരുമാനം സംസ്ഥാനത്തെ ചെറുകിട ഉല്പാദകർ, വ്യാപാരികൾ, പൊതുജനങ്ങൾ എന്നിവരെ എപ്രകാരം ബാധിക്കുമെന്നത് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാന ചരക്ക സേവന നികുതി നിയമത്തിലെ വകുപ്പ് 22 പ്രകാരം പ്രതിവർഷം 40 ലക്ഷം രൂപ വരെ വിറ്റുവരവുള്ള വില്പനക്കാർ ജി.എസ്.ടി. രജിസ്ട്രേഷൻ എടുത്ത് നികുതി പിരിക്കേണ്ടതായ സാഹചര്യം നിലവിലില്ല. സംസ്ഥാന ചരക്ക സേവന നികുതി നിയമത്തിലെ വകുപ്പ് 10 പ്രകാരം പ്രതിവർഷം 1.5 കോടി രൂപ വരെ വിറ്റുവരവുള്ള നികുതിദായകർക്ക് കോമ്പോസിഷൻ സ്കീമിന്റെ സൗകര്യം നൽകുന്നു. ഇത്തരത്തിലുള്ള ഏകദേശം അൻപതിനായിരത്തിൽ

അധികം വ്യാപാര സ്ഥാപനങ്ങൾ കേരളത്തിലുണ്ട്. ഈ രണ്ട് വിഭാഗങ്ങളും ചെറുകിട മേഖലയിൽ പ്രവർത്തിക്കുന്നവയാണ്. ഇവർ ഉപഭോക്താക്കളിൽനിന്ന് നികുതി ഈടാക്കേണ്ടതില്ല. ഇതുപോലെ അരിയും മറ്റു ഭക്ഷ്യധാന്യങ്ങളും ഉപഭോക്താവിന്റെ സാന്നിധ്യത്തിൽ പായ്ക്ക് ചെയ്ത് വിൽക്കുന്ന സ്ഥാപനങ്ങളും നികുതി ഈടാക്കാൻ പാടില്ല.

സാധാരണയായി മില്ലുടമകൾ മൊത്തവ്യാപാരികൾക്കും മൊത്ത വ്യാപാരികൾ ചില്ലറ വില്പനക്കാർക്കും അരി ഉൾപ്പെടെയുള്ള ധാന്യങ്ങൾ നൽകുന്നത് 50 കിലോയും അതിന് മുകളിലുള്ള പായ്ക്കറ്റുകൾ ആയിട്ടാണ്. അതിന് ജി.എസ്.ടി. ബാധകമാവുകയില്ല. ചില്ലറ വ്യാപാരികൾ ഇത്തരം പായ്ക്കറ്റുകളിൽ നിന്ന് ലൂസ് ആയി സാധാരണക്കാർക്ക് സാധനങ്ങൾ തൂക്കി കൊടുക്കുമ്പോഴും ജി.എസ്.ടി. ബാധകമാവുകയില്ല. നിലവിൽ പായ്ക്ക് ചെയ്ത് ലേബൽ ചെയ്ത സാധനങ്ങൾക്ക് ചുമത്തുന്ന അഞ്ച് ശതമാനം നികുതി സാധാരണക്കാരെ പ്രതികൂലമായി ബാധിക്കാതിരിക്കാനുള്ള എല്ലാ നടപടികളും സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) വ്യാപാര മേഖല കോർപ്പറേറ്റ് കുത്തകകൾക്ക് പൂർണമായി നൽകാനുള്ള ശ്രമമാണ് കേന്ദ്ര സർക്കാർ നടത്തുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

സാധാരണക്കാർക്ക് ലൂസ് ആയി വിൽക്കുന്ന അരി, ഗോതമ്പ് തുടങ്ങിയ ധാന്യങ്ങൾക്കും പയർ വർഗ്ഗങ്ങൾക്കും നികുതി ചുമത്തുവാൻ 47-ാമത് ജി.എസ്.ടി. കൗൺസിൽ തീരുമാനമെടുത്തിട്ടില്ല. ആയത് മുൻകാലത്തെ പോലെ തന്നെ നികുതിരഹിതമായി തുടരുകയാണ്. എന്നാൽ രജിസ്റ്റേർഡ് ബ്രാൻഡ് നാമത്തിൽ വിൽക്കുന്ന അരി ഉൾപ്പെടെയുള്ള ധാന്യങ്ങൾക്ക് അഞ്ച് ശതമാനം നികുതിയാണ് നിലവിൽ ഉണ്ടായിരുന്നത്. പല ബ്രാൻഡഡ് കമ്പനികളും ബ്രാൻഡഡ് സാധനകൾക്കുള്ള നികുതി അടയ്ക്കാതെ ഡിക്ലറേഷൻ എഴുതി നികുതി ഒഴിവ് ദുരുപയോഗം ചെയ്ത് വില്പന നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെതുടർന്നാണ് നാൽപത്തിയേഴാമത് ജി.എസ്.ടി. കൗൺസിൽ യോഗത്തിൽ "2019 ലെ ലീഗൽ മെട്രോളജി നിയമത്തിലെ വകുപ്പ് 2 ക്ലോസ് (എൽ) പ്രകാരം മുൻകൂറായി പായ്ക്ക് ചെയ്യപ്പെട്ടിട്ടുള്ളതും ലേബൽ ചെയ്തിട്ടുള്ളതുമായ നിർദ്ദിഷ്ട സാധനങ്ങൾ" എന്നാക്കി മാറ്റുകയാണ് ചെയ്തിട്ടുള്ളത്.

(സി) നിത്യോപയോഗ വസ്തുക്കൾക്ക് വില വർദ്ധിക്കാനിടയാകുന്ന സാഹചര്യം ഒഴിവാക്കണമെന്നും വിശദമായ പഠനത്തിനുശേഷം മാത്രമേ ഏത് നടപടിയും സ്വീകരിക്കാവൂ എന്നും സംസ്ഥാനം ജി.എസ്.ടി. കൗൺസിൽ യോഗങ്ങളിൽ വ്യക്തമാക്കിയിരുന്നുവോ; വിശദമാക്കാമോ?

സാധാരണക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന ഒരു തീരുമാനവും കൈക്കൊള്ളരുതെന്ന് കേരളം ശക്തമായി ഗ്രൂപ്പ് ഓഫ് മിനിസ്റ്റേഴ്സ് യോഗത്തിലും തുടർന്നുള്ള കൗൺസിലിലും നിലപാടെടുത്തിട്ടുണ്ട്. വിശദമായ പഠനത്തിനുശേഷം മാത്രമേ ജി.എസ്.ടി. നികുതിയുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കാവൂ എന്നും ജി.എസ്.ടി. കൗൺസിലിനെ അറിയിച്ചിട്ടുണ്ടായിരുന്നു.

(ഡി) ചെറുകിട കച്ചവടക്കാരും കുടുംബശ്രീ അടക്കമുള്ള ചെറുകിട ഉല്പാദകരും പായ്ക്ക് ചെയ്ത് വിൽക്കുന്ന അരിക്കും പയറുല്പന്നങ്ങൾക്കുമടക്കം ജി.എസ്.ടി. വർദ്ധിപ്പിച്ച കേന്ദ്ര സർക്കാർ തീരുമാനം സംസ്ഥാനത്ത് നടപ്പാക്കില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാന ചരക്ക സേവന നികുതി നിയമത്തിലെ വകുപ്പ് 22 പ്രകാരം പ്രതിവർഷം 40 ലക്ഷം രൂപ വരെ വിറ്റുവരവുള്ള വില്പനക്കാർ രജിസ്ട്രേഷൻ എടുത്ത് നികുതി പിരിക്കേണ്ടതായ സാഹചര്യം നിലവിലില്ല. സംസ്ഥാന ചരക്ക സേവന നികുതി നിയമത്തിലെ വകുപ്പ് 10 പ്രകാരം പ്രതിവർഷം 1.5 കോടി രൂപ വരെ വിറ്റുവരവുള്ള നികുതിദായകർക്ക് കോമ്പോസിഷൻ സ്കീമിന്റെ സൗകര്യം നൽകുന്നു. ഇത്തരത്തിലുള്ള ഏകദേശം 50,000 കടകൾ കേരളത്തിലുണ്ട്. ഈ രണ്ട് വിഭാഗങ്ങളും ചെറുകിട മേഖലയിൽ പ്രവർത്തിക്കുന്നവയാണ്. ഇവർ ഉപഭോക്താക്കളിൽ നിന്ന് നികുതി ഈടാക്കേണ്ടതില്ല. ഇതുപോലെ ഉപഭോക്താവിന്റെ സാന്നിധ്യത്തിൽ അരി പായ്ക്ക് ചെയ്യുന്ന സ്ഥാപനങ്ങളും നികുതി ഈടാക്കാൻ പാടില്ല.

സാധാരണയായി മില്ലുടമകൾ മൊത്തവ്യാപാരികൾക്കും മൊത്ത വ്യാപാരികൾ ചില്ലറ വില്പനക്കാർക്കും അരി ഉൾപ്പെടെയുള്ള ധാന്യങ്ങൾ നൽകുന്നത് 50 കിലോയും അതിനുമുകളിലുള്ള പായ്ക്കറ്റുകൾ ആയിട്ടാണ്. അതിന് ജി.എസ്.ടി. ബാധകമാവുകയില്ല. ചില്ലറ വ്യാപാരികൾ ഇത്തരം പായ്ക്കറ്റുകളിൽനിന്ന് ലൂസ് ആയി സാധാരണക്കാർക്ക് ഇത്തരം സാധനങ്ങൾ തൂക്കി കൊടുക്കുമ്പോൾ ജി.എസ്.ടി. ബാധകമാവുകയില്ല. നിലവിൽ പായ്ക്ക് ചെയ്ത് ലേബൽ ചെയ്ത സാധനങ്ങൾക്ക് ചുമത്തുന്ന അഞ്ച് ശതമാനം നികുതി സാധാരണക്കാരെ പ്രതികൂലമായി ബാധിക്കാതിരിക്കാനുള്ള എല്ലാ നടപടികളും സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്.

**കാസർഗോഡ് ജില്ലയിലെ നബാർഡ് പദ്ധതികൾ**

41(501) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 വർഷം കാസർഗോഡ് ജില്ലയിലെ ഏതൊക്കെ പദ്ധതികളാണ് നബാർഡ് ആർ.ഐ.ഡി.എഫ്.- (റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട്)ൽ ഉൾപ്പെടുത്തുന്നതിന് നബാർഡിന് സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

നബാർഡ് ആർ.ഐ.ഡി.എഫ്.-ന്റെ ഓരോ ട്രാഞ്ചെയിലും ഉൾപ്പെടുത്തുന്നതിലേക്കായി ഓരോ വകുപ്പിനും വകയിരുത്തിയിട്ടുള്ള അലോക്കേഷന്റെ അടിസ്ഥാനത്തിൽ മുൻഗണനാക്രമത്തിലാണ് വകുപ്പുകൾ പദ്ധതികൾ ധനകാര്യ വകുപ്പിന് ലഭ്യമാക്കുന്നതും അവ ധനകാര്യ വകുപ്പിൽ നിന്നും നബാർഡിലേക്ക് ശിപാർശ ചെയ്യുന്നതും അല്ലാതെ ജില്ലാ അടിസ്ഥാനത്തിലല്ല. 2021-22 വർഷം (ട്രാഞ്ചെ 27)-ൽ ഉൾപ്പെടുത്തുന്നതിലേക്കായി വിവിധ വകുപ്പുകൾ ലഭ്യമാക്കിയതിൽ കാസർഗോഡ് ജില്ലയിൽ ഉൾപ്പെട്ട ഒൻപത് പദ്ധതികൾ നബാർഡിന് സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ വിശദവിവരം അനുബന്ധം 1 ആയി ചേർക്കുന്നു.*

(ബി) ഇതിൽ നബാർഡിന്റെ അംഗീകാരം ലഭിച്ച പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

2021-22 വർഷം നബാർഡിന്റെ അംഗീകാരം ലഭിച്ച ആറ് പദ്ധതികളുടെ വിശദവിവരം അനുബന്ധം 2 ആയി ചേർക്കുന്നു.*

(സി) പ്രസ്തുത വർഷം നബാർഡിന്റെ അംഗീകാരം ലഭിക്കാത്ത കാസർഗോഡ് ജില്ലയിലെ പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

2021-22 വർഷം ഒൻപത് പദ്ധതികൾ നബാർഡിന് ലഭ്യമാക്കിയെങ്കിലും അംഗീകാരം ലഭിക്കാത്ത കാസർഗോഡ് ജില്ലയിലെ മൂന്ന് പദ്ധതികളുടെ വിശദവിവരം അനുബന്ധം 3 ആയി ചേർക്കുന്നു.*

(ഡി) നടപ്പ് സാമ്പത്തിക വർഷം കാസർഗോഡ് ജില്ലയിലെ ഏതൊക്കെ പദ്ധതികളാണ് നബാർഡ് ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

നടപ്പ് സാമ്പത്തിക വർഷം നബാർഡ് ആർ.ഐ.ഡി.എഫ്. (ട്രാഞ്ചെ 28)ൽ ഉൾപ്പെടുത്തുന്നതിലേക്കായി വിവിധ വകുപ്പുകളിൽനിന്നും പ്രോജക്ടുകൾ സ്വീകരിച്ചു വരുന്നതേയുള്ളൂ. നടപടികൾ പൂർത്തിയായിട്ടില്ല.

**പങ്കാളിത്ത പെൻഷൻ പദ്ധതി**

42(502) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പദ്ധതി പിൻവലിക്കുന്ന വിഷയത്തിൽ സർക്കാർ തീരുമാനം വൈകുന്നതിനാൽ ജീവനക്കാർക്ക് അർഹതപ്പെട്ട ഉയർന്ന സർക്കാർ വിഹിതം നൽകാനാകുന്നില്ല എന്നത് ശ്രദ്ധയിൽ വന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) കേന്ദ്ര സർക്കാർ, 2019 മുതൽ സർക്കാരിന്റെ പെൻഷൻ വിഹിതം 14% ആക്കി ഉയർത്തിയിട്ടുണ്ടെങ്കിലും കേരളത്തിൽ ജീവനക്കാർക്ക് ഇപ്പോഴും കുറഞ്ഞ സർക്കാർ വിഹിതം തന്നെയാണ് അനുവദിക്കുന്നതെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ;

(ഡി) പദ്ധതി പിൻവലിക്കുന്നതിനായി അനുകൂല റിപ്പോർട്ട് ഉണ്ടായിട്ടും തീരുമാനം വൈകുന്ന സാഹചര്യത്തിൽ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാർക്ക് പദ്ധതി പിൻവലിച്ച് ഉത്തരവ് ഇറങ്ങുന്നതുവരെ 14% സർക്കാർ വിഹിതം ഉറപ്പാക്കുന്നതിനും കേന്ദ്രം പങ്കാളിത്ത പെൻഷൻകാർക്ക് നൽകുന്ന എല്ലാ ആനുകൂല്യങ്ങളും ഉറപ്പുവരുത്തുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

(എ-ഡി) പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതുമായി ബന്ധപ്പെട്ട സാമ്പത്തിക നിയമവശങ്ങൾ ഉൾപ്പെടെ വിവിധ വിഷയങ്ങൾ പരിശോധിക്കുന്നതിലേയ്ക്കായി സർക്കാർ പുനഃപരിശോധനാ സമിതിയെ നിയമിക്കുകയും പ്രസ്തുത സമിതി ഈ വിഷയങ്ങൾ വിശദമായി പരിശോധിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ ഈ റിപ്പോർട്ട് പരിശോധിച്ചു വരികയാണ്. പങ്കാളിത്ത പെൻഷൻ പദ്ധതിയിലെ സർക്കാർ വിഹിതം 14 ശതമാനമായി ഉയർത്തുന്ന വിഷയം സമിതിയുടെ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത വിഷയത്തിന്മേൽ സർക്കാർ ഉചിത തീരുമാനം കൈക്കൊള്ളുന്നതാണ്.

(ഇ) പെൻഷൻ റിവിഷൻ, ഫാമിലി പെൻഷൻ, ഡി.സി.ആർ.ജി., കമ്മ്യൂട്ടേഷൻ, പെൻഷൻ ഡി.ആർ., ആശ്രിത നിയമനം, ഇൻവാലിഡ് പെൻഷൻ, എക്സ്ഗ്രേഷ്യ പെൻഷൻ, ഗ്രാറ്റുവിറ്റി തുടങ്ങിയ ആനുകൂല്യങ്ങളിൽ ഏതെല്ലാം സംസ്ഥാനത്തെ പങ്കാളിത്ത പെൻഷൻകാർക്ക് ലഭിക്കുമെന്ന് അറിയിക്കുമോ;

(എഫ്) സ്റ്റാറ്റ്യൂട്ടറി പെൻഷനും പങ്കാളിത്ത പെൻഷനും തമ്മിൽ ആനുകൂല്യങ്ങളിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

(ഇ&എഫ്) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട സർക്കാർ ജീവനക്കാർക്ക് കെ.എസ്.ആർ. ഭാഗം III ബാധകമല്ല. ആയതിനാൽത്തന്നെ ഈ വിഭാഗത്തിന് കെ.എസ്.ആർ. ഭാഗം III പ്രകാരമുള്ള പെൻഷൻ ആനുകൂല്യങ്ങൾക്കൊന്നുംതന്നെ അർഹതയില്ല. എന്നാൽ ആശ്രിത നിയമനം ലഭിക്കുന്നതാണ്. പങ്കാളിത്ത പെൻഷൻ

പദ്ധതിയിൽ ഉൾപ്പെട്ട ഒരു ജീവനക്കാരൻ വിരമിക്കുന്ന സമയത്ത് ടിയാൾ തെരഞ്ഞെടുക്കുന്ന ആന്വിറ്റി സർവീസ് പ്രൊവൈഡറിൽ ആന്വിറ്റിയായി നിക്ഷേപിക്കുന്ന തുക എത്രയോ അതിനനുസൃതമായ റിട്ടേൺ ആണ് പ്രതിമാസം ലഭ്യമാകുക.

## മെഡിസെപ്പ് പദ്ധതി

43(503) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ്പ് പദ്ധതിയിൽ ജീവനക്കാർക്കും പെൻഷൻകാർക്കും ലഭിക്കുന്ന പ്രയോജനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

Request For Proposal-ൽ ഉൾപ്പെടുത്തിയിട്ടുള്ള പട്ടികയിലുള്ള നിശ്ചിത ചികിത്സാ പ്രക്രിയകൾക്കും അവയ്ക്ക് അനുബന്ധമായി വരുന്ന ഡേകെയർ ചികിത്സാ പ്രക്രിയകൾക്കും ഗുണഭോക്താവിന് നേരിടേണ്ടിവരുന്ന ചെലവുകൾക്ക് പരിരക്ഷ നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. എംപാനൽ ചെയ്യപ്പെട്ട ആശുപത്രികളിലെ ചികിത്സാ സംബന്ധമായ പ്രക്രിയകളുടെ ചെലവ്, മരുന്ന് വില, ഡോക്ടർ/ അറ്റൻഡന്റ് ഫീസ്, മുറി വാടക, പരിശോധനാ ചാർജ്ജുകൾ (Diagnostic), രോഗാനുബന്ധ ഭക്ഷണ ചെലവുകൾ എന്നിവ പരിരക്ഷയിൽ ഉൾപ്പെടും.

നിലവിലുള്ള രോഗങ്ങൾക്കുൾപ്പെടെ ജീവന് ഭീഷണിയുള്ള അടിയന്തര സാഹചര്യങ്ങളിൽ എംപാനൽ ചെയ്യപ്പെടാത്ത ആശുപത്രികളിലെ ചികിത്സയ്ക്കും പദ്ധതിയിൻ കീഴിൽ പരിരക്ഷ ലഭിക്കുന്നതാണ്.

പദ്ധതിയുടെ പരിരക്ഷ താഴെ വിവരിക്കുന്നതിൻ പ്രകാരമായിരിക്കും:

(i) അടിസ്ഥാന പരിരക്ഷ-പദ്ധതിയുടെ കീഴിൽ വരുന്ന ആശുപത്രി ശൃംഖലയിലെ ഏതെങ്കിലും ആശുപത്രിയിൽ ഗുണഭോക്താവോ കുടുംബാംഗങ്ങളോ തേടുന്ന അംഗീകൃത ചികിത്സകൾക്ക് ഓരോ കുടുംബത്തിനും മൂന്ന് വർഷത്തെ പോളിസി കാലാവധിക്കുള്ളിൽ പ്രതിവർഷം മൂന്ന് ലക്ഷം രൂപ നിരക്കിലാണ് അടിസ്ഥാന പരിരക്ഷ. ഇതിൽ 1.5 ലക്ഷം രൂപ ഓരോ വർഷത്തേയ്ക്ക് നിശ്ചയിച്ചിട്ടുള്ളതും ആവശ്യം വരാത്തപക്ഷം ലാപ്സാകുന്നതുമാണ്. പ്രതിവർഷ കവറേജിൽ 1.5 ലക്ഷം രൂപ മൂന്ന് വർഷത്തെ ബ്ലോക് പിരീഡിനുള്ളിൽ എപ്പോൾ വേണമെങ്കിലും ഉപയോഗിക്കപ്പെടുന്ന തരത്തിൽ ഫ്ലോട്ടർ അടിസ്ഥാനത്തിലാണ് നിശ്ചയിച്ചിരിക്കുന്നത്. അടിസ്ഥാന പരിരക്ഷയിൽ (1) Procedure Cost (2) Implant Cost, if any (3) Room charges എന്നിങ്ങനെ മൂന്ന് ഭാഗങ്ങളാണുള്ളത്.

(ii) മേൽ സൂചിപ്പിച്ച പരിരക്ഷ കൂടാതെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന അവയവമാറ്റ ചികിത്സാ പ്രക്രിയകൾക്ക് ഇൻഷ്വറൻസ് കമ്പനി 35 കോടി രൂപയിൽ കുറയാത്ത തുക ഉൾപ്പെടുത്തി രൂപീകരിക്കുന്ന കോർപ്പസ് ഫണ്ടിൽനിന്ന് (മൂന്ന് വർഷത്തെ പോളിസി കാലയളവിനകത്ത്) വിനിയോഗിക്കാവുന്നതാണ്.

(ബി) പ്രസ്തുത പദ്ധതിയിൽ കാസർഗോഡ് ജില്ലയിലെ ഏതൊക്കെ ആശുപത്രികളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

പദ്ധതി ആരംഭിച്ച 1-7-2022-ൽ കാസർഗോഡ് ജില്ലയിൽ നിലവിൽ എംപാനൽ ചെയ്തിരിക്കുന്ന പൊതു/സ്വകാര്യ ആശുപത്രികൾ ചുവടെ പറയുന്നു:

1. Aramana Hospital
2. City Institute of Medical Science
3. KAHM Hospital
4. Kasaragod Institute Of Medical Sciences
5. Kumbalam Co-operative Hospital
6. Malik Deenar Hospital Thalangara,Kasaragod
7. Shashirekha MultiSpeciality Hospitall Kanhangad
8. District Hospital Kanhangad
9. Kasaragod Govt General Hospital
10. Kasaragod Taluk Headquartes Hospital Nileshwar
11. Taluk Hospital Bedadka
12. Taluk Hospital Panathady
13. Taluk Hospital Thrikaripur

(സി) കാസർഗോഡ് ജില്ലയിലേയും തൊട്ടടുത്ത കർണാടക സംസ്ഥാനത്തെ മംഗലാപുരത്തെയും കൂടുതൽ ആശുപത്രികളെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ആരംഭ ഘട്ടത്തിൽ ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികളാണ് ഇപ്പോൾ പ്രസിദ്ധീകരിച്ചിട്ടുള്ളത്. പദ്ധതിയുടെ കാലാവധിക്കുള്ളിൽ എപ്പോൾ വേണമെങ്കിലും പുതിയതായി വരുന്ന ആശുപത്രികളെ എംപാനൽ ചെയ്യാൻ കഴിയുന്നതാണ്. കൂടുതൽ ആശുപത്രികളെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

## മെഡിസെപ്പിൽ ഉൾപ്പെട്ടിട്ടുള്ള ആശുപത്രികൾ

44(504) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ്പ് പ്രകാരം ഓരോ ജില്ലയിലും ഉൾപ്പെടുത്തിയിട്ടുള്ള സ്വകാര്യ ആശുപത്രികൾ എത്രയാണ്; ഏതൊക്കെയാണ്; പേരുകൾ വിശദമാക്കാമോ?

മെഡിസെപ്പ് പ്രകാരം ഓരോ ജില്ലയിലും ഉൾപ്പെടുത്തിയിട്ടുള്ള സ്വകാര്യ ആശുപത്രികളുടെ 1-7-2022 വരെയുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.* കൂടുതൽ ആശുപത്രികളെ പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ടും നിലവിലെ ലിസ്റ്റിൽ ആവശ്യമായ മാറ്റംവരുത്തിക്കൊണ്ടുമുള്ള അന്തിമ ലിസ്റ്റ് ഇൻഷ്വറൻസ് കമ്പനി നൽകുന്ന മുറയ്ക്ക് വെബ്സൈറ്റിൽ ലഭ്യമാക്കുന്നതാണ്.

(ബി) സംസ്ഥാനത്തെ മുഴുവൻ സർക്കാർ ആശുപത്രികളെയും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഉൾപ്പെടുത്താത്തവ ഏതെല്ലാം?

സംസ്ഥാനത്തെ എല്ലാ ഗവണ്മെന്റ് മെഡിക്കൽ കോളേജുകളെയും ജില്ലാ ആശുപത്രികളെയും താലൂക്കാശുപത്രികളെയും ജനറൽ ആശുപത്രികളെയും പദ്ധതിയിൽ ഉൾപ്പെടുത്തീട്ടുണ്ട്.

(സി) കേരളത്തിലെ മികച്ച ആശുപത്രികളായ റീജിയണൽ ക്യാൻസർ സെന്റർ, ശ്രീ ചിത്തിര തിരുനാൾ, ഇന്ത്യൻ ഡയബറ്റിക് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എന്ന് മുതൽ; അറിയിക്കുമോ?

റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം നിലവിൽ പദ്ധതിയിൽ എംപാനൽ ചെയ്തിട്ടുള്ളതാണ്. ശ്രീ ചിത്തിര തിരുനാൾ പോലുള്ള മുൻനിര ആശുപത്രികളെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ നടന്നുവരുന്നു. ഇന്ത്യൻ ഡയബറ്റിക് ഇൻസ്റ്റിറ്റ്യൂട്ട് പദ്ധതിയുടെ പരിധിയിൽ വരുന്നതല്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കെ.സി.ആർ.ഐ.പി. ജീവനക്കാർക്ക് സ്പാർക്ക് സംവിധാനം

45(505) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരപാതാ വികസന (കെ.സി.ആർ.ഐ.പി.) ഓഫീസ് ജീവനക്കാർക്ക് സ്പാർക്ക് സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതുസംബന്ധിച്ച് നിലവിലുള്ള ധനകാര്യ [ധനവിനിയോഗ (എ)] വകുപ്പിലെ ബി3/261/2022 നമ്പർ ഫയലിലെ അവസ്ഥ അറിയിക്കാമോ;

(സി) ഇതുസംബന്ധിച്ച് റവന്യൂ വകുപ്പിന്റെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; എങ്കിൽ സ്പാർക്ക് എപ്പോൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) സ്പാർക്ക് സംവിധാനം ഇല്ലാത്തത് കാരണം പ്രസ്തുത ജീവനക്കാർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ-ഡി) കോഴിക്കോട് നഗരപാതാ വികസന പദ്ധതിക്കുവേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള സ്പെഷ്യൽ എൽ.എ. യൂണിറ്റ് ഒരു സർക്കാർ ഓഫീസാണ്. സർക്കാർ ഓഫീസുകളിലെ ജീവനക്കാരുടെ ശമ്പളം വിതരണം ചെയ്യുന്നത് സ്പാർക്ക് സോഫ്റ്റ്വെയർ വഴിയാണ്. എന്നാൽ പ്രസ്തുത ഓഫീസ് ജീവനക്കാരുടെ ശമ്പളം ഇപ്പോൾ വിതരണം ചെയ്യുന്നത് സ്പാർക്ക് സോഫ്റ്റ്വെയർ വഴിയല്ലെന്ന കാര്യം റവന്യൂ വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സർക്കാർ ഓഫീസുകളിലെ ജീവനക്കാരുടെ ശമ്പളം സ്പാർക്ക് വഴിയല്ലാതെ വിതരണം ചെയ്യുന്നത് ജീവനക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. മേൽപ്പറഞ്ഞ ജീവനക്കാരുടെ ശമ്പളം സ്പാർക്ക് വഴിയാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് റവന്യൂ വകുപ്പ് സമർപ്പിച്ചിട്ടുള്ള B3/261/2022/Rev. നമ്പർ ഫയൽ ധനകാര്യ വകുപ്പിൽ പരിശോധനയിലാണ്.

## മെഡിസെപ്പിലെ പരാതികൾ

46(506) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022 ജൂലൈ മാസം മുതൽ സംസ്ഥാനത്ത് നിലവിൽ വന്ന മെഡിസെപ്പ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള ആനുകൂല്യം ഇതുവരെ എത്രപേർക്ക് ലഭിച്ചിട്ടുണ്ടെന്നും എത്ര രൂപ ഈ പദ്ധതി വഴി ഇൻഷ്വറൻസ് കമ്പനി ചെലവഴിച്ചിട്ടുണ്ടെന്നുമുള്ള കണക്കുകൾ ലഭ്യമാക്കാമോ?

1-7-2022-ൽ സംസ്ഥാനത്ത് നിലവിൽ വന്ന മെഡിസെപ്പ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള ആനുകൂല്യം 20-8-2022 വരെ 20,186 പേർക്ക് ലഭിച്ചിട്ടുണ്ട്. ഈ പദ്ധതി വഴി ഇൻഷ്വറൻസ് കമ്പനി ഇതുവരെ 54,09,95,656 രൂപയുടെ ക്ലെയിം അപ്രൂവൽ നൽകിയിട്ടുണ്ട്.

(ബി) ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകാമോ?

ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി *ചേർക്കുന്നു.

(സി) ഇതുമായി ബന്ധപ്പെട്ട് എത്ര പരാതികൾ ഇതുവരെ ലഭിച്ചിട്ടുണ്ടെന്നും ആയതിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഇതുവരെ 2328 പരാതികൾ ലഭിച്ചിട്ടുണ്ട്. അതിൽ 1666 എണ്ണം ഡാറ്റ സംബന്ധമായുള്ളതാണ്. ബാക്കി 545 എണ്ണത്തിൽ നടപടി എടുത്തിട്ടുണ്ട്. ഇവയൊന്നുമല്ലാതെ വ്യക്തിപരമായി വരുന്ന പരാതികൾ തരംതിരിച്ച് സമയ ബന്ധിതമായി പരിഹരിച്ചിട്ടുണ്ട്.

(ഡി) പരാതികൾ അറിയിക്കേണ്ടത് എവിടെയാണെന്നും വിശദമാക്കാമോ?

മെഡിസെപ്പ് വെബ്സൈറ്റിലെ ഗ്രീവൻസ് പോർട്ടലിൽ പരാതികൾ രജിസ്റ്റർ ചെയ്യാവുന്നതാണ്.

**സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയ തുക**

47(508) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷക്കാലയളവിൽ ഇടുക്കി പാക്കേജ്, വയനാട് പാക്കേജ്, കുട്ടനാട് പാക്കേജ്, തീരദേശ പാക്കേജ് എന്നിവയ്ക്കായി സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയ തുകയും ഓരോ സാമ്പത്തിക വർഷവും ചെലവഴിച്ച തുകയും എത്രയാണെന്ന് വ്യക്തമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

**പത്രപ്രവർത്തകർക്ക് പ്രഖ്യാപിച്ച പെൻഷൻ**

48(509) <u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബഡ്ജറ്റിൽ പത്രപ്രവർത്തകർക്ക് പ്രഖ്യാപിച്ച പെൻഷൻ പൂർണ്ണമായും ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സമയബന്ധിതമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പത്രപ്രവർത്തക പെൻഷനിൽ 2021-22 ബജറ്റിൽ പ്രഖ്യാപിച്ച പ്രകാരമുള്ള 1,000 രൂപ 2022 ജനുവരി പ്രാബല്യത്തിൽ വർദ്ധിപ്പിക്കുന്നതിന് ധനവകുപ്പ് അംഗീകാരം നൽകിയിട്ടുണ്ട്.

**ആലത്തൂർ നിയോജകമണ്ഡലത്തിലെ ടെണ്ടർ സേവിംഗ്സ് പ്രൊപ്പോസൽ**

49(510) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന ഫണ്ട് വിനിയോഗം സംബന്ധിച്ച് 2016-17, 2017-18 വർഷങ്ങളിലെ ടെണ്ടർ സേവിംഗ്സ് തുക കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ ടെണ്ടർ സേവിംഗ്സ് അനുവദിക്കുന്നതിന് 2017-18 സാമ്പത്തിക വർഷം മുതലാണ് പ്രാബല്യമുള്ളത്. 2017-18 സാമ്പത്തിക വർഷത്തെ ടെണ്ടർ സേവിംഗ്സ് തുക സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു*.

(ബി) ടെണ്ടർ സേവിംഗ്സ് വരുന്ന മുറയ്ക്ക് പുതിയ പ്രൊപ്പോസൽ നിർദ്ദേശിക്കാൻ കഴിയുമോ; ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമാക്കാമോ?

ടെണ്ടർ സേവിംഗ്സ് വരുന്ന മുറയ്ക്ക് പുതിയ ശിപാർശ നിർദ്ദേശിക്കാവുന്നതാണ്. 31-3-2022-ലെ സ.ഉ.(അച്ചടി) നമ്പർ 40/2022/ധന പ്രകാരം ഓരോ സാമ്പത്തിക വർഷവും ഭരണാനുമതി നൽകുന്ന പ്രവൃത്തികളുടെ ടെണ്ടർ അംഗീകരിച്ച് കഴിഞ്ഞുണ്ടാകുന്ന ടെണ്ടർ സേവിംഗ്സ് ഏത് സാമ്പത്തിക വർഷത്തിലാണോ തിട്ടപ്പെടുത്തുന്നത് ആ സാമ്പത്തിക വർഷത്തിലോ അതിനടുത്ത സാമ്പത്തിക വർഷത്തിലോ ഉണ്ടാകുന്ന ടെണ്ടർ എക്സ്സസ്സിനുവേണ്ടിയോ പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിന് വേണ്ടിയോ വിനിയോഗിക്കാവുന്നതാണ്.

**തെയ്യം കലാ അക്കാഡമിയുടെ അടിസ്ഥാന വികസനം**

50(511) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിന്റെ മറുപടി പ്രസംഗത്തിൽ തലശ്ശേരി നിയോജകമണ്ഡലത്തിലെ തെയ്യം കലാ അക്കാഡമിയുടെ അടിസ്ഥാന സൗകര്യവികസനത്തിന് ഫണ്ട് അനുവദിച്ചെങ്കിലും തുക പരാമർശിച്ചിട്ടില്ല; പ്രസ്തുത

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തുക അനുവദിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; (ഫയൽ നമ്പർ - E-2135344) ബഡ്ജറ്റിൽ പ്രഖ്യാപിച്ച തുക അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. എ. എൻ. ഷംസീർ (ബഹു. എം.എൽ.എ., തലശ്ശേരി) സമർപ്പിച്ച 28-6-2022-ലെ നിവേദനം 2135344 നമ്പർ ഇ-ഫയലിൽ ധനകാര്യ വകുപ്പ് പരിശോധിക്കുകയും 16-8-2022-ലെ 2135344/വിദ്യാ-സി3/242/2022-ധന. നമ്പർ കത്ത് പ്രകാരം മറുപടി നൽകിയിട്ടുമുണ്ട്.

തലശ്ശേരിയിൽ പ്രവർത്തിക്കുന്ന തെയ്യം കലാ അക്കാഡമിക്ക് 25 ലക്ഷം രൂപയാണ് നടപ്പുസാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിന്റെ മറുപടി പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചിരുന്നത്. 2020-21 സാമ്പത്തിക വർഷം തെയ്യം കലാ അക്കാഡമിക്കായി 29-4-2021-ലെ സ.ഉ.(സാധാ)നമ്പർ 1410/2021/ധന. പ്രകാരം 2205-00-102-77-59-'തെയ്യം കലാ അക്കാഡമി, തലശ്ശേരി' എന്ന പദ്ധതിയേതര ശീർഷകത്തിൽ 25 ലക്ഷം രൂപ അധിക ധനാനുമതി മുഖാന്തരം അനുവദിച്ചത്, അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം പൂർണ്ണമായും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം മേൽ സ്ഥാപനത്തിനായി തുകയൊന്നുംതന്നെ വകയിരുത്തിയിട്ടില്ല. ആയതിനാൽ, ബഡ്ജറ്റ് മറുപടി പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ ഭരണ വകുപ്പ് ഉചിതതലത്തിൽ ഭരണാനുമതി പുറപ്പെടുവിച്ചുകൊണ്ട് ഫയൽ സമർപ്പിക്കുന്ന മുറയ്ക്ക് മേൽ ശീർഷകത്തിൽ തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

**കോട്ടായി ഐ.എച്ച്.ആർ.ഡി. കോളേജ് കെട്ടിടനിർമ്മാണം**

51(512) <u>ശ്രീ. പി. പി. സുമോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് കോട്ടായി ഐ.എച്ച്.ആർ.ഡി. കോളേജ് കെട്ടിട നിർമ്മാണത്തിനായി 2021-22 വർഷത്തെ ബജറ്റിൽ അനുവദിച്ച അഞ്ചുകോടി രൂപ പൊതുമരാമത്ത് വകുപ്പിന്റെ ഹെഡ് ഓഫ് അക്കൗണ്ടിൽ നൽകുന്നതിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആവശ്യം ഉന്നയിച്ചുകൊണ്ട് 30-6-2022-ലെ 03/Fin/ MLATarur/ 2022/TVM നമ്പർ കത്തിന്മേൽ സ്വീകരിച്ച നടപടി എന്താണെന്ന് വ്യക്തമാക്കാമോ?

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

## ക്ഷേമ പെൻഷനും മസ്റ്ററിംഗും

52(518) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അറിവില്ലായ്മകൊണ്ടും സാങ്കേതിക തകരാറുമൂലവും മസ്റ്ററിംഗ് നടത്താത്തവരുടെ ക്ഷേമപെൻഷൻ വീണ്ടും മസ്റ്ററിംഗ് നടത്തി അർഹരായവർക്ക് നൽകുന്നതിന് എന്താണ് തടസ്സമെന്ന് അറിയിക്കാമോ?

2019 ഡിസംബർ 31 വരെ ക്ഷേമ പെൻഷനുകൾ അനുവദിച്ചവർക്ക് എല്ലാ മാസവും 1 മുതൽ 20 വരെ സ്വന്തം ചെലവിൽ അക്ഷയകേന്ദ്രങ്ങൾ മുഖേന മസ്റ്ററിംഗ് നടത്തുന്നതിന് അനുവാദം നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. മസ്റ്ററിംഗ് സോഫ്റ്റ്‌വെയറായ 'ജീവൻരേഖ'യിൽ ഇതിനാവശ്യമായ ക്രമീകരണങ്ങൾ വരുത്തുന്നതിന് നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ, ഇൻഫർമേഷൻ കേരള മിഷൻ എന്നിവർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പ്രസ്തുത നടപടി പൂർത്തിയാകുന്ന മുറയ്ക്ക് മസ്റ്ററിംഗ് നടത്താൻ കഴിയും.

(ബി) യഥാസമയം മസ്റ്ററിംഗ് നടത്താത്ത കാലയളവിൽ അർഹരായ എത്രപേർക്കാണ് പെൻഷൻ നൽകാനുള്ളത്; ഇതുസംബന്ധിച്ച എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

57,923 സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾക്കും 95,072 ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കൾക്കുമാണ് യഥാസമയം മസ്റ്ററിംഗ് നടത്താത്ത കാലയളവിലെ പെൻഷൻ കുടിശ്ശിക ആയിട്ടുള്ളത്. കുടിശ്ശിക നൽകുന്നത് സംബന്ധിച്ച 77 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്.

## വിധവാ പെൻഷൻ മാനദണ്ഡം പരിഷ്കരിക്കുന്നത്

53(519) <u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ധനകാര്യ (എസ്.എഫ്.സി. സെൽ-ബി) വകുപ്പിന്റെ 31-3-2020-ലെ 17/2020/ധന. സർക്കുലർ പരിഷ്കരിച്ച് വിധവാ പെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡത്തിൽ ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ട് ഏഴ് വർഷം കഴിഞ്ഞ മറ്റ് ആശ്രയങ്ങൾ ഒന്നുമില്ലാതെ ജീവിക്കുന്നവരും സാമ്പത്തിക പരാധീനതകളുള്ളവരുമായ 50 വയസ്സിൽ കുറവ് പ്രായമുള്ള സ്ത്രീകളെക്കൂടി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഈ വിഷയം സർക്കാരിന്റെ പരിഗണനയിലില്ല.

## ആർട്ടിസാൻസ് വിഭാഗത്തിനുള്ള ക്ഷേമപെൻഷൻ

54(520) ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത കൈത്തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള ആർട്ടിസാൻസ് വിഭാഗത്തിന് ക്ഷേമപെൻഷനുകൾ സമയബന്ധിതമായി ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കേരള കൈത്തൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമ പദ്ധതി, കേരള ഗാർഹിക തൊഴിലാളി ക്ഷേമ പദ്ധതി, കേരള ബാർബർ ബ്യൂട്ടീഷ്യൻസ് ക്ഷേമ പദ്ധതി, കേരള അലക്ക് തൊഴിലാളി ക്ഷേമ പദ്ധതി, കേരള പാചക തൊഴിലാളി ക്ഷേമ പദ്ധതി, കേരള ക്ഷേത്ര ജീവനക്കാരുടെ ക്ഷേമ പദ്ധതി എന്നീ പദ്ധതികൾ കൂട്ടിച്ചേർത്തുകൊണ്ട് 2-2-2016-ലെ സ.ഉ.(പി)നമ്പർ24/2016/ തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം രൂപം കൊണ്ട കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹിക സുരക്ഷാ പദ്ധതി മുഖേന പെൻഷൻ നൽകി തുടങ്ങിയത് 2018 ആഗസ്റ്റ് മാസം മുതലാണ്. ആയതു മുതലുള്ള പെൻഷൻ സർക്കാർ ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് സമയബന്ധിതമായി നൽകി വരുന്നുണ്ട്. 2020 സെപ്റ്റംബർ മാസം മുതൽ അതാതുമാസം തന്നെ പെൻഷൻ നൽകുന്നുണ്ട്. 2022 ജൂൺ വരെയുള്ള പെൻഷൻ ഇതിനകം നൽകിയിട്ടുണ്ട്. ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ പെൻഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത ഇനത്തിൽ കുടിശ്ശിക നൽകാനുണ്ടോ; എങ്കിൽ കുടിശ്ശിക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പദ്ധതികൾ തമ്മിൽ കൂട്ടിച്ചേർത്തപ്പോഴും സർക്കാർ മസ്റ്ററിംഗ് സമ്പ്രദായം, ലൈഫ് സർട്ടിഫിക്കറ്റ് തുടങ്ങിയവ ഏർപ്പെടുത്തിയപ്പോഴും ആയത് കൃത്യമായി നടപ്പിലാക്കാൻ കഴിയാത്ത പെൻഷണർമാർക്ക് കുടിശ്ശിക ഇനത്തിൽ പെൻഷൻ അനുവദിക്കേണ്ടതായുണ്ട്. ടി തുക കുടിശ്ശിക ഇനത്തിലുള്ള പെൻഷനായി നൽകുന്നതിന് ബന്ധപ്പെട്ട ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാരിൽ നിന്നും ഗുണഭോക്താക്കളിൽ നിന്നും ആയതിന്റെ വിവരങ്ങൾ ക്ഷേമനിധി ബോർഡ് ശേഖരിച്ചു വരുന്നുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ബോർഡിന്റെ ഉചിത തീരുമാനത്തിന് വിധേയമായി നടപടികൾ സ്വീകരിക്കുന്നതാണ്.

## മൾട്ടിലെവൽ മാർക്കറ്റിംഗ്

55(521) ശ്രീ. പി.പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൾട്ടിലെവൽ മാർക്കറ്റിംഗ്/ഡയറക്ട് സെല്ലിംഗ് മുഖേന സംസ്ഥാനത്ത് നികുതി വരുമാനം ലഭിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

മൾട്ടിലെവൽ മാർക്കറ്റിംഗ്/ഡയറക്ട് സെല്ലിംഗ് മുഖേന സംസ്ഥാനത്തിന് നികുതി വരുമാനം ലഭിക്കുന്നുണ്ട്.

(ബി) ഈ രംഗത്ത് വ്യാപാരം നടത്തുന്നതിനായി സർക്കാർ പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അവയുടെ പകർപ്പ് ലഭ്യമാക്കുമോ?

30-10-2018-ലെ സർക്കാർ ഉത്തരവ് G.O. (Rt) No. 568/2018/CAD പ്രകാരം മൾട്ടി-ലെവൽ മാർക്കറ്റിംഗ്/ ഡയറക്റ്റ് സെല്ലിങ് ഫീൽഡ് മോണിറ്റർ ചെയ്യുന്നതിലേക്കായി ഒരു മോണിറ്ററിങ് അതോറിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു).*

(സി) കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്ന ഈ മേഖലയിലെ സെല്ലർമാർക്ക് ക്ഷേമനിധി സംവിധാനം ഏർപ്പെടുത്തുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ?

പരിഗണനയിലില്ല.

**മുളന്തുരുത്തി റെയിൽ ഓവർബ്രിഡ്ജിന്റെ നിർമ്മാണം**

56(522) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുളന്തുരുത്തി റെയിൽ ഓവർബ്രിഡ്ജിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിന്റെ പരിഗണനയിലുള്ള ഫയലിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട ടെണ്ടർ നടപടികൾ അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തരമായി അംഗീകാരം നൽകുമോ; വിശദമാക്കുമോ;

(സി) പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള നിർദ്ദേശങ്ങൾ വകുപ്പ് അനന്തമായി നീട്ടിക്കൊണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണങ്ങൾ വിശദമാക്കാമോ;

(ഡി) പ്രസ്തുത ടെണ്ടർ നടപടികൾക്ക് എന്നത്തേയ്ക്ക് അംഗീകാരം ലഭ്യമാക്കാൻ സാധിക്കുമെന്നറിയിക്കാമോ?

(എ-ഡി) മുളന്തുരുത്തി റെയിൽ ഓവർ ബ്രിഡ്ജിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട ടെൻഡർ നടപടികൾ പൂർത്തീകരിക്കുന്നത് സംബന്ധിച്ച ഫയൽ ധനകാര്യ വകുപ്പിന്റെ പരിഗണയിലാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

**മെഡിസെപ് പദ്ധതി**

57(523) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം 2022 ആഗസ്റ്റ് 15 വരെ പദ്ധതിയിലെ ഗുണഭോക്താക്കളായ അംഗങ്ങളുടെ ചികിത്സാ ബില്ലിലേയ്ക്ക് ഇൻഷ്വറൻസ് കമ്പനി എത്ര രൂപ ആശുപത്രികൾക്ക് കൈമാറിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ആഗസ്റ്റ് 15 വരെ 12,70,13,003 രൂപ ആശുപത്രികൾക്ക് കൈമാറിയിട്ടുണ്ടെന്നാണ് കമ്പനി അറിയിച്ചിട്ടുള്ളത്.

(ബി) ആശുപത്രികൾക്ക് പണം ലഭിക്കുന്നില്ലെന്ന പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇവയിൽ സ്വീകരിച്ച നടപടി വിശദീകരിക്കുമോ?

ഉണ്ട്. ആശുപത്രികളുടെ കൃത്യമായ ബാങ്ക് അക്കൗണ്ട്, PAN Card എന്നിവ അപ്ഡേറ്റ് ചെയ്യാതെ തെറ്റായ അക്കൗണ്ടിൽ പണം ഒടുക്കുകയും ആയത് തിരികെ ലഭിക്കുന്നതിലുണ്ടാകുന്ന കാലതാമസമാണ് ആശുപത്രികൾക്ക് പണം ലഭിക്കുന്നത് വൈകുന്നതെന്നാണ് കമ്പനിയിൽ നിന്നും ലഭിച്ച വിവരം. ഇത്തരത്തിലുള്ള പരാതികൾ പരിഹരിക്കുന്നതിന് സർക്കാർ ഇൻഷ്വറൻസ് കമ്പനിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇൻഷ്വറൻസ് കമ്പനിയുമായുള്ള കരാർ പ്രകാരം ഒരു രോഗിയെ ഡിസ്ചാർജ് ചെയ്ത് എത്ര ദിവസം പൂർത്തിയായാൽ ചികിത്സാ ബിൽ തുക ആശുപത്രിക്ക് കൈമാറാം എന്നാണ് വ്യവസ്ഥ ചെയ്തതെന്ന് വ്യക്തമാക്കുമോ; സർക്കാർ ഇവയുടെ മേൽനോട്ടത്തിന് ഏത് സ്വകാര്യ ഏജൻസിയെയാണ് ഏർപ്പാടാക്കിയതെന്ന് വ്യക്തമാക്കുമോ?

ക്ലെയിം തീയതി അപ്രൂവൽ ആകുന്ന ദിവസം തുടങ്ങി 15 ദിവസത്തിനുള്ളിൽ ബിൽ തുക ആശുപത്രിക്ക് കൈമാറണം എന്നുള്ളതാണ് കമ്പനിയും ആശുപത്രികളും തമ്മിലുള്ള വ്യവസ്ഥ. സർക്കാർ ഇ-ടെണ്ടർ നടപടികളിലൂടെ തെരഞ്ഞെടുത്ത പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനിയായ ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയെയാണ് പദ്ധതി നടത്തിപ്പിന്റെ മേൽനോട്ടം ഏൽപ്പിച്ചിരിക്കുന്നത്.

(ഡി) പ്രസ്തുത പദ്ധതി പ്രകാരം ഓരോ ചികിത്സയ്ക്കും ഇൻഷ്വറൻസ് കമ്പനി തുകയ്ക്ക് പരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ സാധാരണ പ്രസവം, സിസേറിയൻ, ആൻജിയോപ്ലാസ്റ്റി, ജനറൽ മെഡിസിൻ എന്നിവയ്ക്ക് നിശ്ചയിച്ച പരിധി എത്രയെന്ന് വ്യക്തമാക്കുമോ?

സർക്കാർ നിയമിച്ച മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ ചികിത്സാ നിരക്കുകൾ ഉൾപ്പെട്ട Request For Proposal (RFP)-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന ചികിത്സാനിരക്കുകളാണ് കമ്പനി അംഗീകരിച്ചിരിക്കുന്നത്.

സാധാരണ പ്രസവം, സിസേറിയൻ, ആൻജിയോപ്ലാസ്റ്റി, ജനറൽ മെഡിസിൻ എന്നിവയ്ക്ക് നിശ്ചയിച്ച പരിധിയും പ്രസ്തുത ചികിത്സയുമായി ബന്ധപ്പെട്ട് അനുവദിക്കുന്ന മുറി വാടക സംബന്ധിച്ച വിവരവും അനുബന്ധമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(ഇ) രോഗി ഡിസ്ചാർജ് ചെയ്ത് എത്ര ദിവസം കഴിഞ്ഞതിനുശേഷമാണ് ഫൈനൽ അപ്രൂവൽ തുക അറിയാൻ സാധിക്കുക എന്നത് വ്യക്തമാക്കുമോ?

ഡിസ്ചാർജ് ചെയ്തതിനുശേഷം എപ്പോഴാണോ ക്ലെയിം തുക അപ്രൂവൽ ആകുന്നത് ആ ദിവസം തന്നെ ഗുണഭോക്താവിന്റെ പോർട്ടലിൽ ഫൈനൽ ക്ലെയിം തുക അറിയാൻ സാധിക്കുന്നതാണ്.

(എഫ്) പ്രസ്തുത പോളിസിയിൽ ഒരാൾക്ക് പ്രീമിയം ഇനത്തിൽ ഇൻഷ്വറൻസ് കമ്പനിക്ക് എത്ര രൂപയാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ?

ജീവനക്കാർ/പെൻഷൻകാരിൽനിന്നും പ്രതിമാസം 500 രൂപയാണ് (GST ഉൾപ്പെടെ) ഈടാക്കുന്നത്. ആയതിന്റെ പ്രീമിയം ഇനത്തിലെ 472 രൂപ കമ്പനിക്ക് നൽകുകയും ബാക്കി 28 രൂപ അധിക പരിരക്ഷ ലഭിക്കുന്ന catastrophic അസുഖങ്ങൾക്കുള്ള കോർപ്പസ് ഫണ്ടിലേയ്ക്ക് മാറ്റിവയ്ക്കുകയും ചെയ്യുന്നു.

**സർക്കാരിന്റെ ധനസ്ഥിതി**

58(525) <u>ശ്രീ വി ശശി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ ധനസ്ഥിതിയെ പ്രതികൂലമായി ബാധിക്കുന്ന, സർക്കാരിന്റെ നിയന്ത്രണങ്ങൾക്ക് അതീതമായ, ഘടകങ്ങളെന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ പ്രധാന സ്രോതസ്സാണ് കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതവും കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയുള്ള വിഭവ കൈമാറ്റവും. കഴിഞ്ഞ കുറേ വർഷങ്ങളായി കേരളത്തിനു ലഭിക്കേണ്ട വിഹിതത്തിൽ കുറവ് ഉണ്ടായിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനങ്ങൾക്ക് വീതിച്ച് നൽകേണ്ട നികുതി വിഭവങ്ങളുടെ അനുപാതം പതിനാലാം ധനകാര്യ കമ്മീഷനിൽ 42 ശതമാനമായിരുന്നത് പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 41 ശതമാനമായി കുറഞ്ഞിട്ടുണ്ട്. ഡിവിസിബിൾ പൂളിൽ നിന്നും കേരളത്തിന് ലഭിക്കുന്ന വിഹിതം കാലാകാലങ്ങളായി കുറഞ്ഞു വരികയാണ്. പത്താം ധനകാര്യ കമ്മീഷന്റെ സമയത്ത് 3.875 ശതമാനമായിരുന്ന കേരളത്തിന്റെ വിഹിതം പതിനാലാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 2.5 ശതമാനമായി മാറുകയും പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ഈ കാലയളവിൽ 1.925 ശതമാനമായി കുറയുകയും ചെയ്തിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതത്തിലും കുറവുണ്ടായിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി ഗ്രാന്റിനത്തിൽ ലഭ്യമായത് 5141 കോടി രൂപ ആയിരുന്നുവെങ്കിൽ അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 2021-22 സാമ്പത്തിക വർഷം ഈയിനത്തിൽ 3798 കോടി രൂപ മാത്രമേ ലഭ്യമായിട്ടുള്ളു. ഇതിനു പുറമേ, 2023-24 ന് ശേഷം റവന്യൂ കമ്മി ഗ്രാന്റ് ലഭ്യമല്ലാതാകുകയും ജി.എസ്.ടി നഷ്ടപരിഹാരം 2022 ജൂണിൽ അവസാനിക്കുകയും കോവിഡ് കാലത്ത് കേന്ദ്ര സർക്കാർ എല്ലാ സംസ്ഥാനങ്ങൾക്കുമായി അനുവദിച്ചു നൽകിയിരുന്ന കടമെടുപ്പ് പരിധിയായ 4.5 ശതമാനം തിരികെ 3 ശതമാനത്തിലേയ്ക്ക് കൊണ്ടുവരുന്നതും സംസ്ഥാന സമ്പദ് വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കും. കേന്ദ്ര ആസൂത്രണ കമ്മീഷൻ നിലവിൽ ഉണ്ടായിരുന്നപ്പോൾ ലഭിച്ചുകൊണ്ടിരുന്ന ഒറ്റത്തവണ കേന്ദ്രസഹായം, അധിക കേന്ദ്ര സഹായം, സാധാരണ കേന്ദ്ര സഹായം എന്നിവ കേന്ദ്രസർക്കാർ ഇതിനകം തന്നെ നിർത്തലാക്കിയിട്ടുമുണ്ട്. തുടരെ തുടരെയുള്ള പ്രളയങ്ങളും മഹാമാരിയായ കോവിഡും ഏല്പിച്ച ആഘാതങ്ങളിൽ നിന്നും സംസ്ഥാനം കരകയറി വരുന്നതേയുള്ളൂ. ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന് ഏറ്റെടുക്കേണ്ടി വന്നിട്ടുള്ള ചെലവുകളും സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിൽ ഉൾപ്പെടുത്തുന്ന ഒരു നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഈ നിലപാടിനോടുള്ള സംസ്ഥാനത്തിന്റെ ശക്തമായ വിയോജിപ്പ് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. പ്രസ്തുത നിലപാടിൽ ഇളവ് അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സംസ്ഥാനം കേന്ദ്ര സർക്കാരിനെ സമീപിക്കുകയും ആവശ്യപ്പെട്ട വിശദാംശങ്ങൾ നൽകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ നടപ്പു സാമ്പത്തിക വർഷത്തെ ആദ്യത്തെ 9 മാസത്തേയ്ക്ക് 17,936 കോടി രൂപ പൊതുവിപണിയിൽ നിന്ന് കടമെടുക്കുന്നതിനുള്ള അനുമതി കേന്ദ്രസർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ വിയോജിപ്പ് പരിഗണിക്കാതെ, 14312.80 കോടി രൂപ Off Budget Borrowing ആണെന്ന നിലപാട് സ്വീകരിച്ച് ആ തുക നാലു തവണകളായി സംസ്ഥാനത്തിന്റെ

കടമെടുപ്പ് പരിധിയിൽ നിന്ന് കുറയ്ക്കുന്നതാണെന്നും ഇതിന്റെ ഭാഗമായി നടപ്പ് വർഷം 3578.20 കോടി രൂപ കടമെടുപ്പ് പരിധിയിൽ നിന്ന് കുറയ്ക്കുന്നതാണെന്നും, പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ എടുത്തിട്ടുള്ള വായ്പകളുടെ തിരിച്ചടവ് സംബന്ധിച്ച് 2021-22 മുതലുള്ള കണക്കുകൾ ഉടനടി ലഭ്യമാക്കണമെന്നും 4-7-2022-ലെ 40(12)PF-S/2021-22 നമ്പർ കത്ത് പ്രകാരം കേന്ദ്രധനകാര്യ മന്ത്രാലയം അറിയിച്ചിട്ടുണ്ട്. കൂടാതെ, ഭരണഘടനയുടെ ആർട്ടിക്കിൾ 293(3), 293(4) എന്നിവയ്ക്കനുസൃതമായി, 2017 ഓഗസ്റ്റിന് മുൻപ് നിലനിന്നിരുന്ന പോലെ പൊതു കണക്കിനത്തിലെ (പബ്ലിക് അക്കൗണ്ടിലെ) നീക്കിയിരിപ്പും പൊതുമേഖലാ സ്ഥാപനങ്ങളുടെ വായ്പകളും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി നിർണ്ണയിക്കുന്നതിൽ നിന്നും ഒഴിവാക്കണമെന്ന് 22-7-2022-ലെ 134/2022/എം.ധന. കത്ത് പ്രകാരം സംസ്ഥാന ധനകാര്യ മന്ത്രി കേന്ദ്ര ധനകാര്യ മന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുമുണ്ട്.

(ബി) ഏത് രീതിയിൽ ഇതിനെ മറികടക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ?

സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും റവന്യൂകമ്മി കുറച്ചുകൊണ്ടു വരാനാണ് സർക്കാർ പരിശ്രമിക്കുന്നത്. മുൻ വർഷങ്ങളിൽ സമ്പദ് വ്യവസ്ഥക്ക് അകത്തു നിന്നും പുറത്തുനിന്നും ഉണ്ടായ തടസ്സങ്ങളിൽ നിന്നും മോചനം നേടി പുനർ നിർമ്മാണ പ്രക്രിയയ്ക്ക് ആക്കം കൂട്ടുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. നികുതി നികുതിയേതര വരുമാനം ഉയർത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിക്കൊണ്ടും റവന്യൂ കമ്മി ക്രമേണ ഇല്ലാതാക്കിയും ധനകമ്മിയും കടവും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനത്തിന്റെ നിശ്ചിത പരിധിയിൽ നിർത്തിയും കടമൊടുക്കുന്ന തുക പൂർണ്ണമായും വികസനപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുകയെന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. നിലവിലുള്ള സാമ്പത്തിക മാന്ദ്യത്തെ ചെറുക്കുകയെന്ന ലക്ഷ്യത്തോടെ പരമാവധി വിഭവങ്ങൾ സമാഹരിക്കാനുള്ള തന്ത്രപരമായ ശ്രമം ഏറ്റെടുക്കാൻ സംസ്ഥാനം ബാധ്യസ്ഥമാണ്.

ചരക്കു സേവന നികുതി നടപ്പിലാക്കിയതോടെ സംസ്ഥാനങ്ങൾക്ക് നികുതി വർദ്ധനവിനുള്ള ഇടപെടലുകൾക്ക് പരിമിതികളും നിയന്ത്രണങ്ങളുമുണ്ടായി. പെട്രോളിയം ഉത്പന്നങ്ങൾ, മദ്യം തുടങ്ങിയ ചുരുക്കം ഇനങ്ങൾക്ക് മാത്രമാണ് സംസ്ഥാനങ്ങൾക്ക് ഇപ്പോൾ നികുതി ഏർപ്പെടുത്താൻ അധികാരമുള്ളത്. പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ 12.7 ശതമാനം വളർച്ചയാണ് പ്രതീക്ഷിക്കുന്നത്. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി സർക്കാർ വിഭാവനം ചെയ്തിട്ടുള്ള നിർദ്ദേശങ്ങളും സ്വീകരിച്ചു വരുന്ന നടപടികളും ചുവടെ ചേർക്കുന്നു :

1. ചരക്ക സേവന നികുതിവകുപ്പിനെ പുനസംഘടിപ്പിച്ചുകൊണ്ട് നികുതി ചോർച്ച ഫലപ്രദമായി തടയുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ഇതിനകം തന്നെ ചരക്ക സേവന നികുതി വകുപ്പിന് കീഴിൽ തന്നെ ടാക്സ് പെയെർ സർവ്വീസസ്, ആഡിറ്റ് ആന്റ് ഇന്റലിജൻസ് എൻഫോഴ്സ്മെന്റ് എന്നീ വിഭാഗങ്ങൾക്ക് രൂപംനൽകിയിട്ടുണ്ട് .
2. ഭൂരേഖകൾ കൈകാര്യം ചെയ്യുന്നതിലെ കേന്ദ്ര ഘടകമായ അടിസ്ഥാന ഭൂനികുതി പരിഷ്കരിക്കൽ.
3. ഭൂമിയുടെ ന്യായവിലയിലെ അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളലും നിലവിലുള്ള ന്യായവിലയിൽ 10% ഒറ്റത്തവണ വർദ്ധനവ് നടപ്പിലാക്കലും.
4. വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ആകർഷകമായ ആംനസ്റ്റി സ്കീമുകൾ.
5. 2 ലക്ഷം രൂപ വരെ വിലയുള്ള മോട്ടോർ സൈക്കിളുകളുടെ ഒറ്റത്തവണ മോട്ടോർ വാഹന നികുതി 1 % വർദ്ധിപ്പിക്കൽ.
6. മലിനീകരണ പ്രശ്നങ്ങൾ പരിഹരിക്കുകയും വൈദ്യുതി വാഹനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിന്റെ ഭാഗമായി ഡീസൽ വാഹനങ്ങൾക്ക് ഹരിത നികുതി ഏർപ്പെടുത്തൽ.
7. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി റിട്ടേൺ സ്കൂട്ടിനിയും പരിശോധനകളും ശക്തമാക്കൽ.
8. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി.
9. വിവര സാങ്കേതികവിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിക്കൽ.
10. ചരക്ക് സേവന നികുതി ചോർച്ചയ്ക്ക് കാരണമായ പഴുതുകൾ പരമാവധി അടയ്ക്കുന്നതിനുള്ള ലക്കി ബിൽ പദ്ധതി.
11. സർക്കാർ ഗ്യാരണ്ടി സീലിംഗ് നിയമഭേദഗതി ചെയ്യുന്നതിലൂടെ ഈയിനത്തിലുള്ള വരുമാനം വർദ്ധിപ്പിക്കൽ.

സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ മേഖലയുടെ വികസനം ലക്ഷ്യമാക്കി മുൻ വർഷത്തെ അപേക്ഷിച്ച് കൂടുതൽ വിഹിതമാണ് നടപ്പ് വർഷം മൂലധന ചെലവുകൾക്കായി ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഇതിനു പുറമേ കിഫ്ബിയുടെ നിക്ഷേപം അടിസ്ഥാന സൗകര്യ മേഖലയെ ചലനാത്മകമാക്കും.

**ജി സ്പാർക്ക്**

59(527) ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ പൊതുസർവ്വീസിലെ ഏകദേശം മുപ്പത്തി അയ്യായിരം വരുന്ന ജീവനക്കാരുടെ സേവന-വേതന കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനും ശമ്പള വിതരണത്തിനുമായി സ്പാർക്ക് മാതൃകയിൽ ഒരു ഏകീകൃത സോഫ്റ്റ്‌വെയർ ആവിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട് പ്രിൻസിപ്പൽ ഡയറക്ടർ നൽകിയ ശിപാർശയുടെ പകർപ്പ് ലഭ്യമാക്കാമോ?

ഭരണ വകുപ്പ് ഫയലിൽ ലഭ്യമായ പ്രിൻസിപ്പൽ ഡയറക്ടറുടെ ശിപാർശയുടെ പകർപ്പ് ഇതോടൊപ്പം ലഭ്യമാക്കുന്നു.*

(ബി) പ്രസ്തുത ശിപാർശയിന്മേൽ ധനകാര്യ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് വ്യക്തമാക്കാമോ?

പ്രസ്തുത ശിപാർശ ധനകാര്യ വകുപ്പ് പരിശോധിച്ചുവരുന്നു.

**ഹജ്ജ് കമ്മിറ്റിക്കും വഖഫ് ബോർഡിനുമുള്ള ധനസഹായം**

60(528) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹജ്ജ് കമ്മിറ്റിക്കും വഖഫ് ബോർഡിനും കഴിഞ്ഞ അഞ്ചുവർഷം അനുവദിച്ച ഗ്രാന്റ് എത്ര വീതമെന്നതിന്റെ കണക്ക് ലഭ്യമാക്കുമോ?

| "2075-00-800-81-കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് അംശദായം | |
|---|---|
| സാമ്പത്തിക വർഷം | അനുവദിച്ച തുക (ലക്ഷത്തിൽ) |
| 2017-18 (BE+Additional) | 129.12 |
| 2018-19 (BE) | 106.99 |
| 2019-20 (BE+Additional) | 280.93 |
| 2020-21 (BE+Additional) | 269.26 |
| 2021-22 (BE) | 105.23 |

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| "2075-00-800-78 വഖഫ് ബോർഡിന്റെ സാമൂഹ്യ ക്ഷേമ പ്രവർത്തനത്തിനുവേണ്ടിയുള്ള പ്രത്യേക ധനസഹായം | |
|---|---|
| സാമ്പത്തിക വർഷം | അനുവദിച്ച തുക (ലക്ഷത്തിൽ) |
| 2017-18(BE+Additional) | 220 |
| 2018-19(BE+Additional) | 280 |
| 2019-20(BE) | 132 |
| 2020-21(BE+Additional) | 332 |
| 2021-22(BE) | 132 |

<u>വഖഫ് ബോർഡിന് കഴിഞ്ഞ 5 വർഷം അനുവദിച്ച ഗ്രാന്റ്</u>

2250-00-103-89-Administration grant to Wakf Board

| സാമ്പത്തിക വർഷം | തുക(ലക്ഷത്തിൽ) |
|---|---|
| 2017-18 | 72.00 |
| 2018-19 | 72.00 |
| 2019-20 | 72.00 |
| 2020-21 | 122.40 |
| 2021-22 | 122.00 |

2250-00-103-79-Survey of Wakf properties in the State

| സാമ്പത്തിക വർഷം | തുക (ലക്ഷത്തിൽ) |
|---|---|
| 2017-18 | 15.00 |
| 2018-19 | 50.00 |
| 2019-20 | 0.00 |
| 2020-21 | 15.00 |
| 2021-22 | 0.01 |

## ധനകാര്യ വകുപ്പുമന്ത്രിയുടെ പോസ്റ്റ് ഫാക്ടോ സാംഗ്ഷൻ

61(530) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലത്ത് സാൻ ഫാർമാ എന്ന സ്ഥാപനത്തിൽനിന്നും ഉയർന്ന നിരക്കിൽ പി.പി.ഇ. കിറ്റ് (നമ്പർ /31/2020/health) വാങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന് അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയുടെ പോസ്റ്റ് ഫാക്ടോ സാംഗ്ഷൻ ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാരിന്റെ അംഗീകാരം ലഭ്യമാക്കാനായി മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് സമർപ്പിച്ച നോട്ട് ഫയലിൽ പി.പി.ഇ. കിറ്റിന്റെ വിലയിൽ വലിയ വ്യത്യാസം ഉണ്ടായിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ധനകാര്യ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ?

(എ&ബി) മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് കോവിഡ് കാലത്ത് നടത്തിയ പർച്ചേസുകൾക്ക് 4-4-2020-ലെ G.O.(Rt) No.09/2020/SPD, 12-6-2020-ലെ G.O.(Rt)No.12/2020/SPD എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം സ്റ്റോഴ്സ് പർച്ചേസ് നിയമങ്ങളിൽ ഇളവ് നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവിൽ പറഞ്ഞിരിക്കുന്ന കാലയളവിൽ ടി ഇളവുകളോട് കൂടിയാണ് കോർപ്പറേഷൻ കോവിഡ് കാലത്ത് മരുന്നുകളും മറ്റു സാമഗ്രികളും വാങ്ങി വിതരണംചെയ്തിട്ടുള്ളത്. സർക്കാരിൽനിന്നും നൽകുന്ന അനുമതികളിൽ, ആവശ്യത്തിനുള്ള സാധന സാമഗ്രികൾ വാങ്ങി നൽകണമെന്ന് മാത്രമേ നിർദ്ദേശിക്കാറുള്ളൂ. സർക്കാരിന്റെ നിർദ്ദേശങ്ങൾ ഒരു കാരണവശാലും ഒരു വിതരണക്കാരനെ ആധാരമാക്കി നൽകിയിട്ടില്ല. കോവിഡ്-19-ന്റെ ആദ്യ കാലങ്ങളിൽ കോവിഡ് സംരക്ഷണത്തിന് വേണ്ടിയുള്ള ഉപകരണങ്ങൾക്ക് ആവശ്യം വളരെ കൂടുതലും വിതരണക്കാർ വളരെ കുറവും ആയതിനാൽ വിതരണക്കാരൻ തീരുമാനിക്കുന്ന വിലയിൽ മാത്രമേ സാധനങ്ങൾ വാങ്ങാൻ മാർഗ്ഗമുണ്ടായിരുന്നുള്ളൂ. 4-4-2020-ലെ സ.ഉ.(സാധാ)നം.09/2020/SPD പ്രകാരം സ്റ്റോഴ്സ് പർച്ചേസ് നിയമങ്ങളിൽ ഇളവ് നൽകി വകുപ്പ് സെക്രട്ടറിമാർ, ജില്ലാ കളക്ടർമാർ, വകുപ്പ് തലവന്മാർ എന്നിവർക്ക് കോവിഡുമായി ബന്ധപ്പെട്ട അവശ്യസാധനങ്ങൾ സംഭരിക്കുന്നതിന് അനുമതി നൽകി ഉത്തരവായിരുന്നു.

**പെൻഷൻകാരുടെ ചികിത്സാ ചെലവ്**

62(531) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010-2011 വർഷം സർവ്വീസ് പെൻഷൻകാർക്ക് ചികിത്സാ ചെലവ് അനുവദിക്കുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

സർവ്വീസ് പെൻഷൻകാർക്ക് മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 64202/PWC-A1/2007 നമ്പരിലുള്ള ഫയലിൽ CGHS, ECHS, CHIS, CHIAK തമിഴ്നാട് സർക്കാർ സർവ്വീസ് പെൻഷൻകാർക്ക് സർക്കാർ നൽകുന്ന സ്കീം എന്നിവ പരിശോധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ ഇൻഷ്വറൻസ് ഡയറക്ടറെ ചുമതലപ്പെടുത്തുകയും ആയതിൻപ്രകാരം റിപ്പോർട്ട് 17-12-2012-ൽ ധനകാര്യ വകുപ്പിന് ലഭ്യമാകുകയും ചെയ്തു. 2010-2011 സാമ്പത്തിക വർഷം ചികിത്സാ അലവൻസായി പ്രായപരിഗണന കൂടാതെ എല്ലാ പെൻഷൻകാർക്കും 300 രൂപ അനുവദിച്ചു. കൂടാതെ മെഡിസെപ്പ് പദ്ധതിയിൽ സർവ്വീസ് പെൻഷൻകാരേയും അവരുടെ ആശ്രിതരേയും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് അന്നത്തെ മുഖ്യമന്ത്രി പെൻഷൻ സംഘടനകളുമായി ചർച്ച നടത്തിയിരുന്നോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

സർവ്വീസ് പെൻഷൻകാരുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് 18-1-2013-ൽ അന്നത്തെ ബഹു. മുഖ്യമന്ത്രി സർവ്വീസ് പെൻഷൻകാരുടെ അംഗീകൃത സംഘടനകളുടെ പ്രതിനിധികളുമായി ചർച്ച നടത്തിയിരുന്നു.

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ വൈകിയതിന്റെ കാരണം വ്യക്തമാക്കാമോ?

പെൻഷൻകാർക്കുള്ള സൗജന്യ ചികിത്സാപദ്ധതി ആരംഭിക്കുന്നത് സംബന്ധിച്ച് വിശദമായി പരിശോധിച്ചുവെങ്കിലും ആയത് പ്രായോഗികമല്ലാത്തതിനാൽ നടപ്പാക്കിയില്ല. പെൻഷൻകാർക്ക് ചികിത്സാ പദ്ധതി ആരംഭിക്കുന്നത് സംബന്ധിച്ച് പഠിക്കുന്നതിനായി കമ്മിറ്റി രൂപീകരിക്കുകയും വിവിധതലത്തിലുള്ള ചർച്ചകൾക്കുശേഷം ശമ്പള പരിഷ്കരണ കമ്മിറ്റിക്ക് പ്രസ്തുത വിഷയം കൈമാറുകയും ശമ്പള പരിഷ്കരണ റിപ്പോർട്ടിൽ കമ്മിറ്റി സർക്കാരിന് ശിപാർശ സമർപ്പിക്കുകയും ചെയ്തു.

## സർക്കാർ തിരിച്ചുപിടിച്ച തുക സ്കൂളിന് ലഭ്യമാക്കുന്നതിന് നടപടി

63(532) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കൽപ്പകഞ്ചേരി ഗവ: വി.എച്ച്.എസ്.എസ്. ഹൈടെക്ക് ആക്കുന്നതിന്റെ ഭാഗമായി ടോയ്ലെറ്റ് നിർമ്മാണത്തിന് മലപ്പുറം ജില്ലാ പഞ്ചായത്ത് അനുവദിച്ച ഇരുപത് ലക്ഷം രൂപ സർക്കാർ തിരിച്ചുപിടിച്ചത് സ്കൂളിന് തിരികെ ലഭിക്കുന്നതിനായി സ്കൂൾ ഹെഡ്മാസ്റ്ററിന്റെ അപേക്ഷയിന്മേൽ പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ധനകാര്യ വകുപ്പിന് അയച്ച കത്തിന്റെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

5-4-2022-ലെ, 30/2022/ധന നമ്പർ പരിപത്രം പ്രകാരമുള്ള വിശദാംശങ്ങൾ സഹിതം ശിപാർശ സമർപ്പിക്കാവാൻ ഭരണവകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് അപേക്ഷ സംബന്ധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

(ബി) ടോയ്ലെറ്റ് നിർമ്മാണം പൂർത്തിയാക്കിയ സർക്കാർ ഏജൻസിക്ക് പണം നൽകാൻ കഴിയാതെ സ്കൂൾ അധികൃതർ നേരിടുന്ന ബുദ്ധിമുട്ട് പരിശോധിക്കുമോ; സർക്കാർ തിരിച്ചെടുത്ത തുക സ്കൂളിന് തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഭരണവകുപ്പ്, 5-4-2022-ലെ 30/2022/ധന. നമ്പർ പരിപത്രം പ്രകാരമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

## ചെറുപുഴ ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മാണം

64(533) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ ചെറുപുഴ ട്രഷറിക്കായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് വകുപ്പിന്റെ കീഴിൽ സ്ഥലമില്ലാത്തതിനാൽ ജനകീയ പങ്കാളിത്തത്തോടെ സ്വകാര്യ വ്യക്തിയിൽ നിന്ന് 5 സെന്റ് സ്ഥലം വാങ്ങി രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിയ സാഹചര്യത്തിൽ പ്രസ്തുത കെട്ടിടം നിർമ്മിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാമോ; വിശദമാക്കാമോ?

ചെറുപുഴ സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സ്വകാര്യ വ്യക്തിയിൽനിന്ന് 5 സെന്റ് സ്ഥലം ലഭ്യമാകുകയും കെട്ടിട നിർമ്മാണ ചുമതല ഇൻകെൽ ലിമിറ്റഡിന് ഏർപ്പെടുത്തുകയും ചെയ്തു. എന്നാൽ പ്രസ്തുത സ്ഥലത്ത്

ചെറുപുഴ പഞ്ചായത്ത് കയ്യേറി കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. ഇത് പഞ്ചായത്ത് ഭരണ സമിതിയെ അറിയിച്ചതിനെത്തുടർന്ന് ഭൂമിക്ക് തുല്യമായി സ്വകാര്യ വ്യക്തിയുടെ ഭൂമി വാങ്ങി ട്രഷറിക്ക് നൽകുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഈ സാമ്പത്തിക വർഷം തന്നെ പുതിയ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകാൻ കഴിയുമോ; വ്യക്തമാക്കാമോ?

ട്രഷറി കെട്ടിടത്തിനായി വകുപ്പിന് സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം തുടങ്ങുന്നതിനുള്ള പ്രവർത്തനം നടത്തുന്നതാണ്.

**ധനകാര്യ പരിശോധനാ വിഭാഗം നടത്തിയ പരിശോധനകൾ**

65(534) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ പരിശോധനാ വിഭാഗം 2021 വർഷത്തിൽ സംസ്ഥാനത്തെ വിവിധ ഓഫീസുകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നടത്തിയ പരിശോധനകളുടെ വിശദാംശം വ്യക്തമാക്കുമോ; പരിശോധനാ റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പരിശോധനകളിൽ ഗുരുതരമായ ക്രമക്കേടുകൾ എന്തെങ്കിലും കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; ആയതിന്മേൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കുമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**സ്പാർക്ക് സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടി**

66(535) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്പാർക്ക് സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും കൂടുതൽ സ്റ്റാഫിന്റെ സേവനം ലഭ്യമാക്കി നവീകരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

കാലോചിതമായ പരിഷ്കരണങ്ങൾക്കും മാറ്റങ്ങൾക്കുമനുസൃതമായി നിലവിലെ സോഫ്റ്റ്‌വെയർ അപ്ഡേറ്റ് ചെയ്യാൻ കഴിയാത്ത സാഹചര്യത്തിൽ പുതിയ ഒരു സോഫ്റ്റ്‌വെയർ സംവിധാനത്തിലേയ്ക്ക് മാറുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടുതൽ സ്റ്റാഫിന്റെ സേവനം ലഭ്യമാക്കുന്നതിനായി ധനകാര്യ വകുപ്പിൽനിന്ന് ജീവനക്കാരെ സ്പാർക്ക് (പി.എം.യു.) ഓഫീസിലേയ്ക്ക് വിന്യസിച്ചിട്ടുണ്ട്.

## സ്റ്റോർ പർച്ചേസ് മാന്വൽ വ്യവസ്ഥകൾ

67(542) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ പർച്ചേസുകൾക്ക് സ്റ്റോർ പർച്ചേസ് മാന്വൽ വ്യവസ്ഥകൾ നിഷ്കർഷിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

കേരള സർക്കാരിന്റെ കീഴിൽ പ്രവർത്തിച്ച് വരുന്നതും സ്റ്റോർസ് പർച്ചേസ് മാന്വലിൽ അനുബന്ധം-1-ൽ ഉൾപ്പെട്ടിട്ടുള്ളതുമായ ഒരു സ്ഥാപനമെന്ന നിലയിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ എന്ന സ്ഥാപനത്തിന്റെ പർച്ചേസുകൾക്ക് സ്റ്റോർസ് പർച്ചേസ് മാന്വൽ വ്യവസ്ഥകൾ ബാധകമാണ്.

(ബി) സ്റ്റോർ പർച്ചേസ് മാന്വലിന്റെ അനുബന്ധം ഒന്നിൽ ഉൾപ്പെട്ട സ്ഥാപനങ്ങൾ നടത്തുന്ന പർച്ചേസുകൾ മാന്വൽ വ്യവസ്ഥകൾക്ക് വിധേയമായിരിക്കേണ്ടതല്ലേ; വ്യക്തമാക്കാമോ?

സ്റ്റോർസ് പർച്ചേസ് മാന്വലിന്റെ അനുബന്ധം ഒന്നിൽ ഉൾപ്പെട്ട സ്ഥാപനങ്ങൾ നടത്തുന്ന പർച്ചേസുകൾ സ്റ്റോർസ് പർച്ചേസ് മാന്വൽ വ്യവസ്ഥകൾക്ക് വിധേയമായിരിക്കണം.

(സി) സ്റ്റോർ പർച്ചേസ് മാന്വലിന്റെ അനുബന്ധം ഒന്നിൽ ഉൾപ്പെട്ട സ്ഥാപനങ്ങളുടെ വിശദവിവരം നൽകാമോ?

സ്റ്റോർസ് പർച്ചേസ് മാന്വലിന്റെ അനുബന്ധം ഒന്നിൽ ഉൾപ്പെട്ട സ്ഥാപനങ്ങളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ അടിയന്തര പർച്ചേസുകൾക്ക് 4-4-2020-ലെ സ്റ്റോർ പർച്ചേസ് മാന്വൽ വ്യവസ്ഥകൾക്ക് ഇളവ് നൽകുന്നതിന് മുൻപ് 30-3-2020-ന് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് നടത്തിയ പർച്ചേസുകൾക്ക് സ്റ്റോർ പർച്ചേസ് മാന്വൽ വ്യവസ്ഥകൾ ബാധകമല്ലേ; വ്യക്തമാക്കാമോ?

കോവിഡ്-19-ന്റെ അതിതീവ്ര വ്യാപനം കണക്കിലെടുത്ത് അടിയന്തര സാഹചര്യങ്ങളെ സമയബന്ധിതമായി നേരിടുന്നതിനായി വിവിധ വകുപ്പ് തലവന്മാർ/പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജിംഗ് ഡയറക്ടർമാർ എന്നിവരുടെ financial powers വർദ്ധിപ്പിച്ചും ഇത്തരം പർച്ചേസുകൾക്ക് സ്റ്റോർസ്

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പർച്ചേസ് മാന്വലിലെ വ്യവസ്ഥകളിൽ ഇളവ് നൽകിയും ഉത്തരവ് തീയതി മുതൽ രണ്ടുമാസക്കാലയളവിലേയ്ക്ക് 4-4-2020-ലെ GO(Rt).No.09/2020/SPD പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു. ഈ ഉത്തരവിന്റെ പ്രാബല്യം 4-4-2020 മുതലായതിനാൽ പ്രസ്തുത തീയതിക്കുമുമ്പ്, 30-3-2020-ന്, മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് നടത്തിയ പർച്ചേസുകൾക്ക് സ്റ്റോർസ് പർച്ചേസ് മാന്വൽ വ്യവസ്ഥകൾ ബാധകമാണ്*.

## സ്റ്റോർ പർച്ചേസ് മാന്വൽ വ്യവസ്ഥകൾക്ക് ഇളവ്

68(543) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ അടിയന്തര പർച്ചേസുകൾക്ക് 4-4-2020-ൽ സ്റ്റോർ പർച്ചേയ്സ് മാന്വൽ വ്യവസ്ഥകൾക്ക് ഇളവ് നൽകുന്നതിനുമുൻപ് സാൻ ഫർമാ എന്ന സ്ഥാപനത്തിൽനിന്നും 30-3-2020-ൽ ഉയർന്ന വിലയിൽ പി.പി.ഇ. കിറ്റ് വാങ്ങിയ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ നടപടിക്ക് സ്റ്റോർ പർച്ചേസ് മാന്വൽ വ്യവസ്ഥകളിൽ നൽകിയ ഇളവ് ബാധകമാണോ എന്ന് വ്യക്തമാക്കാമോ?

കോവിഡ്-19-ന്റെ അതിതീവ്ര വ്യാപനം കണക്കിലെടുത്ത് അടിയന്തര സാഹചര്യങ്ങളെ സമയബന്ധിതമായി നേരിടുന്നതിനായി വിവിധ വകുപ്പ് തലവന്മാർ/ പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജിംഗ് ഡയറക്ടർമാർ എന്നിവരുടെ financial powers വർദ്ധിപ്പിച്ചും ഇത്തരം പർച്ചേസുകൾക്ക് സ്റ്റോർസ് പർച്ചേസ് മാനുവലിലെ വ്യവസ്ഥകളിൽ ഇളവ് നൽകിയും ഉത്തരവ് തീയതി മുതൽ 2 മാസക്കാലയളവിലേയ്ക്ക് 4-4-2020-ലെ G.O.(Rt).No.09/2020/SPD പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു. ഈ ഉത്തരവ് നിലവിൽ വന്നത് 4-4-2020 മുതലായതിനാൽ പ്രസ്തുത തീയതിക്കുമുമ്പ് 30-3-2020-ന് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് നടത്തിയ പർച്ചേസുകൾക്ക് മേൽപ്പറഞ്ഞ ഉത്തരവിലെ ഇളവുകൾ ബാധകമല്ല.

## ജി.എസ്.ടി. ഒഴിവാക്കിയതു മൂലമുള്ള നഷ്ടം

69(544) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ വഴി വിതരണം ചെയ്യുന്ന പായ്ക്കുചെയ്ത നിത്യോപയോഗ സാധനങ്ങളെ ജി.എസ്.ടി. ഈടാക്കുന്നതിൽനിന്നും ഒഴിവാക്കിയിട്ടുണ്ടോ; വിശദമാക്കുമോ ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇതുമൂലം സംസ്ഥാന ഖജനാവിന് പ്രതിവർഷം ഉണ്ടാകുന്ന വരുമാന നഷ്ടം എത്രയെന്ന് വ്യക്തമാക്കുമോ?

(എ&ബി) സംസ്ഥാന ചരക്ക സേവന നികുതി വകുപ്പ് ഇതുസംബന്ധിച്ച വിജ്ഞാപനങ്ങളോ നിർദ്ദേശങ്ങളോ പുറപ്പെടുവിച്ചിട്ടില്ല. പാക്കേജ് ചെയ്യപ്പെട്ടതും ബ്രാൻഡഡ് ആയിട്ടുള്ളതുമായ അരി ഉൾപ്പെടെയുള്ള സാധനങ്ങൾക്ക് നേരത്തെ തന്നെ 5% ജി.എസ്.ടി. ബാധകമായിരുന്നു. നിലവിൽ അത് പാക്കേജ് ചെയ്യപ്പെട്ടതും ലേബൽ ചെയ്യപ്പെട്ടതും എന്നാക്കി മാറ്റുകയാണ് ചെയ്തിട്ടുള്ളത്. സാധാരണക്കാർക്ക് ലൂസ് ആയി വിൽക്കുന്ന അരി, ഗോതമ്പ് തുടങ്ങിയ ധാന്യങ്ങൾക്കും പയറുവർഗ്ഗങ്ങൾക്കും നികുതി ചുമത്തിയിട്ടില്ല. സാധാരണയായി ഇത്തരം സാധനങ്ങൾ മില്ലുകളിൽനിന്നും മൊത്ത വ്യാപാരികൾക്കും ചെറുകിട വ്യാപാരികൾക്കും എത്തുന്നത് 50 കിലോയും അതിനു മുകളിലുമുള്ള പാക്കറ്റുകൾ ആയിട്ടാണ്. ഇതിന് നിലവിൽ ജി.എസ്.ടി. ബാധകമല്ല. ഇത് സാധാരണക്കാർക്ക് ലൂസ് ആയി തൂക്കിക്കൊടുക്കുന്നതിനും ജി.എസ്.ടി. ബാധകമല്ല. പുതുക്കിയ നികുതി നിരക്കുമൂലം നിത്യോപയോഗ സാധനങ്ങൾക്ക് ഉണ്ടായ നികുതി വർദ്ധനവ് സാധാരണക്കാരെ ബാധിക്കാതിരിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

## ജി.എസ്.ടി. വരുമാനത്തിലുണ്ടായ നഷ്ടം

70(545) ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നിലവിൽവന്നത് മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും സംസ്ഥാന സർക്കാരിന് കേന്ദ്രസർക്കാരിൽനിന്നും നഷ്ടപരിഹാര ഇനത്തിൽ ലഭിച്ച വിഹിതം എത്രയാണെന്ന് വ്യക്തമാക്കുമോ?

ജി.എസ്.ടി. നിലവിൽവന്നത് മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും സംസ്ഥാന സർക്കാരിന് ലഭിച്ച ജി.എസ്.ടി. നഷ്ടപരിഹാര തുകയുടെ വിവരം അനുബന്ധം-1 ആയി ചേർക്കുന്നു.*

(ബി) ജി.എസ്.ടി. നടപ്പാക്കിയതിനെത്തുടർന്ന് സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ടോ; എങ്കിൽ മുൻപ് ഉണ്ടായിരുന്ന നികുതി ഘടനയുമായി താരതമ്യം ചെയ്യുമ്പോൾ ഓരോ സാമ്പത്തിക വർഷവും നികുതി വരുമാനത്തിൽ എത്ര ശതമാനം നഷ്ടമുണ്ടായതായാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ട്. സംസ്ഥാനത്തെ ജി.എസ്.ടി. നടപ്പിലാക്കിയതിനുമുൻപും ജി.എസ്.ടി. നടപ്പിലായതിനുശേഷവുമുള്ള വരുമാനവും, വളർച്ച നിരക്കും അനുബന്ധം-2 ആയി ചേർക്കുന്നു.*

ജി.എസ്.ടി. നടപ്പിലായതിന് മുൻപ് 2013-14 മുതൽ 2016-17 വരെ ഉള്ള നാല് വർഷ കാലയളവിൽ വരുമാനത്തിൽ 28.28% വളർച്ച കൈവരിക്കാൻ സാധിച്ചപ്പോൾ ജി.എസ്.ടി. നടപ്പിലായതിനുശേഷം 2017-18 മുതൽ 2021-22 വരെ ഉള്ള നാല് വർഷ കാലയളവിൽ 13.56% വളർച്ച കൈവരിക്കാനേ സാധിച്ചിട്ടുള്ളൂ.

(സി) പ്രസ്തുത നഷ്ടം പരിഹരിക്കുന്നതിന് പര്യാപ്തമായ തുക കേന്ദ്ര സർക്കാരിൽ നിന്നും നഷ്ടപരിഹാര ഇനത്തിൽ ലഭ്യമായിട്ടുണ്ടോ വ്യക്തമാക്കുമോ?

ഉണ്ട്. ജി.എസ്.ടി. നടപ്പിലായതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്ക് 5 വർഷത്തിലുണ്ടാകുന്ന നികുതി നഷ്ടം പരിഹരിക്കുന്നതിനായി വ്യക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ജി.എസ്.ടി. കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസാക്കിയിട്ടുണ്ട്. ഇതുപ്രകാരം 2015-16 ലെ കളക്ഷന്റെ 14% വർദ്ധനവ് കണക്കിൽ നിന്നും എസ്.ജി.എസ്.ടി. കളക്ഷനും, ഐ.ജി.എസ്.ടി. ക്രഡിറ്റും ആ മാസം ലഭിച്ച എൽ.എൻ.ജി. ഒഴിച്ചുള്ള വാറ്റ് കളക്ഷനും കുട്ടിക്കിഴിച്ചുള്ള ബാക്കി തുകയാണ് നഷ്ടപരിഹാരം ലഭിക്കുന്നത്.

2017- 18 മുതൽ 2022-23 ജൂൺ 30 വരെ സംസ്ഥാനത്തിന് ലഭ്യമാക്കേണ്ട ജി.എസ്.ടി നഷ്ടപരിഹാര തുകയുടേയും, ലഭിച്ച നഷ്ടപരിഹാര തുകയുടേയും, ബാക്കി ലഭിക്കാനുള്ള തുകയുടേയും വിവരം അനുബന്ധം-3 ആയി ചേർക്കുന്നു.*

(ഡി) ഉപഭോക്തൃ സംസ്ഥാനമായിട്ടും അവസാന പോയിന്റിൽ നികുതി ഈടാക്കുന്ന ജി.എസ്.ടി. സംവിധാനത്തിൽ സംസ്ഥാന സർക്കാരിന്റെ നികുതി വരുമാനം വർദ്ധിക്കാത്തതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ?

ജി.എസ്.ടി. ഡെസ്റ്റിനേഷൻ നികുതി സമ്പ്രദായം ആയതിനാൽ, ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് നേട്ടമുണ്ടാകുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്. കൂടാതെ സേവനമേഖലയിലും നികുതി ചുമത്താമെന്നതിനാൽ ഈ മേഖലകളിൽനിന്നും കേരളം ഗണ്യമായ നികുതി പിരിവ് പ്രതീക്ഷിച്ചിരുന്നു. എന്നാൽ പ്രതീക്ഷിച്ച വരുമാനം ലഭ്യമായില്ല.

ജി.എസ്.ടി. നികുതിനിരക്ക് നിശ്ചയിച്ചിരുന്നത് വിവിധ സംസ്ഥാനങ്ങളിൽ വാറ്റ് കാലയളവിൽ നിലവിലുണ്ടായിരുന്ന നികുതി നിരക്കിന്റെ അടിസ്ഥാനത്തിൽ തിട്ടപ്പെടുത്തിയ റവന്യൂ ന്യൂട്രൽ റേറ്റ് പ്രകാരമാണ്. കേരളത്തിന്റെ വാറ്റ് നികുതി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പിരിവിന്റെ സിംഹഭാഗവും 14.5 ശതമാനമോ അതിനുമുകളിലോ നികുതി വിധേയമായ സാധനങ്ങളിൽ നിന്നുമാണ് ലഭ്യമായിരുന്നത്. ജി.എസ്.ടി.-യുടെ തുടക്കത്തിൽ ഇതിൽ ഭൂരിഭാഗത്തിന്റെയും നികുതിനിരക്ക് 28% (എസ്.ജി.എസ്.ടി 14%) ആയാണ് നിശ്ചയിച്ചിരുന്നത്. എന്നാൽ, ജി.എസ്.ടി. കൗൺസിലിന് മുമ്പാകെ വന്ന ആവശ്യങ്ങൾ പരിഗണിച്ച് നികുതിനിരക്കിൽ ഗണ്യമായ കുറവ് പിന്നീട് വരുത്തുകയുണ്ടായി. 28% നികുതി നിരക്കുണ്ടായിരുന്ന ഭൂരിഭാഗം ചരക്കുകളുടെയും നികുതി നിരക്ക് 18%, 12% എന്നിവയായി കുറവ് ചെയ്യുകയുണ്ടായി. ഇത് സംസ്ഥാനം പ്രതീക്ഷിച്ച നികുതിപിരിവ് സാധ്യമാകാത്തതിനുള്ള പ്രധാന കാരണങ്ങളിലൊന്നാണ്. കൂടാതെ, അന്യ സംസ്ഥാനങ്ങളിൽ നിന്നും വാങ്ങുന്ന സാധനങ്ങളിൽ നൽകിയ ഐ.ജി.എസ്.ടി നികുതി എസ്.ജി.എസ്.ടി. അടയ്ക്കുന്നതിലേക്ക് തട്ടിക്കിഴിക്കുന്നതിലെ കൃത്യമായ വിവരങ്ങൾ ജി.എസ്.ടി റിട്ടേൺ പൂർണ്ണമാകാത്തതിനാൽ യഥാസമയം ലഭ്യമായിരുന്നില്ല. ഇതും നികുതിപിരിവിനെ ഒരു പരിധി വരെ ബാധിച്ചിട്ടുണ്ട്. സംസ്ഥാനം അഭിമുഖീകരിച്ച തുടർച്ചയായ പ്രകൃതി ദുരന്തങ്ങളും, തുടർന്ന് വന്ന കോവിഡ് മഹാമാരിയും അതിനെ തുടർന്ന് ഉണ്ടായ ലോക്ക് ഡൗൺ സാഹചര്യവും സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ പ്രതികൂലമായി ബാധിച്ചു.

**നിത്യോപയോഗ സാധനങ്ങൾക്ക് ഏർപ്പെടുത്തിയ ജി.എസ്.ടി.**

71(546) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>:
<u>ശ്രീ. സി. ആർ. മഹേഷ്</u>:
<u>ശ്രീ. ഷാഫി പറമ്പിൽ</u>:
<u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചില്ലറ വിൽപ്പന നടത്തുന്ന നിത്യോപയോഗ സാധനങ്ങൾക്ക് അഞ്ച് ശതമാനം ജി.എസ്.ടി. ഏർപ്പെടുത്തിയ ജി.എസ്.ടി. കൗൺസിൽ തീരുമാനം നടപ്പാക്കില്ലെന്ന നിലപാട് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത നികുതി പിരിവ് നടപ്പാക്കാതിരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

പാക്കേജ് ചെയ്യപ്പെട്ട ബ്രാൻഡഡ് ആയിട്ടുള്ള നിർദ്ദിഷ്ട സാധനങ്ങൾക്ക് നേരത്തെതന്നെ 5% ജി.എസ്.ടി. ബാധകമായിരുന്നു. നിലവിൽ അത് പാക്കേജ് ചെയ്ത് ലേബൽ ചെയ്യപ്പെട്ട നിർദ്ദിഷ്ട സാധനങ്ങൾ എന്ന രീതിയിലേക്ക് മാറ്റുകയാണ് ചെയ്തിട്ടുള്ളത്. ഈ രീതിയിൽ അഞ്ച് ശതമാനം ജി.എസ്.ടി. ഏർപ്പെടുത്തിയ ജി.എസ്.ടി. കൗൺസിൽ തീരുമാനം സംസ്ഥാനത്ത് നടപ്പാക്കില്ലെന്ന നിലപാട്

സർക്കാർ സ്വീകരിച്ചിട്ടില്ല. എന്നാൽ ഇതിലൂടെ സാധാരണക്കാർക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കുന്നതിനും സാധാരണക്കാർക്ക് ലഭിക്കുന്ന അരി ഉൾപ്പെടെയുള്ള സാധനങ്ങൾക്ക് പുതുക്കിയ നികുതി നിരക്കുമൂലം വില വർദ്ധനവ് ഉണ്ടാകാതിരിക്കുന്നതിനുമുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

(ബി) സപ്ലൈകോ ഔട്ട്‌ലെറ്റുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ വർദ്ധിപ്പിച്ച നികുതി ഈടാക്കി വിൽപ്പന നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവമായി കാണുന്നുണ്ടോ; വിശദാംശം നൽകുമോ?

സപ്ലൈകോ വഴി വില്പന നടത്തുന്ന പായ്ക്ക് ചെയ്ത സബ്സിഡി ഉൽപ്പന്നങ്ങളുടെ വില്പന വില വർദ്ധിപ്പിക്കാതെ നിലവിലെ വിലയിൽ ജി.എസ്.ടി. കൂടി ഉൾപ്പെടുത്തിയാണ് വിൽക്കുന്നത്. സബ്സിഡി ഇതര ഉൽപ്പന്നങ്ങൾ കൃത്യമായ മാനദണ്ഡങ്ങൾ പ്രകാരം നികുതി ഈടാക്കി മാത്രമാണ് സപ്ലൈകോ വില്പന നടത്തുന്നത്.

(സി) ഇപ്രകാരം അധിക നികുതി ഈടാക്കിയ ഇനത്തിൽ സർക്കാരിന് ലഭിച്ച വരുമാനം എത്രയാണെന്ന് വ്യക്തമാക്കുമോ?

പുതുക്കിയ നികുതി നിരക്ക് 2022 ജൂലൈ 18 മുതലാണ് പ്രാബല്യത്തിൽ വന്നത്. ഇതിലൂടെയുള്ള അധിക നികുതി വരുമാനം സംബന്ധിച്ച കണക്കുകൾ ലഭ്യമായിട്ടില്ല.

(ഡി) സർക്കാർ നിലപാടിന് വിരുദ്ധമായി ജി.എസ്.ടി. വകുപ്പ് അധിക നികുതി ഈടാക്കിയത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന് ഉത്തരവാദികളായവർക്കെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഇത്തരത്തിലുള്ള പരാതികളൊന്നും ഇതുവരെ സംസ്ഥാന ചരക്ക സേവന നികുതി വകുപ്പിന് ലഭിച്ചിട്ടുള്ളതായി കാണപ്പെടുന്നില്ല. സംസ്ഥാന ചരക്ക സേവന നികുതി നിയമത്തിലെ വകുപ്പ് 22 പ്രകാരം പ്രതിവർഷം 40 ലക്ഷം രൂപ വരെ വിറ്റുവരവുള്ള വില്പനക്കാർ രജിസ്ട്രേഷൻ എടുക്കേണ്ട കാര്യമില്ല. ഇവർ നികുതി പിരിക്കേണ്ട കാര്യവുമില്ല. സംസ്ഥാന ചരക്ക സേവന നികുതി നിയമത്തിലെ വകുപ്പ് 10 പ്രകാരം പ്രതിവർഷം 1.5 കോടി രൂപ വരെ വിറ്റുവരവുള്ള നികുതി ദായകർക്ക് കോമ്പോസിഷൻ സ്കീമിന്റെ സൗകര്യം നൽകുന്നു. ഇത്തരത്തിലുള്ള ഏകദേശം 50,000 കടകൾ കേരളത്തിലുണ്ട്. ഈ രണ്ട് വിഭാഗങ്ങളും ചെറുകിട മേഖലയിൽ പ്രവർത്തിക്കുന്നവ ആണ്. ഇവർ ഉപഭോക്താക്കളിൽ നിന്ന് നികുതി ഈടാക്കേണ്ടതില്ല. ഇതേപോലെ ഉപഭോക്താവിന്റെ സാന്നിധ്യത്തിൽ അരി പായ്ക്ക് ചെയ്യുന്ന സ്ഥാപനങ്ങളും നികുതി ഈടാക്കാൻ പാടില്ല. ഈ വിഭാഗത്തിൽപ്പെട്ടവർ നികുതി പിരിക്കുന്നതായി കണ്ടെത്തിയാൽ സംസ്ഥാന ചരക്ക സേവന നികുതി നിയമപ്രകാരം കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

## ജി.എസ്.ടി. കൗൺസിൽ

72(550) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രീ പാക്ക്ഡ്, പ്രീ ലേബൽഡ് ആയിട്ടുള്ള അരിയും ധാന്യങ്ങളും പാൽ ഉല്പന്നങ്ങളും ഉൾപ്പെടെയുള്ള നിത്യോപയോഗ സാധനങ്ങൾക്കുള്ള നികുതിയിളവ് ഒഴിവാക്കി പകരം അഞ്ച് ശതമാനം നികുതി ഈടാക്കുവാൻ തീരുമാനമെടുത്ത ജി.എസ്.ടി. കൗൺസിൽ യോഗത്തിൽ സംസ്ഥാന ധനകാര്യ മന്ത്രി പങ്കെടുത്തിരുന്നോ?

പങ്കെടുത്തിരുന്നു.

(ബി) പ്രസ്തുത തീരുമാനത്തോട് സംസ്ഥാനം വിയോജിപ്പ് രേഖപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ജി.എസ്.ടി. നികുതി നിരക്ക് പരിശോധിക്കുന്നതിനും പുനഃസംഘടിപ്പിക്കുന്നതിനുമായി രൂപീകരിച്ച ഗ്രൂപ്പ് ഓഫ് മിനിസ്റ്റേഴ്സിന്റെ ശിപാർശയാണ് നാല്പത്തിയേഴാമത് ജി.എസ്.ടി. കൗൺസിൽ മീറ്റിംഗിൽ ചർച്ചയ്ക്ക് വന്നതും അംഗീകരിക്കപ്പെട്ടതും. സാധാരണക്കാരെ പ്രതികൂലമായി ബാധിക്കുന്ന രീതിയിൽ നികുതി വർദ്ധനവ് വരുത്തരുതെന്ന സംസ്ഥാന സർക്കാരിന്റെ കർശന നിലപാട് ഗ്രൂപ്പ് ഓഫ് മിനിസ്റ്റേഴ്സ്-ന്റെ യോഗത്തിലും തുടർന്ന് നടന്ന ജി.എസ്.ടി. കൗൺസിൽ മീറ്റിംഗിലും സംസ്ഥാനം സ്വീകരിക്കുകയുണ്ടായി. ഗ്രൂപ്പ് ഓഫ് മിനിസ്റ്റേഴ്സ് ചെയർമാനെ രേഖാമൂലം ഇക്കാര്യം നേരിട്ട് അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത യോഗത്തിന്റെ മിനിട്സിന്റെ പകർപ്പ് ലഭ്യമാക്കുമോ?

2022 ജൂൺ 28, 29 തീയതികളിൽ നടന്ന നാല്പത്തിയേഴാമത് ജി.എസ്.ടി. കൗൺസിൽ യോഗത്തിന്റെ അംഗീകരിച്ച മിനിട്സ് ലഭ്യമായിട്ടില്ല. സാധാരണയായി ഒരു ജി.എസ്.ടി. കൗൺസിൽ യോഗത്തിന്റെ മിനിട്സ് തുടർന്ന് നടക്കുന്ന ജി.എസ്.ടി. കൗൺസിൽ യോഗത്തിൽ വച്ച് അംഗീകരിച്ചതിന് ശേഷമാണ് പ്രസിദ്ധപ്പെടുത്തുന്നത്.

## നിത്യോപയോഗ സാധനങ്ങൾക്ക് 5% ജി.എസ്.ടി.

73(551) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരിയും ധാന്യങ്ങളും പാലുൽപന്നങ്ങളും ഉൾപ്പെടെ ചില്ലറ വില്പന നടത്തുന്ന നിത്യോപയോഗ സാധനങ്ങൾക്ക് 5 ശതമാനം ജി.എസ്.ടി. ഏർപ്പെടുത്തിയ ജി.എസ്.ടി. കൗൺസിൽ തീരുമാനം സംസ്ഥാനത്ത് നടപ്പാക്കില്ല എന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ?

മന്ത്രിമാരുടെ കൂട്ടായ്മയിലും നാല്പത്തിയേഴാമത് ജി.എസ്.ടി. കൗൺസിൽ മീറ്റിങ്ങിലും എടുത്ത തീരുമാനങ്ങൾക്ക് യോജിച്ച രീതിയിലല്ലാതെ സാധാരണക്കാർക്ക് വലിയ ആശങ്കയുണ്ടാക്കുന്ന രീതിയിലാണ് നിരക്ക് വർദ്ധനവ് സംബന്ധിച്ച വിജ്ഞാപനം കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചത്. സംസ്ഥാനങ്ങൾ ആവശ്യപ്പെട്ടതിനെത്തുടർന്ന് ഇത് സംബന്ധിച്ച വ്യക്തത കേന്ദ്ര സർക്കാർ പിന്നീട് പുറപ്പെടുവിച്ചു. സാധാരണക്കാർക്ക് ലൂസ് ആയി വിൽക്കുന്ന അരി, ഗോതമ്പ് തുടങ്ങിയ ധാന്യങ്ങൾക്കും പയർ വർഗ്ഗങ്ങൾക്കും നികുതി ചുമത്തുവാൻ 47-ാമത് ജി.എസ്.ടി. കൗൺസിൽ തീരുമാനമെടുത്തിട്ടില്ല. അരിയുൾപ്പെടെയുള്ള "യൂണിറ്റ് കണ്ടെയ്നറിൽ പാക്ക് ചെയ്യപ്പെട്ടിട്ടുള്ളതും ബ്രാൻഡ് നെയിം ഉള്ളതുമായ നിർദിഷ്ട സാധനങ്ങൾ" ക്ക് നേരത്തെ തന്നെ ബാധകമായിരുന്ന 5 ശതമാനം ജി.എസ്.ടി.യുടെ ഘടന, അടിസ്ഥാനപരമായി "മുൻകൂറായി പാക്ക് ചെയ്ത് ലേബൽ ചെയ്തിട്ടുള്ള" എന്നതാക്കി മാറ്റുകയാണ് ചെയ്തിട്ടുള്ളത്. ഈ നികുതി സാധാരണക്കാരെ പ്രതികൂലമായി ബാധിക്കാതിരിക്കാനുള്ള എല്ലാ നടപടികളും സംസ്ഥാന സർക്കാർ സ്വീകരിച്ചു വരുന്നുണ്ട്.

(ബി) എങ്കിൽ ഇപ്രകാരം നികുതി പിരിക്കുന്നത് ഒഴിവാക്കുന്നതിനായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

സംസ്ഥാന ചരക്ക് സേവന നികുതി നിയമത്തിലെ വകുപ്പ് 22 പ്രകാരം പ്രതിവർഷം 40 ലക്ഷം രൂപ വരെ വിറ്റുവരവുള്ള വില്പനക്കാർ രജിസ്ട്രേഷൻ എടുക്കേണ്ട കാര്യമില്ല. സംസ്ഥാന ചരക്ക് സേവന നികുതി നിയമത്തിലെ വകുപ്പ് 10 പ്രകാരം പ്രതിവർഷം 1.5 കോടി രൂപ വരെ വിറ്റുവരവുള്ള നികുതിദായകർക്ക് കോമ്പോസിഷൻ സ്കീമിന്റെ സൗകര്യം നൽകുന്നു. ഇത്തരത്തിലുള്ള ഏകദേശം 50000 കടകൾ കേരളത്തിലുണ്ട്. ഈ രണ്ട് വിഭാഗങ്ങളും ചെറുകിട മേഖലയിൽ പ്രവർത്തിക്കുന്നവയാണ്. ഇവർ ഉപഭോക്താക്കളിൽ നിന്ന് നികുതി ഈടാക്കേണ്ടതില്ല. ഇതേപോലെ ഉപഭോക്താവിന്റെ സാന്നിധ്യത്തിൽ അരി പാക്ക് ചെയ്യുന്ന സ്ഥാപനങ്ങളും നികുതി ഈടാക്കാൻ പാടില്ല. ഈ വിഭാഗത്തിൽപ്പെട്ടവർ നികുതി പിരിക്കുന്നതായി കണ്ടെത്തിയാൽ സംസ്ഥാന ചരക്ക് സേവന നികുതി നിയമപ്രകാരം കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

**നിത്യോപയോഗ സാധനങ്ങളുടെ നികുതി വർദ്ധന**

74(553) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 40 ലക്ഷം രൂപയിൽ താഴെ വിറ്റുവരവുള്ള ചെറുകിട കച്ചവടക്കാർ ജി.എസ്.ടി. നിയമത്തിന്റെ പരിധിയിൽ വരുന്നുണ്ടോ; വ്യക്തമാക്കുമോ?

സംസ്ഥാന ചരക്ക സേവന നികുതി നിയമത്തിലെ വകുപ്പ് 22 പ്രകാരം പ്രതിവർഷം 40 ലക്ഷം രൂപ വരെ വിറ്റുവരവുള്ള ചെറുകിട വിൽപ്പനക്കാർ ജി.എസ്.ടി. രജിസ്ട്രേഷൻ എടുക്കേണ്ടതില്ല.

(ബി) ഇല്ലെങ്കിൽ ചെറുകിട കച്ചവടക്കാരെയും കുടുംബശ്രീക്കാരെയും ജി.എസ്.ടി. കൗൺസിൽ നിർദ്ദേശിച്ച നിത്യോപയോഗ സാധനങ്ങളുടെ അഞ്ച് ശതമാനം നികുതി വർദ്ധനയിൽ നിന്നും ഒഴിവാക്കിയതായി സംസ്ഥാന ധനകാര്യ മന്ത്രി പ്രസ്താവന നടത്തിയതിന്റെ അടിസ്ഥാനം എന്താണെന്ന് വ്യക്തമാക്കുമോ?

സംസ്ഥാന ചരക്ക സേവന നികുതി നിയമത്തിലെ വകുപ്പ് 22 പ്രകാരം പ്രതിവർഷം 40 ലക്ഷം രൂപ വരെ വിറ്റുവരവുള്ള വിൽപ്പനക്കാർ രജിസ്ട്രേഷൻ എടുക്കേണ്ട കാര്യമില്ല. സംസ്ഥാന ചരക്ക സേവന നികുതി നിയമത്തിലെ വകുപ്പ് 10 പ്രകാരം പ്രതിവർഷം 1.5 കോടി രൂപ വരെ വിറ്റുവരവുള്ള നികുതിദായകർക്ക് കോമ്പോസിഷൻ സ്കീമിന്റെ സൗകര്യം നൽകുന്നു. ഇത്തരത്തിലുള്ള ഏകദേശം 50000 കടകൾ കേരളത്തിലുണ്ട്. ഈ രണ്ട് വിഭാഗങ്ങളും ചെറുകിട മേഖലയിൽ പ്രവർത്തിക്കുന്നവയാണ്. ഇവർ ഉപഭോക്താക്കളിൽ നിന്ന് നികുതി ഈടാക്കേണ്ടതില്ല. ഇതുപോലെ ഉപഭോക്താവിന്റെ സാന്നിധ്യത്തിൽ സാധനങ്ങൾ പായ്ക്ക് ചെയ്യുന്ന സ്ഥാപനങ്ങളും നികുതി ഈടാക്കാൻ പാടില്ല. ഈ വിഭാഗത്തിൽപ്പെട്ടവർ നികുതി പിരിക്കുന്നതായി കണ്ടെത്തിയാൽ സംസ്ഥാന ചരക്ക സേവന നികുതി നിയമപ്രകാരം കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

## ജി.എസ്.ടി. നികുതി നിർണ്ണയം

75(556) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹോൾസെയിൽ വ്യാപാരികൾ റീട്ടെയിൽ വ്യാപാരികളിൽ നിന്ന് പിരിച്ച വില്പന നികുതിയുടെ ബില്ലുകൾ ജി.എസ്.ടി.യുടെ സൈറ്റിൽ ലഭ്യമല്ല എന്ന കാരണത്താൽ ഇൻപുട്ട് നിരസിക്കുകയും ഇതുമായി ബന്ധപ്പെട്ട് വിവരാവകാശ നിയമപ്രകാരം വ്യാപാരികൾ ആവശ്യപ്പെടുന്ന വിശദാംശങ്ങൾക്ക് അവ്യക്തമായ മറുപടി നൽകുകയും അവർക്ക് സമൻസ് നൽകി ജി.എസ്.ടി. ഉദ്യോഗസ്ഥർ വ്യാപാരികളെ പീഡിപ്പിക്കുകയും ചെയ്യുന്ന നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ജി.എസ്.ടി. ഉദ്യോഗസ്ഥർ ഇത്തരത്തിൽ വ്യാപാരികളെ പീഡിപ്പിക്കുന്നുവെന്ന പരാതി വകുപ്പിന്റെ ശ്രദ്ധയിപ്പെട്ടിട്ടില്ല. പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിൽ അധിഷ്ഠിതമായ ജി.എസ്.ടി.-യിൽ വ്യത്യസ്തവും നൂതനവുമായ രീതികളിലുള്ള

നികുതി വെട്ടിപ്പുകളാണ് കണ്ടുവരുന്നത്. ഇതിൽ കൂടുതലും ITC സംബന്ധമായ നികുതി വെട്ടിപ്പുകളാണ്. ജി.എസ്.ടി. സംവിധാനത്തിൽ രജിസ്ട്രേഷൻ പ്രക്രിയ ലളിതമാക്കിയത് ഇത്തരം നികുതി വെട്ടിപ്പുകൾക്കുള്ള സാധ്യത കൂട്ടുന്നു. ജി.എസ്.ടി. നിയമപ്രകാരം ഒരു നികുതിദായകന് അർഹതപ്പെട്ട ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് കണക്കാക്കുന്നത് ചില നിബന്ധനകൾക്ക് വിധേയമായാണ്. ഒരു രജിസ്റ്റേർഡ് വ്യാപാരി അയാൾ നൽകിയിട്ടുള്ള ഇൻവോയ്സുകളുടെയും ഡെബിറ്റ് നോട്ടുകളുടെയും വിവരം ഇ- ഫയൽ ചെയ്യാത്ത സാഹചര്യത്തിൽ അത്തരം ഇൻവോയ്സുകളുടെയും ഡെബിറ്റ് നോട്ടുകളുടെയും അടിസ്ഥാനത്തിലുള്ള ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ചരക്കോ സേവനമോ വാങ്ങിയ വ്യക്തിക്ക് ലഭ്യമാകുന്നതല്ല. ജി.എസ്.ടി. നിയമത്തിന് വിരുദ്ധമായി ഉദ്യോഗസ്ഥർ വ്യാപാരികളുടെ മേൽ നടപടി കൈക്കൊണ്ടതായുള്ള പരാതികൾ ലഭ്യമാകുന്ന പക്ഷം പരിശോധിച്ച് ഉചിതമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

(ബി) ജി.എസ്.ടി. നികുതി നിർണ്ണയ ഉത്തരവുകളിൽ വ്യാപാരികളുടെ വാദം കൃത്യമായി പരാമർശിക്കാതെയും മറുപടികൾ സ്വീകാര്യമല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാതെയും നികുതി നിർണ്ണയം നടത്തുന്നത് വ്യാപാരികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നത് പരിശോധിക്കുമോ; ഇതുസംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം ജി.എസ്.ടി. വകുപ്പിന് നൽകുമോ; വ്യക്തമാക്കുമോ?

ജി.എസ്.ടി. നിയമപ്രകാരം അഡ്ജുഡിക്കേഷൻ നടപടികൾ പൂർത്തിയാക്കുന്നതുമായി ബന്ധപ്പെട്ട നോട്ടീസുകൾ നൽകുന്നതിനും മറുപടി സ്വീകരിക്കുന്നതിനും അഡ്ജുഡിക്കേഷൻ പൂർത്തിയാക്കുന്നതിനുമുള്ള സമയക്രമം വ്യക്തമായി നിയമത്തിലും ചട്ടങ്ങളിലും പ്രതിപാദിച്ചിട്ടുണ്ട്. കൂടാതെ അഡ്ജുഡിക്കേഷൻ നടപടികൾ പൂർത്തിയാക്കേണ്ട രീതിയെ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ വകുപ്പ് പ്രോപ്പർ ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്. ഇതിന് വിരുദ്ധമായി ഉദ്യോഗസ്ഥർ വ്യാപാരികളുടെ മേൽ നടപടി കൈക്കൊണ്ടതായുള്ള പരാതികൾ ലഭ്യമാകുന്ന പക്ഷം പരിശോധിച്ച് ഉചിതമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

(സി) ജി.എസ്.ടി. നിയമങ്ങളും ചട്ടങ്ങളും സംബന്ധിച്ച് വകുപ്പിലെ നികുതി നിർണ്ണയ അധികാരികൾക്ക് എന്തെങ്കിലും പരിശീലനങ്ങളും പരീക്ഷയും നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരീക്ഷയിൽ പരാജയപ്പെട്ടവർ ഏതെങ്കിലും അസസ്സ്മെന്റ് സർക്കിൾ ഓഫീസുകളിൽ ജോലിചെയ്യുന്നുണ്ടോ; ഇതിന്റെ വിശദാംശം നൽകുമോ?

ജി.എസ്.ടി. നിയമത്തിലെ അവഗാഹം അളക്കുന്നതിനുള്ള പൂർണമായ പരീക്ഷ ഇതുവരെ വകുപ്പ് നടത്തിയിട്ടില്ല. 2021 ആഗസ്റ്റിൽ ബഹു. ധനമന്ത്രി ഉൽഘാടനം ചെയ്ത വിശദമായ പരിശീലന പരിപാടി വകുപ്പിൽ നടന്നു

കൊണ്ടിരിക്കുകയാണ്. പ്രസ്തുത പരിശീലന പദ്ധതിയുടെ ഭാഗമായി വകുപ്പിലെ വ്യത്യസ്ത ശാഖകളിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്ക് അവരുടെ ശാഖയിലെയും മറ്റ് ശാഖകളിലെ പ്രവർത്തനങ്ങളിലും പരിശീലനം നൽകിവരുന്നു. പരിശീലന പദ്ധതിയുടെ ഭാഗമായി, പുതിയ പരിശീലന പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ഇപ്പോൾ നടത്തുന്ന പരിശീലനം അവലോകനം ചെയ്യുന്നതിനുമുള്ള സംവിധാനമുണ്ട്. ഈ അവലോകന സംവിധാനത്തിൽ ജി.എസ്.ടി. നിയമത്തിലെ വിവിധ വിഷയങ്ങളിൽ ഓൺലൈൻ പരീക്ഷകൾ ഉൾപ്പെടെയുള്ള വിവിധങ്ങളായ മാർഗ്ഗങ്ങൾ അവലംബിച്ചുവരുന്നു. പ്രസ്തുത അവലോകന സംവിധാനം പുതിയ പരിശീലനപദ്ധതി ആവിഷ്കരിക്കാൻ മാത്രമാണ് ഇപ്പോൾ ഉപയോഗിക്കുന്നത്.

2022 ഓഗസ്റ്റ് 2-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 55/2022/ നികുതി പ്രകാരം ജി.എസ്.ടി. വകുപ്പിന്റെ പുനഃസംഘടന സർക്കാർ നടപ്പിലാക്കിവരുന്നു. ഇതിൽ ജീവനക്കാർക്ക് തുടർച്ചയായ പരിശീലനം നൽകുന്നതിനും ജീവനക്കാരുടെ പരിശീലന വിവരങ്ങളടങ്ങിയ ഡാറ്റാബേസ് സൃഷ്ടിക്കുന്നതിനുമുള്ള പദ്ധതികൾ ഉൾപ്പെടുന്നു. പുനഃസംഘടന ഉത്തരവ് പ്രകാരം ഉന്നത ഉദ്യോഗസ്ഥ തലത്തിലേക്കുള്ള പ്രൊമോഷൻ നൽകുന്നതിനും ഇത്തരം അവലോകനം ഉൾപ്പെടുത്തിക്കൊണ്ടുള്ള മാനദണ്ഡം തയ്യാറാക്കുന്നതിനുമുള്ള നിർദ്ദേശങ്ങളും ഉൾപ്പെട്ടിട്ടുണ്ട്.

**ചിറ്റാർ ട്രഷറിയുടെ പ്രവർത്തനം**

76(557) <u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോന്നി മണ്ഡലത്തിലെ നിർമ്മാണം പൂർത്തീകരിച്ച ചിറ്റാർ ട്രഷറിയുടെ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

ചിറ്റാർ കേന്ദ്രമാക്കി പുതിയ സബ് ട്രഷറി ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുള്ളതും സബ് ട്രഷറിയുടെ പ്രവർത്തനം ആരംഭിക്കുന്നതിന് ചിറ്റാർ ഗ്രാമപഞ്ചായത്ത് കെട്ടിട സൗകര്യം ഒരുക്കിയിട്ടുള്ളതുമാണ്. സബ് ട്രഷറി ഓഫീസർ തസ്തിക സൃഷ്ടിക്കുന്നതിനും മറ്റ് തസ്തികകൾ പുനർവിന്യാസം വഴി കണ്ടെത്തുന്നതിനും മറ്റ് അനുബന്ധ ആവശ്യങ്ങൾക്കുമുള്ള ശിപാർശ സമർപ്പിക്കാൻ ട്രഷറി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഡയറക്ടറുടെ ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ഇതുസംബന്ധിച്ച തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## ട്രഷറി നവീകരണം

77(558) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം ട്രഷറികളുടെ നവീകരണത്തിനാണ് തുക അനുവദിച്ചതെന്ന് വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജില്ലാ ട്രഷറികളായ പാലക്കാട്, തൃശ്ശൂർ, പാലാ, എറണാകുളം, മട്ടന്നൂർ, കണ്ണൂർ, മലപ്പുറം, താമരശ്ശേരി എന്നീ ട്രഷറികൾക്കും സബ് ട്രഷറികളായ കല്ലൂർക്കാട്, കട്ടപ്പന, തളിപ്പറമ്പ്, മീനച്ചൽ, കടുത്തുരുത്തി, ഉഴവൂർ, കോട്ടയം, പെൻഷൻ പേമെന്റ് സബ് ട്രഷറി എറണാകുളം, നോർത്ത് പറവൂർ, മട്ടാഞ്ചേരി, നായരമ്പലം, തൃപ്പൂണിത്തുറ, അങ്കമാലി, അഡിഷണൽ സബ് ട്രഷറി എറണാകുളം, പള്ളുരുത്തി, കളമശ്ശേരി, മുളന്തുരുത്തി, പെൻഷൻ പേമെന്റ് സബ് ട്രഷറി കോഴിക്കോട്, കൊടുങ്ങല്ലൂർ, നെയ്യാറ്റിൻകര, വെള്ളനാട്, വികാസ് ഭവൻ, വൈക്കം എന്നീ ട്രഷറികൾക്കും നവീകരണത്തിനായി തുക അനുവദിച്ചിട്ടുണ്ട്.

(ബി) ഓരോ ട്രഷറിക്കും അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

ഓരോ ട്രഷറിക്കും അനുവദിച്ച തുക താഴെ കൊടുക്കുന്നു, ഉത്തരവുകളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു*.

| ട്രഷറി | PWD (തുക രൂപയിൽ) | നിർമ്മിതി കേന്ദ്ര (തുക രൂപയിൽ) | ഏജൻസികൾ |
|---|---|---|---|
| (1) | (2) | (3) | (4) |
| പാലക്കാട് | 16,21,384 | | |
| തൃശ്ശൂർ | | 7,00,000 | |
| പാലാ | | 7,30,000 | |
| എറണാകുളം | | 98,000 | |

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| (1) | (2) | (3) | (4) |
|---|---|---|---|
| മട്ടന്നൂർ | | | 46,41,609 |
| കണ്ണൂർ | | 14,70,000 | |
| മലപ്പുറം | 18,87,021 | | |
| താമരശ്ശേരി | 17,10,000 | | |
| സബ്ട്രഷറി | | | |
| ട്രഷറി | PWD | നിർമ്മിതി കേന്ദ്ര | ഏജൻസികൾ |
| കല്ലൂർക്കാട് | 7,48,000 | | |
| കട്ടപ്പന | 15,00,000 | | |
| തളിപ്പറമ്പ് | 17,00,000 | | |
| മീനച്ചിൽ | | 7,68,000 | |
| കടുത്തുരുത്തി | | 10,00,000 | |
| ഉഴവൂർ | 3,96,215 | 10,00,000 | |
| കോട്ടയം | | | 38,22,000 |
| PPST എറണാകുളം | 3,40,968 | | |

| (1) | (2) | (3) | (4) |
|---|---|---|---|
| നോർത്ത് പറവൂർ | | 7,95,000 | |
| മട്ടാഞ്ചേരി | | 1,00,000 | |
| നായരമ്പലം | | 23,000 | |
| തൃപ്പൂണിത്തുറ | | 2,85,000 | |
| അങ്കമാലി | | 3,63,000 | |
| Ad ST എറണാകുളം | | 4,38,000 | |
| പള്ളുരുത്തി | | 94,000 | |
| കളമശ്ശേരി | | 40,000 | |
| മുളന്തുരുത്തി | | | 22,850 |
| PPST കോഴിക്കോട് | | | 2,92,822 |
| പുതിയറ | 3,22,000 | | |
| കൊടുങ്ങല്ലൂർ | 24,09,494 | | |
| നെയ്യാറ്റിൻകര | 7,00,000 | | |
| വെള്ളനാട് | 20,52,000 | | |
| വികാസ് ഭവൻ | 1,09,000 | | |
| വൈക്കം | 3,00,000 | | |

## കോട്ടക്കൽ മണ്ഡലത്തിലെ സബ് ട്രഷറി കെട്ടിട നിർമ്മാണം

78(559) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി, കോട്ടക്കൽ സബ് ട്രഷറികൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകളുടെ നിലവിലെ അവസ്ഥ വിശദമാക്കുമോ; പ്രസ്തുത പ്രൊപ്പോസലുകളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

നിലവിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന വളാഞ്ചേരി, സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് 10 സെന്റ് സ്ഥലം ട്രഷറി വകുപ്പിന് കൈമാറുന്നതിനുള്ള പ്രൊപ്പോസൽ നിലവിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ പരിഗണനയിലാണ്. കോട്ടക്കൽ സബ്ട്രഷറിക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനായി ഗവൺമെന്റ് ഉടമസ്ഥതയിലോ സ്വകാര്യ ഉടമസ്ഥതയിലോ നാളിതുവരെ ഭൂമി ലഭ്യമായിട്ടില്ല.

(ബി) പ്രസ്തുത ട്രഷറികളുടെ കെട്ടിട നിർമ്മാണത്തിനുള്ള സ്ഥലം ലഭ്യമായിട്ടുണ്ടോ; വളാഞ്ചേരി സബ് ട്രഷറി കെട്ടിടത്തിന് സ്ഥലം ലഭ്യമാക്കുന്നത് സംബന്ധിച്ച് ഗ്രാമവികസന കമ്മീഷണറേറ്റിൽനിന്നും റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ?

പ്രസ്തുത ട്രഷറികളുടെ കെട്ടിടനിർമ്മാണത്തിനുള്ള സ്ഥലം ലഭ്യമായിട്ടില്ല. വളാഞ്ചേരി സബ് ട്രഷറി കെട്ടിടത്തിന് സ്ഥലം ലഭ്യമാക്കുന്നത് സംബന്ധിച്ച് ഗ്രാമവികസന കമ്മീഷണറേറ്റിൽനിന്നും റിപ്പോർട്ട് തദ്ദേശസ്വയംഭരണ വകുപ്പിൽ സമർപ്പിച്ചിട്ടുണ്ട്.

(സി) സബ് ട്രഷറികളുടെ നിർമ്മാണത്തിന് സ്ഥലം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് ട്രഷറി വകുപ്പ് ഡയറക്ടർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

നിലവിൽ വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന ട്രഷറികൾക്ക് സ്ഥലം കണ്ടെത്തി സ്വന്തമായി കെട്ടിടം നിർമ്മിക്കുന്ന പ്രയത്നത്തിലാണ് വകുപ്പിപ്പോൾ. സംസ്ഥാനത്തെ ട്രഷറികൾക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനായി സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികളിൽ നല്ലൊരു ശതമാനം തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള ഓഫീസുകളുടെ പരിഗണനയിലാണ്. ഏറ്റവും വേഗത്തിൽ ആയവ തീർപ്പാക്കി ലഭിക്കുന്നതിനായി കഴിയുന്നത്ര എല്ലാ ശ്രമങ്ങളും ഊർജ്ജിതമായി നടത്തി വരുന്നു.

## ട്രഷറികളിൽ എ.ടി.എം. സൗകര്യം

79(560) ശ്രീ. വി. ആർ. സുനിൽകുമാർ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ട്രഷറി ഇടപാടുകൾ കൂടുതൽ സൗകര്യപ്രദമാക്കുന്നതിനായി ട്രഷറികളിൽ എ.ടി.എം. സൗകര്യം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

സംസ്ഥാനത്തെ ട്രഷറികളിൽ എ.ടി.എം. സൗകര്യം ഏർപ്പെടുത്തുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. വാണിജ്യ ബാങ്കുകളുമായി ചേർന്ന് എ.ടി.എം. സൗകര്യം ഏർപ്പെടുത്താൻ സർക്കാർ തീരുമാനിച്ച പദ്ധതി റിസർവ് ബാങ്കിന്റെ അനുമതി ലഭിക്കാത്തതിനാൽ നാളിതുവരെയും നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.

## ലോട്ടറി വ്യാപാരം

80(561) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ലോട്ടറി വ്യാപാരം നല്ല നിലയിൽ നടക്കുന്ന സംസ്ഥാനത്ത്, കാസർഗോഡ് ജില്ലയിലെ ലോട്ടറി ഏജന്റുമാർക്ക് അവരുടെ ആവശ്യത്തിനനുസരിച്ച് ലോട്ടറി ലഭ്യമാക്കാൻ കഴിയാതെ വന്നിട്ടുണ്ടോ; ഏജന്റുമാരുടെ ആവശ്യാനുസരണം ലോട്ടറി ലഭ്യമാക്കുന്നതിന് എന്തു തടസ്സമാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിലെ ഏജന്റുമാർക്ക് അവരുടെ ആവശ്യത്തിനനുസരിച്ച് ടിക്കറ്റ് ലഭ്യമാക്കുന്നുണ്ട്.

## കോഴിക്കോട് പേൾ ഹിൽ ബിൽഡേഴ്സ് കെട്ടിട നിർമ്മാണ വായ്പ

81(562) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മൊഫ്യൂസിൽ ബസ് സ്റ്റാൻഡിന് സമീപത്തുള്ള പേൾ ഹിൽ ബിൽഡേഴ്സ് കെട്ടിട നിർമ്മാണത്തിനായി കെ.എസ്.എഫ്.ഇ.-യിൽ നിന്നും എടുത്ത വായ്പ കുടിശ്ശികയായതിനെ തുടർന്ന് ലേലത്തിൽ വിൽക്കുകയുണ്ടായോ; വ്യക്തമാക്കാമോ?

കോഴിക്കോട് മൊഫ്യൂസിൽ ബസ് സ്റ്റാന്റിന് സമീപത്തുള്ള പേൾ ഹിൽ ബിൽഡേഴ്സ് കെട്ടിട നിർമ്മാണത്തിനായി കെ.എസ്.എഫ്.ഇ യിൽ നിന്നും വായ്പ എടുത്തിട്ടില്ല.

(ബി) 40.06 സെന്റ് സ്ഥലത്ത് നാല്പത്തി എട്ടായിരത്തി തൊണ്ണൂറ്റി ഏഴ് ചതുരശ്ര അടിയിൽ നിർമ്മിച്ച നാൽപ്പത് കോടി രൂപ മൂല്യമുള്ള പ്രസ്തുത കെട്ടിടം 9.18 കോടി രൂപയ്ക്ക് ലേലത്തിൽ വിറ്റതായി ബിൽഡേഴ്സ് ആൻഡ് ഡയറക്ടർ പരാതി നൽകിയിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 4.89 കോടി രൂപയുടെ ലോണിന്റെ തിരിച്ചടവ് മുടങ്ങിയത് കാരണമാണോ സെന്റിന് എഴുപത്തിയഞ്ച് ലക്ഷം രൂപ വിലവരുന്ന സ്ഥലത്ത് നിൽക്കുന്ന പ്രസ്തുത കെട്ടിടം ലേലത്തിൽ വച്ചതെന്ന് വ്യക്തമാക്കാമോ, പ്രസ്തുത സ്ഥലത്തിന് സർക്കാർ നിശ്ചയിച്ചിട്ടുള്ള വില എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതുസംബന്ധിച്ച് അന്നത്തെ മാനേജിങ് ഡയറക്ടർ ഉൾപ്പെടെയുള്ളവർക്കെതിരെ വിജിലൻസ് അന്വേഷണം നടത്തുകയുണ്ടായോ; വിശദമാക്കാമോ;

(ഇ) എങ്കിൽ അന്വേഷണത്തിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നുവെന്ന് അറിയിക്കാമോ; അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാകുമോ?

(ബി-ഇ) ബാധകമല്ല.

**കെ.എസ്.എഫ്.ഇ. ജീവനക്കാർക്ക് പെൻഷൻ**

82(563) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. ജീവനക്കാർക്ക് പെൻഷൻ നടപ്പാക്കുന്നതു സംബന്ധിച്ച് മാനേജ്മെന്റും സർക്കാരും എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ?

ഏപ്രിൽ 2023 മുതൽ വിരമിക്കുന്ന ജീവനക്കാർക്കുവേണ്ടി " KSFE Employees Superannuation Benefit Scheme" എന്ന പേരിൽ ഒരു പദ്ധതി രൂപീകരിച്ച് നടപ്പിലാക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

(ബി) കെ.എസ്.എഫ്.ഇ.-യിൽ പെൻഷൻ നടപ്പിലാക്കുന്നതിന് ഏതെങ്കിലും ഏജൻസിയെ തെരഞ്ഞെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഇല്ല.

## വിദ്യാകിരണം പദ്ധതി

83(564) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനത്തിന് ലാപ്ടോപ്പുകൾ ലഭ്യമാക്കുന്നതിനായി കെ.എസ്.എഫ്.ഇ.-യും കുടുംബശ്രീയും ചേർന്ന് 2020-ൽ സംയുക്തമായി നടപ്പിലാക്കിയ 'വിദ്യാകിരണം' പദ്ധതി പ്രകാരം വിതരണം ചെയ്യാൻ ലക്ഷ്യമിട്ടിരുന്ന ലാപ്ടോപ്പുകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ?

വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനത്തിന് ലാപ്ടോപ്പുകൾ ലഭ്യമാക്കുന്നതിനായി കെ.എസ്.എഫ്.ഇ.-യും കുടുംബശ്രീയും ചേർന്ന് 2020-ൽ സംയുക്തമായി നടപ്പിലാക്കിയ പദ്ധതിയാണ് കെ.എസ്.എഫ്.ഇ. വിദ്യാശ്രീ പദ്ധതി. (വിദ്യാകിരണം പദ്ധതി അല്ല.) ഈ പദ്ധതി പ്രകാരം വിതരണം ചെയ്യാൻ ലക്ഷ്യമിട്ടിരുന്ന ലാപ്ടോപ്പുകളുടെ എണ്ണം 5,00,000 ആയിരുന്നു.

(ബി) ലാപ്ടോപ്പുകൾ ലഭിക്കുന്നതിനായി പ്രസ്തുത പദ്ധതിയിൽ ചേർന്നിട്ടുള്ള ആളുകളുടെ എണ്ണം, ഇപ്രകാരം ലാപ്ടോപ്പുകൾ ലഭിച്ചിട്ടുള്ളവരുടെ എണ്ണം എന്നിവ വ്യക്തമാക്കുമോ?

പ്രസ്തുത പദ്ധതിയിൽ 68,498 അപേക്ഷകൾ ലാപ്ടോപ്പുകൾക്കുവേണ്ടി ലഭിച്ചിരുന്നു. എന്നാൽ ലാപ്ടോപ് കമ്പനികൾ സമയത്തിന് സപ്ലൈ ചെയ്യാത്തതിനാൽ 8,550 പേർക്കാണ് ലാപ്ടോപ്പുകൾ നൽകിയിട്ടുള്ളത്.

(സി) ലാപ്ടോപ്പുകൾ യഥാസമയം ലഭിക്കാത്തതിനാൽ ചിട്ടിയിൽ ചേർന്ന ഭൂരിഭാഗം ആളുകളും ആയത് നിരാകരിക്കുകയുണ്ടായോ; വ്യക്തമാക്കുമോ?

ലാപ്ടോപ്പുകൾ യഥാസമയം വിതരണം ചെയ്യുന്നതിൽ ലാപ്ടോപ്പ് കമ്പനികൾ കാലതാമസം വരുത്തിയതിനാൽ സർക്കാർ ഉത്തരവ് പ്രകാരം പദ്ധതിയിൽ ഒരു പുനഃക്രമീകരണം വരുത്തിയിരുന്നു. ആയതുപ്രകാരം മാർക്കറ്റിൽനിന്നും ലാപ്ടോപ്പ് വാങ്ങുന്നതിന് 20,000/- രൂപ വരെയുള്ള വായ്പ നൽകുന്നതിനും ലാപ്ടോപ് ലഭിക്കുന്നതുവരെ കാത്തിരിക്കുന്നതിനും വ്യവസ്ഥയുണ്ടായിരുന്നു. മാത്രമല്ല ക്യാൻസൽ ചെയ്ത് അതുവരെ അടച്ച തുക പലിശ ഉൾപ്പെടെ തിരികെ നൽകുന്നതിനും അനുവദിച്ചിരുന്നു. അതുപ്രകാരം 1,487 പേർ മാർക്കറ്റിൽനിന്നും ലാപ്ടോപ് വാങ്ങുകയും അവശേഷിക്കുന്നവരിൽ നല്ലൊരുഭാഗം ഗുണഭോക്താക്കൾ അവർ പദ്ധതിയിൽ അടച്ച തുക പലിശ സഹിതം തിരികെ വാങ്ങുകയുമുണ്ടായി.

(ഡി) പദ്ധതിയുടെ ആദ്യഘട്ടത്തിൽ കൊക്കോണിക്സ് എന്ന കമ്പനി വിതരണം ചെയ്ത ലാപ്ടോപ്പുകളുടെ കേട്ടുപാട് പദ്ധതിയുടെ സ്വീകാര്യതയെ ബാധിക്കുകയുണ്ടായോ; വ്യക്തമാക്കുമോ?

പദ്ധതിയുടെ ആദ്യഘട്ടത്തിൽ Coconics കമ്പനി വിതരണം ചെയ്ത ലാപ്ടോപ്പുകൾ തകരാറിലായത് കമ്പനിതന്നെ ഉടൻ തിരിച്ചെടുത്ത് പുതിയത് വിതരണം ചെയ്യുകയോ, കേട്ടുപാട് തീർത്തുകൊടുക്കുകയോ ചെയ്തതിനാൽ പദ്ധതിയുടെ സ്വീകാര്യതയെ ബാധിക്കുകയുണ്ടായിട്ടില്ല.

(ഇ) ചിട്ടിയിൽ ചേർന്ന അംഗങ്ങൾ ഇപ്രകാരം നിരാകരിച്ച എത്ര ലാപ്ടോപ്പുകൾ കെ.എസ്.എഫ്.ഇ.-യുടെ പക്കൽ അവശേഷിക്കുന്നുണ്ട്; വിശദമാക്കാമോ?

ഗുണഭോക്താക്കൾ നിരാകരിച്ച 4,120 ലാപ്ടോപ്പുകൾ കെ.എസ്.എഫ്.ഇ.-യുടെ പക്കൽ അവശേഷിക്കുന്നുണ്ട്.

(എഫ്) കെ.എസ്.എഫ്.ഇ.-യുടെ കൈവശമുള്ള ഇത്തരം ലാപ്ടോപ്പുകൾ ഓഫീസ് ആവശ്യത്തിന് ഉപയോഗിക്കുന്നതിനോ ജീവനക്കാർക്ക് വിൽക്കുന്നതിനോ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

25-6-2022-ലെ സർക്കാർ ഉത്തരവ് G.O.(Rt)No.504/2022/Taxes പ്രകാരം നിലവിൽ ഉപഭോക്താക്കൾ വേണ്ടെന്ന് വെച്ച 4,120 ലാപ്ടോപ്പുകൾ ഓഫീസ് ആവശ്യത്തിനോ ജീവനക്കാർക്ക് വിൽക്കുന്നതിനോ തീരുമാനിച്ചിട്ടുണ്ട്.

(ജി) പ്രസ്തുത പദ്ധതിക്കായി വാങ്ങിയ ലാപ്ടോപ്പുകളുടെ എണ്ണം, നിരക്ക്, എന്നിവ വ്യക്തമാക്കാമോ; ഇവ ജീവനക്കാർക്ക് വിൽക്കാൻ തീരുമാനിച്ചിട്ടുള്ള നിരക്ക് എത്രയെന്ന് വിശദമാക്കാമോ?

പ്രസ്തുത പദ്ധതിക്കായി Acer കമ്പനിയുടെ 3,640, Coconics കമ്പനിയുടെ - 847, HP കമ്പനിയുടെ-3,953, Lenovo കമ്പനിയുടെ-4,230 ലാപ്ടോപ്പുകൾ വാങ്ങിയിട്ടുള്ളതും ആയതിന്റെ നിരക്ക് യഥാക്രമം ₹ 17,883, ₹ 14,990, ₹ 17,990, ₹ 18,000 എന്നിങ്ങനെയും ആണ്. 25-6-2022-ലെ സർക്കാർ ഉത്തരവ് G.O.(Rt) No.504/2022/Taxes പ്രകാരം ഉപഭോക്താക്കൾ വേണ്ടെന്നുവച്ച ലാപ്ടോപ്പുകളിൽ Coconics ഒഴികെ ജീവനക്കാർക്ക് വിൽക്കാൻ തീരുമാനിച്ചിട്ടുണ്ട്. കെ.എസ്.എഫ്.ഇ.-യുടെ 560-ാമത് ബോർഡ് യോഗ തീരുമാനപ്രകാരം വിലയിനത്തിൽ 2,500 രൂപ കുറവുചെയ്ത് ജീവനക്കാർക്ക് ലാപ്ടോപ്പുകൾ നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

## സി-ആപ്റ്റിലെ സാലറി സർട്ടിഫിക്കറ്റ്

84(565) ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിങ് (സി-ആപ്റ്റ്)ൽ നിന്നും നൽകുന്ന സാലറി സർട്ടിഫിക്കറ്റ് കെ.എസ്.എഫ്.ഇ.-യിലെ ജാമ്യവ്യവസ്ഥയ്ക്ക് സ്വീകാര്യമല്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സ്ഥാപനത്തിലെ ഉദ്യോഗസ്ഥരുടെ സാലറി സർട്ടിഫിക്കറ്റ് മറ്റ് ധനകാര്യസ്ഥാപനങ്ങളെപ്പോലെ കെ.എസ്.എഫ്.ഇ.-യിലും സ്വീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ് (സി-ആപ്റ്റ്)ൽ നിന്നും നൽകുന്ന സാലറി സർട്ടിഫിക്കറ്റ് ഇപ്പോൾ കെ.എസ്.എഫ്.ഇ.-യിൽ ജാമ്യമായി സ്വീകരിക്കുന്നില്ല. സ്ഥാപനത്തിന്റെ ഇപ്പോഴത്തെ പ്രവർത്തന മികവ്, അതായത് ഇപ്പോഴത്തെ ലാഭനഷ്ട കണക്കുകൾ പരിശോധിച്ചതിനുശേഷമേ ഇക്കാര്യത്തിൽ ഒരു തീരുമാനമെടുക്കുവാനാകുകയുള്ളൂ.

## മെഡിസെപ്പിൽ കൂടുതൽ ആശുപത്രികളെ ഉൾപ്പെടുത്താൻ നടപടി

85(566) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ഏർപ്പെടുത്തിയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ്പിൽ കൂടുതൽ ആശുപത്രികളെ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

പൊതു/സ്വകാര്യ ആരോഗ്യ ശൃംഖലകളിലെ 396 (253 സ്വകാര്യ ആശുപത്രികളും 143 സർക്കാർ ആശുപത്രികളും) ആശുപത്രികളെയാണ് പദ്ധതിയുടെ ആരംഭഘട്ടത്തിൽ ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി എംപാനൽ ചെയ്തിട്ടുള്ളത്. പദ്ധതിയുടെ കാലാവധിക്കുള്ളിൽ എപ്പോൾ വേണമെങ്കിലും പുതിയതായി വരുന്ന ആശുപത്രികളെ എംപാനൽ ചെയ്യാൻ കഴിയുന്നതാണ്. ആയതിനുള്ള നടപടി ക്രമങ്ങൾ സർക്കാർതലത്തിൽ നടന്നുവരുന്നു.

(ബി) ഒ.പി. ചികിത്സ കൂടി മെഡിസെപ്പിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

മെഡിസെപ് പദ്ധതി നടപ്പാക്കുന്നതിനായി പ്രസിദ്ധീകരിച്ച Request For Proposal (RFP) ൽ നിഷ്കർഷിക്കും പ്രകാരം നിലവിൽ ഇൻ പേഷ്യന്റ് ചികിത്സ മാത്രമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഒ.പി. ചികിത്സ ഉൾപ്പെടുത്തുന്നത് നിലവിലെ പോളിസി കാലയളവിൽ അപ്രായോഗികമാണ് എന്നിരുന്നാലും അടുത്ത പോളിസി കാലയളവിൽ ഒ.പി. ചികിത്സ ഉൾപ്പെടുത്തുന്നതിനുള്ള പ്രായോഗികത പരിശോധിക്കുന്നതാണ്.

## മെഡിസെപ് പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് ആശുപത്രി ബിൽ

86(567) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ് പദ്ധതി പ്രകാരം ചികിത്സ തേടുന്ന സർക്കാർ ജീവനക്കാർക്ക് സ്വകാര്യ ആശുപത്രികൾ ബില്ലിന്റെ പകർപ്പ് നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല

(ബി) മെഡിസെപ് പദ്ധതിയുടെ ആനുകല്യം ലഭിക്കുന്ന ജീവനക്കാർക്ക് ചികിത്സാ ബില്ലും മറ്റ് രേഖകളും ലഭിക്കാൻ അർഹതയുണ്ടോ; ഇത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശം നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയത് പുറപ്പെടുവിക്കാനുള്ള നടപടി സ്വീകരിക്കുമോ?

മെഡിസെപ് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്ന ജീവനക്കാർക്ക് ചികിത്സാ ബില്ലും മറ്റ് രേഖകളും ലഭിക്കാൻ അർഹതയുണ്ട്. ഇതുസംബന്ധിച്ച് കർശന നിർദ്ദേശം ഇൻഷ്വറൻസ് കമ്പനിയ്ക്ക് നൽകിയിട്ടുണ്ട്.

(സി) മെഡിസെപ് പദ്ധതിയിൽ ഉൾപ്പെട്ട സ്വകാര്യ ആശുപത്രികൾ ചികിത്സ സംബന്ധിച്ചുള്ള ബിൽ പകർപ്പ് നൽകാതിരിക്കുന്നത് മൂലമുള്ള സാമ്പത്തിക തട്ടിപ്പ്, രോഗിക്ക് ലഭ്യമാക്കാത്ത ചികിത്സയ്ക്ക് പണം ഈടാക്കുന്ന അവസ്ഥ എന്നിവ ഒഴിവാക്കുന്നതിന് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് ബില്ലിന്റെ പകർപ്പ് നൽകുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മെഡിസെപ് പദ്ധതിയിൽ ഉൾപ്പെട്ട സ്വകാര്യ ആശുപത്രികൾ ചികിത്സ സംബന്ധിച്ചുള്ള ബില്ല് ഗുണഭോക്താവിന് നൽകേണ്ടതാണ് എന്ന നിർദ്ദേശം ഇൻഷുറൻസ് കമ്പനി ആശുപത്രികൾക്ക് നൽകിയിട്ടുണ്ട്.

## മെഡിസെപ് പദ്ധതി

87(568) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ് പദ്ധതിക്കുവേണ്ടി എത്ര പേരിൽനിന്നും എത്ര തുക മാസം തോറും പ്രീമിയമായി ഈടാക്കുന്നുണ്ട്; വിശദമാക്കുമോ?

പതിനൊന്ന് ലക്ഷത്തിലധികം വരുന്ന ജീവനക്കാരുടെയും പെൻഷൻകാരുടെയും പ്രതിമാസ പ്രീമിയമായി 500 രൂപ യഥാക്രമം അവരുടെ ശമ്പളത്തിൽനിന്നും പെൻഷനിൽനിന്നുമാണ് ഈടാക്കുന്നത്.

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ജൂലൈ 1 മുതൽ ആഗസ്റ്റ് 10-ാം തീയതി വരെ എത്ര ക്ലെയിമുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ക്ലെയിം ചെയ്ത ആകെ തുക എത്രയാണ്?

2022 ആഗസ്റ്റ് 13 വരെ ആകെ 17771 ക്ലെയിമുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആകെ 42.906 കോടി രൂപ ക്ലെയിം ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിക്കുവേണ്ടി പൊതുവായ ഒരു സോഫ്റ്റ്‌വെയർ നിലവിലുണ്ടോ; പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങൾ എല്ലാവർക്കും പരിശോധിക്കാൻ കഴിയുന്ന തരത്തിൽ സർക്കാർ സൈറ്റുകളിൽ ലഭ്യമാക്കാമോ?

ജീവനക്കാർക്കും പെൻഷൻകാർക്കും മെഡിസെപ് പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങൾ പരിശോധിക്കാൻ www.medisep.kerala.gov.in എന്ന വെബ്സൈറ്റ് ലഭ്യമാണ്.

**മെഡിസെപ് പദ്ധതി**

88(569) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ് പദ്ധതിയിൽ അംഗമാകാൻ താല്പര്യമില്ലാത്തവർക്ക് പദ്ധതിയിൽനിന്ന് ഒഴിവാകാൻ സാധിക്കുമോ; അവരുടെ പ്രീമിയം പിടിച്ചെടുക്കുന്ന നടപടിയിൽ മാറ്റംവരുത്തുമോ?

സംസ്ഥാന സർക്കാർ ജീവനക്കാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ, പാർട്ട് ടൈം അദ്ധ്യാപകർ, എയിഡഡ് സ്കൂളുകളിലേതുൾപ്പെടെയുള്ള അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ, പെൻഷൻകാർ, കുടുംബപെൻഷൻകാർ എന്നിവർക്കും അവരുടെ ആശ്രിതർക്കും നിർബന്ധിതാടിസ്ഥാനത്തിൽ ആരംഭിച്ച പദ്ധതിയാണ് മെഡിസെപ്. ടി പദ്ധതിയിൽനിന്നും ഏതെങ്കിലും വിഭാഗങ്ങളെ ഒഴിവാക്കുകയാണെങ്കിൽ ആയത് ഒരു കൊഴിഞ്ഞുപോക്കിന് കാരണമാകുകയും അത് ഫലത്തിൽ പദ്ധതിയുടെ ഉദ്ദേശ്യശുദ്ധിക്ക് വിഘാതം സൃഷ്ടിക്കുമെന്നതിനാലും മെഡിസെപ് പദ്ധതിയിൽനിന്നും ആരെയും ഒഴിവാക്കാൻ സാധിക്കാത്തതും പ്രീമിയം അടവിൽ നിന്നും നിലവിൽ ഇവരെ മാറ്റി നിർത്താൻ കഴിയാത്തതുമാണ്.

(ബി) ജീവനക്കാരും ഇൻഷ്വറൻസ് കമ്പനിയും തമ്മിലുള്ള കരാർ പ്രകാരം ഓരോ ജീവനക്കാർ/പെൻഷൻകാരിൽനിന്നും ഈടാക്കുന്ന തുക എത്രയെന്ന് വ്യക്തമാക്കാമോ?

ജീവനക്കാരിൽ/പെൻഷൻകാരിൽനിന്നും പ്രതിമാസം 500 രൂപയാണ് (GST ഉൾപ്പെടെ) ഈടാക്കുന്നത്. ആയതിന്റെ പ്രീമിയം ഇനത്തിലെ 472 രൂപ കമ്പനിക്ക് നൽകുകയും ബാക്കി 25 രൂപ അധിക പരിരക്ഷ ലഭിക്കുന്ന catastrophic അസുഖങ്ങൾക്കുള്ള കോർപ്പസ് ഫണ്ടിലേയ്ക്ക് മാറ്റിവയ്ക്കുകയും ചെയ്യുന്നു.

(സി) മേല്പറഞ്ഞ പ്രകാരം ലഭിക്കുന്ന തുക ഇൻഷ്വറൻസ് കമ്പനിക്ക് നൽകി മെച്ചപ്പെട്ട സൗകര്യങ്ങളുള്ള ആശുപത്രികളെക്കൂടി ഉൾപ്പെടുത്താൻ ശ്രമിക്കുമോ; വ്യക്തമാക്കുമോ?

പൊതു/സ്വകാര്യ ആരോഗ്യ ശൃംഖലകളിലെ 396 (253 സ്വകാര്യ ആശുപത്രികളും 143 സർക്കാർ ആശുപത്രികളും) ആശുപത്രികളെയാണ് പദ്ധതിയുടെ ആരംഭഘട്ടത്തിൽ ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി എംപാനൽ ചെയ്തിട്ടുള്ളത്. മെച്ചപ്പെട്ട സൗകര്യങ്ങളുള്ള കൂടുതൽ ആശുപത്രികളെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ഇൻഷ്വറൻസ് കമ്പനിക്ക് കർശനനിർദ്ദേശം നൽകിയിട്ടുണ്ട്.

**മെഡിസെപ് പദ്ധതിയിൽ കൂടുതൽ ആശുപത്രികൾ**

89(570) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ് പദ്ധതി പ്രകാരം ഏതെല്ലാം ആശുപത്രികളിൽ എന്തെല്ലാം ചികിത്സകൾക്ക് സഹായം ലഭിക്കുമെന്ന് വ്യക്തമാക്കാമോ; ആശുപത്രികളുടെ ജില്ല തിരിച്ചുള്ള വിവരം വെളിപ്പെടുത്തുമോ?

1-7-2022-ൽ പ്രാബല്യത്തിൽ വന്ന മെഡിസെപ് പദ്ധതി പ്രകാരം 1-7-2022-വരെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ആശുപത്രികളുടെ/ ചികിത്സകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്*. കൂടുതൽ ആശുപത്രികളെ പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ടും നിലവിലെ ലിസ്റ്റിൽ ആവശ്യമായ മാറ്റംവരുത്തിക്കൊണ്ടുമുള്ള അന്തിമ ലിസ്റ്റ് ഇൻഷ്വറൻസ് കമ്പനി നൽകുന്ന മുറയ്ക്ക് വെബ്സൈറ്റിൽ ലഭ്യമാക്കുന്നതാണ്.

(ബി) തലശ്ശേരിയിലെയും കൂത്തുപറമ്പിലെയും പ്രധാനപ്പെട്ട സഹകരണ ആശുപത്രികളും സ്വകാര്യ ആശുപത്രികളും പ്രസ്തുത ലിസ്റ്റിൽ ഇല്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) നിലവിലുള്ള ലിസ്റ്റിൽ ഉൾപ്പെടാത്ത പ്രധാനപ്പെട്ട സഹകരണ ആശുപത്രികളെയും സ്വകാര്യ ആശുപത്രികളെയും ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി&സി) സംസ്ഥാനത്തെ പ്രധാന സഹകരണ ആശുപത്രികൾ ഇതിനോടകം തന്നെ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. എന്നിരുന്നാലും പദ്ധതിയുടെ കാര്യക്ഷമമായ പ്രവർത്തനത്തിനായി തലശ്ശേരിയിലെയും കൂത്തുപറമ്പിലെയും ഉൾപ്പെടെ കിടത്തി ചികിത്സയുള്ള സംസ്ഥാനത്തെ എല്ലാ സഹകരണ ആശുപത്രികളെയും മെച്ചപ്പെട്ട ചികിത്സ ലഭിക്കുന്ന മറ്റ് സ്വകാര്യ ആശുപത്രികളെയും പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള ചർച്ചകൾ/നടപടികൾ നടത്തിവരുന്നു.

## മെഡിസെപ് പദ്ധതിയിൽ ഉൾപ്പെട്ട ആശുപത്രികൾ

90(571) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മെഡിസെപ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ആശുപത്രികൾ ഏതൊക്കെ യാണെന്നും പ്രസ്തുത ആശുപത്രികളിലെ ഏതൊക്കെ ചികിത്സകളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുന്നതെന്നും അറിയിക്കാമോ?

1-7-2022-ൽ പ്രാബല്യത്തിൽ വന്ന മെഡിസെപ് പദ്ധതി പ്രകാരം 1-7-2022 വരെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ആശുപത്രികളുടെ/ ചികിത്സകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്*. കൂടുതൽ ആശുപത്രികളെ പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ടും നിലവിലെ ലിസ്റ്റിൽ ആവശ്യമായ മാറ്റംവരുത്തിക്കൊണ്ടുമുള്ള അന്തിമ ലിസ്റ്റ് ഇൻഷ്വറൻസ് കമ്പനി നൽകുന്ന മുറയ്ക്ക് വെബ്സൈറ്റിൽ ലഭ്യമാക്കുന്നതാണ്.

## മെഡിസെപ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

91(572) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ് പദ്ധതിയിൽ കൂടുതൽ ആശുപത്രികളെ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

സർക്കാർ ഈ വർഷം നടപ്പിലാക്കിയ സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ് പദ്ധതിയിൽ കൂടുതൽ സ്വകാര്യ ആശുപത്രികളെ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ കൂടി നടന്നുവരുന്നു.

(ബി) ശ്രീചിത്ര, ആർ.സി.സി. ഉൾപ്പെടെയുള്ള മറ്റു ക്യാൻസർ സെന്ററുകൾ എന്നിവയെക്കൂടി പ്രസ്തുത പദ്ധതിയുടെ ഭാഗമാക്കാൻ നടപടി സ്വീകരിക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആർ.സി.സി. നിലവിൽ പദ്ധതിയിൽ എംപാനൽ ചെയ്തിട്ടുണ്ട്. ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിനെ പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള ശ്രമങ്ങൾ നടത്തിവരുന്നു.

**മെഡിസെപ് ക്ലെയിം നിരസിച്ച സംഭവങ്ങൾ**

92(573) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ് പദ്ധതിയിൽ എംപാനൽ ചെയ്തിട്ടുള്ള പല ആശുപത്രികളും പോളിസി ഉടമകളായ ഉദ്യോഗസ്ഥരോടും പെൻഷൻകാരോടും ആശാസ്യകരമായ രീതിയിലല്ല പെരുമാറുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പൊതുവിൽ ഇല്ല. ഇത്തരത്തിലുള്ള ഒന്നുരണ്ട് സാഹചര്യങ്ങൾ ഉണ്ടായിട്ടുണ്ടെന്നും ആയത് ഇൻഷ്വറൻസ് കമ്പനി പരിഹരിച്ചിട്ടുമുണ്ടെന്നുമാണ് കമ്പനിയിൽ നിന്നും ലഭിച്ച വിവരം.

(ബി) രോഗികളെ അഡ്മിറ്റ് ചെയ്യുന്നതിന് വിമുഖത കാണിക്കുന്ന സംഭവങ്ങളും ചികിത്സാചെലവ് മുൻകൂട്ടി അടയ്ക്കാൻ ആവശ്യപ്പെടുന്നതുൾപ്പെടെയുള്ള സംഭവങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ പദ്ധതിയിലെ മാനദണ്ഡങ്ങൾ ലംഘിച്ച ഏതെല്ലാം ആശുപത്രികൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

ഉണ്ട്. പദ്ധതിയുടെ ആരംഭഘട്ടത്തിൽ ഇത്തരത്തിലുള്ള കുറച്ച് സംഭവങ്ങൾ ഇൻഷ്വറൻസ് കമ്പനിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആയത് കമ്പനി ആശുപത്രി അധികൃതരുമായി ബന്ധപ്പെട്ട് പരിഹരിച്ചിട്ടുള്ളതും ചില ആശുപത്രികൾക്ക് ലീഗൽ നോട്ടീസ് നൽകുകയും ചെയ്തിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

(സി) ഇൻഷ്വറൻസ് ക്ലെയിം നിഷേധിച്ചത് സംബന്ധിച്ച് ഏതെല്ലാം ആശുപത്രികൾക്കെതിരെ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; ഇതിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഇതുസംബന്ധിച്ച് സർക്കാരിൽ ലഭിച്ച പരാതികൾ ഇൻഷ്വറൻസ് കമ്പനിക്ക് കൈമാറിയിട്ടുണ്ട്. ഓരോന്നും പ്രത്യേകമായി കമ്പനി പരിശോധിച്ചുവരുന്നു.

**ഭരണഘടനാ സാക്ഷരത**

93(575) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് ഭരണഘടനയെ സംബന്ധിച്ച അറിവ് നൽകുന്നതിന് നിയമ വകുപ്പിന് പദ്ധതികളുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ?

നിയമ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിൽ ഉൾപ്പെടുന്ന കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റി (കെൽസ) താഴെപ്പറയും പ്രകാരം വിവിധ പരിപാടികൾ നടത്തിവരുന്നുണ്ട്.

വിദ്യാർത്ഥികളിൽ നിയമാവബോധം വർദ്ധിപ്പിക്കുന്നതിനായി വിവിധ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നുണ്ട്.

(a) നിയമപാഠം സ്കൂൾ കുട്ടികൾക്ക്

(b) നിയമപാഠം കോളേജ് വിദ്യാർത്ഥികൾക്ക്

(c) Lessons in Law for CBSE students

ഭരണഘടനയുടെ പ്രസക്തഭാഗങ്ങളും ഒരു പൗരൻ അറിഞ്ഞിരിക്കേണ്ട എല്ലാ പ്രധാനപ്പെട്ട നിയമങ്ങളും സ്കൂൾ നിയമപാഠത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

'നിയമഗ്രോത്രം' പദ്ധതിയുടെ ഭാഗമായി വയനാട് ജില്ലയിൽ ആദിവാസി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നിയമ വിദ്യാഭ്യാസത്തിന് പ്രവേശനം ലഭിക്കുന്നതിനായി എൻട്രൻസ് കോച്ചിംഗ് ക്ലാസ്സുകൾ നടത്തിവരുന്നുണ്ട്.

ബുക്ക് ചലഞ്ച് പരിപാടിയുടെ ഭാഗമായി കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ ബാലമന്ദിരങ്ങളിൽ ലൈബ്രറികൾ സ്ഥാപിക്കുകയുണ്ടായി.

കുട്ടികളിൽ നിയമാവബോധം വർദ്ധിപ്പിക്കുന്നതിനായി കഴിഞ്ഞ പതിനൊന്ന് വർഷമായി സ്കൂൾ തലത്തിലും താലൂക്കുതലത്തിലും ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും കെൽസയുടെ ആഭിമുഖ്യത്തിൽ നിയമപാഠ പുസ്തകത്തെ ആസ്പദമാക്കി ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്കായി ക്വിസ് കോംപറ്റീഷൻ നടത്തിവരുന്നു.

സ്കൂളുകളിൽ ലിറ്ററസി ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും കൗൺസിലിംഗ് ഉൾപ്പെടെ വിവിധ പരിപാടികൾ അദ്ധ്യാപകരുടെ മേൽനോട്ടത്തിൽ ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികൾ വഴി നടത്തിവരുന്നു. ഭരണഘടന സാക്ഷരത ജനകീയമാക്കുന്നതിലേയ്ക്കായി ഭരണഘടനാ തത്വങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള നിയമസാക്ഷരത പരിപാടികൾ സംസ്ഥാനത്തുടനീളം ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികളുടെ ആഭിമുഖ്യത്തിൽ നടത്തിയിട്ടുണ്ട്.

(ബി) സിലബസ്സുകളിൽ ഭരണഘടന സംബന്ധിച്ച വിഷയങ്ങൾ ഉൾപ്പെടുത്തുന്നതിന് നിയമ വകുപ്പ് മുൻകയ്യെടുക്കാമോ?

ഉന്നതവിദ്യാഭ്യാസ/പൊതുവിദ്യാഭ്യാസ വകുപ്പുകളാണ് സിലബസ്സുകൾ ചിട്ടപ്പെടുത്തുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിക്കുന്നത്.

(സി) സംസ്ഥാനത്തെ ആരോഗ്യ, എഞ്ചിനീയറിംഗ് പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ഭരണഘടനാപഠനം ഉറപ്പുവരുത്താൻ നിയമ വകുപ്പ് മുൻകൈ എടുക്കുമോ; വ്യക്തമാക്കാമോ?

ആരോഗ്യ, എഞ്ചിനീയറിംഗ്, പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് നിയമപഠനം ഉറപ്പുവരുത്തുന്ന വിഷയം നിയമ വകുപ്പിന്റെ പരിധിയിൽ വരുന്നതല്ല. ആയതിനാൽ ഇക്കാര്യത്തിൽ നിയമ വകുപ്പിന് പ്രത്യേകമായി തീരുമാനമെടുക്കാൻ സാധിക്കുന്നതല്ല.

**കാസർഗോഡ് കെ.എസ്.ഐ.ഡി.സി.**

94(576) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ കീഴിലുള്ള 1.99 ഏക്കർ സ്ഥലത്ത് പുതുതായി വ്യവസായം ആരംഭിക്കുന്നതിന് കഴിഞ്ഞ ബഡ്ജറ്റിൽ അനുവദിച്ച 2.5 കോടി രൂപ വിനിയോഗിച്ച് ഏത് രീതിയിലുള്ള വ്യവസായം തുടങ്ങാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് കെ.എസ്.ഐ.ഡി.സി.-യുടെ കീഴിലുള്ള 1.99 ഏക്കർ ഭൂമിയിൽ വ്യവസായം ആരംഭിക്കുന്നതിനായി 2022-23 ബഡ്ജറ്റിൽ സർക്കാർ 2.50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് ചുറ്റുമതിൽ കെട്ടുന്നതിനായി 33 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ചുറ്റുമതിൽ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി 1.99 ഏക്കർ ഭൂമിയിൽ ഒരു ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു മാതൃകാ വ്യവസായ സമുച്ചയ കെട്ടിടമാണ് ഉദ്ദേശിച്ചിരിക്കുന്നത്. കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രാരംഭനടപടികൾ നടന്നു വരികയാണ്. ഭക്ഷ്യ, കാർഷിക മേഖലയിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനവും പാക്കിംഗും മറ്റുവ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനും അനുയോജ്യമായിട്ടാണ് കെട്ടിടം രൂപകൽപ്പന ചെയ്യുന്നത്.

(ബി) ഇതിനാവശ്യമായ എസ്റ്റിമേറ്റും പ്ലാനും തയ്യാറായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) എങ്കിൽ എത്ര രൂപയുടെ എസ്റ്റിമേറ്റാണെന്ന് വ്യക്തമാക്കാമോ; എസ്റ്റിമേറ്റിന്റെയും പ്ലാനിന്റെയും പകർപ്പ് ലഭ്യമാക്കാമോ?

(ബി&സി) പദ്ധതിയുടെ നടത്തിപ്പിനായി കിറ്റ്കോയെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി നിയമിച്ചിട്ടുണ്ട്. നിലവിൽ ടോപ്പോഗ്രാഫിക്കൽ സർവ്വേ പൂർത്തിയായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റും പ്ലാനും തയ്യാറാക്കി വരികയാണ്.

(ഡി) എത്ര പേർക്ക് തൊഴിൽ ലഭിക്കുന്ന വ്യവസായമായിരിക്കുമിതെന്ന് വ്യക്തമാക്കാമോ?

മാതൃകാ വ്യവസായ സമുച്ചയകെട്ടിടത്തിൽ ആരംഭിക്കുന്ന വ്യവസായങ്ങൾ വഴി ഏകദേശം ആയിരം പേർക്ക് തൊഴിൽ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

**പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷൻ പ്രായം**

95(577) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഓരോ പൊതുമേഖലാ സ്ഥാപനത്തിലെയും ജീവനക്കാരുടെ പെൻഷൻ പ്രായം എത്രയാണെന്ന് വ്യക്തമാക്കുമോ?

വ്യവസായ വകുപ്പിന്റെ കീഴിലുള്ള 43 പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷൻ പ്രായം സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷൻ പ്രായം വ്യത്യസ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവരുടെ പെൻഷൻ പ്രായം ഏകീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷൻ പ്രായം വ്യത്യസ്തമാണ്. എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ ശമ്പളപരിഷ്കരണവും പെൻഷൻ പ്രായവും ഏകീകരിക്കുന്നതുസംബന്ധിച്ച് വിദഗ്ധ സമിതി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**പൊതുമേഖലാ സ്ഥാപനങ്ങളിലെ വ്യവസായങ്ങൾ**

96(578) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളിലെ വ്യവസായങ്ങൾ സംരക്ഷിക്കുന്നതിനും ലാഭകരമാക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങളിലെ വ്യവസായങ്ങൾ ആധുനികവൽക്കരിക്കുന്നതിനും വൈവിധ്യവൽക്കരിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

(എ & ബി) ഓഹരികൾ വിറ്റഴിച്ച് പൊതുമേഖലാ സ്ഥാപനങ്ങളെ കയ്യൊഴിയുക എന്ന കേന്ദ്ര സർക്കാരിന്റെ നയസമീപനത്തിന് ബദലായി സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ പൊതുമേഖലയിൽത്തന്നെ നിലനിർത്തുന്നതിനുള്ള സമീപനമാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ഇതുകൂടാതെ വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനും ലാഭകരമാക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർത്തിരിക്കുന്നു:-

- സ്ഥാപനങ്ങൾ കൂടുതൽ മത്സരക്ഷമമാക്കുന്നതിന് ഉൽപ്പാദന-വിപണന സംവിധാനങ്ങളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്താൻ ഓരോ സ്ഥാപനത്തിനും അനുയോജ്യമായ ആധുനികവത്കരണ, വിപുലീകരണ, വൈവിദ്ധ്യവത്ക്കരണ പദ്ധതികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള മാസ്റ്റർപ്ലാനുകൾ ഓരോ സ്ഥാപനവും സമർപ്പിച്ചിട്ടുണ്ട്.

- മാസ്റ്റർ പ്ലാനിന്റെ ഭാഗമായ വ്യവസായ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് മേൽനോട്ടം വഹിക്കാൻ പ്രത്യേക പ്രാവീണ്യമുള്ള വിദഗ്ധരെ ഉൾപ്പെടുത്തി ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് സജ്ജമാക്കിയിട്ടുണ്ട്. ടെക്നിക്കൽ, പ്രോജക്ട് എക്സിക്യൂഷൻ, ഫിനാൻസ് എന്നീ മേഖലകളിലേയ്ക്കാണ് പ്രസ്തുത വിദഗ്ധരുടെ സേവനം ലഭ്യമാക്കിയിരിക്കുന്നത്.

- കമ്പനികളുടെ സമഗ്രമായ പുനഃസംഘടനയ്ക്കും സ്വയംഭരണം നല്കുന്നതിനും സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിർദ്ദേശിക്കുന്നതിനും മുൻ ചീഫ് സെക്രട്ടറിയും കെ.എസ്.ഐ.ഡി.സി. ചെയർമാനുമായ ശ്രീ. പോൾ ആന്റണി, ഐ.എ.എസ്. (റിട്ട.) ചെയർമാനായി ഒരു വിദഗ്ധ കമ്മിറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് പരിശോധിച്ചുവരികയാണ്.

- വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മാസംതോറും അവലോകനം ചെയ്തുവരുന്നുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇന്റേണൽ ആഡിറ്റ് സംവിധാനവും സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സംവിധാനവും പ്രത്യേക അവലോകനത്തിന് വിധേയമാക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

- വ്യവസായ വകുപ്പിനുകീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ സംവിധാനങ്ങളും നടപ്പിലാക്കിവരുന്ന പദ്ധതികളുടെ മേൽനോട്ടത്തിനായി ഓൺലൈൻ വെബ് പോർട്ടൽ ആരംഭിച്ചിട്ടുണ്ട്.

- സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ കൂടുതൽ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനായി അതത് മേഖലയിൽ വിദഗ്ദ്ധരായവരെ കമ്പനി മേധാവികളായി നിയമിക്കുന്നതിനും ഡയറക്ടർ ബോർഡുകളിൽ വിദഗ്ദ്ധരെ ഉൾപ്പെടുത്തി ശക്തിപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

- നൂതന ഇലക്ട്രോണിക് ഗവേണൻസ് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

- ജീവനക്കാരുടെ കാര്യക്ഷമതയും മികവും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളിലെ ചെയർമാൻ, മാനേജിംഗ് ഡയറക്ടർ ഉൾപ്പെടെയുള്ള ഡയറക്ടർ ബോർഡ് അംഗങ്ങൾക്കും ആവശ്യമായ പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

- പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനമികവിന് അംഗീകാരം നൽകുന്നതിന്റെ ഭാഗമായി ഏറ്റവും മികച്ച സ്ഥാപനം, മാനേജിംഗ് ഡയറക്ടർ, ജീവനക്കാരൻ, വ്യവസായ മേഖലയെ സംബന്ധിച്ച മികച്ച മാധ്യമ റിപ്പോർട്ടിംഗ് എന്നീ മേഖലകളിൽ അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ട്.

- കേന്ദ്ര സർക്കാർ സ്വകാര്യവത്കരിക്കാൻ തീരുമാനിച്ച ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റിഡിനെ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് എന്ന പേരിൽ പുതിയ പൊതുമേഖലാ സ്ഥാപനമായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

- കേന്ദ്ര സർക്കാർ സ്വകാര്യവത്കരിക്കാൻ തീരുമാനിച്ച കാസർഗോഡ് ജില്ലയിൽ പ്രവർത്തിച്ചിരുന്ന ഭെൽ-ഇ.എം.എൽ. കമ്പനി സംസ്ഥാനം ഏറ്റെടുക്കുന്നതിന്റെ ഭാഗമായി ബി.എച്ച്.ഇ.എൽ.-ന് ഭെൽ-ഇ.എം.എൽ.-ൽ ഉണ്ടായിരുന്ന 51% ഓഹരികളും കേരള സർക്കാർ ഏറ്റെടുത്ത് പ്രസ്തുത സ്ഥാപനത്തെ കെൽ-ഇ.എം.എൽ. എന്ന് പുനഃനാമകരണം ചെയ്ത് പൂർണ്ണമായും സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമാക്കി മാറ്റിയിട്ടുണ്ട്.

**ആലപ്പുഴയിലെ പൊതുമേഖലാ സ്ഥാപനങ്ങൾ**

97(579) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിൽ ആലപ്പുഴ ജില്ലയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും അവ നടത്തുന്ന ഉൽപ്പാദനങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ;

(ബി) ഈ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ സ്ഥലസൗകര്യം ഉറപ്പ് വരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ആവശ്യമായ സ്ഥലത്തിന് പുറമെയുള്ള സ്ഥലങ്ങളിൽ മറ്റ് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ-സി) മറുപടി അനുബന്ധമായി ചേർത്തിരിക്കുന്നു*.

**കേന്ദ്ര സർക്കാർ പൂട്ടാൻ തീരുമാനിച്ച പൊതുമേഖലാ സ്ഥാപനങ്ങൾ**

98(580) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങളാണ് പൂട്ടാൻ തീരുമാനിച്ചിട്ടുള്ളത്;

(ബി) അത്തരം സ്ഥാപനങ്ങളെ ഏറ്റെടുക്കുന്നതിന് എന്തെങ്കിലും പാക്കേജ് നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

(എ & ബി) ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യവത്കരിക്കുകയും നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ അടച്ചു പൂട്ടുകയും ചെയ്യുന്ന നയമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചിരിക്കുന്നത്. എന്നാൽ പൊതുമേഖലാ സ്ഥാപനങ്ങളെ പൊതുമേഖലയിൽത്തന്നെ നിലനിർത്തി സംരക്ഷിക്കുന്ന ബദൽ നയസമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ച് വരുന്നത്. ഇതിനോടകം, കേന്ദ്ര സർക്കാർ സ്വകാര്യവത്കരിക്കുന്നതിനോ/ പൂട്ടുന്നതിനോ തീരുമാനിച്ച ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ്, BHEL-EML എന്നിവ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് യഥാക്രമം കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ്, കെൽ-EML എന്നിങ്ങനെ പുനർനാമകരണം ചെയ്ത് പൊതുമേഖലാ സ്ഥാപനങ്ങളായി പ്രവർത്തിച്ചുവരുന്നു. സമീപകാലത്ത്, സ്വകാര്യവത്കരിക്കാൻ കേന്ദ്രം തീരുമാനിച്ച H.L.L. (ഹിന്ദുസ്ഥാൻ ലൈഫ് കെയർ ലിമിറ്റഡ് ) സംസ്ഥാന

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സർക്കാർ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾക്കായി K.S.I.D.C.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ലേലത്തിൽ പങ്കെടുക്കുന്നതിന് സംസ്ഥാനത്തിന് അവകാശമില്ലെന്ന സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചിട്ടുള്ളത്. കൂടാതെ പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിനെ സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെങ്കിലും ഇക്കാര്യത്തിലുള്ള അന്തിമ അനുമതി കേന്ദ്ര സർക്കാരിൽനിന്നും ലഭ്യമായിട്ടില്ല. പൊതുമേഖലാ സ്ഥാപനങ്ങളെ സംസ്ഥാനത്തിന്റെ മുതൽക്കൂട്ടായി കണ്ടുകൊണ്ട് ഉല്പന്നത്തിന്റെ വിപണന സാധ്യതയും ലാഭകരമായി നടത്താനുള്ള സാങ്കേതികവിദ്യയും സ്വായത്തമായിട്ടുണ്ടെങ്കിൽ അവയുടെ മുൻകാല കടങ്ങൾ വീട്ടി ആ സ്ഥാപനത്തെ ഏറ്റെടുത്ത് പുനരുജ്ജീവിപ്പിക്കുക എന്നുള്ളതാണ് സംസ്ഥാന സർക്കാർ അനുവർത്തിച്ചിരിക്കുന്ന നയം.

**പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം**

99(581) ശ്രീ. എച്ച് . സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ നിലവിൽ ലാഭത്തിൽ പ്രവർത്തിക്കുന്നുവെന്നും അവയുടെ പ്രവർത്തന ലാഭം എത്ര വീതമെന്നും വ്യക്തമാക്കുമോ;

(ബി) മുൻസർക്കാർ അധികാരമേൽക്കുമ്പോൾ ലാഭത്തിലും നഷ്ടത്തിലും പ്രവർത്തിച്ചിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ?

(എ & ബി) വിവരം അനുബന്ധം (1), (2) ആയി ചേർത്തിരിക്കുന്നു.*

(സി) വ്യവസായ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും കൂടുതൽ വ്യവസായങ്ങൾ കൊണ്ടുവരുന്നതിനും സ്വീകരിച്ച നടപടിമൂലം സംസ്ഥാനത്ത് പുതുതായി എത്തിയ വ്യവസായ സംരംഭകർ ആരൊക്കെ; എത്ര കോടി രൂപയുടെ ഇൻവെസ്റ്റ്മെന്റ് ഇതിലൂടെ ഉണ്ടായി; എത്ര പേർക്ക് ഇതിലൂടെ തൊഴിൽ ലഭിച്ചു; വിശദമാക്കാമോ?

സംസ്ഥാന സർക്കാരിന്റെ വിവിധ പ്രോത്സാഹന പ്രവർത്തനങ്ങളുടേയും സഹായ പദ്ധതികളുടേയും ഫലമായി സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭ മേഖലയിൽ ഈ സാമ്പത്തിക വർഷം നാളിതുവരെ ആകെ 48,751 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ 2,864.59 കോടി രൂപയുടെ നിക്ഷേപവും 1,06,517 തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ 100 കോടി രൂപയ്ക്ക് മുകളിൽ നിക്ഷേപമുള്ള വ്യവസായ സംരംഭങ്ങളും സ്ഥാപനങ്ങളുമായി സർക്കാർ നടത്തുന്ന ആശയവിനിമയ വേദിയായ "മീറ്റ് ദ ഇൻവെസ്റ്റർ" പദ്ധതിയിൽ ഏകദേശം 7,000 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനമാണ് ലഭിച്ചിട്ടുള്ളത്. 20 കമ്പനികളാണ് സംസ്ഥാനത്ത് നിക്ഷേപം നടത്തുന്നതിന് താൽപ്പര്യം പ്രകടിപ്പിച്ചിട്ടുള്ളത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭനഷ്ട കണക്ക്

100(582) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ വ്യവസായ വകുപ്പിനുകീഴിലുള്ള പല പൊതുമേഖലാ സ്ഥാപനങ്ങളുടെയും പ്രവർത്തന നഷ്ടം കുറച്ചുകാണിക്കാനായി നിയമസഭയ്ക്കും റിയാബിനും (പബ്ലിക് സെക്ടർ റീസ്ട്രക്ച്ചറിംഗ് ആന്റ് ഇന്റേണൽ ആഡിറ്റ് ബോർഡ്) സർക്കാരിനും തെറ്റായ കണക്കുകൾ പല പൊതുമേഖലാ സ്ഥാപനങ്ങളും സമർപ്പിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വ്യവസായ വകുപ്പിനുകീഴിലുള്ള ഓരോ പൊതുമേഖലാ സ്ഥാപനവും 2016-17 മുതൽ 2020-21 വരെയുള്ള കാലയളവിൽ റിയാബിനും സർക്കാരിനും നിയമസഭയ്ക്കും സമർപ്പിച്ച കണക്കുകൾ പ്രകാരം ഓരോ വർഷത്തെയും പ്രവർത്തന ലാഭവും/പ്രവർത്തന നഷ്ടവും എത്രയെന്നും പ്രസ്തുത കാലയളവിലെ ടി സ്ഥാപനങ്ങളുടെ ഓഡിറ്റ് പൂർത്തിയായശേഷമുള്ള പ്രവർത്തന ലാഭവും/പ്രവർത്തന നഷ്ടവും എത്രയെന്നും വ്യക്തമാക്കുമോ?

2016-17 മുതൽ 2020-21 വരെയുള്ള കാലഘട്ടത്തിൽ സംസ്ഥാനത്ത് വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ റിയാബിന്റെ മേൽനോട്ടത്തിൽ വരുന്ന സ്ഥാപനങ്ങളുടെ ബി.പി.ഇ. റിവ്യൂ അവലംബിച്ചുള്ള പ്രവർത്തന റിപ്പോർട്ട് അനുബന്ധമായി ചേർത്തിരിക്കുന്നു*. ഓഡിറ്റ് പൂർത്തിയായ ശേഷമുള്ള കണക്കുകളുമായി താരതമ്യ വിശകലനം നടത്തിയിട്ടില്ല.

(സി) വ്യവസായ വകുപ്പിന് കീഴിലുള്ള പല സ്ഥാപനങ്ങളിലും 2016-17 മുതൽ 2020-21 വരെയുള്ള വർഷങ്ങളിലെ ഓഡിറ്റ് പൂർത്തിയായശേഷമുള്ള കണക്കുകൾ പ്രകാരം അൻപത് ലക്ഷത്തിലധികം രൂപയുടെ പ്രവർത്തന നഷ്ടം കൂടിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അൻപത് ലക്ഷത്തിലധികം രൂപയുടെ പ്രവർത്തന നഷ്ടം കൂടിയിട്ടുള്ള സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും ഓരോ സ്ഥാപനത്തിലും എത്ര ലക്ഷം രൂപയുടെ വർദ്ധനവ് ഉണ്ടായെന്നും എന്തുകൊണ്ടാണ് ഈ കണക്കുകളിൽ ഇത്രയധികം വ്യത്യാസമുണ്ടായതെന്നും വിശദമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി & ഡി) ഇത്തരമൊരു ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രൊവിഷണൽ കണക്കുകൾ ഇന്റേണൽ ഓഡിറ്റ് പൂർത്തീകരിച്ച് ചാർട്ടേഡ് അക്കൗണ്ടന്റ് സർട്ടിഫൈ ചെയ്യുന്നതാണ്. ഓരോ വർഷവും നടത്തുന്ന പ്രൊവിഷണൽ അക്കൗണ്ടും ആഡിറ്റ് പൂർത്തിയാക്കിയശേഷമുള്ള അക്കൗണ്ടുമായി താരതമ്യവിശകലനം നടത്തിയിട്ടില്ല.

## കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവൽക്കരണം

101(583) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:

ശ്രീ. ആന്റണി ജോൺ:

ശ്രീ. കെ.പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:

ശ്രീ. എച്ച് . സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കുന്നതിന്റെ ഭാഗമായി ഓഹരികൾ വിൽക്കുന്ന ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡ് (ഹിന്ദുസ്ഥാൻ ലൈഫ് കെയർ) ഏറ്റെടുക്കാനുള്ള സംസ്ഥാന സർക്കാരിന്റെ നീക്കത്തിന് കേന്ദ്ര സർക്കാർ വിലക്കേർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) കേരളത്തിലെ എച്ച്.എൽ.എൽ. സ്ഥാപനങ്ങളുടെ ഓഹരി ലേലത്തിൽ പങ്കെടുക്കാനും ആസ്തികൾ ഏറ്റെടുക്കാനും സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനെ ചുമതലപ്പെടുത്തിയിരുന്നോ;

(സി) കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യ മേഖലയ്ക്ക് വിറ്റഴിക്കുന്ന കേന്ദ്ര നയത്തിന്റെ ഭാഗമായി ഓഹരികൾ സംസ്ഥാന സർക്കാർ സ്വീകരിക്കാൻ പാടില്ല എന്ന കേന്ദ്ര സർക്കാർ നയം തിരുത്തിക്കാൻ സർക്കാർ തലത്തിൽ പ്രത്യേകമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; കേന്ദ്ര സർക്കാരിന്റെ ഈ വിറ്റഴിക്കൽ നയം സംസ്ഥാനത്തിന്റെ വ്യാവസായിക, തൊഴിൽ മേഖലകളെ എങ്ങനെയെല്ലാം ബാധിക്കുമെന്ന് അറിയിക്കാമോ; വിശദാംശം നൽകാമോ?

(എ-സി) കേന്ദ്ര സർക്കാർ വിറ്റ് ഒഴിയുന്നതിന് തീരുമാനിച്ചിട്ടുള്ള ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡ് (ഹിന്ദുസ്ഥാൻ ലൈഫ് കെയർ) ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ടുള്ള ടെൻഡർ നടപടികളിൽ പങ്കെടുക്കാനും സ്ഥാപനത്തിന്റെ ഉടമസ്ഥ തയിലുള്ള ആസ്തികൾ ഏറ്റെടുക്കുന്നതിനുള്ള സാധ്യതകൾ ആരായുന്നതിനുമായി കേരള സർക്കാർ K.S.I.D.C.-യെ ചുമതലപ്പെടുത്തിയിരുന്നു. തുടർന്ന് K.S.I.D.C., കേന്ദ്ര സർക്കാർ നിർദ്ദേശിച്ച സമയപരിധിക്കുള്ളിൽത്തന്നെ ടെൻഡർ നടപടികളുമായി

ബന്ധപ്പെട്ട E.O.I. (എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ്) സമർപ്പിച്ചിരുന്നു. എന്നാൽ എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡ് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രക്രിയയുടെ അടുത്ത ഘട്ടത്തിലേയ്ക്ക് കേന്ദ്ര സർക്കാർ ടി E.O.I. ഷോർട്ട് ലിസ്റ്റ് ചെയ്തിരുന്നില്ല. M/s. ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡ് സ്ഥാപിക്കുന്നതിനായി ഭൂമി ഏറ്റെടുത്ത് നൽകിയത് സംസ്ഥാന സർക്കാർ ആയിരിക്കെ, പ്രസ്തുത സ്ഥാപനം നടത്തുന്നതിന് കേന്ദ്ര സർക്കാരിന് താൽപ്പര്യമില്ലെങ്കിൽ ഏറ്റെടുത്ത് നടത്തുന്നതിന് സംസ്ഥാന സർക്കാർ സന്നദ്ധമാണെന്നും ലേല നടപടികളിൽ പങ്കെടുക്കുന്നതിന് സംസ്ഥാന സർക്കാരിന് അനുമതി നൽകണമെന്നും ആവശ്യപ്പെട്ട് ബഹു. പ്രധാനമന്ത്രിക്ക് 11-3-2022-ന് ബഹു. മുഖ്യമന്ത്രി കത്ത് അയച്ചിട്ടുണ്ടെങ്കിലും ആയതിന് മറുപടി ലഭ്യമായിട്ടില്ല. താൽപര്യപത്രം പരിശോധിക്കുന്ന പ്രൈസ് വാട്ടർ കൂപ്പർ കമ്പനി, സംസ്ഥാന സർക്കാർ – കെ.എസ്.ഐ.ഡി.സി. സംയുക്തമായി ലേല നടപടികളിൽ പങ്കെടുക്കുന്നതിന് സമർപ്പിച്ച താൽപര്യപത്രം സംസ്ഥാന സർക്കാർ ലേലത്തിൽ പങ്കെടുക്കുന്നതിന് Preliminary Information Memorandum (PIM)-ലെ വ്യവസ്ഥകൾ പ്രകാരമുള്ള ലീഡ് മെമ്പർ എന്ന നിലയിലും Incorporation Criteria, Net worth Criteria, Profitability Criteria എന്നീ വ്യവസ്ഥകൾ പ്രകാരവും യോഗ്യമായിട്ടില്ലായെന്ന് ചൂണ്ടിക്കാട്ടി താൽപ്പര്യപത്രം നിരസിച്ചതായി അറിയിച്ചുകൊണ്ട് കെ.എസ്.ഐ.ഡി.സി.-ക്ക് മറുപടി നൽകുകയുണ്ടായി. ഓഹരികൾ വിറ്റഴിച്ച് പൊതുമേഖലാ സ്ഥാപനങ്ങളെ കയ്യൊഴിയുകയെന്ന കേന്ദ്ര സർക്കാരിന്റെ നയസമീപനത്തിന് വിഭിന്നമായി പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുക എന്ന സംസ്ഥാന സർക്കാരിന്റെ ബദൽ നയത്തിൽ ഊന്നി നിന്നുകൊണ്ട് വീണ്ടും കേന്ദ്ര സർക്കാരിനെ സമീപിച്ച് സംസ്ഥാന സർക്കാറിന്റെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. ഭാരത് പ്രെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (ബി.പി.സി.എൽ.)-ന്റെ ഓഹരി വിറ്റഴിക്കാനുള്ള നീക്കത്തിൽനിന്ന് പിന്മാറണമെന്നാവശ്യപ്പെട്ട് ബഹു. മുഖ്യമന്ത്രി 17-10-2019, 18-3-2020 എന്നീ തീയതികളിൽ ബഹു. പ്രധാനമന്ത്രിക്ക് കത്തുകൾ അയച്ചിരുന്നു. കൂടാതെ, ദേശീയ താൽപ്പര്യവും സംസ്ഥാനത്തിന്റെ പ്രത്യേക താൽപ്പര്യവും കണക്കിലെടുത്ത് ബി.പി.സി.എൽ.-ന്റെ ഓഹരി വിറ്റഴിക്കാനുള്ള നീക്കത്തിൽനിന്ന് കേന്ദ്ര സർക്കാർ പിന്മാറണമെന്നും കമ്പനിയെ പൊതുമേഖലയിൽ നിലനിർത്തണമെന്നും 19-11-2019-ന് സംസ്ഥാന നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കി കേന്ദ്ര സർക്കാറിന്റെ ശ്രദ്ധയിൽ പ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിറ്റഴിക്കൽ തീരുമാനം സംസ്ഥാനത്തിന്റെ വ്യവസായിക വളർച്ചയെ പ്രതികൂലമായി ബാധിക്കുന്നതോടൊപ്പം അതത് സ്ഥാപനങ്ങളിൽ പ്രവർത്തിച്ചുവരുന്ന ജീവനക്കാരുടെ തൊഴിലിനേയും അതുമായി ബന്ധപ്പെട്ട്

സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന അനുബന്ധ വ്യവസായങ്ങളുടെ പ്രവർത്തനങ്ങളേയും പ്രതികൂലമായി ബാധിക്കും. വളരെയധികം തന്ത്രപ്രധാനമായ മേഖലകളിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളുടെ പൊതുമേഖലയിൽനിന്നുള്ള മാറ്റം സംസ്ഥാനത്തിന്റെ വ്യാവസായിക മേഖലയുടെ മൊത്തത്തിലുള്ള വളർച്ചയും കൂടുതൽ വൈദഗ്ദ്ധ്യമുള്ള മേഖലകളിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളുടെ പൊതുമേഖലയിൽ നിന്നുള്ള മാറ്റം കൂടുതൽ വൈദഗ്ദ്ധ്യമുള്ള മേഖലകളിലെ കൂടുതൽ തൊഴിൽ ലഭ്യതയുടെ വർദ്ധനവിനും വിലങ്ങുതടിയാകും. കൂടാതെ സംസ്ഥാനത്തുള്ള പൊതു ആസ്തികൾ അന്യാധീനപ്പെടുന്നതിനും ഇടയാക്കും.

(ഡി) കേന്ദ്ര സർക്കാരിന്റെ സ്വകാര്യവൽക്കരണത്തിന് തടയിട്ടും കേന്ദ്ര ബാധ്യത തീർത്തും സമീപകാലത്ത് ഏതെങ്കിലും വ്യവസായ സ്ഥാപനം ഏറ്റെടുത്തിട്ടുണ്ടോ; വിശദാംശം നൽകാമോ?

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തി പൊതുമേഖലയിൽത്തന്നെ സംരക്ഷിച്ച് നിലനിർത്തി ലാഭകരമായി പ്രവർത്തിപ്പിക്കണമെന്നുള്ള കേരള സർക്കാരിന്റെ ബദൽ വികസന നയത്തിന്റെ ഭാഗമായാണ് കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായിരുന്ന ഭെൽ-ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ്, കാസർഗോഡ്, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ്, വെള്ളൂർ എന്നിവ ഏറ്റെടുത്ത് പൂർണ്ണമായും സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളാക്കി മാറ്റിയിട്ടുള്ളത്.

പാലക്കാട് ജില്ലയിലെ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് എന്ന പൊതുമേഖലാ സ്ഥാപനം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നുണ്ട്. ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡിന്റെ കൈവശമുണ്ടായിരുന്ന 51% ഓഹരികൾ ഏറ്റെടുത്തുകൊണ്ട് കെൽ-ഇ.എം.എൽ. എന്ന് പുനർനാമകരണം ചെയ്ത് പൂർണ്ണമായും സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമാക്കി മാറ്റി.

ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷൻ ലിമിറ്റഡിന്റെ സബ്സിഡിയറി സ്ഥാപനമായിരുന്ന വെള്ളൂരിലെ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിനെ ഏറ്റെടുക്കുന്നതിനുവേണ്ടി National Company Law Tribunal, കൊച്ചി ബ്രാഞ്ചിന്റെ Corporate Insolvency Resolution Process പ്രകാരം സംസ്ഥാന സർക്കാരിനുവേണ്ടി കിൻഫ്ര സമർപ്പിച്ച 271.50 കോടി രൂപയുടെ Resolution Plan അനുസരിച്ച് ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റിന്റെ മുഴുവൻ ഓഹരികളും ഏറ്റെടുത്ത് M/s KPPL, Kerala Rubber Limited എന്നീ പുതിയ പൊതുമേഖലാ സ്ഥാപങ്ങൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

## മെറ്റൽ ഇൻഡസ്ട്രീസ്

102(584) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിലെ ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയിൽ സ്ഥിതി ചെയ്യുന്ന "മെറ്റൽ ഇൻഡസ്ട്രീസ്" എന്ന സ്ഥാപനം ആധുനികവത്കരിക്കുന്നതിനും കാലഘട്ടത്തിനനുസരിച്ച് പുതിയ ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ ആധുനികവത്കരണവുമായി ബന്ധപ്പെട്ട് മൂന്ന് ടൺ ഹാർമറും (ഓപ്പൺ ഡൈ ഫോർജിംഗ് ഫെസിലിറ്റി) റീജിയണൽ ഷോറൂമുകളും സ്ഥാപിക്കുന്നതിനായി 292 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും അതിന് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ, കമ്പനിയുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പെട്രോൾ പമ്പ് പോലുള്ള സംരംഭങ്ങളും ആരംഭിച്ചിട്ടുണ്ട്.

(ബി) 2016 മുതൽ 2021 വരെയുള്ള കാലയളവിൽ പ്രസ്തുത സ്ഥാപനം നടത്തിയ ബിസിനസിന്റെ ലാഭം എത്രയാണെന്ന് വ്യക്തമാക്കുമോ ?

2016-2021 വരെയുള്ള കാലയളവിൽ മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് നഷ്ടത്തിലാണ് പ്രവർത്തിച്ചിട്ടുള്ളത്.

## മലബാർ സിമന്റ്സ്

103(585) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലബാർ സിമന്റ്സിലെ നോൺ മാനേജീരിയൽ വിഭാഗം ജീവനക്കാർക്ക് സിമന്റ് വേജ് ബോർഡ് നിശ്ചയിക്കുന്ന ശമ്പളത്തിന് പകരം സംസ്ഥാനത്തെ മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിൽ സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന ശമ്പളവും ആനുകൂല്യങ്ങളും അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

മലബാർ സിമന്റ്സ് ലിമിറ്റഡിലെ നോൺ മാനേജീരിയൽ ജീവനക്കാരുടെ 1-4-2022 മുതലുള്ള പുതിയ ശമ്പള കരാർ ഉണ്ടാക്കുന്നതിനുള്ള പ്രാരംഭഘട്ട ചർച്ചകൾ നടന്നുവരികയാണ്.

**പാലക്കാട് ജില്ലയിൽ സംരംഭം തുടങ്ങുന്നതിന് നടപടി**

104(586) ശ്രീ. കെ. പ്രേംകുമാർ:താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭക വർഷമായി പ്രഖ്യാപിച്ച 2022-23 കാലയളവിൽ പാലക്കാട് ജില്ലയിൽ എത്ര സംരംഭങ്ങൾ തുടങ്ങുന്നതിനാണ് ലക്ഷ്യമിടുന്നത്?

സംരംഭക വർഷമായി പ്രഖ്യാപിച്ച 2022-23 കാലയളവിൽ പാലക്കാട് ജില്ലയിൽ 12563 സംരംഭങ്ങൾ തുടങ്ങുന്നതിനാണ് ലക്ഷ്യമിടുന്നത്.

(ബി) ലക്ഷ്യം കൈവരിക്കാനായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാ മാണെന്ന് വിശദമാക്കാമോ?

സംരംഭക വർഷത്തിന്റെ ഭാഗമായി ഒരു ഗ്രാമപഞ്ചായത്തിൽ ഒന്ന് എന്ന കണക്കിലും നഗരസഭകളിൽ 20 വാർഡുകൾക്ക് ഒന്ന് എന്ന കണക്കിലും പ്രൊഫഷണൽ യോഗ്യതയുള്ള ഇന്റേണുകളെ നിയമിച്ചിട്ടുണ്ട്. ഈ ഇന്റേണുകൾ വഴി തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സംരംഭക വർഷത്തിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുവരുന്നു. തിങ്കൾ, ബുധൻ ദിവസങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഇന്റേണുകളുടെ നേതൃത്വത്തിൽ സംരംഭകർക്ക് വിവിധ സേവനങ്ങൾ നൽകാൻ ഹെൽപ്ഡെസ്ക് പ്രവർത്തിച്ചുവരുന്നു. ഇതുകൂടാതെ, തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സംരംഭം ആരംഭിക്കാൻ താല്പര്യമുള്ളവർക്കായി മേയ്-ജൂൺ മാസങ്ങളിൽ പൊതുബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചിരുന്നു. ഇതിൽ നിന്ന് കണ്ടെത്തിയ സംരംഭകർക്കായി ഓഗസ്റ്റ് മാസം വിവിധ ബാങ്കുകളെയും സർക്കാർ വകുപ്പുകളെയും ഉൾപ്പെടുത്തി ലോൺ/ലൈസൻസ് മേളകൾ സംഘടിപ്പിച്ചു വരുന്നു.

സംരംഭക വർഷത്തിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്നതിനായി എസ്.എൽ.ബി.സി.-യുടെ ആഭിമുഖ്യത്തിൽ പ്രത്യേക വായ്പാ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. വായ്പ എടുക്കുന്ന സംരംഭകർക്ക് 4% പലിശ നിരക്കിൽ വായ്പ ലഭ്യമാകാനായി പലിശയിളവ് പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, ഫിഷറീസ് മുതലായ വകുപ്പുകളുമായി ചേർന്ന് അതത് മേഖലകളിലെ സംരംഭകത്വം വളർത്തുന്നതിനുള്ള പദ്ധതികളും നടന്നുവരുന്നുണ്ട്.

**വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ വ്യവസായ സ്ഥാപനങ്ങൾ**

105(587) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ പുതിയ വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ പുതിയ വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി, സംരംഭക സഹായ പദ്ധതി, നാനോ സംരംഭങ്ങൾക്കുള്ള മാർജിൻ മണി ഗ്രാന്റ്, നാനോ ഗാർഹിക സംരംഭങ്ങൾക്കുള്ള പലിശ ഇളവ് എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ലൈസൻസുകളും അനുമതികളും ലഭ്യമാക്കുന്നതിനുവേണ്ട സഹായങ്ങളും ജില്ലാ വ്യവസായ കേന്ദ്രം വഴി നൽകിവരുന്നു. ഗ്രൂപ്പായി സംരംഭങ്ങൾ ആരംഭിക്കാൻ ആഗ്രഹിക്കുന്നവർക്കായി ബ്ലോക്ക് തലത്തിൽ ജനകീയാസൂത്രണ പദ്ധതിയിലുൾപ്പെടുത്തി സംരംഭങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്. സർക്കാരിന്റെ 'ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ' എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും സംരംഭകർക്കു വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനും സഹായങ്ങൾ നൽകുന്നതിനുമായി പ്രൊഫഷണൽ യോഗ്യതയുള്ള ഇന്റേൺസിനെ നിയമിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത നടപടികളുടെ ഭാഗമായി വടക്കാഞ്ചേരി നിയോജക മണ്ഡലത്തിൽ എത്ര വ്യവസായങ്ങൾ പ്രവർത്തനം ആരംഭിച്ചെന്ന് വ്യക്തമാക്കുമോ?

867 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(സി) സംരംഭക വർഷമായി പ്രഖ്യാപിച്ച 2022-23 കാലയളവിൽ വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ എത്ര സംരംഭം തുടങ്ങുന്നതിനാണ് ലക്ഷ്യമിടുന്നത്; ഈ ലക്ഷ്യം കൈവരിക്കുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

വർഷം 2022-23-ന്റെ ഭാഗമായി വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ 974 സംരംഭങ്ങൾ ആരംഭിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഈ ലക്ഷ്യം കൈവരിക്കുന്നതിനായി വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും പ്രൊഫഷണൽ യോഗ്യതയുള്ള ഇന്റേൺസിനെ നിയമിച്ചു. സംരംഭകർക്ക് കൈത്താങ്ങ് സഹായങ്ങൾ നല്കുന്നതിനായി പൂർണ്ണ സജ്ജമായ ഹെൽപ്പ് ഡെസ്കും പഞ്ചായത്ത്/മുനിസിപ്പാലിറ്റികളിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

ഇതോടൊപ്പം താലൂക്ക് വ്യവസായ ഓഫീസിൽ പ്രൊഫഷണൽ യോഗ്യതയുള്ള ഒരു റിസോഴ്സ് പേഴ്സണെ നിയമിച്ചിട്ടുണ്ട്. ഈ പ്രവർത്തനങ്ങളുടെ ഏകോപനം ബ്ലോക്ക് തലത്തിലുള്ള വ്യവസായ വികസന ഓഫീസർമാർ വഴി നടത്തി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി ഓരോ പഞ്ചായത്ത്/മുനിസിപ്പാലിറ്റികളിൽ സംരംഭക ശില്പശാലകൾ നടത്തിയിട്ടുണ്ട്. തുടർന്ന് ലോൺ, സബ്സിഡി, ലൈസൻസ് എന്നിവയുമായി ബന്ധപ്പെട്ട് മേളകൾ നടത്തിവരുന്നുണ്ട്. ഇതിൽ പങ്കെടുക്കുന്ന സംരംഭകർക്ക് സംരംഭങ്ങൾ തുടങ്ങുന്നതിനുവേണ്ട സഹായങ്ങൾ നൽകുന്നുണ്ട്.

സിഡ്കോയുടെ ഉടമസ്ഥതയിലുള്ള അത്താണി വ്യവസായ പാർക്കിൽ ലഭ്യമായിട്ടുള്ള 10 സെന്റ് ഭൂമി സംരംഭകന് അനുവദിക്കുന്നതിലൂടെ പുതിയ ഒരു സംരംഭം ആരംഭിക്കാൻ കഴിയും.

**സംരംഭകർക്ക് കൂടുതൽ സൗകര്യങ്ങൾ നൽകുന്നതിന് നടപടി**

106(588) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. കെ. ബി. ഗണേഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡാനന്തരം സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സംരംഭകർക്ക് കൂടുതൽ സൗകര്യങ്ങൾ നൽകുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ?

കേരളത്തിന്റെ സാമ്പത്തിക വളർച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വികസനവുമായി ബന്ധപ്പെട്ടതാണ്. കോവിഡാനന്തരം ഈ മേഖലയിൽ ഉദ്പാദനവും തൊഴിലും വർദ്ധിപ്പിക്കുന്നതിനും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സംരംഭകർക്ക് കൂടുതൽ സൗകര്യങ്ങൾ നൽകുന്നതിനും വകുപ്പ് വിവിധങ്ങളായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് നിയമസഭ അംഗീകരിക്കുകയും തുടർന്ന് നിയമം നടപ്പിൽ വരികയുംചെയ്തു. സംസ്ഥാനത്ത് നിലവിലുള്ള ഇതര നിയമങ്ങൾ പ്രകാരമുള്ള അനുമതികളിൽനിന്ന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ റെഡ്

കാറ്റഗറിയിൽ ഉൾപ്പെടാത്ത സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ 3 വർഷത്തേയ്ക്ക് ഒഴിവാക്കുന്നതിന് ഈ നിയമത്തിൽ വ്യവസ്ഥയുണ്ട്. നിക്ഷേപം സംബന്ധിച്ച് സംരംഭകൻ സമർപ്പിക്കുന്ന സ്വയംസാക്ഷ്യപത്രം ഓൺലൈൻ (കെ-സ്വിഫ്റ്റ്) മുഖാന്തരം സ്വീകരിച്ച് ഭൗതിക പരിശോധന ഇല്ലാതെ ഉടൻതന്നെ ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡ് കൈപ്പറ്റ് സാക്ഷ്യപത്രം നൽകുന്നു. ലഭിക്കുന്ന കൈപ്പറ്റ് സാക്ഷ്യപത്രത്തിന് മൂന്ന് വർഷം കാലാവധി. മൂന്ന് വർഷത്തിനുശേഷം 6 മാസത്തിനകം അനുമതികൾ സംരംഭകൻ കരസ്ഥമാക്കിയാൽ മതിയാകുന്നതാണ്.

വിവിധ വകുപ്പുകളിലെ വ്യവസായവുമായി ബന്ധപ്പെട്ട നിയമങ്ങൾ സുഗമമാക്കുന്നതിനും ഗുരുതരമല്ലാത്ത പിഴവുകൾക്ക് ശിക്ഷാനടപടികൾ ഒഴിവാക്കുന്നതിനുമായുള്ള ഭേദഗതികൾ വരുത്താനുള്ള നടപടികൾ വകുപ്പ് തലങ്ങളിൽ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ വിവിധ വകുപ്പുകളുടെ സേവനങ്ങൾ ഓൺലൈൻ ആക്കുന്നതിനും അവയെ കെ-സ്വിഫ്റ്റ് ഏകജാലക സംവിധാനവുമായി ഏകോപിപ്പിക്കുന്നതിനുമുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചുവരുന്നുണ്ട്. ജില്ലാ-സംസ്ഥാന തലങ്ങളിൽ ഏകജാലക ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

കൂടാതെ സേവനങ്ങളും മറ്റുവിവരങ്ങളും സംരംഭകരിൽ എത്തിക്കുന്നതിനായി വിവിധ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ 'വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് പേജ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ ജില്ലാ സംസ്ഥാനതലങ്ങളിൽ വ്യവസായികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ പരിശോധനകൾ ഏകീകരിക്കുന്നതിനായി K-CIS സംവിധാനം നിലവിൽ വന്നിട്ടുണ്ട്.

ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് വ്യവസായികളുടെ സംശയദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി, എം.എസ്.എം.ഇ. ക്ലിനിക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ താലൂക്ക് വ്യവസായ ഓഫീസുകൾ ഫെസിലിറ്റേഷൻ സെന്ററുകളാക്കി മാറ്റുന്നതിന്റെ ഭാഗമായി താലൂക്ക് വ്യവസായ ഓഫീസുകളിൽ റിസോഴ്സ് പേഴ്സണെ നിയമിച്ച് പ്രവർത്തനം നടന്നുവരുന്നു. ഇത് കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സംരംഭക വർഷവുമായി ബന്ധപ്പെട്ട് പദ്ധതികളുടെ നടത്തിപ്പിനായി 1153 ഇന്റേണുകളെ നിയമിച്ച് പ്രവർത്തനം നടന്നുവരുന്നു.

സംരംഭകർക്ക് വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ടുണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി 2021-ലെ 137 നമ്പർ ഓർഡിനൻസ് പ്രകാരം, 1999-ലെ കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആൻഡ്

ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡെവലപ്മെന്റ് ആക്ട്, 1999 (2000-ലെ നിയമം5)-ന്റെ ഭേദഗതി വഴി നിലവിൽ വന്നിട്ടുള്ള സംവിധാനമാണ് പരാതി പരിഹാര സംവിധാനം (Grievance Redressal System). ഈ നിയമപ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാ/സംസ്ഥാന പരാതി പരിഹാര കമ്മിറ്റികൾ മുഖേനയാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്. 5 കോടി രൂപ വരെ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികൾ ജില്ലാ കമ്മിറ്റിക്കും 5 കോടിയിൽ കൂടുതൽ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികളും ജില്ലാ കമ്മിറ്റിയുടെ തീരുമാനത്തിനുമേലുള്ള അപ്പീലും സംസ്ഥാന കമ്മിറ്റിക്കുമാണ് നൽകേണ്ടത്. ഈ സംവിധാനം കാര്യക്ഷമമായും സമയബന്ധിതമായും പ്രവർത്തിപ്പിക്കുന്നതിനായി ഒരു ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്. വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സംരംഭക സാധ്യതയുള്ളതായി വ്യവസായ വകുപ്പ് കണ്ടെത്തിയിട്ടുള്ള ഉൽപ്പന്നങ്ങളുടെ വിവരം തദ്ദേശ സ്വയംഭരണ വകുപ്പിന് കൈമാറിയിട്ടുണ്ട്. അതത് തദ്ദേശസ്ഥാപനങ്ങൾ ഈ ഉൽപ്പന്നങ്ങളുടെ സാധ്യത പരിശോധിച്ച്, താല്പര്യമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ, ഒരു തദ്ദേശസ്ഥാപനം ഒരു ഉൽപ്പന്നം (One Local body One Product-OLOP) എന്ന ആശയം നടപ്പിലാക്കാനും പ്രസ്തുത ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനയെ പ്രോത്സാഹിപ്പിച്ചുകൊണ്ട് കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുന്ന തിനുള്ള പദ്ധതികളും നടപ്പിലാക്കാവുന്നതാണ്. കേരളത്തിൽ നിർമ്മിക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും അവയ്ക്ക് ദേശീയ അന്തർദേശീയ വിപണികൾ പ്രാപ്തമാക്കുന്നതിന് സഹായിക്കുന്നതിനായി 'കേരള ബ്രാൻഡ്' സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികളും കൂടാതെ സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യാനായി Open Network for Digital Commerce (ONDC)-യുമായി ചേർന്ന് ഒരു ഓപ്പൺ നെറ്റ്‌വർക്ക് പ്ലാറ്റ്ഫോം നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

സംസ്ഥാനത്തെ ഭൗമസൂചിക ലഭിച്ചിട്ടുള്ള വിവിധ ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനത്തിനായും അവയ്ക്ക് അനുയോജ്യമായ വിപണി കണ്ടെത്തുന്നതിനായും ഇതിൽനിന്നുള്ള ലാഭം യഥാർത്ഥ നിർമ്മാതാക്കളിൽ എത്തിക്കുന്നതിനുമായി ഇത്തരം ഉല്പന്നങ്ങൾക്കായി ഒരു ജി.ഐ. മാർക്കറ്റിംഗ് പോർട്ടൽ ആരംഭിക്കുന്നതാണ്.

കൂടാതെ, കോവിഡാനന്തരം സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനും സംസ്ഥാനത്തെ ചെറുകിട-ഇടത്തരം വ്യവസായങ്ങളെ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും തൊഴിലവസരങ്ങൾ വർദ്ധിപ്പി ക്കുന്നതിനും വേണ്ടി വ്യവസായ-വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളോടൊപ്പം 2020-ൽ വ്യവസായ ഭദ്രതാ പാക്കേജും 2021-ൽ

COVID-19 സമാശ്വാസ പാക്കേജും പ്രഖ്യാപിച്ചു. വ്യവസായ ഭദ്രതാ പാക്കേജ് പ്രകാരം "സ്കീം ഫോർ ഇന്ററസ്റ്റ് സബ്‌വെൻഷൻ ടു ടേം ലോൺ ആൻഡ് വർക്കിംഗ് ക്യാപിറ്റൽ ലോൺ (Scheme for interest subvention to term loan and Working Capital Loan)" എന്ന ഒരു പുതിയ പദ്ധതിയും നിലവിലുള്ള "സംരംഭക സഹായ പദ്ധതി (Entrepreneur Support Scheme) " യിൽ കൂടുതൽ ഇളവുകളും അനുവദിച്ചു.

COVID-19 സമാശ്വാസ പാക്കേജ് പ്രകാരം നിലവിലുണ്ടായിരുന്ന "സ്കീം ഫോർ ഇന്ററസ്റ്റ് സബ്‌വെൻഷൻ ടു ടേം ലോൺ ആൻഡ് വർക്കിംഗ് ക്യാപിറ്റൽ ലോൺ", "സംരംഭക സഹായ പദ്ധതി (ESS)", "നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി (Interest subvention to Nano House Hold Enterprises)", "ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ് പദ്ധതി (Margin Money Grant to Nano Units)" എന്നീ പദ്ധതികളിൽ കൂടുതൽ ഇളവുകൾ അനുവദിച്ചു.

2-4-2022-ലെ G.O.(Ms)No.31/2022/ID പ്രകാരം Private Industrial Estate Scheme നിലവിൽ വരുകയും ആയതിലൂടെ കൂടുതൽ നിക്ഷേപകരെ ആകർഷിക്കുന്നതിനും മികച്ച തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ബി) സംസ്ഥാനത്തേയ്ക്ക് കൂടുതൽ നിക്ഷേപം ലഭ്യമാക്കുന്നതിന് ഒരു പ്രത്യേക ഏകജാലക സംവിധാനം നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നല്കാമോ?

ഈസ് ഓഫ് ഡൂയിംഗ് ഇൻഡക്സിൽ കേരളത്തിന്റെ റാങ്ക് വർദ്ധിപ്പിച്ച് നിക്ഷേപകരെ കേരളത്തിലേയ്ക്ക് ആകർഷിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. 2019-2020 വർഷങ്ങളിൽ ഇതിനായി അസന്റ് നിക്ഷേപക സംഗമം വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചിരുന്നു. ഇതുകൂടാതെ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി നിക്ഷേപകരുമായി സംവദിക്കാനായി 'മീറ്റ് ദി ഇൻവെസ്റ്റർ' പരിപാടി നടത്തിവരുന്നു. കേരളത്തിലെ വ്യവസായ സൗഹൃദ അന്തരീക്ഷം ലോക ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരുന്നതിന് ഐ.ഐ.ടി.എഫ്., ദുബായ് വേൾഡ് എക്സ്പോ മുതലായ ദേശീയ അന്തർദേശീയ പരിപാടികളിൽ പങ്കെടുക്കുകയും സ്റ്റാളുകൾ സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്.

വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും തുടർന്നുകൊണ്ടുപോകുന്നതിനും ആവശ്യമായ വിവിധ അനുമതികൾ, ലൈസൻസുകൾ, മറ്റ് സേവനങ്ങൾ എന്നിവ സമയബന്ധിതമായി ലഭ്യമാക്കാൻ ത്രിതല ഏക ജാലക ക്ലിയറൻസ് ബോർഡുകൾ ഉൾപ്പെടെ വിവിധ സംവിധാനങ്ങൾ സംസ്ഥാനത്ത് നിലവിലുണ്ട്. ജില്ലാ കളക്ടർമാരുടെ അദ്ധ്യക്ഷതയിലുള്ള വ്യവസായ ഏരിയ ബോർഡുകൾ, ജില്ലാ ഏക

ജാലക ക്ലിയറൻസ് ബോർഡുകൾ, ചീഫ് സെക്രട്ടറി അധ്യക്ഷനായ സംസ്ഥാന ഏകജാലക ക്ലിയറൻസ് ബോർഡ് എന്നിവയിൽകൂടി നിലവിൽ അപേക്ഷ സമർപ്പിച്ച് 30 ദിവസത്തിനകം സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള അനുമതികൾ ലഭ്യമാക്കാൻ സംവിധാനമുണ്ട്.

ഇതുകൂടാതെ അനുമതികൾ ഓൺലൈൻ ആയി ലഭ്യമാക്കാൻ K-SWIFT എന്ന പേരിൽ ഒരു ഓൺലൈൻ ഏകജാലക സംവിധാനവും വ്യവസായ വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. 2019 ഫെബ്രുവരിയിൽ നിലവിൽ വന്ന കെ-സ്വിഫ്റ്റിലൂടെ 21 വിവിധ വകുപ്പുകളുടെ 79 അനുമതികളുൾപ്പെടെയുള്ള വിവിധ സേവനങ്ങൾ സംരംഭകന് ലഭ്യമാകുന്നു. പുതിയ സംരംഭങ്ങൾക്ക് അനുമതി നൽകുന്നതോടൊപ്പംതന്നെ നിലവിലുള്ള വ്യവസായങ്ങളുടെ അനുമതികൾ പുതുക്കിനൽകുന്നതിനും കെ-സ്വിഫ്റ്റ് സജ്ജമാണ്. പൂർണ്ണനിലയ്ക്ക് സമർപ്പിച്ച അപേക്ഷകളിന്മേൽ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള അനുമതികൾ 30 ദിവസത്തിനുള്ളിൽ തീർപ്പുകൽപ്പിക്കുന്നതിന് കെ-സ്വിഫ്റ്റിൽ സംവിധാനമൊരുക്കിയിട്ടുണ്ട്. നിശ്ചിത സമയത്തിനുള്ളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അപ്രകാരം നടപടി എടുത്തില്ലെങ്കിൽ കൽപ്പിത അനുമതി നൽകുന്നതിനുവേണ്ടിയാണ് ഈ സംവിധാനം രൂപകൽപ്പന ചെയ്തിട്ടുള്ളത്. കൂടാതെ കെ.എസ്.ഐ.ഡി.സി., കിൻഫ്ര തുടങ്ങിയ ഏജൻസികളുടെ വ്യാവസായിക ഭൂമി അനുവദിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കൽ, തൊഴിൽ നികുതി ഒടുക്കുന്നതിനുള്ള സൗകര്യം എന്നിവ കെ-സ്വിഫ്റ്റിൽ ഒരുക്കിയിട്ടുണ്ട്.

ഇതുകൂടാതെ സംരംഭകർ നേരിടുന്ന വിവിധ പ്രശ്നങ്ങളും പരാതികളും പരിഹരിക്കുന്നതിന് നിയമപിന്തുണയുള്ള സ്ഥിരം പരാതിപരിഹാര സമിതികളും ആവിഷ്കരിച്ചിട്ടുണ്ട്. 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിൽ ഭേദഗതി വരുത്തിക്കൊണ്ടാണ് ജില്ലാ-സംസ്ഥാന തലങ്ങളിൽ പ്രസ്തുത പരാതിപരിഹാര സമിതികൾ രൂപീകരിച്ചിരിക്കുന്നത്.

## വാണിജ്യമേഖലയുടെ വികസനം

107(589) ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. എം. മുകേഷ്:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായമേഖലയുടെ പ്രോത്സാഹനത്തിന് അനുരൂപമായി വാണിജ്യമേഖലയുടെ വികസനം സാധ്യമാക്കുന്നതിന് വ്യാപാരമേഖലയ്ക്ക് നൽകുന്ന പ്രോത്സാഹനങ്ങൾ എന്തൊക്കെയാണ്; ഓൺലൈൻ വ്യാപാരം ചെറുകിട വ്യാപാരികൾക്ക് സൃഷ്ടിച്ചിട്ടുള്ള പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

വ്യവസായ വാണിജ്യ വകുപ്പ് മുഖേന വ്യാപാരമേഖലയ്ക്ക് പ്രത്യേകമായി പദ്ധതികൾ നടപ്പിലാക്കുന്നില്ലെങ്കിലും സൂക്ഷ്മ-ചെറുകിട-ഇടത്തരം മേഖലയുടെ വാണിജ്യവികസനത്തിന് നൽകുന്ന സഹായങ്ങൾ ചുവടെ ചേർക്കുന്നു.

സംസ്ഥാനത്ത് ചെറുകിട സംരംഭകർക്ക് അവരുടെ ഉത്പന്നങ്ങൾ വില്പന നടത്തുന്നതിനും കയറ്റുമതി ചെയ്യുന്നതിനും വാണിജ്യമേഖലയ്ക്ക് ആകർഷകമായ പ്രതിച്ഛായ സൃഷ്ടിക്കുന്നതിനും അന്താരാഷ്ട്ര വിപണിയിൽ ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ മത്സരക്ഷമത ഉറപ്പാക്കുന്നതിനും വിപണന സാധ്യതയും കയറ്റുമതിയും പ്രോത്സാഹിപ്പിക്കുന്നതിനുമായി വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. ബി ടു ബി വെബ് പോർട്ടൽ, വാണിജ്യ മിഷൻ, വ്യാപാർ (ബി ടു ബി മീറ്റ്), എക്സ്പോർട്ട് പ്രൊമോഷൻ പദ്ധതി എന്നിവ ഇതിലുൾപ്പെടുന്നു. കേരളത്തിൽ നിർമ്മിക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും അവയ്ക്ക് ദേശീയ-അന്തർദേശീയ വിപണികൾ പ്രാപ്തമാക്കുന്നതിനായി കേരള ബ്രാൻഡ് സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികളും കൂടാതെ സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിനായി 'Open Network for Digital Commerce' (ONDC)-മായി ചേർന്ന് ഒരു ഓപ്പൺനെറ്റ് വർക്ക് പ്ലാറ്റ്ഫോം നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

(ബി) കോവിഡും നോട്ടുനിരോധനവും പ്രളയവുമെല്ലാം പ്രതിസന്ധിയിലാക്കിയ ചെറുകിട വ്യാപാരികൾക്ക് വ്യാപാരം പുനരാരംഭിക്കുന്നതിനായി ധനസഹായം നൽകിയിരുന്നോ?

കോവിഡും നോട്ടുനിരോധനവും പ്രളയവുമെല്ലാം പ്രതിസന്ധിയിലാക്കിയ ചെറുകിട വ്യാപാരികൾക്ക് വ്യാപാരം പുനരാരംഭിക്കുന്നതിനായി വ്യവസായ വകുപ്പ് മുഖേന പ്രത്യേകമായി ധനസഹായ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. എന്നാൽ പ്രളയത്തിൽ മൃഗസംരക്ഷണമേഖലയിലും ജീവനോപാധി നഷ്ടപ്പെട്ടവർക്കും സൂക്ഷ്മ--ചെറുകിട-ഇടത്തരം വാണിജ്യ വ്യാപാര സ്ഥാപനങ്ങൾ, കടകൾ, കിസാൻ കാർഡ് ഉടമകൾ, അലങ്കാര പക്ഷി കർഷകർ, തേനീച്ച കർഷകർ എന്നീ വിവിധ മേഖലയിലുള്ള ദുരന്തബാധിതർക്ക് അവരുടെ ഉപജീവന മാർഗ്ഗങ്ങൾ ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി പുനരുജ്ജീവിപ്പിക്കുന്നതിനായുള്ള ഉജ്ജീവന വായ്പ പദ്ധതി 17-12-2018-ലെ സ.ഉ.(കൈ)നമ്പർ 27/2018/ഡി.എം.ഡി. പ്രകാരം നിലവിൽ വന്നിട്ടുണ്ട്.

(സി) വികസന പദ്ധതികളുടെ ഭാഗമായി ഒഴിപ്പിക്കപ്പെടുന്ന വ്യാപാര സ്ഥാപനങ്ങൾ പുനരാരംഭിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ?

വികസന പദ്ധതികളുടെ ഭാഗമായി ഒഴിപ്പിക്കപ്പെടുന്ന വ്യാപാര സ്ഥാപനങ്ങൾ പുനരാരംഭിക്കുന്നതിന് വ്യവസായ വകുപ്പ് മുഖേന പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

(ഡി) വാണിജ്യ മിഷന്റെ പ്രവർത്തനം ഫലപ്രദമാക്കാൻ നടപടിയെടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ?

കേരള ബ്രാൻഡ് നടപ്പിലാക്കി ഉൽപ്പന്നങ്ങൾ യാഥാർത്ഥ്യമാക്കാനും അതുവഴി ഉൽപ്പാദനവും വിപണനവും കാര്യക്ഷമമാക്കുന്നതിനും കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനുമായി സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് 3-12-2018-ലെ G.O.(Rt)No.1329/2018/ID പ്രകാരം രൂപീകരിച്ച വാണിജ്യ മിഷൻ 1-9-2021-ലെ G.O.(Rt)No.935/2021/ID പ്രകാരം പുനഃസംഘടിപ്പിച്ചിട്ടുണ്ട്.

വാണിജ്യ മിഷന്റെ ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.

1. സംസ്ഥാനത്തെ ചെറുകിട വ്യാപാര മേഖലയെ പ്രോത്സാഹിപ്പിക്കുകയും വളർത്തുകയും ചെയ്യുക. ടൂറിസം വകുപ്പുമായി ചേർന്ന് മേളകൾ സംഘടിപ്പിക്കുക.
2. സംസ്ഥാനത്തെ സംരംഭങ്ങളുടെ നവീകരണത്തിനായി കപ്പാസിറ്റി വർദ്ധിപ്പിക്കൽ, സാങ്കേതികവിദ്യ ഏറ്റെടുക്കൽ, ക്ലസ്റ്റർ വികസനം തുടങ്ങിയവയ്ക്കുള്ള കൈത്താങ്ങ് നൽകുക.
3. ഇന്ത്യയിലും വിദേശങ്ങളിലുമായി നടക്കുന്ന പ്രധാനപ്പെട്ട ഫെയറുകളിൽ സംസ്ഥാനത്തുനിന്നും സംരംഭക പ്രതിനിധികൾ പങ്കെടുക്കുന്നതിന് വിവിധ രീതിയിൽ സഹായിക്കുക.
4. കേരളത്തിലെ നിക്ഷേപകർ/സംരംഭകർക്ക് ദേശീയ-അന്തർദേശീയ വിപണികളെപ്പറ്റി അവബോധം നൽകുക.
5. ഡെലിഗേറ്റുകളെ ഇത്തരം മേളകളിലും സമ്മേളനങ്ങളിലും പങ്കെടുക്കുന്നതിനുള്ള അവസരം നൽകി ബിസിനസ്സ് ബന്ധം സ്ഥാപിക്കുക.
6. ദേശീയ-അന്തർദേശീയ തലങ്ങളിൽ കേരളത്തിലെ വിവിധ ഉൽപ്പന്നങ്ങളെ ആവശ്യക്കാർക്ക് നേരിട്ട് വിപണനം നടത്തുക.
7. കേരളത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന തനതായ ഉൽപ്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിന് ഓരോ വിഭാഗത്തിലും സംസ്ഥാനതലത്തിൽ മേളകളും പ്രദർശനങ്ങളും സംഘടിപ്പിക്കുക.

8. സംസ്ഥാനത്തിന് മത്സരാധിഷ്ഠിത നേട്ടമുള്ള മേഖലകളിലെ കയറ്റുമതി ത്വരിതപ്പെടുത്തുന്നതിന് ആവശ്യമായ പിന്തുണാനടപടികൾ തിരിച്ചറിയുകയും ബന്ധപ്പെട്ട വകുപ്പുകൾ, നോഡൽ എജൻസികൾ, വ്യവസായ അസോസിയേഷനുകൾ എന്നിവയുടെ പിന്തുണയോടെ അത് സുഗമമാക്കുകയും ചെയ്യുന്നു.

9. കയറ്റുമതിക്കാരുടെ അറിവ് വർദ്ധിപ്പിക്കുന്നതിനും അന്താരാഷ്ട്ര ഇടപാടുകളിൽ പ്രോത്സാഹനം നൽകുന്നതിനും ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെയും വ്യവസായ അസോസിയേഷനുകളുടെയും ഇടപെടൽ.

10. റീട്ടെയിൽ സംരംഭങ്ങളുടെ അംഗീകാരം ഉൾപ്പെടെ ബിസിനസ്സ് ഓപ്പറേഷൻ മെച്ചപ്പെടുത്തൽ, തൊഴിൽനയം, ലേബലിംഗും വൈദഗ്ധ്യവും സാങ്കേതികവിദ്യയും സ്റ്റാൻഡേർഡൈസേഷനും അടിസ്ഥാന സൗകര്യം, ഉപയുക്തത ഭാരവും അളവുകളും നികുതി തുടങ്ങിയവ ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രോത്സാഹന നയരൂപീകരണം.

**ഉത്തരവാദിത്ത വ്യവസായം ഉത്തരവാദിത്ത നിക്ഷേപം**

108(590) ഡോ. കെ. ടി. ജലീൽ:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. കെ. ജെ. മാക്സി:
ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാവസായിക വികസനത്തിനായി ഉത്തരവാദിത്ത വ്യവസായം ഉത്തരവാദിത്ത നിക്ഷേപം എന്ന നയം രാജ്യത്ത് ആദ്യമായി സ്വീകരിക്കുക വഴി എന്തൊക്കെ കാര്യങ്ങളാണ് സർക്കാർ ലക്ഷ്യമിടുന്നത്; വിശദാംശം നൽകാമോ?

സംസ്ഥാനത്ത് വ്യവസായ മേഖലയിൽ മുതൽമുടക്കുന്ന സംരംഭകർ, നിക്ഷേപം നടത്തുന്നതിനോടൊപ്പംതന്നെ പ്രകൃതി സൗഹൃദമായ രീതിയിലും നിയമാനുസൃതവുമായ പ്രവർത്തനമാണ് നടത്തേണ്ടതെന്നാണ് ഉത്തരവാദിത്ത വ്യവസായം, ഉത്തവാദിത്ത നിക്ഷേപം എന്ന ആശയംകൊണ്ട് സർക്കാർ ഉദ്ദേശിക്കുന്നത്. ഇ.എസ്.ജി. (എൻവയോൺമെന്റൽ, സോഷ്യൽ, ഗവേണൻസ്) നിക്ഷേപങ്ങൾ ആകർഷിക്കാൻ കഴിയുന്ന ഉത്തരവാദിത്ത വ്യവസായ നയം രൂപീകരിക്കാനും സർക്കാർ ഉദ്ദേശിക്കുന്നു.

(ബി) വ്യാവസായിക ഉല്പാദനത്തിന് ആവശ്യമായ ഊർജ്ജം, ജലലഭ്യത, മാലിന്യ സംസ്കരണം, അഗ്നി സുരക്ഷ എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഉൾക്കൊള്ളുന്ന പ്രത്യേക സംവിധാനങ്ങൾ ഒരുക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കാമോ?

വ്യാവസായിക ഉല്പാദനത്തിന് അത്യന്താപേക്ഷിതമായ പശ്ചാത്തല സൗകര്യങ്ങളായ ഊർജ്ജം, ജലലഭ്യത, അഗ്നിസുരക്ഷ, മാലിന്യസംസ്കരണം എന്നിവ എല്ലാ വ്യവസായ പാർക്കുകളിലും വ്യവസായ ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററുകളിലും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ, പാർക്കുകളിലെയും വ്യവസായ ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററുകളിലെയും സംരംഭകന്റെ ആവശ്യാനുസരണം ടി അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾക്ക് ആവശ്യമായ നവീകരണങ്ങളും ചെയ്തുവരുന്നു.

## മീറ്റ് ദി ഇൻവെസ്റ്റർ പരിപാടി

109(591) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'മീറ്റ് ദി ഇൻവെസ്റ്റർ' എന്ന പരിപാടി സംഘടിപ്പിച്ചിരുന്നോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പരിപാടി നടത്തിയതിലൂടെ സംസ്ഥാനത്തിനുണ്ടായ നേട്ടങ്ങൾ എന്തെല്ലാമാണ്; ടി പദ്ധതി വഴി എത്ര തുകയുടെ ഇൻവെസ്റ്റ്മെന്റ് ലഭിച്ചുവെന്നും ഏതെല്ലാം കമ്പനികളാണ് സംസ്ഥാനത്ത് ഇൻവെസ്റ്റ്മെന്റ് നടത്തുന്നതിന് താൽപ്പര്യം പ്രകടിപ്പിച്ചതെന്നും വിശദമാക്കുമോ?

(എ&ബി) ഉണ്ട്. 'മീറ്റ് ദി ഇൻവെസ്റ്റർ' പരിപാടിയിൽ കെ.എസ്.ഐ.ഡി.സി., കിൻഫ്ര എന്നീ സർക്കാർ ഏജൻസികളുടെ കീഴിൽ ഏകദേശം 7,000 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനങ്ങളാണ് ലഭിച്ചിട്ടുള്ളത്. ആകെ 20 കമ്പനികളാണ് സംസ്ഥാനതല നിക്ഷേപം നടത്തുന്നതിൽ താത്പര്യം പ്രകടിപ്പിച്ചിട്ടുള്ളത്.

(സി) സംസ്ഥാനത്ത് പുതിയ നിക്ഷേപകരെ കണ്ടെത്തുന്നതിനും അവർക്കു വേണ്ട സഹായങ്ങൾ ലഭ്യമാക്കുന്നതിനും അവരെ പ്രോൽസാഹിപ്പിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

സംസ്ഥാനത്ത് പുതിയ നിക്ഷേപകരെ കണ്ടെത്തുന്നതിനും അവർക്കുവേണ്ട സഹായങ്ങൾ ലഭ്യമാക്കുന്നതിനും അവരെ പ്രോൽസാഹിപ്പിക്കുന്നതിനും വേണ്ടി കെ.എസ്.ഐ.ഡി.സി. കുറഞ്ഞ പലിശ നിരക്കിൽ (നിലവിൽ 8.35% -10.35%) 60 കോടി രൂപ വരെ വായ്പയായി നൽകിവരുന്നു. ഓരോ ആറ് മാസത്തിന്റെയും അവസാനം കുടിശ്ശിക ഇല്ലെങ്കിൽ പലിശ നിരക്കിൽ അര ശതമാനം വരെ (ബാക്കിയുള്ള മുതലിന്റെ അടിസ്ഥാനത്തിൽ) വീണ്ടും കുറവ് നൽകിവരുന്നു. കൂടാതെ, ഈ പ്രോജക്ടുകളിൽ പ്രൊമോട്ടർമാർ കൊണ്ടുവരേണ്ട വിഹിതം 50% വരെ അൺസെക്യൂവേഡ് വായ്പയായി കൊണ്ടുവരാൻ അനുവദിച്ചിട്ടുണ്ട്.

പ്രത്യേക പരിഗണനാവിഭാഗത്തിലുള്ള പ്രോജക്ടുകളിൽ വായ്പ-ഇക്വിറ്റി അനുപാതം 1.5:1 വരെ അധിക ഈട് ഇല്ലാതെയും വായ്പ - ഇക്വിറ്റി അനുപാതം 2:1 വരെ 1.5:1 നും മുകളിലുള്ള തുകയ്ക്ക് അധിക ഈടോടുകൂടിയും വായ്പ നല്കിവരുന്നു. മറ്റ് പ്രോജക്ടുകൾക്ക് ഇത് യഥാക്രമം 1:1 ഉം 1.5:1 ഉം ആണ്. മാത്രമല്ല ഭക്ഷ്യസംസ്കരണം, കാർഷികാധിഷ്ഠിത വ്യവസായങ്ങൾ എന്നിവയ്ക്ക് സാമ്പത്തിക സഹായം നൽകുന്നതിന് പ്രത്യേക പരിഗണനയും കെ.എസ്.ഐ.ഡി.സി. നൽകി വരുന്നുണ്ട്.

കെ.എസ്.ഐ.ഡി.സി. കുറഞ്ഞ പലിശനിരക്കിലുള്ള വായ്പകൾ പ്രഖ്യാപിച്ചതും വായ്പാ തുക ഉയർത്തിയതും അപേക്ഷ ഫോറം ഇന്റർനെറ്റിൽ ലഭ്യമാക്കുന്നതും കോവിഡ്-19 തുടർന്നുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനായി വ്യവസായ ഭദ്രതാ പാക്കേജും സമാശ്വാസ പദ്ധതി പാക്കേജും പ്രഖ്യാപിച്ചതും ഒക്കെ സംസ്ഥാനത്ത് പുതിയ വ്യവസായ സംരംഭം ആരംഭിക്കാൻ ഉദ്ദേശിക്കുന്ന വ്യവസായികൾക്കും നിലവിൽ വ്യവസായം നടത്തിക്കൊണ്ടിരിക്കുന്നവർക്കും ഒരുപോലെ പ്രോത്സാഹനവും സഹായവും നൽകാൻ ഉദ്ദേശിച്ചിട്ടുള്ളതും സംസ്ഥാനത്തിന്റെ വളർച്ച ത്വരിതപ്പെടുത്തുന്നതിന്റെയും ഭാഗമായിട്ടാണ്.

ഇതുകൂടാതെ സംസ്ഥാനത്ത് വ്യവസായികൾക്ക് എളുപ്പത്തിൽ ധനസഹായം ലഭ്യമാക്കാനും സംസ്ഥാനത്ത് ഒരു മികച്ച നിക്ഷേപ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും സർക്കാർ മുൻകൈയെടുത്ത് കെ.എസ്.ഐ.ഡി.സി. മുഖേന നടപ്പിലാക്കുന്ന പ്രത്യേക സഹായ പദ്ധതിയാണ് ചീഫ് മിനിസ്റ്റേഴ്സ് സ്പെഷ്യൽ അസിസ്റ്റൻസ് സ്കീം. സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾ, സ്റ്റാർട്ടപ്പുകൾ, പ്രവാസി മലയാളികൾ എന്നിവർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുക. നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് പ്രവർത്തനമൂലധനം വായ്പയും ലഭ്യമാക്കും. പ്രസ്തുത സ്കീമിനെ രണ്ടായി തിരിച്ചിരിക്കുന്നു.

1. സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ, സ്റ്റാർട്ടപ്പുകൾ, പ്രവാസി മലയാളികൾ-

ഇതിന്റെ ഭാഗമായി 25 ലക്ഷം മുതൽ രണ്ടുകോടി രൂപവരെ വായ്പയായി അനുവദിക്കുന്നു. മൂന്ന് ശതമാനം സർക്കാർ സബ്സിഡി നൽകുന്നതിനാൽ 7% പലിശയ്ക്ക് വായ്പ ലഭിക്കും. പ്രസ്തുത വായ്പ എം.എസ്.എം.ഇ. (ഉദ്യം) രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ള പ്രൊപ്രൈറ്റർഷിപ്, പാർട്ണർഷിപ്, ലിമിറ്റഡ് കമ്പനി തുടങ്ങിയവയ്ക്ക് ലഭ്യമാക്കുന്നതാണ്. ഒരു കോടി രൂപ വരെയുള്ള വായ്പകൾക്ക് സേവന നിരക്ക് (പ്രോസസ്സിംഗ് അപ്ഫ്രണ്ട് ഫീസ് എന്നിവ) ഇല്ല. പ്രസ്തുത വായ്പയുടെ തിരിച്ചടവ് കാലാവധി 5 വർഷവും മാത്രമല്ല 1 വർഷത്തെ മൊറട്ടോറിയവും ലഭ്യമായിരിക്കുന്നതാണ്.

2. സൂക്ഷ്മ സംരംഭങ്ങൾക്ക് പ്രവർത്തന മൂലധന വായ്പ

നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കാണ് പ്രസ്തുത വായ്പ ലഭ്യമാക്കാൻ അർഹത. അവസാന രണ്ട് വർഷത്തെ വിറ്റുവരവിന്റെ 20 ശതമാനമായിരിക്കും വായ്പയായി ലഭിക്കുക. കുറഞ്ഞത് അഞ്ച് ലക്ഷം രൂപയും പരമാവധി ഒരു കോടി രൂപയും എന്ന നിലയിലായിരിക്കും വായ്പാ ലഭ്യത പരിമിതപ്പെടുത്തിയിരിക്കുക. പ്രസ്തുത മൂലധന വായ്പ 8 വർഷത്തെ തിരിച്ചടവ് കാലാവധിയിൽ 9.35% (floating) പലിശ നിരക്കിൽ ടേം ലോണായിട്ടാണ് ലഭ്യമാക്കുന്നത്. പ്രസ്തുത വായ്പയുടെ പ്രോസസ്സിംഗിനായി 25,000 രൂപ മാത്രമാണ് ഫീസിനത്തിൽ ഈടാക്കാൻ ഉദ്ദേശിക്കുന്നത്.

പങ്കാളിത്ത സൗഹൃദ ടൂറിസം പദ്ധതി 'കാരവാൻ കേരള'യ്ക്ക് കരുത്തേകാൻ ടൂറിസ്റ്റ് കാരവാനുകൾ വാങ്ങുന്നതിനും കാരവാൻ പാർക്കുകൾ നിർമ്മിക്കുന്നതിനും അഞ്ചുകോടി രൂപ വരെ വായ്പ നൽകുന്നു. ഒരു കാരവാൻ വാങ്ങിക്കുന്നതിനായി 25 ലക്ഷം രൂപ മുതൽ ഒരു കോടി വരെ (ചെലവിന്റെ 70% ) നൽകി വരുന്നു. പുതിയ വാഹനങ്ങൾക്ക് മാത്രമാണ് വായ്പ ലഭിക്കുക. 8.35 ശതമാനമാണ് പലിശ. ഒരു വർഷത്തെ മൊറട്ടോറിയം കാലാവധിക്കുശേഷം 84 മാസങ്ങൾക്കുള്ളിൽ തുക തിരിച്ചടക്കണം.

സംസ്ഥാനത്തേയ്ക്ക് നിക്ഷേപകരെ ആകർഷിക്കുന്നതിനും നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനുംവേണ്ടി നിയമനിർമ്മാണങ്ങളും നിയമ പരിഷ്കരണങ്ങളുമുൾപ്പെടെ ഒട്ടനവധി നടപടികൾക്ക് കഴിഞ്ഞ സർക്കാരിന്റെ കാലത്തുതന്നെ തുടക്കം കുറിച്ചിരുന്നു. 2018-ൽ ‘ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം’ സർക്കാർ കൊണ്ടുവരികയുണ്ടായി. നിലവിലെ ഏഴ് നിയമങ്ങളിൽ വേണ്ട ഭേദഗതികൾ വരുത്തിയാണ് മേൽപ്പറഞ്ഞ നിയമം കൊണ്ടുവന്നത്. ഈ നിയമപ്രകാരം വ്യാവസായിക അനുമതികളുടെ കാലാവധി അഞ്ച് വർഷമാക്കി ഉയർത്തുകയും അപേക്ഷ സമർപ്പിച്ച നാൾ മുതൽ 30 ദിവസത്തിനുള്ളിൽ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള അനുമതികൾ അതത് വകുപ്പുകൾ ലഭ്യമാക്കേണ്ടതുമാണ്; അല്ലാത്തപക്ഷം അപേക്ഷയ്ക്ക് ഏകജാലക ബോർഡിന്റെ കല്പിത അനുമതി ലഭ്യമാകുന്നതാണ്. മേൽ വിവരിച്ച പ്രകാരം അപേക്ഷയിന്മേൽ പരമാവധി 30 ദിവസത്തിനുള്ളിൽ എല്ലാ അനുമതികളും ലഭ്യമാക്കാൻ K-SWIFT എന്ന പേരിൽ ഒരു ഓൺലൈൻ ഏകജാലക സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

ഇതോടൊപ്പം 2019-ൽ ‘ കേരള സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം’ സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. ഈ നിയമപ്രകാരം കേന്ദ്ര സർക്കാരിന്റെ എം.എസ്.എം.ഇ. നിർവ്വചനമനുസരിച്ച്

50 കോടി രൂപയിൽ താഴെ നിക്ഷേപമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽപ്പെടാത്തതുമായ സ്ഥാപനങ്ങൾക്ക് മൂന്ന് വർഷംവരെ സംസ്ഥാന നിയമങ്ങൾക്കുകീഴിലുള്ള ചില ലൈസൻസുകൾ എടുക്കേണ്ടതില്ല. സ്വയം സാക്ഷ്യപ്പെടുത്തിയ ഓൺലൈൻ സത്യവാങ്മൂലം സമർപ്പിച്ച് വ്യവസായം തുടങ്ങാൻ സാധിക്കുന്നതാണ്.

മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽപ്പെടാത്ത M.S.M.E.-ഇതര വ്യവസായങ്ങൾക്ക് ഒരു വർഷത്തേയ്ക്ക് സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ചില അനുമതികൾ ഒഴിവാക്കിക്കൊണ്ട് മേൽസൂചിപ്പിച്ച 2019-ലെ ' കേരള സൂക്ഷ്മ- ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ' നിയമത്തിൽ ഭേദഗതി വരുത്തി പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇത്തരം വ്യവസായങ്ങൾക്ക് അനുമതി കൊടുക്കുന്നതിന് വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഒരു ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ബ്യൂറോ രൂപീകരിച്ചിട്ടുണ്ട്.

വ്യവസായ സ്ഥാപനങ്ങളിൽ വിവിധ സർക്കാർ വകുപ്പുകൾ നടത്തുന്ന പരിശോധനകൾ കഴിവതും ഒരുമിച്ചുനടത്താനും അനാവശ്യ പരിശോധനകൾ ഒഴിവാക്കാനുംവേണ്ടി ഒരു ഓൺലൈൻ ഏകീകൃത പരിശോധനാസംവിധാനം (Centralised Inspection System) രൂപീകരിച്ചിട്ടുണ്ട്. നിലവിൽ അഞ്ച് വകുപ്പുകളെ സംയോജിപ്പിച്ചാണ് പ്രസ്തുത കേന്ദ്രീകൃത പരിശോധനാസംവിധാനം ഒരുക്കിയിട്ടുള്ളത്. ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ്, തൊഴിൽ വകുപ്പ്, ലീഗൽ മെട്രോളജി വകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ്, തദ്ദേശസ്വയംഭരണ വകുപ്പ് എന്നീ വകുപ്പുകളുടെ പരിശോധനകൾ കേന്ദ്രീകൃതമായി പോർട്ടലിലൂടെ നടന്നുവരുന്നു. വിവിധ വകുപ്പുകൾ സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കുന്നതിനും സമയബന്ധിതമായി തീർപ്പാക്കുന്നതിനുംവേണ്ടി നിയമപിന്തുണയുള്ള പരാതിപരിഹാര കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. 1999-ലെ കേരള വ്യവസായ ഏകജാലക ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും നിയമത്തിൽ ആവശ്യാനുസൃതമായ ഭേദഗതികൾ വരുത്തിക്കൊണ്ടാണ് ജില്ലാതലങ്ങളിലും സംസ്ഥാനതലത്തിലും പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിച്ചത്.

സംസ്ഥാനത്ത് വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട നിയമങ്ങളിൽ കാലഹരണപ്പെട്ടതും യുക്തിരഹിതവുമായ ഒട്ടേറെ വ്യവസ്ഥകൾ നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇവ ഒഴിവാക്കാനും കുറ്റകരമായ നടപടികൾ ലഘൂകരിക്കാനുമുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കാനും ഒരു എക്സ്റ്റേണൽ കമ്മിറ്റി രൂപവത്കരിച്ചിരുന്നു. വ്യവസായ സമൂഹവും വിവിധ വ്യവസായ അസോസ്സിയേഷനുകളുമായും കൂടിയാലോചനകൾ നടത്തി അവരുടെ പരാതികളും നിർദേശങ്ങളും

സ്വീകരിച്ച്, പ്രസക്തമായ എല്ലാ നിയമങ്ങളുടെയും ചട്ടങ്ങളുടെയും സൂക്ഷ്മ വിശകലനം നടത്തി, അവയിൽ കാലഹരണപ്പെട്ട നിബന്ധനകൾ ഒഴിവാക്കാനും കുറ്റകരമായ നടപടികൾ ലഘൂകരിക്കാനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ വിശദമായ റിപ്പോർട്ട് പ്രസ്തുത കമ്മിറ്റി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇത് സർക്കാരിന്റെ പരിഗണനയിലാണ്.

ഇപ്രകാരം നിക്ഷേപം ആകർഷിക്കുന്നതിനും വ്യവസായാന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനായി സാധ്യമായ എല്ലാ നടപടികളും സർക്കാർ തുടർന്നും സ്വീകരിക്കുന്നതായിരിക്കും.

(ഡി) കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രാലയത്തിന്റെ റിപ്പോർട്ട് പ്രകാരം നേരിട്ടുള്ള വിദേശ നിക്ഷേപം ലഭിച്ച സംസ്ഥാനങ്ങളിൽ കേരളം എത്രാം സ്ഥാനത്താണ്; എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്; വെളിപ്പെടുത്തുമോ?

13-ാം സ്ഥാനം. മുൻകാലത്തെ 15-ാം സ്ഥാനത്തുനിന്നും 2021-22 വർഷത്തെ നേരിട്ടുള്ള വിദേശ നിക്ഷേപത്തിൽ വന്നിട്ടുള്ള വർദ്ധനവുമൂലം സംസ്ഥാനത്തിന്റെ നില മെച്ചപ്പെട്ടിട്ടുള്ളത്.

**നിലമ്പൂർ മണ്ഡലത്തിൽ വ്യവസായ എസ്റ്റേറ്റ്**

110(592) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മണ്ഡലത്തിൽ വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിനായുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

നിലമ്പൂർ മണ്ഡലത്തിൽ വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിനായുള്ള നിർദ്ദേശം പരിഗണനയിലില്ല.

(ബി) കാർഷിക നാളികേരാധിഷ്ഠിത വ്യവസായങ്ങൾക്കായി നിലമ്പൂർ താലൂക്കിലെ ചുങ്കത്തറ വില്ലേജിൽ പാലുണ്ട എന്ന സ്ഥലത്ത് ഫുഡ് പാർക്ക് സ്ഥാപിക്കാൻ പദ്ധതിയുണ്ടോ; എങ്കിൽ പ്രസ്തുത വ്യവസായ പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

നിലമ്പൂർ മണ്ഡലത്തിൽ കാർഷിക നാളികേരാധിഷ്ഠിത വ്യവസായങ്ങൾക്കായി ഒരു ഫുഡ് പാർക്ക് ആരംഭിക്കുന്നതിന് നിലമ്പൂർ താലൂക്കിലെ ചുങ്കത്തറ വില്ലേജിലുള്ള പാലുണ്ട എന്ന സ്ഥലത്തിന്റെ വിശദമായ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. നിലമ്പൂർ റബ്ബർ കമ്പനി ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള ചുങ്കത്തറ

വില്ലേജിൽ സർവ്വേ നമ്പർ 95/342-ലുള്ള പ്രസ്തുത സ്ഥലം വിട്ടുകിട്ടുന്നതിന് സമ്മതപത്രം ലഭ്യമാക്കണമെന്ന് അറിയിച്ചുകൊണ്ട് സ്ഥലം ഉടമയ്ക്ക് കത്ത് നൽകിയിരുന്നു. പ്രസ്തുത സ്ഥലം വിട്ടുനൽകാൻ തയ്യാറാണെന്നും ലാന്റ് അക്വിസിഷൻ റീഹാബിലിറ്റേഷൻ ആൻഡ് റീ-സെറ്റിൽമെന്റ് ആക്ട് 2013 പ്രകാരം ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് കോമ്പൻസേഷൻ നിർദ്ദേശങ്ങൾ പാലിച്ച് കോമ്പൻസേഷൻ, മുൻകൂറായി നൽകണമെന്നും കമ്പനി ആവശ്യം ഉന്നയിച്ചിട്ടുണ്ട്.

## കായംകുളം മണ്ഡലത്തിലെ വ്യവസായ പദ്ധതികൾ

111(593) <u>ശ്രീമതി യു. പ്രതിഭ</u>: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം കായംകുളം മണ്ഡലത്തിൽ വ്യവസായ വകുപ്പ് വഴി നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെ യാണെന്നും അതിനായി ചെലവഴിക്കപ്പെട്ട തുക എത്രയെന്നും വിശദമാക്കാമോ?

നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സൂക്ഷ്മ- ചെറുകിട- ഇടത്തരം വ്യവസായ സംരംഭങ്ങളുടെ പ്രോത്സാഹനത്തിനായി കായംകുളം നിയോജകമണ്ഡലത്തിന്റെ പരിധിയിൽ താഴെപ്പറയും പ്രകാരം ഗ്രാന്റ്/സബ്സിഡി ഇനത്തിൽ തുക അനുവദിച്ചിട്ടുണ്ട്.

പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി - 79,74,520 രൂപ

സംരംഭക സഹായ പദ്ധതി - 27,26,643 രൂപ

ഗാർഹിക സംരംഭങ്ങൾക്കുള്ള പലിശ സബ്സിഡി - 54,960 രൂപ

മാർജിൻ മണിഗ്രാന്റ് പദ്ധതി - 8,87,582 രൂപ

ഇത്തരത്തിൽ ആകെ 1,16,43,705 രൂപ ചെലവഴിച്ചിട്ടുണ്ട്.

## പുതിയ സ്റ്റാർട്ടപ്പുകൾക്ക് സഹായം

112(594) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതുതായി സ്റ്റാർട്ടപ്പുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന സംരംഭകർക്ക് പലപ്പോഴും പൊതുമേഖലാ ബാങ്കുകളുടെ സഹായം ലഭിക്കുന്നില്ലെന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്റ്റാർട്ടപ്പുകൾക്ക് വായ്പാ സഹായം നൽകുന്നതിന് പൊതുവെ പൊതുമേഖലാ ബാങ്കുകൾക്ക് വിമുഖതയുള്ളതായി സംരംഭകർ അഭിപ്രായം പ്രകടിപ്പിച്ചിട്ടുണ്ട്. ലോണിന്മേൽ വേണ്ട ഈടും ഉയർന്ന പലിശ നിരക്കുമാണ് ബാങ്കുകളിൽനിന്നും വായ്പ ലഭിക്കുന്നതിനുള്ള തടസ്സമായി സ്റ്റാർട്ടപ്പുകൾ അഭിപ്രായപ്പെടുന്നത്. ഇതിനൊരു പരിഹാരമാണ് കേരള സ്റ്റാർട്ടപ്പ് മിഷനും കെ.എസ്.ഐ.ഡി.സി.-യും നിലവിൽ നൽകിവരുന്ന ഗ്രാന്റുകളും ലോണുകളും.

കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ എല്ലാ മേഖലയിൽ നിന്നുമുള്ള നൂതനവും വ്യാപാരയോഗ്യമായതുമായ യുവസംരംഭങ്ങൾക്ക് ഇരുപത്തഞ്ച് ലക്ഷം രൂപ വരെ മൂലധനസഹായം നൽകിവരുന്നു. സംരംഭം തുടങ്ങുന്നതിനാവശ്യമായ മൊത്തം തുകയുടെ തൊണ്ണൂറുശതമാനമോ അല്ലെങ്കിൽ ഇരുപത്തഞ്ച് ലക്ഷം രൂപയോ ആണ് പ്രാഥമിക മൂലധന സഹായമായി നൽകിവരുന്നത്.

മേൽപ്പറഞ്ഞവയ്ക്ക് പുറമേ, തങ്ങളുടെ ഉൽപ്പന്നം/സേവനം വിജയകരമായി വികസിപ്പിക്കുകയും വാണിജ്യവത്കരിക്കുകയും ചെയ്ത സ്റ്റാർട്ടപ്പുകൾക്ക് 50 ലക്ഷം രൂപ വരെ നൽകുന്ന "സ്കെയിൽ അപ്പ് സപ്പോർട്ട്" എന്ന പദ്ധതിയും കെ.എസ്.ഐ.ഡി.സി. നടപ്പിലാക്കിവരുന്നു. കൂടാതെ സ്റ്റാർട്ടപ്പ് മിഷൻ ആവിഷ്കരിച്ചിട്ടുള്ള വിവിധ സ്കീമുകളിലൂടെയും പുതിയ സ്റ്റാർട്ടപ്പ് സംരംഭകർക്ക് മൂലധന സഹായം നൽകിവരുന്നു.

**ഒരു വർഷത്തിനുള്ളിൽ ഒരു ലക്ഷം സംരംഭങ്ങൾ**

113(595) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ഒരു വർഷത്തിനുള്ളിൽ ഒരു ലക്ഷം സംരംഭങ്ങൾ' എന്ന വ്യവസായ വകുപ്പിന്റെ നവീന പദ്ധതി പ്രകാരം സംരംഭകർക്ക് എന്തൊക്കെ സൗകര്യങ്ങളും ആനുകൂല്യങ്ങളും ലഭിക്കുമെന്ന് വ്യക്തമാക്കാമോ?

സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള സാമ്പത്തിക സഹായം നൽകുന്നതിനായി സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി (SLBC) വഴി വായ്പകൾ ലഭ്യമാക്കുന്നതിനായുള്ള പുതിയ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. അതോടൊപ്പം സംരംഭകർക്ക് വായ്പയുടെ പലിശയിൽ ഇളവ് ലഭിക്കുന്നതിനായി വകുപ്പ് വഴി നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ് 'ഒരു കുടുംബം ഒരു സംരംഭം' പദ്ധതി. ടി പദ്ധതിയിൽ ബാങ്ക് വായ്പയുടെ പലിശ നിരക്കിൽ 4 ശതമാനത്തിൽ അധികരിച്ചുള്ള പലിശയിൽ 5% വരെ ഇളവ് ധനസഹായമായി സർക്കാർ നൽകുന്നു. പദ്ധതിയുടെ മാർഗ്ഗരേഖ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. പുതിയ

സംരംഭങ്ങൾ ആരംഭിക്കുന്നതിന് 10 ലക്ഷം രൂപ വരെ ബാങ്ക് ലോണുള്ള ഉല്പാദന, സേവന, വ്യാപാര മേഖലയിലെ സ്ഥാപനങ്ങൾക്ക് പദ്ധതി വഴി പലിശ ഇളവ് നൽകുന്നു. പദ്ധതി പ്രകാരം സ്ഥിര മൂലധന വായ്പയ്ക്കും പ്രവർത്തനമൂലധന വായ്പയ്ക്കും ആനുകൂല്യം ലഭിക്കുന്നു. ഇപ്രകാരം 5 വർഷം വരെ പലിശ ഇളവ് നൽകുന്നു. ലോൺ കാലാവധിയുടെ ആദ്യത്തെ അഞ്ചു വർഷമോ, ലോൺ തീർപ്പാക്കുന്ന കാലയളവ് വരെ (ഏതാണോ ആദ്യം) ആയിരിക്കും പലിശയിളവ് നൽകുന്നത്. 1-4-2022 മുതൽ പ്രവർത്തനം ആരംഭിക്കുന്ന പുതിയ യൂണിറ്റുകൾക്ക് മാത്രമാണ് സർക്കാരിൽനിന്നുള്ള പലിശയിളവ് ലഭ്യമാകുന്നത്.

കൂടാതെ, വകുപ്പുവഴി നടപ്പിലാക്കിവരുന്ന സംരംഭക സഹായ പദ്ധതി, നാനോ ഗാർഹിക സംരംഭങ്ങൾക്കുള്ള പലിശ സബ്സിഡി പദ്ധതി, നാനോ സംരംഭങ്ങൾക്കുള്ള മാർജിൻ മണി ഗ്രാന്റ് പദ്ധതി, PMEGP പദ്ധതി, ഭക്ഷ്യമേഖലയ്ക്കുള്ള PMFME പദ്ധതി എന്നിവ വഴിയും പുതിയ സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം ലഭ്യമാകുന്നതാണ്.

വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സംരംഭക സാധ്യതയുള്ളതായി വ്യവസായ വകുപ്പ് കണ്ടെത്തിയിട്ടുള്ള ഉല്പന്നങ്ങളുടെ വിവരം തദ്ദേശസ്വയംഭരണ വകുപ്പിന് കൈമാറിയിട്ടുണ്ട്. അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ ഉൽപ്പന്നങ്ങളുടെ സാധ്യത പരിശോധിച്ച്, താല്പര്യമുള്ളവ തെരഞ്ഞെടുത്ത് ഒരു തദ്ദേശസ്ഥാപനം ഒരു ഉൽപ്പന്നം (One Local body One Product - OLOP) എന്ന ആശയം നടപ്പിലാക്കാനും പ്രസ്തുത ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനയെ പ്രോത്സാഹിപ്പിച്ചുകൊണ്ട് കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കാവുന്നതാണ്.

കേരളത്തിൽ നിർമ്മിക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തു ന്നതിനും അവയ്ക്ക് ദേശീയ അന്തർദേശീയ വിപണികൾ പ്രാപ്തമാക്കുന്നതിന് സഹായിക്കുന്നതിനായി 'കേരള ബ്രാൻഡ്' സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികളും കൂടാതെ സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട -ഇടത്തരം സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യാനായി Open Network for Digital Commerce (ONDC)-മായി ചേർന്ന് ഒരു ഓപ്പൺ നെറ്റ്വർക്ക് പ്ലാറ്റ്ഫോം നിർമ്മിക്കു ന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

സംസ്ഥാനത്തെ ഭൗമസൂചിക ലഭിച്ചിട്ടുള്ള വിവിധ ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനത്തിനായും അവയ്ക്ക് അനുയോജ്യമായ വിപണി കണ്ടെത്തുന്നതിനായും ഇതിൽനിന്നുള്ള ലാഭം യഥാർത്ഥ നിർമ്മാതാക്കളിൽ എത്തിക്കുന്നതിനായി ഇത്തരം ഉല്പന്നങ്ങൾക്കായി ഒരു ജി.ഐ. മാർക്കറ്റിംഗ് പോർട്ടൽ ആരംഭിക്കും.

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് സംരംഭകരെ കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനുമായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

2022-23 സംരംഭക വർഷമായി കേരള സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കാനുള്ള ഒരു ബൃഹത്തായ പദ്ധതി തദ്ദേശ സ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗസംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് ആരംഭിച്ചിട്ടുണ്ട്.

30-3-2022-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംരംഭക വർഷത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. കൂടാതെ 30-3-2022-ലെ സ.ഉ.(സാധാ) നമ്പർ 289/2022/ID പ്രകാരം സംരംഭക വർഷത്തിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി സംസ്ഥാന, ജില്ലാ, തദ്ദേശ സ്ഥാപനതലത്തിൽ കമ്മിറ്റികൾ രൂപീകരിച്ചു. ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ നടപ്പിലാക്കുന്നതിന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുമായി പ്രൊഫഷണൽ യോഗ്യതയുള്ള 1153 ഇന്റേണുകളെ നിയമിച്ചിട്ടുണ്ട്. കൂടാതെ ഇന്റേണിന്റെ നേതൃത്വത്തിൽ തിങ്കൾ, ബുധൻ ദിവസങ്ങളിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും സംരംഭ ഹെൽപ് ഡെസ്ക് പ്രവർത്തിച്ചുതുടങ്ങിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ബോധവത്കരണ പരിപാടികൾ, ലോൺ/ലൈസൻസുകൾ മേളകൾ തുടങ്ങിയ പ്രവർത്തനങ്ങൾ ഇന്റേണുകളുടെ ഉത്തരവാദിത്വത്തിലായിരിക്കും നടക്കുക. ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ മാസത്തിൽ നിശ്ചിത എണ്ണം സ്ഥാപനങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഇന്റേണുകൾക്ക് ലക്ഷ്യവും നൽകിയിട്ടുണ്ട്.

ഈ പദ്ധതി നടത്തിപ്പിന്റെ ആദ്യ ഘട്ടമെന്ന നിലയിൽ, കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശങ്ങളിലും സംരംഭം തുടങ്ങാൻ താല്പര്യമുള്ള ആളുകൾക്ക് 2022 മേയ്-ജൂൺ മാസങ്ങളിൽ പൊതു ബോധവൽക്കരണ ശില്പശാല നടത്തിയിരുന്നു. പൊതു ബോധവൽക്കരണ ക്യാമ്പയിനിന്റെ സംസ്ഥാനതല ഉദ്ഘാടനം 2022 മേയ് 6-ന് നടന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുബോധവൽക്കരണ പരിപാടിയിൽ പങ്കെടുക്കുന്ന സംരംഭകർക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്നതിനായി ജില്ലാ പ്രൊഫൈലുകൾ, ആവശ്യമായ ലൈസൻസുകൾ, ലഭ്യമായ സഹായ പദ്ധതികൾ എന്നീ വിവരങ്ങൾ ക്രോഡീകരിച്ച് പ്രത്യേക കൈപുസ്തകങ്ങൾ ജില്ലാതലത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ

ഈ വിവരങ്ങൾ സംരംഭകർക്ക് അനായാസമായി ലഭ്യമാക്കാൻ ഇവ ഉൾപ്പെടുത്തി പ്രത്യേക ചെറു വീഡിയോകളും നിർമ്മിച്ചിട്ടുണ്ട്. ഇതുവരെ 1034 തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലായി 1158 പൊതുബോധവൽക്കരണ പരിപാടികൾ നടത്തുകയും അവയിലായി ആകെ 85160 പേർ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്.

ഒരു ലക്ഷം സംരംഭങ്ങളുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും ഒരു ഓൺലൈൻ പോർട്ടൽ ആരംഭിച്ചിട്ടുണ്ട്.

രണ്ടാം ഘട്ടത്തിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും 2022 ആഗസ്റ്റ് മാസത്തിൽ പൂർത്തിയാകുന്ന രീതിയിൽ ലൈസൻസ്/ലോൺ/സബ്സിഡി മേളകൾ നടത്തിവരുന്നുണ്ട്. ബാങ്കുകൾ പങ്കെടുക്കുന്ന ഈ മേളയിൽ വായ്പ ലഭ്യമാക്കുന്ന നടപടികൾ ത്വരിതപ്പെടുത്താൻ ലക്ഷ്യമിടുന്നു. താല്പര്യപ്പെട്ട് വരുന്ന ആളുകളുടെ സംരംഭങ്ങൾക്ക് ആവശ്യമുള്ള ലൈസൻസും ലോണും സബ്സിഡിയും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാനും ഈ മേളയുടെ ഭാഗമായി ഉദ്ദേശിക്കുന്നു.

ഈ പദ്ധതിയുടെ ഭാഗമായി ആസൂത്രണംചെയ്യുന്ന പ്രവർത്തനങ്ങളിൽ വിവിധ വകുപ്പുകളുടെ സംയോജനം അനിവാര്യമായതിനാൽ പദ്ധതിയുടെ മേൽനോട്ടത്തിനും നിർവ്വഹണത്തിനും സംസ്ഥാന-ജില്ല-പഞ്ചായത്ത് തലങ്ങളിൽ വിവിധ കമ്മിറ്റികൾ രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്.

വിദേശത്തുള്ള മലയാളികളെ സംരംഭകത്വത്തിന്റെ വിവിധ മേഖലകളെകുറിച്ച് ബോധവാന്മാരാക്കുകയും അവരെ കേരളത്തിൽ സംരംഭങ്ങൾ ആരംഭിക്കാൻ പ്രാപ്തരാക്കുകയും അതുവഴി കേരളത്തിലെ നിക്ഷേപം വർദ്ധിപ്പിക്കുകയും ചെയ്യുന്നതിന് പ്രവാസികൾക്കായി നോർക്കയുമായി ചേർന്ന് ശില്പശാലകൾ നടത്തുന്നതാണ്.

സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള സാമ്പത്തിക സഹായം നൽകുന്നതിനായി ബാങ്കുകൾ നൽകുന്ന വായ്പയിന്മേൽ പലിശ സബ്സിഡി ലഭ്യമാക്കുന്നതിനായുള്ള പുതിയ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. വായ്പയ്ക്കുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള പോർട്ടലും വികസിപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഉദ്ഘാടനം 2022 ജൂലൈ 22-ന് നിർവ്വഹിച്ചു.

വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സംരംഭക സാധ്യതയുള്ളതായി വ്യവസായ വകുപ്പ് കണ്ടെത്തിയിട്ടുള്ള ഉൽപ്പന്നങ്ങളുടെ വിവരം തദ്ദേശ സ്വയംഭരണ വകുപ്പിന് കൈമാറിയിട്ടുണ്ട്. അതത് തദ്ദേശസ്ഥാപനങ്ങൾക്ക് ഈ ഉൽപ്പന്നങ്ങളുടെ

സാധ്യത പരിശോധിച്ച്, താല്പര്യമുള്ളവ തെരഞ്ഞെടുത്ത്, ഒരു തദ്ദേശസ്ഥാപനം ഒരു ഉൽപ്പന്നം (One Local body One Product - OLOP) എന്ന ആശയം നടപ്പിലാക്കാനും പ്രസ്തുത ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനയെ പ്രോത്സാഹിപ്പിച്ചുകൊണ്ട് കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കുന്നതാണ്.

കേരളത്തിൽ നിർമ്മിക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും അവയ്ക്ക് ദേശീയ അന്തർദേശീയ വിപണികൾ പ്രാപ്തമാക്കുന്നതിന് സഹായിക്കുന്നതിനായി കേരള ബ്രാൻഡ് സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികളും കൂടാതെ സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യാനായി Open Network for Digital Commerce (ONDC)-മായി ചേർന്ന് ഒരു ഓപ്പൺ നെറ്റ്‌വർക്ക് പ്ലാറ്റ്ഫോം നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

സംസ്ഥാനത്തെ ഭൗമസൂചിക ലഭിച്ചിട്ടുള്ള വിവിധ ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനത്തിനായും അവയ്ക്ക് അനുയോജ്യമായ വിപണി കണ്ടെത്തുന്നതിനായും ഇതിൽനിന്നുള്ള ലാഭം യഥാർത്ഥ നിർമ്മാതാക്കളിൽ എത്തിക്കുന്നതിനുമായി ഇത്തരം ഉല്പന്നങ്ങൾക്കായി ഒരു ജി.ഐ. മാർക്കറ്റിംഗ് പോർട്ടൽ ആരംഭിക്കും. സംരംഭക വർഷത്തിന്റെ ഭാഗമായി 2022 ആഗസ്റ്റ് 22 വരെയുള്ള കണക്ക് പ്രകാരം സംസ്ഥാനത്ത് 49020 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

### വ്യവസായ വാണിജ്യ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

114(596) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വാണിജ്യ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വ്യവസായ വാണിജ്യ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) വ്യവസായ വാണിജ്യ വകുപ്പ് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കായി പ്രത്യേക പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

വ്യവസായ വാണിജ്യ വകുപ്പ് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കായി പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നില്ലെങ്കിലും സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കിവരുന്ന സംരംഭക

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സഹായ പദ്ധതിയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 10% അധിക സബ്സിഡി അനുവദിച്ചിട്ടുണ്ട്. ഇതിൻപ്രകാരം സ്ഥിരമൂലധന നിക്ഷേപത്തിന്റെ 25% പരമാവധി 40 ലക്ഷം വരെ സബ്സിഡി ഇനത്തിൽ ലഭിക്കുന്നു. ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ് പദ്ധതിയിൽ പട്ടികജാതി/പട്ടികവർഗ്ഗ വനിതാ വിഭാഗക്കാർക്ക് 10% അധിക ഗ്രാന്റ് നൽകുന്നു. ഇത്തരത്തിൽ ആകെ പ്രോജക്ട് ചെലവിന്റെ 40 ശതമാനവും ഗുണഭോക്തൃ വിഹിതം 20 ശതമാനവും ബാങ്ക് വായ്പ 40 ശതമാനവും ആയിരിക്കും (ജനറൽ വിഭാഗത്തിന് പ്രോജക്ട് ചെലവും ഗുണഭോക്തൃവിഹിതവും 30 ശതമാനമായിരിക്കും) പരമാവധി ധനസഹായം ജനറൽ വിഭാഗത്തിന് 3 ലക്ഷം രൂപയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് 4 ലക്ഷം രൂപയും ആയിരിക്കും. നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതിയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 2% അധിക പലിശ ഇളവ് നൽകുന്നു.

(സി) പ്രവാസികളുടെ പുനരധിവാസത്തിനായി വ്യവസായ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ?

പ്രവാസികൾക്കായി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനും നോർക്കയും ചേർന്ന് അവതരിപ്പിച്ച പദ്ധതിയാണ് പ്രവാസി ഭദ്രതാ മെഗാ പദ്ധതി. പ്രസ്തുത പദ്ധതി മുഖേന പ്രവാസികൾക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിന് അനുവദിച്ചുവരുന്ന വായ്പ 25 ലക്ഷം രൂപമുതൽ 2 കോടി രൂപവരെയാണ്. പ്രത്യേക സഹായ പദ്ധതിയായ ചീഫ് മിനിസ്റ്റേഴ്സ് സ്പെഷ്യൽ അസിസ്റ്റൻസ് സ്കീം എന്ന ഒരു സഹായ പദ്ധതിയും നിലവിലുണ്ട്. പ്രവാസി മലയാളികൾ, സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾ, സ്റ്റാർട്ടപ്പുകൾ എന്നിവർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുക. ഇതിന്റെ ഭാഗമായി 25 ലക്ഷം മുതൽ രണ്ടുകോടി രൂപ വരെ വായ്പ ലഭിക്കും. 3% സർക്കാർ സബ്സിഡി നൽകുന്നതിനാൽ 7% പലിശയ്ക്ക് വായ്പ ലഭിക്കും. പ്രസ്തുത വായ്പ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭ(ഉദ്യം) രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ള പ്രൊപ്രൈറ്റർഷിപ്പ്, പാർട്ണർഷിപ്പ്, ലിമിറ്റഡ് കമ്പനി തുടങ്ങിയവയ്ക്ക് ലഭ്യമാകുന്നതാണ്. ഒരു കോടി രൂപ വരെയുള്ള വായ്പകൾക്ക് സേവന നിരക്കില്ല. പ്രസ്തുത വായ്പയുടെ തിരിച്ചടവ് അഞ്ചുവർഷ കാലാവധിയിലും ഒരുവർഷത്തെ മൊറട്ടോറിയവും ലഭ്യമായിരിക്കും.

## സിഡ്കോ ടൂൾ റൂം-കം-ട്രെയിനിംഗ് സെന്റർ പുനരുദ്ധരിക്കുന്നതിന് നടപടി

115(597) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒളവണ്ണയിലെ സിഡ്കോ ടൂൾ റൂം-കം-ട്രെയിനിംഗ് സെന്റർ പുനരുദ്ധരിക്കുന്നതിന് സർക്കാർ ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സിഡ്കോയുടെ ഉടമസ്ഥതയിൽ കോഴിക്കോട് ജില്ലയിൽ ഒളവണ്ണ എന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്ന ടൂൾ റൂം-കം-ട്രെയിനിംഗ് സെന്ററിന്റെ പുനരുദ്ധാരണത്തിന് 670.10 ലക്ഷം രൂപയുടെ ഭരണാനുമതി ഉത്തരവ് 1-8-2022-ലെ സ.ഉ.(സാധാ)നം.796/2022/വ്യവ പ്രകാരം തനത് സാമ്പത്തികവർഷം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത തുക ഉപയോഗപ്പെടുത്തി എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ആധുനിക എഞ്ചിനീയറിംഗ് മെഷിനറീസ് വാങ്ങി സ്ഥാപിക്കുക, അസംസ്കൃത വസ്തുക്കളും മറ്റ് ഉപകരണങ്ങളും സംഭരിക്കുക, സിവിൽ വർക്കുകളും മറ്റ് അത്യാവശ്യ കാര്യങ്ങളും നിർവ്വഹിക്കുക എന്നീ പ്രവർത്തനങ്ങൾ പ്രസ്തുത തുക ഉപയോഗപ്പെടുത്തി നടത്താൻ ഉദ്ദേശിക്കുന്നു.

## സിഡ്കോയുടെ വർക്കുകളുടെ അവസ്ഥ

116(598) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽ സിഡ്കോയുടെ ഇപ്പോഴുള്ള വർക്കുകളുടെ സ്ഥിതി വിശദീകരിക്കാമോ?

കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽ സിഡ്കോയുടെ ഇപ്പോഴുള്ള വർക്കുകളുടെ സ്ഥിതി സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത വർക്കുകളുടെ കരാറുകാർ ഏറ്റെടുക്കുന്നതിന് എന്തെങ്കിലും തടസ്സം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

പ്രസ്തുത പ്രവൃത്തികൾ ടെണ്ടർ ചെയ്യപ്പോൾ കരാറുകാരെ ലഭിക്കാൻ കാലതാമസം നേരിട്ടിരുന്നു. മറ്റ് തടസ്സങ്ങളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) എത്ര വർക്കുകൾ പൂർത്തീകരിക്കാനുണ്ട്; ഓരോന്നിന്റെയും വിശദവിവരങ്ങൾ ലഭ്യമാക്കാമോ ?

വിശദാംശം (എ) പാർട്ടിലെ അനുബന്ധത്തിൽ പ്രതിപാദിച്ചിട്ടുണ്ട്.

**ജിയോ കോർപ്പറേഷന്റെ ഹബ്ബാക്കി മാറ്റുന്നതിന് നടപടി**

117(599) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജിയോ കോർപ്പറേഷന്റെ ഹബ്ബാക്കി മാറ്റുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് കയർ ഭൂവസ്ത്രത്തിന്റെ (കയർ ജിയോ-ടെക്സ്റ്റൈൽസ്) ഉപയോഗം വ്യാപിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ധാരണയിൽ ഏർപ്പെട്ടിട്ടുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ നടപ്പാക്കുന്ന വിവിധ പ്രവൃത്തികളിലൂടെ മണ്ണ്-ജല സംരക്ഷണത്തിനും നീർത്തട പരിപാലനത്തിനും റോഡ് നിർമ്മാണ പ്രവർത്തനങ്ങളിലും കയർ ഭൂവസ്ത്രം ഉപയോഗിച്ചുവരുന്നു. വിവിധ ജില്ലകളിലെ സോയിൽ കൺസർവേഷൻ ഓഫീസുകളുമായി ചേർന്ന് മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങളും കെ.എസ്.ഇ.ബി.എൽ., കേരളത്തിലെ വിവിധ സർവ്വകലാശാലകൾ എന്നിവയുമായി ചേർന്ന് കയർ ഭൂവസ്ത്രം ഉപയോഗിച്ചുള്ള സംരക്ഷണ പ്രവർത്തനങ്ങളും നടപ്പാക്കിവരുന്നു. ഇന്ത്യയുടെ വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ചുള്ള സംരക്ഷണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കയർ ഭൂവസ്ത്ര പദ്ധതി വ്യാപകമാക്കുന്നതിനായി ഒരു മാർക്കറ്റിംഗ് ക്യാമ്പയിൻ സംഘടിപ്പിക്കുകയും 2021-22 വർഷത്തിൽ പഞ്ചായത്ത് തലത്തിൽ കയർ ഭൂവസ്ത്രത്തിന്റെ വിതരണത്തിൽ വളർച്ച കൈവരിക്കാൻ സാധിക്കുകയും ചെയ്തു.

(ബി) ജിയോ ടെക്സ്റ്റൈൽസിന് ഉത്തരേന്ത്യയിലും വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും വിദേശത്തും മാർക്കറ്റ് കണ്ടെത്തുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

ജിയോ ടെക്സ്റ്റൈൽസിന് ഉത്തരേന്ത്യയിലും വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും വിദേശത്തും മാർക്കറ്റ് കണ്ടെത്തുന്നതിന്റെ ഭാഗമായിട്ടുള്ള പ്രോജക്ട് നടപ്പിലാക്കുന്നതിന് കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കയർ ഭൂവസ്ത്ര പദ്ധതി വടക്കു-കിഴക്കൻ സംസ്ഥാനങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന്റെ സാധ്യതകൾ പരിശോധിക്കുന്നതിന് ടി സംസ്ഥാനങ്ങളിലെ റസിഡന്റ് കമ്മീഷണർമാരുമായി ഡൽഹിയിൽ വച്ച് പ്രാഥമിക ചർച്ചകൾ

നടത്തുകയുണ്ടായി. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ ഭൂപ്രകൃതിക്ക് അനുസൃതമായി കയർ ജിയോ-ടെക്സ്റ്റൈൽസ് ഉപയോഗിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച്, ആയതിന്റെ വിപണന സാധ്യതകൾ കണ്ടെത്തുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതിന്റെ ഭാഗമായി ഡൽഹിയിലുള്ള വടക്കു-കിഴക്കൻ സംസ്ഥാനങ്ങളുടെ റസിഡന്റ് കമ്മീഷണർമാരുമായി ചർച്ചകൾ നടത്തിയതിനെത്തുടർന്ന് തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ഇതു കൂടാതെ മറ്റ് ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലും കയർ ജിയോ-ടെക്സ്റ്റൈൽസ് വിപണനം നടത്തുന്നതിന് അതത് സംസ്ഥാനങ്ങളിലെ സർക്കാർ ഏജൻസികളുമായും ചർച്ചകൾ നടന്നുവരുന്നു. കയർ ജിയോ-ടെക്സ്റ്റൈൽസിന് മാർക്കറ്റ് കണ്ടെത്തുന്നതിന് ഇന്ത്യയിലെമ്പാടും മാർക്കറ്റിംഗ് ഏജന്റുമാരെ നിയമിച്ച് വിപണി കണ്ടെത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ് വഴി കയർ ജിയോ-ടെക്സ്റ്റൈൽസ് കയറ്റുമതി ചെയ്യുന്നുണ്ട്. കയർ ജിയോ-ടെക്സ്റ്റൈൽസിന്റെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിനായി വിവിധ അന്താരാഷ്ട്ര എക്സിബിഷനുകളിൽ നേരിട്ടും ഓൺലൈൻ മുഖേനയും പങ്കെടുത്ത് കയറ്റുമതി ഓർഡറുകൾ ലഭിക്കുന്നതിനുള്ള നടപടികൾ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ് സ്വീകരിച്ചുവരുന്നു.

(സി) കയർ വ്യവസായത്തിന്റെ പാരമ്പര്യത്തിനും ഗുണമേന്മയ്ക്കും ആലപ്പുഴയിൽ നിർമ്മിക്കുന്ന കയർ മ്യൂസിയം എന്തെല്ലാം സംഭാവനകൾ നൽകുമെന്നാണ് കരുതുന്നതെന്ന് വിശദമാക്കാമോ?

കയർ വ്യവസായത്തിന്റെ ഈറ്റില്ലമായ ആലപ്പുഴയിൽ വരാൻ പോകുന്ന ലൈവ് മ്യൂസിയത്തിൽ കയറിന്റെയും കയറുല്പന്നങ്ങളുടെയും ഉൽപ്പാദനം ജനങ്ങൾക്ക് നേരിട്ട് ദർശിക്കാനാകും. പഴയകാലത്തെ വിവിധതരം കയറിനങ്ങൾ, ഉൽപ്പന്നങ്ങൾ, ഉല്പാദനരീതികൾ, കയർ തൊഴിലാളികളുടെ ജീവിതക്രമം, പഴയതും പുതിയതുമായ കയർ ഉൽപ്പന്ന നിർമ്മാണ സാമഗ്രികൾ എന്നിവയും നേരിട്ട് കണ്ട് മനസ്സിലാക്കാൻ ഉതകുംവിധമാണ് പുതിയ കയർ മ്യൂസിയത്തിന്റെ രൂപകല്പന നടത്തിയിട്ടുള്ളത്.

## ചെറുകിട വ്യവസായങ്ങൾ പുനരുദ്ധീകരിക്കാൻ നടപടി

118(600) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രളയം, കോവിഡ് തുടങ്ങിയ ദുരന്തങ്ങൾമൂലം പ്രതിസന്ധി നേരിട്ട ചെറുകിട, കുടിൽ വ്യവസായങ്ങൾ പുനരുദ്ധീകരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

പ്രളയം, കോവിഡ് തുടങ്ങിയ ദുരന്തങ്ങൾമൂലം പ്രതിസന്ധി നേരിട്ട ചെറുകിട, കുടിൽ വ്യവസായങ്ങൾ പുനരുദ്ധീകരിക്കാൻ വ്യവസായ വാണിജ്യ വകുപ്പ് നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളിൽ ഭേദഗതി വരുത്തി കൂടുതൽ ഇളവുകളും ആനുകൂല്യങ്ങളും നൽകുകയും പുതിയ പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്രളയാനന്തര സഹായ പദ്ധതികൾ

1. പ്രളയം ബാധിച്ച സൂക്ഷ്മ-ചെറുകിട -ഇടത്തരം സംരംഭക യൂണിറ്റുകൾക്കുള്ള ധനസഹായം - പ്രളയബാധിതമായ ഉത്പാദന മേഖലയിലുള്ള യൂണിറ്റുകൾക്ക് പ്രാരംഭഘട്ട സഹായം, നിക്ഷേപ സഹായം എന്നിങ്ങനെ താഴെപ്പറയും പ്രകാരമാണ് ഈ പദ്ധതി മുഖേന ധനസഹായം നൽകിയിരുന്നത്. ജനറൽ വിഭാഗത്തിന് സ്ഥാപനം പുനർനിർമ്മിക്കാൻ Total Fixed Capital Investment-ന്റെ 15% മുതൽ 40% വരെ (പരമാവധി 20 ലക്ഷം രൂപ)യും പ്രത്യേക വിഭാഗത്തിൽപ്പെട്ടവർക്ക് 30 ലക്ഷം രൂപ വരെയും. ആകെ യോഗ്യമായ ധനസഹായത്തിന്റെ 50% തുക Start up support ആയി പരമാവധി 5 ലക്ഷം രൂപ ആദ്യഘട്ടത്തിലും ബാക്കി തുക യൂണിറ്റ് പുനരാരംഭിക്കുന്ന/പുനർനിർമ്മിക്കുന്ന മുറയ്ക്കാണ് നൽകുന്നത്.

2. പ്രളയം ബാധിച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭക യൂണിറ്റുകൾക്കുള്ള പലിശയിളവ്-പ്രളയം ബാധിച്ച നിർമ്മാണ, സേവനമേഖലയിലുള്ള സംരംഭങ്ങൾക്ക് 8% പലിശയിളവ് Term ലോണിനും പ്രവർത്തനമൂലധന വായ്പക്കും വർഷാടിസ്ഥാന ക്രമത്തിൽ നൽകിയിരുന്നു. പ്രസ്തുത ആനുകൂല്യം മൂന്നുവർഷം വരെ യൂണിറ്റുകൾക്ക് ബാങ്കുകൾ വഴി നൽകുകയും യൂണിറ്റുകൾക്ക് അർഹമായ പരമാവധി തുക പ്രതിവർഷം 5 ലക്ഷം രൂപയായി പരിമിതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

കോവിഡാനന്തര സഹായ പദ്ധതികൾ

കോവിഡാനന്തരം സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനും സംസ്ഥാനത്തെ ചെറുകിട-ഇടത്തരം വ്യവസായങ്ങളെ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും വേണ്ടി 2020-ൽ വ്യവസായ ഭദ്രതാ പാക്കേജും 2021-ൽ കോവിഡ്-19 സമാശ്വാസ പാക്കേജും പ്രഖ്യാപിച്ചു. വ്യവസായ ഭദ്രതാ പാക്കേജ് പ്രകാരം "സ്കീം ഫോർ ഇന്ററസ്റ്റ് സബ്‌വെൻഷൻ ടു ടേം ലോൺ ആൻഡ് വർക്കിംഗ് ക്യാപിറ്റൽ ലോൺ (Scheme for Interest Subvention to Term Loan and Working Capital Loan)" എന്ന ഒരു പുതിയ പദ്ധതിയും നിലവിലുള്ള "സംരംഭക സഹായ പദ്ധതി

(Entrepreneur Support Scheme)"-യിൽ കൂടുതൽ ഇളവുകളും അനുവദിച്ചു. കോവിഡ്-19 സമാശ്വാസ പാക്കേജുപ്രകാരം നിലവിലുണ്ടായിരുന്ന "സ്കീം ഫോർ ഇന്ററസ്റ്റ് സബ്‍വെൻഷൻ ടു ടേം ലോൺ ആൻഡ് വർക്കിംഗ് ക്യാപിറ്റൽ ലോൺ", "സംരംഭക സഹായ പദ്ധതി (ESS)" ,"നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി (Interest subvention to Nano House Hold Enterprises)", "ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ് പദ്ധതി (Margin Money Grant to Nano Units") പദ്ധതികളിൽ കൂടുതൽ ഇളവുകൾ അനുവദിച്ചു.

<u>സംരംഭക സഹായ പദ്ധതി (ESS)</u>

വ്യവസായ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭക സഹായ പദ്ധതി 2012 മുതൽ നടപ്പിലാക്കിവരുന്നുണ്ട്. പ്രാരംഭ സഹായം, നിക്ഷേപസഹായം, സാങ്കേതിക സഹായം എന്നീ മൂന്ന് ഘട്ടങ്ങളായാണ് സഹായം നല്കുന്നത്. ഈ പദ്ധതിപ്രകാരം ഉല്പാദന സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% മുതൽ 45% വരെ പരമാവധി 40 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു.

കോവിഡ് 19 -ന്റെ ഭാഗമായി പ്രഖ്യാപിച്ച വ്യവസായ ഭദ്രതാ പാക്കേജ് പ്രകാരം സംരംഭകത്വ സഹായ പദ്ധതിയിൽ പ്രത്യേക വിഭാഗത്തിൽ ഉൾപ്പെട്ട യുവാക്കൾ, വനിതകൾ, SC/ST വിഭാഗം എന്നിവർക്ക് അധികമായി നൽകുന്ന സബ്സിഡി 5% എന്നത് 10% ആയി വർദ്ധിപ്പിക്കുകയും പ്രത്യേക വിഭാഗത്തിൽ N.R.K.-യെ കൂടി ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

കോവിഡ്-19 സമാശ്വാസ പാക്കേജിൽ ഉൾപ്പെടുത്തി ഒരു യൂണിറ്റിന് ലഭിക്കുന്ന പരമാവധി സബ്സിഡി പൊതുവിഭാഗങ്ങൾക്ക് 20 ലക്ഷം രൂപയിൽ നിന്ന് 30 ലക്ഷം രൂപയായി ഉയർത്തി. പിന്നോക്ക ജില്ലകളിലെ വ്യവസായ ങ്ങൾക്കും മുൻഗണനാ വ്യവസായങ്ങൾക്കും പരമാവധി 30 ലക്ഷം രൂപ എന്നത് 40 ലക്ഷം രൂപ വരെ ഉയർത്തിയിട്ടുണ്ട്.

<u>നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി</u>

10 ലക്ഷം രൂപ വരെ സ്ഥിരം മൂലധന നിക്ഷേപമുള്ളതും 5 എച്ച്.പി. വരെ വൈദ്യുതി ആവശ്യമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡ പ്രകാരം വൈറ്റ്, ഗ്രീൻ എന്നീ വിഭാഗത്തിൽപ്പെട്ട വീട്ടിലുള്ളതോ വീടിനോട് ചേർന്നോ നടത്തുന്ന ഉല്പാദക ജോബ് വർക്ക് സേവനമേഖല വിഭാഗത്തിലുൾപ്പെട്ട നാനോ സംരംഭങ്ങൾക്കാണ്, ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക. സ്ഥാപനം

ആരംഭിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ടേം വായ്പ എടുത്ത സംരംഭകർക്ക് വാർഷിക പലിശയിൽ 6% മുതൽ 8% വരെ സബ്സിഡിയായി തിരികെ നൽകുന്നു. വനിതകൾ/പട്ടികജാതി/വർഗ്ഗ വിഭാഗങ്ങൾക്ക് ഇത് 8% വരെ ലഭിക്കുന്നു. മൂന്ന് വർഷത്തേയ്ക്കാണ് ഇപ്രകാരം റീ-ഇംബേഴ്സ് ചെയ്ത് നൽകുന്നത്. സേവന മേഖലയിൽ ഉൾപ്പെട്ടിരിക്കുന്ന യൂണിറ്റുകളെക്കൂടി പദ്ധതിയിൽ ഉൾപ്പെടുത്തിയതും 5 ലക്ഷം രൂപ വരെ മൂലധനനിക്ഷേപം എന്നത് ഉയർത്തി 10 ലക്ഷം രൂപ വരെ മൂലധനനിക്ഷേപമുള്ള എല്ലാ നാനോ യൂണിറ്റുകളെയും പദ്ധതിയിൽ ഉൾപ്പെടുത്തിയതും Covid-19 സമാശ്വാസ പാക്കേജ് പ്രകാരമാണ്.

<u>ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണി ഗ്രാന്റ്</u>

വായ്പാധിഷ്ഠിത പ്രോജക്ടുകൾക്ക് Margin money നല്കിക്കൊണ്ട് അർഹമായ സംരംഭകർക്ക് സംസ്ഥാനത്തിനകത്ത് ചെറുസംരംഭങ്ങൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഉല്പാദന-സേവന മേഖലയിൽ ആരംഭിക്കുന്ന (ജോബ് വർക്ക് ഉൾപ്പെടെ) സ്ഥിരമൂലധനവും പ്രവർത്തന മൂലധനവും ഉൾപ്പെടെ ആകെ പ്രോജക്ട് ചെലവ് 10 ലക്ഷം രൂപ വരെയുള്ള യൂണിറ്റുകൾ ഈ പദ്ധതിയുടെ സഹായത്തിന് അർഹരാണ്. വനിതകൾ, വികലാംഗർ, വിമുക്തഭടന്മാർ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ എന്നിവർക്ക് ഈ പദ്ധതിയിൽ മുൻഗണന നല്കും. ഈ പദ്ധതിയുടെ 30% ഗുണഭോക്താക്കളും സ്ത്രീ സംരംഭകരായിരിക്കും. ഈ പദ്ധതിയിലൂടെ നല്കുന്ന പരമാവധി സഹായം ജനറൽ വിഭാഗത്തിന് 3 ലക്ഷം രൂപയും മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് 4 ലക്ഷം രൂപയുമാണ്.

Covid-19 സമാശ്വാസ പാക്കേജ് പ്രകാരമാണ് സേവനമേഖലയിൽ ഉൾപ്പെട്ടിരിക്കുന്ന നാനോ യൂണിറ്റുകളെയും പദ്ധതിയിൽ ഉൾപ്പെടുത്തിയത്.

<u>സ്കീം ഫോർ ഇന്ററസ്റ്റ് സബ്‌വെൻഷൻ ടു ടേം ലോൺ ആൻഡ് വർക്കിംഗ് ക്യാപിറ്റൽ ലോൺ (Scheme for Interest Subvention to Term Loan and Working Capital Loan)</u>

പദ്ധതി പ്രകാരം 1-4-2019 മുതൽ 31-12-2021 വരെ അധിക വായ്പയായും പുതുതായും എടുക്കുന്ന ടേം ലോണിനും പ്രവർത്തന മൂലധന വായ്പക്കും പലിശ ഇളവ് അനുവദിക്കുന്നു. 2020 ഡിസംബർ 31 വരെ ധനകാര്യസ്ഥാപനങ്ങളിൽനിന്നും നേടുന്ന വായ്പകൾക്കാണ് പലിശയിളവ് നൽകിയിരുന്നത്. ഇത് Covid-19 സമാശ്വാസ പാക്കേജിൽ ഉൾപ്പെടുത്തി 2021 ഡിസംബർ 31 വരെയുള്ള വായ്പകൾക്കായി ഒരു വർഷത്തേയ്ക്കുകൂടി ദീർഘിപ്പിച്ചു. ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കും 12 മാസത്തേയ്ക്ക് 50% പലിശസഹായം ലഭ്യമാകും. ഒരു യൂണിറ്റിന് പരമാവധി 1,20,000 രൂപ വരെയാണ് സഹായം അനുവദിക്കുക.

പ്രവർത്തന രഹിതമായ എം.എസ്.എം.ഇ. യൂണിറ്റുകൾ പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതികൾ

മൂലധന ഗ്രാന്റുകളുടെയും പ്രവർത്തന മൂലധന പ്രോത്സാഹനങ്ങളുടെയും സഹായത്തോടെ കശുവണ്ടി സംസ്കരണ യൂണിറ്റുകൾ ഉൾപ്പെടെയുള്ള പ്രവർത്തന രഹിതമായ എം.എസ്.എം.ഇ. യൂണിറ്റുകളെ പിന്തുണയ്ക്കാൻ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

Revival and rehabilitation scheme for defunct M.S.M.E.'s and cashew processing units.

The Kerala stressed M.S.M.E.'s Revival & Rehabilitation Scheme.

**കാവശ്ശേരി മോഡേൺ റൈസ് മിൽ**

119(601) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ കാവശ്ശേരി മോഡേൺ റൈസ് മില്ലിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

പാലക്കാട് കല്ലേപ്പുള്ളി മോഡേൺ റൈസ് മില്ലിന്റെ 80 ശതമാനം ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) റൈസ് മില്ലിന്റെ പ്രവർത്തനം എന്ന് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

2022 ഡിസംബർ മാസത്തോടെ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**വ്യവസായ വകുപ്പിന് കീഴിൽ മിച്ചഭൂമി**

120(602) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പിനുകീഴിൽ വെറുതെ കിടക്കുന്ന ഭൂമി (മിച്ചഭൂമി) ഉണ്ടോയെന്ന് വിശദമാക്കുമോ?

പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പിനുകീഴിൽ മിനി ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ എം.23-ന്റെ കീഴിൽ പുലാമന്തോളുള്ള ചെമ്മലശ്ശേരി മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ 75 സെന്റിൽ പണികഴിപ്പിച്ച അഞ്ച് ഷെഡ്ഡും സ്ഥലവും നിലവിൽ ഉപയോഗ

പ്രദമാക്കാൻ സാധിച്ചിട്ടില്ല. എന്നാൽ ഇത് മിച്ചഭൂമിയല്ല. ഭൂമി തരംമാറ്റത്തിന് തെറ്റായി ഡാറ്റാബാങ്കിൽ ഉൾപ്പെട്ടതിനാൽ കെട്ടിട നമ്പർ ലഭ്യമായിട്ടില്ല. ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരികയാണ്. ഡാറ്റാബാങ്കിൽനിന്നും മാറ്റുന്നതിനനുസരിച്ച് കെട്ടിട നമ്പർ ലഭ്യമാക്കി സംരംഭകർക്ക് അനുവദിച്ച് നൽകാൻ സാധിക്കും.

(ബി) എം.എസ്.എം.ഇ. (മൈക്രോ, സ്മാൾ & മീഡിയം എന്റർപ്രൈസസ്)-കളെ പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിവരിക്കുമോ?

സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായ വാണിജ്യ വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ അനുബന്ധമായി ചേർക്കുന്നു.*

## ചെറുകിട ഉൽപ്പന്ന വിപണനം

121(603) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചെറുകിട സംരംഭകർക്ക് അവരുടെ ഉൽപ്പന്നങ്ങൾ വില്പന നടത്തുന്നതിനും കയറ്റുമതി ചെയ്യുന്നതിനുമായി വാണിജ്യ രംഗത്ത് എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ചെറുകിട സംരംഭകർക്ക് അവരുടെ ഉൽപ്പന്നങ്ങൾ വില്പന നടത്തുന്നതിനും കയറ്റുമതി ചെയ്യുന്നതിനും വാണിജ്യമേഖലയ്ക്ക് ആകർഷകമായ പ്രതിച്ഛായ സൃഷ്ടിക്കുന്നതിനും അന്താരാഷ്ട്ര വിപണിയിൽ ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ മത്സരക്ഷമത ഉറപ്പാക്കുന്നതിനും വിപണന സാധ്യതയും കയറ്റുമതിയും പ്രോത്സാഹിപ്പിക്കുന്നതിനുമായി വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കിവരുന്നു. ബി ടു ബി വെബ് പോർട്ടൽ, വാണിജ്യ മിഷൻ, വ്യാപാർ (ബി ടു ബി മീറ്റ്), എക്സ്പോർട്ട് പ്രൊമോഷൻ പദ്ധതി എന്നിവ ഇതിലുൾപ്പെടുന്നു. കേരളത്തിൽ നിർമ്മിക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും അവയ്ക്ക് ദേശീയ-അന്തർദേശിയ വിപണികൾ പ്രാപ്തമാക്കുന്നതിനും ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കുന്നതിനുമായി കേരള ബ്രാൻഡ് സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികളും കൂടാതെ സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിനായി Open Network for Digital Commerce (ONDC) യുമായി ചേർന്ന് ഒരു ഓപ്പൺ നെറ്റ്‌വർക്ക് പ്ലാറ്റ്ഫോം നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ബി2ബി വെബ് പോർട്ടൽ

കേരളത്തിൽ ഉത്പാദിപ്പിക്കപ്പെടുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകരുടെ ഉൽപ്പന്നങ്ങൾക്കും വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾക്കും വിപണി ലഭ്യതയ്ക്കായി വ്യവസായ വകുപ്പിനു വേണ്ടി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെബിപ്പ്) മുഖേന ഓൺലൈൻ വ്യാപാരത്തിനായുള്ള സംവിധാനമായി ഒരു വെബ്പോർട്ടൽ(www.keralamarket.com/www.keralamarket.org/ www.keralamarket.kerala.gov.in) രൂപീകരിച്ചിട്ടുണ്ട്. വ്യവസായ വകുപ്പ് രൂപീകരിച്ച ഈ വെബ്പോർട്ടൽ സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട ഉൽപ്പാദകർക്ക് ദേശീയ-അന്തർദേശീയ കമ്പനികളുമായി ബന്ധം സ്ഥാപിക്കുന്നതിനും തങ്ങളുടെ ഉൽപ്പന്നങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കി വിവിധ രാജ്യങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യാനും സഹായകമാകും.

വാണിജ്യ മിഷൻ

കേരള ബ്രാൻഡ് നടപ്പിലാക്കി ഉൽപ്പന്നങ്ങൾ യാഥാർത്ഥ്യമാക്കാനും അതുവഴി ഉൽപ്പാദനവും വിപണനവും കാര്യക്ഷമമാക്കുന്നതിനും കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനുമായി സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് 3-12-2018-ലെ G.O. (Rt) No. 1329/2018/ID പ്രകാരം രൂപീകരിച്ച വാണിജ്യമിഷൻ 1-9-2021-ലെ G.O.(Rt) No. 935/2021/ID പ്രകാരം പുന:സംഘടിപ്പിച്ചിട്ടുണ്ട്.

ബിസിനസ്സ് 2 ബിസിനസ്സ് മീറ്റ് - വ്യാപാർ

കേരളത്തിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് (MSME) ദേശീയതലത്തിൽ പുതിയ വിപണി കണ്ടെത്താനായി സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് ബിസിനസ്സ് മീറ്റായ "വ്യാപാർ 2022" സംഘടിപ്പിച്ചുവരുന്നു. കേരളത്തിലെ വിവിധ ജില്ലകളിൽനിന്നും ഭക്ഷ്യ സംസ്കരണം, കൈത്തറി, ടെക്സ്റ്റൈൽസ് & ഗാർമെന്റ്സ്, റബ്ബർ, ആയുർവ്വേദ & ഹെർബൽ, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്, കരകൗശലം, മുള പോലുള്ള പരമ്പരാഗത മേഖലയിലെ ഉൽപ്പന്നങ്ങൾ എന്നിവയിൽനിന്നുള്ള ചെറുകിട ഉൽപ്പാദകർ അവരുടെ ഉൽപ്പന്നങ്ങളും സാങ്കേതികവിദ്യയും ഈ അവസരത്തിൽ പ്രദർശിപ്പിക്കുന്നു. കേരള ബിസിനസ്സ് 2 ബിസിനസ്സ് മീറ്റ് നടത്തുന്നതിന്റെ പ്രധാന ഉദ്ദേശം സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട-ഇടത്തരം വ്യവസായികൾക്ക് നേരിട്ട് രാജ്യത്തിനകത്തുനിന്നുമുള്ള

ബയ്യർമാരുമായി വ്യാപാര ചർച്ചകൾ നടത്തുന്നതിനുള്ള അവസരം ഒരുക്കുകയാണ്. കൂടാതെ കേരളത്തിലെ സൂക്ഷ്മ-ചെറുകിട വ്യവസായ സംരംഭകർക്ക് വിപണി കണ്ടെത്തുന്നതിനും സാങ്കേതികപരമായി പുരോഗമനം കൈവരിക്കുന്നതിനുമായി ദേശീയ അന്തർദേശീയ ട്രേഡ് ഫെയറുകളിൽ സൂക്ഷ്മ ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ മുഖേന പങ്കെടുപ്പിച്ചുവരുന്നു. ഇതിലൂടെ സംരംഭകർക്ക് വിപണി കണ്ടെത്തുന്നതിനും നേരിട്ട് വ്യാപാര ചർച്ചകൾ നടത്തുന്നതിനുമുള്ള അവസരം ലഭ്യമാകുന്നു.

എക്സ്പോർട്ട് പ്രൊമോഷൻ പദ്ധതി

പുതിയ സംരംഭങ്ങളുടെയും അതുപോലെ നിലവിൽ പ്രവർത്തിച്ചുവരുന്ന സംരംഭങ്ങളുടെയും കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു. വിപണനത്തിന്റെ ഭാഗമായി അന്താരാഷ്ട്ര വിപണന മേളകളിൽ പങ്കെടുക്കൽ, ഉൽപന്നത്തിന്റെ മാതൃക വിദേശത്തേയ്ക്ക് അയയ്ക്കുക, കയറ്റുമതി ചെയ്യുന്നതിന്റെ ഭാഗമായി സംരംഭത്തിന്റെ നിലവിലുള്ള അടിസ്ഥാന സൗകര്യം വികസിപ്പിക്കൽ, വിവിധ ഗുണമേന്മാ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുക എന്നിവയുടെ ഭാഗമായിവരുന്ന വിവിധ ചെലവുകൾക്ക് സഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്. പദ്ധതി നടപ്പിലാകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ**

122 (604) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് എത്ര സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ (മൈക്രോ, സ്മാൾ & മീഡിയം എന്റർപ്രൈസസ്) ആരംഭിച്ചിട്ടുണ്ടെന്നും പുതുതായി തുടങ്ങിയ എത്ര സംരംഭങ്ങൾ പൂട്ടിപ്പോയിട്ടുണ്ടെന്നുമുള്ളതിന്റെ ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽനിന്നും റിപ്പോർട്ട് ചെയ്ത കണക്കുകൾ പ്രകാരം കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് ആരംഭിച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെയും (മൈക്രോ സ്മാൾ & മീഡിയം എന്റർപ്രൈസസ്) പുതുതായി തുടങ്ങി പൂട്ടിപ്പോയ സംരംഭങ്ങളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ താഴെപ്പറയുന്നു.

| ജില്ല | കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് ആരംഭിച്ച യൂണിറ്റുകളുടെ എണ്ണം | പുതുതായി ആരംഭിച്ച് പൂട്ടിപ്പോയ യൂണിറ്റുകളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 8659 | 18 |
| കൊല്ലം | 7258 | 21 |
| പത്തനംതിട്ട | 5845 | 0 |
| ആലപ്പുഴ | 6994 | 9 |
| ഇടുക്കി | 1937 | 9 |
| കോട്ടയം | 5803 | 2 |
| എറണാകുളം | 10441 | 74 |
| തൃശ്ശൂർ | 14704 | 114 |
| പാലക്കാട് | 13125 | 35 |
| മലപ്പുറം | 8007 | 18 |
| കോഴിക്കോട് | 7089 | 6 |
| വയനാട് | 1713 | 6 |
| കണ്ണൂർ | 6041 | 0 |
| കാസർഗോഡ് | 1782 | 50 |
| ആകെ | 99398 | 362 |

(ബി) കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് എത്ര സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ (എം.എസ്.എം.ഇ) പൂട്ടിപ്പോയിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് പൂട്ടിപ്പോയ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ജില്ല | കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് പൂട്ടിപ്പോയ യൂണിറ്റുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 27 |
| കൊല്ലം | 83 |
| പത്തനംതിട്ട | 0 |
| ആലപ്പുഴ | 42 |
| ഇടുക്കി | 38 |
| കോട്ടയം | 59 |
| എറണാകുളം | 161 |
| തൃശ്ശൂർ | 196 |
| പാലക്കാട് | 71 |
| മലപ്പുറം | 45 |
| കോഴിക്കോട് | 58 |
| വയനാട് | 30 |
| കണ്ണൂർ | 10 |
| കാസർഗോഡ് | 222 |
| ആകെ | 1042 |

(സി) ഇവ പൂട്ടിപ്പോകുന്നതിന് ഇടയാക്കിയ പ്രധാന സാഹചര്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

പൂട്ടിപ്പോകുന്നതിന് ഇടയാക്കിയ പ്രധാന സാഹചര്യങ്ങൾ താഴെപ്പറയുന്ന വയാണെന്നാണ് വിലയിരുത്തിയിട്ടുള്ളത്.

1. കോവിഡ് അതിവ്യാപനം.
2. 2018-19 വർഷങ്ങളിലെ പ്രളയംമൂലമുണ്ടായ പ്രതിസന്ധി.
3. മൂലധനത്തിന്റെ അപര്യാപ്തത.
4. ധനകാര്യ സ്ഥാപനങ്ങളുടെ നിസ്സഹകരണം.
5. വിപണിയിലെ സമാന സ്വഭാവമുള്ള യൂണിറ്റുകൾ തമ്മിലുള്ള കടുത്ത മത്സരം.

6. സാങ്കേതികവിദ്യ കാലത്തിനനുസരിച്ച് മാറ്റുന്നതിനുള്ള വിമുഖത.

7. ഓൺലൈൻ വിപണനത്തിന്റെ കടന്നുവരവ്.

8. വേണ്ടത്ര വിപണന സംവിധാനങ്ങളുടെ പോരായ്മ.

9. അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യവും ഉൽപ്പാദന ചെലവിലെ വർദ്ധനവും.

**മുള വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന് നടപടി**

123 (605) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുള വ്യവസായത്തെ പുനരുജ്ജീവിപ്പിക്കുന്നതിനും മൂല്യവർദ്ധനവ്, വരുമാന വർദ്ധനവ്, ദാരിദ്ര്യനിർമ്മാർജ്ജനം എന്നിവ പ്രോത്സാഹിപ്പിക്കുക എന്നതും ലക്ഷ്യമാക്കി 2003-ൽ രൂപീകരിച്ച കേരള സ്റ്റേറ്റ് ബാംബൂ മിഷന്റെ സംഭാവന വിലയിരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ?

കേരളത്തിലെ പരമ്പരാഗത ഗ്രാമ വ്യവസായ മേഖലകളിലൊന്നായ മുള മേഖലയുടെ ഉന്നമനത്തിനായും ഈ മേഖലയിൽ പ്രവർത്തിക്കുന്ന കരകൗശല വിദഗ്ധരുടെയും സംരംഭകരുടെയും ജീവിത നിലവാരം ഉയർത്തി അവരെ പുരോഗമനപാതയിലേയ്ക്ക് നയിക്കുന്നതിനുംവേണ്ടി കേരള സംസ്ഥാന ബാംബൂ മിഷൻ, സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിനുകീഴിൽ 2003-ൽ രൂപീകരിച്ച് കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷനിൽ പ്രവർത്തിച്ചുവരുന്നു.

കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള അടിസ്ഥാന പരിശീലനം നൽകുക, കരകൗശലക്കാരുടെ കഴിവുകൾ മനസിലാക്കി അനുയോജ്യമായ നൈപുണ്യ വികസനം/ഉൽപ്പന്ന ഗുണമേന്മ എന്നിവ വർദ്ധിപ്പിക്കുന്നതിനായുള്ള പരിശീലനം നൽകുക, കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള സാങ്കേതിക സഹായം നൽകുക, പുതുമയാർന്ന ഉൽപ്പന്നങ്ങളുടെ രൂപീകരണം പ്രോത്സാഹിപ്പിക്കുക, മുള അനുബന്ധ ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിപണി കണ്ടെത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക, ദേശീയ അന്തർദേശീയ വിപണന മേളകളിൽ കരകൗശലക്കാരെ പങ്കെടുപ്പിക്കുക, വാർഷിക മേളയായ കേരള ബാംബൂ ഫെസ്റ്റ് സംഘടിപ്പിക്കുക, മുള കൃഷി പ്രോത്സാഹിപ്പിക്കുക, ബാംബൂ സപ്ലൈ ചെയിൻ രൂപീകരിക്കുക, മുള അനുബന്ധിത മേഖലയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുക, മുള ഉൽപ്പന്നങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക തുടങ്ങിയവയാണ് കേരള സംസ്ഥാന ബാംബൂ മിഷന്റെ പ്രധാന പ്രവർത്തന മേഖലകൾ.

സംസ്ഥാന പരമ്പരാഗത വ്യവസായ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

1. വാർഷിക മേളയായ ബാംബൂ ഫെസ്റ്റ്.
2. മുള ഉൽപ്പന്ന നിർമ്മാണ പരിശീലന പരിപാടി.
3. ദേശീയ-അന്തർദേശീയ മേളകളിൽ കരകൗശല വിദഗ്ധരെ പങ്കെടുപ്പിക്കുക.
4. ബാംബൂ സപ്ലൈ ചെയിൻ രൂപീകരണം.
5. ബാംബൂ ഇന്നവേഷൻ സെന്ററിന്റെ രൂപീകരണം.
6. മുളപ്രജനനം പ്രോത്സാഹിപ്പിക്കുക.

(ബി) നാഷണൽ ബാംബൂ മിഷൻ നടപ്പിലാക്കിവരുന്ന ഏതെങ്കിലും പദ്ധതികളുടെ പ്രയോജനം സംസ്ഥാനത്തിന് ലഭ്യമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

കേന്ദ്ര സർക്കാരിന്റെ അഗ്രികൾച്ചർ & ഫാർമേഴ്സ് വെൽഫെയർ മന്ത്രാലയത്തിന്റെ കീഴിലെ നാഷണൽ ബാംബൂ മിഷൻ പദ്ധതികൾ കേരളത്തിൽ നടപ്പിലാക്കുന്നത് ബാംബൂ ഡെവലപ്മെന്റ് ഏജൻസിയായി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷനിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന ബാംബൂ മിഷനാണ്. പുന:സംഘടിപ്പിച്ച നാഷണൽ ബാംബൂ മിഷൻ പദ്ധതിപ്രകാരം കേന്ദ്രവിഹിതം 60 ശതമാനവും സംസ്ഥാന വിഹിതം 40 ശതമാനവുമാണ്.

മുള നഴ്സറികളുടെ വികസനം, മുള പ്ലാന്റേഷൻ, ലൈവ്‌ലിഹുഡ് ബിസിനസ്സ് ഇൻകുബേഷൻ സെന്റർ, മുള സംസ്കരണ പ്ലാന്റ്, പ്രോസസ്സിംഗ് യൂണിറ്റ് തുടങ്ങിയ പദ്ധതികൾക്കുവേണ്ടി നാഷണൽ ബാംബൂ മിഷനിൽ നിന്നും 2018-19 വാർഷിക പദ്ധതിയിൽ 966.65 ലക്ഷം രൂപയുടെ സാമ്പത്തിക സഹായം ലഭിച്ചു. ഈ പദ്ധതികൾ സംസ്ഥാനത്തുള്ള താഴെ പറയുന്ന വിവിധ സർക്കാർ/പ്രൈവറ്റ് ഏജൻസികൾ മുഖേന നടപ്പിലാക്കിവരികയാണ്.

| നമ്പർ | ഏജൻസികൾ | അനുവദിച്ച് നൽകിയ തുക |
|---|---|---|
| 1 | കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ, അങ്കമാലി | 729.00 ലക്ഷം |
| 2 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (എംജി.എൻ.ആർ.ഇ.ജി.എസ്.)-കേരള | 93.62 ലക്ഷം |
| 3 | കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (കെ.എഫ്.ആർ.ഐ.) തൃശ്ശൂർ | 1.00 ലക്ഷം |
| 4 | ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (JNTBGRI), തിരുവനന്തപുരം | 27.50 ലക്ഷം |
| 5 | അഗ്രികൾച്ചറൽ കോളേജ്, വെള്ളായണി, തിരുവനന്തപുരം | 10.00 ലക്ഷം |
| 6 | ഉറവ് ഇൻഡിജീനിയസ് സയൻസ് & ടെക്നോളജി സ്റ്റഡി സെന്റർ, വയനാട് | 27.50 ലക്ഷം |
| 7 | കേരള സംസ്ഥാന ബാംബൂ മിഷൻ, (കെബിപ്പ്) തിരുവനന്തപുരം | 78.03 ലക്ഷം |

മുള നഴ്സറികളുടെ വികസനം, മുള പ്ലാന്റേഷൻ, ദേശീയ മേളകളിൽ പങ്കെടുക്കൽ തുടങ്ങിയ പദ്ധതികൾക്കുവേണ്ടി നാഷണൽ ബാംബൂ മിഷനിൽനിന്നും 2020-21-ലെ വാർഷിക പദ്ധതിയിൽ 35.75 ലക്ഷം രൂപയുടെ സാമ്പത്തിക സഹായം ലഭിച്ചു. ഈ പദ്ധതികൾ സംസ്ഥാനത്തുള്ള താഴെപ്പറയുന്ന വിവിധ സർക്കാർ ഏജൻസികൾ മുഖേന നടപ്പിലാക്കി വരികയാണ്.

| നമ്പർ | ഏജൻസികൾ | അനുവദിച്ച് നൽകിയ തുക |
|---|---|---|
| 1 | തൃശ്ശൂർ കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ഫാമിംഗ് സിസ്റ്റംസ് റിസർച്ച് സ്റ്റേഷൻ (എഫ്.എസ്.ആർ.എസ്.) സദാനന്ദപുരം, കൊട്ടാരക്കര | 10.00 ലക്ഷം |
| 2 | കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ, കോട്ടയം | 22.50 ലക്ഷം |
| 3 | കേരള സ്റ്റേറ്റ് ബാംബൂ മിഷൻ, തിരുവനന്തപുരം | 3.25 ലക്ഷം |

**കരകൗശല വ്യവസായ മേഖലയുടെ വികസനം**

124 (606) ശ്രീമതി യു. പ്രതിഭ:

ശ്രീ. കെ. പ്രേംകുമാർ:

ശ്രീ. കെ. എം. സച്ചിൻദേവ്:

ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കരകൗശല വ്യവസായ മേഖലയുടെ വികസനത്തിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

കേരള കരകൗശല വികസന കോർപ്പറേഷൻ, കരകൗശല ഉൽപ്പന്നങ്ങൾ കോർപ്പറേഷന്റെ ഇന്ത്യയിലുടനീളമുള്ള ഇരുപതോളം വില്പനശാലകൾ വഴി വിപണനം നടത്തിവരുന്നു. ഇതുകൂടാതെ കോർപ്പറേഷന്റെ വെബ്സൈറ്റ് വഴിയും ആമസോൺ, ഫ്ളിപ്പ്കാർട്ട് എന്നിവയിലൂടെയും ഓൺലൈൻ വിപണനവും നടത്തിവരുന്നു. കൂടാതെ സംസ്ഥാനത്തെ പരമ്പരാഗത വ്യവസായ ഉൽപ്പന്നങ്ങൾക്ക് ഓൺലൈൻ വിപണി കണ്ടെത്തുന്നതിന് സർക്കാർ മുൻകയ്യെടുത്ത് ഡിജിറ്റൽ യൂണിവേഴ്സിറ്റിയുമായി ചേർന്ന് ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനം നടപ്പിലാക്കുന്നതിന് നടപടിയെടുത്തിട്ടുണ്ട്. സർക്കാർ നടപടികൾ സ്വീകരിച്ച് നടത്തുന്ന വിപണന മേളകളിൽ കോർപ്പറേഷൻ പങ്കെടുത്തുവരുന്നു. കരകൗശല മേഖലയിൽ പുതിയ ഉൽപ്പന്നങ്ങൾ വികസിപ്പിച്ച് അവ ഉൽപ്പാദിപ്പിച്ച് വിപണനം നടത്തുന്ന പദ്ധതിയും കരകൗശല തൊഴിലാളികൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു. പരമ്പരാഗത കൈത്തൊഴിൽ മേഖലകളായ മരപ്പണി, ഇരുമ്പുപണി, സ്വർണ്ണപ്പണി, ചെമ്പ്-ഓട്ടുപാത്ര നിർമ്മാണം, തുകൽ ഉൽപ്പന്ന നിർമ്മാണം, മൺപാത്ര നിർമ്മാണം എന്നീ മേഖലകളിലെ പിന്നോക്കവിഭാഗത്തിലുൾപ്പെട്ട തൊഴിലാളികൾക്ക് ഉൽപ്പാദന യൂണിറ്റുകൾ ആരംഭിക്കുന്നതിനും അതുമുഖേന ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുമായി ദേശീയ പിന്നോക്ക വിഭാഗ കോർപ്പറേഷന്റെ സഹായത്തോടെ കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ കുറഞ്ഞ പലിശ നിരക്കിൽ വായ്പ അനുവദിച്ചുവരുന്നു. മാർക്കറ്റ് ഡെവലപ്മെന്റ് ഇനിഷ്യേറ്റീവ് എന്ന പദ്ധതി മുഖേന പരമ്പരാഗത കൈത്തൊഴിലാളികളുടെ വൈദഗ്ധ്യം ഉപയോഗിച്ച് പുതുശൈലി ഉൽപ്പന്നങ്ങൾ ഡിസൈൻ ചെയ്യുന്നതിനും നിർമ്മിക്കുന്നതിനും ആയവ മാർക്കറ്റ് ചെയ്യുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കരകൗശല മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് അസംസ്കൃത വസ്തുക്കൾ എത്തിച്ചുകൊടുക്കുക, ഉല്പന്നങ്ങൾക്ക് ഗുണമേന്മയും വൈവിധ്യവൽക്കരണവും ലക്ഷ്യമിട്ട് പരിശീലനം നൽകുക, നിർമ്മിക്കപ്പെടുന്ന ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തി നൽകുക എന്നിവയാണ് സുരഭിയുടെ പ്രധാന ലക്ഷ്യങ്ങൾ. കൂടാതെ ഈ മേഖലയിൽ

നിർമ്മിക്കപ്പെടുന്ന ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ കേരളത്തിനകത്തും പുറത്തുമായി സ്ഥിരം ഷോറൂമുകൾ നടത്തിവരികയും വിശേഷാവസരങ്ങളിൽ പ്രദർശന വില്പന മേളകൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്.

(ബി) സുരഭി (കേരള സ്റ്റേറ്റ് ഹാൻഡിക്രാഫ്റ്റ്സ്), കാഡ്കോ (കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ) തുടങ്ങിയ കരകൗശല മേഖലയിലെ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിശദമാക്കാമോ; ഇവയുടെ സാങ്കേതിക നവീകരണത്തിനും ആധുനികവൽക്കരണത്തിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

പരമ്പരാഗത കൈത്തൊഴിൽ മേഖലകളായ മരപ്പണി, ഇരുമ്പുപണി, സ്വർണ്ണപ്പണി, ചെമ്പ്-ഓട്ടുപാത്ര നിർമ്മാണം, മൺപാത്ര നിർമ്മാണം മുതലായവയിൽ പണിയെടുക്കുന്ന ആർട്ടിസാൻമാരുടെ ഉന്നമനത്തിനായി 1981-ൽ രൂപീകൃതമായ കോർപ്പറേഷനാണ് കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കാഡ്കോ). കാഡ്കോയുടെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1. കൈത്തൊഴിൽ മേഖലയിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ഉൽപ്പന്നങ്ങൾ കാലതാമസംകൂടാതെ വിറ്റഴിക്കുന്നതിനായി സർവ്വീസ് ആന്റ് സപ്ലൈ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

2. കൈത്തറി മേഖലയെ പുനരുദ്ധരിക്കുന്നതിനും പരമ്പരാഗത ആർട്ടിസാന്മാർക്ക് ജോലി നൽകുന്നതിനും തറികളുടെ റിപ്പയർ, പുതിയ തറികളുടെ നിർമ്മാണം എന്നിവ വ്യവസായ വകുപ്പിൽനിന്നും ലഭിച്ച ഉത്തരവുപ്രകാരം കാഡ്കോ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്.

3. കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ISO നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായി ഓഫീസ് ഫർണിഷിംഗ്, ആധുനികവൽക്കരണം എന്നിവ ഒരുക്കുന്നതിന്റെ നോഡൽ ഏജൻസിയായി കാഡ്കോയെ പരിഗണിച്ചിട്ടുണ്ട്. ആയതിൻപ്രകാരം 500-ൽപ്പരം പഞ്ചായത്ത് ഓഫീസുകൾ നവീകരിക്കുന്നതിന് സാധിച്ചു. ഇതിലൂടെ നിരവധി മരപ്പണിക്കാർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്.

4. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകൾ നവീകരിക്കുന്നതിന്റെ ഭാഗമായും വിദ്യാഭ്യാസ മേഖലയിലെ ക്ലാസ്റൂം നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ക്ലാസ്റൂം തയ്യാറാക്കുന്നതിനും നോഡൽ ഏജൻസിയായി കാഡ്കോയെ അംഗീകരിച്ചിട്ടുണ്ട്. ഈ ഉത്തരവിൻ പ്രകാരം നിരവധി മരപ്പണിക്കാർ, ഇരുമ്പുപണിക്കാർ, കൽപ്പണിക്കാർ (മേസൺസ്) എന്നിവർക്ക് തൊഴിൽ ലഭിക്കുന്നതാണ്.

5. കേരളത്തിലെ പരമ്പരാഗത ആർട്ടിസാൻസിന്റെ സമഗ്ര വിവര ശേഖരണം നടത്തുന്നതിനായി ആർട്ടിസാൻസ് ലേബർ ഡാറ്റാ ബാങ്ക് എന്ന ബൃഹത് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കേരളത്തിലെ പരമ്പരാഗത ആർട്ടിസാൻസുകളുടെ പരിരക്ഷ ലക്ഷ്യമാക്കി സർക്കാർ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന കാഡ്കോ കൂടുതൽ സർക്കാർ പ്രോജക്ടുകൾ ഏറ്റെടുത്ത് പൂർത്തീകരിച്ച് ലാഭകരമാക്കി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ലേബർ ഡാറ്റാ ബാങ്ക് സഹായകരമാകും. കേരളത്തില പ്രാഥമിക കരകൗശല സഹകരണ സംഘങ്ങളുടെ അപ്പെക്സ് സ്ഥാപനമാണ് കേരള സ്റ്റേറ്റ് ഹാൻഡിക്രാഫ്റ്റ്സ് അപ്പെക്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (സുരഭി). പ്രാഥമിക കരകൗശല സഹകരണ സംഘങ്ങളിലെ അംഗങ്ങളായ കരകൗശല തൊഴിലാളികൾ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ സംഭരിച്ച് വിപണനം നടത്തുകയാണ് പ്രധാനമായും നടത്തിവരുന്നത്. സർക്കാർ സഹായത്തോടെ സുരഭിയുടെ പ്രവർത്തനങ്ങളെ സാങ്കേതികമായി നവീകരിക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചതിന്റെ ഭാഗമായി നടപ്പുസാമ്പത്തിക വർഷ ബഡ്ജറ്റ് വിഹിതം പ്രയോജനപ്പെടുത്തിക്കൊണ്ട് സുരഭിയുടെ തൃശ്ശൂർ എംപോറിയം ആധുനീകരിക്കുന്നതിനും എല്ലാ ഷോറൂമുകളിലും കംപ്യൂട്ടർവത്കരണം നടത്തുന്നതിനുമുള്ള ഒരു പ്രൊപ്പോസൽ വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ചിട്ടുണ്ട്.

(സി) കരകൗശല മേഖലയിൽ വൈവിധ്യമാർന്നതും മൂല്യവർദ്ധിതവുമായ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് സഹായകരമാകുന്ന പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇതിനായി തൊഴിലാളികൾക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

കച്ചിപ്പടം (Straw Picture), ബെൽമെറ്റൽ, തടി എന്നിവ കൊണ്ട് കരകൗശല മേഖലയിൽ വൈവിധ്യമാർന്നതും മൂല്യവർദ്ധിതവുമായ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് കരകൗശല വികസന കോർപ്പറേഷൻ പൊതുസേവന കേന്ദ്രങ്ങൾ വഴി (CFC) നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കരകൗശലവും പരമ്പരാഗത സുഗന്ധദ്രവ്യങ്ങളും ഒരുമിച്ചുചേർത്ത് വൈവിധ്യമാർന്ന ഉൽപ്പന്നങ്ങൾ നിർമ്മിച്ച് 'Spices in Craft' എന്ന നാമധേയത്തിൽ വിൽപ്പന നടത്തിവരികയും കരകൗശല തൊഴിലാളികൾക്ക് പരിശീലനം നൽകുന്നതിനായി സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ പദ്ധതി ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. കൊല്ലം ഉമയനല്ലൂരിൽ മരപ്പണിയിലേർപ്പെട്ടിരിക്കുന്ന ആർട്ടിസാന്മാർക്കായി ആധുനിക യന്ത്രസാമഗ്രികളുൾപ്പെടുത്തി പൊതുസേവനകേന്ദ്രം കാഡ്കോയുടെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

2018-19 സാമ്പത്തിക വർഷത്തിൽ വിവിധ ക്രാഫ്റ്റുകളിലായി മൂന്ന് ഡിസൈൻ ഡെവലപ്മെന്റ് വർക്ക്ഷോപ്പുകൾ, ഒരു സ്കിൽ അപ്ഗ്രഡേഷൻ ട്രെയിനിംഗ് പ്രോഗ്രാം എന്നിവ നടപ്പിലാക്കിയതിലൂടെ നൂറിലധികം കരകൗശല തൊഴിലാളികൾക്ക് നൈപുണ്യ വികസനം സാധ്യമായിട്ടുണ്ട്.

**കൊച്ചി ബാംഗ്ലൂർ വ്യവസായ ഇടനാഴി**

125 (607) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

National Industrial Corridor Development and Implementation Trust (NICDIT), Ministry of Commerce-ഉം സംസ്ഥാന സർക്കാരും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി പദ്ധതി. കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സംയുക്ത സംരംഭമായ കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയിൽ സംയോജിത ഉൽപ്പാദന ക്ലസ്റ്ററുകളാണ് സ്ഥാപിക്കുന്നത്. ഇതുപ്രകാരം പാലക്കാട്ടും കൊച്ചിയും ഓരോ നോഡുകളായാണ് വികസിപ്പിക്കുന്നത്. പാലക്കാട് നോഡിൽ ഉൾപ്പെട്ട പാലക്കാട് ജില്ലയിലെ കണ്ണമ്പ്രയിൽ 299.23 ഏക്കർ ഭൂമിയുടെ ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. പുതുശ്ശേരി സെൻട്രൽ-പുതുശ്ശേരി I-ൽ 458.59 ഏക്കർ ഭൂമിയുടെ അവാർഡ് പാസ്സാക്കുകയും പൊസ്സഷൻ എടുക്കുകയും ചെയ്തിട്ടുണ്ട്. പുതുശ്ശേരി സെൻട്രൽ-പുതുശ്ശേരി II-ൽ 214.86 ഏക്കർ ഭൂമിയുടെ അവാർഡ് പാസ്സാക്കുകയും പൊസ്സഷൻ എടുക്കുകയും ചെയ്തിട്ടുണ്ട്. പുതുശ്ശേരി വെസ്റ്റ്-സെൻട്രൽ-പുതുശ്ശേരി III-ൽ 375 ഏക്കർ ഭൂമിയുടെ സർവ്വേ നടപടികൾ പുരോഗമിക്കുന്നു. കൂടാതെ പദ്ധതിയുടെ ഭാഗമായി കൊച്ചിയിൽ ഒരു Gift City സ്ഥാപിക്കുന്നതിനായി കൊച്ചിയിലെ അയ്യമ്പുഴയിൽ 358 ഏക്കർ ഭൂമി കണ്ടെത്തി സർവ്വേ നടപടികൾ പൂർത്തീകരിച്ചു കഴിഞ്ഞു.

(ബി) പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

ഭൂമിയേറ്റെടുക്കൽ നടപടികൾ അന്തിമഘട്ടത്തിലാണ്. അഞ്ചുവർഷത്തിനുള്ളിൽ പദ്ധതി പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാക്കാനാണ് ഉദ്ദേശിക്കുന്നത്.

## സ്വകാര്യ വ്യവസായ പാർക്കുകൾ

126 (608) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കാൻ അംഗീകാരം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇതുസംബന്ധിച്ച് മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ?

സ്വകാര്യ വ്യവസായ പാർക്കുകൾക്ക് അംഗീകാരം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. ഇതുസംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) സ്വകാര്യ വ്യവസായ പാർക്കുകൾ തുടങ്ങുന്നതിന് ഇതിനകം എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് നിലവിൽ 24 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അപേക്ഷകളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(സി) സ്വകാര്യ വ്യവസായ പാർക്കുകൾ തുടങ്ങുന്നവർക്ക് സഹായധനം മുൻകൂറായി നൽകുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ?

ഇല്ല.

(ഡി) സ്വകാര്യ വ്യക്തികൾ വ്യവസായ പാർക്കുകൾ തുടങ്ങുമ്പോൾ ഭൂപരിഷ്കരണ നിയമത്തിൽ ഇളവുകൾനൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

നിലവിൽ സ്വകാര്യ വ്യക്തികൾക്ക് വ്യവസായ പാർക്കുകൾ തുടങ്ങാൻ ചട്ടമില്ല. 10 ഏക്കർ ഭൂമിയോ അതിൽ കൂടുതലോ കൈവശമുള്ള സഹകരണ സ്ഥാപനങ്ങൾ, കമ്പനികൾ, പാർട്ണർഷിപ്പ് സ്ഥാപനങ്ങൾ, ചാരിറ്റബിൾ സൊസൈറ്റികൾ എന്നിവർക്ക് സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പെർമിറ്റിനായി അപേക്ഷിക്കാം. ഭൂപരിഷ്കരണ നിയമത്തിൽ ഇളവുകൾ നൽകുന്ന വിഷയം പരിശോധിക്കാവുന്നതാണ്.

## സ്വകാര്യ വ്യവസായ പാർക്കുകൾ

127 (609) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ ഇതിനായുള്ള നടപടിക്രമങ്ങളും മാനദണ്ഡങ്ങളും വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്ത് സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ വെബ്പോർട്ടൽ മുഖേന ഓൺലൈനായി വ്യവസായ വാണിജ്യ ഡയറക്ടർക്ക് ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് സർക്കാരിലേയ്ക്ക് അയയ്ക്കുന്നു. സർക്കാർ തലത്തിൽ ധനകാര്യം, വ്യവസായം, റവന്യൂ, വൈദ്യുതി, പരിസ്ഥിതി, തദ്ദേശസ്വയംഭരണം, ജലവിഭവം എന്നീ വകുപ്പുകളുടെ സെക്രട്ടറിമാർ അടങ്ങിയ സ്റ്റേറ്റ് ലെവൽ സെലക്ഷൻ കമ്മിറ്റി യോഗംചേർന്ന് ഇവ വിലയിരുത്തി അനുയോജ്യമായവയ്ക്ക് അംഗീകാരം നൽകുകയും തുടർന്ന് ഡെവലപ്പർ പെർമിറ്റ് അനുവദിക്കുകയും ചെയ്യും. ഇത്തരത്തിൽ സ്വകാര്യ വ്യവസായ എസ്റ്റേറ്റ് ആരംഭിക്കാൻ അനുമതി ലഭിച്ച ഭൂമിക്ക് കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്, ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഡെവലപ്പ്മെന്റ് റൂൾ 2019 എന്നിവയുടെ പരിധിയിൽവരുന്ന എല്ലാ ആനുകൂല്യങ്ങൾക്കും അർഹത ഉണ്ടായിരിക്കും.

10 ഏക്കർ ഭൂമിയോ അതിൽ കൂടുതലോ കൈവശമുള്ള സഹകരണ സ്ഥാപനങ്ങൾ, കമ്പനികൾ, പാർട്ണർഷിപ്പ് സ്ഥാപനങ്ങൾ, ചാരിറ്റബിൾ സൊസൈറ്റികൾ എന്നിവർക്ക് സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പെർമിറ്റിനായി അപേക്ഷിക്കാം സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി പോലെ ബഹുനില വ്യവസായ സമുച്ചയമാണ് ഉദ്ദേശിക്കുന്നതെങ്കിൽ 5 ഏക്കർ ഭൂമി മതിയാകും. തെരഞ്ഞെടുക്കപ്പെടുന്ന ഭൂമി ESA or CRZ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെട്ടതായിരിക്കരുത്. അതുപോലെതന്നെ, Kerala Conservation of Paddy Land and Wet Land Act-2008-ന്റെ പരിധിയിലും ഉൾപ്പെട്ടതായിരിക്കരുത്. സ്വകാര്യ വ്യവസായ എസ്റ്റേറ്റാക്കി മാറ്റാൻ ഉദ്ദേശിക്കുന്ന ഭൂമിയിൽ ഭൂമി സംബന്ധമായ നിയമപ്രശ്നങ്ങളോ മറ്റുതടസ്സങ്ങളോ ഉണ്ടാകാനും പാടില്ല.

(ബി) സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിനുള്ള അപേക്ഷകൾ ഏതെല്ലാം ജില്ലകളിൽനിന്നാണ് ലഭിച്ചിട്ടുള്ളതെന്നും പ്രസ്തുത അപേക്ഷകളിന്മേൽ എന്തെല്ലാം തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

കോഴിക്കോട്, തിരുവനന്തപുരം, ഇടുക്കി, വയനാട്, തൃശ്ശൂർ, കോട്ടയം, മലപ്പുറം പാലക്കാട്, കണ്ണൂർ, എറണാകുളം, ആലപ്പുഴ എന്നീ ജില്ലകളിൽ നിന്ന് സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ലഭ്യമായ അപേക്ഷകളിൽനിന്നും അനുയോജ്യമായവ കണ്ടെത്തി ഡെവലപ്പർ പെർമിറ്റ് അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

## മണിമല നാളികേര പാർക്കിന്റെ നിർമ്മാണം

128 (610) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ.: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണിമല നാളികേര പാർക്കിന്റെ നിർമ്മാണത്തിനായി 2022-ലെ ബഡ്ജറ്റിൽ വകയിരുത്തിയ തുക വിനിയോഗിക്കുന്നതിന് സ്വീകരിച്ച നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; ടി പ്രവൃത്തി എന്ന് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

മണിമല നാളികേര പാർക്കിന്റെ (Coconut Park, Kuttiyadi) നിർമ്മാണത്തിനായി 2022-23-ലെ ബഡ്ജറ്റിൽ കെ.എസ്.ഐ.ഡി.സി.-ക്ക് 2.50 കോടി രൂപയാണ് സർക്കാർ വകയിരുത്തിയിരിക്കുന്നത്. പദ്ധതിയുടെ ഭൂമി വികസിപ്പിക്കുന്നതിനെപ്പറ്റിയുള്ള പഠനം നടത്തുന്നതിനും കൂടാതെ 2022-23-ൽ തന്നെ നടപ്പിലാക്കാൻ ഉദ്ദേശിച്ചിരിക്കുന്ന ഉൾറോഡുകൾ, വൈദ്യുതിവിതരണം, ജലവിതരണം തുടങ്ങിയ ജോലികൾക്കായാണ് ടി 2.50 കോടി രൂപ ആസൂത്രണം ചെയ്തിരിക്കുന്നത്. ഭൂമി വികസിപ്പിക്കുന്നതിനെപ്പറ്റിയുള്ള പഠനം നടത്തുന്നതിനായി കിറ്റ്കോയെ ചുമതലപ്പെടുത്തിയിരിക്കുന്നു. സർവ്വേ നടത്തി പാർക്കിന്റെ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്ന പ്രവൃത്തി പുരോഗമിക്കുകയാണ്. ചുറ്റുമതിൽ കെട്ടുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ ഉൾറോഡുകൾ, വൈദ്യുതി വിതരണം, ജലവിതരണം തുടങ്ങിയവയ്ക്കായുള്ള പ്രാരംഭ നടപടികളും ആരംഭിച്ചിട്ടുണ്ട്.

## സ്വകാര്യ വ്യവസായ പാർക്കുകൾ

129 (611) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വ്യവസായ പാർക്കുകൾക്ക് അനുമതി നൽകുന്നത് ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

സ്വകാര്യ വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിന് ഡെവലപ്പർ പെർമിറ്റ് അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ബി) തിരുവമ്പാടി മണ്ഡലത്തിൽ ജബൽ ഗ്രീൻ പാർക്ക് വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിന് നൽകിയ അപേക്ഷയുടെ നിലവിലെ അവസ്ഥ വിശദമാക്കുമോ?

തിരുവമ്പാടി മണ്ഡലത്തിലെ കാരശ്ശേരി പഞ്ചായത്തിൽ കുമാരനെല്ലൂർ വില്ലേജിൽപ്പെട്ട 10 ഏക്കർ സ്ഥലത്ത് ഒരു പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിനായി ജബൽ വെൻച്വേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന

സ്ഥാപനത്തിന്റെ പ്രൊമോട്ടറായ ശ്രീ. അബ്ദുൽ സലാം എന്നയാൾ 4-8-2022-ന് ഓൺലൈൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥലപരിശോധന നടത്തുന്നതിനായി 23-8-2022-ന് രാവിലെ 11.00-മണിക്ക് കോഴിക്കോട് ഡിസ്ട്രിക്ട് ഇൻഡസ്ട്രിയൽ സൈറ്റ് സെലക്ഷൻ കമ്മിറ്റി കൂടുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കുമാരനെല്ലൂർ വില്ലേജിൽ തന്നെ 33 ഏക്കർ സ്ഥലത്ത് ജബൽ ഗ്രീൻ പാർക്ക് എൽ.എൽ.പി എന്ന പേരിൽ സ്വകാര്യ വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് മെ. ജബൽ വെൻച്വേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് സമർപ്പിച്ച അപേക്ഷ കിൻഫ്രവഴി സർക്കാരിൽ ലഭിക്കുകയും റിപ്പോർട്ടിനായി വ്യവസായ വാണിജ്യ ഡയറക്ടർക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. ടി പാർക്കിന്റെ ഭൂപരിധി സംബന്ധിച്ച് റവന്യൂ വകുപ്പിന്റെ അഭിപ്രായം അറിയിക്കാനായി അനൗദ്യോഗികക്കുറിപ്പും നൽകിയിട്ടുണ്ട്.

## ചീമേനി വ്യവസായ പാർക്ക്

130 (612) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ സർക്കാർ പ്രഖ്യാപിച്ച ചീമേനി വ്യവസായ പാർക്ക് എപ്പോൾ യാഥാർത്ഥ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; ഇതിനാവശ്യമായ സ്ഥലം ലഭ്യമായിട്ടും പദ്ധതി ആരംഭിക്കാനുള്ള നടപടികൾ വൈകുന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ സൈബർ പാർക്കിനുവേണ്ടി ഇലക്ട്രോണിക്സ് & വിവരസാങ്കേതിക വിദ്യവകുപ്പ് ഏറ്റെടുത്തിരുന്ന ഭൂമി പൊതുവിഭാഗത്തിലുള്ള വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിലേയ്ക്കായി ഏറ്റെടുക്കുന്നത് സംബന്ധിച്ച് സാധ്യതാപഠനം നടത്തി കിൻഫ്ര സമർപ്പിച്ച റിപ്പോർട്ട് ഐ.ടി. വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്.

## പള്ളിപ്പുറം ഫുഡ് പാർക്കിന്റെ നിർമ്മാണ പുരോഗതി

131 (613) <u>ശ്രീമതി ദെലീമ</u>: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അരൂർ മണ്ഡലത്തിലെ പള്ളിപ്പുറം ഫുഡ് പാർക്കിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; പ്രസ്തുത ഫുഡ് പാർക്കിൽ എത്ര സംരംഭകർ സംരംഭം നടത്തുന്നതിനായി എത്തിച്ചേർന്നിട്ടുണ്ടെന്ന് വിശദമാക്കാമോ?

മത്സ്യസംസ്കരണ മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ കെ.എസ്.ഐ.ഡി.സി.-യുടെ ചേർത്തല പള്ളിപ്പുറം വ്യവസായ പാർക്കിലെ 84 ഏക്കറിൽ കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ ഒരു മെഗാ ഫുഡ് പാർക്ക് സ്ഥാപിച്ചിട്ടുണ്ട്. കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയത്തിന്റെ സഹായത്തോടെ സ്ഥാപിതമാകുന്ന മെഗാഫുഡ് പാർക്ക് പദ്ധതിയുടെ അടങ്കൽ തുക 128.49 കോടി രൂപയാണ്. ഇതിൽ 50 കോടി രൂപ കേന്ദ്ര സഹായമാണ്. ഒന്നാംഘട്ടത്തിൽ 68 ഏക്കറിൽ മെഗാ ഫുഡ് പാർക്കിൽ റോഡ്, മഴവെള്ള നിർമ്മാർജ്ജന ഓടകൾ, ജലവിതരണ സംവിധാനം, ചുറ്റുമതിൽ, ഗേറ്റ്, സെക്യൂരിറ്റി ക്യാബിൻ മുതലായ അടിസ്ഥാന സൗകര്യങ്ങളുടെയും സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി, കോമൺ ഫെസിലിറ്റി സെന്റർ, വെയർഹൗസ് ഉൾപ്പെടെയുള്ള പ്രോസസ്സിംഗ് ഫെസിലിറ്റികളുടെയും നിർമ്മാണം പൂർത്തിയായിട്ടുണ്ട്. മലിനജല സംസ്കരണ ശാല, കോൾഡ് സ്റ്റോർ, ഡീപ്ഫ്രീസ്, ഡിബോണിംഗ് യൂണിറ്റ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. പാർക്ക് ഉദ്ഘാടനത്തിന് സജ്ജമായിരിക്കുകയാണ്. ഫുഡ് പാർക്കിൽ ഇതിനകം 31 യൂണിറ്റുകൾക്ക് സംരംഭം തുടങ്ങുന്നതിനായി ഭൂമി അനുവദിച്ചു നല്കിയിട്ടുണ്ട്. ഇതിൽ 12 യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചു. ബാക്കിയുള്ളവ പ്രവർത്തനാരംഭത്തിന്റെ വിവിധഘട്ടങ്ങളിലാണ്. പദ്ധതി പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകുമ്പോൾ 1,000 കോടി രൂപയുടെ നിക്ഷേപവും മൂവായിരത്തോളം തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

## പാലക്കാട് - കണ്ണമ്പ്ര കിൻഫ്രാ വ്യവസായ പാർക്ക്

132 (614) <u>ശ്രീ. പി. പി. സുമോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണമ്പ്ര കിൻഫ്ര വ്യവസായ പാർക്കിന്റെ നിർമ്മാണ പുരോഗതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ ഭാഗമായി വികസിപ്പിക്കുന്ന പാലക്കാട് നോഡിന്റെ ഭാഗമായ കണ്ണമ്പ്രയിൽ 299.23 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

(ബി) പ്രസ്തുത വ്യവസായ പാർക്കിന്റെ പ്രവർത്തനം എന്ന് ആരംഭിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

പാലക്കാട് നോഡിന്റെ ഭാഗമായി വ്യവസായ ക്ലസ്റ്റർ ആണ് പ്രസ്തുത സ്ഥലത്ത് സ്ഥാപിക്കുന്നത്. വ്യവസായ ഇടനാഴിയുടെ രൂപരേഖ തയ്യാറായി വരുന്നതേയുള്ളൂ.

**കോതമംഗലം മണ്ഡലത്തിലെ വ്യവസായ സംരംഭങ്ങൾ**

133 (615) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ' എന്ന പദ്ധതിയുടെ ഭാഗമായി പുതുതായി എത്ര പദ്ധതികളാണ് കോതമംഗലം മണ്ഡലത്തിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്; അവയുടെ പഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

'ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ' എന്ന പദ്ധതിയുടെ ഭാഗമായി കോതമംഗലം മണ്ഡലത്തിൽ 971 സംരംഭങ്ങൾ ആരംഭിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇതിന്റെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗ്രാമ പഞ്ചായത്തിന്റെ പേര് | ടാർഗറ്റ് (Nos.) |
|---|---|---|
| 1 | കവളങ്ങാട് | 134 |
| 2 | പല്ലാരിമംഗലം | 67 |
| 3 | കോട്ടപ്പടി | 81 |
| 4 | പിണ്ടിമന | 75 |
| 5 | നെല്ലിക്കുഴി | 189 |
| 6 | കീരംപാറ | 56 |
| 7 | വാരപ്പെട്ടി | 84 |
| 8 | കുട്ടമ്പുഴ | 110 |
| 9 | കോതമംഗലം മുനിസിപ്പാലിറ്റി | 175 |

(ബി) ടി പദ്ധതിയുമായി ബന്ധപ്പെട്ട് നിലവിൽ എത്ര പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ടി പദ്ധതിയുമായി ബന്ധപ്പെട്ട് ഇതുവരെ 387 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗ്രാമ പഞ്ചായത്തിന്റെ പേര് | നേട്ടം (Nos.) |
|---|---|---|
| 1 | കവളങ്ങാട് | 73 |
| 2 | പല്ലാരിമംഗലം | 31 |
| 3 | കോട്ടപ്പടി | 37 |
| 4 | പിണ്ടിമന | 33 |
| 5 | നെല്ലിക്കുഴി | 77 |
| 6 | കീരംപാറ | 23 |
| 7 | വാരപ്പെട്ടി | 20 |
| 8 | കുട്ടമ്പുഴ | 26 |
| 9 | കോതമംഗലം മുനിസിപ്പാലിറ്റി | 67 |

(സി) സംരംഭം ആരംഭിക്കുന്നതിന് മുന്നോടിയായുള്ള ലോൺ സബ്സിഡി മേളകൾ മണ്ഡലത്തിലെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ലോൺ സബ്സിഡി മേളകൾ കോതമംഗലം മണ്ഡലത്തിലെ മുഴുവൻ പഞ്ചായത്തിലും പൂർത്തീകരിച്ചു.

(ഡി) ഏതെല്ലാം തരത്തിലുള്ള സംരംഭങ്ങൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

മാനുഫാക്ച്ചറിംഗ്, ട്രേഡിംഗ്, സർവ്വീസ് വിഭാഗത്തിൽ വരുന്ന സംരംഭങ്ങൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഇ) കോതമംഗലം മണ്ഡലത്തിൽ കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

എല്ലാ ഗ്രാമപഞ്ചായത്തിലും ഇന്റേൺസിനെ നിയമിക്കുകയും രജിസ്ട്രേഷൻ, ലൈസൻസ് നടപടികൾ ത്വരിതഗതിയിൽ പൂർത്തീകരിക്കുന്നതിനായി താലൂക്ക് വ്യവസായ ഓഫീസിൽ റിസോഴ്സ് പേഴ്സണെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. സംരംഭകർക്ക് വ്യവസായ വകുപ്പ് ഉൾപ്പെടെയുള്ള മറ്റ് വകുപ്പുകളുടെ പദ്ധതികൾ വിശദീകരിച്ചുകൊണ്ടുള്ള ജനറൽ ഓറിയന്റേഷൻ പരിപാടികൾ നടത്തിയിട്ടുണ്ട്.

കൂടാതെ ലോൺ/ലൈസൻസ്/സബ്സിഡി മേളകളിൽ വിവിധ ബാങ്കുകളുടെ മാനേജർമാർ വായ്പാ പദ്ധതികളെക്കുറിച്ചും ലോൺ നടപടികളെക്കുറിച്ചും വിശദീകരിക്കുകയുണ്ടായി. സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി വഴി നടപ്പിലാക്കുന്ന പുതിയ വായ്പാ പദ്ധതിയും അതിനോടൊപ്പം വ്യവസായ വകുപ്പ് വഴിയുള്ള പലിശ സബ്സിഡിയും വഴി കൂടുതൽ സംരംഭകരെ ആകർഷിക്കുന്നതാണ്. അതോടൊപ്പം സംരംഭകർക്ക് ബോധവൽക്കരണം നൽകുന്നതിന്റെ ഭാഗമായി പഞ്ചായത്തു തലത്തിൽ ഹെൽപ്പ് ഡെസ്ക് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

## വടകര താലൂക്കിലെ വ്യവസായ വികസന ഓഫീസ് വഴിയുള്ള പ്രവർത്തനങ്ങൾ

134 (616) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര താലൂക്കിലെ വ്യവസായ അഭിവൃദ്ധിക്കായി വ്യവസായ വികസന ഓഫീസ് മുഖേന എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തുന്നത് എന്നറിയിക്കാമോ?

സംരംഭക സഹായ പദ്ധതി, പ്രധാന മന്ത്രിയുടെ തൊഴിൽദായക പദ്ധതി, പ്രധാനമന്ത്രി ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസ്സിംഗ് എന്റർപ്രൈസസ് സ്കീം, നാനോ സംരംഭങ്ങൾക്കുള്ള മാർജിൻ മണി ഗ്രാന്റ് പദ്ധതി, അസിസ്റ്റൻസ് സ്കീം ഫോർ ഹാൻഡിക്രാഫ്റ്റ് ആർട്ടിസാൻസ്, നാനോ ഗാർഹിക സംരംഭങ്ങൾക്കുള്ള പലിശ ഇളവ് എന്നീ പദ്ധതികൾ താലൂക്ക് വ്യവസായ വികസന ഓഫീസ് വഴി നടപ്പിലാക്കിവരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് ബോധവത്കരണ പരിപാടികളും ലോൺമേളകളും നടത്തിവരുന്നു. ഏകജാലക സംവിധാനം വഴി ലൈസൻസുകൾ ലഭ്യമാക്കുന്നതിനും പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനും വേണ്ട സഹായങ്ങളും ചെയ്തുവരുന്നു.

(ബി) വടകര താലൂക്കിൽ നിലവിൽ ലാഭകരമായി പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത സ്ഥാപനങ്ങൾ മുഖേന എത്ര തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കുന്നുണ്ട്; വിശദാംശം നൽകാമോ?

(ബി&സി) വടകര താലൂക്കിൽ വ്യവസായ വകുപ്പിന്റെ കീഴിൽ പൊതുമേഖലാ സ്ഥാപനങ്ങൾ ഇല്ല.

## നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം

135 (617) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാണ സാമഗ്രികളായ സിമന്റ്, കമ്പി, മറ്റ് അസംസ്കൃത വസ്തുക്കൾ എന്നിവയുടെ വില ക്രമാതീതമായി വർദ്ധിച്ചത് നിർമ്മാണ മേഖലയുടെ സ്തംഭനത്തിന് കാരണമായി എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ നിർമ്മാണ വസ്തുക്കളുടെ വിലക്കയറ്റം തടയുന്നതിന് സർക്കാർ തലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് അറിയിക്കുമോ;

(സി) ഇതിനായി സിമന്റ്, കമ്പി, മറ്റ് നിർമ്മാണ വസ്തുക്കൾ എന്നിവയുടെ കമ്പനികളുമായി ചർച്ചകൾ നടത്തിയിരുന്നോ; വ്യക്തമാക്കുമോ;

(ഡി) സർക്കാരിന്റെ നിയന്ത്രണത്തിലുള്ള കമ്പനികൾ, കലവറ മുതലായവ മുഖേന നിശ്ചിത സ്ക്വയർഫീറ്റിൽ നിർമ്മിക്കുന്ന വീടുകൾക്ക് സബ്സിഡി നിരക്കിൽ നിർമ്മാണ സാമഗ്രികൾ നൽകുന്നതിനുള്ള എന്തെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ നിർമ്മാണ വസ്തുക്കളുടെ വില കുതിച്ചുയരുന്ന സാഹചര്യത്തിൽ സാധാരണക്കാരുടെ 'വീട്' എന്ന സ്വപ്നം യാഥാർത്ഥ്യമാക്കാൻ സർക്കാർ തലത്തിൽ ഇത്തരത്തിലൊരു പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ?

(എ-ഡി) നിർമ്മാണ വസ്തുക്കളുടെ വിലവർദ്ധനവ് നിർമ്മാണ മേഖലയുടെ സ്തംഭനത്തിന് കാരണമായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരളത്തിലെ മൊത്തം സിമെന്റ് വിൽപ്പനയുടെ അഞ്ച് ശതമാനം മാത്രമാണ് പൊതുമേഖലാ സ്ഥാപനമായ മലബാർ സിമെന്റ്സിന്റെ നിലവിലെ വിപണി വിഹിതം. വിപണി വിലയ്ക്കാനുപാതികമായി വില കുറച്ചാണ് കമ്പനി സിമെന്റ് വിൽപ്പന നടത്തിവരുന്നത്. നിലവിൽ സിമെന്റ് വില ഗണ്യമായി കുറഞ്ഞിട്ടുണ്ട്. നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം മൂലമുണ്ടാകുന്ന പ്രതിസന്ധി തരണംചെയ്യുന്നതിനായി സ്റ്റീൽ, സിമെന്റ് ഉൽപ്പാദകരുടെയും ഡീലർമാരുടെയും യോഗം വിളിച്ചുചേർത്ത് വില കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ഇതിനകം നിർദ്ദേശം നൽകിയിട്ടുണ്ട്. ഭവന നിർമ്മാണ വകുപ്പിന്റെ കീഴിലുള്ള സംസ്ഥാന നിർമ്മിതി കേന്ദ്രം കെട്ടിട നിർമ്മാണ സാമഗ്രികളുടെ ന്യായവില വിപണന കേന്ദ്രമായ കലവറ എന്ന പദ്ധതിയിലൂടെ 750 ചതുരശ്രയടിവരെ വിസ്തീർണ്ണമുള്ള വീടുകൾ നിർമ്മിക്കുന്ന ബി.പി.എൽ. വിഭാഗത്തിലുള്ളവർക്കും സർക്കാർ ഭവന പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്കും സിമെന്റ്, കമ്പി എന്നിവ പൊതുവിപണിയിലെ വിലയെക്കാൾ 15% വിലകുറച്ച് നൽകിവരുന്നുണ്ട്. സംസ്ഥാനത്ത് നിലവിൽ 15 'കലവറ'കൾ പ്രവർത്തിക്കുന്നുണ്ട്.

## വ്യവസായ സംരംഭങ്ങൾക്ക് പഞ്ചായത്ത് ലൈസൻസ്

136 (618) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും ലൈസൻസ് നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന്റെയും ഭാഗമായി വ്യവസായ സംരംഭങ്ങൾക്ക് മൂന്നുവർഷം വരെ പഞ്ചായത്ത് ലൈസൻസ് ആവശ്യമില്ലെന്നും തുടർന്നുള്ള ആറുമാസത്തിനുള്ളിൽ ലഭ്യമാക്കിയാൽ മതിയെന്നുമുള്ള ഉത്തരവ് നിലവിലുണ്ടോ; വിശദമാക്കുമോ?

2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് നിയമസഭ അംഗീകരിക്കുകയും തുടർന്ന് നിയമം നടപ്പിൽ വരികയും ചെയ്തു. ഈ നിയമപ്രകാരം സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികളിൽനിന്ന് 10 കോടി രൂപ വരെ നിക്ഷേപമുള്ള സംസ്ഥാന മലിനീകരണ ബോർഡിന്റെ റെഡ് കാറ്റഗറിയിൽ ഉൾപ്പെടാത്ത വ്യവസായങ്ങളെ മൂന്നു വർഷത്തേയ്ക്ക് ഒഴിവാക്കുന്നു. നിക്ഷേപം സംബന്ധിച്ച് സംരംഭകൻ സമർപ്പിക്കുന്ന സ്വയം സാക്ഷ്യപത്രം ഓൺലൈൻ (കെ-സ്വിഫ്റ്റ്) മുഖാന്തരം സ്വീകരിച്ച് ഭൗതിക പരിശോധന ഇല്ലാതെ ഉടൻതന്നെ ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡ് കൈപ്പറ്റ് സാക്ഷ്യപത്രം നൽകുന്നു. ലഭിക്കുന്ന കൈപ്പറ്റ് സാക്ഷ്യപത്രത്തിന് മൂന്ന് വർഷം കാലാവധി. മൂന്ന് വർഷത്തിനുശേഷം ആറുമാസത്തിനകം അനുമതികൾ സംരംഭകൻ കരസ്ഥമാക്കിയാൽ മതിയാകുന്നതാണ്.

(ബി) പ്രസ്തുത ഉത്തരവ് പ്രകാരം കൊമേഴ്സ്യൽ ബിൽഡിംഗിലോ, ചട്ടപ്രകാരം അനുയോജ്യമല്ലാത്ത കെട്ടിടങ്ങളിലോ വ്യവസായം തുടങ്ങി മൂന്ന് വർഷത്തിനു ശേഷം പഞ്ചായത്ത് ലൈസൻസിന് അപേക്ഷിച്ചാൽ 2019-ലെ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം ജി1 പ്രകാരം ലൈസൻസ് നൽകാനാവില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് അനുമതികളുമായി ബന്ധപ്പെട്ടുള്ള ചട്ടങ്ങളും നിയമങ്ങളും ഒന്നുംതന്നെ ലംഘിക്കാൻ ഈ നിയമം വ്യവസ്ഥ ചെയ്യുന്നില്ല. ലംഘനം കണ്ടെത്തിയാൽ പിഴ ഈടാക്കാനുള്ള വ്യവസ്ഥ നിയമത്തിൽ ചേർത്തിട്ടുണ്ട്.

(സി) പ്രസ്തുത പ്രയാസങ്ങൾ മുൻകൂട്ടിക്കണ്ട് തുടക്കത്തിൽ തന്നെ ആയത് പരിഹരിക്കുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ?

ഇത്തരം ലംഘനങ്ങൾ ഒഴിവാക്കാനായി എം.എസ്.എം.ഇ. അക്നോളഡ്ജ്മെന്റുകൾ പരിശോധിച്ച് നിയമലംഘനം ഉള്ളവ ജില്ലാതല ഏകജാലക ബോർഡ് മുഖാന്തരം റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടന്നുവരുന്നുണ്ട്.

## 2022-23 സംരംഭക വർഷമായി ആചരിക്കുന്നത് സംബന്ധിച്ച്

137 (619) ശ്രീ. വി. ജോയി:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:
ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സംരംഭക വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; ഇതുവഴി എത്രത്തോളം സംരംഭങ്ങളും തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതിനാണ് പദ്ധതി ആസൂത്രണം ചെയ്യുന്നത്; വിശദാംശങ്ങൾ നൽകാമോ?

2022-23 സംരംഭക വർഷമായി കേരള ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കാനുള്ള ഒരു ബൃഹത്തായ പദ്ധതിക്ക് തദ്ദേശ സ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗസംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് ആരംഭിച്ചിട്ടുണ്ട്.

30-3-2022-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംരംഭക വർഷത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. കൂടാതെ 30-3-2022-ലെ സ.ഉ.(സാധാ) നമ്പർ 289/2022/ID പ്രകാരം സംരംഭക വർഷത്തിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി സംസ്ഥാന, ജില്ലാ, തദ്ദേശ സ്ഥാപനതലത്തിൽ കമ്മിറ്റികൾ രൂപീകരിച്ചു. ഒരുലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ നടപ്പിലാക്കുന്നതിന് എല്ലാ തദ്ദേശ സ്ഥാപനങ്ങളിലുമായി പ്രൊഫഷണൽ യോഗ്യതയുള്ള 1153 ഇന്റേണുകളെ നിയമിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ബോധവത്കരണ പരിപാടികൾ, ലോൺ/ലൈസൻസുകൾ, മേളകൾ തുടങ്ങിയ പ്രവർത്തനങ്ങൾ ഇന്റേണുകളുടെ ഉത്തരവാദിത്വത്തിലായിരിക്കും നടക്കുക. ഒരു തദ്ദേശ സ്വയം ഭരണസ്ഥാപനതലത്തിൽ മാസത്തിൽ നിശ്ചിത എണ്ണം സ്ഥാപനങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഇന്റേണുകൾക്ക് ലക്ഷ്യവും നൽകിയിട്ടുണ്ട്.

സംരംഭകവർഷത്തോടനുബന്ധിച്ച പ്രവർത്തനങ്ങളും തദ്ദേശ സ്ഥാപനങ്ങളിൽ നിയമിതരായിട്ടുള്ള ഇന്റേൺസിന്റെ ചുമതലകളും സംബന്ധിച്ച് മാർഗ്ഗരേഖ രൂപീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിലെയും വ്യവസായ വകുപ്പിലെയും ഉദ്യോഗസ്ഥർക്കായി വർക്ക്ഷോപ്പ് നടത്തുകയും അതിൽനിന്ന് കരട് മാർഗ്ഗരേഖ തയ്യാറാക്കി ഉത്തരവിറക്കുകയും ചെയ്തിട്ടുണ്ട്. (17-6-2022-ലെ സർക്കുലർ നമ്പർ എ3/299/2022/ പി.ഡി.എൽ.എസ്.ജി.ഡി,) ഈ പദ്ധതി നടത്തിപ്പിന്റെ ആദ്യ ഘട്ടമെന്ന നിലയിൽ, കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണസ്ഥാപന പ്രദേശങ്ങളിലും സംരംഭം തുടങ്ങാൻ താല്പര്യമുള്ള ആളുകൾക്ക് 2022 മേയ്-ജൂൺ മാസങ്ങളിൽ പൊതുബോധവൽക്കരണ പരിപാടി നടത്തിയിട്ടുണ്ട്. പൊതുബോധവൽക്കരണ ക്യാമ്പയിനിന്റെ സംസ്ഥാനതല ഉദ്ഘാടനം 2022 മേയ് 6-ന് പള്ളിച്ചൽ പഞ്ചായത്തിൽ വച്ച് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ നിർവ്വഹിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുബോധവൽക്കരണ പരിപാടിയിൽ പങ്കെടുക്കുന്ന സംരംഭകർക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്നതിനായി ജില്ലാ പ്രൊഫൈലുകൾ, ആവശ്യമായ ലൈസൻസുകൾ, ലഭ്യമായ സഹായ പദ്ധതികൾ എന്നീ വിവരങ്ങൾ ക്രോഡീകരിച്ച് പ്രത്യേക കൈപുസ്തകങ്ങൾ ജില്ലാതലത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ ഈ വിവരങ്ങൾ സംരംഭകർക്ക് അനായാസമായി ലഭ്യമാക്കാൻ ഇവ ഉൾപ്പെടുത്തി പ്രത്യേക ചെറുവീഡിയോകളും നിർമ്മിച്ചിട്ടുണ്ട്. ഇതുവരെ 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 1158 പൊതുബോധവൽക്കരണ പരിപാടികൾ നടത്തുകയും അവയിലായി ആകെ 85,160 പേർ പരിപാടിയിൽ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് 2022 ആഗസ്റ്റ് മാസം പൂർത്തിയാകുന്ന രീതിയിൽ ലൈസൻസ്/ലോൺ/സബ്സിഡി മേളകൾ ആരംഭിച്ചിട്ടുമുണ്ട്. ഒരു ലക്ഷം സംരംഭങ്ങളുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും ഒരു ഓൺലൈൻ പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. നിലവിൽ ഇതുവരെ 48,973 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും തിങ്കൾ, ബുധൻ ദിവസങ്ങളിൽ ഹെൽപ്പ് ഡെസ്ക് വഴിയുള്ള ഇന്റേണിന്റെ സേവനം ലഭ്യമാകുന്നതാണ്. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഹെൽപ്പ് ഡെസ്ക് നടപ്പിലാക്കിക്കൊണ്ടുള്ള 25-6-2022-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ1529/2022/LSGD പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) നിക്ഷേപകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സംരംഭകത്വവുമായി ബന്ധപ്പെട്ട പരാതികൾക്ക് പരിഹാരം കാണുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദാംശം നൽകാമോ?

സംരംഭകർക്ക് വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി 2021-ലെ 137 നമ്പർ ഓർഡിനൻസ് പ്രകാരം, 1999-ലെ കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആൻഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡെവലപ്മെന്റ് ആക്ട്, 1999 (2000-ലെ നിയമം 5)-ന്റെ ഭേദഗതി വഴി നിലവിൽ വന്നിട്ടുള്ള സംവിധാനമാണ് പരാതി പരിഹാര സംവിധാനം (Grievance Redressal System). ഈ നിയമപ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാ/സംസ്ഥാന പരാതി പരിഹാര കമ്മിറ്റികൾ മുഖേനയാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്. അഞ്ചുകോടി രൂപ വരെ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികൾ ജില്ലാ കമ്മിറ്റിക്കും അഞ്ചുകോടി രൂപയിൽ കൂടുതൽ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികളും ജില്ലാ കമ്മിറ്റിയുടെ തീരുമാനത്തിനുമേലുള്ള അപ്പീലും സംസ്ഥാന കമ്മിറ്റിക്കുമാണ് നൽകേണ്ടത്. ഈ സംവിധാനം കാര്യക്ഷമമായും സമയബന്ധിതമായും പ്രവർത്തിപ്പിക്കുന്നതിനായി ഒരു ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നിക്ഷേപകരുടെ പരാതി, ബുദ്ധിമുട്ടുകൾ എന്നിവ സമയബന്ധിതമായി പരിഹരിക്കുന്നതിന് ജില്ലാതലത്തിലും സംസ്ഥാന തലത്തിലും പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.

<u>ജില്ലാതല പരാതി പരിഹാര കമ്മിറ്റി</u>

ജില്ലാ കളക്ടർ - ചെയർമാൻ

ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം – കൺവീനർ

റീജിയണൽ ഡയറക്ടർ, നഗരകാര്യം

ഡെപ്യൂട്ടി ഡയറക്ടർ, പഞ്ചായത്ത്

ജില്ലാ ലേബർ ഓഫീസർ

സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജില്ലാ ഓഫീസർ

ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്

ചെയർമാൻ യുക്തമെന്ന് കരുതുന്ന പ്രകാരം അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന പ്രകാരമുള്ള വകുപ്പിന്റെ ജില്ലാതല ഓഫീസർ

<u>സംസ്ഥാന പരാതി പരിഹാര കമ്മിറ്റി</u>

(എ) വ്യവസായ വകുപ്പിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കലിന്റെ ചുമതലയുള്ള സെക്രട്ടറി – ചെയർമാൻ

(ബി) തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി അല്ലെങ്കിൽ നാമനിർദ്ദേശം ചെയ്യുന്ന, വകുപ്പിലെ സ്പെഷ്യൽ സെക്രട്ടറിയുടെ പദവിക്ക് താഴെയല്ലാത്ത ഉദ്യോഗസ്ഥൻ.

(സി) നിയമ സെക്രട്ടറി അല്ലെങ്കിൽ നാമനിർദ്ദേശം ചെയ്യുന്ന, അഡീഷണൽ സെക്രട്ടറിയുടെ പദവിക്കുതാഴെയല്ലാത്ത ഉദ്യോഗസ്ഥൻ.

(ഡി) സർക്കാർ നിയമിക്കുന്ന പ്രിൻസിപ്പൽ സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഔദ്യോഗിക സ്ഥാനം വഹിച്ചിരുന്ന, സർക്കാർ സർവ്വീസിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥൻ

(ഇ) ലാന്റ് റവന്യൂ കമ്മീഷണർ

(എഫ്) ലേബർ കമ്മീഷണർ

(ജി) കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന്റെ ചെയർമാൻ

(എച്ച്) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ

(ഐ) ഡയറക്ടർ, ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ്

(ജെ) വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ - കൺവീനർ

(കെ) ചെയർമാൻ യുക്തമെന്നുകരുതുന്ന പ്രകാരം, അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന പ്രകാരമുള്ള വകുപ്പിന്റെ സെക്രട്ടറി അല്ലെങ്കിൽ ഡയറക്ടർ.

വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനോ പ്രവർത്തിപ്പിക്കുന്നതിനോ, വിപുലീകരിക്കുന്നതിനോ, വൈവിധ്യവത്കരിക്കുന്നതിനോ, ആധുനികവത്കരിക്കുന്നതിനോ വിവിധ സംസ്ഥാന നിയമങ്ങൾക്കകീഴിൽ ആവശ്യമായ ക്ലിയറൻസുകളോ സർട്ടിഫിക്കറ്റുകളോ ലൈസൻസുകളോ പെർമിറ്റുകളോ അനുമതിയോ അതിന്റെ പുതുക്കൽ ലഭിക്കുന്നതിനോ അതിന് ആനുഷംഗീകമായ ഏതെങ്കിലും കാര്യത്തിനോവേണ്ടി അപേക്ഷ സമർപ്പിച്ച ഒരാൾക്ക് പ്രസ്തുത നിയമപ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള സമയ പരിധിക്കുള്ളിൽ സേവനങ്ങൾ നൽകുന്നുണ്ടെന്ന് നിരീക്ഷിക്കുന്നതിനും അപ്രകാരമുള്ള ആളുകളുടെ പരാതി കാര്യക്ഷമമായ രീതിയിൽ പരിഹരിക്കുന്നതിനും മതിയായതും ന്യായമായതുമായ കാരണങ്ങൾ കൂടാതെ സമയപരിധിക്കുള്ളിൽ സേവനം നൽകുന്നതിൽ വീഴ്ചവരുത്തുകയോ കാലതാമസം വരുത്തുകയോ ചെയ്യുന്ന ഒരു നിയുക്ത ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കാനും പരാതി പരിഹാര കമ്മിറ്റിക്ക് അംഗീകാരം ഉണ്ടായിരിക്കുന്നതാണ്.

ജില്ലാതല പരാതി പരിഹാര കമ്മിറ്റിക്കും സംസ്ഥാനതല പരാതി പരിഹാര കമ്മിറ്റിക്കും 1908-ലെ സിവിൽ നടപടി നിയമസംഹിത (1908 ലെ 5-ാം കേന്ദ്ര ആക്ട്) പ്രകാരം ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ ഒരു സിവിൽ കോടതിയിൽ നിക്ഷിപ്തമായിട്ടുള്ള താഴെപ്പറയുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

(എ) ഏതൊരാളെയും ഹാജരാക്കുന്നതിന് നിർബന്ധിക്കുന്നതിനും അല്ലെങ്കിൽ അയാളെ സത്യപ്രതിജ്ഞയിന്മേൽ വിസ്തരിക്കുന്നതിനും

(ബി) രേഖകളും പ്രമാണങ്ങളും കണ്ടെത്തുന്നതിനും ഹാജരാക്കുന്നതിനും

(സി) സത്യവാങ്മൂലത്തിന്മേൽ തെളിവ് സ്വീകരിക്കുന്നതിന്

(ഡി) സാക്ഷികളെ വിസ്തരിക്കുന്നതിനുവേണ്ടി കമ്മീഷൻ അയയ്ക്കുന്നതിന്

ജില്ലാ സംസ്ഥാനതല പരാതിപരിഹാര സമിതികൾ കുറഞ്ഞത് എല്ലാ മാസവും ഒരു പ്രാവശ്യം ഓരോ മാസത്തിന്റെയും ആദ്യ പ്രവൃത്തി ദിവസം ചെയർമാൻ തീരുമാനിക്കുന്ന സമയത്ത് യോഗം ചേരേണ്ടതാണ്.

**ചെറുകിട വ്യവസായങ്ങളുടെ രജിസ്ട്രേഷൻ**

138 (620) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി രജിസ്റ്റർ ചെയ്യുന്ന സംരംഭകർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കാമോ?

ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ പ്രത്യേകം രജിസ്റ്റർ ചെയ്യേണ്ടതില്ല. എന്നാൽ ചെറുകിട മേഖലയിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി മുന്നോട്ട് വരുന്ന സംരംഭകർക്ക് വിവിധ സാമ്പത്തിക ആനുകൂല്യങ്ങൾ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നൽകിവരുന്നുണ്ട്. ചെറുകിട വ്യവസായങ്ങൾ ആരംഭിക്കാനായി മുന്നോട്ട് വരുന്ന സംരംഭകർക്ക് താഴെപ്പറയുന്ന വിവിധങ്ങളായ സഹായ പദ്ധതികൾ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കിവരുന്നുണ്ട്.

1. സംരംഭക സഹായ പദ്ധതി (ESS)
2. നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി
3. ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ്
4. കരകൗശല മേഖലയ്ക്കുള്ള ആശ പദ്ധതി
5. പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP)

6. സൂക്ഷ്മ ഭക്ഷ്യസംസ്കരണ മേഖലയ്ക്കായുള്ള PMFME പദ്ധതി

കൂടാതെ 2022-23 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച താഴെപ്പറയുന്ന പദ്ധതികളും പുതുതായി ആരംഭിക്കുന്ന ചെറുകിട വ്യവസായങ്ങൾക്ക് പ്രയോജന പ്പെടുത്താവുന്നതാണ്.

1. 'ഒരു കുടുംബം ഒരു സംരംഭം' പദ്ധതി

2. സ്റ്റാർട്ടപ്പുകൾക്ക് മാനുഫാക്ച്ചറിംഗ് പ്രവർത്തനങ്ങൾക്കായുള്ള സഹായം

കൂടാതെ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് വ്യവസായികൾക്ക് സംശയ ദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കിക്കൊണ്ട് എം.എസ്.എം.ഇ. ക്ലിനിക് പദ്ധതി ആരംഭിച്ചിട്ടുണ്ട്. കൂടാതെ എല്ലാ താലൂക്ക് വ്യവസായ ഓഫീസു കളെയും MSME ഫെസിലിറ്റേഷൻ സെന്ററുകളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി താലൂക്ക് വ്യവസായ ഓഫീസുകളിൽ പ്രൊഫഷണൽ യോഗ്യതയുള്ള റിസോഴ്സ് പേഴ്സണെ നിയമിച്ച് പ്രവർത്തനം നടന്നുവരുന്നു. ഇതുകൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സംരംഭക വർഷവുമായി ബന്ധപ്പെട്ട് സംരംഭകർക്ക് നേരിട്ടുള്ള സഹായം നൽകുന്നതിനും സംരംഭക വർഷവുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ എകോപിപ്പി ക്കുന്നതിനുമായി ബിടെക്/ എം.ബി.എ. യോഗ്യതയുള്ള 1153 ഇന്റേണുകളെ നിയമിച്ചിട്ടുണ്ട്. കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും സംരംഭകർക്കുള്ള ഹെല്പ് ഡെസ്ക് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ ആഴ്ചയിലും തിങ്കൾ, ബുധൻ ദിവസങ്ങളിൽ ഹെല്പ് ഡെസ്ക് വഴിയുള്ള ഇന്റേണിന്റെ സേവനം സംരംഭകർക്ക് ലഭ്യമാകുന്നതാണ്. സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളുടെ സംശയ ദൂരീകരണത്തിനായി കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ ഒരു കോൾ സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സംരംഭക വർഷത്തിന്റെ ഭാഗമായി പ്രാദേശികമായി സംരംഭകരെ കണ്ടെത്തുന്നതിന് കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശങ്ങളിലും മേയ്-ജൂൺ മാസങ്ങളിൽ പൊതുബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. ഇതിൽ പങ്കെടുത്ത സംരംഭകർക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്നതിനായി ജില്ലാ പ്രൊഫൈലുകൾ, ആവശ്യമായ ലൈസൻസുകൾ, ലഭ്യമായ സഹായപദ്ധതികൾ എന്നീ വിവരങ്ങൾ ക്രോഡീകരിച്ച് പ്രത്യേക കൈപുസ്തകങ്ങൾ ജില്ലാതലത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഒരു ലക്ഷം സംരംഭങ്ങളുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കു ന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും ഒരു ഓൺലൈൻ പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. പൊതുബോധവൽക്കരണ പരിപാടിയുടെ

തുടർച്ചയായി, എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും 2022 ആഗസ്റ്റ് മാസത്തിൽ പൂർത്തിയാകുന്ന രീതിയിൽ ലൈസൻസ്/ലോൺ/സബ്സിഡി മേളകൾ നടത്തിവരുന്നുണ്ട്. ഒരു തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ മാസത്തിൽ നിശ്ചിത എണ്ണം സ്ഥാപനങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഇന്റേണുകൾക്ക് ലക്ഷ്യവും നൽകിയിട്ടുണ്ട്.

(ബി) നിലവിലെ സർക്കാരിന്റെ കാലയളവിൽ ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനായി എത്ര സംരംഭകർ ഇതിനകം രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ പ്രത്യേകം രജിസ്റ്റർ ചെയ്യേണ്ടതില്ല. എന്നാൽ പുതുതായി ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ഫീൽഡുതല ഉദ്യോഗസ്ഥർ വഴി ശേഖരിച്ചുവരുന്നുണ്ട്. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ എം.ഐ.എസ്. സംവിധാനത്തിലെയും സംരംഭക വർഷം പദ്ധതിയുടെ ഓൺലൈൻ പോർട്ടലിലെയും കണക്കുകൾ പ്രകാരം നിലവിലെ സർക്കാരിന്റെ കാലയളവിൽ ഇതുവരെ ആകെ 63,334 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

## മലപ്പുറം ജില്ലയിലെ പുതിയ വ്യവസായ സംരംഭങ്ങൾ

139 (621) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വ്യവസായ പുരോഗതിക്കായി പുതിയ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദീകരിക്കാമോ?

2022-23 സംരംഭക വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി മലപ്പുറം ജില്ലയിൽ 18601 സംരംഭങ്ങൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി മലപ്പുറം ജില്ലയിൽ ബി.ടെക്/എം.ബി.എ. യോഗ്യതയുള്ള 122 ഇന്റേൺസിനെ നിയമിച്ചിട്ടുണ്ട്. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സംരംഭകർക്കായി ശിൽപ്പശാലകൾ നടത്തുകയുണ്ടായി. ലോൺ/ സബ്സിഡി/ലൈസൻസ് മേളകളും നടന്നുവരുന്നു. കൂടാതെ വ്യവസായ വകുപ്പുവഴി വിവിധ സാമ്പത്തിക സഹായ പദ്ധതികളും പ്രോത്സാഹന പരിപാടികളും നടപ്പിലാക്കിവരുന്നു.

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലപ്പുറം ജില്ലയിലെ വ്യവസായ മേഖലയിൽ നടത്തിയ മുതൽമുടക്കുകൾ മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ; ഇക്കാലയളവിൽ ഏതെല്ലാം പുതിയ സംരംഭങ്ങളാണ് ആരംഭിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

മലപ്പുറം ജില്ലയിൽ നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യവസായ മേഖലയിൽ 27,188.94 ലക്ഷം രൂപ മുതൽമുടക്കിയിട്ടുണ്ട്. മണ്ഡലം തിരിച്ചുള്ള വിവരം (തുക ലക്ഷത്തിൽ) താഴെക്കൊടുക്കുന്നു:

| നമ്പർ | മണ്ഡലം | തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | കൊണ്ടോട്ടി | 1511.41 |
| 2 | ഏറനാട് | 2060.02 |
| 3 | നിലമ്പൂർ | 1981.30 |
| 4 | വണ്ടൂർ | 1672.21 |
| 5 | മഞ്ചേരി | 2241.01 |
| 6 | പെരിന്തൽമണ്ണ | 1674.07 |
| 7 | മങ്കട | 1620.02 |
| 8 | മലപ്പുറം | 2001.36 |
| 9 | വേങ്ങര | 1611.01 |
| 10 | വള്ളിക്കുന്ന് | 1417.73 |
| 11 | തിരൂരങ്ങാടി | 1318.30 |
| 12 | താനൂർ | 1322.34 |
| 13 | തിരൂർ | 1872.61 |
| 14 | കോട്ടയ്ക്കൽ | 1828.24 |
| 15 | തവനൂർ | 1534.78 |
| 16 | പൊന്നാനി | 1522.53 |
| | ആകെ | 27188.94 |

ഇക്കാലയളവിൽ ടെക്സ്റ്റൈൽസ് ആൻഡ് ഗാർമെന്റ്സ്, ഗ്ലാസ് ആന്റ് സിറാമിക്സ്, മെക്കാനിക്കൽ എഞ്ചിനീയറിംഗ്, ഐ. ടി.&ഐ. ടി. ഇ. എസ്., ഐ. ടി. ഹാർഡ് വെയർ, റബ്ബർ പ്രോഡക്ട്സ്, കെമിക്കൽ, പ്ലാസ്റ്റിക്, പേപ്പർ, വുഡ് പ്രോഡക്ട്സ്, പ്രിന്റിംഗ്, ബിൽഡിംഗ് മെറ്റീരിയൽസ്, ലെതർ, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്, ആയുർവ്വേദിക് പ്രോഡക്ട്സ്, സർവീസ് പ്രോഡക്ടസ്, ഫുഡ് & അഗ്രോ ബേസ്ഡ് പ്രോഡക്ട്സ് മുതലായ മേഖലകളിലാണ് പുതിയ സംരംഭങ്ങൾ തുടങ്ങിയിട്ടുള്ളത്.

(സി) പുതിയ സംരംഭങ്ങളും വ്യവസായ പാർക്കുകളും ആരംഭിക്കാൻ സൗകര്യമുള്ളതും വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതുമായ ഭൂമി സംബന്ധിച്ച കണക്കുകൾ ലഭ്യമാണോ; എങ്കിൽ വിശദാംശം നൽകുമോ; ഇവിടെ പുതിയ യൂണിറ്റുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

വ്യവസായ വാണിജ്യ വകുപ്പിന്റെ ഉടമസ്ഥതയിൽ പയ്യനാട് വ്യവസായ എസ്റ്റേറ്റും സിഡ്കോയുടെ ഉടമസ്ഥതയിൽ മഞ്ചേരി വ്യവസായ എസ്റ്റേറ്റും എടവണ്ണ, ഊരകം, കൊള്ളർ മിനി വ്യവസായ എസ്റ്റേറ്റുകളും കിൻഫ്രയുടെ ഉടമസ്ഥതയിൽ കാക്കാഞ്ചേരി ടെക്നോ ഇൻഡസ്ട്രിയൽ പാർക്കും നിലവിലുണ്ട്. ഇവിടെ നിലവിൽ സംരംഭങ്ങളും വ്യവസായ പാർക്കുകളും ആരംഭിക്കാൻ ഭൂമി ഒഴിവില്ല.

**ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതി**

140 (622) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ' എന്ന പദ്ധതിയുടെ ഭാഗമായി മഞ്ചേശ്വരം മണ്ഡലത്തിൽ ആരംഭിക്കുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

"ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ" എന്ന പദ്ധതിയുടെ ഭാഗമായി മഞ്ചേശ്വരം മണ്ഡലത്തിലെ 8 പഞ്ചായത്തുകളിലായി 10.21 കോടി രൂപ നിക്ഷേപത്തിൽ 172 വ്യവസായ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതികൾ പ്രകാരം മഞ്ചേശ്വരം മണ്ഡലത്തിൽ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

ടി പദ്ധതിയുടെ ഭാഗമായി ഇതുവരെ മഞ്ചേശ്വരം മണ്ഡലത്തിൽ 348 തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

**ഒറ്റപ്പാലം മണ്ഡലത്തിലെ പുതിയ വ്യവസായ പദ്ധതികൾ**

141 (623) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒറ്റപ്പാലം മണ്ഡലത്തിൽ പുതിയ വ്യവസായ പദ്ധതികൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാം പദ്ധതികളാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വ്യവസായ വാണിജ്യ വകുപ്പ് നടപ്പിലാക്കിവരുന്ന സ്വകാര്യ വ്യവസായ പാർക്ക്-2022 സ്കീം പ്രകാരം ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ ഒരു സ്വകാര്യ വ്യവസായ എസ്റ്റേറ്റ് ആരംഭിക്കുന്നതിന് അപേക്ഷ ലഭിച്ചിട്ടുണ്ട്. അപേക്ഷ പരിശോധിച്ചുവരുന്നു. കൂടാതെ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങളുടെ വികസനത്തിനായി വിവിധ പ്രോത്സാഹന പരിപാടികളും ധനസഹായ പദ്ധതികളും ഈ മണ്ഡലത്തിലും നടപ്പിലാക്കി വരുന്നുണ്ട്. 2022-23 സംരംഭക പദ്ധതിപ്രകാരം ഒറ്റപ്പാലം മണ്ഡലത്തിൽ 1082 പുതിയ യൂണിറ്റുകൾ ആരംഭിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

**കാട്ടാക്കട നിയോജകമണ്ഡലത്തിൽ കോമൺ ഫെസിലിറ്റി സെന്റർ**

142 (624) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിൽ ഈറ ഉല്പന്നങ്ങളുടെ വിപണനത്തിനും സംസ്കരണത്തിനുമായി കോമൺ ഫെസിലിറ്റി സെന്റർ ആരംഭിക്കുന്നതിന് അനുമതി ലഭ്യമായിട്ടുണ്ടോ; പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉണ്ട്. കാട്ടാക്കട നിയോജകമണ്ഡലത്തിൽ ഈറ ഉല്പന്നങ്ങളുടെ വിപണനത്തിനും സംസ്കരണത്തിനുമായി കോമൺ ഫെസിലിറ്റി സെന്റർ ആരംഭിക്കുന്നതിനായി കേരള സ്റ്റേറ്റ് ബാംബൂ മിഷൻ ലഭ്യമാക്കിയ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 22-6-2022-ലെ സ.ഉ.(സാധാ)നമ്പർ578/ 2022/വ്യവ., 5-7-2022-ലെ സ.ഉ(സാധാ)നമ്പർ 638/2022/വ്യവ എന്നിവ പ്രകാരം കേരള സംസ്ഥാന ബാംബൂ കോർപ്പറേഷന് കാട്ടാക്കട കേന്ദ്രമാക്കി കോമൺ ഫെസിലിറ്റി സെന്റർ ആരംഭിക്കുന്നതിനായി 200 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഏത് ഏജൻസിയുടെ നേതൃത്വത്തിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്; തുടർനടപടികൾ വിശദമാക്കാമോ?

കേരള സംസ്ഥാന ബാംബൂ കോർപ്പറേഷനെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ചുമതലപ്പെടുത്തിയിരിക്കുന്നത്. കോർപ്പറേഷൻ കെ-ബിപ്പുമായി സഹകരിച്ച് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

**മങ്കട മണ്ഡലത്തിൽ എസ്.ഐ.എൽ.കെ., കെ.ഇ.എൽ. എന്നീ ഏജൻസികൾ നടപ്പിലാക്കിവരുന്ന പ്രവൃത്തികൾ**

143 (625) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിൽ എസ്.ഐ.എൽ.കെ. (സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ്), കെ.ഇ.എൽ. (കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്) എന്നീ നിർവ്വഹണ ഏജൻസികൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്ന പ്രവൃത്തികൾ ഏതെല്ലാമെന്ന് അറിയിക്കാമോ; അവയിൽ പൂർത്തിയായിട്ടുള്ള പ്രവൃത്തികൾ, അവശേഷിക്കുന്ന പ്രവൃത്തികൾ, ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി എന്നിവ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുന്നതിൽ തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; എങ്കിൽ ഓരോ പ്രവൃത്തിയിലും നിലനിൽക്കുന്ന തടസ്സങ്ങൾ എന്താണെന്ന് അറിയിക്കുമോ; പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി)

I. സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ്

മങ്കട മണ്ഡലത്തിൽ സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് ഏറ്റെടുത്ത 8 പ്രവൃത്തികളിൽ 5 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. പൂർത്തീകരിച്ച പ്രവൃത്തികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

പൂർത്തീകരിക്കാത്ത പ്രവൃത്തികൾ

പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിലെ സി എച്ച് പ്ലേ ഗ്രൗണ്ടിന്റെ നവീകരണ പ്രവൃത്തി 25% പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ പുരോഗമിക്കുന്നു. അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിലെ വലമ്പൂർ സ്റ്റേഡിയം ഗ്യാലറി നിർമ്മാണ പ്രവൃത്തികൾ 80% പൂർത്തീകരിച്ചിട്ടുണ്ട്. പ്രദേശവാസികൾ തടസ്സപ്പെടുത്തുന്നതിനാൽ ബാക്കി പ്രവൃത്തികൾ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. താഴ്ന്ന പ്രദേശമായതു കൊണ്ടുള്ള ചില കാരണങ്ങളാൽ കൂട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിലെ ഗവൺമെന്റ് യു. പി. സ്കൂൾ ഗ്രൗണ്ട് നവീകരണ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

II) കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്

കമ്പനിയുടെ കുണ്ടറ യൂണിറ്റ് മുഖേന മങ്കട നിയോജകമണ്ഡലത്തിന്റെ വിവിധ ഭാഗങ്ങളിലായി 43 ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്ന തിനുള്ള 89.61 ലക്ഷം രൂപയുടെയും ഇതേ മണ്ഡലത്തിന്റെ വിവിധ ഭാഗങ്ങളിലായി 36 LED സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള 39.95 ലക്ഷം രൂപയുടെയും പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിവരികയാണ്. പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കു ന്നതിൽ തടസ്സങ്ങൾ ഒന്നുംതന്നെ നിലവിലില്ല. മിനിമാസ്റ്റ്/ഹൈമാസ്റ്റ് ലൈറ്റിന്റെ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ആകെയുള്ള 43 എണ്ണത്തിൽ 25 എണ്ണത്തിന്റെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളവ ആഗസ്റ്റ് 31-ന് മുമ്പായി പൂർത്തീകരിക്കുന്നതാണ്. LED സ്ട്രീറ്റ് ലൈറ്റിന്റെ പ്രവൃത്തികൾ എല്ലാംതന്നെ സമയബന്ധിതമായി പൂർത്തീകരിച്ചിട്ടുള്ളതാണ്.

**നിലമ്പൂർ നിയോജകമണ്ഡലത്തിലെ വ്യവസായ സംരംഭങ്ങൾ**

144 (626) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പുവർഷത്തിൽ നിലമ്പൂർ നിയോജകമണ്ഡലത്തിലെ വിവിധ തദ്ദേശ സ്ഥാപനങ്ങളിൽ എത്ര മൈക്രോ, സ്മാൾ, മീഡിയം എന്റർപ്രൈസുകളാണ് ആരംഭിച്ചതെന്ന് തദ്ദേശസ്ഥാപനങ്ങൾ തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ?

2022-23 സാമ്പത്തിക വർഷത്തിൽ സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി നിലമ്പൂർ നിയോജകമണ്ഡലത്തിൽ തദ്ദേശ സ്വയംഭരണാടിസ്ഥാനത്തിൽ താഴെപ്പറയും പ്രകാരം സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

| | | |
|---|---|---|
| നിലമ്പൂർ മുനിസിപ്പാലിറ്റി | - | 97 |
| ചുങ്കത്തറ ഗ്രാമപഞ്ചായത്ത് | - | 49 |
| എടക്കര ഗ്രാമപഞ്ചായത്ത് | - | 48 |
| മൂത്തേടം ഗ്രാമപഞ്ചായത്ത് | - | 39 |
| പോത്തുകല്ല് ഗ്രാമപഞ്ചായത്ത് | - | 40 |
| വഴിക്കടവ് ഗ്രാമപഞ്ചായത്ത് | - | 59 |
| കരുളായി ഗ്രാമപഞ്ചായത്ത് | - | 27 |
| അമരമ്പലം ഗ്രാമപഞ്ചായത്ത് | - | 42 |

(ബി) ഒരു പഞ്ചായത്ത് ഒരു ഉല്പന്നം പദ്ധതിയുടെ ഭാഗമായി നിലമ്പൂർ നിയോജകമണ്ഡലത്തിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിശ്ചയിച്ച ഉല്പന്നങ്ങൾ ഏതെല്ലാമെന്ന് അറിയിക്കാമോ; ഈ മേഖലയിൽ അതത് തദ്ദേശ സ്ഥാപനങ്ങളിൽ എത്ര വീതം സംരംഭങ്ങൾ ഇതുവരെ ആരംഭിച്ചുവെന്ന് അറിയിക്കാമോ?

| തദ്ദേശ സ്വയംഭരണ സ്ഥാപനം | നിശ്ചയിച്ചിട്ടുള്ള ഉത്പന്നം | ഈ മേഖലയിൽ ആരംഭിച്ച സംരംഭങ്ങളുടെ എണ്ണം |
|---|---|---|
| ചുങ്കത്തറ | നാളികേര ഉത്പന്നങ്ങൾ | 3 |
| എടക്കര | നാളികേര ഉത്പന്നങ്ങൾ | ഇല്ല |
| നിലമ്പൂർ മുനിസിപ്പാലിറ്റി | തേക്കുമര ഉത്പന്നങ്ങൾ | ഇല്ല |
| വഴിക്കടവ് | വാഴപ്പഴ ഉത്പന്നങ്ങൾ | 2 |

(സി) നിലമ്പൂർ നിയോജകമണ്ഡലത്തിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സാധ്യതയുള്ള വ്യവസായ മേഖലകൾ ഏതെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഒരു പഞ്ചായത്ത് ഒരു ഉൽപ്പന്നം പദ്ധതിയുടെ ഭാഗമായി നിലമ്പൂർ നിയോജക മണ്ഡലത്തിലെ താഴെപ്പറയുന്ന തദ്ദേശസ്ഥാപനങ്ങളിൽ സാധ്യതയുള്ള ഉൽപ്പന്നങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

| തദ്ദേശ സ്വയംഭരണ സ്ഥാപനം | നിശ്ചയിച്ചിട്ടുള്ള ഉത്പന്നം |
|---|---|
| ചുങ്കത്തറ | നാളികേര ഉത്പന്നങ്ങൾ |
| എടക്കര | നാളികേര ഉത്പന്നങ്ങൾ |
| നിലമ്പൂർ മുനിസിപ്പാലിറ്റി | തേക്ക് മര ഉത്പന്നങ്ങൾ |
| വഴിക്കടവ് | വാഴപ്പഴ ഉത്പന്നങ്ങൾ |

(ഡി) നിലമ്പൂർ നിയോജകമണ്ഡലത്തിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സൊസൈറ്റികൾ (പട്ടികജാതി/പട്ടികവർഗ്ഗ സൊസൈറ്റികൾ ഉൾപ്പെടെ) പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയിൽ ലഭ്യമായ വ്യവസായ ഭൂമിയുടെയോ വ്യവസായത്തിന് ഉപയുക്തമായ ഭൂമിയുടെയോ വിവരങ്ങൾ ലഭ്യമാക്കാമോ?

നിലമ്പൂർ നിയോജകമണ്ഡലത്തിൽ ലഭ്യമായ വ്യവസായ ഭൂമിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. നിലമ്പൂർ ബ്ലോക്കിൽ 5 ഏക്കർ ഭൂമി (സർവ്വേ നമ്പർ 4/671, മയ്യന്താണി, നിലംബൂർ) ഇതിൽ 15 സെന്റ് ഒഴികെ ബാക്കി ഭൂമി വ്യവസായ ആവശ്യത്തിനായി അനുവദിച്ചിട്ടുണ്ട്.

2. എടക്കര പഞ്ചായത്തിൽ രണ്ടേക്കർ ഭൂമി (സർവ്വേ നമ്പർ 1021 ഇരട്ടയൻകുളം)

**നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കാൻ നടപടി**

145 (627) ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. എച്ച്. സലാം:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീമതി ശാന്തകുമാരി കെ.:താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിക്ഷേപം ആകർഷിക്കുന്നതിനായി കഴിഞ്ഞ സർക്കാർ നടത്തിയ പ്രവർത്തനങ്ങളുടെ തുടർച്ചയായി ഈ സർക്കാർ നടത്തിയ ബഹുമുഖ പ്രവർത്തനങ്ങളുടെ ഫലമായി കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി തീർക്കാൻ കഴിഞ്ഞിട്ടുണ്ടോ?

ഉണ്ട്.

(ബി) കേന്ദ്ര വാണിജ്യ മന്ത്രാലയം പ്രസിദ്ധീകരിച്ച റാങ്കിംഗിൽ സംസ്ഥാനത്തിന് നില മെച്ചപ്പെടുത്താനായിട്ടുണ്ടോ?

ഉണ്ട്. കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രാലയത്തിന് കീഴിലുള്ള ഡിപ്പാർട്ടുമെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇന്റേണൽ ട്രേഡ് (ഡി.പി.ഐ.ഐ.റ്റി.) എല്ലാ സംസ്ഥാനങ്ങളെയും കേന്ദ്രഭരണ പ്രദേശങ്ങളെയും ഉൾപ്പെടുത്തി വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള എളുപ്പത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചയിക്കുന്ന ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് റാങ്കിംഗിൽ 2019-ലെ ഇരുപത്തിയെട്ടാം സ്ഥാനത്തുനിന്ന് 2020-ൽ പതിനഞ്ചാം സ്ഥാനം കരസ്ഥമാക്കാൻ സംസ്ഥാനത്തിന് സാധിച്ചു. ഉപയോക്തൃ അഭിപ്രായ സർവ്വേയെ അടിസ്ഥാനമാക്കി ടോപ്പ് അച്ചീവേഴ്സ്, അച്ചീവേഴ്സ്, ആസ്പയറേഴ്സ്, എമെർജിംഗ് ബിസിനസ്സ് ഇക്കോസിസ്റ്റംസ് എന്നിങ്ങനെ നാലായാണ് സൂചികയിൽ സംസ്ഥാനങ്ങളെ തരംതിരിച്ചിട്ടുള്ളത്. അതിൽ ' ആസ്പയറേഴ്സ് വിഭാഗത്തിലാണ് കേരളത്തെ ഉൾപ്പെടുത്തിയിട്ടുള്ളത്.

(സി) സംരംഭക പ്രതികരണത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ കൂടുതൽ സംരംഭക സൗഹൃദമാക്കുന്നതിന് സ്വീകരിച്ചനടപടികളുടെ വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്തെ നിക്ഷേപ-സൗഹൃദ സംസ്ഥാനമാക്കുന്നതിനും വ്യവസായ നിക്ഷേപാന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും ലക്ഷ്യമിട്ട് മുൻ സർക്കാരിന്റെ കാലത്ത് 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം നിർമ്മിക്കുകയുണ്ടായി. ഇതിനുപുറമേ ഈ സർക്കാരിന്റെ കാലത്ത് ആവിഷ്കരിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. K-SWIFT

കേരളത്തിൽ സംരംഭം തുടങ്ങുന്നതിനുവേണ്ടി സമർപ്പിക്കുന്ന അപേക്ഷയിന്മേൽ പരമാവധി 30 ദിവസത്തിനുള്ളിൽ എല്ലാ അനുമതികളും ലഭ്യമാക്കാൻ K-SWIFT എന്ന പേരിൽ ഒരു ഓൺലൈൻ ഏകജാലക സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

2. Investment Facilitation Bureau

സംസ്ഥാനത്ത് 2019-ൽ നടപ്പിലാക്കിയിട്ടുള്ള കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമപ്രകാരം, കേന്ദ്ര സർക്കാരിന്റെ എം.എസ്.എം.ഇ നിർവ്വചനമനുസരിച്ച് 50 കോടി രൂപയിൽ താഴെ നിക്ഷേപമുള്ളതും മലിനീകരണ നിയന്ത്രണബോർഡിന്റെ ചുവന്ന കാറ്റഗറിയിൽ പ്പെടാത്തതുമായ സ്ഥാപനങ്ങൾക്ക് മൂന്നുവർഷംവരെ സംസ്ഥാന നിയമങ്ങൾക്കു കീഴിലുള്ള ചില ലൈസൻസുകൾ എടുക്കേണ്ടതില്ല. സ്വയം സാക്ഷ്യപ്പെടുത്തിയ ഓൺലൈൻ സത്യവാങ്മൂലം സമർപ്പിച്ച് വ്യവസായം തുടങ്ങാൻ സാധിക്കുന്നതാണ്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽപ്പെടാത്ത MSME-ഇതര വ്യവസായങ്ങൾക്ക് ഒരു വർഷത്തേയ്ക്ക് സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ചില അനുമതികൾ ഒഴിവാക്കാനാവുന്ന വിധം മേൽസൂചിപ്പിച്ച 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇത്തരം വ്യവസായങ്ങൾക്ക് അനുമതി കൊടുക്കുന്നതിന് വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി അധ്യക്ഷനായുള്ള ഒരു ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ബ്യൂറോ രൂപീകരിച്ചിട്ടുണ്ട്.

3. Centralised Inspection System

വ്യവസായ സ്ഥാപനങ്ങളിൽ വിവിധ സർക്കാർ വകുപ്പുകൾ നടത്തുന്ന പരിശോധനകൾ കഴിവതും ഒരുമിച്ചുനടത്താനും അനാവശ്യ പരിശോധനകൾ ഒഴിവാക്കാനുംവേണ്ടി ഒരു ഓൺലൈൻ ഏകീകൃത പരിശോധനാ സംവിധാനം (Centralised Inspection System) രൂപീകരിച്ചിട്ടുണ്ട്. നിലവിൽ അഞ്ച് വകുപ്പുകളെ സംയോജിപ്പിച്ചാണ് പ്രസ്തുത കേന്ദ്രീകൃത പരിശോധനാ സംവിധാനം ഒരുക്കിയിട്ടുള്ളത്. പദ്ധതിയുടെ അടുത്ത ഘട്ടത്തിൽ ആവശ്യമായ മറ്റു വകുപ്പുകളെക്കൂടി ഈ കേന്ദ്രീകൃത പരിശോധനാ സംവിധാനത്തിൽ സംയോജിപ്പിക്കുന്നതാണ്.

4. നിയമപിന്തുണയുള്ള പരാതി പരിഹാര കമ്മിറ്റി രൂപീകരണം

വിവിധ വകുപ്പുകൾ സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കുന്നതിനും അവ സമയബന്ധിതമായി പരിഹരിക്കുന്നതിനുമായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും നിയമപിന്തുണയുള്ള പരാതി-പരിഹാര കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. 1999-ലെ കേരള വ്യവസായ ഏകജാലക ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും നിയമത്തിൽ ആവശ്യാനുസൃതമായ ഭേദഗതികൾ വരുത്തിക്കൊണ്ടാണ് പ്രസ്തുത കമ്മിറ്റി രൂപീകരിച്ചത്.

5. കാലഹരണപ്പെട്ടതും യുക്തിരഹിതവുമായ വ്യവസ്ഥകൾ ഒഴിവാക്കാനുമുള്ള നടപടികൾ

സംസ്ഥാനത്ത് വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട നിയമങ്ങളിലെ കാലഹരണപ്പെട്ടതും യുക്തിരഹിതവുമായ വ്യവസ്ഥകൾ ഒഴിവാക്കാനും കുറ്റകരമായ നടപടികൾ ലഘൂകരിക്കാനുമുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കാനും ഒരു എക്സ്റ്റേണൽ കമ്മിറ്റി രൂപവത്കരിച്ചിരുന്നു. വ്യവസായ സമൂഹവും വിവിധ വ്യവസായ അസ്സോസിയേഷനുകളുമായും കൂടിയാലോചനകൾ നടത്തി അവരുടെ പരാതികളും നിർദ്ദേശങ്ങളും സ്വീകരിച്ച്, പ്രസക്തമായ എല്ലാ നിയമങ്ങളുടെയും ചട്ടങ്ങളുടെയും സൂക്ഷ്മ വിശകലനം നടത്തി, അവയിൽ കാലഹരണപ്പെട്ട നിബന്ധനകൾ ഒഴിവാക്കാനും കുറ്റകരമായ നടപടികൾ ലഘൂകരിക്കാനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ റിപ്പോർട്ട്, പ്രസ്തുത കമ്മിറ്റി സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിഗണനയിലാണ്.

6. എം.എസ്.എം.ഇ. ക്ലിനിക്

ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് വ്യവസായികളുടെ സംശയ ദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി, എം.എസ്.എം.ഇ. ക്ലിനിക് പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ താലൂക്ക് വ്യവസായ ഓഫീസുകൾ ഫെസിലിറ്റേഷൻ സെന്ററുകൾ ആക്കി മാറ്റുന്നതിന്റെ ഭാഗമായി റിസോഴ്സ് പേഴ്സനെ നിയമിച്ച് പ്രവർത്തനം നടത്തിവരുന്നു.

7) സംരംഭക വർഷം

2022-23 സാമ്പത്തിക വർഷം സംരംഭക വർഷമായി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. സംരംഭകവർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽകൊടുക്കുവാനുള്ള ഒരു ബൃഹത്തായ പദ്ധതിക്ക് വിവിധ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായവകുപ്പ് തുടക്കമിട്ടിട്ടുണ്ട്. കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സംരംഭങ്ങൾ തുടങ്ങാൻ ജനങ്ങൾക്ക് പ്രേരണ നൽകാനും സംരംഭങ്ങൾക്ക് കൈത്താങ്ങ് നൽകാനുംവേണ്ടി വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ ഇന്റേണുകളെ നിയമിച്ചിട്ടുണ്ട്. ഇന്റേൺസിന്റെ നേതൃത്വത്തിൽ സംരംഭങ്ങൾ തുടങ്ങാനും താല്പര്യമുള്ള എല്ലാവരെയും സംരംഭകത്വത്തിലേയ്ക്ക് നയിക്കാനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ ഭാഗമായി കുറഞ്ഞ പലിശയ്ക്ക് വായ്പ ലഭ്യമാക്കാനും താല്പര്യമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ, ഒരു തദ്ദേശസ്ഥാപനം ഒരു ഉൽപ്പന്നം (One Local body One Product-OLOP) എന്ന ആശയം നടപ്പിലാക്കാനും സംരംഭകർക്ക് വേണ്ട മാർക്കറ്റിംഗ് സഹായം ലഭ്യമാക്കാനും ലക്ഷ്യമിട്ട് വിവിധ പ്രവർത്തനങ്ങൾ വ്യവസായ വകുപ്പ് നടത്താൻ ഉദ്ദേശിക്കുന്നു. സംരംഭക വർഷവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ എല്ലാ നിയമസഭ ജനപ്രതിനിധികളെയും ഉൾപ്പെടുത്തി ശിൽപ്പശാല സംഘടിപ്പിക്കുകയും മണ്ഡലാടിസ്ഥാനത്തിലുള്ള വിശദവിവരങ്ങൾ ജനപ്രതിനിധികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ 2022-23 വർഷത്തെ ബഡ്ജറ്റിൽ MSME മേഖലയ്ക്കായി 45.6 കോടി രൂപയുടെ ഒരു വിപുലമായ പാക്കേജ് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിൽ താഴെപ്പറയുന്ന 7 പുതിയ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. നിലവിലുള്ള എം.എസ്.എം.ഇ.-കളിൽ സൂക്ഷ്മ സംരംഭങ്ങളെ ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളെ ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള സഹായം

2. നിലവിലുള്ള എം.എസ്.എം.ഇ.-കൾക്ക് കയറ്റുമതി പ്രോത്സാഹനത്തിനുള്ള സഹായം.

3. സ്വകാര്യ വ്യവസായ പാർക്കുകളുടെ പ്രോത്സാഹനം.

4. ഒരു കുടുംബം ഒരു സംരംഭം പദ്ധതി.

5. എം.എസ്.എം.ഇ.-കളുടെ പ്രാദേശിക വിപണികൾക്ക് പശ്ചാത്തല സൗകര്യമൊരുക്കൽ.

6. സ്റ്റാർട്ടപ്പുകൾക്ക് മാനുഫാക്ചറിംഗ് പ്രവർത്തനങ്ങൾക്കായുള്ള സഹായം.

7. സംസ്ഥാന സഹായത്തോടെയുള്ള ക്ലസ്റ്റർ വികസന പരിപാടി സംസ്ഥാനത്തേയ്ക്ക് നിക്ഷേപകരെ ആകർഷിക്കുന്നതിനും നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനുംവേണ്ടി നിയമനിർമ്മാണങ്ങളും നിയമ പരിഷ്കരണങ്ങളുമുൾപ്പെടെ ഒട്ടനവധി നടപടികൾക്ക് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തന്നെ തുടക്കംകുറിച്ചിരുന്നു.

## കെ-റെറ (K-RERA) എന്ന സ്ഥാപനം

146 (628) ശ്രീ. മാണി. സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-റെറ (RERA) എന്ന സ്ഥാപനത്തിൽനിന്ന് പൊതുജനങ്ങളുടെ പരാതികൾ യഥാസമയം തീർപ്പ് കൽപ്പിച്ച് കിട്ടാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ടി പരാതികൾ സമയബന്ധിതമായി തീർപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

2016- ലെ റിയൽ എസ്റ്റേറ്റ് (റെഗുലേഷൻ &ഡെവലപ്മെന്റ്) ആക്ടിലെ വകുപ്പ് 31-ൻ കീഴിൽ റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റിക്ക് മുമ്പാകെ സമർപ്പിക്കുന്ന പരാതികളിൽ റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റിയുടെ പരിഗണനയിൽ വരുന്നവ തീർപ്പാക്കേണ്ട സമയപരിധി ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടില്ല. എന്നാൽ നഷ്ടപരിഹാരത്തിനുമാത്രമായി അതോറിറ്റിയുടെ അഡ്ജ്യൂഡിക്കേറ്റിംഗ് ഓഫീസറുടെ മുൻപാകെ ഫോം N-ൽ സമർപ്പിക്കുന്ന പരാതികൾ കഴിയുന്നതും 60ദിവസത്തിനുള്ളിൽ തീർപ്പാക്കേണ്ടതാണെന്ന് ആക്ടിലെ വകുപ്പ് 71(2)-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത ആക്ടിലെ വകുപ്പ് 31 പ്രകാരം അതോറിറ്റിയിൽ ധാരാളം പരാതികൾ സമർപ്പിക്കപ്പെടുന്നുണ്ട്. പ്രസ്തുത പരാതികൾ കക്ഷികളെ വിശദമായി കേൾക്കുന്നതിന്റെയും കക്ഷികൾ സമർപ്പിക്കുന്ന രേഖകളും തെളിവുകളും പരിശോധിച്ചു മാത്രമേ തീർപ്പാക്കാൻ സാധിക്കുകയുള്ളൂ. എന്നിരുന്നാലും അതോറിറ്റിയിൽ 31-7-2022 വരെ 1304 പരാതികൾ ലഭിച്ചിട്ടുള്ളതിൽ 842 പരാതികൾക്ക് മേൽ തീരുമാനം കൈക്കൊള്ളാനും സാധിച്ചിട്ടുണ്ട്.

(ബി) കെ-റെറയിലെ റിയൽ എസ്റ്റേറ്റ് ഏജന്റ് (വ്യക്തികൾ) സർട്ടിഫിക്കറ്റ് ഉള്ളവർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ടി സ്ഥാപനത്തിൽനിന്നും ലഭിക്കുന്നത്; വിശദമാക്കാമോ; ടി സർട്ടിഫിക്കറ്റുള്ള വ്യക്തി വസ്തു ഇടപാടിൽ ഇടനിലക്കാരനായി നിന്ന് വസ്തു കച്ചവടം നടത്തിയാൽ ഈ കെ-റെറ ഏജന്റിന് സർവ്വീസ് ചാർജ്ജ് ഇനത്തിൽ വസ്തു ഉടമസ്ഥൻ എത്ര ശതമാനം തുക നൽകണം; വസ്തു വാങ്ങുന്നയാൾ എത്ര ശതമാനം സർവ്വീസ് ചാർജ്ജ് കൊടുക്കണം; ഇതിനെ സംബന്ധിച്ച് എന്തെങ്കിലും വ്യക്തമായ ഉത്തരവ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

റിയൽ എസ്റ്റേറ്റ് ( റെഗുലേഷൻ & ഡെവലപ്പ്മെൻറ് )2016 ആക്ടിലെ വകുപ്പ് 9-ൽ നിഷ്കർഷിക്കുന്ന പ്രകാരമാണ് റിയൽ എസ്റ്റേറ്റ് ഏജന്റ് രജിസ്ട്രേഷൻ അനുവദിക്കുന്നത്. കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റിയിൽ രജിസ്റ്റർ ചെയ്ത റിയൽ എസ്റ്റേറ്റ് ഏജന്റുമാർക്ക് (വ്യക്തികൾ/സ്ഥാപനങ്ങൾ) മാത്രമേ കെ-റെറ രജിസ്റ്റേർഡ് പ്രോജക്ടുകളിൽ ഇടനിലക്കാരായി പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ. ഏജന്റിന് സർവ്വീസ് ചാർജ്ജ് ഇനത്തിൽ നൽകുന്ന തുക സംബന്ധിച്ച് ആക്ടിലോ റൂളിലോ ഒന്നുംതന്നെ നിഷ്കർഷിച്ചിട്ടില്ല.

### വ്യവസായ സംരംഭങ്ങൾക്ക് അടിസ്ഥാന സൗകര്യം

147 (629) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു വ്യവസായ സംരംഭകനാകാൻ വ്യക്തികളെ സഹായിക്കാൻ വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് വ്യവസായികൾക്ക് സംശയദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കിക്കൊണ്ട് എം.എസ്.എം.ഇ. ക്ലിനിക് പദ്ധതി ആരംഭിച്ചിട്ടുണ്ട്. കൂടാതെ എല്ലാ താലൂക്ക് വ്യവസായ ഓഫീസുകളെയും MSME ഫെസിലിറ്റേഷൻ സെന്ററുകളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി താലൂക്ക് വ്യവസായ ഓഫീസുകളിൽ പ്രൊഫഷണൽ യോഗ്യതയുള്ള റിസോഴ്സ് പേഴ്സണെ നിയമിച്ച് പ്രവർത്തനം നടന്നു വരുന്നു. ഇതുകൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സംരംഭക വർഷവുമായി ബന്ധപ്പെട്ട് സംരംഭകർക്ക് നേരിട്ടുള്ള സഹായം നൽകുന്നതിനും സംരംഭക വർഷവുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ എകോപിപ്പിക്കുന്നതിനുമായി ബിടെക്/ എം.ബി.എ യോഗ്യതയുള്ള 1153 ഇന്റേണുകളെ നിയമിച്ചിട്ടുണ്ട്. കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും സംരംഭകർക്കുള്ള ഹെല്പ് ഡെസ്ക് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ ആഴ്ചയിലും തിങ്കൾ, ബുധൻ

ദിവസങ്ങളിൽ ഹെല്പ് ഡെസ്ക് വഴിയുള്ള ഇന്റേണിന്റെ സേവനം സംരംഭകർക്ക് ലഭ്യമാകുന്നതാണ്. സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളുടെ സംശയ ദൂരീകരണത്തിനായി കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ ഒരു കോൾ സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മേൽപ്പറയുന്ന വിവിധ പ്രവർത്തനങ്ങൾ കൂടാതെ വ്യവസായ സംരംഭകനാകാൻ വ്യക്തികളെ സഹായിക്കാൻ താഴെപ്പറയുന്ന വിവിധ ധനസഹായ പദ്ധതികൾ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കുന്നുണ്ട്.

1. സംരംഭക സഹായപദ്ധതി (ESS)
2. നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി
3. ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ്
4. കരകൗശല മേഖലയ്ക്കുള്ള ആശ പദ്ധതി
5. പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP)
6. സൂക്ഷ്മ ഭക്ഷ്യസംസ്കരണ മേഖലയ്ക്കായുള്ള PMFME പദ്ധതി.

കൂടാതെ 2022-23 സംരംഭക വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന പുതിയ പദ്ധതികളും പ്രഖ്യാപിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. 'ഒരു കുടുംബം, ഒരു സംരംഭം' പദ്ധതി
2. മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി

(ബി) വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനായി സംരംഭകന് എന്തെല്ലാം സഹായങ്ങളാണ് ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ?

വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ ഉടമസ്ഥതയിലുള്ള 40 വ്യവസായ പാർക്കുകളിൽ നിക്ഷേപകരെ ആകർഷിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ ജലം, റോഡ് ഗതാഗതം, വൈദ്യുതി, സുരക്ഷ ഉറപ്പാക്കുന്നതിനായി ചുറ്റുമതിൽ, ഗേറ്റ്, മാലിന്യ സംസ്കരണത്തിനായി Common Effluent Treatment Plant, വൈദ്യുത തടസ്സം ഒഴിവാക്കുന്നതിനായി Power Feederഎന്നിവ സ്ഥാപിച്ചുവരുന്നുണ്ട്. ഓരോ വർഷവും ബഡ്ജറ്റ് വിഹിതത്തിൽ നിലവിലുള്ള പാർക്കുകളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കായി തുക

വകയിരുത്തുകയും ആയത് അനുസരിച്ച് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുമുണ്ട്. ഇവയ്ക്ക് പുറമെ ബഹുനില വ്യവസായ സമുച്ചയങ്ങളും നിർമ്മിച്ച് സംരംഭകർക്ക് അനുവദിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കൂടാതെ 2-4-2022-ലെ G.O(Ms) No.31/2022/ID പ്രകാരം Private Industrial Estate Scheme-2022 നിലവിൽ വന്നിട്ടുണ്ട്. ഇത്തരത്തിൽ സ്ഥാപിതമാവുന്ന സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളിൽ സംരംഭം ആരംഭിക്കുന്നതിനാവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഡെവലപ്പർ സജ്ജമാക്കി സംരംഭകർക്ക് നൽകുന്നു. ഈ പദ്ധതിപ്രകാരം സ്വകാര്യ വ്യവസായ എസ്റ്റേറ്റിലെ റോഡുകൾ, വൈദ്യുതി, ജലവിതരണം മറ്റു പൊതുഅടിസ്ഥാന സൗകര്യങ്ങൾ എന്നിവ വികസിപ്പിക്കുന്നതിന് ഡെവലപ്പർക്ക് സർക്കാർ ധനസഹായം നൽകുന്നതാണ്. ഇത്തരത്തിൽ ഏക്കറിന് 30 ലക്ഷം രൂപ നിരക്കിൽ പരമാവധി മൂന്നുകോടി രൂപ വരെയാണ് ധനസഹായം അനുവദിക്കുക.

### കെ-റെറ (K-RERA) ലൈസൻസും നടപടിക്രമവും

148 (630) <u>ശ്രീ. മാണി. സി. കാപ്പൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-റെറയിൽനിന്ന് വ്യക്തിഗത ലൈസൻസ് ലഭിക്കാൻ നിലവിലുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കാമോ; നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റിയിൽ വ്യക്തിഗത ഏജന്റ് രജിസ്ട്രേഷനായി അതോറിറ്റിയുടെ വെബ് സൈറ്റായ www.rera.kerala.gov.in മുഖേന അപേക്ഷ ഓൺലൈനായി നൽകാവുന്നതാണ്. വ്യക്തികൾക്ക് 25,000 രൂപയും സ്ഥാപനങ്ങൾക്ക് 2,50,000 രൂപയുമാണ് അപേക്ഷാഫീസ് . അപേക്ഷയോടൊപ്പം അപേക്ഷകന്റെ തിരിച്ചറിയൽ രേഖ, പാൻകാർഡ് , അവസാന മൂന്ന് വർഷത്തെ ഇൻകം ടാക്സ് ഫയൽ ചെയ്തതിന്റെ രേഖകൾ എന്നിവയും സമർപ്പിക്കണം. ഇൻകം ടാക്സിന്റെ പരിധിയിൽ വരാത്തവർക്ക് കാര്യം വ്യക്തമാക്കി സാക്ഷ്യപത്രം സമർപ്പിക്കാവുന്നതാണ് .

(ബി) ഒരു വ്യക്തി സ്വന്തമായി ബഹുനില കെട്ടിടം പണിയുമ്പോൾ കെ - റെറയുടെ അനുവാദം ആവശ്യമുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടിക്രമങ്ങളാണ് പാലിക്കപ്പെടേണ്ടത്; വിശദമാക്കാമോ?

ഒരു വ്യക്തി സ്വന്തമായി പണിയുന്ന ബഹുനില കെട്ടിടം (റെറ ആക്ട് പ്രകാരം 8 യൂണിറ്റിനുമേലെ 500 സ്ക്വയർ മീറ്ററിൽ അധികമോ) വിൽപ്പനയ്ക്കോ ദീർഘകാല പാട്ടത്തിനോ നൽകുവാനാണെങ്കിൽ റെറ രജിസ്ട്രേഷൻ ആവശ്യമാണ്. കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റിയിൽ പ്രോജക്ട് രജിസ്ട്രേഷനായി അതോറിറ്റിയുടെ വെബ്സൈറ്റായ www.rera.kerala.gov.in മുഖേന അപേക്ഷ ഓൺലൈനായി നൽകാവുന്നതാണ് . ഭൂമി രജിസ്റ്റർ ചെയ്യുന്നതിന് സ്ക്വയർ മീറ്ററിന് 10 രൂപയും റസിഡൻഷ്യൽ കെട്ടിടങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും നൽകുന്ന കെട്ടിടനിർമ്മാണാനുമതി പത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന വിസ്തീർണ്ണത്തിന്റെ ഏരിയയ്ക്ക് സ്ക്വയർ മീറ്ററിന് (New- ₹ 50, Commercial Space- ₹ 100) രജിസ്ട്രേഷൻ ഫീസായി അടയ്ക്കേണ്ടതാണ് . കെട്ടിട നിർമ്മാണത്തിനായി ഭൂമിയുടെയും കെട്ടിടത്തിന്റെയും അതോറിറ്റി നിഷ്കർഷിച്ചിട്ടുള്ള രേഖകൾ സഹിതമാണ് അപേക്ഷിക്കേണ്ടത് .

## വ്യവസായ സംരംഭകത്വ വിദ്യാഭ്യാസം

149 (631) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ സംരംഭകത്വ വിദ്യാഭ്യാസം എന്ന ആശയം സ്കൂൾ തലത്തിൽവച്ചുതന്നെ പരിചയപ്പെടുത്തുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പുമായി ചേർന്നുകൊണ്ട് എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ?

വ്യവസായ സംരംഭകത്വ വിദ്യാഭ്യാസം എന്ന ആശയം സ്കൂൾതലത്തിൽ വച്ചു തന്നെ പരിചയപ്പെടുത്തുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പുമായി ചേർന്നുകൊണ്ട് പദ്ധതികളൊന്നും നിലവിൽ ആവിഷ്കരിച്ചിട്ടില്ല. എന്നാൽ വിദ്യാർത്ഥികളിൽ സംരംഭകത്വ അഭിരുചി വളർത്തുന്നതിനായി ഹയർ സെക്കണ്ടറി തലം മുതൽ സംരംഭകത്വ വികസന ക്ലബ്ബുകൾ (ഇ.ഡി. ക്ലബ്ബുകൾ) നിലവിലുണ്ട്. പ്രസ്തുത ക്ലബ്ബുകളുടെ പ്രവർത്തനത്തിനായി ഒരു സാമ്പത്തിക വർഷം 20,000 രൂപ വീതം രണ്ട് ഗഡുക്കളായി നൽകി വരുന്നുണ്ട്.

(ബി) ഇല്ലെങ്കിൽ ഇത്തരം ഒരു പദ്ധതിക്ക് രൂപം നൽകാൻ ആലോചിക്കുന്നുണ്ടോ?

വ്യവസായ സംരംഭകത്വ വിദ്യാഭ്യാസം എന്ന ആശയം സ്കൂൾതലത്തിൽ വച്ചുതന്നെ പരിചയപ്പെടുത്തുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പുമായി ചേർന്നുകൊണ്ടുള്ള പദ്ധതി നിലവിൽ പരിഗണനയിലില്ല.

## പ്രവർത്തനരഹിത വ്യവസായസ്ഥാപനങ്ങളുടെ ആസ്തികൾ

150 (632) <u>ശ്രീ. സജി ചെറിയാൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തനശോഷണം സംഭവിച്ചതോ പൂർണ്ണമായോ ഭാഗികമായോ പ്രവർത്തനരഹിതമായതോ ആയ വ്യവസായ സ്ഥാപനങ്ങളുടെ ആസ്തികൾ മറ്റ് വികസന പ്രവർത്തനങ്ങൾക്കായി വിട്ടുനൽകുന്ന വിഷയം പരിഗണനയിലുണ്ടോ;

(ബി) ഭൂമി ഉൾപ്പെടെയുള്ള ഇത്തരം നിഷ്ക്രിയ ആസ്തികളുടെ കണക്കെടുപ്പ് നടത്തി ഫലപ്രദമായി വിനിയോഗിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദീകരിക്കാമോ?

(എ&ബി) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിൽ മുൻ കാലങ്ങളിൽ (2005-06 കാലയളവിനുമുൻപ്) തന്നെ പ്രവർത്തനം നിർത്തലാക്കി നിലവിൽ കമ്പനി രജിസ്ട്രാറുടെ ലിസ്റ്റിൽ പേര് ഉൾപ്പെടുന്ന ആസ്ട്രൽ വാച്ചസ് ലിമിറ്റഡ്, കേരളാ ഗാർമെന്റ്സ് ലിമിറ്റഡ്, കെൽട്രോൺ കൗണ്ടേഴ്സ് ലിമിറ്റഡ്, കെൽട്രോൺ പവർ ഡിവൈസസ് ലിമിറ്റഡ്, കെൽട്രോൺ റെക്റ്റിഫയേഴ്സ് ലിമിറ്റഡ്, സിഡ്ക്കൽ ടെലിവിഷൻസ് ലിമിറ്റഡ്, കേരളാ സ്പെഷ്യൽ റിഫ്രാക്ടറീസ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളിൽ ലിക്വിഡേഷൻ പ്രവർത്തനങ്ങൾ നടന്നുവരുന്നവയാണ്.

ഈ സ്ഥാപനങ്ങളിലെ ജീവനക്കാരെല്ലാം സ്വയം വിരമിക്കൽ പദ്ധതി പ്രകാരം മുൻ കാലങ്ങളിൽതന്നെ പിരിഞ്ഞുപോയിട്ടുള്ളതുമാണ്. ഈ സ്ഥാപനങ്ങളുടെ ആസ്തികൾ സംസ്ഥാനത്തിന്റെ വ്യവസായ വികസനത്തിന് ഉപയോഗിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി., കെൽട്രോൺ മുതലായ സ്ഥാപനങ്ങളെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ഭൂമി ഉൾപ്പെടെയുള്ള ആസ്തികൾ വിലയിരുത്തിയാണ് ഈ നടപടികൾ സ്വീകരിക്കുന്നത് ഇവയുടെ ലിക്വിഡേഷൻ നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി ഒരു സ്പെഷ്യൽ ഓഫീസറെയും സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. കേരളാ സ്പെഷ്യൽ റിഫ്രാക്ടറീസ് ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടർക്കാണ് നിലവിൽ സ്പെഷ്യൽ ഓഫീസറുടെ അധിക ചുമതല നൽകിയിരിക്കുന്നത്.

## കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം

151 (633) ഡോ. എം. കെ. മുനീർ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സിമെന്റ്, സ്റ്റീൽ, കമ്പി, പി.വി.സി. തുടങ്ങിയ സാധനങ്ങളുടെ വിലക്കയറ്റം കെട്ടിട നിർമ്മാണ മേഖലയെ പ്രതികൂലമായി ബാധിച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിർമ്മാണ രംഗത്തെ പ്രതിസന്ധി തരണംചെയ്യാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) കുറഞ്ഞ ചെലവിൽ നിർമ്മാണ സാമഗ്രികൾ ലഭ്യമാക്കാൻ പുതിയ പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരളത്തിലെ മൊത്തം സിമെന്റ് വിൽപ്പനയുടെ അഞ്ചുശതമാനം മാത്രമാണ് പൊതുമേഖലാ സ്ഥാപനമായ മലബാർ സിമെന്റ്സിന്റെ നിലവിലെ വിപണി വിഹിതം. വിപണിവിലയ്ക്കാനുപാതികമായി വില കുറച്ചാണ് കമ്പനി സിമെന്റ് വിൽപ്പന നടത്തിവരുന്നത്. നിലവിൽ സിമെന്റ് വില ഗണ്യമായി കുറഞ്ഞിട്ടുണ്ട്. നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം മൂലമുണ്ടാകുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിനായി സ്റ്റീൽ, സിമെന്റ് ഉത്പാദകരുടെയും ഡീലർമാരുടെയും യോഗം വിളിച്ചുചേർത്ത് വില കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ഇതിനകം നിർദ്ദേശം നൽകിയിട്ടുണ്ട്. ഭവനനിർമ്മാണ വകുപ്പിന്റെ കീഴിലുള്ള സംസ്ഥാന നിർമ്മിതി കേന്ദ്രം കെട്ടിട നിർമ്മാണ സാമഗ്രികളുടെ ന്യായവില വിപണന കേന്ദ്രമായ 'കലവറ' എന്ന പദ്ധതിയിലൂടെ 750 ചതുരശ്രയടി വരെ വിസ്തീർണമുള്ള വീടുകൾ നിർമ്മിക്കുന്ന ബി.പി.എൽ. വിഭാഗത്തിലുള്ളവർക്കും സർക്കാർ ഭവന പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്കും സിമെന്റ്, കമ്പി എന്നിവ പൊതുവിപണിയിലെ വിലയേക്കാൾ 15% വിലകുറച്ച് നൽകിവരുന്നുണ്ട്. സംസ്ഥാനത്ത് നിലവിൽ 15 കലവറകൾ പ്രവർത്തിക്കുന്നുണ്ട്.

## സംരംഭക വർഷം

152 (634) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2022-23 സംരംഭക വർഷമായി പ്രഖ്യാപിച്ചതിലൂടെ എന്തൊക്കെ പുതിയ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

സംസ്ഥാന സർക്കാർ 2022-23 സംരംഭക വർഷമായി പ്രഖ്യാപിച്ചിട്ടുണ്ട്. സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിക്കുവാനും 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കുവാനും ഉദ്ദേശിച്ചുകൊണ്ട് ഒരു ബൃഹത്തായ പദ്ധതി തദ്ദേശസ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗസംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. 30-3-2022-ലെ സ.ഉ.(സാധാ)നമ്പർ 289/2022/ID പ്രകാരം സംരംഭക വർഷത്തിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി സംസ്ഥാന, ജില്ലാ, തദ്ദേശ സ്ഥാപനതലത്തിൽ കമ്മിറ്റികൾ രൂപീകരിച്ചു. ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ നടപ്പിലാക്കുന്നതിന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുമായി പ്രൊഫഷണൽ യോഗ്യതയുള്ള 1153 ഇന്റേണുകളെ നിയമിച്ചിട്ടുണ്ട്. കൂടാതെ ഇന്റേണിന്റെ നേതൃത്വത്തിൽ തിങ്കൾ, ബുധൻ ദിവസങ്ങളിൽ എല്ലാ തദ്ദേശ സ്ഥാപനത്തിലും സംരംഭ ഹെൽപ് ഡെസ്ക് പ്രവർത്തിച്ചുതുടങ്ങിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ബോധവത്കരണ പരിപാടികൾ, ലോൺ/ലൈസൻസുകൾ, മേളകൾ തുടങ്ങിയ പ്രവർത്തനങ്ങൾ ഇന്റേണുകളുടെ ഉത്തരവാദിത്വത്തിലായിരിക്കും നടക്കുക. ഒരു തദ്ദേശസ്ഥാപനതലത്തിൽ മാസത്തിൽ നിശ്ചിത എണ്ണം സ്ഥാപനങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഇന്റേണുകൾക്ക് ലക്ഷ്യവും നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പൊതു ബോധവൽക്കരണ പരിപാടിയിൽ പങ്കെടുക്കുന്ന സംരംഭകർക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്നതിനായി ജില്ലാ പ്രൊഫൈലുകൾ, ആവശ്യമായ ലൈസൻസുകൾ, ലഭ്യമായ സഹായ പദ്ധതികൾ എന്നീ വിവരങ്ങൾ ക്രോഡീകരിച്ച് പ്രത്യേക കൈപുസ്തകങ്ങൾ ജില്ലാതലത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ ഈ വിവരങ്ങൾ സംരംഭകർക്ക് അനായാസമായി ലഭ്യമാക്കാൻ ഇവ ഉൾപ്പെടുത്തി പ്രത്യേക ചെറു വീഡിയോകളും നിർമ്മിച്ചിട്ടുണ്ട്. ഒരു ലക്ഷം സംരംഭങ്ങളുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും ഒരു ഓൺലൈൻ പോർട്ടൽ ആരംഭിച്ചിട്ടുണ്ട്.

സംരംഭം തുടങ്ങാൻ താല്പര്യമുള്ളവർ ലോൺ അപേക്ഷ നൽകുകയും അവ ബാങ്കിന് നേരിൽ നൽകുകയും ചെയ്യുന്നരീതിയിൽ ലൈസൻസ്/ ലോൺ/ സബ്സിഡി മേളകൾ നടത്തിവരുന്നുണ്ട്. താല്പര്യപ്പെട്ടുവരുന്ന ആളുകൾക്ക് സംരംഭങ്ങൾക്ക് ആവശ്യമുള്ള ലൈസൻസും ലോണും സബ്സിഡിയും ലഭ്യമാക്കുന്നതിനുള്ള നടപടികൾ

സ്വീകരിക്കാനും ഈ മേളയുടെ ഭാഗമായി ഉദ്ദേശിക്കുന്നു. ഈ പദ്ധതിയുടെ ഭാഗമായി ആസൂത്രണം ചെയ്യുന്ന പ്രവർത്തനങ്ങൾക്ക് വിവിധ വകുപ്പുകളുടെ സംയോജനം അനിവാര്യമായതിനാൽ പദ്ധതിയുടെ മേൽനോട്ടത്തിനും നിർവ്വഹണത്തിനും സംസ്ഥാന-ജില്ലാ-പഞ്ചായത്ത് തലങ്ങളിൽ വിവിധ കമ്മിറ്റികൾ രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. വിദേശത്തുള്ള മലയാളികളെ സംരഭകത്വത്തിന്റെ വിവിധ മേഖലകളെക്കുറിച്ച് ബോധവാന്മാരാക്കുകയും അവരെ കേരളത്തിൽ സംരംഭങ്ങൾ ആരംഭിക്കാൻ പ്രാപ്തരാക്കുകയും അതുവഴി കേരളത്തിലെ നിക്ഷേപം വർദ്ധിപ്പിക്കുകയും ചെയ്യുന്നതിന് പ്രവാസികൾക്കായി നോർക്കയുമായിച്ചേർന്ന് ശില്പശാലകൾ നടത്തുന്നതാണ്. സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള സാമ്പത്തിക സഹായം നൽകുന്നതിനായി സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി (SLBC) വഴി കുറഞ്ഞ പലിശനിരക്കിൽ (4%) വായ്പകൾ ലഭ്യമാക്കുന്നതിനായുള്ള പുതിയ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. വായ്പയ്ക്കുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള പോർട്ടലും വികസിപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഉദ്ഘാടനം 2022 ജൂലൈ 22-ന് നിർവ്വഹിച്ചു. വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സംരംഭക സാധ്യത യുള്ളതായി വ്യവസായ വകുപ്പ് കണ്ടെത്തിയിട്ടുള്ള ഉൽപ്പന്നങ്ങൾ തദ്ദേശസ്വയം ഭരണ വകുപ്പിന് കൈമാറിയിട്ടുണ്ട്. അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ ഉൽപ്പന്നങ്ങളുടെ സാധ്യത പരിശോധിച്ച്, താല്പര്യമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ, 'ഒരു തദ്ദേശ സ്ഥാപനം ഒരു ഉൽപ്പന്നം' (One Local body One Product- OLOP) എന്ന ആശയം നടപ്പിലാക്കാനും പ്രസ്തുത ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനയെ പ്രോത്സാഹിപ്പിച്ചുകൊണ്ട് കൂടുതൽ സംരംഭങ്ങൾ ആരംഭിക്കു ന്നതിനുള്ള പദ്ധതികളും നടപ്പിലാക്കുന്നതാണ്. കേരളത്തിൽ നിർമ്മിക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും അവയ്ക്ക് ദേശീയ-അന്തർദേശീയ വിപണികൾ പ്രാപ്തമാക്കുന്നതിന് സഹായിക്കുന്നതിനുമായി "കേരള ബ്രാൻഡ്" സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികളും കൂടാതെ സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യാനായി Open Network for Digital Commerce (ONDC)-യുമായി ചേർന്ന് ഒരു ഓപ്പൺ നെറ്റ്‌വർക്ക് പ്ലാറ്റ്ഫോം നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ ഭൗമസൂചിക ലഭിച്ചിട്ടുള്ള വിവിധ ഉൽപ്പന്നങ്ങളുടെ പ്രോത്സാഹന ത്തിനായും അവയ്ക്ക് അനുയോജ്യമായ വിപണി കണ്ടെത്തുന്നതിനായും ഇതിൽ നിന്നുള്ള ലാഭം യഥാർത്ഥ നിർമ്മാതാക്കളിൽ എത്തിക്കുന്നതിനായും ഇത്തരം ഉല്പന്നങ്ങൾക്കായി ഒരു ഭൗമസൂചിക (ജി.ഐ.) മാർക്കറ്റിംഗ് പോർട്ടൽ ആരംഭിക്കും.

## ജിയോളജി വകുപ്പിൽനിന്നുള്ള ഖനനാനുമതി

153 (635) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൃഹ നിർമ്മാണം, കെട്ടിട നിർമ്മാണം എന്നിവയോടനുബന്ധിച്ച് നടത്തുന്ന കിണർ, കുളം, സെപ്റ്റിക് ടാങ്ക് എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ലഭിക്കുന്ന മണ്ണും മറ്റുധാതുക്കളും വാഹനങ്ങളിൽ കയറ്റിക്കൊണ്ടു പോകുന്നതിനുള്ള അനുവാദവും പാസും മറ്റ് ഓഫീസുകളിൽ നിന്നുള്ള അനുമതി കൂടാതെ സെൽഫ് ഡിക്ലറേഷന്റെ അടിസ്ഥാനത്തിൽ ജില്ലാ ജിയോളജിസ്റ്റിന്റെ ഓഫീസിൽനിന്നും ലഭിക്കുന്ന തരത്തിൽ നടപടിക്രമം ലഘൂകരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

2015-ലെ കെ.എം.എം.സി ചട്ടങ്ങളിലെ ചട്ടം 14 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ അംഗീകരിച്ചുനൽകുന്ന ഡെവലപ്മെന്റ് പ്ലാനിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാത്തരം നിർമ്മിതികളുടെയും ഭാഗമായി ലഭിക്കുന്ന സാധാരണ മണ്ണ്/ധാതുക്കൾ നീക്കംചെയ്യുന്നതിന് വകുപ്പിന്റെ ബന്ധപ്പെട്ട ഓഫീസുകളിൽനിന്നും അനുവാദവും പാസും നൽകിവരുന്നു. എന്നാൽ മറ്റ് ഓഫീസുകളിൽനിന്നുള്ള അനുമതികൂടാതെ സെൽഫ് ഡിക്ലറേഷന്റെ അടിസ്ഥാനത്തിൽ ജില്ലാ ജിയോളജിസ്റ്റിന്റെ ഓഫീസിൽ നിന്നും അനുവാദവും പാസും ലഭിക്കുന്ന തരത്തിൽ നടപടിക്രമം ലഘൂകരിക്കുന്നത് സംബന്ധിച്ച വിഷയം നിലവിൽ പരിഗണനയിലില്ല.

(ബി) ഏതെങ്കിലും ഒരു സ്ഥലത്ത് ജിയോളജി വകുപ്പിൽനിന്ന് ഖനനാനുമതി ലഭിക്കുന്നതിന് ആ സ്ഥലത്തുനിന്നും മുൻകാലങ്ങളിൽ പല ആവശ്യങ്ങൾക്കായി നീക്കംചെയ്ത ധാതുവിന്റെ റോയൽറ്റി തുക അടയ്ക്കേണ്ടിവരുന്ന സാഹചര്യമാണ് നിലവിലുള്ളത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വകുപ്പിൽനിന്നും ഖനനാനുമതി നൽകുന്നതിന് മുമ്പായി വിശദമായ സ്ഥലപരിശോധനകൾ നടത്തുമ്പോൾ ടി സ്ഥലം പുതിയതാണോ അതോ ധാതു നീക്കം ചെയ്തിട്ടുള്ള സ്ഥലമാണോ എന്നത് പരിശോധിക്കാറുണ്ട്. അത്തരത്തിൽ പരിശോധന നടത്തുമ്പോൾ ടി സ്ഥലത്തുനിന്നും അനധികൃതമായി ധാതുനീക്കം ചെയ്തതായി ബോധ്യപ്പെട്ടാൽ നീക്കംചെയ്ത ധാതുവിന്റെ കുടിശ്ശിക റോയൽറ്റി സർക്കാരിലേയ്ക്ക് ഒടുക്കിയാൽ മാത്രമേ നിലവിലെ ചട്ടങ്ങൾ പ്രകാരം അനുമതി നൽകാൻ കഴിയുകയുള്ളൂ.

(സി) അതാതുകാലങ്ങളിൽ സർക്കാർ രൂപപ്പെടുത്തിയതും നിലവിലിരുന്നതുമായ നിയമപ്രകാരം റോയൽറ്റി അടച്ച് ഖനനാനുമതി നേടിയിരുന്ന ക്വാറികളുടെ അനുമതിപോലും പുതുക്കിയെടുക്കുന്ന സമയത്ത് അധിക ഖനനം ആരോപിച്ച് ഇപ്പോഴത്തെ നിരക്കിൽ റോയൽറ്റി തുകയും പിഴയും ജിയോളജി വകുപ്പ് വീണ്ടും ഈടാക്കുന്ന സമ്പ്രദായം ഒഴിവാക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ?

ഖനനാനുമതികൾ പുതുക്കുന്ന സമയത്ത് ടി ക്വാറികളിൽ ചട്ടലംഘനങ്ങൾ നടത്തിയിട്ടുണ്ടോ എന്നത് സംബന്ധിച്ച് പരിശോധിക്കുകയും അത്തരത്തിൽ നിയമ ലംഘനം ഉണ്ടായതായി ബോധ്യപ്പെട്ടാൽ ആയത് സംബന്ധിച്ച മുൻ അനുമതികൾ വിശദമായി പരിശോധിച്ചതിനുശേഷം മാത്രമേ അധിക ഖനനം സംബന്ധിച്ച തുക ഈടാക്കാറുള്ളൂ.

**മണ്ണും ചെളിയും മണലും നീക്കംചെയ്യുന്ന പ്രവൃത്തിക്കുവേണ്ട അനുമതി**

154 (636) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളത്തിനായും കാർഷിക ആവശ്യത്തിനായും ഉപയോഗിക്കുന്ന കുളങ്ങളിലെയും കിണറുകളിലെയും മണ്ണും ചെളിയും മണലും നീക്കംചെയ്യുന്നതിനും നീക്കംചെയ്ത ചെളി പുറത്തുകൊണ്ടുപോകുന്നതിനും പ്രത്യേകം അനുമതി ആവശ്യമാണെന്ന ജിയോളജി വകുപ്പിന്റെ കർശന നിലപാടുമൂലം കർഷകരും ജനങ്ങളും അനുഭവിക്കുന്ന പ്രതിസന്ധി ഇല്ലാതാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ബി) മൈനിംഗിന്റെ പരിധിയിൽപ്പെടാത്ത ഈ പ്രശ്നത്തിന് പരിഹാരം കാണാൻ മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

(എ&ബി) കുടിവെള്ളത്തിനായും കാർഷിക ആവശ്യത്തിനായും ഉപയോഗിക്കുന്ന കുളങ്ങളിലെ മണ്ണും ചെളിയും നീക്കംചെയ്യുന്നതിന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ അനുമതി ആവശ്യമില്ലാത്തതാണ്. എന്നാൽ അത്തരത്തിൽ ലഭിക്കുന്ന ധാതുക്കൾ നീക്കംചെയ്യുന്നതിലേക്കായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ നല്കുന്ന അപേക്ഷകൾ പരിശോധിച്ച് നിയമാനുസൃത റോയൽറ്റി ഈടാക്കി ധാതുക്കൾ ഗതാഗതം ചെയ്യുന്നതിന് അനുമതി നൽകാറുണ്ട്. സ്വകാര്യ വ്യക്തികൾക്ക് ഇത്തരത്തിൽ ധാതുക്കൾ കൊണ്ടുപോകുന്നതിന് 2015-ലെ കെ.എം.എം.സി. ചട്ടങ്ങളിലെ ചട്ടം 104 പ്രകാരം സർക്കാർ പ്രത്യേകാനുമതി നൽകാറുണ്ട്.

**മണ്ണും മറ്റ് ധാതുക്കളും നീക്കംചെയ്യുന്നതിനുള്ള പാസ്**

155 (637) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ മുതലായ പ്രകൃതി ദുരന്തങ്ങളുടെ ഫലമായി അടിഞ്ഞുകൂടുന്ന മണ്ണ് ഉൾപ്പെടെയുള്ള ധാതുക്കളും പ്രകൃതിദുരന്തത്തിന് സാധ്യതയുള്ള സ്ഥലങ്ങളിൽ ഭീഷണിയായി നിൽക്കുന്ന മണ്ണും മറ്റു ധാതുക്കളും നീക്കംചെയ്ത് വാഹനങ്ങളിൽ കയറ്റിക്കൊണ്ടുപോകുന്നതിനുള്ള അനുമതിയും പാസും ലഭിക്കുന്നതിന്

നിലവിലുള്ള നടപടിക്രമം ലഘൂകരിച്ച്, വില്ലേജ് ഓഫീസറുടെ റിപ്പോർട്ടിന്റെയും സ്ഥലമുടമയുടെ സെൽഫ് ഡിക്ലറേഷന്റെയും അടിസ്ഥാനത്തിൽ ജില്ലാ ജിയോള ജിസ്റ്റിന്റെ ഓഫീസിൽനിന്നും അനുമതി ലഭിക്കുന്ന തരത്തിലുള്ളതാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഇത്തരം സാഹചര്യങ്ങളിൽ റവന്യൂ ദുരന്ത നിവാരണ വകുപ്പിന്റെ അനുമതിയോടു കൂടി മൈനിംഗ് & ജിയോളജി വകുപ്പ് അടിയന്തരമായി ധാതുക്കൾ നീക്കംചെയ്യുന്നതിനുള്ള അനുമതി നൽകിവരുന്നുണ്ട്.

**ജിയോളജി വകുപ്പിന്റെ അനാസ്ഥയ്ക്ക് പരിഹാരം**

156 (638) ശ്രീ. ടി. ജെ. വിനോദ്:

ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനിംഗിനായുള്ള അനുമതിക്കായും മറ്റു സ്ഥലങ്ങളിൽനിന്നും കൊണ്ടുവരുന്ന ധാതുക്കളുടെ വില്പനാനുമതിക്കായും ഗൃഹ/കെട്ടിട നിർമ്മാണങ്ങൾക്കായി മണ്ണ് നീക്കംചെയ്യുന്നതിനുള്ള അനുമതിക്കായും ജിയോളജി വകുപ്പിൽ അപേക്ഷ നൽകി നാളുകൾ ഏറെ കഴിഞ്ഞിട്ടും അനുമതി ലഭ്യമാകാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സേവനങ്ങൾ സേവനാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിരിക്കെ ജിയോളജി വകുപ്പ് ഉദ്യോഗസ്ഥരുടെ ഇത്തരം കടുത്ത അനാസ്ഥയ്ക്ക് ഒരു ശാശ്വത പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ?

മൈനിംഗിനായുള്ള ക്വാറിയിങ് പെർമിറ്റിനായും ധാതുവില്പന നടത്തുന്നതിനുള്ള ഡീലേഴ്സ് ലൈസൻസിനായും ജില്ലാ ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തി ആവശ്യമായ രേഖകളെല്ലാം സമർപ്പിക്കുന്നമുറയ്ക്ക് കാലതാമസം കൂടാതെ അനുമതി നൽകിവരുന്നു. മൈനിംഗിനായുള്ള ക്വാറിയിംഗ് ലീസ് അപേക്ഷകൾ ജില്ലാ ഓഫീസിൽനിന്നും ഡയറക്ടറേറ്റിൽ ലഭിക്കുമ്പോൾ ആയത് പരിശോധിച്ച് രേഖകളിൽ അപാകതകൾ ഇല്ലാത്തപക്ഷം കാലതാമസം കൂടാതെ അനുമതികൾ നൽകിവരുന്നുണ്ട്. കെട്ടിട നിർമ്മാണത്തിനാവശ്യമായ സാധാരണ മണ്ണ് നീക്കംചെയ്യുന്നതിനുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസമുണ്ടായിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനായി 2-2-2022-ലെ സ.ഉ (സാധാ)94/2022/ഐ.ഡി നമ്പർ ഉത്തരവുപ്രകാരം കേരളത്തിലെ എല്ലാ ജില്ലാ ജിയോളജി ഓഫീസുകളിലും അദാലത്തുകൾ നടത്തി വേഗത്തിൽ പാസ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അപേക്ഷകളിലെ അനുമതി നൽകുന്നതിന് ആവശ്യമായ പൂർണ്ണമായ രേഖകളുടെ അഭാവം കാലതാമസത്തിന് കാരണമാകുന്നുണ്ട്.

(ബി) പാലക്കാട് ജില്ലയിലെ കുളങ്ങളിൽനിന്ന് മണ്ണും മണലും ചെളിയും നീക്കംചെയ്ത് പുറത്തുകൊണ്ടുപോകുന്ന ആവശ്യത്തിലേയ്ക്കായി പൊതുജനങ്ങളിൽ നിന്നും ലക്ഷക്കണക്കിന് രൂപ ഈടാക്കിയിട്ടും ആയതിന് അനുമതി നൽകാത്ത ജിയോളജി വകുപ്പിന്റെ നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പ്രശ്നം പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

കുളങ്ങളിൽ മണ്ണും മണലും ചെളിയും നീക്കംചെയ്ത് പുറത്തുകൊണ്ടുപോകുന്നതിന് 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ റൂൾ 104 പ്രകാരം സർക്കാരിൽനിന്നും പ്രത്യേകാനുമതി വാങ്ങേണ്ടതുണ്ട്. റോയൽറ്റി ഈടാക്കിയ അപേക്ഷകളിൽ എല്ലാംതന്നെ ധാതു നീക്കംചെയ്യുന്നതിനുള്ള അനുമതിയും ട്രാൻസിറ്റ് പാസ്സും പാലക്കാട് ജില്ലാ ഓഫീസിൽ നിന്നും നൽകിയിട്ടുണ്ട്.

(സി) കോടതിയിൽനിന്ന് വ്യക്തമായ ഉത്തരവുകൾ ലഭിച്ചാലും ഉദ്യോഗസ്ഥർക്കെതിരെ കോടതിയെ സമീപിച്ചെന്ന കാരണത്താൽ കോടതി ഉത്തരവ് നടപ്പിലാക്കാതിരിക്കുകയും കാലതാമസം കൂടാതെ നിയമാനുസൃതം അനുമതി നൽകാവുന്ന വിഷയങ്ങളിൽ പോലും നടപടി സ്വീകരിക്കുന്നതിന് കാലതാമസം വരുത്തുകയും ചെയ്യുന്ന പ്രശ്നങ്ങളിൽ ശാശ്വത പരിഹാരം കാണാൻ എന്തുനടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

മന:പൂർവ്വം കാലതാമസം വരുത്തുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ബഹുമാനപ്പെട്ട കോടതികളിൽനിന്നും ലഭിക്കുന്ന ഉത്തരവുകളിൽ സമയബന്ധിതമായി നടപടികൾ സ്വീകരിച്ചുവരുന്നു.

## മൈനിംഗ് & ജിയോളജി വകുപ്പിന്റെ ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന വില്പനശാലകൾ

157 (639) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ മൈനിംഗ് & ജിയോളജി വകുപ്പിന്റെ ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന മണൽ, ചല്ലി, ചുടുകല്ല് തുടങ്ങിയ നിർമ്മാണ സാമഗ്രികളുടെ ചില്ലറ വില്പന നടത്തുന്ന എത്ര വില്പനശാലകൾ ഉണ്ടെന്നും അവ ഏതൊക്കെയെന്നും അറിയിക്കാമോ?

44 എണ്ണം. ക്രഷർ യൂണിറ്റില്ലാത്ത ഡീലേഴ്സ് ലൈസൻസ് 24 എണ്ണവും ക്രഷർ യൂണിറ്റോടുകൂടിയ ഡീലേഴ്സ് ലൈസൻസ് 20 എണ്ണവും. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ലൈസൻസില്ലാതെ ഇത്തരം വില്പനശാലകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം വില്പനശാലകൾക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇത്തരം വില്പന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുവേണ്ട ലൈസൻസ് ലഭിക്കുന്നതിനായി നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

2015-ലെ കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിംഗ്, സ്റ്റോറേജ് & ട്രാൻസ്പോർട്ടേഷൻ) റൂൾസ് പ്രകാരമുള്ള നിബന്ധനകൾ പാലിക്കേണ്ടതാണ്.

## കൈത്തറി/ഖാദി വ്യവസായ മേഖലകളിൽ കോവിഡ് വ്യാപനത്തെ തുടർന്നുണ്ടായ പ്രതിസന്ധി

158 (640) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനരുജ്ജീവനത്തിന്റെ പാതയിലായിരുന്ന കൈത്തറി/ഖാദി വ്യവസായ മേഖലകളിൽ കോവിഡ് വ്യാപനത്തെ തുടർന്നുണ്ടായ പ്രതിസന്ധി പരിഹരിക്കാൻ പ്രത്യേക ശ്രദ്ധ പതിപ്പിക്കുമോ?

പുനരുജ്ജീവനത്തിന്റെ പാതയിലായിരുന്ന കൈത്തറി/ഖാദി വ്യവസായ മേഖലകളിൽ കോവിഡ് വ്യാപനത്തെ തുടർന്നുണ്ടായ പ്രതിസന്ധി പരിഹരിക്കാൻ പ്രത്യേക ശ്രദ്ധ പതിപ്പിച്ചുവരുന്നു. കോവിഡ്-19 വ്യാപനത്തെത്തുടർന്ന് പ്രതിസന്ധിയിലായ കൈത്തറി/ഖാദി മേഖലകളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി, എല്ലാ സർക്കാർ/അർദ്ധസർക്കാർ/അധ്യാപകർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ 2022 വർഷാരംഭം മുതൽ എല്ലാ ബുധനാഴ്ചകളിലും കൈത്തറി/ഖാദി വസ്ത്രങ്ങൾ ധരിക്കണമെന്നും 7-12-2020-ലെ സി.ഡി.എൻ2/97/2020/പൊഭവ. നമ്പർ സർക്കുലറിൽ നിർദ്ദേശിച്ച പ്രകാരം സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്കാവശ്യമുള്ള കൈത്തറി/ഖാദി തുണിത്തരങ്ങൾ വാങ്ങണമെന്നും 11-1-2020-22-ലെ സി.ഡി.എൻ2/1/2022/ പൊഭവ. സർക്കുലർ പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി. അതിന്റെ ഫലമായി, കൈത്തറി/ഖാദി ഉല്പന്നങ്ങൾക്ക് വിപണിയിൽ ഉണർവുണ്ടാക്കുന്നതിനും വിപണി മെച്ചപ്പെടുത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്.

കൈത്തറി മേഖല

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളുടെയും ഹാന്റക്സ്, ഹാൻവീവ് എന്നിവയുടെയും നിലനിൽപ്പിനും വിൽപ്പന വർദ്ധിപ്പിക്കുന്നതിനുമായി കോവിഡിന്റെ പശ്ചാത്തലത്തിൽ, സർക്കാർ അനുവദിച്ച്

നൽകിയ 56 റിബേറ്റ് ദിനങ്ങൾക്ക് പുറമെ 2020-2021 സാമ്പത്തിക വർഷം 50 സ്പെഷ്യൽ റിബേറ്റ് ദിനങ്ങളും 2021-2022 സാമ്പത്തിക വർഷം 6 സ്പെഷ്യൽ റിബേറ്റ് ദിനങ്ങളും കൂടുതലായി അനുവദിച്ചുനൽകി.

ഖാദി മേഖല

കോവിഡ്-19 മഹാമാരികാരണം തൊഴിൽ നഷ്ടപ്പെട്ട ഖാദി തൊഴിലാളികൾക്ക് മിനിമം വേതന പദ്ധതിപ്രകാരം സർക്കാർ അനുവദിച്ച 14 കോടി രൂപ 12,500 തൊഴിലാളികൾക്കായി വിതരണം ചെയ്തു. കൂടാതെ കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ ഓരോ ഖാദി തൊഴിലാളിക്കും 2,000 രൂപ വീതം നൽകി. ഖാദി ക്ഷേമനിധി ബോർഡിൽനിന്നും ഖാദി തൊഴിലാളികൾക്ക് 1,000രൂപ വീതം രണ്ടുപ്രാവശ്യം അനുവദിച്ചിട്ടുണ്ട്. കോവിഡ് പ്രതിസന്ധിയെ അതിജീവിക്കാൻ മാസ്കുകൾ നിർമ്മിച്ച് വിവിധ സ്ഥാപനങ്ങൾക്ക് നൽകിയതിലൂടെ 23,000 പേർക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കാനും സാധിച്ചു. കോവിഡ് കാലഘട്ടത്തിനുശേഷം എല്ലാ ഉല്പാദന കേന്ദ്രങ്ങളും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 2021 സെപ്റ്റംബർ മാസം വരെയുള്ള "ഇൻകം സപ്പോർട്ട്" തൊഴിലാളികൾക്ക് അനുവദിച്ചു നൽകുകയുണ്ടായി. തൊഴിലാളികളുടെ അധ്വാനഭാരം കുറയ്ക്കുന്നതിന് അവരുടെ തൊഴിൽ ഉപകരണമായ ചർക്കയിൽ പരിഷ്കാരങ്ങൾ നടത്താൻ കേരള കയർ മെഷീൻ & മാനുഫാക്ച്ചറിംഗ് കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ മേഖലയിൽ സമഗ്രമായ മാറ്റം കൈവരിക്കുന്നതിന് ആവശ്യമായ മാസ്റ്റർപ്ലാൻ തയ്യാറാക്കാൻ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (ഐ.ഐ.ടി.) ചെന്നൈയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) കോട്ടയം ടെക്സ്റ്റൈൽസ് മില്ലിന്റെ നവീകരണ പ്രവർത്തനങ്ങൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

സാമ്പത്തിക പ്രതിസന്ധി കാരണം വൈദ്യുതിത്തുക അടയ്ക്കാതെ വൈദ്യുതി വിച്ഛേദിച്ചതിനാൽ 2020 ഫെബ്രുവരി 7 മുതൽ ലേഓഫിൽ ആയിരുന്ന കോട്ടയം ടെക്സ്റ്റൈൽസ് ഈ സർക്കാരിന്റെ ഇടപെടലിന്റെ ഫലമായി 2021 നവംബർ 15 മുതൽ പ്രവർത്തനം പുനരാരംഭിച്ചു. ആകെ 57 മെഷീനുകളാണ് മില്ലിലുള്ളത്. ഇതിൽ തകരാറിലായിരുന്ന മെഷീനുകൾ പ്രവർത്തനസജ്ജമാക്കി ഇപ്പോൾ മില്ലിന്റെ പ്രവർത്തനം മുന്നോട്ട് പോകുന്നുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 4.72 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ആദ്യ ഗഡുവായി ഒന്നരക്കോടി രൂപ അനുവദിച്ചു നൽകുകയുംചെയ്തു. തുടർന്ന് സ്ഥാപനത്തിന്റെ പ്രവർത്തനം പുനരാരംഭിച്ചതിനുശേഷം ബാക്കി തുകയായ 3.2 കോടി രൂപ തുടർ പ്രവർത്തനങ്ങൾക്കായി അനുവദിച്ചുനൽകുകയും ചെയ്തു. 2022-2023 സാമ്പത്തിക വർഷത്തിൽ കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത് 21.91 കോടി രൂപയാണ്. കോട്ടയം ടെക്സ്റ്റൈൽസിന്റെ നവീകരണത്തിനായി 738.88 ലക്ഷം രൂപയുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) കൈത്തറി മേഖലയ്ക്ക് കൈത്താങ്ങായിരുന്ന സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി എല്ലാ വിദ്യാലയങ്ങളിലും നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വിശദീകരിക്കാമോ?

കൈത്തറി മേഖലയിലെ തൊഴിലാളികൾക്ക് ജോലി സ്ഥിരത ഉറപ്പു വരുത്തുന്നതിന് സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പ്രധാന പദ്ധതിയായ സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിപ്രകാരം നിലവിൽ സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലെ 1-7 വരെയുള്ള വിദ്യാർത്ഥികൾക്കും എയ്ഡഡ് സ്കൂളിലെ 1-4വരെയുള്ള വിദ്യാർത്ഥികൾക്കും 2 ജോഡി വീതം കൈത്തറി യൂണിഫോം തുണി സൗജന്യമായി നൽകി വരുന്നു. പ്രസ്തുത പദ്ധതി കൈത്തറി മേഖലയിൽ നടപ്പിലാക്കിയിട്ട് 6 വർഷം പിന്നിടുകയാണ്. പദ്ധതി എല്ലാ വിദ്യാലയങ്ങളിലും നടപ്പിലാക്കുന്നത് സംബന്ധിച്ച വിഷയം തൽക്കാലം പരിഗണനയിലില്ല.

(ഡി) ഹാൻവീവിനും മറ്റ് കൈത്തറി സൊസൈറ്റികൾക്കും റിബേറ്റ് ഇനത്തിൽ സർക്കാരിൽനിന്നും ലഭിക്കേണ്ട തുക ലഭിക്കാത്ത സാഹചര്യം ഉണ്ടോ; എങ്കിൽ നാളിതുവരെ വിവിധ കൈത്തറി സ്ഥാപനങ്ങൾക്കായി സർക്കാർ നൽകാനുള്ള കുടിശ്ശിക തുക എത്രയാണെന്ന് അറിയിക്കുമോ?

ഹാൻവീവിന് നിലവിൽ റിബേറ്റ് കുടിശ്ശികയില്ല. ഹാന്റെക്സിന്റെ 80,16,007/- രൂപയുടെയും വിവിധ പ്രാഥമിക കൈത്തറി സംഘങ്ങളുടെ ഏകദേശം ഒരു കോടി മുപ്പത്താറുലക്ഷം രൂപയുടെയും റിബേറ്റ് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അവയുടെ അർഹത പരിശോധിച്ചുവരുന്നു. അർഹതയുള്ളവർക്ക് തുക അനുവദിക്കുന്നതാണ്. ന്യൂനതയുള്ള അപേക്ഷകളുടെ അപാകത പരിഹരിക്കുന്നതിന് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാർക്ക് അറിയിപ്പ് നൽകിയിട്ടുണ്ട്. അവ അപാകത പരിഹരിച്ചുലഭ്യമാകുന്ന മുറയ്ക്ക് അർഹത അംഗീകരിക്കുന്നതാണ്. 2022-23 സാമ്പത്തിക വർഷം റിബേറ്റ് പദ്ധതിക്ക് അനുവദിച്ച 10 കോടി രൂപയിൽ 76,75,441 രൂപ ഹാന്റക്സ്, വിവിധ കൈത്തറി സഹകരണ സംഘങ്ങൾ എന്നിവർക്ക് നൽകിയിട്ടുണ്ട്. റിബേറ്റ് പദ്ധതിക്ക് കഴിഞ്ഞ വർഷങ്ങളിൽ അനുവദിച്ച മുഴുവൻ തുകയും ഹാന്റക്സ്, ഹാൻവീവ് വിവിധ പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ എന്നിവർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

(ഇ) കൈത്തറി മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ?

കൈത്തറി മേഖലയിലേയ്ക്ക് യുവജനങ്ങൾ കടന്നുവരാത്തതും ഉല്പന്നങ്ങളുടെ ഉയർന്ന വിലയും ഈ മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങളാണ്. ഇത് പരിഹരിക്കുന്നതിനായി 18-നും 40-നുമിടയിൽ പ്രായമുള്ള, നെയ്ത്തിൽ പരിചയം

ലഭിച്ചിട്ടില്ലാത്ത യുവതീ/യുവാക്കളെ കണ്ടെത്തി പരിശീലനം നൽകി, സ്വന്തമായി തറിയും നെയ്ത്തുപകരണങ്ങളും നൽകി നെയ്ത്തുകാരാക്കുന്ന പദ്ധതിയായ "യുവവീവ്" നടപ്പിലാക്കിവരുന്നു. കൈത്തറി മേഖലയിൽ സംരംഭകരെ ആകർഷിക്കുന്നതിനും തൊഴിൽരഹിതരായ അഭ്യസ്തവിദ്യർക്ക് കൈത്തറി മേഖലയിൽ ഉല്പാദന യൂണിറ്റുകൾ തുടങ്ങി സ്വയംതൊഴിൽ കണ്ടെത്തുന്നതിനും സർക്കാർ വിഭാവനം ചെയ്തിരിക്കുന്ന പദ്ധതിയാണ് "സ്വയം തൊഴിൽ സംരംഭം." കൂടാതെ തറി അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനും നവീകരിക്കുന്നതിനും ധനസഹായവും നൽകിവരുന്നു. ഉത്സവ സമയങ്ങളിൽ കൈത്തറി ഉല്പന്നങ്ങൾ വില കുറച്ച് വിൽക്കുന്നതിനായി 20% റിബേറ്റും നൽകിവരുന്നു.

## ഹാന്റെക്സിലെ തസ്തികകൾ

159 (641) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാന്റെക്സിലെ എല്ലാ തസ്തികകളിലെയും നിയമനങ്ങൾ പി.എസ്.സി. മുഖാന്തരമാണോ; അല്ലെങ്കിൽ പി.എസ്.സി. മുഖേനയും അല്ലാതെയും നിയമനം നടത്തുന്ന തസ്തികകളുടെ പേരുവിവരം വ്യക്തമാക്കാമോ?

ഹാന്റെക്സിൽ പോർട്ടർ തസ്തിക ഒഴികെയുള്ള തസ്തികകളിലെല്ലാം പി.എസ്.സി മുഖേനയാണ് നിയമനം നടത്തുന്നത്.

(ബി) ഹാന്റെക്സിൽ സെയിൽസ് മെൻ, സെയിൽസ് വിമെൻ, ഡിപ്പോ മാനേജർ തസ്തികകളിൽ ഓരോന്നിലും എത്രപേർ ജോലി ചെയ്യുന്നു; ഈ തസ്തികകൾ ഹെഡ് ഓഫീസിൽ ഉണ്ടോ; ഉണ്ടെങ്കിൽ ഈ തസ്തികകളിൽ എത്രപേർ ജോലി ചെയ്യുന്നുണ്ട്; അവർ എത്ര വർഷമായി അവിടെ തുടരുന്നു; പ്രസ്തുത തസ്തികകളുടെ നിയമന യോഗ്യത എന്താണെന്ന് വിശദമാക്കുമോ?

ഹാന്റെക്സിൽ സെയിൽസ്മാൻ/സെയിൽസ്വുമൺ തസ്തികയിൽ 16 പേരും ഡിപ്പോ മാനേജർ തസ്തികയിൽ 20 പേരും ജോലി ചെയ്യുന്നു. ടി തസ്തികകൾ ഹെഡ് ഓഫീസിൽ നിലവിലില്ല. വർക്ക് അറേഞ്ച്മെന്റിന്റെ ഭാഗമായി സെയിൽസ്മാൻ/സെയിൽസ്വുമൺ തസ്തികയിലുള്ള 4 ജീവനക്കാർ ഹെഡ് ഓഫീസിൽ ജോലി നോക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു :

| പേര് | വർഷം |
| --- | --- |
| വിജയകുമാരി. എസ് | 8 വർഷം |
| ഷീജ. എൻ | 8 വർഷം |
| പ്രസന്നാമണി. കെ. ആർ. | 11 വർഷം |
| സന്തോഷ്. ജി | 3 വർഷം |

സെയിൽസ്മാൻ/സെയിൽസ്വുമൺ തസ്തികയുടെ നിയമന യോഗ്യത എസ്.എസ്.എൽ.സി ആണ്.

(സി) ഹാന്റെക്സിലെ എൽ.ഡി.ക്ലാർക്ക് തസ്തിക നിയമനത്തിനുള്ള യോഗ്യത എന്താണ്; എത്ര ജൂനിയർ സൂപ്രണ്ട്/സീനിയർ സൂപ്രണ്ട് തസ്തിക ഉണ്ട്; എവിടെ യൊക്കെയാണ് ഈ തസ്തികകളെന്ന് അറിയിക്കാമോ; പ്രസ്തുത തസ്തികകളിൽ നിലവിൽ എത്ര പേർ ഉണ്ട്; പ്രസ്തുത തസ്തികകളിൽ എത്ര ഒഴിവുണ്ട്; വിശദമാക്കുമോ?

ഹാന്റെക്സിൽ എൽ.ഡി ക്ലാർക്ക് തസ്തികയിൽ നിയമനത്തിനുള്ള യോഗ്യത ചുവടെ ചേർക്കുന്നു.

(A) കോമേഴ്സ് വിഷയത്തിലുള്ള അംഗീകൃത സർവ്വകലാശാലാ ബിരുദം അല്ലെങ്കിൽ കോ-ഓപ്പറേഷൻ പ്രത്യേക വിഷയമായി അംഗീകൃത സർവ്വകലാശാല യിൽനിന്നും ആർട്സ് വിഷയത്തിൽ നേടിയ മാസ്റ്റേഴ്സ് ബിരുദം അല്ലെങ്കിൽ

(B) (i) അംഗീകൃത സർവ്വകലാശാലയിൽനിന്നും നേടിയ ബി.എ, ബി.എസ്.സി അല്ലെങ്കിൽ ബി.കോം ബിരുദം

(ii) ഹയർ ഡിപ്ലോമ ഇൻ കോ-ഓപ്പറേഷൻ (HDC) അല്ലെങ്കിൽ സബ്ഓർഡിനേറ്റ് (ജൂനിയർ) പേഴ്സണൽ കോ-ഓപ്പറേറ്റീവ് ട്രെയിനിംഗ് കോഴ്സ് (ജൂനിയർ ഡിപ്ലോമ ഇൻ കോ-ഓപ്പറേഷൻ) (JDC) കോഴ്സ് വിജയകരമായി പൂർത്തിയാക്കിയിരിക്കണം.

(C) കോ-ഓപ്പറേഷൻ ഓപ്ഷണൽ വിഷയമായുള്ള ഡിപ്ലോമ ഇൻ റൂറൽ സർവ്വീസ്.

ജൂനിയർ സൂപ്രണ്ടിന്റെ 7 തസ്തികകളും സീനിയർ സൂപ്രണ്ടിന്റെ 4 തസ്തികകളുമാണുള്ളത്. നിലവിൽ 7 ജൂനിയർ സൂപ്രണ്ടുമാർ ജോലി ചെയ്യുന്നുണ്ട്. നിലവിൽ സീനിയർ സൂപ്രണ്ടുമാർ ജോലി ചെയ്യുന്നില്ല. ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ഒഴിവുകളില്ല, സീനിയർ സൂപ്രണ്ട് തസ്തികയിൽ 4 ഒഴിവുകളുണ്ട്. ടി തസ്തികകൾ ഹെഡ് ഓഫീസിലും മേഖലാ ഓഫീസുകളിലുമാണ്.

(ഡി) ഹാന്റെക്സിന് എത്ര വില്പനശാലകൾ നിലവിലുണ്ട്; ഓഫീസുകളിലും വില്പനശാലകളിലും എത്രപേർ അധികചുമതല വഹിക്കുന്നുണ്ട്; അവർക്ക് സ്പെഷ്യൽ അലവൻസ് അല്ലെങ്കിൽ ചാർജ്ജ് അലവൻസ് നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ ആയത് കൈപ്പറ്റുന്നവരുടെ പേരും തസ്തികയും അലവൻസ് നിരക്കും അത് അനുവദിച്ച് കൊണ്ടുള്ള ഉത്തരവുകളുടെ പകർപ്പും ലഭ്യമാക്കാമോ?

ഹാന്റെക്സിന് 77 വിൽപ്പനശാലകൾ നിലവിലുണ്ട്. ഹാന്റെക്സിന്റെ ഹെഡ്ഓഫീസിൽ 3-ഉം വിൽപ്പനശാലകളിൽ 22 പേരും അധികചുമതല വഹിക്കുന്നു. എ4 സെക്ഷൻ, പി.എ./സി.എ. ചുമതല വഹിക്കുന്ന ശ്രീ. പി. കെ. അജ്മൽ, യു.ഡി.സി.-ക്ക് അടിസ്ഥാന ശമ്പളം + ക്ഷാമബത്തയുടെ 25% അലവൻസായി നൽകുന്നു. ഹാന്റെക്സിന്റെ ഭരണസമിതി യോഗ തീരുമാന പ്രകാരമാണ് ടി തുക നൽകുന്നത്. ഭരണസമിതി യോഗതീരുമാനത്തിന്റെ പകർപ്പ് അനുബന്ധം-I ആയി ചേർത്തിട്ടുണ്ട്.*

(ഇ) ഹാന്റെക്സിൽ താൽക്കാലിക ജീവനക്കാർ ജോലി ചെയ്യുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ തസ്തികകളിൽ എത്ര പേർ ജോലിചെയ്യുന്നു; അവരുടെ യോഗ്യതയും നിയമന മാനദണ്ഡവും എന്താണ്; ഓരോ തസ്തികയിലും അവരിൽ എത്രപേർ ഹെഡ് ഓഫീസിൽ ജോലി ചെയ്യുന്നു; അറിയിക്കാമോ?

ഉണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു. യോഗ്യത ലിസ്റ്റ് അനുബന്ധം-II ആയി ചേർക്കുന്നു.*

| തസ്തിക | എണ്ണം |
|---|---|
| വീവിംഗ് മാസ്റ്റർ | 1 |
| എൽ.ജി.ഇ | 19 |
| ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 10 |
| സ്വീപ്പർ / സ്കാവഞ്ചർ | 6 |
| പോർട്ടർ | 7 |
| ഹെൽപ്പർ | 1 |
| പോർട്ടർ കം ഹെൽപ്പർ | 2 |
| വാച്ച്മാൻ | 1 |
| ഡ്രൈവർ | 4 |
| സെയിൽസ്മാൻ/സെയിൽസ് വുമൺ | 102 |
| ആകെ | 153 |

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഹെഡ് ഓഫീസിൽ 32 പേർ ജോലി ചെയ്യുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു :

| തസ്തിക | എണ്ണം |
|---|---|
| എൽ.ജി.ഇ. | 9 |
| ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 5 |
| സ്വീപ്പർ/സ്കാവഞ്ചർ | 3 |
| പോർട്ടർ | 6 |
| ഡ്രൈവർ | 4 |
| സെയിൽസ് മാൻ/സെയിൽസ് വുമൺ | 5 |
| ആകെ | 32 |

(എഫ്) ഹാന്റെക്സ് ആസ്ഥാനത്ത് ആകെ എത്ര സെക്ഷനുകളുണ്ട്; അത് ആരൊക്കെയാണ് കൈകാര്യം ചെയ്യുന്നതെന്ന് തസ്തികയും പേരും സഹിതം വ്യക്തമാക്കാമോ; അവരിൽ ദിവസവേതനക്കാർ ഉണ്ടോ; എങ്കിൽ ഓരോ സെക്ഷനിലെയും ദിവസവേതനക്കാരുടെ എണ്ണം അറിയിക്കാമോ?

ഹാന്റെക്സ് ആസ്ഥാനത്ത് ആകെ 25 സെക്ഷനുകളുണ്ട്. വിശദവിവരം അനുബന്ധം-III ആയി ചേർക്കുന്നു. *

## കുന്നത്തറ ടെക്സ്റ്റൈൽസ്

160 (642) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം ലിക്വിഡേറ്റ് ചെയ്യപ്പെട്ട കുന്നത്തറ ടെക്സ്റ്റൈൽസിന്റെ നിലവിലുള്ള ആസ്തി/ബാധ്യത കണക്കാക്കിയിട്ടുണ്ടോ;

(ബി) ഏതെല്ലാം സർക്കാർ/സർക്കാരിതര സ്ഥാപനങ്ങളോടാണ് കുന്നത്തറ ടെക്സ്റ്റൈൽസിന് നിലവിൽ ബാധ്യതയുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) ഉണ്ട്. കോതാങ്കൽ ദേശത്തിലെ റീ.സ. 2/6, 3/2-ലെയും കൊയിലാണ്ടി താലൂക്കിലെ അത്തോളി വില്ലേജിലെ കുമുള്ളി ദേശത്തിന്റെ ആർ.എസ്. നമ്പർ 28/4എ, 30/5, 41/2 എന്നിവിടങ്ങളിലെയും 4.7179 ഹെക്ടർ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭൂമി കുന്നത്തറ ടെക്സ്റ്റൈൽസിന്റെ കൈവശമാണ്. പ്രസ്തുത ഭൂമിയുടെ വില ആർ ഒന്നിന് ഏകദേശം 1,85,250 രൂപയാണ്. ജില്ലാ കളക്ടർ, കോഴിക്കോട് ലഭ്യമാക്കിയ വിവരമനുസരിച്ച് സ്ഥാപനത്തിന്റെ ഒഫിഷ്യൽ ലിക്വിഡേറ്റർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സമർപ്പിച്ച സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് പ്രകാരം സ്ഥാപനത്തിന്റെ ബാധ്യതകൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

Workmen Creditors - 7,10,81,891.50 രൂപ

Workmen (Badalies) - 96,381 രൂപ

Preferential Creditors - 17,23,324 രൂപ

Unsecured Creditors - 3,77,02,715 രൂപ

ആകെ - 11,06,04,311.50 രൂപ

M/s Kerala Spinners, M/s Rytco Pvt.Ltd, M/s Adarsh Textiles, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് (കെ.എസ്.ഇ.ബി.എൽ.), വാട്ടർ അതോറിറ്റി, എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് (ഇ.എസ്.ഐ.), എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് (ഇ.പി.എഫ്.) എന്നീ സ്ഥാപനങ്ങൾക്ക് ബാധ്യതയുള്ളതായി കാണുന്നുണ്ട്. ബാധ്യതകളിന്മേലുള്ള ക്ലെയിമുകൾ സംബന്ധിച്ച് ഒഫീഷ്യൽ ലിക്വിഡേറ്റർ ക്ലെയിം പെറ്റീഷനുകൾ സ്വീകരിച്ചാൽ മാത്രമേ ഇതുസംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ലഭ്യമാകുകയുള്ളൂ.

(സി) നിലവിലുള്ള കോടതി വ്യവഹാരങ്ങൾ തീർപ്പാക്കുന്നതിനും പതിനൊന്ന് ഏക്കർ വരുന്ന കുന്നത്തറ ടെക്സ്റ്റൈൽസ് വക ഭൂമിയിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിനും സർക്കാർ മുൻകൈ എടുക്കുമോ; വിശദമാക്കുമോ?

പൂട്ടിക്കിടക്കുന്ന കുന്നത്തറ ടെക്സ്റ്റൈൽസിന്റെ പുനരുദ്ധാരണ പാക്കേജുമായി മുന്നോട്ട് പോകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുള്ള വിവരം അഡ്വക്കേറ്റ് ജനറലിനെ അറിയിക്കുകയും ഇതുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നിയമ നടപടികൾ അറിയിക്കാൻ അഭ്യർത്ഥിച്ചിട്ടുമുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതി വിധിക്കനുസൃതമായി, പൂട്ടിക്കിടക്കുന്ന കുന്നത്തറ ടെക്സ്റ്റൈൽസിന്റെ ഭൂമി പ്രയോജനപ്പെടുത്തുന്നതിനായി ടെക്സ്റ്റൈൽ മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിന് യോജിച്ച മറ്റൊരു പ്രോജക്ട് തയ്യാറാക്കി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കിൻഫ്രയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലുള്ള വിഷയമായതിനാൽ കോടതിയുടെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി മാത്രമേ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ

**അളഗപ്പ ടെക്സ്റ്റൈൽസിന്റെ പ്രവർത്തനം**

161 (643) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിയെ തുടർന്ന് പ്രവർത്തനം നിലച്ച അളഗപ്പ ടെക്സ്റ്റൈൽസ് തുറന്നുപ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

കോവിഡിന്റെ പശ്ചാത്തലത്തിൽ സാമ്പത്തിക പ്രതിസന്ധി കാരണം ലേഓഫിൽ ആയ അളഗപ്പ ടെക്സ്റ്റൈൽസ് ഉൾപ്പെടെയുള്ള സംസ്ഥാനത്തെ 5 എൻ.ടി.സി മില്ലുകളുടെ നിലവിലെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് സ്പെഷ്യൽ പാക്കേജ് രൂപീകരിച്ച് പുനരുദ്ധരിക്കുകയോ കേരള സർക്കാരിന്റെ പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന് കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കുകയോ ചെയ്യണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് കത്ത് അയച്ചിരുന്നു. കോവിഡ് മഹാമാരിയെത്തുടർന്നുള്ള ലോക്ഡൗൺമൂലമുണ്ടായ പ്രവർത്തന മൂലധന ശോഷണവും മറ്റു സാമ്പത്തിക പ്രതിസന്ധികളും കാരണം എൻ.ടി.സി. മില്ലുകളുടെ പ്രവർത്തനം തുടരാനായില്ലെന്നും ഇത് തരണം ചെയ്യുന്നതിനായി കേന്ദ്ര ടെക്സ്റ്റൈൽ മന്ത്രാലയം പുതിയ ഒരു പദ്ധതിക്കുവേണ്ടി നീതി ആയോഗും (NITI Aayog) കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ പബ്ലിക് എന്റർപ്രൈസസ് വകുപ്പുമായി ബന്ധപ്പെട്ട് ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കി വരികയാണെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്.

(ബി) കമ്പനിയുടെ കൈവശമുള്ളതും നിലവിൽ ഉപയോഗിക്കാതെ കിടക്കുന്നതുമായ സ്ഥലം ഏറ്റെടുത്ത് പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ദേശസാൽക്കരണത്തിനുശേഷം അളഗപ്പ ടെക്സ്റ്റൈൽസും കേന്ദ്ര സർക്കാരിന്റെ അധീനതയിലുള്ള നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷന്റെ ഉടമസ്ഥതയിലായതിനാൽ, കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമായാൽ മാത്രമേ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

## കൈത്തറി വിപണനം

162 (644) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൈത്തറി ഉൽപ്പന്നങ്ങളുടെ വിപണി പ്രോത്സാഹിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് പരമ്പരാഗത വ്യവസായങ്ങളിൽ ഒന്നായ കൈത്തറി മേഖലയിലെ ഉല്പന്നങ്ങളുടെ വിപണി പ്രോത്സാഹിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. കേരള കൈത്തറി ഉൽപ്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനായി കൈത്തറി മേളകളും വിഷു, ഓണം, ക്രിസ്തുമസ് തുടങ്ങിയ ഉത്സവ സമയങ്ങളിൽ ജില്ലാതല എക്സിബിഷനുകളും സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ നാഷണൽ ഹാന്റ്‌ലൂം ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ (എൻ.എച്ച്.ഡി.പി.) സഹായത്തോടെ നാഷണൽ ഹാന്റ്‌ലൂം എക്സ്പോയും സ്റ്റേറ്റ് ഹാന്റ്‌ലൂം എക്സ്പോയും നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഹാന്റെക്സിന്റെ കേരളത്തിലെ 89 ഷോറൂമുകൾ വഴിയും ഹാന്റ്‌വീവിന്റെ 36 ഷോറൂമുകൾ വഴിയും കൈത്തറി ഉല്പന്നങ്ങളുടെ വിപണനം നടത്തിവരുന്നു. വിപണനം പ്രോത്സാഹിപ്പിക്കുന്നതിനായി കൈത്തറി ഉല്പന്നങ്ങൾക്ക് 20% റിബേറ്റും നൽകുന്നുണ്ട്. കൈത്തറി ഉല്പന്നങ്ങളുടെ വിപണനം ത്വരിതപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാരിന്റെ e-shipmart.gov.in, Gem Portal എന്നിവയിൽ രജിസ്റ്റർ ചെയ്യുന്നതിനായി കൈത്തറി സഹകരണ സംഘങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. രജിസ്ട്രേഷൻ പുരോഗമിച്ചുവരുന്നു. ഇതുവഴി കൈത്തറി ഉല്പന്നങ്ങളുടെ വിപുലമായ വിപണനം സാധ്യമാകുന്നതാണ്. കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (K-Bip) മുഖേന ഓൺലൈൻ വ്യാപാരത്തിനായി രൂപീകരിച്ച കേരള ഇ-മാർക്കറ്റ് പോർട്ടലിലൂടെയും കൈത്തറി ഉല്പന്നങ്ങളുടെ വിപണന സാധ്യത ഒരുക്കുന്നുണ്ട്.

## ഖാദി തുണിത്തരങ്ങളുടെ ഉല്പാദനവും വില്പനയും വർദ്ധിപ്പിക്കാൻ നടപടി

163 (645) ശ്രീ. പി. കെ. ബഷീർ:
ശ്രീ. പി. ഉബൈദുള്ള:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവാരമുള്ള ഖാദി തുണിത്തരങ്ങൾ ഉല്പാദിപ്പിക്കാൻ കഴിയുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന് കീഴിലുള്ള ഏറ്റുക്കടുക്ക കോട്ടൺ പ്രോസസ്സിംഗ് യൂണിറ്റിൽനിന്നും ഖാദി ഗ്രാമ വ്യവസായ കമ്മീഷന്റെ കീഴിലുള്ള കുറ്റൂർ കോട്ടൺ പ്രോസസ്സിംഗ് യൂണിറ്റിൽ നിന്നും ഗുണനിലവാരം ഉറപ്പുവരുത്തി വാങ്ങുന്ന കോട്ടനാണ് സംസ്ഥാനത്ത് ഖാദി തുണിത്തരങ്ങളുടെ ഉൽപ്പാദനത്തിനുവേണ്ടി ഉപയോഗിക്കുന്നത്.

(ബി) ഖാദി വസ്തുക്കളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

തൊഴിലാളികളുടെ അദ്ധ്വാനഭാരം കുറച്ചുകൊണ്ട്, ഉൽപ്പാദനം വർദ്ധിപ്പിക്കാൻ തൊഴിലുപകരണങ്ങൾ നവീകരിക്കാൻ നടപടി സ്വീകരിച്ചു വരുന്നു. കൂടുതൽ പേർക്ക് തൊഴിലവസരം നൽകാൻ പരിശീലന പരിപാടികൾ നടപ്പിലാക്കുന്നുണ്ട്. കൂടുതൽ വൈവിധ്യമുള്ള ഉൽപ്പന്നങ്ങളും കൂടുതൽ ഡിസൈൻ ഉൾക്കൊള്ളുന്ന വാല്യൂ ആഡഡ് ഉൽപ്പന്നങ്ങളും നിർമ്മിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) വിൽപ്പന വർദ്ധിപ്പിക്കുന്നതിന് ഖാദി വസ്തുക്കൾ ഓൺലൈൻ വഴി ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

വില്പന വർദ്ധിപ്പിക്കുന്നതിന് ഖാദി ഉൽപ്പന്നങ്ങൾ ഓൺലൈൻ കമ്പനിയായ ഫ്ലിപ്കാർട്ടുമായി സഹകരിച്ച് ലഭ്യമാക്കുന്നുണ്ട്. ഖാദി വില്പന വർദ്ധിപ്പിക്കുന്നതിന് വിപുലമായ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്. എല്ലാ ഗവണ്മെന്റ് ജീവനക്കാരും ബുധനാഴ്ചകളിൽ ഖാദി/കൈത്തറി വസ്ത്രം ധരിക്കണമെന്നുള്ള ഉത്തരവിന്റെ ചുവടു പിടിച്ച് വിവിധ സംഘടനകളുമായി ചർച്ചകൾ നടത്തി. സഹകരണ സംഘങ്ങൾക്ക് പ്രത്യേക പരിഗണന നൽകിയും സാമുദായിക സംഘടനകളുടെ കീഴിലുള്ള കോർപ്പറേറ്റ് മാനേജ്മെന്റ് സ്ഥാപനങ്ങളിലും കഴിയുന്നതും ഖാദി ധരിക്കണമെന്ന് നിർദ്ദേശിച്ച് അവരും സർക്കുലർ നൽകിയിട്ടുണ്ട്. ഓണം റിബേറ്റ് സെയിൽസുമായി ബന്ധപ്പെട്ട് സമ്മാന പദ്ധതികൾ നടപ്പാക്കിവരുന്നു. ഒന്നാം സമ്മാനം 10 പവൻ, രണ്ടാം സമ്മാനം 5 പവൻ, ഓരോ ജില്ലയിലും ഒരു പവൻ വീതം മൂന്നാം സമ്മാനം എന്നിങ്ങനെയാണ് സമ്മാനപദ്ധതി. എല്ലാ ജില്ലകളിലും ഓണം മേളയുടെ ഉദ്ഘാടനം വിപുലമായി നടത്തുകയും ജനങ്ങളിൽ അവബോധം ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. അതനുസരിച്ചുള്ള വില്പന വർദ്ധനവ് പ്രതീക്ഷിക്കുന്നു.

**കയർപിരി തൊഴിലാളികളുടെ വേതന വർദ്ധന**

164 (646) <u>ശ്രീമതി ഗീതാ ഗോപി</u>: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കയർ ഫാക്ടറി തൊഴിലാളികളുടെ വേതനം വർദ്ധിപ്പിച്ചതുപോലെ കയർപിരി തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

പരമ്പരാഗത കയർപിരി മേഖലയിലെയും ഇലക്ട്രോണിക് റാട്ട് ഉപയോഗിക്കുന്നവരുടെയും മിനിമം കൂലി 29-12-2018-ലെ സ.ഉ(സാധാ) നമ്പർ1401/2018/വ്യവ. ഉത്തരവ് പ്രകാരം 1-1-2019 മുതൽ പ്രതിദിനം 350 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

**ആലപ്പുഴ ജില്ലയിൽ കയർ വകുപ്പിന്റെ കീഴിലുള്ള പദ്ധതികൾ**

165 (647) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം ആലപ്പുഴ ജില്ലയിൽ കയർ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ഏതൊക്കെ?

ഈ സർക്കാർ വന്നതിനുശേഷം ആലപ്പുഴ ജില്ലയിൽ കയർ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. കയർ കോ-ഓപ്പറേറ്റീവ് സപ്പോർട്ട് സ്കീം
2. ഉല്പാദനവും വിപണന പ്രചോദനവും (പി.എം.ഐ.)
3. വില്പനയ്ക്കുള്ള വിപണി വികസന സഹായം (എം.ഡി.എ.)
4. വരുമാനം ഉറപ്പാക്കൽ പദ്ധതി (ഐ.എസ്.എസ്.)
5. കയർ മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങളുടെ ഫാക്ടറി മോഡൽ വികസനം
6. അടിസ്ഥാന സൗകര്യ വികസന പദ്ധതി

(ബി) പ്രസ്തുത പദ്ധതികൾക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു.*

**കയർ തൊഴിലാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ**

166 (648) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ തൊഴിലാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കയർ തൊഴിലാളികളെ സംരക്ഷിക്കുന്നതിനായി എന്തെങ്കിലും പാക്കേജുകൾ, സബ്സിഡി തുടങ്ങിയവ അനുവദിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കയർ തൊഴിലാളികളുടെ സംരക്ഷണത്തിനായി വരുമാനം ഉറപ്പാക്കൽ പദ്ധതി, പ്രൊഡക്ഷൻ & മാനേജ്മെന്റ് ഇൻസെന്റീവ്, കയർ കോ-ഓപ്പറേറ്റീവ് സപ്പോർട്ട് സ്കീം, വിപണി വികസന സഹായം എന്നീ പദ്ധതികൾ മുഖേന ധനസഹായം നൽകിവരുന്നുണ്ട്. കൂടാതെ കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന കയർ തൊഴിലാളികൾക്ക് പെൻഷൻ, തൊഴിലാളികളുടെ മക്കൾക്ക് വിവാഹ ധനസഹായം, വിദ്യാഭ്യാസ ധനസഹായം, പ്രസവാനുകൂല്യം, ചികിത്സാ ധനസഹായം, ശാരീരിക അവശത അതിജീവിക്കാൻ പ്രത്യേക ധനസഹായം, അപകട മരണ നഷ്ടപരിഹാരം എന്നിവ നൽകിവരുന്നു.

## കയർ/കൈത്തറി മേഖലകളുടെ പുനരുജ്ജീവനം

167 (649) <u>ശ്രീ. വി. ശശി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായങ്ങളായ കയർ, കൈത്തറി എന്നിവയുടെ പുനരുജ്ജീവനത്തിലൂടെ കൂടുതൽ തൊഴിലവസരം സൃഷ്ടിക്കുവാൻ കഴിയുമെന്ന് കരുതുന്നുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ ഇവയുടെ ഉല്പാദനം, വിപണനം എന്നീ മേഖലകളിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാം; വ്യക്തമാക്കാമോ?

<u>കയർ വ്യവസായം</u>

കയർ വ്യവസായമേഖലയിൽ ഏറെ വിപണന സാധ്യതകളുള്ള കയർ ഭൂവസ്ത്രം, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഏഴ് ജില്ലകളിൽ തദ്ദേശസ്ഥാപനങ്ങൾ വഴി തോടുകളുടെയും കുളങ്ങളുടെയും ബണ്ടുകളുടെയും സംരക്ഷണ ഭിത്തി ബലപ്പെടുത്തുന്നതിനായി ഉപയോഗപ്പെടുത്തി വരുന്നു. നടപ്പ് സാമ്പത്തിക വർഷം കയർ ഭൂവസ്ത്രത്തിന് കൂടുതൽ ഓർഡറുകൾ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങളിലും കയർ ഭൂവസ്ത്രം ഉപയോഗി ക്കുന്നതിനുള്ള സാധ്യത പരിശോധിച്ചുവരുന്നു. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ ഭൂപ്രകൃതിക്കനുസൃതമായി കയർ ഭൂവസ്ത്രത്തിന്റെ വിവിധ ഉപയോഗ സാധ്യതകൾ

പരിശോധിച്ച് വിപണന സാധ്യതകൾ കണ്ടെത്തുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ സ്വീകരിച്ചുവരുന്നു. കൂടാതെ മറ്റ് ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലും കയർ ഭൂവസ്ത്രം വിപണനം നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ആഭ്യന്തര വിപണി വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി കേരളത്തിലും മറ്റ് സംസ്ഥാനങ്ങളിലും വിതരണക്കാരെയും ഏജന്റുമാരെയും നിയമിക്കുകയും ഇവർ വഴിയുള്ള വിപണന സാധ്യതകൾ കണ്ടെത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ ഇന്ത്യയിലെമ്പാടുമുള്ള പ്രധാന റീട്ടെയിൽ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെടുകയും വൻതോതിൽ കയർ ഉല്പന്നങ്ങൾ വിപണനം നടത്തുന്നതിനുള്ള പദ്ധതികൾ നടപ്പാക്കിവരുന്നു. കയറുല്പന്നങ്ങളുടെ വിദേശ വിപണി കണ്ടെത്താനും കയറ്റുമതി പ്രോത്സാഹിപ്പിക്കാനും എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ ഫോർ ഹാന്റിക്രാഫ്റ്റ്, ഹാൻഡ്‌ലൂം എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ എന്നിവ വഴി എക്സിബിഷനുകളിലും ബയർ-സെല്ലർ മീറ്റുകളിലും നേരിട്ടും ഓൺലൈനിലുമായി പങ്കെടുത്ത് പുതിയ ഉപഭോക്താക്കളെ കണ്ടെത്തി ഓർഡറുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

<u>കൈത്തറി വ്യവസായം</u>

പരമ്പരാഗത വ്യവസായമായ കൈത്തറി മേഖലയിൽ ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. 'യുവ വീവ്' പദ്ധതി വഴി 18-നും 40-നും ഇടയിൽ പ്രായമുള്ളവരും നെയ്ത്തിൽ മുൻ പരിചയമില്ലാത്തവരുമായ യുവതീ/യുവാക്കളെ കണ്ടെത്തി അവർക്ക് പരിശീലനം നൽകി സ്വന്തമായി തറിയും നെയ്ത്ത് ഉപകരണങ്ങൾ നൽകുകയും വേജ് കോമ്പൻസേഷൻ ആയി ധനസഹായം നൽകുകയും ചെയ്യുന്നു. അപ്രകാരം കൂടുതൽ നെയ്ത്തുകാരെ കൈത്തറി മേഖലയിലേയ്ക്ക് കൊണ്ടുവന്ന് ഉൽപ്പാദനം കൂട്ടുവാൻ ലക്ഷ്യമിടുന്നു. കൈത്തറി മേഖലയിൽ സംരംഭകരെ ആകർഷിക്കുന്നതിനും തൊഴിൽരഹിതരായ അഭ്യസ്തവിദ്യർക്ക് കൈത്തറി മേഖലയിൽ ഉൽപ്പാദന യൂണിറ്റുകൾ തുടങ്ങി സ്വയംതൊഴിൽ കണ്ടെത്തുന്നതിന് സർക്കാർ വിഭാവനം ചെയ്തിരിക്കുന്ന പദ്ധതിയാണ് സ്വയംതൊഴിൽ പരിശീലന സംരംഭം. ഈ പദ്ധതി വഴിയും കൈത്തറി വസ്ത്ര ഉൽപ്പാദനം കൂട്ടാൻ ലക്ഷ്യമിടുന്നു. കേരള കൈത്തറി ഉൽപ്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനായി കൈത്തറി മേളകൾ വിഷു, ഓണം, ക്രിസ്തുമസ് തുടങ്ങിയ ഉത്സവസമയങ്ങളിൽ ജില്ലാതല എക്സിബിഷനുകളും സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ എൻ.എച്ച്.ഡി.പി.-യുടെ സഹായത്തോടെ നാഷണൽ ഹാൻഡ്‌ലൂം എക്സ്പോയും സ്റ്റേറ്റ് ഹാൻഡ്‌ലൂം എക്സ്പോയും നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഹാന്റെക്സിന്റെ കേരളത്തിലെ 89 ഷോറൂമുകൾ വഴിയും ഹാന്റ്‌വീവിന്റെ 36 ഷോറൂമുകൾ വഴിയും

കൈത്തറി ഉൽപ്പന്നങ്ങളുടെ വിപണനം ത്വരിതപ്പെടുത്തുന്നതിനായി 20% റിബേറ്റും നൽകുന്നുണ്ട്. കൈത്തറി ഉൽപ്പന്നങ്ങളുടെ വിപണനം ത്വരിതപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാരിന്റെ shipmart.gov.in, 'ജെം പോർട്ടൽ' എന്നിവയിൽ രജിസ്റ്റർ ചെയ്യുന്നതിനായി സംഘങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. രജിസ്ട്രേഷൻ പുരോഗമിച്ചുവരുന്നു. ഇതുവഴി ആഗോളതലത്തിൽ കൈത്തറി ഉൽപ്പന്നങ്ങളുടെ വിപണനം സാധ്യമാകുന്നു. കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (K-bip) മുഖേന ഓൺലൈൻ വ്യാപാരത്തിനായി രൂപീകരിച്ച കേരള ഇ-മാർക്കറ്റ് പോർട്ടലിലൂടെയും വിപണി സാധ്യത ഒരുക്കുന്നുണ്ട്.

### കയർ മേഖലയുടെ വികസനം

168 (650) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പരമ്പരാഗത വ്യവസായമായ കയർമേഖലയുടെ സംരക്ഷണത്തിനും വികസനത്തിനുമായി എന്തൊക്കെ പദ്ധതികൾക്കാണ് രൂപം നല്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

പരമ്പരാഗത വ്യവസായമായ കയർമേഖലയുടെ സംരക്ഷണത്തിനും വികസനത്തിനുമായി 2022-23 സാമ്പത്തിക വർഷത്തിൽ രൂപംനൽകി നടപ്പാക്കിവരുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

### കശുവണ്ടി വ്യവസായ മേഖലയുടെ പുരോഗതി

169 (651) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി വ്യവസായ മേഖലയുടെ പുരോഗതിക്കായി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ?

സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങളിൽ പ്രമുഖമായ കശുവണ്ടി വ്യവസായമേഖലയുടെ സമഗ്ര പുരോഗതിക്കായി നിരവധി പദ്ധതികൾ ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ടി മേഖലയിൽ സർക്കാർ നിയന്ത്രണത്തിൽ പൊതുമേഖലയിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ, കാപ്പെക്സ്, കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ് കൂടാതെ കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനുമായി രൂപീകരിച്ച കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി എന്നിവയ്ക്ക് പദ്ധതി നടത്തിപ്പിനായി സംസ്ഥാന ബജറ്റിൽ തുക വകയിരുത്തിനൽകി ഈ മേഖലയിലെ തൊഴിലാളികളുടെ തൊഴിൽ സംരക്ഷണവും ക്ഷേമവും ഉറപ്പുവരുത്തുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തോട്ടണ്ടിയുടെ ദൗർലഭ്യമാണ് കശുവണ്ടി വ്യവസായം നേരിടുന്ന പ്രധാന പ്രതിസന്ധിയെന്ന വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ കേരള കാഷ്യൂ ബോർഡ് മുഖേന കശുവണ്ടി ഉൽപ്പാദക രാജ്യങ്ങളിൽ നിന്നും നേരിട്ട് കശുവണ്ടി ഇറക്കുമതി ചെയ്ത് കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപക്സിന്റെയും കീഴിലുള്ള കശുവണ്ടി ഫാക്ടറികൾ പ്രവർത്തിപ്പിക്കുന്നതിന് വിതരണംചെയ്യുന്നു. പരമാവധി ഉൽപ്പാദനക്ഷമത കൈവരിക്കുന്നത് ലക്ഷ്യമിട്ട് കശുവണ്ടി വികസന കോർപ്പറേഷനിൽ ഈ വർഷം ആയിരം തൊഴിലാളികളെ പുതുതായി നിയമിക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി 535 തൊഴിലാളികളെ ഇതിനോടകം നിയമിച്ചിട്ടുണ്ട്. കൂടാതെ ഭാഗികയന്ത്രവത്കരണത്തിന്റെ ഭാഗമായി ഷെല്ലിംഗ് സെക്ഷനിൽ കട്ടിംഗ് മെഷീനുകളും അത്യാധുനിക ഫില്ലിംഗ് പാക്കിംഗ് മെഷീൻ കോർപ്പറേഷന്റെ അയത്തിൽ ഫാക്ടറിയിലും സ്ഥാപിച്ചിട്ടുണ്ട്.

കൂടാതെ കശുവണ്ടി ഫാക്ടറികളുടെ ആധുനികവത്കരണത്തിനും ഭാഗിക യന്ത്രവത്കരണത്തിനുമായി രണ്ടുകോടി രൂപയും ദേശീയ വിപണിയിലും അന്താരാഷ്ട്ര വിപണിയിലും ബ്രാൻഡ് ബിൽഡിംഗിനും കമ്പോള ബോധവത്കരണത്തിനുമായി 50 ലക്ഷം രൂപയും 2021-22 സാമ്പത്തിക വർഷം കോർപ്പറേഷന് നൽകിയിരുന്നു. 2022-23 സാമ്പത്തിക വർഷവും ബ്രാൻഡ് ബിൽഡിംഗിനായി 50 ലക്ഷം രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്. കൂടാതെ കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറികളുടെ ആധുനികവത്കരണത്തിനും ഭാഗിക യന്ത്രവൽക്കരണത്തിനുമായി 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 5.5 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

കാപ്പെക്സ് ഫാക്ടറികളുടെ ആധുനികവൽക്കരണത്തിനും യന്ത്രവൽക്കരണത്തിനുമായി 2022-23 വർഷത്തെ പദ്ധതി വിഹിതത്തിൽ 3.5 കോടി രൂപയും ബ്രാൻഡ് വികസനത്തിനായി 50 ലക്ഷം രൂപയും വകയിരുത്തിയിരുന്നു. ഇതിൽ 3.5 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും ബ്രാൻഡ് വികസനത്തിനായുള്ള 50 ലക്ഷം രൂപ അനുവദിച്ചുനൽകുകയും ചെയ്തിട്ടുണ്ട്. കശുവണ്ടി തൊഴിലാളികളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി അടഞ്ഞുകിടന്ന സ്വകാര്യ ഫാക്ടറികളിൽനിന്നുള്ള 1509 തൊഴിലാളികളെ 2016-21 കാലയളവിൽ കാപ്പെക്സിൽ നിയമിച്ചിട്ടുണ്ട്. കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ് 2021-2022 സാമ്പത്തിക വർഷം 10647.3 മെട്രിക് ടൺ തോട്ടണ്ടിയും നടപ്പുവർഷം 5691.478 മെട്രിക് ടൺ തോട്ടണ്ടിയും ഇറക്കുമതി ചെയ്ത് കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സിനും നൽകിയിട്ടുണ്ട്. കൂടാതെ കരുതൽ തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനാവശ്യമായ ടെണ്ടർ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ആഫ്രിക്കൻ രാജ്യങ്ങളിൽനിന്നും ഗവണ്മെന്റ് മുഖാന്തരം തോട്ടണ്ടി ഇറക്കുമതി

ചെയ്യാനുള്ള സാധ്യതകൂടി കാഷ്യൂ ബോർഡ് ആരാഞ്ഞുവരുന്നു. കേരള കാഷ്യൂ ബോർഡ് സംഭരിക്കുന്ന തോട്ടണ്ടി പൊതുമേഖലയിലെ കശുവണ്ടി യൂണിറ്റുകൾക്കെന്നപോലെ സ്വകാര്യ മേഖലയിലെ യൂണിറ്റുകൾക്കും ലഭ്യമാക്കാൻ ബോർഡ് ഉദ്ദേശിക്കുന്നു. ഇതിലൂടെ കശുവണ്ടി വ്യവസായ മേഖലയിലെ തൊഴിലാളികളുടെ തൊഴിൽ ദിനങ്ങൾ തുടർച്ചയായി ഉറപ്പുവരുത്തുന്നതിനും ഇവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും സാധിക്കുന്നതാണ്. 2021-22 സാമ്പത്തിക വർഷം തോട്ടണ്ടി ഇറക്കുമതിയ്ക്കുള്ള പ്രവർത്തന മൂലധനമായി കേരള കാഷ്യൂ ബോർഡ് ലിമിറ്റഡിന് സർക്കാർ 37.3 കോടി രൂപയും 2022-23 വർഷം 40.85 കോടി രൂപയും വായ്പ ഇനത്തിൽ നൽകിയിട്ടുണ്ട്. കേരളത്തിലെ കശുവണ്ടി വ്യവസായത്തെ പുനരുജ്ജീവിപ്പിക്കുക എന്ന ലക്ഷ്യത്തോടെ, തോട്ടണ്ടിയുടെ ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനായി രൂപീകരിച്ച കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസിക്ക് 2021-22 സാമ്പത്തിക വർഷം 500 ലക്ഷം രൂപയും 2022-23 വർഷം 350 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. ഇതിലൂടെ 8,16,000 തൈകൾ 3158 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷിയ്ക്കായി നൽകിയിട്ടുണ്ട്.

(ബി) കശുവണ്ടി വ്യവസായ മേഖലയുടെ പുരോഗതിക്കായി ഈ സർക്കാർ നടപ്പിലാക്കുന്നതിന് തയ്യാറാക്കിയിട്ടുള്ള പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ?

കശുവണ്ടി വികസന കോർപ്പറേഷനിൽ യന്ത്രവൽക്കരണം കൂടുതൽ വിപുലപ്പെടുത്തിയും ഉൽപ്പാദനച്ചെലവ് കുറച്ചും ഉൽപ്പാദനക്ഷമത വർദ്ധിപ്പിച്ചും കശുവണ്ടിപ്പരിപ്പിന്റെയും കശുവണ്ടി അധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ആഭ്യന്തര വിപണി വിപുലപ്പെടുത്തിയും ലാഭകരമാക്കുന്നതിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത് സർക്കാരിന്റെ പരിഗണനയിലാണ്. കൂടാതെ കാപ്പെക്സിനെ ലാഭത്തിലാക്കുന്നതിന് നിയന്ത്രിത യന്ത്രവൽക്കരണം, ചെറുകിട വിൽപ്പന ഉയർത്തൽ, കശുമാവ് കൃഷി വ്യാപനം എന്നിവ ഹ്രസ്വ, ഇടക്കാല, ദീർഘകാല പദ്ധതികളായി ഉൾപ്പെടുത്തി മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്.

സംസ്ഥാനത്തെ സ്വകാര്യ കശുവണ്ടി വ്യവസായമേഖല ഉൾപ്പെടെ കശുവണ്ടി വ്യവസായം നിലവിൽ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളും പ്രതിസന്ധികളും സാധ്യതകളും പരിശോധിക്കുന്നതിനും സമഗ്ര വികസനം ഉറപ്പുവരുത്തുന്നതിനാവശ്യമായ ഒരു വിദഗ്ധ സമിതി രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കശുവണ്ടി വ്യവസായ മേഖലയുടെ

ആധുനീകരണം, കശുവണ്ടിപ്പരിപ്പിന്റെ ഗുണനിലവാരം ഉറപ്പാക്കൽ, തൊഴിലാളികളുടെ പി.എഫ്, ബോണസ് ഇതര പ്രശ്നങ്ങൾ തുടങ്ങിയവ സംബന്ധിച്ച് ആഴത്തിൽ പഠനം നടത്തി കർമ്മ പദ്ധതി ആവിഷ്കരിച്ച് ടി മേഖലയുടെ പുനരുജ്ജീവനം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനും ഉത്തേജിപ്പിക്കുന്നതിനുമായി ബാങ്ക് ലോൺ കുടിശ്ശികയുള്ളവർക്ക് പലിശയിളവ് നൽകുന്നതിനും തൊഴിൽ നൽകുന്നതിനനുസരിച്ച് പ്രോത്സാഹന പദ്ധതികൾ നടപ്പിലാക്കുന്നതിനുമായി 2022-23 വർഷത്തെ സംസ്ഥാനത്തെ ബഡ്ജറ്റിൽ 30 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ജീവനോപാധികൾ നഷ്ടപ്പെട്ട അവസ്ഥയിലുള്ള ചെറുകിട-ഇടത്തരം കശുവണ്ടി ഫാക്ടറികൾക്ക് പ്രവർത്തന മൂലധനവും ആധുനികവത്ക്കരണത്തിനുള്ള മൂലധന സഹായവും പലിശസഹായവും നൽകി ഇവയെ പുനരുദ്ധരിപ്പിക്കുന്നതിനായി ഏഴുകോടി രൂപയും 2022-23-ലെ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ട്.

കശുവണ്ടി പരിപ്പിന്റെയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെയും ആഭ്യന്തര വിപണനം മെച്ചപ്പെടുത്തുന്നതിനായുള്ള മൊബൈൽ സെയിൽസ് വാനിന്റെ ഉദ്ഘാടനം 16-8-2022-ന് വ്യവസായ വകുപ്പുമന്ത്രി നിർവ്വഹിച്ചു. കൺസ്യൂമർഫെഡുമായി ധാരണാപത്രം ഒപ്പിട്ട് കൺസ്യൂമർഫെഡിന്റെ ഔട്ട്ലെറ്റുകൾ വഴിയും വിപണനം മെച്ചപ്പെടുത്തി ആഭ്യന്തര വിപണി വിപുലീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഈ വർഷത്തെ ഓണക്കാലത്ത് സർക്കാർ നൽകുന്ന ഓണക്കിറ്റുകളിൽ കശുവണ്ടി വികസന കോർപ്പറേഷന്റെ 50 ഗ്രാം വരുന്ന 80 ലക്ഷത്തോളം കശുവണ്ടി പരിപ്പ് പായ്ക്കറ്റുകൾ ഉൾപ്പെടുത്തിയതുവഴി കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും കശുവണ്ടി പരിപ്പിന് മെച്ചപ്പെട്ട വില ഉറപ്പു വരുത്തുന്നതിനും സാധിക്കുന്നതാണ്. കാപ്പെക്സും 50 ഗ്രാം വീതമുള്ള 20 ലക്ഷം കശുവണ്ടിപ്പരിപ്പ് പായ്ക്കറ്റുകൾ ഇതിനായി നൽകിയിട്ടുണ്ട്.

കശുവണ്ടിയുടെ ആഭ്യന്തര ഉൽപ്പാദനവും കൃഷി വ്യാപനവും വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ടുകൊണ്ട് Cultivation of Organic Cashew and Establishment of Raw Nut Bank എന്ന പദ്ധതിയുടെ കീഴിൽ കശുമാവ് കൃഷി വികസന ഏജൻസി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി കശുമാവിന്റെ നൂതന സാങ്കേതിക കൃഷി രീതി ഫീൽഡ് തലത്തിൽ ട്രയലായി പരീക്ഷിക്കുന്ന അൾട്രാ ഹൈ ഡെൻസിറ്റി പ്ലാന്റിംഗ് പദ്ധതി ഈ വർഷം മുതൽ നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. ഇതിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട കർഷകർക്ക് ഒരു ഹെക്ടർ സ്ഥലത്തേയ്ക്ക് 1100 കശുമാവിൻ തൈകൾ സൗജന്യമായി നൽകുന്നു.

ഇത്തരത്തിലുള്ള കൃഷി രീതിയിലൂടെ ഒരു ഹെക്ടറിൽനിന്നും ഒരു ടൺ കശുവണ്ടി മൂന്നാം വർഷം മുതൽ സ്ഥിരമായി ലഭിക്കുന്ന ഫീൽഡ് പരീക്ഷണ കൃഷി സംവിധാനത്തിന് സർക്കാർ തുടക്കം കുറിച്ചിട്ടുണ്ട്.

(സി) കശുവണ്ടി തൊഴിലാളികളുടെ ക്ഷേമത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കശുവണ്ടി വികസന കോർപ്പറേഷനിൽനിന്നും വിരമിച്ച തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി കുടിശ്ശിക വിതരണം ചെയ്യുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2021-22 സാമ്പത്തിക വർഷം 20 കോടി രൂപ സർക്കാർ അനുവദിച്ചു. പ്രസ്തുത തുക വിനിയോഗിച്ച് 2021 വരെയുള്ള ഗ്രാറ്റുവിറ്റി കുടിശ്ശിക കോർപ്പറേഷൻ പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 2021-22 വർഷം കാപക്സിന് ഗ്രാറ്റുവിറ്റി കുടിശ്ശിക വിതരണത്തിനായി നൽകിയ 9.57 കോടി രൂപ വിനിയോഗിച്ച് 2020 വരെയുള്ള കുടിശ്ശിക വിതരണം ചെയ്തിട്ടുണ്ട്. കശുവണ്ടി വികസന കോർപ്പറേഷനിലെയും കാപക്സിലെയും തൊഴിലാളികൾക്ക് മിനിമം വേജസ് നോട്ടിഫിക്കേഷൻ പ്രകാരമുള്ള വേതനം, ബോണസ്, ഗ്രാറ്റുവിറ്റി എന്നീ ആനുകൂല്യങ്ങൾക്കുപുറമേ ഇ.എസ്.ഐ., ഇ.പി.എഫ്., ക്ഷേമനിധി ആനുകൂല്യങ്ങൾ എന്നിവയും നൽകുന്നുണ്ട്.

ഇതുകൂടാതെ കശുവണ്ടിവികസന കോർപ്പറേഷനിലെ ക്യാൻസർ ബാധിതരായ തൊഴിലാളികൾക്ക് കോർപ്പറേഷന്റെ ക്ഷേമ പദ്ധതിയിൽ നിന്നും 'കനിവ്-2022' സ്കീമിൽപ്പെടുത്തി 5,000 രൂപയുടെ പ്രത്യേക ധനസഹായവും ഓണപ്പുടവ വിതരണവും 16-8-2022-ന് വ്യവസായ വകുപ്പുമന്ത്രി നിർവ്വഹിച്ചിട്ടുണ്ട്.

കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡുവഴി കശുവണ്ടി തൊഴിലാളി കൾക്ക് നൽകിവരുന്ന വിവിധ ആനുകൂല്യങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* ഇതിനുപുറമേ ബോർഡിനുകീഴിലെ പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് 2017, 2018, 2019 വർഷങ്ങളിൽ എല്ലാ ഓണത്തിനും 2,000 രൂപയും 10 കിലോ അരിയും വിതരണം നടത്തുകയും 2019-ൽ വിഷുവിന് 2,000 രൂപ വീതവും 2020-2021 ഓണത്തിന് 2,000 രൂപയും 10 കിലോ അരിയുടെ വിലയായ 250/-രൂപയും ചേർത്ത് 2,250 രൂപ വീതവും വിതരണം ചെയ്യുകയും കോവിഡ് ധനസഹായമായി 2020-2021 വർഷങ്ങളിൽ എല്ലാ തൊഴിലാളികൾക്കും 1,000 രൂപ വീതം ധനസഹായം നൽകുകയും ചെയ്തിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വൈപ്പിനിലെ ഇലക്ട്രിക് വാഹന ചാർജ്ജിംഗ് സ്റ്റേഷനുകൾ

170 (652) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

വൈപ്പിൻ നിയോജകമണ്ഡലത്തിൽ ഏതെല്ലാം സെന്ററുകളിലാണ് കെ.എസ്.ഇ.ബി.എൽ. ഇലക്ട്രിക് വാഹന ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുള്ളതെന്നും ഇവയുടെ നിജസ്ഥിതി എന്തെന്നും വിശദമാക്കാമോ?

വൈപ്പിൻ നിയോജകമണ്ഡലത്തിൽ താഴെപ്പറയുന്ന സ്ഥലങ്ങളിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ ഇലക്ട്രിക് വാഹന ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

1. ബോൾഗാട്ടി ജംഗ്ഷൻ
2. ഗോശ്രീ ജംഗ്ഷൻ
3. സഹോദര നഗർ
4. പള്ളി സ്റ്റോപ്പ്
5. പള്ളാത്തംകുളങ്ങര
6. പനമറ്റം

സംസ്ഥാനത്തൊട്ടാകെ എല്ലാ നിയോജകമണ്ഡലങ്ങളിലുമായി 1165 ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പ്രസ്തുത സ്റ്റേഷനുകൾ നിർമ്മിക്കുന്നത്. ഇതുവരെ 412 പോയിന്റുകൾ പ്രവർത്തനക്ഷമമായി ക്കഴിഞ്ഞു.

## കാഞ്ഞങ്ങാട് മണ്ഡലത്തിൽ കെ.എസ്.ഇ.ബി.എൽ. കെട്ടിട നിർമ്മാണം

171 (653) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ വൈദ്യുതി വകുപ്പിന്റെ കീഴിലുള്ള ഏതൊക്കെ ഓഫീസുകളാണ് വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതെന്ന് അറിയിക്കുമോ?

കാഞ്ഞങ്ങാട് മണ്ഡലത്തിൽ വൈദ്യുതി വകുപ്പിന്റെ കീഴിൽ താഴെപ്പറയുന്ന ഓഫീസുകൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

(1) ഇലക്ട്രിക്കൽ ഡിവിഷൻ, കാഞ്ഞങ്ങാട്

(2) ഇലക്ട്രിക്കൽ സെക്ഷൻ, കാഞ്ഞങ്ങാട്

(3) ഇലക്ട്രിക്കൽ സെക്ഷൻ, രാജപുരം

(4) ഇലക്ട്രിക്കൽ സെക്ഷൻ, പടന്നക്കാട്

(5) ഇലക്ട്രിക്കൽ സെക്ഷൻ, ചിത്താരി

(6) ഇലക്ട്രിക്കൽ സെക്ഷൻ, ബ്ലാന്തോട്

കാഞ്ഞങ്ങാട് മണ്ഡലത്തിൽ ട്രാൻസ്മിഷൻ വിഭാഗം ഓഫീസുകളൊന്നും തന്നെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നില്ല.

(ബി) പ്രസ്തുത ഓഫീസുകൾക്കായി കെ.എസ്.ഇ.ബി.എൽ. സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഇതിൽ ഇലക്ട്രിക്കൽ ഡിവിഷൻ കാഞ്ഞങ്ങാടിനും ഇലക്ട്രിക്കൽ സെക്ഷൻ കാഞ്ഞങ്ങാടിനും വേണ്ടി കെ.എസ്.ഇ.ബി. ലിമിറ്റഡ് സ്വന്തം കെട്ടിടം നിർമ്മിക്കുന്നുണ്ട്. ഇതിന്റെ നിർമ്മാണ പ്രവർത്തനം പുരോഗതിയിലാണ്.

**വൈദ്യുതി ഉല്പാദന-പ്രസരണ-വിതരണ സംവിധാനങ്ങളുടെ നവീകരണം**

172 (654) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ഉല്പാദന-പ്രസരണ-വിതരണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനും നിലവിൽ കെ.എസ്.ഇ.ബി.എൽ. നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് വൈദ്യുത ഉൽപ്പാദന സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനും നിലവിൽ കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

| നമ്പർ | പദ്ധതി | ശേഷി |
|---|---|---|
| 1 | പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം | 60 MW |
| 2 | തോട്ടിയാർ | 40 MW |
| 3 | പെരുവണ്ണാമൂഴി | 6 MW |
| 4 | പഴശ്ശിസാഗർ | 7.5 MW |
| 5 | ഭൂതത്താൻകെട്ട് | 24 MW |
| 6 | കുറ്റ്യാടി RMUപദ്ധതി | 3x25 MW to 3x27.5 MW |

വർദ്ധിച്ചുവരുന്ന വൈദ്യുതോപയോഗവും ഭാവിയിലേയ്ക്കുള്ള വൈദ്യുതാവശ്യങ്ങൾ കണക്കിലെടുത്തും കെ.എസ്.ഇ.ബി.എൽ. ആഭ്യന്തര ഉത്പാദനം മെച്ചപ്പെടുത്താനും പ്രസരണ വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനും വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ആഭ്യന്തര ഉത്പാദനം മെച്ചപ്പെടുത്താനുള്ള വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജലവൈദ്യുതി, സൗരോർജ്ജം, കാറ്റിൽനിന്ന് വൈദ്യുതി എന്നീ പുനരുപയോഗ ഊർജ്ജ ഉത്പാദന മാർഗ്ഗങ്ങളിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചുവരുന്നു. സംസ്ഥാനത്തെ വൈദ്യുതി മേഖലയെ ലോകോത്തരമാക്കുകയെന്ന ലക്ഷ്യത്തോടെ വിതരണ ശൃംഖലയുടെ മെച്ചപ്പെടുത്തലിനും വികസനത്തിനുമായി ദ്യുതി 2.0, വൈദ്യുതി പ്രസരണ രംഗം കാര്യക്ഷമമാക്കുന്നതിനും പ്രസരണ നഷ്ടം കുറയ്ക്കുന്നതിനുമായി ട്രാൻസ്ഗ്രിഡ് എന്നിവ നടപ്പിലാക്കിവരുന്നു.

ട്രാൻസ്ഗ്രിഡ് 2.0. പദ്ധതി നടപ്പാക്കുന്നതുവഴി പ്രതിവർഷം 521 ദശലക്ഷം യൂണിറ്റ് വൈദ്യുതി നഷ്ടം കുറയ്ക്കുന്നതിനും വരുന്ന 25 വർഷത്തെ പ്രസരണ ആവശ്യകത നിറവേറ്റുന്നതിനും വൈദ്യുതി തടസ്സം ഒഴിവാക്കുന്നതിനും ഗുണമേന്മയുള്ള വൈദ്യുതി ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിനും കഴിയും. ഒന്നാംഘട്ടത്തിൽ KIIFB, PSDF ധനസഹായത്തോടെ ആവിഷ്കരിച്ച പദ്ധതികളിൽ 178 കി.മീ. 400കെ.വി ലൈനും 845 കി.മീ. 220കെ.വി ലൈനും ഉൾപ്പെടുന്ന 9 ലൈൻ പാക്കേജുകളും 12 സബ്സ്റ്റേഷനുകൾ ഉൾപ്പെടുന്ന 5 പാക്കേജുകളും ഉണ്ട്. നിർമ്മാണം പൂർത്തിയാക്കി കമ്മീഷൻ ചെയ്ത പദ്ധതികളിൽ 6 സബ്സ്റ്റേഷനുകളും 178 സർക്യൂട്ട് കി.മീ. 400കെ.വി ലൈനും 465 സർക്യൂട്ട് കി.മീ. 220കെ.വി ലൈനും 548 സർക്യൂട്ട് കി.മീ. 110കെ.വി ലൈനും ഉൾപ്പെടുന്നു.

രണ്ടാംഘട്ടത്തിൽ KIIFB, MNRE എന്നിവയുടെ ധനസഹായത്തോടെ പൂർത്തീകരിക്കാൻ 11 ലൈൻ പാക്കേജുകളും 13 സബ്സ്റ്റേഷനുകളും വിഭാവനം ചെയ്തിട്ടുണ്ട്. ഒന്നാംഘട്ടം 2022-ലും രണ്ടാംഘട്ടം 2024-ലും പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. സംസ്ഥാനത്ത് കെ.എസ്.ഇ.ബി.എൽ.-ന്റെ കീഴിൽ വൈദ്യുതോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ആകെ 201.5 മെഗാവാട്ട് ശേഷിയുള്ള '8' ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. വിവരങ്ങൾ അനുബന്ധം-(i) ആയി ചേർക്കുന്നു.* ഇതിൽ 130 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള '4' ജലവൈദ്യുത പദ്ധതികൾ ഈ സാമ്പത്തിക വർഷത്തിൽത്തന്നെ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ശേഷിക്കുന്ന പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എടുത്തിട്ടുണ്ട്. കൂടാതെ ജലവൈദ്യുത പദ്ധതികളായ ഒലിക്കൽ (5 മെഗാവാട്ട്) പൂവാരം തോട് (3 മെഗാവാട്ട്) അപ്പർ ചെങ്കുളം (24 മെഗാവാട്ട്) മരിപ്പുഴ (6 മെഗാവാട്ട്) എന്നീ ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള അനുബന്ധ നടപടികൾ പുരോഗമിക്കുന്നു. ഇതിനുപുറമെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ആകെ 62 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള '10' ജലവൈദ്യുത പദ്ധതികളുടെ സ്ഥലം ഏറ്റെടുക്കലും അനുബന്ധപ്രവർത്തനങ്ങളും നടന്നുവരുന്നു. വിവരം അനുബന്ധം-(ii) ആയി ചേർക്കുന്നു.* ഇടുക്കി സുവർണ്ണ ജൂബിലി പദ്ധതി(800 മെഗാവാട്ട്)ക്ക് വേണ്ടിയുള്ള കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ ഒന്നാംഘട്ട അനുമതി ലഭിച്ചിട്ടുണ്ട്. മറ്റ് നടപടികൾ പുരോഗമിക്കുന്നു. ശബരിഗിരി എക്സ്റ്റൻഷൻ പദ്ധതിയുടെ (200 മെഗാവാട്ട്) സാധ്യതാപഠനം നടന്നുവരുന്നു. കൂടാതെ '17' ജലവൈദ്യുത പദ്ധതികളുടെ പരിവേഷണ സാധ്യതാ പഠനങ്ങൾ പുരോഗമിക്കുന്നു. വിവരം അനുബന്ധം-(iii) ആയി ചേർക്കുന്നു.*

(ബി) ഏതെല്ലാം സാമ്പത്തിക വർഷത്തേയ്ക്കുള്ള പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; പ്രസ്തുത പദ്ധതികൾ പൂർത്തിയാക്കുന്നതിലൂടെ കൈവരിക്കാൻ ഉദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ വിശദമാക്കുമോ?

2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ നിർമ്മാണം പൂർത്തിയാക്കാൻ ലക്ഷ്യമിടുന്ന ജലവൈദ്യുത പദ്ധതികൾ, അവയുടെ സ്ഥാപിതശേഷി എന്നിവ ചുവടെ ചേർത്തിരിക്കുന്നു :

| നമ്പർ | പദ്ധതി | ശേഷി | പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നത് |
|---|---|---|---|
| 1 | പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം | 60 MW | ജനുവരി 2023 |
| 2 | തോട്ടിയാർ | 40 MW | മാർച്ച് 2023 |
| 3 | പെരുവണ്ണാമൂഴി | 6 MW | മാർച്ച് 2023 |
| 4 | പഴശ്ശിസാഗർ | 7.5 MW | സെപ്റ്റംബർ 2023 |
| 5 | ഭൂതത്താൻകെട്ട് | 24 MW | മാർച്ച് 2023 |

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി 2022-23 മുതൽ 2026-27 വർഷം വരെ നടപ്പിലാക്കുന്ന പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ പുനരുപയോഗ സ്രോതസ്സുകളിൽനിന്ന് ഏകദേശം 3000 മെഗാവാട്ട് കണ്ടെത്താനാണ് സംസ്ഥാനം ലക്ഷ്യമിടുന്നത്. അടുത്ത രണ്ട് പദ്ധതി കാലയളവിൽ ജലവൈദ്യുത നിലയങ്ങളിൽ നിന്ന് 1000 മുതൽ 1250 മെഗാവാട്ട് അധികമായി ഉത്പാദിപ്പിക്കണമെന്നും അതിൽ, ചെറുകിട ജലവൈദ്യുത പദ്ധതികളിൽനിന്ന് അഞ്ച് വർഷത്തിനുള്ളിൽ 100 മെഗാവാട്ടിലധികം കണ്ടെത്തണമെന്നുമാണ് കണക്കാക്കുന്നത്. വൈദ്യുതി ഉത്പാദന-പ്രസരണ-വിതരണരംഗം കാര്യക്ഷമമാക്കി ആഗോള നിലവാരത്തിൽ തടസ്സരഹിതമായി, ഗുണമേന്മയേറിയ വൈദ്യുതി അപകടരഹിതമായി ഉപഭോക്താക്കൾക്ക് എത്തിക്കുക വഴി എല്ലാ വിഭാഗം ഉപഭോക്താക്കൾക്കും ഗുണമേന്മയുള്ള മെച്ചപ്പെട്ട വൈദ്യുതി ലഭ്യമാകും. വൈദ്യുതി 2 പദ്ധതിയിൽ, 2022-23 സാമ്പത്തിക വർഷം മുതൽ 2026-27 വരെയും RDSS പദ്ധതിയിൽ 2022-23 മുതൽ 2024-25 സാമ്പത്തിക വർഷം വരെയുമുള്ള പ്രവൃത്തികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. വിതരണ മേഖലയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന 'ദ്യുതി' പദ്ധതിയുടെ ലക്ഷ്യങ്ങൾ എച്ച്.റ്റി. ശൃംഖലയുടെ എല്ലാഭാഗത്തും കുറഞ്ഞത് രണ്ട് സ്രോതസ്സിൽ നിന്നെങ്കിലും വൈദ്യുതി എത്തിക്കുന്നതിന് സംവിധാനം ഒരുക്കുക, Arial Bunched Cable (എ.ബി.സി.), ഭൂഗർഭ കേബിൾ തുടങ്ങിയ കവചിത ചാലകങ്ങൾ, ആർ.എം.യു. എന്നിവ ഉപയോഗിച്ച് വൈദ്യുതി തടസ്സം പരമാവധി കുറയ്ക്കുക, പുരയിടങ്ങൾക്കുകുറുകെ കടന്നുപോകുന്ന ലൈനുകൾ വൈദ്യുതി തടസ്സത്തിനോ അപകടങ്ങൾക്കോ കാരണമാകുന്നെങ്കിൽ അവ മാറ്റി സ്ഥാപിക്കുക, ലൈനുകളുടെയും പ്രതിഷ്ഠാപനങ്ങളുടെയും നവീകരണം ഉറപ്പാക്കുക, ഫോൾട്ട് പാസ് ഇൻഡിക്കേറ്ററുകൾ, സെക്ഷണലൈസറുകൾ തുടങ്ങിയ സാങ്കേതികവിദ്യകളുടെ ഉപയോഗം ഉറപ്പുവരുത്തി വൈദ്യുതി പുനഃസ്ഥാപനം ത്വരിതത്തിലാക്കുക, നവീകരിച്ചും സാങ്കേതികമായി സജ്ജീകരിച്ചും സ്മാർട്ടുമായ ഒരു നെറ്റ്‌വർക്ക് ഉറപ്പാക്കുക, ഇലക്ട്രിക് മൊബിലിറ്റിയുടെ വളർച്ച സുഗമമാക്കുക, എല്ലാ ഇലക്ട്രിക്കൽ നെറ്റ്‌വർക്ക് അസറ്റുകളുടെയും ജിയോ-മാപ്പിംഗ് ഉറപ്പാക്കുക തുടങ്ങിയവ ദ്യുതി 2.0-ന്റെ ലക്ഷ്യങ്ങളാണ്. ഊർജ്ജ നഷ്ടം കുറയ്ക്കുന്നതിനുള്ള പ്രവൃത്തികളും ഉപ-പ്രസരണ, വിതരണ രംഗം നവീകരണത്തിനും ശക്തിപ്പെടുത്തുന്നതിനും ആധുനികവൽക്കരിക്കുന്നതിനുമുള്ള പ്രവൃത്തികളും നടപ്പിലാക്കി ഗുണമേന്മയുള്ള 24x7 വൈദ്യുതിയും ഊർജ്ജമേഖലയുടെ സാമ്പത്തിക സുസ്ഥിരതയും മെച്ചപ്പെട്ട കാര്യക്ഷമതയും വിശ്വാസ്യതയും RDSS പദ്ധതി ലക്ഷ്യമിടുന്നു.

(സി) സംസ്ഥാനത്ത് വൈദ്യുതി വിതരണ മേഖലയിലെ പ്രസരണ നഷ്ടവും വൈദ്യുതി തടസ്സങ്ങളും കുറയ്ക്കുന്നതിനും ഇല്ലാതാക്കുന്നതിനും എ.ബി.സി. (Aerial Bunched Cable), കവേഡ് കണ്ടക്ടർ, യു.ജി. കേബിൾ തുടങ്ങിയ സംവിധാനങ്ങൾ ഈ പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എന്ത് മുൻഗണനാടിസ്ഥാനത്തിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉൾപ്പെടുത്തിയിട്ടുണ്ട്. വൃക്ഷനിബിഡമായ പ്രദേശങ്ങളിലൂടെ കടന്നു പോകുന്ന നീണ്ട ലൈൻ റൂട്ടുകൾ, വോൾട്ടേജ് പ്രശ്നങ്ങൾ കൂടുതലായി ഉള്ള പ്രദേശങ്ങൾ, ഹോസ്പിറ്റലുകൾ, വ്യവസായ സ്ഥാപനങ്ങൾ, വാണിജ്യ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടെയുള്ള ലോഡ് സെന്ററുകൾ, മൾട്ടി സർക്യൂട്ട് ലൈനുകൾ, fag end-ലെ ലൈനുകൾ എന്നിവ സുരക്ഷയും വൈദ്യുതിയുടെ ഗുണമേന്മയും വർദ്ധിപ്പിക്കാനായി മുൻഗണനാക്രമത്തിൽ എബിസി/ഭൂഗർഭ കേബിളുകൾ ആക്കി മാറ്റാനാണ് പദ്ധതി മാർഗ്ഗരേഖ നിർദ്ദേശിച്ചിരുന്നത്. അതാത് പ്രദേശത്തെ ആവശ്യം മനസ്സിലാക്കി എബിസി/ഭൂഗർഭ കേബിളുകളാക്കി മാറ്റുന്ന പ്രവൃത്തികളുടെ മുൻഗണനാക്രമം നിശ്ചയിച്ചിരിക്കുന്നത് അതത് പ്രദേശത്തെ ഇലക്ട്രിക്കൽ സർക്കിളുകളിൽ നിന്നാണ്.

(ഡി) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ പ്രസ്തുത പദ്ധതി ഏതെല്ലാം പ്രദേശങ്ങളിൽ എന്ത് മുൻഗണനയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ RDSS സ്കീം (ഫേസ്-2) പദ്ധതിയിൽ ഉൾപ്പെടുത്തി പിണ്ണാക്കനാട് 33 കെ.വി. സബ് സ്റ്റേഷൻ 2023-24 കാലയളവിൽ നിർമ്മിക്കാനും ഈരാറ്റുപേട്ട സബ്സ്റ്റേഷനിൽ നിന്ന് പിണ്ണാക്കനാട് സബ്സ്റ്റേഷനിലേയ്ക്കും പൈക സബ്സ്റ്റേഷനിൽനിന്ന് പിണ്ണാക്കനാട് സബ്സ്റ്റേഷനിലേയ്ക്കും 'കവേർഡ് കണ്ടക്ടർ ഉപയോഗിച്ച് 33 കെ.വി. ലൈൻ നിർമ്മിക്കാനും കൂടാതെ 110 കെ.വി. സബ്സ്റ്റേഷൻ എരുമേലി മുതൽ 33 കെ.വി. സബ്സ്റ്റേഷൻ മണിമല വരെ സുഗമമായ വൈദ്യുതിവിതരണം ഉറപ്പ് വരുത്തുന്നതിനുമായി പുതിയ 33 കെ.വി. 'കവേർഡ് കണ്ടക്ടർ ലൈൻ' നിർമ്മിക്കാനുമുള്ള നിർദ്ദേശം തയ്യാറാക്കിയിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് ടി പ്രവൃത്തികൾ നടപ്പിലാക്കുന്നതാണ്.

മേൽപ്പറഞ്ഞ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തി പൂഞ്ഞാർ മണ്ഡലത്തിൽ ABC/UG ലൈനുകൾ വലിക്കുന്ന പ്രദേശങ്ങളുടെ ലിസ്റ്റ് അനുബന്ധം - IV ആയി ചേർത്തിരിക്കുന്നു.*

പൂഞ്ഞാർ നിയോജകമണ്ഡലത്തിലുള്ള മാർമ്മല ചെറുകിട ജലവൈദ്യുത പദ്ധതി (7 മെഗാവാട്ട്) യുടെ സ്ഥലം ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സർക്കാർ ഓഫീസുകളിൽ റൂഫ് ടോപ്പ് സോളാർ പാനൽ സ്ഥാപിക്കൽ

173 (655) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിൽ സർക്കാർ ഓഫീസുകളിൽ പുരപ്പുറ സോളാർ പാനൽ സ്ഥാപിക്കുന്നതിന് വൈദ്യുതി വകുപ്പിന്റെ അനുമതി ലഭ്യമായിട്ടുണ്ടോ?

കാട്ടാക്കട നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന സർക്കാർ ഓഫീസുകളിലും സ്കൂളുകളിലും സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിനായി 6-8-2022-ലെ G.O (Rt)No.132/2022/Power പ്രകാരം തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) എങ്കിൽ ആരാണ് തുടർനടപടികൾ സ്വീകരിക്കേണ്ടത്; എന്ത് നടപടിയാണ് നാളിതുവരെ സ്വീകരിച്ചത്; തുടർനടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

കെ.എസ്.ഇ.ബി.എൽ.-ൽനിന്നും പദ്ധതിയുടെ വിശദാംശങ്ങൾ അടങ്ങിയ ശിപാർശ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിനായി സർക്കാരിൽ ലഭ്യമാക്കേണ്ടതുണ്ട്. ആയതിന്മേൽ വർക്കിംഗ് ഗ്രൂപ്പ് അനുമതി നല്കി, പദ്ധതിക്ക് ഫണ്ട് വിഹിതം ലഭിക്കുന്ന മുറയ്ക്കാണ് കെ.എസ്.ഇ.ബി.എൽ. ടെണ്ടർ നടപടികൾ ആരംഭിക്കുക.

## വൈദ്യുതി പ്രസരണ വിതരണ മേഖല

174 (656) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ നാളിതുവരെ വൈദ്യുതി പ്രസരണ-വിതരണ മേഖലകളിൽ എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നും ഇതുവഴി എത്ര സബ്സ്റ്റേഷനുകളും ട്രാൻസ്ഫോർമറുകളും ലൈനുകളും അധികമായി സ്ഥാപിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

2016 മുതൽ നാളിതുവരെ വിതരണ മേഖലയിൽ 12179 കി.മീ. എച്ച്.ടി. ലൈനും 23582 കി.മീ. എൽ.ടി. ലൈനും പുതുതായി നിർമ്മിക്കുകയും 10830 കി.മി സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ആക്കി മാറ്റുകയും 5680 കി.മീ. എച്ച്.ടി. ലൈനും 110677 കി.മീ. എൽ.ടി. ലൈനും റീ കണ്ടക്ടറിംഗ് നടത്തുകയും 14184 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം മുതൽ 2021-22 സാമ്പത്തിക വർഷം വരെ വൈദ്യുതി പ്രസരണ-വിതരണ മേഖലകളിൽ ചെലവഴിച്ച തുകയെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| വർഷം | പ്രസരണ മേഖല (തുക കോടിയിൽ) | വിതരണ മേഖല (തുക കോടിയിൽ) |
|---|---|---|
| 2016-17 | 280.04 | 1122.80 |
| 2017-18 | 547.38 | 749.03 |
| 2018-19 | 560.43 | 1434.67 |
| 2019-20 | 899.36 | 1544.65 |
| 2020-21 | 1219.61 | 1537.86 |
| 2021-22 | 986.36 | 1622.36 |

**ഗുരുവായൂർ മണ്ഡലത്തിലെ ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ**

175 (657) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ പ്രഖ്യാപിച്ച ഇലക്ട്രിക് വാഹന ചാർജ്ജിംഗ് സ്റ്റേഷനുകൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

ഗുരുവായൂർ മണ്ഡലത്തിൽ പ്രഖ്യാപിച്ച ഇലക്ട്രിക് വാഹന ചാർജ്ജിംഗ് സ്റ്റേഷനുകൾ താഴെ ചേർക്കുന്നു.

(1) സൗത്ത് ഔട്ടർ റിംഗ് റോഡ്

(2) ചാവക്കാട് ബസ് സ്റ്റാന്റിന് സമീപം

(3) തമ്പുരാൻ പടി

(4) അണ്ടകത്തോട്

(5) പെട്രോൾ പമ്പിന് സമീപം

(6) ചാവക്കാട് ബീച്ച്

(ബി) പ്രസ്തുത പദ്ധതി വൈകാനിടയായ സാഹചര്യവും എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

സംസ്ഥാനത്തൊട്ടാകെ എല്ലാ നിയോജക മണ്ഡലങ്ങളിലുമായി കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ് സ്ഥാപിക്കുന്ന 1165 ചാർജ്ജിംഗ് ശൃംഖല പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഗുരുവായൂർ മണ്ഡലത്തിൽ 6 ചാർജ്ജിംഗ് പോയിന്റുകൾ

സ്ഥാപിക്കുന്നത്. പദ്ധതി ദ്രുതഗതിയിൽ പുരോഗമിക്കുന്നു. ഇതിനകം 412 സ്റ്റേഷനുകൾ പ്രവർത്തനക്ഷമമായിക്കഴിഞ്ഞു. 31-7-2022-ൽ പോൾ മൗണ്ടഡ് ചാർജ്ജറുകളുടെ ഇൻസ്റ്റലേഷൻ പൂർത്തിയാക്കുവാനായിട്ടാണ് കരാർ നൽകിയത്. ചാർജ്ജറുകൾ സ്ഥാപിക്കാനുള്ള ലിസ്റ്റുകൾ ലഭിക്കാനുണ്ടായ കാലതാമസം, കാലവർഷം, കോവിഡ് ഇവമൂലം സ്വാഭാവിക കാലതാമസം മാത്രമാണ് ഉണ്ടായിട്ടുള്ളത്.

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ചുമതലപ്പെടുത്തിയ കരാറുകാർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

നിലവിൽ കരാറുകാർക്കെതിരെ നടപടിയൊന്നും സ്വീകരിക്കേണ്ടതായ ആവശ്യമില്ല.

## വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ

176 (658) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ വൈദ്യുതി വകുപ്പ് ഏതൊക്കെ പ്രവൃത്തികളാണ് നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ;

(ബി) ഓരോ പ്രവൃത്തികൾക്കും എത്ര തുക വീതമാണ് വിനിയോഗിച്ചതെന്ന് വ്യക്തമാക്കാമോ?

(എ&ബി)

2020-21

| ക്രമ നമ്പർ | വർക്കിന്റെ പേര് | തുക (ലക്ഷം) |
|---|---|---|
| 1 | HT ലൈനിന്റെ നിർമ്മാണം, പുതിയ ട്രാൻസ്ഫോമർ സ്ഥാപിക്കൽ | 318.812 |
| 2 | സ്ട്രെങ്ത്തനിംഗ് വർക്ക് | 19.85 |
| 3 | പുതിയ LT ലൈൻ വലിക്കൽ | 52.804 |
| 4 | ലൈൻ കൺവർഷൻ | 52.902 |
| 5 | പഴയ LT ലൈൻ മാറ്റി പുതിയത് വലിക്കൽ | 51.59 |
| 6 | പഴയ HT ലൈൻ മാറ്റി പുതിയത് വലിക്കൽ | 29.45 |
| 7 | മീറ്ററുകൾ മാറ്റിവയ്ക്കൽ | 24.07 |
| | ആകെ തുക | 549.478 |

2021-2022

| ക്രമ നമ്പർ | വർക്കിന്റെ പേര് | തുക (ലക്ഷം) |
|---|---|---|
| 1 | HT ലൈനിന്റെ നിർമ്മാണം | 86.254 |
| 2 | പുതിയ ട്രാൻസ്ഫോമർ സ്ഥാപിക്കൽ | 11.2 |
| 3 | പുതിയ LT ലൈൻ വലിക്കൽ | 63.33 |
| 4 | ലൈൻ കൺവർഷൻ | 17.07 |
| 5 | പഴയ LT ലൈൻ മാറ്റി പുതിയത് വലിക്കൽ | 117.19 |
| 6 | പഴയ HT ലൈൻ മാറ്റി പുതിയത് വലിക്കൽ | 32.2 |
| | ആകെ തുക | 327.244 |

**കേന്ദ്ര സർക്കാരിന്റെ വൈദ്യുതി ഭേദഗതി ബിൽ**

177 (659) ശ്രീ. എം. എം. മണി:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാർലമെന്റിൽ അവതരിപ്പിച്ച വൈദ്യുതി (ഭേദഗതി) ബില്ലിൽ പൊതുമേഖലാ വൈദ്യുതി ഉല്പാദന-പ്രസരണ-വിതരണ കമ്പനികളെ ഉന്മൂലനം ചെയ്യുന്നതിന് വഴിവയ്ക്കുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ളതാണെന്നത് പരിശോധനയ്ക്ക് വിധേയമാക്കിയിരുന്നോ;

(ബി) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ തകർച്ചയ്ക്ക് വഴിവയ്ക്കുന്ന പ്രസ്തുത ബില്ലിലെ വ്യവസ്ഥകളോടുള്ള വിയോജിപ്പ് കേന്ദ്ര സർക്കാരിനെ അറിയിക്കുമോ;

(സി) പൊതുമേഖലാ കമ്പനികളുടെ അടിസ്ഥാന സൗകര്യം ഉപയോഗപ്പെടുത്തി സ്വകാര്യ കമ്പനികൾക്ക് ലാഭമുണ്ടാക്കുന്ന മേൽ വ്യവസ്ഥകൾ കെ.എസ്.ഇ.ബി. ലിമിറ്റഡിനെ ഏത് തരത്തിൽ ബാധിക്കാനിടയുണ്ടെന്ന് അറിയിക്കുമോ?

(എ-സി) ഇലക്ട്രിസിറ്റി ആക്ട് 2003-ൽ സുപ്രധാന മാറ്റങ്ങൾ വരുത്തുവാൻ ഉദ്ദേശിച്ചുകൊണ്ട് കേന്ദ്രസർക്കാർ ലോകസഭയിൽ അവതരിപ്പിച്ച Electricity (Amendment) Act, 2022 എന്ന ഭേദഗതി ബിൽ നിയമമാക്കുന്നത് പൊതുമേഖലാ വൈദ്യുതി കമ്പനികളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കാനും വൈദ്യുതിയുടെ വില ഉയരുന്നതിനും കാരണമാകാൻ സാധ്യതയുണ്ട്. താരതമ്യേന

ചെലവ് കുറഞ്ഞ, നിലവിലെ വൈദ്യുതി വാങ്ങൽ കരാറുകൾ സ്വകാര്യ മേഖലയുമായി പങ്കുവയ്ക്കുമ്പോഴും സർക്കാർ നയങ്ങൾ പ്രകാരം ഏറ്റെടുക്കേണ്ടി വന്നിട്ടുള്ള ചെലവേറിയ പദ്ധതികളുടെ ബാധ്യത പൊതുമേഖലയിൽ നിലനിൽക്കും. ഇത് പൊതുമേഖലാ കമ്പനികളിൽനിന്നും ഉപഭോക്താക്കൾ വിട്ടുപോകാനും അത്തരം കമ്പനികൾ നഷ്ടത്തിലായി ക്രമേണ ഇല്ലാതെ ആകാനും സാധ്യതയുണ്ട്. വൈദ്യുതി ബിൽ 2021 മുന്നോട്ടുവച്ചപ്പോൾ ഇത് സംസ്ഥാനത്തെ ഉപഭോക്താക്കളെയും പൊതുമേഖലാ സ്ഥാപനത്തെയും എങ്ങനെയൊക്കെ ബാധിക്കുമെന്നത് വിശദമായ കത്ത് മുഖേന 20-2-2021-ൽ കേന്ദ്ര സർക്കാരിനെ അറിയിച്ചിരുന്നു. തുടർന്ന് ഇത് സംബന്ധിച്ച സംസ്ഥാനത്തിന്റെ നിലപാടും ഭേദഗതിമൂലം സാധാരണ ഉപഭോക്താക്കൾക്കും പൊതുമേഖലയ്ക്കും ഉണ്ടാകാനിടയുള്ള ആഘാതവും ബദൽ നിർദ്ദേശങ്ങളും കാര്യകാരണ സഹിതം 15-3-2021-ലെ എ1/131/2020/ ഊ.വ. നമ്പർ അർദ്ധഔദ്യോഗിക കത്ത് പ്രകാരം സംസ്ഥാന സർക്കാർ രേഖാമൂലം കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാന വൈദ്യുതി വകുപ്പുമന്ത്രി 23-7-2021-ലെ 272/M(Ele)/L/2021 കത്ത് പ്രകാരം വിതരണ ശൃംഖലയുടെ വികസനത്തിലും പരിപാലനത്തിലും വരാൻ സാധ്യതയുള്ള സംസ്ഥാനത്തിന്റെ ആശങ്കകളും പ്രശ്നങ്ങളും കേന്ദ്ര ഊർജ്ജ വകുപ്പ് മന്ത്രാലയത്തെ അറിയിച്ചിട്ടുണ്ട്. വൈദ്യുതിമേഖല സംബന്ധിച്ച് തീരുമാനങ്ങളെടുക്കാൻ സംസ്ഥാനങ്ങൾക്കുള്ള അധികാരം കവരുന്നത് ഭരണഘടനയുടെ അടിസ്ഥാനത്തെ ദുർബലപ്പെടുത്തുമെന്നും ഈ കാരണങ്ങൾ കണക്കിലെടുത്ത് വൈദ്യുതി നിയമം ഭേദഗതി ചെയ്യാനുള്ള നീക്കത്തിൽ നിന്നും കേന്ദ്രസർക്കാർ പിന്മാറണമെന്നും വൈദ്യുതി ബിൽ ഭേദഗതി നിർദ്ദേശം പിൻവലിക്കണമെന്നും സംസ്ഥാന നിയമസഭ 5-8-2021-ന് ഒരു പ്രമേയത്തിലൂടെ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. പൊതുജനങ്ങൾക്ക് ദോഷകരമാകാൻ സാധ്യതയുള്ള ഭേദഗതി നിർദ്ദേശങ്ങൾ കേന്ദ്രസർക്കാരിന്റെയും സബ്ജക്ട് കമ്മിറ്റിയുടെയും ശ്രദ്ധയിൽ കൊണ്ടുവന്ന് അവ ഒഴിവാക്കുന്നതിനായുള്ള നടപടികൾ കേരളസർക്കാർ സ്വീകരിച്ചുവരുന്നു.

(ഡി) ചെറുകിട ഉപഭോക്താക്കൾക്കും കർഷകർക്കും സംസ്ഥാന സർക്കാർ സൗജന്യമായോ കുറഞ്ഞ നിരക്കിലോ വൈദ്യുതി നൽകുന്നത് നിലയ്ക്കുമെന്ന ആശങ്കയ്ക്ക് അടിസ്ഥാനമുണ്ടോയെന്ന് അറിയിക്കാമോ?

'ക്രോസ് സബ്സിഡി' സംവിധാനത്തിൽ വാണിജ്യ ഉപഭോക്താക്കൾ, വളരെ ഉയർന്ന ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കൾ തുടങ്ങിയവരിൽനിന്നും ശരാശരി വൈദ്യുതി വിലയേക്കാൾ (Average Cost of Supply) കൂടുതൽ നിരക്ക് ഈടാക്കുന്നതിനാലാണ് സാധാരണക്കാരായ ഗാർഹിക/കാർഷിക ഉപഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ വൈദ്യുതി നൽകിവരുന്നത് സാധ്യമാക്കുന്നത്. ഒരു സർക്കാർ കമ്പനിയോ സ്ഥാപനമോ കൈകാര്യം ചെയ്യുന്ന 'ക്രോസ് സബ്സിഡി

ബാലൻസിംഗ് ഫണ്ട് സംസ്ഥാന സർക്കാർ സ്ഥാപിക്കണമെന്നും 'ക്രോസ് സബ്സിഡി', 'ക്രോസ് സബ്സിഡി സർചാർജ്', അല്ലെങ്കിൽ അധിക സർചാർജ് എന്നിവ വഴി ഒരു ഡിസ്ട്രിബ്യൂഷൻ ലൈസൻസിക്ക് ലഭിക്കുന്ന ' അധിക തുക' ക്രോസ് സബ്സിഡിയിൽ വരുന്ന കമ്മി നികത്തുന്നതിനായി ഫണ്ടിലേയ്ക്ക് നിക്ഷേപിക്കേണ്ടതാണെന്നും ഭേദഗതി നിർദ്ദേശിക്കുന്നു. എന്നാൽ സ്വകാര്യ കമ്പനികൾ അവരുടെ പക്കൽ ലഭിക്കുന്ന 'ക്രോസ്-സബ്സിഡി', 'ക്രോസ്-സബ്സിഡി സർചാർജ്', അധിക സർചാർജ് എന്നിവ ഫണ്ടിലേയ്ക്ക് ലഭ്യമാക്കാതെവരുന്ന പക്ഷം അത് ക്രോസ് സബ്സിഡി സംവിധാനത്തിന്റെ തകർച്ചയിലേയ്ക്കും നയിച്ചേക്കാം. ഇതുമൂലം സാധാരണക്കാരന്റെ വൈദ്യുതി നിരക്ക് ക്രമാതീതമായി വർദ്ധിക്കുന്നതിന് സാധ്യതയുണ്ട്.

**കെ.എസ്.ഇ.ബി.എൽ. വിതരണ ശൃംഖലയുടെ സ്വകാര്യവത്കരണം**

178 (660) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ഇ.ബി.എൽ.-ന്റെ വിതരണ ശൃംഖല അഖിലേന്ത്യാ അടിസ്ഥാനത്തിൽ സ്വകാര്യവത്കരിക്കാൻ തീരുമാനിച്ചതിൻപ്രകാരം ഉപഭോക്താക്കൾക്ക് ഉയർന്ന തുക ബില്ലായി അടയ്ക്കേണ്ടിവരുമോ; ഇത് തരണം ചെയ്യാൻ എന്ത് നടപടി സ്വീകരിക്കുവാൻ കഴിയും; വിശദമാക്കാമോ?

ഇലക്ട്രിസിറ്റി ആക്ട് 2003-ൽ സുപ്രധാന മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിച്ചു കൊണ്ട് കേന്ദ്രസർക്കാർ ലോക്സഭയിൽ Electricity (Amendment) Act, 2022 എന്ന ഭേദഗതി ബിൽ അവതരിപ്പിച്ചിട്ടുണ്ട്. ആയത് ഊർജ്ജകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്കായി അയച്ചിരിക്കുന്നുവെന്ന് അറിയുന്നു. ഒന്നിലധികം വിതരണ കമ്പനികൾക്ക് (ഡിസ്കോമുകൾ) ഒരേ വിതരണ മേഖലയിൽ പ്രവർത്തിക്കാൻ വ്യവസ്ഥ ചെയ്യുന്നതിനോടൊപ്പം മാതൃനിയമത്തിൽ പറയുന്നതിൽനിന്ന് വ്യത്യസ്തമായി ശൃംഖലാ വികസനത്തിന്റെയും ആയതിന്റെ പരിപാലനത്തിന്റെയും ഉത്തരവാദിത്വത്തിൽനിന്നും വിതരണ കമ്പനികളെ വിടുതൽ ചെയ്യുംവിധമാണ് പുതിയ നിർദ്ദേശം. വൈദ്യുതി നിയമഭേദഗതി ബിൽ 2021 മുന്നോട്ടുവച്ചപ്പോൾ ഇത് സംസ്ഥാനത്തെ ഉപഭോക്താക്കളെയും പൊതുമേഖലാ സ്ഥാപനത്തെയും എങ്ങനെയൊക്കെ ബാധിക്കുമെന്നത് സംബന്ധിച്ച് വിശദമായ കത്ത് മുഖേന 20-2-2021-ൽ കേന്ദ്ര സർക്കാരിനെ അറിയിച്ചിരുന്നു. തുടർന്ന് ഇതുസംബന്ധിച്ച സംസ്ഥാനത്തിന്റെ നിലപാടും ഭേദഗതിമൂലം സാധാരണ ഉപഭോക്താക്കൾക്കും പൊതുമേഖലയ്ക്കും ഉണ്ടാകാനിടയുള്ള ആഘാതവും ബദൽ നിർദ്ദേശങ്ങളും കാര്യകാരണ സഹിതം 15-3-2021-ലെ എ1/131/2020/ഊ.വ. നമ്പർ

അർദ്ധഔദ്യോഗിക കത്ത് പ്രകാരം സംസ്ഥാന സർക്കാർ രേഖാമൂലം കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാന വൈദ്യുതി വകുപ്പുമന്ത്രി 23-7-2021-ലെ 272/M(Ele)/L/2021 കത്തുപ്രകാരം വിതരണ ശൃംഖലയുടെ വികസനത്തിലും പരിപാലനത്തിലും വരാൻ സാധ്യതയുള്ള സംസ്ഥാനത്തിന്റെ ആശങ്കകളും പ്രശ്നങ്ങളും കേന്ദ്ര ഊർജ്ജ വകുപ്പ് മന്ത്രാലയത്തെ അറിയിച്ചിട്ടുണ്ട്. വൈദ്യുതിമേഖല സംബന്ധിച്ച് തീരുമാനങ്ങളെടുക്കാൻ സംസ്ഥാനങ്ങൾക്കുള്ള അധികാരം കവരുന്നത് ഭരണഘടനയുടെ അടിസ്ഥാനത്തെ ദുർബലപ്പെടുത്തുമെന്നും ഈ കാരണങ്ങൾ കണക്കിലെടുത്ത് വൈദ്യുതി നിയമം ഭേദഗതി ചെയ്യാനുള്ള നീക്കത്തിൽനിന്നും കേന്ദ്രസർക്കാർ പിന്മാറണമെന്നും വൈദ്യുതി ബിൽ ഭേദഗതി നിർദ്ദേശം പിൻവലിക്കണമെന്നും സംസ്ഥാന നിയമസഭ 05-08-2021-ന് ഒരു പ്രമേയത്തിലൂടെ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. പൊതുജനങ്ങൾക്ക് ദോഷകരമാകാൻ സാധ്യതയുള്ള ഭേദഗതി നിർദ്ദേശങ്ങൾ കേന്ദ്രസർക്കാരിന്റെയും സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും ശ്രദ്ധയിൽകൊണ്ടുവന്ന് അവ ഒഴിവാക്കുന്നതിനായുള്ള നടപടികൾ കേരള സർക്കാർ സ്വീകരിച്ചുവരുന്നു. വിതരണരംഗം ലാഭകരമായ നഗരപ്രദേശങ്ങളിൽ മാത്രമായി പ്രവർത്തനം കേന്ദ്രീകരിക്കാനും അവിടെത്തന്നെ ഉയർന്ന വൈദ്യുതി നിരക്ക് നൽകുന്ന ലാഭകരമായ ഉപഭോക്താക്കളെ അടർത്തിയെടുക്കുന്നതിനും സ്വകാര്യ കമ്പനികൾ ശ്രമിക്കാനിടയുണ്ട്. ഗ്രാമപ്രദേശങ്ങളിലും നഗരങ്ങളിലെ ധനശേഷി കുറഞ്ഞ സാധാരണക്കാർക്കും വൈദ്യുതി നൽകുന്നത് പൊതുമേഖലയുടെ ബാധ്യതയാകും. ലാഭസാധ്യത സ്വകാര്യ സ്ഥാപനങ്ങൾക്കും നഷ്ടസാധ്യത പൊതുമേഖലയ്ക്കും എന്ന അവസ്ഥ പൊതുമേഖലയുടെ തകർച്ചയിലേയ്ക്കും ക്രമേണ സാധാരണക്കാരന് വൈദ്യുതി നിഷേധിക്കപ്പെടുന്നതിലേയ്ക്കും നയിക്കും. വർഷങ്ങളുടെ പ്രയത്നംമൂലം കേരളം കൈവരിച്ച സമ്പൂർണ്ണ വൈദ്യുതീകരണം, എല്ലാ വിഭാഗങ്ങൾക്കും താങ്ങാനാകുന്ന വിലയ്ക്ക് വൈദ്യുതി വിതരണം തുടങ്ങിയ നേട്ടങ്ങൾ നഷ്ടപ്പെടാം. വനാന്തരങ്ങളിലും മറ്റ് വിദൂര പ്രദേശങ്ങളിലും വൈദ്യുതി എത്തിക്കാൻ ഭാവിയിൽ സാധ്യത ഇല്ലാതാകുമെന്നും ആശങ്കപ്പെടുന്നു. പുതിയ ഭേദഗതി ബിൽ, ഡിസ്കോമ കൾക്ക് ചെലവിന് അനുസൃതമായി വൈദ്യുതിചാർജ്ജ് ഏർപ്പെടുത്തുവാനുള്ള അധികാരം നൽകുന്നു. റെഗുലേറ്ററി കമ്മീഷനുകൾ ഇതിന് പര്യാപ്തമായ രീതിയിൽ ഫോർമുല തയ്യാറാക്കേണ്ടതുണ്ട്. ഇപ്രകാരം വരുമ്പോൾ വൈദ്യുതി നിരക്ക് ഇടയ്ക്കിടെ മാറാനും റെഗുലേറ്ററി കമ്മീഷന്റെ 'പ്രൂഡൻസിചെക്ക്' ചെയ്യാനുള്ള അവസരം ഇല്ലാതാവുകയും ചെയ്യും. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലപോലെ അസ്ഥിരമായ വില നടപ്പിലാകാൻ സാധ്യതയുണ്ട്. ഇത് ഗണ്യമായ താരിഫ് വർദ്ധനയ്ക്ക് കാരണമാകാവുന്നതാണ്.

## കെ.എസ്.ഇ.ബി.എൽ.-നെ മികവുറ്റതാക്കുന്നതിനുള്ള പദ്ധതികൾ

179 (661) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.എൽ.-നെ മികവുറ്റതാക്കുന്നതിനുള്ള എന്തെല്ലാം പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ഇതിന്റെ പ്രയോജനം ഏതൊക്കെ വിഭാഗത്തിലുള്ളവർക്ക് ലഭിക്കുമെന്നതിന്റെ വിശദാംശങ്ങൾ നൽകാമോ?

(എ&ബി) കെ.എസ്.ഇ.ബി.എൽ.-നെ മികവുറ്റതാക്കി മാറ്റുന്നതിന് ഉല്പാദന-പ്രസരണ-വിതരണ മേഖലയിൽ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കേരളത്തിന്റെ ജലസമ്പത്ത് പ്രയോജനപ്പെടുത്തി കൂടുതൽ ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്. കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിനെ മികവുറ്റതാക്കുന്നതിനുവേണ്ടി താഴെപ്പറയുന്ന ചെറുകിട/ വൻകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കിവരുന്നു.

| നമ്പർ | പദ്ധതി | ശേഷി |
|---|---|---|
| 1 | പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം | 60 MW |
| 2 | തോട്ടിയാർ | 40 MW |
| 3 | പെരുവണ്ണാമൂഴി | 6 MW |
| 4 | പഴശ്ശിസാഗർ | 7.5 MW |
| 5 | ഭൂതത്താൻകെട്ട് | 24 MW |
| 6 | കുറ്റ്യാടി RMU പദ്ധതി | 3x25MW to 3x27.5MW |
| 7 | ചിന്നാർ | 24 MW |
| 8 | മാങ്കുളം | 40 MW |

ഇവകൂടാതെ 2021 ഏപ്രിൽ മുതൽ പൂർത്തീകരിച്ച പദ്ധതികൾ അപ്പർകല്ലാർ 2x1MW, പെരിങ്ങൽക്കുത്ത്- 1x24MW, ആനക്കാംപൊയിൽ 8 MW, അരിപ്പാറ 4.5 MW എന്നിവയാണ്. പുതിയ ജലവൈദ്യുത പദ്ധതികൾ പൂർത്തീകരിക്കുമ്പോൾ എല്ലാ പൊതുജനങ്ങൾക്കും പ്രയോജനം ലഭിക്കുന്നതാണ്. മൊത്തം 54.5 സ്ഥാപിതശേഷിയുള്ള 9 ജലവൈദ്യുതികളുടെ സ്ഥലം ഏറ്റെടുക്കുകയും അനുബന്ധ പ്രവർത്തനങ്ങളും നടക്കുന്നു. ആകെ 610 MW ശേഷിയുള്ള 17പദ്ധതികളുടെ പര്യവേക്ഷണം പുരോഗമിക്കുന്നു. കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിനെ മികവുറ്റതാക്കുന്നതിന് വിതരണ മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

- സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി 2017-ൽ തന്നെ നടപ്പിലാക്കി.

- ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് എത്തിക്കാൻ ദ്യുതി 1 പദ്ധതി 2016 മുതൽ 2021 വരെ നടപ്പിലാക്കിയിട്ടുണ്ട്. ദ്യുതി 1 പദ്ധതിയിൽ ഉൾപ്പെടുത്തി പ്രധാനമായും 4138 കി.മി. 11 കെ.വി. OH ലൈനും 1127 കി.മി. 11 കെ.വി. എബിസി ലൈനും 582 കി.മി. ഭൂഗർഭ കേബിളുകളും 31.2 കി.മി. കവേർഡ് കണ്ടക്ടറുകൾ ഉപയോഗിച്ചുള്ള ലൈനും പുതുതായി നിർമ്മിക്കുകയും അപ്ഗ്രഡേഷൻ ഉൾപ്പെടെ 6469 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 75262 കി.മീ. എൽ.ടി.ലൈനും 2684 കി.മീ. 11 കെ.വി. OH ലൈനും റീ കണ്ടക്ടറിംഗ് നടത്തുകയും 6200 കി.മീ. എൽ. ടി. സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയിൽ ഇതുവരെ 3226 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ സാധിച്ചിട്ടുണ്ട്.

- ഗ്രാമങ്ങളിലെ വൈദ്യുതീകരണത്തിനായുള്ള RGGVY (Rajiv Gandhi Grameen Vidhyutikaran Yojana), DDUGJY (Deen Dayal Upadhyaya Gram Jyothi Yojana), നഗരങ്ങളിലെ വൈദ്യുതി ശൃംഖല മെച്ചപ്പെടുത്തുന്നതിനുള്ള IPDS (Integrated Power Development Scheme) തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികളും നടപ്പിലാക്കി.

- സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനം എന്ന പദവി നിലനിർത്തുക എന്ന ഉദ്ദേശ്യലക്ഷ്യത്തിനായി 1000W വരെ കണക്ടഡ് ലോഡുള്ള BPL കുടുംബങ്ങൾക്ക്, പോസ്റ്റ് ആവശ്യം ഇല്ലാത്ത എല്ലാ കണക്ഷനുകളും 250 മീറ്റർവരെ ലൈൻ വലിക്കേണ്ടുന്ന പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും സൗജന്യമായി നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

- ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പുതിയ കണക്ഷനായി തിരിച്ചറിയൽ രേഖയും ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖയും മാത്രം ആക്കി. ആരാധനാലയങ്ങൾ, ലൈബ്രറികൾ, കലാ-സാംസ്കാരിക സ്ഥാപനങ്ങൾ, രാഷ്ട്രീയ പാർട്ടികളുടെ ഓഫീസുകൾ, അങ്കണവാടികൾ, മിൽമ ബൂത്തുകൾ എന്നിവയ്ക്കുള്ള കണക്ഷനുകളുടെ വ്യവസ്ഥകളും നടപടിക്രമങ്ങളും ലഘൂകരിച്ച് ഓൺലൈനിൽ അപേക്ഷിക്കുന്നവർക്ക് അപേക്ഷാ ഫീസ് ഒഴിവാക്കി. 1912 എന്ന ടോൾ ഫ്രീ നമ്പറിലേയ്ക്ക് വൈദ്യുതി സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രീകൃത ഉപഭോക്തൃ സേവന കേന്ദ്രവും Whats App

എന്ന സോഷ്യൽ മീഡിയ സംവിധാനം വഴി 9496001912 എന്ന നമ്പറിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനവും വൈദ്യുതി സംബന്ധമായ അപകടങ്ങളും അടിയന്തര സാഹചര്യങ്ങളും അറിയിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന 9496010101 ഹോട്ട് ലൈൻ ഡെസ്ക് സംവിധാനവും ഏർപ്പെടുത്തി.

- പുതിയ കണക്ഷനുകൾക്കുള്ള അപേക്ഷകൾ കൂടാതെ നിലവിലുള്ള ഉപഭോക്താക്കളുടെ താരിഫ്, ഉടമസ്ഥാവകാശം, കണക്ടഡ് ലോഡ് എന്നിവ മാറ്റുന്നതിനും മീറ്റർ മാറ്റിസ്ഥാപിക്കുന്നതിനുമുള്ള അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നതിനും പണം അടയ്ക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

- വൈദ്യുതി തടസ്സവും പുന:സ്ഥാപനവും സംബന്ധിച്ച വിവരങ്ങൾ ഉപഭോക്താക്കളെ മൊബൈൽ ഫോണിൽ എസ്.എം.എസ്. മുഖേന അറിയിക്കുന്ന 'ഊർജ്ജ-ദൂത്' പദ്ധതി, വൈദ്യുതി ബിൽ സംബന്ധിച്ച വിവരങ്ങൾ എസ്.എം.എസ്., മൊബൈൽ ആപ്ലിക്കേഷൻ, ഇൗ-മെയിൽ എന്നിവ മുഖേന തത്സമയം ഉപഭോക്താക്കളിൽ എത്തിക്കുന്ന 'ഊർജ്ജസൗഹൃദ' പദ്ധതി എന്നിവയും നടപ്പിലാക്കിയിട്ടുണ്ട്.

- ഏത് സെക്ഷൻ ഓഫീസുകളിലും വൈദ്യുതബിൽ അടയ്ക്കുന്ന സൗകര്യത്തിനു പുറമേ വൈദ്യുത ബിൽ ഓൺലൈനായി അടയ്ക്കാൻ നെറ്റ് ബാങ്കിങ്, ക്രെഡിറ്റ് കാർഡ്, ഡെബിറ്റ് കാർഡ്, ഭാരത് ബിൽ പേയ്മെന്റ് (BBPS), സ്റ്റേറ്റ് സർവീസ് ഡെലിവറി ഗേറ്റ് വേ പോർട്ടൽ (SSDG), എം-കേരള മൊബൈൽ ആപ്പ്, പേ.ടി.എം, NACH, ഫോൺ-പേ, ഗൂഗിൾ-പേ, മൊബിക്വിക്, പേ-യു, ആമസോൺ-പേ തുടങ്ങിയ വിവിധ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

- ഊർജ്ജ വിതരണ രംഗത്ത് സേവന മേഖല കാര്യക്ഷമമാക്കുന്നതിനായി "സേവനം വീട്ടുപടിക്കൽ" (Service at doorsteps) എന്ന പദ്ധതി നടപ്പിലാക്കി. പുതിയ കണക്ഷന് വേണ്ടിയുള്ള അപേക്ഷകൾ കൂടാതെ ഓണർഷിപ്പ് മാറ്റം, ലോഡ്, താരിഫ്, ഫേസ് മാറ്റം തുടങ്ങിയവ ഈ സേവനം വഴി ലഭ്യമാകുന്നു.

ഗ്രാമ-നഗര വ്യത്യാസമില്ലാതെ സമൂഹത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും പ്രയോജനം ലഭിക്കുംവിധമാണ് കെ.എസ്.ഇ.ബി.ലിമിറ്റഡ് ഈ പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത്. വൈദ്യുതി പ്രസരണരംഗം കാര്യക്ഷമമാക്കുന്നതിനും പ്രസരണ നഷ്ടം കുറയ്ക്കുന്നതിനുമായി ട്രാൻസ്ഗ്രിഡ്, വിതരണ ശൃംഖലയുടെ

മെച്ചപ്പെടുത്തലിനും വികസനത്തിനുമായി 'ദ്യുതി' എന്ന പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. 'ദ്യുതി' പദ്ധതിയിൽ ലൈൻ നിർമ്മാണം, Standardization പ്രവൃത്തികൾ, ട്രാൻസ്ഫോമർ സ്ഥാപിക്കൽ ഉൾപ്പെടെയുള്ള വികസന പ്രവൃത്തി കൾക്കുപുറമേ കേടായ മീറ്ററുകൾ മാറ്റിവയ്ക്കാനും തുടർ വൈദ്യുതീകരണ പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു. ട്രാൻസ്ഗ്രിഡ് 2.0. പദ്ധതി നടപ്പാക്കുന്നതുവഴി പ്രതിവർഷം 521 ദശലക്ഷം യൂണിറ്റ് വൈദ്യുതി നഷ്ടം കുറയ്ക്കുന്നതിനും വരുന്ന 25 വർഷത്തെ പ്രസരണ ആവശ്യകത നിറവേറ്റുന്നതിനും വൈദ്യുതി തടസ്സം ഒഴിവാക്കുന്നതിനും ഗുണമേന്മയുള്ള വൈദ്യുതി ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിനും കഴിയും. ഉത്പാദന മേഖലയിൽ അഭ്യന്തര ഉത്പാദനം മെച്ചപ്പെടുത്താനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കി വൈദ്യുതി ആവശ്യകത നിറവേറ്റാനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇതിനു പുറമേ മറ്റ് പുനരുപയോഗ സ്രോതസ്സുകളായ സൗരോർജ്ജം, കാറ്റ് എന്നിവയിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള പദ്ധതികളും നടപ്പിലാക്കിവരുന്നു. സമ്പൂർണ വൈദ്യുതീകരണ പദ്ധതിയുടെ പൂർത്തീകരണത്തിനുശേഷം പുതിയ കണക്ഷനുകൾ സൗജന്യമായി നൽകാൻ നിലവിൽ മറ്റു പദ്ധതികൾ ഇല്ലാത്തതിനാൽ ബി.പി. എൽ. അപേക്ഷകർക്ക് സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകാൻ 50 കോടി രൂപ KSEBL-ന്റെ ഫണ്ടിൽ 2018-2022 കാലയളവിലേയ്ക്കായി വകയിരുത്തിയിരുന്നു. 2022-23-2026-27 കാലയളവിലേയ്ക്കായി 100 കോടി രൂപയും വകയിരുത്തി യിട്ടുണ്ട്. ഇതുപ്രകാരം 1000w വരെ കണക്ടഡ് ലോഡുള്ള BPL കുടുംബങ്ങൾക്ക്, പോസ്റ്റ് ആവശ്യം ഇല്ലാത്ത എല്ലാ കണക്ഷനുകളും 250 മീറ്റർ വരെ ലൈൻ വലിക്കേണ്ടുന്ന പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും സൗജന്യമായി KSEBL-ന്റെ തനത് ഫണ്ടുപയോഗിച്ച് നൽകിവരുന്നു. വൈദ്യുതി ഉത്പാദന-പ്രസരണ-വിതരണ രംഗം കാര്യക്ഷമമാക്കി ആഗോളനിലവാരത്തിൽ തടസ്സരഹിതമായി, ഗുണമേന്മ യേറിയ വൈദ്യുതി അപകടരഹിതമായി ഉപഭോക്താക്കൾക്ക് എത്തിക്കുകവഴി എല്ലാ വിഭാഗം ഉപഭോക്താക്കൾക്കും ഗുണമേന്മയുള്ള മെച്ചപ്പെട്ട വൈദ്യുതി ലഭ്യമാകും.

**കെ.എസ്.ഇ.ബി.എൽ. മീറ്റർ റീഡർമാരുടെ നിയമനം**

180 (662) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിലെ മീറ്റർ റീഡർ തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും ഇതിനകം എത്രപേർക്ക് നിയമനം ലഭിച്ചുവെന്ന് വ്യക്തമാക്കുമോ?

കെ.എസ്.ഇ.ബി.ലിമിറ്റഡിലെ മീറ്റർ റീഡർ തസ്തികയിൽ നിലവിലുള്ള കെ.പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും 218 ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. അതിൽ ജോലിയിൽ പ്രവേശിക്കാതിരുന്ന 70 ഉദ്യോഗാർത്ഥികളുടെ Non-Joining Duty (NJD) ഒഴിവുകളിന്മേലുള്ള നിയമന നടപടികൾ പൂർത്തീകരിച്ചുവരുന്നു.

(ബി) അവശേഷിക്കുന്ന ഒഴിവുകൾ എത്ര; അവ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

മേൽ സൂചിപ്പിച്ച 70 NJD ഒഴിവുകൾക്ക് ഉപരിയായി കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നിലവിൽ മീറ്റർ റീഡർ തസ്തികയിൽ ഒഴിവുകൾ ഒന്നും തന്നെ ഇല്ല.

**കെ.എസ്.ഇ.ബി.എൽ.-ന്റെ ഭൂമിയിൽ പ്രവർത്തിക്കുന്ന കുടുംബാരോഗ്യകേന്ദ്രം**

181 (663) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കക്കയം കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഭൂമിയിൽ നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കുടുംബാരോഗ്യകേന്ദ്രം ആധുനിക രീതിയിൽ പുതുക്കിപ്പണിയുന്നതിനായി കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഭൂമി ഗ്രാമപഞ്ചായത്തിന് വിട്ടുകൊടുക്കുന്നതിനുള്ള തടസ്സം എന്താണെന്നറിയിക്കാമോ?

തടസ്സമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കുടുംബാരോഗ്യ കേന്ദ്രത്തിന്റെ വികസനത്തിന് വേണ്ടി ഭൂമി വിട്ടുനൽകണമെന്ന ആരോഗ്യ വകുപ്പിന്റെയും ഗ്രാമപഞ്ചായത്തിന്റെയും അപേക്ഷകൾ കെ.എസ്.ഇ.ബി. ലിമിറ്റഡ് പരിഗണിക്കുകയും 30-3-2022-ലെ ഉത്തരവുപ്രകാരം ഭൂമി വിട്ടുനൽകാനുള്ള തീരുമാനമാവുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഉത്തരവുപ്രകാരം കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള 48.25 സെന്റ് ഭൂമി കുടുംബാരോഗ്യ കേന്ദ്രത്തിന് സർക്കാർ നിശ്ചയിക്കുന്ന വിപണി നിരക്ക് (Market Value) അനുസരിച്ച് കൈമാറ്റം ചെയ്യപ്പെടാൻ ഉത്തരവാകുകയും ഭൂമിയുടെ വിപണി നിരക്ക് നിർണ്ണയിച്ചുകിട്ടുന്നതിനായി 25-4-2022-ന് കൊയിലാണ്ടി തഹസീൽദാർ സമക്ഷം അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ കൊയിലാണ്ടി താലൂക്കിൽനിന്ന് ഭൂമിയുടെ വിപണി നിരക്ക് നിർണ്ണയിച്ച് കൈമാറുന്നമുറയ്ക്ക് ഭൂമി കൈമാറുന്നതായിരിക്കും. ഇക്കാര്യത്തെ സംബന്ധിച്ച് MLA നൽകിയ കത്ത് പരിശോധനയിലാണ്.

(ബി) പ്രസ്തുത സ്ഥലം സൗജന്യമായി വിട്ടുകൊടുക്കുന്നതിനായി അപേക്ഷ ലഭിച്ചിട്ടുണ്ടോ; പ്രസ്തുത അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

ഭൂമി വിട്ടുനൽകുന്നതിനുള്ള അപേക്ഷ കെ.എസ്.ഇ.ബി. ലിമിറ്റഡിന് ലഭിച്ചിട്ടുണ്ട്. കക്കയം ഹൈഡൽ പ്രോജക്ടിനുവേണ്ടി വാർഡ് നമ്പർ 3/66 പ്രകാരം അക്വയർ ചെയ്ത ടി ഭൂമി ബോർഡിന്റെ പേരിലേയ്ക്ക് പോക്കുവരവ് നടത്തിയിട്ടുണ്ട്. പ്രസ്തുത ഭൂമി പൊന്നുംവിലയ്ക്ക് ഏറ്റെടുത്തിട്ടുള്ളതായിട്ടാണ് കാണുന്നത്. ആയതിനാൽ ഉചിതമായ കമ്പോള വില ഈടാക്കി ഭൂമി കൈമാറാവുന്നതാണെന്നാണ് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ തീരുമാനം. പി.എച്ച്.സി.-ക്കാവശ്യമായ 48.25 സെന്റ് സ്ഥലം കമ്പോള വില ഈടാക്കി കൈമാറാൻ കെ.എസ്.ഇ.ബി. ലിമിറ്റഡ് 30-3-2022-ന് തീരുമാനിച്ചു.

## പുതിയ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ

182 (664) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് നൽകേണ്ട അപേക്ഷയുടെ കൂടെ സമർപ്പിക്കേണ്ട രേഖകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

പുതിയ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് സാധാരണഗതിയിൽ, തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ എന്നിവ മാത്രമാണ് അപേക്ഷയുടെ കൂടെ സമർപ്പിക്കേണ്ടത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ റവന്യൂ അധികാരികളോ നൽകുന്ന ബിൽഡിംഗിന്റെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്, സ്ഥലത്തിന്റെ കൈവശാവകാശം/ഉടമസ്ഥാവകാശം, ആധാരത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് നടപ്പുവർഷത്തെ കരമടച്ച രസീതിന്റെ പകർപ്പ് ഇവയിൽ ഏതെങ്കിലും രേഖ ഉടമസ്ഥാവകാശം തെളിയിക്കാനായി ഹാജാരാക്കാവുന്നതാണ്.

(വാടകക്കാരാണെങ്കിൽ വാടകക്കരാറിന്റെ പകർപ്പ് കൂടാതെ ഉടമസ്ഥന്റെ പക്കൽനിന്നുള്ള നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റും ഉടമസ്ഥാവകാശപത്രവും ഹാജരാക്കേണ്ടതുണ്ട്).

ഗാർഹിക വൈദ്യുതി കണക്ഷനുവേണ്ടി ഈ രേഖകൾക്കുപകരമായി റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്, ഏതെങ്കിലും സർക്കാർ സ്ഥാപനങ്ങൾ നൽകിയിട്ടുള്ള ഫോട്ടോ പതിച്ച ഐ.ഡി. കാർഡ്, ഇലക്ഷൻ ഐ.ഡി. കാർഡ്, ആധാർ കാർഡ്, ഇന്ത്യൻ പാസ്പോർട്ട്, NPR കാർഡ്, അടുത്തകാലത്തുള്ള സർക്കാർ കമ്പനികളുടെയോ അംഗീകൃത ഏജൻസികളുടെയോ ജലം/ഗ്യാസ്/ടെലിഫോൺ ബില്ലുകൾ, തൊഴിലുറപ്പ് പദ്ധതിയുടെ കാർഡ് (ഇവയിലെ അഡ്രസ്സും വൈദ്യുതി കണക്ഷൻ വേണ്ട സ്ഥലത്തിന്റെ അഡ്രസ്സും ഒന്നാണെങ്കിൽ) ഇവയിലേതെങ്കിലും ഉടമസ്ഥാവകാശ രേഖയായി ഹാജാരാക്കാവുന്നതാണ്.

കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ ലഘൂകരിച്ചതിന്റെ ഭാഗമായി ഗാർഹിക വൈദ്യുതി കണക്ഷന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന ബിൽഡിംഗ് പെർമിറ്റ്/പ്ലാൻ എന്നിവയും ഉടമസ്ഥാവകാശ രേഖയായി അംഗീകരിച്ചിട്ടുണ്ട്. 1500 ചതുരശ്ര അടി വരെ വിസ്തീർണ്ണമുള്ള വ്യക്തിഗത വാസഗൃഹങ്ങൾക്ക് താല്ക്കാലിക റെസിഡൻഷ്യൽ സർട്ടിഫിക്കറ്റ് ഹാജാരാക്കിയാലും 1076 ചതുരശ്ര അടിയോ അതിൽ താഴെയോ വിസ്തൃതിയുള്ള വാസഗൃഹങ്ങൾക്ക് ഉടമസ്ഥാവകാശ രേഖയില്ലെങ്കിലും ഒരു സമ്മതപത്രം ഹാജരാക്കിയാൽ മതിയാകും.

താഴെപ്പറയുന്ന രേഖകൾ ബന്ധപ്പെട്ട ആവശ്യങ്ങൾക്ക് ഉടമസ്ഥാവകാശ രേഖയ്ക്ക് പകരമായി ഉപയോഗിക്കാവുന്നതാണ് .

<u>നിർമ്മാണ ആവശ്യങ്ങൾക്കുള്ള കണക്ഷന്</u>

1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന ബിൽഡിംഗ് പെർമിറ്റ്/ പ്ലാൻ.
2. സർക്കാർ വകുപ്പോ ഏജൻസിയോ നടത്തുന്ന പൊതുമരാമത്ത് വർക്കുകൾക്ക് യോഗ്യതയുള്ള അധികാരി നൽകിയ വർക്ക് ഓർഡർ സമർപ്പിക്കാവുന്നതാണ്.

ആരാധനാലയങ്ങൾ/നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ പാർട്ടികളുടെ ഓഫീസുകൾ/ലൈബ്രറി, വായനശാലകൾ, കലാകായിക സാംസ്കാരിക സംഘടനകൾക്ക് പരിസരം

വില്ലേജ് ഓഫീസറോ തഹസീൽദാരോ കഴിഞ്ഞ അഞ്ചുവർഷമായി കെട്ടിടം പ്രസ്തുത ആവശ്യത്തിനായി പ്രവർത്തിച്ചുവരികയാണെന്നും പൊതുസ്ഥലം കയ്യേറി ഉണ്ടാക്കിയതല്ലായെന്നും രേഖപ്പെടുത്തിയ സാക്ഷ്യപത്രം. ഇതുകൂടാതെ അപേക്ഷകൻ ബിൽഡിംഗ് റൂൾസ് ലംഘിച്ചതായി കണ്ടെത്തിയാൽ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുന്നതിന് എതിർപ്പില്ലെന്നുള്ള സമ്മതപത്രം മുദ്രപ്പത്രത്തിൽ നൽകേണ്ടതാണ്.

<u>ഗവണ്മെന്റ് ഉടമസ്ഥതയിലുള്ളതോ എയ്ഡഡ് ആയതോ ആയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ</u>

ഉടമസ്ഥാവകാശരേഖ ആവശ്യമില്ല. വൈദ്യുത കണക്ഷനുവേണ്ടിയുള്ള അപേക്ഷ സ്ഥാപന മേധാവി ലെറ്റർഹെഡ്ഡിൽ നൽകിയാൽ മതിയാകും.

<u>അങ്കണവാടികൾ</u>

ജില്ലാ സാമൂഹിക നീതി ഓഫീസറോ പ്രസ്തുത ഓഫീസർ ചുമതലപ്പെടുത്തുന്നതോ ആയ ഓഫീസർ, അങ്കണവാടി പ്രവർത്തിക്കുന്ന കെട്ടിടം അനധികൃത നിർമ്മാണമാണെന്ന് തദ്ദേശസ്ഥാപന സെക്രട്ടറി കണ്ടെത്തിയാൽ വൈദ്യുതി

വിച്ഛേദിക്കാൻ സമ്മതിക്കുകയും അങ്കണവാടി നിലവിലെ സ്ഥലത്തുനിന്നും മാറ്റുമ്പോൾ വിവരം ബന്ധപ്പെട്ട സെക്ഷനിലെ അസിസ്റ്റന്റ് എൻജിനീയറെ എഴുതി അറിയിക്കുമെന്നും അങ്കണവാടി പ്രവർത്തിച്ചിരുന്ന സമയത്തുള്ള വൈദ്യുതിച്ചാർജ്ജിന്റെ ബാധ്യത അപേക്ഷകനാണെന്നും സാക്ഷ്യപ്പെടുത്തി നൽകണം.

സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലം/കെട്ടിടം

ഉടമസ്ഥാവകാശരേഖയ്ക്ക് പകരം അധികാരമുള്ള ഓഫീസറുടെ നിരാക്ഷേപസാക്ഷ്യ പത്രം സമർപ്പിച്ചാൽ മതിയാകും.

ഹോർട്ടികോർപ്പ് ബങ്ക്, മിൽമ ബൂത്ത് മുതലായവ

തദ്ദേശസ്ഥാപന സെക്രട്ടറിയോ മറ്റ് അധികാരപ്പെട്ട ഓഫീസറോ കണക്ഷൻ വിച്ഛേദിക്കാൻ എഴുതിനൽകിയാൽ കണക്ഷൻ വിച്ഛേദിക്കപ്പെടും എന്ന നഷ്ട പരിഹാര ഉടമ്പടി അപേക്ഷകൻ സമർപ്പിച്ചാൽ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖയില്ലാതെ തന്നെ കണക്ഷൻ നൽകും.

(ബി) പുതിയ വീട് നിർമ്മിക്കുന്നവർക്ക് അതിന്റെ ആവശ്യത്തിലേയ്ക്കായി നിലവിൽ വീട്ടുനമ്പറുള്ള വീട്ടിലെ വൈദ്യുതി ഉപയോഗിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണ്?

നിലവിൽ കണക്ഷനുള്ള ഒരു വീടിന്റെ പുറത്തേയ്ക്ക് വൈദ്യുതി സപ്ലൈ നീട്ടുന്നത് വൈദ്യുതി സുരക്ഷാ മാനദണ്ഡങ്ങളുടെ ലംഘനമായതിനാൽ പുതിയ നിർമ്മാണത്തിന് പ്രത്യേക കണക്ഷൻ എടുക്കുന്നതാണ് അഭികാമ്യം.

(സി) പഴയ വീട്ടിലെ വൈദ്യുതി ഉപയോഗിക്കുന്നതിന് എന്തെങ്കിലും നടപടിക്രമങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ ആയവ എന്തെല്ലാം; വിശദമാക്കാമോ?

ഒരു ഗാർഹിക കണക്ഷൻ നൽകുന്ന അവസരത്തിൽ അതിനായുള്ള അപേക്ഷയിൽ അടുത്തുള്ള പോസ്റ്റിൽനിന്നും മീറ്റർ ബോർഡിലേയ്ക്കുള്ള ലൈനിന്റെയും വീടിന്റെ വയറിംഗ് ലേ-ഔട്ട് എന്നിവ അംഗീകൃത വയർമാൻ സാക്ഷ്യപ്പെടുത്തി നൽകേണ്ടതുണ്ട്. ഈ ലേ -ഔട്ടിന്റെ അടിസ്ഥാനത്തിൽ ആണ് പ്രമിസസ്സ് അഥവാ പരിസരം നിർണ്ണയിക്കപ്പെടുന്നത്. ഈ പരിസരത്തിന്റെ പുറത്തേയ്ക്കുള്ള സപ്ലൈ നീട്ടൽ സുരക്ഷാകാരണങ്ങളാൽ അനുവദനീയമല്ല. കണക്ഷൻ നൽകുന്ന സമയത്തെ കണക്റ്റഡ് ലോഡിന്റെ 20 ശതമാനം വരെ അധികമായി ഉപയോഗിക്കാവുന്നതാണെങ്കിലും അത് വീടിന്റെ നിശ്ചയിക്കപ്പെട്ട പരിസരത്തിനുള്ളിലായിരിക്കണം.

## വൈദ്യുതി ബോർഡിൽ വിരമിക്കുന്ന ജീവനക്കാർക്ക് പകരം നിയമനം

183 (665) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിൽനിന്നും വിരമിക്കുന്നവരുടെ ഒഴിവുകളിൽ സ്ഥിര നിയമനം നടത്തേണ്ടതില്ലെന്ന നയപരമായ തീരുമാനം എടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ബോർഡിൽനിന്നും വിരമിച്ച ജീവനക്കാരെ കരാർ വ്യവസ്ഥയിൽ കൺസൾട്ടന്റായി നിയമിക്കുന്നതിന് ഉത്തരവായിട്ടുണ്ടോ; വിശദാംശം നൽകുമോ?

(എ&ബി) ഇല്ല.

(സി) ബോർഡിന്റെ നിർണ്ണായക തസ്തികകളിൽ കരാർ നിയമനം നടത്തുന്നതിനെതിരെ ജീവനക്കാരുടെ സംഘടനകൾ ആശങ്ക അറിയിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ബോർഡിന്റെ നിർണ്ണായക തസ്തികകളിൽ കരാർ നിയമനങ്ങളൊന്നും തന്നെ നടത്തിയിട്ടില്ല.

## കെ.എസ്.ഇ.ബി.എൽ.-ന്റെ പ്രവർത്തന ലാഭം

184 (666) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷത്തിൽ കെ.എസ്.ഇ.ബി.എൽ.-ന് 1466 കോടിയുടെ പ്രവർത്തനലാഭമുണ്ടെന്ന് അവകാശപ്പെടുമ്പോൾ വൈദ്യുതി ചാർജ് വർദ്ധിപ്പിക്കുന്നതിനുള്ള കാരണം വിശദമാക്കാമോ?

സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് നിർണ്ണയിക്കാനുള്ള അധികാരം വൈദ്യുതി നിയമം 2003-ലെ 45, 62, 86 എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാന റെഗുലേറ്ററി കമ്മീഷനിൽ പ്രത്യേക അവകാശമായി നിക്ഷിപ്തമാണ്. കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച താരിഫ് നിർണ്ണയ ചട്ടങ്ങൾ, 2021-ലെ 85(5) പ്രകാരം കണക്കാക്കുന്ന വൈദ്യുതിയുടെ ശരാശരി വിലയുടെ (Average Cost of Supply) അടിസ്ഥാനത്തിലാണ് വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് നിർണ്ണയിക്കുന്നത്. സഞ്ചിതകമ്മി, പണപ്പെരുപ്പം, കൽക്കരി, ഫോസിൽ ഇന്ധനങ്ങൾ ഇവയിലുണ്ടായ അമിത

വിലവർദ്ധനവ് എന്നിവമൂലം വൈദ്യുതി നിരക്ക് വർദ്ധനവ് അനിവാര്യമായി ത്തീർന്നു. കെ.എസ്.ഇ.ബി.എൽ.-ന്റെ ബഡ്ജറ്റ് മാനുവൽ അനുസരിച്ചാണ്, ഓരോ സാമ്പത്തിക വർഷത്തിലും ഫിനാൻഷ്യൽ ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്. കമ്പനിയിൽ ബഡ്ജറ്ററി കൺട്രോൾ നടപ്പിലാക്കി, സാമ്പത്തികമായി അച്ചടക്കത്തോടെയുള്ള പ്രവർത്തനത്തോടൊപ്പം പ്രസരണ-വിതരണ ശൃംഖല ശാക്തീകരണ ഫലമായി കൂടുതൽ വൈദ്യുതി വില്പന ലക്ഷ്യം വച്ചാണ് ബഡ്ജറ്റ് തയ്യാറാക്കുന്നത്. റെഗുലേറ്ററി കമ്മീഷൻ നിലവിൽ വന്നതിനുശേഷം സംസ്ഥാനത്ത് ആദ്യമായി വൈദ്യുതി താരിഫ് പരിഷ്കരണം നടന്നിട്ടുള്ളത് 2002-ലാണ്. പ്രസ്തുത പരിഷ്കരണം കഴിഞ്ഞ് പത്തുവർഷത്തിനുശേഷം 2012-ലാണ് അടുത്ത താരിഫ് പരിഷ്കരണം നടന്നത്. പിന്നീട് 2013, 2014, 2017 എന്നീ വർഷങ്ങളിലും താരിഫ് പരിഷ്കരണം നടന്നിട്ടുണ്ട്. 2012-ൽ 24%, 2013-ൽ 9.1%, 2014-ൽ 6.7%, 2017-ൽ 4.77% 2019-ൽ 7.32% എന്നിങ്ങനെയായിരുന്നു വർദ്ധനവ്. എന്നിരുന്നാലും ഈ താരിഫ് പരിഷ്കരണങ്ങളൊന്നുംതന്നെ അന്ന് നിലവിലുണ്ടായിരുന്ന റവന്യൂ കമ്മി പൂർണ്ണമായും നികത്തുന്ന തരത്തിലായിരുന്നില്ല. കമ്മീഷൻ അംഗീകരിച്ചതും എന്നാൽ 2021 വരെ താരിഫിലൂടെ നികത്താത്തതുമായ പഴയകാല റവന്യൂ കമ്മി 7,124 കോടിയോളം രൂപയായി നിലനിൽക്കുന്നു. 2016-ലെ ദേശീയ വൈദ്യുതി നയമനുസരിച്ച് ഇപ്രകാരം അംഗീകരിക്കപ്പെട്ട വരുമാന കമ്മി ഏറിയ പക്ഷം ഏഴുവർഷംകൊണ്ട് അതിന്റെ പലിശയുൾപ്പെടെ നികത്തിയെടുക്കേണ്ടതാണ്. നിലവിലെ സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ മൊത്തം വൈദ്യുതി ആവശ്യകതയുടെ ശരാശരി 70 ശതമാനം പുറത്തുനിന്നും വാങ്ങേണ്ടതായി വരുന്നു. ഊർജ്ജ മേഖലയിൽ 2019-നുശേഷം വന്ന മാറ്റങ്ങൾ, കൽക്കരി വിലയിലുണ്ടായ വർദ്ധനവ്, പാരിസ്ഥിതിക ആഘാതം കുറയ്ക്കുന്നതിനുവേണ്ടി നിർബന്ധമായും പാലിക്കേണ്ട കാര്യങ്ങൾ, കസ്റ്റംസ് തീരുവ, കൽക്കരി ക്ഷാമം, Ash Transportation എന്നിവ കാരണം വൈദ്യുതി വാങ്ങൽ ചെലവും ഗണ്യമായി കൂടിയിട്ടുണ്ട്. രാജ്യത്തെ കൽക്കരി ക്ഷാമം കാരണം കേന്ദ്ര വൈദ്യുതി മന്ത്രാലയം രാജ്യത്തിലെ താപ വൈദ്യുതി നിലയങ്ങളോട് 10% മുതൽ 30 % വരെ രാജ്യത്തിന് പുറത്തുനിന്നും ഇറക്കുമതി ചെയ്യുന്ന കൽക്കരി നിർബന്ധമായി ഉപയോഗിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിനാൽ വൈദ്യുതി വാങ്ങലിനുവേണ്ടിയുള്ള എനർജി ചാർജ്ജിൽ 29% മുതൽ 87% (യൂണിറ്റിന് 1 രൂപ മുതൽ 1.50 രൂപ) വരെ വർദ്ധനവുണ്ടായിട്ടുണ്ട്. കൂടാതെ കഴിഞ്ഞ കൺട്രോൾ പീരീഡിൽ (2018-2022) പണപ്പെരുപ്പം പോലുള്ള കാരണങ്ങളാൽ വർദ്ധിച്ചുവരുന്ന പ്രവൃത്തി പരിപാലന ചെലവുകൾ, അവശ്യം നടത്തപ്പെടേണ്ട പ്രവർത്തന മൂലധന നിക്ഷേപ പ്രവൃത്തികൾക്കുള്ള ചെലവുകൾ എന്നിവ വർദ്ധിപ്പിക്കുന്നു. അതിനാലാണ് അവശ്യം വേണ്ട നിയമാനുസൃതമായ ചെലവുകൾ നിറവേറ്റുന്നതിനും സ്ഥാപനത്തിന്റെ

സുസ്ഥിരമായ നിലനിൽപ്പിനുംവേണ്ടി താരിഫ് പരിഷ്കരണം നിർദ്ദേശിക്കാൻ KSEBL നിർബന്ധിതമായത്. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ചതും എന്നാൽ 2012 വരെ താരിഫിലൂടെ നികത്താത്തതുമായ പഴയകാല റവന്യൂ കമ്മി 7,124 കോടിയോളം രൂപയായി നിലനിൽക്കുന്നു. ഈ മുൻകാല കമ്മി കുറഞ്ഞൊരളവിലെങ്കിലും നികത്തിയില്ലെങ്കിൽ സ്ഥാപനത്തിന്റെ നിലനിൽപ്പിനെത്തന്നെ ദോഷകരമായി ബാധിക്കും. വൈദ്യുതിയുടെ പ്രസരണനഷ്ടം കുറവുള്ള സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. തുടർന്നുള്ള ഏതൊരു കുറവിനും വലിയ തോതിലുള്ള മൂലധന നിക്ഷേപം ആവശ്യമായിട്ടുണ്ട്. ഇത് എല്ലാ വിഭാഗം ഉപഭോക്താക്കളുടെയും താരിഫിൽ വർദ്ധനയുണ്ടാക്കും.

(ബി) കെ.എസ്.ഇ.ബി.എൽ.-ന് വരുമാനമിച്ചമുണ്ടാകുന്ന അവസരങ്ങളിൽ അതിന്റെ വിഹിതം ഉപഭോക്താക്കൾക്ക് കൈമാറണമെന്ന് നിയമത്തിൽ വ്യവസ്ഥയുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) 2021-22 സാമ്പത്തിക വർഷത്തിൽ വരുമാനമിച്ചമുണ്ടായ സാഹചര്യത്തിൽ അതിന്റെ നേട്ടം ഉപഭോക്താക്കൾക്ക് നല്കാതിരിക്കുന്നതിനുള്ള കാരണം വിശദമാക്കാമോ?

(ബി&സി) 2021-22-ലെ ആഡിറ്റ് പൂർത്തിയായ കണക്കുകൾ പ്രകാരം 736.27 കോടി രൂപ പ്രവർത്തന ലാഭമുണ്ടായിട്ടുണ്ട്. എന്നാൽ ടി കണക്കുകൾ പ്രകാരം 19,200 കോടി രൂപയുടെ സഞ്ചിത നഷ്ടമുണ്ട്. സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ചിട്ടുള്ള റവന്യൂ ഗ്യാപ്പ് നികത്തുന്നതിനായാണ് താരിഫ് വർദ്ധിപ്പിക്കുന്നത്.

### പ്രകൃതിക്ഷോഭങ്ങൾമൂലം കെ.എസ്.ഇ.ബി.എൽ.-നുണ്ടായ നഷ്ടം

185 (667) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പുവർഷത്തെ മൺസൂൺ കാലയളവിൽ ഇതുവരെ പ്രകൃതി ക്ഷോഭങ്ങൾമൂലം കെ.എസ്.ഇ.ബി. ലിമിറ്റഡിനുണ്ടായ നഷ്ടം എത്രയെന്ന് ഇനംതിരിച്ച് വ്യക്തമാക്കാമോ?

2022 ജൂലൈ-ഓഗസ്റ്റ് മാസങ്ങളിൽ സംസ്ഥാനത്ത് മൺസൂൺ മൂലമുണ്ടായ കെടുതിയിൽ 14063 വിതരണ ട്രാൻസ്ഫോർമറുകളുടെ കീഴിൽ 27.53 ലക്ഷത്തിൽ അധികം ഉപഭോക്താക്കൾക്ക് വൈദ്യുതി തടസ്സപ്പെട്ടിരുന്നു. ജൂലൈ, ഓഗസ്റ്റ് മാസങ്ങളിൽ സംസ്ഥാനത്ത് മൺസൂൺമൂലമുണ്ടായ കെടുതിയിൽ വിതരണ മേഖലയിൽ 55 വിതരണ ട്രാൻസ്ഫോർമറുകൾക്കും 1302 ഹൈടെൻഷൻ പോസ്റ്റുകൾക്കും 9720 ലോ ടെൻഷൻ പോസ്റ്റുകൾക്കും കേടുപാടുകൾ സംഭവിക്കുകയും 1083 സ്ഥലങ്ങളിൽ

ഹൈടെൻഷൻ വൈദ്യുതി കമ്പികളും 41599 സ്ഥലങ്ങളിൽ ലോ ടെൻഷൻ കമ്പികളും പൊട്ടിവീഴുകയും ചെയ്തിരുന്നു. ജൂലൈ, ഓഗസ്റ്റ് മാസങ്ങളിലെ കാലവർഷക്കെടുതിയിൽ വിതരണ ശൃംഖലയിൽ ഏകദേശം 102.56 കോടി രൂപയുടെ നഷ്ടം കണക്കാക്കിയിരുന്നു.

(ബി) പ്രസ്തുത കാലയളവിൽ ദുരന്തം മുന്നിൽക്കണ്ട് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള എത്ര ഡാമുകളിൽനിന്ന് എത്രയളവിലാണ് വെള്ളം ഒഴുക്കിക്കളഞ്ഞിട്ടുള്ളതെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ?

നടപ്പുവർഷത്തെ മൺസൂൺ കാലയളവിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള ഡാമുകളിൽനിന്നും ഒഴുക്കിക്കളഞ്ഞ വെള്ളത്തിന്റെ കണക്ക് ചുവടെ ചേർത്തിരിക്കുന്നു :

| നമ്പർ | ഡാമുകൾ | ഒഴുക്കി വിട്ട വെള്ളത്തിന്റെ അളവ് ദശലക്ഷം ഘനമീറ്റർ |
|---|---|---|
| 1 | കക്കി | 69.5188 |
| 2 | പമ്പ | 7.3577 |
| 3 | മൂഴിയാർ | 12.1719 |
| 4 | ഇടുക്കി | 109.592 |
| 5 | ഇടമലയാർ | 103.4819 |
| 6 | പൊരിങ്ങൽകുത്ത് | 831.42 |
| 7 | ഷോളയാർ | 63.9172 |
| 8 | മാട്ടുപ്പെട്ടി | 19.93 |
| 9 | പൊന്മുടി | 159.091 |
| 10 | കല്ലാർകുട്ടി | 409.593 |
| 11 | ലോവർ പെരിയാർ | 521.826 |
| 12 | ബാണാസുരസാഗർ | 10.872 |
| 13 | കക്കയം | 19.04 |
| 14 | കുറ്റ്യാടി | 23.91 |
| 15 | തരിയോട് | 7.21 |
| 16 | പൊരിങ്ങൽ | 811.79 |
| 17 | നേരിയമംഗലം | 380.74 |
| 18 | കുണ്ടള | കുണ്ടള ഡാമിൽനിന്ന് ഒഴുക്കിവിടുന്ന വെള്ളം മാട്ടുപ്പെട്ടി റിസർവോയറിൽ എത്തുന്നതിനാൽ വെള്ളം പാഴായിപ്പോയിട്ടില്ല |

(സി) ഇതുവഴി എത്ര മെഗാവാട്ട് വൈദ്യുതി ഉത്പാദനത്തിനുള്ള വെള്ളം നഷ്ടമായി; എത്ര രൂപയുടെ നഷ്ടമാണ് ഇതുമൂലമുണ്ടായതെന്ന് വ്യക്തമാക്കാമോ?

ഇതുവഴി 1177.76MU വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള വെള്ളമാണ് നഷ്ടമായത്. യൂണിറ്റിന് 4 രൂപ കണക്കാക്കിയാൽ ഇതിന്റെമൂല്യം 471 കോടി രൂപയാണ്. വിവിധ ഡാമുകളിലെ ജലനിരപ്പ് Upper Rule Level (URL)-ൽ നിർത്തുന്നതിനായി SDMA (State Disaster Management Authority)-യുടെ നിർദ്ദേശപ്രകാരം ഡാമിന്റെയും പൊതുജനങ്ങളുടേയും സുരക്ഷ മുൻനിർത്തിയാണ് അധികജലം തുറന്നുവിടേണ്ടിവന്നത് എന്നതിനാൽ ഇതിനെ സാമ്പത്തിക നഷ്ടമായി കാണേണ്ടതില്ല.

## ആര്യനാട് കെ.എസ്.ഇ.ബി.എൽ. സെക്ഷൻ ഓഫീസ് വിപുലീകരണം

186 (668) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആര്യനാട് ഗ്രാമപഞ്ചായത്തിലെ ചില വാർഡുകളിൽ താമസിക്കുന്ന കെ.എസ്.ഇ.ബി. ലിമിറ്റഡ് ഉപഭോക്താക്കൾ വിവിധ ആവശ്യങ്ങൾക്കായി നിലവിൽ സമീപ ഗ്രാമപഞ്ചായത്തുകളിലുള്ള സബ് എഞ്ചിനീയർ ഓഫീസുകളിലാണ് പോകുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളെയും ആര്യനാട് കെ.എസ്.ഇ.ബി.എൽ. സെക്ഷൻ ഓഫീസിനുകീഴിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ?

ആര്യനാട് സെക്ഷൻ ഓഫീസ് സ്ഥിതിചെയ്യുന്നത് ആര്യനാട് പഞ്ചായത്തിലാണ്. സമീപ പഞ്ചായത്തായ കുറ്റിച്ചലിൽ സ്ഥിതിചെയ്യുന്ന ഓവർസീയർ ഓഫീസിൽ ആഴ്ചയിൽ രണ്ടുദിവസം പണം സ്വീകരിക്കുകയും മറ്റുള്ള പ്രവർത്തനങ്ങൾ (കൺസ്യൂമറുടെ പരാതികൾ പരിഹരിക്കുന്നത് ഉൾപ്പെടെ) നടത്തുകയും ചെയ്യുന്നുണ്ട്. കുറ്റിച്ചൽ ഭാഗത്തുള്ളവർ കുറ്റിച്ചൽ ഓവർസീയർ ഓഫീസിലും മറ്റുള്ളവർ ആര്യനാട് സെക്ഷൻ ഓഫീസിലുമായി അവരുടെ വൈദ്യുതി സംബന്ധമായ ആവശ്യങ്ങൾ നിറവേറ്റിവരുന്നു. നിലവിൽ കെ.എസ്.ഇ.ബി.എൽ.-ൽ വാതിൽപ്പടി സേവനം വഴി എല്ലാത്തരം കൺസ്യൂമർ ആവശ്യങ്ങളും നടപ്പിലാക്കിവരുന്നു. എല്ലാവിധ കൺസ്യൂമർ സേവനങ്ങളും ഓൺലൈൻ വഴിയും പരാതികൾ 1912 എന്ന ടോൾഫ്രീ നമ്പർ വഴിയും ലഭ്യമാണ്.

## കെ.എസ്.ഇ.ബി.എൽ. പെൻഷൻ ഫണ്ട്

187 (669) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ചാർജ്ജിന്റെ 10 ശതമാനം ഡ്യൂട്ടി റവന്യൂവിൽനിന്നും ഈടാക്കിയാണ് കെ.എസ്.ഇ.ബി. ലിമിറ്റഡിൽ പെൻഷൻ നൽകുന്നതെന്നത് വസ്തുതയാണോ?

പെൻഷൻ ഫണ്ടിനുവേണ്ടിയുള്ള സർക്കാർ വിഹിതമായി 5,861 കോടി രൂപ 10 വർഷം കൊണ്ട് ഇലക്ട്രിസിറ്റി ഡ്യൂട്ടിയിൽ തട്ടിക്കിഴിക്കണമെന്ന് 28-1-2015-ലെ G.O. (P) No.3/2015/PD പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. സർക്കാർ വിഹിതം കൂടാതെ KSEBL-ന്റെ തനതുവിഹിതവും ചേർത്താണ് പെൻഷൻ നൽകുന്നത്.

(ബി) പെൻഷനെ സംബന്ധിച്ച് സ്ഥിരം സംവിധാനം എന്ന നിലയിൽ ബോർഡ് കമ്പനിയാകുന്ന സമയത്തുതന്നെ ത്രികക്ഷി കരാറിൽ വ്യവസ്ഥ ഉണ്ടായിരുന്നോ; വ്യക്തമാക്കുമോ?

1-8-2014-ൽ ഒപ്പിട്ട ത്രികക്ഷി കരാറിൽ പെൻഷൻ വിതരണത്തിനായി കെ.എസ്.ഇ.ബി. ലിമിറ്റഡ് എംപ്ലോയീസ് മാസ്റ്റർ പെൻഷൻ ആന്റ് ഗ്രാറ്റുവിറ്റി ട്രസ്റ്റ് രൂപീകരിക്കാനുള്ള വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(സി) പെൻഷൻ ഫണ്ട് ഇതുവരെ കാര്യക്ഷമമാക്കിയിട്ടില്ലാത്തതിന്റെ കാരണം വിശദമാക്കാമോ?

2013-ലെ ആക്ച്വറിയൽ വാല്യുവേഷൻ അനുസരിച്ച് പെൻഷൻ ഫണ്ടിനു വേണ്ട 12,419 കോടി രൂപ സമാഹരിക്കുന്നതിന് രണ്ട് ബോണ്ടുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. 3-11-2011-ലെ സ.ഉ(കൈ)നമ്പർ 43/2011/പി.ഡി. ഉത്തരവുപ്രകാരം 524 കോടി രൂപ 10 തുല്യ ഗഡുക്കളായി 2012-13 സാമ്പത്തിക വർഷം മുതൽ ബഡ്ജറ്റിൽ വകയിരുത്തി നൽകിവരുന്നു. പത്ത് വർഷക്കാലയളവിലേയ്ക്ക് ഇലക്ട്രിസിറ്റി ഡ്യൂട്ടിയിനത്തിൽ ലഭിക്കുന്ന 5,861 കോടി രൂപ ബോർഡിൽതന്നെ നിലനിർത്തി മാസ്റ്റർ ട്രസ്റ്റിനുവേണ്ടി ഉപയോഗിക്കാൻ 28-1-2015-ലെ സർക്കാർ ഉത്തരവുപ്രകാരം അനുമതി നൽകിയിട്ടുണ്ട്. 2013-നുശേഷം പെൻഷൻ ബാദ്ധ്യതയിലുണ്ടായ വർദ്ധനവ് ഫണ്ട് ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) ബോർഡിന്റെ റവന്യൂവിൽനിന്നും പെൻഷൻ വിതരണം ചെയ്യുന്നത് ജനങ്ങൾക്കുമേൽ അമിതഭാരമേൽപ്പിക്കും എന്നത് വസ്തുതയാണോ; വിശദമാക്കാമോ?

കെ.എസ്.ഇ.ബി. കമ്പനിയാക്കി മാറ്റിയപ്പോൾ വിഭാവനം ചെയ്ത കൈമാറ്റപദ്ധതി പ്രകാരമാണ് പെൻഷൻ തുക കണ്ടെത്തുന്നത്. പെൻഷൻ സംബന്ധിച്ച് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ വിശദമായി പരിശോധിച്ചതിനുശേഷമാണ് ആയതിനാവശ്യമായ തുക താരിഫിൽ ചുമത്തുന്നത്.

## വൈദ്യുതി ഭേദഗതി ബിൽ

188 (670) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ വൈദ്യുതി ഭേദഗതി ബിൽ സംസ്ഥാനത്തിന് ബാധകമായ ഫെഡറൽ തത്വങ്ങളുടെ ലംഘനമാണെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ ഏതുതരത്തിലാണ് ഇത് സംസ്ഥാനത്തിന് പ്രതിലോമകരമാകുന്നതെന്ന് വിശദമാക്കാമോ?

വൈദ്യുതി നിയമ ഭേദഗതി ബില്ലിലെ നിർദ്ദേശങ്ങൾ ഫെഡറൽ ഭരണ തത്വങ്ങൾക്ക് എതിരാണെന്ന് വിലയിരുത്തുന്നു. ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിൽ സമവർത്തിപ്പട്ടികയിലെ ഇനം 38 ആയി ഉൾപ്പെടുത്തിയിട്ടുള്ളതും കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് നിയമനിർമ്മാണ അധികാരമുള്ളതുമായ വൈദ്യുതിമേഖലയെ സമഗ്രമായി ബാധിക്കുന്ന വൈദ്യുതി ഭേദഗതി ബിൽ പാർലമെന്റിൽ അവതരിപ്പിക്കുന്നതിനുമുൻപായി സംസ്ഥാനങ്ങളുമായി ചർച്ച ചെയ്യാനും സമവായത്തിലെത്താനും കേന്ദ്ര സർക്കാരിന് ബാധ്യതയുണ്ട്. മുൻകാലങ്ങളിൽ വൈദ്യുതി മേഖലയിൽ കേന്ദ്രസർക്കാർ ഇടപെടലുകൾ ഉണ്ടാകുമ്പോഴും വൈദ്യുതിവിതരണം തികച്ചും സംസ്ഥാനതലത്തിലാണ് കൈകാര്യം ചെയ്തിരുന്നത്. സ്വകാര്യവല്കരണത്തിനായി സമ്മർദ്ദങ്ങൾ ഉണ്ടായിരുന്നപ്പോഴും സംസ്ഥാന സർക്കാരുകൾക്ക് ആയത് സംബന്ധിച്ച് തീരുമാനിക്കാനുള്ള അവകാശം നിലനിന്നിരുന്നു. എന്നാൽ അത്തരം അവകാശങ്ങൾപോലും ഇല്ലാതാക്കി വൈദ്യുതിമേഖലയുടെ നിയന്ത്രണം പൂർണ്ണമായും കേന്ദ്രസർക്കാരിൽ നിക്ഷേപിക്കുന്ന സമീപനമാണ് ഇപ്പോൾ മുന്നോട്ടുവച്ചിട്ടുള്ളത്. വൈദ്യുതിമേഖലയുടെ നിയന്ത്രണം പൂർണ്ണമായും കേന്ദ്രസർക്കാരിലും അവരുടെ പൂർണ്ണ നിയന്ത്രണത്തിലുള്ള ഭരണ നിർവ്വഹണ സംവിധാനങ്ങളിലും കേന്ദ്രീകരിക്കുന്ന വിധത്തിലുള്ള സമീപനമാണ് 2022-ലെ വൈദ്യുതി ഭേദഗതി നിയമം മുന്നോട്ടുവയ്ക്കുന്നതെന്ന് സംസ്ഥാനം വിലയിരുത്തുന്നു. വൈദ്യുതി വിതരണ കമ്പനികൾ പ്രവർത്തിക്കേണ്ടത് കേന്ദ്രനിയമങ്ങൾക്കും ബന്ധപ്പെട്ട കമ്മിഷനുകൾ പുറത്തിറക്കുന്ന ചട്ടങ്ങൾക്കും ഫോറം ഓഫ് റെഗുലേറ്റേഴ്സിന്റെ മാതൃകാ ചട്ടങ്ങൾക്കും അനുസൃതമായാകണമെന്ന് സെക്ഷൻ 42 (1.c) ഭേദഗതി നിർദ്ദേശിക്കുന്നു. അതോടൊപ്പം കേന്ദ്ര-സംസ്ഥാന റെഗുലേറ്ററി കമ്മീഷനുകളുടെയും ഫോറം ഓഫ് റെഗുലേറ്റേഴ്സിന്റെയും നിയന്ത്രണവും കേന്ദ്രസർക്കാരിലേയ്ക്ക് പോകുന്ന സ്ഥിതി സംജാതമാകും. ചുരുക്കത്തിൽ വൈദ്യുതി വിതരണ രംഗം പൂർണ്ണമായും കേന്ദ്ര സർക്കാർ നിയന്ത്രണത്തിലായിത്തീരുന്ന സ്ഥിതി ഭേദഗതി നിർദ്ദേശങ്ങൾ നടപ്പിലാക്കിയാൽ ഉണ്ടാകും. നിലവിലുള്ള വൈദ്യുതി വാങ്ങൽ കരാറുകൾ വീതം വയ്ക്കുന്നതിലും കേന്ദ്രസർക്കാർ നിയന്ത്രണം വരുന്ന സ്ഥിതി ഉണ്ടാകാം. നാഷണൽ ലോഡ് ഡെസ്പാച്ച് സെന്റർ പോലെ ഗ്രിഡ് നിയന്ത്രിക്കാൻ ദൈനംദിനം ഇടപെടുന്ന

ഗ്രിഡ് മാനേജ്മെന്റ് സംവിധാനത്തെ അനിയന്ത്രിതമായ അധികാരങ്ങളുള്ള പരമാധികാര കേന്ദ്രമാക്കി മാറ്റുന്നു. അതോടൊപ്പം നാഷണൽ ലോഡ് ഡെസ്പാച്ച് സെന്റർ, റീജിയണൽ ലോഡ് ഡെസ്പാച്ച് സെന്ററുകൾ തുടങ്ങിയവ ഉൾപ്പെടുന്ന തർക്കങ്ങളിൽ തീരുമാനമെടുക്കാനുള്ള ചുമതല കേന്ദ്ര സർക്കാരിന് നിയന്ത്രണമുള്ള കേന്ദ്ര റെഗുലേറ്ററി കമ്മീഷന് നൽകിയിരിക്കുകയാണ്. വിതരണ ലൈസൻസി തങ്ങളുടെ ആകെ വൈദ്യുതി ഉപഭോഗത്തിന്റെ നിശ്ചിത ശതമാനം പുനരുപയോഗ സ്രോതസ്സുകളിൽനിന്ന് ആകണമെന്നും അത് എത്രത്തോളമെന്നത് സംസ്ഥാന കമ്മീഷനുകൾക്ക് നിർദ്ദേശിക്കാവുന്നതാണെന്ന് പറയുന്നതിനോടൊപ്പം പ്രസ്തുത ശതമാനം കേന്ദ്ര സർക്കാർ നിഷ്കർഷിക്കുന്നതിൽ കുറയാൻ പാടില്ലെന്നും ഭേദഗതി നിഷ്കർഷിക്കുന്നു. സംസ്ഥാനത്തെ സാഹചര്യങ്ങൾ പരിഗണിക്കാതെ, ഒരു പൊതു മാനദണ്ഡം എല്ലാവർക്കും ബാധകമാക്കുന്നത് കേരളംപോലെ സ്ഥല പരിമിതിയും പരിസ്ഥിതി പ്രശ്നങ്ങൾമൂലവും പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കാൻ സാധിക്കാത്ത സംസ്ഥാനങ്ങൾക്ക് ദോഷകരമാകും.

(ബി) സംസ്ഥാന സർക്കാർ നിലവിൽ കാർഷിക മേഖലയ്ക്കും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കും നൽകുന്ന സൗജന്യങ്ങൾ ഈ ബിൽ നടപ്പിലായാൽ തടയപ്പെടുമെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ക്രോസ് സബ്സിഡി സംവിധാനത്തിൽ വാണിജ്യ ഉപഭോക്താക്കൾ, വളരെ ഉയർന്ന ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കൾ തുടങ്ങിയവരിൽനിന്നും ശരാശരി വൈദ്യുതി വിലയേക്കാൾ (Average Cost of Supply) കൂടുതൽ നിരക്ക് ഈടാക്കുന്നതിനാലാണ് സാധാരണക്കാരായ ഗാർഹിക/കാർഷിക ഉപഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ വൈദ്യുതി നൽകിവരുന്നത് സാധ്യമാകുന്നത്. ഒരു സർക്കാർ കമ്പനിയോ സ്ഥാപനമോ കൈകാര്യം ചെയ്യുന്ന ക്രോസ് സബ്സിഡി ബാലൻസിംഗ് ഫണ്ട് സംസ്ഥാന സർക്കാർ സ്ഥാപിക്കണമെന്നും ക്രോസ് സബ്സിഡി, ക്രോസ് സബ്സിഡി സർചാർജ്ജ്, അല്ലെങ്കിൽ അധിക സർചാർജ്ജ് എന്നിവ വഴി ഒരു ഡിസ്ട്രിബ്യൂഷൻ ലൈസൻസിക്ക് ലഭിക്കുന്ന 'അധിക തുക' ക്രോസ് സബ്സിഡിയിൽ വരുന്ന കമ്മി നികത്തുന്നതിനായി ഫണ്ടിലേയ്ക്ക് നിക്ഷേപിക്കേണ്ടതാണെന്നും ഭേദഗതി നിർദ്ദേശിക്കുന്നു. എന്നാൽ സ്വകാര്യ കമ്പനികൾ അവരുടെ പക്കൽ ലഭിക്കുന്ന ക്രോസ്-സബ്സിഡി, ക്രോസ്-സബ്സിഡി സർചാർജ്ജ്, അധിക സർചാർജ്ജ് എന്നിവ യഥാസമയം ഫണ്ടിലേയ്ക്ക് ലഭ്യമാക്കാത്തപക്ഷം അത് ക്രോസ് സബ്സിഡി സംവിധാനത്തിന്റെ തകർച്ചയിലേയ്ക്കും സാധാരണക്കാരന്റെ വൈദ്യുതി നിരക്ക് ക്രമാതീതമായി വർദ്ധിക്കുന്നതിലേയ്ക്കും നയിക്കും. അത്തരമൊരു വിഷമസന്ധി വന്നാൽ നിലവിലെ ക്രോസ് സബ്സിഡി ആനുകൂല്യം ലഭിക്കുന്ന വിഭാഗങ്ങൾക്ക് ആയത് ലഭിക്കാതെ, വൈദ്യുതി അപ്രാപ്യമാകുന്ന സ്ഥിതി വരുമെന്ന് വിലയിരുത്തപ്പെടുന്നു.

## ചെറുകിട ജലവൈദ്യുത നയം

189 (671) ശ്രീ. ഇ. ചന്ദ്രശേഖരൻ:

ശ്രീ. പി. എസ്. സുപാൽ:

ശ്രീ. ഇ. കെ. വിജയൻ:

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരിസ്ഥിതിക്ക് കോട്ടം വരാത്തതും താരതമ്യേന ചെലവ് കുറഞ്ഞതുമായ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ സാധ്യത കൂടുതലായി പ്രയോജനപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. പരിസ്ഥിതി സൗഹൃദവും താരതമ്യേന ചെലവുകുറഞ്ഞതുമായ ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിനായി കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കീഴിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്ന ചെറുകിട ജല വൈദ്യുത പദ്ധതികളുടെ വിവരം അനുബന്ധം-(1)* ആയും, സ്ഥലം ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്ന ചെറുകിട ജല വൈദ്യുത പദ്ധതികളുടെ വിവരം അനുബന്ധം-(2)* ആയും പര്യവേഷണ സാധ്യതാ പഠനങ്ങൾ പുരോഗമിക്കുന്ന ചെറുകിട ജല വൈദ്യുത പദ്ധതികളുടെ വിവരം അനുബന്ധം-(3)* ആയും ചേർക്കുന്നു. ഇതിനു പുറമേ ചെറുകിട ജലവൈദ്യുത പദ്ധതികളായ ഒലീക്കൽ (5 MW) പൂവാരംതോട് (3MW) അപ്പർ ചെങ്കുളം (24 MW) മരിപ്പുഴ (6 MW) എന്നീ ജല വൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള അനുബന്ധ നടപടികൾ പുരോഗമിക്കുന്നു. സംസ്ഥാനത്തെ വൈദ്യുത ഊർജ്ജോല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പാരമ്പര്യേതര ഊർജ്ജ സ്രോതസ്സായ ചെറുകിട ജലവൈദ്യുത പദ്ധതികൾ വികസിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനുവേണ്ടി പുതിയ ചെറുകിട ജലവൈദ്യുത പദ്ധതികൾക്കുള്ള ഇംപ്ലിമെന്റേഷൻ കരാറുകൾ വയ്ക്കുകയും ഹൈഡ്രോ കൈനറ്റിക് സാങ്കേതികവിദ്യ പരീക്ഷിക്കുന്നതിനും നടപടി എടുത്തിട്ടുണ്ട്. മാത്രമല്ല കൂടുതൽ സ്വകാര്യ സംരംഭക പ്രാതിനിധ്യം പ്രോത്സാഹിപ്പിക്കുന്നതിന് ചെറുകിട ജലവൈദ്യുത പദ്ധതികൾക്കുള്ള പ്രീ ക്വാളിഫിക്കേഷൻ ടെണ്ടർ 2022 മേയ് 25-ന് പ്രസിദ്ധീകരിച്ചു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ചെറുകിട ജലവൈദ്യുത പദ്ധതികളിൽ സഹകരണ സ്ഥാപനങ്ങൾക്ക് പണം മുടക്കാൻ കഴിയുംവിധം ചെറുകിട ജലവൈദ്യുത നയം പരിഷ്കരിക്കണമെന്ന് എനർജി മാനേജ്മെന്റ് സെന്റർ ശിപാർശ സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ചെറുകിട ജലവൈദ്യുതി നയം 2012-ന് കാലോചിതമായ മാറ്റങ്ങൾ കൊണ്ടു വരുന്നത് ലക്ഷ്യംവച്ച് ചെറുകിട ജലവൈദ്യുതി പദ്ധതികളുടെ സ്റ്റേക്ക് ഹോൾഡേഴ്സ് കൺസൾട്ടേഷൻ മീറ്റ് 2022 ജൂൺ മാസം 22 മുതൽ 24 വരെയുള്ള ദിവസങ്ങളിൽ ഇ.എം.സി. സംഘടിപ്പിച്ചിരുന്നു. ഈ കൺസൾട്ടേഷൻ മീറ്റിൽ ചെറുകിട ജലവൈദ്യുത പദ്ധതികളിൽ സഹകരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കാനുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങളുണ്ടായിരുന്നു. ചർച്ചകളിൽ ഉരുത്തിരിഞ്ഞതും സർക്കാരിന്റെ പരിഗണനയിലുള്ള വിഷയങ്ങളും ഉൾപ്പെടുത്തി പുതുക്കിയ കരട് ചെറുകിട ജലവൈദ്യുതി നയം ഉടനെ തന്നെ ഇ.എം.സി. സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതാണ്. പ്രസ്തുത നയം പുതുക്കി ചെറുകിട ജലവൈദ്യുത പദ്ധതികളുടെ പ്രവർത്തനം സുഗമമാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) മൂലധന നിക്ഷേപം നടത്തി ചെറുകിട ജലവൈദ്യുത പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ സഹകരണ ബാങ്കുകൾക്കും പൊതുമേഖലാ സ്ഥാപന ങ്ങൾക്കും അനുമതി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണ സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടെ SPV-കൾ രൂപീകരിച്ച് ചെറുകിടജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിന് ഇ.എം.സി. തദ്ദേശസ്വയംഭരണ വകുപ്പിനും സഹകരണ വകുപ്പിനും പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യ ചുവടുവെയ്പ്പായി പാലക്കാട് ജില്ലയിലെ ലോവർ വട്ടപ്പാറ (3 MW) ചെറുകിട ജലവൈദ്യുത പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ സഹകരണ-തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പ്രസ്തുത ലോവർ വട്ടപ്പാറ (3MW) ചെറുകിടജലവൈദ്യുത പദ്ധതിയുടെ ഡി.പി.ആർ. ഇ.എം.സി. തയ്യാറാക്കി വരുന്നു.

(ഡി) ചെറുകിട ജലവൈദ്യുത പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കു ന്നതിന് പുതിയ സാങ്കേതികവിദ്യ പ്രോത്സാഹിപ്പിക്കാനും സ്വകാര്യ-ചെറുകിട ജലവൈദ്യുത പദ്ധതികൾക്കായി കുറഞ്ഞ പലിശയിൽ വായ്പ, മൊറട്ടോറിയം എന്നിവ ഉൾപ്പെടുന്ന വായ്പാരീതി പരിഗണിക്കുവാനും ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ചെറുകിട ജലവൈദ്യുത പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് പര്യവേഷണം മുതൽ നിർമ്മാണം വരെ എല്ലാഘട്ടങ്ങളിലും കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. നബാർഡിന്റെ കുറഞ്ഞ നിരക്കിലുള്ള സാമ്പത്തിക സഹായം വിവിധ ജലവൈദ്യുത പദ്ധതികൾക്ക്

ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ചെറുകിട ജലവൈദ്യുത പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് പുതിയ സാങ്കേതികവിദ്യകൾക്ക് നിലവിൽ സർക്കാർ ഇ.എം.സി. മുഖേന പ്രോത്സാഹനം നൽകിവരുന്നുണ്ട്. കേരളത്തിലെ വിവിധ മൂലധനവായ്പ നൽകുന്ന സ്ഥാപനങ്ങളിൽനിന്നും ചെറുകിട ജലവൈദ്യുത പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും സംരംഭകർക്ക് കുറഞ്ഞ നിരക്കിലുള്ള വായ്പയും മൊറട്ടോറിയം നൽകുന്നതിന് വേണ്ടിയുള്ള സാധ്യതയും പരിശോധിക്കുന്നതാണ്.

അതുകൂടാതെ പീക്കോ (5 കിലോവാട്ടിന് താഴെയുള്ള) കുഞ്ഞൻ ജലവൈദ്യുത പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സബ്സിഡി സ്കീം ഇ.എം.സി.-യുടെ പരിഗണനയിലുണ്ട്.

**കേന്ദ്ര വൈദ്യുതി നിയമ ഭേദഗതി**

190 (672) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര വൈദ്യുതി നിയമഭേദഗതി നിലവിൽ വരുമ്പോൾ വൈദ്യുതി വിതരണം സ്വകാര്യ കമ്പനികൾക്ക് നൽകുന്നതുമൂലം സാധാരണ ഉപഭോക്താക്കൾക്ക് ഉണ്ടാകാവുന്ന പ്രതിസന്ധിയെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ?

ഒന്നിലധികം വിതരണ കമ്പനികൾക്ക് (ഡിസ്കോമുകൾ) ഒരേ വിതരണ മേഖലയിൽ പ്രവർത്തിക്കാൻ വ്യവസ്ഥ ചെയ്യുന്നതിനോടൊപ്പം മാതൃനിയമത്തിൽ പറയുന്നതിൽനിന്ന് വ്യത്യസ്തമായി ശൃംഖലാ വികസനത്തിന്റെയും ആയതിന്റെ പരിപാലനത്തിന്റെയും ഉത്തരവാദിത്വത്തിൽനിന്നും വിതരണ കമ്പനികളെ വിടുതൽ ചെയ്യുംവിധമാണ് പുതിയ നിർദ്ദേശം. എല്ലാ ഡിസ്കോമുകൾക്കും (Discoms) തങ്ങളുടെ പ്രദേശത്ത് പ്രവർത്തിക്കുന്ന മറ്റ് ഏതൊരു ഡിസ്കോമിന്റെയും വിതരണ ശൃംഖല കേവലം ഉപയോക്തൃ-ചെലവ് (Wheeling Charge) മാത്രം നൽകി ഉപയോഗിക്കാനുള്ള അവകാശം നൽകുന്നു. വൈദ്യുതി വിതരണത്തിൽ മുഖ്യമായ പണച്ചെലവുള്ളത് ശൃംഖലാ വികസനത്തിനും പരിപാലനത്തിനുമാണ് എന്നിരിക്കെ ഈ ഉത്തരവാദിത്വത്തിൽനിന്നും വിതരണ കമ്പനികളെ ഒഴിവാക്കുന്നത്, മൂലധനനിക്ഷേപവും ഉത്തരവാദിത്വവുമില്ലാതെ ആർക്കും കടന്നുവരാവുന്ന ഒരു മേഖലയാക്കി വൈദ്യുതി വിതരണരംഗത്തെ മാറ്റാൻ സാധ്യതയുണ്ട്. ഭേദഗതി നിർദ്ദേശത്തിൽ ശൃംഖലാവികസനത്തിന്റെയും പരിപാലനത്തിന്റെയും ചുമതല

ആർക്ക് എന്നത് വ്യക്തമല്ല. സ്വാഭാവികമായും വൻ മൂലധന നിക്ഷേപം ആവശ്യമുള്ളതും എന്നാൽ വർഷങ്ങൾക്കുശേഷംമാത്രം ലാഭം ലഭിക്കാൻ ഇടയുള്ളതുമായ പദ്ധതികളിൽ മുതൽമുടക്കാൻ നിക്ഷേപകർ തയ്യാറാകണമെന്നില്ല. എല്ലാ വിതരണ കമ്പനികൾക്കും ഉത്തരവാദിത്വം എന്നത് ആർക്കും ഉത്തരവാദിത്വം ഇല്ലാത്ത സ്ഥിതി സംജാതമാകാൻ സാധ്യതയുണ്ട്. ഇത് ഭാവിയിൽ വിതരണനഷ്ടം കൂടുന്നതിനും വോൾട്ടേജ് ക്ഷാമം, അടിക്കടിയുണ്ടാകുന്ന വൈദ്യുതി മുടക്കം, ശൃംഖലയുടെ ശേഷിക്കുറവുമൂലമുണ്ടാകുന്ന ലോഡ്ഷെഡിംഗ് എന്നിവയ്ക്കും ഇടയാക്കിയേക്കാം. വിതരണ രംഗം ലാഭകരമായ നഗരപ്രദേശങ്ങളിൽ മാത്രമായി പ്രവർത്തനം കേന്ദ്രീകരിക്കാനും അവിടെത്തന്നെ ഉയർന്ന വൈദ്യുതി നിരക്ക് നൽകുന്ന ലാഭകരമായ ഉപഭോക്താക്കളെ അടർത്തിയെടുക്കുന്നതിനും സ്വകാര്യ കമ്പനികൾ ശ്രമിക്കാനിടയുണ്ട്. ഗ്രാമപ്രദേശങ്ങളിലും നഗരങ്ങളിലെ ധനശേഷികുറഞ്ഞ സാധാരണക്കാർക്കും വൈദ്യുതി നൽകുന്നത് പൊതുമേഖലയുടെ ബാധ്യതയാകും. ലാഭസാധ്യത സ്വകാര്യ സ്ഥാപനങ്ങൾക്കും നഷ്ടസാധ്യത പൊതുമേഖലയ്ക്കും എന്ന അവസ്ഥ പൊതുമേഖലയുടെ തകർച്ചയിലേയ്ക്കും ക്രമേണ സാധാരണക്കാരന് വൈദ്യുതി നിഷേധിക്കപ്പെടുന്നതിലേയ്ക്കും നയിക്കും. വർഷങ്ങളുടെ പ്രയത്നംമൂലം കേരളം കൈവരിച്ച സമ്പൂർണ്ണ വൈദ്യുതീകരണം, എല്ലാ വിഭാഗങ്ങൾക്കും താങ്ങാനാകുന്ന വിലയ്ക്ക് വൈദ്യുതി വിതരണം തുടങ്ങിയ നേട്ടങ്ങൾ നഷ്ടപ്പെടാം. വനാന്തരങ്ങളിലും മറ്റ് വിദൂര പ്രദേശങ്ങളിലും വൈദ്യുതി എത്തിക്കാൻ ഭാവിയിൽ സാധ്യത ഇല്ലാതാകുമെന്നും ആശങ്കപ്പെടുന്നു.

(ബി) സ്വകാര്യ സംരംഭകർ നഗരമേഖലകളിൽ കേന്ദ്രീകരിക്കപ്പെടുന്നതോടെ പൊതുമേഖലാ ബോർഡുകൾ ഗ്രാമീണ മേഖലകളിലുൾപ്പെടെയുള്ളവർക്ക് നൽകുന്ന ക്രോസ് സബ്സിഡിയെ ഇത് ബാധിച്ചേക്കുമെന്ന ആശങ്ക സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ;

(സി) പുതിയ കണക്ഷനുകൾ ആര് നൽകുമെന്നതും പുതിയ വൈദ്യുതി വിതരണശൃംഖല ആര് നിർമ്മിക്കുമെന്നതും സംബന്ധിച്ച് പുതിയ ബില്ലിൽ വ്യക്തതയില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തിന് ദോഷകരമായിമാറുന്ന ഭേദഗതികൾ ഒഴിവാക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ; വിശദമാക്കാമോ?

(ബി-ഡി) ഉണ്ട്. വൈദ്യുതി നിയമ ഭേദഗതി ബിൽ 2021 മുന്നോട്ട് വച്ചപ്പോൾ ഇത് സംസ്ഥാനത്തെ ഉപഭോക്താക്കളെയും പൊതുമേഖലാ സ്ഥാപനത്തെയും എങ്ങനെയൊക്കെ ബാധിക്കുമെന്നത് സംബന്ധിച്ച് വിശദമായ കത്ത് മുഖേന 20-2-2021-ൽ കേന്ദ്ര സർക്കാരിനെ അറിയിച്ചിരുന്നു. തുടർന്ന് ഇതുസംബന്ധിച്ച

സംസ്ഥാനത്തിന്റെ നിലപാടും ഭേദഗതിമൂലം സാധാരണ ഉപഭോക്താക്കൾക്കും പൊതുമേഖലയ്ക്കും ഉണ്ടാകാനിടയുള്ള ആഘാതവും ബദൽ നിർദ്ദേശങ്ങളും കാര്യകാരണ സഹിതം 15-3-2021-ലെ എ1/131/2020/ഊ.വ നമ്പർ അർദ്ധ ഔദ്യോഗിക കത്ത് പ്രകാരം സംസ്ഥാന സർക്കാർ രേഖാമൂലം കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാന വൈദ്യുതി വകുപ്പുമന്ത്രി 23-7-2021-ലെ 272/M(Ele)/L/2021 കത്ത് പ്രകാരം വിതരണ ശൃംഖലയുടെ വികസനത്തിലും പരിപാലനത്തിലും വരാൻ സാധ്യതയുള്ള സംസ്ഥാനത്തിന്റെ ആശങ്കകളും പ്രശ്നങ്ങളും കേന്ദ്ര ഊർജ്ജ വകുപ്പ് മന്ത്രാലയത്തെ അറിയിച്ചിട്ടുണ്ട്. വൈദ്യുതിമേഖല സംബന്ധിച്ച് തീരുമാനങ്ങളെടുക്കാൻ സംസ്ഥാനങ്ങൾക്കുള്ള അധികാരം കവരുന്നത് ഭരണഘടനയുടെ അടിസ്ഥാനത്തെ ദുർബലപ്പെടുത്തുമെന്നും ഈ കാരണങ്ങൾ കണക്കിലെടുത്ത് വൈദ്യുതി നിയമം ഭേദഗതി ചെയ്യുവാനുള്ള നീക്കത്തിൽനിന്നും കേന്ദ്രസർക്കാർ പിന്മാറണമെന്നും വൈദ്യുതി ബിൽ ഭേദഗതി നിർദ്ദേശം പിൻവലിക്കണമെന്നും സംസ്ഥാന നിയമസഭ 5-8-2021-ന് ഒരു പ്രമേയത്തിലൂടെ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. പൊതുജനങ്ങൾക്ക് ദോഷകരമാകാൻ സാധ്യതയുള്ള ഭേദഗതി നിർദ്ദേശങ്ങൾ കേന്ദ്രസർക്കാരിന്റെയും സബ്ജക്ട് കമ്മിറ്റിയുടെയും ശ്രദ്ധയിൽകൊണ്ടുവന്ന് അവ ഒഴിവാക്കുന്നതിനായുള്ള നടപടികൾ കേരളസർക്കാർ സ്വീകരിച്ചുവരുന്നു.

**കൽക്കരി ഇറക്കുമതി വ്യവസ്ഥ മൂലമുണ്ടാകുന്ന അധിക ബാധ്യത**

191 (673) ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ താപവൈദ്യുതോല്പാദന നിലയങ്ങൾ അവ ഉപയോഗിക്കുന്നതിന്റെ പത്ത് ശതമാനം കൽക്കരി ഇറക്കുമതി ചെയ്യണമെന്ന കേന്ദ്ര സർക്കാർ വ്യവസ്ഥ, സംസ്ഥാനം പുറത്തുനിന്ന് വാങ്ങുന്ന വൈദ്യുതി വിലയിൽ ഗണ്യമായ വർദ്ധനയുണ്ടാക്കുമെന്ന വാർത്തയുടെ നിജസ്ഥിതി പരിശോധിച്ചിട്ടുണ്ടോ?

പരിശോധിച്ചിട്ടുണ്ട്.

(ബി) ഇറക്കുമതി ചെയ്യുന്ന കൽക്കരി ഉപയോഗിച്ച് ഉല്പാദനം നടത്തുന്ന വൈദ്യുതി നിലയങ്ങൾക്കുണ്ടാകുന്ന അധിക ചെലവ് സംസ്ഥാനങ്ങൾ തന്നെ വഹിക്കണമെന്ന് കേന്ദ്ര വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ഉത്തരവിട്ടിട്ടുണ്ടോ; ഇതുവഴി സംസ്ഥാനത്തിനുണ്ടാകുന്ന പ്രതിമാസ അധിക ബാധ്യത എത്രയാണെന്ന് അറിയിക്കുമോ?

ഉണ്ട്. കേന്ദ്ര വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ഉത്തരവ് 26-07-2022 മുതൽ ആണ് പ്രാബല്യത്തിൽ വന്നത്. ഇതുവഴി ഉണ്ടാകുന്ന സാമ്പത്തിക ബാധ്യതയുടെ തോത് പരിശോധിച്ചുവരികയാണ്.

(സി) സംസ്ഥാനത്തെ വൈദ്യുതി ആവശ്യകതയുടെ എഴുപത് ശതമാനത്തിലധികവും പുറമേനിന്ന് വാങ്ങുന്ന നിലവിലെ സ്ഥിതി മെച്ചപ്പെടുത്തുന്നതിനും വൈദ്യുതോല്പാദന വർദ്ധനവിനും ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളെക്കുറിച്ച് അറിയിക്കാമോ?

സംസ്ഥാനത്തെ വൈദ്യുതോല്പാദന വർദ്ധനവിനായി നടപ്പിലാക്കി വരുന്ന ജലവൈദ്യുത പദ്ധതികൾ താഴെപ്പറയുന്നവയാണ്.

| നമ്പർ | പദ്ധതി | ശേഷി |
|---|---|---|
| 1 | പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം HEP | 60 MW |
| 2 | തോട്ടിയാർ HEP | 40 MW |
| 3 | പെരുവണ്ണാമൂഴി SHEP | 6 MW |
| 4 | പഴശ്ശിസാഗർ SHEP | 7.5 MW |
| 5 | ഭൂതത്താൻകെട്ട് SHEP | 24 MW |
| 6 | കുറ്റ്യാടി RMU പദ്ധതി HEP | 3x25 MW to 3x27.5 MW |
| 7 | ചിന്നാർ | 24 MW |
| 8 | മാങ്കുളം | 40 MW |

ഇതിനുപുറമെ 54.5 MW-ന്റെ ഒമ്പത് ജലവൈദ്യുത പദ്ധതികളുടെ സ്ഥലം ഏറ്റെടുക്കലും അനുബന്ധപ്രവർത്തനങ്ങളും നടന്നുവരുന്നു. 610 MW-ന്റെ 17 പദ്ധതികളുടെ പര്യവേഷണ സാദ്ധ്യതാപഠനങ്ങൾ പുരോഗമിക്കുന്നു. 349 MW-ന്റെ സൗരോർജ്ജ പദ്ധതികൾ ഈ സർക്കാരിന്റെ കാലത്ത് പൂർത്തീകരിച്ചു. സൗരോർജ്ജ പദ്ധതികളിൽ ഗണ്യമായ പുരോഗതി വരുംവർഷങ്ങളിൽ പ്രതീക്ഷിക്കുന്നു.

## തിരൂരങ്ങാടി മണ്ഡലത്തിലെ വൈദ്യുത ചാർജ്ജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണം

192 (674) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ നിർദ്ദിഷ്ട വൈദ്യുത ചാർജ്ജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇവയുടെ നിർമ്മാണ പുരോഗതി വിലയിരുത്താമോ?

(എ&ബി) ഉണ്ട്. സംസ്ഥാനത്തൊട്ടാകെ എല്ലാ നിയോജകമണ്ഡലങ്ങളിലുമായി കെ.എസ്.ഇ.ബോർഡ് ലിമിറ്റഡ് സ്ഥാപിക്കുന്ന 1165 പോൾമൗണ്ടഡ് ചാർജ്ജിംഗ് ശൃംഖലകളുടെ പദ്ധതിയിലുൾപ്പെടുത്തിയാണ് തിരൂരങ്ങാടി മണ്ഡലത്തിൽ താഴെപ്പറയുന്ന സ്ഥലങ്ങളിൽ വൈദ്യുതി ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നത്.

1. MKH ആശുപത്രിക്ക് സമീപം

2. ദാറുൽ ഹുദ, ചെമ്മാട്

3. വെണ്ണിയൂർ KSEB ഓഫീസ്

4. കോഴിച്ചെന ഗ്രൗണ്ട്

5. പയനിഗൽ ജംഗ്ഷൻ

6. ക്ലാരി യു.പി.സ്കൂൾ

7. കുണ്ടൂർ

8. സ്റ്റീൽ കോംപ്ലക്സ്

പദ്ധതി പുരോഗമിച്ചുവരുന്നു. നിലവിൽ 412 സ്റ്റേഷനുകൾ പ്രവർത്തനക്ഷമമാണ്.

## 2016 മുതൽ 2022 വരെ കെ.എസ്.ഇ.ബി.എൽ.-ന്റെ ലാഭം

193 (675) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ 2022 വരെ കെ.എസ്.ഇ.ബി.എൽ.-ന്റെ ലാഭം വർഷം തിരിച്ച് ലഭ്യമാക്കാമോ?

2016 മുതൽ 2022 വരെ കെ.എസ്.ഇ.ബി.എൽ.-ന്റെ ലാഭ-നഷ്ടങ്ങളുടെ വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

| വർഷം | തുക | ലാഭമോ നഷ്ടമോ എന്ന വിവരം |
|---|---|---|
| 2016-17 | 1494.63 കോടി | നഷ്ടം |
| 2017-18 | 784.10 കോടി | നഷ്ടം |
| 2018-19 | 290.00 കോടി | നഷ്ടം |
| 2019-20 | 269.55 കോടി | നഷ്ടം |
| 2020-21 | 1822.35 കോടി | നഷ്ടം |
| 2021-22 | 736.27 കോടി | ലാഭം |

## ഇലക്ട്രിക് പോസ്റ്റിൽ വാഹന ചാർജ്ജിംഗ്

194 (676) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുത വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിനായി എത്ര സ്ഥലത്ത് ഇലക്ട്രിക് പോസ്റ്റുകളിൽ സൗകര്യമേർപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത സംവിധാനം അവലോകനം ചെയ്ത് കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) സംസ്ഥാനത്ത് ഇലക്ട്രിക് പോസ്റ്റുകളിൽ വൈദ്യുത വാഹന ചാർജ്ജിംഗ് പോയിന്റുകൾ സ്ഥാപിക്കുന്നതിന്റെ പ്രാരംഭഘട്ടമായി കോഴിക്കോട് ജില്ലയിൽ പത്ത് പൈലറ്റ് സ്റ്റേഷനുകൾ സ്ഥാപിക്കുകയും 2021 ഒക്ടോബർ മാസം പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കുകയും ചെയ്തു. ഇവയുടെ പ്രവർത്തനം അവലോകനം ചെയ്തതിനെത്തുടർന്ന് പദ്ധതി വ്യാപിപ്പിക്കാൻ തീരുമാനിക്കുകയും സംസ്ഥാനത്തൊട്ടാകെ എല്ലാ നിയോജകമണ്ഡലങ്ങളിലുമായി 1165 ചാർജ്ജിംഗ് പോയിന്റുകളുംകൂടി സ്ഥാപിച്ചുവരികയും ചെയ്യുന്നു. ഇതിൽ 412 എണ്ണം പ്രവർത്തനക്ഷമമാണ്.

## ഇ-വെഹിക്കിൾ ചാർജ്ജിംഗ് സ്റ്റേഷനുകൾ

195 (677) ശ്രീ. വി ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-വെഹിക്കിൾ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

കേരള സർക്കാരിന്റെ ഇ-വെഹിക്കിൾ പോളിസി പ്രകാരം സംസ്ഥാനത്തുടനീളം മതിയായ തോതിൽ ചാർജ്ജിംഗ് സ്റ്റേഷൻ ശൃംഖല സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ.-നെയാണ് നോഡൽ ഏജൻസിയായി തെരഞ്ഞെടുത്തിട്ടുള്ളത്.

ഫാസ്റ്റ് ചാർജ്ജ് സ്റ്റേഷനായി ആറ് ജില്ലകളിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ സ്വന്തം സ്ഥലത്ത് ഫോർ വീലർ വാഹനങ്ങൾക്കായി ഇത്തരം സ്റ്റേഷനുകൾ സ്ഥാപിക്കുകയും അവ 7-10-2020 മുതൽ പൊതുജനങ്ങൾക്കായി തുറന്നു കൊടുക്കുകയും ചെയ്തു. രണ്ടാംഘട്ടമായി എല്ലാ ജില്ലകളിലുമായി കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ സ്വന്തം സ്ഥലത്ത് 56 ചാർജ്ജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ കൂടി നടന്നുവരികയാണ്. ഇതിൽ 30 എണ്ണം പ്രവർത്തന ക്ഷമമായിക്കഴിഞ്ഞു. 10 പോൾ മൗണ്ടഡ് ഇലക്ട്രിക് വാഹന ചാർജ്ജിംഗ് പോയിന്റുകൾ കോഴിക്കോട് ജില്ല കോർപ്പറേഷൻ പരിധിയിൽ പരീക്ഷണാടിസ്ഥാനം ഇരുചക്ര, മുച്ചക്ര (e-auto) വാഹനങ്ങൾക്കായി സ്ഥാപിക്കുകയും 9-10-2021-ന് പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കുകയും ചെയ്തു. ഇവയുടെ പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനമൊട്ടാകെ ഇത്തരത്തിലുള്ള വൈദ്യുതിവാഹന ചാർജ്ജിംഗ് പോയിന്റുകളുടെ ശൃംഖല വിപുലീകരിക്കുന്നതിനുള്ള നടപടി കെ.എസ്.ഇ.ബി.എൽ. സ്വീകരിച്ചുവരുന്നു. അതിൽ 412 ചാർജ്ജിംഗ് പോയിന്റുകൾ ഇപ്പോൾതന്നെ പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. ദേശീയ പാത, എം.സി. റോഡ്, സ്റ്റേറ്റ് ഹൈവേ എന്നീ പ്രധാന റോഡുകൾക്ക് സമീപം ഏകദേശം 50 കിലോമീറ്റർ ദൂര വ്യത്യാസത്തിൽ ഇലക്ട്രിക് വാഹനങ്ങൾക്കായി ഓരോ ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനാണ് അനെർട്ട് ലക്ഷ്യമിടുന്നത്. പൊതുസ്ഥലങ്ങളിൽ ഇലക്ട്രിക് വാഹനങ്ങൾക്കായി ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള അനെർട്ടിന്റെ പദ്ധതിപ്രകാരം സംസ്ഥാനത്ത് ഇതുവരെ 12 സ്റ്റേഷനുകൾ സ്ഥാപിച്ചു. 4 എണ്ണത്തിന്റെ നിർമ്മാണം പൂർത്തിയായിവരുന്നു. ഈ വർഷം പുതിയതായി സൗരോർജ്ജ സംവിധാനത്തോടുകൂടിയ 6 ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ അനെർട്ട് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഹോട്ടലുകൾ, മാളുകൾ, റെസ്റ്റോറന്റുകൾ ഉൾപ്പെടെ സ്വകാര്യ വ്യക്തികൾ തുടങ്ങുന്ന പബ്ലിക് ചാർജ്ജിംഗ് സ്റ്റേഷനുകളിൽ സൗരോർജ്ജ സംവിധാനം ഒരുക്കുന്നതിന് സബ്സിഡി നൽകുന്ന പദ്ധതിപ്രകാരം ആലപ്പുഴ, പത്തനതിട്ട, കോഴിക്കോട് എന്നീ ജില്ലകളിലായി ഓരോ ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണം പൂർത്തിയായി. കോഴിക്കോട് ജില്ലയിൽ ഒരെണ്ണത്തിന്റെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. പുതിയതായി ചാർജ്ജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുന്ന സ്വകാര്യ സംരംഭകർക്ക് ചാർജ്ജിംഗ് മെഷീൻ വിലയുടെ 25 ശതമാനം സബ്സിഡി നൽകുന്നതിനുള്ള പദ്ധതി ഈ വർഷം നടപ്പിലാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) തിരുവനന്തപുരം ജില്ലയിൽ എവിടെയെല്ലാമാണ് പ്രസ്തുത സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

തിരുവനന്തപുരം ജില്ലയിൽ താഴെപ്പറയുന്ന സ്ഥലങ്ങളിലാണ് KSEBL ചാർജ്ജിംഗ് പോയിന്റുകൾ സ്ഥാപിച്ചിട്ടുള്ളത്.

ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ

ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്, നേമം

വൈദ്യുതിഭവനം, പട്ടം

പരുത്തിപ്പാറ 110 കെ.വി. സബ്സ്റ്റേഷൻ കോമ്പൗണ്ട്

മിനി വൈദ്യുതിഭവനം, നെയ്യാറ്റിൻകര

**പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകൾ**

| ക്രമ നമ്പർ | നിയോജകമണ്ഡലം | ലൊക്കേഷൻ |
|---|---|---|
| 1 | വർക്കല | കാപ്പിൽ ബോട്ട് ക്ലബ്ബ് |
| 2 | | കെ.എസ്.ഇ.ബി.എൽ. ഓഫീസിന് സമീപം |
| 3 | | ചാവർകോട് |
| 4 | | പാലച്ചിറ |
| 5 | | കെട്ടിടം ജംഗ്ഷൻ |
| 6 | | ഗവ. മോഡൽ സ്കൂളിന് സമീപം |
| 7 | ആറ്റിങ്ങൽ | തപസ്യ തീയേറ്ററിന് സമീപം |
| 8 | | മാമം ജംഗ്ഷൻ |
| 9 | | നഗരൂർ കെ.എസ്.ഇ.ബി.എൽ. ഓഫീസ് |
| 10 | | മിനി സിവിൽ സ്റ്റേഷൻ |
| 11 | | കടുവപ്പള്ളിക്ക് സമീപം |
| 12 | | ചാത്തൻപാറ യു.പി.എസ്.-ന് സമീപം |
| 13 | ചിറയിൻകീഴ് | ശാർക്കര ടെമ്പിൾ ഗേറ്റിന് സമീപം |
| 14 | | കിഴുവിലം പഞ്ചായത്ത് ഓഫീസിന് സമീപം |
| 15 | | കടയ്ക്കാവൂർ റെയിൽവേ സ്റ്റേഷന് സമീപം |
| 16 | | ആറാട്ടുമുക്ക് ജംഗ്ഷൻ |
| 17 | | ചെമ്പകമംഗലം |
| 18 | നെടുമങ്ങാട് | കല്ലിംഗൽ ഓട്ടോ മൊബൈൽസിന് സമീപം |
| 19 | | വാളിക്കോട് മാർക്കറ്റിന് സമീപം |
| 20 | | പള്ളിപ്പുറം |
| 21 | | പുലന്തറ |
| 22 | | പത്താംകല്ല് ജംഗ്ഷൻ |
| 23 | | വേറ്റിനാട് മാർക്കറ്റിന് സമീപം |
| 24 | | ചുള്ളിമാനൂർ പെട്രോൾ പമ്പിന് സമീപം |

| | | |
|---|---|---|
| 25 | വാമനപുരം | പനവൂർ സബ് സെന്റർ ഓഫീസിന് സമീപം |
| 26 | | നന്ദിയോട് മാർക്കറ്റിന് സമീപം |
| 27 | | പാലോട് ആശുപത്രി ജംഗ്ഷൻ പഴയ ബസ് സ്റ്റാൻഡ് |
| 28 | | ജവഹർ കോളനി |
| 29 | | മാണിക്കൽ ശിവക്ഷേത്രത്തിന് സമീപം |
| 30 | | ശാസ്താംകോവിലിന്സമീപം |
| 31 | | കല്ലറ സ്റ്റേഷന് സമീപം |
| 32 | | ആനാട് |
| 33 | കഴക്കൂട്ടം | കൊച്ചുവേളി റെയിൽവേ സ്റ്റേഷന് സമീപം |
| 34 | | കടകംപള്ളി മിനി സിവിൽ സ്റ്റേഷൻ |
| 35 | | കിംസ്, വെൺപാലവട്ടം |
| 36 | | ആക്കുളം ടൂറിസ്റ്റ് വില്ലേജ് |
| 37 | | കടവ് സ്റ്റേഷൻ |
| 38 | | കുളത്തൂർ മുക്കോലക്കൽ |
| 39 | | മൺവിള |
| 40 | | കഴക്കൂട്ടം (കേരള സർവകലാശാല കാര്യവട്ടം കാമ്പസിന് സമീപം) |
| 41 | | ചെമ്പഴന്തി |
| 42 | | ശ്രീകാര്യം (കേന്ദ്ര കിഴങ്ങുവിള ഗവേഷണ സ്ഥാപനത്തിന് എതിർവശത്ത്) |
| 43 | | ഞാണ്ടൂർക്കോണം |
| 44 | | പൗഡിക്കോണം |
| 45 | | കാട്ടായിക്കോണം |
| 46 | | ചന്തവിള |
| 47 | | മണ്ണന്തല |
| 48 | | ഇലക്ട്രിക്കൽ സെക്ഷൻ, ഉള്ളൂർ |
| 49 | | ഇലക്ട്രിക്കൽ സെക്ഷൻ, ഉള്ളൂർ |
| 50 | | സെന്റ് തോമസ് റസിഡൻഷ്യൽ സ്കൂൾ, മുക്കോല, മണ്ണന്തല |
| 51 | | എം.ജി. കോളേജ് |
| 52 | വട്ടിയൂർക്കാവ് | സി.പി.ടി., നെട്ടയം |
| 53 | | മേലത്തുമേലെ |
| 54 | | ESI ആശുപത്രിക്ക് സമീപം |
| 55 | | സർവേ സ്കൂൾ ട്രാൻസ്ഫോമറിന് മുന്നിൽ |

| | | |
|---|---|---|
| 56 | | കളക്ടറേറ്റ് കോമ്പൗണ്ട് |
| 57 | | മുക്കോല പോസ്റ്റ് ഓഫീസ് ജംഗ്ഷൻ |
| 58 | | നെട്ടയം ജംഗ്ഷന് സമീപം |
| 59 | | മരുതുംകുഴി ജംഗ്ഷൻ |
| 60 | | ശാസ്തമംഗലം |
| 61 | | വെള്ളയമ്പലം |
| 62 | | കവടിയാർ (സാൽവേഷൻ ആർമി ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ട് ഗേറ്റിന് സമീപം) |
| 63 | | PMG ജംഗ്ഷൻ (BSNL ഓഫീസിന് സമീപം) |
| 64 | | ദേവസ്വം ബോർഡ് ജംഗ്ഷൻ |
| 65 | | കുറവൻകോണം (കവടിയാർ-പട്ടം) |
| 66 | | യൂണിവേഴ്സിറ്റി ജംഗ്ഷൻ (കൈരളി ഓഫീസിന് സമീപം) |
| 67 | | കാച്ചാണി സ്കൂൾ ജംഗ്ഷൻ സമീപം |
| 68 | | ജാസ് ഹോട്ടലിന് സമീപം |
| 69 | | പനവിള |
| 70 | | എസ്.എം.എസ്.എം. ട്രാൻസ്ഫോമറിന് സമീപം |
| 71 | | ഉപ്പളാമൂട് |
| 72 | | യൂണിവേഴ്സിറ്റി കോളേജിന് സമീപം |
| 73 | തിരുവനന്തപുരം | മ്യൂസിയം ജംഗ്ഷൻ |
| 74 | | തൈക്കാട് കെ.എസ്.ഇ.ബി. ഓഫീസിന് സമീപം, മേലാറന്നൂർ സി.ഐ.ടി റോഡിൽ |
| 75 | | കണ്ണേറ്റുമുക്ക് ജംഗ്ഷൻ |
| 76 | | റെയിൽവേ സ്റ്റേഷന്റെ പിൻഭാഗത്തെ ഗേറ്റ് |
| 77 | | ബൈപാസ് റോഡ് |
| 78 | | കോത്താലം |
| 79 | | പോലീസ് സ്റ്റേഷന് സമീപം |
| 80 | | മണക്കാട് പാർക്ക് |
| 81 | | സെന്റ് സേവ്യേഴ്സ് ജംഗ്ഷൻ വലിയതുറ |
| 82 | | പേട്ട റെയിൽവേ സ്റ്റേഷന് സമീപം |
| 83 | | വെൺപാലവട്ടം |
| 84 | | പോലീസ് ഗ്രൗണ്ട് |

| | | |
|---|---|---|
| 85 | | ആർട്സ് കോളേജിന് സമീപം |
| 86 | | പാളയം ജംഗ്ഷൻ (ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിന് സമീപം) |
| 87 | | ചന്ദ്ര ട്രാൻസ്ഫോമറിന് സമീപം |
| 88 | | ബാർട്ടൺ ഹിൽ (ഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിന് എതിർവശത്ത്) |
| 89 | | അമ്പലത്തറ |
| 90 | | കെ.എസ്.ഇ.ബി.എൽ. ഓഫീസ് |
| 91 | നേമം | നേമം ജംഗ്ഷൻ |
| 92 | | പ്ലാങ്കാല മുക്ക് ജംഗ്ഷൻ |
| 93 | | കാരയ്ക്കാമണ്ഡപം ജംഗ്ഷൻ |
| 94 | | സ്റ്റുഡിയോ റോഡ് |
| 95 | | കൈമനം |
| 96 | | എസ്റ്റേറ്റ് |
| 97 | | തിരുമല |
| 98 | | പൂജപ്പുര |
| 99 | | പള്ളിമുക്കിന് മുന്നിൽ Tfr |
| 100 | | കുന്നപ്പുഴ ജംഗ്ഷൻ |
| 101 | | കാലടി ജംഗ്ഷന് സമീപം |
| 102 | | അമ്പലത്തറ |
| 103 | | പെട്രോൾ പമ്പിന് സമീപം |
| 104 | | ആറ്റുകാൽ |
| 105 | | Tfr സ്റ്റേഷന് സമീപം |
| 106 | അരുവിക്കര | അഴീക്കൽ, പൂവച്ചൽ |
| 107 | | അരുവിക്കര ജംഗ്ഷൻ |
| 108 | | പിഡബ്ല്യൂഡി റസ്റ്റ് ഹൗസ് റോഡ് |
| 109 | | കെ. എസ്. ആർ.ടി.സി. - നല്ലുമുക്ക് റോഡ് |
| 110 | | കെ.എസ്.ഇ.ബി ഓഫീസിന് സമീപം |
| 111 | | കുളക്കോട് |
| 112 | | അഴീക്കോട് |
| 113 | പാറശ്ശാല | പുത്തൻകട |
| 114 | | കൊല്ലയിൽ/ധനുവച്ചപുരം |
| 115 | | കുന്നത്തുകാൽ ജംഗ്ഷൻ |
| 116 | | പെരുങ്കടവിള ജംഗ്ഷൻ |
| 117 | | വെള്ളറട-കാരമൂട് |

| | | |
|---|---|---|
| 118 | | മണ്ഡപത്തിൻ കടവ് |
| 119 | കാട്ടാക്കട | മാർക്കറ്റിന് സമീപം |
| 120 | | മുളക്കോണം |
| 121 | | തുങ്ങാംപാറ |
| 122 | | ദേവി ഓഡിറ്റോറിയത്തിന് സമീപം |
| 123 | | പെട്രോൾ പമ്പിന് സമീപം |
| 124 | | കുണ്ടമൺകടവ് |
| 125 | | പൊട്ടൻകാവ് |
| 126 | കോവളം | കരുംകുളം |
| 127 | | സെബാസ്റ്റിൻ ഓഡിറ്റോറിയത്തിന് സമീപം |
| 128 | | വവ്വാമൂല ബണ്ട് റോഡ് |
| 129 | | പുന്നക്കുളം |
| 130 | | വെള്ളയാണി ക്ഷേത്രത്തിനു മുന്നിൽ |
| 131 | | അരുമാനൂർ |
| 132 | | ചാനി |
| 133 | | വെങ്ങാനൂർ ജംഗ്ഷൻ |
| 134 | | വിഴിഞ്ഞം ജംഗ്ഷൻ, കോവളം ജംഗ്ഷൻ |
| 135 | നെയ്യാറ്റിൻകര | അക്ഷയ ഷോപ്പിംഗ് കോംപ്ലക്സ് |
| 136 | | അലമ്പോക്ക് |
| 137 | | പ്ലാമൂട്ട്കട |
| 138 | | അമരവിള പാലത്തിന് സമീപം |
| 139 | | താന്നിമൂട് |
| 140 | | കൂട്ടപ്പന |
| 141 | | അറക്കുന്ന് മാരായമുട്ടം റോഡ് |

പൊതുസ്ഥലങ്ങളിൽ ഇലക്ട്രിക് വാഹനങ്ങൾക്കായി ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള അനെർട്ടിന്റെ പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ താഴെ പറയുന്ന 3 സ്ഥലങ്ങളിൽ സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്.

1. 'അനെർട്ട്' കേന്ദ്ര കാര്യാലയം, പി.എം.ജി., തിരുവനന്തപുരം

2. കാർ പാർക്കിംഗ് ഏരിയ (ഡി.ടി.പി.സി.), ശംഖുമുഖം, തിരുവനന്തപുരം

3. ഗവൺമെന്റ് ഗസ്റ്റ് ഹൗസ്, തൈക്കാട്, തിരുവനന്തപുരം

## പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകൾ

196 (678) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിരുന്നതെന്ന് വ്യക്തമാക്കാമോ?

പ്രാരംഭഘട്ടമായി കോഴിക്കോട് ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ 10 പോൾ മൗണ്ടഡ് ചാർജ്ജിംഗ് പോയിന്റുകൾ സ്ഥാപിക്കുയും 2021 ഓക്ടോബർ മാസം പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കുകയും ചെയ്തു. രണ്ടാംഘട്ടമായി സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങളിലും കുറഞ്ഞത് അഞ്ചുവീതവും കോർപ്പറേഷൻ പരിധിയിൽവരുന്ന നിയോജകമണ്ഡലങ്ങളിൽ കുറഞ്ഞത് 15 വീതവും എന്ന നിരക്കിൽ ആകെ 1165 പോൾ മൗണ്ടഡ് സ്റ്റേഷനുകളാണ് സ്ഥാപിക്കാൻ ലക്ഷ്യമിടുന്നത്.

(ബി) ഇതിൽ എത്രയെണ്ണം നാളിതുവരെ പൂർത്തിയായിട്ടുണ്ടെന്ന് അറിയിക്കുമോ?

ആകെയുള്ള 1165 പോയിന്റുകളിൽ 412 എണ്ണം പൂർത്തിയാക്കിയിട്ടുണ്ട്.

(സി) അവശേഷിക്കുന്നവ അടിയന്തരമായി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

അവശേഷിക്കുന്നവ രണ്ടുമാസത്തിനകം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

## വൈദ്യുതി വിതരണ മേഖലയിലെ സ്വകാര്യവൽകരണം

197 (679) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വിതരണ മേഖലയിലെ സ്വകാര്യവൽകരണം ലക്ഷ്യമിട്ട് കേന്ദ്ര സർക്കാർ കൊണ്ടുവന്നിട്ടുള്ള നിയമഭേദഗതി നടപ്പിലാക്കിയാൽ ഗാർഹിക, കാർഷിക, ദുർബല വിഭാഗങ്ങളിലെ ഉപഭോക്താക്കൾക്ക് സംസ്ഥാനം നൽകിവരുന്ന സബ്സിഡി നഷ്ടപ്പെടുമെന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ക്രോസ്-സബ്സിഡി സംവിധാനത്തിൽ വാണിജ്യ ഉപഭോക്താക്കൾ, വളരെ ഉയർന്ന ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കൾ തുടങ്ങിയവരിൽ നിന്നും ശരാശരി വൈദ്യുതി വിലയെക്കാൾ (Average Cost of Supply) കൂടുതൽ നിരക്ക് ഈടാക്കുന്നതിനാലാണ് സാധാരണക്കാരായ ഗാർഹിക/ കാർഷിക ഉപഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ വൈദ്യുതി നൽകിവരുന്നത് സാധ്യമാകുന്നത്. ഒരു സർക്കാർ കമ്പനിയോ സ്ഥാപനമോ കൈകാര്യം ചെയ്യുന്ന ക്രോസ്-സബ്സിഡി ബാലൻസിംഗ് ഫണ്ട് സംസ്ഥാന സർക്കാർ സ്ഥാപിക്കണമെന്നും ക്രോസ്-സബ്സിഡി, ക്രോസ്-സബ്സിഡി സർചാർജ്ജ്, അല്ലെങ്കിൽ അധിക സർചാർജ്ജ് എന്നിവവഴി ഒരു ഡിസ്ട്രിബ്യൂഷൻ ലൈസൻസിക്ക് ലഭിക്കുന്ന 'അധികതുക' ക്രോസ് സബ്സിഡിയിൽ വരുന്ന കമ്മി നികത്തുന്നതിനായി ഫണ്ടിലേയ്ക്ക് നിക്ഷേപിക്കേണ്ടതാണ് എന്നും ഭേദഗതി നിർദ്ദേശിക്കുന്നു. എന്നാൽ സ്വകാര്യ കമ്പനികൾ അവരുടെ പക്കൽ ലഭിക്കുന്ന ക്രോസ്-സബ്സിഡി, ക്രോസ്-സബ്സിഡി സർചാർജ്ജ്, അധിക സർചാർജ്ജ് എന്നിവ യഥാസമയം ഫണ്ടിലേയ്ക്ക് ലഭ്യമാക്കാത്തപക്ഷം അത് ക്രോസ്-സബ്സിഡി സംവിധാനത്തിന്റെ തകർച്ചയിലേയ്ക്കും സാധാരണക്കാരന്റെ വൈദ്യുതി നിരക്ക് ക്രമാതീതമായി വർദ്ധിക്കുന്നതിലേയ്ക്കും നയിക്കാൻ സാധ്യതയുണ്ട്. അത്തരമൊരു വിഷമസന്ധി വന്നാൽ നിലവിൽ ക്രോസ്-സബ്സിഡി ആനുകൂല്യം ലഭിക്കുന്ന വിഭാഗങ്ങൾക്ക് ആയത് ലഭിക്കാതെ, വൈദ്യുതി അപ്രാപ്യമാകുന്ന സ്ഥിതി വരുമോ എന്നതും പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത നിയമ ഭേദഗതി നടപ്പിൽ വരുന്നതോടുകൂടി കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ വിതരണ ശൃംഖല സ്വകാര്യ കുത്തകകൾക്ക് യഥേഷ്ടം ഉപയോഗിച്ച് കൊള്ളലാഭം കൊയ്യുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുമെന്നത് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഒന്നിലധികം വിതരണ കമ്പനികൾക്ക് (ഡിസ്കോമുകൾ) ഒരേ വിതരണ മേഖലയിൽ പ്രവർത്തിക്കാൻ വ്യവസ്ഥ ചെയ്യുന്നതിനോടൊപ്പം ശൃംഖലാവികസനത്തിന്റെയും ആയതിന്റെ പരിപാലനത്തിന്റെയും ഉത്തരവാദിത്വത്തിൽനിന്നും വിതരണ കമ്പനികളെ വിടുതൽ ചെയ്യുംവിധമാണ് പുതിയ നിർദ്ദേശം. വൈദ്യുതി വിതരണത്തിൽ മുഖ്യമായ പണച്ചെലവുള്ളത് ശൃംഖലാ വികസനത്തിനും പരിപാലനത്തിനുമാണ് എന്നിരിക്കെ ഈ ഉത്തരവാദിത്വത്തിൽനിന്നും വിതരണ കമ്പനികളെ ഒഴിവാക്കുന്നത് മൂലധനനിക്ഷേപവും ഉത്തരവാദിത്വവുമില്ലാതെ ആർക്കും കടന്നുവരാവുന്ന ഒരു മേഖലയാക്കി വൈദ്യുതിവിതരണരംഗത്തെ മാറ്റാൻ സാധ്യതയുണ്ട്. ഭേദഗതി നിർദ്ദേശത്തിൽ ശൃംഖലാ വികസനത്തിന്റെയും പരിപാലനത്തിന്റെയും ചുമതല ആർക്ക് എന്നത് വ്യക്തമല്ല. സ്വാഭാവികമായും വൻമൂലധന നിക്ഷേപം ആവശ്യമുള്ളതും എന്നാൽ വർഷങ്ങൾക്ക് ശേഷംമാത്രം ലാഭം ലഭിക്കാൻ

ഇടയുള്ളതുമായ പദ്ധതികളിൽ മുതൽമുടക്കാൻ നിക്ഷേപകർ തയ്യാറാകണമെന്നില്ല. എല്ലാ വിതരണ കമ്പനികൾക്കും ഉത്തരവാദിത്വം എന്നത് ആർക്കും ഉത്തര വാദിത്വം ഇല്ലാത്ത സ്ഥിതി സംജാതമാകാൻ സാധ്യതയുണ്ട്.

(സി) കേന്ദ്രം കൊണ്ടുവന്നിട്ടുള്ള പ്രസ്തുത നിയമ ഭേദഗതി ജനങ്ങൾക്ക് കടുത്ത വെല്ലുവിളിയായി മാറുന്ന സാഹചര്യത്തിൽ സംസ്ഥാന സർക്കാർ ഈ വിഷയത്തിൽ എടുത്തിട്ടുള്ള നയസമീപനം വിശദമാക്കുമോ?

വൈദ്യുതി ബിൽ 2021 മുന്നോട്ടുവച്ചപ്പോൾ ഇത് സംസ്ഥാനത്തെ ഉപഭോക്താക്കളെയും പൊതുമേഖലാ സ്ഥാപനത്തെയും എങ്ങനെയൊക്കെ ബാധിക്കുമെന്നത് സംബന്ധിച്ച് വിശദമായ കത്ത് മുഖേന 20-2-2021-ൽ കേന്ദ്ര സർക്കാരിനെ അറിയിച്ചിരുന്നു. തുടർന്ന് ഇതുസംബന്ധിച്ച സംസ്ഥാനത്തിന്റെ നിലപാടും ഭേദഗതിമൂലം സാധാരണ ഉപഭോക്താക്കൾക്കും പൊതുമേഖലയ്ക്കും ഉണ്ടാകാനിടയുള്ള ആഘാതവും ബദൽ നിർദ്ദേശങ്ങളും കാര്യകാരണ സഹിതം 15-3-2021-ലെ എ1/131/2020/ ഊ.വ നമ്പർ അർദ്ധഔദ്യോഗിക കത്തുപ്രകാരം സംസ്ഥാന സർക്കാർ രേഖാമൂലം കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാന വൈദ്യുതി വകുപ്പുമന്ത്രി 23-7-2021-ലെ 272/M(Ele)/L/2021 കത്തുപ്രകാരം വിതരണ ശൃംഖലയുടെ വികസനത്തിലും പരിപാലനത്തിലും വരാൻ സാധ്യതയുള്ള സംസ്ഥാനത്തിന്റെ ആശങ്കകളും പ്രശ്നങ്ങളും കേന്ദ്ര ഊർജ്ജ വകുപ്പ് മന്ത്രാലയത്തെ അറിയിച്ചിട്ടുണ്ട്. വൈദ്യുതിമേഖല സംബന്ധിച്ച് തീരുമാനങ്ങളെടുക്കാൻ സംസ്ഥാനങ്ങൾക്കുള്ള അധികാരം കവരുന്നത് ഭരണഘടനയുടെ അടിസ്ഥാനത്തെ ദുർബലപ്പെടുത്തുമെന്നും ഈ കാരണങ്ങൾ കണക്കിലെടുത്ത് വൈദ്യുതി നിയമം ഭേദഗതി ചെയ്യുവാനുള്ള നീക്കത്തിൽ നിന്നും കേന്ദ്രസർക്കാർ പിന്മാറണമെന്നും വൈദ്യുതി ബിൽ ഭേദഗതി നിർദ്ദേശം പിൻവലിക്കണമെന്നും സംസ്ഥാന നിയമസഭ 5-8-2021-ന് ഒരു പ്രമേയത്തിലൂടെ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. പൊതുജനങ്ങൾക്ക് ദോഷകരമാകാൻ സാധ്യതയുള്ള ഭേദഗതി നിർദ്ദേശങ്ങൾ കേന്ദ്രസർക്കാരിന്റെയും സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും ശ്രദ്ധയിൽ കൊണ്ടുവന്ന് അവ ഒഴിവാക്കുന്നതിനായുള്ള നടപടികൾ കേരളസർക്കാർ സ്വീകരിച്ചുവരുന്നു.

## കൊണ്ടോട്ടി മുനിസിപ്പാലിറ്റിക്ക് വൈദ്യുതി വികസന പദ്ധതി

198 (680) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പാലിറ്റികളുടെ വൈദ്യുതി വികസന പദ്ധതികളായി കേന്ദ്ര സർക്കാർ വിഭാവനം ചെയ്ത ആക്സിലറേറ്റഡ് പവർ ഡെവലപ്മെന്റ് ആന്റ് റിഫോംസ് പ്രോഗ്രാം, ഇന്റഗ്രേറ്റഡ് പവർ ഡെവലപ്മെന്റ് സ്കീം എന്നീ പദ്ധതികളിൽ മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി മുനിസിപ്പാലിറ്റി ഉൾപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉൾപ്പെട്ടിട്ടില്ല. സംസ്ഥാന സർക്കാർ പ്രസിദ്ധീകരിക്കുന്ന statutory town പട്ടികയിൽ ഉൾപ്പെടുന്ന ടൗണുകളെയാണ് പദ്ധതി രൂപരേഖ പ്രകാരം ടൗണുകൾ അടിസ്ഥാന ഘടകങ്ങളായുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളായ R-APDRP (2008), IPDS (2014) എന്നിവയിൽ ഉൾപ്പെടുത്തിയിരുന്നത്. പ്രസ്തുത പട്ടികയിൽ കൊണ്ടോട്ടി മുനിസിപ്പാലിറ്റി ഉൾപ്പെട്ടിരുന്നില്ല. പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ മഞ്ചേരി സർക്കിളിനുകീഴിൽ ജനസാന്ദ്രത കൂടിയ പെരിന്തൽമണ്ണ, മഞ്ചേരി ടൗണുകളെയാണ് RAPDRP, IPDS പദ്ധതികളിൽ ഉൾപ്പെടുത്തിയത്.

(ബി) കോഴിക്കോട് വിമാനത്താവളമടക്കം ഒട്ടേറെ സ്ഥാപനങ്ങൾ ഉൾക്കൊള്ളുന്ന കൊണ്ടോട്ടി മുനിസിപ്പാലിറ്റിക്ക് റീവാംപ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീമിൽ ഒരു സ്പെഷ്യൽ പാക്കേജോ അല്ലെങ്കിൽ ബോർഡ് ബഡ്ജറ്റിൽ പ്രത്യേക പാക്കേജോ അനുവദിക്കാനുള്ള നടപടി സ്വീകരിക്കുമോ?

കൊണ്ടോട്ടി മുനിസിപ്പാലിറ്റി ഉൾപ്പെടുന്ന കൊണ്ടോട്ടി ഇലക്ട്രിക്കൽ സെക്ഷനിൽ RDSS പദ്ധതിയിൽ 6.03979 കോടി രൂപയും ബോർഡ് ബജറ്റിൽ (ദ്യുതി 2-പദ്ധതി 2022-23 മുതൽ 2026-27 വരെ) 7.15 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

## ഫിലമെന്റ് രഹിത കേരളം പദ്ധതി

199 (681) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിലമെന്റ് രഹിത കേരളം പദ്ധതിയിലൂടെ എത്ര എൽ.ഇ.ഡി. ബൾബുകൾ ഉപഭോക്താക്കൾക്ക് നൽകിയിട്ടുണ്ടെന്നും ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഫിലമെന്റ്രഹിത കേരളം പദ്ധതിയിലൂടെ 19-8-2022-ലെ കണക്കുകൾ പ്രകാരം 11228443 എൽ.ഇ.ഡി. ബൾബുകൾ 1432729 ഉപഭോക്താക്കൾക്കായി വിതരണം ചെയ്തുകഴിഞ്ഞു. പ്രസ്തുത പദ്ധതി നടപ്പിലാക്കാനായി ഒരു കോടി പതിനേഴ് ലക്ഷത്തി അൻപതിനായിരം എൽ.ഇ.ഡി. ബൾബുകൾ വാങ്ങുന്നതിനായി കെ.എസ്.ഇ.ബി.എൽ. ആകെ 54,87,25,000 രൂപ ചെലവാക്കിയിട്ടുണ്ട്.

(ബി) തെരുവുവിളക്കുകൾ എൽ.ഇ.ഡി.-യിലേയ്ക്ക് മാറ്റുന്ന പദ്ധതി പ്രകാരം എത്ര തെരുവുവിളക്കുകൾ ഇതിലേയ്ക്ക് മാറ്റിയിട്ടുണ്ടെന്നും ഇതിനായി എത്ര തുക നാളിതുവരെ ചെലവഴിച്ചിട്ടുണ്ടെന്നും അറിയിക്കാമോ?

നിലാവ് പദ്ധതി പ്രകാരം നാളിതുവരെ 3.52 ലക്ഷം തെരുവുവിളക്കുകൾ LED-യിലേയ്ക്ക് മാറ്റിയിട്ടുണ്ട്. EESL-നുള്ള പേമെന്റായി ഒന്നാംഘട്ടത്തിൽ 30.31 കോടി രൂപയും രണ്ടാംഘട്ടത്തിൽ ഇതുവരെ 20.69 കോടി രൂപയും ഉൾപ്പെടെ ആകെ 51 കോടി രൂപ ഇതുവരെ KIIFB നൽകിയിട്ടുണ്ട്. നിലവിലുള്ള പരമ്പരാഗത തെരുവുവിളക്കുകൾ അഴിച്ചുമാറ്റി പകരം പുതിയ എൽ.ഇ.ഡി. വിളക്കുകൾ സ്ഥാപിച്ച് കമ്മീഷൻ ചെയ്തുനൽകുന്ന ജോലിചെയ്ത വകയിൽ ഇതുവരെ കെ.എസ്.ഇ.ബി. ലിമിറ്റഡിന് 12.74 കോടി രൂപ നൽകിയിട്ടുണ്ട്.

**കേന്ദ്രാവിഷ്കൃത പദ്ധതികൾ**

200 (682) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതമേഖലയിൽ നടപ്പാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതൊക്കെയെന്ന് വിശദീകരിക്കാമോ ;

(ബി) പ്രസ്തുത പദ്ധതികളിലൂടെ കൈവരിച്ച ഭൗതിക നേട്ടം, പദ്ധതികൾക്ക് അനുവദിച്ച് കിട്ടിയ കേന്ദ്രസഹായം എന്നിവ വ്യക്തമാക്കാമോ ?

(എ&ബി) സംസ്ഥാന വൈദ്യുതമേഖലയിൽ നടപ്പിലാക്കാൻ അനുമതി ലഭിച്ചിരിക്കുന്ന നൂതന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് RDSS-റീവാമ്പ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം. വൈദ്യുതി വിതരണ മേഖലയുടെ വികസനവും നവീകരണവും ലക്ഷ്യമാക്കി കേന്ദ്ര ഊർജ്ജവകുപ്പ് 20-7-2021-ലെ F No.20/09/2019-IPDS ഓഫീസ് മെമ്മോറാണ്ടം പ്രകാരം നോട്ടിഫൈ ചെയ്തിട്ടുള്ള പുതിയ പദ്ധതിയാണ് RDSS (റീവാമ്പ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം). ഉപ-പ്രസരണ-വിതരണ രംഗത്ത് വിഭാവനം ചെയ്യുന്ന പരിഷ്കാര പ്രവർത്തനങ്ങൾമൂലം ഗുണമേന്മയുള്ള 24x7 വൈദ്യുതിയും ഊർജ്ജ മേഖലയുടെ സാമ്പത്തിക സുസ്ഥിരതയും മെച്ചപ്പെട്ട കാര്യക്ഷമതയും വിശ്വാസ്യതയും പ്രസ്തുത പദ്ധതി ലക്ഷ്യമിടുന്നു. 2022-23 മുതൽ 2025-2026 ആണ് പദ്ധതി കാലാവധി. വിതരണ മേഖലയുടെ ഊർജ്ജനഷ്ടം കുറയ്ക്കുന്നതിനുള്ള പ്രവൃത്തികൾക്കും കൊല്ലം, തൃശ്ശൂർ, കണ്ണൂർ എന്നീ ടൗണുകളുടെ വിദൂര നിയന്ത്രിത വിതരണ സംവിധാനത്തിനുമായി കെ.എസ്.ഇ. ബോർഡ് ലിമിറ്റഡിൽ സമർപ്പിച്ച 2,269.32 കോടി രൂപയുടെ DPR-നും 8,205.71 കോടി രൂപയുടെ പ്രീപെയ്ഡ് സ്മാർട്ട് മീറ്ററിംഗിനുള്ള അനുമതിയും പ്രസ്തുത കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി ആദ്യഘട്ടത്തിനുള്ള കേന്ദ്രാനുമതി 24-3-2022-ൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം ധാരണാപത്രം ഒപ്പിട്ടതിനു ശേഷം അനുവദിക്കാവുന്ന 5% തുകയായ 67.07 കോടി രൂപ ലഭിച്ചിട്ടുണ്ട്. പദ്ധതി ആവിഷ്കരിച്ചുവരുന്ന ഘട്ടത്തിലാണ്. ആയതിനാൽ നാളിതുവരെ ഭൗതിക നേട്ടങ്ങൾ കൈവരിക്കാറായിട്ടില്ല. സംസ്ഥാന വൈദ്യുതി ബോർഡിലെ ജനറേഷൻ മേഖലയിൽ PSDF (Power System Development Fund) എന്ന കേന്ദ്രാവിഷ്കൃത

പദ്ധതി നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതിയിലൂടെ 220 കെ.വി. സ്വിച്ച് യാർഡുകളിലെ ഉപകരണങ്ങളുടെ നവീകരണമാണ് നടപ്പിലാക്കിയത്. 20.18 കോടി രൂപ കേന്ദ്ര സഹായമായി അനുവദിച്ചതിൽ നാളിതുവരെ 13.9 കോടി രൂപ കൈപ്പറ്റിയിട്ടുണ്ട്. സംസ്ഥാന വൈദ്യുതി മേഖലയിൽ നടപ്പാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഒന്നാണ് സൗര പുരപ്പുറ സോളാർ സബ്സിഡി പദ്ധതി. സൗരസബ്സിഡി പദ്ധതിവഴി ഗാർഹിക ഉപഭോക്താക്കൾക്ക് സബ്സിഡി നിരക്കിൽ പുരപ്പുറ സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതാണ്. സബ്സിഡിയിനത്തിൽ കേന്ദ്ര സഹായമായി MNRE (കേന്ദ്ര നവ പുനരുപയോഗ ഊർജ്ജ മന്ത്രാലയം) കെ.എസ്.ഇ.ബി. ലിമിറ്റഡിന് 15-7-2021-ൽ 10,49,08,500 രൂപയും 31-1-2022-ൽ 11,08,80,000 രൂപയും അനുവദിച്ചു. സംസ്ഥാനത്ത് ഊർജ്ജമേഖലയിൽ NLDC-യുടെ പവർ സിസ്റ്റം ഡെവലപ്മെന്റ് ഫണ്ട് (PSDF) ഉപയോഗിച്ചുള്ള 7 പദ്ധതികളിൽ 4 പദ്ധതികൾ പൂർത്തീകരിച്ചു. പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പൂർത്തീകരിച്ച പദ്ധതികൾ

| പദ്ധതി | അടങ്കൽ തുക (കോടി രൂപ) | ഗ്രാന്റ് ലഭ്യമായത് (കോടി രൂപ) | ഭൗതിക നേട്ടം |
|---|---|---|---|
| 220 കെ.വി സബ് സ്റ്റേഷനുകളിലെ സുരക്ഷാ സംവിധാനത്തിന്റെ (Protection system) റെനോവേഷനും അപ്ഗ്രഡേഷനും | 91.46 | 82.3(ഗ്രാന്റ് മുഴുവനും ലഭ്യമായിട്ടുണ്ട്) | സബ്സ്റ്റേഷനുകളുടെയും അനുബന്ധലൈനുകളുടെയും സുരക്ഷ മെച്ചപ്പെടുത്താൻ സാധിച്ചു. |
| 322 സബ് സ്റ്റേഷനുകളിൽ ഓട്ടോമാറ്റിക് ഡിമാൻഡ് മാനേജ്മെന്റ് സിസ്റ്റം (ADMS) | 5.3 | 4.762 (99.84% ഗ്രാന്റ് ലഭ്യമായിട്ടുണ്ട്) ബാക്കി തുകയ്ക്കുള്ള Claim കൊടുത്തിട്ടുണ്ട്. | ADMS നടപ്പിലാക്കിയതോടെ സിസ്റ്റം ഡിമാന്റ് നിയന്ത്രിക്കുന്നതിനും അതുവഴി ഗ്രിഡിന്റെ സുരക്ഷ മെച്ചപ്പെടുത്തുന്നതിനും സാധിച്ചിട്ടുണ്ട്. |
| മാടക്കത്തറ -അരീക്കോട് 400/220 K.V. MCMV ലൈനുകളുടെ നിർമ്മാണം | 371.03 | 333.93 (ഗ്രാന്റ് മുഴുവനും ലഭ്യമായിട്ടുണ്ട്). | 3000 A ശേഷിയുള്ള 89 കി.മീ ദൈർഘ്യമുള്ള രണ്ട് 400 കെ.വി സർക്യൂട്ടുകൾ |

| | | | |
|---|---|---|---|
| | | | 400 കെ.വി മാടക്കത്തറ സബ്സ്റ്റേഷനിൽ നിന്ന് 400 കെ.വി അരീക്കോട് സബ്സ്റ്റേഷനിലേക്കും 2x 1500 A ശേഷിയുള്ള 105 കി.മീ. ദൈർഘ്യമുള്ള 220 കെ.വി. ലൈൻ PGCIL ന്റെ 2000 മെഗാവാട്ട് HDVC തൃശ്ശൂർ സ്റ്റേഷനിൽനിന്നും 220 കെ.വി നല്ലളം സബ്സ്റ്റേഷനുമായി ബന്ധിപ്പിക്കുന്നതാണ് പദ്ധതി. പദ്ധതി പൂർത്തീകരിച്ചതോടെ 2000 മെഗാവാട്ട് HDVC തൃശ്ശൂർ സ്റ്റേഷനിൽ നിന്നുള്ള വൈദ്യുതി കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രത്യേകിച്ച് വടക്കൻ ജില്ലകളിൽ എത്തിക്കാനായി. കൂടാതെ മാടക്കത്തറ 400 കെ.വി. സബ്സ്റ്റേഷനെ അരീക്കോട്-മൈസൂർ ലൈനുമായി ബന്ധിപ്പിച്ച തോടെ ഇൻട്രാസ്റ്റേറ്റ് ലൈനുകളുടെ ലഭ്യത കൂട്ടുകയും അതുവഴി പുറത്തുനിന്നുള്ള വൈദ്യുതി സംസ്ഥാനത്തേക്ക് എത്തിക്കാനുമായി |
| കക്കയം -നല്ലളം 110 kV ലൈനിന്റെ ശേഷി വർദ്ധിപ്പിക്കൽ, നല്ലളം-ചേവായൂർ-വെസ്റ്റ് ഹിൽ-കൊയിലാണ്ടി 110 kvലൈനുകൾ ഡബിൾ സർക്യൂട്ടാക്കി മാറ്റൽ | 89.13 | 57.517 (ഗ്രാന്റ് മുഴുവനും ലഭ്യമായിട്ടുണ്ട്) | നല്ലളം - കക്കയം ലൈനിന്റെ ശേഷി 2x630 ആമ്പിയർ ആയി വർദ്ധിച്ചതോടെ കക്കയം ഹൈഡ്രോ ഇലക്ട്രിക് സ്റ്റേഷനിൽ നിന്നുള്ള മുഴുവൻ വൈദ്യുതിയും നല്ലളത്ത് |

| | | | |
|---|---|---|---|
| | | | എത്തിക്കാനാകും. ഇതുവഴി സ്ലിൽ സമയത്തും പീക് സമയത്തും കക്കയം പദ്ധതി പൂർണ്ണതോതിൽ പ്രവർത്തിക്കാനാകും. നല്ലളം മുതൽ മേപ്പയൂർ വരെയുള്ള ലൈനിന്റെ ശേഷി വർദ്ധിപ്പിച്ചതോടെ ചേവായൂർ കൊയിലാണ്ടി, മേപ്പയൂർ, മാങ്കാവ്, വെസ്റ്റ്ഹിൽ തുടങ്ങിയ 110 കെവി സബ്സ്റ്റേഷന്റെ പരിധിയിൽവരുന്ന ഉപഭോക്താക്കൾക്ക് തടസ്സമില്ലാത്ത വൈദ്യുതി വിതരണം നടത്താനായി. കൂടാതെ പ്രസരണ നഷ്ടത്തിൽ ഗണ്യമായ കുറവും കണക്കാക്കുന്നു. |

**നടപ്പിലാക്കിവരുന്ന പദ്ധതികൾ**

| പദ്ധതി | അടങ്കൽ തുക (കോടി രൂപ) | ഗ്രാന്റ് ലഭ്യമായത് (കോടി രൂപ) | ഭൗതിക നേട്ടം |
|---|---|---|---|
| പ്രധാന ജനറേറ്റിംഗ് സ്റ്റേഷനുകളിൽ സ്വിച്ച് യാർഡ് ഉപകരണങ്ങളുടെ റെനോവേഷനും അപ്ഗ്രഡേഷനും. ഓട്ടോമാറ്റിക് ജനറേഷൻ കൺട്രോൾ സിസ്റ്റവും ഓട്ടോമാറ്റിക് മീറ്റർ റീഡിംഗ് സംവിധാനവും നിർമ്മിക്കുന്ന പ്രവൃത്തികൾ | 22.42 | 13.909 | കാലപ്പഴക്കം ചെന്ന ഉപകരണങ്ങൾ നവീകരിക്കുക വഴി വൈദ്യുതി തടസ്സം ഗണ്യമായി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| സംസ്ഥാനത്തെ സബ്സ്റ്റേഷനുകൾ ബന്ധിപ്പിച്ചുകൊണ്ടുള്ള റിലയബിൾ കമ്മ്യൂണിക്കേഷൻ & ഡാറ്റ അക്വിസിഷൻ സിസ്റ്റം | 147.52 | 16.778 | പദ്ധതി പൂർത്തീകരിക്കുന്നതോടെ 110 കെ.വി-യും അതിനുമുകളിലുള്ള വോൾട്ടേജിലുമുള്ള എല്ലാ സബ്സ്റ്റേഷനുകളും ഒപ്റ്റിക്കൽ ഫൈബർ ശൃംഖലയിലായിത്തീരും. ഇതുവഴി സബ്സ്റ്റേഷനുകളിലെ Real time data കളമശ്ശേരി ലോഡ് ഡെസ്പാച്ച് സെന്ററിൽ എത്തിക്കുന്നതിന് സാധിക്കും. |
| സംസ്ഥാനത്തെ SLDC യിൽ എനർജി അക്കൗണ്ടിംഗിനുവേണ്ടി SAMAST (Scheduling, Accounting, Metering and Settlement of Transaction) in Electricity എന്ന പദ്ധതി | 17.56 | 1.58 | വിവരസാങ്കേതിക വിദ്യയിലധിഷ്ഠിതമായി നടപ്പിലാക്കുന്ന SAMAST പദ്ധതി പൂർത്തീകരിക്കുന്നതോടെ കളമശ്ശേരി ലോഡ് ഡെസ്പാച്ച് സെന്ററിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ സാധിക്കും. |

കൂടാതെ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽനിന്ന് ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി, ലോഡ് സെന്ററുകളിലേയ്ക്ക് എത്തിയ്ക്കാൻവേണ്ടി പ്രസരണ മേഖലയിൽ 1458 കോടി രൂപയുടെ മൂന്നു പ്രോജക്ടുകൾ (അട്ടപ്പാടി ഗ്രീൻ പവർ കോറിഡോർ പദ്ധതി, രാമക്കൽമേട് ഗ്രീൻ പവർ കോറിഡോർ പദ്ധതി, നോർത്ത് ഗ്രീൻ പവർ കോറിഡോർ പദ്ധതി) വിഭാവനം ചെയ്തിട്ടുണ്ട്. ഇതിൽ അട്ടപ്പാടി, രാമക്കൽമേട് ഗ്രീൻ പവർ കോറിഡോർ പദ്ധതികൾക്ക് പാരമ്പര്യേതര ഊർജ്ജ വകുപ്പ് (Ministry of New and Renewable Energy) 4-3-2022-ലെ കത്തുപ്രകാരം കേന്ദ്ര ഗവണ്മെന്റിന്റെ GEC II സ്കീമിൽ 138.71 കോടി രൂപയുടെ ഗ്രാന്റ് (പ്രസ്തുത പദ്ധതികളുടെ അംഗീകാരത്തുകയുടെ 33%) ലഭ്യമാക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. GEC II സ്കീം മാനദണ്ഡപ്രകാരം 2025-26 കാലയളവിൽ പ്രവൃത്തികൾ പൂർത്തീകരിക്കണമെന്നാണ് നിഷ്കർഷിച്ചിരിക്കുന്നത്. പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ പ്രവൃത്തികൾ തുടങ്ങിക്കഴിഞ്ഞു. നോർത്ത് ഗ്രീൻ പവർ കോറിഡോർ (വയനാട്-കാസർഗോഡ് ഗ്രീൻ പവർ കോറിഡോർ) പദ്ധതി കൂടി അതിന്റെ പ്രാധാന്യം കണക്കിലെടുത്ത് GEC II സ്കീമിൽ ഉൾപ്പെടുത്തി ഗ്രാന്റ് ലഭ്യമാക്കുന്നതിനുവേണ്ടി കേന്ദ്രഗവണ്മെന്റിലേയ്ക്ക് അഭ്യർത്ഥിച്ചിട്ടുണ്ട്.

അനർട്ടിനുകീഴിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

പ്രധാനമന്ത്രി-കുസും പദ്ധതി-കാർഷിക ആവശ്യത്തിനായി വിനിയോഗിച്ചു വരുന്ന പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേക്ക് മാറ്റുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി-കുസും പദ്ധതി പ്രകാരം അനെർട്ട് മുഖേന രണ്ട് പദ്ധതികൾ സംസ്ഥാനത്ത് ഇപ്പോൾ നടപ്പിലാക്കിവരുന്നു. വൈദ്യുതി എത്താത്ത സ്ഥലങ്ങളിലെ കാർഷിക ഡീസൽ പമ്പുകൾ സോളാറിലേക്ക് മാറ്റുന്ന പദ്ധതിയും കാർഷിക ആവശ്യത്തിനായി വിനിയോഗിച്ചുവരുന്ന പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേക്ക് മാറ്റുന്നതിനുള്ള പദ്ധതിയും. ഈ പദ്ധതികൾ പ്രകാരം എം.എൻ.ആർ.ഇ നിശ്ചയിക്കുന്ന ബെഞ്ച് മാർക്ക് വിലയുടെ 30 ശതമാനം കേന്ദ്ര സർക്കാർ സബ്സിഡിയായി നൽകും. ടെണ്ടർ നിരക്കിന്റെ 40 ശതമാനം ഗുണഭോക്താക്കളും ബാക്കി തുക അനെർട്ടുമാണ് നൽകുന്നത്. ആദ്യഘട്ടമായി 100 കാർഷിക പമ്പുകൾ സൗരോർജ്ജത്തിലേയ്ക്ക് മാറ്റുന്ന പ്രവർത്തനം ഇപ്പോൾ നടന്നുവരുന്നു. അടുത്ത ഘട്ടമായി 9,348 കാർഷിക പമ്പുകൾ സൗരോർജ്ജ ത്തിലേയ്ക്ക് മാറ്റുന്നതിന് കേന്ദ്ര നവ-നവീകരണ ഊർജ്ജ മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതി കേന്ദ്ര നവ-നവീകരണ ഊർജ്ജ മന്ത്രാലയം കെ.എസ്.ഇ.ബി.എൽ മുഖേന നടപ്പിലാക്കുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ 25 മെഗാവാട്ട് ശേഷി അനെർട്ട് മുഖേന സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു. ഗാർഹിക ഉപഭോക്താക്കൾ സ്ഥാപിക്കുന്ന 10 കിലോവാട്ട് വരെ ശേഷിയുള്ള സൗരോർജ്ജ പ്ലാന്റിനാണ് സബ്സിഡി നൽകുന്നത്. പ്രധാനമന്ത്രി - കുസും പദ്ധതി പ്രകാരം സംസ്ഥാനത്ത് കാർഷികാവശ്യത്തിനായി വിനിയോഗിച്ചു വരുന്ന 28 പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേക്ക് മാറ്റുന്നതിനുള്ള പ്രവർത്തനം അനെർട്ട് മുഖേന പൂർത്തിയായി. ഇതിനുള്ള കേന്ദ്ര സബ്സിഡി ലഭിച്ചിട്ടില്ല. കേന്ദ്ര നവ-നവീകരണ ഊർജ്ജ മന്ത്രാലയം കെ.എസ്.ഇ.ബി.എൽ മുഖേന നടപ്പിലാക്കുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതി പ്രകാരം അനെർട്ട് മുഖേന ആകെ 1.125 മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചു. ഇതിനുള്ള കേന്ദ്ര സബ്സിഡി ലഭിച്ചിട്ടില്ല.

## ഗുരുവായൂർ നിയോജകമണ്ഡലത്തിലെ നിലാവ് പദ്ധതി

201 (683) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലാവ് പദ്ധതി പ്രകാരം ഗുരുവായൂർ നിയോജകമണ്ഡലത്തിലെ ഏതൊക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എത്ര തെരുവുവിളക്കുകൾ സ്ഥാപിച്ചുവെന്നതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

നിലാവ് പദ്ധതി പ്രകാരം ഗുരുവായൂർ മണ്ഡലത്തിലെ ഒരുമനയൂർ പഞ്ചായത്തിൽ 500, പുന്നയൂരി പഞ്ചായത്തിൽ 500, വടക്കേക്കാട് പഞ്ചായത്തിൽ 500 വീതം തെരുവുവിളക്കുകൾ സ്ഥാപിച്ചു.

(ബി) പ്രസ്തുത പദ്ധതി പ്രകാരം തെരുവുവിളക്കുകൾ സ്ഥാപിക്കുന്നത് എപ്പോൾ പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കാമോ?

നിലാവ് പദ്ധതി പ്രകാരമുള്ള ഗുരുവായൂർ മണ്ഡലത്തിലെ പ്രവൃത്തികൾ പൂർത്തീകരിച്ചുകഴിഞ്ഞിട്ടുണ്ട്.

## വയനാട് - കാസർഗോഡ് 400 കെ.വി. പവർഹൈവേ പദ്ധതി

202 (684) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് - കാസർഗോഡ് 400 കെ.വി. പവർഹൈവേ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ പുരോഗതി അറിയിക്കാമോ?

വയനാട് മുതൽ കാസർഗോഡ് വരെയുള്ള 125 കി.മീ. 400 കെ.വി. ലൈൻ നിർമ്മാണത്തിനുള്ള കരാർ 19-4-2022-ന് ലാർസൻ & ട്ടൂബ്രോ ലിമിറ്റഡ് എന്ന കമ്പനിക്ക് നൽകിയിട്ടുണ്ട്. ലൈൻ നിർമ്മാണവുമായി ബന്ധപ്പെട്ട ഫൗണ്ടേഷൻ വർക്കുകൾ ആരംഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്കായി സ്ഥലമേറ്റെടുക്കൽ നടപടി ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

പ്രസരണ ലൈൻ നിർമ്മാണവുമായി ബന്ധപ്പെട്ട്, അവ കടന്നുപോകുന്ന സ്ഥലം ഏറ്റെടുക്കേണ്ടതില്ല. പകരം ലൈൻ നിർമ്മാണവുമായി ബന്ധപ്പെട്ടുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരമായി നിലവിലെ മാനദണ്ഡങ്ങൾ അനുസരിച്ചുള്ള തുക നൽകുന്നതാണ്. വയനാട്-കാസർഗോഡ് ലൈൻ കടന്നുപോകുന്ന സ്ഥലത്തിന്റെ ഉടമകൾക്ക് നിർമ്മാണ പ്രവർത്തനം സംബന്ധിച്ച് നോട്ടീസുകൾ വിതരണം ചെയ്തുവരുന്നു.

(സി) ഏറ്റെടുക്കുന്ന സ്ഥലത്തിന് നഷ്ടപരിഹാരം നൽകുന്നതിനുള്ള മാനദണ്ഡം തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

പ്രസരണ ലൈൻ കടന്നുപോകുന്ന സ്ഥലത്തിന് നഷ്ടപരിഹാരം നൽകുന്നതിനുള്ള പ്രത്യേക മാനദണ്ഡം തയ്യാറാക്കിയിട്ടില്ല. മറിച്ച് ട്രാൻസ്മിഷൻ ലൈൻ നിർമ്മാണ വുമായി ബന്ധപ്പെട്ട, കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ (MoP) നിലവിലുള്ള മാനദണ്ഡങ്ങൾ KSEBL-ലും ബാധകമാണ്. പ്രസ്തുത മാനദണ്ഡപ്രകാരം പ്രസരണ ലൈൻ കടന്നുപോകുന്ന ഇടനാഴിക്ക് ഭൂമിയുടെ ന്യായവിലയുടെ 15 ശതമാനവും ടവർ സ്ഥാപിക്കുന്ന സ്ഥലത്തിന് (ടവർ കാലുകൾക്കുള്ളിൽ വരുന്നത്) ഭൂമിയുടെ ന്യായവിലയുടെ 85 ശതമാനവും നഷ്ടപരിഹാരമായി നൽകുന്നതാണ്. കൂടാതെ, നഗര പരിധിയിലൂടെയാണ് ലൈൻ കടന്നുപോകുന്നതെങ്കിൽ ലൈൻ കടന്നു പോകുന്ന ഇടനാഴിക്ക് ഭൂമിയുടെ ന്യായവിലയുടെ 15 ശതമാനം അധികമായി നൽകുന്നതാണ്. ലൈൻ നിർമ്മിക്കുന്നത് മൂലമുണ്ടാകുന്ന വിളകളുടെയും മരങ്ങളുടെയും നാശനഷ്ടങ്ങൾക്ക് നൽകുന്ന നഷ്ടപരിഹാരത്തുകയ്ക്ക് പുറമെയാണിത്. ബന്ധപ്പെട്ട കളക്ടർമാരിൽനിന്ന് റിപ്പോർട്ട് ലഭ്യമാക്കി സ്പെഷ്യൽ പാക്കേജ് രൂപപ്പെടുത്തുന്ന തിനായി സമഗ്രമായ റിപ്പോർട്ട് സമർപ്പിക്കാൻ KSEBL-ന് നിർദ്ദേശം നൽകി യിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതിക്കായി എത്ര തുകയാണ് കിഫ്ബിയിൽനിന്ന് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

വയനാട്-കാസർഗോഡ് 400 കെ.വി. ലൈനിന്റെ നിർമ്മാണം കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## പുരപ്പുറ സൗരോർജ്ജപദ്ധതി

203 (685) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.എൽ. അനെർട്ടുമായി ചേർന്ന് നടപ്പിലാക്കുന്ന പുരപ്പുറ സൗരോർജ്ജപദ്ധതി കേരളത്തിലെ എത്ര വീടുകളിൽ ഇതുവരെ നടപ്പാക്കിയിട്ടുണ്ടെന്ന് ജില്ലാടിസ്ഥാനത്തിൽ വിശദമാക്കാമോ?

കെ.എസ്.ഇ.ബി. ലിമിറ്റഡ്, അനെർട്ടുമായി ചേർന്ന് നടപ്പാക്കുന്ന പുരപ്പുറ സൗരോർജ്ജ പദ്ധതിയിൽ കെ.എസ്.ഇ.ബി.എൽ. മുഖേന 13,843 വീടുകളിലും അനെർട്ട് മുഖേന 349 വീടുകളിലും സൗരനിലയങ്ങൾ സ്ഥാപിച്ചു. കെ.എസ്.ഇ.ബി.എൽ., അനെർട്ട് എന്നീ സ്ഥാപനങ്ങൾ മുഖേന സ്ഥാപിച്ച സൗരനിലയങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് യഥാക്രമം അനുബന്ധം (1) ഉം (2) ഉം ആയി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഈ പദ്ധതി പ്രകാരം ഉപഭോക്താവ് ചെലവാക്കേണ്ട തുകയും നൽകുന്ന സബ്സിഡി തുകയും വ്യക്തമാക്കാമോ?

ഗാർഹിക ഉപഭോക്താക്കൾക്ക് പങ്കെടുക്കാനാകുന്ന ഈ പദ്ധതിയിൽ ഒന്ന് മുതൽ മൂന്ന് കിലോവാട്ട് വരെ ശേഷിയുള്ള നിലയങ്ങൾക്ക് 40% സബ്സിഡിയും നാല് മുതൽ 10 കിലോവാട്ട് വരെ ശേഷിയുള്ള നിലയങ്ങൾക്ക് ആദ്യ മൂന്ന് കിലോവാട്ടിന് 40 ശതമാനവും തുടർന്ന് ഓരോ കിലോവാട്ടിനും 20 ശതമാനവും സബ്സിഡി എന്ന രീതിയിലാണ് കേന്ദ്ര സർക്കാർ സബ്സിഡി നൽകുന്നത്. 10 KW-നു മുകളിൽ സബ്സിഡിയില്ല. എന്നാൽ ഹൗസിംഗ് സൊസൈറ്റികൾക്ക് 10 KW-നു മുകളിൽ 20 ശതമാനം സബ്സിഡി അനുവദിക്കുന്നുണ്ട്.

(സി) നടപ്പുസാമ്പത്തിക വർഷം ഇനി എത്ര വീടുകളിൽ കൂടി ഇത് സ്ഥാപിക്കാൻ ലക്ഷ്യമിടുന്നുവെന്ന് വിശദമാക്കാമോ?

നടപ്പുസാമ്പത്തിക വർഷം കെ.എസ്.ഇ.ബി.എൽ. മുഖേന, ശേഷിക്കുന്ന കപ്പാസിറ്റിക്കനുസൃതമായി, 40,000-ത്തോളം വീടുകളിലും അനെർട്ട് മുഖേന 5,500 വീടുകളിലും ഈ പദ്ധതി പ്രകാരം സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു.

(ഡി) സർക്കാർ സ്ഥാപനങ്ങളിൽ ഇവ സ്ഥാപിക്കുന്നതിന് കൂടുതൽ സബ്സിഡി ഇളവുകൾ നൽകുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

പുരപ്പുറ സൗരോർജ്ജ പദ്ധതി ഗാർഹിക ഉപഭോക്താക്കൾക്ക് മാത്രമാണ് ലഭ്യമായിട്ടുള്ളത്. റിന്യൂവബിൾ എനർജി സേവനദാതാക്കൾ മുഖേന സ്വകാര്യ പങ്കാളിത്വത്തിൽ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും ഒരു നിശ്ചിത നിരക്കിൽ സർക്കാർ സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുന്ന റെസ്കോ മോഡൽ സംസ്ഥാനത്ത് അനെർട്ട് മുഖേന വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സജീവമായി പരിഗണിച്ചുവരുന്നു.

**ചെറുകിട ജലവൈദ്യുത പദ്ധതികൾ**

204 (686) ഡോ. എം. കെ. മുനീർ:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡ് ഏറ്റെടുക്കുന്ന വിവിധ ചെറുകിട ജലവൈദ്യുത പദ്ധതികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

കെ.എസ്.ഇ.ബി.എൽ. ഏറ്റെടുത്ത വിവിധ ചെറുകിട ജലവൈദ്യുത പദ്ധതികൾ ചുവടെ ചേർക്കുന്നു.

| നമ്പർ | പദ്ധതി | ശേഷി |
|---|---|---|
| 1 | പെരുവണ്ണാമൂഴി | 6 MW |
| 2 | പഴശ്ശിസാഗർ | 7.5 MW |
| 3 | ഭൂതത്താൻകെട്ട് | 24 MW |

പെരുവണ്ണാമൂഴി (2x3 MW)

25-1-2021-ൽ പ്രസ്തുത പദ്ധതിയുടെ ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ M/s. Kirloskar Brothers Ltd. എന്ന കമ്പനിക്ക് അവാർഡ് ചെയ്തു. ഡ്രായിംഗ് അപ്രൂവൽ പുരോഗമിക്കുന്നു. 2023 മാർച്ച് മാസം പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നു. E&M പുരോഗതി 7.5%. സിവിൽ ജോലികളുടെ പുരോഗതി 87%.

2. പഴശ്ശിസാഗർ (3x2.5 MW)

25-1-2021- ൽ പ്രസ്തുത പദ്ധതിയുടെ ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ M/s. Kirloskar Brothers Ltd. എന്ന കമ്പനിക്ക് അവാർഡ് ചെയ്തു. ഡ്രായിംഗ് അപ്രൂവൽ പുരോഗമിക്കുന്നു. 2023 സെപ്റ്റംബർ മാസം പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു.

3. ഭൂതത്താൻകെട്ട് (3x8 MW)

ഇലക്ട്രോ മെക്കാനിക്കൽ പുരോഗതി 86.61 ശതമാനം പൂർത്തീകരിച്ചു. ചൈനയിൽ നിന്നും സാമഗ്രികൾ ഇറക്കുമതി ചെയ്യുന്നതിനാവശ്യമായ തുക കോൺട്രാക്ടർക്ക് കൊടുക്കുന്നതിനായിട്ടുള്ള ഒരു ത്രികക്ഷി കരാർ KSEBLM/s.SSEB& M/s.Hunan ഒപ്പിട്ടു. പദ്ധതി 2023 മാർച്ച് മാസത്തോടെ കമ്മീഷൻ ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. ഇവ കൂടാതെ 2021 ഏപ്രിൽ മുതൽ പൂർത്തീകരിച്ച ചെറുകിട ജലവൈദ്യുത പദ്ധതികൾ, അപ്പർകല്ലാർ (2x1 MW), പൊരിങ്ങൽക്കുത്ത് (1x24MW) എന്നിവയാണ്. കെ.എസ്.ഇ.ബി.എൽ.-ന്റെ കീഴിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്ന ചെറുകിട ജലവൈദ്യുത പദ്ധതികളുടെ വിവരം അനുബന്ധം (1) ആയും* സ്ഥലം ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്ന ചെറുകിട ജലവൈദ്യുത പദ്ധതികളുടെ വിവരം അനുബന്ധം (2) ആയും* പര്യവേഷണ സാധ്യതാപഠനങ്ങൾ പുരോഗമിക്കുന്ന ചെറുകിട ജലവൈദ്യുത പദ്ധതികളുടെ വിവരം അനുബന്ധം (3) ആയും* ചേർത്തിരിക്കുന്നു. ഇതിന് പുറമേ ചെറുകിട ജലവൈദ്യുത പദ്ധതികളായ ഒലീക്കൽ (5MW), പൂവാരംതോട് (3MW), അപ്പർ ചെങ്കുളം (24MW), മരിപ്പുഴ (6MW) എന്നീ ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള അനുബന്ധ നടപടികൾ പുരോഗമിക്കുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പദ്ധതികളിൽ എത്രയെണ്ണമാണ് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും ശേഷിക്കുന്നവ ഉപേക്ഷിക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്നും അറിയിക്കാമോ?

എല്ലാ പദ്ധതികളും പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു.

**വൈപ്പിൻ നിലാവ് പദ്ധതി**

205 (687) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'നിലാവ്' പദ്ധതി പ്രകാരം വൈപ്പിൻ നിയോജകമണ്ഡലത്തിൽ എത്ര ലൈറ്റുകൾ എവിടെയെല്ലാം സ്ഥാപിച്ചുവെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

'നിലാവ്' പദ്ധതി പ്രകാരം വൈപ്പിൻ മണ്ഡലത്തിൽ സ്ഥാപിച്ച ലൈറ്റുകളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് ചുവടെ ചേർക്കുന്നു.

| പഞ്ചായത്ത് | ലൈറ്റുകളുടെ എണ്ണം |
|---|---|
| പള്ളിപ്പുറം | 2500 |
| എളംകുന്നപ്പുഴ | 1500 |
| എടവനക്കാട് | 500 |

(ബി) പ്രസ്തുത പദ്ധതി പ്രകാരം സ്ഥാപിക്കുന്ന ലൈറ്റുകൾക്ക് കേടുപാടുകൾ സംഭവിക്കുമ്പോൾ മാറ്റിയിടേണ്ട ഉത്തരവാദിത്വം ആർക്കാണെന്ന് വ്യക്തമാക്കാമോ?

'നിലാവ്' പദ്ധതി പ്രകാരം സ്ഥാപിച്ചിട്ടുള്ള എൽ.ഇ.ഡി. തെരുവുവിളക്കുകൾ പ്രവർത്തനരഹിതമായാൽ അതുമാറ്റി സ്ഥാപിക്കേണ്ട ചുമതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. വാറന്റി കാലയളവിൽ മാറ്റി ലഭിക്കുന്ന എൽ.ഇ.ഡി. ലൈറ്റുകൾ പുനഃസ്ഥാപിക്കുന്നതിനും പ്രസ്തുത എൽ.ഇ.ഡി.കളുടെ മെയിന്റനൻസ് നടത്തുന്നതിനുമുള്ള ചുമതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിരിക്കും. മെയിന്റനൻസ് ചെലവ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കേണ്ടതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിലവിൽ മറ്റ് തെരുവുവിളക്കുകൾക്ക് ചെയ്തുവരുന്നത് പോലെ AMC കരാറുകാരെ സമീപിച്ചാൽ മെയിന്റനൻസ് നടപ്പിലാക്കാവുന്നതാണ്.

(സി) 'നിലാവ്' പദ്ധതിയെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

നിലാവ് പദ്ധതിയുടെ വിശദാംശങ്ങൾ:

'നിലാവ്' പദ്ധതിയിലൂടെ സംസ്ഥാനത്തെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നിലവിലുള്ള പരമ്പരാഗത തെരുവുവിളക്കുകൾ മാറ്റി കൂടുതൽ ഔട്ട്പുട്ട് കാര്യക്ഷമതയും ഊർജ്ജക്ഷമതയുമുള്ള പരിസ്ഥിതി സൗഹൃദ എൽ.ഇ.ഡി. തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിനാണ് സംസ്ഥാന സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്. ഈ പദ്ധതി മുഖ്യമന്ത്രിയുടെ മുൻഗണനാ പദ്ധതികളിൽ (Priority Projects) ഉൾപ്പെടുത്തിയിരിക്കുന്നു. തദ്ദേശസ്വയംഭരണ വകുപ്പിനുവേണ്ടി കെ.എസ്.ഇ.ബി.എൽ. തയ്യാറാക്കി KIIFB അംഗീകരിച്ച ഡി.പി.ആർ. പ്രകാരം 298 കോടി രൂപയാണ് ആകെ പദ്ധതി ചെലവ് കണക്കാക്കിയിട്ടുള്ളത്. 'നിലാവ്' പദ്ധതിയിൽ ചേരുവാനുള്ള തീരുമാനം എടുക്കേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. 'നിലാവ്' പദ്ധതിയിൽ ചേരുവാനുള്ള താത്പര്യം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ റെസല്യൂഷൻ പാസ്സാക്കി കെ.എസ്.ഇ.ബി.എൽ.-ന് നൽകുകയും എൽ.ഇ.ഡി. വിളക്കുകൾ സ്ഥാപിക്കേണ്ട ലൊക്കേഷനുകൾ കെ.എസ്.ഇ.ബി.എൽ.-മായി ചേർന്ന് സംയുക്തപരിശോധന നടത്തി ആവശ്യമായ എൽ.ഇ.ഡി. വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തി നൽകുകയുംവേണം. 'നിലാവ്' പദ്ധതിയിൽച്ചേരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതിച്ചെലവ് തുക മുൻകൂർ അടയ്ക്കേണ്ടതില്ല. പദ്ധതിക്കുവേണ്ട ഫണ്ട് KIIFB നൽകും. പദ്ധതിക്കുവേണ്ടി എൽ.ഇ.ഡി. തെരുവുവിളക്കുകൾ സപ്ലൈ ചെയ്യുന്ന EESL-ന് ഇൻവോയ്സ് പ്രകാരമുള്ള തുക KIIFB നേരിട്ട് നൽകും. എൽ.ഇ.ഡി. വിളക്കുകൾ സ്ഥാപിക്കുന്നതിലൂടെ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തുടർന്നുള്ള വൈദ്യുതി ബിൽ ഇനത്തിൽ ലഭിക്കുന്ന ലാഭത്തിൽ നിന്നാണ് KIIFB-യ്ക്കുള്ള തിരിച്ചടവ് നടത്തേണ്ടത്. ഏഴുവർഷങ്ങൾ കൊണ്ട് KIIFB-യ്ക്ക് തിരിച്ചടയ്ക്കേണ്ട ഈ തുക ഓരോ സാമ്പത്തിക വർഷത്തിലും ധനകാര്യ വകുപ്പ് തദ്ദേശ സ്ഥാപനങ്ങളുടെ വികസന ഫണ്ടിന്റെ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത് നേരിട്ട് KIIFB-യ്ക്ക് നൽകും.

## വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ ഇലക്ട്രിക് വാഹനങ്ങൾക്കായി ചാർജ്ജിംഗ് പോയിന്റ് സംവിധാനം

206 (688) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ ഇലക്ട്രിക് വാഹനങ്ങൾക്കായി ചാർജ്ജിംഗ് പോയിന്റ് സ്ഥാപിക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

വടക്കാഞ്ചേരി നിയോജക മണ്ഡലത്തിൽ പോൾ മൗണ്ടഡ് ചാർജ്ജിംഗ് പോയിന്റുകൾ സ്ഥാപിക്കുന്ന KSEBL-ന്റെ പദ്ധതി പുരോഗമിക്കുന്നു. രണ്ടു മാസത്തിനകം പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. പൊതുസ്ഥലങ്ങളിൽ

ഇലക്ട്രിക് വാഹനങ്ങൾക്കായി ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള അനെർട്ടിന്റെ പദ്ധതി പ്രകാരം വടക്കാഞ്ചേരി നിയോജകമണ്ഡല പരിധിയിൽ ഉൾപ്പെടുന്ന മുളങ്കുന്നത്തുകാവ് 'കില' ക്യാമ്പസിൽ ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്ന പ്രവർത്തനം പൂർത്തിയായി.

(ബി) വടക്കാഞ്ചേരി മണ്ഡലത്തിൽ വൈദ്യുതവാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിനായി എത്ര പോസ്റ്റുകളിൽ ചാർജ്ജിംഗ് പോയിന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്നും എവിടെയൊക്കെയാണ് ഇത് ഏർപ്പെടുത്തിയിട്ടുള്ളതെന്നും വിശദാംശം ലഭ്യമാക്കുമോ?

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ താഴെപ്പറയുന്ന ഏഴ് പോസ്റ്റുകളിലാണ് വൈദ്യുത വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിനായി പോൾ മൗണ്ടഡ് ചാർജ്ജിംഗ് പോയിന്റുകൾ സ്ഥാപിക്കുന്നത്.

1. ഓട്ടുപാറ ബസ് സ്റ്റാന്റിന് എതിർവശം

2. തെക്കുംകര പഞ്ചായത്തിന് എതിർവശം

3. ഇ. എസ്. ഐ.-യ്ക്ക് സമീപം

4. ക്ഷേത്രം (യൂണിയൻ ഷെഡ്ഡിനുസമീപം)

5. മുണ്ടൂർ പമ്പ് വെട്ടിക്കാവ് ട്രാൻസ്ഫോർമർ

6. കിഴക്കേ അങ്ങാടി

7. കെൽട്രോൺ പബ്ലിക്ക് ടോയ്‌ലെറ്റിന് സമീപം

**പെരുവണ്ണാമൂഴി ചെറുകിട ജലവൈദ്യുത പദ്ധതി**

207 (689) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിലെ പെരുവണ്ണാമൂഴി ചെറുകിട ജലവൈദ്യുത പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ?

പെരുവണ്ണാമൂഴി ചെറുകിട ജലവൈദ്യുത പദ്ധതിയുടെ സിവിൽ ജോലികൾ 87ശതമാനവും ഇലക്ട്രോ മെക്കാനിക്കൽ ജോലികൾ 7.5ശതമാനവും പൂർത്തീകരിച്ചു. ഡ്രായിംഗ് അപ്രൂവൽ പുരോഗമിക്കുന്നു.

(ബി) പ്രസ്തുത പദ്ധതി എപ്പോൾ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് അറിയിക്കാമോ?

ഈ പദ്ധതി 31-3-2023-ൽ കമ്മീഷൻ ചെയ്യാൻ ലക്ഷ്യമിടുന്നു.

(സി) ഈ പദ്ധതിയിലൂടെ ഉത്പാദിപ്പിക്കപ്പെടുന്ന വൈദ്യുതി വിതരണം ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്പാദിപ്പിക്കുന്ന വൈദ്യുതി ചക്കിട്ടപാറ സബ്സ്റ്റേഷനിൽ എത്തിച്ച് വിതരണം ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി ഭൂഗർഭ കേബിളുകൾ, A പോളുകളിലൂടെ പോകുന്ന ലൈനുകൾ എന്നിവ വഴിയാണ് സബ്സ്റ്റേഷനിൽ വൈദ്യുതിയെത്തിക്കുന്നത്.

(ഡി) ഉത്പാദിപ്പിക്കപ്പെടുന്ന വൈദ്യുതി ചക്കിട്ടപാറ സബ്സ്റ്റേഷനിൽ എത്തിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്?

ചക്കിട്ടപാറ അങ്ങാടിയിൽക്കൂടിയുള്ള ഭൂഗർഭ കേബിൾ സ്ഥാപിക്കാനുള്ള പ്രാരംഭനടപടികൾ പൂർത്തിയായി. ഇനി പെരുവണ്ണാമൂഴിയിലെ ഭൂഗർഭ കേബിൾ സ്ഥാപിക്കാനുള്ള പണി ചെയ്യാനുണ്ട്. A പോളുകൾ 66 എണ്ണം ചക്കിട്ടപാറ പെരുവണ്ണാമൂഴി റൂട്ടിൽ സ്ഥാപിച്ചുകഴിഞ്ഞു. ഇനി A പോളുകളിലൂടെയുള്ള ലൈനിന്റെ പണിയാണ് ബാക്കിയുള്ളത്.

(ഇ) നിലവിലുള്ള പ്രവൃത്തികൾക്ക് എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ലൈനുകൾ കടന്നുപോകുന്ന ചക്കിട്ടപാറ പെരുവണ്ണാമൂഴി റോഡിലൂടെയാണ് മലയോര ഹൈവേ കടന്നുപോകുന്നത്. റോഡിന്റെ വിന്യാസം അന്തിമമായി തീരുമാനിച്ചിട്ടില്ലാത്തതിനാൽ A പോളുകൾ സ്ഥാപിക്കുന്ന സമയത്ത് കേരള റോഡ് ഫണ്ട് ബോർഡ് തടസ്സം ഉന്നയിച്ചിട്ടുണ്ട്. ഈ തടസ്സം നീക്കുന്നതിനായി വിവിധ തലത്തിൽ ചർച്ചകൾക്ക് തുടക്കമിട്ടിട്ടുണ്ട്. പേരാമ്പ്ര ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ നേതൃത്വത്തിൽ ഒരു മീറ്റിംഗ് നടന്നിട്ടുണ്ട്. തർക്കം തീർന്നതിനുശേഷം മാത്രം ലൈനിന്റെ പണികൾ ചെയ്താൽമതിയെന്ന് ഈ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. അവ പരിഹരിച്ച് ലൈനിന്റെ പണി എത്രയുംവേഗം തുടങ്ങാൻ ഉദ്ദേശിക്കുന്നു.

## കുന്നത്തുനാട് മണ്ഡലത്തിലെ നിലാവ് പദ്ധതി

208 (690) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'നിലാവ്' പദ്ധതി പ്രകാരം കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളിലാണ് പദ്ധതി നിർവ്വഹണം നടന്നുവരുന്നതെന്ന് വിശദമാക്കാമോ?

'നിലാവ്' പദ്ധതി പ്രകാരം കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ തിരുവാണിയൂർ, പൂതൃക്ക, വാളകം, മാറാടി, വാഴക്കുളം എന്നീ പഞ്ചായത്തുകളിലാണ് പദ്ധതി നിർവ്വഹണം നടന്നുവരുന്നത്.

(ബി) പ്രസ്തുത മണ്ഡലത്തിൽ നിലാവ് പദ്ധതി പ്രകാരം എത്ര തെരുവ് വിളക്കുകൾ സ്ഥാപിച്ചുവെന്ന് പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| പഞ്ചായത്ത് | തെരുവ് വിളക്കുകളുടെ എണ്ണം |
|---|---|
| തിരുവാണിയൂർ | 500 |
| പൂതൃക്ക | 500 |
| വാളകം | 396 |
| മാറാടി | 52 |
| വാഴക്കുളം | 500 |

(സി) 'നിലാവ്' പദ്ധതിയുടെ രണ്ടാംഘട്ടം കുന്നത്തുനാട് മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

'നിലാവ്' പദ്ധതിയുടെ രണ്ടാംഘട്ടം കുന്നത്തുനാട് മണ്ഡലത്തിലെ വാഴക്കുളം പഞ്ചായത്തിൽ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത് (പെരുമ്പാവൂർ സർക്കിളിനു കീഴിൽ).

**ഗുരുവായൂർ നിയോജകമണ്ഡലത്തിലെ പദ്ധതികൾ**

209 (691) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജകമണ്ഡലത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ ആർ.ഡി.എസ്.എസ്.-ൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

12 km 33 kV ഗുരുവായൂർ-ചാവക്കാട്-ബ്ളാങ്ങാട് ലൈൻ Covered conductor ആക്കി മാറ്റുന്ന പ്രവൃത്തി ഗുരുവായൂർ നിയോജകമണ്ഡലത്തിന്റെ കീഴിൽ 2022-23 സാമ്പത്തിക വർഷത്തിൽ ആർ.ഡി.എസ്.എസ്.-ൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുണ്ട്. ഇതുകൂടാതെ 3 കോടി രൂപ ചെലവഴിച്ച്, പഴയ LT ലൈൻ മാറ്റി ABC Cable ഉപയോഗിച്ച് ലൈൻ നവീകരണ പ്രവൃത്തികൾ RDSS-ൽ ഉൾപ്പെടുത്തി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. പഴയ LT ലൈൻ മാറ്റി പുതിയത്

വലിക്കൽ, പി.എസ്.സി പോസ്റ്റ് ഉപയോഗിച്ച് LT ത്രീഫേസ് OH ലൈൻ നവീകരിക്കൽ തുടങ്ങിയ പദ്ധതികൾ RDSS-ൽ ഉൾപ്പെടുത്തി 332.63 ലക്ഷം രൂപ ചെലവഴിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

(ബി) ഗുരുവായൂർ നിയോജകമണ്ഡലത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ 'ദ്യുതി 2' പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

HT ലൈനിന്റെ നിർമ്മാണം, പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, പുതിയ LT ലൈൻ വലിക്കൽ, ലൈൻ കൺവെർഷൻ, പഴയ LT ലൈൻ മാറ്റി പുതിയത് വലിക്കൽ, പഴയ HT ലൈൻ മാറ്റി പുതിയത് വലിക്കൽ, 100 KVA ട്രാൻസ്ഫോമർ ഉൾപ്പെടുത്തൽ - തുടങ്ങിയ പദ്ധതികൾ 'ദ്യുതി-2-ൽ' ഉൾപ്പെടുത്തി 396.38 ലക്ഷം രൂപ ചെലവഴിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

## ഇലക്ട്രിസിറ്റി എനർജി റീഡിംഗ്

210 (692) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇലക്ട്രിസിറ്റി ബിൽ രണ്ട് മാസം കൂടുമ്പോൾ എന്നത് അതാതുമാസം റീഡിംഗ് എടുക്കാൻ നടപടി സ്വീകരിക്കുമോ?

ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## വൈദ്യുതി ചാർജ്ജ് കുടിശ്ശിക

211 (693) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ചാർജ്ജ് കുടിശ്ശികയിനത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന് നാളിതുവരെ എത്ര തുകയാണ് പിരിഞ്ഞുകിട്ടാനുള്ളതെന്ന വിവരം ലഭ്യമാക്കാമോ?

വൈദ്യുതി ചാർജ്ജ് കുടിശ്ശികയിനത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന് 30-6-2022-ലെ കണക്കുകൾ പ്രകാരം 2,873.32 കോടി രൂപയാണ് പിരിഞ്ഞു കിട്ടാനുള്ളത്.

(ബി) ഇതിൽ പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയുടെ കുടിശ്ശിക വിവരങ്ങൾ പ്രത്യേകം ലഭ്യമാക്കാമോ?

30-6-2022-ലെ കണക്കുകൾപ്രകാരം സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നായി 1211.03 കോടി രൂപയും സ്വകാര്യ സ്ഥാപനങ്ങളിൽനിന്നായി 999.81 കോടി രൂപയും പിരിഞ്ഞുകിട്ടാനുണ്ട്.

(സി) പൊതുമേഖലാ സ്ഥാപനങ്ങളുടെയും സ്വകാര്യസ്ഥാപനങ്ങളുടെയും കുടിശ്ശികയിൽ നിയമ നടപടികളിൽ കുരുങ്ങിക്കിടക്കുന്ന തുക എത്രയാണെന്ന് പ്രത്യേകം ലഭ്യമാക്കാമോ?

30-6-2022-ലെ കണക്കുകൾ പ്രകാരം സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നായി 33.35 കോടി രൂപയും സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നായി 245.90 കോടി രൂപയും നിയമ നടപടികളിൽ കുടുങ്ങിക്കിടപ്പുണ്ട്.

**വോൾട്ടേജ് വ്യതിയാനവും വൈദ്യുതി തടസ്സവും പരിഹരിക്കുന്നതിന് നടപടി**

212 (694) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആയഞ്ചേരി ഗ്രാമപഞ്ചായത്തിലെ കീരിയങ്ങാടി, പുറമേരി ഗ്രാമപഞ്ചായത്തിലെ പെരുമുണ്ടചെരി എന്നീ സ്ഥലങ്ങളിലും പരിസരപ്രദേശങ്ങളിലും വോൾട്ടേജ് വ്യതിയാനവും വൈദ്യുതി തടസ്സവും ഇടയ്ക്കിടെ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്നറിയിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയഞ്ചേരി സെക്ഷനിൽ വൈദ്യുതി ലൈനുകൾ ഭൂരിഭാഗവും കടന്നുപോകുന്നത് മരച്ചില്ലകൾ നിറഞ്ഞ പ്രദേശങ്ങളിലൂടെയാണ്. പരാതി കിട്ടിയതിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി തടസ്സം ഒഴിവാക്കുന്നതിനും വോൾട്ടേജ് കുറവ് പരിഹരിക്കുന്നതിനും വേണ്ടി പുറമേരി, ആയഞ്ചേരി പഞ്ചായത്തിൽ സമീപകാലത്തായി താഴെപ്പറയുന്ന പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. മങ്ങലാട് മിസറിയ കോളേജ് ഏരിയായിൽ 517m എച്ച്.ടി. ഓവർഹെഡ് ലൈൻ വലിച്ച് ഒരു 100 kva ട്രാൻസ്ഫോർമർ സ്ഥാപിച്ചു. അരൂർ നടേമ്മലിൽ 679 m എച്ച്.ടി. ഓവർ ഹെഡ് ലൈൻ മാറ്റിസ്ഥാപിച്ചു. കാരയിൽ കനാൽ ട്രാൻസ്ഫോർമർ ലോഡ് സെന്ററിലേയ്ക്ക് മാറ്റിസ്ഥാപിച്ചു. എളയടം കൈരളി മുതൽ പെരുമുണ്ടശ്ശേരി മസ്ജിദ് വരെ 1052 m എച്ച്. ടി ഓവർ ഹെഡ് ലൈൻ വലിച്ചു. മങ്ങലാട് അക്വഡക്റ്റ് ഏരിയയിൽ 625 m എച്ച്.ടി ഓവർ ഹെഡ് ലൈൻ വലിച്ച് ഒരു 100 kva ട്രാൻസ്ഫോർമർ സ്ഥാപിച്ചു. കൂടാതെ കൈരളി ഏരിയായിൽ 600 m എച്ച്. ടി ഓവർ ഹെഡ് ലൈൻ വലിച്ച് ഒരു 100 kva ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവർത്തി 'ദ്യുതി-2' (2022-2026) സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## മേലൂർ സെക്ഷനിലെ വൈദ്യുത വിതരണത്തിലെ തടസ്സങ്ങൾ പരിഹരിക്കൽ

213 (695) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി നിയോജകമണ്ഡലത്തിലെ മേലൂർ സെക്ഷന് കീഴിലുള്ള പ്രദേശങ്ങളിൽ വൈദ്യുതി വിതരണത്തിൽ തുടർച്ചയായി തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മേലൂർ സെക്ഷന് കീഴിലുള്ള പ്രദേശങ്ങളിലെ വൈദ്യുതിതടസ്സം പരിഹരിക്കുന്നതായി കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിന്റെ തനതുഫണ്ടുപയോഗിച്ച് നടത്തുന്ന 'ദ്യുതി-2' കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച Rewamped Distribution Sector Scheme (RDSS) എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി 33 കെ.വി കൊരട്ടി സബ്സ്റ്റേഷനിൽനിന്നും 220 കെ.വി ചാലക്കുടി സബ്സ്റ്റേഷനിൽ നിന്നും 33 കെ.വി അയ്യമ്പുഴ സബ്സ്റ്റേഷനിൽനിന്നും നാല് ഫീഡറുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത സെക്ഷനുകീഴിൽ ഡെഡിക്കേറ്റഡ് ഫീഡർ നിലവിലില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മേൽ പ്രസ്താവിച്ച കാര്യങ്ങൾ പ്രാവർത്തികമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത സെക്ഷനുകീഴിൽ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

മേലൂർ സെക്ഷന് കീഴിൽ സബ്സ്റ്റേഷൻ സ്ഥാപിക്കാനാവശ്യമായ ലോഡ് നിലവിൽ ഇല്ലാത്തതിനാൽ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നത് നിലവിൽ പരിഗണനയിലില്ല.

## തിരൂരങ്ങാടി മണ്ഡലത്തിലെ കൊടിമരം ഡിവിഷനിലെ വോൾട്ടേജ് പ്രശ്നം

214 (696) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലുള്ള വെന്നിയൂരിലെ കൊടിമരം ഡിവിഷനിലെ വോൾട്ടേജ് പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൊടിമരം ട്രാൻസ്ഫോർമർ പരിധിയിൽ വോൾട്ടേജ് കുറവുമായി ബന്ധപ്പെട്ട് പരാതി ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ; വിശദമാക്കാമോ?

പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി 2022-23 സാമ്പത്തിക വർഷത്തിൽ 'ദ്യുതി' പദ്ധതിയിൽ വെന്നിയൂർ ഇലക്ട്രിക്കൽ സെക്ഷനുകീഴിലെ കൊടിമരം ട്രാൻസ്ഫോർമർ ഏരിയയിൽ സിസ്റ്റം ഇംപ്രൂവ്മെന്റ് പ്രവൃത്തിക്കായി 400 മീറ്റർ LT ABC റീകണ്ടക്ടറിംഗ്, 400 മീറ്റർ സിംഗിൾ ഫേസ് ടു ത്രീ ഫേസ് ABC കൺവെർഷൻ എന്നിവയ്ക്കായി ആകെ 6,16,529രൂപയുടെ പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

**മാവേലിക്കര യു.ജി. വൈദ്യുതലൈൻ സ്ഥാപിക്കൽ**

215 (697) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ പടനിലം ക്ഷേത്രം, ചുനക്കര മഹാദേവക്ഷേത്രം എന്നിവിടങ്ങളിൽ യു.ജി. വൈദ്യുതലൈൻ സ്ഥാപിക്കാൻ 5-8-2022-ലെ സ.ഉ (സാധാ) നമ്പർ 5578/2022/ധന പ്രകാരം ബഡ്ജറ്റിൽ 2 കോടി രൂപ വകയിരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നടപടി പുരോഗമിച്ചുവരുന്നു.

**കോതമംഗലം - നെല്ലിക്കുഴി കെ.എസ്.ഇ.ബി.എൽ. കെട്ടിടവാടക**

216 (698) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ 2016-ൽ പ്രവർത്തനമാരംഭിച്ച കെ.എസ്.ഇ.ബി.എൽ. സെക്ഷൻ ഓഫീസ് കെട്ടിടത്തിന്റെ വാടക നാളിതുവരെയായി നെല്ലിക്കുഴി ഗ്രാമപഞ്ചായത്താണ് നൽകിവരുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത ഓഫീസ് ഇപ്പോഴും വാടകക്കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നതെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് വാടകരഹിതമായി നൽകിയ കെട്ടിടത്തിലാണ് നെല്ലിക്കുഴി സെക്ഷൻ ഓഫീസ് പ്രവർത്തിച്ചുവരുന്നത്.

(സി) പ്രസ്തുത കെട്ടിടത്തിന്റെ വാടക കെ.എസ്.ഇ.ബി.എൽ. തന്നെ വഹിക്കണമെന്നാവശ്യപ്പെട്ട് നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) പ്രസ്തുത നിവേദനത്തിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടി വിശദമാക്കാമോ;

(ഇ) പ്രസ്തുത സെക്ഷൻ ഓഫീസ് നെല്ലിക്കുഴിയിൽതന്നെ നിലനിർത്തുന്നതിനും ഓഫീസിന്റെ വാടക കെ.എസ്.ഇ.ബി.എൽ. തന്നെ വഹിക്കുന്ന കാര്യവും അനുഭാവപൂർവ്വം പരിഗണിക്കുമോ; വിശദമാക്കാമോ?

(ഡി&ഇ) 24-2-2016-ലെ ബോർഡ് ഉത്തരവുപ്രകാരം പുതുതായി അനുവദിച്ച സെക്ഷൻ ഓഫീസുകളുടെ പ്രവർത്തനം കെട്ടിടം നിർമ്മിക്കാനുതകുന്ന 10 സെന്റ് ഭൂമി സൗജന്യമായി ലഭിക്കുകയോ അല്ലെങ്കിൽ വാടകരഹിത കെട്ടിടം ലഭിക്കുകയോ ചെയ്യുന്ന മുറയ്ക്ക് ആരംഭിക്കാനായിരുന്നു ബോർഡ് തീരുമാനം. ഇതനുസരിച്ച് നെല്ലിക്കുഴി സെക്ഷൻ ഓഫീസ് പ്രവർത്തിക്കുന്നതിന് വാടകരഹിത കെട്ടിടം പഞ്ചായത്ത് നൽകാമെന്ന ഉറപ്പിന്മേലാണ് സെക്ഷൻ തുടങ്ങിയത്. ആയതുകൊണ്ട് നിലവിലെ സാഹചര്യത്തിൽ കെ.എസ്.ഇ.ബി.എൽ.-ന് വാടക നൽകാൻ സാധിക്കുകയില്ല.

**വള്ളിക്കുന്ന് മണ്ഡലത്തിലെ വൈദ്യുതിക്ഷാമം പരിഹരിക്കൽ**

217 (699) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

2021-2022 കാലഘട്ടത്തിൽ മണ്ഡലത്തിനുകീഴിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി 8 ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുകയും 1.775 km 11 കെ.വി. ലൈൻ നിർമ്മാണം, 4.702 km സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് കൺവർഷൻ, 6.26 km LT re-conductoring, 1.50 km LT ABC ലൈൻ നിർമ്മിക്കുന്ന പ്രവൃത്തി തുടങ്ങിയ വർക്കുകൾ 'ദ്യുതി' പദ്ധതിയിലുൾപ്പെടുത്തി നിർവ്വഹിച്ചിട്ടുണ്ട്.

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ ഊർജ്ജ വകുപ്പ് മുഖേന നടത്തിയ പ്രധാന പദ്ധതികളും അവയുടെ നിലവിലെ പുരോഗതിയും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ ഊർജ്ജ വകുപ്പ് മുഖേന നടത്തിയ പ്രധാന പദ്ധതികളെ സംബന്ധിച്ച് വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി താഴെപ്പറയുന്ന പ്രവൃത്തികൾ വള്ളിക്കുന്ന് സെക്ഷനുകീഴിൽ നടപ്പിലാക്കി.

1) കോന്നംകുഴി-പീച്ചനാരി ഭാഗത്ത് 300 മീ. 11 കെ.വി. ലൈൻ വലിച്ച് 100 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിച്ചു.

2) ബോർഡ് സ്കൂൾ ഭാഗത്ത് 475 മീ. 11 കെ.വി. ലൈൻ വലിച്ച് 100 കെ.വി.എ. ട്രാൻസ്ഫോമർ സ്ഥാപിക്കുകയും വെറ്ററിനറി ഹോസ്പിറ്റൽ റോഡിൽ 500 മീ. സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ABC ആക്കി മാറ്റുകയും ചെയ്തു. അധികാരികോട്ട-പാലിയേറ്റീവ് റോഡിൽ 190 മീ. ത്രീ ഫേസ് ലൈൻ പുതുതായി നിർമ്മിക്കുകയും 422 മീ. സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈനാക്കി മാറ്റുകയുംചെയ്യുന്ന പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്.

3) സഫ്ദർ ഹാഷ്മി റോഡിൽ 384 മീ. സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈനാക്കി മാറ്റി.

4) കുഴിക്കാട്ടിൽ-പൂവിൽ റോഡിൽ 350 മീ. 11 കെ.വി. ലൈൻ വലിച്ച് 100 കെ.വി.എ. ട്രാൻസ്ഫോമർ സ്ഥാപിച്ചു.

5) കൊടക്കാട് മണ്ണാറക്കൽ ഭാഗത്ത് 400 മീ. 11 കെ.വി. ലൈൻ വലിച്ച് 100 കെ.വി.എ. ട്രാൻസ്ഫോമർ സ്ഥാപിക്കുകയും 115 മീ. ത്രീ ഫേസ് ലൈൻ പുതുതായി നിർമ്മിക്കുകയും 254 മീ. സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈനാക്കി മാറ്റുകയും ചെയ്യുന്ന പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്.

6) വള്ളിക്കുന്ന് പൊറാഞ്ചേരി ഭാഗത്ത് 3 എണ്ണം 25 കെ.വി.എ. ട്രാൻസ്ഫോമർ 100 കെ.വി.എ. ആയി കപ്പാസിറ്റി ഉയർത്തിയിട്ടുണ്ട്.

7) കൊടക്കാട് കുട്ടൂമൂച്ചി ഭാഗത്ത് 100 കെ.വി.എ. ട്രാൻസ്ഫോർമർ 160 കെ.വി.എ. ആയി കപ്പാസിറ്റി ഉയർത്തിയിട്ടുണ്ട്.

8) ചെനക്കലങ്ങാടി പള്ളിപ്പടി ഭാഗത്ത് 100 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിച്ചു.

9) ചെനക്കലങ്ങാടി മാതാപ്പുഴ റോഡിൽ 100 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിച്ചു.

10) അത്താണിക്കൽ കോട്ടക്കടവ് റോഡിൽ 1.8 കി.മീ. 11 കെ.വി. ലൈൻ പഴയ ലൈൻ മാറ്റി പുതിയ ലൈൻ സ്ഥാപിച്ചു.

11) കച്ചേരിക്കുന്ന് – ചോപ്പൻ കാവ് റോഡിൽ 0.86 കി.മീ. 11 കെ.വി. ലൈൻ പഴയ കമ്പി മാറ്റി പുതിയ ലൈൻ സ്ഥാപിച്ചു.

12) നിറം കൈതക്കോട്ട ട്രാൻസ്ഫോമറിന്റെ പഴയ DP structure മാറ്റി പുതിയ A pole structure സ്ഥാപിച്ചു.

13) ആനങ്ങാടി ബീച്ച് മുതൽ അരിയല്ലൂർ ബീച്ച് വരെ 1.13 കി.മീ. എൽ.ടി. ലൈൻ മാറ്റി ABC ലൈൻ സ്ഥാപിച്ചു.

14) കരുമരക്കാട് ഭാഗത്ത് 2.4 കി.മീ. സിംഗിൾ ഫേസ് ലൈനും 1.2 കി.മീ. ത്രീഫേസ് ലൈനും പഴയ കമ്പി മാറ്റി പുതിയ ലൈൻ സ്ഥാപിച്ചു.

15) അത്താണിക്കൽ നേറ്റിവ് സ്കൂൾ -CBHS റോഡിൽ 335 മീ. സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റി.

16) താലപ്പൊലി പറമ്പ് -PHC ഭാഗത്ത് 700 മീ. സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റി.

17) MVHS -ചെട്ടിപ്പടി Health Center ഭാഗത്ത് 637 മീ. സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റി.

18) ആനയറങ്ങാടി തെക്കേപ്പാടം ഭാഗത്ത് 415 മീ. സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റി.

വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി താഴെപ്പറയുന്ന പ്രവൃത്തികൾ തലപ്പാറ സെക്ഷനുകീഴിൽ ചെയ്തു.

1) കോൺഫിഡ റോഡ് കളിയാട്ടമുക്ക് - 800 മീറ്റർ 11 കെ.വി. ലൈൻ വലിച്ച് 100 കെ.വി.എ. ട്രാൻസ്ഫോമർ സ്ഥാപിച്ചു.

2) സി.യു. പമ്പ് പറോളി - 200 മീറ്റർ എച്ച്.റ്റി. ലൈൻ വലിച്ച് 100 കെ.വി.എ. ട്രാൻസ്ഫോമർ സ്ഥാപിച്ചു.

3) മണ്ണട്ടംപാറ ട്രാൻസ്ഫോമർ എൻഹാൻസ്മെന്റ് (25 കെ.വി.എ. ടു 100 കെ.വി.എ.)

4) പടിക്കൽ ട്രാൻസ്ഫോമർ എൻഹാൻസ്‌മെന്റ് (25 കെ.വി.എ. ടു 100 കെ.വി.എ.)

5) ചെനക്കൽ ട്രാൻസ്ഫോമർ എൻഹാൻസ്‌മെന്റ് (160 കെ.വി.എ. ടു 250 കെ.വി.എ.)

6) ശാന്തി നഗർ ട്രാൻസ്ഫോമർ എൻഹാൻസ്‌മെന്റ് (100 കെ.വി.എ. ടു 160 കെ.വി.എ.)

വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി താഴെപ്പറയുന്ന പ്രവൃത്തികൾ ചേളാരി സെക്ഷനുകീഴിൽ ചെയ്തു.

1) നീരോൽപാലം ട്രാൻസ്ഫോമർ റേറ്റിംഗ് 100KVA ഉള്ളത് 160KVA ആക്കി ഉയർത്തി.

2) കാലപ്പഴക്കംവന്ന 5 ട്രാൻസ്ഫോമർ (ചെട്ട്യാർമാട്, പൈങ്ങോട്ടൂർ സ്റ്റേഡിയം, മോസ്കോപ്പാറ, ചാപ്പപ്പാറ, പെരുവള്ളൂർ ടൈൽസ് എന്നിവ) മാറ്റി സ്ഥാപിച്ചു.

3) എലുമ്പിലാശ്ശേരി സ്കൂൾ PE/39 ബ്രാഞ്ചിൽ 480 മീറ്റർ സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റി.

4) NH55-/38 മുതൽ NH-55-/50 - വരെ 360 മീറ്റർ സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈനാക്കി മാറ്റി.

5) 11 KV ഒലിപ്രം ഫീഡർ 4.8 km പഴയ ലൈൻ മാറ്റി പുതിയ ലൈൻ സ്ഥാപിച്ചു.

6) പെരുവള്ളൂർ ടൈൽ-കോഴിപ്പറമ്പത്തമാട് 450 മീറ്റർ സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റി.

7) LT-ABC കേബിൾ ഉപയോഗിച്ച് സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കിയ സ്ഥലങ്ങൾ

a) പുതുവയപ്പൊറ്റ ഏരിയ

b) കുറ്റിലപ്പറമ്പ ഏരിയ

c) അങ്കപറമ്പ ഏരിയ

d) ഏലോത് ശിവക്ഷേത്രം ഏരിയ

8) പറമ്പത്തുകാവ് കോമരപ്പടി ട്രാൻസ്‌ഫോമറിന്റെ കീഴിൽ 550 മീറ്റർ സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റി.

9) മണക്കാട്ട് 100 KVA ട്രാൻസ്ഫോർമർ സ്ഥാപിച്ചു.

(സി) പ്രസ്തുത നിയോജകമണ്ഡലത്തിൽ പുതിയ ട്രാൻസ്ഫോമർ സ്ഥാപിക്കേണ്ടത് ഏതെല്ലാം സ്ഥലങ്ങളിലാണെന്നും പ്രസ്തുത സ്ഥലങ്ങളിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള നടപടി ഏതുഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ?

മണ്ഡലത്തിനുകീഴിൽ പൂർത്തിയാക്കാനുള്ള പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) ചരക്കടവ് -ഒലിപ്രം ഭാഗത്ത് 700 മീ. 11 കെ.വി. ലൈൻ വലിച്ച് 100 കെ.വി.എ. ട്രാൻസ്ഫോമർ സ്ഥാപിക്കുന്ന പ്രവൃത്തി.

2) പൊറാണ്ട ഭാഗത്ത് 0.7 കി.മീ. HT ABC വലിച്ച് 100 കെ.വി.എ. ട്രാൻസ്ഫോമർ സ്ഥാപിക്കുന്ന പ്രവൃത്തി.

3) ആനങ്ങാടി ബീച്ച് ഭാഗത്ത് നിലവിലുള്ള 4.9 കി.മീ. 11 കെ.വി. ലൈൻ HT ABC ആക്കി മാറ്റുന്ന പ്രവൃത്തി.

4) തെക്കേപ്പാടം ട്രാൻസ്ഫോമർ സ്ഥാപിക്കുന്ന പ്രവൃത്തി.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പണമടച്ച, ചെയ്തുകൊണ്ടിരിക്കുന്ന വർക്കുകൾ

1) 367 m-11KV വലിച്ചുകടക്കയിൽമാട് 100KVA ട്രാൻസ്ഫോമർ സ്ഥാപിച്ചു. ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ചാർജ്ജ് ചെയ്യുന്നതാണ്.

2) ശങ്കരമാട് 230 m-സിംഗിൾ ഫേസ് ത്രീ ഫേസ് ആക്കി മാറ്റി 100KVA ട്രാൻസ്ഫോമർ സ്ഥാപിച്ചു. ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ഇത് ചാർജ്ജ് ചെയ്യുന്നതാണ്.

## കുന്നത്തുനാട് മണ്ഡലത്തിൽ ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കൽ

218 (700) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ പ്രഖ്യാപിച്ച അഞ്ച് ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ നിലവിലുള്ള സ്ഥിതി വിശദമാക്കാമോ?

സംസ്ഥാനത്തൊട്ടാകെ എല്ലാ നിയോജകമണ്ഡലങ്ങളിലുമായി കെ.എസ്.ഇ.ബി.എൽ. സ്ഥാപിച്ചുവരുന്ന പോൾമൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകളിൽ ഉൾപ്പെടുന്നതാണ് കുന്നത്തുനാട് മണ്ഡലത്തിൽ താഴെപ്പറയുന്ന സ്ഥലങ്ങളിലെ പോയിന്റുകൾ:-

1. മണ്ണൂർ ജംഗ്ഷൻ (പെട്രോൾ പമ്പ്)

2. പട്ടിമറ്റം ജംഗ്ഷൻ (MIST സൂപ്പർ മാർക്കറ്റിനുസമീപം)

3. മാറമ്പള്ളി പഞ്ചായത്തിനുസമീപം

4. 66 കെ.വി. സബ്സ്റ്റേഷന് എതിർവശം

5. കരിമുഗൾ

6. ചെമ്പരക്കി

(ബി) പ്രസ്തുത പദ്ധതി വൈകാനിടയായ കാരണം വ്യക്തമാക്കാമോ?

കാലവർഷം, കോവിഡ്, ചിപ്പ് ലഭിക്കാനുണ്ടായ കാലതാമസം ഇവമൂലം പദ്ധതി നിർവ്വഹണത്തിൽ രണ്ടുമാസത്തെ കാലതാമസം നേരിട്ടിട്ടുണ്ട്.

(സി) പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

പദ്ധതി ദ്രുതഗതിയിൽ പുരോഗമിക്കുന്നു. രണ്ടുമാസത്തിനകം പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.

**കാസർഗോഡ് ജില്ലയിൽ വൈദ്യുതി മീറ്റർ, മെറ്റീരിയൽസ് ക്ഷാമം**

219 (701) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വൈദ്യുതി മീറ്റർ, മെറ്റീരിയൽസ് എന്നിവയുടെ ക്ഷാമംമൂലം വൈദ്യുതി കണക്ഷൻ നൽകാൻ കാലതാമസം നേരിടുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

8 മീറ്റർ പോസ്റ്റുകളുടെ ക്ഷാമംമൂലം വൈദ്യുതി കണക്ഷൻ നൽകുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പോസ്റ്റുകളുടെ ക്ഷാമംമൂലം 49 ഗാർഹിക കണക്ഷനുകളും 15 വാണിജ്യ കണക്ഷനുകളും 15 കാർഷിക കണക്ഷനുകളും മറ്റു വിഭാഗത്തിൽപ്പെട്ട 65 കണക്ഷനുകളും നൽകാനുണ്ട്.

(ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

കോടതിയിൽ കേസ് നിലനിന്നിരുന്നതിനാലുണ്ടായ ഇലക്ട്രിക് പോസ്റ്റുകളുടെ ക്ഷാമം പരിഹരിക്കുന്നതിനായി ഓരോ ഇലക്ട്രിക്കൽ സർക്കിളുകളിലെയും ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്ക് പോസ്റ്റ് വാങ്ങുന്നതിന് അനുവാദം നൽകിക്കൊണ്ടും അടിയന്തരമായി ട്യൂബുലാർ പോസ്റ്റുകൾ വാങ്ങിയും പുതുതായി 8m പോസ്റ്റുകൾക്ക് ഓർഡർ നൽകിയും പോസ്റ്റുകളുടെ കുറവ് നികത്താൻ ശ്രമിക്കുന്നു. ഇതിനുപുറമെ ഏഴുലക്ഷം 8m പോസ്റ്റുകളുടെ പർച്ചേസ് ഓർഡർ KSEBL നൽകുകയുണ്ടായി. അവ ലഭിച്ചുതുടങ്ങിയിട്ടുണ്ട്.

## ആലത്തൂർ തളികക്കല്ല് കോളനിയിൽ വൈദ്യുതി എത്തിക്കുന്നതിന് നടപടി

220 (702) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ വണ്ടാഴി പഞ്ചായത്തിലുള്ള തളികക്കല്ല് കോളനിയിൽ 37 വീടുകൾക്ക് വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത വീടുകളിൽ വൈദ്യുതി എത്തിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

പ്രസ്തുത വീടുകളിൽ വൈദ്യുതി എത്തിക്കുന്നതിന് കെ.എസ്.ഇ.ബി.എൽ.-ന്റെ ഭാഗത്തുനിന്നുള്ള എല്ലാ നടപടിക്രമങ്ങളും മുടപ്പല്ലൂർ ഇലക്ട്രിക്കൽ സെക്ഷനിൽനിന്ന് പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത വീടുകളുടെ വയറിംഗ് പരിശോധിച്ചപ്പോൾ 'എർത്തിംഗ്' ചെയ്തിട്ടില്ലാത്തതിനാൽ ഉടൻതന്നെ വയറിംഗ് ചെയ്ത കോൺട്രാക്ടറുമായി ബന്ധപ്പെട്ട് എർത്തിംഗ് ഉടനെ ചെയ്യണമെന്ന് നിർദ്ദേശിച്ചു. എർത്തിംഗ് ചെയ്യാതെ കണക്ഷൻ കൊടുക്കുന്നതിൽ സുരക്ഷാപ്രശ്നമുള്ളതിനാൽ എർത്തിംഗ് ജോലികൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ കണക്ഷൻ നൽകാൻ സാധിക്കുകയുള്ളൂ.

## കുറ്റ്യാടി മണ്ഡലത്തിലെ പുരപ്പുറ സൗരോർജ്ജ പദ്ധതി

221 (703) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ എത്ര വീടുകളിൽ പുരപ്പുറ സൗരോർജ്ജ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് അറിയിക്കാമോ?

കുറ്റ്യാടി നിയോജകമണ്ഡലത്തിൽ കെ.എസ്.ഇ.ബി.എൽ. മുഖേന 58 വീടുകളിൽ പുരപ്പുറ സൗരോർജ്ജ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.* അനെർട്ട് മുഖേന കുറ്റ്യാടി, ആയഞ്ചേരി എന്നീ ഗ്രാമപഞ്ചായത്തുകളിൽ ഉൾപ്പെടുന്ന ഓരോ ഉപഭോക്താക്കൾക്ക് 5 കിലോവാട്ട് ശേഷിയുള്ള പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നിർമ്മാണപ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ?

ഗാർഹിക ഉപഭോക്താക്കൾക്ക് മാത്രം അപേക്ഷിക്കാനാവുന്ന ഈ പദ്ധതിയിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ E-KIRAN പോർട്ടൽ (www.ekiran.kseb.in) വഴിയും അനെർട്ട് സജ്ജമാക്കിയിട്ടുള്ള 'ബൈ മൈ സൺ' എന്ന ഓൺലൈൻ പോർട്ടൽ വഴിയും അപേക്ഷിക്കാവുന്നതാണ്. ഈ പദ്ധതിയിൽ 1 മുതൽ 3 കിലോവാട്ട് ശേഷി വരെയുള്ള നിലയങ്ങൾക്ക് 40% സബ്സിഡിയും 4 മുതൽ 10 കിലോവാട്ട് ശേഷിയുള്ള നിലയങ്ങൾക്ക് ആദ്യ 3 കിലോവാട്ടിന് 40 ശതമാനവും തുടർന്ന് ഓരോ കിലോവാട്ടിനും 20 ശതമാനവും സബ്സിഡി എന്ന രീതിയിൽ സബ്സിഡി നൽകുന്നു. എന്നാൽ ഹൗസിംഗ് സൊസൈറ്റികൾക്ക് 10 kw-നുമുകളിൽ 20 ശതമാനം സബ്സിഡി അനുവദിക്കുന്നുണ്ട്. കെ.എസ്.ഇ.ബി.എൽ. എം-പാനൽ ചെയ്ത ഡെവലപ്പർമാർ വഴിയാണ് പ്ലാന്റ് സ്ഥാപിക്കുന്നത്. അപേക്ഷകർ തെരഞ്ഞെടുക്കുന്ന ഡെവലപ്പർമാർ സ്ഥലം സന്ദർശിച്ച് ഫീസിബിലിറ്റി പരിശോധന നടത്തുകയും തുടർന്ന് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്. സബ്സിഡി കഴിഞ്ഞുള്ള തുകയാണ് ഉപഭോക്താക്കൾ പ്ലാന്റ് സ്ഥാപിക്കുന്ന കമ്പനികൾക്ക് നൽകേണ്ടത്. പദ്ധതി അവലോകനം ചെയ്യാൻ എല്ലാ കെ.എസ്.ഇ.ബി.എൽ. സർക്കിൾ ഓഫീസിലും SC&M അസിസ്റ്റന്റ് എഞ്ചിനീയർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതുകൊണ്ടുള്ള പ്രയോജനങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

ഒരു കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ പ്ലാന്റിൽനിന്ന് പ്രതിദിനം ഏകദേശം നാല് യൂണിറ്റ് വൈദ്യുതി ലഭിക്കുന്നതാണ്. നിലവിലുള്ള വൈദ്യുതി ഉപഭോഗം കണക്കാക്കി അതിനനുസരിച്ച് ശേഷിയുള്ള സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നത് തുടർന്നുള്ള വൈദ്യുതി ബിൽ തുക ഒഴിവാക്കാൻ കഴിയുന്നതാണ്. അധികമായി ഉൽപാദിപ്പിക്കുന്ന (സോളാർ ജനറേഷൻ) വൈദ്യുതി കെ.എസ്.ഇ. ബി.എൽ.-ന്റെ ഗ്രിഡിലേയ്ക്ക് നൽകുക വഴി വരുമാനവും ഉറപ്പാക്കാൻ സാധിക്കുന്നു. ഇത് ഒക്ടോബർ 1 മുതൽ സെപ്റ്റംബർ 31 വരെയുള്ള (ഒരുവർഷം) കാലയളവിലെ ഉപഭോഗത്തിനെ അടിസ്ഥാനമാക്കിയാണ് കണക്കാക്കുന്നത്. കൂടാതെ ഹരിത ഊർജ്ജ ഉപയോഗം പരിസ്ഥിതി സംരക്ഷണത്തിനും സഹായകരമാണ്.

**മണലൂർ മണ്ഡലത്തിലെ പുരപ്പുറ സൗരോർജ്ജ പദ്ധതി**

222 (704) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ പുരപ്പുറ സൗരോർജ്ജ പദ്ധതി പ്രകാരം ഇതുവരെ എത്ര സ്ഥലങ്ങളിൽ പ്ലാന്റുകൾ സ്ഥാപിച്ചുവെന്നും അതിലൂടെ എത്ര യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നുവെന്നും അറിയിക്കാമോ?

പുരപ്പുറ സൗരോർജ്ജ പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിൽ കെ.എസ്.ഇ.ബി.എൽ. മുഖേന 118 പ്ലാന്റുകളും അനെർട്ട് മുഖേന 6 പ്ലാന്റുകളും സ്ഥാപിച്ചു. കെ.എസ്.ഇ.ബി.എൽ. മുഖേന സ്ഥാപിച്ച പ്ലാന്റുകളിലൂടെ 1,02,006 യൂണിറ്റും അനെർട്ട് മുഖേന സ്ഥാപിച്ച പ്ലാന്റുകളിലൂടെ ഏകദേശം 3,000 യൂണിറ്റ് വൈദ്യുതിയും (പ്രതിമാസം) ഉല്പാദിപ്പിക്കുന്നുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിൽനിന്ന് എത്ര യൂണിറ്റ് വൈദ്യുതി കെ.എസ്.ഇ.ബി.എൽ. തിരികെ വാങ്ങുന്നുവെന്നും തിരികെ വാങ്ങുന്ന വൈദ്യുതിക്ക് ഒരു യൂണിറ്റിന് എത്ര രൂപയാണ് നൽകുന്നതെന്നും വ്യക്തമാക്കാമോ?

പ്രസ്തുത മണ്ഡലത്തിൽനിന്നും ഇതുവരെ 2,60,069 യൂണിറ്റ് തിരികെ വാങ്ങിയിട്ടുണ്ട്. ഒരു യൂണിറ്റിന് 3.22 രൂപ നിരക്കിലാണ് വാങ്ങുന്നത്.

(സി) പുരപ്പുറ സൗരോർജ്ജ പദ്ധതി സ്ഥാപിക്കുന്നതിനായി മണലൂർ മണ്ഡലത്തിൽനിന്നും ലഭിച്ച എല്ലാ അപേക്ഷകളിന്മേലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

പുരപ്പുറ സൗരോർജ്ജ പദ്ധതി സ്ഥാപിക്കുന്നതിനായി മണലൂർ മണ്ഡലത്തിൽ നിന്ന് 695 അപേക്ഷകൾ കെ.എസ്.ഇ.ബി.എൽ.-നും 14 അപേക്ഷകൾ അനെർട്ടിനും ലഭിച്ചിട്ടുണ്ട്. അതിൽ യഥാക്രമം 118, 6 എന്നിങ്ങനെ ഉപഭോക്താക്കൾ പ്ലാന്റുകൾ സ്ഥാപിക്കുകയും ബാക്കിയുള്ളവയിന്മേൽ നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു. കെ.എസ്.ഇ.ബി.എൽ. എം-പാനൽ ചെയ്ത ഡെവലപ്പർമാർവഴിയാണ് പ്ലാൻറ് സ്ഥാപിക്കുന്നത്. അപേക്ഷകർ തെരഞ്ഞെടുക്കുന്ന ഡെവലപ്പർമാർ സ്ഥലം സന്ദർശിച്ച് ഫീസിബിലിറ്റി പരിശോധന നടത്തുകയും തുടർന്ന് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കുകയുമാണ് ചെയ്യുന്നത്. ബാക്കിയുള്ള അപേക്ഷകളിന്മേൽ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള തുടർനടപടി സ്വീകരിച്ചുവരുന്നു.

## പുരപ്പുറ സൗരോർജ്ജ പദ്ധതി

223 (705) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കുന്ന പുരപ്പുറ സൗരോർജ്ജ പദ്ധതിയിലുൾപ്പെടുത്തി എത്ര സൗരോർജ്ജ പാനലുകളാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കെ.എസ്.ഇ.ബി.എൽ. നടപ്പാക്കുന്ന പുരപ്പുറ സൗരോർജ്ജ പദ്ധതിയിൽ കെ.എസ്.ഇ.ബി.എൽ. മുഖേന ഏകദേശം 71 MW ഉത്പാദിപ്പിക്കുന്നതിനുള്ള സൗരോർജ്ജ പാനലുകളും അനെർട്ട് മുഖേന 1.1254 MW ശേഷിയുള്ള സൗരോർജ്ജ പാനലുകളും സ്ഥാപിച്ചിട്ടുണ്ട്.

(ബി) പുരപ്പുറ സൗരോർജ്ജ പദ്ധതിയിലൂടെ എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉല്പാദിപ്പിക്കുന്നതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

പുരപ്പുറ സൗരോർജ്ജ പദ്ധതിയിലൂടെ നിലവിൽ 56.6254 MW വൈദ്യുതിയാണ് ഉത്പാദിപ്പിക്കുന്നത്. അതിൽ 55.5 MW കെ.എസ്.ഇ.ബി.എൽ. മുഖേന സ്ഥാപിച്ച 13726 പ്ലാന്റുകളിൽനിന്നും 1.1254 MW അനെർട്ട് മുഖേന സ്ഥാപിച്ച 349 പ്ലാന്റുകളിൽ നിന്നുമാണ്.

(സി) പ്രസ്തുത പദ്ധതിയിലേയ്ക്ക് കൂടുതൽ ഗാർഹിക ഉപഭോക്താക്കളെ ആകർഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

ഈ പദ്ധതിയുടെ ഭാഗമായി 1 മുതൽ 3 കിലോവാട്ട് ശേഷി വരെയുള്ള നിലയങ്ങൾക്ക് 40% സബ്സിഡിയും 4 മുതൽ 10 കിലോവാട്ട് ശേഷിയുള്ള നിലയങ്ങൾക്ക് ആദ്യ 3 കിലോവാട്ടിന് 40 ശതമാനവും തുടർന്ന് ഓരോ കിലോവാട്ടിനും 20 ശതമാനവും സബ്സിഡി എന്ന രീതിയിൽ സബ്സിഡി നൽകിവരുന്നു. കൂടാതെ കേരളത്തിലെ എല്ലാ ഇലക്ട്രിക്കൽ സബ്ഡിവിഷനുകളും കേന്ദ്രീകരിച്ച് പലതവണ സ്പോട്ട് രജിസ്ട്രേഷൻ ക്യാമ്പയിനുകൾ സംഘടിപ്പിച്ചു. പൊതുജനപങ്കാളിത്തം ഉറപ്പുവരുത്തുതിനായി പദ്ധതി രജിസ്ട്രേഷനായി ട്രാക്കിംഗ് സംവിധാനത്തോടുംകൂടി E-Kiran മാനേജ്മെന്റ് പോർട്ടൽ വികസിപ്പിച്ചു. സംസ്ഥാനത്ത് പുരപ്പുറ സൗരോർജ്ജ പദ്ധതിയിലേയ്ക്ക് കൂടുതൽ ഗാർഹിക

ഉപഭോക്താക്കളെ ആകർഷിക്കുന്നതിന് അനെർട്ട് വിവിധ പ്രചരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇതിനായി 'സൗരതേജസ്സ്' എന്ന പേരിൽ പ്രത്യേക ക്യാമ്പയിൻ അനെർട്ട് നടത്തിവരുന്നു. വിവിധ ഊർജ്ജമിത്ര കേന്ദ്രങ്ങൾ, റെസിഡൻഷ്യൽ അസോസിയേഷനുകൾ, സന്നദ്ധ സംഘടനകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവരെ ക്യാമ്പയിൻ പാർട്ട്ണർമാരായി തെരഞ്ഞെടുത്ത് അവർ മുഖേനയുള്ള സ്പോട്ട് രജിസ്ട്രേഷൻ, ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവ നടത്തിവരുന്നു. വിവിധ പത്രമാധ്യമങ്ങൾ, ടെലിവിഷൻ ചാനലുകൾ, സാമൂഹിക മാധ്യമങ്ങൾ, എഫ്.എം. സ്റ്റേഷനുകൾ എന്നിവ വഴി പൊതുജനങ്ങളിൽ ഇതിന്റെ പ്രാധാന്യം എത്തിക്കുന്നതിനുള്ള നടപടികൾ 'അനെർട്ട്' സ്വീകരിച്ചിട്ടുണ്ട്. സൗരോർജ്ജ പദ്ധതി സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ അറിയുന്നതിനും സംശയനിവാരണത്തിനുമായി പ്രത്യേക ടോൾ ഫ്രീ ഹെൽപ്പ് ലൈൻ നമ്പർ ഏർപ്പെടുത്തിയിട്ടുണ്ട്.

**പുരപ്പുറ സൗരോർജ്ജ പദ്ധതി**

224 (706) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുരപ്പുറ സൗരോർജ്ജ പദ്ധതി വ്യാപകമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി ആകർഷകമാക്കുന്നതിന് സബ്സിഡി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(എ & ബി) കെ.എസ്.ഇ.ബി.എൽ., അനെർട്ട് എന്നീ സ്ഥാപനങ്ങൾ മുഖേന സംസ്ഥാനത്ത് പുരപ്പുറ സൗരോർജ്ജ പദ്ധതി വ്യാപകമാക്കുന്നതിന് വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി.എൽ. ഗാർഹിക ഉപഭോക്താക്കൾക്കായി നടപ്പാക്കുന്ന പദ്ധതിയാണ് 'സൗര സബ്സിഡി' പദ്ധതി. ഈ പദ്ധതിയുടെ ഭാഗമായി 1 മുതൽ 3 കിലോവാട്ട് വരെ ശേഷിയുള്ള നിലയങ്ങൾക്ക് 40 ശതമാനം സബ്സിഡിയും 3 കിലോവാട്ടിന് മുകളിൽ 10 കിലോവാട്ട് വരെ ശേഷിയുള്ള പ്ലാന്റിന് ആദ്യ 3 കിലോവാട്ടിന് 40 ശതമാനവും

തുടർന്നുള്ള ഓരോ കിലോവാട്ടിനും 20 ശതമാനം സബ്സിഡിയുമാണ് നൽകുന്നത്. 10 കിലോവാട്ടിന് മുകളിൽ സബ്സിഡിയില്ല. എന്നാൽ ഗ്രൂപ്പ് ഹൗസിംഗ് സൊസൈറ്റികൾ, ഫ്ലാറ്റുകൾ എന്നിവയ്ക്ക് പരമാവധി 500 കിലോവാട്ടുവരെ (ഒരു വീടിന് പരമാവധി 10 കിലോവാട്ട് എന്ന കണക്കിൽ) പ്ലാന്റ് സ്ഥാപിക്കുന്നതിന് 20 ശതമാനം സബ്സിഡി ലഭിക്കുന്നതാണ്. പദ്ധതി വ്യാപിപ്പിക്കുന്നതിനായി എല്ലാ ഇലക്ട്രിക്കൽ സബ്ഡിവിഷനും കേന്ദ്രീകരിച്ച് പലതവണ സ്പോട്ട് രജിസ്ട്രേഷൻ ക്യാമ്പയിനുകൾ സംഘടിപ്പിച്ചു. പൊതുജനപങ്കാളിത്തം ഉറപ്പാക്കുന്നതിനായി പദ്ധതി രജിസ്ട്രേഷനുവേണ്ടി ട്രാക്കിംഗ് സംവിധാനത്തോടുകൂടിയ E-Kiran മാനേജ്മെന്റ് പോർട്ടൽ വികസിപ്പിച്ചു. കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയം കെ.എസ്.ഇ.ബി.എൽ. മുഖേന നടപ്പിലാക്കുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ 25 മെഗാവാട്ട് ശേഷി അനെർട്ട് മുഖേന സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു. ഈ പദ്ധതിയിലേയ്ക്ക് കൂടുതൽ ഗാർഹിക ഉപഭോക്താക്കളെ ആകർഷിക്കുന്നതിന് അനെർട്ട് വിവിധ പ്രചരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇതിനായി 'സൗരതേജസ്സ്' എന്ന പേരിൽ പ്രത്യേക ക്യാമ്പയിൻ അനെർട്ട് നടത്തിവരുന്നു. വിവിധ ഊർജ്ജമിത്ര കേന്ദ്രങ്ങൾ, റസിഡൻഷ്യൽ അസോസിയേഷനുകൾ, സന്നദ്ധ സംഘടനകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവരെ ക്യാമ്പയിൻ പാർട്ട്ണർമാരായി തെരഞ്ഞെടുത്ത് അവർ മുഖേനയുള്ള സ്പോട്ട് രജിസ്ട്രേഷൻ, ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവ നടത്തിവരുന്നു. വിവിധ പത്രമാധ്യമങ്ങൾ, ടെലിവിഷൻ ചാനലുകൾ, സാമൂഹിക മാധ്യമങ്ങൾ, എഫ്.എം. സ്റ്റേഷനുകൾ എന്നിവ വഴി പൊതുജനങ്ങളിൽ ഇതിന്റെ പ്രാധാന്യം എത്തിക്കുന്നതിനുള്ള നടപടികൾ അനെർട്ട് സ്വീകരിച്ചിട്ടുണ്ട്. സൗരോർജ്ജ പദ്ധതി സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ അറിയുന്നതിനും സംശയനിവാരണത്തിനുമായി പ്രത്യേക ടോൾ ഫ്രീ ഹെൽപ്പ് ലൈൻ നമ്പർ ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) പാരമ്പര്യേതര ഊർജ്ജോൽപ്പാദന മുന്നേറ്റം നടത്തുന്നതിന് പര്യാപ്തമായ പുതിയ പദ്ധതികൾ നടപ്പാക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

കെ.എസ്.ഇ.ബി.എൽ. മുഖേന പാരമ്പര്യേതര ഊർജ്ജോല്പാദന മുന്നേറ്റം നടത്തുന്നതിന് പര്യാപ്തമായ പുതിയ പദ്ധതികളിൽ ഒന്നാണ് 'സൗര' രണ്ടാംഘട്ട സബ്സിഡി പദ്ധതി. ഈ പദ്ധതി ഗാർഹിക ഉപഭോക്താക്കൾക്ക് മാത്രമുള്ളതാണ്. ഇത് കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിന്റെ (MNRE) ധനസഹായത്തോടെയാണ് നടപ്പാക്കുന്നത്. നിലവിൽ ഈ പദ്ധതിയിൽ 42.97 മെഗാവാട്ടിന്റെ സൗരനിലയങ്ങൾ കമ്മീഷൻ ചെയ്തു. 2022 ജൂലൈ മാസത്തെ

കണക്കുകൾപ്രകാരം സൗരോർജ്ജ വൈദ്യുതി ഉല്പാദനത്തിൽ കേരളത്തിലെ ആകെ സ്ഥാപിതശേഷി 596 MW ആണ്. പാരമ്പര്യേതര ഊർജ്ജ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് കെ.എസ്.ഇ.ബി.എൽ. മുഖേന നിലവിൽ പുരോഗമിക്കുന്ന സൗരോർജ്ജ പദ്ധതികൾ:-

KSEBL-ന്റെ തനതുഫണ്ട് വിനിയോഗിച്ച് 6.5 MW സ്ഥാപിതശേഷിയുള്ള സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിന്റെ നടപടികൾ നടന്നുവരുന്നു. കൂടാതെ KSEBL, Project Management Consultant ആയി തദ്ദേശസ്വയംഭരണ/മറ്റ് സർക്കാർ സ്ഥാപനങ്ങൾ മുതൽമുടക്കി 57 സൈറ്റുകളിലായി 2.2 MW-ന്റെ സൗരോർജ്ജ പദ്ധതികൾ പുരോഗമിക്കുന്നു.

പി.എം. കുസും പദ്ധതി - ടി പദ്ധതിയുടെ 'Component-A' മുഖേന കർഷകർക്കോ/മറ്റു നിക്ഷേപകർക്കോ (കർഷകരുടെ ഭൂമി പാട്ടത്തിനെടുത്ത്) മുതൽമുടക്കി കർഷകരുടെ കൃഷിയോഗ്യമല്ലാത്ത തരിശുഭൂമിയിൽ സൗരോർജ്ജ നിലയം സ്ഥാപിക്കാവുന്നതും അതിൽനിന്ന് ഉത്പാദിപ്പിക്കുന്ന വൈദ്യുതി, താരിഫ് അധിഷ്ഠിത ബിഡ്ഡിംഗിലൂടെ KSEBL വാങ്ങുന്നതുമാണ്. ഇപ്രകാരം 40 MW സ്ഥാപിതശേഷിയുള്ള സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു. കൂടാതെ 'Component C' പ്രകാരം KSEBL-ന്റെ ഫണ്ട് വിനിയോഗിച്ച് 11 MW സ്ഥാപിതശേഷിയുള്ള സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. നിക്ഷേപകർ മുതൽമുടക്കി താരിഫ് അധിഷ്ഠിത ബിഡ്ഡിംഗിലൂടെ KSEBL വൈദ്യുതി വാങ്ങാൻ ലക്ഷ്യമിടുന്ന മറ്റു പദ്ധതികൾ ചുവടെ ചേർക്കുന്നു.

100 MW-ന്റെ കാറ്റാടിപ്പാടം.

വിവിധ റിസർവോയറുകളിലായി 240 MW-ന്റെ ഫ്ലോട്ടിംഗ് സോളാർ.

10 MW-ന്റെ BESS (Battery Energy Storage System).

പാരമ്പര്യേതര ഊർജ്ജോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് അനെർട്ട് മുഖേന താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതാണ്.

പ്രധാനമന്ത്രി-കുസും പദ്ധതിപ്രകാരം സംസ്ഥാനത്ത് കാർഷികാവശ്യത്തിനായി വിനിയോഗിച്ചുവരുന്ന പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേയ്ക്ക് മാറ്റുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. അനെർട്ട് മുഖേന രണ്ട് പദ്ധതികളാണ് നടപ്പിലാക്കുന്നത്. വൈദ്യുതിയെത്താത്ത സ്ഥലങ്ങളിലെ കാർഷിക ഡീസൽ പമ്പുകൾ സോളാറിലേയ്ക്ക് മാറ്റുന്ന പദ്ധതിയും കാർഷികാവശ്യത്തിനായി വിനിയോഗിച്ചുവരുന്ന പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേയ്ക്ക് മാറ്റുന്നതിനുള്ള

പദ്ധതിയും. ഈ പദ്ധതികൾപ്രകാരം എം.എൻ.ആർ.ഇ. നിശ്ചയിക്കുന്ന ബെഞ്ച് മാർക്ക് വിലയുടെ 30 ശതമാനം കേന്ദ്ര സർക്കാർ സബ്സിഡിയായി നൽകും. ടെണ്ടർ നിരക്കിന്റെ 40 ശതമാനം ഗുണഭോക്താക്കളും ബാക്കി തുക അനെർട്ടുമാണ് നൽകുന്നത്. ആദ്യഘട്ടമായി 100 കാർഷിക പമ്പുകൾ സൗരോർജ്ജത്തിലേയ്ക്ക് മാറ്റുന്ന പ്രവർത്തനം ഇപ്പോൾ നടന്നുവരുന്നു. അടുത്തഘട്ടമായി 9,348 കാർഷിക പമ്പുകൾ സൗരോർജ്ജത്തിലേയ്ക്ക് മാറ്റുന്നതിന് കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയം കെ.എസ്.ഇ.ബി.എൽ. മുഖേന നടപ്പിലാക്കുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ 25 മെഗാവാട്ട് ശേഷി അനെർട്ട് മുഖേന സ്ഥാപിക്കുന്ന പ്രവർത്തനം പൂർത്തിയാക്കുന്നതാണ്. ഗാർഹിക ഉപഭോക്താക്കൾ സ്ഥാപിക്കുന്ന 10 കിലോവാട്ട് വരെ ശേഷിയുള്ള സൗരോർജ്ജ പ്ലാന്റിനാണ് സബ്സിഡി ലഭിക്കുന്നത്. സംസ്ഥാനത്തെ വിവിധ സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിൽ അനെർട്ട് മുഖേന ഡെപ്പോസിറ്റ് പ്രവൃത്തിയായി സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിന് പത്ത് ശതമാനം തുക ഇൻസെന്റീവ് നൽകുന്ന പദ്ധതി. റിന്യൂവബിൾ എനർജി സേവനദാതാക്കൾ മുഖേന സ്വകാര്യ പങ്കാളിത്തത്തിൽ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും ഒരു നിശ്ചിത നിരക്കിൽ സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുന്ന റെസ്കോ (RESCO) മോഡൽ സംസ്ഥാനത്ത് വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതി. ഇലക്ട്രിക് കാറുകളുടെ ഉപയോഗം വർദ്ധിച്ചുവരുന്നതിനാൽ ഇതിനാവശ്യമായ ചാർജ്ജിംഗ് സ്റ്റേഷനുകൾ വ്യാപകമാകുന്നതോടുകൂടി സംസ്ഥാനത്തെ വൈദ്യുതി ഉപഭോഗം വർദ്ധിക്കുന്നതാണ്. ആയതിനാൽ ചാർജ്ജിംഗ് സ്റ്റേഷനുകളിൽ വൈദ്യുതി ഉത്പാദനത്തിന് അനുയോജ്യമായ സ്ഥലലഭ്യതയുള്ള സ്റ്റേഷനുകളിൽ സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനെർട്ട് മുഖേന സബ്സിഡി നൽകുന്നതിനുള്ള പദ്ധതി. ഹോട്ടലുകൾ, മാളുകൾ, മറ്റ് സ്വകാര്യ വ്യക്തികൾ തുടങ്ങുന്ന പബ്ലിക് ചാർജ്ജിംഗ് സ്റ്റേഷനുകളിൽ സൗരോർജ്ജ സംവിധാനം ഒരുക്കുന്നതിന് ഒരു കിലോവാട്ടിന് 20,000 രൂപ വീതം 5 മുതൽ 50 കിലോവാട്ട് വരെ ശേഷിയുള്ള പ്ലാന്റുകൾക്കാണ് സബ്സിഡി നൽകുന്നത്. 'ഗ്രിഡ്' (Grid) വൈദ്യുതി ലഭ്യമല്ലാത്ത വിദൂര ഗ്രാമങ്ങളിൽ സോളാർ പവർ പ്ലാന്റുകളോടൊപ്പം ചെറിയ കാറ്റാടി യന്ത്രങ്ങൾകൂടി സ്ഥാപിച്ചുള്ള 'ഹൈബ്രിഡ്' (Hybrid) പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി. സംസ്ഥാനത്ത് ഊർജ്ജോല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി എനർജി മാനേജ്മെന്റ് സെന്റർ (EMC) പാരമ്പര്യേതര ഊർജ്ജസ്രോതസ്സായ ചെറുകിട ജലവൈദ്യുത പദ്ധതികൾ വികസിപ്പിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി പുതിയ ജലവൈദ്യുത പദ്ധതികൾക്ക് ഇംപ്ലിമെന്റേഷൻ കരാറുകൾ വയ്ക്കുകയും 'ഹൈഡ്രോ കൈനറ്റിക്' സാങ്കേതികവിദ്യ പരീക്ഷിക്കാനും നടപടി

എടുത്തിട്ടുണ്ട്. കൂടാതെ സ്വകാര്യ സംരംഭക പ്രാതിനിധ്യം പ്രോത്സാഹിപ്പിച്ച് ചെറുകിട ജലവൈദ്യുത പദ്ധതികൾക്കുള്ള പ്രീ ക്വാളിഫിക്കേഷൻ ടെണ്ടർ 2022 മേയ് 25-ന് പ്രസിദ്ധീകരിച്ചു.

**കോങ്ങാട് ഗ്രീൻ എനർജി ഹബ്ബ്**

225 (707) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോങ്ങാട് മണ്ഡലത്തിൽ ഗ്രീൻ എനർജി ഹബ്ബ് പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി കാഞ്ഞിരപ്പുഴ ഡാം ടോപ്പ് റോഡിലൂടെയുള്ള സോളാർ കോറിഡോറിന്റെ നിർമ്മാണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

കോങ്ങാട് മണ്ഡലത്തിൽ ഗ്രീൻ എനർജി ഹബ്ബ് പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി കാഞ്ഞിരപ്പുഴ ഡാം ടോപ്പ് റോഡിലൂടെയുള്ള സോളാർ കോറിഡോറിന്റെ നിർമ്മാണത്തിന്റെ ഭാഗമായി കെ.എസ്.ഇ.ബി.എൽ. അധികൃതർ 21-4-2022-ന് സ്ഥലപരിശോധന നടത്തിയിട്ടുണ്ട്. ആയതിന്മേൽ റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

**പുരപ്പുറ സോളാർ പദ്ധതി**

226 (708) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പുരപ്പുറ സോളാർ പ്ലാന്റ് പദ്ധതിയിലൂടെ എത്ര കിലോവാട്ട് വൈദ്യുതി അധികമായി ഉൽപ്പാദിപ്പിക്കാൻ സാധിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ആയതിന്റെ ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് വിശദമാക്കാമോ?

(എ & ബി) പുരപ്പുറ സൗരോർജ്ജ പദ്ധതിയിലൂടെ നിലവിൽ 56.6254 MW വൈദ്യുതിയാണ് ഉല്പാദിപ്പിക്കുന്നത്. അതിൽ 55.5 MW കെ.എസ്.ഇ.ബി.എൽ. മുഖേന സ്ഥാപിച്ച പ്ലാന്റുകളിൽനിന്നും 1.1254 MW അനെർട്ട് മുഖേന സ്ഥാപിച്ച പ്ലാന്റുകളിൽനിന്നുമാണ്. ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് യഥാക്രമം അനുബന്ധം (1)-ഉം (2)-ഉം ആയി ചേർക്കുന്നു.*

(സി) കാസർഗോഡ് ജില്ലയിൽ സോളാർ വൈദ്യുതി കൂടുതൽ ഉല്പാദിപ്പിക്കുന്നതിനായി പുതിയ പ്ലാന്റ് സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാസർഗോഡ് ജില്ലയിലെ നെല്ലിത്തടം എന്ന സ്ഥലത്ത് 5 മെഗാവാട്ട് സോളാർ പ്ലാന്റും ചീമേനിയിൽ 100 MW സോളാർ പ്ലാന്റും സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ട്. നെല്ലിത്തടത്ത് സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള Captive Developer-നെ തീരുമാനിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു. ചീമേനിയിൽ സോളാർ പാർക്ക് സ്ഥാപിക്കുന്നതിന് 475 ഏക്കർ ഭൂമി പാട്ടവ്യവസ്ഥയിൽ RPCKL-ന് കൈമാറ്റം ചെയ്ത് മുൻകൂർ പ്രവേശനാനുമതി നൽകാൻ 16-7-2022-ലെ സ.ഉ.(സാധാ) നം.116/2022/POWER പ്രകാരം സംസ്ഥാന സർക്കാർ റവന്യൂ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി സോളാർ പാർക്കിനുള്ള DPR തയ്യാറാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

**തെരുവുവിളക്കുകളുടെ അഭാവംമൂലം പതിവാകുന്ന വാഹനാപകടങ്ങൾ**

227 (709) <u>ശ്രീ. എ. രാജ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.എച്ച്. 85-ൽ കോതമംഗലം മുതൽ അടിമാലി വരെയുള്ള വനപ്രദേശങ്ങളിലൂടെ കടന്നുപോകുന്ന പാതയുടെ നേര്യമംഗലം-വാളറ ഭാഗങ്ങളിൽ തെരുവ് വിളക്കുകളുടെ അഭാവംമൂലം വാഹനാപകടങ്ങൾ പതിവാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അറിയിക്കാമോ?

ഈ പ്രദേശത്ത് വനഭൂമിയാകയാൽ ലോ ടെൻഷൻ/ഹൈ ടെൻഷൻ ലൈൻ നിലവിലില്ല. ഇത്തരത്തിലുള്ള അപകടങ്ങൾ അടിമാലി ഓഫീസ് പരിധിയിൽ സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത ഭാഗങ്ങളിൽ തെരുവുവിളക്ക് സ്ഥാപിക്കുന്നത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; ഈ വിഷയത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പ്രസ്തുത പരാതി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി & സി) പരാതി ലഭിച്ചിട്ടില്ല. തെരുവ് വിളക്കുകളുടെ പരിപാലനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിപാലനത്തിൽ അധിഷ്ഠിതമാണ്.

**നിലാവ് പദ്ധതി**

228 (710) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് 'നിലാവ്' പദ്ധതി നടപ്പാക്കിയതെന്ന് അറിയിക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

നിലമ്പൂർ നിയോജകമണ്ഡലത്തിൽ അമരമ്പലം, ചുങ്കത്തറ ഗ്രാമപഞ്ചായത്തുകളിലും നിലമ്പൂർ മുനിസിപ്പാലിറ്റിയിലുമാണ് 'നിലാവ്' പദ്ധതി നടപ്പിലാക്കിയത്. സ്ഥാപിച്ച തെരുവുവിളക്കുകളുടെ പഞ്ചായത്ത് തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു:

അമരമ്പലം ഗ്രാമ പഞ്ചായത്ത് - 500 എണ്ണം

ചുങ്കത്തറ ഗ്രാമപഞ്ചായത്ത് - 500 എണ്ണം

നിലമ്പൂർ മുനിസിപ്പാലിറ്റി - 500 എണ്ണം

(ബി) തെരുവുവിളക്കുകൾക്ക് കേടുപാടുകൾ സംഭവിച്ചാൽ അറ്റകുറ്റപ്പണികൾ നടത്തുന്നതും മാറ്റിസ്ഥാപിക്കുന്നതും കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഉത്തരവാദിത്വമാണോയെന്ന് അറിയിക്കാമോ?

ഉത്തരവാദിത്വം അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്.

(സി) നിലമ്പൂർ നിയോജകമണ്ഡലത്തിലെ ചുങ്കത്തറ ഗ്രാമപഞ്ചായത്തിൽ ലഭിക്കേണ്ട 300 എൽ.ഇ.ഡി. തെരുവുവിളക്കുകൾ കെ.എസ്.ഇ.ബി.എൽ.-ൽ പണം അടച്ചിട്ടും ലഭിച്ചിട്ടില്ല എന്നതുസംബന്ധിച്ച് എം.എൽ.എ. മുഖാന്തരം ചുങ്കത്തറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

കിഫ്ബിയുടെ ഫണ്ടിംഗിൽ തദ്ദേശസ്വയംഭരണ വകുപ്പും കെ.എസ്.ഇ.ബി.എൽ.-ഉം സംയുക്തമായി നടത്തിവരുന്ന പദ്ധതിയാണ് 'നിലാവ്'. ഇ.ഇ.എസ്.എൽ. ആണ് മേൽപദ്ധതിക്ക് ആവശ്യമായിവരുന്ന എൽ.ഇ.ഡി.-കൾ നൽകുന്നത്. ആയതിനാൽ എൽ.ഇ.ഡി. തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി.എൽ. പണം ഒടുക്കേണ്ടതില്ല. പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ 31-7-2021 വരെ ലഭ്യമായ എൽ.ഇ.ഡി.-യുടെ ആവശ്യകത അനുസരിച്ചാണ് പർച്ചേസ് ഓർഡർ നൽകിയിട്ടുള്ളത്. ഈ പദ്ധതിയിൽ ചേരുന്നതിനുള്ള ചുങ്കത്തറ ഗ്രാമപഞ്ചായത്തിന്റെ തീരുമാനം 14-01-2022-ലേതാണ്. തുടർന്നുവരുന്ന പർച്ചേസിൽ ചുങ്കത്തറ ഗ്രാമപഞ്ചായത്തിന്റെകാര്യം അടിയന്തരമായി പരിഹരിക്കപ്പെടുമെന്ന് കരുതുന്നു.

(ഡി) പ്രസ്തുത തെരുവുവിളക്കുകൾ അടിയന്തരമായി ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കാമോ?

കേരളം ഒട്ടാകെയുള്ള സെക്ഷനുകളിൽനിന്നും അതത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നിർദ്ദേശമനുസരിച്ച് നടത്തുന്ന പരിശോധനപ്രകാരം ലഭ്യമാകുന്ന എൽ.ഇ.ഡി.-കളുടെ എണ്ണം കണക്കിലെടുത്താണ് പർച്ചേസ് ചെയ്യുന്നത്. നിലവിലെ ആവശ്യകത മുഴുവനായും ലഭ്യമായിട്ടില്ല. ആവശ്യകത ലഭ്യമാകുന്ന മുറയ്ക്ക് ഇ.ഇ.എസ്.എൽ.-ൽനിന്നും വാങ്ങി പദ്ധതി പൂർത്തീകരിക്കാൻ സാധിക്കും.

## കാസർഗോഡ് ജില്ലയിൽ കെ.എസ്.ഇ.ബി.എൽ. സെക്ഷൻ ഓഫീസുകൾ

229 (711) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കെ.എസ്.ഇ.ബി.ലിമിറ്റഡിന്റെ എത്ര സെക്ഷൻ ഓഫീസുകളാണ് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്; വിശദാംശം നൽകുമോ?

കാസർഗോഡ് ജില്ലയിൽ 24 സെക്ഷൻ ഓഫീസുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. പ്രസ്തുത ഓഫീസുകളുടെ പട്ടിക ഉള്ളടക്കം ചെയ്യുന്നു.* (അനുബന്ധം-1).

(ബി) പ്രസ്തുത ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഇലക്ട്രിക്കൽ സെക്ഷൻ കാസർഗോഡ്, ഇലക്ട്രിക്കൽ സെക്ഷൻ നല്ലോമ്പുഴ, ഇലക്ട്രിക്കൽ സെക്ഷൻ തൃക്കരിപ്പൂർ എന്നീ ഓഫീസുകൾ കെ.എസ്.ഇ.ബി.എൽ.-ന്റെ സ്വന്തം കെട്ടിടത്തിലേയ്ക്ക് മാറുന്നതിന്റെ പ്രവർത്തനം നടന്നുവരുന്നു. അതുകൂടാതെ ഇലക്ട്രിക്കൽ ഡിവിഷൻ കാഞ്ഞങ്ങാടും ഇലക്ട്രിക്കൽ സെക്ഷൻ കാഞ്ഞങ്ങാടിനും വേണ്ടി കെ.എസ്.ഇ.ബി.എൽ.-ന്റെ ഉടമസ്ഥതയിലുള്ള പുതിയ കെട്ടിടത്തിന്റെ നിർമ്മാണപ്രവർത്തനം നടന്നുവരുന്നു.

(സി) ചട്ടഞ്ചാൽ, കുറ്റിക്കോൽ കെ.എസ്.ഇ.ബി.എൽ. സെക്ഷൻ ഓഫീസുകൾ നിലവിൽ പ്രവർത്തിക്കുന്നതിനുസമീപം സർക്കാർ ഭൂമി ലഭ്യമാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ചട്ടഞ്ചാൽ, കുറ്റിക്കോൽ കെ.എസ്.ഇ.ബി.എൽ. ഓഫീസുകൾ നിലവിൽ പ്രവർത്തിക്കുന്നതിനുസമീപം സർക്കാർ ഭൂമി ലഭ്യമാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഇവിടെ റവന്യൂ ഭൂമി പാട്ടത്തിന് ലഭ്യമാക്കി സെക്ഷൻ ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കാമോ?

റവന്യൂ ഭൂമി പാട്ടത്തിന് ലഭ്യമാക്കുമ്പോൾ പാട്ടവ്യവസ്ഥ പ്രകാരം കമ്പോളവിലയുടെ നിശ്ചിത ശതമാനമാണ് പാട്ടവാടകയായി സംസ്ഥാന സർക്കാരിന്റെ ഉത്തരവിൽ പ്രതിപാദിക്കാറുള്ളൂ. കൂടാതെ നിശ്ചിത കാലയളവിനുശേഷം പ്രസ്തുത നിരക്ക് പുനർനിർണ്ണയിക്കാമെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു. (മൂന്നുമുതൽ 5 വർഷത്തിനുള്ളിൽ) പ്രസ്തുത വ്യവസ്ഥ പ്രകാരം റവന്യൂ ഭൂമി പാട്ടത്തിന് ലഭ്യമാക്കി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കെ.എസ്.ഇ.ബി.എൽ.-ന്റെ സെക്ഷൻ ഓഫീസുകൾ സ്വന്തമായി നിർമ്മിക്കുന്നത് സ്ഥാപനത്തിന് ഓരോ വർഷവും അധിക സാമ്പത്തികബാദ്ധ്യത വർദ്ധിപ്പിക്കു മെന്നതിനാൽ റവന്യൂ ഭൂമി കെ.എസ്.ഇ.ബി.എൽ.-ന് പാട്ടത്തിന് നൽകുന്ന വ്യവസ്ഥയിൽ ഭേദഗതി വരുത്തേണ്ടത് അനിവാര്യമാണ്. അതായത് ഫെയർവാല്യു വിന്റെ നിശ്ചിത ശതമാനം പാട്ടവാടക പാട്ടക്കാലാവധിവരെ നിജപ്പെടുത്തി നൽകിയാൽ മാത്രമേ കെ.എസ്.ഇ.ബി. ലിമിറ്റഡിന് റവന്യൂ ഭൂമിയിൽ (പാട്ടത്തിന്) സെക്ഷൻ ആഫീസുകൾ സ്വന്തമായി നിർമ്മിക്കാൻ സാധിക്കുകയുള്ളൂ. ചെലവുചുരുക്കലിന്റെ ഭാഗമായുള്ള സാമ്പത്തിക അച്ചടക്കനടപടികളെത്തുടർന്ന് ഇനി പുതിയ സെക്ഷൻ ഓഫീസുകളുടെ നിർമ്മാണത്തിനുള്ള ഭരണാനുമതി 31-3-2023 വരെ നൽകേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്.

**ആര്യനാട് സബ് എഞ്ചിനീയർ ഓഫീസ് അനുവദിക്കാൻ നടപടി**

230 (712) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം ജില്ലയിലെ ആര്യനാട് ഗ്രാമപഞ്ചായത്തിലെ വിവിധ ആദിവാസി സെറ്റിൽമെന്റുകളിൽ അധിവസിക്കുന്ന ജനങ്ങൾ കെ.എസ്.ഇ.ബി. ലിമിറ്റഡുമായി ബന്ധപ്പെട്ട വിവിധ ആവശ്യങ്ങൾക്ക് കിലോമീറ്ററുകൾ സഞ്ചരിക്കേണ്ടിവരുന്ന അവസ്ഥ നിലവിലുള്ളതിനാൽ ഇവർക്ക് സൗകര്യപ്രദമായ രീതിയിൽ പറണ്ടോട് കേന്ദ്രീകരിച്ച് ഒരു സബ് എഞ്ചിനീയർ ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങളുള്ളതിനാലും ആര്യനാട്ടിൽ സബ് എഞ്ചിനീയർ ഓഫീസ് അനുവദിക്കുന്നത് പ്രായോഗികമല്ല. ഉപഭോക്താക്കളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഉപഭോക്താക്കളുടെ എണ്ണം, വൈദ്യുതി ലൈനുകളുടെ നീളം, ട്രാൻസ്ഫോർമറുകളുടെ എണ്ണം, പ്രവർത്തന മേഖലയുടെ വിസ്തീർണ്ണം എന്നിവ പരിശോധിച്ച് ഏകദേശം തുല്യതവരുത്തി സെക്ഷൻ ഓഫീസുകളെ പുനർനിർണ്ണയി ക്കുന്നതിനും സെക്ഷൻ ഓഫീസുകളെ ശാക്തീകരിക്കുന്നതിനുമായുള്ള പ്രവൃത്തികൾ കെ.എസ്.ഇ.ബി.എൽ.-ൽ നടന്നുവരുന്നുണ്ട്.

## വൈദ്യുതി സെക്ഷൻ ഓഫീസുകളുടെ പുനഃക്രമീകരണം

231 (713) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉപഭോക്താക്കളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഉപഭോക്താക്കളുടെ എണ്ണം, വൈദ്യുതി ലൈനുകളുടെ നീളം, ട്രാൻസ്ഫോർമറുകളുടെ എണ്ണം, പ്രവർത്തന മേഖലയുടെ വിസ്തീർണ്ണം എന്നിവ പരിശോധിച്ച് സെക്ഷൻ ഓഫീസുകളെ പുനർനിർണ്ണയിക്കുന്ന നടപടികളുടെ പുരോഗതി അറിയിക്കുമോ;

(ബി) നിലവിലുള്ള ഓഫീസുകളുടെ പുനഃക്രമീകരണംവഴി കാര്യക്ഷമത ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾ ബോർഡിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) മലപ്പുറം ജില്ലയിൽ പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വള്ളുവമ്പ്രം, കിഴിശ്ശേരി, മഞ്ചേരി നോർത്ത് എന്നിവ വിഭജിച്ച് പൂക്കൊളത്തൂർ കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

(എ-സി) പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ലെന്നതിനാൽ ആധുനിക സാങ്കേതികവിദ്യകൾകൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും മുൻഗണന നൽകിക്കൊണ്ടുള്ള നടപടികളാണ് കെ.എസ്.ഇ.ബി.എൽ. നിലവിൽ സ്വീകരിച്ചു വരുന്നത്. പുനഃക്രമീകരിച്ച സെക്ഷൻ ഓഫീസുകൾ കാര്യക്ഷമമായിട്ടാണ് പദ്ധതികൾ നടപ്പിലാക്കിവരുന്നത്. പുതിയ സെക്ഷനാഫീസുകൾ ആരംഭിക്കുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല.

## ഒറ്റശേഖരമംഗലത്തെ സബ്സ്റ്റേഷൻ നിർമ്മാണം

232 (714) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റശേഖരമംഗലം കേന്ദ്രമാക്കി ഒരു 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ചിരുന്ന പ്രൊപ്പോസലിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

ഒറ്റശേഖരമംഗലം കേന്ദ്രമാക്കി ഒരു സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സാങ്കേതികപഠനങ്ങൾ പൂർത്തിയായിട്ടുണ്ട്. ഒറ്റശേഖരമംഗലത്ത് 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസൽ നേരത്തെ ഉണ്ടായിരുന്നുവെങ്കിലും സാങ്കേതികപഠനങ്ങൾ അനുസരിച്ച് 110 കെ.വി. ലൈനിനുള്ള RoW (Right of Way) ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടും പ്രദേശത്തെ വൈദ്യുതി ആവശ്യകതയും കണക്കിലെടുത്ത് അവിടെ ഒരു 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതാണ് അനുയോജ്യമായി കാണുന്നത്. ടി സബ്സ്റ്റേഷൻ, കേന്ദ്രാവിഷ്കൃത പദ്ധതിയായ RDSS-ൽ ഉൾപ്പെടുത്തി ചെയ്യാൻ ഉദ്ദേശിക്കുന്നു. സബ്സ്റ്റേഷന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കി കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ Plan-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഭരണാനുമതിയും സബ്സ്റ്റേഷൻ നിർമ്മാണത്തിനുള്ള ഭൂമിയും കിട്ടുന്ന മുറയ്ക്ക് പദ്ധതി ആരംഭിക്കുന്നതാണ്.

(ബി) പ്രസ്തുത സബ്സ്റ്റേഷൻ ആരംഭിക്കുന്നതിനായി ഭൂമിയേറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഒറ്റശേഖരമംഗലം ഗവ. സ്കൂളിനുസമീപം കണ്ടെത്തിയ ഭൂമി പ്രസ്തുത പദ്ധതിക്ക് അനുയോജ്യമാണോ; വിശദവിവരങ്ങൾ അറിയിക്കാമോ?

പ്രസ്തുത സബ്സ്റ്റേഷൻ ആരംഭിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒറ്റശേഖരമംഗലം ഗവ. സ്കൂളിനുസമീപം കണ്ടെത്തിയ ഭൂമി പ്രസ്തുത പദ്ധതിക്ക് അനുയോജ്യമാണ്.

(സി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന്റെ ഭാഗമായി വൈദ്യുതി വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്നും എത്രതുക ചെലവ് പ്രതീക്ഷിക്കുന്നുവെന്നും വെളിപ്പെടുത്തുമോ; വിശദാംശം ലഭ്യമാക്കാമോ?

ഒറ്റശേഖരമംഗലത്ത് സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിലേയ്ക്കുള്ള സാങ്കേതിക പഠനം ശിപാർശ ചെയ്യുന്നത് അവിടെ ഒരു 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കാനാണ്. പ്രസ്തുത 33 കെ.വി. സബ്സ്റ്റേഷനിലേയ്ക്ക് കാട്ടാക്കട 110 കെ.വി. സബ്സ്റ്റേഷനിൽനിന്നും 33 കെ.വി. ലൈൻ വലിച്ച് വൈദ്യുതി എത്തിക്കാൻ 7.42 കോടി രൂപയും ഒറ്റശേഖരമംഗലത്ത് പുതിയ സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് 9.21 കോടി രൂപയും ചെലവ് പ്രതീക്ഷിക്കുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ RDSS-ൽ 33 കെ.വി. സബ്സ്റ്റേഷനുകളുടെ നിർമ്മാണം രണ്ടാംഘട്ടമായി 2023-24 കാലയളവിൽ മാത്രമേ ആരംഭിക്കാൻ സാധിക്കുകയുള്ളൂ. ടി സബ്സ്റ്റേഷനുവേണ്ടിയുള്ള ഭൂമിയും ലഭിക്കേണ്ടതുണ്ട്.

(ഡി) സബ്സ്റ്റേഷന്റെ നിർമ്മാണം എത്രയുംവേഗം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

സബ്സ്റ്റേഷന്റെ നിർമ്മാണം കേന്ദ്രാവിഷ്കൃത പദ്ധതിയായ RDSS-ൽ ഉൾപ്പെടുത്തി ഭൂമി ലഭിക്കുന്ന മുറയ്ക്ക് മുൻഗണനയിൽ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്.

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ സബ്സ്റ്റേഷൻ നിർമ്മാണം**

233 (715) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി പറയാമോ:

(എ) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ പുതിയ സബ്സ്റ്റേഷനുകൾ ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

കാഞ്ഞങ്ങാട് മണ്ഡലത്തിൽ പുതിയ സബ്സ്റ്റേഷനുകൾ ആരംഭിക്കാൻ കെ.എസ്.ഇ.ബി. ലിമിറ്റഡിന് നിലവിൽ പദ്ധതികളില്ല. എന്നാൽ കേന്ദ്ര ഊർജ്ജവകുപ്പിന്റെ ഭാഗമായ REC ട്രാൻസ്മിഷൻ പ്രൊജക്ട് കമ്പനി ലിമിറ്റഡ്, താരിഫ് ബേസ്ഡ് കോംപറ്റിറ്റീവ് ബിഡ്ഡിംഗ് (TBCB) വ്യവസ്ഥയിൽ ക്ഷണിച്ച, ടെൻഡർ ലഭിച്ച കമ്പനിയായ സ്റ്റെർലൈറ്റ് പവർ ട്രാൻസ്മിഷൻ ലിമിറ്റഡിന്റെ ഭാഗമായ ഉഡുപ്പി കാസർഗോഡ് ട്രാൻസ്മിഷൻ ലിമിറ്റഡ് (UKTL) എന്ന കമ്പനി ഒരു 400 കെ.വി. സബ്സ്റ്റേഷൻ കാഞ്ഞങ്ങാട് മണ്ഡലത്തിൽ സ്ഥാപിക്കുന്നുണ്ട്. ഈ പ്രവൃത്തിയുമായി കെ.എസ്.ഇ.ബി. ലിമിറ്റഡ് നേരിട്ട് ബന്ധപ്പെട്ട് പ്രവർത്തിക്കുന്നില്ല.

(ബി) എങ്കിൽ പ്രസ്തുത സബ്സ്റ്റേഷനുകൾ എവിടെയൊക്കെയാണെന്നും ആയതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ?

കാഞ്ഞങ്ങാട് മണ്ഡലത്തിലെ കരിന്തളത്താണ് പ്രസ്തുത 400 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നത്. ഈ സബ്സ്റ്റേഷന്റെ കെട്ടിട നിർമ്മാണം, ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുള്ള ഫൗണ്ടേഷൻ ജോലികൾ തുടങ്ങിയവ പുരോഗമിച്ചുവരുന്നു.

**മണിയൂർ ഗ്രാമപഞ്ചായത്തിലെ കെ.എസ്. ഇ.ബി.എൽ. സബ്സ്റ്റേഷൻ നിർമ്മാണം**

234 (716) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണിയൂർ ഗ്രാമപഞ്ചായത്തിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന കെ.എസ്.ഇ.ബി.എൽ. സബ്സ്റ്റേഷൻ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

മണിയൂർ പ്രദേശത്ത് 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കാൻ സാങ്കേതിക പഠനം നടത്തി അനുകൂല റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. ടി സബ്സ്റ്റേഷൻ നിർമ്മിക്കാൻ അനുയോജ്യമായ സ്ഥലം കണ്ടെത്താൻ ശ്രമങ്ങൾ നടന്നുവരികയാണ്.

(ബി) പ്രസ്തുത സബ്സ്റ്റേഷൻ നിർമ്മിക്കുന്നതുവഴി ഏതൊക്കെ പ്രദേശങ്ങൾക്കാണ് പ്രയോജനം ലഭിക്കുന്നതെന്ന് അറിയിക്കാമോ?

ടി സബ്സ്റ്റേഷൻ നിർമ്മിക്കുന്നതുവഴി വടകര, പയ്യോളി മുനിസിപ്പാലിറ്റി, പഞ്ചായത്തുകളായ മണിയൂർ, വില്യാപ്പള്ളി, തിരുവള്ളൂർ, ആയഞ്ചേരി, തുറയൂർ എന്നീ പ്രദേശങ്ങളിൽ തടസ്സരഹിതമായ വൈദ്യുതി ലഭ്യമാക്കാൻ സാധിക്കുന്നതാണ്.

**വൈദ്യുതി ബോർഡിലെ കരാർ നിയമനം**

235 (717) ശ്രീ. മഞ്ഞളാംകുഴി അലി:

ശ്രീ. പി. ഉബൈദുള്ള:

ശ്രീ. പി. അബ്ദുൽ ഹമീദ്:

ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിലെ ഉയർന്ന തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ കരാർ നിയമനം നടത്തുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നിയമനങ്ങളുടെ വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) ഉന്നത തസ്തികകളിലെ കരാർ നിയമനങ്ങൾ സർക്കാർ നയത്തിന് അനുസൃതമാണോയെന്ന് വ്യക്തമാക്കുമോ?

(എ-സി) സവിശേഷമായ ചില പ്രവൃത്തികളിൽ പ്രാവീണ്യമുള്ള കെ.എസ്.ഇ.ബി. ലിമിറ്റഡിൽനിന്ന് വിരമിച്ച ഓഫീസർമാരിൽ ദിവസവേതനാടിസ്ഥാനത്തിൽ പ്രവൃത്തിയെടുക്കാൻ താല്പര്യമുള്ളവരുടെ പട്ടിക തയ്യാറാക്കി പ്രസിദ്ധപ്പെടുത്താൻ ബോർഡ് തീരുമാനിച്ചിരുന്നുവെങ്കിലും അക്കാര്യത്തിൽ തുടർനടപടിയൊന്നും സ്വീകരിച്ചിട്ടില്ല.

**വൈദ്യുതി വകുപ്പിൽ ജീവനക്കാരുടെ തസ്തികകൾ വെട്ടിക്കുറയ്ക്കുന്ന നടപടി**

236 (718) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈദ്യുതി വകുപ്പിലെ ജീവനക്കാരുടെ തസ്തികകൾ വെട്ടിക്കുറയ്ക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം തസ്തികകളാണ് ഒഴിവാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി വകുപ്പിലെ ജീവനക്കാരുടെ തസ്തികകൾ വെട്ടിക്കുറയ്ക്കുന്നതിന് തീരുമാനമെടുത്തിട്ടില്ല.

**സഹകരണ ബാങ്കുകളിലെ നിക്ഷേപങ്ങൾ**

237 (719) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിലെ നിക്ഷേപകർക്ക് തങ്ങളുടെ നിക്ഷേപം യഥാസമയം തിരിച്ചുലഭിക്കുന്നതിന് പ്രത്യേകമായി എന്തെങ്കിലും പദ്ധതി കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ?

കേരള സംസ്ഥാന സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം പ്രകാരമുള്ള ഗ്യാരണ്ടി പരിധി രണ്ട് ലക്ഷം രൂപയിൽനിന്ന് അഞ്ചുലക്ഷം രൂപയായി ഉയർത്തുന്നതിനുള്ള നടപടികൾ ആരംഭിക്കുവാൻ തത്വത്തിൽ അനുമതി നൽകുകയും ആയതുപ്രകാരം തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. പ്രതിസന്ധി നേരിടുന്ന സഹകരണ സംഘങ്ങൾ/ബാങ്കുകൾ എന്നിവയെ സഹായിക്കുന്നതിലേയ്ക്കായി ഒരു പുനരുദ്ധാരണ പദ്ധതി തയ്യാറാക്കുന്നതാണ്.

(ബി) ചില സഹകരണ ബാങ്കുകൾ കാട്ടുന്ന അനാസ്ഥമൂലം സഹകരണ മേഖലയ്ക്കെതിരെ ജനങ്ങളെ തിരിക്കാൻ നടത്തുന്ന ശ്രമങ്ങൾക്കെതിരെ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സഹകരണ മേഖലയെ തകർക്കുന്നതിനുള്ള ശ്രമങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെടുകയും ആയതിലെ യാഥാർത്ഥ്യം പൊതുജനങ്ങളെയും നിക്ഷേപകരെയും ബോദ്ധ്യപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രമുഖ സഹകാരികളുടെ നേതൃത്വത്തിൽ അംഗങ്ങളുടെ ഭവന സന്ദർശനം, സഹകാരി സംഗമം എന്നിവ ജില്ലാടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സഹകരണ മേഖലയുടെ വിപണി ഇടപെടൽ**

238 (720) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണവിപണിയിൽ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിനായി സഹകരണ സ്ഥാപനങ്ങൾ മുഖേന എന്തൊക്കെ ഇടപെടലുകളാണ് നടത്താനുദ്ദേശിക്കുന്നത്; വിശദീകരിക്കാമോ?

ഉത്സവകാലങ്ങളിൽ പൊതുവിപണിയിലുണ്ടാകുന്ന വിലക്കയറ്റം നിയന്ത്രിക്കുന്നതിനു വേണ്ടി സർക്കാർ സബ്സിഡിയോടുകൂടി സഹകരണ വകുപ്പിന്റെ കീഴിൽ കൺസ്യൂമർ ഫെഡറേഷന്റെ നേതൃത്വത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളെ ഏകോപിപ്പിച്ച് 13 ഇനം നിത്യോപയോഗ സാധനങ്ങൾ നിയന്ത്രിത അളവിൽ സബ്സിഡിയോടുകൂടി താൽക്കാലികമായി സഹകരണ വിപണികൾ ആരംഭിച്ച് വിൽപ്പന നടത്താറുണ്ട്. ഈ വർഷത്തെ ഓണവിപണി 2022 ആഗസ്റ്റ് 29 മുതൽ സെപ്റ്റംബർ 7 വരെ 10 ദിവസങ്ങളിൽ തുടർച്ചയായി 1500 വിപണികളിലായി വിൽപ്പന നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) ഉത്സവകാലങ്ങളിൽ സഹകരണ സ്ഥാപനങ്ങൾ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിനായി നടത്തുന്ന ഇടപെടലുകൾ വർഷം മുഴുവനും തുടരുന്നത് ഉചിതമായിരിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) വർഷം മുഴുവനും ഇത്തരത്തിൽ ന്യായവിലയ്ക്ക് സാധനങ്ങൾ നൽകുന്ന വിധത്തിൽ കടകൾ തുടങ്ങുമോ?

(ബി&സി) ഈ വിഷയത്തിൽ സാമ്പത്തിക ബാധ്യത ഉൾപ്പെടെയുള്ള കാര്യങ്ങൾ വിശദമായി പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

**സഹകരണ ബാങ്ക് നിക്ഷേപത്തിന് ഗ്യാരന്റി**

239 (721) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്ക് തട്ടിപ്പുമായി ബന്ധപ്പെട്ട ആക്ഷേപങ്ങൾ പരിഹരിക്കുന്നതിന് നിക്ഷേപകർക്ക് ഗ്യാരന്റി നൽകാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

2018-ലെ കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം അനുസരിച്ച് നിക്ഷേപ ഗ്യാരന്റി സ്കീമിൽ ആകെ നിക്ഷേപത്തിനനുസരിച്ച് വിഹിതം അടയ്ക്കുകയും തുടർന്ന് ഓരോ വർഷവും നിക്ഷേപ വർദ്ധനവിനനുസരിച്ച് വിഹിതം അടച്ച് പുതുക്കുകയും ചെയ്യുന്ന സഹകരണ സംഘങ്ങളുടെ 2 ലക്ഷം രൂപ വരെയുള്ള നിക്ഷേപങ്ങൾക്കാണ് നിക്ഷേപ ഗ്യാരന്റി നൽകുന്നത്. ഈ തുക 5 ലക്ഷം രൂപയായി ഉയർത്തി ഗ്യാരന്റി സ്കീം സമഗ്രമായി പരിഷ്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) ജില്ലാ ബാങ്ക് പിരിച്ചുവിട്ട് കേരള ബാങ്ക് രൂപീകരിച്ചതുമൂലമാണ് നിക്ഷേപകർക്ക് തങ്ങളുടെ നിക്ഷേപത്തിന് ഗ്യാരന്റി ലഭിക്കാത്ത അവസ്ഥയുണ്ടായതെന്ന ആക്ഷേപം ഏതുരീതിയിൽ വിലയിരുത്തുന്നുവെന്ന് വ്യക്തമാക്കാമോ?

പ്രാഥമിക ബാങ്കുകളുടെ നിക്ഷേപത്തിന് സംസ്ഥാന ഗവണ്മെന്റിനുകീഴിൽ രൂപീകരിച്ചിട്ടുള്ള സംസ്ഥാന സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡാണ് കേരള ബാങ്ക് രൂപീകരണത്തിനുമുൻപും ഇപ്പോഴും ഗ്യാരന്റി നൽകിവരുന്നത്.

(സി) എന്തുപ്രതിസന്ധി ഉണ്ടായാലും ജില്ലാ ബാങ്കുകൾക്ക് കൈകാര്യം ചെയ്യാൻ സാധിക്കുമായിരുന്ന സ്ഥിതിവിശേഷത്തിന് ബദലായി സ്വീകരിച്ചിരിക്കുന്ന വ്യവസ്ഥ എന്തെന്ന് വ്യക്തമാക്കാമോ?

സംസ്ഥാന-ജില്ലാ ബാങ്കുകളെ സംയോജിപ്പിച്ച് സഹകരണ മേഖലയിൽ ശക്തമായ ഇടപെടൽ നടത്താൻ സാമ്പത്തിക പ്രാപ്തിയുള്ള ആധുനിക ബാങ്കിംഗ് സംവിധാനങ്ങളുടെ ബാങ്ക് സൃഷ്ടിക്കുകയാണ് കേരള ബാങ്കിലൂടെ സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിലൂടെ എല്ലാ ജില്ലയിലെ സംഘങ്ങൾക്കും ഒരുപോലെ നേതൃത്വവും സാമ്പത്തിക സഹായവും ചെയ്യാൻ കഴിയുന്നു.

**സർഫാസി നിയമം - ഡിമാൻഡ് നോട്ടീസുകളും ജപ്തി നടപടികളും**

240 (722) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർഫാസി നിയമ പ്രകാരം, 2020 ജനുവരി മാസം മുതൽ നാളിതുവരെ സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾ, സഹകരണ ബാങ്കുകൾ എന്നിവ വായ്പാ കുടിശ്ശികയുമായി ബന്ധപ്പെട്ട് എത്ര ഡിമാന്റ് നോട്ടീസുകൾ നൽകിയിട്ടുണ്ട്; അറിയിക്കാമോ;

(ബി) പ്രസ്തുത ഡിമാന്റ് നോട്ടീസുകൾ അനുസരിച്ച് എത്ര കേസ്സുകളിൽ ജപ്തി നടപടികൾ പൂർത്തിയാക്കി; എത്ര തുക ഇതിലൂടെ ഈടാക്കി; എത്ര തുകയുടെ വസ്തുവകകൾ അറ്റാച്ച് ചെയ്തു; വിവരങ്ങൾ നൽകാമോ?

(എ & ബി) സഹകരണ വകുപ്പിനുകീഴിൽ RBI ലൈസൻസോടുകൂടി പ്രവർത്തിക്കുന്നതായ സംസ്ഥാന സഹകരണ ബാങ്ക്, 60 അർബൻ സഹകരണ ബാങ്കുകൾ, മലപ്പുറം ജില്ലാ സഹകരണ ബാങ്ക് എന്നിവയാണ് സർഫാസി നിയമത്തിന്റെ പരിധിയിൽ വരുന്നത്. ടി ബാങ്കുകൾ 2020 ജനുവരി മാസം മുതൽ നാളിതുവരെ വായ്പാ കുടിശ്ശികയുമായി ബന്ധപ്പെട്ട് ആകെ 40337 ഡിമാൻറ് നോട്ടീസുകൾ നൽകിയിട്ടുണ്ട്. പ്രസ്തുത ഡിമാന്റ് നോട്ടീസുകൾ അനുസരിച്ച് 4554 കേസ്സുകളിൽ ജപ്തി നടപടികൾ പൂർത്തിയായിട്ടുണ്ട്. ഇതിലൂടെ 27,910.4 ലക്ഷം രൂപ ഈടാക്കിയിട്ടുള്ളതും 88,043.29 ലക്ഷം രൂപയുടെ വസ്തുവകകൾ അറ്റാച്ച് ചെയ്തിട്ടുള്ളതുമാണ്.

**സഹകരണ മേഖലയെ സംരക്ഷിക്കുന്നതിന് നടപടി**

241 (723) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളുടെ നിക്ഷേപങ്ങൾ സംരക്ഷിക്കാൻ പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കേരളത്തിൽ പ്രതിസന്ധി നേരിടുന്ന സഹകരണ സംഘങ്ങൾ/ബാങ്കുകൾ എന്നിവയെ സഹായിക്കുന്നതിനായി സമഗ്രമായ ഒരു പുനരുദ്ധാരണ പദ്ധതി തയ്യാറാക്കുന്നതാണ്. കേരള സംസ്ഥാന സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം പ്രകാരമുള്ള ഗ്യാരന്റി പരിധി രണ്ട് ലക്ഷം രൂപയിൽനിന്ന് അഞ്ച് ലക്ഷം രൂപയായി ഉയർത്തുന്നതിനുള്ള നടപടികൾ ആരംഭിക്കാൻ തത്വത്തിൽ അനുമതി നൽകുകയും ആയതുപ്രകാരം തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(ബി) സഹകരണ മേഖലയെ സംരക്ഷിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

സഹകരണ മേഖലയെ സംരക്ഷിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി സഹകരണ നിയമത്തിൽ കൂടുതൽ കർശന വ്യവസ്ഥകൾ ഉൾപ്പെടുത്തി സമഗ്ര നിയമ ഭേദഗതി വരുത്തുന്നത് സർക്കാരിന്റെ പരിഗണനയിലാണ്. സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലും അവയുടെ ശാഖകളിലും ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു. 1969-ലെ

കേരള സഹകരണ സംഘം - നിയമപ്രകാരം രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളിൽ നടക്കുന്ന ക്രിമിനൽ സ്വഭാവമുള്ള സാമ്പത്തിക ക്രമക്കേടുകളുമായി ബന്ധപ്പെട്ട് കൃത്യവിലോപം വരുത്തിയ സംഘം ജീവനക്കാർക്കും ഭരണസമിതി അംഗങ്ങൾക്കുമെതിരെ ക്രിമിനൽ നിയമപ്രകാരം നടപടി സ്വീകരിക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. സഹകരണ സംഘങ്ങളുടെ ആഡിറ്റ് കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതും ആക്കുന്നതിലേയ്ക്കായി ടീം ആഡിറ്റ് സംവിധാനം നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ICDMS പ്രോജക്ടിന്റെ ഭാഗമായി സഹകരണ സംഘങ്ങളുടെ ആഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ സംവിധാനം തയ്യാറാക്കിയിട്ടുണ്ട്. സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും മറ്റ് ഫംഗ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുമുള്ള കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെയും അടിസ്ഥാന വിവരങ്ങളും ആഡിറ്റ് സംബന്ധിച്ച വിവരങ്ങളും CAMIS-ലൂടെ പൊതുജനങ്ങൾക്ക് ഉൾപ്പെടെ ഓൺലൈനായി www.camis.kerala.gov.in എന്ന പേജിലൂടെ ലഭ്യമാക്കിയിട്ടുണ്ട്.

**സഹകരണ ബാങ്കുകൾ കർഷകർക്ക് അനുവദിച്ച പലിശ സബ്സിഡി**

242 (724) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക സഹകരണ ബാങ്കുകൾവഴി കർഷകർക്ക് നൽകിയ കാർഷിക വായ്പകൾക്ക് [കിസാൻ ക്രെഡിറ്റ് കാർഡ് (കെ.സി.സി.)] ബാങ്കുകൾ നൽകിയ നാലുശതമാനം പലിശ സബ്സിഡി ബാങ്കുകൾക്ക് സർക്കാർ നൽകാൻ ബാക്കിയുണ്ടോ; ഉണ്ടെങ്കിൽ ഏത് വർഷം വരെ; വിശദമാക്കുമോ?

പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾവഴി കർഷകർക്ക് നൽകിയിട്ടുള്ള ഹ്രസ്വകാല കാർഷിക വായ്പകളിൽ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ഉത്തേജന പലിശ സബ്സിഡി, 2011-12 വർഷം മുതൽ 31-3-2021 വരെ സംഘങ്ങൾക്ക് നൽകുവാനുണ്ട്.

(ബി) കുടിശ്ശികയുണ്ടെങ്കിൽ ആയത് ബാങ്കുകൾക്ക് അനുവദിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

ഉത്തേജന പലിശയിളവ് പദ്ധതി പ്രകാരമുള്ള ധനസഹായം അനുവദിക്കുന്നതിനായി 2022-2023 സാമ്പത്തികവർഷം 5 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

## സഹകരണ സ്ഥാപനങ്ങളിലെ ക്രമക്കേടുകൾ തടയാൻ നടപടി

243 (725) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. കെ. വി. സുമേഷ്:
ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പെട്ട ക്രമക്കേടുകളെ മറയാക്കിക്കൊണ്ട് സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനത്തെ തകർക്കുക എന്ന ലക്ഷ്യത്തോടെ ഒരുവിഭാഗം അപവാദപ്രചാരണങ്ങൾ നടത്തിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ നിജസ്ഥിതി എന്താണെന്നും ഇവ ജനങ്ങളെ അറിയിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നും വ്യക്തമാക്കാമോ?

ചില ഒറ്റപ്പെട്ട സംഭവങ്ങളെ പെരുപ്പിച്ചുകാട്ടി സഹകരണ മേഖലയെ തകർക്കുന്നതിനുള്ള ശ്രമങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെടുകയും ആയതിലെ നിജസ്ഥിതി പൊതുജനങ്ങളെയും നിക്ഷേപകരെയും ബോദ്ധ്യപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രമുഖ സഹകാരികളുടെ നേതൃത്വത്തിൽ പത്രസമ്മേളനം, അംഗങ്ങളുടെ ഭവന സന്ദർശനം, സഹകാരി സംഗമം എന്നിവ ജില്ലാടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സഹകരണ ബാങ്കുകളിലെ ക്രമക്കേടുകൾക്കെതിരെ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; സഹകരണ സ്ഥാപനരംഗത്ത് ഇത്തരം പ്രവണതകൾ ഇല്ലായ്മ ചെയ്യുന്നതിനായി പ്രത്യേകമായ നടപടികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സഹകരണ ബാങ്കുകളിലെ ക്രമക്കേടുകൾക്കെതിരെ കേരള സഹകരണ നിയമം വകുപ്പ് 65 അന്വേഷണം/വകുപ്പ് 66 പരിശോധന നടത്തി പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാരെ കണ്ടെത്തുന്നതിനും ഓരോരുത്തരുടെയും സാമ്പത്തികബാദ്ധ്യത എത്രയെന്ന് തിട്ടപ്പെടുത്തുന്നതിനായി കേരള സഹകരണ നിയമം വകുപ്പ് 68(1) പ്രകാരമുള്ള അന്വേഷണം നടത്തുകയും പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നഷ്ടപ്പെട്ട തുക ഈടാക്കുന്നതിന്റെ ഭാഗമായി വകുപ്പ് 68(2) സർചാർജ്ജ് നടപടികൾ സ്വീകരിച്ചുവരുന്നു. ഇപ്രകാരം സർചാർജ്ജ് തുക ഒടുക്കാത്തപക്ഷം നഷ്ടപ്പെട്ട തുക ഈടാക്കുന്നതിന്റെ ഭാഗമായി വസ്തുവകകളിൻമേൽ കണ്ടീഷണൽ അറ്റാച്ച്മെന്റ്, റവന്യൂ റിക്കവറി നടപടികൾ എന്നിവ സ്വീകരിച്ചു വരുന്നു. കൂടാതെ നിലവിലുള്ള ഭരണസമിതി അംഗങ്ങളാണ് ഇപ്രകാരം ക്രമക്കേട് നടത്തിയിട്ടുള്ളതെങ്കിൽ കേരള സഹകരണ നിയമം വകുപ്പ് 32 പ്രകാരം പ്രസ്തുത

ഭരണ സിമിതിയെ നീക്കം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. 1969-ലെ കേരള സഹകരണ സംഘം നിയമപ്രകാരം രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളിൽ നടക്കുന്ന ക്രിമിനൽ സ്വഭാവമുള്ള സാമ്പത്തിക ക്രമക്കേടുകളുമായി ബന്ധപ്പെട്ട് കൃത്യവിലോപം വരുത്തിയ സംഘം ജീവനക്കാർക്കും ഭരണസമിതി അംഗങ്ങൾക്കുമെതിരെ ക്രിമിനൽ നിയമപ്രകാരം നടപടി സ്വീകരിക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകിക്കൊണ്ട് സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. സഹകരണ മേഖലയിലെ പ്രവർത്തനങ്ങൾ മികവുറ്റതാക്കാനും സഹകരണ നിയമത്തിൽ കൂടുതൽ കർശന വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനും സഹകരണ രംഗത്ത് ഉയർന്നുവരുന്ന ആശ്വാസ്യകരമല്ലാത്ത പ്രവണതകൾ അവസാനിപ്പിക്കുന്നതിനും സംഘങ്ങളുടെ വളർച്ചയ്ക്ക് അനുയോജ്യമായ രീതിയിലും സമഗ്ര നിയമ ഭേദഗതി വരുത്തുന്നതും സർക്കാരിന്റെ പരിഗണനയിലാണ്. സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ വിശ്വാസ്യത, സുതാര്യത എന്നിവ ഉറപ്പുവരുത്തുന്നതിനായി ഓഡിറ്റ് സംവിധാനം ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലും അവയുടെ ശാഖകളിലും കോമൺ സോഫ്റ്റ്‌വെയർ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സഹകരണ ആഡിറ്റ് സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി ICDMS പ്രോജക്ടിന്റെ ഭാഗമായി സഹകരണ സംഘങ്ങളുടെ ആഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും മറ്റ് ഫംഗ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുമുള്ള കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെയും അടിസ്ഥാന വിവരങ്ങളും ആഡിറ്റ് സംബന്ധിച്ച വിവരങ്ങളും CAMIS-ലൂടെ പൊതുജനങ്ങൾക്ക് ഉൾപ്പെടെ ഓൺലൈനായി www.camis.kerala.gov.in എന്ന പേജിലൂടെ ലഭ്യമാക്കിയിട്ടുണ്ട്. സഹകരണ സംഘം രജിസ്ട്രാറുടെയും മറ്റ് ഫംഗ്ഷണൽ രജിസ്ട്രാർമാരുടേയും കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സഹകരണ സംഘങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കുന്നതിലൂടെ വകുപ്പുതല വിവരശേഖരണം സുഗമമാക്കുന്നതിനും ഫലപ്രദമായി നിരീക്ഷിക്കുന്നതിനും കഴിയുന്നതാണ്. സഹകരണ സംഘങ്ങളുടെ അടിസ്ഥാനവിവരങ്ങളും ആഡിറ്റ് സംബന്ധിച്ച വിവരങ്ങളും പൊതുജനങ്ങൾക്ക് ലഭ്യമാകുന്നതിലൂടെ സുതാര്യത ഉറപ്പുവരുത്തുന്നതിനും ജനങ്ങളുടെ വിശ്വാസ്യത വർദ്ധിപ്പിക്കുന്നതിനും കൂടുതൽ ജനവിഭാഗങ്ങളെ സഹകരണ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും CAMIS-ലൂടെ സാധിച്ചിട്ടുണ്ട്. സഹകരണ സംഘങ്ങളുടെ ആഡിറ്റ് സമ്പ്രദായം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ IA&AS സർവ്വീസിൽനിന്നും സീനിയർ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ ഗ്രേഡിലുള്ള ഉദ്യോഗസ്ഥയെ ആഡിറ്റ് ഡയറക്ടറായി

നിയമിച്ചിട്ടുണ്ട്. ടീം ആഡിറ്റ് സംവിധാനം നടപ്പിലാക്കുന്നതിന് നിർദ്ദേശിച്ചതനു സരിച്ച് ആയതിനുള്ള പ്രാരംഭനടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചിട്ടുണ്ട്.

(സി) സഹകരണ ഓഡിറ്റിംഗിലും നിക്ഷേപ ഗ്യാരന്റി ബോർഡിന്റെ വ്യവസ്ഥകളിലും മാറ്റങ്ങൾ വരുത്തുന്നകാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉണ്ട്. സഹകരണ സംഘങ്ങളുടെ ആഡിറ്റ് കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതും ആക്കുന്നതിലേയ്ക്കായി ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിയുടെ അവലോകന യോഗത്തിൽ സഹകരണ വകുപ്പിൽ ടീം ആഡിറ്റ് സംവിധാനം നടപ്പിലാക്കുന്നതിന് നിർദ്ദേശിച്ചതനുസരിച്ച് ആയതിനുള്ള പ്രാരംഭ നടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചിട്ടുണ്ട്. സഹകരണ ആഡിറ്റ് സംവിധാനം ഫലപ്രദമായ വിധം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 16-8-2022-ലെ സ.ഉ. അച്ചടി നമ്പർ 144/2022/സഹ പ്രകാരം പത്തനംതിട്ട ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ 16-08-2022-ന് ടീം ആഡിറ്റ് സംവിധാനം ആരംഭിച്ചു. കമ്പ്യൂട്ടർവൽകൃത സംഘങ്ങളിൽ ആഡിറ്റ് കാര്യക്ഷമമായി നിർവ്വഹിക്കത്തക്ക രീതിയിൽ ജില്ലാതലത്തിൽ ആഡിറ്റർമാർക്ക് പരിശീലനം നൽകിയിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട സംഘങ്ങളിൽ ഐ.റ്റി. ആഡിറ്റ് പുറത്തുനിന്നുള്ള കമ്പ്യൂട്ടർ വിദഗ്ധരുടെ സഹായത്തോടെ നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. വസ്തു ഈടുകളുടെ സാംപിൾ തെരഞ്ഞെടുത്ത് ഭൗതിക പരിശോധന നടത്താൻ ആഡിറ്റർമാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് (ഐ.സി.എം.), അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (ACSTI)-ലെ വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കി പരിശീലന പരിപാടി സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ നടപടികൾ സ്വീകരിച്ചുവരുന്നു. ആഡിറ്റ് MATRIX-ന്റെ ഉപയോഗത്തിലൂടെ ആഡിറ്റ് കൂടുതൽ കാര്യക്ഷമമാക്കാനും റിപ്പോർട്ടിംഗ് മികവുറ്റതാക്കാനും റിസ്ക് കൂടിയ മേഖലകളിൽ കൂടുതൽ ശ്രദ്ധചെലുത്താനുമുള്ള പരിശീലനം ആഡിറ്റ് ഡയറക്ടറുടെ നേതൃത്വത്തിൽ കൊടുത്തു. സ്വർണ്ണപ്പണയ പണ്ടങ്ങളുടെ പരിശോധന കാലാനുസൃതമായി കാര്യക്ഷമമായ രീതിയിൽ നടത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. വകുപ്പുതല ആഡിറ്റർമാരുടെ സഹകരണ സംഘങ്ങളുടെ ആഡിറ്റ് സംബന്ധിച്ച് അവരുടെ ടൂർ പ്രോഗ്രാം, ഡയറി വെരിഫിക്കേഷനുകൾ താലൂക്ക് അസിസ്റ്റന്റ് ഡയറക്ടർമാരും ജില്ലാ ജോയിന്റ് ഡയറക്ടർമാരും ആഡിറ്റ് ഡയറക്ടറും കൃത്യമായി നടത്തിവരുന്നു. വകുപ്പുതലത്തിൽ ആഡിറ്റർമാരുടെ പ്രവൃത്തി അവലോകനം പ്രതിമാസം താലൂക്ക്/ജില്ലാ/സംസ്ഥാന

തലത്തിലും നടത്തുന്നുണ്ട്. പരിഷ്കരിച്ച ആഡിറ്റ് മാന്വൽ പ്രകാരം ആഡിറ്റ് നടത്തുന്നതിന് ആഡിറ്റർമാർക്ക് ആവശ്യമായ പരിശീലനം നൽകിവരുന്നു. ആഡിറ്റ് മാന്വൽ മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. പ്രതിമാസ നിക്ഷേപ പദ്ധതികളുടെ ആഡിറ്റ് ഏകീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അനുപാത വിശകലനം നടത്തി സംഘത്തിന്റെ സാമ്പത്തികനില മനസ്സിലാക്കി സംഘങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിന് ആഡിറ്റർമാർക്ക് ജില്ലാ ജോയിന്റ് ഡയറക്ടർ മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. വസ്തു ജാമ്യത്തിലുള്ള വായ്പ അപേക്ഷയിന്മേൽ ഏകീകൃത സ്വഭാവം കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആഡിറ്റ് സംബന്ധിച്ച വിവരങ്ങൾ ഓൺലൈനാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആഡിറ്റ് ശക്തിപ്പെടുത്തുന്നതിനാവശ്യമായ ഭേദഗതികൾ സഹകരണ നിയമത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സഹകരണ വകുപ്പ് ആധുനികവത്കരണത്തിന്റെ ഭാഗമായി C-Dit മുഖേന നടപ്പിലാക്കിയിട്ടുള്ള (Integrated Co-operative Department Management System) പ്രോജക്ടിൽ ഉൾപ്പെടുത്തി സഹകരണ സംഘങ്ങളുടെ ആഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും മറ്റ് ഫംഗ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുമുള്ള കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെ അടിസ്ഥാന വിവരങ്ങളും ആഡിറ്റ് സംബന്ധിച്ച വിവരങ്ങളും സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS)-ലൂടെ ഓൺലൈനായി www.camis.kerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തരം പൊതുജനങ്ങൾക്ക് കാണുന്നതിനുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. 12-5-2022-ലെ സ.ഉ. (സാധാ) നമ്പർ 329/2022/Co-op പ്രകാരം കേരള സംസ്ഥാന സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം പ്രകാരമുള്ള ഗ്യാരന്റി പരിധി രണ്ട് ലക്ഷം രൂപയിൽനിന്ന് അഞ്ച് ലക്ഷം രൂപയായി ഉയർത്തുന്നതിനുള്ള നടപടികൾ ആരംഭിക്കാൻ തത്വത്തിൽ അനുമതി നൽകുകയും ആയതുപ്രകാരം തുടർനടപടികൾ സ്വീകരിക്കാൻ ബോർഡ് വൈസ്ചെയർമാനെ ചുമതലപ്പെടുത്തുകയും ചെയ്തു. തുടർന്ന് 27-6-2022-ൽ നടന്ന നിക്ഷേപ ഗ്യാരന്റി സ്കീം ബോർഡിന്റെ ഭരണസമിതി ഗ്യാരന്റി പരിധി രണ്ടുലക്ഷം രൂപയിൽനിന്ന് അഞ്ചുലക്ഷം രൂപയായി ഉയർത്തുന്നതിനുള്ള തീരുമാനം കൈക്കൊണ്ട് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയതിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## സംസ്ഥാന പുരോഗതിയിൽ സഹകരണ സ്ഥാപനങ്ങളുടെ പങ്ക്

244 (726) <u>ശ്രീ. എം. എം. മണി</u>:
<u>ശ്രീ. കെ. ആൻസലൻ</u>:
<u>ശ്രീ. ടി. ഐ. മധുസൂദനൻ</u>:
<u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പുരോഗതിയിൽ സഹകരണ സ്ഥാപനങ്ങളുടെ പങ്ക് സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

കേരളത്തിലെ സഹകരണ പ്രസ്ഥാനം കർഷകരുടെയും സാധാരണ ജനവിഭാഗങ്ങളുടെയും സാമ്പത്തിക-സാമ്പത്തികേതര ആവശ്യങ്ങൾ നിറവേറ്റുന്നതിന് യഥാസമയം പ്രയത്നിച്ചുകൊണ്ടിരിക്കുന്നു. കേരളത്തിന്റെ സാമൂഹിക - സാമ്പത്തിക രംഗത്ത് സുരക്ഷ ഒരുക്കുന്നതിൽ നിർണ്ണായക പങ്കാണ് സഹകരണ പ്രസ്ഥാനം നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്. ഏത് ആപൽഘട്ടത്തിലും സഹായഹസ്തവുമായി ജനങ്ങൾക്ക് ആശ്രയിക്കാവുന്ന മേഖലയായി മാറിക്കഴിഞ്ഞു. കോവിഡ് പ്രതിസന്ധിയെ അതിജീവിക്കുന്നതിന് വിവിധതരം ഇടപെടലുകൾ നടത്തുകയുണ്ടായി. കേരള ബാങ്കും കൺസ്യൂമർഫെഡും മികച്ച രീതിയിലുള്ള പ്രവർത്തനങ്ങളാണ് നടത്തിയത്. കോവിഡ് പ്രതിസന്ധിയുടെ കാലത്ത് വിവിധ വായ്പാ പദ്ധതികളിലൂടെ സാധാരണക്കാരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് പരിശ്രമിച്ചു. വായ്പാ വിതരണത്തിനുപുറമേ വൈവിദ്ധ്യമാർന്ന നിരവധി പ്രവർത്തനങ്ങൾ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളും മറ്റ് സഹകരണ സംഘങ്ങളും നടത്തിവരുന്നു. പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് കെയർ ഹോം പദ്ധതിയിലൂടെ ഒന്നാം ഘട്ടത്തിൽ 2089 വീടുകൾ നിർമ്മിച്ച് ഗുണഭോക്താക്കൾക്ക് കൈമാറി. കെയർ ഹോം രണ്ടാംഘട്ടത്തിൽ തൃശ്ശൂർ ജില്ലയിൽ 40 ഗുണഭോക്താക്കൾക്ക് താമസിക്കാൻ കഴിയുന്ന ആദ്യ ഭവനസമുച്ചയം കൈമാറി. സർക്കാരിന്റെ ആദ്യ നൂറുദിന കർമ്മപരിപാടിയിലെ എല്ലാ പദ്ധതികളും നിശ്ചിത തീയതികളിൽ പൂർത്തീകരിച്ചു. രണ്ടാംഘട്ടത്തിൽ പ്രഖ്യാപിച്ച 17 പദ്ധതികളും സമയബന്ധിതമായി പൂർത്തീകരിച്ചു. ഇതിന്റെ ഭാഗമായി യുവജനങ്ങളെ സഹകരണ മേഖലയിൽ ആകർഷിക്കുന്നതിനും അവരുടെ ഉന്നമനത്തിനുമായി യുവ സഹകരണ സംഘങ്ങൾ രൂപീകരിച്ചു. കാർഷിക മേഖലയിൽ ഇടപെടലുകൾ ശക്തമാക്കി. സഹകരണ മേഖലയിലെ ആധുനികവൽക്കരണം വേഗത്തിലാക്കി. പച്ചക്കറി ഉൽപ്പാദനം സ്വയംപര്യാപ്തതയിൽ എത്തിക്കുന്നതിനായിട്ടുള്ള പ്രവർത്തനം നടത്തിവരുന്നു. സഹകരണ സംഘങ്ങളുടെ ഉല്പന്നങ്ങൾ ഒറ്റ ബ്രാന്റിൽ വിറ്റഴിക്കാനും അന്താരാഷ്ട്ര വിപണി ലക്ഷ്യമിട്ടുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. സഹകരണ സ്ഥാപനങ്ങളുടെ ഉല്പന്ന

വില്പനയ്ക്കായി 14 ജില്ലകളിലും കോപ്പ് മാർട്ടുകൾ ആരംഭിച്ചു. കലാകാരന്മാരെ സഹായിക്കുന്നതിനായി പ്രത്യേക സഹകരണ സംഘം രൂപീകരിച്ചു. പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ ഉന്നമനത്തിനായി 'പുനർജ്ജനി' പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. അശരണരായ മുതിർന്ന സഹകാരികൾക്കായി 'സഹകരണ സാന്ത്വനം' പദ്ധതി നടപ്പിലാക്കിവരുന്നു. അംഗസമാശ്വാസ നിധി പദ്ധതി നടപ്പിലാക്കിവരുന്നു. 'മുറ്റത്തെ മുല്ല', 'സ്നേഹതീരം' തുടങ്ങിയ ലഘുവായ്പാ പദ്ധതി സാധാരണക്കാർക്കായി നടപ്പിലാക്കിവരുന്നു. പ്രാദേശിക സമൂഹവുമായി നേരിട്ട് ബന്ധം പുലർത്തുന്ന വായ്പാ സഹകരണ സംഘങ്ങൾ ഗ്രാമീണ, നഗര, അർദ്ധനഗര പ്രദേശങ്ങളിൽ താമസിക്കുന്ന താഴ്ന്ന ഇടത്തരം ജനങ്ങളുടെ വികസനം ലക്ഷ്യമിട്ട് വായ്പകൾ NHG/SHG/JLG വഴിയും നേരിട്ടും നല്കിവരുന്നു. ഇതിലൂടെ കാർഷിക ഉൽപ്പാദകക്ഷമത വർദ്ധിപ്പിച്ച് ഗ്രാമീണ ദാരിദ്ര്യത്തെ നേരിടുന്നതിന് സഹായകരമാകുന്നു. സംസ്ഥാന സഹകരണ മേഖലയിൽ ഏകദേശം ഒരുലക്ഷത്തിൽപരം ജനങ്ങൾക്ക് സ്ഥിരജോലികളും 5 ലക്ഷത്തിൽപരം ജനങ്ങൾക്ക് പരോക്ഷമായും ജോലി നല്കിവരുന്നു. ഡിജിറ്റൽ പഠനത്തിന് സഹകരണ മേഖലയുടെ കൈത്താങ്ങായ വിദ്യാതരംഗിണി പദ്ധതിയിലൂടെ വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനം നടത്തുന്നതിനായി വിദ്യാർത്ഥികൾക്ക് മൊബൈൽ ഫോണുകൾ വാങ്ങുന്നതിനായി പദ്ധതി നടപ്പിലാക്കി. കായിക സംസ്കാരം വളർത്തിയെടുക്കുന്നതിന്റെ ഭാഗമായി പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ ഫുട്ബാൾ/ ക്രിക്കറ്റ്/ബാഡ്മിന്റൺ ടർഫുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സഹകരണ സ്ഥാപനങ്ങളിൽനിന്നും വായ്പ എടുത്തവർക്ക് കോവിഡിന്റെ പശ്ചാത്തലത്തിൽ വിവിധ ഇളവുകളോടെ വായ്പാകണക്ക് അവസാനിപ്പിക്കുന്നതിനായി നവകേരളീയം കുടിശ്ശികനിവാരണം – ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി. ഭിന്നവിഭാഗത്തിൽപ്പെട്ട വ്യക്തികൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി വായ്പാ പദ്ധതി ആരംഭിച്ചു. ആശുപത്രി സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ പാലിയേറ്റീവ് കെയർ പദ്ധതി നടപ്പിലാക്കി. നെൽകർഷകരുടെ സംഭരണ, വിപണന പ്രശ്നങ്ങൾ പരിഹരിക്കാൻ പാലക്കാട് ഒഴികെയുള്ള ജില്ലകൾ പ്രവർത്തന പരിധിയായി കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് ആൻഡ് മാർക്കറ്റിംഗ് സഹകരണ സംഘം (കാപ്കോസ്) നിലവിൽ വന്നു. റിസ്ക് ഫണ്ട് ധനസഹായ പദ്ധതി പ്രകാരം മരണാനന്തര ധനസഹായമായി ഒരു വായ്പയ്ക്ക് പരമാവധി മുതലിൽ 2,00,000 രൂപയും ചികിത്സാ ധനസഹായമായി ഒരു വായ്പാക്കാരന് പരാമാവധി മുതലിൽ 1,00,000 രൂപയും ഒരു വായ്പാക്കാരൻ ഒന്നിൽക്കൂടുതൽ സംഘങ്ങളിൽനിന്നോ ഒരു സംഘത്തിൽനിന്നോ എടുക്കുന്ന എല്ലാ വായ്പകളിലുംകൂടി ആകെ പരമാവധി മുതലിൽ 5,00,000 രൂപ അനുവദിക്കുന്നു.

(ബി) ചില ഒറ്റപ്പെട്ട സംഭവങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാന സമ്പദ്‌വ്യവസ്ഥയിൽ നിർണ്ണായക സ്വാധീനമുള്ള സഹകരണ മേഖലയെ തകർക്കുന്നതിനായി ചില വിഭാഗം മാധ്യമങ്ങളെ കൂട്ടുപിടിച്ച് ചില കക്ഷികൾ നടത്തുന്നതായി പറയപ്പെടുന്ന നീക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ജനസമൂഹത്തിന് സഹകരണ മേഖലയിലുള്ള വിശ്വാസം ഊട്ടിയുറപ്പിക്കുന്നതിനായി സർക്കാർ നടത്തിയ ഇടപെടൽ വിശദീകരിക്കുമോ?

സഹകരണ സംഘങ്ങളിലെ ആശ്വാസ്യമല്ലാത്ത പ്രവണതകൾ തടയുന്നതിനും ക്രമക്കേടുകൾ കാണുന്നപക്ഷം ക്രിമിനൽ നടപടി പ്രകാരം നടപടി സ്വീകരിക്കുന്നതിനുമുള്ള വ്യവസ്ഥ സമഗ്ര നിയമത്തിൽ ഉൾപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സഹകരണ ആഡിറ്റ് സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി ICDMS പ്രോജക്ടിന്റെ ഭാഗമായി സഹകരണ സംഘങ്ങളുടെ ആഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. സഹകരണ ആഡിറ്റ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സഹകരണ ആഡിറ്റ് ഡയറക്ടറായി കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറലിന്റെ കീഴിലുള്ള ഡെപ്യൂട്ടി അക്കൗണ്ടന്റ് തസ്തികയിലുള്ള ഒരു ഉദ്യോഗസ്ഥന്റെ സേവനം ലഭ്യമാക്കിവരുന്നു. സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ് പരീക്ഷാ നടത്തിപ്പുകൾക്കായി ഓൺലൈൻ സോഫ്റ്റ്‌വെയർ വികസിപ്പിച്ച് ഉദ്ഘാടനം നിർവ്വഹിക്കുകയുണ്ടായി. സഹകരണ വകുപ്പിലെ സംസ്ഥാന-ജില്ലാ-താലൂക്കുതല ഓഫീസുകളിൽ ഡിജിറ്റൽ ഫയൽ മാനേജ്മെന്റ് സംവിധാനമായ ഇ-ഓഫീസ് നാഷണൽ ഇൻഫർമാറ്റിക് സെന്ററുമായി (എൻ.ഐ.സി.) ചേർന്ന് നടപ്പിലാക്കി. സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ വിശ്വാസ്യത, സുതാര്യത എന്നിവ ഉറപ്പുവരുത്തുന്നതിനായി ആഡിറ്റ് സംവിധാനം ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലും അവയുടെ ശാഖകളിലും കോമൺ സോഫ്റ്റ്‌വെയർ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സഹകരണ സ്ഥാപനങ്ങളെ നിയന്ത്രണത്തിലാക്കുന്നതിനുള്ളതായി പറയപ്പെടുന്ന നീക്കങ്ങളുടെ ഭാഗമായി കേന്ദ്ര സർക്കാർ സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങളിൽനിന്നും വിവരശേഖരണം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; എന്തൊക്കെ വിവരങ്ങളാണ് കേന്ദ്രം ശേഖരിച്ചുവരുന്നത്; വിശദമാക്കുമോ?

നാഷണൽ ഡാറ്റാ ബേസിലേയ്ക്ക്, സഹകരണ സംഘങ്ങളുടെ വിവരശേഖരണത്തിനായി തയ്യാറാക്കിയിട്ടുള്ള കരട് മാതൃക സംബന്ധിച്ച സംസ്ഥാനങ്ങളുടെ അഭിപ്രായം അറിയിക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. കരട് ടെമ്പ്ലേറ്റിനെ സ്റ്റാറ്റിക് ബ്ലോക്ക്, ഡൈനാമിക് ബ്ലോക്ക് എന്നീ രണ്ട് ഭാഗങ്ങളായി തരംതിരിച്ചിട്ടുണ്ടെന്നും

ഓരോ ബ്ലോക്കിന്റെയും വിശദാംശങ്ങൾക്കുള്ള ഫീൽഡുകൾ പ്രത്യേകമായി ഉൾപ്പെടുത്തിയിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. സ്റ്റാറ്റിക് ബ്ലോക്കിൽ ദീർഘ കാലത്തേയ്ക്ക് മാറ്റമില്ലാതെ തുടരുന്ന ഫീൽഡുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും ഓരോ മൂന്നുവർഷത്തിനുശേഷവും ഇത് അപ്ഡേറ്റ് ചെയ്യാവുന്നതാണെന്നും ഡൈനാമിക് ബ്ലോക്കിൽ ഒരോ സാമ്പത്തിക വർഷാവസാനം വിവരങ്ങൾ അപ്ഡേറ്റ് ചെയ്യേണ്ട ഫീൽഡുകളുമാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നും സാമ്പത്തിക തൊഴിൽപരമായ കാര്യങ്ങൾ സംബന്ധിച്ച ഫീൽഡുകളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും സൂചിപ്പിച്ചിട്ടുണ്ട്. സ്റ്റാറ്റിക് ബ്ലോക്കിൽ Identification Block, Particular Block, Operative Detail Block, Details of Board of Director's Block, Use of ICT Block, എന്നിവയും ഡൈനാമിക് ബ്ലോക്കിൽ Employment and Labour Cost Block, Income and Expenditure Block, Asset and Liability Block, Products and Service Block, Verification and Submission Block എന്നിവയുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. സഹകരണ സംഘങ്ങളെ സംബന്ധിച്ചുള്ള വിവരശേഖരണത്തിനായി തയ്യാറാക്കിയിട്ടുള്ള കരട് ടെമ്പ്ലേറ്റിന്മേൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടില്ല.

**സഹകരണ ബാങ്കുകളിലെ തട്ടിപ്പുകൾക്കെതിരെ നടപടി**

245 (727) ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിലെ പണം ദുരുപയോഗം ചെയ്യുന്ന ഉദ്യോഗസ്ഥരുടെയും ഭരണസമിതിയുടെയും സ്വത്തുക്കൾ കണ്ടുകെട്ടാൻ സഹകരണ നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ ഇതിനുള്ള നടപടികൾ സ്വീകരിക്കുമോ?

സഹകരണ നിയമം വകുപ്പ് 68(3) പ്രകാരം ക്രമക്കേടിന് ഉത്തരവാദികൾ ആയവരിൽനിന്നും റവന്യൂ റിക്കവറി നിയമത്തിലെ വകുപ്പുകൾപ്രകാരം തുക ഈടാക്കുന്നതിന് വ്യവസ്ഥയുണ്ട്. മാത്രമല്ല സഹകരണ നിയമം വകുപ്പ് 79 പ്രകാരം ക്രമക്കേടിന് ഉത്തരവാദികൾ ആയവരുടെ ആസ്തികൾ ഉടൻ ജപ്തി ചെയ്യുന്നതിനും വ്യവസ്ഥയുണ്ട്.

(ബി) സഹകരണ മേഖലയ്ക്ക് കരുവന്നൂർ ബാങ്ക് ക്രമക്കേട് പോലുള്ള സംഭവങ്ങൾ പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

കരുവന്നൂർ ബാങ്ക് ക്രമക്കേട് പോലുള്ള സംഭവങ്ങൾ നിക്ഷേപകരിൽ ചെറിയതോതിൽ ആശങ്ക ഉണ്ടാക്കിയിട്ടുണ്ടെങ്കിലും ഇത് സഹകരണ മേഖലയ്ക്ക് പ്രതിസന്ധി ഉണ്ടാക്കിയിട്ടില്ല.

(സി) സഹകരണ ബാങ്കുകളിൽ അഴിമതി നടത്തുന്ന ഉദ്യോഗസ്ഥർക്കെതിരെയും ഭരണസമിതിക്കെതിരെയും രാഷ്ട്രീയത്തിനതീതമായി കർശന നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ എന്ന് വ്യക്തമാക്കാമോ?

സഹകരണ ബാങ്കുകളിൽ അഴിമതി നടത്തുന്ന ഉദ്യോഗസ്ഥർക്കെതിരെയും ഭരണസമിതിക്കെതിരെയും നിയമാനുസൃതമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

**സംസ്ഥാന സഹകരണ നിയമം**

246 (728) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ നിയമത്തിലെ 14 എഎ വകുപ്പ് സംഘങ്ങൾ ദുരുപയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനെതിരെ എന്തുനടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) വകുപ്പ് 14 എഎ പ്രകാരം സംഘങ്ങൾക്ക് അനുവദിച്ചുനൽകിയിട്ടുള്ള ഉപനിബന്ധനകൾ പലതും സഹകരണ നിയമത്തിനും ചട്ടത്തിനും രജിസ്ട്രാറുടെ സർക്കുലറുകൾക്കും വിരുദ്ധമല്ലെന്ന് ഉറപ്പുവരുത്താറുണ്ടോ; വ്യക്തമാക്കാമോ?

(എ & ബി) കേരള സഹകരണ സംഘം നിയമം വകുപ്പ് 14എഎ പ്രകാരം സഹകരണ സ്ഥാപനങ്ങൾക്ക്/അംഗങ്ങൾക്ക് പ്രയോജനകരമായി തൽസമയത്ത് നിയമപ്രാബല്യമുള്ള ഏതൊരു നിയമത്തിൻകീഴിലും അനുബന്ധസ്ഥാപനങ്ങൾ ആരംഭിക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഒരു സഹകരണ സംഘം അപ്രകാരമുള്ള ഒരു അനുബന്ധസ്ഥാപനം ആരംഭിക്കുമ്പോൾ, ആ സംഘത്തിന്റെ മുഖ്യ ഉദ്ദേശ്യമായ പ്രവർത്തനങ്ങളേയോ, വ്യാപാരത്തിന്റേയോ, ഇടപാടുകളേയോ, ഏതെങ്കിലും ഭാഗമോ ആ സ്ഥാപനവുമായി കൈമാറ്റം പാടില്ലെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വ്യവസ്ഥ പ്രകാരം സംസ്ഥാനത്ത് സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ അനുബന്ധ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുകയും സംഘങ്ങളുടെ പൊതുഫണ്ടിൽനിന്നും ഇത്തരം സ്ഥാപനങ്ങൾക്ക് ഫണ്ട് അനുവദിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം പ്രവണതകൾ തടയുന്ന തിനുള്ള വ്യവസ്ഥ കേരള സഹകരണ സംഘം നിയമം സമഗ്ര പരിഷ്കരണത്തിൽ ഉൾപ്പെടുത്തുന്നതാണ്.

## വിദ്യാ തരംഗിണി പദ്ധതി

247(729) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽനിന്ന് വിദ്യാ തരംഗിണി പദ്ധതിയിലുൾപ്പെടുത്തി വായ്പ അനുവദിക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചു; എത്ര തുക വായ്പയായി അനുവദിച്ചു; വിശദാംശം ലഭ്യമാക്കുമോ?

പാലക്കാട് ജില്ലയിൽ ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽനിന്ന് 'വിദ്യാ തരംഗിണി' പദ്ധതിയിലുൾപ്പെടുത്തി വായ്പ അനുവദിക്കുന്നതിനായി 769 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആകെ 66,43,846 (അറുപത്തി ആറ് ലക്ഷത്തി നാൽപ്പത്തി മൂവായിരത്തി എണ്ണൂറ്റി നാൽപ്പത്തി ആറ്) രൂപ വായ്പയായി അനുവദിച്ചിട്ടുണ്ട്.

## സഹകരണ മേഖലയിലെ ആശ്വാസ പദ്ധതികൾ

248 (730) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ മേഖലയിലെ വിവിധ ആശ്വാസ പദ്ധതികൾ പ്രകാരം പൊതുജനങ്ങൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രഖ്യാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതികളുടെ ആനുകൂല്യങ്ങൾ ഏതെല്ലാം വിഭാഗം ജനങ്ങൾക്ക് ലഭിക്കുമെന്ന് വ്യക്തമാക്കുമോ?

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ കാലഘട്ടങ്ങളിൽ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സബ്സിഡി ആനുകൂല്യം പ്രയോജനപ്പെടുത്തി വിവിധങ്ങളായ വായ്പാ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ടി സബ്സിഡി ആനുകൂല്യം യഥാസമയം വായ്പക്കാർക്ക് വിതരണം ചെയ്യുന്നതിനും സാധിച്ചിട്ടുണ്ട്.

1. നോർക്ക റൂട്ട്സുമായി ചേർന്ന് പ്രവാസികൾക്കായി ആവിഷ്കരിച്ച വായ്പാ പദ്ധതി പ്രകാരം മൂലധന/പലിശ സബ്സിഡി ആനുകൂല്യങ്ങൾ സംരംഭങ്ങൾക്ക് നൽകുന്നതിന് കഴിഞ്ഞിട്ടുണ്ട്. കൂടാതെ ലഘു ജാമ്യ വ്യവസ്ഥയിൽ തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനും വായ്പകൾ വിതരണം നടത്തിവരുന്നു. ഇതിനുപുറമേ സർക്കാരിന്റെ നൂറുദിന കർമ്മ

പരിപാടിയോടനുബന്ധിച്ച് വായ്പാ പദ്ധതികളിൽ പലിശ ഇളവുകൾ അനുവദിച്ചുനൽകിയിട്ടുണ്ട്. നവകേരളീയം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, റിക്കവറി മാനേജ്മെന്റ് പോളിസി എന്നിവ പ്രകാരം കുടിശ്ശിക വായ്പക്കാർക്ക് പലിശയിലും പിഴ പലിശയിലും ഇളവ് നൽകിവരുന്നു.

2. സഹകരണം സൗഹൃദം വായ്പാ പദ്ധതി:- സർക്കാരിന്റെ രണ്ടാം നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട വ്യക്തികൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് സഹകരണം സൗഹൃദം എന്ന പേരിൽ വായ്പാ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. നാളിതുവരെ 500 വായ്പകളിലായി 4.11 കോടി രൂപ ഈ പദ്ധതി പ്രകാരം നൽകിയിട്ടുണ്ട്.

3. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി:- സഹകരണ സ്ഥാപനങ്ങളിൽനിന്നും വായ്പയെടുത്ത് കുടിശ്ശിക വരുത്തിയവർക്ക് കോവിഡ് പശ്ചാത്തലത്തിൽ വിവിധ ഇളവുകളോടെ വായ്പാ കണക്ക് അവസാനിപ്പിക്കുന്നതിന് നവകേരളീയം കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിവരുന്നു. ടി പദ്ധതി പ്രകാരം എല്ലാ വായ്പകളിലും പിഴപ്പലിശ പൂർണ്ണമായി ഒഴിവാക്കുന്നു. വ്യവസ്ഥകൾക്ക് വിധേയമായി 50% വരെ പലിശയിലും അർഹരായവർക്ക് വ്യവസ്ഥകൾക്ക് വിധേയമായി മുതലിലും ഇളവ് അനുവദിക്കുന്നു.

4. തൊഴിൽ/തൊഴിലവസരങ്ങൾ:- ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി സഹകരണ മേഖലയിൽ 1184 സ്ഥിരം തൊഴിൽ നൽകുന്നതിനും 55,095 തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

5. സഹകാരി-സാന്ത്വനം പദ്ധതി സഹകരണ രംഗത്ത് പ്രവർത്തിച്ചിട്ടുള്ളവരും വളരെക്കാലമായി പ്രവർത്തിക്കുകയും സഹകരണ മേഖലയുടെ സർവ്വതോന്മുഖമായ പുരോഗതിക്കുവേണ്ടി പ്രയത്നിച്ചവരും സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കായി ജീവിതകാലം മുഴുവൻ പ്രയത്നിച്ചവരുമായ അശരണരായ സഹകാരികൾക്ക് ആശ്വാസനിധി എന്ന പദ്ധതി നടപ്പാക്കിവരുന്നു. മേൽപ്രകാരമുള്ള വിഭാഗത്തിൽപ്പെടുന്ന സഹകാരികൾക്ക് ചികിത്സയ്ക്കായി പരമാവധി 50,000 രൂപയും സഹകാരികൾ മരണപ്പെട്ടാൽ കുടുംബാംഗങ്ങൾക്ക്/ആശ്രിതർക്ക് പരമാവധി 25,000 രൂപയും ധനസഹായം ലഭിക്കുന്നതാണ്.

6. വിദ്യാതരംഗിണി പദ്ധതി:- ഡിജിറ്റൽ പഠനത്തിന് സഹകരണ മേഖലയുടെ കൈത്താങ്ങായ വിദ്യാതരംഗിണി പദ്ധതിയിലൂടെ ഓൺലൈൻ പഠനത്തിനായി വിദ്യാർത്ഥികൾക്ക് മൊബൈൽ ഫോണുകൾ വാങ്ങുന്നതിനായി പലിശരഹിത വായ്പ നൽകുന്ന പദ്ധതി നടപ്പിലാക്കി. 92309 വായ്പകളിലായി 89,98,86,765 രൂപയുടെ ധനസഹായം നൽകുകയുണ്ടായി.

7. കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം വായ്പക്കാരൻ മരണപ്പെട്ടാൽ അന്നേദിവസം ബാക്കിനില്പുള്ള വായ്പാ മുതലിൽ പരമാവധി 2 ലക്ഷം രൂപയും വായ്പയെടുത്തശേഷം മാരകരോഗം പിടിപെടുകയും വായ്പാബാധ്യതകൾ തീർക്കാൻ കഴിയാതെ വരുന്നതുമായ വായ്പാക്കാർക്ക് വായ്പാ ബാക്കിനിൽപ്പ് മുതലിനത്തിൽ പരമാവധി 1 ലക്ഷം രൂപയും കേരളാ കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് ആൻഡ് വെൽഫെയർ ഫണ്ട് ബോർഡിൽനിന്നും ഈ പദ്ധതി പ്രകാരം അനുവദിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ പദ്ധതി പ്രകാരം കേരളത്തിലെ വിവിധ സഹകരണ സംഘങ്ങളിൽനിന്നും വായ്പയെടുത്ത ശേഷം മരണപ്പെടുകയോ, ഗുരുതര അസുഖങ്ങൾ ബാധിക്കുകയോ ചെയ്തിട്ടുള്ളവർക്കായി ആകെ 14,782 അപേക്ഷകളിലായി 124.54 കോടി രൂപയുടെ ധനസഹായം അനുവദിച്ചുനൽകിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യം വായ്പാക്കാരൻ മരണപ്പെട്ടാൽ അന്നേദിവസം ബാക്കി നിൽപ്പുള്ള വായ്പാ മുതലിൽ പരമാവധി 3 ലക്ഷം രൂപയായും വായ്പ എടുത്തശേഷം മാരകരോഗം പിടിപെടുകയും വായ്പാ ബാദ്ധ്യതകൾ തീർക്കാൻ കഴിയാതെ വരുന്നതുമായ വായ്പാക്കാർക്ക് വായ്പാ ബാക്കിനിൽപ്പ് മുതലിനത്തിൽ പരമാവധി 1.25 ലക്ഷം രൂപയായും വർദ്ധിപ്പിക്കുന്നതിന് കേരളാ കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് ആൻഡ് വെൽഫെയർ ഫണ്ട് ബോർഡ് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

8. മെംബർ റിലീഫ് ഫണ്ട് – സഹകരണ സംഘങ്ങളിലെ ഗുരുതര രോഗബാധിതരായ എ-ക്ലാസ്സ് അംഗങ്ങൾക്ക് ചികിത്സാ ധനസഹായം നൽകുന്ന പദ്ധതി. ഈ പദ്ധതിയുടെ ഭാഗമായി സർക്കാർ രൂപീകരിച്ച ഹൈലെവൽ കമ്മിറ്റി നിശ്ചയിച്ച മാനദണ്ഡങ്ങൾ അനുസരിച്ച് ഒരാൾക്ക് 10,000 രൂപ മുതൽ 50,000 രൂപ വരെ ചികിത്സാ ധനസഹായമായി അനുവദിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈ പദ്ധതി പ്രകാരം 22254 ഗുണഭോക്താക്കൾക്കായി 46,87,60,000/- രൂപ വിതരണം ചെയ്തിട്ടുണ്ട്.

(സി) എസ്.സി./എസ്.റ്റി. വിഭാഗങ്ങൾക്കായി സഹകരണ വകുപ്പ് പ്രത്യേക പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

എസ്.സി./എസ്.റ്റി. വിഭാഗങ്ങളുടെ സഹകരണ സംഘങ്ങളിൽ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള സംഘങ്ങൾക്കായി സഹകരണ വകുപ്പ് നടപ്പിലാക്കിവരുന്ന ധനസഹായ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

1. പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് ഒരു സംഘത്തിന് പ്രതിമാസം 10,000 രൂപ നിരക്കിൽ ആദ്യത്തെ അഞ്ചുവർഷവും ടി അഞ്ച് വർഷക്കാലയളവിനുള്ളിൽ സംഘം ലാഭകരമാകുന്നപക്ഷം അത്തരം സംഘങ്ങൾക്ക് പ്രതിമാസം 15,000 രൂപ നിരക്കിൽ തുടർന്നുള്ള മൂന്ന് വർഷവും മാനേജീരിയൽ സബ്സിഡി അനുവദിച്ചുവരുന്നു.

2. സംഘം പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പ്രവർത്തന മൂലധന ഗ്രാന്റായി പരമാവധി 5 ലക്ഷം രൂപ സബ്സിഡിയായി അനുവദിക്കുന്നു.

3. സംഘങ്ങളുടെ ആഫീസ് കെട്ടിടം പുനരുദ്ധരിക്കുന്നതിന് കെട്ടിട പുനരുദ്ധാരണ ഗ്രാന്റായി 5 ലക്ഷം രൂപ സബ്സിഡിയായി അനുവദിക്കുന്നു.

4. സംഘങ്ങൾക്ക് സർക്കാർ ഓഹരിമൂലധനമായി പരമാവധി 4 ലക്ഷം രൂപ അനുവദിക്കുന്നു.

5. വിവിധ പ്രോജക്ടുകൾ നടപ്പിലാക്കി ടി സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് പുനരുദ്ധാരണ പദ്ധതി പ്രകാരം പരമാവധി 20 ലക്ഷം രൂപ (ഓഹരി -5 ലക്ഷം രൂപ + സബ്സിഡി- 15 ലക്ഷം രൂപ) അനുവദിച്ചുവരുന്നു.

6. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്ക് തൊഴിലധിഷ്ഠിത പരിശീലനം നൽകുന്നതിന് സംഘങ്ങളിൽ കമ്പ്യൂട്ടർ പരിശീലന കോഴ്സുകൾ ആരംഭിക്കുന്നതിന് 5 ലക്ഷം രൂപ (ഓഹരി- 1,50,000 രൂപ + സബ്സിഡി – 350,000 രൂപ) അനുവദിച്ചുവരുന്നു.

7. നൂതന പദ്ധതികൾ നടപ്പിലാക്കി സംഘത്തിലെ കൂടുതൽ അംഗങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് സ്പെഷ്യൽ റിവൈവൽ സ്കീം പ്രകാരം 40 ലക്ഷം രൂപ (ഓഹരി -10 ലക്ഷം രൂപ + സബ്സിഡി -30 ലക്ഷം രൂപ) അനുവദിച്ചുവരുന്നു.

8. സംഘങ്ങളെ ശരിയായ രീതിയിൽ പ്രവർത്തിപ്പിച്ച് അവയെ ലാഭകരമാക്കി തീർക്കുകയെന്ന ലക്ഷ്യത്തോടെ ലാഭത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് പരമാവധി 50 ലക്ഷം രൂപ (ഓഹരി -20 ലക്ഷം രൂപ + സബ്സിഡി -30 ലക്ഷം രൂപ) അനുവദിക്കുന്നതിനുള്ള പദ്ധതിയും നിലവിലുണ്ട്.

കൂടാതെ സംസ്ഥാനത്തെ പ്രവർത്തനക്ഷമമായ എല്ലാ പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെയും സ്വയംപര്യാപ്തമായ നിലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളാക്കി മാറ്റുന്നതിനുള്ള സമഗ്ര പദ്ധതിയായ പുനർജ്ജനി പദ്ധതിക്ക് 2022-23 വർഷം സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ടി പദ്ധതിയിലൂടെ നടപ്പിലാക്കുന്ന പ്രോജക്ടുകൾക്ക് 85% തുക സർക്കാർ ധനസഹായമായി (സബ്സിഡി -50%, ഓഹരി - 35%) അനുവദിക്കുന്നതാണ്. നടപ്പുവർഷം ഈ പദ്ധതി സഹായത്തിനായി 30 എസ്.സി./എസ്.റ്റി. സഹകരണ സംഘങ്ങളുടെ പ്രോജക്ടുകൾ പരിഗണിച്ചുവരുന്നു. ഇവയ്ക്കുപുറമേ സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ പ്രാഥമിക സഹകരണ സംഘങ്ങളുടെ അപ്പക്സ് സഹകരണ സംഘമായ കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷന്റെ പുനരുദ്ധാരണത്തിനും ഭരണപരവും വികസനോന്മുഖവുമായ പദ്ധതികൾ നടപ്പാക്കുന്നതിനും ഫെഡറേഷന്റെ കീഴിലുള്ള യൂണിറ്റുകളുടെ വിപുലീകരണത്തിനും പദ്ധതി ധനസഹായം നൽകുന്നു.

(ഡി) സഹകരണ വകുപ്പിൽനിന്നും എസ്.സി./എസ്.റ്റി. വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളുടെ വിശദാംശം അറിയിക്കാമോ?

എസ്.സി./എസ്.റ്റി. വിദ്യാർത്ഥികൾക്ക് പ്രത്യേകമായി സഹകരണ വകുപ്പിൽനിന്നും ആനുകൂല്യങ്ങളൊന്നും നൽകിവരുന്നില്ല. എന്നാൽ സംസ്ഥാന സഹകരണ യൂണിയനുകീഴിലുള്ള സഹകരണ പരിശീലന കോളേജുകളിലും സഹകരണ പരിശീലന കേന്ദ്രങ്ങളിലും പഠിക്കുന്ന എച്ച്.ഡി.സി.&ബി.എം., ജെ.ഡി.സി. കോഴ്സുകളിലെ എസ്.സി./എസ്.റ്റി. വിദ്യാർത്ഥികൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും ആനുകൂല്യങ്ങൾ നല്കിവരുന്നു. ആയതിന്റെ വിശദാംശം താഴെ ചേർക്കുന്നു:

<u>എച്ച്.ഡി.സി.&ബി.എം.കോഴ്സ്</u>

(ഓരോ വിദ്യാർത്ഥിക്കും)

ട്യൂഷൻ ഫീസ് - 23,800 രൂപ

ലംപ്സം ഗ്രാന്റ് - 1,100 രൂപ

സ്റ്റൈപന്റ് - 750 രൂപ

ഹോസ്റ്റൽ ഫീസ് - 4,500 രൂപാ

(ഹോസ്റ്റൽ ഫീസ് ആനുകൂല്യം ലഭിക്കുന്നയാൾക്ക് സ്റ്റൈപന്റ് ലഭിക്കുന്നതല്ല.)

<u>ജെ.ഡി.സി. കോഴ്സ്</u>

(ഓരോ വിദ്യാർത്ഥിക്കും)

ട്യൂഷൻ ഫീസ്- 16,100 രൂപ

ലംപ്സം ഗ്രാന്റ് - 1,000 രൂപ

സ്റ്റൈപന്റ് - 900 രൂപ

ഹോസ്റ്റൽ ഫീസ് - 4,500രൂപ

(ഹോസ്റ്റൽ ഫീസ് ആനുകൂല്യം ലഭിക്കുന്നയാൾക്ക് സ്റ്റൈപന്റ് ലഭിക്കുന്നതല്ല.)

**വടക്കാഞ്ചേരി മണ്ഡലത്തിലെ കെയർ ഹോം പദ്ധതി**

249 (731) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'കെയർ ഹോം' പദ്ധതി പ്രകാരം വടക്കാഞ്ചേരി നിയോജക മണ്ഡലത്തിൽ നാളിതുവരെ എത്ര വീടുകളാണ് നിർമ്മിച്ചുനൽകിയതെന്ന് വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

'കെയർ ഹോം' പദ്ധതി പ്രകാരം വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ 2019-ൽ 13 എണ്ണവും 2021-ൽ ഒരെണ്ണവും ചേർത്ത് ആകെ 14 വീടുകളാണ് നാളിതുവരെ നിർമ്മിച്ചുനൽകിയത്.

(ബി) 'കെയർ ഹോം' പദ്ധതിവഴി മണ്ഡലത്തിൽ എത്ര വീടുകളാണ് നിർമ്മിച്ചുനൽകാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

'കെയർ ഹോം' പദ്ധതി പ്രകാരം മണ്ഡലത്തിൽ ആകെ 14 വീടുകൾ നിർമ്മിച്ചുനൽകുന്നതിനാണ് അനുമതി ലഭിച്ചിട്ടുള്ളത്. ടി 14 വീടുകളുടെയും നിർമ്മാണം പൂർത്തീകരിച്ച് അതത് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്.

(സി) 'കെയർ ഹോം' പദ്ധതിയിൽ ഗുണഭോക്താക്കളെ കണ്ടെത്തുന്ന മാനദണ്ഡം വിശദമാക്കാമോ?

റവന്യൂ വകുപ്പിലൂടെ ജില്ലാ കളക്ടർമാർ ലഭ്യമാക്കുന്ന പട്ടികയിൽനിന്നാണ് 'കെയർ ഹോം' പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ ഗുണഭോക്താക്കളെ നിശ്ചയിച്ചിട്ടുള്ളത്. 2018, 2019 വർഷങ്ങളിലെ പ്രളയത്തിലും പ്രകൃതിക്ഷോഭത്തിലും കെടുതി അനുഭവിക്കുന്നവരിൽനിന്ന് ജില്ലാ കളക്ടർ ലഭ്യമാക്കുന്ന ഭൂരഹിതരുടെ പട്ടികയിൽ നിന്നാണ് 'കെയർ ഹോം' പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ ഗുണഭോക്താക്കളെ കണ്ടെത്തുന്നത്.

## സഹകരണ സംഘങ്ങൾക്ക് നികുതി ഇളവ്

250 (732) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹകരണ സംഘങ്ങൾക്ക് നികുതി ഇളവ് ലഭിക്കുന്നത് സംബന്ധിച്ച് സുപ്രീംകോടതിയിൽനിന്നും അനുകൂലമായ വിധി ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

മാവിലായി സർവ്വീസ് സഹകരണ ബാങ്ക് മുതൽപേർ ഫയൽ ചെയ്ത കേസ്സുകളിന്മേൽ ബഹുമാനപ്പെട്ട സുപ്രീംകോടതി പുറപ്പെടുവിച്ച വിധിന്യായപ്രകാരം അംഗങ്ങൾക്ക് കാർഷിക കാർഷികേതര വായ്പ നൽകുന്ന എല്ലാ പ്രാഥമിക സഹകരണ സംഘങ്ങൾക്കും 80(P) പ്രകാരമുള്ള ഇളവിന് അർഹതയുള്ളതായി വിധി പുറപ്പെടുവിച്ചിട്ടുണ്ട്.

## കരുവന്നൂർ സഹകരണ ബാങ്കിലെ നിക്ഷേപകർക്ക് പണം തിരിച്ചുനൽകാൻ നടപടി

251 (733) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുവന്നൂർ സഹകരണ ബാങ്കിലെ നിക്ഷേപകർക്ക് പണം തിരിച്ചുനൽകാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിലെ നിക്ഷേപകരുടെ നിക്ഷേപം സമയബന്ധിതമായി തിരികെനൽകുന്നതിന് സംഘത്തിന്റെ പ്രവർത്തനം പൂർവ്വ സ്ഥിതിയിലാക്കുന്നതിനും സഹകാരികളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനും 20-8-2022-ലെ സർക്കാർ ഉത്തരവ് (സാധാ)564/2022/സഹ. പ്രകാരം ഒരു പദ്ധതി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി സഹകരണ സംഘം രജിസ്ട്രാറുടെ മേൽനോട്ടത്തിൽ സമയബന്ധിതമായി നടപ്പിലാക്കുന്നതും ഇക്കാര്യങ്ങളെല്ലാംതന്നെ സർക്കാർ സസൂക്ഷ്മം നിരീക്ഷിക്കുന്നതുമാണ്.

(ബി) കരുവന്നൂർ ബാങ്കിൽ ലക്ഷങ്ങളുടെ നിക്ഷേപമുണ്ടായിട്ടും ചികിത്സയ്ക്ക് പണം കിട്ടാതെ സ്ത്രീ മരിച്ചതായി പറയപ്പെടുന്ന സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോ?

കരുവന്നൂർ സർവീസ് സഹകരണ ബാങ്കിലെ നിക്ഷേപകയായിരുന്ന ഫിലോമിനയുടെയും അവരുടെ ഭർത്താവിന്റെയും നിക്ഷേപം പിൻവലിക്കുന്നതിനായി ബാങ്കിനെ സമീപിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 1-7-2021 മുതൽ 26-7-2022 വരെ 4,60,000 രൂപയും 27-7-2022-ന് 2,00,000 രൂപയും 3-8-2022-ന് 2,00,000 രൂപയും 6-8-2022-ന് 23,00,000 രൂപയും നൽകിയിട്ടുണ്ട്.

(സി) കരുവന്നൂർ സഹകരണ ബാങ്കിലെ നിക്ഷേപകർക്ക് പണം തിരിച്ചുകൊടുക്കാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ബാങ്കിലെ സാമ്പത്തിക പ്രതിസന്ധിമൂലം നിക്ഷേപകരുടെ അപേക്ഷകൾക്ക് മുൻഗണനാ മാനദണ്ഡം നിശ്ചയിച്ചാണ് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി പണം അനുവദിക്കുന്നത്. ആശുപത്രി ചികിത്സ, മരണാനന്തര സഹായം, വിവാഹം, വിദ്യാഭ്യാസം എന്നീ ആവശ്യങ്ങൾക്കാണ് മുൻഗണന നൽകിയിട്ടുള്ളത്.

(ഡി) പാർട്ടി അനുഭാവികൾക്ക് പണം തിരിച്ചുനൽകുന്നതിൽ മുൻഗണന നൽകുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോയെന്നും ഇതുപരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ എന്നും അറിയിക്കാമോ?

ഇല്ല.

**കരുവന്നൂർ സഹകരണ ബാങ്ക് ക്രമക്കേട്**

252 (734) <u>ശ്രീ. അൻവർ സാദത്ത്</u>:
<u>ശ്രീ. സണ്ണി ജോസഫ്</u>:
<u>ഡോ. മാത്യു കുഴൽനാടൻ</u>:
<u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുവന്നൂർ ബാങ്ക് ക്രമക്കേടിന് ഇരയായ നിക്ഷേപകർക്ക് ഒരുവർഷം പിന്നിടുമ്പോഴും പണം തിരിച്ചുകൊടുക്കാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിലെ ക്രമക്കേടിനെത്തുടർന്ന് ബാങ്ക് സാമ്പത്തിക പ്രതിസന്ധിയിലായതിനാലാണ് നിക്ഷേപത്തുക പൂർണ്ണമായും തിരികെ നൽകാൻ സാധിക്കാതെവന്നത്. എന്നിരുന്നാലും നിലവിലെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ചാർജ്ജ് എടുത്തശേഷം 42.76 കോടി രൂപ നിക്ഷേപകർക്ക് തിരികെ നൽകിയിട്ടുണ്ട്.

(ബി) ക്രമക്കേട് നടത്തിയ ജീവനക്കാരുടെയും ഇടനിലക്കാരുടെയും ബാങ്ക് ഭരണസമിതിയംഗങ്ങളുടെയും സ്വത്തുക്കൾ കണ്ടുകെട്ടാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ക്രൈം ബ്രാഞ്ച് നടത്തിയിട്ടുള്ള അന്വേഷണത്തിൽ കുറ്റാരോപിതരായി കണ്ടെത്തിയവരുടെ സ്വത്തുകൾ Criminal Law Amendment Ordinance 1944 പ്രകാരം കണ്ടുകെട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന സർക്കാരിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാ രജിസ്ട്രാർ, ജില്ലാ ഗവ. പ്ലീഡർ, ജില്ലാ പോലീസ് മേധാവി, ക്രൈം ബ്രാഞ്ച് അധികാരികൾ, തൃശ്ശൂർ ജോയിന്റ് രജിസ്ട്രാർ (ജനറൽ) എന്നിവരുടെ യോഗം ചേരുകയും ആയതിന്റെ അടിസ്ഥാനത്തിൽ കുറ്റാരോപിതരുടെ സ്വത്തുകൾ കണ്ടുകെട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്.

(സി) തട്ടിപ്പ് കണ്ടെത്തുന്നതിലെ വീഴ്ചയുടെ പേരിൽ സസ്പെൻഡ് ചെയ്യപ്പെട്ട സഹകരണ ഉദ്യോഗസ്ഥരെ തിരിച്ചെടുത്തിട്ടുണ്ടോ; എങ്കിൽ ഏത് അന്വേഷണത്തിന്റെ കണ്ടെത്തലിന്റെ ഭാഗമായാണ് ഇവരെ തിരിച്ചെടുത്തതെന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകാമോ?

കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിലെ സാമ്പത്തിക ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയതിന് സസ്പെൻഡ് ചെയ്യപ്പെട്ട സഹകരണ വകുപ്പ് ഉദ്യോഗസ്ഥരെ 18-6-2022-ലെ സ.ഉ. (സാധാ)417/2022/സഹ. നമ്പർ ഉത്തരവുപ്രകാരം സസ്പെൻഷൻ പിൻവലിച്ച് സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചിട്ടുണ്ട്. കുറ്റാരോപിതരായ ഉദ്യോഗസ്ഥർക്കെതിരെ കേരള സിവിൽ സർവ്വീസുകൾ (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15(2)(ബി) പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തുന്നതിന് സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ അഡീഷണൽ രജിസ്ട്രാർ (കൺസ്യൂമർ) ശ്രീ. ജോതി പ്രസാദ് ആർ.-നെ 7-4-2022-ലെ സ.ഉ(സാധാ)246/2022/സഹ.നമ്പർ ഉത്തരവുപ്രകാരം ചുമതലപ്പെടുത്തിയിരുന്നു. ടിയാൻ 8-6-2022-ൽ അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചു. പ്രസ്തുത അന്വേഷണം പൂർത്തിയായ സാഹചര്യത്തിലാണ് ഉദ്യോഗസ്ഥരെ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചത്.

(ഡി) തിരിച്ചുകിട്ടാനുള്ള വായ്പകൾ തിരിച്ചുപിടിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകാമോ?

കുടിശ്ശികയായ വായ്പകളിൽ സ്പെഷ്യൽ സെയിൽ ആഫീസറുടെ സൗജന്യ സേവനം ഉപയോഗപ്പെടുത്തി ARC, EP നടപടികളിലൂടെ വായ്പ തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കണ്ടല സർവ്വീസ് സഹകരണ ബാങ്ക് ക്രമക്കേട്**

253 (735) ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കണ്ടല സർവ്വീസ് സഹകരണ ബാങ്ക് ക്രമക്കേട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

തിരുവനന്തപുരം ജില്ലയിലെ റ്റി 197 നമ്പർ കണ്ടല സർവ്വീസ് സഹകരണ ബാങ്കിൽ വിവിധ വിഷയങ്ങളിലായി സഹകരണ നിയമം വകുപ്പ് 65 പ്രകാരം നടത്തിയ അന്വേഷണത്തിൽ വിവിധ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത വിഷയത്തിലുള്ള സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാറുടെ (ജനറൽ) അന്വേഷണ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

കാട്ടാക്കട അസിസ്റ്റന്റ് രജിസ്ട്രാർ സഹകരണ നിയമം വകുപ്പ് 65 പ്രകാരം അന്വേഷണം നടത്തി 22-1-2022-ലെ ഒ 1723/2021 നമ്പരായുള്ള റിപ്പോർട്ട് 4-2-2022-ന് തിരുവനന്തപുരം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിൽ സമർപ്പിച്ചിരുന്നു. ടി റിപ്പോർട്ടിൽ കണ്ടല സർവ്വീസ് സഹകരണ ബാങ്കിലെ വിവിധ ക്രമക്കേടുകൾ പരാമർശിച്ചിരുന്നു. അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകളിന്മേൽ സംഘത്തിന്റെ വിശദീകരണം തേടേണ്ടത് നിയമപ്രകാരമുള്ള ബാദ്ധ്യതയായതിനാൽ സംഘം സെക്രട്ടറിയോട് വിശദീകരണം തേടി 21-3-2022-ന് കത്ത് നൽകിയിരുന്നു. സംഘം സമർപ്പിച്ച വിശദീകരണം തൃപ്തികരമല്ലായെന്നുകണ്ട് സഹകരണ നിയമം വകുപ്പ് 32 പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) 2022 ജനുവരി 22-ന് അന്വേഷണ റിപ്പോർട്ട് സഹകരണ വകുപ്പിന് സമർപ്പിച്ചെങ്കിലും ഭരണസമിതിക്കെതിരെ നടപടിയെടുത്തിട്ടില്ലെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വിശദമാക്കാമോ?

ഭരണസമിതിക്കെതിരായി നടപടി സ്വീകരിച്ചുവരുന്നുണ്ട്. അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകളിന്മേൽ സംഘത്തോട് വിശദീകരണം തേടിയിരുന്നതും സംഘം സമർപ്പിച്ച വിശദീകരണം തൃപ്തികരമല്ലായെന്ന് ബോദ്ധ്യപ്പെട്ട് സഹകരണ നിയമം വകുപ്പ് 32(1) (എ) (സി) പ്രകാരം ഭരണസമിതിയെ പിരിച്ചുവിടാതിരിക്കാൻ കാരണമുണ്ടെങ്കിൽ നേരിട്ട് ബോദ്ധ്യപ്പെടുത്താൻ അവസരം നല്കുന്നതിന്റെ ഭാഗമായി

28-6-2022-ന് തിരുവനന്തപുരം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ഹിയറിംഗ് നടത്തിയിരുന്നു. അതേസമയം സംഘം ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിക്കുകയും ആയതിൻമേൽ ബഹുമാനപ്പെട്ട കോടതി 27-6-2022-ൽ താൽകാലിക ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. ടി ഉത്തരവ് പ്രകാരം സംഘത്തിനെതിരായി നടപടികളിൽ അന്തിമ ഉത്തരവ് ബഹുമാനപ്പെട്ട കോടതിയുടെ ബന്ധപ്പെട്ട കേസിലെ തീർപ്പിന് വിധേയമായിമാത്രം നടത്തേണ്ടതാണെന്ന് ഉത്തരവായിട്ടുണ്ട്. ടി വിഷയത്തിൽ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുകൊണ്ട് കാലതാമസമില്ലാതെതന്നെ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്.

**കരുവന്നൂർ സഹകരണ ബാങ്കിന് പുനരുദ്ധാരണ പാക്കേജ്**

254 (736) ശ്രീ. എം. വിൻസെന്റ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുവന്നൂർ സഹകരണ ബാങ്കിനായി പുനരുദ്ധാരണ പാക്കേജ് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഉണ്ട്. കരുവന്നൂർ സഹകരണ ബാങ്ക് പുനരുദ്ധാരണത്തിനായും നിക്ഷേപകർക്ക് തുക തിരികെ നൽകുന്നതിലേക്കായുമുള്ള പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി 20-8-2022-ലെ സ.ഉ (സാധാ) നമ്പർ 564/2022/സഹ. പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) കരുവന്നൂർ സഹകരണ ബാങ്കിന്റെ പേരിൽ ക്രമക്കേട് നടത്തിയ വ്യക്തികളുടെ സ്വത്തുക്കൾ കണ്ടുകെട്ടാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടികൾ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ?

ക്രൈം ബ്രാഞ്ച് നടത്തിയിട്ടുള്ള അന്വേഷണത്തിൽ കുറ്റാരോപിതരായി കണ്ടെത്തിയവരുടെ സ്വത്തുകൾ Criminal Law Amendment Ordinance 1944 പ്രകാരം കണ്ടുകെട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന സർക്കാരിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാ രജിസ്ട്രാർ, ജില്ലാ ഗവ. പ്ലീഡർ, ജില്ലാ പോലീസ് മേധാവി, ക്രൈം ബ്രാഞ്ച് അധികാരികൾ, തൃശ്ശൂർ ജോയിന്റ് രജിസ്ട്രാർ (ജനറൽ) എന്നിവരുടെ യോഗം ചേരുകയും ആയതിന്റെ അടിസ്ഥാനത്തിൽ കുറ്റാരോപിതരുടെ സ്വത്തുക്കൾ കണ്ടുകെട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്.

(സി) സഹകരണ ബാങ്ക് ഉദ്യോഗസ്ഥർ ജോലിയിൽ മന:പൂർവ്വം വീഴ്ച വരുത്തിയാൽ കർശന നടപടിയെടുക്കാൻ സഹകരണ നിയമത്തിൽ വ്യവസ്ഥകളുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നിയമഭേദഗതി വരുത്താൻ തയ്യാറാകുമോ?

സഹകരണ സ്ഥാപനങ്ങളിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ഉത്തരവാദികളായിട്ടുള്ളവർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതിന് സഹകരണ നിയമം വകുപ്പ് 94(8), 94(8)(എ), 94(8)(ബി) പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിൻപ്രകാരം സഹകരണ സ്ഥാപനങ്ങളിലെ ക്രിമിനൽ സ്വഭാവമുള്ള സാമ്പത്തിക ക്രമക്കേടുകളുമായി ബന്ധപ്പെട്ട് കൃത്യവിലോപം വരുത്തിയ ജീവനക്കാർക്കും ഭരണസമിതി അംഗങ്ങൾക്കുമെതിരെ ബന്ധപ്പെട്ട ലോക്കൽ പോലീസ് സ്റ്റേഷനിൽ അറിയിച്ചുകൊണ്ട് ക്രിമിനൽ നടപടികൾ സ്വീകരിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാറുടെ 11/79, 50/21 സർക്കുലർ പ്രകാരം ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

**സഹകരണ ബാങ്കുകളിൽ ഏകീകൃത സോഫ്റ്റ്‌വെയർ**

255 (737) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീമതി കെ. കെ. രമ:
ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ ബാങ്കുകളിൽ ഏകീകൃത സോഫ്റ്റ്‌വെയർ നിലവിലുണ്ടോ; വിശദാംശം നൽകാമോ?

ആധുനികവൽക്കരണത്തിന്റെ ഭാഗമായി കേരള ബാങ്കിലും പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിലും ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(ബി) സഹകരണ ബാങ്കുകൾക്കായി ഏകീകൃത സോഫ്റ്റ്‌വെയർ നിർമ്മിക്കുന്നതിന് ഏതെങ്കിലും കമ്പനിയെ തെരഞ്ഞെടുത്തിരുന്നോ; എങ്കിൽ ഈ കരാർ ടെണ്ടർ വഴിയാണോ നൽകിയതെന്ന് വ്യക്തമാക്കാമോ?

പ്രാഥമിക കാർഷിക വായ്പ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനായി ടെണ്ടർ നടപടികൾ അന്തിമഘട്ടത്തിലാണ്.

(സി) കരുവന്നൂർ സഹകരണ ബാങ്കിൽ സോഫ്റ്റ്‌വെയറിലെ ന്യൂനതകൾ ഉപയോഗിച്ചാണ് ക്രമക്കേട് നടത്തിയതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ സോഫ്റ്റ്‌വെയർ ഉപയോഗിക്കുമ്പോൾ പാലിക്കേണ്ട അടിസ്ഥാനപരമായ മുൻകരുതലുകൾ സ്വീകരിച്ചിട്ടില്ലായെന്നും ഈ വിഷയത്തിൽ സഹകരണ സംഘം രജിസ്ട്രാർ നൽകിയിട്ടുള്ള സർക്കുലർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ലെന്നും അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്.

(ഡി) ഈ സാഹചര്യത്തിൽ സഹകരണ ബാങ്കുകളുടെ വിശ്വാസ്യത വർദ്ധിപ്പിക്കാൻ ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിന് ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

**സഹകരണ മേഖലയിലെ ക്രമക്കേടുകൾ തടയാൻ നിയമഭേദഗതി**

256 (738) ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുവന്നൂർ സഹകരണ ബാങ്ക് ക്രമക്കേടിനെത്തുടർന്ന് സഹകരണ മേഖലയിലെ ക്രമക്കേടുകൾ തടയാൻ നിയമഭേദഗതി ആലോചിക്കുന്നുണ്ടോ?

സഹകരണ മേഖലയിലെ പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിനും സംഘങ്ങളുടെ വളർച്ചയ്ക്ക് അനുയോജ്യമായ രീതിയിലും ചട്ട/നിയമ വിരുദ്ധ പ്രവർത്തനത്തിന് ക്രിമിനൽ നടപടി നിയമംമൂലം നടപടി സ്വീകരിക്കുന്നതിനും സഹകരണ സംഘങ്ങളിലെ ഓഡിറ്റ് കാര്യക്ഷമമാക്കുന്നതിനുമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി സമഗ്ര നിയമഭേദഗതി വരുത്തുന്നത് സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) വായ്പ തട്ടിപ്പ്, സ്വർണ്ണപ്പണയ തട്ടിപ്പ് തുടങ്ങിയ ആരോപണങ്ങളിൽ കുറ്റക്കാരുടെ ആസ്തി മരവിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; ഇതിനായി നിയമനിർമ്മാണം നടത്താൻ തയ്യാറാകുമോ?

സഹകരണ സ്ഥാപനങ്ങളിൽ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ സംഘത്തിനുണ്ടാകുന്ന നഷ്ടം എത്രയെന്ന് തിട്ടപ്പെടുത്തുന്നതിന് സഹകരണ നിയമം വകുപ്പ് 68(1) പ്രകാരം നടപടി സ്വീകരിക്കുന്നതിനും അപ്രകാരം തിട്ടപ്പെടുത്തുന്ന നഷ്ടത്തിന് ഉത്തരവാദികളായവർക്കെതിരായി വകുപ്പ് 68(2) പ്രകാരം സർചാർജ്ജ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നതിനും ഇപ്രകാരമുള്ള തുക ഒടുക്കാതെവന്നാൽ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിനോ സഹകരണ

നിയമാനുസൃതം എക്സിക്യൂഷൻ നടപടി സ്വീകരിക്കുന്നതിനോ വ്യവസ്ഥയുണ്ട്. അതുകൂടാതെ കേരള സഹകരണ സംഘം നിയമം 1969-ലെ വകുപ്പ് 78-ലെ വ്യവസ്ഥപ്രകാരം ഉടൻ ജപ്തി ചെയ്യുന്നതിന് നിർദ്ദേശിക്കാവുന്നതുമാണ്. കേരള സഹകരണ സംഘം നിയമത്തിൽ കൂടുതൽ കർശന വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നത് സമഗ്ര നിയമഭേദഗതി വരുത്തുന്ന വേളയിൽ പരിശോധിക്കുന്നതാണ്.

(സി) ക്രിമിനൽ സ്വഭാവമുള്ള കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടാൽ പോലീസിനെ അറിയിക്കണമെന്ന് സഹകരണ നിയമത്തിൽ വ്യവസ്ഥയുണ്ടോ; എങ്കിൽ കരുവന്നൂർ സഹകരണ ബാങ്കിൽ 2018-19 വർഷത്തിലെ ഓഡിറ്റിൽ ക്രമക്കേട് കണ്ടെത്തിയിട്ടും പോലീസിനെ അറിയിക്കുന്നതിൽ വീഴ്ച വരുത്തിയതായി പറയപ്പെടുന്ന സാഹചര്യം വിശദമാക്കാമോ?

സഹകരണ സ്ഥാപനങ്ങളിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് ഉത്തരവാദിയായിട്ടുള്ളവർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതിന് കേരള സഹകരണ സംഘം നിയമം 1969-ലെ വകുപ്പ് 95-ൽ, വകുപ്പ് 94-ലെ (4എ), (4ബി), (8), (8എ), (8 ബി) എന്നീ ഉപവകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങൾക്ക് കേസെടുക്കുന്നതിന് വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇതുപ്രകാരം സഹകരണ സ്ഥാപനങ്ങളിലെ ക്രിമിനൽ സ്വഭാവമുള്ള ജീവനക്കാർക്കും ഭരണ സമിതി അംഗങ്ങൾക്കുമെതിരെ ബന്ധപ്പെട്ട ലോക്കൽ പോലീസ് സ്റ്റേഷനിൽ അറിയിച്ചുകൊണ്ട് ക്രിമിനൽ നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. കേരള സഹകരണ സംഘം നിയമം, സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശം എന്നിവ നടപ്പാക്കുന്നതിൽ വീഴ്ചവന്നതായി ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ജീവനക്കാർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതാണ്.

**സഹകരണ ബാങ്കുകളിലെ ക്രമക്കേടുകൾ**

257 (739) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുവന്നൂർ സഹകരണ ബാങ്കിൽ അനധികൃതമായി നിയമനങ്ങളും അവധി അനുവദിക്കലും ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഏത് രീതിയിലാണ് ഇത്തരം ക്രമക്കേടുകൾ ഉണ്ടായതെന്നും ഇതുമൂലം ബാങ്കിനുണ്ടായിട്ടുള്ള നഷ്ടം എത്രയാണെന്നും വ്യക്തമാക്കാമോ?

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കരുവന്നൂർ ബാങ്ക് തട്ടിപ്പും ക്രമക്കേടും അന്വേഷിക്കാൻ ഉന്നതതല കമ്മിറ്റിയെ നിയമിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ?

24-7-2021-ലെ സ.ഉ.(സാധാ) നമ്പർ 451/2021/സഹ. നമ്പർ പ്രകാരം കരുവന്നൂർ സർവീസ് സഹകരണ ബാങ്കിൽ നടന്ന തട്ടിപ്പും ക്രമക്കേടും അന്വേഷിക്കാൻ ഉന്നതതല കമ്മിറ്റിയെ നിയോഗിച്ചിരുന്നു.

(ഡി) എങ്കിൽ ഈ കമ്മിറ്റിയുടെ ഘടന എപ്രകാരമാണെന്നും റിപ്പോർട്ട് ലഭ്യമായോയെന്നും വ്യക്തമാക്കാമോ?

കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ നടന്ന ക്രമക്കേടുകൾ അന്വേഷിക്കാൻ സർക്കാരിന്റെ 24-7-2021-ലെ GO(R.t)No.451/2021/Coop നമ്പർ ഉത്തരവ് പ്രകാരം ചുവടെ പറയുന്നവരെ ഉൾപ്പെടുത്തി ഒൻപതംഗ ഉന്നതതല കമ്മിറ്റിയെ നിയമിച്ചു.

ശ്രീ. ഗോപകുമാർ പി. കെ., (ജോയിന്റ് സെക്രട്ടറി, സഹകരണ വകുപ്പ്),

ശ്രീ. എം. ബിനോയ് കുമാർ (അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്)

ശ്രീ. ഇ. രാജേന്ദ്രൻ (ജോയിന്റ് ഡയറക്ടർ),

ശ്രീ. അയ്യപ്പൻ നായർ റ്റി. (അസിസ്റ്റന്റ് രജിസ്ട്രാർ)

ശ്രീ. ആദിശേഷു (ടെക്നിക്കൽ എക്സ്പെർട്ട്)

ശ്രീ. ജയചന്ദ്രൻ എസ്. (അസിസ്റ്റന്റ് രജിസ്ട്രാർ)

ശ്രീ. വി. ജർണയിൽ സിംഗ് (അസിസ്റ്റന്റ് രജിസ്ട്രാർ)

സഹകരണ സംഘം രജിസ്ട്രാർ നോമിനേറ്റ് ചെയ്യുന്ന മറ്റു രണ്ട് ഇൻസ്പെക്ടർമാർ.

സർക്കാർ നിയോഗിച്ച ഉന്നതതല കമ്മിറ്റി 20-10-2021-ൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ഇ) ഇത്തരത്തിലുള്ള തട്ടിപ്പ് മറ്റ് സഹകരണ ബാങ്കുകളിൽ നടന്നിട്ടുണ്ടോയെന്ന് പരിശോധിക്കാനും ഇതാവർത്തിക്കാതിരിക്കാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിലെ ക്രമക്കേടുകളുടെ പശ്ചാത്തലത്തിൽ അപ്രകാരമുള്ള ക്രമക്കേടുകൾ ഉണ്ടായാൽ ആയവ കൃത്യമായും കണ്ടെത്തുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനുമായി ആഡിറ്റർമാരെയും ഇൻസ്പെക്ടർമാരെയും ഉൾപ്പെടുത്തി ഇൻസ്പെക്ഷൻ ടീം രൂപീകരിച്ച് സംഘങ്ങളിൽ പരിശോധനകൾ തുടർച്ചയായി നടത്തിവരുന്നു. സഹകരണ ബാങ്കുകളിലെ ഓഡിറ്റ് സംവിധാനം ശക്തിപ്പെടുത്താൻ നടപടി സ്വീകരിച്ചുവരുന്നു.

## സഹകരണ സംഘങ്ങളുടെ സംരക്ഷണം

258 (740) ശ്രീ. വി. ജോയി:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ നേരിട്ടും വിവിധ കേന്ദ്ര ഏജൻസികളെ ഉപയോഗപ്പെടുത്തിക്കൊണ്ടും സഹകരണ മേഖലയെ ദുർബലപ്പെടുത്താനും സഹകരണ മേഖലയുടെയാകെ വിശ്വാസ്യതയ്ക്ക് ഭംഗം വരുത്താനും ശ്രമങ്ങൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സാഹചര്യത്തിൽ സഹകരണ സംഘങ്ങളിൽ ക്രമക്കേടുകൾ നടക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനും പ്രവർത്തനം സുതാര്യമാക്കുന്നതിനും സർക്കാർ നടത്താനുദ്ദേശിക്കുന്ന ഇടപെടലുകളെക്കുറിച്ച് അറിയിക്കാമോ?

സഹകരണം ഒരു സംസ്ഥാന വിഷയമാണ്. അതിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാന സഹകരണ നിയമം പാസ്സാക്കിയിട്ടുള്ളത്. 1949-ലെ ബാങ്കിംഗ് റെഗുലേഷൻ നിയമത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് 2020-ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമം പാർലമെന്റ് പാസ്സാക്കിയിരുന്നു. 1966 വരെ Banking നിയമങ്ങൾ സഹകരണ സംഘങ്ങൾക്ക് ബാധകമായിരുന്നില്ല. എന്നാൽ കാലാകാലങ്ങളിൽ ഭേദഗതികളിലൂടെ വരുത്തിയ ബാങ്കിംഗ് നിയമത്തിലെ മിക്കവാറും എല്ലാ വ്യവസ്ഥകളും സഹകരണ സംഘങ്ങൾക്ക് ബാധകമാക്കിയിട്ടുണ്ട്. പല ഭേദഗതി നിർദ്ദേശങ്ങളും സഹകരണ നിയമത്തിന് എതിരുമാണ്. 2020-ൽ ബാങ്കിംഗ് നിയമത്തിൽ വരുത്തിയ ഭേദഗതികൾ പലതും സംസ്ഥാനത്തിന്റെ അധികാരങ്ങൾ കവരുന്നതും സഹകരണ നിയമത്തിന്റെ വ്യവസ്ഥകൾക്ക് വിരുദ്ധവുമാണ്. 22-11-2021-ൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ പുറപ്പെടുവിച്ചതും കേരളത്തിലെ പ്രമുഖ പത്രങ്ങളിൽ പ്രസിദ്ധീകരിച്ചതുമായ ' Press Release 2021-2022/1230' പ്രകാരം, 1949-ലെ BR Act-ൽ 2020 Sept 29-നുവന്ന ഭേദഗതി നിർദ്ദേശം പ്രകാരം (Act 39 of 2020) 1949-ലെ BR Act- പ്രകാരം ഇളവ് ലഭിച്ചിട്ടുള്ളവരോ RBI-യുടെ പ്രത്യേക അനുവാദമുള്ള സ്ഥാപനങ്ങളോ അല്ലാത്തവർ " Bank" , ' Bankers' , ' Banking' എന്നീ പദങ്ങൾ പ്രസ്തുത സ്ഥാപനങ്ങളുടെ പേരിനോടൊപ്പം ഉപയോഗിക്കാൻ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുള്ളതായി അറിയിക്കുന്നുവെന്നും ചില സഹകരണ സ്ഥാപനങ്ങൾ മേൽപ്പറഞ്ഞ BR Act-ലെ ഭേദഗതി വകുപ്പ് 7-ലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് Bank എന്ന പദം അവരുടെ പേരിനോടൊപ്പം

ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതായും ചില സഹകരണ സംഘങ്ങൾ അംഗങ്ങൾ അല്ലാത്തവരിൽനിന്നും/നോമിനൽ അംഗങ്ങളിൽനിന്നും/ അസോസിയേറ്റ് അംഗങ്ങളിൽനിന്നും നിക്ഷേപം സ്വീകരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും ആയത് BR Act-ന് വിരുദ്ധമാണെന്നും മേൽസാഹചര്യത്തിൽ ഇത്തരം സഹകരണ സ്ഥാപനങ്ങൾക്ക് BR Act പ്രകാരമുള്ള ലൈസൻസ് ഇല്ലെന്നും അവർക്ക് ബാങ്കിംഗ് ബിസിനസ് നടത്തുന്നതിന് അനുവാദം ഇല്ലെന്നും ഇത്തരം സഹകരണ സംഘങ്ങളിലുള്ള നിക്ഷേപങ്ങൾക്ക് Deposit Insurance and Credit Guarantee Corporation (DICGC) നൽകുന്ന നിക്ഷേപങ്ങൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമല്ലായെന്നും ഇത്തരത്തിൽ ബാങ്ക് എന്ന് അവകാശപ്പെട്ട് നിക്ഷേപങ്ങൾ സ്വീകരിക്കുന്ന സഹകരണ സ്ഥാപനങ്ങൾക്കെതിരെ പൊതുജനങ്ങൾ ജാഗ്രത പുലർത്തണമെന്നും ഇടപാടുകൾ നടത്തുന്നതിനുമുമ്പായി റിസർവ് ബാങ്ക് ഓഫ് ഇന്ത്യ നൽകിയിട്ടുള്ള ബാങ്കിംഗ് ലൈസൻസ് പരിശോധിച്ച് ഉറപ്പാക്കണമെന്നും റിസർവ് ബാങ്ക് ഓഫ് ഇന്ത്യ നോട്ടീസിൽ പറയുന്നു. ബാങ്കിംഗ് റെഗുലേഷൻ നിയമത്തിൽ വരുത്തിയ ഭേദഗതികൾ മിക്കവയും സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിന് ലക്ഷ്യം വച്ചിട്ടുള്ളതിനാൽ പ്രസ്തുത വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി സഹകാരികൾ, PACS Association ഭാരവാഹികൾ, സഹകരണ സംഘം/ബാങ്ക് ജീവനക്കാരുടെ സംഘടനാ പ്രതിനിധികൾ എന്നിവരുമായി സർക്കാർ ചർച്ച നടത്തുകയുണ്ടായി. കൂടാതെ നിയമപരമായി നടപടികൾ സ്വീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സഹകരണ മേഖലയിലെ പ്രവർത്തനങ്ങൾ മികവുറ്റതാക്കാനും സഹകരണ നിയമത്തിൽ കൂടുതൽ കർശന വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനും സഹകരണ രംഗത്ത് ഉയർന്നുവരുന്ന ആശാസ്യകരമല്ലാത്ത പ്രവണതകൾ അവസാനിപ്പിക്കുന്നതിനും സംഘങ്ങളുടെ വളർച്ചയ്ക്ക് അനുയോജ്യമായ രീതിയിലും സമഗ്ര നിയമ ഭേദഗതി വരുത്തുന്നതിന് സർക്കാരിന്റെ പരിഗണനയിലാണ്. സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ വിശ്വാസ്യത, സുതാര്യത എന്നിവ ഉറപ്പുവരുത്തുന്നതിനായി ഓഡിറ്റ് സംവിധാനം ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലും അവയുടെ ശാഖകളിലും കോമൺ സോഫ്റ്റ്‌വെയർ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സഹകരണ മേഖലയിലെ പ്രവർത്തനങ്ങൾ മികവുറ്റതാക്കാനും സഹകരണ നിയമത്തിൽ കൂടുതൽ കർശന വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനും സഹകരണ സംഘങ്ങളിലെ ഓഡിറ്റ് കാര്യക്ഷമമാക്കുന്നതിനും സംഘങ്ങളുടെ വളർച്ചയ്ക്ക് അനുയോജ്യമായ രീതിയിലും സമഗ്ര നിയമ ഭേദഗതി വരുത്തുന്നത് സർക്കാരിന്റെ പരിഗണനയിലാണ്. സഹകരണ ആഡിറ്റ് സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി ICDMS

പ്രോജക്ടിന്റെ ഭാഗമായി സഹകരണ സംഘങ്ങളുടെ ആഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. സഹകരണസംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും മറ്റ് ഫങ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുമുള്ള കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെയും അടിസ്ഥാന വിവരങ്ങളും ആഡിറ്റ് സംബന്ധിച്ച വിവരങ്ങളും CAMIS-ലൂടെ പൊതുജനങ്ങൾക്ക് ഉൾപ്പെടെ ഓൺലൈനായി www.camis.kerala.gov.in എന്ന പേജിലൂടെ ലഭ്യമാക്കിയിട്ടുണ്ട്. സഹകരണ സംഘം രജിസ്ട്രാറുടെയും മറ്റ് ഫംഗ്ഷണൽ രജിസ്ട്രാർമാരുടേയും കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സഹകരണ സംഘങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കുന്നതിലൂടെ വകുപ്പുതല വിവരശേഖരണം സുഗമമാക്കുന്നതിനും ഫലപ്രദമായി നിരീക്ഷിക്കുന്നതിനും കഴിയുന്നതാണ്. സഹകരണ സംഘങ്ങളുടെ അടിസ്ഥാന വിവരങ്ങളും ആഡിറ്റ് സംബന്ധിച്ച വിവരങ്ങളും പൊതുജനങ്ങൾക്ക് ലഭ്യമാകുന്നതിലൂടെ സുതാര്യത ഉറപ്പുവരുത്തുന്നതിനും ജനങ്ങളുടെ വിശ്വാസ്യത വർദ്ധിപ്പിക്കുന്നതിനും കൂടുതൽ ജനവിഭാഗങ്ങളെ സഹകരണ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും CAMIS-ലൂടെ സാധിച്ചിട്ടുണ്ട്. സഹകരണ സംഘങ്ങളുടെ ആഡിറ്റ് സമ്പ്രദായം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ IA&AS സർവ്വീസിൽനിന്നും സീനിയർ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ ഗ്രേഡിലുള്ള ഉദ്യോഗസ്ഥയെ ആഡിറ്റ് ഡയറക്ടറായി നിയമിച്ചിട്ടുണ്ട്. ടീം ആഡിറ്റ് സംവിധാനം നടപ്പിലാക്കുന്നതിന് നിർദ്ദേശിച്ചതനുസരിച്ച് ആയതിനുള്ള പ്രാരംഭ നടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചിട്ടുണ്ട്. 1969-ലെ കേരള സഹകരണ സംഘം നിയമ പ്രകാരം രജിസ്റ്റർ ചെയ്തുപ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളിൽ നടക്കുന്ന ക്രിമിനൽ സ്വഭാവമുള്ള സാമ്പത്തിക ക്രമക്കേടുകളുമായി ബന്ധപ്പെട്ട് കൃത്യവിലോപം വരുത്തിയ സംഘം ജീവനക്കാർക്കും ഭരണസമിതി അംഗങ്ങൾക്കുമെതിരെ ക്രിമിനൽ നിയമ പ്രകാരം നടപടി സ്വീകരിക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

(ബി) പ്രതിസന്ധിയിലാകുന്ന സഹകരണ സംഘങ്ങളുടെ രക്ഷയ്ക്ക് സംരക്ഷണ നിധി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

കേരളത്തിൽ പ്രതിസന്ധി നേരിടുന്ന സഹകരണ സംഘങ്ങൾ/ബാങ്കുകൾ എന്നിവയെ സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 5-8-2022-ൽ കൂടിയ യോഗത്തിൽ പ്രതിസന്ധി യിലാകുന്ന സഹകരണ സംഘങ്ങളെ സഹായിക്കുന്നതിലേയ്ക്ക് സംഘങ്ങൾ ലാഭവിഹിതത്തിൽനിന്നും റിസർവ് ഫണ്ടായി നിക്ഷേപിച്ചിട്ടുള്ള തുക ഉപയോഗിച്ച് സഹകരണ സംരക്ഷണ നിധി രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(സി) സഹകരണ സംഘങ്ങളുടെയും ബാങ്കുകളുടെയും പ്രവർത്തനം സാങ്കേതികവിദ്യാധിഷ്ഠിതമായി ആധുനികവൽക്കരിക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്‌വെയർ:- സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 1607 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലും അവയുടെ ശാഖകളിലും ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. നിലവിൽ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ നടത്തുന്ന നിക്ഷേപം, വായ്പ, എം.ഡി.എസ്. തുടങ്ങി എല്ലാ സേവനങ്ങളും ലഭ്യമാകുന്ന തരത്തിലും കേരള ബാങ്കിന്റെ കോർ ബാങ്കിംഗ് സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിച്ച് NEFT, RTGS, ATM തുടങ്ങിയ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ റിസർവ് ബാങ്കിന്റെ നിബന്ധനകൾക്ക് വിധേയമായി PACS-കൾക്ക് ലഭ്യമാകുന്ന രീതിയിലുമാണ് ഏകീകൃത സോഫ്റ്റ്‌വെയറിനുള്ള RFP തയ്യാറാക്കിയിട്ടുള്ളത്. പല സംഘങ്ങളിലും നിലവിൽ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയറുകളിൽ കൃത്രിമം നടന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാൽ ബാങ്കിംഗ് ഇടപാടുകളിൽ സുതാര്യത ഉറപ്പുവരുത്തുക, അഴിമതിയും പണാപഹരണവും തടയുക എന്നീ ലക്ഷ്യത്തോടെ പരമാവധി സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയാണ് സഹകരണ വകുപ്പ് ഏകീകൃത സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നത്. 12-5-2022-ന് ടെക്നിക്കൽ ബിഡ് ഓപ്പൺ ചെയ്യുകയും തുടർനടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു.

ICDMS (Integrated Co-operative Department Management System):-

സഹകരണ വകുപ്പിന്റെ ആധുനികവത്കരണത്തിന്റെ ഭാഗമായി ICDMS (Integrated Co-operative Department Management System) പദ്ധതി പ്രകാരം സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ-ബൈലോ ഭേദഗതി, ഫണ്ട് മാനേജ്മെന്റ് മോഡ്യൂൾ, ആഡിറ്റ് മോഡ്യൂൾ എന്നീ മൂന്ന് സേവനങ്ങൾ ഓൺലൈൻ വഴി നടപ്പിലാക്കിയിട്ടുണ്ട്. സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ, ബൈലാ ഭേദഗതി എന്നിവയ്ക്കുള്ള അപേക്ഷകൾ പൊതുജനങ്ങൾക്ക്/സഹകരണ സംഘങ്ങൾക്കുതന്നെ നേരിട്ട് ഓൺലൈനായി സമർപ്പിക്കുന്നതിനും ആയതിനുള്ള ഫീസ് ട്രഷറി ഓൺലൈൻ പേമെന്റ് ഗേറ്റ് വേ വഴി ഒടുക്കുന്നതിനും ആയത് രജിസ്റ്റർ ചെയ്ത് നൽകുന്നതും ICDMS ലൂടെയാണ്. സംസ്ഥാന/എൻ.സി.ഡി.സി പദ്ധതികളിൽ ഉൾപ്പെടുത്തി സഹകരണ സംഘങ്ങൾക്ക് അനുവദിക്കുന്ന ധനസഹായം സംബന്ധിച്ച മുഴുവൻ വിവരങ്ങളും ലഭ്യമാക്കുന്നതിനും ധനസഹായം

അനുവദിച്ചതിനുശേഷം ടി തുകയുടെ തിരിച്ചടവ് കൃത്യമായി മോണിറ്റർ ചെയ്യുന്നതിലേക്കുമായിട്ടാണ് ഫണ്ട് മാനേജ്മെന്റ് മോഡ്യൂൾ തയ്യാറാക്കിയിട്ടുള്ളത്. സഹകരണ സംഘങ്ങളുടെ ആഡിറ്റ് റിപ്പോർട്ട് സോഫ്റ്റ്‌വെയർ സംവിധാനത്തിൽ തയ്യാറാക്കി ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള മോഡ്യൂളിന്റെ സോഫ്റ്റ്‌വെയർ ഡെവലപ്മെന്റ് നടപടികൾ അന്തിമഘട്ടത്തിലാണ്. യൂസർ അക്സ്പ്റ്റൻസ് ടെസ്റ്റ് (UAT) നടപടികൾ പുരോഗമിക്കുന്നു.

സഹകരണ ഇലക്ഷൻ മാനേജ്മെന്റ് സിസ്റ്റം :- സഹകരണ സംഘങ്ങളുടെ ഇലക്ഷൻ നടത്തുന്നതിനുള്ള അപേക്ഷ ഓൺലൈനായി സമർപ്പിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിനുള്ള സോഫ്റ്റ്‌വെയർ വികസിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

Co-operative Audit Monitoring & Information System (CAMIS):-

സഹകരണ ആഡിറ്റ് സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി ICDMS പ്രോജക്ടിന്റെ ഭാഗമായി സഹകരണ സംഘങ്ങളുടെ ആഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും മറ്റ് ഫംഗ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുമുള്ള കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെയും അടിസ്ഥാന വിവരങ്ങളും ആഡിറ്റ് സംബന്ധിച്ച വിവരങ്ങളും CAMIS-ലൂടെ പൊതുജനങ്ങൾക്ക് ഉൾപ്പെടെ ഓൺലൈനായി www.camis.kerala.gov.in എന്ന പേജിലൂടെ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ കേരള ബാങ്കിന്റെ ഏകീകൃത കോർ ബാങ്കിംഗ് സോഫ്റ്റ്‌വെയർ സംവിധാനം ' Finacle' , M/s Wipro എന്ന കമ്പനി മുഖാന്തരം നടപ്പിലാക്കിവരികയാണ്. ഇതിനായി എറണാകുളത്ത് കാക്കനാട് കേന്ദ്രമായി പ്രത്യേക പ്രോജക്ട് മോണിറ്ററിംഗ് യൂണിറ്റ് ഒരു ജനറൽ മാനേജറുടെ കീഴിൽ ഭരണസമിതിയുടെ മേൽനോട്ടത്തിൽ പ്രവർത്തിച്ചുവരുന്നു. കോട്ടയം ജില്ലയിലെ മുഴുവൻ ശാഖകളും ലയനത്തിനുമുൻപുള്ള സംസ്ഥാന സഹകരണ ബാങ്കിന്റെ ശാഖകളും പുതിയ സോഫ്റ്റ്‌വെയറിലേയ്ക്ക് മാറിയിട്ടുണ്ട്. 2022 ഡിസംബർ മാസത്തോടെ എല്ലാ ആധുനിക ബാങ്കിംഗ് സംവിധാനങ്ങളോടും കിടപിടിക്കാൻ കഴിയുന്ന തരത്തിലുള്ള ഏകീകൃത കോർ ബാങ്കിംഗ് സംവിധാനം സംസ്ഥാനത്താകെ നിലവിൽവരും.

## ആലത്തൂർ മണ്ഡലത്തിലെ സഹകരണ സംഘങ്ങൾ

259 (741) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2021-22 വരെയുള്ള കാലയളവിൽ ആലത്തൂർ നിയോജകമണ്ഡലത്തിന്റെ പരിധിക്കുള്ളിൽ രൂപീകരിക്കപ്പെട്ട വിവിധ സഹകരണ സംഘങ്ങളുടെ വിവരങ്ങൾ വർഷം തിരിച്ച് അറിയിക്കാമോ?

വിവരങ്ങൾ അനുബന്ധം (i) ആയി ചേർത്തിരിക്കുന്നു.*

(ബി) അവയിൽ ഓരോന്നിന്റെയും പ്രവർത്തനമേഖലയും പ്രവർത്തന പരിധിയും വിശദമാക്കാമോ?

വിവരങ്ങൾ അനുബന്ധം (ii) ആയി ചേർത്തിരിക്കുന്നു*

## പ്രാഥമിക സഹകരണ സംഘങ്ങൾക്ക് സഹായം

260 (742) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിസന്ധിയിലാകുന്ന പ്രാഥമിക സഹകരണ സംഘങ്ങളെ സഹായിക്കുന്നതിനായി ജില്ലാ ബാങ്കുകളിൽനിന്നും വായ്പ ലഭ്യമാക്കുന്ന രീതി സംസ്ഥാനത്ത് മുൻപ് നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; ജില്ലാ സഹകരണ ബാങ്കുകളുടെ ഭരണസമിതിക്ക് സർക്കാർ അനുമതിയോടെ ഇപ്രകാരം തീരുമാനമെടുക്കാൻ സാധിക്കുമായിരുന്നോ; വിശദമാക്കുമോ?

പ്രതിസന്ധിയിലാകുന്ന പ്രാഥമിക സഹകരണ സംഘങ്ങളെ സഹായിക്കുന്നതിനായി സംസ്ഥാനത്തെ ചില മുൻ ജില്ലാ സഹകരണ ബാങ്കുകളിൽനിന്ന് വായ്പകൾ നൽകിയിരുന്നു. അവയുടെ വിവരം ചുവടെ ചേർക്കുന്നു.

1. പ്രതിസന്ധിയിലാകുന്ന പ്രാഥമിക സഹകരണ സംഘങ്ങളെ സഹായിക്കുന്നതിനായി മുൻ എറണാകുളം ജില്ലാ ബാങ്ക് കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് ഫണ്ട് (CDF) സ്വരൂപിച്ചിരുന്നു. 2010 വരെ ഈ ഫണ്ടിൽനിന്നും പലിശരഹിത വായ്പകളും ഗ്രാന്റുകളും നൽകിയിരുന്നു. 2010-നുശേഷം ഇത്തരം സംഘങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിനും പ്രതിസന്ധികൾ തരണം ചെയ്യുന്നതിനുമായി കുറഞ്ഞ പലിശ നിരക്കിൽ ഇന്റഗ്രേറ്റഡ് കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് സ്കീമിൽ ഉൾപ്പെടുത്തി വായ്പകൾ വിതരണം ചെയ്തിരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

2. വയനാട് ജില്ലയിൽ സാമ്പത്തികമായി പ്രതിസന്ധിയിലായ തെക്കുംതറ സർവ്വീസ് സഹകരണ ബാങ്കിന് വയനാട് ജില്ലാ സഹകരണ ബാങ്ക് 50 ലക്ഷം രൂപ വായ്പ അനുവദിക്കുകയും ജില്ലാ സഹകരണ ബാങ്കിലേയ്ക്ക് അടയ്ക്കുവാനുള്ള വായ്പാ തുക 3 കോടി രൂപ തിരിച്ചടയ്ക്കുന്നതിന് കാലാവധി ദീർഘിപ്പിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

3. പത്തനംതിട്ട ജില്ലയിൽ കുളനട സർവ്വീസ് സഹകരണ ബാങ്കിന് പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി മുൻ ജില്ലാ ബാങ്കിൽനിന്നും 8-12-2014-ൽ വായ്പയായി 50 ലക്ഷം രൂപയും സ്പെഷ്യൽ സി.സി. ആയി 10 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

4. ഇടുക്കി ജില്ലയിൽ സേനാപതി SCB, വാഴത്തോപ്പ് SCB, കൊന്നത്തടി SCB എഴുകും വയൽ SCB, എന്നീ ബാങ്കുകൾക്ക് പ്രാഥമിക സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനായി മുൻ ജില്ലാ ബാങ്ക് ഭരണസമിതി പ്രത്യേകം പദ്ധതി തയ്യാറാക്കിയ പദ്ധതിയിലൂടെ കുറഞ്ഞ പലിശ നിരക്കിൽ വായ്പകൾ അനുവദിച്ചിട്ടുണ്ട്.

5. കോട്ടയം ജില്ലയിൽ ഇളംകുളം സർവ്വീസ് സഹകരണ ബാങ്കിന് 5.08 കോടി രൂപ 1997-ൽ വായ്പയായി മുൻ കോട്ടയം ജില്ലാ സഹകരണ ബാങ്ക് അനുവദിച്ചിട്ടുണ്ട്.

മുൻകാലങ്ങളിൽ അതത് ജില്ലാ ബാങ്കുകളുടെ സാമ്പത്തിക സ്ഥിതി അനുസരിച്ച് പ്രതിസന്ധിയിലായ സഹകരണ സംഘങ്ങൾക്ക് പ്രതിസന്ധി പരിഹരിക്കുന്നതിന് ജില്ലാ ബാങ്കുകൾ മതിയായ ജാമ്യത്തിന്റെ അടിസ്ഥാനത്തിൽ വായ്പകൾ അനുവദിച്ചുനൽകിയിരുന്നു. അതത് ജില്ലാ ബാങ്കുകളുടെ വായ്പാ നയങ്ങൾക്കും ഭരണ സമിതി തീരുമാനത്തിനും വിധേയമായി നിയമാനുസൃതമുള്ള നടപടിക്രമങ്ങൾ പാലിച്ച് വായ്പ നൽകുന്നതിന് കഴിയുമായിരുന്നു.

(ബി) കേരള ബാങ്ക് രൂപീകരണത്തിനുശേഷം മേൽപ്പറഞ്ഞപ്രകാരം പ്രതിസന്ധിയിലാകുന്ന പ്രാഥമിക സഹകരണ സംഘങ്ങളെ സഹായിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള സഹായം നൽകാൻ കഴിഞ്ഞിട്ടുണ്ടോ; കേരള ബാങ്കിൽനിന്നും ഇപ്രകാരം ഒരു സഹായം നൽകുന്നതിന് റിസർവ് ബാങ്കിന്റെ അനുമതി ആവശ്യമുണ്ടോ; വിശദാംശം നൽകുമോ?

കേരള ബാങ്ക് രൂപീകരണത്തിനുശേഷം സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ പുരോഗതിക്കും ക്രിയാത്മകമായ ഇടപെടലുകൾ നടത്തുന്നതിനും സമഗ്രമായ പദ്ധതി കേരള ബാങ്ക് ആവിഷ്കരിച്ചിട്ടുണ്ട്. ആയതിലേയ്ക്കായി PACS വായ്പാ പോളിസി, PACS മോണിറ്ററി പോളിസി, PACS പുനരുദ്ധാരണ പോളിസി എന്നിവ ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. PACS-കളുടെ പ്രവർത്തനം നിരീക്ഷിച്ച് പ്രതിസന്ധിയുണ്ടാകാൻ സാധ്യതയുള്ള സംഘങ്ങളെ മുൻകൂട്ടി തിരിച്ചറിഞ്ഞ് അവയെ പുനരുദ്ധരിക്കുന്ന നടപടിയാണ് കേരള ബാങ്ക് വിഭാവനം ചെയ്തിട്ടുള്ളത്. ഇതിലേയ്ക്കുള്ള പുനരുദ്ധാരണ പാക്കേജ് സഹകരണ വകുപ്പിന്റെകൂടി സഹകരണത്തോടെ നടപ്പിലാക്കുന്നതിനായിട്ടാണ് ഉദ്ദേശിച്ചിട്ടുള്ളത്. സംസ്ഥാന വ്യാപകമായി ഇത്തരം ഒരു പദ്ധതി തയ്യാറാക്കാനോ നടപ്പാക്കാനോ മുൻപ് ജില്ലാ സഹകരണ ബാങ്കുകൾക്ക് കഴിയുമായിരുന്നില്ല. കൂടാതെ സംഘങ്ങളുടെ പ്രവർത്തനത്തിനും ക്രിയാത്മകമായ ഇടപെടലിനും നേതൃത്വം നൽകുന്നതിനായി ജില്ലകൾതോറും PACS Advisory Committee രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നതിനും കേരള ബാങ്കിന് കഴിഞ്ഞിട്ടുണ്ട്. കേരള ബാങ്കിൽനിന്ന് ഭരണസമിതി അംഗീകരിച്ച വായ്പാ പോളിസി പ്രകാരമുള്ള വായ്പകൾ നൽകുന്നതിന് റിസർവ് ബാങ്കിന്റെ പ്രത്യേക അനുമതി ആവശ്യമില്ല. എന്നാൽ വായ്പാ വിതരണത്തിന് റിസർവ് ബാങ്ക് നിഷ്കർഷിക്കുന്ന പൊതുവായ വ്യവസ്ഥകൾ പാലിച്ചുകൊണ്ടാണ് വായ്പാ പോളിസികൾ അംഗീകരിച്ചിട്ടുള്ളതും വായ്പകൾ നൽകിവരുന്നതും.

(സി) കേരള ബാങ്ക് രൂപീകരണത്തോടെ സംസ്ഥാന സർക്കാരിന് സഹകരണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ സ്വതന്ത്രമായി ഇടപെടാനുള്ള അവസരം നഷ്ടപ്പെട്ട കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; ഇതുപരിഹരിക്കാൻ എന്തുനടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

വ്യക്തമാക്കാം, സംസ്ഥാനത്തെ സഹകരണ മേഖലയിൽ സർക്കാരിന് കൂടുതൽ കാര്യക്ഷമമായി ഇടപെടുന്നതിലേയ്ക്കായിട്ടാണ് സർക്കാർ മുൻകയ്യെടുത്ത് സംസ്ഥാനത്തെ സഹകരണ മേഖലയെ ത്രിതല സംവിധാനത്തിൽനിന്നും ദ്വിതല സംവിധാനത്തിലേയ്ക്ക് മാറ്റിയത്. വിശദമായ പഠനറിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ ഇത്തരമൊരു തീരുമാനം കൈക്കൊണ്ടിട്ടുള്ളത്. സഹകരണ മേഖലയെ ശാക്തീകരിക്കുന്നതിനും പൊതു- സ്വകാര്യ മേഖലാ ബാങ്കുകളുമായി മത്സരാധിഷ്ഠിത പ്രവർത്തനം നടത്താനും അതുവഴി സംസ്ഥാനത്തെ സാമ്പത്തിക പുരോഗതി ഉറപ്പുവരുത്തുന്നതിനുമാണ് കേരള ബാങ്ക് രൂപീകരണത്തിലൂടെ സർക്കാർ ഉദ്ദേശിച്ചിട്ടുള്ളത്. സഹകരണ മേഖലകളിലെ ഗുണപരമായ സർക്കാർ ഇടപെടലിന് കേരള ബാങ്ക് രൂപീകരണം യാതൊരു തടസ്സവും സൃഷ്ടിക്കുന്നില്ല

എന്നുമാത്രമല്ല സഹകരണ മേഖലയ്ക്ക് ശക്തമായ ഒരു നേതൃത്വമാണ് കേരള ബാങ്ക് രൂപീകരണത്തോടെ ഉണ്ടായിട്ടുള്ളത്. സംസ്ഥാനത്തെ സഹകരണ മേഖലയുടെ സമഗ്ര പുരോഗതിയും സുസ്ഥിര വികസനവും ലക്ഷ്യമാക്കിയാണ് സർക്കാർ കേരള ബാങ്ക് രൂപീകരിക്കുന്നതിന് തയ്യാറായിട്ടുള്ളത്. മേൽസാഹചര്യത്തിൽ സഹകരണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ സർക്കാരിന് സ്വതന്ത്രമായി ഇടപെടാനുള്ള അവസരം നഷ്ടപ്പെട്ടു എന്ന വാദം അപ്രസക്തമാണ്.

(ഡി) 2020-21 സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ കരുവന്നൂർ സഹകരണ ബാങ്കിൽ എത്ര കോടി രൂപയുടെ സ്ഥിരനിക്ഷേപം ഉണ്ടായിരുന്നു; 2021 ഏപ്രിൽ 1 മുതൽ നാളിതുവരെ എത്ര കോടി രൂപയുടെ സ്ഥിരനിക്ഷേപം പിൻവലിക്കപ്പെട്ടിട്ടുണ്ട്; സ്ഥിരനിക്ഷേപം പിൻവലിക്കുന്നതിനായി ഈ കാലയളവിൽ എത്ര സഹകാരികൾ അപേക്ഷ നൽകിയിട്ടുണ്ട്; ഇതിൽ എത്രപേർക്ക് പൂർണ്ണമായും നിക്ഷേപം മടക്കിനൽകാൻ കഴിഞ്ഞിട്ടുണ്ട്; എത്രപേർക്ക് നിക്ഷേപം ഇനിയും മടക്കിനൽകുവാനുണ്ട്; വ്യക്തമാക്കാമോ?

2020-21 സാമ്പത്തിക വർഷത്തെ സ്ഥിരനിക്ഷേപം ബാക്കിനിൽപ്പ് 308.85 കോടി രൂപയാണ്. 2020-21 ഏപ്രിൽ 1 മുതൽ നാളിതുവരെയായി 42.76 കോടി രൂപ മടക്കിനൽകിയിട്ടുണ്ട്. ഈ കാലയളവിൽ ഡെപ്പോസിറ്റ് പിൻവലിക്കുന്നതിനായി 1263 സഹകാരികളിൽനിന്ന് അപേക്ഷ ലഭിച്ചിട്ടുണ്ട്. നിക്ഷേപകർക്ക് ഭാഗികമായി മാത്രമേ നിക്ഷേപം തിരികെ നൽകാൻ കഴിഞ്ഞിട്ടുള്ളൂ. കാലാവധിയായ 142.71 കോടി രൂപയുടെ നിക്ഷേപം ഇനിയും മടക്കിനൽകാനുണ്ട്.

(ഇ) കരുവന്നൂർ ബാങ്കിൽ സ്ഥിരനിക്ഷേപമുണ്ടായിട്ടും ചികിത്സാ ചെലവിന് പണം ലഭിക്കാത്തതിനെത്തുടർന്ന് മരണപ്പെട്ട ഫിലോമിനയുടെ കുടുംബം മേൽപ്പറഞ്ഞ കാലയളവിൽ സ്ഥിരനിക്ഷേപം പിൻവലിക്കുന്നതിന് ആവശ്യം ഉന്നയിച്ചിരുന്നോ; എത്ര തുകയാണ് ആവശ്യപ്പെട്ടത്; പ്രസ്തുത കുടുംബത്തിന് എത്ര തുക മടക്കി നൽകാൻ സാധിച്ചു; ഏതൊക്കെ തീയതികളിലാണ് ഇപ്രകാരം തുക നൽകിയതെന്ന് വ്യക്തമാക്കുമോ?

ബാങ്കിലെ ഡെപ്പോസിറ്റർ ആയിരുന്ന ഫിലോമിനയുടെ ഭർത്താവായ ദേവസ്സി ഈ കാലയളവിൽ മുഴുവൻ നിക്ഷേപവും പിൻവലിക്കുന്നതിനായി ആവശ്യം ഉന്നയിച്ചിരുന്നു. പ്രസ്തുത കുടുംബത്തിന് പലിശ ഉൾപ്പെടെ 31,60000 രൂപ തിരികെ നൽകാൻ സാധിച്ചു. 1-7-2021 മുതൽ 26-7-2022 വരെ 4,60,000 രൂപയും 27-7-2022-ന് 2,00,000 രൂപയും 3-8-2022-ന് 2,00,000 രൂപയും 6-8-2022-ന് 23,00,000 രൂപയും തിരികെ നൽകി.

(എഫ്) കരുവന്നൂർ ബാങ്കിന്റെ പ്രതിസന്ധി പരിഹരിക്കുന്നതിന് എത്ര തുക ആവശ്യമുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്; ഇത് ഏതുരീതിയിൽ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ബാങ്കിന്റെ പ്രതിസന്ധി പരിഹരിക്കുന്നതിന് അടിയന്തരമായി 50 കോടി രൂപ ആവശ്യമുള്ളതായി കണക്കാക്കുന്നു. കേരള ബാങ്ക് നിക്ഷേപ ഗ്യാരന്റി ബോർഡ് എന്നിവിടങ്ങളിൽനിന്നും വായ്പയെടുത്തും കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ ലാഭവിഹിതത്തിൽനിന്നും റിസർവ് ഫണ്ടായി വകമാറ്റിയിട്ടുള്ള 2 കോടി രൂപ പിൻലിക്കുന്നതിലൂടെയും ARC, EP നടപടികൾ ത്വരിതപ്പെടുത്തി പിരിഞ്ഞ് കിട്ടാനുള്ള വായ്പകൾ തിരിച്ചുപിടിച്ചും ടി തുക കണ്ടെത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്.

**അരുവിക്കര നിയോജകമണ്ഡലത്തിലെ സഹകരണ സംഘങ്ങൾ**

261 (743) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജോയിന്റ് രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ളതും 1969-ലെ കേരള സഹകരണ നിയമം അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ അരുവിക്കര നിയോജകമണ്ഡലത്തിലെ വിവിധ സംഘങ്ങളുടെ പേര്, മേൽവിലാസം, ഏത് താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാറുടെ കീഴിലാണ് ഉൾപ്പെട്ടിരിക്കുന്നത് എന്നീ വിവരങ്ങൾ ലഭ്യമാക്കുമോ?

വിവരങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു.*

(ബി) പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകൾ/സംഘങ്ങൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ/സംഘങ്ങൾ, അർബൻ ബാങ്കുകൾ/സംഘങ്ങൾ, എംപ്ലോയീസ് സഹകരണ സംഘങ്ങൾ, ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ, പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ, പലവക വിഭാഗത്തിൽപ്പെടുന്ന മറ്റ് സംഘങ്ങൾ എന്ന വിധത്തിൽ മേൽവിവരങ്ങൾ തരംതിരിച്ച് ലഭ്യമാക്കുമോ?

വിവരങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു.*

**മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളുടെ പ്രവർത്തന നിയന്ത്രണം**

262 (744) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കേന്ദ്ര സർക്കാരിന്റെ മൾട്ടി സ്റ്റേറ്റ് സഹകരണ നിയമം 2002 പ്രകാരം രജിസ്റ്റർ ചെയ്ത് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളിന്മേൽ സംസ്ഥാന സഹകരണ സംഘം രജിസ്ട്രാർക്ക് നിയന്ത്രണാധികാരങ്ങളൊന്നുമില്ല. എന്നാൽ മൾട്ടി സ്റ്റേറ്റ് സഹകരണ നിയമം സെക്ഷൻ 108 പ്രകാരം ലഭിച്ച അധികാരം ഉപയോഗിച്ച് പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായുള്ള നിർദ്ദേശങ്ങൾ സംസ്ഥാന സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ അന്വേഷണ റിപ്പോർട്ടിന്മേൽ നടപടി സ്വീകരിക്കുന്നതിനുള്ള അധികാരം സംസ്ഥാന സഹകരണ സംഘം രജിസ്ട്രാർക്കില്ല.

## മണലൂർ മേഖല ഇക്കോ ടൂറിസം ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

263 (745) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മേഖല ഇക്കോ ടൂറിസം ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, പൂവത്തൂർ പി.ഒ. (ക്ലിപ്തം നം. ആർ. 1309) എന്ന സ്ഥാപനം സഹകരണ വകുപ്പിന്റെ കീഴിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മണലൂർ മേഖല ഇക്കോ ടൂറിസം ഡെവലപ്മെന്റ് സഹകരണസംഘം എന്ന പേരിൽ തൃശ്ശൂർ ജില്ലയിൽ 20-09-2011-ൽ രജിസ്റ്റർ ചെയ്ത് 8-10-2011-ൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(ബി) ഇത്തരം സ്ഥാപനങ്ങൾക്ക് സഹകരണ വകുപ്പ് മുഖേന എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് അറിയിക്കാമോ?

നല്ലരീതിയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ മുഖേന വിനോദ സഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് വ്യക്തമായ പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ പരമാവധി 20 ലക്ഷം രൂപ അഥവാ പ്രോജക്ട് കോസ്റ്റിന്റെ 50% പ്ലാൻ സ്കീമിൽ സബ്സിഡിയും ഓഹരിയും ആയി 2:1 എന്ന അനുപാതത്തിൽ സഹായം നൽകുന്നതാണ്.

(സി) വിനോദസഞ്ചാരത്തിന് മണലൂർ മണ്ഡലത്തിൽ ഈ സ്ഥാപനം വഴി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കാനാകുമെന്ന് വ്യക്തമാക്കാമോ?

സംഘത്തിന്റെ പ്രവർത്തന പരിധിക്കുള്ളിൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്ന തരത്തിലുള്ള പ്രകൃതിരമണീയമായ സ്ഥലങ്ങൾ കണ്ടെത്തി ടൂറിസത്തിന് ഉതകുംവിധം വളർത്തിക്കൊണ്ട് വരിക, ടൂറിസ്റ്റ് ഇൻഫർമേഷൻ കേന്ദ്രങ്ങൾ

ആരംഭിക്കുക, ടൂറിസ്റ്റുകൾക്കായുള്ള ട്രാവൽ ഏജൻസി നടത്തുക, ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഭൂമി വാടകയ്ക്കോ സ്വന്തമായോ പാട്ടത്തിനോ ഏറ്റെടുത്ത് ഹോട്ടലുകൾ, ലോഡ്ജുകൾ, ലഘുഭക്ഷണശാലകൾ, കൺസ്യൂമർ സ്റ്റോറുകൾ, ഹെൽത്ത് ക്ലബ്ബ് തുടങ്ങി ടൂറിസ്റ്റുകളുടെ ക്ഷേമത്തിനായും വിനോദ ഉപാധികൾക്കുമായുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക തുടങ്ങി സംഘത്തിന്റെ നിയമാവലി വ്യവസ്ഥകൾക്ക് അനുസൃതമായ പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്.

**പുതിയ സഹകരണ സ്ഥാപനങ്ങൾ**

264 (746) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയതായി എത്ര സഹകരണ സ്ഥാപനങ്ങൾക്കാണ് അനുമതി നൽകിയതെന്ന് ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ?

വിവരങ്ങൾ അനുബന്ധം-I ആയി ചേർക്കുന്നു.*

(ബി) കാസർഗോഡ് ജില്ലയിൽ ഏതൊക്കെ പുതിയ സഹകരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയെന്നും അവയുടെ പ്രവർത്തനപരിധി ഏതാണെന്നും വിശദമാക്കാമോ?

വിവരങ്ങൾ അനുബന്ധം-II ആയി ചേർക്കുന്നു.*

**സഹകരണ സംഘങ്ങൾ ഫയൽ ചെയ്യുന്ന ആർബിട്രേഷൻ കേസുകൾ**

265 (747) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങൾ ഫയൽ ചെയ്യുന്ന ആർബിട്രേഷൻ കേസുകൾ ഹിയറിംഗ് നടത്തുന്ന സഹകരണ വകുപ്പ് ഉദ്യോഗസ്ഥരുടെ യോഗ്യതകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

കേരള സഹകരണ നിയമം വകുപ്പ് 69 പ്രകാരമുള്ള തർക്കങ്ങൾ സഹകരണ സംഘം രജിസ്ട്രാർ മുമ്പാകെയോ, രജിസ്ട്രാറുടെ അധികാരങ്ങൾ കൈകാര്യം ചെയ്യാൻ ചുമതലപ്പെടുത്തപ്പെട്ട അഡീഷണൽ രജിസ്ട്രാർ, ജോയിന്റ് രജിസ്ട്രാർ, അസിസ്റ്റന്റ് രജിസ്ട്രാർ എന്നിവർ മുമ്പാകെയോ ഫയൽ ചെയ്യാവുന്നതാണ്. അഡീഷണൽ രജിസ്ട്രാർ, ജോയിന്റ് രജിസ്ട്രാർ, ഡെപ്യൂട്ടി രജിസ്ട്രാർ, അസിസ്റ്റന്റ് രജിസ്ട്രാർ, സ്പെഷ്യൽ ഗ്രേഡ്/സീനിയർ/ജൂനിയർ ഇൻസ്പെക്ടർ തസ്തികയിലുള്ളവർക്ക്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ആർബിട്രേറ്റർ തസ്തികയിൽ സേവനം അനുഷ്ഠിക്കാനാവുന്നതാണ്. ആർബിട്രേറ്റർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന സഹകരണ വകുപ്പ് ജീവനക്കാരുടെ യോഗ്യതകൾ സഹകരണ വകുപ്പ് ജീവനക്കാരുടെ നിയമനത്തിനായുള്ള സ്പെഷ്യൽ റൂളിൽ പ്രതിപാദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ഉദ്യോഗസ്ഥർക്ക് എന്തെല്ലാം അധികാരങ്ങളാണ് നിയമപരമായി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ആർബിട്രേഷൻ കേസ്സുകൾ ഹിയറിംഗ് നടത്തുന്ന സഹകരണ വകുപ്പ് ഉദ്യോഗസ്ഥരുടെ/ആർബിട്രേറ്ററുടെ അധികാരങ്ങൾ ചുവടെ പറയുന്നവയാണ്.

1. പണസംബന്ധമായ തർക്കങ്ങൾ പരിഗണിക്കുന്നതിനുള്ള അധികാരം.
2. തർക്ക വിഷയവുമായി ബന്ധപ്പെട്ട രേഖകൾ, ബുക്കുകൾ എന്നിവ ഹാജരാക്കണമെന്ന് ആവശ്യപ്പെടാനും ബന്ധപ്പെട്ട എല്ലാ കക്ഷികളെയും സാക്ഷികളെയും ഹാജരാക്കി അവരുടെ സത്യവാങ്മൂലം വാങ്ങാനും അധികാരമുണ്ടായിരിക്കും.
3. രജിസ്ട്രാർക്കോ കേസ് തീരുമാനിക്കുന്നയാൾക്കോ ആർബിട്രേറ്റർക്കോ അവരുടെ സ്വന്തം അഭിപ്രായപ്രകാരമോ തർക്കത്തിലെ ഏതെങ്കിലും കക്ഷിയുടെ അപേക്ഷയാലോ തർക്കത്തിലെ രണ്ടുകക്ഷികൾക്കും നോട്ടീസ് നൽകിക്കൊണ്ട് തർക്ക വിഷയമായ കാര്യങ്ങൾ പരിശോധിക്കാനും അല്ലെങ്കിൽ സാക്ഷി എന്ന നിലയിൽ, ഏതെങ്കിലും വ്യക്തിയെ വിളിച്ചുവരുത്തി മൊഴി വാങ്ങുന്നതിനുമുള്ള അധികാരം.
4. കക്ഷികളും സാക്ഷികളും നൽകിയ തെളിവുകളുടെ സംക്ഷിപ്തം ഇംഗ്ലീഷിലോ മാതൃഭാഷയിലോ രേഖപ്പെടുത്തേണ്ടതും അപ്രകാരം രേഖപ്പെടുത്തിയ തെളിവുകളെയും കക്ഷികൾ ഹാജരാക്കിയ രേഖാതെളി വുകളെയും കുറിച്ച് പരിചിന്തനം നടത്തിയതിനുശേഷം നീതി, ന്യായം, ഉത്തമവിശ്വാസം എന്നിവയാൽ വിധേയമായ തീർപ്പോ വിധിയോ നൽകുന്നതിനുള്ള അധികാരം.
5. കേസിൽ ഹാജരാകുന്നതിന് സമൻസ് അയച്ചിട്ടുള്ള ഏതെങ്കിലും കക്ഷിയുടെ അഭാവത്തിൽ കേസ് ഏകപക്ഷീയമായി തീർപ്പാക്കുന്ന തിനുള്ള അധികാരം. കേസിലെ ഏതെങ്കിലും ഇതര കക്ഷിക്ക് കേസ് ചെലവും കേസ് കൊടുത്ത തീയതി മുതൽ തുക ഈടാക്കുന്നതുവരെയുള്ള കരാർ നിരക്കിൽ കവിയാത്ത വിധി തുകയുടെ പലിശയും കൊടുക്കുന്നതിന് നിർദ്ദേശിക്കാനുമുള്ള അധികാരം.

## സഹകരണ സംഘങ്ങൾക്ക് കോമൺ സോഫ്റ്റ്‌വെയർ സംവിധാനം

266 (748) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് കോമൺ സോഫ്റ്റ്‌വെയർ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലും അവയുടെ ശാഖകളിലും കോമൺ സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതിലേയ്ക്കായി സർക്കാർ ഉത്തരവുകൾ പ്രകാരം മോണിറ്ററിംഗ് കമ്മിറ്റി, ടെക്നിക്കൽ കമ്മിറ്റി എന്നിവ രൂപീകരിക്കുകയും ടി കമ്മിറ്റികളുടെ അംഗീകാരത്തോടെ തയ്യാറാക്കിയ Request for Proposal (RFP) സർക്കാർ അംഗീകരിക്കുകയും സർക്കാരിന്റെ നിർദ്ദേശാനുസരണം RFP പ്രകാരമുള്ള ടെണ്ടർ 23-1-2021-ന് ഇ-ടെണ്ടർ website-ൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. പ്രസ്തുത ടെണ്ടറിൽ ആരുംതന്നെ പങ്കെടുക്കാത്തതിനാൽ റീടെണ്ടറിംഗിനുള്ള നടപടികൾ സ്വീകരിച്ചു. RFP-യിൽ ആവശ്യമായ ഭേദഗതികൾ വരുത്തി പുതുക്കിയ RFP പ്രകാരമുള്ള ടെണ്ടർ 18-12-2021-ന് e-tender website-ൽ പ്രസിദ്ധീകരിച്ചു. നിലവിൽ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ നടത്തുന്ന നിക്ഷേപം, വായ്പ, എം.ഡി.എസ്. തുടങ്ങി എല്ലാ സേവനങ്ങളും ലഭ്യമാകുന്ന തരത്തിലും കേരള ബാങ്കിന്റെ കോർ ബാങ്കിംഗ് സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിച്ച് NEFT, RTGS, ATM തുടങ്ങിയ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ റിസർവ് ബാങ്കിന്റെ നിബന്ധനകൾക്ക് വിധേയമായി PACS-കൾക്ക് ലഭ്യമാകുന്ന രീതിയിലുമാണ് ഏകീകൃത സോഫ്റ്റ്‌വെയറിനുള്ള RFP തയ്യാറാക്കിയിട്ടുള്ളത്. 12-5-2022-ന് ടെക്നിക്കൽ ബിഡ് ഓപ്പൺ ചെയ്യുകയും തുടർനടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു.

## സഹകരണ ബാങ്ക് വായ്പകൾ

267 (749) ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളിൽ ബാദ്ധ്യതയുള്ളവരിൽ രോഗികൾ, മരണം സംഭവിച്ചവർ എന്നിവരെ റിസ്ക് ഫണ്ടിൽ ഉൾപ്പെടുത്തി സഹായം നൽകുന്നതിനുള്ള അപേക്ഷകളിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത അപേക്ഷകളിന്മേൽ അടിയന്തര നടപടികൾ സ്വീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ?

(എ & ബി) സഹകരണ സ്ഥാപനങ്ങളിൽനിന്നും വായ്പ എടുത്തശേഷം വായ്പക്കാർക്ക് ഗുരുതരമായ അസുഖമോ, മരണമോ സംഭവിച്ചാൽ ബോർഡിന്റെ നിയമാവലി വ്യവസ്ഥകൾക്ക് വിധേയമായി വായ്പക്കാർക്ക് ചികിത്സാസഹായവും മരണാനന്തരസഹായവും അനുവദിച്ചുവരുന്നുണ്ട്. ടി അപേക്ഷകളിൽ ബോർഡിന്റെ തൃശ്ശൂർ മേഖലാ ആഫീസിലും എറണാകുളം മേഖലാ ആഫീസിലും തീർപ്പ് കൽപ്പിക്കാനുള്ള ഫയലുകൾ കുടിശ്ശികയായിട്ടുണ്ട്. കുടിശ്ശിക ഫയലുകളിൽ തീർപ്പ് കൽപ്പിക്കുന്നതിനായി ബോർഡിൽ ഫയൽ അദാലത്ത് നടപ്പിലാക്കിവരികയാണ്.

(സി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽനിന്നും ഈ വിഭാഗത്തിൽ എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ട്; ഇതിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

കേരള സഹകരണ റിസ്ക്ഫണ്ട് പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നതിലേയ്ക്കായി ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽനിന്നും ആകെ 323 അപേക്ഷകൾ ബോർഡിൽ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത 323 അപേക്ഷകളിൽ അർഹതപ്പെട്ട 202 വായ്പക്കാർക്ക് 1,63,66,250/- രൂപ റിസ്ക്ഫണ്ട് ധനസഹായം അനുവദിച്ചിട്ടുണ്ട്. 85 അപേക്ഷകൾ ധനസഹായത്തിന് അർഹതയില്ലാത്തതിനാൽ നിരസിച്ചിട്ടുള്ളതും 28 അപേക്ഷകൾ വിവിധ സഹകരണ ബാങ്ക്/ സംഘത്തിൽ നിന്നും ന്യൂനത പരിഹരിച്ച് ലഭിക്കാനുള്ളതും 8 അപേക്ഷകൾ ഇനി ബോർഡിൽ നിന്നും നടപടികൾ സ്വീകരിക്കാനുള്ളതുമാണ്.

(ഡി) സഹകരണ ബാങ്കുകളിൽനിന്നും വായ്പ എടുക്കുന്ന ആളുകൾ മരണപ്പെടുകയോ അപകടം സംഭവിക്കുകയോ വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്ത തരത്തിൽ ഗുരുതരരോഗം ബാധിക്കപ്പെടുകയോ ചെയ്താൽ അവരുടെ കുടുംബങ്ങളെ സഹായിക്കുന്ന തരത്തിൽ എന്തെല്ലാം ആശ്വാസ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ?

വിവിധ വായ്പാ സഹകരണ സംഘങ്ങളിൽനിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ, വായ്പാ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ ബോർഡിന്റെ നിയമാവലി നിബന്ധനകൾക്ക് വിധേയമായി അന്നേദിവസം വായ്പയിൽ ബാക്കിനിൽക്കുന്ന ബാദ്ധ്യതയിൽനിന്ന് വായ്പക്കാരെ ഒഴിവാക്കുന്നതിനുവേണ്ടിയാണ് റിസ്ക്ഫണ്ട് ധനസഹായം നൽകിവരുന്നത്. കേരള സഹകരണ റിസ്ക്ഫണ്ട് പദ്ധതി പ്രകാരം വായ്പക്കാരൻ മരണപ്പെട്ടാൽ അന്നേദിവസം ബാക്കിനിൽപ്പുള്ള വായ്പാ മുതലിൽ മരണാനന്തര സഹായമായി പരമാവധി 2 ലക്ഷം രൂപയും വായ്പയെടുത്ത ശേഷം

മാരകരോഗം പിടിപെടുകയും വായ്പാ ബാധ്യതകൾ തീർക്കാൻ കഴിയാതെ വരുന്നതുമായ വായ്പക്കാർക്ക് വായ്പാ ബാക്കിനിൽപ്പ് മുതലിൽ പരമാവധി ചികിത്സാ ധനസഹായമായി ഒരുലക്ഷം രൂപയുമാണ് ഇപ്പോൾ അനുവദിച്ചുവരുന്നത്. വായ്പക്കാരന്റെ വായ്പാക്കണക്കിൽ വരവുവയ്ക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട ബാങ്കിനാണ് തുക അനുവദിക്കുന്നത്.

(ഇ) സഹകരണ വായ്പകൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഇക്കാര്യം നിലവിൽ പരിഗണനയിലില്ല.

## ജപ്തി ഒഴിവാക്കാൻ നടപടി

268 (750) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കിൽനിന്നും ലോൺ എടുത്തവർക്ക് കോവിഡ് കാലത്ത് ലോൺതുക തിരിച്ചടക്കാൻ സാധിക്കാത്തതിനാൽ ജപ്തി നടപടികൾ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം ജപ്തി നടപടികൾ ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; വിശദമാക്കാമോ?

ഉണ്ട്. ലോൺതുക തിരിച്ചടയ്ക്കാൻ സാധിക്കാത്തവരുടെ വായ്പാകുടിശ്ശിക ഇളവുകളോടെ അടച്ചുതീർത്ത് ജപ്തി നടപടികളിൽനിന്നും ഒഴിവാകുന്നതിനുള്ള സാവകാശം വായ്പക്കാർക്ക് അനുവദിക്കുക എന്ന ഉദ്ദേശ്യത്തോടെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിവരുന്നു. 2021 ആഗസ്റ്റ് 16-ന് ആരംഭിച്ച പദ്ധതി നിലവിൽ 2022 സെപ്തംബർ 15 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. ടി പദ്ധതിയിലൂടെ പരമാവധി ഇളവുകളോടെ വായ്പാ കുടിശ്ശിക അടച്ചുതീർത്ത് ജപ്തി നടപടികളിൽനിന്നും ഒഴിവാകാവുന്നതാണ്.

(ബി) ഇത്തരത്തിൽ ജപ്തി നടപടികൾ നേരിടുന്ന പട്ടികജാതി- പട്ടികവർഗ്ഗക്കാരുടെ വായ്പാ തിരിച്ചടവിന് പലിശ ഒഴിവാക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കാമോ?

ജപ്തി നടപടികൾ നേരിടുന്ന പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ വായ്പാ തിരിച്ചടവിന് പലിശ പൂർണ്ണമായി ഒഴിവാക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുമ്പോൾ പിഴപ്പലിശ പൂർണ്ണമായി ഒഴിവാക്കുന്നു. വായ്പയുടെ സ്വഭാവം പരിഗണിക്കാതെ എല്ലാത്തരം വായ്പകൾക്കും സാധാരണ പലിശ നിരക്കിൽ പലിശ കണക്കാക്കുന്നു.

വ്യവസ്ഥകൾക്ക് വിധേയമായി അർഹരായവർക്ക് പലിശ പൂർണ്ണമായും ഒഴിവാക്കിനൽകുന്നു. പലിശയിൽ പരമാവധി 40% വരെ ഇളവ് അനുവദിക്കുന്നു. അർഹരായവരുടെ വായ്പ പൂർണ്ണമായോ, ഭാഗികമായോ ഇളവുനൽകുന്നു. സാധാരണക്കാരായ ഗുരുതര രോഗബാധിതർ, മരണപ്പെട്ടവർ, മാതാപിതാക്കൾ മരണപ്പെട്ടശേഷം മാതാപിതാക്കളുടെ ബാധ്യത തങ്ങളുടെ ബാധ്യതയായി നിലനിൽക്കുന്ന മക്കൾ തുടങ്ങിയ വിഭാഗത്തിലുള്ളവർക്ക് ഇളവുകൾ നൽകുന്നു. ജപ്തി നടപടികൾ നേരിടുന്ന പട്ടികജാതി-പട്ടികവർഗ്ഗക്കാർ ഉൾപ്പെടെയുള്ളവർക്ക് അവരുടെ കടബാധ്യത ഒഴിവാക്കാൻ ഇപ്രകാരം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ ആനുകൂല്യം പ്രയോജനപ്പെടുത്താവുന്നതാണ്.

**കോതമംഗലം മണ്ഡലത്തിലെ റിസ്ക് ഫണ്ട് ആനുകൂല്യം**

269 (751) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ വിവിധ സർവ്വീസ് സഹകരണ ബാങ്കുകളിൽനിന്ന് റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി സഹകരണ ബോർഡിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതിപ്രകാരം ധനസഹായം ലഭ്യമാക്കുന്നതിലേയ്ക്കായി കോതമംഗലം മണ്ഡലത്തിൽനിന്നും ആകെ 1766 അപേക്ഷകൾ ബോർഡിൽ ലഭ്യമായിട്ടുണ്ട്. ആയതിന്റെ ബാങ്ക്/സംഘം തിരിച്ചുള്ള പട്ടിക അനുബന്ധം-1 ആയി ഉള്ളടക്കം ചെയ്യുന്നു.*

(ബി) പ്രസ്തുത അപേക്ഷകളിൽ എത്രപേർക്ക് റിസ്ക് ഫണ്ട് ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ടെന്നും അതിനായി എത്ര തുകയാണ് ചെലവഴിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

പ്രസ്തുത അപേക്ഷകളിൽ അർഹതപ്പെട്ട 1192 വായ്പാക്കാർക്ക് 9,67,50,456 രൂപ റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ചിട്ടുണ്ട്. ആയതിന്റെ ബാങ്ക്/സംഘം തിരിച്ചുള്ള പട്ടിക അനുബന്ധം-2 ആയി ഉള്ളടക്കം ചെയ്യുന്നു.*

(സി) ഇനിയും ആനുകൂല്യം ലഭ്യമാക്കാൻ എത്ര അപേക്ഷകൾ ബാക്കിയുണ്ടെന്ന് വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ആനുകൂല്യം ലഭ്യമാക്കുവാൻ 487 അപേക്ഷകൾ ബാക്കിയുണ്ട്. ആയതിന്റെ ബാങ്ക്/സംഘം തിരിച്ചുള്ള പട്ടിക അനുബന്ധം 3 ആയി ഉള്ളടക്കം ചെയ്യുന്നു.*

(ഡി) അർഹരായിട്ടുള്ള മുഴുവൻ അപേക്ഷകർക്കും റിസ്ക് ഫണ്ട് ആനുകൂല്യം വേഗത്തിൽ ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കേരളത്തിലെ വിവിധ സഹകരണ ബാങ്ക്/സംഘങ്ങളിൽനിന്നും വായ്പയെടുത്ത ശേഷം മരണപ്പെടുകയോ, മാരകരോഗം പിടിപെടുകയോ ചെയ്യുന്ന അർഹരായ മുഴുവൻ വായ്പാക്കാർക്കും കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ചുവരുന്നുണ്ട്. മാരകരോഗം ബാധിക്കുന്ന/ മരണപ്പെടുന്ന വായ്പാക്കാർക്കുള്ള ചികിത്സാ സഹായവും മരണാനന്തര സഹായവും ലഭിക്കുന്നതിനുള്ള അപേക്ഷയും അനുബന്ധങ്ങളും ബന്ധപ്പെട്ട ബാങ്ക്/സംഘമാണ് ബോർഡിലേയ്ക്ക് സമർപ്പിക്കേണ്ടത്. സംഘം/ബാങ്കുകളിൽനിന്നും കൃത്യമായ രീതിയിൽ അപേക്ഷയും അനുബന്ധങ്ങളും സമർപ്പിക്കാത്തതിനാൽ ന്യൂനതകളുണ്ടാകുന്നത് പരിഹരിക്കുന്നതിന് വീണ്ടും സംഘങ്ങൾക്ക് നിർദ്ദേശം നൽകുകയും ആയത് പരിഹരിച്ചുവരുന്ന മുറയ്ക്ക് നടപടികൾ പൂർത്തീകരിച്ച് ആനുകൂല്യങ്ങൾ അനുവദിക്കുകയുമാണ് നിലവിൽ ചെയ്തുവരുന്നത്. ടി നടപടികൾക്കുശേഷവും ഉണ്ടായിട്ടുള്ള കുടിശ്ശിക ഫയലുകളിൽ തീർപ്പ് കൽപ്പിക്കുന്നതിനായി ഫയൽ അദാലത്ത് സ്വീകരിച്ചിട്ടുണ്ടെന്നും അറിയിക്കുന്നു.

**സഹകരണ ബാങ്കുകളിലെ റിസ്ക് ഫണ്ട് ആനുകൂല്യം**

270 (752) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ സഹകരണ ബാങ്കുകളിൽനിന്നും റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി സഹകരണ ബോർഡിൽ ലഭിച്ചിട്ടുള്ള അപേക്ഷകളുടെ എണ്ണം ബാങ്ക് തിരിച്ച് വ്യക്തമാക്കാമോ?

അനുബന്ധം-I ആയി ചേർക്കുന്നു.*

(ബി) പ്രസ്തുത അപേക്ഷകളിൽ എത്ര പേർക്ക് റിസ്ക് ഫണ്ട് ആനുകൂല്യം ലഭ്യമാക്കിയെന്ന് ബാങ്ക് തിരിച്ചുള്ള വിവരം അറിയിക്കുമോ?

അനുബന്ധം-II ആയി ചേർക്കുന്നു.*

(സി) പ്രസ്തുത ആനുകൂല്യം ഇതുവരെയും അനുവദിച്ചുകിട്ടാത്ത അപേക്ഷകളിൽ അതിന്റെ കാരണം വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പ്രസ്തുത അപേക്ഷകളിൽ 6 അപേക്ഷകളിന്മേൽ നടപടികൾ സ്വീകരിക്കാനുള്ളതും 16 അപേക്ഷകളിലെ ന്യൂനത പരിഹരിച്ച് ബന്ധപ്പെട്ട ബാങ്ക്/സംഘങ്ങളിൽനിന്നും ലഭ്യമാകാത്തവയും 48 അപേക്ഷകളിൽ റിസ്ക് ഫണ്ട് ആനുകൂല്യത്തിന് അർഹതയില്ലാത്തതിനാൽ നിരസിച്ചിട്ടുള്ളവയുമാണ്.

(ഡി) അർഹരായ എല്ലാവർക്കും റിസ്ക് ഫണ്ട് ആനുകൂല്യം വേഗത്തിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

അർഹരായ എല്ലാവർക്കും റിസ്ക് ഫണ്ട് ആനുകൂല്യം വേഗത്തിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**അരൂർ മണ്ഡലത്തിലെ റിസ്ക് ഫണ്ട് വിതരണം**

271 (753) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ വിവിധ സഹകരണ സ്ഥാപനങ്ങൾ വഴി റിസ്ക് ഫണ്ടിന് അപേക്ഷിച്ചവരുടെ വിശദാംശം നല്കുമോ?

438 അപേക്ഷകൾ ബോർഡിൽ ലഭ്യമായിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത ആനുകൂല്യം ഏത് വർഷം വരെ വിതരണം ചെയ്തെന്ന് വിശദമാക്കാമോ?

പ്രസ്തുത 438 അപേക്ഷകളിൽ അർഹതപ്പെട്ട 295 വായ്പക്കാർക്ക് 2,57,66,559 രൂപ റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ചിട്ടുണ്ട്. 104 അപേക്ഷകൾ ധനസഹായത്തിന് അർഹതയില്ലാത്തതിനാൽ നിരസിച്ചിട്ടുള്ളതും 16 അപേക്ഷകൾ വിവിധ സഹകരണ ബാങ്ക്/സംഘത്തിൽനിന്നും ന്യൂനതകൾ പരിഹരിച്ച് ലഭിക്കാനുള്ളതും 2022 വർഷത്തിലെ 23 അപേക്ഷകൾ ഇനി ബോർഡിൽനിന്നും നടപടികൾ സ്വീകരിക്കാനുള്ളതുമാണ്.

(സി) റിസ്ക് ഫണ്ട് വിതരണം ചെയ്യുന്നതിന് നിലവിൽ കാലതാമസമുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ?

ചികിത്സാ സഹായവും മരണാനന്തര സഹായവും ലഭിക്കുന്നതിനുള്ള അപേക്ഷയും അനുബന്ധങ്ങളും ബന്ധപ്പെട്ട ബാങ്ക്/സംഘമാണ് ബോർഡിലേയ്ക്ക് സമർപ്പിക്കേണ്ടത്. സംഘം/ബാങ്കുകളിൽനിന്നും കൃത്യമായ രീതിയിൽ അപേക്ഷയും അനുബന്ധങ്ങളും സമർപ്പിക്കാത്തതിനാൽ ന്യൂനതകളുണ്ടാകുന്നത് പരിഹരിക്കു

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ന്നതിന് വീണ്ടും സംഘങ്ങൾക്ക് നിർദ്ദേശം നൽകുകയും ആയത് പരിഹരിച്ച വരുന്നമുറയ്ക്ക് നടപടികൾ പൂർത്തീകരിച്ച് ആനുകൂല്യങ്ങൾ അനുവദിക്കുകയുമാണ് നിലവിൽ ചെയ്തുവരുന്നത്. ടി നടപടികൾക്കുശേഷവും ഉണ്ടായിട്ടുള്ള കുടിശ്ശിക ഫയലുകളിൽ തീർപ്പ് കൽപ്പിക്കുന്നതിനായി ബോർഡിൽ ഫയൽ അദാലത്ത് നടപ്പിലാക്കിവരികയാണ്.

**സഹകരണ ജീവനക്കാർക്ക് ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് നടപടി**

272(754) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ അർബൻ ബാങ്ക് ജീവനക്കാരുടെ ശമ്പള പരിഷ്കരണ ഉത്തരവിറങ്ങി 17 മാസങ്ങൾ കഴിഞ്ഞിട്ടും ജീവനക്കാർക്ക് ഹയർ ഗ്രേഡ് സ്കെയിലുകൾ ഇതുവരെയും അനുവദിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ?

സംസ്ഥാനത്തെ സഹകരണ അർബൻ ബാങ്ക് ജീവനക്കാർക്ക് ഹയർ ഗ്രേഡ് സ്കെയിലുകൾ അനുവദിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണന യിലാണ്.

(ബി) സഹകരണ ജീവനക്കാർക്ക് ഹയർ ഗ്രേഡ് സ്കെയിലുകൾ അനുവദിക്കു ന്നതിന് നടപടി സ്വീകരിക്കുമോ?

സഹകരണ അർബൻ ബാങ്ക് ജീവനക്കാരുടെ ശമ്പള പരിഷ്കരണ ഉത്തരവ് ഒഴികെ മറ്റ് സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണ ഉത്തരവുകളിൽ ഹയർ ഗ്രേഡ് സ്കെയിലുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

**സഹകരണ ജീവനക്കാർക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

273 (755) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'മെഡിസെപ്' പദ്ധതിയിൽ സഹകരണ മേഖലയിലെ ജീവനക്കാരെക്കൂടി ഉൾപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ബി) 'മെഡിസെപ്' പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടെങ്കിൽ സംസ്ഥാനത്തെ സഹകരണ മേഖലയിലെ ജീവനക്കാർക്കായി മെഡിസെപ് മാതൃകയിൽ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

(എ&ബി) സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കായി അനുയോജ്യമായ ഒരു മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നല്കിയിട്ടുണ്ട്.

**സഹകരണ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് നടപടി**

274 (756) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാരിന്റെ രണ്ടാം നൂറുദിന കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി സഹകരണ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സർക്കാരിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് നടപ്പിലാക്കിയ രണ്ടാം നൂറുദിന കർമ്മപദ്ധതിയുടെ ഭാഗമായി സഹകരണ വകുപ്പ്/സഹകരണ സ്ഥാപനങ്ങൾ മുഖേന 500 സ്ഥിരം തൊഴിൽ സൃഷ്ടിക്കുന്നതിനും കേരള ബാങ്ക്, സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, സഹകരണ അപ്പെക്സ് ഫെഡറേഷനുകൾ, മറ്റു സഹകരണ സംഘങ്ങൾ എന്നിവയിലൂടെ തൊഴിലധിഷ്ഠിതമായ സൂക്ഷ്മ ചെറുകിട സംരംഭങ്ങൾ, ചെറുകിട കച്ചവടം എന്നീ പദ്ധതികൾക്കായി വായ്പകൾ അനുവദിച്ചുകൊണ്ട് 19,500 തൊഴിൽ/ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള പദ്ധതി നടപ്പിലാക്കിയിരുന്നു. ടി പദ്ധതി കാലയളവിൽ സഹകരണ വകുപ്പ്, പ്രാഥമിക സഹകരണ സംഘങ്ങൾ എന്നിവ മുഖേന 759 സ്ഥിരം തൊഴിൽ നൽകുന്നതിനും കേരള ബാങ്ക് മുഖേന വായ്പാ പദ്ധതികൾ മുഖാന്തരം 26,093 തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അപ്പെക്സ് ഫെഡറേഷനുകൾ വഴി 37 തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേന 8812 തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാധിച്ചു. അപ്രകാരം ടി പദ്ധതി കാലയളവിൽ 759 സ്ഥിരം തൊഴിലുകളും 34942 തൊഴിലവസരങ്ങളും ഉൾപ്പെടെ ആകെ 35,701 തൊഴിൽ/ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്.

**അക്ഷര മ്യൂസിയം**

275 (757) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ അക്ഷര മ്യൂസിയം സ്ഥാപിക്കുന്നുണ്ടോ; അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

കേരള സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ സാഹിത്യ പ്രവർത്തക സഹകരണസംഘം നടപ്പിലാക്കുന്ന പദ്ധതിയാണ് അക്ഷരം മ്യൂസിയം. അക്ഷരത്തിനും സാഹിത്യത്തിനും സംസ്കാരത്തിനും

വേണ്ടിയാണ് ഈ മ്യൂസിയം സമർപ്പിക്കപ്പെട്ടിട്ടുള്ളത്. ഭാഷാ-സാഹിത്യം-സാസ്കാരിക മുന്നേറ്റം എന്നിവയെ അടയാളപ്പെടുത്തുകയാണ് മ്യൂസിയത്തിന്റെ ഉദ്ദേശ്യലക്ഷ്യം.

(ബി) അക്ഷര മ്യൂസിയത്തിൽ പൊതുജനങ്ങൾക്ക് എന്തൊക്കെ സൗകര്യങ്ങളാണ് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

അക്ഷരം മ്യൂസിയം നാലുഘട്ടങ്ങളിലായാണ് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നത്. ഭാഷാ (വാമൊഴി, വരമൊഴി, അച്ചടി), ഗദ്യസാഹിത്യം, കവിത, വൈജ്ഞാനിക സാഹിത്യം, വിവർത്തനം എന്നിവയാണ് നാല് ഘട്ടങ്ങൾ. ഇതോടൊപ്പം മലയാളത്തിൽ ഇതുവരെ ഇറങ്ങിയിട്ടുള്ള പുസ്തകങ്ങളുടെ പ്രഥമ പതിപ്പുകളുടെ ശേഖരം അടങ്ങിയ ലൈബ്രറി, ഡിജിറ്റൽ/ഓഡിയോ റീഡിംഗ് റൂമുകൾ, ഓഡിയോ വീഡിയോ സ്റ്റുഡിയോ, വിപുലമായ പുരാരേഖ - പുരാവസ്തു ശേഖരങ്ങൾ, ഗവേഷണ കേന്ദ്രം, എപ്പിഗ്രഫി, മ്യൂസിയോളജി, കൺസർവേഷൻ, പ്രിന്റിംഗ് എന്നിവയുമായി ബന്ധപ്പെട്ട പഠന-പരിശീലന പരിപാടികളും ചിൽഡ്രൻസ് പാർക്ക്, ആംഫി തീയേറ്റർ എന്നിവയും പൊതുജനങ്ങൾക്കായി ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നു.

(സി) അക്ഷര മ്യൂസിയത്തിന്റെ ഭാഗമായി ലെറ്റർ ടൂറിസം എന്ന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

അക്ഷര മ്യൂസിയത്തോടനുബന്ധിച്ച് ലെറ്റർ ടൂറിസം പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഭാഷ-അച്ചടി എന്നിവയിലുള്ള കോട്ടയത്തിന്റെ പാരമ്പര്യം പ്രതിഫലിപ്പിക്കാൻ ഉദ്ദേശിച്ചുള്ളതാണ് ലെറ്റർ ടൂറിസം സർക്യൂട്ട്. തിരുനക്കര മഹാദേവക്ഷേത്രം, താഴത്തങ്ങാടിയും താഴത്തങ്ങാടി ജുമാമസ്ജിദ്, കോട്ടയം വലിയ പള്ളി, കോട്ടയം ചെറിയ പള്ളി, കോട്ടയം പഴയ സെമിനാരി, സി.എം.എസ്. കോളേജ്, സി.എം.എസ്. പ്രസ്സ്, ദീപിക, മാന്നാനം പ്രസ്സ്, കുമാരനല്ലൂർ ദേവീക്ഷേത്രം, മലയാള മനോരമ, ദേവലോകം അരമന, പനച്ചിക്കാട് ദേവീക്ഷേത്രം എന്നിവയാണ് പ്രസ്തുത സർക്യൂട്ടിൽ ഉൾക്കൊള്ളുന്ന സ്ഥാപനങ്ങൾ.

**ടീം ആഡിറ്റ് സംവിധാനം**

276 (758) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിൽ ടീം ആഡിറ്റ് സംവിധാനം ഏതെല്ലാം ജില്ലകളിൽ നടപ്പാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ?

പത്തനംതിട്ട ജില്ലയിൽ 16-8-2022-ന് പൈലറ്റ് അടിസ്ഥാനത്തിൽ (പ്രാരംഭ പദ്ധതി) ടീം ഓഡിറ്റ് ആരംഭിച്ചിട്ടുണ്ട്.

(ബി) ടീം ആഡിറ്റ് സമ്പൂർണ്ണമായി നടപ്പാക്കുക വഴി സഹകരണ ആഡിറ്റ് സംവിധാനം കൂടുതൽ കാര്യക്ഷമമാകുമെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ നേട്ടങ്ങൾ വിശദീകരിക്കാമോ?

ഉണ്ട്. പൈലറ്റ് പദ്ധതിക്കാണ് ഇപ്പോൾ അനുമതി നല്കിയിട്ടുള്ളത്. വിശദമായ ചർച്ചകൾക്കുശേഷം സമഗ്രമായ സ്കീം തയ്യാറാക്കുന്നതാണ്. സംസ്ഥാനതലത്തിൽ നടപ്പിലാക്കിയതിനുശേഷം മാത്രമേ ഈ സംവിധാനം കൂടുതൽ കാര്യക്ഷമമാകുമെന്ന വിലയിരുത്തൽ നടത്തുവാൻ സാധിക്കുകയുള്ളൂ.

(സി) ടീം ആഡിറ്റ് എല്ലാ ജില്ലകളിലും നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. പത്തനംതിട്ട ജില്ലയിൽ 16-08-2022-ന് പൈലറ്റ് അടിസ്ഥാനത്തിൽ ടീം ഓഡിറ്റ് ആരംഭിച്ചിട്ടുണ്ട്. ഇതിനെത്തുടർന്ന് മറ്റ് ജില്ലകളിലും ടീം ഓഡിറ്റ് സംവിധാനം നടപ്പിലാക്കും.

### യുവജനങ്ങളെ സഹകരണ മേഖലയിലേയ്ക്ക് ആകർഷിക്കാൻ നടപടി

277 (759) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

യുവജനങ്ങളെ സഹകരണ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ആവിഷ്കരിച്ചിരിക്കുന്നത്; വിശദമാക്കുമോ?

സംസ്ഥാനത്ത് യുവജനങ്ങളെ സഹകരണ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിന് യുവസഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനമൊട്ടാകെ 30 യുവസഹകരണസംഘങ്ങളും ഒരുജില്ലയിൽ ഒന്നുവീതം 14 പട്ടികജാതി/പട്ടികവർഗ്ഗ യുവസഹകരണ സംഘങ്ങൾ ഉൾപ്പെടെ 44 യുവസഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. യുവസംരംഭകരേയും സേവനദാതാക്കളെയും സഹകരണ മേഖലയിലേയ്ക്കും സഹകരണ തത്വങ്ങളിലേയ്ക്കും ആകർഷിക്കുന്നതിനും സഹകരണ മേഖലയിൽ നൂതന ആശയങ്ങൾ നടപ്പിലാക്കി തൊഴിൽസാദ്ധ്യത ഉറപ്പാക്കി നാടിനും സമൂഹത്തിനും സാമ്പത്തിക പുരോഗതി കൈവരിക്കുന്നതിനുമാണ് ടി സംഘങ്ങളുടെ പ്രവർത്തനത്തിലൂടെ ലക്ഷ്യമിടുന്നത്. ടി സംഘങ്ങളുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി സംഘങ്ങൾ സമർപ്പിച്ചിട്ടുള്ള പ്രോജക്ടുകളുടെ അടിസ്ഥാനത്തിൽ ഓരോ സംഘത്തിനും 10 ലക്ഷം രൂപ വീതം

അനുവദിച്ച് നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. നൂതന ബാങ്കിംഗ് സംവിധാനം ഒരുക്കിയും ഐ.ടി. ഉൾപ്പെടെയുള്ള തൊഴിൽ മേഖലയെ പരിപോഷിപ്പിക്കുന്നതിന് വിവിധ വായ്പ പദ്ധതികൾ നടപ്പിലാക്കിയും വിദ്യാഭ്യാസ വായ്പ നൽകിയും യുവജനങ്ങളെ സഹകരണ മേഖലയിലേയ്ക്ക് ആകർഷിച്ചുവരുന്നു. വിവിധ സഹകരണ സംഘങ്ങൾ RTGS, NEFT, QR CODE ഉൾപ്പെടെയുള്ള UPI സംവിധാനം വഴി ഡിജിറ്റൽ പേയ്മെന്റ് സംവിധാനങ്ങൾ ഏർപ്പെടുത്തിയും എ.ടി.എം.-കൾ സ്ഥാപിച്ചും INFRASTRUCTURE സംവിധാനം മെച്ചപ്പെടുത്തിയും യുവാക്കളെ സഹകരണ സംഘങ്ങളിലേയ്ക്ക് ആകർഷിച്ചുവരുന്നുണ്ട്.

**മലപ്പുറം ജില്ലാപഞ്ചായത്ത് വൈസ് പ്രസിഡന്റിനെതിരെയുള്ള പരാതി**

278 (760) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലാപഞ്ചായത്ത് വൈസ് പ്രസിഡന്റിനെതിരെ സഹകരണ വകുപ്പിന് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പരാതിയുടെ പകർപ്പ് ലഭ്യമാക്കാമോ?

മലപ്പുറം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റിനെതിരെ പരാതികൾ ലഭിച്ചിട്ടുണ്ട്. പരാതികളുടെ പകർപ്പ് അനുബന്ധം-I ആയി ചേർക്കുന്നു.*

(ബി) പ്രസ്തുത പരാതിയുടെ അന്വേഷണ പുരോഗതി വിശദമാക്കാമോ; പരാതിയിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ടെങ്കിൽ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; അന്വേഷണത്തിൽ എന്തെങ്കിലും ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടോ?

പരാതികൾ അന്വേഷിച്ച് റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. അന്വേഷണ റിപ്പോർട്ടുകളുടെ പകർപ്പ് അനുബന്ധം-II ആയി ചേർക്കുന്നു.* അന്വേഷണ റിപ്പോർട്ടിൽ ശ്രീ. ഇസ്മയിൽ മൂത്തേടത്തിന് സഹകരണ സംഘം ഭരണസമിതി അംഗമായി തുടരുന്നതിന് അയോഗ്യതയുള്ളതായും ഒന്നിൽക്കൂടുതൽ വായ്പാ സംഘത്തിൽ ഒരേ സമയം അംഗത്വമുള്ളതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) സഹകരണ മേഖലയിൽ പ്രസ്തുത വ്യക്തിക്കെതിരെ നിരവധി പരാതികളുള്ള സാഹചര്യത്തിൽ സഹകരണ വകുപ്പ് വിശദ അന്വേഷണത്തിന് ഉത്തരവ് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ശ്രീ. ഇസ്മയിൽ മൂത്തേടത്തിനെതിരെയുള്ള പരാതിയിന്മേൽ വിശദമായ അന്വേഷണം നടത്തിയതിൽ ടിയാന് സഹകരണ സംഘം ഭരണസമിതി അംഗമായി തുടരുന്നതിന് അയോഗ്യതയുള്ളതായും ഒന്നിൽ കൂടുതൽ വായ്പാ സംഘങ്ങളിൽ ഒരേ സമയം അംഗത്വമുള്ളതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിന്മേൽ സഹകരണ സംഘം രജിസ്ട്രാർ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**പൂഞ്ഞാർ മണ്ഡലത്തിലെ സുഭിക്ഷ കേരളം പദ്ധതി**

279 (761) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സുഭിക്ഷ കേരളം പദ്ധതിയുമായി ബന്ധപ്പെട്ട് സഹകരണ സ്ഥാപനങ്ങൾ മുഖേന പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാം; വിശദവിവരം ലഭ്യമാക്കുമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി 9% പലിശ നിരക്കിൽ 14 കുടുംബശ്രീകൾ മുഖേനയും വ്യക്തികൾക്കുമായി 143 അംഗങ്ങൾക്ക് ആകെ 10,10,000 രൂപ വായ്പ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ വിവിധ സഹകരണ സംഘങ്ങൾ വഴി 9.55 ഏക്കർ സ്ഥലത്ത് 10 മാതൃക കൃഷിത്തോട്ടങ്ങളിലായി 236 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു.

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ സഹകരണ അംഗ സമാശ്വാസ പദ്ധതി**

280 (762) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിലെ മെമ്പർമാരുടെ ചികിത്സയ്ക്കായി നടപ്പിലാക്കുന്ന സഹകരണ അംഗ സമാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായത്തിനായി ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽനിന്നും എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയിൽ എത്ര അപേക്ഷകളിൽ ധനസഹായം അനുവദിച്ചുവെന്നും അനുവദിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ?

(എ&ബി) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽനിന്നും 327 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. 257 അപേക്ഷകളിലായി 54,40,000 (അൻപത്തി നാല് ലക്ഷത്തി നാൽപ്പതിനായിരം രൂപമാത്രം) രൂപയാണ് സഹകരണ അംഗ സമാശ്വാസ പദ്ധതിയിൽ ഇതുവരെ അനുവദിച്ചിട്ടുള്ളത്.

## നൂറുദിന കർമ്മ പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ച ഗ്രൗണ്ടുകൾ

281 (763) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടാം നൂറുദിന കർമ്മ പദ്ധതിയുടെ ഭാഗമായി പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ ഇൻഡോർ/ടർഫ്/ഫുട്ബാൾ/ ക്രിക്കറ്റ് ഗ്രൗണ്ടുകൾ സ്ഥാപിച്ചിരുന്നോ; എങ്കിൽ അവ എവിടെയെല്ലാം പ്രവർത്തനസജ്ജമായി എന്നറിയിക്കാമോ?

രണ്ടാം നൂറുദിന കർമ്മ പദ്ധതിയുടെ ഭാഗമായി ജില്ലകളിൽ താൽപര്യം പ്രകടിപ്പിച്ച് അപേക്ഷ സമർപ്പിച്ച് അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ ഇൻഡോർ/ടർഫ്/ ഫുട്ബാൾ/ ക്രിക്കറ്റ് ഗ്രൗണ്ടുകൾ സ്ഥാപിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ വിതുര സർവ്വീസ് സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ ഇൻഡോർ ടർഫ് നിർമ്മിച്ച് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. എറണാകുളം ജില്ലയിൽ പറവൂർ വടക്കേക്കര സർവ്വീസ് സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ ഇൻഡോർ ടർഫ് നിർമ്മിച്ചിട്ടുണ്ട്. പ്രവർത്തനം ആരംഭിച്ചിട്ടില്ല. പാലക്കാട് ജില്ലയിൽ പട്ടാമ്പി സർവ്വീസ് സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ ഇൻഡോർ ടർഫ് നിർമ്മിച്ച് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ കതിരൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ ഇൻഡോർ ടർഫ് നിർമ്മിച്ച് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. മലപ്പുറം ജില്ലയിൽ കടന്നമണ്ണ സർവ്വീസ് സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ ഇൻഡോർ ടർഫ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പ്രവർത്തനം ആരംഭിച്ചിട്ടില്ല.

(ബി) കർമ്മ പദ്ധതിക്കുശേഷം കൂടുതൽ സഹകരണ സ്ഥാപനങ്ങൾ താല്പര്യം പ്രകടിപ്പിച്ചാൽ ടർഫ്/ഗ്രൗണ്ട് സ്ഥാപിക്കുവാൻ അനുമതി നൽകുമോ; വിശദമാക്കാമോ?

ടർഫ്/ഗ്രൗണ്ട് സ്ഥാപിക്കാൻ സഹകരണ സംഘങ്ങൾ പ്രോജക്ടുകൾ തയ്യാറാക്കി അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് ആയത് പരിഗണിക്കുന്നതാണ്.

## സഹകരണ വകുപ്പിലെ പെൻഷൻ പദ്ധതി

282 (764) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 26-2-2021-ലെ സ.ഉ.(സാധാ) നം.176/2021 പ്രകാരം സഹകരണ വകുപ്പിലെ പെൻഷൻ പദ്ധതി പരിഷ്കരിച്ചതുവഴി ഒരുമാസം എത്ര തുകയുടെ അധിക ബാദ്ധ്യതയാണ് പെൻഷൻ ബോർഡിനുണ്ടായിട്ടുള്ളത്; ഈ അധിക ബാദ്ധ്യത എങ്ങനെ കണ്ടെത്തുന്നതിനാണ് ആലോചിക്കുന്നത്; വ്യക്തമാക്കാമോ?

പെൻഷൻ പരിഷ്കരിച്ചതുവഴി ഒരുമാസം 2,08,06,684 രൂപയുടെ അധിക ബാദ്ധ്യതയുണ്ടായിട്ടുണ്ട്. പെൻഷൻ വ്യവസ്ഥകൾ പരിഷ്ക്കരിക്കുന്നതിന് ഒരു സമിതിയെ നിയോഗിക്കുന്നതാണ്. ടി സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ധനാഗമമാർഗ്ഗങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള മേൽനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത പെൻഷൻ പരിഷ്കരണത്തിന് നിയോഗിച്ച രണ്ടംഗ കമ്മിറ്റിക്കായി ആകെ എത്ര തുകയാണ് ചെലവായത്; ഈ ചെലവ് സർക്കാരാണോ പെൻഷൻ ബോർഡാണോ വഹിച്ചതെന്ന് വിശദമാക്കുമോ?

പെൻഷൻ പരിഷ്കരണത്തിന് നിയോഗിച്ച രണ്ടംഗ കമ്മിറ്റിക്കായി ഓണറേറിയം ഇനത്തിൽ 1,00,000 രൂപയും കമ്മിറ്റി അംഗങ്ങളുടെ മറ്റ് ചെലവുകൾക്കായി 53,305 രൂപയും നല്കിയിട്ടുണ്ട്. ടി ചെലവ് പെൻഷൻ ബോർഡാണ് വഹിച്ചത്.

(സി) പെൻഷൻ ഫണ്ട് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

ഉന്നതതല സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

**ഓൺലൈൻ ഭൂമി രജിസ്ട്രേഷൻ നടപടികളിലെ തടസ്സം**

283 (765) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ രജിസ്ട്രേഷൻ നടപടികൾ ഇടയ്ക്കിടെ മുടങ്ങുന്നുവെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണങ്ങൾ വ്യക്തമാക്കാമോ?

ആധാര രജിസ്ട്രേഷൻ നടപടികൾക്കായി പൊതുജനങ്ങൾക്ക് ലോഗിൻ ചെയ്തു കൊണ്ട് ടോക്കൺ എടുക്കുന്നതിനായുള്ള Public Portal (https:// keralaregist ration.gov.in) പുതിയ പതിപ്പിലേയ്ക്ക് Migrate ചെയ്യുന്ന വേളയിൽ ആധാര രജിസ്ട്രേഷൻ നടത്തുന്നതിനായുള്ള ടോക്കൺ എടുക്കുമ്പോൾ സർവ്വറിലെ തിരക്കുകാരണം പകൽ സമയങ്ങളിൽ എല്ലാ അപേക്ഷകർക്കും ഒരേസമയം ടോക്കൺ ലഭിക്കാതെവന്ന സാഹചര്യമുണ്ടാവുകയും ചെയ്തിരുന്നു. Public Portal പുതിയ പതിപ്പിലേയ്ക്ക് മാറ്റുന്ന വേളയിൽ സേവനങ്ങൾ തടസ്സപ്പെടുവാൻ സാദ്ധ്യതയുണ്ടെന്ന മുന്നറിയിപ്പും വകുപ്പിന്റെ ഔദ്യോഗിക പോർട്ടൽ മുഖാന്തരം നൽകിയിരുന്നു. Migration നടക്കുന്ന വേളയിൽ ടോക്കൺ ലഭിക്കാൻ കാലതാമസം നേരിട്ടിരുന്നുവെങ്കിലും സബ്‌രജിസ്ട്രാർ ഓഫീസുകളിൽ ആധാര രജിസ്ട്രേഷൻ നടപടികൾക്ക് തടസ്സം നേരിട്ടിരുന്നില്ല. മൈഗ്രേഷൻ നടപടികൾ പൂർത്തീകരിക്കുകയും നിലവിൽ മറ്റ് തടസ്സങ്ങളൊന്നുമില്ലാതെ സേവനം നൽകിവരികയും ചെയ്യുന്നുണ്ട്.

(ബി) രജിസ്ട്രേഷൻ നടപടികളിൽ മുടക്കം നേരിട്ടിട്ടും ശാശ്വത പരിഹാര നടപടികൾ സ്വീകരിക്കാത്തത് എന്തുകൊണ്ടാണ് എന്നറിയിക്കാമോ?

സബ്‌രജിസ്ട്രാർ ഓഫീസിൽനിന്നും ഓൺലൈൻ മുഖേന സേവനങ്ങൾ നൽകിവരുന്ന PEARL Application സംവിധാനം പൂർണ്ണമായും പുതിയ പതിപ്പിലേയ്ക്ക് migrate ചെയ്യുന്ന വേളയിൽ രജിസ്ട്രേഷൻ നടപടികൾക്ക് തടസ്സം നേരിടാതിരിക്കുന്നതിനായുള്ള നടപടികളുടെ ഭാഗമായി 5-8-2022 -ൽ സർക്കാർ തലത്തിൽ യോഗം ചേരുകയും പരീക്ഷണാടിസ്ഥാനത്തിൽ ഒരുജില്ലയിലെ സബ്‌രജിസ്ട്രാർ ഓഫീസുകളിൽ migration നടപടികൾ ആദ്യഘട്ടത്തിൽ നടത്തി ആയതിൽ കണ്ടെത്തുന്ന പോരായ്മകൾ ശാശ്വതമായി പരിഹരിച്ചതിനുശേഷം മാത്രം മറ്റ് സബ്‌രജിസ്ട്രാർ ഓഫീസുകളിൽ migration നടപടികൾ നടത്താനാണ് തീരുമാനമെടുത്തിരിക്കുന്നത്.

(സി) അടിയന്തര സാഹചര്യങ്ങളിൽ ഓഫ്‌ലൈനായി രജിസ്റ്റർ ചെയ്യുന്ന ആധാരങ്ങൾ സംബന്ധിച്ചുള്ള വിവരങ്ങൾ സർക്കാരിന്റെ ഓൺലൈൻ സർവറിൽ രേഖപ്പെടുത്താറുണ്ടോ; വിശദമാക്കാമോ?

ഓൺലൈൻ സംവിധാനം നടപ്പിലാക്കിയതിനുശേഷം നാളിതുവരെ ഓഫ്‌ലൈനായി ആധാരങ്ങൾ രജിസ്റ്റർ ചെയ്യേണ്ടി വന്നിട്ടില്ല.

### രജിസ്ട്രേഷൻ വകുപ്പ് ആധുനികവൽക്കരണം

284 (766) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

രജിസ്ട്രേഷൻ വകുപ്പ് ആധുനികവൽക്കരിക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; ഡോക്യുമെന്റ് ഡിജിറ്റൈസേഷൻ പദ്ധതി നടപ്പിലാക്കിയതുവഴി എന്തൊക്കെ സഹായങ്ങളാണ് എളുപ്പമാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ?

രജിസ്ട്രേഷൻ വകുപ്പിനെ കാലോചിതമായി പരിഷ്കരിച്ച് ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

1. ആധാര വിവരങ്ങൾ ഓൺലൈനായി നൽകുന്നതിനും ആധാരം രജിസ്റ്റർ ചെയ്യാനുദ്ദേശിക്കുന്ന തീയതിയും സമയവും മുൻകൂട്ടി നിശ്ചയിച്ചുകൊണ്ട് ഓൺലൈനായി ടോക്കൺ എടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി.

2. ആധാര രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി ഒടുക്കുന്നതിന് ഇ-പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തി.

3. ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ മുദ്രവില ഒടുക്കേണ്ടിവരുന്ന എല്ലാ ആധാരങ്ങൾക്കും ഇ-സ്റ്റാമ്പിംഗ് സൗകര്യം ഏർപ്പെടുത്തുകയുണ്ടായി.

4. ആധാര രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്കുതന്നെ അവയുടെ ഡിജിറ്റൽ പകർപ്പുകൾ ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളിൽ ഓൺലൈനായി ലഭ്യമാക്കിക്കൊണ്ട് പോക്കുവരവ് നടപടികൾ കൂടുതൽ സുതാര്യമാക്കി.

5. ഭൂമിയുടെ ന്യായവില പൊതുജനങ്ങൾക്ക് ഓൺലൈനായി പരിശോധിക്കുന്നതിനുള്ള സംവിധാനം.

6. ആധാരങ്ങളുടെ സർട്ടിഫൈഡ് പകർപ്പ്, ലിസ്റ്റ്, സർട്ടിഫിക്കറ്റ് എന്നിവയ്ക്കായി സബ്‍രജിസ്ട്രാർ ഓഫീസിലേയ്ക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സംവിധാനം.

7. ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾക്കായി ഓഫീസിൽ ഹാജരാകാതെ ഓൺലൈനായി അപേക്ഷിക്കുന്നതിനും ഇ-പേമെന്റ് സംവിധാനത്തിലൂടെ ഫീസ് ഒടുക്കുന്നതിനും അപേക്ഷകർക്ക് സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തുകയുണ്ടായി.

8. സ്പെഷ്യൽ മാര്യേജ് രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി.

9. സൊസൈറ്റി രജിസ്ട്രേഷനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനും ഓൺലൈനായി ഫീസ് ഒടുക്കുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തി.

10. പാർട്ട്ണർഷിപ്പ് ഫേമുകളുടെ രജിസ്ട്രേഷനുവേണ്ടി ഓൺലൈനായി അപേക്ഷിക്കുന്നതിനും രജിസ്ട്രേഷൻ ഫീസ് ഇ-പേമെന്റ് സംവിധാനത്തിലൂടെ ഒടുക്കുന്നതിനും ഓഫീസിൽ ഹാജരാകാതെതന്നെ രജിസ്ട്രേഷൻ വിവരം ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തി.

11. പ്രവാസി ചിട്ടികൾക്കുള്ള രജിസ്ട്രേഷന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തി.

12. രജിസ്ട്രേഷൻ വകുപ്പിനുകീഴിലെ ഓഫീസുകളിൽ ഡെബിറ്റ്/ക്രെഡിറ്റ് കാർഡ്/യു.പി.ഐ. സംവിധാനം ഉപയോഗിച്ച് ഫീസുകൾ അടയ്ക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി.

13. സഹകരണ ബാങ്കുകളിൽനിന്നും വായ്പ എടുക്കുന്നതിനായി സബ്‍രജിസ്ട്രാർ ഓഫീസുകളിൽ ഫയൽ ചെയ്യുന്ന ഗഹാനുകൾ ഓഫീസിൽ ഹാജരാകാതെതന്നെ ഓൺലൈനായി ഫയൽ ചെയ്യുന്നതിനുള്ള ഇ-ഗഹാൻ സംവിധാനം ഏർപ്പെടുത്തുകയുണ്ടായി.

14. ഒരു ജില്ലയ്ക്കുള്ളിൽ സ്ഥിതിചെയ്യുന്ന സ്ഥാവര വസ്തുവുമായി ബന്ധപ്പെട്ട ഏതൊരു ആധാരവും ആ ജില്ലയ്ക്കുള്ളിലെ ഏത് സബ്‍രജിസ്ട്രാർ ഓഫീസിലും രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി.

ഡോക്യുമെന്റ് ഡിജിറ്റൈസേഷൻ പദ്ധതി നടപ്പിലാക്കുന്നതുവഴി വകുപ്പിലെ കാലപ്പഴക്കം ചെന്നതും പൊടിഞ്ഞ് തുടങ്ങിയതുമായ ആധാരങ്ങൾ സ്കാൻ ചെയ്ത് സൂക്ഷിക്കുന്നതിനും പൊതുജനങ്ങൾക്ക് ഓഫീസ് സന്ദർശിക്കാതെതന്നെ ആധാരങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ലഭ്യമാക്കാനും സാധിക്കുന്നു.

**സംഘടനകളുടെ രജിസ്ട്രേഷൻ നടപടിക്രമങ്ങൾ**

285 (767) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം സംഘടനകൾ രജിസ്റ്റർ ചെയ്യുന്നതിന് പാലിക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കാമോ?

സംസ്ഥാനത്ത് 1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധാർമ്മിക സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ആക്ട്, 1860-ലെ സംഘം രജിസ്ട്രേഷൻ ആക്ട് എന്നിവ പ്രകാരം ചാരിറ്റബിൾ സൊസൈറ്റികൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. ടി ആക്ടുകളിൽ യഥാക്രമം സെക്ഷൻ (3) സെക്ഷൻ (1) എന്നിവയിൽ സംഘങ്ങൾ രജിസ്റ്റർ ചെയ്യപ്പെടുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്തിരിക്കുന്നു. ടി സെക്ഷനുകൾ താഴെ ചേർത്തിരിക്കുന്നു.

1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ ശാസ്ത്രീയ, ധാർമ്മിക സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ആക്ട്, സെക്ഷൻ 3:- സംഘടനാപ്രമാണവും രജിസ്ട്രേഷനും അനുസരിച്ച് സ്ഥാപിതങ്ങളായ സംഘങ്ങൾ:- സാഹിത്യപരമോ, ശാസ്ത്രീയമോ, ധാർമ്മികമോ ആയ ഏതെങ്കിലും കാര്യത്തിനോ, ഈ ആക്ടിന്റെ 32-ാം വകുപ്പിൽ വിവരിച്ചിട്ടുള്ള ഏതെങ്കിലും കാര്യത്തിനോ വേണ്ടി സമ്മേളിച്ച ഏതെങ്കിലും ഏഴോ അതിലധികമോ ആളുകൾക്ക് ഒരു സംഘടനാ പ്രമാണത്തിൽ തങ്ങളുടെ പേരെഴുതി, അത് രജിസ്ട്രാറുടെ സമക്ഷത്ത് ഫയൽ ചെയ്ത് ഈ ആക്ടിൻ പ്രകാരം ഒരു സംഘമായി സ്വയം ചേരാവുന്നതാകുന്നു.

1860-ലെ സംഘം രജിസ്ട്രേഷൻ ആക്ട്, സെക്ഷൻ 1 സംഘങ്ങൾ, സംഘം മെമ്മോറാണ്ടവും രജിസ്ട്രേഷനും വഴി രൂപവൽക്കരിക്കപ്പെടുന്ന എന്ന്:- ഏതെങ്കിലും സാഹിത്യപരമോ ശാസ്ത്രപരമോ ധർമ്മപരമോ ആയ ആവശ്യത്തിനോ അല്ലെങ്കിൽ ഈ ആക്ടിലെ 20-ാം വകുപ്പിൽ വിവരിച്ചിട്ടുള്ള ഏതെങ്കിലും ആവശ്യത്തിനോ സംഘം ചേർന്നിട്ടുള്ള ഏതെങ്കിലും ഏഴോ അതിൽ കൂടുതലോ ആളുകൾക്ക്, ഒരു സംഘം മെമ്മോറാണ്ടത്തിൽ തങ്ങളുടെ പേരുവച്ച് ഒപ്പുവയ്ക്കുകയും അത് ജോയിന്റ് സ്റ്റോക്ക് കമ്പനി രജിസ്ട്രാറുടെ (സംഘം രജിസ്ട്രാറുടെ) മുമ്പാകെ ഫയൽ ചെയ്യുകയും ചെയ്യുന്നതുവഴി സ്വയം ഈ ആക്ടിൻകീഴിലുള്ള സംഘമായിത്തീരാവുന്നതാണ്. ടി ആക്ടുകൾ പ്രകാരം സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ registration.kerala.gov.in വഴി ലഭ്യമാകുന്നതാണ്.

(ബി) രജിസ്റ്റർ ചെയ്ത സംഘടനകളുടെ പ്രവർത്തന പരിധിയിൽ സംഘടനയുടെ പേരിനോട് സമാനമായ പേരുപയോഗിച്ച് ഏതെങ്കിലും വ്യക്തികൾ പണപ്പിരിവോ, മറ്റു പ്രവർത്തനങ്ങളോ നടത്തിയാൽ എന്ത് നിയമ നടപടികളാണ് അവർക്കെതിരെ സ്വീകരിക്കാൻ വ്യവസ്ഥയുള്ളത്; ഇതുസംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഇക്കാര്യത്തിൽ രജിസ്ട്രേഷൻ വകുപ്പിനുകീഴിലുള്ള നിയമങ്ങൾ പ്രകാരം നടപടികൾ സ്വീകരിക്കാൻ നിർവ്വാഹമില്ല.

**സ്പെഷ്യൽ മാര്യേജ് ആക്ട് പ്രകാരമുള്ള വിവാഹ രജിസ്ട്രേഷൻ**

286 (768) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പെഷ്യൽ മാര്യേജ് ആക്ട് പ്രകാരം വിവാഹിതരാവുന്നവർ നൽകേണ്ട അപേക്ഷയുടെ വിശദവിവരം നൽകാമോ; അപേക്ഷയിൽ നിർബന്ധമായും പൂരിപ്പിക്കേണ്ട ഘടകങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

സ്പെഷ്യൽ മാര്യേജ് ആക്ട്-1954 പ്രകാരം വിവാഹ അപേക്ഷയിൽ നിർബന്ധമായും പൂരിപ്പിക്കേണ്ട ഘടകങ്ങൾ:

അപേക്ഷകന്റെ ജില്ല

വിവാഹം രജിസ്റ്റർ ചെയ്യാൻ ഉദ്ദേശിക്കുന്ന സബ്‌രജിസ്ട്രാർ ഓഫീസ്.

വരന്റെ പേര്

വരന്റെ ജനനത്തീയതി

വരന്റെ വയസ്സ്

വിവാഹിതയോ അല്ലയോ

തൊഴിൽ

അച്ഛന്റെ പേര്

സ്ഥിര മേൽവിലാസം

നിലവിൽ താമസിക്കുന്ന മേൽവിലാസം

മൊബൈൽ ഫോൺ നമ്പർ

സ്ഥിര മേൽവിലാസത്തിലെ താമസ കാലയളവ്

ഹാജരാക്കുന്ന തിരിച്ചറിയൽ രേഖ

തിരിച്ചറിയൽ രേഖ നമ്പർ

തിരിച്ചറിയൽ രേഖ വിതരണം ചെയ്ത സ്ഥാപനം.

വധുവിന്റെ പേര്

വധുവിന്റെ ജനനത്തീയതി

വധുവിന്റെ വയസ്സ്

വിവാഹിതയോ അല്ലയോ

തൊഴിൽ

അച്ഛന്റെയോ അമ്മയുടെയോ പേര്

സ്ഥിര മേൽവിലാസം

വധുവിന്റെ സബ്‌രജിസ്ട്രാർ ഓഫീസ്

വിവാഹം രജിസ്റ്റർ ചെയ്യാൻ അനുയോജ്യമായ തീയതി.

(ബി) വിവാഹശേഷം രജിസ്ട്രാർ നല്കുന്ന വിവാഹ സർട്ടിഫിക്കറ്റ് ഓൺലൈൻ ആയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രിന്റിംഗ് കോപ്പി ആയിട്ടാണോ കയ്യെഴുത്ത് സർട്ടിഫിക്കറ്റാണോ നൽകുന്നത്; വിശദാംശം നൽകാമോ?

സ്പെഷ്യൽ മാര്യേജ് ആക്ട് പ്രകാരം വിവാഹിതരാകുന്നവർക്ക് നൽകുന്ന സർട്ടിഫിക്കറ്റ് ഓൺലൈനായിട്ടല്ല വിതരണം ചെയ്യുന്നത്. രജിസ്ട്രേഷൻ വകുപ്പിന്റെ പേൾ സോഫ്റ്റ്‌വെയറിൽനിന്നും 50 രൂപ മുഖവിലയുള്ള മുദ്രപത്രത്തിൽ മാര്യേജ് സർട്ടിഫിക്കറ്റിന്റെ സർട്ടിഫൈഡ് കോപ്പി പ്രിന്റ് എടുത്ത് കക്ഷിക്ക് നൽകുന്ന സംവിധാനമാണ് നിലവിലുള്ളത്.

(സി) ഇപ്രകാരം ലഭിച്ച സർട്ടിഫിക്കറ്റിൽ തെറ്റുകൾ പറ്റിയിട്ടുണ്ടെങ്കിൽ തിരുത്തുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ?

മേൽപ്രകാരം നൽകുന്ന വിവാഹ സർട്ടിഫിക്കറ്റിൽ തെറ്റുകൾ പറ്റിയിട്ടുണ്ടെങ്കിൽ സ്പെഷ്യൽ മാര്യേജ് ആക്ട്-1954 സെക്ഷൻ 49 പ്രകാരം ഉപാധികളോടെ തിരുത്തൽ വരുത്താൻ സബ്‌രജിസ്ട്രാർക്ക്/മാര്യേജ് ഓഫീസർക്ക് അധികാരമുണ്ട്.

(ഡി) സർട്ടിഫിക്കറ്റിലെ തെറ്റുതിരുത്താൻ കോടതി വഴി അല്ലാതെ മറ്റുമാർഗ്ഗങ്ങളുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ; ഇല്ലെങ്കിൽ അതിനുള്ള മാർഗ്ഗം വകുപ്പ് മുഖേന ആരംഭിക്കുമോയെന്ന് വ്യക്തമാക്കാമോ?

സ്പെഷ്യൽ മാര്യേജ് ആക്ട്-1954 സെക്ഷൻ 49 പ്രകാരം ഉപാധികളോടെ തിരുത്തൽ വരുത്താൻ സബ്‌രജിസ്ട്രാർക്ക്/മാര്യേജ് ഓഫീസർക്ക് അധികാരമുണ്ട്.

## മൂല്യനിർണ്ണയ സാക്ഷ്യപത്രം

287(769) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1959-ലെ കേരള സ്റ്റാമ്പ് ആക്ടിലെ 28ബി വകുപ്പ് പ്രകാരം മൂല്യനിർണ്ണയ സാക്ഷ്യപത്രം തയ്യാറാക്കുന്നതിനായി വിശദമായ മാർഗ്ഗരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

1959-ലെ കേരള സ്റ്റാമ്പ് ആക്ടിലെ 28ബി വകുപ്പ് പ്രകാരം വില നിർണ്ണയിക്കുന്നത് സംബന്ധിച്ച് സർക്കാരിൽ നിന്നുള്ള 10-8-2016-ലെ E2/281/2016/Taxes നമ്പർ സർക്കുലർ അല്ലാതെ മറ്റുമാർഗ്ഗനിർദ്ദേശങ്ങൾ ഒന്നും പ്രസിദ്ധീകരിച്ചിട്ടില്ല. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(ബി) പ്രസ്തുത വകുപ്പ് പ്രകാരം നിലവിൽ ഏതുനിരക്കിലാണ് മൂല്യനിർണ്ണയ സാക്ഷ്യപത്രം തയ്യാറാക്കുന്നതെന്ന് വ്യക്തമാക്കാമോ? ഏതുവകുപ്പാണ് നിരക്കുകൾ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കേന്ദ്ര പൊതുമരാമത്ത് വകുപ്പ് പ്രസിദ്ധീകരിക്കുന്ന പ്ലിന്ത് ഏരിയ നിരക്കുകൾ അടിസ്ഥാനമാക്കിയാണ് വില നിർണ്ണയിക്കുന്നത്. നിരക്കുകൾ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നത് കേന്ദ്ര പൊതുമരാമത്ത് വകുപ്പാണ്. പ്രസ്തുത നിരക്ക് അനുസരിച്ച് ക്ഷമതയുള്ള വാല്യുവേറ്ററാണ് കെട്ടിടങ്ങളുടെ വില നിർണ്ണയിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ 10-8-2016-ലെ E2/281/2016/Taxes സർക്കുലറിൽ ലഭ്യമാണ്.

(സി) പ്രസ്തുത സാക്ഷ്യപത്രം തയ്യാറാക്കുന്നതിന് വിവിധ സബ്‌രജിസ്ട്രാർ ഓഫീസുകളിൽ വ്യത്യസ്ത മാനദണ്ഡങ്ങളും വ്യത്യസ്ത നിരക്കുകളും സ്വീകരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മൂല്യനിർണ്ണയ സാക്ഷ്യപത്രം തയ്യാറാക്കുന്നത് സബ്‌രജിസ്ട്രാർ ഓഫീസുകളിൽ അല്ല. സർക്കാർ നോട്ടിഫൈ ചെയ്തിട്ടുള്ള വാല്യുവേറ്റർമാരാണ്. കേന്ദ്ര പൊതുമരാമത്ത് വകുപ്പിന്റെ മാനദണ്ഡമനുസരിച്ചാണ് മൂല്യനിർണ്ണയ സാക്ഷ്യപത്രം തയാറാക്കുന്നത്. ഇക്കാര്യത്തിൽ മറ്റേതെങ്കിലും മാനദണ്ഡം സ്വീകരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചില വാല്യുവേറ്റർമാർ മൂല്യനിർണ്ണയ സാക്ഷ്യപത്രം തയ്യാറാക്കുമ്പോൾ കെട്ടിടങ്ങളുടെ വില കുറച്ചുവയ്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) പ്രസ്തുത സാക്ഷ്യപത്രം തയ്യാറാക്കുന്നതിന് യോഗ്യതയുള്ള അധികാരികളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

മൂല്യനിർണ്ണയ സാക്ഷ്യപത്രം തയ്യാറാക്കുന്നതിന് ക്ഷമതയുള്ള അധികാരികളെ 19-7-2016-ലെ G.O. (P) No. 73/2016/TD, 9-8-2016-ലെ G.O.(P) No. 80/2016/TD, 18-1-2019-ലെ G.O.(P) No. 10/2019/TD എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരമാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ആയതിലെ അധികാരികളുടെ വിവരം പട്ടികയായി തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടില്ല. മേൽ സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു.*

**രജിസ്ട്രേഷൻ വകുപ്പിന്റെ സെർവർ തകരാറുകൾ പരിഹരിക്കാൻ നടപടി**

288 (770) ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രജിസ്ട്രേഷൻ നടപടികൾ സെർവർ തകരാറുമൂലം തടസ്സപ്പെടുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിശോധിച്ചിട്ടുണ്ടോ?

ആധാര രജിസ്ട്രേഷൻ നടപടികൾ പൊതുജനങ്ങൾക്ക് ലോഗിൻ ചെയ്തുകൊണ്ട് ടോക്കൺ എടുക്കുന്നതിനായുള്ള Public Portal (https://keralaregistration.gov.in) പുതിയ പതിപ്പിലേയ്ക്ക് Migrate ചെയ്യുന്ന വേളയിൽ സെർവറുകളിലേയ്ക്ക് ഒരേസമയം അനുവദനീയമായ എണ്ണത്തിൽ കവിഞ്ഞ് അപേക്ഷകൾ സമർപ്പിക്കാൻ ശ്രമിച്ചതുകാരണം പകൽ സമയങ്ങളിൽ എല്ലാ അപേക്ഷകർക്കും ഒരേസമയം ടോക്കൺ ലഭിക്കാതെവന്ന സാഹചര്യമുണ്ടായിരുന്നു. ഇതുകാരണം രജിസ്ട്രേഷൻ നടപടികളിൽ കാലതാമസം നേരിട്ടിരുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിരുന്നു. MIGRATION നടക്കുന്ന വേളയിൽ ടോക്കൺ ലഭിക്കാൻ കാലതാമസം നേരിട്ടിരുന്നുവെങ്കിലും സബ്‌രജിസ്ട്രാർ ഓഫീസുകളിലെ ആധാര രജിസ്ട്രേഷൻ നടപടികൾക്ക് തടസ്സം നേരിട്ടിരുന്നില്ല.

(ബി) രജിസ്ട്രേഷൻ വകുപ്പിന്റെ വെബ്സൈറ്റിന്റെ വേഗത കുറയാനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

രജിസ്ട്രേഷൻ വെബ്സൈറ്റ് പുതിയ പതിപ്പിലേയ്ക്ക് മാറ്റിക്കൊണ്ടിരുന്ന വേളയിൽ പകൽ സമയങ്ങളിൽ ടോക്കൺ എടുക്കാനുള്ള അപേക്ഷകരുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധന വന്നതുകാരണമാണ് വെബ്സൈറ്റിന്റെ വേഗത കുറയാനുള്ള കാരണമെന്ന് പ്രാഥമികമായി വിലയിരുത്തുന്നു. ഈ പ്രശ്നത്തിന് പരിഹാരമായി പരമാവധി ലോഡ് കൈകാര്യം ചെയ്യുന്നതിലേയ്ക്കായി അധികമായി സർവറുകൾ കേരള സ്റ്റേറ്റ് ഐ.റ്റി.മിഷൻ മുഖാന്തരം സ്ഥാപിച്ചിരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സി) സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

വെബ്സൈറ്റിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിലേയ്ക്കായി നിലവിലുള്ള ഡേറ്റാബേസ് സംവിധാനം ഏറ്റവും പുതിയ പതിപ്പിലേയ്ക്ക് മാറ്റുന്നതിനും ഹാർഡ്‌വെയറുകൾ പുതുക്കിസ്ഥാപിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ എല്ലാ സബ്‌രജിസ്ട്രാർ ഓഫീസുകളിലും ഒപ്റ്റിക്കൽ ഫൈബർ സംവിധാനം വഴിയുള്ള വേഗതയേറിയ ഇന്റർനെറ്റ് സംവിധാനം ലഭ്യമാക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു.

**ഓൺലൈൻ സേവനങ്ങളിലെ അപാകത**

289(771) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിൽനിന്ന് ലഭിക്കേണ്ട സേവനങ്ങൾക്ക് ഓൺലൈൻ അപേക്ഷയോടൊപ്പം ഓൺലൈൻ പേമെന്റും ചെയ്താൽ അപേക്ഷയിലെ വിവരങ്ങളിൽ എന്തെങ്കിലും അപാകത സംഭവിച്ചാൽ അപേക്ഷ നിരസിക്കുന്നതോടൊപ്പം പേമെന്റ് തുകയും നഷ്ടപ്പെടുന്ന സ്ഥിതി നിലവിലുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല. ഓൺലൈൻ പേമെന്റ് ചെയ്ത് ഓഫീസിൽ ലഭിക്കുന്ന ബാദ്ധ്യതാ സർട്ടിഫിക്കറ്റിനുള്ള അപേക്ഷകളിൽ പിശക് കണ്ടെത്തിയാൽ ആയത് പരിഹരിക്കുന്നതിന് നിലവിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കക്ഷിയുടെ പ്രത്യേക അപേക്ഷയുടെ അടിസ്ഥാനത്തിൽ അപേക്ഷയിലെ പിശക് പരിഹരിച്ച് സേവനം നൽകുന്നുണ്ട്.

(ബി) കഴിഞ്ഞ രണ്ടുവർഷത്തിനിടയിൽ രജിസ്ട്രേഷൻ വകുപ്പിൽനിന്ന് ലഭിക്കേണ്ട സേവനങ്ങൾക്ക് ഓൺലൈൻ അപേക്ഷയും പേമെന്റും നടത്തിയ എത്ര അപേക്ഷകളാണ് ഓൺലൈൻ അപേക്ഷയിൽ നൽകിയ വിവരങ്ങളിലെ തെറ്റുകൾ കാരണം നിരസിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; നിരസിക്കപ്പെട്ട അപേക്ഷകളിലൂടെ മതിയായ സേവനം ഉപഭോക്താവിന് നൽകാതെ എത്ര രൂപ സർക്കാരിന് ലഭിച്ചുവെന്ന് വ്യക്തമാക്കാമോ?

നിലവിലെ PEARL Application സംവിധാനത്തിൽ പ്രസ്തുത വിവരങ്ങൾ പ്രത്യേകമായി രേഖപ്പെടുത്തുന്നതിനുള്ള സൗകര്യമില്ലാത്തതിനാൽ നിരസിക്കപ്പെട്ട അപേക്ഷകളുടെ എണ്ണവും അപേക്ഷകളിലൂടെ സർക്കാരിന് ലഭിച്ച വരുമാനത്തിന്റെ വിവരവും ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

(സി) രജിസ്ട്രേഷൻ വകുപ്പിൽ നൽകുന്ന ഓൺലൈൻ അപേക്ഷകളിൽ എന്തെങ്കിലും തെറ്റ് സംഭവിച്ചാൽ ആയത് തിരുത്തി നൽകുന്നതിന് അപേക്ഷകന് അവസരം നൽകുംവിധം സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റം വരുത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഓൺലൈൻ അപേക്ഷകളിൽ തെറ്റ് സംഭവിച്ചാൽ കക്ഷിയുടെ പ്രത്യേക അപേക്ഷയുടെ അടിസ്ഥാനത്തിൽ നിലവിൽ തിരുത്തി നൽകുന്നുണ്ട്. അപേക്ഷ കക്ഷിക്ക് നേരിട്ട് തിരുത്തൽ വരുത്താൻ കഴിയുന്നവിധത്തിൽ സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റംവരുത്തുന്നതിന് നാഷണൽ ഇൻഫോർമാറ്റിക്സ് സെന്ററിന് (N.I.C.) നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

(ഡി) രജിസ്ട്രേഷൻ വകുപ്പിൽനിന്ന് സേവനം ലഭ്യമാകാതെ ഇത്തരത്തിൽ പൊതുജനങ്ങളുടെ പണം നഷ്ടപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്താൻ ഈ വിഷയത്തിൽ പരിശോധന നടത്തി ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഓൺലൈൻ തകരാറുകൾമൂലം അപേക്ഷകരുടെ പണം നഷ്ടമാകാതിരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അപേക്ഷയിലെ പിശകുകൾ കാരണം സേവനം ലഭ്യമാകാത്ത സാഹചര്യം ഒഴിവാക്കുന്നതിന് അപേക്ഷയിലെ പിശകുകൾ പരിഹരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

**രജിസ്ട്രേഷൻ വകുപ്പിന്റെ കീഴിലുള്ള ഓഫീസുകൾ**

290 (772) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

രജിസ്ട്രേഷൻ വകുപ്പിന്റെ കീഴിലുള്ള ഓഫീസുകൾ ഡിജിറ്റൈസ് ചെയ്യുന്നതിനും ആധുനികവൽക്കരിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

രജിസ്ട്രേഷൻ വകുപ്പിന്റെ കീഴിലുള്ള ഓഫീസുകൾ ഡിജിറ്റൈസ് ചെയ്യുന്നതിന്റെ ഭാഗമായി സബ്‌രജിസ്ട്രാർ ഓഫീസുകളെല്ലാം നിലവിൽ കമ്പ്യൂട്ടർവൽക്കരിക്കപ്പെട്ടിട്ടുണ്ട്. രജിസ്ട്രേഷൻ വകുപ്പിന്റെ കീഴിലുള്ള ഭൂരിഭാഗം സേവനങ്ങളും നിലവിൽ ഓൺലൈൻ മുഖേന ലഭ്യമാക്കിയിട്ടുണ്ട്. ഓഫീസുകളുടെ നവീകരണത്തിന്റെ ഭാഗമായി 37 സബ്‌രജിസ്ട്രാർ ഓഫീസുകളിൽ ആധുനിക രീതിയിലുള്ള കോംപാക്ടറുകൾ ഉൾപ്പെടുത്തി റെക്കാർഡ് റൂമുകൾ നവീകരിക്കുകയും സബ്‌രജിസ്ട്രാർ ഓഫീസ് കെട്ടിടങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾക്കായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 51 കെട്ടിടങ്ങളുടെ നിർമ്മാണ പദ്ധതികൾക്കും ഒരു കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്കുമായി 100 കോടി രൂപ വകയിരുത്തിയിരുന്നു. ഡിജിറ്റൈസേഷൻ പദ്ധതിയുടെ ഭാഗമായി പത്തനംതിട്ട, തിരുവനന്തപുരം ജില്ലകളിലെ സബ്‌രജിസ്ട്രാർ ഓഫീസുകളിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്റർ വാല്യങ്ങളുടെ സ്കാനിംഗ് പൂർത്തിയായിട്ടുള്ളതും 2005 മുതൽ 2018 വരെയുള്ള കാലയളവിലെ രജിസ്റ്റർ വാല്യങ്ങളുടെ സ്കാനിംഗ് കൊല്ലം, കോട്ടയം, ആലപ്പുഴ, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിൽ പൂർത്തീകരിച്ചിട്ടുള്ളതും മറ്റ് ജില്ലകളിൽ പദ്ധതി പുരോഗമിച്ചുവരികയുമാണ്. രജിസ്ട്രേഷൻ വകുപ്പിൽ 2018-19 സാമ്പത്തിക വർഷം തുടക്കംകുറിച്ച ഡിജിറ്റൈസേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് പത്തനംതിട്ട ജില്ലയിലെ എല്ലാ സബ്‌രജിസ്ട്രാർ ആഫീസുകളിലേയും വളരെ പഴയതും പൊടിഞ്ഞുപോയതും ഒഴികെയുള്ള രജിസ്റ്റർ വാല്യങ്ങൾ ഡിജിറ്റൈസ് ചെയ്യുകയുണ്ടായി. സംസ്ഥാനത്തെ

സബ്‌രജിസ്ട്രാർ ഓഫീസുകളിൽ സൂക്ഷിച്ചിരിക്കുന്ന ആധാര പകർപ്പുകൾ ഡിജിറ്റൈസ് ചെയ്യുന്ന 'അനശ്വര പദ്ധതി' 2019-20-ലെ ബഡ്ജറ്റിലാണ് പ്രഖ്യാപിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതി മുഖേന തിരുവനന്തപുരം ജില്ലയിലെ എല്ലാ സബ്‌രജിസ്ട്രാർ ആഫീസുകളിലേയും രജിസ്റ്റർ വാല്യങ്ങൾ (വളരെ പഴയതും പൊടിഞ്ഞു പോയതും ഒഴികെയുള്ളവ) ഡിജിറ്റൈസ് ചെയ്യുകയുണ്ടായി. കൊല്ലം, കോട്ടയം, ഇടുക്കി, എറണാകുളം, ആലപ്പുഴ ജില്ലകളിലെ സബ്‌രജിസ്ട്രാർ ആഫീസുകളിലെ 2005 മുതൽ 2018 വരെയുള്ള 14 വർഷക്കാലയളവിലെ രജിസ്റ്റർ വാല്യങ്ങളുടെ സ്കാനിംഗ് ജോലികൾ പൂർത്തിയാക്കുകയുമുണ്ടായി. കൊല്ലം, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, ജില്ലകളിലെ 2005-ന് മുമ്പെയുള്ള രജിസ്റ്റർ വാല്യങ്ങൾ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയുമാണ്. അടുത്തഘട്ടമായി തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള വർക്ക് ഓർഡർ സി-ഡിറ്റിന് നൽകുകയും സ്കാനിംഗ് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി 2024 വർഷത്തോടെ പൂർത്തിയാക്കാൻ കഴിയുമെന്ന് ഉദ്ദേശിക്കുന്നു. ആധാര പകർപ്പുകളുടെ ഡിജിറ്റൈസേഷൻ പൂർത്തിയാകുന്നതോടുകൂടി റെക്കോർഡുകളുടെ സംരക്ഷണത്തോടൊപ്പംതന്നെ ആധാരങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഓഫീസിൽ നേരിട്ട് വരാതെതന്നെ ഓൺലൈനായി അപേക്ഷകർക്ക് ലഭ്യമാക്കാനും സാധിക്കുന്നതാണ്. വകുപ്പിന്റെ ആധുനികവത്ക്കരണവുമായി ബന്ധപ്പെട്ട് ആധാരകക്ഷികളുടെ ഫോട്ടോയും വിരൽപതിപ്പും ഡിജിറ്റൽ രൂപത്തിൽ രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

### സബ്‌രജിസ്ട്രാർ ട്രെയിനിംഗ് സെന്റർ

291 (773) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി പറയാമോ:

(എ) കൂത്താട്ടുകുളത്ത് സ്ഥാപിക്കാനുദ്ദേശിച്ചിരുന്ന സബ്‌രജിസ്ട്രാർ ട്രെയിനിംഗ് സെന്റർ നിലവിൽ എവിടേയ്ക്കാണ് മാറ്റിസ്ഥാപിച്ചത് എന്നറിയിക്കാമോ; പ്രസ്തുത സ്ഥലത്ത് അതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

തിരുവനന്തപുരം ജില്ലയിലെ നേമം സബ്‌രജിസ്ട്രാർ ഓഫീസ് കോമ്പൗണ്ടിലാണ് ട്രെയിനിംഗ് സെന്റർ മാറ്റിസ്ഥാപിക്കുന്നത്. പ്രസ്തുത സ്ഥലത്ത് ട്രെയിനിംഗ് സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത ട്രെയിനിംഗ് സെന്റർ കൂത്താട്ടുകുളത്തുനിന്നും മാറ്റി സ്ഥാപിക്കാൻ ഇടയായതിന്റെ കാരണം അറിയിക്കുമോ;

(സി) പ്രസ്തുത സെന്റർ മാറ്റുന്നതുമായി ബന്ധപ്പെട്ട് രജിസ്ട്രേഷൻ ഐ.ജി.-യുടെ അഭിപ്രായം എന്തായിരുന്നുവെന്ന് അറിയിക്കാമോ; ഇതുമായി ബന്ധപ്പെട്ട് രജിസ്ട്രേഷൻ ഐ.ജി. സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത സ്ഥാപനം മാറ്റിസ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് രജിസ്ട്രേഷൻ ഐ.ജി. സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(ബി-ഡി) ഗതാഗത സൗകര്യവും സ്ഥലസൗകര്യവും കണക്കിലെടുത്ത് തിരുവനന്തപുരം നഗരത്തോട് ചേർന്ന് സ്ഥിതിചെയ്യുന്ന നേമം സബ്രജിസ്ട്രാർ ഓഫീസ് കോമ്പൗണ്ടിലേയ്ക്ക് ട്രെയിനിംഗ് സെന്റർ മാറ്റുന്നത് അനുയോജ്യമായിരിക്കുമെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ് ട്രെയിനിംഗ് സെന്റർ മാറ്റിസ്ഥാപിക്കാൻ തീരുമാനിച്ചത്. ട്രെയിനിംഗ് സെന്റർ തുടങ്ങാൻ കൂടുതൽ അനുയോജ്യമായ സ്ഥലം നേമം സബ്രജിസ്ട്രാർ ഓഫീസ് കോമ്പൗണ്ട് ആണെന്നായിരുന്നു രജിസ്ട്രേഷൻ ഐ.ജി.-യുടെ അഭിപ്രായം. ഇതുസംബന്ധിച്ച് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

## കല്ല്യാശ്ശേരി സബ്രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം

292 (774) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി സബ്രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി സബ്രജിസ്ട്രാർ ഓഫീസിനായി പുതിയ കെട്ടിടം നിർമ്മിക്കുവാൻ റവന്യൂ വകുപ്പ് കണ്ടെത്തിയിട്ടുള്ള കണ്ണൂർ താലൂക്ക് കല്യാശ്ശേരി അംശം ദേശം റീസർവ്വേ 387/2-ൽ ഉൾപ്പെട്ട 4.05 ആർ സ്ഥലത്തിന്റെ ഉടമസ്ഥാവകാശവും നിയന്ത്രണാധികാരവും റവന്യൂ വകുപ്പിൽത്തന്നെ നിലനിർത്തിക്കൊണ്ട് രജിസ്ട്രേഷൻ വകുപ്പിന് കെട്ടിടം നിർമ്മിക്കാൻ കണ്ണൂർ ജില്ലാ കളക്ടറുടെ അനുമതി ലഭ്യമായിട്ടുണ്ട്. കൂടാതെ രജിസ്ട്രേഷൻ വകുപ്പിന് കൈമാറേണ്ടുന്ന ഭൂമി ഡീമാർക്കേറ്റ് ചെയ്യുന്നതിനും ബന്ധപ്പെട്ട വില്ലേജ്/താലൂക്ക് റിക്കാർഡുകളിൽ ആവശ്യമായ മാറ്റംവരുത്തി രജിസ്ട്രേഷൻ വകുപ്പിന് ഉപയോഗാനുമതി നൽകുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിനുമായി കണ്ണൂർ തഹസീൽദാറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## പൂഞ്ഞാർ മണ്ഡലത്തിൽ സ്മാർട്ട് സബ്രജിസ്ട്രാർ ഓഫീസുകൾ

293 (775) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൂഞ്ഞാർ മണ്ഡലത്തിലെ സബ്രജിസ്ട്രാർ ഓഫീസുകൾ സ്മാർട്ട് സബ്രജിസ്ട്രാർ ഓഫീസുകളാക്കി അക്രെഡിറ്റേഷൻ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പൂഞ്ഞാർ നിയമസഭാമണ്ഡലത്തിൽ പൂഞ്ഞാർ, ഈരാറ്റുപേട്ട, എരുമേലി, കൂവപ്പള്ളി എന്നീ 4 സബ്‍രജിസ്ട്രാർ ഓഫീസുകൾ പ്രവർത്തിച്ചുവരുന്നു. ഇവയെ സ്മാർട്ട് സബ്‍രജിസ്ട്രാർ ഓഫീസുകളാക്കി അക്രെഡിറ്റേഷൻ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നത് സംബന്ധിച്ച തീരുമാനങ്ങളൊന്നും എടുത്തിട്ടില്ല.

**വാടക കുടിശ്ശിക അനുവദിക്കാൻ നടപടി**

294(776) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ സബ്‍രജിസ്ട്രാർ ഓഫീസ് കെട്ടിടത്തിന്റെ വാടക നിർണ്ണയിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന്റെ ഉത്തരവ് പ്രകാരമുള്ള റെന്റ് സർട്ടിഫിക്കറ്റ് മലപ്പുറം ജില്ലാ രജിസ്ട്രാർ ഓഫീസിൽനിന്നും ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലായെങ്കിൽ ആയത് അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) കെട്ടിടത്തിന്റെ വാടക കുടിശ്ശിക അടിയന്തരമായി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(എ&ബി) താനൂർ സബ്‍രജിസ്ട്രാർ ഓഫീസ് കെട്ടിടത്തിന്റെ വാടക നിർണ്ണയിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന്റെ ഉത്തരവ് പ്രകാരമുള്ള റെന്റ് സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല. റെന്റ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനും വാടക അനുവദിക്കുന്നതിനും അധിക ഏരിയ ഉപയോഗിക്കുന്നതിനുള്ള അനുമതി ആവശ്യമാണ്. ഇതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**എടച്ചേരി രജിസ്ട്രേഷൻ ഓഫീസ് കെട്ടിടനിർമ്മാണം**

295(777) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എടച്ചേരി രജിസ്ട്രേഷൻ ഓഫീസ് കെട്ടിട നിർമ്മാണത്തിന് നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണത്തിനാവശ്യമായ ഭൂമി പഞ്ചായത്ത് വകുപ്പിൽനിന്നും ലഭ്യമാക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ വിശദമാക്കാമോ?

(എ & ബി) കോഴിക്കോട് ജില്ലയിലെ എടച്ചേരി വില്ലേജിൽ എടച്ചേരി ദേശത്തിൽ സർവ്വേ നമ്പർ 163/5-ൽപ്പെട്ട എടച്ചേരി ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള 10 സെന്റ് സ്ഥലം രജിസ്ട്രേഷൻ വകുപ്പിന് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി വിട്ടുനൽകാമെന്ന് എടച്ചേരി ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. എന്നാൽ ഭൂമി വിട്ടുനൽകുന്നത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ അനുമതി ലഭ്യമായിട്ടില്ല.

(സി) പ്രസ്തുത ഭൂമി ലഭ്യമാക്കുന്നതിനായി റവന്യൂ വകുപ്പിനോട് അഭിപ്രായം ആരായാൻ 25-6-2022-ന് രജിസ്ട്രേഷൻ വകുപ്പ് റവന്യൂ വകുപ്പിന് നൽകിയ കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ; പ്രസ്തുത കത്തിന് ലഭിച്ച മറുപടി വ്യക്തമാക്കാമോ;

(ഡി) പഞ്ചായത്ത് വകുപ്പിൽനിന്നും ഭൂമി ലഭ്യമാക്കുവാൻ റവന്യൂ വകുപ്പിനോട് അഭിപ്രായം ആരായാൻ റവന്യൂ വകുപ്പിന് കത്ത് നൽകേണ്ടതുണ്ടോയെന്ന് വ്യക്തമാക്കുമോ?

(സി&ഡി) പ്രസ്തുത ഭൂമി ലഭ്യമാക്കുന്നതിനായി നിലവിൽ റവന്യൂ വകുപ്പിനോട് അഭിപ്രായം ആരായേണ്ട സാഹചര്യമുള്ളതായി കണ്ടെത്തിയിട്ടില്ലാത്തതിനാൽ രജിസ്ട്രേഷൻ വകുപ്പിൽനിന്നും റവന്യൂ വകുപ്പിന് ഇത്തരത്തിൽ കത്ത് നൽകിയിട്ടില്ല.

(ഇ) പ്രസ്തുത കെട്ടിട നിർമ്മാണത്തിനാവശ്യമായ ഭൂമി ലഭ്യമാക്കാൻ പഞ്ചായത്ത് വകുപ്പിന് കത്ത് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉണ്ട്. കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

## രജിസ്ട്രേഷൻ വകുപ്പിലെ അഴിമതി തടയുന്നതിന് നടപടി

296(778) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

രജിസ്ട്രേഷൻ വകുപ്പ് അഴിമതി വിമുക്തമാക്കുന്നതിനും സാങ്കേതികവൽക്കരണത്തിനുമായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കി വരുന്നതെന്ന് വിശദമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

രജിസ്ട്രേഷൻ വകുപ്പിനെ അഴിമതി മുക്തമാക്കുന്നതിനും സാങ്കേതികവൽക്കരണത്തിന്റെ ഭാഗവുമായി വകുപ്പ് നൽകിവരുന്ന എല്ലാ സേവനങ്ങളും ഓൺലൈൻ മുഖേനയാക്കുകയും ഇ-പേമെന്റ്, ഒരു ലക്ഷം രൂപയ്ക്ക് മുകളിലുള്ള മുദ്രപത്രങ്ങൾക്ക് ഇ-സ്റ്റാമ്പിംഗ്, ജില്ലയ്ക്കകത്തെ ഏത് ഓഫീസിലും ആധാരം രജിസ്റ്റർ ചെയ്യാൻ സാധിക്കുന്ന എനിവെയർ (anywhere) രജിസ്ട്രേഷൻ പദ്ധതി എന്നിവ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

**കായംകുളം മൾട്ടിപ്ലക്സ് തിയേറ്റർ നിർമ്മാണ പുരോഗതി**

297(779) <u>ശ്രീമതി യു. പ്രതിഭ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഡി.സി. വഴി നിർമ്മിക്കുന്ന കായംകുളം മൾട്ടിപ്ലക്സ് തിയേറ്റർ നിർമ്മാണത്തിന്റെ നിലവിലുള്ള പുരോഗതി എന്തൊക്കെയാണ്?

നിലവിൽ സിവിൽ, MEP (മെക്കാനിക്കൽ, ഇലക്ട്രിക്കൽ ആൻഡ് പ്ലംബിംഗ്) ജോലികൾ 45% പൂർത്തിയായിട്ടുണ്ട്. തീയേറ്റർ എഞ്ചിനീയറിംഗ് വർക്കുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. കിഫ്ബിയുടെ അനുമതി ലഭ്യമാക്കി ടെൻഡർ നടപടികൾ ആരംഭിക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരുന്നു.

(ബി) തിയേറ്റർ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

2022 ഡിസംബർ മാസത്തോടുകൂടി പദ്ധതി പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കാസർഗോഡ് ജില്ലയിൽ രാഷ്ട്രകവി മഞ്ചേശ്വരം ഗോവിന്ദപൈ സ്മാരകം**

298 (780) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ രാഷ്ട്രകവി മഞ്ചേശ്വരം ഗോവിന്ദപൈ സ്മാരകത്തിന് ധനസഹായം നൽകണമെന്ന ഹർജി പരിഗണനയിലുണ്ടോ; വിശദാംശം അറിയിക്കാമോ?

കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം ഗോവിന്ദപൈ സ്മാരകത്തിന് ധനസഹായം അനുവദിക്കുന്ന വിഷയം പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ സാംസ്കാരിക വകുപ്പദ്ധ്യക്ഷൻ ആവശ്യപ്പെട്ടിരുന്നത് ട്രസ്റ്റ് അധികൃതർ നാളിതു വരെയും ഹാജരാക്കിയിട്ടില്ല. ആയവ ലഭ്യമാക്കുന്ന മുറയ്ക്ക് ടി വിഷയം പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

(ബി) സ്ഥാപനത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ ബുദ്ധിമുട്ടിലായി രിക്കുന്ന സാഹചര്യത്തിൽ സാമ്പത്തിക സഹായം അനുവദിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശം അറിയിക്കാമോ?

ഗോവിന്ദപൈ സ്മാരകത്തിന് വാർഷിക ധനസഹായമായി നിലവിൽ 37,500രൂപ (മുപ്പത്തി എഴായിരത്തി അഞ്ഞൂറ് രൂപാ മാത്രം) അനുവദിച്ചുവരുന്നു. വാർഷിക ധനസഹായത്തിനുള്ള അപേക്ഷ, അനുബന്ധ രേഖകൾ (ആഡിറ്റ് റിപ്പോർട്ട്, ചെലാൻ രസീത്) എന്നിവ ഹാജരാക്കാത്തതിനാൽ 2020-21, 2021-22 വർഷങ്ങളിലെ ധനസഹായം അനുവദിച്ചുനൽകിയിട്ടില്ല. കൂടാതെ ടി സ്ഥാപനത്തിന് 2021-22, 2022-23 വർഷങ്ങളിലായി വകുപ്പിലെ 2205-00-102-77-56 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ പ്രത്യേക ധനസഹായമായി 10,00,000/-(പത്ത് ലക്ഷം രൂപാ മാത്രം) വകയിരുത്തിയിട്ടുണ്ടെങ്കിലും ആയത് അനുവദിച്ചുനൽകുന്നത് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ സ്ഥാപനം ഇതുവരെയും സമർപ്പിച്ചിട്ടില്ല. ആവശ്യമായ രേഖകൾ/ പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് നടപ്പുവർഷം വകയിരുത്തിയ തുക അനുവദിക്കുന്ന കാര്യം പരിശോധിച്ച് തീരുമാനമെടുക്കു ന്നതാണ്.

(സി) ഈ സ്ഥാപനത്തിന് കർണ്ണാടക സർക്കാർ എത്ര തുകയാണ് നൽകിവരുന്നത്; വ്യക്തമാക്കാമോ?

പ്രസ്തുത വിവരം ലഭ്യമല്ല.

(ഡി) ഈ സ്ഥാപനത്തിന്റെ ഭരണസമിതി പുനഃസംഘടിപ്പിച്ച് ഉത്തരവായി ട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

ഭരണസമിതി പുനഃസംഘടിപ്പിക്കുന്ന വിഷയം സർക്കാരിന്റെ പരിശോധന യിലാണ്.

**ചികിത്സാ സഹായം നൽകുന്നതിന് നടപടി**

299(781) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് ചികിത്സാ സഹായം നൽകുന്നതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ?

മൂന്നുവർഷമെങ്കിലും സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയിലേയ്ക്ക് തുടർച്ചയായി അംശദായം അടച്ച "Comprehensive Health Insurance Scheme " - ആരോഗ്യസുരക്ഷാ പദ്ധതിയിൽപ്പെടാത്ത അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കും ചികിത്സയ്ക്ക് അംഗത്വ കാലാവധിയിൽ പരമാവധി 50,000 രൂപ ബോർഡിന്റെ അംഗീകാരത്തിന് വിധേയമായി ചികിത്സാ ധനസഹായം അനുവദിച്ചുവരുന്നു. ഹൃദ്രോഗം, ക്യാൻസർ, വൃക്ക സംബന്ധമായ അസുഖം, കരൾ രോഗം, ശ്വാസകോശ സംബന്ധമായ അസുഖം, തലച്ചോറിൽ രക്തസ്രാവവുമായി ബന്ധപ്പെട്ട അസുഖം അഥവാ സർക്കാർ കാലാകാലങ്ങളിൽ നിർദ്ദേശിക്കുന്ന മറ്റേതെങ്കിലും ഗുരുതരമായ മാരകരോഗങ്ങളാൽ കഷ്ടപ്പെടുന്ന അംഗങ്ങൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും വൈദ്യചികിത്സയ്ക്കുള്ള ചെലവുകൾ നേരിടുന്നതിനായി അംഗത്വ കാലാവധി പരിഗണിക്കാതെ പരമാവധി 1,50,000 രൂപ (ഒരു ലക്ഷത്തി അൻപതിനായിരം രൂപ) ബോർഡിന്റെ അംഗീകാരത്തോടെ നൽകുന്നുണ്ട്. അടിയന്തരഘട്ടങ്ങളിൽ ബോർഡ് ചെയർമാന്റെ അംഗീകാരത്തോടെ 25,000 രൂപ ചികിത്സാ ധനസഹായമായി അനുവദിച്ചുവരുന്നു. ചികിത്സാ ധനസഹായത്തിനായുള്ള അപേക്ഷ ക്ഷേമനിധി പദ്ധതി പ്രകാരമുള്ള 9-ാം നമ്പർ ഫാറത്തിലാണ് പൂരിപ്പിച്ചുനൽകേണ്ടത്.

(ബി) കിടപ്പുരോഗികളായ അംഗങ്ങൾക്ക് സമയബന്ധിതമായി രേഖകൾ സമർപ്പിക്കാൻ കഴിഞ്ഞില്ലെന്ന കാരണത്താൽ ചികിത്സാ സഹായം നിഷേധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(സി) ഇത്തരം വ്യക്തികൾക്ക് ചികിത്സാസഹായം ലഭ്യമാക്കുന്നതിന് ആവശ്യമായ ഇളവുകൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ബാധകമല്ല.

## പൂവച്ചൽ ഖാദർ സ്മാരക പാർക്ക്

300(782) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കവിയും മലയാള ചലച്ചിത്രഗാന രചയിതാവുമായിരുന്ന പൂവച്ചൽ ഖാദറിന്റെ ജന്മദേശമായ പൂവച്ചൽ ഗ്രാമപഞ്ചായത്തിലെ മിനിനഗർ-നക്രാംചിറ കുളം ആധുനികരീതിയിൽ നവീകരിച്ച് ഇതിനോടുചേർന്ന് പൂവച്ചൽ ഖാദർ സ്മാരക പാർക്ക് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഇക്കാര്യം പരിശോധിച്ചുവരികയാണ്.

## സർക്കാർ തലത്തിലുള്ള പ്രസാധക വിഭാഗത്തിന്റെ പ്രവർത്തനം വിപുലമാക്കാൻ നടപടി

301(783) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധുനിക മാധ്യമങ്ങളുടെ വരവോടെ പുതിയ തലമുറയിൽ വായനാശീലം കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പുസ്തകങ്ങളും ആനുകാലികങ്ങളും ദിനപത്രങ്ങളും വായിക്കുന്ന ശീലം പുതുതലമുറയിൽ കുറയുന്നതായി അനുഭവപ്പെട്ടിട്ടുണ്ട്. എന്നാൽ, പൊതുവിൽ വിദ്യാർത്ഥികളുടെ വായനശീലം വർദ്ധിക്കുന്നതായിട്ടാണ് മനസ്സിലാവുന്നത്. സോഷ്യൽ മീഡിയയിലെ വായനകൾ, ഡിജിറ്റൽ മാധ്യമങ്ങളിലൂടെയുള്ള വായനകൾ എന്നിവ വർദ്ധിച്ചുവന്നിട്ടുണ്ട്. ആയതിനുകാരണം ഇന്നത്തെ ശരാശരി കൗമാര-യൗവന പ്രായക്കാരുടെ വൈജ്ഞാനിക നിലവാരം മുൻതലമുറയെ അപേക്ഷിച്ച് വളരെ വലുതാണ് എന്നതാണ്.

(ബി) എങ്കിൽ അത് പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പുസ്തകവായന കുറവായത് പരിഹരിക്കുന്നതിന് ബോധവൽക്കരണം ആവശ്യമാണ്. ആയതിലേയ്ക്കുള്ള പ്രവർത്തനങ്ങൾ ഗ്രന്ഥശാലകൾ, സാംസ്കാരിക വകുപ്പിന് കീഴിലെ വിവിധ പ്രസിദ്ധീകരണ സ്ഥാപനങ്ങൾ മുഖേന നടത്തിവരുന്നു. കൂടാതെ ഡിജിറ്റൽ രൂപത്തിൽ പുസ്തകങ്ങൾ ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്ന വിജ്ഞാന കോശം വാല്യങ്ങൾ, വിദ്യാർത്ഥികളിൽ വായനാശീലം വർദ്ധിപ്പിക്കുന്നതിനായി സർക്കാർ ഉത്തരവ് പ്രകാരം ഡി.ഇ.ഒ. മുഖാന്തരം, സർക്കാർ/അർദ്ധ സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ക്രെഡിറ്റ് വ്യവസ്ഥയിലും നൽകുന്നുണ്ട്. കൂടാതെ വാല്യങ്ങൾ ആവശ്യപ്പെടുന്നവർക്കും എത്തിക്കാറുണ്ട്.

(സി) പുസ്തകങ്ങളുടെ നിലവിലുണ്ടായിട്ടുള്ള വിലവർദ്ധനവ് നിയന്ത്രിക്കു ന്നതിന് സർക്കാർ തലത്തിലുള്ള പ്രസാധക വിഭാഗത്തിന്റെ പ്രവർത്തനം വിപുലമാ ക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

കോവിഡാനന്തര സാഹചര്യത്തിൽ പുസ്തക പ്രസാധനത്തിലുള്ള ചെലവ് ഏതാണ്ട് 40 മുതൽ 50 ശതമാനത്തോളം വർദ്ധിച്ചിട്ടുണ്ട്. ഈ രംഗത്ത് സർക്കാർ സ്ഥാപനങ്ങളായ കേരള സാഹിത്യ അക്കാദമി, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, സർവ്വ വിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ സുസംഘടിതമായി പ്രവർത്തിച്ചുവരുന്നു. പുസ്തക പ്രദർശനങ്ങളിലും എല്ലാ മാസവും ആദ്യത്തെ ഏഴ് പ്രവൃത്തിദിവസങ്ങളിലും സർവ്വ വിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് 30% മുതൽ 50% വരെ വിലക്കിഴിവിൽ ലഭ്യമാകത്തക്ക രീതിയിൽ പുസ്തക പ്രദർശനം നടത്തിവരുന്നു. കൂടാതെ ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, സാഹിത്യ അക്കാദമി എന്നിവയിൽനിന്നുള്ള പ്രസിദ്ധീകരണങ്ങൾക്ക് വിലക്കിഴിവ് നൽകി വിൽക്കു ന്നതിന് സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

### തലശ്ശേരി നിയോജകമണ്ഡലത്തിലെ തെയ്യം കലാ അക്കാദമി

302(784) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിന്റെ മറുപടി പ്രസംഗത്തിൽ തലശ്ശേരി നിയോജകമണ്ഡലത്തിലെ തെയ്യം കലാ അക്കാദമിയുടെ അടിസ്ഥാന സൗകര്യവികസനത്തിന് അനുവദിച്ച ഫണ്ടിന് ഭരണാനുമതി ലഭ്യമാക്കുന്നതു സംബന്ധിച്ച് നാളിതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഇതുസംബന്ധിച്ച് സർക്കാരിൽ ലഭ്യമാക്കിയ പ്രൊപ്പോസലിന്മേൽ ഭരണാനുമതി നൽകുന്ന വിഷയം പരിശോധിച്ചുവരികയാണ്.

### പി. കൃഷ്ണപിള്ള സാംസ്കാരിക കേന്ദ്രത്തിന്റെ നിർമ്മാണം

303 (785) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ നൂറനാട് സ്ഥാപിക്കുന്ന പി.കൃഷ്ണപിള്ള സാംസ്കാരിക കേന്ദ്രത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത കേന്ദ്രത്തിന്റെ നിർമ്മാണത്തിനാവശ്യമായ ഭരണാനുമതി അടിയന്തരമായി ലഭ്യമാക്കുമോ; വിശദമാക്കുമോ?

(എ&ബി) കേരളത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃക സംരക്ഷണത്തിനും വ്യാപനത്തിനും പ്രോത്സാഹനത്തിനുമായി, 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലാ കേന്ദ്രങ്ങളിലും നവോത്ഥാനനായകരുടെ നാമധേയത്തിൽ ബൃഹത്തായ

സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ (കിഫ്ബി) ധനസഹായത്തോടെ ഓരോ ജില്ലയിലും 3 മുതൽ 5 വരെ ഏക്കർ ഭൂമി കണ്ടെത്തി 50 കോടി രൂപ വീതം ചെലവഴിച്ച് ആകെ 700 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാൻ 27-04-2017-ലെ സ.ഉ(സാധാ) നം.318/2017/സാം.കാ.വ നമ്പർ പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. ഈ പദ്ധതിയിലുൾപ്പെടുത്തി ആലപ്പുഴ ജില്ലയിലെ നൂറനാട് പി. കൃഷ്ണപിള്ളയുടെ നാമധേയത്തിൽ സ്ഥാപിക്കുന്ന സാംസ്കാരിക സമുച്ചയത്തിന്റെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ ടെക്നിക്കൽ അപ്രൈസൽ പൂർത്തിയായിട്ടില്ല. സമുച്ചയത്തിനായി ആരോഗ്യ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമി കൈമാറി കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ചങ്ങമ്പുഴ സാംസ്കാരിക കേന്ദ്രം നവീകരണം**

304 (786) <u>ശ്രീമതി ഉമ തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര നിയോജകമണ്ഡലത്തിലെ ഇടപ്പള്ളിയിലുള്ള ചങ്ങമ്പുഴ സാംസ്കാരിക കേന്ദ്രം നവീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത സാംസ്കാരിക കേന്ദ്രം നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ?

(എ & ബി) ഇടപ്പള്ളി ചങ്ങമ്പുഴ സാംസ്കാരിക കേന്ദ്രത്തിന് ധനസഹായം നൽകുന്നത് സംബന്ധിച്ച പ്രൊപ്പോസലിന്മേൽ സാംസ്കാരിക വകുപ്പദ്ധ്യക്ഷൻ സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

**ചെറായിയിലെ പണ്ഡിറ്റ് കറുപ്പൻ സ്മാരക മന്ദിരം**

305 (787) <u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23-ലെ ബഡ്ജറ്റിൽ 60 ലക്ഷം രൂപ അടങ്കൽ തുകയുടെ 20% വകയിരുത്തിയിട്ടുള്ള, വൈപ്പിൻ നിയോജകമണ്ഡലത്തിലെ ചെറായിയിലെ പണ്ഡിറ്റ് കറുപ്പൻ സ്മാരക മന്ദിരത്തിന് അധികതുകയ്ക്കുള്ള ഭരണാനുമതി ലഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ;

(ബി) പ്രസ്തുത ഭരണാനുമതി എന്നത്തേയ്ക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(എ & ബി) ചെറായിലെ പണ്ഡിറ്റ് കറുപ്പൻ സ്മാരകമന്ദിരത്തിന് 2019-20 വർഷം പ്രത്യേക ധനസഹായ ഇനത്തിൽ അനുവദിച്ച 49,75,000രൂപ (നാൽപത്തി ഒമ്പത് ലക്ഷത്തി എഴുപത്തി അയ്യായിരം രൂപമാത്രം) 2020-21 വർഷം കൈമാറിയിരുന്നു. എന്നാൽ സ്ഥാപനം പ്രസ്തുത തുകയുടെ വിനിയോഗ

സർട്ടിഫിക്കറ്റ് നാളിതുവരെ ഹാജരാക്കിയിട്ടില്ല. പദ്ധതിക്ക് മൊത്തം 1,49,75,000 രൂപയുടെ പുതുക്കിയ ഭരണാനുമതി പുറപ്പെടുവിക്കുന്നത് സംബന്ധിച്ചും മുൻപ് ട്രസ്റ്റിന് അനുവദിച്ച 49,75,000രൂപ കഴിച്ച് 1,00,00,000 രൂപ (ഒരു കോടി രൂപ) അനുവദിക്കുന്നതും സംബന്ധിച്ച വിഷയം സർക്കാർ പരിഗണനയിലാണ്.

**കാസർഗോഡ് ജില്ലയിലെ തുളു അക്കാദമി**

306 (788) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ തുളു അക്കാദമിക്ക് സാമ്പത്തിക സഹായം അനുവദിക്കാറുണ്ടോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ 2020-21, 2021-22 വർഷങ്ങളിൽ എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളത്; വിശദാംശം അറിയിക്കാമോ?

സ്ഥാപനത്തിന്റെ വിവിധ പ്രവർത്തനങ്ങൾക്കായി 2019-20 വർഷം പദ്ധതി വിഹിതമായി 12,00,000 രൂപ (പന്ത്രണ്ട് ലക്ഷം രൂപ മാത്രം) അനുവദിച്ചിരുന്നുവെങ്കിലും ടി തുക സ്ഥാപനത്തിന് കൈമാറിയത് 2020-21 സാമ്പത്തിക വർഷമാണ്. 2021-22 സാമ്പത്തിക വർഷം ടി സ്ഥാപനത്തിന്റെ വിവിധ പ്രവർത്തനങ്ങൾക്കായി 5,00,000/-രൂപയും (അഞ്ച് ലക്ഷം രൂപ മാത്രം) സ്ഥാപനത്തിലെ ചെയർമാന് ഓണറേറിയമായി 3,60,000/-രൂപയും (മൂന്ന് ലക്ഷത്തി അറുപതിനായിരം രൂപാ മാത്രം) 2205-00-102-77-57 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽനിന്നും അനുവദിച്ചിട്ടുണ്ട്.

(സി) സാമ്പത്തിക ബുദ്ധിമുട്ടുമൂലം പ്രസ്തുത സ്ഥാപനത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ പറ്റാത്ത സാഹചര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

തുളു അക്കാദമിക്ക് പ്രവർത്തന ഫണ്ട്, ബിൽഡിംഗ് ഫണ്ട് എന്നിവ അനുവദിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ അനുബന്ധ രേഖകൾ ഹാജരാക്കാൻ സ്ഥാപനത്തോട് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ലെന്ന് സാംസ്കാരിക വകുപ്പദ്ധ്യക്ഷൻ അറിയിച്ചിട്ടുണ്ട്. രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

(ഡി) പ്രസ്തുത സ്ഥാപനത്തിന്റെ ഭരണസമിതി പുനഃസംഘടിപ്പിച്ച് ഉത്തരവായിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

15-8-2022-ലെ സ.ഉ.(സാധാ) നമ്പർ 484/2022/സാം.കാ.വ പ്രകാരം കേരള തുളു അക്കാദമിയുടെ ഭരണസമിതി പുനഃസംഘടിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

## സാംസ്കാരിക വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ നിയമനം

307 (789) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പിന്റെ നിയന്ത്രണത്തിൽ പ്ലാൻ ഫണ്ട് ലഭിക്കുന്ന സ്ഥാപനങ്ങൾ ഏതൊക്കെയാണ്?

കേരള കലാമണ്ഡലം, കേരള സംഗീത നാടക അക്കാദമി, കേരള ലളിതകലാ അക്കാദമി, കേരള സാഹിത്യ അക്കാദമി, കേരള ഫോക് ലോർ അക്കാദമി, കേരള ചലച്ചിത്ര അക്കാദമി, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, കേരള സംസ്ഥാന സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്, മലയാളം മിഷൻ, ഭാരത് ഭവൻ, കേരള ബാലഭവനുകൾ (5), വൈലോപ്പിള്ളി സംസ്കൃതി ഭവൻ, മാർഗി, വാസ്തു വിദ്യാ ഗുരുകുലം, കേരള സംസ്ഥാന ബുക്ക് മാർക്ക്, തുഞ്ചൻ സ്മാരക ട്രസ്റ്റ്, ശ്രീനാരായണ ഇന്റർനാഷണൽ സ്റ്റഡി സെന്റർ, മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി, ഗുരു ഗോപിനാഥ് നടനഗ്രാമം, ഡിപ്പാർട്ടുമെന്റ് ഓഫ് സെന്റർ ഫോർ ഹെറിറ്റേജസ് സ്റ്റഡീസ്, കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചർ.

(ബി) അവിടെ ജോലിചെയ്യുന്ന ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള എണ്ണം വ്യക്തമാക്കാമോ?

ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം-1 ആയി ഉള്ളടക്കം ചെയ്യുന്നു.*

(സി) ഇവരിൽ ദിവസവേതനക്കാർ, സ്ഥിരജീവനക്കാർ, ഇവരുടെ നിയമനരീതി എന്നിവ വിശദീകരിക്കാമോ;

(ഡി) നിയമനങ്ങളിൽ നിലവിലുള്ള സംവരണം പാലിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കാമോ?

(സി & ഡി) വിവരങ്ങൾ അനുബന്ധം-II ആയി ഉള്ളടക്കം ചെയ്യുന്നു.*

(413, 416, 417, 418, 419, 421, 422, 427, 428, 431, 432, 433, 434, 435, 436, 437, 438, 440, 441, 442, 443, 446, 447, 448, 451, 455, 456, 458, 460, 461, 462, 463, 464, 465, 466, 467, 468, 470, 471, 472, 473, 475, 476, 477, 478, 479, 480, 483, 498, 507, 513, 514, 515, 516, 517, 524, 526, 529, 536, 537, 538, 539, 540, 541, 547, 548, 549, 552, 554, 555, 574 എന്നീ ചോദ്യങ്ങളുടെ ഉത്തരങ്ങൾ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

10.00 A.M.]

## II. അടിയന്തരപ്രമേയം

ഉന്നത വിദ്യാഭ്യാസ മേഖല നേരിടുന്ന നിലവാരത്തകർച്ച

മി. സ്പീക്കർ: കണ്ണൂർ സർവ്വകലാശാലയിലുൾപ്പെടെ കേരള സർവ്വകലാശാലകളിൽ പിൻവാതിൽ നിയമനങ്ങൾ നടക്കുന്നതായും അതുമൂലം ഉന്നത വിദ്യാഭ്യാസ മേഖല തകർച്ച നേരിടുന്നതായും പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ റോജി എം. ജോൺ, മഞ്ഞളാംകുഴി അലി, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 52-ഉം 53-ഉം സഭാംഗങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. പ്രസ്തുത ചട്ടങ്ങളിൽ പറയുന്നതുപ്രകാരം കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയത്തെക്കുറിച്ചുള്ള പരാമർശം ഒഴിവാക്കി സംസാരിക്കുന്നതിന് എല്ലാവരും ശ്രദ്ധിക്കണമെന്ന് ചെയർ ഓർമ്മിപ്പിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖല പൂർണ്ണമായും തകർച്ചയിലാണെന്ന് അടിയന്തരപ്രമേയ നോട്ടീസിലൂടെ ബഹുമാനപ്പെട്ട അംഗം പറഞ്ഞിരിക്കുന്നത് തികച്ചും വസ്തുതാവിരുദ്ധമായ ആരോപണമാണ്. കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ രംഗം മാറ്റത്തിന്റെയും മുന്നേറ്റത്തിന്റെയും പാതയിലൂടെ സജീവമായി നീങ്ങിക്കൊണ്ടിരിക്കുന്നുവെന്നത് നിഷ്പക്ഷമതിയായ ഏതൊരാൾക്കും വ്യക്തമായി കാണാവുന്ന സ്ഥിതിയാണുള്ളത്. ഈ സർക്കാർ പ്രധാനമായും ഊന്നൽ നൽകുന്നത് ഉന്നത വിദ്യാഭ്യാസ മേഖലയിലായിരിക്കും എന്നുള്ളത് ഇതിനകം സഭയിലും നിരവധി വേദികളിലും ബഹുമാന്യനായ മുഖ്യമന്ത്രിയുൾപ്പെടെയുള്ളവർ വിശദീകരിച്ചിട്ടുള്ളതാണ്.

ഉന്നത വിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാര വർദ്ധനവ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്. അതിന്റെ ഭാഗമായി വലിയ മുതൽമുടക്കുകളാണ് ഉന്നത വിദ്യാഭ്യാസ മേഖലയിൽ സർക്കാർ നടത്തിയിട്ടുള്ളത്. ഒന്നാം പിണറായി സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് അവതരിപ്പിച്ച ബഡ്ജറ്റുകൾ ഈ വിഷയവുമായി ബന്ധപ്പെട്ട് സംസാരിക്കുന്ന രേഖകളാണ്. ഉന്നത വിദ്യാഭ്യാസത്തിന്റെ വികസനത്തിലൂടെ

സംസ്ഥാനത്ത് ഒരു വിജ്ഞാന സമ്പദ്‌വ്യവസ്ഥ സൃഷ്ടിക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഇതിന് പ്രത്യേക ഊന്നൽ നൽകി ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക് ഗണ്യമായ തുകയാണ് നീക്കിവച്ചിട്ടുള്ളത്. ഈ ലക്ഷ്യം നേടുന്നതിനും സമഗ്രവും സമൂലവുമായ പരിഷ്കരണങ്ങൾ കൊണ്ടുവരുന്നതിനുമായി 3 കമ്മീഷനുകളെ നിയോഗിക്കുകയും റെക്കോർഡ് വേഗത്തിൽ അവയുടെ റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുള്ളതും അതിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്. കേരളം ഇന്നുവരെ കാണാത്ത മാറ്റങ്ങൾക്കാണ് ഉന്നത വിദ്യാഭ്യാസ മേഖല സാക്ഷ്യം വഹിക്കാൻ പോകുന്നത്. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ ആർജ്ജിച്ച മുന്നേറ്റത്തിനും ലോക മാതൃകയ്ക്കും അനുപൂരകമായ വിധത്തിൽ ഉന്നത വിദ്യാഭ്യാസ മേഖലയിലും സമൂലമായ മാറ്റങ്ങൾ സൃഷ്ടിക്കാനാണ് ലക്ഷ്യം വച്ചിട്ടുള്ളത്. പശ്ചാത്തല സൗകര്യ മേഖലയിൽ കേരളത്തിലെ കലാലയങ്ങളുണ്ടാക്കിയിരിക്കുന്ന മുന്നേറ്റം സഭയിലെ മുഴുവൻ അംഗങ്ങൾക്കും വ്യക്തമായി അറിയാവുന്നതാണ്. പൊതുവിദ്യാലയങ്ങൾ പ്രതിസന്ധിയിലായിരുന്ന യു.ഡി.എഫ്. കാലഘട്ടത്തിൽനിന്നും വ്യത്യസ്തമായി കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസ മേഖലയിലെ അടിസ്ഥാനസൗകര്യ വികസനവും അക്കാദമിക ഗുണമേന്മയും ലക്ഷ്യംവച്ചുകൊണ്ട് ഒന്നാം പിണറായി സർക്കാർ ആവിഷ്കരിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ഏത് വിധത്തിലാണോ നമ്മുടെ പൊതുവിദ്യാഭ്യാസ മേഖലയിൽ മാറ്റങ്ങളുണ്ടാക്കിയത് അതിന്റെ സ്വാഭാവിക തുടർച്ചയെന്ന നിലയിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ അതേ മികവിലേയ്ക്ക് ഉയർത്തുകയാണ് ഈ സർക്കാർ ചെയ്തുകൊണ്ടിരിക്കുന്നത്. വേണ്ടത്ര അദ്ധ്യാപകരോ പഠനസൗകര്യങ്ങളോ പശ്ചാത്തല സംവിധാനങ്ങളോ ഇല്ലാതിരുന്ന കലാലയങ്ങളിൽ അവ ഉറപ്പാക്കിയതിന്റെ ഭാഗമായി വലിയ തോതിൽ വിദ്യാർത്ഥികൾ ആകർഷിക്കപ്പെടുന്ന അനുഭവം ഇവിടെയുണ്ടെന്നത് ഏവർക്കും വ്യക്തമായ കാര്യമാണ്. അത്രയേറെ മുതൽമുടക്ക് ഈ രണ്ട് മേഖലകളിലും രണ്ട് സർക്കാരുകളുടെ കാലത്തായി നടന്നുകഴിഞ്ഞിട്ടുണ്ട്.

കേരളത്തിലെ പ്രധാനപ്പെട്ട സർവ്വകലാശാലകളിൽ 2016 മുതൽ പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ എന്നീ തസ്തികകളിലായി 523 നിയമനങ്ങൾ ഒന്നും രണ്ടും പിണറായി സർക്കാരുകളുടെ ഇതുവരെയുള്ള കാലയളവിൽ പൂർത്തീകരിച്ചുകഴിഞ്ഞു. കണ്ണൂർ സർവ്വകലാശാലയിൽ 40, കോഴിക്കോട് സർവ്വകലാശാലയിൽ 76, മഹാത്മാഗാന്ധി സർവ്വകലാശാലയിൽ 46, ശ്രീശങ്കരാചാര്യ സർവ്വകലാശാലയിൽ 43, കൊച്ചി സർവ്വകലാശാലയിൽ 165, കേരള സർവ്വകലാശാലയിൽ 53 എന്നിങ്ങനെയാണ് ഇതുവരെയുള്ള അദ്ധ്യാപക നിയമനങ്ങളുടെ കണക്ക്. ഇവരെല്ലാം നിയമനത്തിന്

യോഗ്യതയുള്ളവരാണെന്ന് നിയമപരമായി രൂപീകരിച്ച സെലക്ഷൻ കമ്മിറ്റികൾ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതാണ്. ഇതുമായി ബന്ധപ്പെട്ട് നിയമ നടപടികളോ ആരോപണങ്ങളോ ഉണ്ടായിട്ടുള്ളത് അപൂർവ്വം കേസ്സുകളിൽ മാത്രമാണ്.

കണ്ണൂർ സർവ്വകലാശാലയിലെ മലയാളം വിഭാഗത്തിലെ നിയമനവുമായി ബന്ധപ്പെട്ടാണ് അടിയന്തരപ്രമേയത്തിൽ പരാമർശിച്ചിട്ടുള്ളത്. 22-09-2021-ലാണ് മലയാളം വിഭാഗത്തിൽ അസോസിയേറ്റ് പ്രൊഫസർ തസ്തികയുൾപ്പെടെ അദ്ധ്യാപക നിയമനത്തിന് കണ്ണൂർ സർവ്വകലാശാല അപേക്ഷ ക്ഷണിച്ചത്. മലയാളം വിഭാഗത്തിലെ അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേയ്ക്ക് 10 അപേക്ഷകൾ ലഭിക്കുകയും സ്ക്രീനിംഗ് കമ്മിറ്റി അതിൽ 6 പേരെ അഭിമുഖത്തിന് വിളിക്കുന്നതിനായി ഷോർട്ട് ലിസ്റ്റ് ചെയ്യുകയും ചെയ്തു. യു.ജി.സി. റെഗുലേഷൻ നിഷ്കർഷിക്കുന്ന മിനിമം അക്കാദമിക് സ്കോറുൾപ്പെടെ നിർദ്ദിഷ്ട അടിസ്ഥാന യോഗ്യതയുള്ളവരെയാണ് അഭിമുഖത്തിനായി വിളിച്ചത്. യു.ജി.സി. റെഗുലേഷൻപ്രകാരം രൂപീകരിച്ച വൈസ് ചാൻസലർ ചെയർമാനായ 8 അംഗ സെലക്ഷൻ കമ്മിറ്റിയാണ് ഇവരെ ഇന്റർവ്യൂ ചെയ്തത്. ഈ കമ്മിറ്റിയിൽ ചാൻസലറുടെ പ്രതിനിധിയും മൂന്ന് വിഷയ വിദഗ്ദ്ധരും ഫാക്കൽറ്റി ഡീനും ബന്ധപ്പെട്ട വകുപ്പ് മേധാവിയും പട്ടികജാതി-പട്ടികവർഗ്ഗ-ന്യൂനപക്ഷ-വനിത-ഭിന്നശേഷി വിഭാഗത്തെ പ്രതിനിധീകരിക്കുന്ന എക്സ്പെർട്ടും ഉൾപ്പെടുന്നുണ്ട്. ഇവർ നിബന്ധനകൾ പാലിച്ചുതന്നെയാണ് മാർക്ക് നൽകി സെലക്ട് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. സിൻഡിക്കേറ്റ് ഇത് അംഗീകരിക്കുകയും പ്രൊവിഷണൽ റാങ്ക് പട്ടിക അംഗീകരിച്ച് 19-07-2022-ൽ വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു. ഇവരുടെ സർട്ടിഫിക്കറ്റുകൾ പരിശോധിച്ച് അന്തിമ പട്ടിക തയ്യാറാക്കുന്ന നടപടികൾ നടന്നുവരികയാണ്. ഇതിനിടെ ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ഒരു റിട്ട് ഹർജി വന്നിട്ടുണ്ട്. ഇത് ഹൈക്കോടതിയുടെ പരിഗണനയിലായതിനാൽ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഇപ്പോൾ കടക്കുന്നില്ല.

സർവ്വകലാശാലകൾ നിയമന കാര്യങ്ങളുൾപ്പെടെയുള്ള വിഷയങ്ങളിൽ തീർത്തും സ്വയംഭരണ സ്ഥാപനങ്ങളാണ്. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ കണ്ണൂർ സർവ്വകലാശാല വൈസ് ചാൻസലർ വിശദീകരണം നൽകി ചാൻസലറെ ബോധിപ്പിച്ചിട്ടുണ്ട്. സർക്കാരിന് നിയമനകാര്യവുമായി യാതൊരുവിധ ബന്ധവുമില്ല. നിലവിലുള്ള കീഴ്വഴക്കമോ മാനദണ്ഡമോ നിയമന യോഗ്യത കണക്കാക്കുന്നതിൽ ലംഘിക്കപ്പെട്ടില്ലെന്നാണ് സർവ്വകലാശാലയ്ക്ക് ലഭിച്ച നിയമോപദേശം. സർവ്വകലാശാലാ വൈസ് ചാൻസലർ നിയമനത്തിൽ കഴിവും ഉയർന്ന യോഗ്യതയുമുള്ളവരെ തഴയുകയാണെന്ന് പൊതുവായി ചർച്ച ഉയർത്തിക്കൊണ്ടുവരാൻ ശ്രമിക്കുന്നതിന്റെ പശ്ചാത്തലം കേരളത്തിലെ മുഴവൻ

ആളുകൾക്കും ഇതിനകം ബോദ്ധ്യപ്പെട്ടിട്ടുണ്ട്. കേരളത്തിലെ സർവ്വകലാശാലാ വൈസ് ചാൻസലർമാരാകെ ശ്രദ്ധേയമായ അക്കാദമിക് നേട്ടങ്ങളും അഡ്മിനിസ്ട്രേറ്റീവ് മികവും ഉള്ളവരാണ്. കേരള യൂണിവേഴ്സിറ്റി NAAC അക്രെഡിറ്റേഷനിൽ നേടിയ A++, കാലടി സർവ്വകലാശാലയുടെ A+, പട്ടാമ്പി ഗവണ്മെന്റ് കോളേജുൾപ്പെടെയുള്ള സർക്കാർ കലാലയങ്ങൾ നേടിയിട്ടുള്ള ഉയർന്ന സ്കോർ തുടങ്ങിയവയൊക്കെ കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖല ആർജ്ജിച്ച നേട്ടങ്ങൾക്ക് തെളിവാണ്. വിദ്യാഭ്യാസ രംഗത്തെ കോർപ്പറേറ്റ്വൽക്കരിക്കാനും വരേണ്യവൽക്കരിക്കാനും കാവിവൽക്കരിക്കാനും രാജ്യമാകെ നടത്തിക്കൊണ്ടിരിക്കുന്ന ശ്രമങ്ങൾ വളരെ കരുത്താർജ്ജിക്കുമ്പോൾ ജനപക്ഷമായ ബദൽ ഒരുക്കുകയാണ് കേരളം. ഉന്നത വിദ്യാഭ്യാസരംഗത്ത് സംസ്ഥാനമുണ്ടാക്കുന്ന നേട്ടങ്ങളെയാകെ ഇകഴ്ത്തി കാണിക്കാനാണ് ദൗർഭാഗ്യവശാൽ അടിയന്തരപ്രമേയ നോട്ടീസിലൂടെ ശ്രമിക്കുന്നത്. ഈ സർക്കാരിന്റെ മുൻഗണനാ മേഖലയാണ് ഉന്നത വിദ്യാഭ്യാസവിഭാഗമെന്നതുകൊണ്ടാണ് അതിനെ കരിവാരിത്തേയ്ക്കാൻ ബോധപൂർവ്വം പരിശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. അടിയന്തരപ്രമേയ നോട്ടീസിൽ പറയുന്ന കാര്യങ്ങൾ തീർത്തും അടിസ്ഥാനരഹിതമാണ്.

ശ്രീ. റോജി എം. ജോൺ: സർ, സർവ്വകലാശാലകളെക്കുറിച്ച് മഹാനായ വിൻസ്റ്റൺ ചർച്ചിൽ പറഞ്ഞിട്ടുള്ളത്, "The first duty of a university is to teach wisdom, not trade; character, not technicalities" എന്നാണ്. പക്ഷെ, നിർഭാഗ്യവശാൽ ഇന്ന് സർവ്വകലാശാലകളിൽ നടന്നുകൊണ്ടിരിക്കുന്നത് സാങ്കേതികത്വങ്ങളുടെ പേരിൽ പച്ചയായ കച്ചവടമാണെന്ന യാഥാർത്ഥ്യമാണെന്നത് കാണാതെ പോകാൻ സാധിക്കില്ല. ഈ വിഷയം അടിയന്തരപ്രമേയമായി വരാനുണ്ടായ സാഹചര്യം പ്രധാനമായും കണ്ണൂർ സർവ്വകലാശാലയിലെ അസോസിയേറ്റ് പ്രൊഫസർ നിയമനവുമായി ബന്ധപ്പെട്ടുകൊണ്ടാണ്. സർവ്വകലാശാലാ വൈസ് ചാൻസലർ ഡോ. ഗോപിനാഥ് രവീന്ദ്രന്റെ അദ്ധ്യക്ഷതയിലുള്ള സെലക്ഷൻ കമ്മിറ്റി, മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി xxxxxx* ഭാര്യയ്ക്ക് ഒന്നാംറാങ്ക് നൽകിയത് മാനദണ്ഡങ്ങൾ കാറ്റിൽ പറത്തിക്കൊണ്ടാണെന്ന് ഈ മാനദണ്ഡങ്ങൾ വായിച്ച് മനസ്സിലാക്കുന്ന ഏതൊരു വ്യക്തിക്കും ബോദ്ധ്യമാകുന്ന കാര്യമാണ്. ഇന്റർവ്യൂവിൽ പങ്കെടുത്ത മുഴവൻ ഉദ്യോഗാർത്ഥികളുടെയും റിസർച്ച് സ്കോറും അവരുടെ അദ്ധ്യാപന പരിചയ കാലഘട്ടവും വിലയിരുത്തിയാൽ, അതിൽ ഏറ്റവും കുറവ് റിസർച്ച് സ്കോറും ഏറ്റവും കുറവ് അദ്ധ്യാപന പരിചയവുമുള്ള ആൾക്കാണ് സർവ്വകലാശാല ഒന്നാം റാങ്ക് നൽകി നിയമനം നടത്തിയതെന്ന കാര്യത്തിലൂടെ ഈ സർക്കാരിനും സർവ്വകലാശാലകൾക്കുമെല്ലാം ഇതുമായി ബന്ധപ്പെട്ട് എന്ത് സമീപനമാണുള്ളതെന്ന് മനസ്സിലാക്കാം.

---

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം സഭാരേഖകളിൽനിന്നും നീക്കം ചെയ്തു.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, സഭയിൽ ഹാജരില്ലാത്ത ഒരാളുടെ പേര് പരാമർശിക്കാൻ പാടില്ല.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗം ആ വിഷയവുമായി ബന്ധപ്പെട്ട വ്യക്തിയുടെ പേര് പരാമർശിച്ചിരുന്നു. സഭയിൽ ഹാജരല്ലാത്ത ഒരാളുടെ പേര് സഭാരേഖയിലുണ്ടാകില്ല.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, എന്നാൽ പേര് പറയാതെ വിശദമാക്കാം.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, പേര് പരാമർശിച്ചു കഴിഞ്ഞു.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, സഭയിൽ ഹാജരല്ലാത്ത ഒരാളുടെ പേര് പറയാൻ പാടില്ലേ?

<u>മി. സ്പീക്കർ</u>: സഭയിൽ ഹാജരല്ലാത്തവരെക്കുറിച്ച് ആക്ഷേപകരമായ പരാമർശങ്ങൾ നടത്താൻ പാടില്ല.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, ബഹുമാനപ്പെട്ട മന്ത്രി ഈ വിഷയവുമായി ബന്ധപ്പെട്ട് മറുപടി പറഞ്ഞ സമയത്ത് ഇക്കാര്യം പരാമർശിക്കുകയും പ്രസ്തുത വ്യക്തിയുടെ നിയമനം പൂർണ്ണമായും നിയമാനുസൃതമാണെന്ന രീതിയിൽ ന്യായീകരിക്കുകയും ചെയ്തപ്പോൾ ഞാൻ അതിന്റെ മറുവശം വ്യക്തമാക്കണ്ടേ? ബഹുമാനപ്പെട്ട മന്ത്രി സംസാരിച്ചതിന്റെ ബാക്കിഭാഗമാണ് ഞാൻ പറയുന്നത്. മന്ത്രിതന്നെയാണ് ഈ വിഷയം പരാമർശിച്ചത്. അതുകൊണ്ട് അതിനുള്ള മറുപടി പറയേണ്ട ഉത്തരവാദിത്വം ഞങ്ങൾക്കുണ്ട്. 156 സ്കോർ പോയിന്റ് മാത്രമുള്ള പ്രസ്തുത വ്യക്തി ഒന്നാം റാങ്ക് നേടിയപ്പോൾ, ഏറ്റവും കൂടുതൽ റിസർച്ച് സ്കോറായ 651 പോയിന്റ് നേടിയ ചങ്ങനാശ്ശേരി, എസ്.ബി. കോളേജിലെ ഒരദ്ധ്യാപകനും 645 സ്കോർ പോയിന്റുള്ള മലയാളം സർവ്വകലാശാലയിലെ ഒരദ്ധ്യാപകനും യഥാക്രമം രണ്ടും മൂന്നും റാങ്കാണ് നൽകിയിട്ടുള്ളത്. സർക്കാരിന് താൽപര്യമുള്ള വ്യക്തിക്ക് നിയമനം നൽകാനായി ഇന്റർവ്യൂവിൽ 32 മാർക്ക് നൽകി ഒന്നാം റാങ്കിൽ എത്തിക്കുകയും റിസർച്ച് സ്കോർ ഏറ്റവും കൂടുതൽ നേടിയ പതിനഞ്ച് വർഷത്തെ അദ്ധ്യാപന പരിചയമുള്ള വ്യക്തിക്ക് 30 മാർക്ക് നൽകുകയും അടുത്തയാളിന് 28 മാർക്ക് നൽകുകയുംവഴി അവരെ രണ്ടും മൂന്നും റാങ്കുകളിൽ എത്തിക്കുകയും ചെയ്തു. എങ്ങനെയാണ് ഈ വ്യക്തിക്ക് അവിടെ നിയമനം നൽകിയതെന്ന് എല്ലാവർക്കും വളരെ നന്നായി മനസ്സിലാകുന്നതാണ്. നിയമനം ലഭിച്ച പ്രസ്തുത വ്യക്തിയും സർവ്വകലാശാലയും ഇതിനെ ന്യായീകരിക്കുന്ന ഇടതുപക്ഷ നേതാക്കളുമെല്ലാം ചാനൽ ചർച്ചകളിലെല്ലാം പങ്കെടുത്തുകൊണ്ട്

സംസാരിക്കുന്നത് ഈ വ്യക്തിക്ക് എട്ടുവർഷത്തെ അദ്ധ്യാപന പരിചയമുണ്ടെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ടാണ്. എട്ടുവർഷത്തെ അദ്ധ്യാപന പരിചയത്തെ സംബന്ധിച്ച് വളരെ വ്യക്തമായി യൂണിവേഴ്സിറ്റി മാനദണ്ഡങ്ങളിൽ വ്യക്തമാക്കുന്നുണ്ട്. ....(ബഹളം) ...

ശ്രീ. എ. എൻ. ഷംസീർ: സർ, സഭാചട്ടങ്ങൾ ലംഘിച്ചുകൊണ്ടാണ് ബഹുമാനപ്പെട്ട അംഗം വിഷയം അവതരിപ്പിക്കുന്നത്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, സഭാ ചട്ടം വായിച്ച് കേൾപ്പിക്കണം. ....(ബഹളം)....

മി. സ്പീക്കർ: അടിയന്തര പ്രമേയത്തിന് അവതരണാനുമതി നൽകിയ സന്ദർഭത്തിൽത്തന്നെ വ്യക്തമാക്കിയതാണ്. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 52-ഉം 53-ഉം ഓർമ്മിപ്പിച്ചുകൊണ്ടാണ് ചെയർ പ്രമേയത്തിന് അവതരണാനുമതി നൽകിയത്. ചട്ടം 52(vii)-ൽ പറയുന്നത്, "ഇന്ത്യയുടെ ഏതെങ്കിലും ഭാഗത്ത് വിചാരണാധികാരമുള്ള ഒരു നിയമകോടതിയുടെ തീരുമാനത്തിലിരിക്കുന്ന സംഗതി പ്രമേയത്തിൽ പ്രതിപാദിക്കാൻ പാടുള്ളതല്ല" എന്നാണ്. ചട്ടം (53)-ലെ പ്രസക്ത ഭാഗങ്ങൾ മാത്രം വായിക്കാം. ".....അന്വേഷണ വിചാരണ നടത്തുന്നതിനോ നിയമിക്കപ്പെട്ട ഏതെങ്കിലും കമ്മീഷന്റെയോ അന്വേഷണ കോടതിയുടെയോ മുമ്പാകെ തീർപ്പാകാതിരിക്കുന്ന ഒരു സംഗതിയെക്കുറിച്ച് ഒരു ചർച്ച ഉന്നയിക്കാൻ ഉദ്ദേശിക്കുന്ന ഒരു പ്രമേയവും അവതരിപ്പിക്കാൻ സാധാരണഗതിയിൽ അനുവദിക്കാൻ പാടില്ല." അത് ചെയറിന്റെ വിവേചനാധികാരമാണ്. അതനുസരിച്ച് ഈ വിഷയമുന്നയിക്കാൻ അവസരം നൽകിയത് വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ്. അത് പാലിക്കാൻ ബഹുമാനപ്പെട്ട അംഗത്തിന് ബാദ്ധ്യതയുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ആ പരിധിക്കുള്ളിൽനിന്നുകൊണ്ടാണ് സംസാരിച്ചത്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, അങ്ങ് വായിച്ചത് റൂളാണ്. സഭയുടെ പ്രീസിഡന്റുണ്ട്. കോടതിയുടെ പരിഗണനയിലുണ്ടായിരുന്ന വിഷയമായിരുന്ന ബാർ കോഴ കേസ് ചർച്ച ചെയ്യുന്നതിനായി ആറ് ദിവസം റൂൾ 50 അനുവദിക്കുകയുണ്ടായി. സോളാർ കേസുമായി ബന്ധപ്പെട്ട് അതിനേക്കാൾ കൂടുതൽ തവണ റൂൾ 50 അനുവദിക്കുകയുണ്ടായി. ബഹുമാനപ്പെട്ട മന്ത്രിതന്നെ ഇതുമായി ബന്ധപ്പെട്ട ഒരു ന്യായീകരണം നടത്തി. ഇവിടെ നൽകിയ നോട്ടീസിൽ പറയുന്നത് irregular ആയിട്ടുള്ള നിയമനം നടന്നിരിക്കുന്നത് സംബന്ധിച്ചാണ്. അങ്ങ് പറഞ്ഞത് ഈ കേസുമായി ബന്ധപ്പെട്ടവരുടെ പേരുകൾ വെളിപ്പെടുത്താൻ

പാടില്ലെന്നാണ്. പേര് വെളിപ്പെടുത്താതെതന്നെ irregular നിയമനം നടന്നിട്ടുള്ളതുമായി ബന്ധപ്പെട്ട വിഷയം സഭയിൽ പറയാൻ പാടില്ലേ? ഈ സംസ്ഥാനത്തുണ്ടാകുന്ന എല്ലാ പ്രധാനപ്പെട്ട വിഷയങ്ങളും കോടതികളുടെ പരിഗണനയിലാണ്. അങ്ങനെയെങ്കിൽ ഒരു വിഷയവും സഭയിൽ സംസാരിക്കാൻ കഴിയില്ല. കോടതിയുടെ പരിഗണനയിൽ തീർപ്പുകൽപ്പിക്കാനിരിക്കുന്ന ഒരു വിഷയത്തെ സ്വാധീനിക്കുന്ന തരത്തിലുള്ളതല്ല ഇവിടെ നടക്കുന്ന ചർച്ച. വളരെ ഗുരുതരമായ ജനകീയ വിഷയം സഭയിൽ ചർച്ച ചെയ്യുന്നതിനാണ് നോട്ടീസ് നൽകിയിട്ടുള്ളത്. അട്ടപ്പാടിയിലെ മധുവിന്റെ മരണവുമായി ബന്ധപ്പെട്ട വിഷയത്തിൽ കോടതിയുടെ ചോദ്യം വന്നില്ലേ? അത് ട്രയൽ തുടങ്ങാൻപോകുന്ന കേസാണല്ലോ? നിയന്ത്രണമേർപ്പെടുത്തി, ഒന്നും സംസാരിക്കേണ്ടന്നാണ് ഉദ്ദേശിക്കുന്നതെങ്കിൽ അതിനോട് ഞങ്ങൾക്ക് എതിർപ്പുണ്ട്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഇത് സഭയിൽ എപ്പോഴും ഉന്നയിക്കുന്ന ഒരു വാദമാണ്. അതിന്റെ കൃത്യതയിലേയ്ക്കൊന്നും പോകേണ്ട. ചട്ടങ്ങൾ വേണമെങ്കിൽ മാറ്റാം. But you cannot over rule a rule by a precedent. നേരത്തെ ഒരു കീഴ്വഴക്കമുണ്ടെന്നുള്ളതുകൊണ്ട് ചട്ടം ലംഘിക്കാൻ പറ്റുമോ? ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് നേരത്തെ കൗൾ ആൻഡ് ശക്ധർ ഉദ്ധരിക്കുകയുണ്ടായി. What is sub judice? Members cannot refer to any matter of fact on which a judicial decision is pending. ഇതിന് വളരെ clear cut കേസാണുള്ളത്; എന്നുപറഞ്ഞാൽ process is going on, judicial decision is pending. അതിനെക്കുറിച്ച് വളരെ കൃത്യമായി വിശദീകരിച്ചിട്ടുണ്ട്. അതുകൊണ്ട് ഏതെങ്കിലും കാലത്തുണ്ടായ കീഴ്വഴക്കത്തിന്റെ പേരിൽ ചട്ടങ്ങൾ ലംഘിക്കാൻ പറ്റില്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, റൂളിന്റെ ഉദ്ദേശ്യമെന്താണ്? ബഹുമാനപ്പെട്ട കോടതിയുടെ മുന്നിലുള്ള കേസ്സുമായി ബന്ധപ്പെട്ട് വാരാൻപോകുന്ന വിധിയെ സ്വാധീനിക്കുന്ന വിധത്തിൽ പറയരുതെന്നാണ്. അതിനെ റഫർ ചെയ്തുകൊണ്ട് സംസാരിക്കാം. ബഹുമാനപ്പെട്ട മന്ത്രി റഫർ ചെയ്താണ് സംസാരിച്ചത്. ആ വിധിയെ സ്വാധീനിക്കത്തക്ക നിലയിലല്ലാതെ പരാമർശിക്കാൻ ബഹുമാനപ്പെട്ട അംഗത്തിന് എല്ലാവിധ അധികാരവുമുണ്ട്. That rule itself is very clear. അത് വായിച്ചുനോക്കിയാൽ മനസ്സിലാകും.

മി. സ്പീക്കർ: ചെയർ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെയും ബഹുമാനപ്പെട്ട നിയമവകുപ്പുമന്ത്രിയുടെയും ശ്രീ. രമേശ് ചെന്നിത്തലയുടെയും അഭിപ്രായം കേൾക്കുകയുണ്ടായി. ഇതിൽ റൂളിന്റെ ഉദ്ദേശ്യം വ്യാഖ്യാനത്തിന് പഴുതില്ലാത്തവിധത്തിൽ പ്രകടമാണ്. വ്യാഖ്യാനത്തിന്റെ പ്രശ്നം വരുന്നില്ല.

കാരണം റൂളിലെ 52(vii)-ൽ പറഞ്ഞിട്ടുള്ളത് "ഇന്ത്യയുടെ ഏതെങ്കിലും ഭാഗത്ത് വിചാരണാധികാരമുള്ള ഒരു നിയമകോടതിയുടെ തീരുമാനത്തിലിരിക്കുന്ന സംഗതി പ്രമേയത്തിൽ പ്രതിപാദിക്കാൻ പാടുള്ളതല്ല" എന്നാണ്. വ്യാഖ്യാനത്തിനൊന്നും ഒരു പഴുതും ഇക്കാര്യത്തിലില്ല. റൂൾ 53-ൽ പറയുന്നത് "..... ഏതെങ്കിലും കമ്മീഷന്റെയോ അന്വേഷണ കോടതിയുടെയോ മുമ്പാകെ തീർപ്പാകാതിരിക്കുന്ന ഒരു സംഗതിയെക്കുറിച്ച് ഒരു ചർച്ച ഉന്നയിക്കാൻ ഉദ്ദേശിക്കുന്ന ഒരു പ്രമേയവും അവതരിപ്പിക്കാൻ സാധാരണഗതിയിൽ അനുവദിക്കാൻ പാടില്ല." എന്നാണ്. അതിന്റെയർത്ഥം ചെയറിന്റെ വിവേചനാധികാരം ഉപയോഗിച്ച് വേണമെങ്കിൽ അനുവദിക്കാം എന്നാണ്. പ്രതിപക്ഷനേതാവും ശ്രീ. രമേശ് ചെന്നിത്തലയും സംസാരിച്ചപ്പോൾ ചെയർ സശ്രദ്ധം കേട്ടിരുന്നു, ഇടയ്ക്ക് തടസ്സപ്പെടുത്തിയിട്ടില്ല. ഇത് ചെയറിന്റെ വിവേചനാധികാരമാണ്. ആ അധികാരം ഉപയോഗിച്ചാണ് വേണമെങ്കിൽ അനുവദിക്കാതിരിക്കാമായിരുന്ന ഒരു പ്രമേയം അവതരിപ്പിക്കാൻ അനുവദിക്കുമ്പോൾ കോടതിയുടെ പരിഗണനയിലുള്ള വിഷയം വരരുതെന്ന് ആദ്യംതന്നെ വ്യക്തമായി പറഞ്ഞത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഉന്നയിച്ച കാര്യം നേരത്തെ ചർച്ച ചെയ്തിട്ടുള്ളതാണ്. അതും വ്യക്തമാണ്. റൂളുള്ള കാര്യത്തിൽ precedent-ന്റെ പ്രശ്നം വരുന്നില്ല. റൂൾ ഇല്ലാത്ത സാഹചര്യത്തിലാണ് precedent വരുന്നത്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, സൗകര്യത്തിനനുസരിച്ചാണ് പ്രമേയവും അനുവദിക്കുന്നത്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ പറഞ്ഞത് ചെയർ സൗകര്യാധിഷ്ഠിതമായി പ്രമേയം അനുവദിക്കുന്നുവെന്നാണ്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, അതാണ് ഗവണ്മെന്റ് നിലപാട്.

<u>മി. സ്പീക്കർ</u>: അത് ഗവണ്മെന്റ് വിശദീകരിക്കും. ചെയറിന് ഏറ്റവും സൗകര്യപ്രദമായ കാര്യം, റൂൾ പറഞ്ഞ് ഈ പ്രമേയം അവതരിപ്പിക്കാൻ അനുവദിക്കാതിരിക്കുക എന്നതായിരുന്നു. എന്നാൽ ചെയർ സ്വീകരിച്ച സമീപനം അതല്ല. ബഹുമാനപ്പെട്ട അംഗത്തിന് സംസാരിക്കാൻ അവസരം നൽകിയതാണ്. ബഹുമാനപ്പെട്ട മന്ത്രി സംസാരിക്കുന്നതിനുമുമ്പാണ് ചെയർ കോടതിയുടെ കാര്യം പറഞ്ഞത്. അങ്ങ് സംസാരിക്കുമ്പോൾ മാത്രമല്ല പറഞ്ഞത്. ആ പരിധിയിൽനിന്നാണ് ബഹുമാനപ്പെട്ട മന്ത്രി സംസാരിച്ചത്. അങ്ങും ആ പരിധി പാലിക്കാൻ ബാദ്ധ്യസ്ഥനാണ്.

<u>ശ്രീ. റോജി. എം. ജോൺ</u>: സർ, അങ്ങ് പറഞ്ഞതിനെ ഞാൻ പൂർണ്ണമായി അംഗീകരിക്കുന്നു, പരിധിക്കുള്ളിൽനിന്ന് സംസാരിക്കാൻ ആഗ്രഹിച്ച വ്യക്തിയാണ്. പക്ഷേ ബഹുമാനപ്പെട്ട മന്ത്രി ഒരു പ്രത്യേക വിഷയം

പരാമർശിക്കുകയും അത് പൂർണ്ണമായും ക്രമാനുസൃതമാണെന്ന രീതിയിൽ ഇവിടെ വാദമുഖമുന്നയിക്കുകയും ചെയ്തപ്പോൾ അതിന്റെ മറുവശം പറയേണ്ട ഉത്തരവാദിത്വം എനിക്കുണ്ട്. ഞാൻ അത് പറയുക മാത്രമാണ് ചെയ്തത്.

മി. സ്പീക്കർ: മന്ത്രി അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും പോയിട്ടില്ല.

ശ്രീ. റോജി എം. ജോൺ: സർ, ഇവിടെ മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയുടെയോ അദ്ദേഹത്തിന്റെ ഭാര്യയുടെ പേരോ പറയാൻ സാധിക്കില്ലെന്നത് ഞാൻ അംഗീകരിക്കുന്നു. ഞാൻ ആ പേര് പറയുന്നില്ല. അത് പറയാതെ കാര്യത്തിന്റെ മെറിറ്റിലേയ്ക്ക് ഞാൻ പൊയ്ക്കൊള്ളാം. കാരണം ഇവിടെ പേരുകൾ പറഞ്ഞാൽ ഇവിടെയിരിക്കുന്ന പല ആളുകളുടെയും അവരുടെ ഭാര്യമാരുടെയും പേരുകൾ പറയേണ്ടിവരും. ഞാൻ ആ പേരുകളിലേയ്ക്കൊന്നും കടക്കുന്നില്ല. എന്നെക്കൊണ്ട് അത് പറയിപ്പിക്കാതിരിക്കുന്നതാണ് നല്ലതെന്നുമാത്രമെ ആമുഖമായി പറയാൻ ആഗ്രഹിക്കുന്നുള്ളൂ. ...(ബഹളം)... ഇപ്പോൾ വിവാദമായിരിക്കുന്ന കണ്ണൂർ സർവ്വകലാശാലയിലെ നിയമനവുമായി ബന്ധപ്പെട്ട് യു.ജി.സി.-യുടെ കൃത്യമായ റെഗുലേഷനുണ്ട്. 2018-ലെ റെഗുലേഷൻ ക്ലോസ് 3.11-ൽ വളരെ വ്യക്തമായി പറയുന്നത്, "The period of time taken by candidates to acquire M.Phil. or Ph.D. Degree shall not be considered as teaching/research experience to be claimed for appointment to the teaching positions." അതായത് Ph.D. എടുക്കാനോ അല്ലെങ്കിൽ മറ്റ് ആവശ്യങ്ങൾക്കുവേണ്ടി എടുത്തിരിക്കുന്ന ലീവോ അല്ലെങ്കിൽ അതിനായി എടുത്തിരിക്കുന്ന ഡെപ്യൂട്ടേഷൻ കാലയളവോ ഡയറക്ട് റിക്രൂട്ട്മെന്റിലേയ്ക്ക് യോഗ്യതയായി പരിഗണിക്കാൻ പാടില്ലെന്ന യു.ജി.സി. ഗൈഡ്ലൈനിന്റെ നഗ്നമായ ലംഘനമാണ് കണ്ണൂർ യൂണിവേഴ്സിറ്റിയിൽ നടന്നിരിക്കുന്നത്. അപ്പോൾ ഒരുകാര്യം വ്യക്തമാണ്. അതിന്റെ further ആയി പറയുന്നു. The period of active service spent on pursuing Research Degree simultaneously with teaching assignment without taking any kind of leave, shall be counted as teaching experience for the purpose of direct recruitment/promotion. അതായത് ഒരു വ്യക്തി അദ്ധ്യാപന കാലയളവിലിരിക്കുമ്പോൾ അവർ പൂർണ്ണമായും മൂന്ന് വർഷം ലീവെടുത്ത് FDP (Faculty Development Programme) -യ്ക്കോ അല്ലെങ്കിൽ Ph.D.-യ്ക്കോ പോകുമ്പോൾ ആ കാലയളവ് കണക്കാക്കാൻ സാധിക്കില്ല. എന്നാൽ പാർട്ട്ടൈം സ്കോളറായി ഒരു കോളേജിൽ പഠിപ്പിച്ചുകൊണ്ടിരിക്കുന്ന വേളയിൽ പിഎച്ച്.ഡി. ചെയ്യുകയാണെങ്കിൽ ആ കാലയളവ് കണക്കാക്കാമെന്ന് പറയുന്നുണ്ട്. ഫുൾടൈം സ്കോളറായി ലീവെടുത്തുപോയ കാലയളവുകൂടി ഒരു വ്യക്തിക്ക് നിയമനം നൽകുന്നതിനുവേണ്ടി

യു.ജി.സി. ഗൈഡ്‌ലൈനുകൾ പൂർണ്ണമായി കാറ്റിൽപ്പറത്തി യൂണിവേഴ്സിറ്റി ഉപയോഗിച്ചിരിക്കുകയാണെന്നത് വളരെ വ്യക്തമാണ്. യോഗ്യതയുള്ള മുഴുവൻപേരെയും മാറ്റിനിർത്തി, യാതൊരു മാനദണ്ഡങ്ങളുമില്ലാതെ, അടിസ്ഥാന യോഗ്യതപോലുമില്ലാത്തയാൾക്ക് രാഷ്ട്രീയ സ്വാധീനത്തിന്റെ പേരിൽ മാത്രം നിയമനം കൊടുക്കുന്ന കാഴ്ചയാണ് ഇവിടെ കാണുന്നത്. അതുകൊണ്ടുതന്നെയാണ് ഇതിൽ കോടതി ഇടപെടുകയും അത് സ്റ്റേ ചെയ്യുകയും ചെയ്തിരിക്കുന്നത്.

<u>മി. സ്പീക്കർ</u>: അത്തരം പരാമർശങ്ങളിലേയ്ക്ക് പോകരുതെന്നാണ് നേരത്തെ പറഞ്ഞത്. കോടതിയുടെ പരിഗണനയിലിരിക്കുന്ന കാര്യത്തിലേയ്ക്കാണ് അങ്ങ് പോകുന്നത്.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, ഞാൻ കോടതിയുടെ പരിഗണനയിലിരിക്കുന്ന കേസ്സിനെക്കുറിച്ച് പറയുന്നില്ല. ഒറ്റകാര്യം ചെയ്താൽ മതി, കോടതിയുടെ അധികാരം വെട്ടിക്കുറയ്ക്കാനുള്ള ഓർഡിനൻസുകൂടി കൊണ്ടുവരാതിരുന്നാൽ മതി. ഇനി അതാണ് ഞങ്ങൾക്കൊക്കെ പേടി. മറ്റ് വിഷയങ്ങളെക്കുറിച്ച് പറഞ്ഞാൽ കുറേയേറെ കേസ്സുകൾ പറയേണ്ടതായി വരും. കുസാറ്റിലെ ചട്ടങ്ങൾക്ക് വിരുദ്ധമായി ഡോക്ടറേറ്റുണ്ടായിരുന്നവരെയെല്ലാം ഒഴിവാക്കി ഒരു നേതാവിന്റെ ഭാര്യയ്ക്ക് നിയമനം നൽകിയിരിക്കുന്നു. നെറ്റും പിഎച്ച്.ഡി.-യും ഗവേഷണ പരിചയവും പ്രസിദ്ധീകരണങ്ങളും അദ്ധ്യാപക പരിചയവുമുള്ള നൂറോളം ആളുകളെ മാറ്റിനിർത്തി ഗവേഷണ പ്രസിദ്ധീകരണങ്ങളിൽ ഡാറ്റാ തട്ടിപ്പ് നടത്തിയെന്ന ആരോപണമുള്ള ഒരു നേതാവിന്റെ ഭാര്യയ്ക്ക് കേരള സർവ്വകലാശാലയിൽ ബയോകെമിസ്ട്രി വിഭാഗത്തിൽ അദ്ധ്യാപികയായി നിയമനം നൽകി. പ്രസ്തുത വ്യക്തിതന്നെ കേരള സർവ്വകലാശാലയിൽ അസിസ്റ്റന്റ് പ്രൊഫസറുടെ നിയമനത്തിനുള്ള അപേക്ഷയോടൊപ്പം സമർപ്പിച്ച ഗവേഷണ പ്രസിദ്ധീകരണങ്ങളിൽ നടത്തിയ ഡാറ്റാ തട്ടിപ്പ് തനിക്ക് പറ്റിയ വീഴ്ചയാണെന്നും മാപ്പാക്കണമെന്നും അപേക്ഷിച്ചുകൊണ്ട് പബ്ലിഷേഴ്സിന് കത്ത് നൽകിയിട്ടുണ്ട്. തനിക്ക് പറ്റിയ തെറ്റാണിതെന്നും മാപ്പാക്കണമെന്നും പറഞ്ഞുകൊണ്ട് പ്രസിദ്ധീകരിച്ച വ്യക്തിതന്നെ പ്രസാധകന് കത്ത് കൊടുക്കുകയും ആ പബ്ലിക്കേഷൻ ഉൾപ്പെടെ പരിഗണിച്ചുകൊണ്ട് നൂറോളം ആളുകളെ മാറ്റിനിർത്തി ഒരു നേതാവിന്റെ ഭാര്യയ്ക്ക് നിയമനം നൽകിയിരിക്കുകയുമാണ്. സംസ്കൃത സർവ്വകലാശാലയിലെ ഇന്റർവ്യൂ ബോർഡിലിരുന്നവർ പറഞ്ഞത് ഞങ്ങൾ ശീർഷാസനത്തിൽനിന്നാണ് മാർക്കിട്ടിരിക്കുന്നതെന്നാണ്. അത്തരത്തിലാണ് അവിടെ നിയമനം നടത്തിയിരിക്കുന്നത്. ഇതുപോലെ നിരവധി കേസ്സുകൾ പറയേണ്ടിവരും. കാലിക്കറ്റ് സർവ്വകലാശാലയിൽ വളരെ വിചിത്രമായ സംഭവമുണ്ടായി. ഒരു വ്യക്തി

ഡോക്ടറേറ്റ് ബിരുദത്തിന് സമർപ്പിച്ച പ്രബന്ധം കോപ്പിയടിച്ചതാണെന്ന് സിൻഡിക്കേറ്റ് സമിതി കണ്ടെത്തി. ഗവേഷണ പ്രബന്ധത്തിന്റെ ഏകദേശം 70 ശതമാനത്തോളം കോപ്പിയടിച്ചതാണെന്ന് അന്വേഷണ സമിതി കണ്ടെത്തിയ ആ വ്യക്തിക്ക് മാനദണ്ഡങ്ങളെല്ലാം കാറ്റിൽപ്പറത്തി അവിടെ നിയമനം കൊടുത്തിരിക്കുകയാണ്. എന്താണ് കാര്യം? ഈ വ്യക്തി ആദ്യം ഒരു കോൺഗ്രസ് അനുകൂല സംഘടനയിൽ പ്രവർത്തിച്ചിരുന്ന ആളാണ്. ആ കാലയളവിൽ അവരുടെ ഗവേഷണ പ്രബന്ധത്തെക്കുറിച്ച് അന്വേഷണം വന്നപ്പോൾ ഇടതുപക്ഷ അനുകൂല സംഘടനകൾതന്നെയാണ് ഗവേഷണ പ്രബന്ധത്തെക്കുറിച്ച് പരാതിനൽകിയത്. യൂണിവേഴ്സിറ്റി അന്വേഷിച്ച് ഇതിൽ plagiarism ഉണ്ടെന്ന് കണ്ടെത്തി. ഉടനെ ഈ വ്യക്തി സംഘടന മാറി ഇടതുപക്ഷ സംഘടനയിൽ വന്നു. അപ്പോൾ ഈ റിപ്പോർട്ട് പൂഴ്ത്തിവച്ചുകൊണ്ട് ആ വ്യക്തിക്ക് മറ്റെല്ലാവരെയും മറികടന്ന് അവിടെ നിയമനം നൽകിയിരിക്കുകയാണ്. സംസ്കൃത സർവ്വകലാശാലയിൽ യുവജനോത്സവത്തിൽ പങ്കെടുക്കാത്ത എസ്.എഫ്.ഐ. നേതാവിന് ഗ്രേസ് മാർക്ക് കൊടുത്തു. അവിടത്തെ ക്യാമ്പസ് പ്രസിഡന്റായ എസ്.എഫ്.ഐ. നേതാവ് പരീക്ഷയിൽ തോറ്റു. ആറാം സെമസ്റ്റർ പരീക്ഷയിൽ തോറ്റയാൾക്ക് മലയാളം സ്കിറ്റിൽ ഒന്നാം സ്ഥാനവും എ ഗ്രേഡും കൊടുത്തു. അപ്പോൾ സ്കിറ്റിൽ പങ്കെടുത്ത മറ്റാളുകൾ ഇങ്ങനെയൊരാൾ ഞങ്ങളോടൊപ്പം സ്കിറ്റ് കളിച്ചിട്ടില്ലെന്ന് പറഞ്ഞ് വിവാദമായിരിക്കുകയാണ്. അതുപോലെ ബി.എ. തോറ്റുപോയ ആളുകൾക്ക് എം.എ.-യ്ക്ക് അഡ്മിഷൻ നൽകിയിരിക്കുകയാണ്. നമ്മുടെ സർവ്വകലാശാലകളിൽ എന്താണ് നടന്നുകൊണ്ടിരിക്കുന്നത്? ഫിഷറീസ് സർവ്വകലാശാലയിൽ വൈസ് ചാൻസലറും രജിസ്ട്രാറും സ്വന്തം ഭാര്യമാരെ ഫിഷറീസ് ഡീൻ ആയും പ്ലാനിംഗ് ഡയറക്ടറായും നിയമിച്ചിരിക്കുകയാണ്. എം.എൽ.എ.-മാരും മന്ത്രിമാരുമൊക്കെ നിയമിക്കുമ്പോൾ സ്വാഭാവികമായും വൈസ് ചാൻസലറും രജിസ്ട്രാറുമായി അവരുടെ ഭാര്യമാരെ നിയമിക്കണ്ടേ; അവർ ഒരു ചിരട്ടയെങ്കിലും ഉടയ്ക്കണ്ടേ; ഇപ്പോൾ അതാണ് നടന്നുകൊണ്ടിരിക്കുന്നത്. കേരളത്തിലെ സർവ്വകലാശാലകളിൽ ഇത്തരത്തിലുള്ള ക്രമക്കേടുകൾ വ്യാപകമായി നടന്നുകൊണ്ടിരിക്കുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രോ-ചാൻസലറായിട്ടുള്ള ഡിജിറ്റൽ സർവ്വകലാശാലയിലുൾപ്പെടെ ആരോപണങ്ങൾ ഉയർന്നുവരുന്നുണ്ട്. കേരളത്തിലെ സർവ്വകലാശാലകളെല്ലാം ഉന്നത നിലവാരത്തിലേയ്ക്ക് വന്നുകൊണ്ടിരിക്കുകയാണെന്നും കേരളത്തിലെ സർവ്വകലാശാലകളെയും ഉന്നത വിദ്യാഭ്യാസ രംഗത്തെയും കരിവാരി തേയ്ക്കാനാണ് ഞങ്ങൾ ഈ വിഷയം ഇവിടെ കൊണ്ടുവന്നതെന്നും ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. സർവ്വകലാശാലകളിൽ നടക്കുന്ന മുഴുവൻ കാര്യങ്ങളും ഇവിടെ പറയാൻ ഞങ്ങൾക്കും മടിയുണ്ട്. കാരണം

ഇത് പറഞ്ഞാൽ മലയാളികൾ കേരളത്തെയോർത്ത്, നമ്മുടെ നാടും തലകുനിക്കേണ്ട അവസ്ഥവരും. അതുകൊണ്ടുതന്നെ ഇതുസംബന്ധിച്ച കൂടുതൽ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. സർവ്വകലാശാലകളുടെ ഗുണനിലവാരം വിലയിരുത്തുന്നതിനുവേണ്ടി ദേശീയതലത്തിലുള്ള സ്കോറിംഗുണ്ട്, National Institutional Ranking Framework (NIRF). അതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ കേരളത്തിലെ സർവ്വകലാശാലകളുടെ സ്ഥിതികൂടി പരിശോധിക്കേണ്ടതുണ്ട്. 2022-ലെ NIRF റാങ്കിംഗനുസരിച്ച് കേരളത്തിലെ പല സർവ്വകലാശാലകളുടെയും റാങ്കിംഗ് വീണ്ടും താഴോട്ട് പൊയ്ക്കൊണ്ടിരിക്കുകയാണ്.

മി. സ്പീക്കർ: അങ്ങ് ഉപസംഹരിക്കൂ, സമയം അവസാനിച്ചു.

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ ഉപസംഹരിക്കുകയാണ്. കേരള യൂണിവേഴ്സിറ്റിക്ക് നിലവിൽ 52-ാം റാങ്കാണ്; നേരത്തെ 43-ാം റാങ്ക് ഉണ്ടായിരുന്നതാണ്. എം.ജി. യൂണിവേഴ്സിറ്റിക്ക് 51-ാം റാങ്കാണ്; നേരത്തെ 52-ാം റാങ്ക് ഉണ്ടായിരുന്നതാണ്.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, സംസ്ഥാനത്ത് സമഗ്രമായ ഭൂപരിഷ്കരണത്തിലൂടെയും വിദ്യാഭ്യാസ ആരോഗ്യ മേഖലകളിലെ അർത്ഥപൂർണ്ണമായ ഇടപെടലുകളിലൂടെയും വിപ്ലവകരമായ മാറ്റം നാടിന്റെ സാമൂഹ്യ ജീവിതത്തിൽ സൃഷ്ടിച്ച ഇടതുപക്ഷ സർക്കാരുകളുടെ തുടർച്ചയായിട്ടുള്ള പുരോഗമനപരമായ പ്രവർത്തനങ്ങൾക്ക് വലിയ അട്ടിമറി നടത്തുന്ന രീതിയിലുള്ള സമീപനങ്ങൾ മുമ്പും കേരളീയ ചരിത്രത്തിൽ നാം കണ്ടിട്ടുണ്ട്. ലഭ്യമായ അവസരം ഉപയോഗിച്ചുകൊണ്ട് ഒന്നാം ഇ.എം.എസ്. സർക്കാരിനെ എങ്ങനെ അട്ടിമറിച്ചുവെന്നുള്ളത് ചരിത്രം രേഖപ്പെടുത്തിയ വസ്തുതയാണ്. ഇടതുപക്ഷ സർക്കാരുകൾ മികവിന്റെ മാതൃക ആവിഷ്കരിക്കാൻ ശ്രമിച്ചപ്പോഴൊക്കെ അതിനെ അട്ടിമറിക്കാൻ മുന്നോട്ടുവച്ചിട്ടുള്ള മൂന്നാംകിട കുത്സിതത്തിന്റെ അതേ ആവിഷ്കാരമാണ് ഇവിടെ കാണാൻ സാധിക്കുന്നത്. ആഗോളവൽക്കരണ നയങ്ങളുടെ ഭാഗമായി ഉന്നതവിദ്യാഭ്യാസ മേഖലയിലേയ്ക്ക് കടന്നുവരാൻപോലും കഴിയാതെ സമൂഹത്തിന്റെ താഴെത്തട്ടിലുള്ള വിഭാഗങ്ങൾ രാജ്യത്തിന്റെ ഇതരപ്രദേശങ്ങളിൽ വിദ്യാഭ്യാസ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുമ്പോൾ എല്ലാ വിഭാഗം കുട്ടികൾക്കും സാമൂഹ്യനീതി ഉറപ്പാക്കിക്കൊണ്ട് ഉന്നതപഠന സൗകര്യവും ആധുനിക തൊഴിൽ സാദ്ധ്യതയുള്ള കോഴ്സുകളും ലഭ്യമാക്കുന്ന കേരളത്തിലെ ഈ മാറ്റം ആരെയാണ് അലോസരപ്പെടുത്തുന്നതെന്നുള്ളത് ഞങ്ങൾക്ക് കൃത്യമായി മനസ്സിലാകുന്നുണ്ട്. സാമൂഹ്യനീതി എന്ന ആശയം ഉയർത്തിപ്പിടിച്ചുകൊണ്ട് കേരളം നടത്തുന്ന ഉന്നതവിദ്യാഭ്യാസ പരിഷ്കരണ ശ്രമങ്ങളുടെ ശോഭ കെടുത്താനും ഉന്നതവിദ്യാഭ്യാസരംഗം പണവും സാമൂഹ്യപദവിയുമുള്ളവരുടെ മാത്രം കേന്ദ്രമാക്കി

നിർത്തുന്നതിനുമുള്ള നിക്ഷിപ്ത താൽപ്പര്യക്കാരുടെ ഗൂഢലക്ഷ്യങ്ങളാണ് ഇപ്പോൾ ഉയർന്നുവരുന്ന വിവാദങ്ങളുടെ പിന്നിലുള്ളതെന്ന് ആർക്കും മനസ്സിലാക്കാൻ സാധിക്കും. ഉന്നതവിദ്യാഭ്യാസത്തിന്റെ വികസനത്തിലൂടെ സംസ്ഥാനത്ത് ഒരു വിജ്ഞാന സമ്പദ്‌വ്യവസ്ഥ സൃഷ്ടിക്കുമെന്ന പ്രഖ്യാപനം പൂർണ്ണമായും സാക്ഷാത്കരിക്കാനാണ് ഞങ്ങൾ പരിശ്രമിക്കുന്നത്. കേരളത്തെ ഉന്നത വിദ്യാഭ്യാസരംഗത്തിന്റെ ആഗോള ഹബ്ബാക്കി മാറ്റുമെന്നുള്ളത് എൽ.ഡി.എഫ്. സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്. പറഞ്ഞ വാക്കുകൾ പാലിച്ചുകൊണ്ടാണ് ഇതുവരെ മുന്നോട്ടുപോയിട്ടുള്ളത്, ഇതും പാലിക്കും. മുഖ്യമന്ത്രിയുടെ പത്തിന പരിപാടിയുടെ ഭാഗമായി ആയിരം വിദ്യാർത്ഥികൾക്ക് പ്രതിഭാ പുരസ്കാരം നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നു. അതിന്റെ ഭാഗമായി ബിരുദ പഠനം പൂർത്തിയാക്കിയ രണ്ടര ലക്ഷം രൂപയിൽ താഴെ വരുമാനമുള്ള ആയിരം വിദ്യാർത്ഥി പ്രതിഭകൾക്ക് ഒരു ലക്ഷം രൂപ വീതം മുഖ്യമന്ത്രിയുടെ വിദ്യാർത്ഥി പ്രതിഭാ പുരസ്കാരം നൽകി. 2022-23 ബഡ്ജറ്റിൽ ധനകാര്യ വകുപ്പുമന്ത്രി ആയിരം കോടിയിലധികം രൂപയുടെ പുതിയ മുതൽമുടക്ക് പ്രഖ്യാപിച്ചിട്ടുണ്ട്. ഇരുപത് കോടി രൂപവീതം മുതൽമുടക്കി സർവ്വകലാശാലകളിൽ ട്രാൻസ്ലേഷണൽ ലബോറട്ടറികൾ സ്ഥാപിക്കുന്നതിന് 200 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകളും ഇൻക്യുബേഷൻ സെന്ററുകളും സർവ്വകലാശാലകളിലും ഉന്നതവിദ്യാഭ്യാസ കേന്ദ്രങ്ങളിലും സ്ഥാപിച്ചുവരികയാണ്. കേരളത്തിന്റെ വികസനത്തിന് ഊർജ്ജം പകരുന്ന തരത്തിൽ ഗവേഷണം നടത്തുന്നതിന് അഞ്ഞൂറ് നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ പ്രഖ്യാപിക്കുകയും എഴുപത്തിയേഴ് പേർക്ക് അത് നൽകുകയും ചെയ്തു. നവീന കോഴ്സുകൾ തുടങ്ങുന്നതിന് പ്രോജക്ട് മോഡിൽ ഒരു സർവ്വകലാശാലയ്ക്ക് ഇരുപതുകോടി രൂപ വീതം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ആ പ്രക്രിയ നടന്നുവരികയാണ്. എല്ലാ സർവ്വകലാശാലകളുടെയും വിഹിതം ഇരുപത് ശതമാനം വർദ്ധിപ്പിച്ചിരിക്കുകയാണ്. ദേശീയതലത്തിൽ ഉന്നതപഠന മേഖലയ്ക്ക് ബഡ്ജറ്റ് വിഹിതം കുറഞ്ഞുവരുന്ന സാഹചര്യത്തിലാണ് കേരളം ആയിരം കോടി രൂപയിലധികം ഈ മേഖലകളിൽ വിന്യസിച്ചിട്ടുള്ളത്. (...ബഹളം...)

മി. സ്പീക്കർ: അടിയന്തരപ്രമേയത്തിന്റെ വിശദീകരണക്കുറിപ്പിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾക്കാണ് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുന്നത്.

ഡോ. ആർ. ബിന്ദു: സർ, ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ ഇപ്പോൾ 96 കോടി രൂപയുടെ പദ്ധതി പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. വിദ്യാഭ്യാസ സ്ഥാപനങ്ങളെ വിവരസാങ്കേതികവിദ്യ ഉപയോഗിക്കുന്നതിന് സജ്ജമാക്കുന്ന ഡിജികോച്ച് പദ്ധതി, സർവ്വകലാശാലകളിലെ ഗവേഷണം പ്രോൽസാഹിപ്പിക്കുന്നതിന് ഗവേഷണ ലേഖനങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്ന ഇ-ജേർണൽ കൺസോർഷ്യം, ലൈബ്രറികളിലെ ഗ്രന്ഥശേഖരം ഓൺലൈനിൽ ലഭ്യമാക്കുന്ന കാൾനെറ്റ്, എല്ലാ

സർവ്വകലാശാലകളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള കരിക്കുലം പരിഷ്കരണം തുടങ്ങിയവയാണ് പ്രധാന പദ്ധതികൾ. കിഫ്ബി ഫണ്ടിൽനിന്ന് സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകൾക്ക് 398.52 കോടി രൂപയും ഹെറിറ്റേജ് കോളേജുകൾക്ക് 87.84 കോടി രൂപയും സർക്കാർ എഞ്ചിനീയറിംഗ് കോളേജുകൾക്ക് 76.5 കോടി രൂപയും പോളിടെക്നിക് കോളേജുകൾക്ക് 53.05 കോടി രൂപയും സർവ്വകലാശാലകൾക്ക് 322.37 കോടി രൂപയും വികസന പ്രവർത്തനങ്ങൾക്കുവേണ്ടി ലഭ്യമാക്കിയിട്ടുണ്ട്. റൂസ പദ്ധതിയിൽപ്പെടുത്തി സർക്കാർ കോളേജുകൾക്ക് 55.34 കോടി രൂപയും എയ്ഡഡ് കോളേജുകൾക്ക് 108.5 കോടി രൂപയും സർവ്വകലാശാലകൾക്ക് 110.68 കോടി രൂപയും പശ്ചാത്തല സൗകര്യ വികസനത്തിന് ലഭ്യമാക്കിയിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസ രംഗത്ത് പല ദൗർബല്യങ്ങളുമുണ്ടെന്നും പൊതുവിദ്യാഭ്യാസ രംഗത്ത് നാം നേടിയ നേട്ടങ്ങൾ ഉന്നതവിദ്യാഭ്യാസ രംഗത്ത് തുടരേണ്ടതുണ്ടെന്നും തിരിച്ചറിഞ്ഞുകൊണ്ടാണ് ഈ മേഖലകളിൽ എല്ലാ പരിശ്രമങ്ങളും ഉറപ്പാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് പ്രഖ്യാപിക്കുകയും അതിനനുസൃതമായ നടപടികൾ സ്വീകരിക്കുകയും ചെയ്തത്. ഇതിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾത്തന്നെ ഈ രംഗത്ത് വരുത്തേണ്ട പരിഷ്കാരങ്ങളെപ്പറ്റി സർക്കാരിന് ഉപദേശം നൽകാൻ മൂന്ന് കമ്മീഷനുകളെ നിയോഗിക്കുകയുണ്ടായി. ടി കമ്മീഷനുകൾ ഒമ്പതുമാസംകൊണ്ട് റെക്കോർഡ് വേഗതയിൽ റിപ്പോർട്ടുകൾ സമർപ്പിച്ചുകഴിഞ്ഞു. ഈ മേഖലകളുമായി ബന്ധപ്പെട്ടുനിൽക്കുന്ന എല്ലാ സ്റ്റേക്ക്ഹോൾഡേഴ്സിനോടും ചർച്ചചെയ്ത് തീരുമാനങ്ങളെടുത്തുവരികയാണ്. സർവ്വകലാശാലാ പ്രതിനിധികൾ, അധ്യാപക-അനധ്യാപക സംഘടനാ പ്രതിനിധികൾ തുടങ്ങിയവരുമായി ചർച്ച ആരംഭിച്ചുകഴിഞ്ഞു. വിദ്യാർത്ഥികളുടെ യോഗം ഉടൻ ചേരുകയാണ്. ഭരണ-പ്രതിപക്ഷ ഭേദമില്ലാതെ എല്ലാവരോടും ചർച്ച ചെയ്ത് അഭിപ്രായങ്ങൾ ഉൾക്കൊണ്ടുകൊണ്ട് അടുത്ത മുപ്പതുവർഷത്തേയ്ക്ക് നിലനിൽക്കുന്ന പരിഷ്കാരങ്ങൾ നടപ്പിലാക്കാനാണ് ആത്മാർത്ഥമായി പരിശ്രമിക്കുന്നത്. അതിനോടൊപ്പം ചേരുകയാണ് ബഹുമാനപ്പെട്ട പ്രതിപക്ഷം ചെയ്യേണ്ടത്. ഈ ദിശയിലുള്ള ശ്രമങ്ങൾ സർക്കാരിന് നൽകിയേക്കാവുന്ന സൽപ്പേര് തകർക്കണമെന്ന ഉദ്ദേശ്യമാണ് ഇപ്പോൾ അനാവശ്യ വിവാദങ്ങൾ ഉണ്ടാക്കിക്കൊണ്ടുവരുന്നവർക്ക് ഉള്ളതെന്നത് വ്യക്തമാണ്. അതുകൊണ്ടാണ് കോവിഡ് കാലത്തുപോലും സമയബന്ധിതമായി പരീക്ഷകൾ നടത്തുകയും പരീക്ഷാഫലം പ്രഖ്യാപിക്കുകയും ചെയ്ത സർവ്വകലാശാലകളെ സാന്ദർഭികമായുണ്ടായ ചില പിഴവുകളുടെ പേരിൽ അപകീർത്തിപ്പെടുത്താൻ ശ്രമിക്കുന്നത്. 15000 പരീക്ഷ നടത്തുന്ന, ഒരു പരീക്ഷയിൽ ഒന്നേകാൽ ലക്ഷം വിദ്യാർത്ഥികൾവരെ പരീക്ഷയെഴുതുന്ന സർവ്വകലാശാലയിൽ ഒരു പരീക്ഷയിലുണ്ടായ പിഴവിനെ പർവ്വതീകരിച്ച് സർവ്വകലാശാലാ പരീക്ഷകളെയാകെ

ഇകഴ്ത്തിക്കാട്ടാൻ ശ്രമിക്കുന്നത് തികച്ചും അപലപനീയമാണ്. എന്നിരുന്നാലും ഇതിനെ ന്യായീകരിക്കാൻ സർവ്വകലാശാലകളോ സർക്കാരോ തുനിഞ്ഞിട്ടില്ല. പരിഹാര നടപടികൾ സ്വീകരിക്കാനാണ് ശ്രമിച്ചത്. പരീക്ഷാ നടപടികളാകെ പരിഷ്കരിക്കാനും പരീക്ഷാ പരിഷ്കരണ കമ്മീഷൻ നൽകിയ നിർദ്ദേശങ്ങൾ നടപ്പിലാക്കാനും സർക്കാരും സർവ്വകലാശാലകളും അതിവേഗത്തിൽ പരിശ്രമിക്കുകയാണ്. ഉന്നതവിദ്യാഭ്യാസ രംഗത്ത് സംസ്ഥാനമുണ്ടാക്കുന്ന നേട്ടങ്ങളെ തരംതാഴ്ത്തിക്കാണിക്കാനുള്ള വ്യാപകമായ ശ്രമങ്ങൾക്കുപിന്നാലെ, ഹിന്ദുത്വ അജണ്ടയും കോർപ്പറേറ്റ് രാഷ്ട്രീയവും ചർച്ച ചെയ്യാൻകൂടി ഇതൊരു അവസരമായിരിക്കുന്നതിൽ സന്തോഷമുണ്ട്. ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി രാജ്യത്തെ സർവ്വകലാശാലകളിലും മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും കടന്നുകയറുന്നതിന് കേന്ദ്ര സർക്കാരിനെ നയിക്കുന്നവർ നടത്തുന്ന ശ്രമങ്ങൾ ശക്തമായിക്കൊണ്ടിരിക്കുന്ന ഒരു സന്ദർഭംകൂടിയാണിത്. പൂനെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിലും ജവഹർലാൽ നെഹ്റു സർവ്വകലാശാലയിലും ഹൈദരാബാദ് ഉൾപ്പെടെയുള്ള കേന്ദ്ര സർവ്വകലാശാലകളിലും നടത്തിയ നിയമനങ്ങളിൽ സംഘ്പരിവാർ അജണ്ട പ്രവർത്തിക്കുന്നതിനെപ്പറ്റി ശക്തമായി വിമർശിക്കുന്നവരാണ് ഈ സഭയിലുള്ളവരെല്ലാം. ഇതേ നയങ്ങൾ കേരളത്തിലേയ്ക്ക് ഒളിച്ചുകടത്താൻ ഭരണഘടനാ സ്ഥാപനങ്ങളെ ഉപയോഗിച്ചുകൊണ്ട് ഇപ്പോൾ നടക്കുന്ന ശ്രമങ്ങളുടെ പിന്തുണക്കാരായി ബഹുമാനപ്പെട്ട പ്രതിപക്ഷം മാറുന്നത് കോൺഗ്രസ്സിന്റെ മൃദുഹിന്ദുത്വ രാഷ്ട്രീയം അറിയുന്നതുകൊണ്ട് ഞങ്ങളെ തെല്ലും അത്ഭുതപ്പെടുത്തുന്നില്ല. ഹിന്ദുത്വ നയങ്ങളോടുള്ള നിങ്ങളുടെ നിലപാടുകൾ ആത്മാർത്ഥമാണെങ്കിൽ മതനിരപേക്ഷവും ജനാധിപത്യപരവുമായ നയങ്ങൾ എന്നും ഉയർത്തിപ്പിടിക്കുന്ന കേരളത്തിന്റെ താൽപ്പര്യങ്ങൾക്ക് വിരുദ്ധമായ നയങ്ങളിൽനിന്ന് പ്രതിപക്ഷം പിന്മാറണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. ബഹുമാനപ്പെട്ട മുസ്ലീംലീഗിന്റെ അംഗങ്ങളോടുകൂടിയാണ് ഞാൻ ഇത് പറയുന്നത്.

ചില കാര്യങ്ങൾകൂടി ഇവിടെ പറയാൻ ആഗ്രഹിക്കുകയാണ്. ഇടതുപക്ഷ സർക്കാരുകൾ സംസ്ഥാനം ഭരിച്ചപ്പോൾ സർവ്വകലാശാലകളിൽ നിയമിച്ച വൈസ് ചാൻസലർമാരുടെ പേരുകൾ ഓർക്കണം. കേരള സർവ്വകലാശാലയിൽ ഡോ. ജോൺ മത്തായി, ഡോ. കെ. ടി. ജയകൃഷ്ണൻ, പ്രശസ്ത ന്യൂറോ സർജൻ ഡോ. ബി. ഇക്ബാൽ, ഡോ. വി. പി. മഹാദേവൻ പിള്ള, മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ഡോ. യു. ആർ. അനന്തമൂർത്തി, ഡോ. രാജൻ ഗുരുക്കൾ, ഡോ. സാബു തോമസ്, കൊച്ചി സർവ്വകലാശാലയിൽ ഡോ. ഗംഗൻ പ്രതാപ്, കണ്ണൂർ സർവ്വകലാശാലയിൽ ഡോ. മൈക്കിൾ തരകൻ, ഡോ. ഗോപിനാഥ് രവീന്ദ്രൻ, കോഴിക്കോട് സർവ്വകലാശാലയിൽ ഡോ. അൻവർ ജഹാൻ സുബേരി, ഡോ. കെ. കെ. എൻ. കുറുപ്പ്, ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ ഡോ. കെ. എൻ. പണിക്കർ, ഡോ. എൻ. പി. ഉണ്ണി എന്നിവരെയൊക്കെ

ഇടതുസർക്കാർ നിയമിച്ച വൈസ് ചാൻസലർമാരാണ്, രാജ്യാന്തര പ്രശസ്തിയുള്ള വ്യക്തിത്വങ്ങളാണ്. സർവ്വകലാശാലാ പ്രൊഫസർ അല്ലാതിരുന്ന കോഴിക്കോട് സർവ്വകലാശാലയിലെ വൈസ് ചാൻസലർ ഡോ. മുഹമ്മദ് ബഷീർ, ചാൻസലർ നിയമനം റദ്ദാക്കിയ മഹാത്മാഗാന്ധി സർവ്വകലാശാലയിലെ വൈസ് ചാൻസലർ ഡോ. എ. വി. ജോർജ്ജ് എന്നിവരെ കോൺഗ്രസ്/യുഡി.എഫ്. നിയമിച്ചതാണ്. ചാൻസലർ നിയമനം റദ്ദാക്കിയ മഹാത്മാഗാന്ധി സർവ്വകലാശാലയിലെ വൈസ് ചാൻസലർ ഡോ. എ. വി. ജോർജ്ജ് ഒരു പാർട്ടിയുടെ ജില്ലാ സെക്രട്ടറിയായി. (...ബഹളം...)

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ സീറ്റുകളിൽ ഇരിക്കൂ. ബഹുമാനപ്പെട്ട ഗവർണർ ഒരാൾക്കെതിരെ എടുത്ത നടപടിയെക്കുറിച്ചാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. ആ നടപടിയെടുത്ത ആളിന്റെ പേരാണ് പറഞ്ഞത്. ആരോപണം ഉന്നയിക്കുകയല്ല ചെയ്തത്. സഭയിൽ ആരോപണവും ആക്ഷേപവും ഉന്നയിക്കാൻ പാടില്ലെന്നേയുള്ളൂ.

ഡോ. ആർ. ബിന്ദു: സർ, ഇത് ചരിത്ര യാഥാർത്ഥ്യമാണ്. അതിനെ നിഷേധിക്കാൻ കഴിയില്ല.

മി. സ്പീക്കർ: ഇവിടെ ഞാൻ ആ പേര് പറയേണ്ട കാര്യമില്ല. ബഹുമാനപ്പെട്ട ഗവർണർ മുൻപ് നിയമാനുസൃതം സ്വീകരിച്ച ഒരു നടപടിയെക്കുറിച്ചാണ് പറഞ്ഞത്. (...ബഹളം...) ബഹുമാനപ്പെട്ട അംഗങ്ങൾ അവരവരുടെ സീറ്റുകളിൽ ഇരിക്കൂ. ചെയർ പറയുന്നത് കേൾക്കാനുള്ള ക്ഷമ കാണിക്കൂ. സഭയിലില്ലാത്ത ആരെക്കുറിച്ചെങ്കിലുമുള്ള ആരോപണമാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതെങ്കിൽ അത് സഭാരേഖയിൽ ഉണ്ടാകില്ല. പക്ഷെ, ആർക്കെതിരെയെങ്കിലും നിയമാനുസൃതമായി നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആ പേര് പറഞ്ഞാൽ അത് എങ്ങനെ നീക്കം ചെയ്യാൻ സാധിക്കും?

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, അങ്ങനെ പറഞ്ഞിട്ടുണ്ട്. അത് സഭാരേഖയിൽ ഉണ്ടാകാൻ പാടില്ല.

മി. സ്പീക്കർ: അത് പരിശോധിക്കാം*.

ഡോ. ആർ. ബിന്ദു: സർ, അത് ഒരുപക്ഷേ സഭാ രേഖയിൽനിന്നും നീക്കംചെയ്യാൻ സാധിച്ചേക്കും. എന്നാൽ ചരിത്രം മായ്ക്കാൻ കഴിയില്ലല്ലോ. കോഴിക്കോട് സർവ്വകലാശാലയിൽ വൈസ് ചാൻസലറായി ഒരു സ്കൂൾ അധ്യാപകനെ നിയമിക്കാൻ ശ്രമിച്ചതും ഓർമ്മയുണ്ടാകണം. (...ബഹളം...) ഞാൻ ആ അധ്യാപകന്റെ പേര് പറഞ്ഞിട്ടില്ല. ഇതൊക്കെ വസ്തുതാപരമായ

---

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 15348/ഇ.ബി./2022/നി.സെ. തീയതി 25-8-2022) രേഖയിൽ നിലനിർത്തി.

കാര്യങ്ങളാണ്. കോഴിക്കോട് സർവ്വകലാശാലയിൽ ഇഷ്ടക്കാരെ തിരുകിക്കയറ്റാൻ റിസർവ്വേഷൻ റോസ്റ്റർ അട്ടിമറിച്ചതിന്റെ പേരിൽ ഒരു വിജ്ഞാപനമാകെ കോടതി റദ്ദുചെയ്തത് ആരുടെ കാലത്താണെന്നുള്ളത് ഓർമ്മിക്കുന്നത് നന്നായിരിക്കും.

വിദേശ വിദ്യാർത്ഥികളെയുൾപ്പെടെ കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്ക് ആകർഷിക്കുന്ന തരത്തിൽ ഉന്നത വിദ്യാഭ്യാസ രംഗം വികസിപ്പിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിനായി വിദ്യാഭ്യാസ പ്രക്രിയയെ, പ്രവേശനം മുതൽ സർട്ടിഫിക്കേഷൻ വരെ സുതാര്യവും വേഗത്തിലുള്ളതുമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. കുറ്റമറ്റ നവീകരിച്ച പരീക്ഷാ സംവിധാനം, കരിക്കുലം പരിഷ്കരണം, വർദ്ധിച്ച പശ്ചാത്തല സൗകര്യം എന്നിവയൊക്കെ ഉറപ്പാക്കി ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധിപ്പിച്ച് പുതിയ കാലത്തിനനുയോജ്യമാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. കേരളത്തെ ഉന്നതവിദ്യാഭ്യാസ ഹബ്ബാക്കാൻ സർക്കാർ നടത്തുന്ന ഈ പ്രവർത്തനങ്ങളുടെ അടയാളമായിത്തന്നെയാണ്, അതിന്റെ ഫലങ്ങൾ കണ്ടുതുടങ്ങിയതിന് തെളിവാണ് നമ്മുടെ സർവ്വകലാശാലകൾക്കും കോളേജുകൾക്കും നാഷണൽ ലെവൽ അക്രെഡിറ്റേഷൻ നേടുന്നതിനുള്ള ഉയർന്ന ഗ്രേഡിംഗ് ലഭിച്ചത്. 2022-ൽ നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്കിൽ മഹാത്മാഗാന്ധി സർവ്വകലാശാല, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, കേരള സർവ്വകലാശാല എന്നിവയെല്ലാം ആദ്യത്തെ 100 റാങ്കുകൾക്കുള്ളിലുണ്ട്. കോളേജുകളുടെ കാര്യത്തിൽ യൂണിവേഴ്സിറ്റി കോളേജിന് 24-ാം റാങ്ക്, തിരുവനന്തപുരം വിമൻസ് കോളേജിന് 53-ാം റാങ്ക്, എറണാകുളം മഹാരാജാസ് കോളേജിന് 60-ാം റാങ്ക്, പാലക്കാട് വിക്ടോറിയ കോളേജിന് 85-ാം റാങ്ക്. സർക്കാരിതര കോളേജുകളുടെ പേരുകളും ഇതിലുണ്ട്. ആദ്യത്തെ 50 റാങ്കുകളിൽത്തന്നെ സെന്റ് തെരേസാസ് കോളേജ്, മാർ ഇവാനിയോസ് കോളേജ് എന്നിവ ഉൾപ്പെടുന്നുണ്ട്. ദേശീയ തലത്തിൽ മാനദണ്ഡങ്ങൾക്കനുസൃതമായി നടത്തുന്ന NIRF റാങ്കിംഗിൽ ആദ്യത്തെ 100 സ്ഥാനങ്ങളിൽ കേരളത്തിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇടംപിടിക്കുന്നത് നിലവാരത്തകർച്ചയല്ല, ഉയർച്ചയാണ് എന്നുള്ളത് യുക്തിസഹമായി ചിന്തിക്കുന്ന ഏതൊരാൾക്കും മനസ്സിലാകുന്ന കാര്യമാണ്. പ്രമേയാവതാരകൻ ഇവിടെ ഉയർത്തിക്കൊണ്ടുവരുന്ന വാദങ്ങളെല്ലാം തികച്ചും അപവാദപ്രചരണമാണ്. വലിയ അസൂയയിൽനിന്ന് ഉളവാകുന്നതാണെന്ന് മാത്രമാണ് ഇക്കാര്യത്തിൽ പറയാനുള്ളത്. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, അരി എത്രയാണെന്ന് ചോദിക്കുമ്പോൾ പയർ അഞ്ഞാഴിയാണെന്ന മറുപടി നൽകുന്നത് ശരിയാണോ; റൂൾ 50 നോട്ടീസ് കൊടുത്തതെന്താണ്; ബഹുമാനപ്പെട്ട അംഗം റോജി എം. ജോൺ ഇവിടെ അവതരിപ്പിച്ച വിഷയമെന്താണ്; ബഹുമാന്യയായ ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി പറഞ്ഞ മറുപടിയെന്താണ്; ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ ഡിമാന്റ് ചർച്ചയ്ക്കുള്ള മറുപടിയാണോ പറഞ്ഞത്? പ്രതിപക്ഷം കൊണ്ടുവന്ന പ്രധാനപ്പെട്ട വിഷയം, മികവിന്റെ കേന്ദ്രമാകേണ്ടതാണ് കേരളത്തിലെ സർവ്വകലാശാലകൾ, ആ സർവ്വകലാശാലകളെ സ്വന്തം പാർട്ടിക്കാരേയും ഇഷ്ടക്കാരേയും പ്രതിഷ്ഠിക്കാൻവേണ്ടി പിൻവാതിൽ നിയമനം നടത്തുന്നതിനുള്ള ലാവണങ്ങളാക്കി മാറ്റിയിരിക്കുന്നു എന്നുള്ളതാണ്. ഒറ്റപ്പെട്ട സംഭവമാണെങ്കിൽ കണ്ടില്ലെന്ന് നടിക്കാം. നിരന്തരമായി ഇത്തരം സംഭവങ്ങൾ ഉണ്ടാകുകയാണ്. കേരളത്തിൽ എല്ലാ ദിവസവുമുള്ള വാർത്തകളിൽ ഒന്ന് പിൻവാതിൽ നിയമനത്തെക്കുറിച്ചുള്ളതാണ്. സർവ്വകലാശാലകളിൽ അദ്ധ്യാപക നിയമനത്തിനുവേണ്ടി അപേക്ഷിക്കുന്ന, കഷ്ടപ്പെട്ട് പഠിച്ച് ഡോക്ടറേറ്റ് നേടി, പോസ്റ്റ് ഡോക്ടറേറ്റ് ഡിഗ്രിയെടുത്ത്, നിരവധി റിസർച്ച് പേപ്പറുകൾ സബ്മിറ്റ് ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് അംഗീകാരം ലഭിക്കുന്നില്ല, അവർ പുറംതള്ളപ്പെടുന്നു. പാർട്ടിയുമായി ബന്ധമില്ലാത്ത ഒരാൾക്കും ഒരു സർവ്വകലാശാലയിലും ഒരു പ്രൊഫസർ പദവിയും കിട്ടുന്നില്ല. പാർട്ടിയുമായി ബന്ധമില്ലാത്തവർക്ക് ഒരു സ്ഥലത്തും അപ്പോയിന്റ്മെന്റ് കിട്ടില്ലെന്നുള്ള സ്ഥിതി വന്നിരിക്കുകയാണ്. അതിനുവേണ്ടി മാനദണ്ഡങ്ങൾ സൗകര്യംപോലെ മാറ്റുകയാണ്. ചില സ്ഥലത്ത് യു.ജി.സി. മാനദണ്ഡം ഉപയോഗിക്കും അടുത്ത അപ്പോയിന്റ്മെന്റിന് യു.ജി.സി. മാനദണ്ഡം വേണ്ട. സംസ്ഥാന ഗവണ്മെന്റിന്റെ ഉത്തരവ് വേറെ. യൂണിവേഴ്സിറ്റികളിലെ അധ്യാപക നിയമനത്തിനുവേണ്ടി മറ്റ് സർവ്വീസിലേയ്ക്കുള്ള ആളുകൾക്ക് പ്രൊമോഷൻ നൽകുന്നതിനുവേണ്ടി തയ്യാറാക്കിയ സംസ്ഥാന സർക്കാരിന്റെ സർവ്വീസ് ചട്ടങ്ങൾ ഉദ്ധരിക്കും; അപ്പോൾ യു.ജി.സി. മാനദണ്ഡങ്ങൾ ഇല്ല. കൺവീനിയൻസിനുവേണ്ടി യു.ജി.സി. ചട്ടങ്ങളെ മുഴുവൻ മറികടന്നുകൊണ്ട് അർഹരായവരെ മുഴുവൻ പിൻതള്ളുകയാണ്. നാം മനസ്സിലാക്കേണ്ടത്, ഇത് നമ്മുടെ അക്കാദമിക് സമൂഹത്തിലുണ്ടാക്കിയിരിക്കുന്ന നിരാശയും ചെറുപ്പക്കാരിൽ ഉണ്ടാക്കിയിരിക്കുന്ന അസ്വസ്ഥതയും സംബന്ധിച്ചാണ്.

തെരഞ്ഞെടുക്കപ്പെട്ട സർക്കാരുകൾ ഇത്തരം തെറ്റായ നടപടികൾക്കും തെറ്റായ നിയമനങ്ങൾക്കും കുടപിടിച്ചുകൊടുക്കുമ്പോഴാണ് രാജ്യത്തെ ചെറുപ്പക്കാരുടെ ഇടയിൽ അസ്വസ്ഥതകളുണ്ടാകുന്നത്. സംസ്ഥാനത്തെ സർവ്വകലാശാലകളിൽ ജോലി ലഭിക്കാൻ കാത്തിരിക്കുന്ന നൂറുകണക്കിന് അക്കാദമിക് മികവുള്ള ഉദ്യോഗാർത്ഥികളെ മുഴുവൻ നിരാശപ്പെടുത്തുന്ന നടപടികളാണ് സർക്കാർ ചെയ്തുകൊണ്ടിരിക്കുന്നത്. സർവ്വകലാശാലകളെ പാർട്ടി ഓഫീസുകളാക്കി മാറ്റുന്നത് ശരിയാണോ; സർവ്വകലാശാലകളുടെ ഓട്ടോണമി എന്നുപറയുന്നത് എത്ര വലുതാണ്? ഇവിടെ ഡോ. ജോൺ മത്തായിയെക്കുറിച്ച് സൂചിപ്പിച്ചു, കേരള സർവ്വകലാശാലയുടെ വൈസ് ചാൻസലർ ആയിരുന്നു അദ്ദേഹം.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

1957-ലെ ആദ്യത്തെ മുഖ്യമന്ത്രി ഇ.എം.എസ്. നമ്പൂതിരിപ്പാട് അപ്പോയിന്റ്മെന്റ് ചോദിച്ചിട്ടാണ് ഡോ. ജോൺ മത്തായിയെ പോയി കണ്ടിരുന്നത്. അത്ര പ്രഗത്ഭനായിരുന്നു, അല്ലെങ്കിൽ ആ സ്ഥാനത്തോട് ഭരണകൂടത്തിന് അത്രമാത്രം ബഹുമാനവും ആദരവുമുണ്ടായിരുന്നു. യൂണിവേഴ്സിറ്റി വൈസ് ചാൻസലർ എന്ന പൊസിഷനോടുള്ള ആദരവാണത്. അത് കളഞ്ഞുകുളിച്ച് സ്വന്തം ഇഷ്ടങ്ങൾ ചെയ്യുകൂട്ടാൻവേണ്ടി നിയമിച്ചിരിക്കുന്ന പാവകളെപ്പോലെയാക്കി വൈസ് ചാൻസലർമാരെ മാറ്റാമോ? അത് ശരിയല്ലെന്നാണ് പ്രതിപക്ഷത്തിന്റെ നിലപാട്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ബഹുമാന്യനായ പ്രതിപക്ഷനേതാവ് പറയുന്ന കാര്യം ഇപ്പോഴത്തെ കേരളത്തിന് ബാധകമായിട്ടുള്ള ഒന്നാണോ? കേരള, എം.ജി., കൊച്ചിൻ, കാലിക്കറ്റ്, കണ്ണൂർ എന്നീ യൂണിവേഴ്സിറ്റികളിലുള്ള വൈസ് ചാൻസലർമാരെ നോക്കിയാൽ അവരെല്ലാം ഒന്നിനൊന്ന് അക്കാദമിക് മികവ് പുലർത്തിയവരല്ലേ? അതിനല്ലേ സർക്കാർ എപ്പോഴും പ്രാമുഖ്യം കൊടുത്തിട്ടുള്ളത്? എന്തടിസ്ഥാനത്തിലാണ് അങ്ങ് ആ രീതിയിലൊരു പരാമർശം നടത്തിയതെന്ന് മനസ്സിലാകുന്നില്ല.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, എല്ലാ സർവ്വകലാശാലകളിലും അങ്ങയുടെ സർക്കാർ നിയമിച്ചിരിക്കുന്ന വൈസ് ചാൻസലർമാർ വഴി, അവർ അദ്ധ്യക്ഷനായിരിക്കുന്ന നിയമന കമ്മിറ്റികളെ ഉപയോഗിച്ച് നിയമങ്ങൾക്കും ചട്ടങ്ങൾക്കും യു.ജി.സി. നിബന്ധനകൾക്കും വിരുദ്ധമായി നിങ്ങൾക്ക് ഇഷ്ടമുള്ളവരെ നിയമിക്കുകയാണ്. അതുകൊണ്ടാണ് പാവകളെപ്പോലെ അവരെ പ്രതിഷ്ഠിച്ച്, ആ സ്ഥാനത്തിന്റെ മഹിമ നിങ്ങൾ ഇല്ലാതാക്കിയെന്ന് ഞാൻ പറഞ്ഞത്. അല്ലാതെ ഞാൻ അവരുടെ അക്കാദമിക് പശ്ചാത്തലത്തെയൊന്നും

വെല്ലുവിളിച്ചിട്ടില്ല. കേരളത്തിൽ മാറിമാറി വരുന്ന സർക്കാരുകൾ അക്കാദമിക് മികവ് കൂടുതലുള്ളവരെയും കുറച്ച് താഴ്ന്നവരെയുമൊക്കെ നിയമിച്ചിട്ടുണ്ട്. യു.ഡി.എഫ്. സർക്കാർ നിയമനം നൽകിയവരുടെ പേരുകൾ പറയുന്നതല്ലല്ലോ ഇവിടെ വിഷയം. ഡോ. ഖാദർ മങ്ങാട് എന്ന വൈസ് ചാൻസലർക്ക് എല്ലാ യോഗ്യതകളുമുണ്ടായിരുന്നു. ഇവിടെ ഇപ്പോൾ നടക്കുന്ന നിയമനങ്ങൾ മുഴുവൻ നിയമവിരുദ്ധമായിട്ടുള്ളതും തെറ്റായതുമാണ്. ഇവിടെ ഞാൻ പറഞ്ഞു, ഗവേഷണ പ്രബന്ധം കോപ്പിയടിച്ച ഒരാളെ അസിസ്റ്റന്റ് പ്രൊഫസറായി നിയമിച്ചുവെന്ന്. അതിനുശേഷം അദ്ദേഹം പറഞ്ഞത്, ഒരു അബദ്ധം പറ്റിയതാണെന്നും അദ്ധ്യാപക നിയമനത്തിനുവേണ്ടിയുള്ള പ്രബന്ധങ്ങൾ കോപ്പിയടിച്ചതാണോയെന്ന് സർവ്വകലാശാല പരിശോധിക്കുന്നതിനുമുമ്പാണ് അദ്ദേഹത്തിന്റെ നിയമനം നടന്നതെന്നും അതുകൊണ്ട് കോപ്പിയടിച്ചത് ഗൗരവമായെടുക്കരുതെന്നുമാണ്. സർവ്വകലാശാല അത് അംഗീകരിച്ചു. സർവ്വകലാശാല പ്രബന്ധങ്ങൾ പരിശോധിക്കാൻ തുടങ്ങിയതിനുമുമ്പാണ് ഇവർ കോപ്പിയടിച്ചത്. അതുകൊണ്ട് പ്രബന്ധം കോപ്പിയടിച്ചത് അംഗീകരിച്ചു. അദ്ദേഹം ഇപ്പോൾ കുട്ടികളെ പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ്. നല്ല അക്കാദമിക് മികവുള്ളവർ റിസർച്ച് നടത്തി തയ്യാറാക്കിയ അതിമനോഹരമായ ഗവേഷണ പ്രബന്ധം നെറ്റിലൂടെ കോപ്പിയടിച്ച ആൾ ഇന്ന് കുട്ടികളെ പഠിപ്പിക്കുകയാണ്. സർവ്വകലാശാല ആരോപണം തള്ളിയതിന്റെ കാരണമാണ് ഞാൻ പറഞ്ഞത്. കോപ്പിയടിച്ചതാണെന്ന് സമ്മതിച്ചു. പക്ഷെ അന്നത് മാനദണ്ഡമായിരുന്നില്ലെന്ന് പറയുകയാണ്. ഇതുപോലുള്ള നിയമനങ്ങൾ വ്യാപകമായി നടക്കുകയാണ്.

ഇവിടെ ബഹുമാനപ്പെട്ട മന്ത്രി ഹിന്ദുത്വ അജണ്ടയെക്കുറിച്ച് സൂചിപ്പിച്ചു. എന്താണ് അത് പറയാൻ കാരണമെന്ന് എനിക്ക് മനസ്സിലായില്ല. ഏതായാലും മന്ത്രി പറഞ്ഞതുകൊണ്ട് ഞാൻ ഒരു ഹിന്ദുത്വ അജണ്ടയെക്കുറിച്ച് പറയാം. കണ്ണൂർ യൂണിവേഴ്സിറ്റി വൈസ് ചാൻസലറുടെ നേതൃത്വത്തിൽ ടി യൂണിവേഴ്സിറ്റിയിലെ എം.എ. ഗവേണൻസ് ആൻഡ് പൊളിറ്റിക്സ് കോഴ്സിന്റെ സിലബസ് റിവൈസ് ചെയ്തു. പഠിക്കാൻ പറഞ്ഞ പുസ്തകങ്ങൾ ഏതൊക്കെയാണെന്ന് അറിയാമോ? വി.ഡി. സവാർക്കറുടെ 'Hindutva - Who is a Hindu', അടുത്തത് എം. എസ്. ഗോൾവാൾക്കറുടെ 'We or Our Nationhood Defined', അടുത്ത പുസ്തകവും എം.എസ്. ഗോൾവാൾക്കറുടേതാണ് 'Bunch of Thoughts', പിന്നെയുള്ളത് ദീൻദയാൽ ഉപാദ്ധ്യായയുടെ 'Integral Humanism'. ഹിന്ദുത്വ അജണ്ട പ്രചരിപ്പിക്കുന്ന ഈ നാല് പുസ്തകങ്ങൾ എം.എ. ഗവേണൻസ് ആൻഡ് പൊളിറ്റിക്സിൽ പഠിപ്പിക്കാൻ നിർദ്ദേശിച്ച വൈസ് ചാൻസലറെ കയ്യിൽ വച്ചുകൊണ്ടാണ് ഹിന്ദുത്വ അജണ്ടയെക്കുറിച്ച്, ഞങ്ങളുടെ മൃദുഹിന്ദു സമീപനത്തെക്കുറിച്ച് പറയുന്നത്. നിങ്ങളാരും ദീൻദയാൽ ഉപാദ്ധ്യായയെ

അറിയാതെ പോകരുത്, ബഞ്ച് ഓഫ് തോട്ട്സ് വായിക്കാതെ പോകരുത്, വി.ഡി. സവാർക്കറെ അറിയാതെ പോകരുത് എന്നാണ് കുട്ടികളോട് പറയുന്നത്. അതറിയാതെ ഗാന്ധിജിയെയോ, നെഹ്റുവിനെയോ കുറിച്ച് ഇവർ പഠിച്ചാലോ? ഇതുതന്നെയാണ് നരേന്ദ്രമോദി സർക്കാരിനെതിരായിട്ടുള്ള അക്കാദമിക് സമൂഹത്തിന്റെ ആരോപണവും. ചരിത്രത്തെ വളച്ചൊടിച്ചുകൊണ്ട് അവരുടെ നേതാക്കളുടെ അജണ്ട നമ്മുടെ അക്കാദമിക് രംഗത്തേയ്ക്കും സിലബസ്സിലേയ്ക്കും ചരിത്രത്തിലേയ്ക്കും കുത്തിക്കയറ്റാൻ ശ്രമിക്കുന്നുവെന്നതാണ് നരേന്ദ്രമോദി സർക്കാരിനെതിരായി, ഫാസിസ്റ്റ് ഗവണ്മെന്റിനെതിരായി നമ്മൾ ഒരുമിച്ച് പറയുന്ന ആരോപണം. എന്നിട്ട് ഇവിടെ കുട്ടികൾ അത് പഠിക്കാതെ പോകരുതെന്നുപറഞ്ഞിട്ട് ഞങ്ങൾക്ക് മൃദുഹിന്ദു സമീപനമാണെന്ന് പറയുന്ന നിലപാട് സമ്മതിക്കണം.

ഇവിടെ പറഞ്ഞല്ലോ ദേശീയ അജണ്ട ഇവിടെ നടപ്പിലാക്കുകയാണെന്ന്. കണ്ണൂർ സർവ്വകലാശാലാ ആക്ടനുസരിച്ച് വൈസ് ചാൻസലറെ നിയമിക്കാൻ ഗവർണർ (ചാൻസലർ) ഒരു കമ്മിറ്റിയുണ്ടാക്കി, സെർച്ച് കമ്മിറ്റി. The Chancellor shall constitute a Committee എന്നാണ് ആക്ടിൽ പറഞ്ഞിരിക്കുന്നത്. ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രോ-ചാൻസലർ) സെർച്ച് കമ്മിറ്റി റദ്ദാക്കണമെന്ന് പറഞ്ഞ് ഒരു കത്തെഴുതി, അത് ഗവർണർ ചെയ്തു. അവർ തമ്മിൽ ധാരണയായിരുന്നു. വൈസ് ചാൻസലർക്ക് 60 വയസ്സ് കഴിഞ്ഞതിനാൽ റീ-അപ്പോയിന്റ്മെന്റ് നടത്തണമെന്നുപറഞ്ഞു. കാരണം ഈ സെർച്ച് കമ്മിറ്റി വഴി അപേക്ഷ കൊടുക്കാൻ കഴിയില്ല. അപ്പോൾ സെർച്ച് കമ്മിറ്റി ഇല്ലാതാക്കി റീ-അപ്പോയിന്റ്മെന്റ് നടത്തുകയെന്ന ഒരു മാർഗ്ഗമേ ഉണ്ടായിരുന്നുള്ളൂ. അങ്ങനെ റീ-അപ്പോയിന്റ്മെന്റ് നടത്താൻ ചാൻസലറും സർക്കാരും തമ്മിൽ ധാരണയുണ്ടാക്കി നിങ്ങൾക്ക് ഇഷ്ടമുള്ള കാര്യം ചെയ്തു. അത് ഒത്തുതീർപ്പായിരുന്നു, ധാരണയായിരുന്നു. അന്ന് ഹിന്ദുത്വ അജണ്ടയെപ്പറ്റി ഓർത്തില്ലല്ലോ? ദേശീയ സർക്കാരിന്റെ ഫാസിസ്റ്റ് അജണ്ട വിദ്യാഭ്യാസ രംഗത്ത് നടപ്പാക്കാൻ വരുന്ന ആളാണ് ഈ ഗവർണറെന്ന് അന്ന് ഈ വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് തോന്നിയില്ലല്ലോ? അന്ന് രണ്ട് കത്തയച്ച് നിങ്ങൾ തമ്മിൽ ധാരണയുണ്ടാക്കി. പിന്നീട് ഗവർണർ അതുരണ്ടും ഒപ്പോസ് ചെയ്തു. നിങ്ങൾ എഴുതിയതും തെറ്റാണ്, ഗവർണർ അപ്പോയിന്റ്മെന്റ് നടത്തിയതും തെറ്റാണെന്ന് പറഞ്ഞു. ഗവർണർ കുറച്ചുകാലം കഴിഞ്ഞപ്പോൾ പറഞ്ഞു - That appointment itself was irregular and illegal എന്ന്. Irregular and illegal അപ്പോയിന്റ്മെന്റാണെങ്കിൽ നിങ്ങൾ എന്തുചെയ്യണം? ഒന്നുകിൽ നിങ്ങൾ അയാളോട് രാജിവയ്ക്കാൻ പറയണം, അല്ലെങ്കിൽ അധികാര സ്ഥാനങ്ങളിൽനിന്ന് വെക്കേറ്റുചെയ്യാൻ പറയണം. അപ്പോൾ ഗവർണർ മിണ്ടിയില്ല, മുഖ്യമന്ത്രിയും ഗവർണറും തമ്മിൽ

ധാരണയുണ്ടാക്കി. അപ്പോഴൊന്നും ഹിന്ദുത്വ അജണ്ടയില്ല. നിങ്ങളും ഗവർണറും തമ്മിൽ ധാരണയുണ്ടാക്കി. ഞങ്ങൾ അതിൽ കക്ഷിചേരാൻ വന്നില്ല. വൈസ് ചാൻസലറെ ഗവർണർ ക്രിമിനലെന്ന് വിളിച്ചപ്പോൾ, ഗവർണർ സ്ഥാനത്തിരുന്നുകൊണ്ട് അത് പറയാൻ പാടില്ലെന്ന അന്തസ്സുള്ള നിലപാടാണ് ഞങ്ങൾ സ്വീകരിച്ചത്. നിങ്ങളാണ് ഇടയ്ക്കിടയ്ക്കുപോയി സെറ്റിൽമെന്റുണ്ടാക്കി ഇറെഗുലറായ, ഇല്ലീഗലായ കാര്യങ്ങൾ ചെയ്യുന്നത്. നിങ്ങൾക്ക് സൗകര്യം ചെയ്തുതരുമ്പോൾ വലിയ ആൾ, അല്ലെങ്കിൽ ഹിന്ദുത്വ അജണ്ട, അപ്പോൾ പൊളിറ്റിക്സ് അപ്ലൈ ചെയ്യുകയാണ്.

കേരളത്തിലെ സർവ്വകലാശാലകളുമായി ബന്ധപ്പെട്ട് 72 പഠന ബോർഡുകളുണ്ട്. സർവ്വകലാശാലയുമായി ബന്ധപ്പെട്ടുകൊണ്ട് നിലവിൽ വരുന്ന നിയമങ്ങൾ ചാൻസലർ അറിയണമല്ലോ, അംഗീകാരം ലഭ്യമാകാത്തതിനാൽ കാലിക്കറ്റ്, കണ്ണൂർ സർവ്വകലാശാലകളിൽ രണ്ടുവർഷമായി ബോർഡ് ഓഫ് സ്റ്റഡീസ് നിലവിലില്ല. അവിടങ്ങളിലൊക്കെയുള്ള സ്ഥിതി എന്താണ്; അധ്യാപകരെ നിയമിച്ചപ്പോൾ അടിസ്ഥാന യോഗ്യതയില്ലാത്ത 68 പേർ നിയമിക്കപ്പെട്ടു, പരീക്ഷയ്ക്ക് മുൻവർഷത്തെ ചോദ്യപേപ്പറുകളിലുള്ള ചോദ്യങ്ങൾ ആവർത്തിച്ചു. സിലബസ് തീരുമാനിക്കാൻ ഏത് കമ്മിറ്റിയാണ് ഉണ്ടാക്കിയത്? ബോർഡ് ഓഫ് സ്റ്റഡീസ് ഉണ്ടാക്കിയാലും അധ്യാപകരെ വച്ചാലും അതിലൊക്കെയും നിങ്ങളുടെ സംഘടനകളുമായി ബന്ധപ്പെട്ടവരെയല്ലാതെ മറ്റാരെയും ഉൾപ്പെടുത്തില്ല. അങ്ങനെയല്ലാത്ത ഒരാളെയും എത്ര അധ്യാപന നിലവാരമുണ്ടെങ്കിലും അക്കാഡമിക് പെർഫോമൻസുണ്ടെങ്കിലും ഏതെങ്കിലുമൊരു ബോർഡ് ഓഫ് സ്റ്റഡീസിന്റെ ചെയർമാനായിപ്പോലും നിയമിക്കില്ല. നിങ്ങളുടെ അധ്യാപക സംഘടനയിലോ, യൂണിവേഴ്സിറ്റി സംഘടനകളിലോ അംഗമല്ലാത്ത ഒരാളെപ്പോലും ഉൾപ്പെടുത്താത്ത സ്ഥിതിയിലേയ്ക്ക് എല്ലാവരെയും മാറ്റുകയാണ്. ഞാൻ പേര് പറയുന്നില്ല, നല്ല അക്കാദമിക പശ്ചാത്തലമുള്ള, ഹെഡ് ഓഫ് ദ ഡിപ്പാർട്ടുമെന്റ് ആയിട്ടുള്ള ഒരു അധ്യാപകൻ, കഴിഞ്ഞ ദിവസം എന്നെ വന്നുകണ്ടിരുന്നു, അദ്ദേഹത്തിന്റെ കണ്ണ് നിറഞ്ഞുപോയിരുന്നു, കാരണം എല്ലാ സ്ഥലത്തുനിന്നും അദ്ദേഹം ഒഴിവാക്കപ്പെടുകയാണ്. അദ്ദേഹത്തെപ്പോലെ മികച്ച അക്കാദമിക് പശ്ചാത്തലമുള്ള ഒരു അധ്യാപകൻ ഈ സർവ്വകലാശാലകളിലൊന്നുമില്ല. പക്ഷേ അദ്ദേഹത്തെ ഒന്നിലും ഉൾപ്പെടുത്തില്ല, ഒരു അസൈൻമെന്റും കൊടുക്കുന്നില്ല, എല്ലായിടത്തുനിന്നും ഒഴിവാക്കും. ഇങ്ങനെയുള്ള ആളുകൾ ഉണ്ടായിരിക്കെ, സിലബസ്സുണ്ടാക്കാൻ ഇവർ മറ്റുചില ആളുകളെ ഏർപ്പെടുത്തി. അവർ ചെയ്തത് ബാംഗ്ലൂർ യൂണിവേഴ്സിറ്റിയുടെ സിലബസ് കോപ്പിയടിക്കുക എന്നതാണ്. അവർക്ക് അത്രയല്ലേ പറ്റുകയുള്ളൂ, സിലബസ് ഉണ്ടാക്കാനുള്ള അക്കാദമിക ബുദ്ധിശക്തി അവർക്കില്ലാത്തതുകൊണ്ട് അവർക്ക് ചെയ്യാൻ പറ്റുന്ന രൂപത്തിൽ ബാംഗ്ലൂർ യൂണിവേഴ്സിറ്റിയുടെ സിലബസ്

ഒരു സബ്ജക്റ്റിന്റേത് കോപ്പിയടിച്ചു. ഇങ്ങനെ എത്രയെത്ര വിഷയങ്ങളാണുള്ളത്. സംസ്കൃത സർവ്വകലാശാലയിൽ മാർക്ക് ദാനം, എം. ജി. സർവ്വകലാശാലയിലെ മാർക്ക് ദാനം തുടങ്ങിയവയെല്ലാം ചൂണ്ടിക്കാണിക്കാനുണ്ട്. തോറ്റവർക്ക് ഗ്രേസ് മാർക്ക് നൽകുന്നു, ബി.എ. പരീക്ഷ തോറ്റവർക്ക് എം.എ.-യ്ക്ക് അഡ്മിഷൻ നൽകുന്നു. എന്നിട്ട് എം.എ.-യ്ക്ക് പഠിച്ചുകൊണ്ടിരിക്കുമ്പോൾ ബി.എ. തോറ്റുവെന്ന റിസൽട്ട് വരുന്നു. പ്രത്യേക പരീക്ഷ നടത്തിക്കൊണ്ട് എം.എ. ക്ലാസിൽ ഇരുന്നുകൊണ്ടുതന്നെ അവരെ ബി.എ. പാസ്സാക്കുന്നു. ഇതിനൊക്കെ വലിയ ഭാഗ്യം വേണ്ടതുണ്ട്, ഈ കാലത്തെ വിദ്യാർത്ഥികൾക്ക് അതുണ്ട്. ബി.എ. പാസ്സാകാതെ എം.എ. പഠിക്കാനും എം.എ. ക്ലാസിൽ ഇരുന്നുകൊണ്ട് ബി.എ. പരീക്ഷ എഴുതാനും കഴിയുന്ന തരത്തിൽ എന്തൊരു ഭാഗ്യമാണ് കുട്ടികൾക്കുള്ളത്. ഇതൊക്കെയാണ് സർവ്വകലാശാലകളിൽ നടക്കുന്നത്. അവിടെ സംഭവിക്കുന്നത് നിലവാരത്തകർച്ചയാണ്.

കഴിഞ്ഞ പ്രാവശ്യം കാലിക്കറ്റ് സർവ്വകലാശാലയിൽ ഉന്നതപഠനത്തിനുവേണ്ടി 1,30,000 കുട്ടികൾ അപേക്ഷിച്ചിരുന്നു. എന്നാൽ ഇപ്രാവശ്യം അപേക്ഷകരുടെ എണ്ണത്തിൽ ഇരുപതിനായിരത്തിലധികം കുറവ് വന്നു. മറ്റു സംസ്ഥാനങ്ങളിലേയ്ക്ക് ഉന്നതവിദ്യാഭ്യാസത്തിനുള്ള ഒഴുക്ക് വർദ്ധിക്കുകയാണ്. നമ്മുടെ യൂണിവേഴ്സിറ്റികളിൽനിന്നുള്ള മൈഗ്രേഷൻ ഭയങ്കരമായി വർദ്ധിക്കുകയാണ്. നേരത്തെ കേരളത്തിൽനിന്നും വളരെകുറച്ച് പെൺകുട്ടികളേ മറ്റ് സർവ്വകലാശാലകളിലേയ്ക്ക് പോയിരുന്നുള്ളൂ. എന്നാൽ ഇപ്പോൾ കേരളത്തിന് പുറത്തുള്ള സർവ്വകലാശാലകൾ അന്വേഷിച്ച് കുട്ടികൾ പോകുകയാണ്. നിങ്ങൾ ഇവിടെ പറയുന്ന റാങ്ക്, അക്കാഡമിക് അച്ചീവ്മെന്റ് തുടങ്ങിയവയൊക്കെയുണ്ടെങ്കിൽ ഈ കുട്ടികൾ നമ്മുടെ യൂണിവേഴ്സിറ്റികളിൽ പഠിക്കാതെ കേരളത്തിന് പുറത്തേയ്ക്ക് പോകുമോ? ബാംഗ്ലൂർ, ചെന്നൈ, കൊൽക്കത്ത, ഡൽഹി, മുംബൈ തുടങ്ങി എല്ലാസ്ഥലങ്ങളിലെയും സർവ്വകലാശാലകളിലേയ്ക്ക് കുട്ടികൾ പോകുകയാണ്. പണ്ടൊക്കെ St. Stephens, St. Xaviers എന്നീ പേരുകേട്ട കോളേജുകളിലേയ്ക്കാണ് പഠിക്കാൻ പോയിരുന്നതെങ്കിൽ ഇപ്പോൾ അറിയപ്പെടാത്ത കോളേജുകളിൽ കുട്ടികൾ പോകുകയാണ്. അതിനുള്ള കാരണം കേരളത്തിനുപുറത്തെ മോശം കോളേജുപോലും ഇവിടത്തെ യൂണിവേഴ്സിറ്റിയെക്കാൾ നല്ലതാണെന്നുള്ള ധാരണ ഉണ്ടായിട്ടുണ്ട്. വളരെ ഗൗരവമുള്ള ഒരു വിഷയം ഞാൻ ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്, ആയിരക്കണക്കിന് വിദ്യാർത്ഥികൾ 30-35 ലക്ഷം രൂപ ലോണെടുത്ത് വിദേശത്തേയ്ക്ക് പോകുകയാണ്. ഇത് നേരത്തെ ഒരു ചെറിയ ട്രെൻഡായി ആരംഭിച്ചതാണെങ്കിൽ കഴിഞ്ഞ രണ്ട് വർഷംകൊണ്ട് നൂറിരട്ടി, അഞ്ഞൂറിരട്ടിയായി വർദ്ധിച്ചിരിക്കുകയാണ്. ആസ്ട്രേലിയയിലേയ്ക്ക് കുട്ടികൾ നേരത്തേയും പോയിരുന്നു, അക്കാര്യങ്ങളെല്ലാം ഇവിടെയിരിക്കുന്ന എല്ലാ

എം.എൽ.എ.-മാർക്കും അറിയാം. വിദേശ രാജ്യങ്ങളിലുള്ള പഠനത്തിന് 25-ഉം 30 -ഉം ലക്ഷം രൂപ ലോൺ ലഭ്യമാകുന്നതിനുവേണ്ടി ബാങ്കുകളിലേയ്ക്ക് വിളിക്കാൻ അവർ എം.എൽ.എ.-മാരെ സമീപിക്കുകയാണ്. ആസ്ട്രേലിയ, കാനഡ, യു.കെ. (ബ്രിട്ടൻ), ജർമ്മനി എന്നീ സ്ഥലങ്ങളിലേയ്ക്കെല്ലാം ആയിരക്കണക്കിന് വിദ്യാർത്ഥികൾ പോകുകയാണ്. ഇവരിൽ എല്ലാ സാമ്പത്തിക അവസ്ഥയിലുമുള്ള ആളുകളുണ്ട്. ലോവർ മിഡിൽ ക്ലാസ്, അപ്പർ മിഡിൽ ക്ലാസ് എന്നരീതിയിലുള്ള സാമ്പത്തിക വ്യത്യാസങ്ങളില്ലാതെയുള്ള ഒഴുക്കാണ് നടക്കുന്നത്. ഇത്തരത്തിൽ കേരളത്തിനുപുറത്തേയ്ക്ക് കുട്ടികളുടെ വലിയ ഒഴുക്ക് ഉണ്ടാകുകയാണ്. ഇതുകൊണ്ട് കേരളത്തിന് നഷ്ടമാകാൻ പോകുന്നത് വളരെ ക്രീം ആയിട്ടുള്ള ഒരു ഹ്യൂമൻ റിസോഴ്സസാണ് എന്നുള്ളത് കാണാതെപോകരുത്. പ്രസ്തുത ക്രീം ഹ്യൂമൻ റിസോഴ്സ് നമ്മുടെ 'പവർ' ആണ്, നമ്മുടെ ഏറ്റവും വലിയ 'അസറ്റാണ്. അവരിൽപലരും വിദേശത്തുതന്നെ സ്ഥിരതാമസമാക്കുകയാണ്. നമ്മുടെ സർവ്വകലാശാലകളുടെ നിലവാരം താഴ്ത്താതെ നമുക്ക് അവരെ ഇവിടെ പിടിച്ചുനിർത്താൻ കഴിയണ്ടേ? ഞങ്ങൾക്ക് ഇതിനോട് മൂന്നാംകിട കുശുമ്പാണെന്ന് ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞു, ഈ രംഗത്തെ ഇപ്പോഴുള്ള നിലവാരത്തിനോട് ആർക്കെങ്കിലും മുപ്പതാംകിട കുശുമ്പെങ്കിലും തോന്നുമോ? ഈ യൂണിവേഴ്സിറ്റികളെ ഇത്രയും എത്തിച്ചതിന് ഞങ്ങൾക്ക് മൂന്നാംകിട കുശുമ്പാണുപോലും. ഇങ്ങനെയൊക്കെ പറയുന്നതിനും ഈ വാക്കുകൾ ഉപയോഗിക്കുന്നതിനും നിങ്ങളെ സമ്മതിച്ചുതരണം. വഴിയേപോകുന്ന ആർക്കെങ്കിലും ഇക്കാര്യത്തിൽ കുശുമ്പ് തോന്നുമോ? ഞങ്ങൾക്ക് തോന്നുന്നത് സങ്കടവും സഹതാപവും പ്രയാസവുമാണ്. ഞാൻ സംസാരിക്കുന്നത് എന്റെയുള്ളിലെ വേദനകൂടി വച്ചുകൊണ്ടാണ്. നമ്മുടെ കുട്ടികൾക്ക് നല്ല വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒരുങ്ങുന്നില്ല, ഉള്ളവയ്ക്ക് നിലവാരമില്ല, ഗവേഷണാത്മകമായ ഒരു പരിപാടിയും യൂണിവേഴ്സിറ്റികളെ കേന്ദ്രീകരിച്ച് നടക്കുന്നില്ല. അവിടെ അമിതമായ രാഷ്ട്രീയവത്കരണമാണ്, എല്ലാത്തിനെയും കൈപ്പിടിയിലാക്കാനുള്ള അത്യാഗ്രഹമാണ്. ഇതിനെയൊക്കെ നിയന്ത്രിക്കുന്നത് നിങ്ങളാരുമല്ല, ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയാണെന്നും ഞാൻ പറയില്ല, നിയന്ത്രിക്കുന്നത് അദൃശ്യ കൈകളാണ്. ഇതിനെല്ലാമുള്ള പ്രത്യേക സംവിധാനം നിങ്ങളുടെ പാർട്ടിക്കുണ്ട്, ആ കൈകളാണ് യൂണിവേഴ്സിറ്റികളെ നിയന്ത്രിക്കുന്നത്. വകുപ്പുമന്ത്രി ഒരു തീരുമാനമെടുത്താലും അവരോട് ചോദിക്കാതെ നടപ്പിലാക്കാൻ സാധിക്കില്ല, അതുപോലെയുള്ള ശക്തികളാണ്. എല്ലാ സ്ഥലത്തുമിരുന്ന് അദൃശ്യകരങ്ങളിലൂടെ സർവ്വകലാശാലകളെ രാഷ്ട്രീയവത്കരിച്ച് വഷളാക്കുകയാണ്. കുട്ടികൾക്ക് നിലവാരമുള്ള പഠനസൗകര്യങ്ങൾ നഷ്ടപ്പെടുന്നുവെന്നതാണ് ഇതിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഇവിടെ പുതിയതായി രൂപീകരിച്ച സർവ്വകലാശാലകളുടെ

സ്ഥിതിയെന്താണ്? അതിനെക്കുറിച്ച് ഞാനൊന്നും പറയുന്നില്ല, പറയാനാണെങ്കിൽ ഏറെയുണ്ട്. ഡിജിറ്റൽ സർവ്വകലാശാലയിൽ എത്രമാത്രം പിൻവാതിൽ നിയമനങ്ങളാണ് നടന്നിരിക്കുന്നത്. അതൊക്കെ ഇഷ്ടക്കാരെ നിയമിക്കാനുള്ള സ്ഥലമാണ്. ഇപ്പോൾ സാങ്കേതിക സർവ്വകലാശാലയിലും പിൻവാതിൽ നിയമനം നടക്കുകയാണ്. അങ്ങ് കൊണ്ടുവന്ന ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയ്ക്ക് ഇതുവരെ യു.ജി.സി.-യുടെ അംഗീകാരം ലഭ്യമായോ? ഇങ്ങനെപോയാൽ യു.ജി.സി.-യുടെ അംഗീകാരം കിട്ടില്ലെന്ന് അങ്ങ് മന്ത്രിയായി ചുമതല ഏറ്റെടുത്തയുടനെതന്നെ ഞങ്ങൾ ചൂണ്ടിക്കാണിച്ചിരുന്നല്ലോ. അന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ലഭ്യമാകുമെന്നാണ്. എന്നിട്ടും കഴിഞ്ഞ പ്രാവശ്യം വീണ്ടും പ്രസ്തുത സർവ്വകലാശാലയ്ക്ക് പ്രൈവറ്റ് രജിസ്ട്രേഷൻ സ്വീകരിക്കാൻ കഴിയാതെവന്നതിനാൽ നിങ്ങൾതന്നെ കൊണ്ടുവന്ന നിയമം നിങ്ങൾതന്നെ മാറ്റി. ഓപ്പൺ യൂണിവേഴ്സിറ്റി നിയമത്തിൽ ഭേദഗതി വരുത്തിയശേഷം കുട്ടികൾക്ക് പ്രൈവറ്റ് രജിസ്ട്രേഷൻ ചെയ്യാൻ അനുമതി കൊടുക്കേണ്ടിവന്നു. ഇത്തവണയെങ്കിലും കുട്ടികൾക്ക് അവിടെ രജിസ്ട്രേഷൻ നടത്താൻ സാധിക്കുമെന്നാണ് ഞാൻ കരുതിയത്. പക്ഷേ ഇപ്രാവശ്യവും അത് പ്രാബല്യത്തിൽ വന്നില്ല. നിങ്ങൾ വീണ്ടും വീണ്ടും ഇങ്ങനെ നിയമമുണ്ടാക്കി വച്ചുകൊണ്ട് എന്ത് പ്രയോജനമാണുള്ളത്? പഴയതുപോലെ കുട്ടികൾക്ക് കേരള, കാലിക്കറ്റ് സർവ്വകലാശാലകളെ പ്രൈവറ്റ് രജിസ്ട്രേഷനുവേണ്ടി സമീപിക്കേണ്ട സ്ഥിതിയാണ്. നിങ്ങൾ ഉണ്ടാക്കിവച്ച സർവ്വകലാശാലകളുടെ സ്ഥിതി എന്താണെന്നുകൂടി നിങ്ങൾ അറിയേണ്ടതുണ്ട്. ഡിജിറ്റൽ യൂണിവേഴ്സിറ്റിയും ഓപ്പൺ യൂണിവേഴ്സിറ്റിയുമെല്ലാം കടന്നുപോകുന്നത് പരിതാപകരമായ നിലയിലൂടെയാണ്. കുറേയേറേ ആളുകളെ നിയമിക്കാൻ മാത്രമായി ഈ സംവിധാനങ്ങളെ നിങ്ങൾ മാറ്റുകയാണ്. അപകടകരമായ നിലയിലേയ്ക്ക് കേരളത്തിലെ ഉന്നതവിദ്യാഭ്യാസം കൂപ്പുകുത്തുകയാണ്. രാഷ്ട്രീയ താത്പര്യങ്ങളും സ്വന്തക്കാരെ നിയമിക്കാനുള്ള താത്പര്യങ്ങളും ബന്ധുനിയമനത്തിനുള്ള താത്പര്യങ്ങളുമാണ് എല്ലായിടത്തുമുള്ളത്. ചില സ്ഥലത്ത് 100 പേരെ താത്കാലിക ജീവനക്കാരായി നിയമിച്ചു, അവരെല്ലാം പാർട്ടിക്കാരായിരുന്നു. അതുകൊണ്ട് അവരെ ഇപ്പോൾ മാറ്റാൻ പറ്റില്ലെന്നും പി.എസ്.സി. വഴി ആളെ നിയമിക്കാൻ സാധിക്കില്ലെന്നും പറഞ്ഞു. കഴിഞ്ഞ യു.ഡി.എഫ്. ഗവണ്മെന്റാണ് സർവ്വകലാശാലകളിലെ അധ്യാപകേതര ജീവനക്കാരുടെ നിയമനം പി.എസ്.സി.-ക്ക് വിട്ടത്. കേരള യൂണിവേഴ്സിറ്റിയിലെ നിയമനത്തട്ടിപ്പിനെത്തുടർന്ന് അധ്യാപകേതര ജീവനക്കാരുടെ നിയമനം പി.എസ്.സി.-ക്ക് വിടുകയായിരുന്നു. അതുകൊണ്ട് കുറച്ച് ആശ്വാസമുണ്ട്. അല്ലെങ്കിൽ കേരള യൂണിവേഴ്സിറ്റിയിൽ നടന്നതുപോലെ അധ്യാപകേതര ജീവനക്കാരുടെ നിയമനത്തിൽ മറ്റുള്ളിടങ്ങളിലും തട്ടിപ്പ് നടന്നിരുന്നെങ്കിൽ സ്ഥിതി

എന്താകുമായിരുന്നു? യൂണിവേഴ്സിറ്റികളിലെ അധ്യാപക നിയമനങ്ങൾകൂടി പി.എസ്.സി.-ക്ക് വിടണമെന്നാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്. അതിനുകാരണം ഈ നാണക്കേടിൽനിന്നും കേരളത്തിലെ സർവ്വകലാശാലകളെ രക്ഷപ്പെടുത്തണമെന്ന ചിന്തയാണ്. അതുകൊണ്ട് യൂണിവേഴ്സിറ്റികളിലെ അധ്യാപക നിയമനങ്ങൾകൂടി പി.എസ്.സി.-ക്ക് വിടാനുള്ള തീരുമാനമെടുക്കണം. ഗൗരവതരമായ പ്രശ്നം പറഞ്ഞിട്ടും ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ഇത്തരത്തിലുള്ള മറുപടി കേരളം മുഴുവൻ കേട്ടുകൊണ്ടിരിക്കുകയാണ്. ചോദിച്ച ഒരു ചോദ്യത്തിനും കൃത്യമായ മറുപടിയില്ല, പറയുന്ന ഒരു കാര്യത്തിനും കൃത്യതയില്ല. നേരത്തേ തയ്യാറാക്കിക്കൊണ്ടുവന്ന കുറേയേറെ കാര്യങ്ങൾ ഇവിടെ പറഞ്ഞുവെന്നുമാത്രം. അതുകൊണ്ട് ഗൗരവതരമായ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി അടിയന്തരപ്രമേയത്തിന് മറുപടി പറഞ്ഞപ്പോൾ ഉന്നത വിദ്യാഭ്യാസ രംഗം റെക്കോർഡ് നിലവാരത്തിലേയ്ക്ക് വന്നിട്ടുണ്ടെന്നാണ് പറഞ്ഞത്. കഴിഞ്ഞവർഷം ഒരുലക്ഷത്തി മുപ്പതിനായിരം കുട്ടികൾ യൂണിവേഴ്സിറ്റിയിലുണ്ടായിരുന്ന സ്ഥാനത്ത് ഈ വർഷം ഒരു ലക്ഷത്തി ഇരുപത്തിനാലായിരത്തി അറുപത് കുട്ടികളാണുള്ളത്. ആറായിരത്തോളം കുട്ടികളുടെ കുറവാണ് കോഴിക്കോട് സർവ്വകലാശാലയിൽ മാത്രം വന്നിരിക്കുന്നത്. നിലവാരക്കുറവും റിസൾട്ട് വരാത്തതും കാരണം അവിടെ വിദൂര പഠന വിഭാഗത്തിൽ പതിനായിരത്തോളം കുട്ടികൾ ഓപ്ഷൻ കൊടുത്തില്ല. ഉന്നതവിദ്യാഭ്യാസ രംഗത്ത് സർവ്വകലാശാലകളിലുള്ള പഠനവും ഡിഗ്രിയുമൊക്കെ വച്ച് വിദേശത്തുപോയി അഡ്മിഷനെടുത്ത് പഠിക്കാൻ കഴിയാത്ത സ്ഥിതിയുണ്ട്. വിദ്യാഭ്യാസ വകുപ്പുമന്ത്രി അത് മനസ്സിലാക്കണം. ഉത്തരക്കടലാസ് സമയത്തിന് കിട്ടാത്തതുകൊണ്ട് റിസൾട്ട് വരാൻ താമസിച്ചതിനാൽ വിദേശ സർവ്വകലാശാലകളിലേയ്ക്ക് പോയ കുട്ടികൾക്ക് മടങ്ങിവരേണ്ട സ്ഥിതിയുണ്ടായി. പതിനൊന്ന് സ്വാശ്രയ കോളേജുകളുടെ അംഗീകാരം പോയി. ഉന്നത വിദ്യാഭ്യാസ രംഗം നല്ല നിലയിലേയ്ക്ക് വന്ന് റെക്കോർഡ് വേഗതയിൽപോകുന്നു എന്നൊക്കെ പറയുന്നുണ്ടെങ്കിലും അങ്ങനെയൊരു ശ്രമംതന്നെ നടക്കുന്നില്ല. രാവിലെ വ്യവസായ വകുപ്പുമന്ത്രി മറുപടി പറഞ്ഞപ്പോൾ ഐ.റ്റി. അല്ലാത്ത വ്യവസായ സ്റ്റാർട്ടപ്പുകളെപ്പറ്റി പറഞ്ഞു. കേരള സർവ്വകലാശാലയുടെ കാമ്പസിൽനിന്ന് സ്ഥലംകൊടുത്ത് ടെക്നോപാർക്ക് നിർമ്മിക്കാൻവേണ്ട ശ്രമമുണ്ടായതാണ്.

കോഴിക്കോട് സർവ്വകലാശാലയോട് അനുബന്ധമായി സർവ്വകലാശാല, ഇൻഡസ്ട്രി, ഇന്റഗ്രേഷന്റെ ഭാഗമായി കാക്കഞ്ചേരി ഫുഡ്പാർക്ക് കൊണ്ടുവന്നു. ഈ സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ രംഗത്തിന്റെ നിലവാരമുയർത്താൻ വിദേശ സർവ്വകലാശാലകളിലൊക്കെ നടത്തുന്നപോലെ റിസർച്ചുകൾ ഇവിടെയും ഉണ്ടാകണം. ഡിഗ്രികൾ, റിസർച്ചുകൾ, inventions ഒക്കെ സർവ്വകലാശാലകളിൽനിന്നും വരണം. എന്നിട്ടത് ഇൻഡസ്ട്രിയായി മാറണം, ഐ.ടി.-യിൽ മാത്രമല്ല, എല്ലാ രംഗത്തും സ്റ്റാർട്ടപ്പുകളുണ്ടാകണം. അങ്ങനെ വല്ല ശ്രമവും നടക്കുന്നുണ്ടോ; സർവ്വകലാശാലകളെയൊക്കെ രാഷ്ട്രീയവത്കരിച്ചു. അക്കാദമികമായോ ഗവേഷണതലത്തിലോ സർവ്വകലാശാലകളെ ലോകനിലവാരത്തിലേയ്ക്ക് കൊണ്ടുപോകാനുള്ള വല്ല ശ്രമവുമുണ്ടോ? ഉന്നതവിദ്യാഭ്യാസ രംഗത്ത് വന്നിരിക്കുന്ന മരവിപ്പ് വളരെ അപകടകരമായ സ്ഥിതിയിലേയ്ക്ക് പോകുന്ന സമയത്താണ് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഉന്നതവിദ്യാഭ്യാസ രംഗം റെക്കോർഡ് വേഗതയിൽ മാറിക്കൊണ്ടിരിക്കുന്നുവെന്ന് പറയുന്നത്. എന്തെങ്കിലും യാഥാർത്ഥ്യം ഇതിലുണ്ടോ? വിദ്യാർത്ഥികൾ മറ്റ് സർവ്വകലാശാലകൾ തേടിപ്പോകുകയാണ്. വിദേശത്ത് അവർക്ക് പ്രശ്നങ്ങളുണ്ടെങ്കിലും റിസർച്ചിനോ ഉന്നത പഠനത്തിനോ ഇവിടത്തെ സർവ്വകലാശാലകളിലേയ്ക്ക് പോകാതെ ഇവിടെനിന്ന് രക്ഷപ്പെടാൻ നോക്കുകയാണ്. ബ്രെയിൻ ഡ്രെയിൻ ആണ് ഉണ്ടാകുന്നത്. ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരത്തകർച്ച അപകടകരമായ സ്ഥിതിയിലേയ്ക്ക് എത്തിയിട്ടുണ്ടെന്നുള്ള വസ്തുത നിലനിൽക്കെ, ഇവിടെ ഉന്നയിച്ച ഒരു പ്രശ്നത്തിന്റെ പേരിൽ ഗവർണറും ഗവൺമെന്റും തമ്മിൽ ശീതസമരമാണ്. ഗവർണർ ചെയ്യുന്നതൊക്കെ ന്യായമെന്നോ ശരിയാണെന്നോ ഞങ്ങളാരും പറഞ്ഞിട്ടില്ല. ഇവിടെ കഴിഞ്ഞകാലത്ത് വൈസ്ചാൻസലർമാരെ നിയമിച്ചത് സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അതിൽ വസ്തുതാപരമായി തെറ്റുണ്ട്. സ്കൂൾ അദ്ധ്യാപകനെ വൈസ്ചാൻസലറായി നിയമിച്ചിട്ടില്ല. അത് ആരെയാണെന്നുള്ളത് വ്യക്തമാക്കേണ്ട ചുമതല ബഹുമാനപ്പെട്ട മന്ത്രിക്കുണ്ട്. ഞങ്ങളുടെ പാർട്ടിയിലും വിദ്യാഭ്യാസ വകുപ്പുമന്ത്രി ഉണ്ടായിരുന്നു. പക്ഷെ സ്കൂൾ അദ്ധ്യാപകനെ നിയമിച്ചിട്ടില്ല. ഏതോ പത്രവാർത്തകണ്ട് ബഹുമാനപ്പെട്ട മന്ത്രി തെറ്റിദ്ധരിച്ചതാകാം. മഹാന്മാരായ ആളുകളെ വച്ച കണക്കാണെങ്കിൽ ബഹുമാനപ്പെട്ട മന്ത്രി മനസ്സിലാക്കേണ്ടത് സി.എച്ച്. മുഹമ്മദ്കോയ വിദ്യാഭ്യാസ മന്ത്രിയായിരുന്നപ്പോൾ ജോസഫ് മുണ്ടശ്ശേരിയെത്തന്നെ കുസാറ്റിൽ വൈസ്ചാൻസലറായി നിയമിച്ചിട്ടുണ്ട്. യോഗ്യതയുള്ള വ്യക്തികളെ നിയമിക്കുന്ന പതിവാണ് അന്നൊക്കെയുണ്ടായിരുന്നത്. ഡോ. എ. എൻ. പി. ഉമ്മർകുട്ടി, ടി. എൻ. ജയചന്ദ്രൻ, ടി. കെ. രവീന്ദ്രൻ അങ്ങനെ ലിസ്റ്റ് ഒരുപാടുണ്ട്. അന്നുള്ള

ആളുകളുടെ പേരിൽ നടപടി എടുത്ത് പുറത്താക്കിയ കാര്യംപറഞ്ഞു. ഏത് പുറത്താക്കൽ; എന്തുപുറത്താക്കൽ എന്ന് ഞങ്ങൾ ചോദിക്കുമ്പോൾ ന്യായം പറയുന്നത് അന്നത്തെ ഗവർണർ പുറത്താക്കിയ കാര്യമാണ്. അന്നത്തെ ഗവർണർ പുറത്താക്കിയത് മഹത്തായ കാര്യമാണെങ്കിൽ ഇപ്പോഴത്തെ ഗവർണർ പുറത്താക്കുന്നതും മഹത്തായ കാര്യമാണല്ലോ. പുറത്താക്കിയെന്ന് പറയുന്നതിൽത്തന്നെ വസ്തുതാപരമായി തെറ്റുണ്ട്. ബഹുമാനപ്പെട്ട മന്ത്രി സന്ദർഭത്തിന് യോജിക്കാത്ത കുറെ കാര്യങ്ങൾ പറയുകയാണ് ചെയ്തത്. യഥാർത്ഥ വിഷയത്തിന് ലളിതമായി മറുപടി പറയുന്നതിനുപകരം മറ്റെന്തൊക്കെയോ പറയുകയാണ്. ഉന്നതവിദ്യാഭ്യാസ രംഗത്ത് അത്യാവശ്യമായ പരിഷ്കാരങ്ങൾപോലും നടക്കുന്നില്ല. കാലിക്കറ്റ് യൂണിവേഴ്സിറ്റിയൊക്കെ ഏകപക്ഷീയമായി പോകുന്നത് ഞാൻ നേരിട്ട് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. എല്ലാം രാഷ്ട്രീയവത്കരിച്ച് പറ്റാത്തവരെ പുറത്താക്കി ചെയ്യുന്ന കാര്യങ്ങളൊന്നും സർക്കാർ അറിയുന്നുണ്ടാകില്ല. ആരൊക്കെയാണ് ഇത് ചെയ്യുന്നതെന്നും അറിയില്ല. പല സർവ്വകലാശാലകളിലും വല്ലാത്ത ഒരു ട്രേഡ് യൂണിയനിസമാണ്, പൊളിറ്റിക്കൽ രീതിയിലാണ് കാര്യങ്ങൾ പോകുന്നത്. അത് ഞങ്ങൾക്ക് പറയാതിരിക്കാൻ കഴിയില്ല. അതുകൊണ്ട് ഉന്നത വിദ്യാഭ്യാസ രംഗത്ത് എല്ലാം ശുഭമെന്ന ധാരണ തെറ്റാണ്, വളരെ മോശമായ രീതിയിലാണ് കാര്യങ്ങൾ പോകുന്നത്. അത് ഇവിടെ ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. പി. ജെ. ജോസഫ്: സർ, ഉന്നത വിദ്യാഭ്യാസ രംഗത്തുള്ള നിലവാരത്തകർച്ച ഭാവിതലമുറയെ അങ്ങേയറ്റം പ്രതികൂലമായി ബാധിക്കുന്ന ഒന്നാണ്. പിൻവാതിൽ നിയമനങ്ങൾ യഥാർത്ഥത്തിൽ സംസ്ഥാനത്തേയും ജനങ്ങളെയും ബാധിക്കുന്ന ഒന്നാണ്. ഈ പ്രവണത ഇന്ത്യയിലെ മറ്റുള്ള സംസ്ഥാനങ്ങളും സർവകലാശാലകളും വളരെയധികം അവജ്ഞയോടുകൂടി കാണും. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗവും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും സഭവിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, കഴിഞ്ഞ ദിവസം ഞാൻ ഇവിടെ സംസാരിച്ചപ്പോൾ യുവാക്കളുടെ അവസരങ്ങൾ നഷ്ടപ്പെടുന്നതിനെക്കുറിച്ച് പ്രതിപാദിക്കുകയുണ്ടായി. അതിനോടൊപ്പം ഞങ്ങൾ മുന്നോട്ട് വച്ചിരിക്കുന്നത്

ഇവിടത്തെ കുട്ടികൾ ഇവിടെ വിദ്യാഭ്യാസം നേടാൻപോലും തയ്യാറാകാതെ മറ്റ് യൂണിവേഴ്സിറ്റികളും കോളേജുകളും തേടിപ്പോകുന്ന സാഹചര്യമാണുള്ളത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സൂചിപ്പിച്ചതിന് അടിവരയിടാനാണ് ഞാൻ ആഗ്രഹിക്കുന്നത്. അല്പമെങ്കിലും സാമ്പത്തിക പിൻബലമുള്ള കുട്ടികൾ മറ്റ് സ്റ്റേറ്റുകളിലേയ്ക്കും രാജ്യങ്ങളിലേയ്ക്കും പഠനത്തിനുവേണ്ടി പോകുകയാണ്. ഇത് ഗവണ്മെന്റ് ഗൗരവമായി കാണണം. എത്രമാത്രം കുട്ടികൾ കുറഞ്ഞിട്ടുണ്ടെന്നുള്ള കണക്കെടുക്കണം. കുട്ടികളെ നാട്ടിൽത്തന്നെ എങ്ങനെ നിലനിർത്താൻ കഴിയും എന്നതിനെക്കുറിച്ച് ചിന്തിക്കണം. നമ്മുടെ സർവ്വകലാശാലകളിലുണ്ടാകുന്ന നിലവാരത്തകർച്ച പ്രധാന ഘടകമായിവരുന്നു. അക്കാഡമിക് ഇന്ററസ്റ്റിൽ എടുത്തുകൊണ്ട് ഈ വിഷയത്തെക്കുറിച്ച് പഠിക്കാനും നമ്മുടെ വിദ്യാർത്ഥികളെ ഇവിടെ നിലനിർത്താനും കഴിയുന്ന നിലയിലേയ്ക്ക് വരണം. സർവകലാശാലകളെ രാഷ്ട്രീയവിമുക്തമാക്കുകയെന്നത് സർക്കാരിന്റെ വലിയൊരു ഉത്തരവാദിത്വമാണ്. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി.)

ശ്രീമതി കെ. കെ. രമ: സർ, കേരളത്തിലെ ഉന്നതവിദ്യാഭ്യാസ രംഗത്തെ മൂല്യച്യുതി കാരണം ധാരാളം വിദ്യാർത്ഥികൾ മറ്റ് സംസ്ഥാനങ്ങളിലും രാജ്യങ്ങളിലുമൊക്കെ ചേക്കേറുന്ന അവസ്ഥ വ്യാപകമാണ്. വിദ്യാർത്ഥി സംഘടനയും ഇടതുപക്ഷവും ഇത്തരത്തിലുള്ള മൂല്യച്യുതിക്കെതിരെയും സ്വകാര്യവൽക്കരണത്തിനെതിരെയും വിട്ടുവീഴ്ചയില്ലാത്ത നിലപാടെടുത്തൊരു കാലഘട്ടമുണ്ടായിരുന്നു. അതല്ല ഇന്നത്തെ ഇടതുപക്ഷം. സർവ്വകലാശാലാ അസിസ്റ്റന്റ് നിയമന വിഷയത്തിലുൾപ്പെടെ ആരോപണ വിധേയമായവരാണ് വരുംകാല രാഷ്ട്രീയത്തെയും ഇടതുപക്ഷത്തെയുമൊക്കെ നയിക്കേണ്ട യുവതലമുറയിൽപ്പെട്ട രാഷ്ട്രീയ നേതൃത്വമാണെന്നത് ഏറെ ദു:ഖകരമാണ്. ഇവർക്കൊക്കെയുള്ള രാഷ്ട്രീയ ആത്മപരിശോധനകൂടി ആയിരിക്കണം ഈ അടിയന്തരപ്രമേയം എന്നുകൂടിയാണ് ഞാൻ സൂചിപ്പിക്കുന്നത്. നമ്മുടെ ഭാവിതലമുറയെ ബാധിക്കുന്ന ഇത്തരത്തിലുള്ള വിഷയങ്ങൾ ചർച്ച ചെയ്യപ്പെടേണ്ടതാണ്. അത് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി  കെ. കെ. രമ സഭ വിട്ട് പുറത്തുപോയി. പുറത്തുപോയ അംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ ഹാജരായി.)

11.18 AM]

## III ശ്രദ്ധ ക്ഷണിക്കൽ

### (1) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ശ്രീ. പി. എസ്. സുപാൽ: സർ, തൊഴിലുറപ്പ് മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾ കടുത്ത ആശങ്കയിലാണ്. രാജ്യത്ത് മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അട്ടിമറിക്കാനുള്ള ആസൂത്രിതമായ ശ്രമങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഒന്നാം യു.പി.എ. സർക്കാരിന്റെ കാലത്ത് ഇടതുപക്ഷ പാർട്ടികളുടെ പിന്തുണയോടുകൂടി പൊതുമിനിമം പരിപാടിയുടെ അടിസ്ഥാനത്തിലാണ് രാജ്യത്ത് മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആരംഭിച്ചത്. രാജ്യത്തുടനീളം കോടിക്കണക്കിന് ആളുകൾക്ക് ജോലി നൽകുന്ന ഏറ്റവും മഹത്തായ പദ്ധതിയാണിത്.  നിയമത്തിൽ പറയുന്നത് കുറഞ്ഞത് നൂറ് ദിവസം ജോലി നൽകണമെന്നാണ്. നമ്മുടെ രാജ്യത്ത് എല്ലാ തൊഴിലാളികൾക്കും നൂറ് ദിവസം ജോലി നൽകുന്നതിനാവശ്യമായ സാഹചര്യമുണ്ടാകുന്നില്ല. മാത്രമല്ല, നിലവിൽ കൊടുത്തുകൊണ്ടിരിക്കുന്ന തൊഴിൽപോലും ഇല്ലാതാക്കുന്ന നടപടിയാണ് ഉണ്ടാകാൻ പോകുന്നത്. 2022 ജൂലൈ മാസം കേന്ദ്ര സർക്കാർ ഇറക്കിയ ഉത്തരവിൽ ഒരു പഞ്ചായത്തിൽ ഒരു സമയം 20 ജോലികൾ മാത്രമേ ചെയ്യാൻ പാടുള്ളൂവെന്ന നിർദ്ദേശമാണ് മുന്നോട്ട് വച്ചിരിക്കുന്നത്. സംസ്ഥാനത്ത് ഇരുപതിലധികം വാർഡുകളുള്ള നിരവധി പഞ്ചായത്തുകളുണ്ട്. ഇരുപത് വാർഡിൽ ജോലി നടക്കുമ്പോൾ ഇരുപത്തിയൊന്നാം വാർഡിൽ ജോലി നടക്കുന്നില്ല. 150 മുതൽ 300 തൊഴിലാളികൾ വരെ പണിയെടുക്കുന്ന വാർഡുകളുണ്ട്. പുതിയ വ്യവസ്ഥ നടപ്പിലാക്കാൻ തീരുമാനിച്ചാൽ തൊഴിലാളിൾക്ക് ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്ന തൊഴിൽ നഷ്ടപ്പെടും; ഒരു വർഷം  ഇരുപത് തൊഴിൽ ദിനങ്ങൾ മാത്രമായി ചുരുങ്ങുന്ന അവസ്ഥയുണ്ടാകും. അത് ഈ പദ്ധതിയെ ആസൂത്രിതമായി ഇല്ലാതാക്കാനുള്ള ശ്രമത്തിന്റെ ഭാഗമായിട്ടുള്ള നിർദ്ദേശമാണ്. 2022-23 സാമ്പത്തിക വർഷത്തിൽ ഇതുവരെ 48,000 കോടി രൂപയാണ് ചെലവഴിച്ചത്. ഇനി 25,000 കോടി രൂപ മാത്രമാണ് ബാക്കിയുള്ളത്. അത് രണ്ട് മാസത്തേയ്ക്കുള്ള തുകയേയുള്ളൂ. അതുകൂടി ചെലവഴിച്ചാൽ ഈ സാമ്പത്തിക വർഷത്തിൽ ബാക്കിയുള്ള ആറുമാസം തൊഴിലാളികൾക്ക് പണിയില്ലാത്ത സാഹചര്യമുണ്ടാകും. തൊഴിലാളികൾ കൊണ്ടുവരുന്ന ആയുധങ്ങൾക്ക് ഷാർപ്പനിംഗ് ചാർജ്ജ് നൽകുന്നത് നിർത്തലാക്കാനുള്ള ഉത്തരവ് വന്നിട്ടുണ്ട്. 5 രൂപ മുതൽ 10 രൂപ വരെയുള്ള ഷാർപ്പനിംഗ് ചാർജ്ജ് നിർത്തലാക്കാൻ

തീരുമാനിക്കുമ്പോൾ അതിലൂടെ കേന്ദ്ര സർക്കാരിന് ഒരു ദിവസം 90 കോടി രൂപയുടെ ലാഭമാണ് ലഭിക്കുന്നത്. എങ്ങനെയെല്ലാം ഈ പദ്ധതിയെ അട്ടിമറിക്കാമെന്നുള്ള നീക്കത്തിന്റെ ഭാഗമായാണ് ഇത്തരം വ്യവസ്ഥകൾ കൊണ്ടുവരുന്നത്. തൊഴിലുറപ്പ് പദ്ധതിയിൽ രാവിലെ ജോലി ആരംഭിച്ചാൽ നിശ്ചിത സമയത്തിനുള്ളിൽ ഫോട്ടോ muster roll അപ്‌ലോഡ് ചെയ്യണം. നെറ്റ് കണക്ടിവിറ്റിയില്ലാത്ത മലയോര മേഖലകളിൽ സാങ്കേതിക തകരാറുമൂലം മസ്റ്റർ റോൾ അപ്‌ലോഡ് ചെയ്യാൻ കഴിയാതെ വരും. അതുകൊണ്ട് ഹാജർ നില നഷ്ടപ്പെടുന്ന സാഹചര്യമുണ്ട്. ഇത് പ്രായോഗികമല്ല, അതിന് ബദൽ നയം അനിവാര്യമാണ്. ഇതെല്ലാം കേന്ദ്ര ഗവണ്മെന്റ് തീരുമാനമെടുക്കേണ്ട കാര്യങ്ങളാണ്. സ്വകാര്യമേഖലയിലുൾപ്പെടെ നടപ്പിലാക്കുന്ന ഇ.എസ്.ഐ. പദ്ധതി തൊഴിലുറപ്പ് മേഖലയിലും നടപ്പിലാക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ മാതൃകാപരമായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. തൊഴിലുറപ്പ് മേഖലയിൽ ഫെസ്റ്റിവൽ അലവൻസ് കൊടുക്കുന്ന സംസ്ഥാനമാണ് കേരളം. 75 ശതമാനം ഹാജർ ഉള്ളവർക്ക് ഫെസ്റ്റിവൽ അലവൻസ് നൽകുന്നുണ്ട്. നേരത്തെ 100 ശതമാനമായിരുന്നു. ഇപ്പോൾ 75 ശതമാനമായി കുറച്ചിരിക്കുകയാണ്. ഈ അനിശ്ചിതത്വം നിലനിൽക്കുന്ന സാഹചര്യത്തിൽ 50 ശതമാനമായി കുറയ്ക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് സൂചിപ്പിക്കാനുള്ളത്. കേരളം മാതൃകാപരമായി പദ്ധതികൾ നടപ്പിലാക്കുന്ന സംസ്ഥാനമാണ്. 2022-23 സാമ്പത്തിക വർഷത്തിൽ 10.32 കോടി തൊഴിൽ ദിനങ്ങൾ കേരളം ആവശ്യപ്പെട്ടിരുന്നു. എന്നാൽ ആ സ്ഥാനത്ത് കേന്ദ്രം അനുവദിച്ചത് കേവലം 6 കോടി തൊഴിൽ ദിനങ്ങൾ മാത്രമാണ്. പകുതി തൊഴിലവസരങ്ങൾ മാത്രമേ തൊഴിലാളികൾക്ക് ലഭിക്കുകയുള്ളൂ. ഇത് പദ്ധതിയെ തകർക്കാനുള്ള ഗൂഢമായ നീക്കത്തിന്റെ ഭാഗമാണ്. നമ്മുടെ രാജ്യത്ത് കോടിക്കണക്കിന് തൊഴിലാളികൾക്ക് ജോലിനൽകുന്ന പദ്ധതിയാണിത്. അതിൽ കൂടുതലും സ്ത്രീ തൊഴിലാളികളായതിനാൽ അവരുടെ വരുമാനമാർഗ്ഗമാണിത്. ഈ പദ്ധതിയെ അട്ടിമറിക്കാൻ കേന്ദ്ര സർക്കാർ ശ്രമിക്കുമ്പോൾ ഇതിനെ നിലനിർത്താനുള്ള എല്ലാവിധ ശ്രമങ്ങളുമുണ്ടാകണമെന്നും കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്താൻ സംസ്ഥാന സർക്കാർ ആവശ്യമായ നടപടി സ്വീകരിക്കണമെന്നുമാണ് അഭ്യർത്ഥിക്കാനുള്ളത്.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, 2005-ൽ പാർലമെന്റ് പാസ്സാക്കിയ നിയമംമൂലം നടപ്പിലായ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഒരു കുടുംബത്തിന് 100 ദിവസത്തെ തൊഴിൽ ഉറപ്പ് നൽകുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ഈ വ്യവസ്ഥയ്ക്ക് വിരുദ്ധമായി കേന്ദ്ര ഗ്രാമ വികസന വകുപ്പ് 2022 ജൂലൈ 18-ാം തീയതി പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശമുൾപ്പെടെയുള്ള

നടപടികൾ തൊഴിലുറപ്പ് പദ്ധതിയെ ദുർബലപ്പെടുത്തുന്നതാണെന്ന വിഷയമാണ് ശ്രീ പി. എസ്. സുപാൽ ഉന്നയിച്ചിരിക്കുന്നത്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം 2022 ആഗസ്റ്റ് 1 മുതൽ ഒരു ഗ്രാമപഞ്ചായത്തിൽ ഒരേ സമയം 20 പ്രവൃത്തികൾ നിലവിലുണ്ടെങ്കിൽ അധികമായൊരു പ്രവൃത്തികൂടി ആരംഭിക്കുന്നതിന് ആ ജില്ലയിലെ ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്ററുടെ അനുമതി തേടണമെന്ന് നിഷ്കർഷിക്കുന്നു. രാജ്യത്തെ മറ്റ് പല സംസ്ഥാനങ്ങളിലെയും ഗ്രാമപഞ്ചായത്തുകളിൽനിന്നും വിഭിന്നമായി കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിൽ ജനസംഖ്യ കൂടുതലാണ്. ഓരോ ഗ്രാമപഞ്ചായത്തിലും ശരാശരി ഇരുപത്തിയേഴായിരത്തിലേറെ സജീവ കുടുംബാംഗങ്ങൾ തൊഴിൽ നേടുന്നവരായിട്ടുണ്ട്. തൊഴിലാളികൾ ആവശ്യപ്പെടുന്നതിനനുസരിച്ച് തൊഴിൽ നൽകാൻ ഗ്രാമപഞ്ചായത്തുകൾക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നതാണ് കേന്ദ്ര സർക്കാരിന്റെ പുതിയ മാർഗ്ഗനിർദ്ദേശം. തൊഴിലാളികൾ തൊഴിൽ ആവശ്യപ്പെടുകയും എന്നാൽ തൊഴിൽ സമയബന്ധിതമായി നൽകാൻ സാധിക്കാതെ വരികയും ചെയ്താൽ തൊഴിലുറപ്പ് നിയമപ്രകാരം തൊഴിലില്ലായ്മാ വേതനം നൽകേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ മേൽപ്പറഞ്ഞ പ്രകാരം ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്രസർക്കാരിന് കത്തും നിവേദനവും നൽകിയിട്ടുണ്ട്. തൊഴിലാളികൾ പണി സ്ഥലത്ത് കൊണ്ടുവരുന്ന പണിയായുധങ്ങളുടെ വാടക നൽകുന്നതിനുള്ള വ്യവസ്ഥയുണ്ടായിരുന്നു. ഈ ഇനത്തിൽ തൊഴിലാളികൾക്ക് അവരുടെ ദിവസവേതനത്തിന് ഉപരിയായി ശരാശരി 5 രൂപ വരെ ലഭിച്ചിരുന്നു. ഈ സാമ്പത്തികവർഷം മുതൽ ഇപ്രകാരം നൽകുന്ന പണിയായുധ വാടക നിർത്തലാക്കിക്കൊണ്ട് കേന്ദ്ര സർക്കാർ ഉത്തരവായിട്ടുണ്ട്. ഇത് പുനഃപരിശോധിക്കാൻ നടപടി സ്വീകരിക്കണമെന്ന് സംസ്ഥാന തൊഴിലുറപ്പ് കൗൺസിലും അഭ്യർത്ഥിച്ചിട്ടുണ്ട്. പണിയായുധങ്ങളുടെ വാടക പുനഃസ്ഥാപിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നതാണ്.

സംസ്ഥാനത്ത് കഴിഞ്ഞ സാമ്പത്തികവർഷം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലാകെ ചെലവഴിച്ചത് 4,023.84 കോടി രൂപയാണ്. ഇതൊരു അവശ്യാധിഷ്ഠിത പദ്ധതിയായതിനാൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിന് ആനുപാതികമായിട്ടാണ് പദ്ധതി തുക ലഭിക്കേണ്ടത്. സംസ്ഥാനം തയ്യാറാക്കി സമർപ്പിക്കുന്ന ലേബർ ബഡ്ജറ്റ് അംഗീകരിക്കുന്നതിലൂടെയാണ് കേന്ദ്ര സർക്കാർ തൊഴിൽദിനങ്ങൾ സൃഷ്ടിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നത്. 2021-22 വർഷം ആദ്യം 7 കോടി തൊഴിൽദിനങ്ങൾ മാത്രമാണ് കേന്ദ്രം അനുവദിച്ചുതന്നത്. സംസ്ഥാന സർക്കാർ നിരന്തരം ആവശ്യപ്പെട്ടതിന്റെ ഭാഗമായി 10 കോടി തൊഴിൽദിനമായി ഉയർത്തി ലഭിക്കുകയും യഥാർത്ഥത്തിൽ

വർഷാവസാനത്തോടെ 10.59 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. 2022-23 വർഷത്തേയ്ക്ക് 10.32 കോടി തൊഴിൽദിനങ്ങൾക്കുള്ള പ്രൊപ്പോസലാണ് സംസ്ഥാനം കേന്ദ്രത്തിന് നൽകിയത്. എന്നാൽ ഇതിൽ 6 കോടി തൊഴിൽ ദിനങ്ങൾ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. കൂടുതൽ തൊഴിൽദിനങ്ങൾ അനുവദിക്കുന്നതിന് സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ വകുപ്പ് 6(1)-ലെ വ്യവസ്ഥകൾ പ്രകാരം ഉപഭോക്തൃ വിലസൂചികയെ അടിസ്ഥാനമാക്കി തൊഴിലാളികൾക്കുള്ള കൂലി നിരക്ക് വിജ്ഞാപനം ചെയ്യുന്നതും പരിഷ്കരിക്കുകയും ചെയ്യുന്നത് കേന്ദ്ര സർക്കാരാണ്. നിലവിൽ സംസ്ഥാനത്ത് വേതനം 311 രൂപയാണ്. യഥാർത്ഥത്തിൽ സംസ്ഥാനത്തെ കർഷകത്തൊഴിലാളികൾക്ക് ലഭിക്കുന്ന മിനിമം വേതന നിരക്കിനേക്കാൾ വളരെ കുറവാണിത്. ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

ഇ.എസ്.ഐ. പദ്ധതിയിൽപ്പെടുത്തുന്നതിന് തൊഴിലുടമ അവരുടെ വിഹിതം പദ്ധതിയിലേയ്ക്ക് അടയ്ക്കേണ്ടതുണ്ട്. സംസ്ഥാനത്ത് തൊഴിലുറപ്പ് തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കുന്നത് ഗ്രാമപഞ്ചായത്തുകളാണെങ്കിലും അവർ തൊഴിലുടമകളല്ല. പദ്ധതിയുടെ നിർവ്വഹണ സംവിധാനമാണ് ഗ്രാമപഞ്ചായത്തുകൾ. വിദഗ്ദ്ധ തൊഴിലാളികളുടെ വേതനവും ഭരണനിർവ്വഹണ ചെലവുകളും കേന്ദ്രസർക്കാരാണ് നിർവ്വഹിക്കുന്നത്. ആയതിനാൽ ഇ.എസ്.ഐ. പദ്ധതിയിലുൾപ്പെടുത്തുന്നതിന് കേന്ദ്രസർക്കാർ തീരുമാനമുണ്ടാകേണ്ടതും തൊഴിലുടമാവിഹിതം അടയ്ക്കാൻ കേന്ദ്രസർക്കാർ തയ്യാറാകേണ്ടതുമാണ്. ആയതിനാൽ തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളെ ഇ.എസ്.ഐ. പദ്ധതിയിലുൾപ്പെടുത്തുന്നതിനുള്ള ശിപാർശ കേന്ദ്രസർക്കാരിൽ സമർപ്പിക്കുന്നതാണ്. ഓണത്തോടനുബന്ധിച്ച് തൊഴിലുറപ്പ് തൊഴിലാളികൾക്ക് ഫെസ്റ്റിവൽ അലവൻസ് നൽകുന്നത് സംസ്ഥാന സർക്കാരാണ്. വാർഷിക ബഡ്ജറ്റിലുൾപ്പെടുത്തിയാണ് ഇതിനുള്ള തുക കണ്ടെത്തുന്നത്. മുൻകാലങ്ങളിൽ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കുന്നവർക്കാണ് ഈ അലവൻസ് നൽകിവരുന്നത്. എന്നാൽ പിണറായി വിജയൻ സർക്കാർ കോവിഡുകാല പ്രതിസന്ധികൂടി കണക്കിലെടുത്ത് ആയത് 75 ദിവസം പൂർത്തീകരിക്കുന്നവർക്കും നൽകുകയാണുണ്ടായത്. കഴിഞ്ഞ സാമ്പത്തിക വർഷം 75 ദിവസവും അതിൽ കൂടുതലും തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ 7,35,130 കുടുംബങ്ങൾക്ക് ഓണത്തോടനുബന്ധിച്ച് 1,000 രൂപ ഉത്സവബത്ത, പ്രത്യേക പാരിതോഷികം എന്നിവ അനുവദിക്കുന്നതിന് ട്രഷറി നിയന്ത്രണങ്ങളിൽനിന്നും ഒഴിവാക്കിക്കൊണ്ട് 73,51,30,000 രൂപ ധനകാര്യ വകുപ്പ് അനുവദിക്കുകയും സമയബന്ധിതമായി വിതരണം ചെയ്യുകയും ചെയ്തിരുന്നു. ഭാവിയിൽ തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെകൂടി ആഭിമുഖ്യത്തിൽ ഫെസ്റ്റിവൽ

അലവൻസ് നൽകാനും അർഹതയുള്ള കുറഞ്ഞ തൊഴിൽദിനങ്ങളിൽ കുറവുവരുത്താൻ സാധിക്കുമോയെന്നും പരിശോധിക്കാവുന്നതാണ്. തൊഴിലാളികളുടെ ഹാജർ അതതുദിവസം രേഖപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാർ മൊബൈൽ ആപ് ലഭ്യമാക്കിയിട്ടുണ്ട്. ഇരുപത് തൊഴിലാളികളിൽക്കൂടുതൽ തൊഴിൽ ചെയ്യുന്ന പ്രവൃത്തികളിൽ പ്രസ്തുത ആപ് മുഖേന ഹാജർ രേഖപ്പെടുത്തണമെന്നാണ് നിർദ്ദേശം. ഇതുമായി ബന്ധപ്പെട്ട് സാങ്കേതിക തകരാറുകൾ ഉണ്ടാകുന്നതിനാൽ തൊഴിലാളികൾ വലിയ രീതിയിൽ പ്രയാസം അനുഭവിക്കുന്നുണ്ട്. ഈ മൊബൈൽ ആപ് പ്രവർത്തിപ്പിക്കുന്നതിന് സ്മാർട്ട് ഫോൺ ആവശ്യമാണെന്നതും എല്ലായിടത്തും സൗകര്യം ലഭ്യമല്ലെന്നതും മറ്റൊരു പ്രയാസമാണ്. മൊബൈൽ ആപ്പിന്റെ ഉപയോഗം സംബന്ധിച്ച സാങ്കേതിക തകരാറുകൾ പരിഹരിക്കുന്നതിനായി കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരുന്നുണ്ട്. തൊഴിലുറപ്പ് പ്രവൃത്തി സമയത്ത് സംഭവിക്കുന്ന അപകടങ്ങളുടെ ഭാഗമായുള്ള ചികിത്സാ ചെലവ് തൊഴിലാളികൾക്ക് നൽകിവരുന്നുണ്ട്. കൂടാതെ, തൊഴിലിടങ്ങളിൽ നടക്കുന്ന അപകടം, ഹൃദയാഘാതം എന്നിവ മൂലമുള്ള മരണം, സ്ഥായിയായ അംഗവൈകല്യം എന്നിവ സംഭവിക്കുന്ന പക്ഷം തൊഴിലാളികൾക്കോ അല്ലെങ്കിൽ അവരുടെ അവകാശികൾക്കോ അതത് സമയത്ത് പദ്ധതിയുടെ ഭാഗമായി 75,000 രൂപയാണ് നിലവിൽ എക്സ്ഗ്രേഷ്യ നൽകുന്നത്. ഇത് ഇൻഷ്വറൻസിന്റെ ഭാഗമായി നൽകുന്നതല്ല, പദ്ധതി ചെലവിൽനിന്നും വഹിക്കുന്നതാണ്. തൊഴിലാളികൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരുമായി ആലോചിക്കുന്നതാണ്.

<u>ശ്രീ. പി. എസ്. സുപാൽ</u>: സർ, തൊഴിലുറപ്പ് മേഖലയുമായി ബന്ധപ്പെട്ട് ക്ഷേമനിധി ആദ്യമായി ഏർപ്പെടുത്തിയ സംസ്ഥാനം കേരളവും അത് ഏർപ്പെടുത്തിയത് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരുമാണ്. അത് വളരെ അഭിമാനകരമായ തീരുമാനമായിരുന്നു. ആ ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ നടപടി എത്രയും വേഗം സ്വീകരിക്കുമോ?

<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. തൊഴിലുറപ്പ് തൊഴിലാളികളുടെ ക്ഷേമനിധിക്ക് സർക്കാർ രൂപം നൽകിക്കഴിഞ്ഞു. അതിനായി കഴിഞ്ഞ വർഷം പ്രത്യേക നിയമനിർമ്മാണം നടത്തുകയുണ്ടായി. തുടർന്ന് ചട്ടങ്ങളുടെ രൂപീകരണം നടത്തി, കരട് ചട്ടങ്ങളും കരട് പദ്ധതിയും വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടി പുരോഗമിച്ചുവരികയാണ്. ക്ഷേമനിധിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ നടത്തുന്നതിന് താൽക്കാലിക ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ നിയോഗിച്ചിട്ടുണ്ട്.

(2) <u>ഉച്ചഭക്ഷണത്തിന് നൽകുന്ന തുക പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത</u>

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, പ്രധാനപ്പെട്ട ഒരു വിഷയമാണ് സഭയുടെയും ഗവണ്മെന്റിന്റെയും ബഹുമാനപ്പെട്ട മന്ത്രിയുടെയും ശ്രദ്ധയിൽകൊണ്ടുവരുന്നത്. കേരളത്തിലെ സ്കൂളുകളിൽ 1995-ലാണ് ഉച്ചഭക്ഷണ പദ്ധതി നടപ്പിലാക്കിയത്. കുട്ടികൾക്ക് ഗുണമേന്മയുള്ളതും പോഷകസമൃദ്ധവുമായ ആഹാരം നൽകുകയെന്ന വിശാലമായ കാഴ്ചപ്പാടിലാണ് ഈ പദ്ധതി വിഭാവന ചെയ്തിരുന്നത്. സംസ്ഥാനത്ത് ഏകദേശം 12200-ൽപ്പരം സ്കൂളുകളിലെ 29 ലക്ഷത്തിലധികം കുട്ടികൾക്കാണ് ഉച്ചഭക്ഷണ പദ്ധതി ഏർപ്പെടുത്തിയിരിക്കുന്നത്. ഈ ബൃഹത് പദ്ധതിയിൽ കേന്ദ്ര ഗവണ്മെന്റ് 60 ശതമാനവും സംസ്ഥാന ഗവണ്മെന്റ് 40 ശതമാനവുമാണ് വകയിരുത്തിയിരിക്കുന്നത്. സ്കൂൾ വിദ്യാർത്ഥികൾക്കായി സർക്കാർ 2005-ൽ മുട്ടയും 2010-ൽ പാലും വിതരണം ആരംഭിച്ചു. ഏറ്റവും അവസാനം, 2016-ലാണ് കുട്ടികൾക്ക് നൽകുന്ന ഭക്ഷണത്തിന്റെ തുക 8 രൂപയാക്കി വർദ്ധിപ്പിച്ചത്. ഏകദേശം 150 കുട്ടികളുള്ള സ്കൂളുകൾക്കാണ് ഒരു കുട്ടിക്ക് 8 രൂപ വീതം നൽകുന്നത്. 150 മുതൽ 500 വരെ കുട്ടികളുള്ള സ്കൂളുകളായാൽ അത് 7 രൂപയായി മാറും. അത് 500-ൽ കൂടുതലായാൽ 6 രൂപ വീതമായാണ് സർക്കാർ ഈ പദ്ധതിക്കായി തുക നിശ്ചയിച്ചിരിക്കുന്നത്. ഉച്ചഭക്ഷണത്തിനായി 2015-ൽ നിശ്ചയിച്ച പ്രസ്തുത തുക ഏഴ് വർഷങ്ങൾക്കുശേഷം ഇതുവരെയും പുതുക്കി നൽകിയിട്ടില്ലെന്നതാണ് ഏറ്റവും പ്രയാസമുളവാക്കുന്ന കാര്യം. ഈ തുക പുതുക്കി നൽകാത്തതിനാൽ സ്കൂളുകളിലെ പ്രധാന അദ്ധ്യാപകർ വലിയ പ്രതിസന്ധി നേരിടുന്നു. കഴിഞ്ഞ ദിവസം ഞാനും ശ്രീ. പി. സി. വിഷ്ണുനാഥ് എം.എൽ.എ.-യും കേരള പ്രൈവറ്റ് പ്രൈമറി ഹെഡ്മാസ്റ്റേഴ്സ് അസോസിയേഷന്റെ പ്രതിഷേധ സമരത്തിൽ പങ്കെടുക്കുകയുണ്ടായി. അധ്യാപകരെന്നാൽ ഏറ്റവും ക്ഷമയുള്ള ആളുകളാണെന്ന് നമുക്കറിയാം. അവർ നമ്മുടെ കുട്ടികളെ പഠിപ്പിക്കുന്നു. പ്രത്യേകിച്ചും ആറാം ക്ലാസ്സുവരെയുള്ള കുട്ടികളെ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് നല്ല ക്ഷമവേണം. അങ്ങനെയുള്ള അധ്യാപകർ ക്ഷമയുടെ നെല്ലിപ്പലക കണ്ടതുകൊണ്ടുമാത്രമാണ് സമരത്തിലേയ്ക്ക് കടക്കാൻ നിർബന്ധിതരായത്. കാരണം, അവരാണ് അധികം വേണ്ടിവരുന്ന കാശ് കണ്ടെത്തുന്നത്. അതിനായി അവർക്ക് ഒരു വർഷത്തെ ശമ്പളം പോലും മതിയാകാത്ത രീതിയിലേയ്ക്ക് പോകുന്നു. പക്ഷേ ഈ പദ്ധതി നിന്നുപോകാതിരിക്കാൻ പരോക്ഷത്തിൽ അവർ സർക്കാരിനെ സഹായിക്കുന്ന സാഹചര്യമാണുള്ളത്. ഒരു ദിവസം ഒരു കുട്ടിക്ക് 8 രൂപ നിരക്കിൽ, ആഴ്ചയിൽ രണ്ട് ദിവസത്തേയ്ക്ക് 300 മില്ലിലിറ്റർ പാലിന് 18 രൂപയും ഒരു കോഴിമുട്ടയ്ക്ക് 6 രൂപയും കഴിഞ്ഞ് ഒരു കുട്ടിക്ക് ലഭ്യമാകുന്ന 40 രൂപയിൽ 16 രൂപയാണ്

ശേഷിക്കുന്നത്. ഗതാഗതം, പാചകവാതകം എന്നിവയുടെ ചെലവ് കഴിഞ്ഞ് ഇത് 10 രൂപയായി ചുരുങ്ങും. അങ്ങനെ ഒരു ദിവസം ഒരു കുട്ടിക്ക് പോഷകസമൃദ്ധമായ ആഹാരം നൽകുന്നതിന് സർക്കാർ നൽകുന്നത് വെറും 2 രൂപയാണെന്നാണ് കണക്ക് നോക്കിയപ്പോൾ മനസ്സിലാകുന്നത്. 2016-ൽനിന്ന് 2022-ൽ എത്തിയപ്പോൾ നിത്യോപയോഗ സാധനങ്ങളുടെ വില വൻതോതിൽ വർദ്ധിച്ചിരിക്കുകയാണ്. ഗ്യാസിന് വില വർദ്ധിക്കുകയാണ്. ഇതെല്ലാം സർക്കാർ കണ്ടില്ലെന്ന് നടിക്കുന്ന സാഹചര്യമുണ്ടാകുകയാണ്. 2016-ൽ 1 ലിറ്റർ പാലിന് 39 രൂപയാണെങ്കിൽ 2022-ൽ 52 രൂപയായി വർദ്ധിച്ചിരിക്കുകയാണ്. അതുപോലെ, മുട്ടയ്ക്ക് 3.15 രൂപയായിരുന്നത് 5.75 മുതൽ 6.00 രൂപവരെയാകാം. അത് ഓരോ മാർക്കറ്റിലെയും ഓരോ ദിവസത്തെ വിലയുടെ അടിസ്ഥാനത്തിലായിരിക്കും. ഗ്യാസിന് 420 രൂപയായിരുന്നത് കേന്ദ്ര സർക്കാർ 1,110 രൂപയാക്കുകയാണ്. 2017-നുശേഷം ഗ്യാസ് നിർബന്ധമാക്കി. ഉറങ്ങുന്നവനെ വിളിച്ച് എഴുന്നേൽപ്പിക്കാം, പക്ഷെ ഉറക്കം നടിക്കുന്നവനെ വിളിച്ചുണർത്താൻ സാധിക്കില്ല. സർക്കാർ ഈ സമീപനത്തിൽ ഉറക്കം നടിക്കുകയാണ്. പാവപ്പെട്ട കുട്ടികളുടെ കാര്യത്തിൽ സർക്കാർ ഉറക്കത്തിൽനിന്ന് ഉണരണമെന്നാണ് എനിക്ക് പറയാനുള്ളത്. കാരണം ഇത് വളരെ പാവപ്പെട്ട/സാധാരണക്കാരായ കുട്ടികൾക്കുവേണ്ടിയുള്ളതാണ്. ബഹുമാനപ്പെട്ട മന്ത്രി, അങ്ങ് നല്ല മനസ്സുള്ള ആളാണെന്ന് നമുക്കെല്ലാവർക്കുമറിയാം. അങ്ങ് ഇക്കാര്യത്തിൽ വളരെയധികം ശ്രദ്ധചെലുത്തുന്നുണ്ടെന്ന് നമുക്കറിയാം. ഇക്കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇത് പാവപ്പെട്ട/സാധാരണക്കാരായ കുട്ടികളുടെ വിഷയമാണ്. അതുകൊണ്ട് ഇതിനൊരു പരിഹാരം കണ്ടെത്തണം. 2016-ൽ ഒരു കുട്ടിക്ക് അനുവദിച്ച തുകയിൽനിന്ന് 20 രൂപയാക്കി ഉയർത്തണമെന്നാണ് പ്രധാന അദ്ധ്യാപകരും അവിടത്തെ പി.ടി.എ.-യുമെല്ലാം ആവശ്യപ്പെടുന്നത്. തമിഴ്നാട്, കർണ്ണാടക, തെലുങ്കാന തുടങ്ങിയ സംസ്ഥാനങ്ങൾ നിലവിലുള്ള മുട്ടയും പാലും സമഗ്ര പോഷകാഹാര പദ്ധതിയെന്ന നിലയിലാണ് നടപ്പിലാക്കുന്നത്. കേരളത്തിലും മുട്ടയ്ക്കും പാലിനും ഒരു പ്രത്യേക ഫണ്ട് അനുവദിക്കണം. അതിനുവേണ്ടി ഒരു പ്രത്യേക പദ്ധതി നടപ്പിലാക്കണം. അതിനാൽ 2016-ൽ ഉച്ചഭക്ഷണത്തിന് നിശ്ചയിച്ച തുക കാലോചിതമായി, അടിയന്തരമായി ഉയർത്താനുള്ള സാഹചര്യമുണ്ടാക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയുടേയും ഗവണ്മെന്റിന്റെയും ശ്രദ്ധയിൽകൊണ്ടുവരാനുള്ളത്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ബഹുമാനപ്പെട്ട അൻവർ സാദത്ത് ഉന്നയിച്ചത് ഭരണ-പ്രതിപക്ഷ വിഷയമായല്ല, പൊതുവിഷയമായി കാണേണ്ട പ്രശ്നമാണ്. 1961-62-ലാണ് ഉച്ചഭക്ഷണ പദ്ധതി

ആരംഭിച്ചത്. അതായത്, Co-operative American Relief Everywhere എന്ന ഉച്ചഭക്ഷണ പരിപാടിയിലാണ് ഇത് നടപ്പിലാക്കിത്തുടങ്ങിയിട്ടുള്ളത്. 1984-ഓടെ ഈ പദ്ധതി പൂർണ്ണമായും നിർത്തലാക്കി. 1984 ഡിസംബർ മാസം 1-ന് മത്സ്യത്തൊഴിലാളി വില്ലേജിലും ട്രൈബൽ വില്ലേജുകളിലും വീണ്ടും ഉച്ചഭക്ഷണ പദ്ധതി ആരംഭിച്ചു. 222 വില്ലേജുകളിലെ സർക്കാർ എയ്ഡഡ് എൽ.പി. സ്കൂളുകളിലാണ് ഈ പദ്ധതി ആദ്യമായി ആരംഭിച്ചത്. 1985 ഡിസംബർ 30 മുതൽ കേരളത്തിലെ എല്ലാ എയ്ഡഡ് സർക്കാർ എൽ.പി. സ്കൂളുകളിലും ഇത് വ്യാപിപ്പിച്ചു. 1987-88 അക്കാഡമിക് വർഷം മുതൽ ഉച്ചക്കഞ്ഞി പദ്ധതി കേരളത്തിലെ 1 മുതൽ 7 വരെയുള്ള എല്ലാ പ്രൈമറി സ്കൂളുകളിലും വ്യാപിപ്പിച്ചു. അങ്ങ് പറഞ്ഞതുപോലെയുള്ള പ്രശ്നം നിലനിൽക്കുകയാണ്, ഞാനത് നിഷേധിക്കുന്നില്ല. കേന്ദ്ര ഗവൺമെന്റ് ഫണ്ട് നൽകുന്നതിലുള്ള പ്രശ്നങ്ങളൊക്കെ ഇക്കാര്യത്തിലുണ്ടെന്ന് മനസ്സിലാക്കണം. സ്കൂൾ വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം വിതരണം ചെയ്യുന്നതിനായി നിലവിൽ സർക്കാർ നൽകിവരുന്ന തുക കാലോചിതമായി പരിഷ്കരിച്ചുവരുന്നു. 60:40 എന്ന മാൻഡേറ്ററി അനുപാതത്തിലുള്ള കേന്ദ്ര സംസ്ഥാന പദ്ധതിയായ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ നടത്തിപ്പിനായി സ്കൂളുകൾക്ക് ഉച്ചഭക്ഷണം പാചകം ചെയ്യുന്നതിനായാണ് തുക അനുവദിക്കുന്നത്. പ്രസ്തുത തുക പച്ചക്കറി, പലവ്യഞ്ജനം, പാചകവാതകം തുടങ്ങിയവ വാങ്ങുന്നതിനും സപ്ലിമെന്ററി ന്യൂട്രീഷ്യന്റെ ഭാഗമായി കുട്ടികൾക്ക് നൽകുന്ന പാൽ, മുട്ട, നേന്ത്രപ്പഴം എന്നിവയുടെ ചെലവുകൾക്കുമായാണ് വിനിയോഗിക്കുന്നത്. കേരള ഗവൺമെന്റിന്റെ ഒരു പാചക തൊഴിലാളിക്ക് ഒരു മാസം അനുവദിക്കുന്നതിനായി നിഷ്കർഷിച്ചിട്ടുള്ള തുക 1,000 രൂപയാണ്. പ്രസ്തുത തുകയിൽ 60:40 എന്ന അനുപാതം കണക്കാക്കുമ്പോൾ 600 രൂപ മാത്രമാണ് കേന്ദ്ര സർക്കാർ അനുവദിക്കുന്നത്. എന്നാൽ കേരളത്തിലെ സ്കൂൾ പാചക തൊഴിലാളികൾക്ക് കുട്ടികളുടെ എണ്ണം കണക്കാക്കി ഒരു ദിവസം ലഭിക്കുന്നത് ശരാശരി 500 രൂപയാണ്. ഇത് പരിശോധിക്കുമ്പോൾ കേരളത്തിലെ പാചക തൊഴിലാളികൾക്ക് പ്രതിമാസം 10,000 രൂപയോളം വേതനം ലഭിക്കുന്നുണ്ട്. ഇതിൽ കേന്ദ്രം നൽകുന്ന 600 രൂപ കഴിഞ്ഞ് ബാക്കി തുക മുഴുവനും സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. സംസ്ഥാനത്തെ സ്കൂളുകളിൽ ഉച്ചഭക്ഷണം പാചകംചെയ്ത് നൽകുന്ന ഇനത്തിൽ നിലവിൽ ലഭ്യമായ തുകയിൽ വർദ്ധനവ് വരുത്തിയത് 2016-ൽ കേരളം ഭരിച്ച ഒന്നാം പിണറായി വിജയൻ ഗവൺമെന്റാണ്. ഈ പരിഷ്കരണംവഴി 2016 സെപ്റ്റംബർ 5-ന്, സ്ലാബ്-1 പ്രകാരം 150 കുട്ടികൾ വരെയുണ്ടെങ്കിൽ ഒരു കുട്ടിക്ക് 8 രൂപയും സ്ലാബ്-2 പ്രകാരം 151 മുതൽ 500 വരെ കുട്ടികളുണ്ടെങ്കിൽ ഒരു കുട്ടിക്ക് 7 രൂപയും സ്ലാബ്-3 പ്രകാരം 500-ന് മുകളിൽ കുട്ടികളുണ്ടെങ്കിൽ ഒരു കുട്ടിക്ക് 6 രൂപയും എന്ന നിലയിലാണ് നിരക്ക്

നിശ്ചയിച്ചിട്ടുള്ളത്. സംസ്ഥാനത്തെ സ്കൂൾ കുട്ടികൾക്ക് നൽകിവന്ന ഉച്ചക്കഞ്ഞി മാറ്റി പകരം പോഷകസമൃദ്ധമായ ഉച്ചയൂണ് പദ്ധതി നടപ്പിലാക്കിയത് 2009-10 കാലഘട്ടത്തിൽ കേരളം ഭരിച്ച എൽ.ഡി.എഫ്. സർക്കാരാണ്. കേരളത്തിലെ സ്കൂളുകളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വിവിധ സന്നദ്ധ സംഘടനകളുടെയും നേതൃത്വത്തിൽ രണ്ടായിരത്തിലധികം സ്കൂളുകൾക്ക് പ്രഭാത ഭക്ഷണം നൽകിവരികയാണ്. നിലവിൽ ഏകദേശം 2223 സ്കൂളുകളിലാണ് പ്രഭാത ഭക്ഷണം വിതരണം ചെയ്തുവരുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും എം.എൽ.എ.-മാരുടെയുമൊക്കെ നേതൃത്വത്തിലാണിത് നടക്കുന്നത്. സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിൽ ആഴ്ചയിലൊരിക്കൽ നൽകിയിരുന്ന മുട്ട കൂടാതെ സംസ്ഥാനത്ത് ആദ്യമായി ആഴ്ചയിൽ രണ്ട് ദിവസം വീതം പാൽ വിതരണം ആരംഭിച്ചത് 2010-11 കാലഘട്ടത്തിൽ കേരളം ഭരിച്ച എൽ.ഡി.എഫ്. ഗവണ്മെന്റാണ്. പ്രൈമറി വിഭാഗത്തിൽ ഒരു കുട്ടിക്ക് പ്രതിദിനം 4.97 രൂപയും അപ്പർ പ്രൈമറി വിഭാഗത്തിൽ ഒരു കുട്ടിക്ക് 7.45 രൂപയുമാണ് നിലവിൽ പാചകച്ചെലവായി നൽകിവരുന്നത്. സ്കൂൾ കുട്ടികൾക്ക് പാൽ, മുട്ട എന്നിവ നൽകുന്ന സപ്ലിമെന്ററി ന്യൂട്രീഷ്യൻ പരിപാടി പൂർണ്ണമായും സംസ്ഥാന പദ്ധതിയാണ്. എന്നാൽ ഇതിനുള്ള ചെലവുകൂടി ഉച്ചഭക്ഷണം നൽകാനുള്ള തുകയിൽനിന്നാണ് കണ്ടെത്തുന്നത്. ആഴ്ചയിൽ രണ്ട് ദിവസം പാൽ, ഒരു ദിവസം മുട്ട, നേന്ത്രപ്പഴം എന്നിവ നൽകുന്നതിന് ഒരു കുട്ടിക്ക് 20 രൂപയോളം ചെലവ് വരുന്നതായും പാചകവാതകം, പച്ചക്കറികൾ, പയർ വർഗ്ഗങ്ങൾ, ഭക്ഷ്യ എണ്ണ തുടങ്ങിയ ഭക്ഷ്യവസ്തുക്കളുടെ വിലയിൽ വർദ്ധനവ് വന്നിട്ടുള്ളതിനാൽ നിലവിൽ പാചകച്ചെലവിനത്തിൽ അനുവദിക്കുന്ന തുക അപര്യാപ്തമാണെന്നും ആയത് വർദ്ധിപ്പിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള നിരവധി നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായാണ് അങ്ങിവിടെ സൂചിപ്പിച്ചതുപോലെ ഹെഡ്മാസ്റ്റർമാരുടെ സമരം നടക്കുന്നത്. സ്കൂളിലെ പ്രഥമാദ്ധ്യാപകനും പാരന്റ്-ടീച്ചേഴ്സ് അസോസിയേഷനും ഇത് നടത്തിക്കൊണ്ടുപോകുന്നതിന് പ്രയാസപ്പെടുന്നുണ്ടെന്നുള്ള കാര്യം സത്യമാണ്. പ്രഥമാദ്ധ്യാപകർക്ക് ജോലിഭാരം കൂടുതലായി വരുന്നുമുണ്ട്. പ്രസ്തുത നിവേദനങ്ങൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള കുക്കിംഗ് കോസ്റ്റും സ്ലാബ് സംവിധാനത്തിലെ എട്ട്, ഏഴ്, ആറ് രൂപ എന്നത് പരിഷ്കരിച്ച് പ്രൈമറി, അപ്പർ പ്രൈമറി എന്നിങ്ങനെ വേർതിരിച്ച് ആറ് രൂപ, എട്ട് രൂപ എന്ന രീതിയിൽ കുക്കിംഗ് കോസ്റ്റ് പരിഷ്കരിക്കുന്ന കാര്യവും സപ്ലിമെന്ററി ന്യൂട്രീഷ്യന്റെ ഭാഗമായി ഏർപ്പെടുത്തിയിട്ടുള്ള പാൽ, മുട്ട, നേന്ത്രപ്പഴം എന്നിവയുടെ വിതരണത്തിനായി ഒരു കുട്ടിക്ക് ആഴ്ചയിൽ ഇരുപത് രൂപ അനുവദിക്കണമെന്ന കാര്യവും പരിശോധിച്ചുവരികയാണ്. ഇക്കാര്യം ബഹുമാന്യരായ മുഖ്യമന്ത്രിയുടെയും ധനകാര്യ വകുപ്പുമന്ത്രിയുടെയും

ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. എം.എൽ.എ.-മാർ ഇക്കാര്യത്തിൽ ഇടപെട്ടാൽ വിവിധ ഫണ്ടുകൾ സ്വരൂപിക്കാൻ കഴിയും. കഴിഞ്ഞയാഴ്ച ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ മണ്ഡലമായ കളമശ്ശേരിയിൽ മാതൃകാപരമായ ഒരു പരിപാടി ഞാൻ ഉദ്ഘാടനം ചെയ്യുകയുണ്ടായി. അദ്ദേഹത്തിന്റെ മണ്ഡലത്തിലുള്ള എല്ലാ സ്കൂളുകളിലും എൽ.പി., യു.പി. വിഭാഗത്തിൽ പ്രഭാത ഭക്ഷണ പരിപാടി നടപ്പിലാക്കുന്നതിനുവേണ്ടി എം.എൽ.എ.-യുടെ നേതൃത്വത്തിലുള്ള ഒരു പ്രഖ്യാപനമുണ്ടായിരുന്നു. ഇത് അഭിനന്ദനാർഹമായ കാര്യമാണ്. എല്ലാ എം.എൽ.എ.-മാർക്കും വിവിധ സ്ഥാപനങ്ങളിൽനിന്ന് കിട്ടുന്ന ഫണ്ടുകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് ഇതെല്ലാം നടപ്പിലാക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. അങ്ങിവിടെ സൂചിപ്പിച്ചത് വളരെ ഗൗരവമുള്ള കാര്യമാണ്. തുകയിൽ വർദ്ധനവുണ്ടാക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്.

ശ്രീ. അൻവർ സാദത്ത്: സർ, ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ചെയ്തത് വളരെ നല്ല കാര്യംതന്നെയാണ്. പക്ഷേ അദ്ദേഹം വ്യവസായ വകുപ്പുമന്ത്രിയുടെ മണ്ഡലത്തിലെ കാര്യം പറഞ്ഞു; വ്യവസായ വകുപ്പുമന്ത്രി ആയതിനാൽ സ്പോൺസർമാരെ കിട്ടാൻ വളരെ എളുപ്പമാണ്. ഇവിടെ പറഞ്ഞ രീതിയിൽ തുക ഇരുപത് രൂപയാക്കുന്നതിനുള്ള സാഹചര്യം ഉടൻതന്നെ ഉണ്ടാക്കണം. സ്കൂളിലെ ഹെഡ്മാസ്റ്റർമാരെയാണല്ലോ ഇതിന്റെ ചുമതലക്കാരായി നിയോഗിച്ചിട്ടുള്ളത്. അവർക്ക് ധാരാളം ജോലികളുണ്ട്. ഒരു വിദ്യാലയം മുന്നോട്ടുകൊണ്ടുപോകുക എന്നത് നിസ്സാരമായ കാര്യമല്ല. അവർ ക്ലാസ്സെടുക്കേണ്ടതുണ്ട്, പല പ്രശ്നങ്ങളുമുണ്ട്. അതുകൊണ്ട് അവരെ പ്രസ്തുത ചുമതലയിൽനിന്ന് ഒഴിവാക്കുന്നതിനുള്ള സാഹചര്യമുണ്ടാക്കി, മറ്റാർക്കെങ്കിലും അതിന്റെ പൂർണ്ണ ഉത്തരവാദിത്വം നൽകുകയോ പുതിയ തസ്തിക സൃഷ്ടിച്ച് ഉത്തരവാദിത്വം നൽകുകയോ ചെയ്യുന്നതിനും തുക അടിയന്തരമായി ഇരുപത് രൂപയാക്കുന്നതിനുമുള്ള സാഹചര്യമുണ്ടാകുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, ഹയർ സെക്കന്ററി വിഭാഗത്തിലെ പ്രിൻസിപ്പൽമാർ ഏത് വിഷയമാണോ പഠിപ്പിക്കുന്നത് അവിടെ താൽക്കാലികമായി ഒരു അധ്യാപകനെ നിയമിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. അത് എല്ലാ സ്കൂളുകളിലും നടപ്പാക്കിയിട്ടുണ്ട്. എൽ.പി., യു.പി. സ്കൂളുകളിൽ അത്തരമൊരു നിർദ്ദേശമില്ല. അവിടത്തെ പ്രഥമാധ്യാപകർക്ക് കൂടുതൽ ബാധ്യത വരുന്നുണ്ട്. ചില അധ്യാപകർ വളരെ പ്രതിബദ്ധതയോടുകൂടിത്തന്നെ ഒരുപാട് പ്രവർത്തനങ്ങളിൽ ഏർപ്പെടുകയാണ്. ഈ വിഷയത്തിൽ ഒരു പരിഹാരം കാണുന്നതിനും തുക വർദ്ധിപ്പിക്കുന്നതിനുമായി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്; കൂടാതെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ

ശ്രദ്ധയിൽപ്പെടുത്തിയിട്ടുമുണ്ട്. പക്ഷേ നമ്മുടെ സാമ്പത്തികസ്ഥിതിയും കേന്ദ്ര ഗവണ്മെന്റ് നമ്മെ കഷ്ടപ്പെടുത്തിക്കൊണ്ടുമിരിക്കുന്ന വിവരങ്ങളുമൊക്കെ അങ്ങേയ്ക്കറിയാം. അതെല്ലാം പരിഗണിച്ച് ഒരു പരിഹാരം കണ്ടാലേ മതിയാകുകയുള്ളൂ. ഇത് നമ്മുടെ കുട്ടികളുടെ പ്രശ്നമാണ്. ഇത് ഭരണ-പ്രതിപക്ഷ വിഷയമായി എടുക്കാൻ കഴിയില്ല. ഇക്കാര്യത്തിൽ എങ്ങനെ പരിഹാരം കാണാൻ കഴിയുമെന്നത് സംബന്ധിച്ച് എല്ലാവരുംകൂടി യോജിച്ച് ആലോചിക്കാം.

11.45 A.M]

## IV സബ്മിഷൻ

### (1) ലിംഗനീതി സംരക്ഷണം

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, പരിഷ്കൃത സമൂഹത്തിൽ ലിംഗനീതി സംരക്ഷിക്കുക എന്നത് ഒഴിവാക്കാനാവാത്ത ഏറ്റവും പ്രധാനപ്പെട്ട രാഷ്ട്രീയ കടമകളിലൊന്നാണ്. ഓരോ കാലഘട്ടത്തിലെയും ലിംഗനീതി അതത് സാമൂഹ്യ വ്യവസ്ഥിതിയുമായി ബന്ധപ്പെട്ട് വിലയിരുത്താറുണ്ട്. ഫ്യൂഡൽ കാലഘട്ടത്തിൽ നിലനിന്നിരുന്ന സ്ത്രീകളോടുള്ള അവഹേളനത്തിനെതിരെ നിരവധി സാമൂഹ്യ പരിഷ്കർത്താക്കൾ നടത്തിയ പോരാട്ടത്തിന്റെ ഫലമായി ഒട്ടേറെ ഗുണങ്ങൾ ആർജ്ജിക്കാനും ലിംഗസമത്വം ഉറപ്പാക്കുന്നതിനുള്ള ഒട്ടേറെ പദ്ധതികൾ ആവിഷ്കരിക്കാനും സാധിച്ചു, അതിന് ഫലവും കണ്ടിട്ടുണ്ട്. ഇന്നത്തെ മുതലാളിത്ത സമൂഹത്തിൽ ഒട്ടേറെ അസമത്വങ്ങളും സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളും വളർന്നുവരികയാണ്. സമൂഹത്തിലെ എല്ലാ വിഭാഗങ്ങളും ഒത്തൊരുമിച്ച് ഏറ്റെടുക്കേണ്ട ഒരു വിഷയമാണിത്. പലവിധ കാരണങ്ങളാൽ സമൂഹത്തിൽ പിന്തള്ളപ്പെട്ടവരാണ് സ്ത്രീ സമൂഹം. ലിംഗനീതിയെക്കുറിച്ച് പറയുമ്പോൾ ട്രാൻസ്ജെൻഡർ വിഭാഗത്തെക്കൂടി അതിന്റെ ഭാഗമായി കാണേണ്ടതുണ്ട്. മേധാവിത്വപരമായ ഒരു സമൂഹത്തിൽ പിന്തള്ളപ്പെട്ടുപോകുന്ന വിഭാഗത്തെ മുന്നണിയിലേയ്ക്ക് കൊണ്ടുവരുന്നതിനും ലിംഗസമത്വം ഉറപ്പുവരുത്തുന്നതിനും കഴിയണം. ലിംഗവ്യത്യാസമില്ലാത്ത സമത്വമാണ് ഭരണഘടന അനുശാസിക്കുന്നത്. സമൂഹത്തിന്റെ പകുതിയോളം വരുന്ന വിഭാഗത്തിന് സമത്വം ഉറപ്പുവരുത്തിക്കൊണ്ട് മാത്രമേ നമുക്ക് മുന്നോട്ട് പോകാൻ സാധിക്കുകയുള്ളൂ. ലിംഗനീതി സംരക്ഷിക്കുന്നതിൽ കേരളം ഒട്ടേറെ മുന്നോട്ടുപോയിട്ടുണ്ട്. ജാതി, മത വ്യത്യാസമില്ലാതെ എല്ലാ വിഭാഗങ്ങളിലെയും പെൺകുട്ടികൾ ഉന്നത വിദ്യാഭ്യാസം നേടുകയും സ്ത്രീകളുടെ ഇടയിലുള്ള വിദ്യാഭ്യാസ ശതമാനം വളരെയേറെ ഉയരുകയും ചെയ്തിട്ടുള്ള ഒരു സംസ്ഥാനമാണ് കേരളം. ലിംഗനീതി സംരക്ഷിക്കുന്നതിൽ പൊതുവായി ചില പ്രശ്നങ്ങളൊക്കെ ഉണ്ടാകാറുണ്ട്.

അവ പരിഹരിച്ച് എല്ലാ വിഭാഗങ്ങളും ഒരുമിച്ച് മുന്നോട്ട് പോകേണ്ടതാണ്. എന്നാൽ അനാവശ്യ വിവാദങ്ങളും പ്രശ്നങ്ങളും ഉന്നയിച്ച് ജനങ്ങളിൽ ഭിന്നതയുണ്ടാക്കാനുള്ള പരിശ്രമങ്ങൾക്കെതിരെ എല്ലാ വിഭാഗങ്ങളെയും ഒരുമിച്ച് ചേർത്ത് ലിംഗസമത്വം ഉറപ്പാക്കാനുള്ള നടപടി സർക്കാർ സ്വീകരിക്കേണ്ടതുണ്ട് എന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുന്നത്. ട്രാൻസ്ജെൻഡേഴ്സും സ്ത്രീകളും ഉൾപ്പെടെയുള്ള എല്ലാ വിഭാഗത്തിനും സമത്വം ഉറപ്പുവരുത്താനുള്ള നടപടി മുഴുവൻ ജനങ്ങളുടെയും പിന്തുണയോടുകൂടി നടപ്പിലാക്കാൻ ഗവണ്മെന്റ് തയ്യാറാകണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, നമ്മുടെ സംസ്ഥാനം ലിംഗനീതിയുടെ കാര്യത്തിൽ ഏറ്റവും മുന്നിലാണെന്ന് നീതി ആയോഗിന്റെ സുസ്ഥിര വികസന സൂചികയിൽ എടുത്തുപറഞ്ഞിട്ടുണ്ട്. പലവിധ കാരണങ്ങളാൽ പരാധീനതകൾ നേരിട്ടിരുന്ന സ്ത്രീസമൂഹത്തെ ശാക്തീകരണത്തിന്റെ പാതയിലേയ്ക്ക് നയിക്കാൻ സർക്കാരും ബഹുജന പ്രസ്ഥാനങ്ങളും സന്നദ്ധ സംഘടനകളും വലിയ പങ്കാണ് വഹിച്ചിട്ടുള്ളത്. രാജ്യത്തിനാകെ മാതൃകയായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അൻപത് ശതമാനം സീറ്റുകൾ വനിതകൾക്കായി ഉറപ്പുവരുത്തിയ സംസ്ഥാനമാണ് കേരളം. കുറഞ്ഞ മാതൃമരണനിരക്ക്, ഉയർന്ന ലിംഗാനുപാതം, സ്ത്രീകളുടെ ഉയർന്ന ജീവിത ദൈർഘ്യം എന്നീ സൂചികകളിലെല്ലാം കേരളം ദേശീയ ശരാശരിയേക്കാൾ മുന്നിലാണ്. വിദ്യാഭ്യാസ രംഗത്ത് കേരളത്തിലെ പെൺകുട്ടികളുടെ പ്രാതിനിധ്യം ശ്രദ്ധേയമാണ്. പെൺകുട്ടികളുടെ പ്രവേശന നിരക്ക് ഹൈസ്കൂൾ തലം വരെ 48 ശതമാനവും ഹയർ സെക്കന്ററി തലത്തിൽ 51.82 ശതമാനവും ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ ബിരുദ കോഴ്സുകളിൽ 64.6 ശതമാനവും ബിരുദാനന്തര ബിരുദ കോഴ്സുകളിൽ 64.89 ശതമാനവുമാണ്. തൊഴിലധിഷ്ഠിത കോഴ്സുകളായ നഴ്സിംഗ്, ലാബ് ടെക്നീഷ്യൻ എന്നിവയിലെ പെൺകുട്ടികളുടെ പ്രാതിനിധ്യം 81.35 ശതമാനമാണ്. എഞ്ചിനീയറിംഗ്, പോളിടെക്നിക് മേഖലകളിൽ മാത്രമാണ് പെൺകുട്ടികളുടെ പ്രാതിനിധ്യം കുറഞ്ഞുനിൽക്കുന്നത്. അതുമിപ്പോൾ വർദ്ധനവിന്റെ സൂചന കാണിക്കുന്നുണ്ട്. കേരളത്തിലെ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് 25.4 ശതമാനമാണ്. ഇത് ദേശീയ ശരാശരിയായ 23.3 ശതമാനത്തേക്കാൾ ഉയർന്നതാണ്. കുടുംബശ്രീ പോലെയുള്ള സ്വയംസഹായ സംഘങ്ങൾ വനിതകളുടെ നേതൃത്വത്തിലുള്ളതാണ്. അന്തർദ്ദേശീയ തലത്തിൽത്തന്നെ ഈ മാതൃക ശ്രദ്ധയാകർഷിച്ചിട്ടുണ്ട്. 2017-18 മുതൽ സംസ്ഥാനത്ത് ജെൻഡർ ബഡ്ജറ്റ് അവതരിപ്പിക്കുന്നുണ്ട്. 2022-23-ലെ ബഡ്ജറ്റിൽ ജെൻഡർ ബഡ്ജറ്റിന്റെ വിഹിതം 20.90 ശതമാനമാണ്. ഇന്ത്യയിലാദ്യമായി ഒരു ട്രാൻസ്ജെൻഡർ നയം പ്രഖ്യാപിച്ചത് കേരളമാണ്. ഈ വിഭാഗത്തിൽവരുന്നവർ നേരിടുന്ന പ്രശ്നങ്ങൾക്കും

ഇതേ പ്രാധാന്യത്തോടെയുള്ള പരിഗണന നൽകുകയെന്നതും സർക്കാരിന്റെ നയമാണ്. ഉയർന്ന സൂചികകൾ നിലനിൽക്കുമ്പോഴും കേരളത്തിലെ സ്ത്രീ സമൂഹം നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് സർക്കാരിന് തികഞ്ഞ ബോദ്ധ്യമുണ്ട്. തൊഴിലിടങ്ങളിൽ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ, സമൂഹത്തിൽ നിലനിൽക്കുന്ന ആൺകോയ്മ വ്യവസ്ഥ എന്നിവ സമൂഹ മനഃസ്ഥിതിയിൽ പരിവർത്തനം ഉണ്ടായാലേ മാറുകയുള്ളൂ. ഇതിന് വിഘാതമായി നിൽക്കുന്ന പ്രസ്താവനകൾ ചില കേന്ദ്രങ്ങളിൽ നിന്നുമുണ്ടാകുന്നുവെന്നത് നിർഭാഗ്യകരമാണ്. വിദ്യാലയങ്ങളിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഒരേതരത്തിലുള്ള യൂണിഫോം അടിച്ചേൽപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. അതത് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അദ്ധ്യാപകരും പി.ടി.എ.-യും വിദ്യാർത്ഥി പ്രതിനിധികളും പരസ്പരം ആലോചിച്ച് ഉചിതമായ യൂണിഫോം തീരുമാനിച്ച് നടപ്പിലാക്കുകയാണ് വേണ്ടത്. യൂണിഫോമിന്റെ കാര്യത്തിലുണ്ടായിരിക്കുന്ന വിവാദം ഒരുദാഹരണമാണ്. ഒരുതരം വേഷവിധാനവും ആരുടെമേലും അടിച്ചേൽപ്പിക്കുന്നത് ഈ സർക്കാരിന്റെ നയമല്ല. വസ്ത്രധാരണം, ആഹാരം, വിശ്വാസം എന്നിവയുടെ കാര്യത്തിൽ വ്യക്തികൾക്ക് സാമൂഹിക കടമകൾക്കനുസൃതമായുള്ള സർവ്വസ്വാതന്ത്ര്യവും ഉണ്ടായിരിക്കുന്നതാണ്. ഒരുതരത്തിലുള്ള തീവ്രനിലപാടുകളും മേൽപ്പറഞ്ഞവയെ ഹനിക്കാൻ പാടില്ലെന്ന് സർക്കാരിന് നിർബന്ധമുണ്ട്. ഇപ്പോൾ തെറ്റായൊരു പ്രചരണം നടക്കുന്നതുകൊണ്ട് ഒന്നുകൂടി ആവർത്തിച്ച് ഞാൻ വ്യക്തമാക്കുകയാണ്. ഓരോ വിദ്യാലയത്തിലും അവിടത്തെ യൂണിഫോം എങ്ങനെ വേണമെന്ന് വിദ്യാലയ തലത്തിലാണ് തീരുമാനിക്കുന്നത്. അക്കാര്യത്തിൽ സർക്കാർ പൊതുവായ ഒരു നിർദ്ദേശവും പുറപ്പെടുവിച്ചിട്ടില്ല. അങ്ങനെ നിർദ്ദേശം പുറപ്പെടുവിക്കാൻ ഉദ്ദേശിക്കുന്നുമില്ല. പുരോഗമന സ്വഭാവമുള്ള ഒരു വിജ്ഞാന സമൂഹ നിർമ്മിതിയാണ് നമ്മുടെ ലക്ഷ്യം. അതിന് ശാസ്ത്രാവബോധം അനിവാര്യമാണ്. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ സ്ത്രീകളുടെമേൽ ഉൾപ്പെടെ വസ്ത്രധാരണ രീതി അടിച്ചേൽപ്പിക്കാനുണ്ടാകുന്ന ശ്രമങ്ങൾ നമ്മുടെ ലക്ഷ്യത്തിന് തടസ്സംനിൽക്കുന്ന ഒന്നാണ്. അത്തരം വാദഗതികൾ അംഗീകരിച്ചുകൊടുക്കുന്ന നയമല്ല സർക്കാരിന്റേത്. സമൂഹത്തിലെ എല്ലാവിഭാഗം ജനങ്ങൾക്കും അവരുടെ ജാതി-മത-ലിംഗഭേദമെന്യേ അവർ അർഹിക്കുന്ന സ്വാതന്ത്ര്യം ഉണ്ടാകണമെന്നാണ് സർക്കാർ കരുതുന്നത്. ഇതിന് സഹായകരമായ ഒരന്തരീക്ഷം സൃഷ്ടിക്കാനാണ് നമ്മളേവരും മുൻകയ്യെടുക്കേണ്ടത്. സർക്കാരിന്റെ എല്ലാ പിന്തുണയും ഇതിനുണ്ടായിരിക്കുന്നതാണ്. നമ്മുടെ സമൂഹത്തിൽ സ്ത്രീസമൂഹത്തിന് തുല്യതാബോധം എന്ന ലക്ഷ്യത്തോടെ നവോത്ഥാന പ്രസ്ഥാനങ്ങൾ പ്രവർത്തിച്ചിരുന്നു. ഈ ലക്ഷ്യത്തിന് കടകവിരുദ്ധമായി അടുത്തകാലത്ത് കാണുന്ന ചില പ്രവണതകൾ തീർത്തും നിരുത്സാഹപ്പെടുത്തേണ്ടവയാണ്.

(2) ഫയർ സ്റ്റേഷൻ

ശ്രീ. കെ. പ്രേംകുമാർ: സർ, ഒറ്റപ്പാലത്ത് ഒരു ഫയർ സ്റ്റേഷൻ അനുവദിക്കണമെന്ന സബ്മിഷനാണ് ഉന്നയിക്കുന്നത്. താലൂക്കാസ്ഥാനമായ ഒറ്റപ്പാലത്ത്, എല്ലാദിവസവും ആയിരക്കണക്കിനാളുകൾ വ്യത്യസ്ത ആവശ്യങ്ങളുമായി വന്നുചേരുന്നുണ്ട്. മിനി സിവിൽസ്റ്റേഷനും റവന്യൂ ഡിവിഷണൽ ഓഫീസും റെയിൽവേ സ്റ്റേഷനുമുൾപ്പെടെയുള്ള വിവിധ സ്ഥാപനങ്ങൾ ഒറ്റപ്പാലത്തുണ്ട്. അവിടെ ഒരു ഫയർ സ്റ്റേഷൻ അനുവദിക്കുന്നത് ഒറ്റപ്പാലത്തും പരിസരത്തുള്ള ഏതാണ്ട് 8 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും എല്ലാ അർത്ഥത്തിലും ഗുണപ്രദമാകും. മുനിസിപ്പാലിറ്റിയുടെ പുറമ്പോക്ക് സ്ഥലത്ത് 23 സെന്റ് സ്ഥലം നിലവിലുണ്ട്. അതിനോടുചേർന്ന് കഴിഞ്ഞ ബഡ്ജറ്റിലുൾപ്പെടുത്തി പണി പൂർത്തീകരിച്ചുകൊണ്ടിരിക്കുന്ന താമരക്കുളം ഏതാണ്ട് നാടിന് സമർപ്പിക്കാൻ കഴിയുന്ന രീതിയിലായിട്ടുണ്ട്. കിൻഫ്ര ഡിഫൻസ് പാർക്ക് സ്ഥിതിചെയ്യുന്നതും ഒറ്റപ്പാലം പട്ടണത്തിനടുത്താണ്. ഒറ്റപ്പാലം മുനിസിപ്പാലിറ്റിയും ലക്കിടിപേരൂർ, അമ്പലപ്പാറ, പൂക്കോട്ടുകാവ് ഉൾപ്പെടെയുള്ള ഗ്രാമപഞ്ചായത്തുകളും ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റിയുമുൾപ്പെടെ 9 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് എല്ലാ അർത്ഥത്തിലും ഗുണപ്രദമാകുന്ന ഒന്നായി ഈ ഫയർ സ്റ്റേഷൻ മാറും. ഈ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിലൂടെ നാടിന്റെ എല്ലാ അർത്ഥത്തിലുമുള്ള ദുരന്തങ്ങളെയും തീപിടുത്തങ്ങളെയും ഒഴിവാക്കാൻ കഴിയും. അതിനാവശ്യമായ നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കഴിഞ്ഞ മറുപടി അൽപ്പം ദീർഘമായിപ്പോയതുകൊണ്ട് ഇത് മേശപ്പുറത്ത് വച്ചാൽ പോരേ?

മി. ഡെപ്യൂട്ടി സ്പീക്കർ: ആയിക്കോട്ടെ.

(മറുപടി മേശപ്പുറത്തുവച്ചു)*

(3) ന്യൂസ് പ്രിന്റിന്റെ വിലവർദ്ധന

ശ്രീ. യു. എ. ലത്തീഫ്: സർ, പത്ര വ്യവസായത്തിൽ ഉൽപ്പാദനച്ചെലവിന്റെ 50 ശതമാനത്തിലധികം വരുന്നത് പത്രക്കടലാസിനാണ്. കോവിഡ് മഹാമാരിമൂലം ആഗോളതലത്തിൽ പത്ര വ്യവസായം പ്രതിസന്ധിയിലായി. വിദേശ രാജ്യങ്ങളിലെ ന്യൂസ് പ്രിന്റ് ഫാക്ടറികൾ പലതും അടച്ചുപൂട്ടി. ന്യൂസ് പ്രിന്റ് ലഭ്യതയിൽ വലിയ ഇടിവുണ്ടായി. ഇതുമൂലം ന്യൂസ് പ്രിന്റിന്റെ വില കഴിഞ്ഞ ഒന്നരവർഷമായി കുതിച്ചുയർന്നു. റഷ്യ - ഉക്രൈയിൻ യുദ്ധം ന്യൂസ് പ്രിന്റ് ലഭ്യത

---

* മറുപടി അനുബന്ധമായി ചേർത്തിട്ടുണ്ട്

വീണ്ടും പ്രതിസന്ധിയിലാക്കി. നമുക്കാവശ്യമായ ന്യൂസ് പ്രിന്റിന്റെ 45 ശതമാനം ഇറക്കുമതി ചെയ്യുന്നത് റഷ്യയിൽനിന്നാണ്. റഷ്യയ്ക്കെതിരെ യു.എസ്.-ഉം യൂറോപ്യൻ രാജ്യങ്ങളും ഉപരോധം പ്രഖ്യാപിച്ചതോടെ റഷ്യയിൽനിന്നുള്ള പത്രക്കടലാസ് ഇറക്കുമതി നിലച്ചു. ഇതുമൂലം പത്രക്കടലാസിന് വൻവില വർദ്ധനവുണ്ടായി. ചരക്കുനീക്കം തടസ്സപ്പെട്ടു. കണ്ടെയ്നറുകളുടെ ലഭ്യതക്കുറവുമൂലം വിതരണ ശൃംഖലയിൽ സമ്മർദ്ദമേറിയതോടെ ഷിപ്പിംഗ് കമ്പനികൾ നാലും അഞ്ചുമിരട്ടിയാക്കി ചാർജ്ജ് വർദ്ധിപ്പിച്ചു. അടിക്കടിയുണ്ടാകുന്ന ഇന്ധനത്തിന്റെയും ധാതുക്കളുടെയും വിലവർദ്ധനവുകാരണവും അച്ചടി മാധ്യമങ്ങൾക്കാവശ്യമായ അലുമിനിയം പ്ലേറ്റുകൾക്ക് 40 ശതമാനത്തോളം വിലവർദ്ധനവുണ്ടായി. ടണ്ണിന് 40 യു.എസ്. ഡോളറായിരുന്ന പത്രക്കടലാസ്സിന്റെ വില ഇപ്പോൾ 1000 ഡോളർ കടന്നു. പത്രവ്യവസായത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾക്കും മഷി മുതലായ രാസപദാർത്ഥങ്ങൾക്കും 50 ശതമാനം വിലവർദ്ധനവുണ്ടായിട്ടുണ്ട്. ഇതുമൂലം പത്ര വ്യവസായത്തിന്റെ ഉൽപ്പാദന-വിതരണ ചെലവുകളിൽ ക്രമാതീതമായ വർദ്ധനവാണ് വന്ന് ഭവിച്ചിട്ടുള്ളത്. കൂടാതെ 5 ശതമാനം ഇറക്കുമതി തീരുവയും കേന്ദ്രസർക്കാർ ചുമത്തി. ഇക്കാരണങ്ങളാൽ ജനാധിപത്യത്തിന്റെ നെടുംതൂണായ അച്ചടിമാധ്യമങ്ങളെ രക്ഷിക്കാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണമെന്നും സംസ്ഥാന സർക്കാർ കഴിയുന്ന രീതിയിൽ അടിയന്തരമായി ഇടപെടണമെന്നും ന്യൂനപക്ഷങ്ങളുടെ ശബ്ദമായ 'ചന്ദ്രിക' ദിനപ്പത്രത്തിന് ഈ സാഹചര്യത്തിൽ ആവശ്യമായ സഹായം നൽകാൻ നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, രാജ്യത്തെ പത്രവ്യവസായം വലിയ പ്രതിസന്ധി അഭിമുഖീകരിക്കുകയാണ്. ന്യൂസ് പ്രിന്റിനും അച്ചടി മഷിക്കും മറ്റ് അസംസ്കൃത വസ്തുക്കൾക്കും വലിയ വിലക്കയറ്റമാണ് കഴിഞ്ഞ രണ്ടുമൂന്ന് വർഷത്തിനിടെ ഉണ്ടായത്. കോവിഡ് മഹാമാരിയും റഷ്യ-ഉക്രെയിൻ യുദ്ധവും രാജ്യാന്തരതലത്തിൽ സൃഷ്ടിച്ച വൻ പ്രതിസന്ധിയിൽപ്പെട്ട് വിദേശ രാജ്യങ്ങളിലെ ന്യൂസ് പ്രിന്റ് ഫാക്ടറികൾ പലതും അടച്ചുപൂട്ടി. രാജ്യത്തെ പത്രങ്ങളും ആനുകാലികങ്ങളും നിലനിൽപ്പിനായി പോരാടുന്ന നിലയാണുള്ളതെന്ന അദ്ദേഹത്തിന്റെ അഭിപ്രായവും ശരിയാണ്. പ്രത്യേകിച്ച് ചെറുകിട-ഇടത്തരം പത്രമാധ്യമങ്ങൾ പലതും അടച്ചുപൂട്ടലിന്റെ വക്കിലാണ്. കുറഞ്ഞകാലംകൊണ്ട് ന്യൂസ് പ്രിന്റിന് മുമ്പുണ്ടായിരുന്നതിന്റെ ഇരട്ടിയിലേറെയാണ് വില ഉയർന്നത്. കോവിഡ് പ്രതിസന്ധി ഒരു കാരണമാണ്. ഉക്രെയിൻ യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ അദ്ദേഹം പ്രതിപാദിച്ച കാരണങ്ങളും ന്യൂസ് പ്രിന്റിന്റെ വിലവർദ്ധനവിന് കാരണമാണ്. പല രാജ്യങ്ങളിലും പേപ്പർ മില്ലുകൾ പാരിസ്ഥിതികമായ പ്രശ്നങ്ങളാൽ അടച്ചുപൂട്ടിയിട്ടുണ്ട്. ഇത് ഇന്ത്യയിലേയ്ക്കുള്ള ന്യൂസ്

പ്രിന്റ് ഇറക്കുമതിയെ വലിയ തോതിൽ ബാധിച്ചിട്ടുണ്ട്. രാജ്യത്തേയ്ക്കുള്ള ന്യൂസ് പ്രിന്റ് ഇറക്കുമതിയിൽ കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ 55 ശതമാനം ഇടിവാണ് ഉണ്ടായതെന്നാണ് ബഹു. കേന്ദ്ര വാർത്താവിതരണ വകുപ്പുമന്ത്രി അറിയിച്ചത്. ഇറക്കുമതി കുറഞ്ഞത് രാജ്യത്ത് ന്യൂസ് പ്രിന്റിന്റെ വൻ വിലക്കയറ്റത്തിന് വഴിവച്ചു. ഇതിനുപുറമേ കേന്ദ്രസർക്കാർ ന്യൂസ് പ്രിന്റിനുമേൽ ചുമത്തുന്ന അഞ്ച് ശതമാനം ഇറക്കുമതി ചുങ്കവും പ്രതിസന്ധിയുടെ ആക്കം കൂട്ടിയിട്ടുണ്ട്. പത്ര വ്യവസായത്തിന്റെ ചെലവിന്റെ 50 ശതമാനത്തിലേറെ ന്യൂസ് പ്രിന്റ് ഇനത്തിലാണ്. അതുകൊണ്ടുതന്നെ ന്യൂസ് പ്രിന്റിന് ക്രമാതീതമായി വില വർദ്ധിക്കുന്നത് ഈ മേഖലയുടെ ദൈനംദിന പ്രവർത്തനങ്ങളെ താളംതെറ്റിക്കുന്നതാണ്. പല ദേശീയ പത്രങ്ങളും കേരളത്തിലുൾപ്പെടെ എഡിഷൻ നിർത്തിയത് ഈ പ്രതിസന്ധിയുടെ പ്രത്യക്ഷ ഉദാഹരണമാണ്. വലിയൊരു വിഭാഗത്തിന്റെ തൊഴിൽമേഖലകൂടിയായ അച്ചടിമാധ്യമ രംഗത്തെ പ്രതിസന്ധി പരിഹരിക്കേണ്ടത് അനിവാര്യവുമാണ്. ഈ സാഹചര്യത്തിൽ ഏതെങ്കിലുമൊരു പത്രത്തിന്റെ കാര്യത്തിൽ പ്രത്യേകമായല്ല, പൊതുവായി മാത്രമേ നമുക്ക് തീരുമാനിക്കാൻ കഴിയുകയുള്ളൂ. പൊതുവെ ഇത്തരം കാര്യങ്ങളിൽ പരിമിതമായി മാത്രമേ സർക്കാരിന് ഇടപെടാൻ കഴിയുകയുള്ളൂ. എന്നാൽ സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിൽനിന്ന് ലേലത്തിലൂടെ ഏറ്റെടുത്ത H.N.L. പുനരുദ്ധരിച്ച് കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് എന്ന പൊതുമേഖലാസ്ഥാപനം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനം പൂർണ്ണതോതിൽ ഉൽപ്പാദനം ആരംഭിച്ചുകഴിയുമ്പോൾ ഒരു ലക്ഷം മെട്രിക് ടൺ ന്യൂസ് പ്രിന്റ് ഉൽപ്പാദിപ്പിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതുമൂലം സംസ്ഥാനത്തെ പത്രവ്യവസായങ്ങൾക്ക് ആവശ്യാനുസരണം കെ.പി.പി.എൽ.-നിന്ന് വാങ്ങുന്നതിനും ന്യൂസ് പ്രിന്റിനായി വിദേശ വിപണിയെ അമിതമായി ആശ്രയിക്കുന്ന അവസ്ഥ ഒഴിവാക്കാനും സഹായകമാകുന്നതാണ്. നിലവിൽ ന്യൂസ് പ്രിന്റിന് അനുഭവപ്പെടുന്ന ക്ഷാമം പരിഹരിക്കുന്നതിനും അനിയന്ത്രിതമായ വിലവർദ്ധനവ് പിടിച്ചുനിർത്തുന്നതിനും പൊതുമേഖലാസ്ഥാപനമായ കെ.പി.പി.എൽ.-ന്റെ പ്രവർത്തനം പൂർണ്ണതോതിൽ ആരംഭിക്കുന്നതോടെ കഴിയുമെന്നും പ്രതീക്ഷിക്കുന്നു.

### (4) തഴവ കോളേജ് കെട്ടിടനിർമ്മാണം

ശ്രീ. സി. ആർ. മഹേഷ്: സർ, കരുനാഗപ്പള്ളി തഴവ ഗവണ്മെന്റ് കോളേജിന് സ്വന്തമായി കെട്ടിടം നിർമ്മിക്കണമെന്നുള്ള ആവശ്യമാണ് എന്റെ സബ്മിഷൻ. ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്നപ്പോൾ ഗവണ്മെന്റ് കോളേജുകളില്ലാത്ത നിയോജകമണ്ഡലങ്ങളിൽ അത് അനുവദിക്കുന്നതിന്റെ ഭാഗമായി കരുനാഗപ്പള്ളിയിലും തഴവ ഗവണ്മെന്റ് കോളേജിന്റെ പ്രവർത്തനമാരംഭിച്ചു.

എന്നാൽ സ്ഥലം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് തർക്കങ്ങളും കാലതാമസവുംവന്നു. അന്നുമുതൽ കോളേജ് വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. നാല് കോഴ്സുകളിലായി 360 കുട്ടികൾ പഠിക്കുന്ന പ്രസ്തുത കോളേജിലേയ്ക്ക് ബസ് സർവ്വീസ് ഇല്ലാത്തതിനാൽ കിലോമീറ്ററുകളോളം നടന്നാണ് കുട്ടികൾ പഠിക്കാനെത്തുന്നത്. വാടകയിനത്തിൽ വലിയ തുക കെട്ടിട ഉടമസ്ഥന് കൊടുക്കാനുമുണ്ട്. മാത്രമല്ല, വർഷങ്ങളായി പരിമിതമായ സൗകര്യങ്ങളിലാണ് മുതിർന്ന കുട്ടികൾ പഠിക്കുന്നത്. മഴയത്ത് ചോർന്നൊലിക്കുന്ന അവസ്ഥയാണ്. പെൺകുട്ടികളുൾപ്പെടെയുള്ളവർ പഠിക്കുന്ന ഇവിടെ അടിസ്ഥാന സൗകര്യങ്ങൾ ഒന്നുംതന്നെയില്ലാത്ത അതിദയനീയമായ അവസ്ഥയാണുള്ളത്. വർഷങ്ങൾ നീണ്ട തർക്കങ്ങൾക്കൊടുവിൽ സ്ഥലമേറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ 2-11-2020-ലെ 3356/2020-ാം നമ്പർ ഉത്തരവുപ്രകാരം ഐ.എച്ച്.ആർ.ഡി.-യുടെ നിയന്ത്രണത്തിലുള്ള കരുനാഗപ്പള്ളി എഞ്ചിനീയറിംഗ് കോളേജിന്റെ സ്ഥലത്തുനിന്നും അഞ്ചേക്കർ ഭൂമി അനുവദിച്ച് കൈമാറിയിട്ടുള്ളതാണ്. എം.എൽ.എ. ആസ്തി വികസന ഫണ്ടിൽനിന്നും അഞ്ച് കോടി രൂപയും കിഫ്ബിയിൽനിന്നും 13.85 കോടി രൂപയും തത്വത്തിൽ അംഗീകരിച്ചിട്ടുള്ളതും ഭരണാനുമതി ലഭിച്ചിട്ടുള്ളതുമാണ്. കോളേജിന് അനുവദിച്ച സ്ഥലത്തെ മരങ്ങൾ മുറിച്ചുമാറ്റുന്നതിന് കത്ത് നൽകിയെങ്കിലും നാളിതുവരെയും നടപടിയുണ്ടായിട്ടില്ല. കോളേജിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് കിഫ്ബി അധികൃതരുമായി നടന്ന ചർച്ചയിൽ കോളേജിന് മുന്നിലുള്ള റോഡിന് 7 മീറ്റർ വീതി ആവശ്യമാണെന്ന് നിർദ്ദേശിച്ചിരിക്കുകയാണ്. നിലവിലെ പഞ്ചായത്ത് റോഡിന് 4.5 മീറ്റർ വീതി മാത്രമേയുള്ളൂ. ടി റോഡിന് വീതി കൂട്ടുക എന്നത് പ്രായോഗികമല്ല. അടിയന്തര സാഹചര്യങ്ങളിൽ എഞ്ചിനീയറിംഗ് കോളേജിന്റെ മുന്നിൽക്കൂടി ആംബുലൻസ്, ഫയർഫോഴ്സ് എന്നിവയ്ക്ക് കോളേജിലേയ്ക്ക് പ്രവേശിക്കാൻ കഴിയും. ആയതിനാൽ ഐ.എച്ച്.ആർ.ഡി. അധികൃതരിൽനിന്നും രേഖാമൂലം അനുമതിയുണ്ടെങ്കിൽ മാത്രമേ നിർമ്മാണവുമായി മുന്നോട്ടുപോകാനാകൂ എന്ന് കിഫ്ബി അറിയിച്ചിരിക്കുകയാണ്. മൂന്ന് മാസങ്ങൾക്കുമുൻപ് ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ചേംബറിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മീറ്റിംഗ് നടന്നെങ്കിലും നിർമ്മാണം ആരംഭിക്കുന്നതിന് നടപടിയായിട്ടില്ല. ചില ഉദ്യോഗസ്ഥർ ഫയലിൽ എഴുതുന്ന സാങ്കേതിക തടസ്സങ്ങൾക്കപ്പുറത്ത് ബഹുമാനപ്പെട്ട മന്ത്രി പ്രത്യേകം ഇടപെട്ട് കോളേജിന്റെ നിർമ്മാണം തുടങ്ങാനുള്ള നടപടികൾ ആരംഭിക്കണമെന്ന് ആവശ്യപ്പെടുകയാണ്. കോളേജ് ആരംഭിച്ചപ്പോഴുള്ള നാല് കോഴ്സുകളല്ലാതെ പുതിയ കോഴ്സുകളൊന്നുംതന്നെ ആരംഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ പി.ജി. കോഴ്സുകളുൾപ്പെടെ ആരംഭിക്കണമെന്നും ആവശ്യപ്പെടുകയാണ്.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, കരുനാഗപ്പള്ളി സർക്കാർ കോളേജ് സ്ഥാപിക്കുന്നതിനായി ഐ.എച്ച്.ആർ.ഡി.-യുടെ കരുനാഗപ്പള്ളി കോളേജ് ഓഫ് എഞ്ചിനീയറിംഗ് എന്ന സ്ഥാപനത്തിന്റെ അഞ്ചേക്കർ വരുന്ന ഭൂമിയാണ് വിട്ടുകിട്ടിയിട്ടുള്ളത്. പ്രസ്തുത ഭൂമിയിൽ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിനായി 18-6-2020-ലെ G.O.No.811/2020/HEDN പ്രകാരം 13.82 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിരുന്നു. GRIHA (Green Rating for Integrated Habitat Assessment) മാനദണ്ഡങ്ങളനുസരിച്ച് പ്ലാനും എസ്റ്റിമേറ്റും പുതുക്കുന്നതിനായി കിഫ്ബി നിർദ്ദേശം നൽകിയിരുന്നു. ആയതുപ്രകാരം പദ്ധതിയുടെ എസ്.പി.വി. ആയ കിറ്റ്കോ GRIHA മാനദണ്ഡങ്ങൾക്കനുസരിച്ച് പുതുക്കിയ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയ കെട്ടിടത്തിന്റെ നിർമ്മാണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനം/ഫയർ ഫോഴ്സ് എന്നിവിടങ്ങളിൽനിന്നുമുള്ള അനുമതി ലഭിക്കുന്നതിന് കോളേജിന്റെ മുൻവശത്തുകൂടിയുള്ള റോഡിന് 7 മീറ്റർ വീതി ആവശ്യമാണ്. നിലവിൽ റോഡിന് 4.5 മീറ്റർ മാത്രമേ വീതിയുള്ളൂ. പഞ്ചായത്ത് റോഡായതിനാൽ വീതി വർദ്ധിപ്പിക്കുക ബുദ്ധിമുട്ടാണ്. ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജിന്റെ ഭൂമിയിൽനിന്നാണ് ആർട്സ് ആൻഡ് സയൻസ് കോളേജിന് ഭൂമി ലഭ്യമായിട്ടുള്ളത്. അടിയന്തര സാഹചര്യത്തിൽ ഫയർ എഞ്ചിനും ആംബുലൻസിനും പ്രസ്തുത എഞ്ചിനീയറിംഗ് കോളേജിലൂടെ സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജിൽ പ്രവേശിക്കുന്നതിന് ഐ.എച്ച്.ആർ.ഡി.-യുടെ അനുമതി ലഭിക്കുകയാണെങ്കിൽ റോഡിന്റെ വീതി വർദ്ധിപ്പിക്കാതെതന്നെ ബിൽഡിംഗ് പെർമിറ്റും ഫയർ എൻ.ഒ.സി.-യും ലഭ്യമാകുന്നതാണ്. ഐ.എച്ച്.ആർ.ഡി.-യുടെ അനുമതി ലഭ്യമാക്കുന്നതിന് ഐ.എച്ച്.ആർ.ഡി. ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. എന്നാൽ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജ് ക്യാമ്പസ്സിലൂടെ കരുനാഗപ്പള്ളി ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിലേയ്ക്ക് പ്രവേശിക്കാനുള്ള വഴി അനുവദിക്കുന്നത് എഞ്ചിനീയറിംഗ് കോളേജിന്റെ പ്രവർത്തനത്തെ ബാധിക്കുമെന്നാണ് ഐ.എച്ച്.ആർ.ഡി. ഡയറക്ടർ അറിയിച്ചിട്ടുള്ളത്. എം.എൽ.എ.-യുടെ ആസ്തിവികസന ഫണ്ടിൽനിന്നും കോളേജ് കെട്ടിടം നിർമ്മിക്കുന്നതിന് 2015-16 വർഷത്തിൽ 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നുവെങ്കിലും കാലാവധി അവസാനിച്ചതിനാൽ ഭരണാനുമതി പുതുക്കി നൽകുന്നതിനുള്ള പ്രൊപ്പോസൽ പരിഗണിക്കാൻ കഴിയില്ലെന്നാണ് ധനകാര്യ വകുപ്പ് അറിയിച്ചിട്ടുള്ളത്. വിദ്യാർത്ഥികൾക്ക് പഠനം നടത്തുന്നതിനുള്ള ക്ലാസ് മുറികളുടെ അപര്യാപ്തത പരിഹരിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിന്റെ സഹായത്തോടെ പ്രസ്തുത കോളേജിൽ പ്രീ-

ഫാബ്രിക്കേറ്റഡ് നിർമ്മിതികളുപയോഗപ്പെടുത്തി ക്ലാസ് മുറികൾ സജ്ജീകരിക്കുന്നതിനുള്ള നടപടികൾ കോളേജ് വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചുവരികയാണ്. ഇതിനായി പൊതുമരാമത്ത് വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമായ കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് കോളേജിൽ സന്ദർശനം നടത്തി പഠനം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രൊപ്പോസൽ പ്രകാരമുള്ള ക്ലാസ്സ് മുറികളുടെ നിർമ്മാണം ആരംഭിച്ച് രണ്ട് മാസംകൊണ്ടുതന്നെ പൂർത്തിയാക്കാൻ സാധിക്കുമെന്ന് കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് വ്യക്തമാക്കിയിട്ടുണ്ട്.

### (5) പരവൂർ -ഒല്ലാൽ റെയിൽവേ മേൽപ്പാലം നിർമ്മാണം

ശ്രീ. ജി. എസ്. ജയലാൽ: സർ, ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ പരവൂർ നഗരസഭയിലെ പരവൂർ-ഒല്ലാൽ റെയിൽവേ ലെവൽ ക്രോസ്സിന് മേൽപ്പാലം നിർമ്മിക്കുക എന്നത് പതിറ്റാണ്ടുകൾ നീണ്ട ഒരാവശ്യമാണ്. പരവൂർ മുനിസിപ്പാലിറ്റിയിൽനിന്നും കൊല്ലം ഗവൺമെന്റ് മെഡിക്കൽ കോളേജിലേയ്ക്ക് പോകുന്ന ഏക റോഡാണിത്. റെയിൽവേ ഗേറ്റ് അടഞ്ഞുകിടക്കുന്നത് പലപ്പോഴും ആശുപത്രിയിലേയ്ക്ക് പോകുന്ന മനുഷ്യന്റെ ജീവനുപോലും അപകടമുണ്ടാക്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ ഒല്ലാൽ റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിന് കിഫ്ബിയിൽനിന്നും 36.75 കോടി രൂപ അനുവദിച്ച് റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനെ നിർവ്വഹണ ചുമതല ഏൽപ്പിച്ചിരുന്നതാണ്. അത്തരം നടപടികളെല്ലാം പൂർത്തിയായെങ്കിലും റെയിൽവേ മേൽപ്പാലം നിർമ്മാണവുമായി ബന്ധപ്പെട്ട യാതൊരു നടപടികളും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. റെയിൽവേയുടെ വർക്ക് പ്ലാനിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാലാണ് പ്രവൃത്തി ആരംഭിക്കാൻ കഴിയാത്തതെന്നാണ് ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞ സബ്മിഷന് നൽകിയ മറുപടിയിൽനിന്നും മനസ്സിലാക്കാൻ കഴിഞ്ഞത്. വിവിധ രാഷ്ട്രീയ പാർട്ടികളുടെ നേതൃത്വത്തിൽ ജനങ്ങൾക്കിടയിൽനിന്നും വലിയ ഉത്കണ്ഠയും പ്രതിഷേധവും ഉയർന്നുവരുന്ന സാഹചര്യമാണ് അവിടെയുള്ളത്. റെയിൽവേയുമായി ബന്ധപ്പെട്ട് വർക്ക് പ്ലാനിൽ ഉൾപ്പെടുത്തി അനുവാദം വാങ്ങി പാലം നിർമ്മാണം ആരംഭിക്കേണ്ടതാണ്. ഒരു ഉയർന്ന ഉദ്യോഗസ്ഥനെ പ്രത്യേകം ചുമതലപ്പെടുത്തി റെയിൽവേയുടെ വർക്ക് പ്ലാനിൽ ഉൾപ്പെടുത്തി അനുവാദം വാങ്ങി മേൽപ്പാലം നിർമ്മാണം നടത്തുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പരവൂർ-ഒല്ലാൽ റെയിൽവേ മേൽപ്പാലം നിർമ്മിക്കേണ്ടതിന്റെ ആവശ്യകതയാണ്

ശ്രീ. ജി. എസ്. ജയലാൽ ഇവിടെ സബ്മിഷനിലൂടെ ഉന്നയിച്ചിട്ടുള്ളത്. ആ നാടിന്റെ ഒരു പ്രധാന ആവശ്യമാണത്. മേൽപ്പാലം നിർമ്മിക്കുന്നതിനുവേണ്ടി റിവൈസ്ഡ് ജനറൽ അറേഞ്ച്മെന്റ് (ജി.എ.ഡി.) റെയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. എന്നാൽ റെയിൽവേയുടെ വർക്ക് പ്ലാനിൽ പ്രവൃത്തി ഉൾപ്പെട്ടിട്ടില്ല എന്നുള്ള മറുപടിയാണ് ലഭിച്ചിരിക്കുന്നത്. ഈ സാഹചര്യത്തിൽ വർക്ക്പ്ലാനിൽ ഉൾപ്പെടുത്തണമെന്ന് ജൂലൈ 14-ന് നൽകിയ കത്തിലൂടെ സർക്കാർ റെയിൽവേയോട് വീണ്ടും ആവശ്യപ്പെട്ടിട്ടുണ്ട്. റെയിൽവേയുടെ ഭാഗത്തുനിന്നുള്ള തുടർനടപടികൾ വളരെ മന്ദഗതിയിലാണെന്നുള്ളത് വസ്തുതയാണ്. ജനങ്ങളെ സംബന്ധിച്ചിടത്തോളം വലിയ പ്രയാസം സൃഷ്ടിക്കുന്ന കാര്യമാണ് ലെവൽക്രോസ്സുകൾ. ലെവൽ ക്രോസ്സില്ലാത്ത കേരളം എന്നത് ഈ സർക്കാരിന്റെ പ്രധാനപ്പെട്ട ലക്ഷ്യവും നാടിന്റെ സ്വപ്നവുംകൂടിയാണ്. ആർ.ഒ.ബി.-കൾ RBDCK (Roads and Bridges Development Corporation of Kerala Limited.)-യുടേതും KRDCL (Kerala Rail Development Corporation Ltd)-ന്റേതുമുണ്ട്. RBDCK പൊതുമരാമത്ത് വകുപ്പിനുകീഴിൽ വരുന്നതാണ്. അതിൽ പൂർത്തിയായ ലെവൽ ക്രോസ് ഒരെണ്ണവും പുരോഗമിക്കുന്നത് 11 എണ്ണവും ടെണ്ടർ സ്റ്റേജിൽ രണ്ടെണ്ണവും ലാൻഡ് അക്വിസിഷൻ പുരോഗമിക്കുന്നത് 14 എണ്ണവും 20 എണ്ണം ജി.എ.ഡി.-ക്കുവേണ്ടി കാത്തുനിൽക്കുകയുമാണ്. അദ്ദേഹം ഇവിടെ ഉന്നയിച്ച വിഷയം പരിഹരിക്കുന്നതിന് നോഡൽ ഓഫീസറിന് തുല്യമായ ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തണമെന്ന നിർദ്ദേശം സ്വീകാര്യമാണ്. അതിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിക്കും ആർ.ബി.ഡി.സി.കെ. എം.ഡി.-ക്കും പ്രത്യേക ചുമതല നൽകി റെയിൽവേയുമായി സംസാരിച്ച് മുന്നോട്ടുപോകാനുള്ള തീരുമാനം കൈക്കൊള്ളാമെന്നുള്ളത് ബഹുമാനപ്പെട്ട അംഗത്തിനേയും സഭയേയും അറിയിക്കുകയാണ്.

(6) പേരാവൂർ പൊതുമരാമത്ത് റോഡുകളുടെ നവീകരണം

ശ്രീ. സണ്ണി ജോസഫ്: സർ, എന്റെ നിയോജകമണ്ഡലമായ പേരാവൂർ വളരെ വിസ്തൃതി കൂടിയ നിയോജകമണ്ഡലമാണ്. പി.ഡബ്ല്യു.ഡി. റോഡുകളുടെ ദൈർഘ്യം 344 കിലോമീറ്ററാണ്. പക്ഷെ അതിൽ പകുതി റോഡുകളും ഗതാഗതയോഗ്യമല്ലാതായിരിക്കുകയാണ്. മുഴക്കുന്ന്, കണിച്ചാർ, കേളകം, കൊട്ടിയൂർ പഞ്ചായത്തുകളിൽനിന്നും ഇരിട്ടി താലൂക്ക് ആസ്ഥാനത്തേയ്ക്ക് എത്തേണ്ട റോഡാണ് ഇരിട്ടി-പേരാവൂർ-നെടുമ്പോയിൽ റോഡ്. അത് പത്ത് വർഷംമുൻപ് KSTP (Kerala State Transport Project)-യിൽ നവീകരിച്ചതാണ്, ഇപ്പോഴത് തകർന്ന് ഗതാഗത യോഗ്യമല്ലാതായിരിക്കുകയാണ്. അതുപോലെ ആറളം,

അയ്യൻകുന്ന്, മുഴക്കുന്ന് പഞ്ചായത്തുകളിലെ ആളുകൾക്ക് താലൂക്ക് ആസ്ഥാനത്തേയ്ക്ക് വരാൻ സൗകര്യപ്രദമായ മാടത്തിൽ-എടൂർ-കീഴ്പ്പള്ളി റോഡ് പത്ത് വർഷം മുൻപ് CRF (Central Road Fund)-ൽ നവീകരിച്ചതാണ്, അതും ഗതാഗത യോഗ്യമല്ലാതായിരിക്കുകയാണ്. അതുപോലെ ഇരിട്ടി-ഉളിക്കൽ-മാട്ടറ റോഡ് രണ്ട് നിയോജകമണ്ഡലത്തിലുള്ള ആളുകളെ താലൂക്ക് ആസ്ഥാനത്തേയ്ക്ക് എത്തിക്കുന്ന റോഡാണ്. പത്ത്വർഷം മുൻപ് ബി.എം.&ബി.സി. ചെയ്തെങ്കിലും അതും തകർന്നുകൊണ്ടിരിക്കുകയാണ്. ബഡ്ജറ്റിൽ ഒരു നിയോജക മണ്ഡലത്തിലെ റോഡ് പണിക്ക് മൂന്ന് കോടി രൂപ മാത്രമാണ് ലഭിച്ചത്. അവിടെ അത് തീർത്തും അപര്യാപ്തമാണ്. ഒരു റോഡുപോലും ആ തുകവച്ച് പൂർത്തീകരിക്കാൻ സാധിക്കുന്നില്ല. നോഡൽ ഓഫീസറെ വച്ച് നിയോജക മണ്ഡലതലത്തിൽ സമിതി ചേർന്ന് കാര്യങ്ങൾ ചർച്ച ചെയ്യുന്നുണ്ടെങ്കിലും പണം അനുവദിക്കാതെ പ്രവൃത്തി നടത്താൻ കഴിയുകയില്ല. അതുകൊണ്ട് ആവശ്യമായ പദ്ധതികൾ അനുവദിക്കണം. അതുപോലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഒരു ഓഫീസ് താലൂക്ക് ആസ്ഥാനത്തുണ്ടെങ്കിൽ മാത്രമേ വർക്കുകൾ സമയബന്ധിതമായി തീർക്കാൻ സാധിക്കുകയുള്ളൂ. ഇപ്പോൾ തലശ്ശേരിയിലുള്ള ഓഫീസിനെയാണ് ആശ്രയിക്കേണ്ടിവരുന്നത്. എൽ.എസ്.ജി.ഡി.-യുടെ റോഡുകൾ ഏറ്റെടുക്കണം എന്നതും ഒരു ആവശ്യമാണ്. കേളകം-അടയ്ക്കാത്തോട് റോഡ്, കണിച്ചാർ-വളയംചാൽ റോഡ്, കണിച്ചാർ-കുണ്ടേരി റോഡ്, തൊണ്ടി-കുളക്കാട് റോഡ്, ജിമ്മി ജോർജ്ജ് റോഡ്, തെറ്റുവഴി-മണത്തണ റോഡ്, ഇടതൊട്ടി-പെരുംപുന്ന റോഡ്, വിളക്കോട്-അയ്യപ്പൻകാവ് റോഡ്, ഇത്തിലപ്പുന്നാട്-കാക്കയങ്ങാട് റോഡ്, കീഴ്പള്ളി-ചതിരൂർ 110 കോളനി റോഡ്, കരിക്കോട്ടക്കരി-എടപ്പുഴ-ഈന്തങ്കിരി റോഡ്, ഉരുപ്പുംകുറ്റി റോഡ്, വാളിയപ്പാറ-തുടിമരം റോഡ് തുടങ്ങിയവ പി.ഡബ്ല്യു.ഡി. റോഡുകളിൽത്തന്നെ നവീകരണം ഏറ്റവും അത്യാവശ്യമുള്ളവയാണ്. മന്ത്രിമാർക്ക് ബഡ്ജറ്റ് സമയത്ത് എഴുതിക്കൊടുക്കുന്നുണ്ടെങ്കിലും നൂറ് രൂപ ടോക്കൺ മാത്രം വച്ചുകഴിഞ്ഞാൽ ഈ പ്രവൃത്തികൾ നടക്കില്ല. ആളുകൾ അവരുടെ സ്ഥലത്തെ പി.ഡബ്ല്യു.ഡി. റോഡുകളുടെ നവീകരണമാണ് വികസനത്തിന്റെ ഭാഗമായി ഇപ്പോൾ ഏറ്റവും കൂടുതൽ ആവശ്യപ്പെടുന്നത്. അതുകൊണ്ട് നിയോജകമണ്ഡലത്തിന്റെ വിസ്തൃതി, റോഡുകളുടെ ദൈർഘ്യം എന്നീ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഫണ്ടനുവദിക്കണം. താലൂക്ക് ആസ്ഥാനത്തേയ്ക്കുള്ള റോഡുകൾ സി.ആർ.എഫ്.-ൽ പ്പെട്ടതായിരുന്നു; ലിസ്റ്റിലുണ്ടെന്ന് വിചാരിച്ച് കാത്തിരുന്നു; പക്ഷെ അനുമതി കിട്ടിയില്ല. അതുകൊണ്ട് കെ.എസ്.ടി.പി.-യിലോ കിഫ്ബിയിലോ ഏതിലെങ്കിലും ഉൾപ്പെടുത്തി താലൂക്ക് ആസ്ഥാനത്തേയ്ക്കുള്ള റോഡുകൾ മുൻഗണനാക്രമത്തിലും മറ്റ് റോഡുകൾ പണത്തിന്റെ ലഭ്യതയനുസരിച്ചും നവീകരിക്കാൻ ആവശ്യമായ നിലപാടുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട സണ്ണി ജോസഫ് അദ്ദേഹത്തിന്റെ മണ്ഡലമായ പേരാവൂരിലെ റോഡുകളുമായി ബന്ധപ്പെട്ട വിഷയമാണ് ഇവിടെ സബ്മിഷനിലൂടെ ഉന്നയിച്ചത്. എം.എൽ.എ.-മാരുടെകൂടി ആവശ്യത്തിന്റെ ഭാഗമായി ഓരോ നിയോജകമണ്ഡലത്തിനും ഒരുദ്യോഗസ്ഥന് ചുമതല എന്നുള്ള നിലയിൽ Constituency Monitoring Team (CMT)-ന് രൂപം കൊടുത്തതിനാൽ വളരെ ഫലപ്രദമായി പല കാര്യങ്ങളും മാറിയിട്ടുണ്ട്. പക്ഷേ കുറേക്കൂടി അതിന്റെ ന്യൂനതകൾ പരിഹരിച്ച് മുന്നോട്ടുപോകേണ്ടതുണ്ട്. സി.എം.ടി. രൂപീകരിച്ചതിനാൽ ഓരോ നിയോജകമണ്ഡലത്തിലും എത്ര കിലോമീറ്റർ റോഡുണ്ടെന്നിപ്പോൾ വ്യക്തമായി മനസ്സിലാക്കാൻ സാധിക്കും. ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കാരണം ഒരു നിയോജകമണ്ഡലത്തിലെ സ്ഥിതിയല്ല മറ്റുചില നിയോജകമണ്ഡലങ്ങളിലുള്ളത്. 344.19 കിലോമീറ്റർ റോഡാണ് പേരാവൂരിലുള്ളത്. വിവിധ മണ്ഡലങ്ങളിലൂടെ കടന്നുപോകുന്ന റോഡുകളുടെ ഓരോ മണ്ഡലത്തിലെയും കൃത്യമായ ദൂരവും റോഡുകളുടെ എണ്ണവും അവസ്ഥയും മുമ്പ് കൃത്യമായി മനസ്സിലാക്കാൻ കഴിഞ്ഞിരുന്നില്ല. ഇപ്പോൾ ഓരോ മണ്ഡലങ്ങളിലെയും റോഡുകളുടെ മേന്മയും മോശമായ അവസ്ഥയും മണ്ഡലാടിസ്ഥാനത്തിലും സംസ്ഥാനാടിസ്ഥാനത്തിലും മനസ്സിലാക്കാൻ കഴിയും. ഈയൊരു സംവിധാനം വന്നതുകൊണ്ടാണ് കഴിഞ്ഞകൊല്ലത്തേക്കാൾ മെച്ചപ്പെട്ടോ മോശമായോ അടുത്തകൊല്ലം എത്രയാകും എന്നൊക്കെ പറയാൻ കഴിയുന്നത്. അപ്പോൾ ആ സംവിധാനത്തെ നാം പൊതുവെ അംഗീകരിക്കേണ്ടതുണ്ട്.

നിലവിൽ മൂന്ന് ബഡ്ജറ്റ് പ്രവൃത്തികളിലായി 9 കോടി രൂപയുടെ റോഡ് നവീകരണ പ്രവർത്തനങ്ങൾ ഈ മണ്ഡലത്തിൽ നടത്തുകയും ഒരു വർഷത്തിനിടെ 20.57 കോടി രൂപയുടെ റോഡ് നവീകരണപ്രവൃത്തികൾ പൂർത്തിയാക്കുകയും ചെയ്തു. എന്നാൽ അദ്ദേഹം പറഞ്ഞ ചിലകാര്യങ്ങൾ വസ്തുതാപരമാണ്. ഈ സാമ്പത്തിക വർഷം ബഡ്ജറ്റിലുൾപ്പെട്ടിരുന്ന മൂന്ന് കോടി രൂപയുടെ റോഡ് നിർമ്മാണത്തിന് ഭരണാനുമതി നൽകി, സാങ്കേതികാനുമതിക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നത് വേഗത്തിൽ മുന്നോട്ടുകൊണ്ടുപോകേണ്ടതുണ്ട്. പേരാവൂർ മണ്ഡലത്തിൽ പ്രധാനമായും മൂന്ന് കിഫ്ബി പദ്ധതികളാണ് നിലവിലുള്ളത്. അദ്ദേഹത്തിന്റെ മണ്ഡലത്തിൽപ്പോയ ഘട്ടങ്ങളിൽ അവിടത്തെ വിഷയം ശ്രദ്ധയിൽപ്പെടുത്തിയിരുന്നു, നേരിട്ടും പറയാറുണ്ട്. ഹിൽ ഹൈവേയിലുൾപ്പെട്ട വള്ളിത്തോട്, അമ്പായത്തോട്, ബോയ്സ് ടൗൺ എന്നീ റോഡുകൾ കിഫ്ബി ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. കിഫ്ബി റോഡുകളുടെ ചില വിഷയങ്ങൾ ചർച്ചചെയ്ത് പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ടിരിക്കുകയാണ്. മറ്റ് റോഡുകളും

ഗതാഗതയോഗ്യമാക്കാനുള്ള നടപടി സ്വീകരിച്ചതായി KRFB-PMU-വിന്റെ റിപ്പോർട്ടിൽ പറയുന്നത് ഒന്നുകൂടി പരിശോധിക്കാം. മണ്ഡലത്തിൽ റോഡ് ദൈർഘ്യത്തിനനുസരിച്ച് റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തികളും ഉൾപ്പെടുത്തിയിട്ടുണ്ട്. 192.51 കിലോമീറ്റർ റോഡ് റണ്ണിംഗ് കോൺട്രാക്ടിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിന് ഒരു കോടി തൊണ്ണൂറ്റിരണ്ട് ലക്ഷം രൂപ മണ്ഡലത്തിൽ ചെലവഴിക്കുന്നുണ്ട്. റണ്ണിംഗ് കോൺട്രാക്ട് സംവിധാനം ഫലപ്രദമായാൽ കുറേ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയും. പരിപാലന കാലാവധി കഴിഞ്ഞുള്ള ഒരുവർഷം റോഡിന്റെ പരിപാലനം ആര് നടത്തണമെന്ന് നേരത്തെ നിശ്ചയിക്കുന്ന പദ്ധതി പൊളിക്കാനുള്ള ശ്രമം ചില കോണുകളിൽനിന്നും നടക്കുന്നുണ്ട്. അതിനെതിരെ ശക്തമായ നിലപാട് സ്വീകരിച്ചുപോകുമെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട. പ്രീ-മൺസൂൺ പ്രവൃത്തികളും നടക്കുന്നുണ്ട്. നിലവിൽ സാദ്ധ്യമായ എല്ലാ വഴികളിലൂടെയും റോഡ് പരിപാലനം ഉറപ്പാക്കാനാണ് ശ്രമിക്കുന്നത്. മലയോരമേഖല എന്ന നിലയിൽ കാലവർഷക്കെടുതി ശക്തമായ സ്ഥലമാണ് പേരാവൂർ നിയോജകമണ്ഡലം. പരമാവധി റോഡുകൾ ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക് ഉയർത്തുകയെന്നതാണ് അതിന് പരിഹാരമാർഗ്ഗം. ബി.എം.&ബി.സി.-ക്ക് ചെലവ് കൂടുതലായതിനാൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്തിട്ടുണ്ട്. 50 ശതമാനത്തിലധികം റോഡുകൾ ബി.എം.&ബി.സി.-യിലേയ്ക്ക് ഉയർത്തേണ്ടതുണ്ട്. അത്തരം പദ്ധതികൾ പേരാവൂർ മണ്ഡലത്തിലെ പ്രവൃത്തികളിൽ പരമാവധിയുൾപ്പെടുത്താനുള്ള എല്ലാ ശ്രമങ്ങളും പി.ഡബ്ല്യൂ.ഡി.-യുടെ ഭാഗത്തുനിന്നുമുണ്ടാകുമെന്നുള്ളതും പ്രത്യേകം സഭയെ അറിയിക്കാനാഗ്രഹിക്കുകയാണ്. ഒരുകാര്യം കൂടി ബഹുമാനപ്പെട്ട എം.എൽ.എ.-യോട് പറയാനുള്ളത് സി.എം.ടി.-യെ ഫലപ്രദമായി ഉപയോഗപ്പെടുത്തണമെന്നതാണ്. എം.എൽ.എ. ഉണ്ടെങ്കിലും ഇല്ലെങ്കിലും മാസത്തിലൊരിക്കൽ അതിന്റെ യോഗം നടക്കുന്നുണ്ടെന്നതും അതിന്റെ മിനിട്ട്സ് മുകളിലേയ്ക്ക് അയയ്ക്കുന്നുണ്ടെന്നുമുള്ള പരിശോധന ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ ഓഫീസിൽ നിന്നുമുണ്ടാകണം എന്നുകൂടി ഞാൻ അഭ്യർത്ഥിക്കുന്നു.

## (7) <u>ശക്തികുളങ്ങര ഹാർബറിന്റെ പ്രവേശനകവാട നിർമ്മാണം</u>

<u>ഡോ. സുജിത് വിജയൻപിള്ള</u>: സർ, എൻ.എച്ച്. 66-ന്റെ വികസനവുമായി ബന്ധപ്പെട്ട് ചവറ നിയോജകമണ്ഡലത്തിൽ ശക്തികുളങ്ങര ഹാർബറിന്റെ ഹൈവേയ്ക്ക് അഭിമുഖമായുള്ള പ്രവേശന കവാടമുൾപ്പെടെയുള്ള പുതിയ പദ്ധതികൾ തടസ്സപ്പെടുത്താതിരിക്കാനുള്ള നടപടികളുണ്ടാകണം. കേരളത്തിൽ ഏറ്റവും കൂടുതൽ

മത്സ്യവിപണനവും കയറ്റുമതിയുമുള്ള ഹാർബറാണ് ശക്തികുളങ്ങര. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത്, ഏതാണ്ട് 40 വർഷത്തിലേറെയായി വ്യവഹാരത്തിലിരുന്ന ഹൈവേയ്ക്ക് അഭിമുഖമായുണ്ടായിരുന്ന 85 സെന്റ് സ്ഥലം ആറരക്കോടി രൂപയ്ക്ക് വാങ്ങി. അവിടെ ഹാർബറിലേയ്ക്ക് ഹൈവേയിൽനിന്നുള്ള പ്രവേശന കവാടവും ആധുനികരീതിയിലുള്ള ലേലഹാളുകളും സംഭരണികളും കഫറ്റേരിയകളും അക്വേറിയവും മത്സ്യബന്ധനവുമായി ബന്ധപ്പെട്ടുള്ള മ്യൂസിയവുമുൾപ്പെടെ 34 കോടി രൂപയുടെ കെട്ടിടസമുച്ചയങ്ങളുടെ വികസനപ്രവർത്തനങ്ങളാണ് ഇപ്പോൾ തടസ്സപ്പെട്ടുകൊണ്ടിരിക്കുന്നത്. നീണ്ടകര പാലത്തിന് സമാന്തരമായി വരുന്ന പുതിയ പാലങ്ങളുടെ അലൈൻമെന്റ് കൊണ്ടുണ്ടാകുന്ന അപാകതകളാണ് ഈ ഹാർബറിലേയ്ക്ക് വന്നുപോകുന്നതിന് തടസ്സമായും അതിന്റെ പാർക്കിംഗിന് അസൗകര്യമായും വരുന്നത്. അതുപോലെ ചവറ ബസ് സ്റ്റാൻഡിൽനിന്ന് ദിവസേന നൂറുകണക്കിന് ബസ് സർവ്വീസുകളാണുള്ളത്. സിറ്റി ബസ് സർവ്വീസിന്റെ ലാസ്റ്റ് സ്റ്റോപ്പും അന്തർജില്ലാ ബസ്സുകളുടെ ആരംഭസ്ഥലവുമാണിത്. ഇവിടെ നിർദ്ദിഷ്ട നാലുവരിപ്പാതയാകുമ്പോൾ ഈ റോഡ് നിരന്തരം ക്രോസ് ചെയ്യേണ്ടിവരും. എന്നാൽ അതിനനുസരിച്ചുള്ള അണ്ടർപ്പാസ് റോഡിലില്ലാത്തതിനാൽ ചവറപ്പാലത്തിനടിയിൽ അണ്ടർപ്പാസിന്റെ ആവശ്യകതയും വരുന്നു. ഇത്തരം പരാതികൾ പരിഹരിക്കുന്നതിനുവേണ്ടി സ്ഥലം അക്വയർ ചെയ്യുകയും ഡിപ്പാർട്ട്മെന്റുകൾ തമ്മിൽ മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചർച്ചചെയ്യുകയും വേണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട ഡോ. സുജിത് വിജയൻപിള്ള ശക്തികുളങ്ങര ഹാർബറിന് പ്രവേശന കവാടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കുന്ന വിഷയമാണ് ഉന്നയിച്ചിട്ടുള്ളത്. ശക്തികുളങ്ങര ഹാർബറിൽ വലിയ വികസന പദ്ധതികൾ നടപ്പിലാക്കിവരികയാണ്. ഈ പദ്ധതിയുടെ ഭാഗമായാണ് പ്രവേശന കവാടം നിർമ്മിക്കുന്നത്. ഇതുസംബന്ധിച്ച് എൻ.എച്ച്.എ.ഐ.-യുടെ അഭിപ്രായം തേടിയിരുന്നു. ദേശീയപാത അതോറിറ്റിയുടെ ചെയർപേഴ്സൺ അദ്ധ്യക്ഷയായ ലാൻഡ് അക്വിസിഷൻ കമ്മിറ്റിയുടെ അനുമതിപ്രകാരം ഈ ഭാഗത്ത് ദേശീയ പാത 45 മീറ്ററിൽ വികസിപ്പിക്കുന്നതിനുള്ള ഭൂമി ഏറ്റെടുത്തുകഴിഞ്ഞിരിക്കുകയാണ്. മാത്രവുമല്ല, ആറുവരി പാതയാക്കി വികസിപ്പിക്കുന്നതിനുള്ള പ്രവൃത്തി കരാർ നൽകുകയും പ്രസ്തുത സ്ട്രെച്ചിൽ പ്രവൃത്തിയാരംഭിക്കുകയും ചെയ്തു. ശക്തികുളങ്ങര ഹാർബറിന്റെ പ്രവേശനകവാടം നിർമ്മിക്കുന്നത് സംബന്ധിച്ച് നാഷണൽ ഹൈവേ അതോറിറ്റി

ഓഫ് ഇന്ത്യ പ്രോജക്ട് ഡയറക്ടർ, ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റിലെ ഓഫീസർമാർ, നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ ടെക്നിക്കൽ കൺസൾട്ടന്റ്, വടക്കേവിള, ശക്തികുളങ്ങര എന്നിവിടങ്ങളിലെ തഹസീൽദാർമാർ എന്നിവർ സംയുക്തമായി സൈറ്റ് ഇൻസ്പെക്ഷൻ നടത്തിയിരുന്നു. പ്രവേശന കവാടത്തിന്റെയും ഹാർബറിലേയ്ക്കുള്ള റോഡിന്റെയും നിർമ്മാണത്തിനുള്ള 15 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടിയുമായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് മുന്നോട്ടുപോകാവുന്നതാണെന്ന് ദേശീയപാത അതോറിറ്റി ഓഫ് ഇന്ത്യ അറിയിച്ചിട്ടുണ്ടെന്നുള്ള കാര്യവും ശ്രദ്ധയിൽപ്പെടുത്തുകയാണ്.

(8) അടിമാലി താലൂക്കാശുപത്രിയുടെ പ്രവർത്തനം

ശ്രീ. എ. രാജ: സർ, അടിമാലി താലൂക്കാശുപത്രിയിൽ അനുവദിച്ചിട്ടുള്ള സ്റ്റാഫ് പാറ്റേൺ ഉയർത്തണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. ദേവികുളം മണ്ഡലത്തിലെ മുഴുവൻ ജനങ്ങളുടെയും ഏക ആശ്രയമാണ് അടിമാലി താലൂക്കാശുപത്രി. ഭൂമിശാസ്ത്രപരമായി 162 കിലോമീറ്റർ നീണ്ടുകിടക്കുന്നതാണ് ദേവികുളം. മണ്ഡലത്തിലെ 12 പഞ്ചായത്തുകളുടെയും ഏക ആശ്രയമാണ് ഐ.പി. സൗകര്യമുള്ള ഈ താലൂക്കാശുപത്രി. നൂറിൽപ്പരം ആദിവാസിക്കുടികളിലെ ജനങ്ങളും മൂന്നാർ, മറയൂർ, കാന്തല്ലൂർ, വട്ടവട മേഖലയിലെ ജനങ്ങളും ഈ താലൂക്കാശുപത്രിയെയാണ് ആശ്രയിക്കുന്നത്. ഇവിടെ ഒരു ദിവസം ആയിരത്തോളമാളുകൾ ഒ.പി.-യിലും 120-ഓളം ആളുകൾ ഐ.പി.-യിലും നാന്നൂറോളം ആളുകൾ കാഷ്വാലിറ്റിയിലും ചികിത്സയ്ക്കായി എത്തുന്നുണ്ട്. 2008-ലാണ് ഈ സ്ഥാപനം താലൂക്കാശുപത്രിയായി ഉയർത്തിയത്. 2013-ൽ 100 കിടക്കകളോടുകൂടിയ ആശുപത്രിയായി ഉയർത്തുകയും ചെയ്തു. നിലവിൽ ഈ ആശുപത്രിയിൽ 82 തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. അതിൽ 8 തസ്തികകൾ ഇപ്പോഴും ഒഴിഞ്ഞുകിടക്കുകയാണ്. ഹൃദയസംബന്ധമായ രോഗങ്ങളുമായി വരുന്ന രോഗികൾക്ക് കാർഡിയോളജിസ്റ്റിന്റെ അഭാവത്തിൽ ഫസ്റ്റ് എയ്ഡ് നൽകി 120 കിലോമീറ്റർ ദൂരെയുള്ള, ഏകദേശം രണ്ടര മണിക്കൂർ യാത്രാസമയം വേണ്ടിവരുന്ന കോട്ടയം മെഡിക്കൽ കോളേജിലേയ്ക്കോ അല്ലെങ്കിൽ മറ്റ് ആശുപത്രികളിലേയ്ക്കോ റഫർ ചെയ്യേണ്ട അവസ്ഥയാണ് നിലവിലുള്ളത്. പല സമയങ്ങളിലും ഗുരുതരാവസ്ഥയിലുള്ള രോഗികൾ മരണപ്പെടുന്ന സാഹചര്യവുമുണ്ടാകുന്നുണ്ട്. പ്രതിമാസം പതിനഞ്ചോളം പോസ്റ്റ്മോർട്ടം ഈ ആശുപത്രിയിൽ നടക്കുന്നുണ്ട്. ഇവിടെ ഫോറൻസിക് സർജന്റെ തസ്തികയില്ലാത്തതിനാൽ പോസ്റ്റ്മോർട്ടം നടത്തുന്നതിനായി കോട്ടയം മെഡിക്കൽ കോളേജിലേയ്ക്കോ അല്ലെങ്കിൽ ഇടുക്കി മെഡിക്കൽ കോളേജിലേയ്ക്കോ റഫർ ചെയ്യേണ്ടിവരുന്നു. കാന്തല്ലൂരോ വട്ടവടയിലോ ഉള്ള ഒരാൾ മരിച്ചാൽ അടക്കുന്നത്

മൂന്ന് ദിവസം കഴിഞ്ഞിട്ടാണ്. ആ നിലയിലാണ് അവിടെ കാര്യങ്ങൾ നടക്കുന്നത്. പ്രസവ വാർഡ്, ലേബർ റൂം എന്നിവ പ്രവർത്തിക്കുന്നത് ഏകദേശം 60 വർഷം പഴക്കമുള്ള കെട്ടിടത്തിലാണ്. പുതിയ നിർമ്മാണവുമായി ബന്ധപ്പെട്ട് കെട്ടിടം അൺഫിറ്റ് ആയിട്ടുള്ളതും ഇതിന്റെ ഒരു ഭാഗം പൊളിച്ചുമാറ്റിയിട്ടുള്ളതുമാണ്. ആശുപത്രിയിലെ സ്ഥലപരിമിതിമൂലം ഗർഭിണികൾക്കും നവജാതശിശുക്കൾക്കും മെച്ചപ്പെട്ട സേവനം നൽകാൻ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവത്തിൽ സാധ്യമാകുന്നില്ല. 100 കിടക്കകളോടുകൂടിയ താലൂക്കാശുപത്രിയായി ഇതിനെ ഉയർത്തിയെങ്കിലും പഴയ 60 കിടക്കകളുള്ള സി.എച്ച്.സി.-യുടെ സ്റ്റാഫ് പാറ്റേണാണ് ഇപ്പോഴുമുള്ളത്. മണ്ഡലത്തിന്റെ പ്രത്യേകതകളും ദിവസേനയെത്തുന്ന രോഗികളുടെ എണ്ണവും കണക്കിലെടുത്ത് 100 കിടക്കകളുള്ള ആശുപത്രിക്കാവശ്യമായ സ്റ്റാഫ് പാറ്റേൺ അനുവദിക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ഇടുക്കി ജില്ലയിലെ ജനങ്ങളുടെ ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങളുടെ പ്രധാന ആശ്രയ കേന്ദ്രമാണ് സർക്കാർ ആശുപത്രികൾ. ദേവികുളം താലൂക്കിലെ മുഴുവൻ ജനങ്ങളുടെയും എഴുപതോളം ആദിവാസി കുടികളിലായി അധിവസിക്കുന്നവരുടെയും മൂന്നാർ, മറയൂർ മേഖലയിലുള്ള തോട്ടം തൊഴിലാളികൾ ഉൾപ്പെടെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ആളുകളുടെയും ഉടുമ്പൻചോല, ഇടുക്കി താലൂക്കുകളിലുള്ളവരുടെയും പ്രധാന ചികിത്സാ കേന്ദ്രമാണ് അടിമാലി താലൂക്ക് ആസ്ഥാന ആശുപത്രി. ഈ ആശുപത്രിയിൽ നിലവിൽ ആയിരത്തോളം ആളുകൾ ഒ.പി.-യിലും നൂറ്റിയിരുപതോളം ആളുകൾ ഐ.പി.-യിലും നാനൂറോളം ആളുകൾ കാഷ്വാലിറ്റിയിലും ചികിത്സയ്ക്കായി ദിവസേന എത്തുന്നുണ്ട്. നിലവിൽ ഗൈനക്കോളജി, ഓർത്തോപീഡിക്സ്, ജനറൽ മെഡിസിൻ, ഇ.എൻ.ടി., ജനറൽ സർജറി, ഒഫ്ത്താൽമോളജി, ഡെന്റൽ, പീഡിയാട്രിക്സ് എന്നീ വിഭാഗങ്ങളും 24 മണിക്കൂറും പ്രവർത്തിക്കുന്ന കാഷ്വാലിറ്റി, കുട്ടികൾക്കും ഗർഭിണികൾക്കുമുള്ള പ്രതിരോധ കുത്തിവയ്പ്പുകൾ നൽകുന്ന പി.പി. യൂണിറ്റ്, വീടുകളിലുള്ള കിടപ്പുരോഗികൾക്കായുള്ള സെക്കണ്ടറി പാലിയേറ്റീവ് കെയർ യൂണിറ്റ് എന്നീ വിഭാഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിനുപുറമെ ആധുനിക ഓപ്പറേഷൻ തിയേറ്ററുകളിലായി ഗൈനക്കോളജി, ഇ.എൻ.ടി, ഓർത്തോ, ജനറൽ സർജറി എന്നീ വിഭാഗങ്ങളിലായി സർജറികളും ഇവിടെ ചെയ്തുവരുന്നു. ഇവിടെ ഒരു ഐ.സി.യു. ആംബുലൻസുൾപ്പെടെ രണ്ട് ആംബുലൻസുകളുടെ സേവനം 24 മണിക്കൂറും ലഭ്യമാണ്. കൂടാതെ ഐ.സി.ടി.സി.-യിൽ (Integrated Counselling and Testing Centres) എച്ച്.ഐ.വി. പരിശോധനയും ആവശ്യമായ കൗൺസിലിംഗും മരുന്നുകളും ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പദ്ധതിയുടെ

ഭാഗമായുള്ള ആർ.എൻ.ടി.സി.പി.-യിൽ (Revised National TB Control Programme) ക്ഷയരോഗ നിർണ്ണയത്തിനായുള്ള കഫം പരിശോധനയും ചികിത്സയും ജീവിതശൈലീ രോഗനിർണ്ണയവും ചികിത്സകളും ഇവിടെനിന്നും നൽകിവരുന്നു. ആധുനിക കമ്പ്യൂട്ടറൈസ്ഡ് എക്സ്റേ യൂണിറ്റ്, സെന്റിനൽ സർവൈലൻസ് ലബോറട്ടറി, ഫാർമസി, സ്റ്റോർ, ഗർഭിണികൾക്കായുള്ള അൾട്രാ സൗണ്ട് സ്കാനിംഗ്, നേത്ര പരിശോധന, കേൾവി പരിശോധന എന്നീ യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. ഈ ആശുപത്രിയുടെ മോർച്ചറിയിൽ മൃതശരീരം സൂക്ഷിക്കുന്നതിനുള്ള ഫ്രീസർ സൗകര്യമുണ്ട്. ഇവിടെ പ്രതിമാസം പതിനഞ്ചോളം പോസ്റ്റ്മോർട്ടവും നടത്തേണ്ടതായി വരുന്നുണ്ട്. ഇവിടെ ഡയാലിസിസ് യൂണിറ്റിന്റെയും ബ്ലഡ് ബാങ്ക് യൂണിറ്റിന്റെയും പ്രവർത്തനം ആരംഭിക്കുന്നതിനായി കെട്ടിട സൗകര്യങ്ങളും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. ഫയർ ആൻഡ് സേഫ്റ്റിയുടെ അംഗീകാരം ലഭ്യമാകുന്നമുറയ്ക്ക് ഈ യൂണിറ്റിന്റെ പ്രവർത്തനം അടിയന്തരമായി ആരംഭിക്കാവുന്നതാണ്. ഈ ആശുപത്രിക്കായി അഞ്ച് നിലകളിലായി പുതിയ കെട്ടിടം നിർമ്മിച്ച് കാഷ്വാലിറ്റി, വാർഡുകൾ, ലാബ്, ആർ.എൻ.ടി.സി.പി., ഐ.സി.ടി.സി. ഓഫീസ്, മൈനർ ഒ.ടി. (Operation Theatre) ഇവിടെ പ്രവർത്തിച്ചുവരുന്നു. 3,77,00,000 രൂപ വിനിയോഗിച്ചുകൊണ്ടുള്ള സി.സി.യു. നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. 12,53,00,000 രൂപയുടെ കിഫ്ബി ധനസഹായത്തോടുകൂടിയുള്ള ഒ.പി. ആൻഡ് ഡയഗ്നോസ്റ്റിക് കെട്ടിടത്തിന്റെ നിർമ്മാണത്തിനായുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. സി.സി.യു. (Critical Care Unit) കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാകുന്നമുറയ്ക്ക് ഇതിന്റെ നിർമ്മാണം ആരംഭിക്കാൻ സാധിക്കുന്നതാണ്. ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചതുപോലെ ഈ ആശുപത്രിയിൽ വിവിധ വിഭാഗങ്ങളിലായി 19 ഡോക്ടർമാരുൾപ്പെടെ മൊത്തം 82 സ്ഥിരം ജീവനക്കാരുടെ അംഗീകൃത തസ്തികകളുണ്ട്. ഡോക്ടറുടെ ഒരു ഒഴിവും മറ്റ് വിഭാഗങ്ങളിലായി ഏഴ് ജീവനക്കാരുടെ ഒഴിവുകളുമാണ് നിലവിലുള്ളത്. ഇതിലേയ്ക്ക് ആളുകളെ നിയമിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിച്ചുവരുന്നു. ഒരു ഡോക്ടർ ഉൾപ്പെടെ 30 താൽക്കാലിക ജീവനക്കാരെ എൻ.എച്ച്.എം. മുഖാന്തരം നിയമിച്ചിട്ടുണ്ട്. 25 പേരെ എച്ച്.എം.സി. മുഖാന്തരവും 14 പേരെ ആർ.എസ്.ബി.വൈ. ഫണ്ടുപയോഗിച്ചും ആർ.എൻ.ടി.സി.പി., ഐ.സി.ടി.സി., എൻ.സി.ഡി., സോഷ്യൽ സെക്യൂരിറ്റി മിഷൻ എന്നിവയിൽനിന്നുള്ള ഫണ്ടുപയോഗിച്ച് പത്ത് താൽക്കാലിക ജീവനക്കാരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. കൺസൾട്ടന്റ് ഗൈനക്കോളജി - 1, ഇ.സി.ജി. ടെക്നീഷ്യൻ ഗ്രേഡ് II - 1, ഡെന്റൽ മെക്കാനിക്ക് -1, ഫാർമസിസ്റ്റ് ഗ്രേഡ് II - 1, സ്റ്റാഫ് നേഴ്സ് - 6, ലാബ് ടെക്നീഷ്യൻ - 4 എന്നിങ്ങനെ 14 തസ്തികകൾ ഈ ആശുപത്രിയിൽ

സൃഷ്ടിച്ചിട്ടുണ്ട്. കാസർഗോഡ്, ഇടുക്കി, വയനാട്, പാലക്കാട് ഉൾപ്പെടെയുള്ള ജില്ലകളിലെ ആരോഗ്യ മേഖലയിൽ ഗ്യാപ് അനാലിസിസ് നടത്തി പ്രത്യേക ശ്രദ്ധകൊടുത്ത് ഇടപെടൽ നടത്തുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്. ഇതിന്മേൽ ഒരു റിപ്പോർട്ട് വകുപ്പ് തേടിയിരുന്നു. റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കണമെന്നാണ് തീരുമാനിച്ചിട്ടുള്ളത്. അടിമാലി താലൂക്കാശുപത്രിയിൽ അവശ്യം വേണ്ട ഡോക്ടർമാർ ഉൾപ്പെടെയുള്ള അധിക തസ്തികകൾ ഘട്ടംഘട്ടമായി സൃഷ്ടിക്കുന്നകാര്യവും സർക്കാരിന്റെ സാമ്പത്തിക സ്ഥിതികൂടി പരിഗണിച്ച് പരിശോധിക്കുന്നതാണ്.

## (9) ഡോക്ടർമാരുടെ സേവനം

ഡോ. മാത്യു കുഴൽനാടൻ: സർ, സർക്കാരിന്റെ ശ്രദ്ധയിൽ ഇല്ലാത്തൊരു കാര്യമല്ല ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്. കേരളത്തിലെ ജനങ്ങളുടെ ശ്രദ്ധയിൽ വിശേഷിച്ച് എന്റെ മണ്ഡലത്തിലെ ജനങ്ങളുടെ ശ്രദ്ധയിൽ വരണമെന്നതുകൊണ്ടാണ് ഞാൻ സബ്മിഷനായി ഈ വിഷയം ഉന്നയിക്കുന്നത്. ആരോഗ്യ വകുപ്പിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് പൊതുവായി നമുക്കെല്ലാവർക്കുമറിയാം. സർക്കാർ കോടാനുകോടി രൂപയാണ് ആശുപത്രികളുടെ പ്രവർത്തനത്തിനും വികസനത്തിനും നടത്തിപ്പിനുമായി ചെലവഴിക്കുന്നത്. അതിന്റെ കാര്യക്ഷമത പരിശോധിക്കാൻ ഒരുവട്ടം തയ്യാറായാൽ അതിനെക്കുറിച്ച് മനസ്സിലാകും. ഞാൻ എം.എൽ.എ. ആയതിനുശേഷം മൂവാറ്റുപുഴ ഗവൺമെന്റ് ആശുപത്രിയുടെ പ്രവർത്തനം പരിശോധിച്ചുവരികയായിരുന്നു. ഇത്രയും ഡോക്ടർമാരും സൗകര്യവും ഉണ്ടായിരുന്നിട്ടും ഒ.പി. സമയത്ത് അവിടെ പലപ്പോഴും ഡോക്ടർ ഉണ്ടാകാറില്ല. അവിടെയുള്ള ജനങ്ങളോട് ചോദിച്ചാലറിയാം. അതല്ലെങ്കിൽ പാവപ്പെട്ട രോഗികൾ വന്ന് ഒ.പി. ടിക്കറ്റെടുത്ത് കാത്തിരുന്ന് കുറേ കഴിയുമ്പോഴാണ് അറിയുന്നത് അന്നത്തെ ദിവസം ഡോക്ടർ ലീവാണെന്ന്. ഡോക്ടർമാരുടെ പ്രവർത്തനം സംബന്ധിച്ച് ഞാൻ ചില മാസങ്ങളിൽ ഇവർ എത്ര രോഗികളെ പരിശോധിച്ചെന്ന് അറിയാൻ ശ്രമിച്ചു. കൊച്ചുകുട്ടികൾക്ക് രോഗം വന്നാൽ പാവപ്പെട്ട സ്ത്രീകൾ ആശുപത്രിയിൽ കൊണ്ടുപോകാൻ എന്തുമാത്രം പ്രയാസപ്പെടുന്നുവെന്ന് നമുക്കറിയാം. ഒരു ഡോക്ടർ 25 ദിവസംകൊണ്ട് 389 രോഗികളെയും മറ്റൊരു ഡോക്ടർ 21 ദിവസം കൊണ്ട് 320 രോഗികളെയും വേറൊരു ഡോക്ടർ 21 ദിവസംകൊണ്ട് 245 രോഗികളെയും മറ്റൊരു ഡോക്ടർ 21 ദിവസം കൊണ്ട് 204 രോഗികളെയുമാണ് പരിശോധിച്ചത്. അതായത് ഒരു ദിവസം 10 രോഗികളെപ്പോലും ഒരു പീഡിയാട്രീഷ്യൻ കാണുന്നില്ലെന്ന് മനസ്സിലാക്കണം. എന്താണ് ഇങ്ങനെ; രോഗികൾ ഇല്ലാത്തതുകൊണ്ടാണോ?

ഇതിനെ ഡിഫൻസീവ് പ്രാക്ടീസ് എന്നാണ് പറയുന്നത്. ഒരു രോഗി വന്നാൽ പിന്നെ ഒരു രോഗിയും ഇങ്ങോട്ട് വരാതിരിക്കത്തക്ക രീതിയിലുള്ള സമീപനമാണ്. ആരോഗ്യ വകുപ്പുമന്ത്രി എന്നുള്ള നിലയിൽ അങ്ങ് കേരളത്തിലെ ജനങ്ങളോട് പറയാൻ തയ്യാറാകണം. കേരളത്തിലെ ഡോക്ടർമാരുടെ സ്ഥലംമാറ്റ മാനദണ്ഡം എന്താണെന്ന് ജനങ്ങളറിയണം. 18, 21, 25 വർഷമായി ഒരേ സ്ഥലത്തിരിക്കുന്ന ഡോക്ടർമാർ അവരുടേതായ എസ്റ്റാബ്ലിഷ്ഡ് പ്രാക്ടീസ്, അവരുടേതായ സ്വന്തം ആശുപത്രി, അവരുടേതായ സ്വന്തം സംവിധാനങ്ങൾ, അവരുടേതായ സി.ടി. സ്കാൻ സെന്ററുകൾ എല്ലാമായി അവിടെ അടക്കിവാഴുകയാണ്. ഞാൻ ആത്മാർത്ഥമായി പറയാൻ ആഗ്രഹിക്കുകയാണ്. അഞ്ചാറ് മാസങ്ങൾക്കുമുമ്പ് പ്രഗത്ഭനായ ഒരു സൂപ്രണ്ട് ആ ആശുപത്രിയിൽ ചുമതലയേറ്റു. ആ സൂപ്രണ്ടിനോട് സംസാരിച്ചശേഷം ഞാൻ സർപ്രൈസ് പരിശോധന നടത്തി. തുടർന്ന് നാലുപ്രാവശ്യം ആ ആശുപത്രി സന്ദർശിച്ചപ്പോഴും പല ഡോക്ടർമാരും അവിടെ ഉണ്ടായിരുന്നില്ല. ഇക്കാര്യം വാർത്തയാക്കേണ്ടെന്നും ഡോക്ടർമാരോട് സംസാരിച്ച് മാറ്റംകൊണ്ടുവരാൻ സാധിക്കുമോയെന്ന് നോക്കണമെന്നും ഞാൻ പറഞ്ഞു. ഞങ്ങളുടെ തുടർച്ചയായ പരിശ്രമത്തിന്റെ ഭാഗമായി ആശുപത്രിയിൽ നല്ല മാറ്റമുണ്ടായി. പരിശോധനയ്ക്ക് വിധേയരായവരുടെ എണ്ണം 399, 422, 341, 319 എന്നിങ്ങനെ വന്നു; പിറ്റേമാസം 664, 665, 803-ഉം വന്നു. ഒരു ഡോക്ടർക്ക് മാത്രം 268-ൽ നിന്നു. ഇങ്ങനെ മാറ്റം വന്നപ്പോൾ അവിടെ വന്നിട്ട് നാലുമാസംപോലും തികയാത്ത ആ സൂപ്രണ്ടിനെ അസിസ്റ്റന്റ് ഡയറക്ടർമാരുടെ ട്രാൻസ്ഫർ ലിസ്റ്റിൽ ഉൾപ്പെടുത്തി ട്രാൻസ്ഫർ ചെയ്തു. ഇങ്ങനെ ചെയ്തത് ആർക്കുവേണ്ടിയാണ്; എന്തടിസ്ഥാനത്തിലാണ് ഇങ്ങനെ ചെയ്തത്? മൂവാറ്റുപുഴയിലുള്ള ജനങ്ങളെക്കൊണ്ട് ആ സൂപ്രണ്ടിനെതിരായി ഒരു വാചകമെങ്കിലും പറയിപ്പിക്കാൻ സാധിക്കുമെങ്കിൽ ഞാൻ പറയാം അദ്ദേഹത്തെ ട്രാൻസ്ഫർ ചെയ്യണമെന്ന്. പക്ഷേ നന്നായി പ്രവർത്തിക്കുന്ന ആളുകളെ ഇതുപോലെ ഇല്ലായ്മ ചെയ്യുകയും വ്യവസ്ഥാപിതമായി സ്വന്തം കാര്യങ്ങൾ സ്ഥാപിച്ചെടുക്കാൻ ശേഷിയുള്ള, സ്വാധീനമുള്ള, സാമ്പത്തിക ശേഷിയുള്ള ആളുകൾ തമ്പടിച്ചിരിക്കുകയും ചെയ്യുന്ന പ്രവർത്തനശൈലിയാണ് ഇപ്പോൾ നടക്കുന്നത്. പ്രീ നൈറ്റ് ഓഫ് എന്ന ഏർപ്പാട് കേരളത്തിലെ എല്ലാ ആശുപത്രികളിലും നടക്കുന്നുണ്ട്. അതായത് ഒരു ദിവസം രാത്രി ഡ്യൂട്ടി ചെയ്യുകയാണെങ്കിൽ തലേദിവസവും പിറ്റേ ദിവസവും അവർ ലീവിലായിരിക്കും. ഇതാണോ ഇതിന്റെ നോംസ്; ഇത് ഗവണ്മെന്റ് അനുവദിച്ചിട്ടുള്ളതാണോ?

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (<u>ശ്രീമതി വീണാ ജോർജ്</u>): സർ, ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ ഒരു സൂപ്രണ്ടിന്റെ കാര്യം പറഞ്ഞു. വളരെ കാര്യക്ഷമതയുള്ളൊരു ഡോക്ടറാണ് അദ്ദേഹം. അദ്ദേഹത്തെ

മാറ്റിയിരിക്കുന്നത് അട്ടപ്പാടി കോട്ടത്തറ ആശുപത്രിയിലേയ്ക്കാണ്; അദ്ദേഹത്തിന്റെ സേവനം അവിടെ ഉപയോഗപ്പെടുത്തണമെന്നുള്ളതുകൊണ്ടാണ്. കാരണം വില്ലിംഗായിട്ടുള്ള ആളുകളുടെ അഭിപ്രായത്തോടുകൂടിയാണ് അങ്ങനെ ചെയ്യുന്നത്. ആദിവാസി സഹോദരങ്ങൾ താമസിക്കുന്ന സ്ഥലത്തുള്ള ഒരു ആശുപത്രിയിലേയ്ക്കാണ് അദ്ദേഹത്തെ മാറ്റിയിരിക്കുന്നത്. പുതിയ ഒരു സൂപ്രണ്ടിനെ പകരം അവിടെ കൊടുത്തിട്ടുമുണ്ട്. സംസ്ഥാന ആരോഗ്യ വകുപ്പിൽ നിലവിൽ പൊതു സ്ഥലംമാറ്റം നടത്തപ്പെടുന്നത് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് 25-2-2017-ൽ പുറപ്പെടുവിച്ച 3/2017 നമ്പർ സർക്കാർ ഉത്തരവിലെ മാനദണ്ഡ പ്രകാരമാണ്. സ്ഥലംമാറ്റ മാനദണ്ഡപ്രകാരം മൂന്നുവർഷമാണ് ഒരു ഉദ്യോഗസ്ഥന് ഒരു സ്ഥലത്ത് പ്രവർത്തിക്കാൻ സാധിക്കുന്ന, അർഹതപ്പെട്ട പരമാവധി തുടർച്ചയായ സമയം. വർഷങ്ങളായി ഒരു കേന്ദ്രത്തിൽത്തന്നെ തുടരുന്ന ജീവനക്കാരെ പൊതുസ്ഥലംമാറ്റ പ്രക്രിയയിൽ ഉൾപ്പെടുത്തി സോഫ്റ്റ്‌വെയറിന്റെകൂടി സഹായത്താൽ സ്ഥലം മാറ്റുന്നതിനാവശ്യമായ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇത് വകുപ്പിന്റെയും സ്ഥാപനത്തിന്റെയും സുഗമമായ പ്രവർത്തനത്തിന് പൂർണ്ണതോതിൽ ഫലപ്രദമായി കേരളത്തിന്റെ പൊതു സമൂഹത്തിനുവേണ്ടി നടപ്പിലാക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. അനുകമ്പാർഹമായ പരിഗണന അർഹിക്കുന്നവർക്കും ഗുരുതര രോഗങ്ങൾക്ക് ചികിത്സ തേടുന്നവർക്കും ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കും സർക്കാർ ഉത്തരവിലുള്ള മറ്റ് അർഹതപ്പെട്ട വിഭാഗങ്ങൾക്കും മാനദണ്ഡങ്ങൾപ്രകാരം ഇപ്പറഞ്ഞ കാര്യങ്ങളിൽ ഇളവ് ലഭിക്കുന്നതാണ്. ആശുപത്രിയിൽനിന്നും ഡോക്ടറെ സ്ഥലംമാറ്റുമ്പോൾ അദ്ദേഹത്തിനുപകരമായി അതേ യോഗ്യതയുള്ളയാളെ കാലതാമസം കൂടാതെ നിയമിക്കുകയും സ്ഥലംമാറ്റങ്ങൾ രോഗീപരിചരണത്തെ ബാധിക്കില്ലെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. രാത്രി 8.00 മണി മുതൽ രാവിലെ 8.00 മണിവരെ നൈറ്റ് ഡ്യൂട്ടിയിൽ ഏർപ്പെടുന്ന ഡോക്ടർമാർ രോഗീപരിചരണത്തെ ബാധിക്കാത്ത രീതിയിൽ പിറ്റേദിവസം ആയതിന്റെ ഡ്യൂട്ടി ഓഫ് എടുക്കുകയാണ് ചെയ്യുന്നത്. നൈറ്റ് ഓഫ് എടുക്കുന്ന ഡോക്ടർമാർക്കുപകരമായി ആവശ്യമായ ക്രമീകരണങ്ങൾ അതത് സ്ഥാപനമേധാവികൾ ഏർപ്പെടുത്തുന്നുണ്ട്. നൈറ്റ് ഡ്യൂട്ടിയുമായി ബന്ധപ്പെട്ട് രണ്ടുദിവസം കോമ്പൻസേറ്ററി ഓഫുകൾ അനുവദിക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ല. ആരുടെയെങ്കിലും ഭാഗത്തുനിന്നും ഡ്യൂട്ടിയിൽ വീഴ്ച വരുത്തുന്നത് ശ്രദ്ധയിൽപ്പെടുന്നപക്ഷം അത്തരക്കാർക്കെതിരെ കർശനമായ അച്ചടക്കനടപടി സ്വീകരിച്ചുവരുന്നുണ്ട്. പൊതുവെ ബഹുഭൂരിപക്ഷം (98 ശതമാനം) ഡോക്ടർമാരും ആരോഗ്യപ്രവർത്തകരും കഠിനാദ്ധ്വാനം ചെയ്യുന്നവരാണ്, എക്സപ്ഷൻസുണ്ട്. അക്കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുമ്പോൾ ഉചിതമായ നടപടികൾ സ്വീകരിച്ചാണ് മുന്നോട്ടുപോകുന്നത്. ഒരു ടീമായ പ്രവർത്തനമാണ് ആരോഗ്യ വകുപ്പിനെ

മുന്നോട്ടുനയിക്കുന്നത്. ഈ സർക്കാരിന്റെയും കഴിഞ്ഞ സർക്കാരിന്റെയും ഭരണകാലത്തായി എൻ.ക്യൂ.എ.എസ്. (നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്) അക്രെഡിറ്റേഷൻ ലഭിച്ച 146 സ്ഥാപനങ്ങളുണ്ട്. ഈ സർക്കാരിന്റെ ഭരണകാലത്ത് താലൂക്കാശുപത്രികൾ, ജനറൽ ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, കുടുംബാരോഗ്യ കേന്ദ്രങ്ങൾ, മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള എല്ലാ ആശുപത്രികളെയും ആരോഗ്യ കേന്ദ്രങ്ങളെയും നിർബന്ധമായും എൻ.ക്യൂ.എ.എസ്. അക്രെഡിറ്റഡാക്കുന്നതിനുവേണ്ടിയുള്ള തീരുമാനവും ശ്രമവുമാണ് ആരോഗ്യ വകുപ്പ് നടത്തുന്നത്.

(10) <u>കേരള കായികക്ഷമത മിഷൻ</u>

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, കേരളം ജീവിതശൈലീരോഗങ്ങളുടെ പറുദീസയായി മാറിക്കൊണ്ടിരിക്കുകയാണ്. പലരും ജീവിതശൈലീരോഗങ്ങൾക്ക് ഇരയാകാൻ കാരണം കായികക്ഷമത കുറഞ്ഞതാണ്. അതുമാത്രമല്ല സ്പോർട്ട്സ് ആക്ടിവിറ്റീസ് കുട്ടികൾക്കും മുതിർന്നവർക്കുമിടയിലില്ല. കോവിഡ് മരണനിരക്ക് പരിശോധിക്കുമ്പോൾ പലരുടെയും മരണകാരണം ജീവിതശൈലീരോഗങ്ങളാണെന്ന് കാണാം. ഇതിന് പരിഹാരമുണ്ടാക്കാൻ 2016-ൽ എൽ.ഡി.എഫ്. സർക്കാർ ഒരു കായികക്ഷമത മിഷൻ രൂപീകരിക്കുന്നതിനെക്കുറിച്ച് പറഞ്ഞിരുന്നു. ഇതിലൂടെ ഇപ്പോഴത്തെ ജീവിതശൈലീരോഗങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ സാധിക്കും. അത് തദ്ദേശസ്വയംഭരണം, കായികം, ആരോഗ്യം എന്നീ മൂന്ന് വകുപ്പുകളുടെയും ഏകോപനത്തിലൂടെ മാത്രമേ നടപ്പാക്കാൻ സാധിക്കുകയുള്ളൂ. അപ്രകാരം സ്പോർട്സ് കൗൺസിലിന്റെ കാർമ്മികത്വത്തിൽ പദ്ധതി നടപ്പാക്കിയാൽ വളർന്നുവരുന്ന കുട്ടികൾ, മുതിർന്നവർ എന്നിവരുടെയെല്ലാം കായികക്ഷമത വർദ്ധിക്കും. ഇത് അനിവാര്യമായൊരു പശ്ചാത്തലത്തിലാണ് കേരളം ഇന്ന് നിൽക്കുന്നത്. സ്പോർട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ മുതിർന്നവരെന്നോ കുട്ടികളെന്നോ വ്യത്യാസമില്ലാതെ സമൂഹത്തിൽ കായികക്ഷമത വർദ്ധിപ്പിക്കാനാവശ്യമായ ക്യാമ്പയിനേറ്റെടുക്കുക എന്നതാണ് ഉദ്ദേശ്യം. തരൂർ നിയോജകമണ്ഡലം 'ഹെൽത്തി തരൂർ' എന്ന ക്യാമ്പയിൻ ഏറ്റെടുത്തിട്ടുണ്ട്. തലശ്ശേരി നിയോജകമണ്ഡലം 'ഹെൽത്തി തലശ്ശേരി' എന്ന ക്യാമ്പയിന് തുടക്കംകുറിച്ചിരിക്കുകയാണ്. ഇത്തരമൊരു പശ്ചാത്തലത്തിൽ 'അഡിക്ഷൻ റ്റു ഹെൽത്ത്' എന്ന ഒരു ക്യാമ്പയിന് പലരും തുടക്കംകുറിച്ചിരിക്കുകയാണ്. കായികക്ഷമത വർദ്ധിക്കേണ്ടത് ഈ കാലഘട്ടത്തിൽ അനിവാര്യമാണ്. നേരത്തെ സാക്ഷരതാ മിഷൻ ആരംഭിച്ചതിന്റെ ഭാഗമായി നമ്മളെല്ലാവരും സാക്ഷരരായി. അക്ഷരം അറിയാത്തവർപോലും അക്ഷരം പഠിക്കും. ലഹരി ഉപയോഗം കൂടുന്ന ഇന്നത്തെ പശ്ചാത്തലത്തിൽ കായികക്ഷമത മിഷൻ രൂപീകരിച്ചാൽ അഡിക്ഷൻ

റ്റ് ഹെൽത്ത് എന്ന ക്യാമ്പയിൻ നമുക്ക് തുടങ്ങാൻ സാധിക്കും. അതുകൊണ്ട് കായികക്ഷമത മിഷൻ എത്രയുംവേഗം ആരംഭിച്ച് അതിന്റെ പ്രവർത്തനം ശക്തിപ്പെടുത്തി സമൂഹത്തിനിടയിൽ കായികക്ഷമത വർദ്ധിപ്പിക്കാനാവശ്യമായ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്നും ശ്രമമുണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുന്നത്.

മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, വളരെ പ്രാധാന്യമുള്ള കാര്യമാണ് ബഹുമാനപ്പെട്ട തലശ്ശേരി അംഗം ശ്രീ. എ. എൻ. ഷംസീർ സബ്മിഷനിലൂടെ ഉന്നയിച്ചത്. കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും കായികക്ഷമതയും മികച്ച ആരോഗ്യവും കൈവരിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ് കായികക്ഷമത മിഷൻ. ഈ പദ്ധതിക്ക് 24-1-2020-ലെ പ്രത്യേക ഉത്തരവിലൂടെ ഭരണാനുമതി നൽകിയെങ്കിലും വിവിധ കാരണങ്ങളാൽ സ്പോർട്സ് കൗൺസിലിന് ഈ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് ഇപ്പോൾ വിശദീകരണം ആവശ്യപ്പെട്ടിരിക്കുകയാണ്. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സംഘടിപ്പിച്ച 'കായികക്ഷമത ആൻഡ് യോഗാ ഫോർ ആൾ' എന്ന പദ്ധതിയുടെ നടത്തിപ്പിനായി 21-3-2022-ലെ ഉത്തരവുപ്രകാരം ഒരുകോടി എൺപതുലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നെങ്കിലും സാമ്പത്തികവർഷം അവസാനമായതിനാൽ തുടർ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിരുന്നില്ല. പദ്ധതിക്ക് പുതിയ ഭരണാനുമതി നൽകുന്നതിനുള്ള പ്രൊപ്പോസൽ സ്പോർട്സ് കൗൺസിൽ സർക്കാരിന് ഇപ്പോൾ സമർപ്പിച്ചിട്ടുണ്ട്. ഇത് സർക്കാർ പരിശോധിച്ചുവരികയാണ്. മുഴുവൻ ജനങ്ങളും കായിക പ്രവർത്തനങ്ങളിലും ഫിസിക്കൽ ആക്ടിവിറ്റികളിലും ഏർപ്പെടുന്ന തരത്തിൽ ഉന്നതമായ കായിക സംസ്കാരം വളർത്തിയെടുക്കുകയെന്നതാണ് ഗവൺമെന്റിന്റെ ലക്ഷ്യം. അതിനുള്ള നിരവധി പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമായി ആദിവാസി മേഖലയിൽ ഈ വകുപ്പുമായി ബന്ധപ്പെട്ട് നടപടികൾ ആരംഭിച്ചിട്ടുണ്ട്. 'എല്ലാ പഞ്ചായത്തുകളിലും കളിക്കളം' എന്ന പദ്ധതിയുടെ അടിസ്ഥാന ആശയം തന്നെ പ്രായഭേദമെന്യേ മുഴുവൻ ജനങ്ങൾക്കും കായിക പ്രവർത്തനങ്ങളിലും മറ്റു ശാരീരികക്ഷമതാ പ്രവർത്തനങ്ങളിലും ഏർപ്പെടാൻ അവസരമൊരുക്കുക എന്നതാണ്. പഞ്ചായത്ത് കളിക്കളം പദ്ധതിയിൽ ഓപ്പൺ ജിം ഉൾപ്പെടെ ഒരുക്കുന്നുണ്ട്. പഞ്ചായത്ത് സ്പോർട്സ് കൗൺസിലുകളുടെ രൂപീകരണം പൂർത്തിയാവുകയാണ്. താഴെത്തട്ടിലുള്ള കായിക പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകരാൻ ഇത് വഴിയൊരുക്കും. സംസ്ഥാനത്തെ അഞ്ചുലക്ഷം കുട്ടികളെ ഫുട്ബോൾ പഠിപ്പിക്കാനുള്ള പദ്ധതി ഉടൻ ആരംഭിക്കുന്നതാണ്. ഇതിന്റെ മുഴുവൻ ചുമതലയും കേരളത്തിലെ മുൻ സന്തോഷ്ട്രോഫി താരങ്ങളെ ഏൽപ്പിച്ചിരിക്കുകയാണ്.

ഇതിനായി അഖിലേന്ത്യാ ഫുട്ബോൾ ഫെഡറേഷന്റെ സഹകരണംകൂടി ഉറപ്പുവരുത്തിയിട്ടുണ്ട്. ഫുട്ബോൾ, ഹോക്കി പരിശീലനങ്ങൾക്ക് നെതർലാൻഡുപോലുള്ള രാജ്യങ്ങളുമായി സഹകരണത്തിന് ധാരണയായിട്ടുണ്ട്. അതോടൊപ്പം വിദ്യാലയങ്ങൾ കേന്ദ്രീകരിച്ചുകൊണ്ട് വിവിധങ്ങളായ കായികയിനങ്ങൾ പരിശീലിപ്പിക്കാൻ ഓൾ ഇന്ത്യാ അത്‌ലറ്റിക് ഫെഡറേഷനുമായി ചേർന്ന് പുതിയ പദ്ധതി രൂപീകരിച്ചുവരികയാണ്. കായികക്ഷമത മിഷന്റെ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടപ്പാക്കാനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. അതിന്റെ നടപടികളുമായി മുന്നോട്ടുപോകുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

12.35 PM]

## V. റിപ്പോർട്ടുകളുടെ സമർപ്പണം

1. 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ അദ്ധ്യക്ഷനായ ഞാൻ 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

2. 2022-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ അദ്ധ്യക്ഷനായ ഞാൻ 2022-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

3. 2022-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ അദ്ധ്യക്ഷനായ ഞാൻ 2022-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

4. 2022-ലെ കേരള ലോക്ആയുക്ത (ഭേദഗതി) ബിൽ, 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ അദ്ധ്യക്ഷനായ ഞാൻ 2022-ലെ കേരള ലോക്ആയുക്ത (ഭേദഗതി) ബിൽ, 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

12.39 PM]

## VI നിയമനിർമ്മാണകാര്യം

(1) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും:

(i) 2022-ലെ കേരള തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ബിൽ

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, 2022-ലെ കേരള തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ബിൽ ഞാൻ അവതരിപ്പിക്കുന്നു.

### ക്രമപ്രശ്നം

(1) ബിൽ ഭരണഘടനാ വിരുദ്ധം

ശ്രീ. യു. എ. ലത്തീഫ്: സർ, ഭരണഘടനയുടെ ആർട്ടിക്കിൾ 213 (1) അനുസരിച്ച് നിയമസഭയുടെ സെഷൻ ഇല്ലാത്ത സമയം അടിയന്തരമായും വളരെ വേഗത്തിലും നടപ്പാക്കേണ്ട സാഹചര്യമുണ്ടായിട്ടുള്ളതായി ഗവർണർക്ക് ബോദ്ധ്യപ്പെട്ടതിനാലും ഇന്ത്യൻ പ്രസിഡന്റിന്റെ നിർദ്ദേശങ്ങൾ ലഭിച്ചിട്ടുള്ളതിനാലും അസാധാരണ ഗസറ്റ് 2022-ലെ 5-ാം നമ്പർ ഓർഡിനൻസായി promulgate ചെയ്ത ഓർഡിനൻസ് എന്ത് കാരണം കൊണ്ടാണ് 2022 ജൂൺ 27-ന് ആരംഭിച്ച് 2022 ജൂലൈ 21-ന് അവസാനിച്ച നിയസഭാ സമ്മേളനത്തിൽ അവതരിപ്പിക്കാതിരുന്നതെന്ന് ഈ ബില്ലിൽ കാണിക്കാത്തതുകൊണ്ടും ഇന്ത്യൻ

ഭരണഘടനയുടെ 73, 74 ഭേദഗതികൾ വഴി പഞ്ചായത്ത്/ മുനിസിപ്പൽ/ധനകാര്യ വകുപ്പുകളെ വിഭജിച്ച് നിർത്തിയത് യോജിപ്പിക്കുന്നത് ഭരണഘടനാ വിരുദ്ധമായതിനാലും ഈ ബില്ലിന് അവതരണാനുമതി നൽകരുതെന്ന് അപേക്ഷിക്കുന്നു.

(2) ബില്ലിന്റെ പകർപ്പ് യഥാസമയം ലഭ്യമാകാത്തത് സംബന്ധിച്ച്

ഡോ. മാത്യു കുഴൽനാടൻ: സർ, ചട്ടം 76(2) പ്രകാരം ബില്ലുകളുടെ കോപ്പി മൂന്നുദിവസം മുമ്പ് നിയമസഭാംഗങ്ങൾക്ക് സർക്കുലേറ്റ് ചെയ്യണമെന്ന് ചട്ടത്തിലും ബഹുമാനപ്പെട്ട സ്പീക്കർക്ക് ഡിസ്ക്രീഷനറി പവർ ഉപയോഗിച്ച് ഇത് നൽകാമെന്നും പറഞ്ഞിട്ടുണ്ട്. എന്നാൽ ഇന്നുവരുന്ന ഈ ബിൽ 24 മണിക്കൂർ മുമ്പെങ്കിലും അംഗങ്ങൾക്ക് ലഭ്യമാക്കണ്ടേ? ഇന്നലെ ഈ സമയത്ത് ബിൽ പബ്ലിഷ് ചെയ്തിട്ടില്ല, വെബ്സൈറ്റിൽപ്പോലും വന്നിട്ടില്ല. ഇന്നത്തെ കവറിൽ മാത്രമാണ് അംഗങ്ങൾക്ക് ലഭിച്ചത്. പാർലമെന്റിൽ ദോശ ചുട്ടെടുക്കുന്നതുപോലെയാണ് നിയമങ്ങൾ നിർമ്മിക്കുന്നതെന്ന് അങ്ങ് ഉൾപ്പെടെയുള്ളവർ പറയുന്നത് നിരവധി തവണ കേട്ടിട്ടുണ്ട്. ഇന്നലത്തെ കവറിൽ വന്ന ഇംഗ്ലീഷിലുള്ള ഡ്രാഫ്റ്റ് ബിൽ ഇന്ന് രാവിലെ കിട്ടി. ഇന്ന് ഇവിടെ വരുമ്പോൾ എങ്ങനെ എഫക്ടീവായി ബില്ലിന്റെ ചർച്ചയിൽ പാർട്ടിസിപ്പേറ്റ് ചെയ്യാൻ കഴിയും. ഒരു കാരണവശാലും സാധിക്കില്ല. മാത്രമല്ല ഗുരുതരമായൊരു പിഴവ് ഞാൻ കണ്ടു; കഴിഞ്ഞ ദിവസം ബുള്ളറ്റിൻ അച്ചടിച്ച് കവറിൽ വന്നു. ബുള്ളറ്റിനിൽ ഇത്രാം തീയതി ഈ ബിൽ പരിഗണിക്കുമെന്ന് എഴുതിയിരിക്കുകയാണ്. അങ്ങനെ എഴുതാനുള്ള പ്രൊവിഷനില്ല. കാരണം കാര്യോപദേശക സമിതിയുടെ റിപ്പോർട്ട് സഭ അംഗീകരിച്ചാൽ മാത്രമേ അങ്ങനെ ചെയ്യാൻ കഴിയുകയുള്ളൂ. കാര്യോപദേശക സമിതിയുടെ റിപ്പോർട്ട് ഈ സഭ അംഗീകരിക്കുന്നതിന്റെ തലേ ദിവസത്തെ ബുള്ളറ്റിനിൽ ബിൽ ഇത്രാം തീയതി പരിഗണിക്കുമെന്ന് എങ്ങനെ പറയാൻ സാധിക്കും? ഇത്ര കാഷ്വലായിട്ടാണ് നമ്മുടെ നിയമനിർമ്മാണ പ്രോസസ്സ് നടക്കുന്നത്. ഇന്നത്തെ കവറിൽ വന്നിട്ടുള്ള മറ്റൊരു കാര്യം സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തിന് ഭേദഗതി നോട്ടീസുകൾ നൽകേണ്ട സമയം ഈ ബില്ലുകൾ സംബന്ധിച്ചാണെങ്കിലും 2022 ആഗസ്റ്റ് 29 (തിങ്കൾ) ഉച്ചയ്ക്ക് 3.00 മണി എന്നാണ് എഴുതിയിരിക്കുന്നത്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയിൽ പോയതിനുശേഷം തിരിച്ചുവരുന്നത് എന്നായിരിക്കും; തിങ്കളാഴ്ച തിരിച്ചുവരുന്ന ബിൽ എപ്പോഴാണ് അംഗങ്ങൾക്ക് സർക്കുലേറ്റ് ചെയ്യുന്നത്? 2022 ആഗസ്റ്റ് 29 തിങ്കളാഴ്ച ഉച്ചയ്ക്ക് 3.00 മണിക്കുമുമ്പ് ഭേദഗതി കൊടുക്കണമെന്ന് പറയുന്നു; എന്ത് impractical ആണിത്. അങ്ങനെയാണെങ്കിൽ ഭേദഗതികളൊന്നും കൊടുക്കണ്ടെന്ന് പറഞ്ഞാൽപ്പോരെ?

മി. സ്പീക്കർ: അത് introduction-ലെ തടസ്സവുമായി ബന്ധപ്പെട്ടതല്ല.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ബഹുമാനപ്പെട്ട സ്പീക്കർ ചൂണ്ടിക്കാണിച്ചതുപോലെ ഇത് ഈ ബില്ലിന്റെ മാത്രം പ്രശ്നമല്ല. ബഹുമാനപ്പെട്ട ഗവർണർ ഒപ്പിട്ട് വളരെ വൈകിയാണ് തിരികെ ലഭിച്ചതെന്നുള്ളതുകൊണ്ടാണ് കോപ്പികൾ ലഭ്യമാക്കുന്നതിന് യഥാർത്ഥത്തിൽ പ്രയാസമുണ്ടായിട്ടുള്ളത്. അതാണ് അതിന്റെ വസ്തുതാപരമായ കാര്യം.

നിയമസഭ 2022 ജൂൺ 27-ന് ആരംഭിച്ച് 2022 ജൂലൈ 21-ന് അവസാനിച്ചത് ബഡ്ജറ്റ് സമ്മേളനമായിരുന്നതിനാലും വളരെ അടിയന്തരപ്രാധാന്യമുള്ള നിയമനിർമ്മാണങ്ങൾ മാത്രം പരിഗണനയ്ക്ക് എടുത്തതിനാലും 2022 മാർച്ച് 31-ാം തീയതി ബഹുമാനപ്പെട്ട ഗവർണർ വിളംബരം ചെയ്ത 2022-ലെ കേരള തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ഓർഡിനൻസിന് (2022-ലെ 5-ാം നമ്പർ ഓർഡിനൻസ്) പകരമുള്ള ബിൽ അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ സാധിച്ചില്ല. നിർദ്ദിഷ്ട നിയമനിർമ്മാണം സംബന്ധിച്ച വിഷയം ഭരണഘടനയുടെ ഏഴാം പട്ടികയിലെ ലിസ്റ്റ് II, സംസ്ഥാന ലിസ്റ്റിലെ 5, 41, 42, കൺകറന്റ് ലിസ്റ്റിലെ 20 എന്നീ ഉൾക്കുറിപ്പുകളിലും ഉൾപ്പെടുന്നു. ആയതിനാൽ സംസ്ഥാന നിയമസഭയ്ക്ക് പ്രസ്തുത നിയമനിർമ്മാണം നടത്തുന്നതിനുള്ള ക്ഷമതയുള്ളതും പ്രസിഡന്റിന്റെ അനുവാദം ആവശ്യമില്ലാത്തതുമാകുന്നു. കേരള സംസ്ഥാനത്ത് പഞ്ചായത്ത്, മുനിസിപ്പാലിറ്റി, തദ്ദേശസ്വയംഭരണ വകുപ്പ് (പ്ലാനിംഗ്) എന്നിവയ്ക്ക് കീഴിലുള്ള സർവ്വീസുകളെയും ഗ്രാമവികസനം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം സർവ്വീസുകളെയുമാണ് ഏകീകരിക്കാൻ ഉദ്ദേശിക്കുന്നത്. അതുകൊണ്ട് ഭരണഘടനാവിരുദ്ധമായ യാതൊരു കാര്യവും ഇതിലില്ല. ബഹുമാനപ്പെട്ട പ്രസിഡന്റിന്റെ പ്രത്യേക സമ്മതം വാങ്ങേണ്ട കാര്യവുമില്ലെന്നാണ് ബഹുമാനപ്പെട്ട യു. എ. ലത്തീഫ് അവതരിപ്പിച്ച ക്രമപ്രശ്നത്തിനുള്ള മറുപടിയായി പറയാനുള്ളത്.

## റൂളിംഗ്

മി. സ്പീക്കർ: ഓർഡർ... ഓർഡർ...

2022-ലെ കേരള തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ബില്ലിന് ആസ്പദമായി മുമ്പ് പുറപ്പെടുവിച്ചിരുന്ന ഓർഡിനൻസിന് പകരമുള്ള ബിൽ കഴിഞ്ഞ സഭാസമ്മേളനത്തിൽ അവതരിപ്പിക്കാതിരുന്നതിന്റെ കാരണം ബില്ലിൽ ചേർത്തിട്ടില്ലെന്നും ബില്ലിന് പ്രസിഡന്റിന്റെ മുൻകൂർ അനുമതി വാങ്ങിയിട്ടുണ്ടോയെന്ന കാര്യം ബില്ലിൽ പരാമർശിച്ചിട്ടില്ലെന്നും പഞ്ചായത്ത് മുനിസിപ്പിൽ സർവ്വീസുകൾക്ക് പൊതുസർവ്വീസ് ഏർപ്പെടുത്തുന്നത്

ഭരണഘടനാവിരുദ്ധമാണെന്നും അതുകൊണ്ട് ബില്ലിന് അവതരണാനുമതി നൽകരുതെന്നുമാണ് ശ്രീ. യു. എ. ലത്തീഫ് തന്റെ തടസ്സവാദത്തിലൂടെ ഉന്നയിച്ചത്. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി ബില്ലിന്റെ പൊതുസ്വഭാവത്തേയും ഭരണഘടനാ സാധുതയേയും സംബന്ധിച്ച് ഇവിടെ വിശദീകരിക്കുകയുണ്ടായി. നിയമസഭാ നടപടി ചട്ടത്തിനോ നടപടിക്രമത്തിനോ കീഴ്വഴക്കത്തിനോ വിരുദ്ധമായ ഏതെങ്കിലും കാര്യങ്ങൾ ഈ ബില്ലിന്റെ ഉള്ളടക്കത്തിലോ അതിന്റെ അവതരണത്തിലോ ഉണ്ടായിട്ടില്ലെന്ന് വ്യക്തമായിട്ടുള്ളതിനാൽ ഉന്നയിച്ച തടസ്സവാദത്തിന് ഒരു അടിസ്ഥാനവുമില്ലെന്ന് റൂൾ ചെയ്യുന്നു.

ഇന്ന് പരിഗണിക്കുന്ന കേരള തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ബില്ലിന്റെ പകർപ്പ് ഇന്നലെയും (23-8-2022) ബില്ലിന്റെ ഇംഗ്ലീഷ് പരിഭാഷ ഇന്ന് രാവിലെയുമാണ് അംഗങ്ങൾക്ക് ലഭ്യമായതെന്നും ഇത് സഭാചട്ടങ്ങളുടെ ലംഘനമാണെന്നുമാണ് ഡോ. മാത്യു കുഴൽനാടൻ ഉന്നയിച്ച തടസ്സവാദം. ഇക്കാര്യവും ചെയർ പരിശോധിച്ചു. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് തികച്ചും വസ്തുതാപരമായ ഒരുകാര്യം തന്നെയാണ്. നിയമനിർമ്മാണത്തിനായുള്ള ഈ സമ്മേളനം ചേരുന്നത് തികച്ചും അപ്രതീക്ഷിതമായ സാഹചര്യത്തിലാണ് എന്നത് നമുക്കൊക്കെ അറിയാവുന്ന കാര്യമാണ്. എന്നിരുന്നാലും ലഭ്യമായ സമയപരിധിക്കുള്ളിൽ നിന്നുകൊണ്ടുതന്നെ മിക്കവാറും എല്ലാ ബില്ലുകളുടെയും പ്രസിദ്ധീകരണവും വിതരണവും യഥാസമയം നിർവ്വഹിക്കുവാൻ ബന്ധപ്പെട്ട ഭരണ വകുപ്പുകളും നിയമ വകുപ്പും ശ്രമിക്കുകയും അതിൽ ഒരു പരിധി വരെ വിജയിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 2022-ലെ കേരള തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ബില്ലിന്റെ കാര്യത്തിലും അതിന്റെ ഇംഗ്ലീഷ് പരിഭാഷയുടെ കാര്യത്തിലും അവ യഥാസമയം തയ്യാറാക്കി നടപടികൾ പൂർത്തീകരിച്ച് നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിക്കാൻ കാലതാമസം ഉണ്ടായിട്ടുണ്ടെന്നാണ് കാണുന്നത്. അതുമൂലമാണ് അവ അംഗങ്ങൾക്ക് ലഭ്യമാക്കുന്ന കാര്യത്തിലും കാലതാമസം വന്നത്. മനഃപൂർവ്വമല്ലെങ്കിൽപ്പോലും നിയമസഭാ സമ്മേളനവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഇത്തരത്തിലുള്ള കാലതാമസം ഒഴിവാക്കാൻ പ്രത്യേകം ശ്രദ്ധ പതിപ്പിക്കണമെന്ന് ബന്ധപ്പെട്ടവരെ ചെയർ ഓർമ്മപ്പെടുത്തുന്നു. തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ലെന്ന് റൂൾ ചെയ്യുന്നു.

ഓർഡർ... ഓർഡർ.... ബിൽ അവതരിപ്പിച്ചിരിക്കുന്നു.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, 2022-ലെ കേരള തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, കേരള സംസ്ഥാനത്തെ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, തദ്ദേശസ്വയംഭരണ വകുപ്പ് (പ്ലാനിംഗ്), ഗ്രാമവികസനം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം സർവ്വീസുകളെ ഏകീകരിച്ചുകൊണ്ട് ഒരു തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരിക്കുന്നതിനായുള്ളതാണ് ഈ ബിൽ. ത്രിതല പഞ്ചായത്തുകളെയും നഗരസഭകളെയും സഹായിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമുള്ള സർക്കാർ സംവിധാനമാണ് തദ്ദേശസ്വയംഭരണ വകുപ്പ്. അറ കെട്ടിത്തിരിച്ച വിധത്തിൽ പരസ്പരബന്ധമില്ലാതെ അഞ്ച് വകുപ്പുകളായി പ്രവർത്തിക്കുന്ന സാങ്കേതിക ഭരണ വിഭാഗം ജീവനക്കാരെ ഏകോപിത സംവിധാനത്തിന് കീഴിൽ കൊണ്ടുവരിക എന്നതാണ് ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ രൂപീകരണത്തിലൂടെ ഉദ്ദേശിക്കുന്നത്. വ്യത്യസ്ത കാലങ്ങളിൽ വിവിധ ലക്ഷ്യങ്ങളോടെ നിലവിൽ വന്ന പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, ടൗൺ പ്ലാനിംഗ്, എഞ്ചിനീയറിംഗ് വിഭാഗം എന്നീ വകുപ്പ് ജീവനക്കാരുടെ ഒറ്റയ്ക്കൊറ്റയ്ക്കുള്ള സർവ്വീസ് ചട്ടങ്ങൾ റദ്ദാക്കി പൊതുവായ സ്റ്റേറ്റ് സബോർഡിനേറ്റ് ചട്ടങ്ങൾ രൂപീകരിച്ചുകൊണ്ടാണ് ഏകീകൃത വകുപ്പ് രൂപീകരിക്കുന്നത്. വിവിധ തലത്തിലുള്ള ചർച്ചകളും ഔദ്യോഗിക പരിശോധനകളും നടപടിക്രമങ്ങളും പൂർത്തിയാക്കി തയ്യാറാക്കിയ ഏകീകൃത വകുപ്പിന്റെ ചട്ടങ്ങൾ സബ്ജക്ട് കമ്മിറ്റി ഏകകണ്ഠമായി അംഗീകരിച്ചിട്ടുണ്ട്. 1968-ലെ കേരള പബ്ലിക് സർവ്വീസസ് നിയമത്തിന് കീഴിൽ സർവ്വീസ് ചട്ടങ്ങൾ തയ്യാറാക്കുന്നതിന് ഇതുമായി ബന്ധപ്പെട്ട് വിവിധ നിയമങ്ങളിലും ചെറിയ ഭേദഗതികൾ ആവശ്യമായി വരുന്നുണ്ട്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലും 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലും പൊതുസർവ്വീസ് സൂചിപ്പിച്ചുകൊണ്ടുള്ള വ്യവസ്ഥകളുണ്ട്. അഞ്ചോളം സർവ്വീസുകളെ സംയോജിപ്പിച്ച് ഏകീകൃത സർവ്വീസ് രൂപീകരിക്കുന്ന സാഹചര്യത്തിൽ ഓരോ നിയമത്തിലും പ്രത്യേകം ഭേദഗതി വരുത്തുന്നതിന് പകരമാണ് തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരിക്കുന്നതിന് ഒരു പ്രത്യേക ബിൽ നിയമസഭയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നത്. ജനകീയാസൂത്രണം കാൽ നൂറ്റാണ്ട് പൂർത്തിയാക്കുന്ന ഈ സന്ദർഭത്തിലാണ് ജനങ്ങൾക്ക് കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമായ സേവന-ക്ഷേമ-വികസന പ്രവർത്തനങ്ങൾക്ക് ഉറപ്പുനൽകാൻ കഴിയുന്ന പൊതുസർവ്വീസ് രൂപീകരിച്ചുകൊണ്ടുള്ള നടപടികൾ സർക്കാർ അഭിമാനപൂർവം പൂർത്തിയാക്കുന്നത്. ലോകത്തിനുതന്നെ മാതൃകയായ, ജനകീയാസൂത്രണത്തിന്റെ 25 വർഷങ്ങൾക്കിപ്പുറം സമസ്തമേഖലയിലും പുരോഗതിയും

വളർച്ചയും സൃഷ്ടിച്ചുകൊണ്ട് നവകേരളം കെട്ടിപ്പടുക്കുന്നതിന് സർക്കാരും തദ്ദേശസ്വയംഭരണ പൊതുസർവ്വീസും പ്രതിജ്ഞാബദ്ധമാണ്. എല്ലാവരെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള നവകേരളം കെട്ടിപ്പടുക്കുകയെന്നതാണ് തദ്ദേശസ്വയംഭരണ വകുപ്പിന്റെയും സ്ഥാപനങ്ങളുടെയും ചുമതല. ഇതിനുവേണ്ടി സാങ്കേതിക മേഖലയുടെ വളർച്ചയെ പൂർണ്ണമായി ഉപയോഗിക്കുകയെന്നതും ലക്ഷ്യമാണ്. ഉല്പാദന മേഖലയിൽ മാത്രമല്ല പ്രാദേശികമായ സേവനരംഗങ്ങളിലും ഐ.റ്റി. അധിഷ്ഠിത സംരംഭങ്ങളിലുമുൾപ്പെടെ സാമ്പത്തിക വളർച്ച സൃഷ്ടിക്കുകയും അതുവഴി തൊഴിലാവശ്യമുള്ള എല്ലാവർക്കും അത് ലഭ്യമാക്കുന്നതിനുള്ള ചുമതലയും സർക്കാർ ഏറ്റെടുക്കുകയാണ്. സംസ്ഥാനത്തെ അതിദരിദ്രരായ എല്ലാ ആളുകളെയും അത്തരമൊരു സാഹചര്യത്തിൽനിന്ന് പുറത്തെത്തിക്കുന്നതിനാവശ്യമായ സാമൂഹ്യ സുരക്ഷാ സംവിധാനം ഒരുക്കുന്നതിനും പദ്ധതി തയ്യാറായിട്ടുണ്ട്. അർഹരായ മുഴുവൻ ആളുകൾക്കും വീട് ലഭ്യമാക്കുന്നതിനുള്ള ലൈഫ് മിഷന്റെ പ്രവർത്തനവും ഇതോടോപ്പം പുരോഗമിക്കുന്നു. 'ശുചിത്വപൂർണ്ണമായ കേരളം' എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള പ്രവർത്തനവും സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതുണ്ട്.

കാലാവസ്ഥാ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ കേരളത്തിന്റെ പരിസ്ഥിതിയെ പരിഗണിച്ചുകൊണ്ട് വളരെ ശ്രദ്ധാപൂർവ്വമായിരിക്കണം പശ്ചാത്തല മേഖലയുമായി ബന്ധപ്പെട്ട വികസനപ്രവർത്തനങ്ങൾ നടത്തേണ്ടത്. ഇത്തരമൊരു സമഗ്രമായ മാറ്റത്തിന് നേതൃത്വം കൊടുക്കുന്നതിന്റെ ഭാഗമായാണ് ഏകീകൃത വകുപ്പിന്റെ രൂപീകരണത്തെ സർക്കാർ കാണുന്നത്. മേൽ സൂചിപ്പിച്ച പ്രഖ്യാപിത ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാവശ്യമായ ഭരണപരമായ സഹായം എത്തിച്ചുകൊടുക്കുകയെന്നതാണ് ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പ്രധാനലക്ഷ്യം. 31,000 സ്ഥിരം ജീവനക്കാരും ഏഴായിരത്തോളം കണ്ടിജന്റ് ജീവനക്കാരും ഉൾപ്പെടുന്ന പൊതുസർവ്വീസ്, സംസ്ഥാനത്തിനകത്തും ജില്ലകളിലും ഏകീകൃത കാര്യാലയങ്ങളിൽ നിലവിൽ വന്നിരിക്കുന്നു. ഇവരെയെല്ലാം മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നേടുന്നതിനായി ജൈവീകമായി ബന്ധിപ്പിക്കുകയും സാങ്കേതിക സഹായത്തോടെ ഏകോപിത ഭരണനിർവ്വഹണ സംവിധാനത്തിന്റെ ഭാഗമായി മാറ്റുകയുംചെയ്യും. കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കിടയിൽ ഫലപ്രദമായ ഏകോപനം നാളിതുവരെയില്ലാത്തവിധം സാധ്യമാക്കുന്നതിന് തദ്ദേശസ്വയംഭരണ പൊതുസർവ്വീസിന്റെ രൂപീകരണം സഹായകരമാകുമെന്ന പ്രതീക്ഷയോടെയാണ് പ്രസ്തുത ബിൽ സഭയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നത്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എം. നൗഷാദ്)

ശ്രീ. എം. രാജഗോപാലൻ: സർ, 2022-ലെ കേരള തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 26-8-2022 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു. വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയയിൽ ഉജ്ജ്വലമാതൃക സൃഷ്ടിച്ച സംസ്ഥാനമാണ് കേരളം. ഇതിന് ലോകരാജ്യങ്ങളും ഇന്ത്യൻ സംസ്ഥാനങ്ങളും വിവിധ കാലയളവിലായി കേരളത്തിന് അംഗീകാരം നൽകിയിട്ടുമുണ്ട്. ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെ സുതാര്യതയുടെയും വികേന്ദ്രീകൃതാസൂത്രണത്തിന്റെയും പുത്തൻതലങ്ങൾ ലോകജനതയ്ക്ക് കാണിച്ചുകൊടുക്കുകയായിരുന്നു. ജനകീയാസൂത്രണ പദ്ധതിയുടെ 25-ാം വാർഷികാഘോഷമാണ് നടക്കുന്നത്. കേരളത്തിലെ അധികാരവികേന്ദ്രീകരണ പ്രക്രിയയിൽ ഏറ്റവും ശ്രദ്ധേയമായ ഇടപെടലുകൾ നടത്തി മുന്നോട്ടുപോയ സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള രണ്ടാം ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ഇവിടെ ബിൽ അവതരിപ്പിച്ചിരിക്കുകയാണ്. കാലം മുന്നോട്ടുപോകുകയും സമൂഹം വളർന്ന് വികസിക്കുകയുമാണ്. നാമൊരു സ്പീഡ് യുഗത്തിലാണ് ജീവിക്കുന്നത്. വിജ്ഞാന സമൂഹത്തെക്കുറിച്ചും വിജ്ഞാന സമ്പദ്ഘടനയെക്കുറിച്ചുമെല്ലാം ചർച്ച ചെയ്യപ്പെടുന്നതിന് സഹായകരമായ പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് ശ്രദ്ധേയമായ ഇടപെടലുകളാണ് കേരളം നടത്തിക്കൊണ്ടിരിക്കുന്നത്. ഈ ബിൽ വർഷങ്ങൾക്കുമുമ്പേ അവതരിപ്പിക്കപ്പെടേണ്ടതായിരുന്നു എന്നാണ് എന്റെ വ്യക്തിപരമായ അഭിപ്രായം. കാരണം പലതരം നൂലാമാലകളിൽ ഭരണനിർവ്വഹണവും പദ്ധതിനിർവ്വഹണവും കുടുങ്ങിനിൽക്കുന്നത് പലതരത്തിലുള്ള ഏകോപനമില്ലായ്മകൊണ്ടാണെന്ന് എല്ലാവർക്കുമറിയാം. അതിനെല്ലാം ശാശ്വത പരിഹാരം കണ്ടുകൊണ്ടാണ് ഈ ബില്ലിലേയ്ക്ക് സർക്കാർ കടന്നിരിക്കുന്നത്.

പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ ഉപജ്ഞാതാവായ ബൽവന്ത് റായ് മേത്തയുടെ ജന്മദിനമായ ഫെബ്രുവരി 19-നാണ് സംസ്ഥാനത്തിന്റെ ജനപക്ഷ വികസന കുതിപ്പിന് ശക്തിപകരാൻ കഴിയുന്ന ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക പ്രഖ്യാപനം നടന്നത്. ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളുടേയും നഗരസഭകളുടേയും കോർപ്പറേഷനുകളുടേയും ജനപ്രതിനിധികളും ജീവനക്കാരും പങ്കാളികളായി കേരള ചരിത്രത്തിലാദ്യമായി ഏകോപനത്തിനും ആഘോഷത്തിനും നാട് സാക്ഷ്യം വഹിക്കുകയായിരുന്നു. ഏകീകൃത സ്വയംഭരണ കേഡറിനെക്കുറിച്ച് സംസ്ഥാനത്തെ ഒന്നാം ഭരണപരിഷ്കാര കമ്മീഷൻ ചർച്ച ചെയ്തിട്ടുള്ളതാണ്. സെൻ കമ്മിറ്റിയും മണിശങ്കർ അയ്യർ കമ്മീഷനും കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രാലയം 2017-ൽ നടത്തിയിട്ടുള്ള പഠന റിപ്പോർട്ടിലും

വ്യത്യസ്ത രൂപത്തിൽ ഇക്കാര്യത്തെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. സംസ്ഥാനത്തിന് മൊത്തമായോ ഓരോ ജില്ലകൾക്കോ പൊതുസർവ്വീസ് രൂപീകരിക്കാമെന്നാണ് കേരള പഞ്ചായത്ത് രാജ് നിയമം അനുശാസിക്കുന്നത്. അതുകൊണ്ടുതന്നെ പൊതുസർവ്വീസ് രൂപീകരണത്തിന്റെ പ്രാധാന്യം ഏറെ ശ്രദ്ധേയമാണ്. ദീർഘകാലാടിസ്ഥാനത്തിലുള്ള ഗുണഫലങ്ങളെ മുൻനിർത്തിയുള്ള ഭരണസംവിധാനത്തിന്റെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനും കാലോചിതമാക്കുന്നതിനും പരിഷ്കാരങ്ങൾ ആവശ്യമാണ്. അത്തരമൊരു പരിഷ്കാരം ഉറപ്പുവരുത്താൻ ഇത് സഹായകരമാകും. വൈജ്ഞാനിക സമൂഹത്തെയും വൈജ്ഞാനിക സമ്പദ് വ്യവസ്ഥയെയുംകുറിച്ച് ചർച്ച ചെയ്യുമ്പോൾ, നിലവിൽ വിവിധ വകുപ്പുകളായി വേർതിരിഞ്ഞുകൊണ്ട് പ്രവർത്തിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ ഫലപ്രദവും കാര്യക്ഷമവുമാക്കാനും ഉയർന്ന പ്രവർത്തനക്ഷമത ഉറപ്പുവരുത്താനും ഈ ബില്ലിലൂടെ കഴിയും. അതിന് സഹായകരമായിട്ടുള്ള ഘടനയും സംവിധാനവുമാണ് തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരണത്തിലൂടെ സൃഷ്ടിക്കുന്നത്. വ്യത്യസ്ത വകുപ്പുകളുമായി ബന്ധപ്പെട്ട് ഏകോപനമില്ലാതെയും പരസ്പരബന്ധമില്ലാതെയും തീരുമാനമെടുത്ത് നടപ്പിലാക്കേണ്ട ഇപ്പോഴത്തെ സാഹചര്യത്തിൽനിന്ന് ഗുണപരമായ മാറ്റത്തിലേയ്ക്ക് ഇതിലൂടെ പോകാൻ കഴിയും. തദ്ദേശസ്വയംഭരണ പൊതുസർവ്വീസിലൂടെ ഏറ്റവും മെച്ചപ്പെട്ട സേവനം ജനങ്ങൾക്ക് ഉറപ്പുവരുത്താൻ കഴിയുമെന്നതാണ് മറ്റൊരു പ്രധാനപ്പെട്ട കാര്യം. തദ്ദേശസ്വയംഭരണ പൊതുസർവ്വീസിന്റെ മേധാവിയായി പ്രിൻസിപ്പൽ ഡയറക്ടർ പോസ്റ്റിൽ സീനിയർ ഐ.എ.എസ്. ഉദ്യോഗസ്ഥനെയാണ് നിയോഗിക്കുന്നത്. ഈ സാഹചര്യത്തിൽ കൃത്യമായ നയരൂപീകരണത്തിൽത്തന്നെ ഈ മേഖലയ്ക്ക് ഇടപെടാൻ കഴിയും. അധികാരവികേന്ദ്രീകരണവുമായും പ്രാദേശിക ആസൂത്രണവുമായും വിഭവ സമാഹരണവുമായും ബന്ധപ്പെട്ട നയരൂപീകരണത്തിൽ സർക്കാരിനെ കൂടുതൽ ഫലപ്രദവും കാര്യക്ഷമവുമായ രീതിയിൽ സഹായിക്കാൻ ഈ സംവിധാനത്തിന് കഴിയുമെന്നതാണ് ഏകീകൃത വകുപ്പിന്റെ മറ്റൊരു ഗുണം. ഭരണച്ചെലവ് കുറയ്ക്കാൻ കഴിയുമെന്നതാണ് പ്രത്യേകം സൂചിപ്പിക്കേണ്ട മറ്റൊരു കാര്യം. തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട് അഞ്ച് വകുപ്പുകളാണുണ്ടായിരുന്നത്. ഓരോ വകുപ്പിനും വകുപ്പ് മേധാവികളും പ്രത്യേക സംവിധാനങ്ങളുമുണ്ട്. ഇതും പണച്ചെലവിന്റെ ഒരു ഭാഗമാണ്. എന്നാൽ ഇത്തരമൊരു ഏകീകരണം വരുന്നതോടുകൂടി പണച്ചെലവ് ഒഴിവാക്കിയെടുക്കാൻ കഴിയും. അതുപോലെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഭാഗമായി വിവിധ വകുപ്പുകളിലെ ജീവനക്കാരെ ഏകീകരിച്ച് പൊതുസർവ്വീസ് രൂപീകരിക്കുന്നതിലൂടെ തദ്ദേശസ്വയംഭരണ വകുപ്പ് പുനഃസംഘടനയ്ക്ക് വിധേയമാകുകയാണ്. അങ്ങനെയാകുമ്പോൾ ഇതിന്റെ പരിധിയിൽ ഉൾപ്പെടുന്ന സർക്കാർ ഉദ്യോഗസ്ഥരെയും ജീവനക്കാരെയുമെല്ലാം ഒരു കുടക്കീഴിൽ

കൊണ്ടുവരാൻ കഴിയുമെന്നതാണ് പ്രത്യേകത. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സേവന-പ്രദാന പ്രവർത്തനങ്ങൾക്കനുസൃതമായി ജീവനക്കാരെ പുനഃക്രമീകരിക്കുന്നതിനുള്ള അവസരംകൂടി ഇതുവഴി കൈവന്നിരിക്കുന്നു. വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെ ജീവനക്കാരുടെ പ്രവൃത്തിഭാരം ലഘൂകരിക്കുന്നതുവഴി ജീവനക്കാരുടെ കൃത്യനിർവ്വഹണത്തിൽ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും പൊതുസർവ്വീസിലൂടെ അവസരമൊരുക്കാൻ കഴിയും. പൊതുസർവ്വീസ് രൂപീകരണം ജീവനക്കാരുടെ ജോലിഭാരം വർദ്ധിപ്പിക്കുകയാണെന്നുള്ള ആക്ഷേപം ഒരു ഘട്ടത്തിലുണ്ടായിരുന്നത് തീർത്തും അസ്ഥാനത്താണെന്നാണ് പറയാനുള്ളത്. അങ്ങനെയാകില്ലെന്ന് മാത്രമല്ല, നിലവിലുള്ള ജീവനക്കാരെ കൂടുതൽ ഫലപ്രദമായി വിന്യസിപ്പിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനാവശ്യമായ മനുഷ്യവിഭവശേഷി തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ആഭ്യന്തരമായി കണ്ടെത്തുന്നതിന് പൊതുസർവ്വീസ് രൂപീകരണത്തിന് കഴിയും. മുനിസിപ്പാലിറ്റിയിലുള്ളവർ പഞ്ചായത്തുകളിലേയ്ക്കും പഞ്ചായത്തിലുള്ളവർ മുനിസിപ്പാലിറ്റികളിലേയ്ക്കും പരസ്പരം മാറുമ്പോൾ ഉദ്യോഗസ്ഥരുടെ അനുഭവസമ്പത്ത് പരസ്പരം പങ്കുവയ്ക്കാൻ കഴിയും. പദ്ധതികളുടെ ഗുണനിലവാരം മെച്ചപ്പെടുത്താൻ ഇത് സഹായകരമാണ്. ഇത്തരമൊരു സംവിധാനം വളരെയധികം ഗുണം ചെയ്യുമെന്ന കാര്യത്തിൽ തർക്കമില്ല. ടൗൺ പ്ലാനിംഗിന്റെ എന്ത് സേവനമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്നത്; ടൗൺ പ്ലാനിംഗുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരോട് ഡി.പി.ആർ. തയ്യാറാക്കാൻ നിർദ്ദേശിച്ചാൽ പ്രൈവറ്റ് കൺസൾട്ടൻസിക്ക് കൊടുക്കും. അവർ വലിയ തുക ഈടാക്കും. തുടർന്ന് ചാർജ്ജിനത്തിൽ വലിയ തുക ആവശ്യമായി വരും. ഇത്തരം കാര്യങ്ങൾക്ക് ഇതുകൊണ്ട് പരിഹാരം കാണാൻ സാധിക്കും. ഗ്രാമപഞ്ചായത്തുകളിൽ ഒരു ഓഫീസിൽ പഞ്ചായത്ത് ജീവനക്കാരും പഞ്ചായത്ത് എഞ്ചിനീയർമാരുമുണ്ടാകും. ഇവർ രണ്ടുകൂട്ടരും ഒരുമിച്ചാണെങ്കിൽപോലും പലപ്പോഴും രണ്ടുവഴിക്കാണ്. അത്തരത്തിലൊരു വിഷയം ഇതിലൂടെ പരിഹരിക്കാൻ കഴിയും. മുപ്പതിനായിരത്തിലധികം ജീവനക്കാരാണ് ത്രിതല പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലുമായി നിലവിലുള്ളതെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു. പ്രാദേശിക വികസന കാര്യങ്ങൾ, ആസൂത്രണം, ദുരന്തനിവാരണം, മാലിന്യ സംസ്കരണം തുടങ്ങിയ കാര്യങ്ങളിലെല്ലാം യോജിച്ച് പ്രവർത്തിക്കേണ്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർ നിലവിൽ വ്യത്യസ്ത വകുപ്പുകളിലായി പരസ്പരബന്ധമില്ലാതെ വിവിധ അറകളിലാണുള്ളത്. വ്യത്യസ്ത വകുപ്പുകൾ പരസ്പര ബന്ധമില്ലാതെയിരിക്കുകയാണ്. ഇവ തമ്മിലുള്ള പരസ്പര സഹകരണം തീർച്ചയായും ഇതുവഴി ഉറപ്പുവരുത്താൻ കഴിയും. കാരണം,

പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, പൊതുമരാമത്ത്, ടൗൺ ആൻഡ് കൺട്രി പ്ലാനിംഗ് എന്നിങ്ങനെയുള്ള അഞ്ച് വകുപ്പുകൾ ചേർന്ന് ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പായി മാറിയാൽ പ്രാദേശിക ഭരണസംവിധാനത്തിന് വിശാലമായ വികസന സാധ്യതകൾ വിനിയോഗിക്കാൻ കഴിയുമെന്നുമാത്രമല്ല, പൊതുജനങ്ങൾക്ക് നൽകുന്ന സേവനത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കാനും കഴിയുമെന്നുള്ളത് ഏറ്റവും ശ്രദ്ധേയമാണ്. പല തലങ്ങളിൽ നിൽക്കുന്ന പ്രാദേശിക സർക്കാരുകളിൽ ഏകീകൃത സ്വഭാവം കൊണ്ടുവരികയും അത് ഫലത്തിൽ നാട്ടിലെ ജനങ്ങൾക്ക് അനുഭവവേദ്യമാകുകയും ചെയ്യും. കാരണം, പദ്ധതി രൂപീകരണ സമയത്താണ് തടസ്സങ്ങളുമുണ്ടാകുന്നത്. പ്ലാനിംഗ് ആൻഡ് ഇനിഷ്യേറ്റീവാണ് ഒരു പദ്ധതിയുടെ വിജയം. പദ്ധതി പ്ലാൻ ചെയ്താൽ മാത്രം പോര നിർവ്വഹണം വളരെ ശ്രദ്ധയോടെ നടപ്പിലാക്കുകയും വേണം. പ്ലാനിംഗിലും ഇനിഷ്യേറ്റീവിലും പല ഘട്ടങ്ങളിലും പരാജയം സംഭവിക്കുകയാണ്. പദ്ധതി രൂപീകരണത്തിന്റെയും നിർവ്വഹണത്തിന്റെയും ഘട്ടത്തിൽ ആ പ്രതിസന്ധി നമുക്ക് പരിഹരിക്കാൻ കഴിയും. പലപ്പോഴും പദ്ധതിനിർവ്വഹണം ഫലപ്രദമായും സമയബന്ധിതമായും പൂർത്തീകരിക്കാൻ കഴിയാത്ത മോണിറ്ററിംഗിന്റെ അഭാവം പരിഹരിക്കാൻ ഇതുവഴി കഴിയുമെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഇവയിലെല്ലാമുള്ള സംയോജന സാധ്യതകൾ ഫലപ്രദമായി വിനിയോഗിക്കാൻ ലക്ഷ്യമിടുന്ന ഒരു നിയമമാണിത്. റൂറൽ, അർബൻ, പ്ലാനിംഗ്, എഞ്ചിനീയറിംഗ് എന്നീ നാല് വിഭാഗങ്ങളുൾപ്പെടുന്ന ഏകീകൃത വകുപ്പിന്റെ പ്രവർത്തനങ്ങൾ പ്രാദേശിക സർക്കാരുകളുടെ മികവിന്റെ കേന്ദ്രങ്ങളായി മാറ്റുന്നതിന്റെ ചുവടുവയ്പ്പാണ്. തദ്ദേശസ്വയംഭരണ വകുപ്പെന്ന നിലയിൽ ഗ്രാമപഞ്ചായത്തിന് എത്രത്തോളം കേരളത്തിൽ ഉയർന്ന് പ്രവർത്തിക്കാൻ കഴിയുമെന്നതിന്റെ സാക്ഷ്യപത്രമായിരുന്നു കോവിഡ് കാലത്തെ ത്രിതല പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും കോർപ്പറേഷനുകളുടെയും പ്രവർത്തനം. കാരണം, അധികാരവും പണവും താഴേയ്ക്ക് നൽകി അവരെ പ്രാപ്തമാക്കി നല്ലരീതിയിലുള്ള പിന്തുണ ഭരിക്കുന്ന സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായാൽ അത്രത്തോളം പ്രവർത്തനങ്ങളിൽ ഇടപെടാൻ കഴിയുമെന്നാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തെളിയിച്ചത്. അങ്ങനെ കരുത്ത് തെളിയിച്ച അനുഭവ സമ്പന്നതയുടെ നാളുകളിലൂടെയാണ് ത്രിതല പഞ്ചായത്ത് സംവിധാനങ്ങൾ മുന്നോട്ടുപോകുന്നത്. ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്ന സർക്കാരിന്റെ കാര്യക്ഷമത വർദ്ധിപ്പിച്ചുകൊണ്ട് പ്രാദേശിക സർക്കാരുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനുള്ള ഒരു ചുവടുവയ്പുകൂടിയായിട്ടാണ് നമ്മൾ ഇതിനെ കണക്കാക്കേണ്ടത്. പലപ്പോഴും ദീർഘകാല സാമ്പത്തിക-സാമൂഹിക-പരിസ്ഥിതി ആവശ്യങ്ങൾക്ക് ശ്രദ്ധനൽകുന്ന വലിയ പദ്ധതികളും സമഗ്ര പദ്ധതികളും പ്രാദേശിക സർക്കാരുകൾക്ക് ഏറ്റെടുക്കാൻ കഴിയുന്നില്ല. പണവും അധികാരവും കുറവാണ്. അധികാരമുണ്ടെങ്കിലും പണമില്ല.

പണമില്ലാത്തതിന്റെ പേരിൽ പ്രോജക്ടുകൾ ചർച്ചചെയ്യുമ്പോൾ വളരെ തുച്ഛമായി വാർഡ്/ പ്രാദേശികാടിസ്ഥാനത്തിലാണ് പദ്ധതികളെക്കുറിച്ച് ചർച്ചചെയ്യുന്നത്. പദ്ധതിയുടെ സാധ്യതകൾ വലുതാണെങ്കിലും പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല. ഈ ബിൽ നിയമമായി വരുന്നതോടുകൂടി ജില്ലയ്ക്കോ സംസ്ഥാനത്തിനോ മുഴുവൻ ഗുണംലഭിക്കുന്ന സംയോജിത സാധ്യതകളുള്ള മെഗാ പ്രോജക്ടുകളും വലിയ പദ്ധതികളും കണ്ടെത്താൻ പ്രാദേശിക സർക്കാരുകൾക്ക് സാധിക്കും. വലിയൊരു വികസനമാറ്റത്തിന്റെ തുടക്കവും വാതായനവുമാണ് ഇതിലൂടെ തുറക്കപ്പെടുന്നത്. അധികാരവികേന്ദ്രീകരണത്തിന്റെ സുപ്രധാന ലക്ഷ്യങ്ങളിലൊന്നാണ് സാമൂഹിക നീതിയും ദുർബല ജനവിഭാഗങ്ങളുടെ അതിജീവന സുരക്ഷയും. ഇത് അംഗീകരിക്കപ്പെടുന്ന പുതിയ സാഹചര്യത്തിൽ, സ്ത്രീശാക്തീകരണം, പാർശ്വവത്കരിക്കപ്പെടുന്ന ദുർബ്ബല ജനവിഭാഗങ്ങളുടെ ശാക്തീകരണം, അതിജീവന സുരക്ഷ എന്നിവയൊക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വലിയ പ്രാധാന്യത്തോടെ ഏറ്റെടുത്ത് നടത്തേണ്ട വർത്തമാനകാല സാഹചര്യത്തിലാണ് ഈ നിയമം പാസ്സാക്കുന്നത്. കൂടാതെ, നയരൂപീകരണത്തിന് സഹായകരമായിട്ടുള്ള വിവരസമൂഹം സൃഷ്ടിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഈ ചുമതലകൾ നിർവ്വഹിക്കാൻ ഈ നിയമത്തിന്റെ ഭാഗമായി എംപവർമെന്റ് വിംഗ് എന്നുള്ള രീതിയിൽ പ്രവർത്തിക്കാൻ വേണ്ടിയാണ് സർക്കാർ നിർദ്ദേശിക്കുന്നത്. വളരെ അവസരോചിതവും യുക്തിചിന്തയോടുംകൂടിയ സർക്കാരിന്റെ കാഴ്ചപ്പാടായാണ് ഇതിനെ കണക്കാക്കുന്നത്.

നിലവിൽ നഗരസഭകളെ സംബന്ധിച്ച് ഖര-ദ്രവമാലിന്യ സംസ്കരണം വലിയ പ്രശ്നമാണ്. അത് വലിയ പ്രതിസന്ധിയാണ് സൃഷ്ടിക്കുന്നത്. നഗരസഭകളിലെ നിലവിലുള്ള ആരോഗ്യ വിഭാഗം ജീവനക്കാരെ പബ്ലിക് ഹെൽത്ത് ആൻഡ് എൻവയോൺമെന്റ് മാനേജ്മെന്റ് വിഭാഗമെന്ന് പുനർനാമകരണം ചെയ്തിരിക്കുകയാണ്. നഗരപ്രദേശങ്ങൾ നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട വികസനപ്രശ്നമായ ഖര-ദ്രവമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ചചെയ്യാനും പരിഹാരം കണ്ടെത്താനുമുള്ള സ്ഥിതിയിലേയ്ക്ക് കാര്യങ്ങൾ കൊണ്ടുപോകാൻ കഴിയും. കാരണം, പൊതുജനാരോഗ്യ-പരിസ്ഥിതി സംരക്ഷണ രംഗത്തെല്ലാം വൈദഗ്ദ്ധ്യമുള്ള, പരിചയസമ്പന്നമായ ഉദ്യോഗസ്ഥ സംവിധാനമായി ഇതിനെ മാറ്റാൻ കഴിയും. അവരുടെ സേവനം നല്ലരീതിയിൽ പ്രയോജനപ്പെടുത്താൻ നമുക്ക് കഴിയും. പദ്ധതിയുടെ കാഴ്ചപ്പാടിനെക്കുറിച്ചും നമുക്കറിയാം. ദീർഘകാല ദർശനത്തിൽ ഉരുത്തിരിയുന്ന പദ്ധതികൾ (Perspective plan), ബഹുതല ആസൂത്രണ സാധ്യതകൾ (Multilevel planning) എന്നിവ വരുംനാളുകളിൽ കേരളത്തിൽ ഫലപ്രദമായ രീതിയിൽ പ്രയോജനപ്പെടുത്താനും നടപ്പിലാക്കാനുമുള്ള സാധ്യതകൾ ഈ ബില്ലിലൂടെ വഴിതുറക്കുകയാണ്. 'നവകേരളത്തിന് ജനകീയാസൂത്രണം' എന്ന സന്ദേശത്തിലൂടെ കേരള വികസന

മാതൃകയുടെ രണ്ടാം ഘട്ടത്തിന്, 13-ാം പദ്ധതിക്ക് തുടക്കംകുറിച്ച് പുതിയ പാതയിലേയ്ക്ക് മുന്നോട്ടുപോകുകയാണ്. പഞ്ചവത്സര പദ്ധതികൾ രാജ്യവും ഇതര സംസ്ഥാനങ്ങളും ഉപേക്ഷിക്കുമ്പോൾ അതിൽനിന്നെല്ലാം വ്യത്യസ്തമായി ജനപക്ഷത്തുനിന്നുകൊണ്ട് ബദലുകൾ സൃഷ്ടിച്ച് വികസനക്കുതിപ്പുമായി മുന്നോട്ടുപോകുന്ന കേരളത്തിൽ മാത്രമാണ് ഇന്ത്യൻ സംസ്ഥാനങ്ങളിൽ പഞ്ചവത്സര പദ്ധതികൾ ഇപ്പോഴും നടപ്പാക്കുന്നതെന്നുള്ളത് അഭിമാനത്തോടുകൂടി പറയാൻ കഴിയും. കേരളത്തിൽ അടുത്തകാലത്ത് പഞ്ചായത്ത് വകുപ്പുമായി ബന്ധപ്പെട്ട് ഡിസംബർ മാസത്തോടെ സേവനങ്ങൾ മൊബൈൽ ആപ്പിലൂടെ വിരൽത്തുമ്പിലാക്കി. കാരണം, വിസ്മയകരമായ വേഗതയിൽ സമൂഹം സഞ്ചരിക്കുമ്പോൾ അതോടൊപ്പമല്ല, ഒരുപടി മുന്നിൽത്തന്നെ സഞ്ചരിക്കാൻ കേരളത്തിന്റെ തദ്ദേശസ്വയംഭരണ വകുപ്പ് തീരുമാനിച്ചിരിക്കുകയാണ്. കൂടുതൽ പണവും അധികാരവും പ്രാദേശിക സംവിധാനമായ ത്രിതല പഞ്ചായത്തുകൾക്ക് കൊടുക്കും. എന്നാൽ യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നാൽ അത് തിരിച്ചുപിടിക്കും. ഒരുഘട്ടത്തിൽ ജനകീയാസൂത്രണമെന്ന പേരുപോലും അവർക്ക് വർജ്ജ്യമായിരുന്നു. ജനകീയാസൂത്രണം എന്ന പേരുമാറ്റി കേരള വികസന പദ്ധതിയെന്ന് വിളിക്കാൻ നിർബന്ധിതരായി. അപ്പോഴും അധികാരം വെട്ടിക്കുറച്ചിരുന്നു. എന്നാൽ, എൽ.ഡി.എഫ്. ഗവൺമെന്റ് എപ്പോഴും അധികാരവും പണവുംകൊടുത്ത് ജനങ്ങളെ വിശ്വാസത്തിലെടുക്കുകയാണ് ചെയ്യുന്നത്. അതിന്റെ ഭാഗമായാണ് രണ്ടാം പിണറായി സർക്കാർ അധികാരത്തിൽ വന്നപ്പോൾ, ഏറ്റവും ഒടുവിൽ മെയിന്റനൻസ്/വികസന ഫണ്ടുകളുടെ വിഹിതം വർദ്ധിപ്പിച്ചത്. വികസന ഫണ്ട് കഴിഞ്ഞ വർഷം 7,180 കോടി രൂപയായിരുന്നത് ഇത്തവണ 8,048 കോടി രൂപയായി വർദ്ധിപ്പിച്ചിരിക്കുകയാണ്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 19,788 കോടി രൂപ മാത്രമായിരുന്നു പ്രദേശിക സർക്കാരുകൾക്ക് വികസന ഫണ്ടിനത്തിൽ നീക്കിവച്ചത്. ഒന്നാം പിണറായി സർക്കാർ നൽകിയത് 33,130 കോടി രൂപയായിരുന്നു. ഇതിൽ വളരെ ശ്രദ്ധേയമായ ഇടപെടലായിരുന്നു എൽ.ഡി.എഫ്. സർക്കാർ നടത്തിയിട്ടുള്ളത്. അതുപോലെ, ഫയലുകൾ തീർപ്പാക്കുകയെന്ന പ്രവർത്തനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് റെക്കോർഡ് വേഗതയാണ്. 78 ശതമാനം ഫയലുകളും തീർപ്പാക്കികൊണ്ട് ശ്രദ്ധേയമായ ഇടപെടലുകൾ നടത്താൻ തദ്ദേശസ്വയംഭരണ വകുപ്പിന് കഴിഞ്ഞു. അതിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയേയും ഉദ്യോഗസ്ഥരെയും ഈ അവസരത്തിൽ പ്രത്യേകം അഭിനന്ദിക്കുകയാണ്.

ഇതരമേഖലകളിലെന്നപോലെ കേരളത്തിലെ പഞ്ചായത്ത് സംവിധാനത്തിലേയ്ക്കും പുരസ്കാരങ്ങളും അംഗീകാരങ്ങളും തേടിയെത്തുകയാണ്. സംസ്ഥാനത്ത് നിരവധി പ്രശ്നങ്ങൾ ഈ മേഖലയിലുണ്ടെങ്കിലും അംഗീകാരത്തിന്റെ നിറവിലാണ് കേരള

ഗവണ്മെന്റ്. അതുപോലെ, തൊഴിവലസരങ്ങൾ സൃഷ്ടിക്കുന്നു. സംസ്ഥാനത്ത് 20 ലക്ഷം അഭ്യസ്തവിദ്യർക്ക് 2026-നുള്ളിൽ തൊഴിലവസങ്ങൾ ലഭ്യമാക്കുമെന്ന് പ്രഖ്യാപിച്ച് നടപടിക്രമങ്ങളിലേയ്ക്ക് പോയിരിക്കുകയാണ്. 25000 യുവ എഞ്ചിനീയർമാർക്ക് തൊഴിൽ കൊടുക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ചു. ഇവർക്കായി 6,000 കോടി രൂപയുടെ പ്രവൃത്തികൾ ആരംഭിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ഇതിനെല്ലാം പുറമെ, ഇന്ത്യൻ സംസ്ഥാനങ്ങൾക്ക് മാതൃകയായി അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചു. ആദ്യം ഭക്ഷണം, മരുന്ന്, വീട് എന്നിങ്ങനെ സൂക്ഷ്മതല പദ്ധതികൾക്ക് ത്രിതല സംവിധാനം ഉറപ്പുവരുത്തിക്കൊണ്ടുള്ള ഇടപെടലുകളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇന്ത്യയിലായാലും കേരളത്തിലായാലും യു.ഡി.എഫ്.-ന് ഇത്തരമൊരു ഭരണനിർവ്വഹണവുമായി മുന്നോട്ടുപോകാൻ കഴിയുമോ; എല്ലാത്തിനെയും എതിർക്കുകയല്ലേ യു.ഡി.എഫ്. ചെയ്യുന്നത്; യു.ഡി.എഫ്. എല്ലാം മറന്നുപോകുന്നത് എന്താണ്; നരസിംഹം സിനിമയിൽ മമ്മൂട്ടിയുടെ കഥാപാത്രം അഡ്വ. നന്ദഗോപാൽ മാരാർ എന്നാണ്. രാമൻപിള്ള പ്രതിക്കൂട്ടിൽ പതറിനിൽക്കുമ്പോൾ രാമൻപിള്ളയോട് പറയുന്നത്, 'ഓർമ്മ കാണില്ല; ഓർമ്മയില്ല അല്ലേ'; എന്നാണ്. 'വലിയ ചന്ദനാദി എണ്ണയാണ്' ശിപാർശ ചെയ്യുന്നത്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയോട് എനിക്ക് പറയാനുള്ളത്, കേരളത്തിലെ പ്രതിപക്ഷ എം.എൽ.എ.-മാർക്ക് വലിയ ചന്ദനാദി എണ്ണ ഓരോ കുപ്പി കൊടുക്കുന്നതാണ് നല്ലത് എന്നാണ്. പഴയത് പലതും മറക്കുന്നു. സർവ്വകലാശാലയെക്കുറിച്ച് ഇന്ന് അവതരിപ്പിച്ച അടിയന്തരപ്രമേയത്തിലുൾപ്പെടെ അതാണുണ്ടായത്. അതോടൊപ്പം ദേശീയ രാഷ്ട്രീയത്തിൽ കോൺഗ്രസ്സിന് നേതൃത്വമില്ലാതായിരിക്കുന്നത് എന്തൊരു ഗതികേടാണ്. ജി-7, ജി-20 രാഷ്ട്രങ്ങളെക്കുറിച്ച് നമ്മൾ കേട്ടിട്ടുണ്ട്. ജി-23 കോൺഗ്രസ്സെന്ന് നമ്മൾ കേട്ടിട്ടില്ല. അതാണ് ഇപ്പോൾ കേട്ടുകൊണ്ടിരിക്കുന്നത്. പാർട്ടിയുടെ അവസ്ഥയെന്താണെന്ന് ആലോചിച്ചുനോക്കണം. പാർട്ടി ഇന്ത്യൻ രാഷ്ട്രീയത്തിലെ എല്ലാതലത്തിലും ഒറ്റപ്പെട്ടുകൊണ്ടിരിക്കുകയാണ്. എ.ഐ.സി.സി.-യുടെ ഓഫീസ് പ്രാവ് ഒഴിഞ്ഞ കൂടുപോലെയാണ്. ആരും അങ്ങോട്ട് കയറുന്നില്ല. ശ്രീ. കപിൽ സിബലും ശ്രീ. ആനന്ദ് ശർമ്മയുമൊക്കെ പോയി, നേതൃത്വമില്ല. പാപ്പരീകരിച്ച രാഷ്ട്രീയ നേതൃത്വമാണുള്ളത്. ഇവർക്ക് ഈ രാജ്യത്തെ രക്ഷിക്കാൻ കഴിയുമോ? എല്ലാ അനീതിക്കും കോൺഗ്രസ്സിന് എപ്പോഴും കൂട്ടുനിൽക്കുകയാണ് മുസ്ലീം ലീഗ്. വേപ്പിൻകുരുവിന് കാഞ്ഞിരക്കുരു സാക്ഷിയെന്ന് പറഞ്ഞതുപോലെയാണ് ഇവരുടെ ഇവിടെയുള്ള നിലപാട്. അതിൽനിന്നെല്ലാം വ്യത്യസ്തമായി, നാട്ടിൽ വികസനവും ക്ഷേമപദ്ധതികളും നടപ്പിലാക്കി മുന്നോട്ടുപോകുന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഈ ബിൽ വളരെ പ്രസക്തവും പ്രാധാന്യം അർഹിക്കുന്നതുമാണ്.

<u>ശ്രീ. യു. എ. ലത്തീഫ്</u>: സർ, 2022-ലെ കേരള തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. രാജീവ് ഗാന്ധി ഇന്ത്യയുടെ പ്രധാനമന്ത്രിയായിരുന്ന സമയത്ത് ദക്ഷിണേന്ത്യയിലെ നഗരസഭാ ചെയർമാന്മാരെ ബാംഗ്ലൂരിലേയ്ക്ക് വിളിച്ചുവരുത്തി. അന്ന് കേരളത്തിലെ മുനിസിപ്പൽ ചെയർമാൻ ചേംബറിന്റെ ജനറൽ സെക്രട്ടറിയായിരുന്ന ഞാനും ആ യോഗത്തിൽ പങ്കെടുത്തിരുന്നു. അദ്ദേഹം അന്ന് അവിടെവച്ച് അധികാര വികേന്ദ്രീകരണത്തെക്കുറിച്ച് സംസാരിച്ചു. അതിന് ഏറ്റവും അത്യാവശ്യമായത് ഭരണഘടനാ ഭേദഗതിയാണെന്നും ഭാരതത്തെ 21-ാം നൂറ്റാണ്ടിലേയ്ക്ക് കൈപിടിച്ചുയർത്താൻ എല്ലാ അധികാരങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകണമെന്നുമുള്ള ഉറച്ച അഭിപ്രായം രേഖപ്പെടുത്തി. അതിന്റെയടിസ്ഥാനത്തിൽ രൂപപ്പെട്ടുവന്ന ഇന്ത്യൻ ഭരണഘടനയുടെ 73, 74 ഭേദഗതികളിലൂടെയാണ് കൂടുതൽ അധികാരങ്ങൾ പഞ്ചായത്തുകൾക്കും നഗരസഭകൾക്കും നൽകിയത്. അതുകൊണ്ട് ഈ ബിൽ എന്റെ അഭിപ്രായത്തിൽ ഭരണഘടനയെ അവഗണിക്കുന്നതും ധിക്കരിക്കുന്നതുമാണ്. ഇന്ത്യൻ ഭരണഘടനയുടെ 73, 74 ഭേദഗതിയിലൂടെ കൂടുതൽ അധികാരങ്ങൾ നൽകി രണ്ടായി നിലനിർത്തിയതാണ് പഞ്ചായത്ത്-നഗരകാര്യ വകുപ്പുകൾ. ആർട്ടിക്കിൾ 243 (a) മുതൽ (o) വരെ പഞ്ചായത്തിന്റെ വിശാലമായ അധികാരത്തെപ്പറ്റിയും ഘടനയെപ്പറ്റിയും പ്രതിപാദിക്കുന്നു. 243 (p) മുതൽ (z) വരെ മുനിസിപ്പാലിറ്റിയുടെ ഘടനയെക്കുറിച്ചും അധികാരത്തെക്കുറിച്ചും സർവ്വീസുകളെക്കുറിച്ചും രണ്ടായിത്തന്നെ വിശദീകരിക്കുന്നു. ഇവ രണ്ടും യോജിപ്പിക്കുന്നത് ഭരണഘടനാവിരുദ്ധമാണെന്നാണ് എന്റെ അഭിപ്രായം. 1994-ൽ കേരള ഗവൺമെന്റ് പാസ്സാക്കിയ മുനിസിപ്പാലിറ്റി ആക്ടിനും പഞ്ചായത്ത്‌രാജ് ആക്ടിനും വിരുദ്ധമാണ്. ഇത്തരം ഒരു പൊതുസർവ്വീസ് ആരംഭിക്കണമെന്നത് ഏതെങ്കിലും പഠനത്തിലോ കമ്മീഷൻ റിപ്പോർട്ടിലോ ജീവനക്കാരുടെ സംഘടനകളോ ജനപ്രതിനിധികളോ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലല്ല. 2008-ലെ ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണെന്നാണ് സർക്കാർ ആദ്യം വിശദീകരിച്ചത്. എന്തടിസ്ഥാനത്തിലാണ് ഗവർണർ ഇങ്ങനെ ആവശ്യപ്പെട്ടതെന്ന് വ്യക്തമാക്കാൻ ഇപ്പോഴും ബന്ധപ്പെട്ടവർക്ക് സാധിക്കുന്നില്ല. വകുപ്പുകളുടെ ഏകീകരണത്തിന്റെ വ്യാപനം മാത്രമാണ് നടന്നത്. ജീവനക്കാരുടെ സർവ്വീസ് ഏകീകരണം നടന്നിട്ടില്ല. മാത്രമല്ല, പി.എസ്.സി. അംഗീകരിച്ച സ്പെഷ്യൽ റൂൾസ് ഇതുവരെ പുറത്തിറക്കിയിട്ടില്ല. 1953 മുതൽ ജോലി ചെയ്തുവരുന്ന വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ തസ്തിക ഒഴിവാക്കിയിരിക്കുന്നു. ഗ്രാമീണ മേഖലയിൽ, ഏറ്റവും അധികം ജനങ്ങളുമായി അടുത്ത് പ്രവർത്തിക്കുന്ന ഗ്രാമസേവകരെ നിർത്തലാക്കിയത് എന്ത് പരിഷ്കാരമാണ്; ആരോടാണ് ഇത് ചോദിക്കേണ്ടത്? ഇന്റഗ്രേഷനാണ് പറയുന്നതെങ്കിലും ഇന്റർചെയ്ഞ്ച് മാത്രമാണ് നടക്കാൻ സാധ്യത. ഇപ്പോൾ അഞ്ചുവകുപ്പുകൾ ഏകീകരിച്ചെന്ന പ്രഖ്യാപനം

നടത്തുമ്പോഴും നാല് വകുപ്പുകൾക്കും ഓരോ മേധാവികളെ നിലനിർത്തുകയും അതിന്റെ മുകളിൽ പ്രിൻസിപ്പൽ ഡയറക്ടറെ നിയമിക്കുകയും ചെയ്തിരിക്കുന്നു. ഫലത്തിൽ പഴയ വകുപ്പുകൾ അതേപടി തുടരും. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വാക്കുകൾ ഉദ്ധരിക്കട്ടെ. 'മുമ്പിൽ വരുന്ന ഓരോ ഫയലിലും പാവപ്പെട്ടവരുടെ ജീവിതമാണുള്ളത്. ബ്രിട്ടീഷുകാരുടെ കാലത്തെ ഫയൽനോട്ട രീതി മാറണം. അവരുടെ അവകാശങ്ങളെ എങ്ങനെ നിയന്ത്രിക്കാമെന്നതിനുപകരം അവരെ എങ്ങനെ സഹായിക്കണമെന്ന രീതിയിലുള്ള പോസിറ്റീവ് ഫയൽ സമ്പ്രദായം പകരം വയ്ക്കണം' എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടത് സ്വാഗതാർഹമാണ്. പക്ഷെ ഇപ്പോൾ സംഭവിക്കുന്നതെന്താണ്? ഇന്ന് ഫയലുകളുടെ താമസം ഇരട്ടിയിലധികമായി. ഉദാഹരണത്തിന്, ഒരു ഉദ്ഘാടനച്ചടങ്ങിനുവരുന്ന ചെലവ് മുമ്പ് സെക്ഷനിൽ പരിശോധിച്ച് പഞ്ചായത്ത് തീരുമാനസഹിതം സൂപ്പർവൈസർക്ക് സമർപ്പിച്ച് പേമെന്റ് ഓർഡർ സഹിതം സെക്രട്ടറിക്ക് നൽകി പ്രസിഡന്റിന് സമർപ്പിച്ച് അംഗീകാരം വാങ്ങി അക്കൗണ്ടന്റ് ചെക്ക് എഴുതിനൽകുന്നു. ഒരു തവണ മാത്രം ഒരു ഓഫീസറുടെ പക്കൽവന്നാൽ മതി. എന്നാൽ ഇപ്പോൾ ഐ.എൽ.ജി.എം.എസ്. പ്രകാരം ഫ്രണ്ട് ഓഫീസിൽനിന്ന് സെക്ഷൻവഴി സൂപ്പർവൈസറുടെ അടുത്തെത്തി അവിടെനിന്നും സെക്രട്ടറിയുടെ അടുത്തെത്തി, അക്കൗണ്ടന്റിന്റെ അടുത്തെത്തി, വീണ്ടും സൂപ്പർവൈസറുടെ അടുത്തേയ്ക്ക്, വീണ്ടും സെക്രട്ടറി, പേമെന്റ് ഓർഡർ അംഗീകാരം, പ്രസിഡന്റിന്റെ അംഗീകാരം, തിരികെ വീണ്ടും അതേ ഓഫീസർമാരുടെ മുമ്പിലേയ്ക്ക് പോകേണ്ട അവസ്ഥയാണ്. എന്തൊരു ചുവപ്പുനാടയാണ്.? സാധാരണക്കാരന്റെ വിഷമം എത്രയോ ഇരട്ടി വർദ്ധിക്കുകയാണ്.

സർവ്വീസ് അപാകതകൾ - നോൺ ഗസറ്റഡ് ജീവനക്കാരന് ഗസറ്റഡ് തസ്തികയിൽ എത്താൻ കഴിയാത്ത സാഹചര്യമുണ്ടാകുന്നു. നേരിട്ടുള്ള നിയമനം, കരട് ചട്ടത്തിൽ പഞ്ചായത്ത് - 376 തസ്തിക, ഗ്രാമവികസനം- 61 തസ്തിക, നിലവിലുള്ളതിന്റെ വ്യത്യാസം: പഞ്ചായത്ത് വകുപ്പ് - 156 എണ്ണം അധികം, ഗ്രാമവികസനം - 15 എണ്ണം കുറവ്. സെക്രട്ടറി എൽ.എസ്.ജി.ഐ. - 551 എണ്ണം, സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി - 448 എണ്ണം, 220 പേർ നേരിട്ട് നിയമനം ലഭിച്ചവർ ഉണ്ടാകേണ്ട സ്ഥലത്ത് 310 പേർ ഉണ്ടാകുന്നു. ഫലമോ പ്രൊമോഷന് കാലതാമസം നേരിടുന്നു. ഹയർ ഗ്രേഡ് ലഭിച്ച ജെ.എസ്./അസിസ്റ്റന്റ് സെക്രട്ടറി തസ്തികയിലുള്ളവരെ തൊട്ടടുത്തുള്ള കാറ്റഗറിയിലാക്കിയില്ലെന്നത് പക്ഷപാതപരമാണ്.

ടെസ്റ്റ് ക്വാളിഫിക്കേഷൻ - നിലവിൽ ജീവനക്കാർക്ക് എം.ഒ.പി., അക്കൗണ്ട് ടെസ്റ്റ്, പഞ്ചായത്ത് ടെസ്റ്റ് എന്നിവ പാസ്സായാൽ മതിയായിരുന്നു. ഇപ്പോൾ പുതിയ നിയമം അനുസരിച്ച് അധികമായി മുനിസിപ്പൽ ടെസ്റ്റുകൂടി പാസ്സാകണം. ജൂനിയർ സൂപ്രണ്ട്, അക്കൗണ്ടന്റ് എന്നീ തസ്തികകൾ സബോർഡിനേറ്റ് സർവ്വീസ് കരട് ചട്ടത്തിൽ ചേർത്തിട്ടില്ല. ലൈബ്രേറിയൻ

പ്രൊമോഷനിൽ അപാകത, ഫുൾടൈം സ്വീപ്പർമാർ, സ്കാവഞ്ചർമാർ എന്നിവരെ കരട് ചട്ടത്തിലുൾപ്പെടുത്തിയിട്ടില്ല തുടങ്ങിയ ധാരാളം അപാകതകളും ആവശ്യങ്ങളും നിലനിൽക്കുകയാണ്. സ്റ്റേറ്റ് എംപ്ലോയീസ് യൂണിയൻ, എസ്.ജി.ഒ.യു. തുടങ്ങിയ സംഘടനകൾ നിരന്തരമായി ആവശ്യപ്പെട്ടിട്ടും ബന്ധപ്പെട്ടവർ ശ്രദ്ധിക്കുന്നില്ല. ഫലമെന്തായിരിക്കും; നിരന്തരമായി കേസുകൾ തുടരും. ഇപ്പോൾ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ അഞ്ച് ജീവനക്കാർ, അഡ്വ. കാളീശ്വരം രാജ് മുഖേന ഫയൽ ചെയ്ത ഒ.എ. നം. 988/2022 നമ്പർ കേസിൽ സംയോജനം നടക്കുമ്പോൾ ഉണ്ടാകുന്ന ഡിസ്പാരിറ്റീസ്, ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ Bhagwan Sahai & Ors. v. Union of India [1989 (2) SCC 299] റൂളിംഗ് പ്രകാരം equals and equals have to be treated equally എന്ന dictum അനുസരിച്ച് തീർപ്പാക്കാൻ വിധിച്ചിരിക്കുന്നു. ഇനിയും ധാരാളം കേസുകൾക്ക് സാധ്യതയുണ്ട്. ഇന്ന് രാവിലെ നടന്ന ചർച്ചയിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കേന്ദ്ര ഗവൺമെന്റ് അർഹമായ സഹായം വെട്ടിക്കുറച്ചതുകൊണ്ട് സംസ്ഥാന ഗവൺമെന്റ് അനുഭവിക്കുന്ന പ്രയാസങ്ങളെക്കുറിച്ച് സഭയിൽ പങ്കുവയ്ക്കുകയും ചെയ്തു. അതുപോലെയല്ലേ വികസന സെമിനാർ കഴിഞ്ഞശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിവിഹിതം വെട്ടിക്കുറച്ചുകൊണ്ട് ഉത്തരവ് ഇറങ്ങുന്നത്. അതിന്റെ ഫലമായി ഇവിടത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ (ജില്ലാ പഞ്ചായത്തായാലും ബ്ലോക്ക് പഞ്ചായത്തായാലും മുനിസിപ്പാലിറ്റിയാലും പഞ്ചായത്തുകളായാലും) അദ്ധ്യക്ഷന്മാരും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്മാരും ഭരണസമിതി അംഗങ്ങളും ജനങ്ങളിൽനിന്ന് നേരിടുന്ന വിമർശനങ്ങളും ആക്ഷേപങ്ങളും ഈ സഭയിലല്ലാതെ ആരോടാണ് പറയേണ്ടത്? ഇത് അധികാര വികേന്ദ്രീകരണമല്ല, മറിച്ച് അധികാര കേന്ദ്രീകരണമാണ്. സംഘടനയോ, ജനപ്രതിനിധിയോ ആരും ആവശ്യപ്പെടാത്ത, ആർക്കും ഗുണംചെയ്യാത്ത ഈ തുഗ്ലക് പരിഷ്കാരങ്ങൾ ഒഴിവാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടും ഇതിനെ എതിർത്തുകൊണ്ടും ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. ഡി. പ്രസേനൻ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. വി. കെ. പ്രശാന്ത്): സർ, ഞാൻ ഭേദഗതിയെ പിന്താങ്ങുന്നു. എനിക്കുമുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട മഞ്ചേരി അംഗം വികേന്ദ്രീകരണത്തെ ശക്തിപ്പെടുത്തുകയല്ലെന്നാണ് വാദിച്ചത്. മൂന്ന് മന്ത്രിമാരെവച്ച് വികേന്ദ്രീകരണം നടപ്പാക്കിയ ഓർമ്മ നമ്മുടെ എല്ലാവരുടെയും മനസ്സിലുണ്ട്. അതാണ് വികേന്ദ്രീകരണമെന്നാണ് അദ്ദേഹം ധരിച്ചിരിക്കുന്നത്. അദ്ദേഹം ഫയൽ ശ്രേണിയെക്കുറിച്ചും പറഞ്ഞു. മൂന്ന് മന്ത്രിമാരെ വയ്ക്കുകയും അതിന്റെയടിസ്ഥാനത്തിൽ ഫയലുകൾ നീങ്ങുകയും ചെയ്തതിനെക്കുറിച്ചുകൂടി അദ്ദേഹം ആലോചിക്കുന്നത് നന്നായിരിക്കും. അത് ഫയൽ പ്രക്രിയ എളുപ്പമാക്കുകയായാണോ കൂടുതൽ സങ്കീർണ്ണമാക്കുകയായാണോ ചെയ്യുന്നതെന്ന് അദ്ദേഹം ആലോചിക്കണം.

ഞാൻ ഈ ഭേദഗതിയെ പിന്തുണയ്ക്കുകയാണ്. പൊതുവെ ഇത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സേവനം മെച്ചപ്പെടുത്തുമെന്നുമാത്രമല്ല, കാര്യക്ഷമത വർദ്ധിപ്പിക്കുകയും വിവിധ തട്ടുകളിലായി നടന്നുകൊണ്ടിരിക്കുന്ന കാര്യങ്ങൾ ഏകോപിപ്പിച്ച് ഒറ്റ സർവ്വീസിലേയ്ക്ക് കൊണ്ടുവരികയും ചെയ്യുകയാണ്. ഇത് ജനങ്ങൾക്കാകമാനം ഉപകാരപ്പെടുന്ന സ്ഥിതിയാണുണ്ടാവുക. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആഗ്രഹിക്കുന്നതുപോലെ, ഫയൽ പ്രോസസ്സ് വളരെ എളുപ്പത്തിലാക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റ് ആരംഭിച്ചതിന്റെ ഭാഗമായി വിവിധ തലങ്ങളിലുള്ള നടപടികൾ നടന്നുവരികയാണ്. ജനങ്ങളുപയോഗിക്കുന്ന വിവിധ സർട്ടിഫിക്കറ്റുകളുടെ കാര്യത്തിൽ കഴിഞ്ഞ മന്ത്രിസഭാ യോഗം എടുത്ത നല്ല തീരുമാനം നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. അത് ജനങ്ങൾക്ക് പ്രയോജനപ്രദമായ ഒന്നാണ്. ഏകോപനത്തിന്റെ ഭാഗമായി പഞ്ചായത്ത്, മുനിസിപ്പാലിറ്റി, തദ്ദേശസ്വയംഭരണ, പ്ലാനിംഗ് എന്നിവയിലെ സർവ്വീസുകളും എഞ്ചിനീയറിംഗ് വിഭാഗം, ഗ്രാമവികസനം എന്നിവയിലെ സർവ്വീസുകളും ഏകീകരിക്കുകയാണ്. അതിന്റെ ഭാഗമായിട്ടാണ് കേരള പഞ്ചായത്ത് രാജ് ആക്ട്, 1994-ന്റെ 13-ാം വകുപ്പും 180-ാം വകുപ്പിന്റെ നാലാം ഉപവകുപ്പും കേരള മുനിസിപ്പാലിറ്റി ആക്ട്, 1994-ന്റെ 20-ാം വകുപ്പും 222-ാം വകുപ്പിന്റെ 1(ബി) ഉപവകുപ്പും കേരള നഗര-ഗ്രാമാസൂത്രണ ആക്ട്, 2016-ലെ 9-ാം വകുപ്പും 10-ാം വകുപ്പും ഭേദഗതി ചെയ്യുന്നത്. സഖാവ് ഇ.എം.എസ്. നമ്പൂതിരിപ്പാട് കേരളം ഭരിക്കുന്ന സമയത്താണ് കേരളത്തിന്റെ അധികാരവികേന്ദ്രീകരണ ചരിത്രം ആരംഭിക്കുന്നത്. അന്ന് കേരളത്തിന്റെ പ്രഥമ മുഖ്യമന്ത്രി അദ്ധ്യക്ഷനായി ഒരു കമ്മിറ്റി രൂപീകരിച്ചുകൊണ്ട് ആ ഭരണപരിഷ്കാര കമ്മീഷൻ റിപ്പോർട്ട് അധികാര വികേന്ദ്രീകരണത്തിന്റെ പ്രാധാന്യത്തെയും അതിൽ വരുത്തേണ്ട കാര്യങ്ങളെയും സംബന്ധിച്ച് കൃത്യമായി വ്യക്തമാക്കുകയുണ്ടായി. 1960-ലാണ് കേരളത്തിലാകമാനം ബാധകമായ പഞ്ചായത്ത് രാജ് ആക്ട് നിലവിൽ വന്നത്. ഈ നിയമപ്രകാരമാണ് പഞ്ചായത്തുകൾ രൂപീകരിക്കുകയും അവിടെ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതികൾ അധികാരത്തിൽ വരികയും ചെയ്തത്. എന്നാൽ അതിന്റെ പ്രവർത്തനം എങ്ങനെയായിരുന്നു? അവിടെ അധികാരവുമില്ല, പണവുമില്ല എന്നനിലയിൽ നോക്കുകുത്തികളായി കുറേ ആളുകൾ ഭരണസമിതിയിൽ ഇരിക്കുകയാണ്. അതിലൊക്കെ പ്രവർത്തിച്ച ആളുകൾ നാട്ടിൽ ഇപ്പോഴുമുണ്ട്. അവരുടെ അനുഭവം നമുക്കെല്ലാവർക്കുമറിയാം. അതുമാറി ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഈ നാട് ഭരിക്കുന്ന ഘട്ടങ്ങളിലാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരവികേന്ദ്രീകരണത്തിലൂടെ അധികാരവും പണവും നൽകണമെന്നുള്ള ഏറ്റവും നല്ല ഉറച്ച നിലപാട് പ്രഖ്യാപിച്ചുകൊണ്ട് മുന്നോട്ടുപോകാൻ തയ്യാറായത്. 1987-ൽ സഖാവ് ഇ. കെ. നായനാർ ഇന്ത്യയ്ക്കുതന്നെ മാതൃകയായ ജില്ലാ കൗൺസിലുകൾ രൂപീകരിച്ചു. 1991-ൽ

ജില്ലാ കൗൺസിൽ നിലവിൽ വന്നു. അതാരാണ് പിരിച്ചുവിട്ടത്; നേരത്തെ ഇവിടെ തടസ്സവാദം ഉന്നയിച്ച ആളുകളല്ലേ? 1994-ൽ കെ. കരുണാകരന്റെ മന്ത്രിസഭ തെരഞ്ഞെടുക്കപ്പെട്ട ജില്ലാ കൗൺസിലുകളെ പിരിച്ചുവിട്ട ചരിത്രം എല്ലാവരുടെയും മനസ്സിലുണ്ട്. അതിനുശേഷം 1992-ൽ നിലവിൽവന്ന 73, 74 ഭരണഘടനാ ഭേദഗതികളുടെ അടിസ്ഥാനത്തിലാണ് 1994-ലെ പഞ്ചായത്ത് രാജ് നിയമവും കേരള മുനിസിപ്പാലിറ്റി നിയമവും നിയമസഭ പാസ്സാക്കിയത്. കേന്ദ്രം, സംസ്ഥാനം എന്നിവപോലെ മൂന്നാമത്തെ അധികാരകേന്ദ്രമാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ മാറ്റണമെന്ന ഇടതുപക്ഷ നിലപാടിന്റെ അടിസ്ഥാനത്തിലാണ് ഇ. കെ. നായനാർ സർക്കാർ നിയോഗിച്ചിട്ടുള്ള ഡോ. സത്യബ്രത സെൻ അദ്ധ്യക്ഷനായ അധികാര വികേന്ദ്രീകരണ കമ്മിറ്റി ശിപാർശപ്രകാരം 1998-ൽ നിയമത്തിൽ ഭേദഗതികൾ കൊണ്ടുവന്നത്. ആരോടെങ്കിലും ആലോചിച്ചിട്ടാണോ ഇതുണ്ടാക്കിയതെന്ന് നേരത്തെ ഇവിടെ ചോദിച്ചു. ഇത് ജനപ്രതിനിധികളുമായി ചർച്ചചെയ്തോയെന്നും എനിക്കുമുമ്പ് സംസാരിച്ച മഞ്ചേരി അംഗം ചോദിക്കുകയുണ്ടായി. ഈ കമ്മീഷന്റെ സിറ്റിംഗിൽ മേയർ എന്നനിലയിൽ ഞാനും പങ്കെടുത്തിട്ടുള്ളതാണ്. അന്ന് ഇതിനുവേണ്ടി ഗവൺമെന്റ് നിയോഗിച്ച കമ്മീഷൻ മുമ്പാകെ നഗരസഭകളും പഞ്ചായത്തുകളും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ സംബന്ധിച്ച ഹിയറിംഗിന് ഹാജരായിട്ടുള്ള ഒരാളാണ് ഞാൻ. അപ്പോഴാണ് കമ്മീഷനെ വച്ചോ, ജനപ്രതിനിധികളുമായി ആലോചിച്ചോ എന്നദ്ദേഹം ചോദിക്കുന്നത്. അതൊരു വസ്തുതാവിരുദ്ധമായ പരാമർശമാണെന്ന് ഞാൻ ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്. ഭരണാധികാരവും ആസൂത്രണാധികാരവും നിർവ്വഹണാധികാരവും സാമ്പത്തികാധികാരവുമെല്ലാം ഇടതുപക്ഷ ഗവൺമെന്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുക്കുകയാണ്. മാത്രമല്ല 30 ശതമാനം വരുന്ന തുക സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റ് വിഹിതത്തിൽനിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുക്കുകയാണ്. അധികാരവും പണവുമില്ലാത്ത സാഹചര്യത്തിൽനിന്നും അവയെ മാറ്റി അധികാരവും ഒപ്പം പണവുംകൂടി കൊടുത്തുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതിനുള്ള പ്രവർത്തനമാണ് എൽ.ഡി.എഫ്. നടത്തിയത്. അതാണ് എൽ.ഡി.എഫ്. നിലപാട്. എൽ.ഡി.എഫ്.-ന്റെ പ്രകടനപത്രികയിൽ തദ്ദേശസ്വയംഭരണ വകുപ്പ് ഏകീകരിക്കുമെന്ന പ്രഖ്യാപനത്തിന്റെയടിസ്ഥാനത്തിലാണ് കാര്യങ്ങൾ ചെയ്യുന്നത്. ജനങ്ങളുടെ മുമ്പാകെ പറഞ്ഞ കാര്യങ്ങൾ പാലിക്കുന്നതിന്റെ ഭാഗമായിട്ടാണ് ഇത്തരമൊരു നിലപാടെടുക്കുന്നത്. അഞ്ച് വകുപ്പുകളെ ഏകീകരിച്ചുകൊണ്ട് ഒരു മന്ത്രിയും ഒരു സെക്രട്ടറിയും ഒരു പൊതുകേഡറുമുള്ള വകുപ്പായി ഇത് മാറുകയാണ്. തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരണത്തിലും സംസ്ഥാന തലത്തിൽ ഒരു വകുപ്പദ്ധ്യക്ഷനും ജില്ലാതലത്തിൽ ഒരു മേധാവിയും വരും.

ഇതിന്റെയടിസ്ഥാനത്തിൽ ഏകോപനം ഉറപ്പുവരുത്താൻ കഴിയും. എത്രയോ പദ്ധതികളാണ് വരുന്നതെന്ന് നമുക്കെല്ലാമറിയാം. കേന്ദ്രാവിഷ്കൃത-സംസ്ഥാനാവിഷ്കൃത പദ്ധതികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ എന്നിവ തമ്മിൽ ഏകോപനം ഉറപ്പുവരുത്താൻ ഈ ഏകീകൃത സംവിധാനത്തിലൂടെ സാധിക്കുമെന്നാണ് കാണുന്നത്. നിലവിൽ വിവിധ നഗരസഭകളുംമറ്റും വ്യത്യസ്ത മാസ്റ്റർ പ്ലാനുകളുണ്ടാക്കുകയാണ്. ഒരു ദുരന്തം വരുമ്പോൾ നമുക്കറിയാം. വെള്ളപ്പൊക്കം വരുന്നത് തിരുവനന്തപുരം നഗരസഭയിലോ ഏതെങ്കിലുമൊരു പഞ്ചായത്തിലോ മാത്രമല്ല. അത് വിവിധ തലങ്ങളിലുള്ള സ്ഥാപനങ്ങളെ ബാധിച്ചുകൊണ്ടാണ് കടന്നുപോകുന്നത്. സ്വാഭാവികമായും അത്തരം കാര്യങ്ങളിൽ കൃത്യമായ പ്ലാനിംഗ് ഉൾപ്പെടെയുള്ള കാര്യങ്ങൾ രൂപീകരിക്കേണ്ടതായിവരും. അതിന് ഇക്കാര്യം സഹായകരമാകുമെന്നാണ് നാം കാണേണ്ടത്. ജില്ലാതല പദ്ധതികൾ രൂപീകരിക്കാൻ ഗവൺമെന്റ് ആലോചിച്ചു. ഇപ്പോൾ രണ്ട് പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു റോഡ് വരികയാണ്. അത് നടപ്പാക്കാൻ ഈയൊരു ഏകോപനത്തിലൂടെ സാധിക്കുമെന്നുള്ളത് നമുക്കെല്ലാവർക്കുമറിയാം. മാത്രമല്ല, ഈയൊരു മാറ്റത്തിലൂടെ തദ്ദേശസ്വയംഭരണ വകുപ്പ് കേരളത്തിലെ മേജർ വകുപ്പായി മാറുകയാണ്. ഏകദേശം മുപ്പതിനായിരത്തിലധികം ജീവനക്കാരും ഏഴായിരത്തിലധികം കണ്ടിജന്റ് ജീവനക്കാരുമൊക്കെയുള്ള വകുപ്പായി തദ്ദേശസ്വയംഭരണ വകുപ്പ് മാറുമെന്നുള്ളതാണ് ഏറ്റവും വലിയ പ്രത്യേകത. ഏകോപനം നിലവിലുള്ള ജീവനക്കാരുടെ താല്പര്യങ്ങളെ ഹനിക്കുന്നില്ല. ഇവിടെ പുതിയ തസ്തികകൾ സൃഷ്ടിക്കപ്പെടുകയാണ്. അത് ധനകാര്യ മെമ്മോറാണ്ടം പരിശോധിക്കുമ്പോൾ നമുക്കറിയാം. ഈ ഏകോപനത്തിലൂടെ ഗവൺമെന്റിന്റെ ലാഭം വർദ്ധിക്കുകയാണ്. 1960-കളിലെ വർക്ക്ലോഡിന്റെ അടിസ്ഥാനത്തിലുള്ള സ്റ്റാഫ് പാറ്റേണുകളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുള്ളത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോടും തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയോടും അഭ്യർത്ഥിക്കാനുള്ളത്, പുതിയൊരു വർക്ക് സ്റ്റഡി നടത്താൻ തയ്യാറാകണമെന്നാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വർക്ക്ലോഡ് മുമ്പില്ലാത്ത വിധത്തിൽ വർദ്ധിച്ചിരിക്കുകയാണ്. ആ വർക്ക്ലോഡും പുതിയ കാലഘട്ടത്തിന്റെ പ്രത്യേകതകളും മനസ്സിലാക്കി അതിനാവശ്യമായ ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് ഞാൻ ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്.

കേരളത്തിലെ ഗ്രാമ-നഗര മേഖലകളിലെ തദ്ദേശസ്വയംഭരണ കാര്യനിർവ്വഹണത്തിന്റെ പ്രശ്നങ്ങൾകൂടി മനസ്സിലാക്കി ഏകീകരണത്തിലൂടെ അവ പരിഹരിക്കാൻ കഴിയേണ്ടതുണ്ട്. വിവിധ തലങ്ങളിലാണ് ഭരണനിർവ്വഹണം നടക്കുന്നത്. ഗ്രാമപ്രദേശങ്ങളിൽ ഒരു സംവിധാനവും നഗരങ്ങളിൽ മറ്റൊരു

സംവിധാനവുമാണ്. അതിന്റെയടിസ്ഥാനത്തിൽ അർബൻ-റൂറൽ അഡ്മിനിസ്ട്രേഷനുകൾ തമ്മിലുള്ള വ്യത്യാസം കൃത്യമായും മനസ്സിലാക്കി, നേരത്തെ പറഞ്ഞതുപോലെ ഒരു സ്റ്റഡി നടത്തി ഏകോപനത്തിന്റെ ഭാഗമായി വിന്യസിക്കപ്പെടുന്ന ഉദ്യോഗസ്ഥരെ കൃത്യമായി ഓരോ തലങ്ങളിലും നിയോഗിക്കണം. എന്നാൽ മാത്രമെ ഇത് പൂർണ്ണമായും വിജയിക്കുകയുള്ളൂവെന്ന കാര്യംകൂടി ഞാൻ ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്. കോടിക്കണക്കിന് രൂപയുടെ പദ്ധതികളും ഒരു മനുഷ്യന്റെ ജനനംമുതൽ മരണംവരെയുള്ള എല്ലാ കാര്യങ്ങളും നിർവ്വഹിക്കുന്നതുമായ സ്ഥാപനമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെന്നുള്ള കാര്യം പ്രത്യേകം പരിഗണിക്കണം. അതുകൊണ്ടുതന്നെ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും സ്റ്റാഫിന്റെ ഷോർട്ടേജ് കൃത്യമായി പരിഹരിക്കാനാവശ്യമായ സംവിധാനം ഇതിന്റെ ഭാഗമായി വരണമെന്നുള്ളതാണ്. ഉയർന്ന കേഡറുകളുടെ കാര്യം വളരെ കൃത്യമായി പരിശോധിച്ചിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. താഴേയ്ക്കുവരുമ്പോൾ അക്കാര്യം കൃത്യമായി നടപ്പാക്കാൻ ഗവണ്മെന്റ് പരിശ്രമിക്കണം.

തലസ്ഥാന നഗരത്തിന്റെ ചുമതല വഹിച്ച ആളെന്ന നിലയിൽ എന്റെ അനുഭവമറിയാം. തിരുവനന്തപുരം നഗരസഭയിൽ ഏകദേശം ഒരു ലക്ഷത്തിലധികം തെരുവുവിളക്കുകൾക്ക് പ്രതിമാസം ഒന്നരക്കോടി രൂപയിലധികം കറണ്ട് ബിൽ അടയ്ക്കുന്ന, അല്ലെങ്കിൽ കോടാനുകോടി രൂപയുടെ ഇലക്ട്രിക്കൽ ഉപകരണങ്ങൾ പർച്ചേസ് ചെയ്യുന്ന ഒരു സ്ഥാപനത്തിൽ ഒരു ഓവർസിയറാണ് കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത്. സ്വാഭാവികമായും അവിടെയൊരു ഇലക്ട്രിക് എഞ്ചിനീയറിംഗ് വിഭാഗമുണ്ടാകണം. അതുപോലെ മുന്നൂറിലധികം വാഹനങ്ങൾ അവിടെയുണ്ട്. അവിടെയൊരു മെക്കാനിക്കൽ വിഭാഗമില്ല. അതും കൈകാര്യം ചെയ്യേണ്ടത് ഈ ഉദ്യോഗസ്ഥനാണ്. വ്യക്തിപരമായി അനുഭവമുള്ളതുകൊണ്ടാണ് അതുമാത്രം സൂചിപ്പിക്കുന്നത്. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും അനുഭവം ഇതാണ്. പാരിസ്ഥിതികമായ പല പ്രശ്നങ്ങളും അഭിമുഖീകരിക്കുന്നുണ്ട്. മാലിന്യ നിർമ്മാർജ്ജനം വലിയൊരു തലവേദനയാണ്. അതുമായി ബന്ധപ്പെട്ട് എൺവയോൺമെന്റൽ എഞ്ചിനീയർ ഉൾപ്പെടെ അത്തരം വലിയ നഗരസഭകളിൽ വരേണ്ടതിന്റെ ആവശ്യകതകൂടി ഞാൻ ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കുകയാണ്. പോസ്റ്റ് ക്രിയേഷൻ വരുമ്പോൾ സ്വാഭാവികമായും അത്തരം കാര്യങ്ങളിൽക്കൂടി ഗവണ്മെന്റിന്റെ ശ്രദ്ധ പതിയണമെന്നാണ് ഞാൻ സൂചിപ്പിക്കുന്നത്. ഇന്ന് പുതിയ നഗരസങ്കല്പങ്ങളിലൂടെ പൊയ്ക്കൊണ്ടിരിക്കുകയാണ്. പാശ്ചാത്യ നാടുകളിലൊക്കെ നടക്കുന്ന വികസന പദ്ധതികൾ പരിശോധിച്ച് അത് നമ്മുടെ നാട്ടിലേയ്ക്ക് കൊണ്ടുവരാൻ കഴിയുന്നനിലയിലുള്ള വൈദഗ്ദ്ധ്യമുള്ള അർബൻ എക്സ്പെർട്ടുകളെ നിയോഗിക്കേണ്ടതായിട്ടുണ്ട്. അതോടൊപ്പം ലീഗൽ വിഭാഗത്തിലേയ്ക്കാവശ്യമായ ഉദ്യോഗസ്ഥരെ കൊടുക്കേണ്ടതായിട്ടുണ്ട്. കോടാനുകോടി

രൂപയുടെ കേന്ദ്ര-സംസ്ഥാന പദ്ധതികൾ വരുന്ന വലിയ നഗരസഭകളിൽ ഒരു അക്കൗണ്ട്സ് ഓഫീസറാണ് അത് കൈകാര്യം ചെയ്യുന്നത്. പല ക്രമക്കേടുകളും ഉയർന്നുവരുന്നുണ്ടെന്നുള്ളത് നമുക്കറിയാം. ഒരു ഫിനാൻസ് ഓഫീസറെ നിയമിച്ചാൽ പുനർവിന്യാസത്തിലൂടെ അത്തരം പോസ്റ്റുകൾക്കൂടി ക്രിയേറ്റ് ചെയ്താൽ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുമെന്ന് ഞാൻ ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്. വലിയ നഗരസഭകളിൽ പബ്ലിക് റിലേഷൻസ് ഓഫീസർമാർ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ വരണം. കോടാനുകോടി രൂപയുടെ പദ്ധതികൾ നടത്തുന്നുവെന്ന് മാത്രമല്ല ഒരു മനുഷ്യന്റെ ജനനംമുതൽ മരണം വരെയുള്ള എത്രയോ ആവശ്യങ്ങൾക്ക് ആയിരക്കണക്കിന് ജനങ്ങൾ വന്നുപോകുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഈ നിലയിൽ ശാക്തീകരിക്കാൻ സാധിക്കണമെന്ന് ഞാൻ ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്.

ശുചീകരണവിഭാഗം തൊഴിലാളികളെ പൊതുസർവ്വീസിന്റെ ഭാഗമാക്കി മാറ്റണം. കാരണം അവർ നൽകുന്ന സേവനം നമുക്കെല്ലാവർക്കുമറിയാം. നമ്മൾ രാവിലെ നടക്കാനിറങ്ങുമ്പോൾ റോഡ് വൃത്തിയായിരിക്കണം; നമ്മുടെ കണ്ണുകളിലേയ്ക്ക് മാലിന്യക്കൂനകൾ വരാൻ പാടില്ല. ഈ നിലപാട് കാത്തുസംരക്ഷിക്കുന്നത് ശുചീകരണവിഭാഗം തൊഴിലാളികളാണ്. ഇപ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് തൊഴിലാളികളെ തെരഞ്ഞെടുക്കുന്നത്. അതുകൊണ്ട് ഈ സർവ്വീസിൽനിന്നും അവരെ മാറ്റിനിർത്തേണ്ട കാര്യമില്ല. അവർക്കുവേണ്ട സ്പെഷ്യൽ റൂൾസ് രൂപീകരിച്ചുകൊണ്ട്, അവരെക്കൂടി ഈ സർവ്വീസിന്റെ ഭാഗമാക്കാൻ ശ്രദ്ധിക്കണമെന്നും അതോടൊപ്പം നിർത്തലാക്കപ്പെട്ട വികസന അതോറിറ്റികളിലെ ജീവനക്കാരെ പുനർവിന്യസിക്കാൻ തയ്യാറായാൽ അത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വലിയ ഉപകാരമാകുമെന്നുകൂടി ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്.

കൃഷിഭവൻ ഉൾപ്പെടെയുള്ളവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിട്ടുകൊടുത്തുവെങ്കിലും അവിടത്തെ ഓഫീസർമാരുടെ നിയന്ത്രണം മറ്റൊരു വകുപ്പിന്റെ കീഴിലാണ്. ഇക്കാര്യം ഗവൺമെന്റ് ഗൗരവമായി പരിശോധിക്കണം. കാരണം അധികാരവികേന്ദ്രീകരണം നടപ്പിലാക്കുമ്പോൾ താഴെത്തട്ടിലെ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൃത്യമായ ഇടപെടൽ നടത്താൻ കഴിഞ്ഞാൽ കുറച്ചുകൂടി ഗുണകരമായി ഈ പദ്ധതികൾ നടപ്പാക്കാൻ സാധിക്കും. അതിനാവശ്യമായ നിലപാട് സ്വീകരിക്കണമെന്നുള്ളതാണ് എനിക്ക് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്.

അതോടൊപ്പം ടാക്സ് പിരിക്കുന്നതുംമറ്റും സംബന്ധിച്ചുള്ള കാര്യങ്ങളിൽ കൃത്യമായി ഇടപെടാൻ ഗവണ്മെന്റിന് സാധിക്കണം. ഈ ഏകോപനത്തിലൂടെ അത്തരം കാര്യങ്ങൾ നടക്കുമെന്നുതന്നെയാണ് ഞങ്ങളെല്ലാവരും പ്രതീക്ഷിക്കുന്നത്.

തീർച്ചയായും അതിന്റെ ചട്ടങ്ങളും മറ്റും വരുമ്പോൾ അക്കാര്യങ്ങൾ പരിഹരിക്കപ്പെടുമെന്നതന്നെയാണ് കാണുന്നത്. അഞ്ച് വകുപ്പുകൾ ഏകീകരിക്കുകയെന്നുള്ളത് ഭരണചരിത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഭരണപരിഷ്കാരമാണ്. ധീരമായി ഈ വെല്ലുവിളി ഏറ്റെടുത്ത് ഏകീകരണം യാഥാർത്ഥ്യമാക്കാൻ ഗവൺമെന്റ് സ്വീകരിച്ച നടപടികൾ അങ്ങേയറ്റം അഭിനന്ദനീയമാണ്. കെ.എ.എസ്. രൂപീകരിച്ചതുൾപ്പെടെയുള്ള കാര്യങ്ങളുണ്ട്. അതൊക്കെ കേരളത്തിന്റെ ഭരണചരിത്രത്തിൽ ഇടംനേടിയിട്ടുള്ള പരിഷ്കാരങ്ങളാണെന്ന് കൃത്യമായി പറയാൻ കഴിയും. അഞ്ച് വകുപ്പുകളുടെ ഏകോപനത്തോടുകൂടി അധികാരവികേന്ദ്രീകരണ വിപ്ലവത്തിന്റെ മൂന്നാംഘട്ടം തീർച്ചയായും ഈ സർക്കാരിന്റെ കാലത്ത് ആരംഭിക്കാൻ കഴിയും. അതിന് നേതൃത്വം കൊടുക്കുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയെയും പ്രത്യേകമായി അഭിനന്ദിക്കാൻ ഈ സന്ദർഭം വിനിയോഗിച്ചുകൊണ്ട് ഈ പ്രമേയത്തെ പിന്താങ്ങിക്കൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു. നന്ദി, നമസ്കാരം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ ഭേദഗതിയെ പിന്താങ്ങുന്നു. കാരണം വകുപ്പുകളെ ഏകീകരിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നത്തിന്റെ സാന്ദ്രത മനസ്സിലാക്കിയിട്ടുണ്ടോയെന്നുള്ള സംശയം നിലനിൽക്കുന്നു. ശ്രീ. വി. കെ. പ്രശാന്ത് സംസാരിച്ചപ്പോൾ കക്ഷിരാഷ്ട്രീയമില്ലാതെ അതിന്റെ സാന്ദ്രതയെക്കുറിച്ച് പറഞ്ഞു; പക്ഷെ, അതിൽ പരിഹാരമാർഗ്ഗമില്ല. ചുരുക്കിപ്പറഞ്ഞാൽ അഞ്ച് വകുപ്പുകളെ സംയോജിപ്പിച്ചുകഴിയുമ്പോൾ സർവ്വീസ് സംയോജനം സംബന്ധിച്ച കേസുകളുടെ flood gate തുറക്കാൻപോകുകയാണ്. ഈ സർക്കാരിൽ വകുപ്പുകളുടെ സംയോജനം ആദ്യത്തെ സംഭവമല്ല. ഇതിനുമുൻപും കേരളത്തിൽ വകുപ്പുകളുടെ സംയോജനം നടന്നിട്ടുണ്ട്. പക്ഷെ, അതിനുശേഷം ഉണ്ടായിട്ടുള്ള കേസുകൾ ട്രൈബ്യൂണലിലും കോടതിയിലും മറ്റുമാണ്, അത് പരിശോധിക്കണം, എങ്ങനെ വിജയകരമായി മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമെന്നുള്ള സംശയം ജനങ്ങളുടെ മുന്നിലുണ്ട്. അതുകൊണ്ട് ഈ ഏകീകരണം എങ്ങനെ പ്രാവർത്തികമാക്കാൻ കഴിയും അത് ജനങ്ങൾക്ക് എങ്ങനെ ഗുണം ചെയ്യും എന്നുള്ളതിനെക്കുറിച്ച് ആലോചിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിനുവേണ്ടി ലോക്കൽ ഗവൺമെന്റ് കമ്മീഷനെ ചുമതലപ്പെടുത്തിയെന്ന് പറയുന്നുണ്ട്. അത് ചട്ടപ്രകാരമാണോയെന്നുള്ളത് അങ്ങയുടെ മറുപടി പ്രസംഗത്തിൽ പറയണമെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്.

തനത് ഫണ്ടില്ലാത്തതിനാൽ ജോലിചെയ്യുന്ന ജീവനക്കാർക്ക് ശമ്പളം കൊടുക്കാൻ നിവൃത്തിയില്ലാത്ത ഗ്രാമപഞ്ചായത്തുകളുമുണ്ട്. അവരുടെ ധനസ്ഥിതിയെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോയെന്ന് എനിക്കറിയില്ല. മൈനസ്

പഞ്ചായത്തുകൾ സംസ്ഥാനത്ത് നിലനിൽക്കുകയാണ്. സർവ്വീസ് സംയോജനം വരുമ്പോൾ, ശമ്പളംകിട്ടുന്ന സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേയ്ക്ക് പോയാൽ കുഴപ്പമില്ല. പക്ഷെ, അവിടെനിന്ന് തിരിച്ച് ഈ ഗ്രാമപഞ്ചായത്തിലേയ്ക്ക് വരാൻ ഒരു ഉദ്യോഗസ്ഥനെയും കിട്ടില്ല. കാരണം അവർക്ക് ശമ്പളം കിട്ടില്ല. കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്ന ഒരു സംഭവം അങ്ങയുടെ ശ്രദ്ധയിലുണ്ടാകാമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. റിട്ടയർ ചെയ്യുന്നതിന് തൊട്ടുമുൻപുള്ള ട്രാൻസ്ഫർ പെറ്റീഷൻസ് അങ്ങ് പരിശോധിക്കണം. അതിലെല്ലാം തനത് ഫണ്ടുകളുള്ള പഞ്ചായത്തുകളിലേയ്ക്കോ മുനിസിപ്പാലിറ്റികളിലേയ്ക്കോ പോകാനാണ് ഈ ജീവനക്കാർ ആഗ്രഹിക്കുന്നത്. കാരണമെന്താണ്? റിട്ടയർ ചെയ്യുമ്പോൾ ആനുകൂല്യം കിട്ടണം. ആനുകൂല്യം കിട്ടിയില്ലെങ്കിൽ പ്രശ്നമാകും. അങ്ങനെയൊരു ഫ്ലോ കേരളത്തിൽ നടന്നുകൊണ്ടിരിക്കുകയാണ്. സാമ്പത്തിക ക്ലേശമാണ് പ്രധാനപ്പെട്ട പ്രശ്നം. നമുക്ക് കിട്ടിയിരിക്കുന്ന പണം പഞ്ചായത്തുകൾക്കോ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കോ വിനിയോഗിക്കാൻ കഴിയുന്നവിധത്തിലേയ്ക്കല്ല പോകുന്നത്. 2020-21-ൽ ആകെ ചെലവഴിച്ചത് 81.3 ശതമാനം മാത്രമാണ്. പ്ലാൻ പ്രോഗ്രസ് അനലൈസ് ചെയ്യുമ്പോൾ അത് പറയണം. അതിന്റെ തോത് വളരെ കുറവാണ്. 2021-22-ൽ 67.58 ശതമാനമായി അത് കുറഞ്ഞിട്ടുണ്ട്. 7,280 കോടി രൂപ അനുവദിച്ചതിൽ 4,919 കോടി രൂപ മാത്രമെ ചെലവഴിച്ചിട്ടുള്ളൂ എന്നുള്ളത് നമ്മുടെ മുന്നിലുള്ള ഫിഗേഴ്സാണ്. ഇത് ഗ്രാമപഞ്ചായത്തിലെ കണക്കാണ്. മുനിസിപ്പാലിറ്റി ചെലവഴിച്ചത് 46 ശതമാനം, കോർപ്പറേഷൻ ചെലവഴിച്ചത് 69.54 ശതമാനം, ജില്ലാ പഞ്ചായത്ത് ചെലവഴിച്ചത് 68 ശതമാനവുമാണ്. 70 ശതമാനത്തിൽ കൂടുതൽ തുക ചെലവഴിച്ച ഒരു പഞ്ചായത്തോ മുനിസിപ്പാലിറ്റിയോ ജില്ലാപഞ്ചായത്തോ ഇല്ല എന്ന ഇപ്പോഴത്തെ അവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കണം. ബ്ലോക്ക് പഞ്ചായത്ത് ചെലവഴിച്ചത് താരതമ്യം ചെയ്യുമ്പോൾ ലേശം മെച്ചമാണ്. ഇതാണ് കേരളത്തിലെ കണക്ക്.

ശ്രീ. വി. കെ. പ്രശാന്ത്: സർ, തിരുവനന്തപുരം കോർപ്പറേഷൻ 94 ശതമാനം ചെലവഴിച്ചിട്ടുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, 2020-21-ലാണോ ചെലവഴിച്ചത്? അങ്ങ് പറയുന്നത് പഴയ കണക്കായിരിക്കും. അങ്ങ് മേയറായിരുന്ന കാലത്തെ കണക്കായിരിക്കും പറയുന്നത്. ഞാൻ 2020-21-ലെ കണക്കാണ് പറയുന്നത്. അങ്ങ് വായിച്ച കണക്കുപുസ്തകത്തിലെ ഫിഗർ തന്നെയാണ് ഞാനും പറയുന്നത്. അതുകൊണ്ട് ഞാൻ തർക്കിക്കുന്നില്ല. 2022-23 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയത് 6,682.95 കോടി രൂപയാണ്. ആറുമാസം കഴിഞ്ഞപ്പോൾ ചെലവഴിച്ചത് 557.36 കോടി രൂപയാണ്.

പകുതി കാലം കഴിഞ്ഞു; ചെലവഴിച്ചത് വളരെ കുറവാണ്. ആറുമാസം പിന്നിട്ടപ്പോൾ 8.31 ശതമാനമാണ് ചെലവഴിച്ചിട്ടുള്ളത്, ഞങ്ങൾ വിമർശിക്കുകയല്ല, നന്നാക്കാൻവേണ്ടിയുള്ള പരിശ്രമമാണ്. അതുകൊണ്ട് കൃത്യമായി പരിശോധിക്കണം. 26605 പ്രോജക്ടുകളാണ് പെൻഡിംഗിലുള്ളത്. നിലവിൽ ട്രഷറിയിൽ 445 ബില്ലുകൾ പെൻഡിംഗിലാണ്. ആകെ 52.15 കോടി രൂപയുള്ള ബില്ലുകളും മെയിന്റനൻസ് ഗ്രാന്റ് ഉൾപ്പെടെയുള്ള 67.29 കോടി രൂപയും പെൻഡിംഗിലാണ്. ഇതൊക്കെ മെച്ചപ്പെടുത്തുന്നതിന് ഈ സംയോജനംകൊണ്ട് നടക്കുമോ? ഭരണപരിഷ്കാരമല്ല, ഭരണത്തിന്റെ വേഗത വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടിയെടുക്കണം. അഞ്ചുവകുപ്പുകൾ ഒന്നാക്കിയാൽ 500 പ്രശ്നങ്ങൾ നമ്മുടെ മുന്നിലേയ്ക്ക് വരികയാണ്. അവ പരിഹരിക്കത്തക്കവിധത്തിലുള്ള എന്തെങ്കിലും നടപടികളുണ്ടാകുമോ; അഞ്ച് വകുപ്പുകൾ ഏകോപിപ്പിക്കുമ്പോൾ സെക്രട്ടേറിയറ്റും പഞ്ചായത്തും വലുതാകും. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കയ്യിലിരിക്കുന്ന ഒരു വകുപ്പുകൂടി (പ്ലാനിംഗ്) താങ്കൾ കയ്യേറിയിട്ടുണ്ട്. കയ്യേറ്റത്തിന്റെ കാലഘട്ടമാണല്ലോ; കുഴപ്പമില്ല; ഇരുന്നോട്ടെ, ഗോവിന്ദൻ മാഷാകുമ്പോൾ സീനിയർ നേതാവാണ്; വളരെ ആദർശമുള്ള ഒരു വ്യക്തിയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഇവിടെയിരിക്കുന്ന മറ്റുള്ളവർക്കാർക്കും ആദർശശുദ്ധിയില്ലേ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങയുടെ ആദർശശുദ്ധിയെ ഞങ്ങളാരും ചോദ്യം ചെയ്യുന്നില്ല. പക്ഷേ കയ്യേറ്റം അപ്പുറത്തും ഇപ്പുറത്തുമുണ്ട്. മറ്റുള്ളവരുടെ കയ്യിലിരുന്നതൊക്കെ പതുക്കെ ഇങ്ങോട്ട് കൊണ്ടുവരുന്നുണ്ട്. അത് വകുപ്പുകളുടെ നന്മയ്ക്കാണെങ്കിലോ മെച്ചപ്പെടുത്താനാണെങ്കിലോ നന്നാക്കാനാണെങ്കിലോ കുഴപ്പമില്ല. പക്ഷെ അതിലേയ്ക്ക് വരുമോയെന്ന് എനിക്കറിയില്ല. ഫണ്ടിന്റെ ദൗർലഭ്യത്തെക്കുറിച്ച് പറഞ്ഞല്ലോ; പഞ്ചായത്തുകൾക്ക് മുകളിൽ പുതിയ മിഷനുകൾ ഉണ്ടാക്കിയിട്ടില്ലേ; ലൈഫ് മിഷൻ, ആർദ്രം, വിദ്യാകിരൺ, ഹരിത കേരളം തുടങ്ങിയ മിഷനുകളുടെ കീഴിലായി വികസന പ്രവർത്തനങ്ങൾ വച്ചിരിക്കുകയല്ലേ; അതിന്റെ പണം എവിടെനിന്നാണ് പോകുന്നത്? ശ്രീ. വി. കെ. പ്രശാന്ത് സംസാരിച്ചപ്പോൾ 30 ശതമാനം വിഹിതമെന്ന് സൂചിപ്പിച്ചു, ബഡ്ജറ്റ് വിഹിതത്തിന്റെ 40 ശതമാനം തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകണമെന്ന് ഭരണഘടനയിൽത്തന്നെ പറയുന്നുണ്ട്. 30 ശതമാനമെന്ന് പറഞ്ഞത് തെറ്റാണ്. 40 ശതമാനത്തിൽനിന്നാണ് നിങ്ങൾ പണം തിരിച്ചെടുക്കുന്നത്. എന്നിട്ട് പഞ്ചായത്തുകൾ ഇന്നതിന്നത് ചെയ്യണമെന്ന് പറഞ്ഞ് ഓരോ പുതിയ പദ്ധതികൾ ഡിക്റ്റേറ്റ് ചെയ്ത് നൽകുകയാണ്. ലൈഫ് മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട കണക്ക് അങ്ങേയ്ക്ക് പറയാൻ സാധിക്കുമോ? ലൈഫ് മിഷൻ

പദ്ധതിയിൽ ഗ്രാമപഞ്ചായത്തിന്റെയും സംസ്ഥാന-കേന്ദ്ര ഗവണ്മെന്റിന്റെയും വിഹിതം എത്രയാണ്? ഒരു കെട്ടിടം നിർമ്മിക്കുന്നതിന് നാല് ലക്ഷം രൂപയല്ലേ കൊടുക്കുന്നത്. അതിൽ കേന്ദ്ര ഗവണ്മെന്റിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വിഹിതവും കഴിഞ്ഞാൽ സംസ്ഥാന ഗവണ്മെന്റ് നൽകുന്ന വിഹിതം എത്രയാണ്; പഞ്ചായത്തുകളോട് ചെയ്യുന്നൊരു ദ്രോഹം കൂടിയുണ്ട്. ഡോ. ടി. എം. തോമസ് ഐസക് തുടങ്ങിവച്ചതാണത്. പദ്ധതികൾ നടപ്പാക്കുന്നതിന് വേണ്ടിവരുന്ന ബാക്കി തുക കടം എടുത്തോളുവെന്ന് പഞ്ചായത്തുകളോട് പറയുകയാണ്. പഞ്ചായത്തുകൾ കടമെടുത്താൽ ആ കടം അവർക്ക് വീട്ടാൻ കഴിയുമോ? ഇതുവരെ ഗ്രാമപഞ്ചായത്തുകൾക്കുണ്ടായിരുന്ന ഗുണം അവർക്ക് ഫ്രെഷായി പദ്ധതികൾ ആരംഭിക്കാൻ സാധിക്കുമായിരുന്നു. ഇപ്പോൾ പഴയ ബാധ്യതകളെല്ലാം പഞ്ചായത്തിന്റെ തലയിലോട്ട് വീഴുകയാണ്. ഗവണ്മെന്റ് പറയുന്നതനുസരിച്ച് കടമെടുത്താൽ ആ കടംവീട്ടാൻ അവർക്ക് കഴിയുകയില്ല. അടുത്ത പഞ്ചായത്തിലേയ്ക്ക് ആ കടം ട്രാൻസ്ഫർ ചെയ്ത് പോകും. അങ്ങനെ വന്നാൽ പഞ്ചായത്തുകൾ മുഴുവൻ സാമ്പത്തികമായി തകർന്ന് തരിപ്പണമാകുമെന്ന കാര്യത്തിൽ വല്ല സംശയവുമുണ്ടോ; അതുകൊണ്ട് അതിനാവശ്യമായ നടപടിയെടുക്കണം. പദ്ധതിയാസൂത്രണ വേളയിൽ ആവശ്യത്തിനുള്ള ഫണ്ട് ബഡ്ജറ്റ് അലൊക്കേഷൻവഴി അനുവദിച്ച് നൽകുന്നില്ലെന്ന യാഥാർത്ഥ്യം മനസ്സിലാക്കി ആ സമ്പ്രദായം അവസാനിപ്പിക്കണം. വികസനപ്രവർത്തനങ്ങൾ മെച്ചപ്പെടുത്തണം. നിർബന്ധപൂർവ്വം അടിച്ചേൽപ്പിക്കുന്ന പദ്ധതികൾ പഞ്ചായത്തുകളുടെ വികസനപ്രക്രിയയുടെ മരണമണിയാണ് മുഴക്കുന്നത്. പഞ്ചായത്ത് ഒരു ഗവണ്മെന്റാണെന്നാണ് നമ്മൾ വിവക്ഷിക്കുന്നത്. ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ ഒരു ഗവണ്മെന്റിന്റെ ചുമതല നിർവ്വഹിക്കണമെന്നല്ലേ പറയുന്നത്. ആദ്യകാലത്ത് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജില്ലാ മുഖ്യമന്ത്രിയാണെന്നുവരെ പറഞ്ഞുവച്ചു. പക്ഷെ പ്രായോഗികമായി അവരുടെ വികസനപ്രവർത്തനത്തെ തടസ്സപ്പെടുത്തുകയാണ് ചെയ്യുന്നത്.

കോവിഡ് കാലഘട്ടത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോട് കോവിഡ് നിയന്ത്രണം നടത്തുന്നതിന് നടപടിയെടുക്കണമെന്ന് ആവശ്യപ്പെട്ടു. പക്ഷെ അതിന്റെ ഉത്തരവാദിത്വം ഗ്രാമപഞ്ചായത്തിനെ ഏൽപ്പിച്ചാൽ മതിയോ? ഗ്രാമപഞ്ചായത്തുകളോട് കമ്മ്യൂണിറ്റി കിച്ചൻ ആരംഭിക്കാനും ഇത്ര രൂപയ്ക്ക് ഞങ്ങൾ ഭക്ഷണം കൊടുക്കുമെന്നും ഗവണ്മെന്റ് പറഞ്ഞു. രണ്ടും നല്ലതാണ്. പക്ഷെ പണം ഇതുവരെ കൊടുത്തിട്ടില്ല; കമ്മ്യൂണിറ്റി കിച്ചൻ ആരംഭിച്ച വകയിൽ പണമൊടുക്കാത്തതുകൊണ്ട് ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും വിഷമത്തിലായിരിക്കുകയാണ്. അതിനായി ചെലവഴിച്ച തുക ഇതുവരെ നൽകാൻ

സാധിച്ചിട്ടില്ല. കഴിക്കുന്ന ഭക്ഷണത്തിന്റെ തുകയെങ്കിലും നൽകാൻ സാധിക്കാത്തൊരു ഗവണ്മെന്റാണിതെന്ന് പറയുന്നതുതന്നെ മഹാ ആക്ഷേപമല്ലേ; അത് പ്രതിപക്ഷത്തിരിക്കുന്ന ഞങ്ങൾക്കുപോലും ആക്ഷേപമാണ്. അപ്പോൾ ഭരണപക്ഷത്തിരിക്കുന്ന നിങ്ങൾക്ക് അതിന്റെ തോത് കൂട്ടുകയല്ലേ; അങ്ങനെ ചെയ്യാമോ? ഗ്രാമപഞ്ചായത്തുകളോട് ഇന്നത് ചെയ്യൂവെന്ന് പറഞ്ഞ് ഇനിയും നിങ്ങൾ പുതിയ പദ്ധതികൾ പ്രഖ്യാപിക്കുകയും അതിന്റെ ഉത്തരവാദിത്വം ഗ്രാമപഞ്ചായത്തിനാണെന്ന് പറയുകയും ചെയ്യും. ഗ്രാമപഞ്ചായത്തുകൾക്ക് അതിനുള്ള ഫിനാൻഷ്യൽ സപ്പോർട്ട് നൽകുന്നില്ലെന്നതാണ് മറ്റൊരു പ്രധാന വിമർശനം. ഏപ്രിൽ മാസത്തോടുകൂടി പദ്ധതിയാസൂത്രണത്തിലെ എല്ലാ നടപടികളും പൂർത്തിയാക്കുന്ന അവസ്ഥയാണുണ്ടായിരുന്നത്. പദ്ധതിയാസൂത്രണത്തിനായി പല ഘട്ടങ്ങളിലായി ഫണ്ട് അനുവദിച്ചു എന്നൊക്കെ നിയമസഭയിൽ പറയുന്നുണ്ട്. പക്ഷെ ഡി.പി.സി. തീരുമാനിച്ച പദ്ധതികൾപോലും മുകളിൽനിന്നും അംഗീകാരം ലഭിക്കാത്തതുകൊണ്ട് നടപ്പാക്കാൻ സാധിക്കാതെയിരിക്കുകയാണ്. ഒരു ഫിനാൻഷ്യൽ ഇയർ കിട്ടുമെന്നുള്ള പ്രതീക്ഷയിലല്ലേ നമ്മൾ പദ്ധതി ആസൂത്രണം ചെയ്യുന്നത്. ആ ഫിനാൻഷ്യൽ ഇയറിൽ അവർക്കിത് ചെയ്യാൻ സാധിക്കുന്നുണ്ടോ; പദ്ധതികൾക്ക് അംഗീകാരം കിട്ടുമ്പോൾ അത് നടപ്പാക്കാൻ നിവൃത്തിയില്ലാതെ പോകുന്നു.

ഇവിടെ കയർ ഇല്ലാതെ കെട്ടുന്നൊരു നടപടിയുണ്ട്. ചില ഗ്രാമപഞ്ചായത്തുകളിൽ സെക്രട്ടറിയെ നിയമിക്കുകയില്ല. സെക്രട്ടറിമാരില്ലാത്ത എത്ര ഗ്രാമപഞ്ചായത്തുകളുണ്ടെന്ന് പരിശോധിക്കണം. ഒരു സീനിയർ ക്ലാർക്കിനെ സെക്രട്ടറിയുടെ സ്ഥാനത്തിരുത്താൻ പറയുകയാണ്. ആ സീനിയർ ക്ലാർക്ക് എന്ത് ചെയ്യാനാണ്; മുനിസിപ്പാലിറ്റിയിൽ മുനിസിപ്പൽ സെക്രട്ടറിയെ നിയമിക്കുകയില്ല. നിയമിച്ചാലും കുഴപ്പക്കാരെയായിരിക്കും തെരഞ്ഞെടുത്ത് നിയമിക്കുന്നത്. ഇങ്ങനെയുള്ള നൂലാമാലകളും കുഴപ്പങ്ങളും നടക്കുകയാണ്. ഗ്രാമപഞ്ചായത്തുകളിലെയും മുനിസിപ്പാലിറ്റികളിലെയും അഡ്മിനിസ്ട്രേഷൻ ഡെഡ്‌ലോക്കാകുന്നു.

<u>മി. ചെയർമാൻ</u>: ബഹുമാനപ്പെട്ട അംഗം, പ്രസംഗം ചുരുക്കി സഹകരിക്കണം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഞാൻ നിർത്തുകയാണ്. അങ്ങ് കൃത്യസമയത്ത് പ്രസംഗം നിർത്തുന്നയാളാണ്. അതുകൊണ്ട് ഞാനും അങ്ങയെ അനുകരിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ഞാൻ വേഗം അവസാനിപ്പിക്കാം. ഇതൊരു ബില്ലാണെന്ന കാര്യംകൂടിയുണ്ട്. ഞാൻ മറ്റു പ്രശ്നങ്ങൾ പറയുന്നില്ല. പഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾക്ക് കുച്ചുവിലങ്ങിടുന്ന നടപടി അവസാനിപ്പിക്കണം.

ചില മുനിസിപ്പാലിറ്റികളിലും ഗ്രാമപഞ്ചായത്തുകളിലും വികസനപ്രവർത്തനങ്ങൾക്ക് കത്രികപ്പൂട്ടിടുന്നത് കഷ്ടമാണ്. അവർ പ്രവർത്തിച്ച് മുന്നോട്ട് പോകട്ടെ. അതിന് സഹായകരമായൊരു നടപടിയെടുക്കണം.

പ്ലാൻ ഫണ്ട്, SCP/TSP ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയിൽ സർക്കാർ കൈകടത്തുന്നുണ്ടോയെന്ന് പരിശോധിച്ച് മറുപടി പറയണം. പല പഞ്ചായത്തുകളും ജീവനക്കാർക്ക് ശമ്പളം നൽകാനില്ലാതെ മൈനസ്സായി നിൽക്കുകയാണ്. അവരെ സഹായിക്കാൻ എന്താണ് മാർഗ്ഗം; ചില പഞ്ചായത്തുകൾക്ക് വലിയ സാമ്പത്തികശേഷിയുണ്ട്. അവർക്ക് കെട്ടിട നികുതിയും മറ്റു വരുമാനവുമൊക്കെയുണ്ട്. പക്ഷെ തീരദേശ പഞ്ചായത്തുകൾ പലതും ദാരിദ്ര്യരേഖയ്ക്ക് താഴെയാണ്. അവരെ സഹായിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്? സർക്കാരിന്റെ വിവിധ മിഷനുകൾ ഉപയോഗിച്ചുള്ള കളി പഞ്ചായത്തുകളുടെ അധികാരം കുറയ്ക്കുകയാണ്. പഞ്ചായത്തുകളെ സ്വതന്ത്രമായി വിടണം. ഗ്രാമപഞ്ചായത്തുകളെയും ജില്ലാ പഞ്ചായത്തുകളെയും സ്വതന്ത്രമാക്കണമെന്ന് പറയുമ്പോഴും കോൺസ്റ്റിറ്റ്യൂഷണലായി ഈ മിഷനുകളുടെ സ്റ്റാറ്റസ് എവിടെയാണ് നിൽക്കുന്നതെന്ന് പറയണം. തെരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനത്തിന്മേൽ ആധിപത്യമുണ്ടാക്കാൻ അവർക്ക് അവകാശമുണ്ടോയെന്നുകൂടി പറയണം. നേരത്തെ പറഞ്ഞ രണ്ടുകാര്യങ്ങൾക്ക് മറുപടി പറഞ്ഞില്ലെങ്കിൽ dereliction of duty ആയിപ്പോകും. പഞ്ചായത്ത് രാജ് നിയമവും നഗരപാലിക നിയമവും രാജീവ് ഗാന്ധിയുടെ സ്വപ്നമാണ്. 1960-ൽ നടന്ന പഞ്ചായത്ത് ഇലക്ഷനെക്കുറിച്ച് ശ്രീ. വി. കെ. പ്രശാന്ത് നേരത്തെ സൂചിപ്പിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞത് ശരിയാണ്. 1960-ൽ നിലവിൽ വന്ന പഞ്ചായത്തുകൾക്ക് പണവുമില്ല, ഒന്നുമില്ല, വെറുതെ വേഷംകെട്ടി നടക്കാം എന്നുമാത്രമേ ഉണ്ടായിരുന്നുള്ളൂ. ത്രിതല പഞ്ചായത്ത് സമിതിയെ സാമ്പത്തികമായി സഹായിക്കുന്നതിന് രാജീവ് ഗാന്ധിയുടെ സ്വപ്നമാണ് ഇവിടെ സാക്ഷാത്കരിച്ചത്. ഇന്ത്യൻ നാഷണൽ കോൺഗ്രസ് വിവിധ കാലങ്ങളിൽ പാസ്സാക്കിയിട്ടുള്ള പ്രമേയങ്ങളാണ് പഞ്ചായത്ത് രാജ് നിയമത്തിലെ ഉള്ളടക്കമെന്നുകൂടി സ്വാതന്ത്ര്യത്തിന്റെ എഴുപത്തിയഞ്ചാം പിറന്നാൾ ആഘോഷിക്കുന്ന ഈ സന്ദർഭത്തിൽ ഓർക്കണമെന്ന് മാത്രമേ ഓർമ്മിപ്പിക്കുന്നുള്ളൂ. ഭേദഗതിയെ പിന്താങ്ങിക്കൊണ്ട് നിർത്തുന്നു.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, സർവ്വശ്രീ എം. രാജഗോപാലൻ, യു. എ. ലത്തീഫ്, വി. കെ. പ്രശാന്ത്, തിരുവഞ്ചൂർ രാധാകൃഷ്ണൻ എന്നീ അംഗങ്ങളാണ് ഈ ബില്ലുമായി ബന്ധപ്പെട്ട് സംസാരിച്ചത്. നാലുപേരും അവരുടെ വീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ കാര്യങ്ങൾ അവതരിപ്പിക്കുകയാണ് ചെയ്തത്.

വളരെയേറെ പ്രാധാന്യമുള്ള ഒരു ബില്ലാണ് ഇവിടെ അവതരിപ്പിച്ചത്. ഇത് ഭരണഘടനയ്ക്ക് വിധേയമായിട്ടുള്ളതാണെന്ന് ഞാൻ നേരത്തെ ചൂണ്ടിക്കാണിച്ചിരുന്നു. ഭരണഘടനാപരമായ ഒരു പ്രശ്നവും ഈ ബില്ലിൽ ഉൾച്ചേർന്നിട്ടില്ല. നമുക്ക് അവകാശമുള്ള, വളരെ പ്രധാനപ്പെട്ട, നമ്മുടെ പരിധിയിൽ ഒതുങ്ങുന്ന ഒന്നാണ് ഈ ബിൽ. ചില പഞ്ചായത്തുകളെയും നഗരസഭകളെയും സഹായിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമുള്ള സർക്കാർ സംവിധാനമാണ് തദ്ദേശസ്വയംഭരണ വകുപ്പുകൊണ്ടുദ്ദേശിക്കുന്നത്. നേരത്തെ പറഞ്ഞതുപോലെ, അഞ്ച് വിഭാഗങ്ങളായി പ്രത്യേകം പ്രത്യേകം അറകളും മുമ്പാണെങ്കിൽ രണ്ടോമൂന്നോ വകുപ്പുമന്ത്രിമാർ കൈകാര്യം ചെയ്തിരുന്നതുമായ വകുപ്പാണ് ഇപ്പോൾ ഏകോപിപ്പിക്കാൻ തീരുമാനിച്ചത്. ഇന്നലെ എന്റെ പ്രിയപ്പെട്ട സുഹൃത്തും മുൻമന്ത്രിയും ഇപ്പോൾ പ്രതിപക്ഷ എം.എൽ.എ.-യുമായ പ്രമുഖനായ പാർലമെന്റേറിയൻ ഇതുമായി ബന്ധപ്പെട്ട് സംസാരിച്ച സന്ദർഭത്തിൽ, 'ഈ ബിൽ അവതരിപ്പിച്ച് പാസ്സാക്കുക മാത്രമല്ല, അഞ്ച് ഡിപ്പാർട്ടുമെന്റുകളെ യോജിപ്പിച്ച്, ഒറ്റക്കെട്ടായി ഇനി ആരുവിചാരിച്ചാലും അതിനെ വേർതിരിക്കാനാവാത്ത വിധത്തിൽ വെൽഡ് ചെയ്ത് ഒരിക്കലും വിട്ടുപോകാനാകാത്ത രീതിയിൽ യോജിപ്പിച്ചുകൊണ്ടുപോകണം' എന്നാണ് അദ്ദേഹം എന്നെ ഉപദേശിച്ചത്. തീർച്ചയായും അദ്ദേഹം പറഞ്ഞ കാര്യത്തോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. എല്ലാ അർത്ഥത്തിലും ഒരു പുതിയ കേരളം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി, പ്രാദേശിക ഗവണ്മെന്റുകൾ എന്നനിലയിൽ എല്ലാ മേഖലയേയും കൂട്ടിയോജിപ്പിച്ച്, കേരളത്തിന്റെ വികസന പ്രക്രിയയിലും സേവന മേഖലയിലും വളരെവേഗം കാര്യങ്ങൾ നിർവ്വഹിക്കാൻ കഴിയത്തക്ക രീതിയിൽ, ഈ ബിൽ പാസ്സാകുന്നതോടുകൂടി ഫലപ്രദമായി പ്രവർത്തിക്കാനും ഏകോപിതമായ രീതിയിൽ മുന്നോട്ടുകൊണ്ടുപോകാനും കഴിയും. സാമൂഹിക നീതി, സ്ത്രീ ശാക്തീകരണമുൾപ്പെടെയുള്ള നിരവധി പ്രശ്നങ്ങളിൽ കുടുംബശ്രീ സംവിധാനമുൾപ്പെടെയുള്ളവയെ ഉപയോഗപ്പെടുത്തിക്കൊണ്ട്, K-DISC, കേരളാ നോളജ് ഇക്കോണമി മിഷനുൾപ്പെടെയുള്ള സ്ഥാപനങ്ങളെ ചേർത്തുകൊണ്ട് ഗ്രാമീണ മേഖലയിലും പട്ടണങ്ങളിലും ലക്ഷക്കണക്കിന് ആളുകൾക്ക് തൊഴിൽ നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ സജീവമാക്കാനാകും. K-DISC-ൽ 20 ലക്ഷം ആളുകൾക്ക് തൊഴിൽ നൽകുന്നതിനുള്ള പദ്ധതികൾ ആസൂത്രണംചെയ്ത് പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുമ്പോൾ, കുടുംബശ്രീ സ്വയംസഹായ ഗ്രൂപ്പുകളാണ് ആദ്യത്തെ സർവ്വേ പൂർത്തീകരിച്ചത്. രണ്ടാമത്തെ വിശദമായ സർവ്വേയും ഇപ്പോൾ നടന്നുവരികയാണ്. ഏതാനും ദിവസങ്ങൾക്കകം സർവ്വേ പൂർത്തിയാക്കാനാകും. പ്രകടനപത്രികയിൽ ചൂണ്ടിക്കാണിച്ചതുപോലെ, ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യമായി 20 ലക്ഷം വരുന്ന അഭ്യസ്തവിദ്യരായ യുവതീ-യുവാക്കൾക്ക് തൊഴിൽ കണ്ടെത്താനുള്ള വളരെ പ്രധാനപ്പെട്ട പ്രവർത്തനം

K-DISC-ന്റെയും കേരളാ നോളജ് ഇക്കോണമി മിഷന്റെയും ഭാഗമായി നടന്നുവരികയാണ്. ഈ ഒക്ടോബർ മാസത്തോടെ ഒരു പോർട്ടലിൽത്തന്നെ നിന്നുകൊണ്ട് ജോലി നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇവിടെപ്പറഞ്ഞ കാര്യങ്ങൾ സൂക്ഷ്മമായി പരിശോധിക്കാം. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ പ്രസംഗം അവസാനിപ്പിച്ചത് 73, 74 ഭരണഘടനാ ഭേദഗതികളും രാജീവ് ഗാന്ധിയുടെ സ്വപ്നവും പറഞ്ഞുകൊണ്ടാണ്. ഒരു ജനാധിപത്യ സമൂഹത്തിൽ എല്ലാവർക്കും വിവിധ രീതിയിൽ കാര്യങ്ങൾ അവകാശപ്പെടാൻ സാധ്യതയുണ്ട്. 73, 74 ഭരണഘടനാ ഭേദഗതികൾ രാജീവ് ഗാന്ധിയുടെ സ്വപ്നമാണെന്ന പ്രിയപ്പെട്ട യു. എ. ലത്തീഫിന്റെയും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെയും വാദങ്ങളെ ഞാൻ ഏതെങ്കിലും രീതിയിൽ വിഷമിപ്പിക്കാൻ ഉദ്ദേശിക്കുന്നില്ല. കാരണം, കേരളചരിത്രം പരിശോധിച്ചാൽ, 1957-ലെ ആദ്യ ഇ.എം.എസ്. ഗവണ്മെന്റിന്റെ കാലംമുതൽ അധികാരവികേന്ദ്രീകരണത്തിന്റെ ചർച്ച ആരംഭിച്ചതാണ്. അതുപോലെ കേരളത്തെ സംബന്ധിച്ചിടത്തോളം, ഈ ഭരണഘടനാ ഭേദഗതികളെല്ലാം നിലവിൽ വരുന്നതിനുമുമ്പുതന്നെ ജില്ലാ കൗൺസിൽ അധികാരത്തിൽവന്ന കാര്യം ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണനും ശ്രീ. യു. എ. ലത്തീഫും മനസ്സിലാക്കിക്കാണുമെന്ന് പ്രതീക്ഷിക്കുകയാണ്. അധികാരവികേന്ദ്രീകരണത്തിന്റെ കാര്യത്തിൽ കേരളം, 1957 മുതൽ എല്ലാ സന്ദർഭത്തിലും മുൻകൈയോടുകൂടിത്തന്നെയാണ് ശ്രമിച്ചുവന്നിട്ടുള്ളത്. 73, 74 ഭരണഘടനാ ഭേദഗതികൾ നിലവിൽ വന്നതോടുകൂടി ഭരണഘടനാപരമായി നല്ലതുപോലെ മുന്നോട്ടുപോകാൻ സാധിച്ചിട്ടുണ്ട്, അത് ശരിയുമാണ്. പക്ഷെ അതെങ്ങനെയാണ് ഇന്ത്യയിലെ കോൺഗ്രസ് ഭരിക്കുന്നതും ഇപ്പോൾ ബി.ജെ.പി. ഭരിക്കുന്നതുമായ വിവിധ സംസ്ഥാനങ്ങളിൽ നടപ്പിലാക്കിയതെന്ന കാര്യം പരിശോധിക്കണം. കേരളമൊഴികെ ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തും ആ ഭേദഗതികളുടെ സ്പിരിറ്റോടുകൂടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരവും പണവും നൽകി ജനാധിപത്യപരമായ രീതിയിൽ പ്രവർത്തിക്കാനുള്ള സൗകര്യം ലഭിച്ചിരുന്നില്ലെന്ന കാര്യംകൂടി ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണനും ശ്രീ. യു. എ. ലത്തീഫും മനസ്സിലാക്കുമെന്ന് പ്രതീക്ഷിക്കുന്നു. അവിടെ പഞ്ചായത്ത് പ്രസിഡന്റിന് ഇരിക്കാൻ കസേരപോലുമില്ല. പ്രത്യേകിച്ച്, ഭരണഘടനാപരമായ ഉത്തരവാദിത്വത്തിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട പഞ്ചായത്ത് പ്രസിഡന്റുമാരെ പഞ്ചായത്ത് ഓഫീസിൽ കയറ്റുന്നില്ല. അവർ അവിടെ ഇരുന്നാൽ പുണ്യാഹം നടത്തിയതിനുശേഷമാണ് അടുത്ത പഞ്ചായത്ത് പ്രസിഡന്റ് ആ ഓഫീസിൽ ചുമതലയേൽക്കുന്നത്. ഇങ്ങനെയെല്ലാമുള്ള ജീർണ്ണതയുള്ള പഴയ ഫ്യൂഡൽ സംസ്കാരത്തിന്റെ രീതിയിൽ കൈകാര്യം ചെയ്യുന്ന ഇന്ത്യൻ

സംസ്ഥാനങ്ങളെ കേരളവുമായി താരതമ്യംചെയ്യാൻ സാധിക്കില്ലെന്ന് എല്ലാവർക്കുമറിയാം. 25 വർഷങ്ങൾക്കുശേഷം ഇപ്പോഴാണ് കേന്ദ്ര ഗവണ്മെന്റ് ജനകീയാസൂത്രണത്തിന്റെ പുതിയ രീതിയായ ജനകീയ സംവിധാനത്തെ അടിസ്ഥാനപ്പെടുത്തിയുള്ള കാര്യങ്ങൾ പറയുന്നത്. ഇവിടെ ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് ഫലപ്രദമായ രീതിയിലുള്ള ഒരു നീക്കം നടത്തിയപ്പോൾ, അതിന്റെതന്നെ ഉൽപ്പന്നമായി രൂപപ്പെട്ട ലോകത്തിനുതന്നെ മാതൃകയാകുന്ന കുടുംബശ്രീ യൂണിറ്റുകളുൾപ്പെടെയുള്ള സ്ത്രീശാക്തീകരണ പ്രസ്ഥാനം കേരളത്തിൽ രൂപപ്പെട്ടപ്പോൾ, സ്ത്രീശാക്തീകരണത്തിന്റെയും ദാരിദ്ര്യ നിർമ്മാർജ്ജനത്തിന്റെയും ഫലപ്രദമായ ഒരു തലം കൈകാര്യം ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടെന്നുള്ളത് വസ്തുതയാണ്.

2.00 PM]

ഇനിയും ഒരുപാട് മുന്നോട്ടുപോകേണ്ടതുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് അതിദരിദ്രരെ കണ്ടെത്തുക എന്നതാണ്. ഇപ്പോൾ 64006 അതിദരിദ്രരെ കണ്ടെത്തിയിട്ടുണ്ട്. സൂക്ഷ്മാംശത്തിൽ ഓരോരുത്തരെയും പരിശോധിച്ച്, വരുന്ന നാല് വർഷത്തിനുള്ളിൽ കേരളത്തെ അതിദരിദ്രരില്ലാത്ത സംസ്ഥാനമാക്കി മാറ്റി, പൊതുസമൂഹത്തിലേയ്ക്ക് നയിക്കേണ്ടതുണ്ട്. പഞ്ചായത്തും മുനിസിപ്പാലിറ്റിയും കോർപ്പറേഷനും പ്രാദേശിക ഗവണ്മെന്റുകളെന്ന രീതിയിൽ ഫലപ്രദമായി, ഏകീകൃതമായി മുന്നോട്ടുപോകുമ്പോൾ സാധിക്കുന്ന ഒരു പ്രക്രിയ എന്നനിലയിലാണ് ഗവണ്മെന്റ് ഇതിനെ കാണുന്നത്. ആ തലത്തിലേയ്ക്ക് നാമെല്ലാം ചേർന്ന്; ഏതെങ്കിലും ഒരു രാഷ്ട്രീയ പ്രസ്ഥാനമോ ഒരു വിഭാഗമോ എന്ന രീതിയിലല്ലാതെ, യു.ഡി.എഫ്. - എൽ.ഡി.എഫ്. വ്യത്യാസമില്ലാതെ യോജിച്ച് പ്രവർത്തിച്ചാൽ മാത്രമെ കേരളത്തിലെ അതിദരിദ്രരെ കണ്ടെത്തി, സൂക്ഷ്മാംശത്തിൽ അവർക്ക് ഓരോരുത്തർക്കും എന്താണ് വേണ്ടതെന്ന് മനസ്സിലാക്കി, അവരെ പൊതുസമൂഹത്തിന്റെ ഭാഗമാക്കി മാറ്റാൻ സാധിക്കുകയുള്ളൂ. ഈ പ്രക്രിയയിലേയ്ക്കാണ് ഇപ്പോൾ നമ്മൾ കടന്നിരിക്കുന്നത്. പ്രധാനപ്പെട്ട മറ്റൊരു കാര്യം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അടിമുടി സേവനം നൽകുന്നതിനുവേണ്ടി സജ്ജമാക്കുകയാണ്. 80-85 വയസ്സുള്ള ആശ്രയമറ്റവരും പാവപ്പെട്ടവരും നിരാലംബരും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ മക്കൾ വസിക്കുകയും സാമ്പത്തികശേഷിയുള്ള അച്ഛനമ്മമാർമാത്രം ഇവിടെ ആശ്രയമില്ലാതെ ജീവിക്കുകയുംചെയ്യുന്ന സാഹചര്യത്തിൽപ്പെട്ടവർക്ക് ഡോക്ടറെ കാണുന്നതുൾപ്പെടെയുള്ള വിവിധ സേവനങ്ങൾ നൽകുന്നതിനായി 'വാതിൽപ്പടി സേവനം' എന്ന രീതിയിൽ ഫലപ്രദമായി ചെയ്തുകൊടുക്കുന്നതിന് ഒരു സന്നദ്ധ സൈന്യത്തെ രൂപീകരിച്ച് അതിന്റെ പ്രവർത്തനങ്ങൾ പ്രാദേശിക ഗവണ്മെന്റുകൾ എന്ന രീതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഫലപ്രദമായി പ്ലാൻ ചെയ്തുവരികയാണ്. തൊഴിലില്ലായ്മ പരിഹരിക്കുന്നതിന്റെ ഭാഗമായി നടത്തുന്ന

പ്രക്രിയ മുതൽ വാതിൽപ്പടി സേവനവും അതിദാരിദ്ര്യം അവസാനിപ്പിക്കുന്നതിനുവേണ്ട പ്രവർത്തനങ്ങളുമുൾപ്പെടെ നിരവധി കാര്യങ്ങളാണ് പഞ്ചായത്തിന്റെയും മുനിസിപ്പാലിറ്റിയുടെയും കോർപ്പറേഷന്റെയും വികസന ഫണ്ട് ഉപയോഗിച്ചുകൊണ്ടും സ്വരൂപിക്കാൻ സാധിക്കുന്ന എല്ലാ സംവിധാനങ്ങളുപയോഗിച്ചുകൊണ്ടും ഗവണ്മെന്റ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. അതുകൊണ്ട് രാജ്യത്തിന്റെ പൊതുവായ വളർച്ചയ്ക്കുതകുന്ന രീതിയിൽ നാം മാറേണ്ടതുണ്ട്. ദൈനംദിന സംവിധാനത്തിന്റെ ഭാഗമായുള്ള മാറ്റങ്ങളുണ്ടാകണം. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇക്കാര്യം സൂചിപ്പിച്ചിരുന്നു. ഇവിടെ എല്ലാ കാര്യങ്ങളും പൂർത്തിയായിട്ടില്ല. ഇനിയും മാറ്റത്തിന് വിധേയമായി മാത്രമെ പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ. ചലനാത്മകമായ സമൂഹത്തിൽ നിരന്തരമായി നടക്കേണ്ട പ്രക്രിയയാണ് ഇതിന്റെ നവീകരണം. നവീകരിക്കുക എന്നതിന്റെ അർത്ഥം ശാസ്ത്രസാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ടുള്ള നവീകരണമാണ്. ആ നവീകരണ പ്രക്രിയയിലൂടെ കേരളത്തെ ഒരു പൊതുധാരയിൽ, ലോകത്തിന്റെ മുന്നിലേയ്ക്കെത്തിക്കത്തക്ക രീതിയിൽ ഒരു നവകേരളമാക്കി രൂപപ്പെടുത്തുന്ന കാഴ്ചപ്പാടുകളാണ് ഭരണകക്ഷിയുടെ ഭാഗമായി പ്രസംഗിച്ച ശ്രീ. എം. രാജഗോപാലനും ശ്രീ. വി. കെ. പ്രശാന്തും ചൂണ്ടിക്കാണിച്ചത്. ഇത് ഒരു വിജ്ഞാന സമൂഹമാണ്. വിജ്ഞാന സമൂഹമെന്നുമാത്രമല്ല ഉദ്ദേശിക്കുന്നത്, വിജ്ഞാന സമ്പദ്‌വ്യവസ്ഥയാണ് ഉദ്ദേശിക്കുന്നത്. വിജ്ഞാനത്തെ മൂലധനമായി ഉപയോഗിച്ച് എങ്ങനെ നമുക്കൊരു സമ്പദ്‌വ്യവസ്ഥ കൈകാര്യം ചെയ്യാൻ കഴിയുമെന്നുള്ള വളരെ ഗൗരവമായ തലത്തിലേയ്ക്കാണ് പുതിയ കേരളം സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് ആലോചിക്കേണ്ടത്. പ്രാദേശിക ഗവണ്മെന്റുകൾക്ക്, അത് കോർപ്പറേഷനോ മുനിസിപ്പാലിറ്റിയോ പഞ്ചായത്തോ ആയാലും ഗവണ്മെന്റിൽനിന്നും നൽകുന്ന ഫണ്ടുമാത്രം ഉപയോഗിച്ചുകൊണ്ടുള്ള വികസനപ്രവർത്തനമല്ല ഭാവിയിൽ വരേണ്ടത്. ഒന്നോ, രണ്ടോ വർഷംകൊണ്ട് അതുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നില്ല. പക്ഷേ അവർക്ക് സ്വന്തമായും വളരെ ഫലപ്രദമായും സേവനപ്രവർത്തനങ്ങൾക്കൊപ്പം മറ്റ് വികസനപ്രവർത്തനങ്ങൾകൂടി കൈകാര്യം ചെയ്ത് ആദായകരമായ രീതിയിലുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ സാധിക്കുന്ന തലത്തിലേയ്ക്ക് പ്രാദേശിക ഗവണ്മെന്റുകളെ ശക്തിപ്പെടുത്തണം. ലോകത്തിന്റെ ചില മേഖലകളിൽ സംസ്ഥാനങ്ങളെക്കാളും കൂടുതൽ സജീവമായി പ്രവർത്തിപ്പിക്കാൻ സാധിക്കുന്ന പ്രാദേശിക ഭരണസംവിധാനങ്ങളുണ്ട്. അത്തരത്തിൽ പ്രാദേശിക ഗവണ്മെന്റുകളെ ശക്തിപ്പെടുത്തിയെടുക്കാൻ കഴിയുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ലെന്നുമാത്രമല്ല, നമ്മൾ പോകാൻ ഉദ്ദേശിക്കുന്നതും ആ ദിശയിലേയ്ക്ക് തന്നെയാണ്.

ഇങ്ങനെ ഏകീകരണം കൊണ്ടുവന്നത് ഏതെങ്കിലും പഠനത്തിന്റെ അടിസ്ഥാനത്തിലാണോയെന്ന് ശ്രീ. യു. എ. ലത്തീഫ് ചോദിക്കുകയുണ്ടായി. 1957 മുതൽ ഇതിന്റെ ഭാഗമായ ചർച്ച നടന്നിട്ടുണ്ട്. സെൻ കമ്മിറ്റി റിപ്പോർട്ടിൽ

ഇതുസംബന്ധിച്ച് നാം എന്താണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മണിശങ്കർ അയ്യർ കമ്മീഷൻ റിപ്പോർട്ടിലും ഈ ശിപാർശയുണ്ട്. യു.പി.എ.-യുടെ ഭരണകാലത്ത് കേന്ദ്രഗവണ്മെന്റ് നിയോഗിച്ച പഠന സമിതികളുടെ 2012-ലെ റിപ്പോർട്ടിലും പൊതുവെ ഇതുസംബന്ധിച്ചുള്ള പരാമർശമുണ്ടായിട്ടുണ്ട്. അവയെല്ലാം ആസ്പദമാക്കിയാണ് ഏകീകരണം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കാര്യങ്ങൾ തീരുമാനിച്ചത്. ഐ.എൽ.ജി.എം.എസ്. നടപ്പിലാക്കുന്നതോടുകൂടി ജോലിഭാരം വലിയ രീതിയിൽ വർദ്ധിക്കുമെന്നാണ് വിമർശിച്ചത്. സത്യംപറഞ്ഞാൽ ജോലിഭാരം വർദ്ധിക്കുന്നില്ല, മറിച്ച് കുറയുകയാണ് ചെയ്യുന്നത്. ഇത് നടപ്പിലാക്കിയ സന്ദർഭത്തിലുള്ള അനുഭവം ഞാൻ പറയാം. പഞ്ചായത്തിൽ ഓൺലൈൻ സംവിധാനം ആരംഭിച്ചിട്ട് നാലര മാസമേ ആയിട്ടുള്ളൂ. നമ്മൾ ആഗസ്റ്റ് 22 വരെയുള്ള കണക്കാണെടുത്തത്. 42,14,055 ഫയലുകളാണ് ഐ.എൽ.ജി.എം.എസ്. സംവിധാനത്തിൽ കേരളത്തിലുടനീളമുള്ള ഗ്രാമപഞ്ചായത്തുകൾ കൈകാര്യം ചെയ്തത്. ഇതിൽ 36,67,412 ഫയലുകൾ (87.03 ശതമാനം) തീർപ്പാക്കിയിട്ടുണ്ട്. ഫയലുകൾ ഓരോരുത്തരും കണ്ടുവരുമ്പോൾ ഈ സംവിധാനം നടപ്പാകാൻ പോകുന്നില്ല എന്നത് ശരിയായ വിമർശനമല്ല. 4,28,212 ഫയലുകളിന്മേൽ നടപടി സ്വീകരിച്ചുവരികയാണ്. ഇതിൽ 89,272 ഫയലുകളും അപാകതകൾ പരിഹരിക്കുന്നതിനായി അറിയിപ്പ് നൽകിയവയുമാണ്. ചുരുക്കിപ്പറഞ്ഞാൽ 42,14,055 ഫയലുകളിൽ മഹാഭൂരിപക്ഷം (87.03 ശതമാനം) തീർപ്പാക്കുകയും ബാക്കിയുള്ളവ വളരെ വേഗം തീർപ്പാക്കുന്ന നിലയിലേയ്ക്ക് എത്തുകയും ചെയ്തിരിക്കുകയാണ്. ഇപ്പോൾ അദാലത്തിന്റെ ഭാഗമായി ഫയലുകൾ തീർപ്പാക്കണമെന്ന് തീരുമാനിച്ചപ്പോൾ ഞായറാഴ്ചകൂടി ഉപയോഗിച്ച് ജീവനക്കാരെല്ലാം പൂർണ്ണമായും സഹകരിച്ച് റെക്കോർഡ് വേഗത്തിലാണ് ഫയലുകളെല്ലാം തീർപ്പാക്കാൻ സാധിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതിനെ അടിസ്ഥാനപ്പെടുത്തി സെപ്റ്റംബറാകുമ്പോൾ ബാക്ഫയലുകൾ പൂർത്തിയാക്കാൻ കഴിയുന്ന രീതിയിൽ നല്ല സേവനമനസ്സോടുകൂടി ജീവനക്കാരും ജനപ്രതിനിധികളുംചേർന്ന് നടത്തുന്ന പ്രവർത്തനം മാതൃകാപരമാണെന്നുകൂടി ഈ സന്ദർഭത്തിൽ പറയുകയാണ്. ഐ.എൽ.ജി.എം.എസ്.-ന്റെ ഭാഗമായി ജോലിഭാരം വർദ്ധിക്കുമെന്ന് പറയുന്നത് തെറ്റായ വിമർശനമാണ്. ഈ സംവിധാനത്തിലൂടെ ജോലി നല്ലതുപോലെ പെട്ടെന്ന് ചെയ്തുതീർക്കാനാണ് സാധിക്കുന്നത്. അതുപോലെ ഒരു കാര്യത്തിനുവേണ്ടി പലതവണ ഓഫീസിൽ കയറിയിറങ്ങുക എന്ന പ്രശ്നവും ഉത്ഭവിക്കുന്നില്ല. അത് മൂന്ന് തട്ടായി കുറച്ചിരിക്കുകയാണ്. നേരത്തെ ശ്രീ. യു. എ. ലത്തീഫ് സംസാരിച്ചപ്പോൾ തട്ടുകളുടെ എണ്ണത്തെ സംബന്ധിച്ച് പറഞ്ഞു. ആദ്യം

ഫയലിൽ സ്വീകരിക്കുക, അതിനുശേഷം നടപടി സ്വീകരിക്കുക, അവസാനമായി അതിന്റെ അന്തിമ തീരുമാനമെടുക്കുക എന്നിങ്ങനെ മൂന്ന് തട്ടുകളായി ചുരുങ്ങുകയാണ്. അതുകൊണ്ടുതന്നെ അത്തരം പ്രശ്നം വരുന്നില്ല.

വി.ഇ.ഒ.-മാരുടെ തസ്തിക നിർത്തലാക്കിയെന്ന വിമർശനം തെറ്റിദ്ധാരണ സൃഷ്ടിക്കുന്ന ഒന്നാണ്. ഗ്രാമസേവകരുടെ റോൾ വിപുലമാക്കുകയാണ് യഥാർത്ഥത്തിൽ ചെയ്തിട്ടുള്ളത്. വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ എന്ന പേരിനെ പഞ്ചായത്ത് എക്സ്റ്റെൻഷൻ ഓഫീസർ, മുനിസിപ്പൽ എക്സ്റ്റെൻഷൻ ഓഫീസർ എന്ന് കാലോചിതമായി പരിഷ്കരിക്കുകയാണ് ചെയ്തിട്ടുള്ളത്, അതല്ലാതെ നിർത്തുകയല്ല ചെയ്തത്. പഞ്ചായത്തുകളിലും നഗരസഭകളിലും കൂടുതൽ ഇടപെട്ട് പ്രവർത്തിക്കാൻ സഹായകരമായ രീതിയിലാണ് കാര്യങ്ങൾ നിർവ്വഹിച്ചിട്ടുള്ളത്. പഞ്ചായത്തിന്റെ വിഹിതം സംബന്ധിച്ച് ഇവിടെ ചൂണ്ടിക്കാണിച്ചു. ജീവനക്കാരെ നൽകുന്നത് രാഷ്ട്രീയം നോക്കിയാണെന്ന് പറയുകയുണ്ടായി. ഇതൊന്നും ശരിയായ നിലപാടല്ല. അങ്ങയെപ്പോലൊരു സീനിയർ അംഗം ഈ രീതിയിലുള്ള വിമർശനം ഉന്നയിച്ചത് ശരിയായില്ല. രാഷ്ട്രീയം നോക്കി ആളുകളെ നിശ്ചയിക്കുക, കൊടുക്കുക തുടങ്ങിയ നിലപാടുകൾ ഞങ്ങൾ സ്വീകരിക്കുന്നില്ല. ഇപ്പോൾ ട്രാൻസ്ഫർ ഉൾപ്പടെയുള്ള കാര്യങ്ങൾ ഓൺലൈൻ സംവിധാനത്തിലൂടെ കൃത്യതയോടെ കൈകാര്യം ചെയ്തുവരികയാണ്. ആരാണ്, എന്താണ് എന്നതെല്ലാം ഭരണ നേതൃത്വത്തിന്റെ ഭാഗമായി നിൽക്കുന്ന ഞങ്ങൾ നോക്കേണ്ട കാര്യമില്ല. കാരണം കഴിഞ്ഞ ഗവണ്മെന്റിന്റെ തുടർച്ചയായി വന്നതാണ് ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള രണ്ടാം ഗവണ്മെന്റ്. നിലവിലുള്ള ഓരോരുത്തരെയും മെരിറ്റനുസരിച്ച് നിശ്ചയിച്ച് കൊടുക്കാൻ സാധിക്കുന്ന രീതിയിലാണ് ഞങ്ങൾ കൈകാര്യം ചെയ്യുന്നത്. മൂന്നുവർഷം തുടർച്ചയായി ഒരു സീറ്റിൽത്തന്നെ ഇരിക്കുന്നവരെ മാറ്റണമെന്ന് ഞങ്ങൾ തീരുമാനിച്ചിട്ടുണ്ട്. അത് മുനിസിപ്പാലിറ്റികളിലും പഞ്ചായത്തുകളിലും കോർപ്പറേഷനുകളിലും ബാധകമാകുന്ന രീതിയിൽ വളരെ വേഗത്തിൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പറഞ്ഞ കാര്യത്തെക്കുറിച്ച് അങ്ങ് ഒന്നും പറഞ്ഞില്ല. മുനിസിപ്പൽ സെക്രട്ടറിമാരില്ലാതെ ദീർഘകാലമായി വേക്കന്റായി കിടക്കുന്ന സ്ഥലങ്ങളുണ്ട്. അവരില്ലെങ്കിൽ അവിടത്തെ അഡ്മിനിസ്ട്രേഷൻ paralysed ആയിപ്പോകില്ലേ? അക്കാര്യം അങ്ങേയ്ക്കും അറിയാവുന്നതാണല്ലോ; അതിന് എന്ത് തടസ്സമാണുള്ളത്. ഗവണ്മെന്റെടുക്കുന്ന ഒരു നോംസിനെയും ഞങ്ങൾ എതിർക്കുന്നില്ല. അതേസമയം പഞ്ചായത്തിലെ/മുനിസിപ്പാലിറ്റിയിലെ ഭരണം ക്രമപ്പെടുത്തുന്നതിനുവേണ്ടി കോ-ഓർഡിനേറ്റിംഗ് ഫോഴ്സ് വേണ്ടേ; അതിനല്ലേ സെക്രട്ടറി സ്ഥാനം. അത് വയ്ക്കാതിരിക്കുന്നുവെന്നതാണ് ഞാൻ അങ്ങയോട് പറഞ്ഞത്.

<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>: സർ, പഞ്ചായത്ത് സെക്രട്ടറി, മുനിസിപ്പൽ സെക്രട്ടറി ഉൾപ്പെടെയുള്ള ചില പ്രധാനപ്പെട്ട പോസ്റ്റുകളിൽ നിലവിലുണ്ടായിരിക്കുന്ന ഒഴിവുകൾ പരിഹരിക്കാനാവശ്യമായ നിലപാടാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. വളരെ വേഗംതന്നെ എല്ലാ പഞ്ചായത്തുകളിലും സെക്രട്ടറിയെ നൽകാൻ കഴിയും. ഈ ബിൽ പാസ്സായി വരുന്നതോടുകൂടി പല മേഖലകളിൽനിന്നും ആളുകളെ ഉപയോഗിക്കാനും കഴിയും. ആ രീതിയിൽ മുനിസിപ്പാലിറ്റികളിലും പഞ്ചായത്തുകളിലും സെക്രട്ടറിമാരെ നൽകാൻസാധിക്കുന്ന സ്ഥിതിയാണ് വരാൻ പോകുന്നത്. അങ്ങ് പറഞ്ഞ കാര്യം ശരിയാണ്. ചില പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും നിലവിൽ സെക്രട്ടറിമാരില്ല. അവരെ കണ്ടെത്തി നിശ്ചയിക്കുന്നതിനുള്ള തീവ്രമായ ശ്രമമാണ് നടത്തുന്നത്. മൂന്നുകൊല്ലം തുടർച്ചയായി ഒരേ സ്ഥലത്തുതന്നെ തുടരുന്ന രീതി മാറ്റാൻ തന്നെയാണ് ഉദ്ദേശിക്കുന്നത്. സർവ്വീസുമായി ബന്ധപ്പെട്ട് ഉയർന്നുവരുന്ന പ്രശ്നങ്ങൾ ചൂണ്ടിക്കാണിച്ചിട്ടില്ലെങ്കിലും പ്രശ്നങ്ങൾക്കുകാരണം അഴിമതി തന്നെയാണ്. ജനങ്ങളുമായി കൂടുതൽ ബന്ധപ്പെട്ട് നിൽക്കുന്ന ഉദ്യോഗസ്ഥവൃന്ദമാണ് മുമ്പിലുള്ളത്. സ്വാഭാവികമായും ചെറിയ രീതിയിലുള്ള പ്രശ്നം വരുമ്പോൾത്തന്നെ വലിയ പ്രചാരണം അതിന്റെ ഭാഗമായി വരും. ഇന്നത്തേത് പഴയ ബ്രിട്ടീഷ് ഭരണകാലത്തെ ഭരണ സംവിധാനമല്ലെന്നും യഥാർത്ഥത്തിൽ ജനങ്ങൾക്ക് ലഭിക്കേണ്ടത് സൗജന്യമല്ല സേവനമാണെന്നും അത് അവരുടെ അവകാശമാണെന്നും അത് കൃത്യമായി ലഭിക്കത്തക്കരീതിയിലുള്ള സേവനം നൽകുന്നതിന് ഉത്തരവാദപ്പെട്ടവർ ഉദ്യോഗസ്ഥരാണെന്നും വ്യക്തമായി പറഞ്ഞിട്ടുണ്ട്. പഴയകാല സങ്കൽപ്പത്തിൽനിന്നും ഭരണത്തിന്റെ തലയ്ക്കുപിടിച്ച ധാരണയിൽനിന്നും മാറി സേവനത്തിന്റെ തലത്തിലേയ്ക്ക് ഉദ്യോഗസ്ഥരും സേവനം ലഭിക്കാൻ അർഹതയുള്ളവരാണ് എന്ന വ്യക്തതയോടുകൂടി ജനതയും ഒന്നിച്ച് മുന്നോട്ട് പോകുമ്പോഴാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൃത്യമായും ജനങ്ങളുടെ സംവിധാനമായി മാറുന്നത്. അക്കാര്യം ഉദ്യോഗസ്ഥരോടും എല്ലാ തലങ്ങളിലും ഞങ്ങൾ കൃത്യമായി പറഞ്ഞിട്ടുണ്ട്. ഇതൊക്കെ തയ്യാറാക്കുന്നതിന്റെ ഭാഗമായി വലിയ രീതിയിൽ കേസ് വരാൻ സാധ്യതയുണ്ടെന്ന് പ്രതിപക്ഷത്തുനിന്നുള്ള രണ്ടുപേർ പറയുകയുണ്ടായി. അതിന് സാധ്യതയില്ല. ഇതുസംബന്ധിച്ച് സർവ്വീസ് സംഘടനാ പ്രതിനിധികളുമായി ചർച്ചചെയ്യുകയും നിലവിൽ സർവ്വീസിലുള്ള ആർക്കും ഒരു തരത്തിലുള്ള പ്രശ്നങ്ങളും അഭിമുഖീകരിക്കേണ്ടി വരില്ലെന്ന് ഉറപ്പുനൽകുകയും ചെയ്തു. അവരെയെല്ലാം ഇന്ന് അധികാര അവകാശങ്ങളോടുകൂടി തുടരുന്ന സ്റ്റാഫായി തന്നെയാണ് കൈകാര്യം ചെയ്യാൻ ഉദ്ദേശിക്കുന്നത്. ഏതെങ്കിലും രീതിയിലുള്ള അപാകതയോ, അതിന്റെ ഭാഗമായി കേസ്സോ വരാൻ സാധ്യതയുമില്ല. ഏതെങ്കിലും രീതിയിൽ കേസ്

വരികയാണെങ്കിൽ അത് കൈകാര്യം ചെയ്യാൻ മാത്രമെ നമുക്ക് സാധിക്കുകയുള്ളൂ. അതുകൊണ്ട് വലിയ രീതിയിലുള്ള കേസിന്റെ പ്രവാഹം വരാൻ പോകുകയാണെന്ന് പറയുന്നതിലൊന്നും കാര്യമില്ല. നിലവിലുള്ള ജീവനക്കാരുടെ മുഴുവൻ പ്രൊമോഷനും മറ്റും സംരക്ഷിച്ചുകൊണ്ടാണ് ഈ നിയമം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ചൂണ്ടിക്കാണിച്ച വളരെ പ്രധാനപ്പെട്ടൊരു കാര്യം ചെലവുകൾ കുറഞ്ഞുപോയി എന്നാണ്, ചെലവ് കുറഞ്ഞിട്ടില്ല. 2021-22-ൽ ജില്ലാ പഞ്ചായത്തുകളുടെ ചെലവ് 78.22 ശതമാനമാണ്. ബ്ലോക്ക് പഞ്ചായത്ത് 91.22 ശതമാനവും ഗ്രാമപഞ്ചായത്ത് 91.26 ശതമാനവുമാണ്. നഗരസഭയുടെ ചെലവാണ് (73.22 ശതമാനം) അല്പം കുറഞ്ഞിട്ടുള്ളത്. അത് ഗൗരവപൂർവ്വം പരിശോധിക്കുന്നുണ്ട്. കഴിഞ്ഞ പ്രാവശ്യം വലിയ രീതിയിൽ കുറവുണ്ടായിരിക്കുന്നുവെന്ന് പറയുന്നത് ശരിയല്ല. ആകെ 6,622.53 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയതിൽ 5,690.16 കോടി രൂപ (അതായത് 85.92 ശതമാനം) ചെലവഴിച്ചിട്ടുണ്ട്. അതുപോലെ ക്യാരി ഓവർ ആയി ലഭിച്ച 93.1 ശതമാനവും ചെലവഴിച്ചിട്ടുണ്ട്. 2022-23-ൽ ഒന്നാമത്തെ ഗഡു എല്ലാ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും കൊടുത്തുകഴിഞ്ഞു. ആദ്യം പറഞ്ഞത് കഴിഞ്ഞ പ്രാവശ്യത്തെപോലെതന്നെ തീരുമാനിക്കണമെന്നാണ്. അതിൽ അധികം വരുന്നത് വീണ്ടും കൊടുത്തു. 568.59 കോടി രൂപ (8.51 ശതമാനം) ഇപ്പോൾത്തന്നെ ചെലവഴിച്ചുകഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ ഏകദേശം ആറ് മാസമായെങ്കിലും സാധാരണരീതിയിൽ പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി വരുമ്പോൾ കുറച്ച് താമസിച്ചുതന്നെയാണ് തുടങ്ങുന്നത്. അത് യു.ഡി.എഫ്.-ന്റെ കാലത്തും ഇങ്ങനെ തന്നെയായിരുന്നു. ഒരു കാര്യം ഉറപ്പുപറയാം. 90 ശതമാനത്തിലധികം തുകയും ചെലവഴിക്കുകയെന്നുള്ള ലക്ഷ്യം വച്ചുകൊണ്ടുതന്നെയാണ് മുന്നോട്ടുപോകുന്നത്. പ്രത്യേകിച്ച് പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുവേണ്ടി മാറ്റിവച്ച ഫണ്ടിൽ നൂറ് ശതമാനവും ചെലവഴിച്ചിട്ടുള്ള പഞ്ചായത്തുകൾ കേരളത്തിലുണ്ട്. അതാണ് കഴിഞ്ഞ പ്രാവശ്യത്തെ ഏറ്റവും വലിയ നേട്ടം. സാധാരണ പഞ്ചായത്തുകളിലാണ് കുറഞ്ഞുപോകുന്നത്. അവർക്ക് ഇപ്രാവശ്യം അവാർഡ് നൽകുകയുണ്ടായി. നൂറ് ശതമാനവും ചെലവഴിച്ചിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ മേഖലയ്ക്കായി മാറ്റിവച്ച സംഖ്യ മുഴുവൻ ചെലവാക്കുന്ന രീതി സ്വീകരിച്ച പഞ്ചായത്തുകളുടെ എണ്ണം വർദ്ധിച്ചുവരികയാണ്. ഇപ്രാവശ്യം നൂറ് ശതമാനത്തിൽ എത്തിക്കാനാണ് ലക്ഷ്യമിടുന്നത്. ഇവരിൽനിന്നും തുക ഗവണ്മെന്റ് പിടിച്ചെടുത്തുവെന്ന് പറയുന്നത് ശരിയായ സമീപനമല്ല. മെയിന്റനൻസ് ഗ്രാന്റിന്റെ ഭാഗമായി, ഇവിടെ ചർച്ച

ചെയ്തിട്ടുള്ളതുപോലെ ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും വിഹിതം പഴയതുപോലെ നിശ്ചയിക്കാമെന്ന് പറഞ്ഞപ്പോൾ ധനകാര്യ കമ്മീഷന്റെ ഭാഗമായിവന്ന സർക്കുലറിന്റെ ഒപ്പം നമ്മുടെ പഞ്ചായത്തുകളുടെ (പ്രത്യേകിച്ച് ജില്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, ബ്ലോക്ക് പഞ്ചായത്ത്) വിഹിതം ഈ ആസ്തി വിവരവുമായി ബന്ധപ്പെട്ട് കുറഞ്ഞു. എന്നാൽ അതിന്റെ ഭാഗമായി മുന്നൂറ്റി രണ്ട് പഞ്ചായത്തുകൾക്ക് കൂടുതൽ വിഹിതം നിശ്ചയിക്കപ്പെട്ടു. എന്നാൽ നമ്മൾ കഴിഞ്ഞ പ്രാവശ്യത്തെപ്പോലെ നൽകാൻ തന്നെയാണ് നിശ്ചയിച്ചത്. അങ്ങനെ വരുമ്പോൾ ആർക്കും കൂടുതൽ ലഭിച്ചുമില്ല, കുറഞ്ഞതുമില്ല. എല്ലാവർക്കും വർദ്ധിക്കുക മാത്രമെ ചെയ്യുകയുള്ളൂ. മലപ്പുറം ജില്ലാ പഞ്ചായത്തിന് വിഹിതം പത്തുശതമാനമായി കുറയുകയുണ്ടായി. അതുപോലെ തിരുവനന്തപുരത്തെയും കണ്ണൂരിലെയും വിഹിതത്തിൽ കുറവുണ്ടായി.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഞാൻ അങ്ങയോട് ചോദിച്ച പ്രധാനപ്പെട്ട കാര്യം നാൽപ്പതുശതമാനം ഫണ്ട് ഗ്രാമപഞ്ചായത്തുകൾക്കും ത്രിതലപഞ്ചായത്തുകൾക്കും കൊടുത്തുകഴിഞ്ഞാൽ അതിന്മേൽ ഗവണ്മെന്റ് പുതിയ നിർദ്ദേശങ്ങൾ നൽകുകയാണ്. അത് ചെലവഴിക്കാനുള്ള പൂർണ്ണ സ്വാതന്ത്ര്യം യഥാർത്ഥത്തിൽ തെരഞ്ഞെടുക്കപ്പെട്ട സമിതിക്കുണ്ട്. സമിതി അത് ചെയ്യുന്നതിനുപകരം ഗവൺമെന്റ് ഓരോ കാലത്തും ഓരോ പദ്ധതികൾ കൊടുക്കുകയാണ്. സത്യം പറഞ്ഞാൽ നാട്ടിൽ ഇറങ്ങാൻ കഴിയാത്ത വിധത്തിൽ തെരുവുനായകളുടെ ശല്യമാണ്. അങ്ങേയ്ക്കും അറിയാമല്ലോ; തിരുവനന്തപുരത്ത് അങ്ങ് താമസിക്കുന്ന വീടിന്റെ ചുറ്റുവട്ടത്തടക്കം കേരളം മുഴുവൻ തെരുവുനായകളാണ്. പഞ്ചായത്ത് സമിതികൾക്ക് തെരുവുനായ ശല്യം നിയന്ത്രിക്കുന്നതിനുള്ള സാമ്പത്തിക സഹായം കൊടുക്കണ്ടേ. എങ്ങനെയെങ്കിലും ജനങ്ങളെ സഹായിക്കുന്നതിനുള്ള നടപടി ഉണ്ടാകണ്ടേ ? അത്യാവശ്യമായി നമ്മൾ ചെയ്യേണ്ട ചില കാര്യങ്ങൾ കണ്ണടച്ച് കളയുകയോ അല്ലെങ്കിൽ കണ്ടില്ലെന്ന് നടിക്കുകയോ ചെയ്യുകയാണ്. ടി വിഷയത്തിൽ എത്രയുംവേഗം നടപടിയെടുക്കണമെന്നാണ് ഞങ്ങൾ അഭ്യർത്ഥിക്കുന്നത്.

<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>: സർ, വളരെ പ്രധാനപ്പെട്ട പ്രശ്നമാണ് ഇവിടെ ഉന്നയിച്ചിരിക്കുന്നത്. നേരത്തെ ആരോഗ്യം, മൃഗസംരക്ഷണം തദ്ദേശസ്വയംഭരണ വകുപ്പുകൾചേർന്ന് നായകളുടെ പ്രശ്നം സംബന്ധിച്ച് ഗൗരവമായി ചർച്ചചെയ്തതാണ്. ഇപ്പോൾ കടിയേൽക്കുന്നവരുടെ എണ്ണം വർദ്ധിച്ചുവരികയാണ്. തെരുവ് നായ്ക്കളുടെ എണ്ണവും വർദ്ധിച്ചിരിക്കുന്നു. കോവിഡ് കഴിഞ്ഞപ്പോൾ കേരളത്തിൽ നായകളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. സീരിയസ്സായ പ്രശ്നമായതിനാൽ അത് കൈകാര്യം ചെയ്യാനാവശ്യമായ നിലപാട് സ്വീകരിക്കുന്നതാണ്.

26.5 ശതമാനം തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ വർഷം നൽകിയിട്ടുണ്ട്. മെയിന്റനൻസ് ഗ്രാന്റിനായി തനതുനികുതി വരുമാനത്തിന്റെ 6.5 ശതമാനവും നൽകുന്നുണ്ട്. ഇതുവരെയുള്ള കേരള ചരിത്രം പരിശോധിച്ചുനോക്കിയാൽ ആരും നാൽപ്പത് ശതമാനം നൽകിയിട്ടില്ലെന്ന് മനസ്സിലാകും. നാൽപ്പത് ശതമാനം നൽകാമെന്നാണ് പറഞ്ഞതെങ്കിലും അവിടേയ്ക്ക് എത്തിക്കാനുള്ള നിരന്തരമായ ശ്രമമാണ് നടത്തേണ്ടത്. കഴിഞ്ഞ കൊല്ലത്തെക്കാൾ കൂടുതലാണ് ഇപ്രാവശ്യം. ഇക്കൊല്ലത്തെക്കാൾ കൂടുതലായി അടുത്ത പ്രാവശ്യം ലഭിക്കുമെന്ന് വിചാരിക്കാം. ഇന്നേവരെയുള്ള ചരിത്രമാണ് ഞാൻ പറഞ്ഞത്. 26.5 ശതമാനമാണ് അവസാനം ലഭിച്ചതിൽവച്ച് ഏറ്റവും കൂടുതൽ സംഖ്യയെന്ന് കണക്കാക്കിയിരിക്കുന്നത്.

കേരളത്തെ ഇന്ത്യയുടെ പ്രധാന മോഡലായിട്ടാണ് കാണുന്നത്. ഇത് പ്രധാനപ്പെട്ട കാര്യമാണ്. കേരളത്തിന്റെ മാത്രമല്ല, ഇന്ത്യയുടെ ചരിത്രത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ മുഴുവൻ ഒരു കുടക്കീഴിൽ അണിനിരത്തികൊണ്ട് വികസനപ്രവർത്തനങ്ങളും ഭരണസംവിധാനവും ആകെ ഒറ്റക്കെട്ടായി മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുകയെന്നുള്ളത് ചരിത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ട സംഭവമാണ്. അതിന് സാക്ഷ്യം വഹിക്കുന്ന ബില്ലാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. നിങ്ങളെല്ലാവരുടെയും സമ്മതത്തോടുകൂടി ഈ ബിൽ അംഗീകരിച്ച് നിയമമാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മി. ചെയർമാൻ: ശ്രീ. എം. രാജഗോപാലൻ അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. രാജഗോപാലൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ചെയർമാൻ: ശ്രീ. എം. രാജഗോപാലൻ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. യു. എ. ലത്തീഫ്: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. ചെയർമാൻ: ശ്രീ. യു. എ. ലത്തീഫ് അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ ......

പ്രതികൂലിക്കുന്നവർ .....

ശ്രീ. യു. എ. ലത്തീഫ് അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2022-ലെ കേരള തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് (ഭേദഗതി) ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

### (ii) 2022-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2022-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. ചെയർമാൻ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2022-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ വ്യവസായങ്ങളും ധാതുക്കളും സംബന്ധിച്ച IV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, സംസ്ഥാനത്തെ വ്യവസായ അന്തരീക്ഷം കുറെക്കൂടി മെച്ചപ്പെടുത്തുന്നതിന് സഹായകരമായിട്ടുള്ള ഒരു ബില്ലാണ് അവതരിപ്പിക്കുന്നത്. ഇത് നേരത്തേ ഓർഡിനൻസായി അവതരിപ്പിച്ചിരുന്നു. എന്നാൽ പ്രത്യേക സാഹചര്യത്തിൽ ഓർഡിനൻസ് ലാപ്സായി. ഏകദേശം അതേ വ്യവസ്ഥകൾ തന്നെയാണ് ഈ ബില്ലിലും ഉൾപ്പെടുത്തിയിട്ടുള്ളത്. ബില്ലിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. വ്യവസായങ്ങൾ ആരംഭിക്കുന്നതിനോ പ്രവർത്തിപ്പിക്കുന്നതിനോ വിപുലീകരിക്കുന്നതിനോ വൈവിധ്യവൽക്കരിക്കുന്നതിനോ ആധുനികവൽക്കരിക്കുന്നതിനോ വിവിധ

സംസ്ഥാന നിയമങ്ങൾക്കുകീഴിൽ ആവശ്യമായ ക്ലിയറൻസുകളോ ലൈസൻസുകളോ സർട്ടിഫിക്കറ്റുകളോ പെർമിറ്റുകളോ അനുമതിയോ– പുതുക്കലോ ലഭിക്കുന്നതിനോ, അതുമായി ബന്ധപ്പെട്ടതോ ആയ ഏതെങ്കിലും കാര്യത്തിനോ, അവയുമായി ബന്ധപ്പെട്ട എല്ലാ സേവനങ്ങളും statutory grievance redressal മെക്കാനിസത്തിന്റെ കീഴിൽ വരികയാണ്. രണ്ട് തലത്തിലുള്ള സംവിധാനമാണുള്ളത്. 5 കോടി രൂപ വരെയുള്ളത് ജില്ലാതലത്തിലും 5 കോടി രൂപയ്ക്ക് മുകളിലുള്ളത് സംസ്ഥാനതലത്തിലുമാണ്. വ്യവസായ വകുപ്പിന് സാധാരണഗതിയിൽ വ്യവസായങ്ങളെ സംബന്ധിച്ച് ലൈസൻസ് കൊടുക്കാനുള്ള അധികം അധികാരങ്ങളില്ല. വിവിധ വകുപ്പുകളുടെ കയ്യിലാണ് അധികാരമുള്ളത്. അത് പഞ്ചായത്ത്, മലിനീകരണ നിയന്ത്രണ ബോർഡ്, ഇലക്ട്രിസിറ്റി, ഹെൽത്ത്, ലേബർ, ഫയർ എന്നിങ്ങനെ വ്യത്യസ്ത വകുപ്പുകളാണ്. ആ വകുപ്പുകളുടെയെല്ലാം പ്രാതിനിധ്യം ഉൾക്കൊള്ളുന്ന ഒരു സംവിധാനമാണത്. ആ തീരുമാനം ഏതെങ്കിലുമൊരു വകുപ്പിന് മാത്രമല്ല ബാധകമാകുന്നത്. ഏത് വകുപ്പിലെ ഉദ്യോഗസ്ഥരും പരാതി പരിഹാര സംവിധാനത്തിൽ എടുക്കുന്ന തീരുമാനം നടപ്പിലാക്കുന്നതിനുള്ള സമയക്രമം ഇതിൽ നിശ്ചയിച്ചിട്ടുണ്ട്. പരാതി ലഭിച്ചുകഴിഞ്ഞാൽ 5 ദിവസത്തിനകം തന്നെ അതുസംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥനോട് റിപ്പോർട്ട് ആവശ്യപ്പെടണം; 7 ദിവസത്തിനകം ആ റിപ്പോർട്ട് നൽകണം; അത് ലഭിച്ചുകഴിഞ്ഞാൽ 30 ദിവസത്തിനകം തീർപ്പുകൽപ്പിക്കണം; എടുക്കുന്ന തീരുമാനം 15 ദിവസത്തിനുള്ളിൽ ഉദ്യോഗസ്ഥൻ നടപ്പിലാക്കണം. തീരുമാനം നടപ്പിലാക്കുന്നില്ലെങ്കിൽ 250 രൂപ മുതൽ 10,000 രൂപ വരെ ഫൈൻ ഈടാക്കാനുള്ള വ്യവസ്ഥയും ഉൾക്കൊള്ളിച്ചിട്ടുണ്ട്. പൊതുവെ നിരവധി പരാതികൾ വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട് ഉയർന്നുവരുന്നുണ്ട്. ഓർഡിനൻസിനുശേഷം ഈ സംവിധാനം പ്രവർത്തിച്ചു. നമ്മൾ ഇപ്പോൾ ജില്ലാതലത്തിലും സംസ്ഥാനതലത്തിലും കമ്മിറ്റികൾ രൂപീകരിച്ചു. ജില്ലാതല കമ്മിറ്റിയിൽ ജില്ലാകളക്ടറാണ് ചെയർമാൻ. സംസ്ഥാനതല കമ്മിറ്റിയുടെ ചെയർമാനായി വ്യവസായ വകുപ്പിന്റെ നിക്ഷേപം പ്രോത്സാഹിപ്പിക്കലിന്റെ ചുമതലയുള്ള സെക്രട്ടറിയെയാണ് നിശ്ചയിച്ചിട്ടുള്ളത്. ഈ നിയമം പാസ്സാകുന്നതോടുകൂടി ആ സംവിധാനം തുടരുകയായിരിക്കും ചെയ്യുന്നത്. ഇത്തരം കാര്യങ്ങൾക്ക് സംവിധാനമുണ്ട് എന്ന് സമൂഹത്തിലേയ്ക്കെത്തിക്കാനും അത് നന്നായി പ്രവർത്തിപ്പിക്കാനും കഴിഞ്ഞാൽ വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട പരാതികൾക്കെല്ലാം സമയബന്ധിതമായി തീർപ്പുണ്ടാക്കാൻ കഴിയും. നമ്മുടെ റാങ്കിംഗും പൊതുവായ അന്തരീക്ഷവും കുറെക്കൂടി സൗഹാർദ്ദപരമാക്കി മാറ്റുന്നതിന് സഹായകരമായിരിക്കും. അതുകൊണ്ട് ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. എ. സി. മൊയ്തീൻ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. പി. നന്ദകുമാർ): സർ, 2022-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 26-08-2022 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. കേരളത്തിലെ വ്യവസായ മേഖലയിലെ വളർച്ചയ്ക്ക് സഹായകരമാകുന്ന നിയമങ്ങളാണ് ഈ ബില്ലിലൂടെ ഉദ്ദേശിച്ചിട്ടുള്ളത്. സംസ്ഥാനത്തെ വ്യാവസായിക കുതിപ്പിന് നേതൃത്വം നൽകുന്ന വകുപ്പുമന്ത്രിയെയും വകുപ്പിനെയും ഞാൻ അഭിനന്ദിക്കുകയാണ്. കേരളം വ്യവസായ നിക്ഷേപത്തിന് പറ്റുന്ന സ്ഥലമല്ല, കേരളത്തിൽ മുതൽമുടക്കാൻ ആരും വരില്ല, അനാവശ്യ സമരമാണ് എന്നെല്ലാമുള്ള പ്രചരണങ്ങൾ നടത്തി വ്യവസായികളെ ഭയപ്പെടുത്തിയിരുന്ന കാലംമാറി എന്ന് തെളിയിക്കുന്ന സാഹചര്യമാണ് ഇന്ന് കേരളത്തിലുള്ളത്. 2016-ലെ ഒന്നാം പിണറായി സർക്കാരിന്റെ കാലംമുതൽ കഴിഞ്ഞ ആറുവർഷമായി വ്യവസായങ്ങൾക്ക് വന്ന പുരോഗതി എടുത്തുപറയത്തക്കതാണ്. ഈ സർക്കാരിന്റെ കാലത്ത് വ്യാവസായിക വളർച്ച ഓരോ മേഖലയിലും കാണാം. 50 കോടി രൂപവരെയുള്ള സംരംഭങ്ങൾക്ക് 3 വർഷം സാവകാശം, 50 കോടി രൂപയ്ക്ക് മുകളിലുള്ള സംരംഭകർക്ക് ഒരാഴ്ചയ്ക്കകം ലൈസൻസ്, എം.എസ്.എം.ഇ. ഉൾപ്പെടെയുള്ള സംരംഭങ്ങൾക്ക് സംസ്ഥാന ജില്ലാ പരാതി പരിഹാര സംവിധാനം, പരാതികൾ പരിശോധിക്കാൻ Centralised Inspection System എന്നിവയുണ്ട്. വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചശേഷം നിലനിൽപ്പില്ലാതെ പൂട്ടിപ്പോകുന്ന അവസ്ഥ കേരളത്തിൽ വ്യാപകമായിരുന്നു. ആ അവസ്ഥ ഇല്ലാതാക്കാൻ ടെക്നോളജി ക്ലിനിക്കുകൾ തുടങ്ങിയവയുടെ ഇടപെടൽ ഉണ്ടാകുന്നതാണ്. ഇത് കൂടുതൽ ഇഫക്ടീവാക്കി നടപ്പിലാക്കുകയാണെങ്കിൽ ദുരവസ്ഥയിൽ കിടക്കുന്ന പല ചെറുകിട വ്യവസായങ്ങളെയും സംരക്ഷിക്കാൻ കഴിയും. 100 കോടി രൂപയ്ക്ക് മുകളിലുള്ള സംരംഭകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ മന്ത്രിയും ഉന്നത ഉദ്യോഗസ്ഥരുമുൾപ്പെട്ട സമിതി, സംരംഭങ്ങൾ തുടങ്ങാൻ 4 ശതമാനം പലിശയ്ക്ക് ലോൺ ലഭ്യമാക്കാനുള്ള നടപടികൾ തുടങ്ങിയവയുമുണ്ട്. ബാങ്കിംഗ് മേഖലയിൽ സംസ്ഥാന ഗവൺമെന്റ് ഇടപെടുന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രി രാവിലെ സൂചിപ്പിക്കുകയുണ്ടായി. പക്ഷേ ബാങ്കിംഗ് മേഖലയിലെ അവസ്ഥ സംബന്ധിച്ച് നമുക്കറിയാം. ഇപ്പോഴും എല്ലാ ബാങ്കുകളും നമ്മൾ ഉദ്ദേശിക്കുന്ന രൂപത്തിൽ പൂർണ്ണമായും നടപടി സ്വീകരിക്കുന്നുണ്ടോയെന്ന കാര്യം പരിശോധിക്കേണ്ടതാണ്. എസ്.ബി.ടി. കേരളത്തിലുണ്ടായിരുന്ന അവസരത്തിൽ നിക്ഷേപത്തിന്റെ നല്ലൊരു ശതമാനം ലോണായി ലഭ്യമാക്കിയിരുന്നു. എസ്.ബി.ഐ. ആയതിനുശേഷം ആ രൂപത്തിലുള്ള സമീപനം എടുക്കുന്നില്ല. സൗത്ത് ഇന്ത്യൻ ബാങ്കിന്റെ കാര്യം ഈ സഭയ്ക്കകത്ത് മുമ്പ് ഞാൻ സബ്മിഷനായി ഉന്നയിച്ചതാണ്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് മുൻനിർത്തിയുള്ള ഇടപെടൽ രാജ്യത്തെ പ്രധാന നിക്ഷേപ കേന്ദ്രങ്ങളിലൊന്നായി കേരളത്തെ മാറ്റിയെന്നത് വസ്തുതയാണ്. അതോടൊപ്പം

വ്യവസായ വകുപ്പിന് കുറച്ചുകൂടി കാര്യക്ഷമത വരുത്തേണ്ടതായിട്ടുണ്ട്. ഇപ്പോഴും സംരംഭകരെ സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യാത്ത ചില ഉദ്യോഗസ്ഥരുണ്ടെന്ന കാര്യം വിസ്മരിക്കരുത്. കൊച്ചി-കോയമ്പത്തൂർ, കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴികൾ കേരളത്തെ മുന്നോട്ട് നയിക്കുന്നതാണ്. പൊതുമേഖലാ സംരക്ഷണ നടപടികൾ കാര്യക്ഷമമായി മുന്നോട്ട് പോകുന്നുണ്ട്. അതിലെ പ്രശ്നങ്ങളെ സംബന്ധിച്ചിടത്തോളം സമയബന്ധിതമായി ചർച്ചചെയ്ത് പരിഹാരം കാണാനും നടപടി സ്വീകരിക്കേണ്ടതുണ്ട്. കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് പ്രവർത്തനമാരംഭിക്കാൻ കഴിഞ്ഞത് വലിയ നേട്ടമാണ്. കേന്ദ്രം പൂട്ടാൻ തീരുമാനിച്ച ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ഏറ്റെടുത്ത് 5 ലക്ഷം മെട്രിക് ടൺ ഉൽപ്പാദനശേഷിയുള്ള പ്രധാന സ്ഥാപനമാക്കി മാറ്റാനുള്ള തീരുമാനം നിശ്ചയദാർഢ്യത്തിന്റെയും തൊഴിലാളികളോടുള്ള പ്രതിബദ്ധതയുടെയും ഉദാഹരണമാണ്. റബ്ബർ അധിഷ്ഠിതമായിട്ടുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ പുറത്തിറക്കുന്ന വൻകിട വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുമെന്ന് എൽ.ഡി.എഫ്. സർക്കാരിന്റെ നയപ്രഖ്യാപനത്തിൽ പറഞ്ഞതാണ്. അത് പ്രാവർത്തികമായിക്കൊണ്ടിരിക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ടി. വി. ഇബ്രാഹിം]

ഐ. ടി. മേഖലയിൽ വൻ കുതിപ്പാണുണ്ടാകുന്നത്. ഐ. ടി. വ്യവസായത്തിൽ ഒരു മാതൃകാ സംസ്ഥാനമായി കേരളം മാറുകയാണ്. കഴിഞ്ഞ നാല് മാസത്തിനകം 49,000 പുതിയ സംരംഭങ്ങളാണ് നിലവിൽ വന്നത്. 30,000 കോടി രൂപയുടെ നിക്ഷേപം വന്നു. ഒരു ലക്ഷത്തിലധികം പേർക്ക് തൊഴിലവസരമുണ്ടായി. 49,000 സംരംഭകരിൽ മലപ്പുറം ജില്ലയിലാണ് മൂന്നിലൊന്ന് ഭാഗവും എന്നകാര്യത്തിൽ വലിയ സന്തോഷമുണ്ട്. 10 പുതിയ ഫുഡ് പാർക്കുകൾ ആരംഭിച്ചു. സഹകരണ വകുപ്പുമായി ചേർന്ന് 'മെയ്ഡ് ഇൻ കേരള' ഉത്പന്നങ്ങളുടെ സൂപ്പർ മാർക്കറ്റ് ആരംഭിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ഈ വർഷം ഒരു ലക്ഷം സംരംഭകരെ കണ്ടെത്തുമെന്ന വ്യവസായ വകുപ്പുമന്ത്രിയുടെ പ്രഖ്യാപനം വെറും പ്രചാരണം മാത്രമാണെന്ന് പറഞ്ഞവർ സഭയ്ക്കകത്തുണ്ട്. മലർപൊടിക്കാരന്റെ സ്വപ്നമാണെന്ന് പറഞ്ഞ് എഴുതിയവരുണ്ട്. ഒന്നരലക്ഷത്തോളം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് നമുക്കതിന് മറുപടി പറയാം എന്നുമാത്രമെ ഞാൻ സൂചിപ്പിക്കുന്നുള്ളൂ.

സർക്കാരിന്റെ നേട്ടം വിളിച്ചോതുന്നതാണ് കിൻഫ്രയുടെ 5 പാർക്കുകൾ. ദേശീയ പുരസ്കാരം ലഭിച്ചതും സുസ്ഥിര വികസന സൂചികയിൽ നേട്ടം കൈവരിക്കാൻ കഴിഞ്ഞതും നിസ്സാരമായി കാണാവുന്നതല്ല. ഇതൊന്നും കാണാൻ ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾക്ക് കഴിയുന്നില്ല എന്നകാര്യം ദുഃഖകരമാണ്. നമുക്ക് കൂടുതൽ നേട്ടം കൈവരിക്കാൻ കഴിയുന്നതിന് സഹായകരമായ വിധത്തിൽ വളരെ വേഗത്തിൽ പശ്ചാത്തല വികസന സൗകര്യങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അവ വർദ്ധിക്കുന്നതോടുകൂടി പുതിയ

വ്യവസായങ്ങൾ വരാൻ സാദ്ധ്യതയുണ്ട് എന്ന കാര്യം വിസ്മരിക്കരുത്. ഇതൊക്കെ മുൻകൂട്ടി കണ്ടുകൊണ്ടുള്ള നടപടികളാണ് ഈ നിയമത്തിൽക്കൂടി എടുത്തിട്ടുള്ളതെന്ന കാര്യം ശ്രദ്ധിക്കപ്പെടേണ്ടതാണ്.

നമ്മൾ ശ്രദ്ധ ചെലുത്തേണ്ട ചില മേഖലകളുണ്ട്. പെട്രോ കെമിക്കൽ മേഖലയിൽ നല്ല ശ്രദ്ധ വേണം. അതിന്റെ സാധ്യത പൂർണ്ണമായും ഉപയോഗപ്പെടുത്താൻ കഴിയണം. ഗെയിൽ പൈപ്പ്ലൈനിന്റെ പണി കഴിഞ്ഞുവെങ്കിലും അതിന്റെ നേട്ടം വേണ്ടത്ര ഉപയോഗിക്കാൻ കഴിയുന്നില്ല. അതിന്റെ സാധ്യത പൂർണ്ണമായും എല്ലാ മേഖലയിലും ഉപയോഗിക്കത്തക്ക വിധത്തിലുള്ള ഇടപെടൽ ശക്തമാക്കണം. പൈപ്പ്ലൈൻ കടന്നുപോകുന്ന മേഖലയിൽ ഗ്യാസ് ലഭ്യമാക്കുന്നതിന് സമയബന്ധിതമായി ഒരു കലണ്ടർ തയ്യാറാക്കി ശക്തമായ ഇടപെടൽ നടത്തണമെന്നാണ് എനിക്ക് പറയാനുള്ളത്.

കേരളത്തിൽ ടെക്സ്റ്റൈൽ മേഖലയിൽ നല്ല സാദ്ധ്യതയുണ്ട്. ഒരു കേരള ബ്രാൻഡ് ഉൽപ്പന്നം ഈ മേഖലയിൽ ഇറക്കാൻ കഴിയും. 17 നൂലുൽപ്പാദന മില്ലുകൾ, ആധുനിക സംവിധാനമുള്ള രണ്ട് തുണിനെയ്ത്ത് മില്ലുകൾ, ഒരു ഓപ്പൺ എൻഡ് മിൽ ഇതെല്ലാം ഇപ്പോൾ കേരളത്തിലുണ്ട്. കേരളം തുണിത്തരങ്ങൾക്ക് നല്ല മാർക്കറ്റാണ്. ഫർണിഷിംഗ് ക്ലോത്തിന് കേരളത്തിൽ വലിയ മാർക്കറ്റാണ്. ഇതെല്ലാം ഏകോപിപ്പിച്ചുകൊണ്ട് കേരളാ ബ്രാൻഡ് ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കാനാവശ്യമായ സംവിധാനം ഒരുക്കുന്നതിന് വ്യവസായ വകുപ്പ് ഇടപെടണമെന്ന് അഭ്യർത്ഥിക്കുകയാണ്. നമ്മുടെ വകുപ്പിൽ വ്യവസായം മാത്രമല്ല, വാണിജ്യവുമുണ്ട്. എന്നാൽ, വാണിജ്യ മേഖലയിൽ സർക്കാർ എത്രത്തോളം ശ്രദ്ധചെലുത്തുന്നുണ്ടെന്നുള്ള കാര്യം പരിശോധിക്കേണ്ടതാണ്. വ്യവസായ മേഖലയുടെ വളർച്ചയ്ക്ക് സഹായകരമായ തൊഴിലാളികളുടെ സ്കില്ലിംഗിന് പ്രാധാന്യം നൽകണം. നൈപുണ്യം എല്ലാ മേഖലയിലും വേണം. കേരളത്തിലെ തനതായ കഴിവുകൾ, പരമ്പരാഗതമായ സവിശേഷതകൾ എന്നിവയെല്ലാം ഉപയോഗപ്പെടുത്തി നൈപുണ്യ വികസനം എങ്ങനെ മുന്നോട്ട് കൊണ്ടുപോകാൻ കഴിയുമെന്ന കാര്യത്തിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനുള്ള ഇടപെടൽ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. ഞാൻ പഠിക്കുന്ന കാലത്ത് പാഠ്യപദ്ധതിയോടൊപ്പം കൈവേലകൾ, നെയ്ത്ത് എന്നിവയൊക്കെ ഉണ്ടായിരുന്നു. അതായത് തൊഴിലുമായി ബന്ധപ്പെടുത്തുന്ന ഒരു സമ്പ്രദായമുണ്ടായിരുന്നു. ഇന്ന് തൊഴിലധിഷ്ഠിത വിദ്യാഭ്യാസ രീതി ശക്തമായി കൊണ്ടുവരേണ്ട അവസരത്തിൽ അക്കാര്യം ഗൗരവമായി പരിശോധിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. പ്രൊഡക്റ്റിവിറ്റിയുടെ കാര്യത്തിലും വലിയ ശ്രദ്ധ വേണം. പരമ്പരാഗത മേഖലയിൽ നവീകരണം നടത്തി വ്യവസായം സംരക്ഷിക്കാൻ കഴിയണം. ഉൽപ്പാദനക്ഷമത

വർദ്ധിപ്പിക്കാതെ കേരളത്തിന് മുന്നോട്ടുപോകാൻ കഴിയില്ല. ഉൽപ്പാദനക്ഷമതയിൽ പല സംസ്ഥാനങ്ങളും കേരളത്തെക്കാൾ മെച്ചമാണെന്ന് കാണാം. ഉൽപ്പാദനക്ഷമത എന്നുപറയുമ്പോൾ തൊഴിലാളികൾ മാത്രമല്ല, മെഷീൻ പ്രൊഡക്ടിവിറ്റിയും പ്രധാനപ്പെട്ട പ്രശ്നമാണ്. അതുകൊണ്ട് നവീകരണവും തൊഴിലാളികളുടെ ഭാഗത്തുനിന്നുള്ള ഇടപെടലും ശക്തിപ്പെടുത്തുന്ന രൂപത്തിലുള്ള ഇടപെടലുകളുണ്ടാകണം. അതിന് വ്യവസായ തൊഴിൽ വകുപ്പുകൾ മുൻകയ്യെടുക്കണം. തൊഴിൽ മേഖലയിൽ നിൽക്കുന്ന തെറ്റായ ചില പ്രവണതകൾ ഇല്ലാതാക്കി തൊഴിലാളികളെ വിശ്വാസത്തിലെടുത്ത് വ്യാവസായീകരണം ശക്തിപ്പെടുത്തണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. എൽ.ഡി.എഫ്. സർക്കാരിന്റെ കാഴ്ചപ്പാടും നയവും അതുതന്നെയാണ്. ആ പ്രസ്ഥാനവുമായാണ് ഗവണ്മെന്റ് മുന്നോട്ടുപോകുന്നത്. ഒറ്റപ്പെട്ട സംഭവങ്ങളെ പെരുപ്പിച്ചുകാണിച്ച് വാർത്തകളുണ്ടാക്കുന്ന മാധ്യമങ്ങളും അവർക്കൊപ്പം നിൽക്കുന്ന വ്യക്തികളും നടത്തുന്ന അധരവ്യായാമം ഇനി കേരളത്തിൽ നടക്കാൻ പോകുന്നില്ലെന്നുള്ള കാര്യം വളരെ വ്യക്തമാണ്. കേരളത്തിലെ ഇന്നത്തെ കുതിപ്പിനെ സംബന്ധിച്ചിടത്തോളം അസൂയപ്പെട്ടിട്ട് കാര്യമില്ല. നിശ്ചയദാർഢ്യവും വ്യക്തമായ കാഴ്ചപ്പാടും ശക്തമായ നേതൃത്വവുമുള്ളൊരു ഗവണ്മെന്റും അതിന് നേതൃത്വം നൽകുന്ന വകുപ്പും ഉള്ളതുകൊണ്ടാണ് മുന്നോട്ടുപോകാൻ കഴിയുന്നത്. കേരളത്തിന്റെ വ്യവസായ മേഖലയുടെ കുതിപ്പിന് സഹായകരമായ നിയമങ്ങളാണ് ഈ ബിൽ ലക്ഷ്യമിടുന്നത്. ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന് ആവശ്യപ്പെടുന്നു.

ശ്രീ. പി. എസ്. സുപാൽ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. വി. ശശി: സർ, 2022-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. കേരളത്തെ കൂടുതൽ നിക്ഷേപ സൗഹൃദമാക്കുക, അതിലൂടെ സൂക്ഷ്മ-ചെറുകിട-ഇടത്തരം-വൻകിട വ്യവസായ മേഖലകളിലേയ്ക്ക് നിക്ഷേപകരെയും സംരംഭകരെയും ആകർഷിക്കുക എന്നതാണ് വ്യവസായ-വാണിജ്യ വകുപ്പിന്റെ പ്രഖ്യാപിത ലക്ഷ്യം. ഇത് കൈവരിക്കാൻ വ്യവസായ വകുപ്പ് നിരവധി പ്രവർത്തനങ്ങൾ നടപ്പാക്കിവരികയാണ്. Ease of doing business initiative-ന്റെ ഭാഗമായി നിലവിലുള്ള പല നിയമങ്ങളും ചട്ടങ്ങളും ലഘൂകരിക്കാനും ലളിതവൽക്കരിക്കാനും സുതാര്യമാക്കാനുമുള്ള നിയമ ഭേദഗതികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്. വ്യവസായ-വാണിജ്യ സംരംഭങ്ങൾ വേഗത്തിൽ തുടങ്ങാനും സുഗമമായി നടത്തിക്കൊണ്ട് പോകാനുമുള്ള സാഹചര്യമൊരുക്കുന്നതിന് 7

നിയമങ്ങളും 10 ചട്ടങ്ങളും ഭേദഗതി വരുത്തി 2018-ലെ The Kerala Investment Promotion and Facilitation Act എന്ന പേരിൽ ഒരു പുതിയ നിയമം കൊണ്ടുവന്നിരുന്നു. കൂടാതെ, വ്യവസായം തുടങ്ങാനും ലൈസൻസുകളും ക്ലിയറൻസുകളും വേഗത്തിൽ ലഭ്യമാക്കാനും ഓൺലൈൻ ഏകജാലക സംവിധാനത്തിന് രൂപംനൽകി. അതാണ് Kerala Single Window Interface for Fast and Transparent Clearance (K-SWIFT) എന്ന പേരിൽ അറിയപ്പെടുന്ന പ്ലാറ്റ്ഫോം. ഇതുവഴി സർക്കാരുമായുള്ള എല്ലാ ഇടപാടുകളും സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള സംവിധാനമാണ് ഒരുക്കിയിട്ടുള്ളത്. ഇതുകൂടാതെ ഉൾക്കാഴ്ചയും ലക്ഷ്യബോധവുമുള്ള വ്യവസായ സംരംഭകർക്കായി Invest Kerala Portal-നും രൂപം നൽകിയിട്ടുണ്ട്. ഇതുവഴി പുതിയ വ്യവസായ സംരംഭകനാവശ്യമായ എല്ലാ വിവരങ്ങളും ലഭ്യമാകുന്നു. ഇതിനെല്ലാമുപരി വ്യവസായത്തിന്റെ വളർച്ച ലക്ഷ്യമാക്കി രണ്ട് നിയമങ്ങൾകൂടി സർക്കാർ കൊണ്ടുവരികയാണ്. ഒന്ന്, Kerala Micro Small and Medium Enterprises Facilitation Act, 2019. ഈ നിയമ നിർമ്മാണത്തിലൂടെ റെഡ് കാറ്റഗറിയിൽപ്പെടാത്ത 10 കോടി രൂപ വരെയുള്ള ഏത് സംരംഭവും ലൈസൻസുകളൊന്നുമില്ലാതെ ആരംഭിക്കുന്നതിനുള്ള അവസരമൊരുക്കുന്നു. നിയമാനുസൃതമായ ലൈസൻസുകളും ക്ലിയറൻസുകളും മൂന്ന് വർഷത്തിലൊരിക്കൽ എടുത്താൽ മതിയാകും. രണ്ട്, 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിന്റെ ഭേദഗതിയാണ്. അതാണ് 2022-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ ആയി ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. സംസ്ഥാനത്തെ വ്യവസായ സ്ഥാപനങ്ങൾക്ക് ആവശ്യമായ ലൈസൻസുകളും ക്ലിയറൻസുകളും സർട്ടിഫിക്കറ്റുകളും വേഗത്തിൽ നൽകുന്നതിനും വ്യവസായ നഗരപ്രദേശ വികസന അധികാരസ്ഥാനങ്ങൾ രൂപീകരണത്തിനുംവേണ്ടി 1999-ലാണ് ഈ ആക്ട് നിലവിൽ വന്നത്. ഈ ബില്ലിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പ്രവർത്തനങ്ങളിൽ വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ ഉയരുന്ന പരാതികൾ ഈ ബില്ലിലെ വ്യവസ്ഥയ്ക്കനുസൃതമായി രൂപീകരിക്കുന്ന ജില്ലാ-സംസ്ഥാന പരാതി പരിഹാര സമിതികൾ പരിശോധിക്കുന്നതിനും ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിനുമുള്ള വകുപ്പുകളാണ് ഇപ്പോൾ അവതരിപ്പിച്ചിട്ടുള്ള ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിന്റെയെല്ലാം ഫലമായി വ്യവസായ വളർച്ചയിൽ കേരളം കൈവരിച്ച പുരോഗതി രാജ്യത്തിനകത്തും പുറത്തും അംഗീകരിക്കപ്പെടുകയാണ്. കഴിഞ്ഞ മാസം കേന്ദ്ര വ്യവസായ-വാണിജ്യ മന്ത്രാലയത്തിന്റെ രണ്ട് അംഗീകാരങ്ങൾ സംസ്ഥാനത്തിന് ലഭിച്ചതാണ് ഈ നിരയിൽ പുതിയത്. വ്യവസായ സംരംഭക

സൗഹൃദ സംസ്ഥാനങ്ങളുടെ സൂചികയിൽ കേരളം ഒരു വർഷംകൊണ്ട് 13 പടി മുന്നേറിയതാണ് ഒന്ന്. സ്റ്റാർട്ടപ്പ് റാങ്കിംഗിൽ തുടർച്ചയായി മൂന്നാം വർഷം ടോപ്പ് പെർഫോമർ പുരസ്കാരം നേടിയതാണ് രണ്ടാമത്തേത്. മികച്ച സ്റ്റാർട്ടപ്പ് സൗകര്യമുള്ള പ്രദേശങ്ങളുടെ പട്ടികയിൽ അടുത്തിടെ കേരളം ഏഷ്യയിൽ ഒന്നാം സ്ഥാനത്തെത്തിയതിന് പിന്നാലെയാണ് ഈ ഇരട്ട നേട്ടം. അഭ്യസ്തവിദ്യരായ യുവാക്കൾക്ക് മികച്ച തൊഴിലവസരങ്ങളൊരുക്കാനും സമ്പദ്‌വ്യവസ്ഥയെ വളർച്ചയിലേയ്ക്ക് നയിക്കാനും സ്റ്റാർട്ടപ്പ് മേഖലയ്ക്ക് വലിയ സംഭാവനകൾ നൽകാൻ കഴിയുമെന്ന് തിരിച്ചറിഞ്ഞിട്ടുണ്ട്. സ്റ്റാർട്ടപ്പുകളിലെ നിക്ഷേപം 2016-ൽ 50 കോടി രൂപയായിരുന്നെങ്കിൽ ഇന്നത് ഏകദേശം 3,200 കോടി രൂപയായി വർദ്ധിച്ചിരിക്കുകയാണ്. ഈ സാധ്യത കണക്കിലെടുത്ത് വലിയ തോതിലുള്ള ശ്രദ്ധ സ്റ്റാർട്ടപ്പ് മേഖലയ്ക്ക് ഇനിയും നൽകേണ്ടതുണ്ടെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

വലിയ തീരദേശവും മലയോരവുമുള്ള വിസ്തൃതി കുറഞ്ഞ കേരളത്തിൽ പരിസ്ഥിതിക്ക് ദോഷമുണ്ടാകാതെ വ്യവസായ വകുപ്പ് നടപ്പാക്കുന്ന 'ഉത്തരവാദ വ്യവസായം ഉത്തരവാദ നിക്ഷേപം' എന്ന നയത്തിലൂന്നിയാണ് ഈ നേട്ടങ്ങളെല്ലാം കൈവരിച്ചത്. വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിൽ ദേശീയാടിസ്ഥാനത്തിൽ നിർദ്ദേശിക്കപ്പെട്ട പട്ടികയിൽ 80 ശതമാനം നടപടികളും പൂർത്തിയാക്കിയ സംസ്ഥാനങ്ങൾ ഉൾപ്പെടുന്ന വിഭാഗത്തിലാണ് കേരളം ഉൾപ്പെട്ടിട്ടുള്ളത്. ഈ സാമ്പത്തിക വർഷം സംരംഭകത്വ വർഷമായി നാം ആഘോഷിക്കുകയാണ്. വ്യവസായ വകുപ്പ് ഒരുലക്ഷം സൂക്ഷ്മ-ചെറുകിട സംരംഭം ആരംഭിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ആദ്യത്തെ മൂന്ന് വർഷത്തിനകം 33379 സംരംഭങ്ങൾ ആരംഭിച്ചുകഴിഞ്ഞു. 2,135 കോടി രൂപയുടെ നിക്ഷേപമാണ് പുതുതായി എത്തിയത്. സംരംഭകരെ സഹായിക്കാൻ MSME ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. ലൈസൻസിംഗ്, വിപണനം, കയറ്റുമതി, ജി.എസ്.ടി., സാങ്കേതികവിദ്യ തുടങ്ങിയ എല്ലാ മേഖലകളിലും ഇതുവഴി സംരംഭകർക്ക് സഹായം ലഭിക്കുന്നു. അതിനുള്ള സംവിധാനവും വ്യവസായ വകുപ്പ് ഒരുക്കിയിട്ടുണ്ട്.

വളരെ നല്ല പ്രവർത്തനമാണ് വ്യവസായ-വാണിജ്യ വകുപ്പ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. വ്യക്തമായ ലക്ഷ്യബോധത്തോടെയും പരിപാടികളോടെയും വ്യവസായ വകുപ്പ് അവരുടെ ദൗത്യം നിർവ്വഹിച്ച് മുന്നോട്ടുപോകുന്നുണ്ട്. വലിയ സാധ്യതകളാണ് വ്യവസായ വകുപ്പിൽ കാണുന്നതെന്നാണ് എനിക്ക് മനസ്സിലാക്കാൻ സാധിച്ചത്. കേരളം രാജ്യത്തെ പ്രധാന വ്യവസായ നിക്ഷേപ കേന്ദ്രങ്ങളിലൊന്നായി വളരാൻ സഹായകരമായ മാറ്റങ്ങൾ വ്യവസായ വകുപ്പിന്റെ പ്രവർത്തനങ്ങളിലൂടെ ദൃശ്യമാണെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി രാജീവ്): സർ, ബഹുമാന്യരായ ശ്രീ. പി. നന്ദകുമാറും ശ്രീ. വി. ശശിയും ഈ നിയമത്തേയും അതിന്റെ വ്യവസ്ഥകളേയും പൂർണ്ണമായും പിന്താങ്ങുകയും ഇത് കേരളത്തിലെ നിലവിലുള്ള വ്യവസായ സൗഹൃദാന്തരീക്ഷത്തെ കുറച്ചുകൂടി ശക്തിപ്പെടുത്തുന്നതിന് സഹായകരമായിരിക്കുമെന്ന് സൂചിപ്പിക്കുകയും ചെയ്തതിന് പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു. ഇവിടെ പറഞ്ഞ കാര്യങ്ങളെല്ലാം പ്രസക്തമാണ്. കേരളം വ്യവസായത്തിന് അനുയോജ്യമല്ലെന്ന പ്രചാരവേല എല്ലാവരുടെയും ശ്രമഫലമായി മാറ്റിയെടുക്കാൻ സാധിച്ചിട്ടുണ്ട്. എന്നാൽ പൊതുവെ സമൂഹത്തിൽ ചില തെറ്റായ പ്രവണതകളുമുണ്ട്. ശ്രീ. പി. നന്ദകുമാർ പറഞ്ഞതുപോലെ എല്ലാം പൂർണ്ണമായും ശരിയാണെന്ന് അവകാശപ്പെടാൻ നമുക്ക് കഴിയില്ല. ചിലപ്പോൾ അപൂർവ്വമായതും ഒറ്റപ്പെട്ടതുമായ ചില തെറ്റായ പ്രവണതകൾ ഉയർന്നുവരുമ്പോൾ വല്ലാതെ പർവ്വതീകരിക്കുന്ന രീതി പൊതുവെ മാധ്യമങ്ങളിൽ ചില വിഭാഗങ്ങൾ സ്വീകരിക്കാറുണ്ട്. എന്നാൽ ഇപ്പോൾ അവരും കുറച്ച് പോസിറ്റീവായി വരുന്നുണ്ടെന്നത് സന്തോഷമുള്ള കാര്യമാണ്. ബഹുമാന്യനായ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവുമൊക്കെ പങ്കെടുത്ത പത്രപ്രവർത്തകരുടെ സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായി അവർതന്നെ വ്യവസായവുമായി ബന്ധപ്പെട്ട് പ്രത്യേക സെമിനാർ സംഘടിപ്പിച്ചപ്പോൾ എസ്.ബി.ഐ.-യുടെ കേരളത്തിലെ ചീഫും ആ യോഗത്തിൽ പങ്കെടുക്കുകയുണ്ടായി. ഇവിടെ ശ്രീ. പി. നന്ദകുമാർ പറഞ്ഞ കാര്യം ശരിയാണ്, നേരത്തെ എസ്.ബി.ടി. നമ്മുടെ ബാങ്കായിരുന്നു. ഇപ്പോൾ അത് എസ്.ബി.ഐ.-യുമായി മെർജ് ചെയ്തിരിക്കുകയാണ്. അവരുടെ സി.ഡി. റേഷ്യോ (ക്രെഡിറ്റ്-ഡെപ്പോസിറ്റ് റേഷ്യോ) 50 ശതമാനമാണ്. അത് വർദ്ധിപ്പിക്കാമെന്ന ഉറപ്പ് ആ സമ്മേളനത്തിൽ വച്ചുതന്നെ എസ്.ബി.ഐ. ചീഫ് നൽകുകയുണ്ടായി. പക്ഷെ പൊതുവേ നമ്മുടെ നേട്ടങ്ങൾ സമൂഹത്തിലേയ്ക്ക് വേണ്ടത്ര എത്തിക്കാൻ കഴിയുന്നില്ലെന്ന് പറഞ്ഞത് ശരിയാണ്. ഏഷ്യയിൽ ഏറ്റവുമധികം കൃത്രിമ പല്ലുണ്ടാക്കുന്ന കമ്പനി എറണാകുളം ജില്ലയിലാണുള്ളത്. ഏഷ്യയിൽ ഏറ്റവും കൂടുതൽ ബ്ലഡ് ബാഗ് ഉണ്ടാക്കുന്ന പ്രധാനപ്പെട്ട കമ്പനി തിരുവനന്തപുരം ജില്ലയിലാണ്. അതോടൊപ്പം സ്പൈസസ് എക്സ്ട്രാക്ട് ഉണ്ടാക്കുന്ന ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട കമ്പനി എറണാകുളം ജില്ലയിലാണ്. ഷുഗർ ടെസ്റ്റ് ഉൾപ്പെടെ ബ്ലഡ് ടെസ്റ്റ് ചെയ്യാൻ ആവശ്യമായ കൺസ്യൂമബിൾസും മറ്റ് ഉപകരണങ്ങളും ഉണ്ടാക്കുന്ന, സ്വിറ്റ്സർലന്റിലും ജർമ്മനിയിലുമൊക്കെ ഓഫീസുകളുള്ള അഗാപ്പെ എന്ന ലോകത്തെ ഏറ്റവും പ്രധാനപ്പെട്ട കമ്പനിയുടെ ഹെഡ്ക്വാർട്ടർ എറണാകുളം ജില്ലയിലെ കടയിരുപ്പ് എന്ന സ്ഥലത്താണ്. ഇങ്ങനെ നിരവധി ലോകോത്തര കമ്പനികൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. കഴിഞ്ഞ ദിവസം ഒരു സീ ഫുഡ്

എക്സ്പോർട്ടറുമായി ചർച്ചചെയ്തപ്പോൾ 1,000 കോടി രൂപയുടേതാണ് അവരുടെ എക്സ്പോർട്ട് നടന്നിട്ടുള്ളതെന്ന് പറഞ്ഞിരുന്നു. ഇങ്ങനെയുള്ള പോസിറ്റീവായ കാര്യങ്ങൾ നന്നായി പ്രചരിപ്പിക്കാൻ കഴിയണം. നല്ലൊരു അന്തരീക്ഷം രൂപം കൊള്ളുന്നുവെന്നത് ശരിയാണ്. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാവരും നന്നായി പ്രവർത്തിക്കുന്നുണ്ട്. സംരംഭകത്വ വർഷത്തിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് എല്ലാ എം.എൽ.എ.-മാരും അവരവരുടെ മണ്ഡലങ്ങളിൽ സംരംഭകരെ വിളിച്ചുകൂട്ടുന്നതിലും ഇന്റേണുകളെ നന്നായി ഉപയോഗിക്കുന്നതിലുമെല്ലാം മുൻകൈ എടുക്കുന്നുണ്ട്. അതിന്റെകൂടി ഭാഗമായാണ് ഇത്രയുമധികം സംരംഭങ്ങൾ സ്ഥാപിക്കാൻ സാധിച്ചത്. 392 സംരംഭംകൂടി വന്നാൽ അൻപതിനായിരത്തിൽ എത്തും. നാല് മാസംകൊണ്ട് അൻപതിനായിരം സംരംഭം കേരളത്തിൽ സ്ഥാപിക്കാൻ കഴിഞ്ഞാൽ നമ്മുടെ ടാർജറ്റ് ഒന്നരലക്ഷത്തിനുമപ്പുറത്തേയ്ക്ക് പോകുമെന്നാണ് കണക്കാക്കുന്നത്. അതിന് ബാങ്കുകളുടെ നല്ല പിന്തുണയുണ്ട്. ഓരോ ബാങ്കുകളും അവരുടെ ടാർജറ്റ് നിശ്ചയിച്ചിട്ടുണ്ട്, അതുകൂടി വരുമ്പോൾ നല്ല മാറ്റമുണ്ടാക്കാൻ കഴിയും.

റബ്ബർ കമ്പനിയെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. റബ്ബർ ബോർഡിനെയാണ് ഡി.പി.ആർ. തയ്യാറാക്കാൻ ചുമതലപ്പെടുത്തിയത്, അവർ ഡി.പി.ആർ. ഗവൺമെന്റിൽ സമർപ്പിച്ചിട്ടുണ്ട്. 2023-ൽ പിണറായി സർക്കാരിന്റെ രണ്ടാം വാർഷികത്തിനുമുമ്പ് പ്രവർത്തനങ്ങളുടെ ഒന്നാംഘട്ടത്തിന്റെ ഉദ്ഘാടനം നിർവ്വഹിക്കാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. പൊതുമേഖലയുടെ പ്രശ്നങ്ങൾ ചർച്ചചെയ്ത് പരിഹരിക്കുന്നുണ്ട്. മാസ്റ്റർപ്ലാനുകൾക്കെല്ലാം അതാതിടങ്ങളിലെ ട്രേഡ് യൂണിയനുകളുമായി ചർച്ചചെയ്താണ് അംഗീകാരം നൽകിയിട്ടുള്ളതെന്ന് ഞാൻ രാവിലെ സൂചിപ്പിച്ചു. പെട്രോകെമിക്കൽ പാർക്കിന്റെ കാര്യത്തിൽ റിഫൈനറിയുടെ സമീപനത്തിൽ മാറ്റംവന്നതിന്റെ ഭാഗമായി താൽക്കാലികമായൊരു മാന്ദ്യം വന്നിട്ടുണ്ട്. നാളെയൊരുകാലത്ത് ബി.പി.സി.എൽ. (ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്)-ന്റെ സ്വഭാവത്തിൽ എന്തെങ്കിലും മാറ്റമുണ്ടായാലും നമുക്ക് അസംസ്കൃത വസ്തുവിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി അവരുമായി MoU ഒപ്പുവച്ചിട്ടുണ്ട്. അതായത് ഭാവിയിൽ ഉടമസ്ഥ സ്വഭാവത്തിൽ മാറ്റംവന്ന് അവർ അസംസ്കൃതവസ്തു നമുക്ക് നൽകാതിരുന്നാൽ പെട്രോകെമിക്കൽ പാർക്ക് പ്രശ്നത്തിലേയ്ക്ക് പോകും. അതുകൊണ്ടാണ് MoU ഒപ്പുവച്ചത്.

പരമ്പരാഗത-ചുമട്ടുതൊഴിലാളി മേഖലയിലുൾപ്പെടെ സ്കില്ലിംഗ് കൊടുക്കണം. ഞാനും ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവും ശ്രീ. എളമരം കരീമും ഇടപെട്ട് ഒരു തർക്കം പരിഹരിച്ചിരുന്നു. ഇത്രയും സാധനം ഇത്ര സമയംകൊണ്ട്

ഇറക്കുമെന്നാണ് യൂണിയൻകാർ പറയുന്നത്. പക്ഷേ ഞാൻ നോക്കിയപ്പോൾ വലിയൊരു ബണ്ടിലാണ്, അതൊന്നും നടക്കുന്നതല്ല, അത് ഇറക്കുന്നതിന് സഹായകരമായ വാഹന സംവിധാനമാണുള്ളത്. ഇതൊക്കെ ഉപയോഗിക്കാൻ കഴിയാവുന്ന രൂപത്തിൽ പരമ്പരാഗത ചുമട്ടുതൊഴിലാളി മേഖലയിലുൾപ്പെടെ എല്ലാ മേഖലകളിലും നൈപുണ്യ പരിശീലനം വേണമെന്ന് ബഹുമാന്യനായ പി. നന്ദകുമാർ പറഞ്ഞ കാര്യം ആലോചിക്കാവുന്നതാണ്.

ഡോ. മാത്യു കുഴൽനാടൻ: സർ, ഒരു ക്ലാരിറ്റിക്കുവേണ്ടി ചോദിക്കുകയാണ്. പഞ്ചായത്ത് ലൈസൻസ് ഉൾപ്പെടെയുള്ള കാര്യങ്ങൾ നൽകുന്നതുസംബന്ധിച്ച് ഡിലേ വന്നാൽ പരിഹരിക്കുന്നതിന് ആക്ടിൽത്തന്നെ വ്യവസ്ഥാപിതമായ അപ്പലേറ്റ് പ്രൊവിഷനുണ്ട്. അപ്പോൾ ഈ നിയമം വരുന്നതോടുകൂടി രണ്ട് അപ്പലേറ്റ് പ്രൊവിഷനുകൾ ഓപ്പണായി വരില്ലേ? അങ്ങനെ വരുമ്പോൾ ഏതാണ് ഓപ്റ്റ് ചെയ്യുന്നത്; ഏതിനാണ് പ്രയോറിറ്റി ഉണ്ടാകുക എന്നതിനെ സംബന്ധിച്ച് ക്ലാരിറ്റിയുണ്ടോ?

ശ്രീ. പി. രാജീവ്: സർ, ബഹുമാന്യനായ മാത്യു കുഴൽനാടൻ പറഞ്ഞത് പ്രസക്തമായ ഭാഗമാണ്. നേരത്തെ ഞാൻ പറഞ്ഞിരുന്നു, The National University of Advanced Legal Studies (NUALS) വൈസ് ചാൻസലർ അദ്ധ്യക്ഷനായ ഒരു കമ്മിറ്റിയെ വച്ചിരുന്നു, പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് നൽകിയിട്ടുണ്ട്. നിയമങ്ങൾ എല്ലാവരും ചർച്ചചെയ്താണ് നിർമ്മിക്കുന്നതെങ്കിലും ചിലതിന് പരിമിതിയുണ്ട്. ചില നിയമങ്ങൾ ചില വകുപ്പുകൾക്ക് മാത്രമായാണ് നിൽക്കുന്നത്. അതുപോലെ ചില ഉത്തരവുകൾ ചില വകുപ്പിന് മാത്രമാകുന്നു. എന്നാൽ ഗവൺമെന്റ് ഉത്തരവ് എല്ലാ വകുപ്പുകളുടേതുമാണ്. ടി കമ്മിറ്റി കുറച്ച് ശിപാർശകൾ നൽകിയിട്ടുണ്ട്. അതിൽ ഏതെല്ലാം നിയമങ്ങൾ മറ്റുവകുപ്പുകളിലെ നിയമങ്ങളുമായി വൈരുദ്ധ്യമുണ്ടോ, അതിനനുസരിച്ച് എന്തെല്ലാം മാറ്റംവരുത്തേണ്ടതുണ്ട്, ആ നിയമത്തിൽ എന്തെല്ലാം മാറ്റംവരുത്തണം എന്നതുസംബന്ധിച്ച് വളരെ വിശദമായ പ്രൊപ്പോസലാണ് നൽകിയിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് വകുപ്പുമായി മന്ത്രിതലത്തിലും സെക്രട്ടറി തലത്തിലും ചർച്ച നടത്തി. ലേബർ വകുപ്പുമായി ചർച്ച നടത്തിയപ്പോൾ അവിടെ കോൺട്രഡിക്ഷന്റെ പ്രശ്നമില്ലെന്ന് മനസ്സിലായി. നിലവിലുള്ള പഴയ നിയമങ്ങളിൽ മാറ്റംവരുത്തുന്നതിനായി ചർച്ചയുടെ അടിസ്ഥാനത്തിൽ സെക്രട്ടറിമാരുടെ വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്. വ്യവസായം, തദ്ദേശസ്വയംഭരണം, തൊഴിൽ എന്നീ വകുപ്പുകളുമായി വർക്കിംഗ് ഗ്രൂപ്പുണ്ടാക്കിയിട്ടുണ്ട്. കമ്മിറ്റി ശിപാർശയുടെ അടിസ്ഥാനത്തിൽ അവരോട് ഈ നിയമങ്ങളിൽ എന്തൊക്കെ മാറ്റങ്ങളുണ്ടാക്കാൻ കഴിയുമെന്ന് ചോദിച്ചിട്ടുണ്ട്.

ചിലപ്പോൾ അപ്പലേറ്റ് പ്രൊവിഷൻപോലെ വേറെ ഏതെങ്കിലും ചില പ്രശ്നങ്ങളും വരാം. ഈ നിയമം പ്രാബല്യത്തിൽ വരുന്നതോടുകൂടി പൂർണ്ണമായും പരിഹാരമുണ്ടാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. 13 ഇ. (6)-ൽ, "അതതുസംഗതിപോലെ, ജില്ലാ പരാതിപരിഹാര കമ്മിറ്റിക്കും അല്ലെങ്കിൽ സംസ്ഥാന പരാതിപരിഹാര കമ്മിറ്റിക്കും താഴെപ്പറയുന്ന സംഗതികളെ സംബന്ധിച്ച് 1908-ലെ സിവിൽ നടപടി നിയമസംഹിത (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്) പ്രകാരം ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ ഒരു സിവിൽ കോടതിയിൽ നിക്ഷിപ്തമായിട്ടുള്ള അതേ അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്" എന്ന് പറഞ്ഞിട്ടുണ്ട്. ഇതൊരു സ്റ്റാറ്റ്യൂട്ടറി ബോഡിയാണ്, ജുഡീഷ്യൽ ബോഡിയല്ല, നാളെ വേറൊരു വ്യാഖ്യാനം വരാതിരിക്കാൻ ഞാൻ സൂചിപ്പിച്ചതാണ്.

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, സുപ്രീംകോടതി ജഡ്ജിയേയും മുൻ ചീഫ് ജസ്റ്റിസിനെയുമൊന്നും വർക്കിംഗ് ഗ്രൂപ്പിൽ വയ്ക്കുന്നില്ലല്ലോ, സെക്രട്ടറി ലെവലിലുള്ള ഉദ്യോഗസ്ഥന്മരെയല്ലേ നിയമിക്കുന്നത്?

<u>ശ്രീ. പി. രാജീവ്</u>: സർ, കേരളത്തിലും ഇന്ത്യയിലും ജസ്റ്റിസുമാരായിരുന്നവർ, സുപ്രീംകോടതി ജസ്റ്റിസുമാരായിരുന്നവർ, അവർ ഏതൊക്കെ ചുമതലകൾ വഹിക്കുന്നുണ്ട്, അവർ ചുമതല വഹിക്കുന്നതോടുകൂടി അതിന്റെ പദവി എങ്ങനെ ഉയർത്തപ്പെടും എന്നീ കാര്യങ്ങൾ മറ്റൊരു ദിവസം ചർച്ച ചെയ്യാം, ഇന്നലെ നല്ലൊരു കൺസ്ട്രക്റ്റീവ് ഡിസ്കഷൻ നടന്നതല്ലേ? ഈ ബില്ലിനെ സംബന്ധിച്ച് ആശയക്കുഴപ്പമുണ്ടാകാതിരിക്കാൻ, ഒരു വ്യക്തത, ചരിത്രരേഖയാണല്ലോ, നാളെ ഇത് ജുഡീഷ്യലാണെന്നുപറഞ്ഞ് ആരെങ്കിലും ഒരു പ്രമേയം കൊണ്ടുവന്ന് ഭേദഗതി ചെയ്യാൻ കഴിയാത്ത പ്രതിസന്ധി നമുക്കുശേഷം വരുന്ന സഭയ്ക്കുണ്ടാകാതിരിക്കാൻ, ചരിത്രമായി ഇതിന്റെ രേഖയിൽ കിടക്കട്ടെ എന്നുള്ളതുകൊണ്ടുമാത്രം പ്രതിപാദിച്ചതാണ്. കേരളത്തെ ഉത്തരവാദിത്വ നിക്ഷേപത്തിന്റെ ഡെസ്റ്റിനേഷനാക്കി മാറ്റാനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്. ഉത്തരവാദിത്വ നിക്ഷേപ പോളിസി തയ്യാറാക്കുന്നതിനായി പ്രത്യേകം കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. പി. നന്ദകുമാർ പറഞ്ഞൊരു കാര്യം വളരെ പ്രസക്തമാണ്. ഉത്പാദനക്ഷമത, അത് പ്രധാനമാണ്. പല മേഖലകളിലും കേരളം പിന്നിലാണ് നിൽക്കുന്നത്. പ്രതിസന്ധി നേരിടുന്ന പരമ്പരാഗത വ്യവസായ മേഖലയായ കശുവണ്ടി ഫാക്ടറികളിൽ 80 കിലോയുടെ ഒരു ബാഗ് പ്രോസസ്സ് ചെയ്ത് കശുവണ്ടി കോർപ്പറേഷൻ ഇറക്കുന്നതിന് 4,000 രൂപയാണ് ചെലവ് വരുന്നത്. പ്രൈവറ്റിൽ 3,500-3,600 രൂപ വരും. നമ്മൾ ആഫ്രിക്കയിൽനിന്നാണ് കശുവണ്ടി കൊണ്ടുവരുന്നത്, അവിടെ 800 രൂപയാണ് പ്രോസസ്സിംഗ് ചാർജ്ജ് (രൂപയിലേയ്ക്ക്

കൺവെർട്ട് ചെയ്യുമ്പോൾ). തമിഴ്നാട്ടിൽ 1,200 മുതൽ 1,400 രൂപ വരെയാണ് ഉത്പാദനച്ചെലവ്. അവിടെ തൊഴിലാളികൾക്ക് അധികം ശമ്പളമില്ലെന്ന് നമുക്കെല്ലാവർക്കുമറിയാം. ഇവിടെ ആധുനികവൽക്കരണം ഇല്ലെന്നുള്ളതാണ് പ്രശ്നം. അത് വളരെ പ്രധാനപ്പെട്ട ഭാഗമാണ്. അത്തരം കാര്യങ്ങൾ കൂട്ടായി ചർച്ചചെയ്യണം. ഐ.ഐ.ടി., ഐ.ഐ.എം. എന്നിവിടങ്ങളിൽനിന്നും പരമ്പരാഗത മേഖലയിൽ വൈദഗ്ദ്ധ്യമുള്ളവരെ പ്രത്യേകം ഉൾപ്പെടുത്തി ഗവൺമെന്റ് രൂപീകരിച്ച കമ്മിറ്റി ശിപാർശയുടെ ഭാഗമായി ഇതിൽ മാറ്റംവരുത്താൻ കഴിയും. മറ്റു ഭേദഗതികളൊന്നും ഇവിടെ ഉയർത്തിയിട്ടില്ല, സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയിലൂടെ കുറച്ചുകൂടി സമ്പന്നമായി നമുക്ക് ബിൽ പാസ്സാക്കിയെടുക്കാമെന്നുപറഞ്ഞുകൊണ്ട്, ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ചെയർമാൻ: ശ്രീ. പി. നന്ദകുമാർ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. നന്ദകുമാർ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ചെയർമാൻ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ശശി, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. ശശി: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ചെയർമാൻ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2022-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ........

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

(iii) 2022-ലെ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ബിൽ

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2022-ലെ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. ചെയർമാൻ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2022-ലെ കേരള പബ്ലിക് എന്റർപ്രൈസസ്സ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ബിൽ വ്യവസായവും ധാതുക്കളും സംബന്ധിച്ച IV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2022-ലെ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ബിൽ വളരെ പ്രധാനപ്പെട്ടതാണ്. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾക്ക് വ്യത്യസ്ത രീതികളാണ് നിലനിൽക്കുന്നത്. അവയിൽ ചില തസ്തികകളിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടിട്ടുണ്ട്. പി.എസ്.സി.-ക്ക് വിട്ടുകൊടുത്ത ടെക്നിക്കൽ മേഖലയിലുള്ള തസ്തികകളിലെ നിയമനങ്ങൾക്ക് ചട്ടം സംബന്ധിച്ച കാര്യങ്ങൾ നിലവിൽ വരേണ്ടതിനാൽ കുറച്ചധികം സമയം ആവശ്യമായി വരുന്നുണ്ട്. എങ്കിലും ടി തസ്തികകളിലെ നിയമനങ്ങൾ പി.എസ്.സി. മുഖാന്തരംതന്നെ നടക്കട്ടെയെന്നാണ് തീരുമാനിച്ചിരിക്കുന്നത്. മാനേജിംഗ് ഡയറക്ടർ തസ്തികയിലെ നിയമനവും അതിലേയ്ക്കാവശ്യമായ മറ്റുകാര്യങ്ങൾ നിർവ്വഹിക്കുന്നതും ജസ്റ്റിസ് അദ്ധ്യക്ഷനായ സെലക്ഷൻ ബോർഡാണ്. ബാക്കിവരുന്ന തസ്തികകളിലെ നിയമനങ്ങൾ പല സ്ഥാപനങ്ങൾക്കും പലരീതിയിലാണ് നടത്തുന്നത്. ചില സ്ഥാപനങ്ങൾ നിയമനങ്ങൾ നേരിട്ട് നടത്തുകയും മറ്റുചില സ്ഥാപനങ്ങൾ ഇതിനായി ഏജൻസികളെ ഏൽപ്പിക്കുകയും ചെയ്യുമ്പോൾ കുറച്ച് സ്ഥാപനങ്ങൾ അവിടെ ജോലിചെയ്യുന്ന ആളുകളെത്തന്നെ സ്ഥിരപ്പെടുത്തുകയാണ് ചെയ്യുന്നത്. ഇതുപോലെ വ്യത്യസ്ത രീതികൾ അവലംബിക്കുന്നതിനാൽ പലതരത്തിലുള്ള ആക്ഷേപങ്ങൾ ഇത്തരം സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ ഉയർന്നുവരാറുണ്ട്. അതുകൊണ്ടാണ് പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾക്ക് റിക്രൂട്ട്മെന്റ് ബോർഡ് ആവശ്യമാണെന്ന് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രകടനപത്രികയിൽ പറഞ്ഞത്. ഓർഡിനൻസിലൂടെ നേരത്തേ നിർവ്വഹിച്ചിട്ടുള്ളത് പ്രകടനപത്രികയിലെ വാഗ്ദാനമാണ്. പി.എസ്.സി.-ക്ക് വിട്ടുകൊടുത്ത തസ്തികകൾക്ക് പുറമേയുള്ള എം.ഡി.-മാരുടെ നിയമനമുൾപ്പെടെ മറ്റെല്ലാ തസ്തികകളിലെയും നിയമനങ്ങൾ നിർദ്ദിഷ്ട ബോർഡിന്റെ ചുമതലയിലേയ്ക്ക് വിട്ടുകൊണ്ടുള്ള ബില്ലാണ് ഇവിടെ അവതരിപ്പിക്കുന്നത്. ഇതിനെല്ലാം കൃത്യമായ വ്യവസ്ഥകൾ നിർവ്വചിച്ചിട്ടുണ്ട്. പബ്ലിക് സെക്ടറായതുകൊണ്ടുതന്നെ ബോർഡിലെ

അംഗങ്ങൾ അതിന് പര്യാപ്തരായവരായിരിക്കണം. ചെയർമാൻ സ്ഥാനത്തിരിക്കുന്നയാൾ ഒന്നുകിൽ പ്രിൻസിപ്പൽ സെക്രട്ടറി തലത്തിൽ പ്രവർത്തിച്ച് ബോർഡിനകത്തെ കാര്യങ്ങളിൽ പരിചയമുള്ള വ്യക്തിയായിരിക്കുകയോ അതല്ലെങ്കിൽ ഏതെങ്കിലും പ്രധാനപ്പെട്ട സ്ഥാപനത്തിന്റെ മാനേജിംഗ് ഡയറക്ടർ തലത്തിൽ അഞ്ച് വർഷമെങ്കിലും പ്രവൃത്തിപരിചയമുള്ള വ്യക്തിയോ ആയിരിക്കണം. സാധാരണയായി റിക്രൂട്ട്മെന്റ് ബോർഡുകളിലെ അംഗങ്ങൾക്ക് പ്രത്യേക അധികയോഗ്യതകൾ വയ്ക്കാറില്ല. എന്നാൽ ഇവിടെ അംഗങ്ങളിൽ ഒരാൾക്ക് സാങ്കേതികം/മാർക്കറ്റിംഗ്/ മാനവവിഭവശേഷി/ ജനറൽ മാനേജ്മെന്റ് എന്നിവയിൽ ഏതിലെങ്കിലും വൈദഗ്ദ്ധ്യമുണ്ടായിരിക്കണം. രണ്ടാമത്തെ വ്യക്തി ധനകാര്യം/അക്കൗണ്ട്സ്/ കോസ്റ്റ് അക്കൗണ്ട്സ് ഇവയിൽ ഏതെങ്കിലുമൊന്നിലും വൈദഗ്ദ്ധ്യമുള്ളതും അവശേഷിക്കുന്നവരിൽ ഒരാൾക്ക് നിയമത്തിലും മറ്റൊരാൾക്ക് ഭരണനിർവ്വഹണത്തിലും (അഡ്മിനിസ്ട്രേഷൻ) വൈദഗ്ദ്ധ്യമുള്ളവരുമായിരിക്കണം. അംഗങ്ങളിൽ ഒരാൾ എസ്.സി. വിഭാഗത്തിൽപ്പെട്ടതും മറ്റൊരാൾ വനിതയുമായിരിക്കണം. നാല് വിഭാഗമായി നിഷ്കർഷിക്കുന്നുണ്ടെങ്കിലും ഒരു വിഭാഗത്തിൽനിന്നും ഒരേസമയം ഒന്നിൽക്കൂടുതൽ ആളുകൾ പാടില്ല. ഉദാഹരണത്തിന് നിയമ പരിജ്ഞാനം ആവശ്യമാണെന്നുള്ളതുകൊണ്ട് നാല് അഭിഭാഷകരെ ഒരുമിച്ച് വയ്ക്കാൻ കഴിയില്ല. വളരെ പ്രാപ്തമായ ഒരു ഘടനയാണ് ഈ ബോർഡിനുള്ളത്. കൂടാതെ ഈ ബോർഡിന് ഒരു സെക്രട്ടറിയെക്കൂടി നിയമിക്കുന്നുണ്ട്. പ്രസ്തുത സെക്രട്ടറി സർക്കാരിന്റെ സ്പെഷ്യൽ സെക്രട്ടറിയോ തത്തുല്യമായ മറ്റേതെങ്കിലും തസ്തികയിലുള്ളവരോ അതുമല്ലെങ്കിൽ ഏതെങ്കിലും പൊതുമേഖലാ സ്ഥാപനത്തിൽ മൂന്ന് വർഷത്തെ പ്രവൃത്തിപരിചയമുള്ള മാനേജിംഗ് ഡയറക്ടർ/തുല്യമായ പദവിയിലുള്ള വ്യക്തിയോ ആയിരിക്കണം. വളരെ പ്രൊഫഷണലായ റിക്രൂട്ട്മെന്റ് ബോർഡാണ് ഇതിന്റെ ഭാഗമായി വച്ചിട്ടുള്ളതെന്നതിനാൽ പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമന പ്രക്രിയകളെ കുറച്ചുകൂടി സുതാര്യമാക്കുന്നതിന് ഇത് സഹായകരമായിരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. നജീബ് കാന്തപുരം ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. പി. ഉബൈദുള്ള): സർ, 2022-ലെ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-12-2022 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി, ഈ ബിൽ അവതരിപ്പിച്ചുകൊണ്ട് പറഞ്ഞത് ഇപ്പോൾ സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ കീഴിലുള്ള വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിലെയും ബോർഡുകളിലെയും കോർപ്പറേഷനുകളിലെയും നിയമനം വ്യത്യസ്തമായ രീതിയിലാണെന്നാണ്. അതിൽത്തന്നെ ഒരു വിഭാഗം നിയമനങ്ങൾ

പി.എസ്.സി. മുഖാന്തരവും മറ്റൊരു വിഭാഗം നിയമനങ്ങൾ ഏജൻസികളെ ഏൽപ്പിച്ചും ബാക്കിവരുന്നവ പിൻവാതിലിലൂടെയും നിയമിക്കപ്പെടുന്നുവെന്നതാണ് പൊതുമേഖലാ സ്ഥാപനങ്ങളിലെ നിലവിലുള്ള രീതി. ഈ നിയമനരീതി മാറ്റി ഇതുവരെ പി.എസ്.സി.-ക്ക് വിടാത്ത നിയമനങ്ങളൊക്കെ ഒരു ബോർഡിനുകീഴിൽ കൊണ്ടുവരികയെന്നതാണ് ഈ ബിൽ മുഖാന്തരം ലക്ഷ്യമാക്കുന്നതെന്നാണ് മന്ത്രി പറഞ്ഞത്. പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ തികച്ചും സുതാര്യവും കുറ്റമറ്റതുമാകണമെന്ന ആത്മാർത്ഥത സർക്കാരിനുണ്ടെങ്കിൽ പ്രസ്തുത നിയമനങ്ങളെല്ലാം എന്തുകൊണ്ട് പൂർണ്ണമായി പി.എസ്.സി.-ക്ക് വിട്ടുകൊടുത്തുകൂടാ എന്നതാണ് എന്റെ ചോദ്യം. ക്രിമിനലുകൾ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ സ്ഥാനംപിടിക്കാൻ തുടങ്ങിയതോടുകൂടി പി.എസ്.സി.-യുടെ വിശ്വാസ്യത തകർന്നു. അങ്ങനെയുള്ള ഘട്ടത്തിൽ ഇത്തരമൊരു ബോർഡ് കൊണ്ടുവന്നാൽ ബോർഡുകളിലെയും കോർപ്പറേഷനുകളിലെയും നിയമനങ്ങൾ സുതാര്യമാക്കാൻ കഴിയുമെന്ന് എങ്ങനെയാണ് വിശ്വസിക്കുക? യൂണിവേഴ്സിറ്റികൾ സ്വയംഭരണ സ്ഥാപനങ്ങളാണെങ്കിലും അവിടെ നടക്കുന്ന നിയമനങ്ങളിലുൾപ്പെടെ കൈകടത്തൽ നടക്കുകയാണെന്ന കാര്യം ഇന്നുരാവിലെകൂടി ചർച്ചചെയ്തതാണ്. യൂണിവേഴ്സിറ്റികളിൽ രാഷ്ട്രീയ നിയമനങ്ങൾ നടക്കുകയാണ്, യൂണിവേഴ്സിറ്റികളുടെ സൽപ്പേര് കളഞ്ഞുകുളിക്കുകയാണ്. അത്തരമൊരു നിയമനത്തിനുള്ള വേദിയാക്കി പുതിയ ബോർഡിനെയും മാറ്റരുതെന്നാണ് എന്റെ അപേക്ഷ. നിർദ്ദിഷ്ട ബോർഡിൽ വൈദഗ്ദ്ധ്യമുള്ളവരെയാണ് നിയമിക്കുന്നതെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പറഞ്ഞു. അത്തരം വൈദഗ്ദ്ധ്യമുള്ളവർക്ക് അവരുടെ വൈദഗ്ദ്ധ്യം നിയമനത്തിൽ പ്രയോജനപ്പെടുത്താൻ സ്വാതന്ത്ര്യം നൽകണമെന്നാണ് ഞാൻ പറയുന്നത്. വൈദഗ്ദ്ധ്യമുള്ളവരെ മുമ്പിൽനിർത്തി പിൻവാതിലിലൂടെ നിയമനം നടത്തി അനർഹരായവരെ ഇതിലേയ്ക്ക് കടത്തിവിടുന്ന സംവിധാനം ഒരിക്കലും ഉണ്ടാകാൻ പാടില്ലെന്നാണ് ഇതുമായി ബന്ധപ്പെട്ട് എനിക്ക് അഭിപ്രായപ്പെടാനുള്ളത്. കേന്ദ്രസർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളെയാകെ വിറ്റഴിച്ച് കോർപ്പറേറ്റുകൾക്ക് തീറെഴുതിക്കൊണ്ടിരിക്കുകയാണ്.

3.00 PM]

കരിമണൽ ഖനനം ഉൾപ്പെടെ സ്വകാര്യ ഏജൻസിയെ ഏല്പിക്കാൻ കേന്ദ്ര ഗവണ്മെന്റ് മുന്നോട്ടുവരുന്നു. അതിനെതിരെ വലിയ പ്രക്ഷോഭങ്ങൾ രാജ്യത്ത് നടക്കുകയാണ്. കരിമണൽ ഖനനം സ്വകാര്യ ഏജൻസിയെ ഏല്പിക്കുന്നത് പൊതുമേഖലാ സ്ഥാപനങ്ങളുടെ അഭിമാനസ്തംഭമായ ട്രാവൻകൂർ ടൈറ്റാനിയം, KMML തുടങ്ങിയ വൻകിട വ്യവസായ സ്ഥാപനങ്ങളെ പ്രതികൂലമായി ബാധിക്കുന്നതാണ്. അതിനെതിരായി എല്ലാ ട്രേഡ് യൂണിയനുകളും സംയുക്തമായി ചേർന്ന് രാജ്ഭവൻ/പാർലമെന്റ് മാർച്ച് സംഘടിപ്പിക്കുകയുണ്ടായി. ഇത്

ജീവനക്കാരുടെയും തൊഴിലാളികളുടെയുംമാത്രം പ്രശ്നമായി സർക്കാർ കാണരുതെന്നാണ് എന്റെ അഭിപ്രായം. കരിമണൽ ഖനനംപോലെയുള്ള വളരെ പ്രധാനപ്പെട്ട കാര്യങ്ങൾ സ്വകാര്യ ഏജൻസിയെ ഏല്പിക്കാൻ കേന്ദ്ര ഗവണ്മെന്റ് ശ്രമിക്കുമ്പോൾ അതിനെതിരെ ശക്തമായ ചെറുത്തുനിൽപ്പിന് നേതൃത്വം കൊടുക്കാൻ സർക്കാർ മുന്നോട്ടുവരണം. അതോടൊപ്പം സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ കാര്യക്ഷമമാക്കുന്നതിനുള്ള നടപടിയുമുണ്ടാകണം. പൊതുമേഖലാ സ്ഥാപനങ്ങൾ പലതും നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ചുരുക്കം ചില പൊതുമേഖലാ സ്ഥാപനങ്ങൾ മാത്രമെ ലാഭത്തിൽ പ്രവർത്തിക്കുന്നുള്ളൂ. നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ എന്നിവ ഓരോന്നായി എടുത്ത് മുൻഗണന നിശ്ചയിച്ച് ഘട്ടംഘട്ടമായി മെച്ചപ്പെടുത്തിയെടുക്കാനുള്ള പ്രത്യേക പദ്ധതിക്ക് സർക്കാർ രൂപം നൽകണമെന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്. നിക്ഷേപ സൗഹൃദ സംസ്ഥാനങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന, വേൾഡ് ബാങ്കിന്റെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് റിപ്പോർട്ട് പ്രകാരം ഇന്ത്യയിലെ വ്യവസായ സൗഹൃദ സംസ്ഥാനത്തിന്റെ പട്ടികയിൽ കേരളത്തിന് 28-ാം സ്ഥാനമാണുള്ളത്. ഒന്നും രണ്ടും സ്ഥാനങ്ങൾ യഥാക്രമം ആന്ധ്രാപ്രദേശിനും ഉത്തർപ്രദേശിനുമാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, അങ്ങ് ഒരു വർഷത്തിനുമുമ്പുള്ള കണക്കാണ് പറയുന്നത്. ഈ വർഷത്തെ കണക്ക് പറയണം.

ശ്രീ. പി. ഉബൈദുള്ള: സർ, പുതിയ ലിസ്റ്റ് ശേഖരിച്ച് തിരുത്താം. ഇതിന്റെ കൃത്യമായ വിവരം ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ പറഞ്ഞാൽ മതി. പൊതുമേഖലാ സ്ഥാപനങ്ങളിൽ പലതും സർക്കാരിന് ബാധ്യതയായി നിൽക്കുകയാണ്. ആറുമാസംകൊണ്ട് വ്യവസായ സ്ഥാപനങ്ങളെ ലാഭകരമാക്കി ധാരാളം പേർക്ക് തൊഴിൽ കൊടുത്തുവെന്ന് ഇവിടെ ബഹുമാനപ്പെട്ട പൊന്നാനി അംഗം സംസാരിച്ചപ്പോൾ പറഞ്ഞു. അങ്ങനെയാണെങ്കിൽ ആഗസ്റ്റ് 15-ാം തീയതി എവിടെ ജോലിയെന്ന് ഡി.വൈ.എഫ്.ഐ. ചോദിക്കേണ്ടിയിരുന്നില്ല. നാലഞ്ച് ദിവസം മുമ്പാണ് അങ്ങനെ ചോദിച്ചത്. ഇവിടെ നല്ല രീതിയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽപ്പോലും കക്ഷിരാഷ്ട്രീയത്തിന്റെ അതിപ്രസരം കയറിവരുന്നത് പൊതുമേഖലാ സ്ഥാപനങ്ങളുടെ വിശ്വാസ്യത തകർക്കാൻ ഇടവരുത്തും.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, സി.പി.ഐ.-യുടെ സംസ്ഥാന സമ്മേളനം നടക്കുന്നിടത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും വ്യവസായ വകുപ്പുമന്ത്രിക്കുമെതിരെ വലിയ വിമർശനങ്ങൾ നടന്നുവെന്ന് പത്രവാർത്തയുണ്ടായിരുന്നു. ആലപ്പുഴ ജില്ലാ കമ്മിറ്റിയുടെ വിമർശനത്തിലും 'ശവപ്പറമ്പായി മാറി' എന്ന വാർത്ത വന്നിട്ടുണ്ട്. ഈ വിമർശനങ്ങളെക്കുറിച്ച് അങ്ങ് കേട്ടിട്ടുണ്ടോ?

<u>ശ്രീ. പി. ഉബൈദുള്ള:</u> സർ, സി.പി.ഐ.-യുടെ ജില്ലാ സമ്മേളനങ്ങളിൽ വളരെ രൂക്ഷമായ വിമർശനം സംസ്ഥാന സർക്കാരിനെതിരായി ഉണ്ടായിട്ടുണ്ട്. അത് ശ്രദ്ധയിൽപ്പെടാത്തതുകൊണ്ടല്ല, ബോർഡുമായി ബന്ധപ്പെട്ട ചർച്ചയായതുകൊണ്ട് അത് ഇവിടെ പ്രതിപാദിക്കാൻ ഉദ്ദേശിക്കുന്നില്ല. ഇത്തരം സ്ഥാപനങ്ങളിൽ സങ്കുചിതമായ രാഷ്ട്രീയ താൽപ്പര്യങ്ങൾ കടന്നുവരുന്നത് ശരിയായ നിലപാടല്ലെന്നാണ് ഈ അവസരത്തിൽ എനിക്ക് പറയാനുള്ളത്. പൊതുമേഖലാ സ്ഥാപനങ്ങളെ വളർത്തി ലാഭകരമാക്കിയത് എല്ലാ വിഭാഗം തൊഴിലാളികളും ചേർന്നാണ്. എന്നാൽ ചുരുക്കം ചില സ്ഥാപനങ്ങളിലെങ്കിലും ട്രേഡ് യൂണിയന്റെയും രാഷ്ട്രീയത്തിന്റെയുമൊക്കെ പേരിൽ തൊഴിലാളികളെ ദ്രോഹിക്കുന്ന സമീപനം ചില മാനേജ്മെന്റുകളുടെ ഭാഗത്തുനിന്നുമുണ്ടാകുന്നുണ്ട്. അതിന് ബഹുമാനപ്പെട്ട മന്ത്രിയുടെ ഇടപെടലുണ്ടാകണം. 50-ലധികം പൊതുമേഖലാ സ്ഥാപനങ്ങളിൽ കരാർ/ദിവസവേതനാടിസ്ഥാനത്തിൽ നിരവധിപേർ ജോലി ചെയ്യുന്നു. വർഷങ്ങളായി കരാറടിസ്ഥാനത്തിലും ദിവസവേതനത്തിലും ജോലിചെയ്യുന്ന പല തൊഴിലാളികളുടെയും പി.എസ്.സി. പരീക്ഷയ്ക്ക് അപേക്ഷിക്കാനുള്ള പ്രായപരിധി കഴിഞ്ഞിരിക്കുകയാണ്. ഇവരെ ആശ്രയിച്ചുകഴിയുന്ന നിരവധി കുടുംബങ്ങളുണ്ട്. പി.എസ്.സി. പരീക്ഷ എഴുതാനുള്ള പ്രായപരിധി കഴിയുകയും വർഷങ്ങളായി പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലിയെടുക്കുകയും ചെയ്യുന്ന ജീവനക്കാർക്ക് മാനുഷിക പരിഗണന നൽകി സ്ഥിരപ്പെടുത്തിയശേഷം ബാക്കിയുള്ള ഒഴിവുകൾ റിക്രൂട്ട്മെന്റ് ബോർഡിന് വിടുന്നതായിരിക്കും നല്ലതെന്ന അഭിപ്രായംകൂടി രേഖപ്പെടുത്തുന്നു. അടുത്തകാലങ്ങളിൽ സിഡ്കോ പോലുള്ള സ്ഥാപനങ്ങളിൽ നേരത്തെ നിയമിക്കപ്പെട്ടിട്ടുള്ള പല ഉദ്യോഗസ്ഥരെയും രാഷ്ട്രീയലക്ഷ്യംവച്ച് പിരിച്ചുവിടുകയുണ്ടായി. അത്തരം സ്ഥാപനങ്ങളിൽ വർഷങ്ങളായി താൽക്കാലിക ജോലിചെയ്യുന്നവരുടെ രാഷ്ട്രീയ നിറം നോക്കാതെ, ഏത് സർക്കാരിന്റെ കാലത്ത് നിയമിച്ചവരാണെന്ന് നോക്കാതെ മാനുഷിക പരിഗണന നൽകുന്നത് നന്നായിരിക്കും.

നമ്മുടെ രാജ്യത്തിന്റെ സമ്പദ്ഘടന പരിപോഷിപ്പിക്കുന്നതിനും നിലനിർത്തുന്നതിനും വലിയ പങ്കുവഹിക്കുന്നവരാണ് പ്രവാസികളെന്ന കാര്യത്തിൽ രണ്ടഭിപ്രായമില്ല. പ്രവാസികൾ രാജ്യത്തിന്റെ നട്ടെല്ലാണെന്നാണ് എല്ലാവരും പറയുന്നത്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഇന്നലെയും അക്കാര്യം ആവർത്തിച്ചു. പ്രവാസികളെല്ലാം തിരിച്ചുവരവിന്റെ വക്കിലാണ്. പ്രവാസികൾ തിരിച്ചുവരുമ്പോൾ തൊഴിലവസരങ്ങളുണ്ടാക്കാൻ എന്തെങ്കിലും പ്രത്യേക പദ്ധതി കഴിഞ്ഞ ആറ്

വർഷമായിട്ടും നടപ്പാക്കാൻ കഴിഞ്ഞോ; ആറ് വർഷത്തിനിടയ്ക്ക് ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിച്ചുവെന്നാണ് പറയുന്നത്. വർഷത്തിലൊരിക്കൽ പ്രവാസികളുടെ പ്രതിനിധികളെ വിളിച്ചുവരുത്തി ലോക കേരള സഭ നടത്തി അവരെ പ്രസംഗം കേൾപ്പിച്ച് തിരിച്ചയച്ചതുകൊണ്ട് പ്രവാസികൾക്ക് എന്ത് ഗുണമാണ് ലഭിക്കുന്നത്? കേരളം വ്യവസായ സൗഹൃദ സംസ്ഥാനമായി മാറാൻ പോകുകയാണെന്നാണ് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി പറയുന്നത്. എനിക്ക് അങ്ങയോട് പറയാനുള്ളത്, പ്രവാസികൾക്കുവേണ്ടി പ്രത്യേകമായ ഒരു വ്യവസായ സ്ഥാപനം ഉണ്ടാകണം. സാമ്പത്തികശേഷിയുള്ള പ്രവാസികളുടെ മുതൽമുടക്കിൽ അവർക്ക് വ്യവസായ സ്ഥാപനങ്ങളാരംഭിക്കാം. എന്നാൽ സാമ്പത്തിക ശേഷിയില്ലാത്ത, പ്രവാസ ജീവിതം അവസാനിപ്പിച്ച് നാട്ടിലേയ്ക്ക് മടങ്ങേണ്ടിവരുന്ന പ്രവാസി സഹോദരന്മാർക്കുവേണ്ടി നിലവിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ഒഴിവുവരുന്ന തസ്തികകളിൽ ഒരു നിശ്ചിത ശതമാനം മാറ്റിവയ്ക്കണമെന്നാണ് എന്റെ നിർദ്ദേശം. അത് അംഗീകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ബഹുമാനപ്പെട്ട പൊന്നാനി അംഗം നേരത്തെ പറഞ്ഞതുപോലെ ജീവനക്കാരുടെയും തൊഴിലാളികളുടെയും താൽപ്പര്യങ്ങൾകൂടി സംരക്ഷിക്കേണ്ടതുണ്ട്. വ്യവസായ സ്ഥാപനങ്ങളെല്ലാം ലാഭകരമായി എന്നുപറയുമ്പോൾ അതിന്റെ പിന്നിൽ കഠിനാധ്വാനം ചെയ്തത് അവിടത്തെ ജീവനക്കാരും തൊഴിലാളികളുമാണ്. എന്നാൽ തൊഴിലാളികളെയും ജീവനക്കാരെയും ബാധിക്കുന്ന പല വിഷയങ്ങളിലും അനുകൂലമായ സമീപനം സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നില്ല. തിരുവനന്തപുരത്ത് ലാഭകരമായി പ്രവർത്തിക്കുന്ന ടൈറ്റാനിയത്തിലെ ജീവനക്കാർക്ക് ബോണസ് തുക വർദ്ധിപ്പിച്ചുകൊടുക്കേണ്ടതുണ്ട്. ടൈറ്റാനിയത്തെ ബാധിക്കുന്ന മറ്റൊരു പ്രശ്നം ഇൽമനൈറ്റിന്റെയും സൾഫറിന്റെയും ലഭ്യതക്കുറവാണ്. അത് ഉറപ്പുവരുത്താനുള്ള നടപടിയുണ്ടാകണം. അതുപോലെ പൗഡറിന്റെ മാർക്കറ്റിംഗുമായി ബന്ധപ്പെട്ട പ്രശ്നം പരിഹരിക്കുന്നതിന് നടപടിയുണ്ടാകണം. ഏകദേശം നാല്പതോളം വർഷം ജോലി ചെയ്തശേഷം റിട്ടയർ ചെയ്യുന്നവരാണ് സ്പിന്നിംഗ് മില്ലിലെ ജീവനക്കാർ. മലപ്പുറം സ്പിന്നിംഗ് മില്ലിലെ ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി ഉൾപ്പെടെയുള്ള റിട്ടയർമെന്റ് ആനുകൂല്യങ്ങൾ ലഭിക്കാത്ത സ്ഥിതിവിശേഷം നിലനിൽക്കുകയാണ്. കേരളാ ആട്ടോമൊബൈൽസ് ലിമിറ്റഡിലെ ജീവനക്കാർക്ക് നാല് മാസമായി ശമ്പളം ലഭിക്കുന്നില്ല. 2013 മുതൽ റിട്ടയർ ചെയ്തവർക്കുപോലും ഗ്രാറ്റുവിറ്റി കൊടുത്തിട്ടില്ല. അവിടെ സ്ഥിരം ജീവനക്കാരെക്കാളും കൂടുതൽ ശമ്പളം നൽകി 28 പേരെ മണിക്കൂർ വേതനത്തിൽ നിയമിച്ചതുവഴി മാസത്തിൽ ഒമ്പത് ലക്ഷം രൂപ അധിക ബാധ്യത വരുന്നുവെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u> സർ, അങ്ങ് ഒരു തൊഴിലാളി നേതാവുകൂടിയാണ്. ഒരുപാട് വ്യവസായ സ്ഥാപനങ്ങളെക്കുറിച്ച് പറഞ്ഞു. അക്കൂട്ടത്തിൽ കാസർഗോഡുള്ള പൊതുമേഖലാ സ്ഥാപനമായ KEL-നെ കുറിച്ചും പറയേണ്ടതായിരുന്നു. അവസാനം പറയുമെന്ന് പ്രതീക്ഷിക്കുന്നു. കാസർഗോഡ് KEL-ലെ ജീവനക്കാരുടെ ദുരിതപൂർണ്ണമായ ജീവിതം അങ്ങും ബഹുമാനപ്പെട്ട മന്ത്രിയും മനസ്സിലാക്കിയിട്ടുണ്ട്. അങ്ങ് പറഞ്ഞതുപോലെ ഒരുപാട് തൊഴിലാളികൾക്ക് ശമ്പളവും ആനുകൂല്യങ്ങളും കിട്ടാതെ കമ്പനിയിൽനിന്ന് പിരിഞ്ഞുപോകേണ്ടി വന്നിട്ടുണ്ട്. പിരിഞ്ഞുപോയതിനുശേഷവും അത് കിട്ടിയിട്ടില്ല. മറ്റുള്ള തൊഴിലാളികൾക്ക് കിട്ടുന്നരീതിയിലുള്ള ആനുകൂല്യം കാസർഗോഡ് KEL-ലെ ജീവനക്കാർക്ക് കിട്ടേണ്ടതല്ലേ; അതുസംബന്ധിച്ച് എന്താണ് അങ്ങയുടെ അഭിപ്രായം?

<u>ശ്രീ. പി. ഉബൈദുള്ള:</u> സർ, ബഹുമാനപ്പെട്ട എൻ. എ. നെല്ലിക്കുന്ന് പറഞ്ഞത് വളരെ പ്രസക്തമായൊരു കാര്യമാണ്. ഞാൻ പറഞ്ഞുവന്നത്, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ സംതൃപ്തരാകണം. സംതൃപ്തരായ ഒരു തൊഴിലാളി വിഭാഗത്തെക്കൊണ്ടുമാത്രമേ ഒരു സ്ഥാപനത്തെ മുന്നോട്ടുനയിക്കാൻ കഴിയുകയുള്ളൂ. ഇവിടെ KEL-ന്റെ കാര്യം പറഞ്ഞു. മഞ്ചേശ്വരം ഉപതെരഞ്ഞെടുപ്പ് വേളയിൽ അവിടത്തെ സമരപ്പന്തൽ സന്ദർശിക്കാനും സമരത്തെ അഭിവാദ്യം ചെയ്യാനും എനിക്ക് അവസരമുണ്ടായി. അതുകൊണ്ട് അവിടത്തെ തൊഴിലാളികൾ നടത്തുന്ന ന്യായമായ സമരം മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. BHEL ആക്കി മാറ്റി ആദ്യം കേന്ദ്ര ഗവണ്മെന്റിനെ ഏൽപ്പിച്ച ആ സ്ഥാപനത്തെ ഇപ്പോൾ വീണ്ടും സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. എന്നിട്ടും ജീവനക്കാർക്ക് യാതൊരുവിധ ആനുകൂല്യങ്ങളും ലഭിക്കാത്ത സാഹചര്യം നിലനിൽക്കുകയാണ്. അതുകൊണ്ട് കാസർഗോഡ് KEL-ൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ജീവൽപ്രശ്നം പരിഹരിക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്നും നീക്കമുണ്ടാകണം. അതോടൊപ്പം ചേർത്തുപറയേണ്ട മറ്റൊരു കാര്യം, കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡിന്റെ കീഴിലുള്ള മലപ്പുറം ജില്ലയിലെ ഒരു സ്ഥാപനമാണ് എടരിക്കോട് ടെക്സ്റ്റൈൽസ്. ഇവിടെയും ഞാൻ നേരത്തെ പറഞ്ഞതുപോലെ 40 വർഷത്തോളം ജോലി ചെയ്തശേഷം റിട്ടയർ ചെയ്ത ജീവനക്കാർ റിട്ടയർമെന്റ് ആനുകൂല്യം കിട്ടാതെ വിഷമിക്കുകയാണ്. സർക്കാർ ധനസഹായം അനുവദിച്ചാൽ മാത്രമേ ഇത് നൽകാൻ കഴിയുകയുള്ളൂ. അതിന് എത്രയും പെട്ടെന്ന് തുക അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് എടരിക്കോട് ടെക്സ്റ്റൈൽസിന്റെ മാനേജിംഗ് ഡയറക്ടർ എഴുതിയ കത്ത് ബഹുമാനപ്പെട്ട പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസിലുണ്ട്. അക്കാര്യത്തിൽ ബഹുമാന്യനായ മന്ത്രി അനുകൂല

നിലപാടെടുക്കണം. നല്ലൊരു വ്യവസായ അന്തരീക്ഷം സംസ്ഥാനത്തുണ്ടാക്കിയെടുക്കാൻ ഞങ്ങളുടെ എല്ലാവിധത്തിലുമുള്ള പിന്തുണയും സഹായവുമുണ്ടാകും. പക്ഷേ ഇതിലൊക്കെ വളരെ സങ്കുചിതമായ രാഷ്ട്രീയ താൽപ്പര്യം പലപ്പോഴും കടന്നുവരികയാണ്. പിൻവാതിൽ നിയമനത്തിന്റെ എല്ലാ പഴുതുകളും അടച്ചായിരിക്കണം പുതിയ ബോർഡ് രൂപീകരിക്കേണ്ടതെന്നുകൂടി അഭിപ്രായപ്പെട്ടുകൊണ്ട് ബിൽ സർക്കുലേറ്റ് ചെയ്യണമെന്ന നിർദ്ദേശം സമർപ്പിക്കുന്നു.

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, 2022-ലെ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. 15-ാം കേരള നിയമസഭയുടെ 6-ാം സമ്മേളനത്തിൽ സ്വാതന്ത്ര്യലബ്ധിയുടെ 75 വർഷം പൂർത്തീകരിച്ച ഈ സമയത്ത് നിയമനിർമ്മാണത്തിനുവേണ്ടിയുള്ള പ്രത്യേക സെഷൻ വിളിച്ചുചേർത്ത് ചർച്ചചെയ്യുമ്പോൾ പ്രാധാന്യത്തോടുകൂടി കടന്നുവന്ന ചില ബില്ലുകളുടെ ഉദ്ദേശ്യശുദ്ധി ഗുരുതരമായ രീതിയിൽ അനന്തരഫലങ്ങൾ ഉണ്ടാക്കുന്ന തലത്തിലാണെന്നത് വളരെ ഗൗരവമുള്ള കാര്യമാണ്. ഇന്നലെ ചർച്ചചെയ്യപ്പെട്ട ലോക്ആയുക്ത ബില്ലിന്റെ ആവിർഭാവത്തിന്റെ കാരണവും യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട ബില്ലിന്റെയും തുടക്കം നിയമനവുമായും ഇന്ന് ഇവിടെ ചർച്ച ചെയ്യപ്പെടുന്ന 2022-ലെ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ബില്ലും നിയമനവുമായി ബന്ധപ്പെട്ടവയാണ്. അതിന്റെ ഒന്നാം പേജിലെ ഒബ്ജക്ടീവുമായി ബന്ധപ്പെട്ട കാര്യത്തിലെ പ്രധാനപ്പെട്ട വാചകം ബോർഡിന്റെ സ്വയംഭരണത്തെ സംബന്ധിച്ചാണ് പറയുന്നത്. ഓട്ടോണമിയെക്കുറിച്ച് ഗൗരവമായി ചർച്ച ചെയ്യപ്പെടുന്ന സാഹചര്യമാണുള്ളത്. സ്വയംഭരണാധികാര സ്ഥാപനങ്ങളായ സർവ്വകലാശാലകളിൽ നടന്നുകൊണ്ടിരിക്കുന്ന നിയമനങ്ങളും ഓരോ സമയത്തും നടന്ന നിയമനങ്ങളും ഇപ്പോൾ അടുത്തകാലത്തായി ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന വിഷയവുമുൾപ്പെടെ നമ്മൾ ചർച്ചചെയ്തിട്ടുണ്ട്. ഓട്ടോണമിയുള്ള ഒരു സ്ഥാപനമായ കേരള സർവ്വകലാശാലയിലെ അസിസ്റ്റന്റ് നിയമനവുമായി ബന്ധപ്പെട്ടുകൊണ്ട് 2008 മേയ് 20-ന് നടന്ന പരീക്ഷയിൽ 40000 കുട്ടികൾ പരീക്ഷയെഴുതിയിരുന്നു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എം. നൗഷാദ്)

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, ചർച്ച ചെയ്യുന്ന ബിൽ മാറിപ്പോയോ?

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, ഈ ബില്ലിലെ ഓട്ടോണമിയെക്കുറിച്ചാണ് പറയുന്നത്. ശ്രീ. എ. എൻ. ഷംസീർ അത് കേൾക്കാത്തതുകൊണ്ടാണ്, ശ്രദ്ധിച്ച് കേൾക്കൂ. ആ തസ്തികയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചപ്പോൾ ഒന്നാം

റാങ്കുകാരനായിരുന്നയാൾ പിന്നീട് 67-ാം റാങ്കിലേയ്ക്ക് പരിണമിക്കുകയാണുണ്ടായത്. 1157-ാം റാങ്കായിരുന്ന ഒരാൾക്ക് 59-ാം റാങ്കിലേയ്ക്ക് കയറ്റം കിട്ടുകയാണ്. അവസാനം ഉത്തരക്കടലാസ്സുകൾ ഉൾപ്പെടെ കിട്ടിയിട്ടില്ല. ഹൈദരാബാദിൽ അയച്ചുവെന്ന് പറയപ്പെടുന്ന ഉത്തരക്കടലാസ്സുകൾ അവിടെനിന്ന് അയച്ചുവെന്ന് പ്രസ്സും ഇവിടെ കിട്ടിയിട്ടില്ലെന്ന് സർവ്വകലാശാലയും പറയുന്നു. ഇവർ രണ്ടുകൂട്ടരും തമ്മിലുള്ള യുദ്ധമായിരുന്നു. ആരൊക്കെയാണ് അതിൽ മുൻപന്തിയിൽ വന്നതെന്നും ഡെപ്യൂട്ടി കളക്ടർ പരീക്ഷയിൽ ഒന്നാം റാങ്ക് നേടിയ വിദ്യാർത്ഥി ഇന്റർവ്യൂ കഴിഞ്ഞപ്പോൾ ഏത് തലത്തിലേയ്ക്കെത്തിയെന്നും ഞാൻ പറയുന്നില്ല. ഓട്ടോണമിയുടെ അന്തരീക്ഷം കേരളത്തിൽ എങ്ങനെ പോകുന്നുവെന്നതിനെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. കണ്ണൂർ സർവ്വകലാശാലയിൽ മലയാളം വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസർ പരീക്ഷയിൽ ജീവിതത്തിന്റെ പ്രധാനപ്പെട്ട ഭാഗം പഠനവും റിസർച്ചുമൊക്കെയായി നേതൃത്വം കൊടുത്ത് നല്ലനിലയിൽ റിസർച്ച് പേപ്പറുകളും പബ്ലിക്കേഷൻസും പി.എച്ച്.ഡി.-യും എം.ഫിൽ.-ഉം പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പുമുള്ള ആളുകൾ പിന്തള്ളപ്പെട്ട് ഏറ്റവും പിറകിൽ നിൽക്കുന്ന ആളുകൾ മുമ്പിലേയ്ക്ക് വന്നകാര്യം ഇന്ന് രാവിലെ നമ്മൾ ചർച്ചചെയ്തതാണ്. ഓട്ടോണമിയുള്ള സ്ഥാപനങ്ങളിലാണ് ഇത് സംഭവിക്കുന്നത്. ഓട്ടോണമിയെക്കുറിച്ച് പറഞ്ഞ് പിൻവാതിൽ നിയമനങ്ങൾ പ്രതികൂല കാലാവസ്ഥയിൽനിന്നും അനുകൂലമാക്കി മാറ്റാനുള്ള പ്രവർത്തനങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. തുടക്കത്തിൽ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സംസാരിച്ചപ്പോൾ പറഞ്ഞത് പി.എസ്.സി.-ക്ക് വിടുന്നതുമായി ബന്ധപ്പെട്ട് കാലതാമസം വരുന്നുവെന്നാണ്. പി.എസ്.സി. നിയമനങ്ങളിൽ അങ്ങനെ വരുന്നുണ്ടെങ്കിൽ അത് അഡ്രസ് ചെയ്യേണ്ട ഉത്തരവാദിത്വം ആർക്കാണ്; അത് അഡ്രസ് ചെയ്താൽ ഈ പ്രശ്നം തീരുമല്ലോ? നിങ്ങൾ പി.എസ്.സി.-യുടെ ഉത്തരവാദപ്പെട്ട ആളുകളുമായി ചർച്ച നടത്തി എവിടെയാണ് തടസ്സമെന്ന് കണ്ടെത്തി അത് നീക്കാനുള്ള നടപടി സ്വീകരിക്കണം. അതിനുപകരം പി.എസ്.സി.-യെ നോക്കുകുത്തിയാക്കി ഓട്ടോണമിയെന്നുപറഞ്ഞ് പുതിയൊരു സംവിധാനമുണ്ടാക്കേണ്ട ആവശ്യമെന്താണെന്ന് ബഹുമാനപ്പെട്ട മന്ത്രി ഈ സഭയിൽ വ്യക്തമാക്കണമെന്ന് ഞാൻ വിനീതമായി ആവശ്യപ്പെടുകയാണ്. എന്തിനാണ് പുതിയ സിസ്റ്റം? കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ റിക്രൂട്ട്മെന്റ് ബോർഡിനുപകരം കേരള പൊളിറ്റിക്കൽ സെലക്ഷൻ ആൻഡ് റിക്രൂട്ട്മെന്റ് ബോർഡായി ഇത് മാറ്റാനുള്ള സമീപനമാണോയെന്ന് സർവ്വകലാശാലയുടെ ഓട്ടോണമിയുമായി ബന്ധപ്പെട്ട് കേരളത്തിൽ നടന്ന സാഹചര്യങ്ങളെ മുൻനിർത്തി ഗൗരവതരമായി ആശങ്കപ്പെടുകയാണ്. നിലവിൽ നിയമനം നടത്താൻ ഒരു ഭാഗത്ത് പി.എസ്.സി.-യും കാര്യക്ഷമതയുള്ള സംവിധാനവുമുണ്ട്. അതിൽ ചില പുഴക്കുത്തുകൾ വന്നിട്ടുള്ളത് ഒഴിവാക്കാനുള്ള

ശ്രമങ്ങൾ നടത്തുന്നതിനുപകരം പി.എസ്.സി.-യെ നോക്കുകുത്തിയാക്കി സർക്കാർ നിയന്ത്രിതമായ സംവിധാനം കൊണ്ടുവരാനുള്ള ഗൗരവതരമായ ശ്രമമാണ് നടക്കുന്നത്. ഇവിടെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചും പി.എസ്.സി.-യും നിലനിൽക്കെ ഓട്ടോണമി എന്ന ഒരു പുതിയ സംവിധാനത്തെ റിക്രൂട്ട്മെന്റിനുവേണ്ടി കൊണ്ടുവരികയാണ്. വ്യവസായ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ, മറ്റ് ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ തുടങ്ങിയവയെയെല്ലാം ഇതിന്റെ പരിധിയിലേയ്ക്ക് കൊണ്ടുവരികയാണ്. ഇതിൽ പ്രധാനപ്പെട്ട കാര്യം ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. അദ്ധ്യായം-2, പേജ് നമ്പർ-3, ബോർഡിന്റെ രൂപീകരണം എന്നതിൽ ബോർഡിലെ ചെയർപേഴ്സണുമായി ബന്ധപ്പെട്ട് പ്രിൻസിപ്പൽ സെക്രട്ടറിയുടെ കാര്യമാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. പ്രിൻസിപ്പൽ സെക്രട്ടറിയിൽനിന്ന് ആരംഭിച്ച് ഒരു പൊതുമേഖലാ സ്ഥാപനത്തിലെ ബോർഡംഗം വരെയാകുകയാണ്. അതിൽ പൊതുമേഖലാ സ്ഥാപനത്തിലെ ബോർഡംഗങ്ങളുടെ കപ്പാസിറ്റിയും ക്വാളിറ്റിയും ഏതെല്ലാം തലങ്ങളിൽ ആരെല്ലാം വരാം തുടങ്ങിയവയൊക്കെ പ്രതിപാദിച്ചിട്ടുണ്ട്. പൊളിറ്റിക്കൽ നിയമനങ്ങളിലേയ്ക്കുള്ള ആദ്യത്തെ ഫൂട്ടിംഗ് സ്റ്റെപ്പാണ് ചെയർപേഴ്സൺ നിയമനം. അവിടെയാണ് പ്രശ്നം. ഒരുഭാഗത്ത് ഓട്ടോണമി, ചെയർപേഴ്സൺ സ്ഥാനത്തുവരുന്നത് പ്രിൻസിപ്പൽ സെക്രട്ടറി. പ്രിൻസിപ്പൽ സെക്രട്ടറിയിൽനിന്ന് ആരംഭിച്ച് ആ ബോർഡിലെ അംഗമായി ഇന്റഗ്രിറ്റി കുറഞ്ഞ തലങ്ങളിലുള്ളവരുമുണ്ടാകും. എല്ലാവരും അങ്ങനെയായിരിക്കും എന്നല്ല ഞാൻ പറയുന്നത്. ബോർഡംഗം എന്നത് ഒരു സിംഗിൾ മാർജിനിൽ എടുക്കുമ്പോൾ അതാണ് മാനദണ്ഡമാക്കുന്നതെങ്കിൽ ഈ ബോർഡിന്റെ അതിപ്രധാനമായ പദവിയിലേയ്ക്ക് കടന്നുവരുന്ന ആൾ ഗൗരവതരമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നവരായിരിക്കുമെന്നതിൽ തർക്കം വേണ്ട.

നിങ്ങൾ സെക്ഷൻ 4-ൽ അംഗത്വത്തിനുള്ള അയോഗ്യതയെ സംബന്ധിച്ച് പറഞ്ഞിട്ടുള്ളതിൽ ക്രിമിനൽ കോടതി ശിക്ഷിക്കപ്പെട്ട ആളുകളെയും ചില കോടതി ഉത്തരവുകൾമൂലം ഏതെങ്കിലും ഔദ്യോഗികസ്ഥാനത്തുനിന്നും നീക്കംചെയ്യപ്പെട്ട ആളുകളെയും കുറിച്ച് സൂചിപ്പിച്ചിട്ടുണ്ട്. അതിൽ ലോക്ആയുക്ത ഉൾപ്പെടെയുള്ള സംവിധാനങ്ങൾ കൊണ്ടുവന്നില്ല. ലോക്ആയുക്തയോട് പ്രത്യേക സമീപനമാണ് നിങ്ങൾ ഇപ്പോൾ സ്വീകരിക്കുന്നത്. കാരണം എന്താണ്; ലോക്ആയുക്തയുടെ പല്ലൊക്കെ പോയി. പാർട്ടി സെക്രട്ടറിയായിരുന്ന, ചിന്താ വാരികയിൽ ലേഖനമെഴുതിയിരുന്ന കേരളത്തിന്റെ ഇപ്പോഴത്തെ ബഹുമാന്യനായ മുഖ്യമന്ത്രി കടിക്കുന്ന നായയെക്കുറിച്ച് പറഞ്ഞു. വളരെ വിഖ്യാതമായിട്ടുള്ള പ്രയോഗമായിരുന്നു അത്. ഇപ്പോൾ അതിന്റെ പല്ല് മുഴുവൻ നിങ്ങൾ അടിച്ച് കളഞ്ഞു. ലോക്ആയുക്ത ഉൾപ്പെടെയുള്ള സംവിധാനങ്ങളെല്ലാം നിങ്ങൾ മാറ്റി. കോംപീറ്റന്റ്

അതോറിറ്റിയുമായി ബന്ധപ്പെട്ട് ലോക്ആയുക്തയുടെ നിർദ്ദേശത്തെ സംബന്ധിച്ച് 1999-ൽ നായനാർ ഗവണ്മെന്റിന്റെ കാലത്ത് കേരള നിയമസഭയിൽ ഗൗരവമായ ചർച്ച നടന്നു. കെ. എം. മാണി, ടി. എം. ജേക്കബ്, ജി. കാർത്തികേയൻ, എം. വി. രാഘവൻ, സർവ്വശ്രീ ആനത്തലവട്ടം ആനന്ദൻ, ജി. സുധാകരൻ ഉൾപ്പെടെയുള്ള നിരവധി പ്രഗല്ഭരായ നിയമസഭാ സാമാജികർ കോംപീറ്റന്റ് അതോറിറ്റി വേണ്ട എന്നാണ് പറഞ്ഞത്. ഒരു കാരണവശാലും ലോക്ആയുക്തയുടെ വിധിന്യായം നിരാകരിക്കരുതെന്നാണ് പറഞ്ഞത്. ഞാൻ ചോദിക്കുന്നു, അന്നത്തെ ആ ഗവണ്മെന്റിന് ഒരാത്മബലവും ഇച്ഛാശക്തിയുമുണ്ടായിരുന്നു. കോംപീറ്റന്റ് അതോറിറ്റിയെ കൊണ്ടുവരണമെന്ന് ഇന്ന് നിങ്ങൾ തീരുമാനിക്കുന്നത് നായനാർ ഗവണ്മെന്റിന്റെ ആത്മബലം നിങ്ങൾക്ക് ഇല്ലാതെപോയതുകൊണ്ടാണ്. അതിനാലാണ് പുറകിലത്തെ വഴിയിലൂടെ ലോക്ആയുക്തയുടെ പല്ല് കൊഴിക്കാൻ നിങ്ങൾ നേതൃത്വം നൽകുന്നത്. അങ്ങനെ ഓരോ സമീപനം സ്വീകരിച്ച് നിയമനിർമ്മാണത്തെ മറ്റുതലങ്ങളിലേയ്ക്ക് കൊണ്ടുപോയി ഇതിന്റെ എല്ലാ പരിധികളുംവിട്ട് ഇതിൽനിന്നെല്ലാം രക്ഷപ്പെടാൻ ആവശ്യമായ നയസമീപനങ്ങൾ സ്വീകരിച്ചുകൊണ്ടാണ് ഈ ഗവണ്മെന്റ് മുന്നോട്ടുപോകുന്നത്. സമയക്കുറവുമൂലം ഇതിലെ ഓരോ കാര്യങ്ങളെ സംബന്ധിച്ചും വിശദമായ ചർച്ചയിലേയ്ക്ക് കടക്കുന്നില്ല.

പേജ് നമ്പർ 9-ൽ 'ഒരു പൊതുമേഖലാ സ്ഥാപനത്തിലെ ഒന്നിലധികം തസ്തികകളിലേയ്ക്കോ ഒന്നിലധികം പൊതുമേഖലാ സ്ഥാപനങ്ങളിലെ തസ്തികകളിലേയ്ക്കോ അപേക്ഷിക്കുന്ന ഒരു അപേക്ഷകന് ഒന്നിലധികം പരീക്ഷകൾക്ക് ഹാജരാകാനുള്ള അവകാശം നിഷേധിക്കപ്പെടുന്നില്ല എന്നത് ബോർഡ് ഉറപ്പുവരുത്തേണ്ടതാണ്', എന്നുപറയുന്നു. അതിനുതൊട്ടുതാഴെ ഒരു പ്രൊവൈസോ ഉൾക്കൊള്ളുന്നു. അത് നേരെ എതിരാണ്. അതിൽ പറയുന്നത്, 'എന്നാൽ, ബോർഡ് നടത്തുന്ന പരീക്ഷകളിൽ വിവിധ തസ്തികകളിലേയ്ക്ക് ഒരേ അപേക്ഷകൻ അപേക്ഷിക്കുന്ന പക്ഷവും ബോർഡ് ഒന്നിലധികം തസ്തികകളിലേയ്ക്ക് ഒരേ ദിവസം പരീക്ഷ നടത്തുന്ന സാഹചര്യത്തിലും ഈ അവകാശം അപ്രകാരമുള്ള ഉദ്യോഗാർത്ഥിക്ക് ലഭിക്കുന്നതല്ല' എന്നാണ്. അപ്പോൾ ആദ്യം ഒരു കാര്യം പറഞ്ഞിട്ട് അതിന് തീർത്തും കടകവിരുദ്ധമായ രീതിയിൽ മറ്റൊരുകാര്യം പറയുകയാണ്. ആർട്ടിക്കിൾ 16-ൽ ജോലി സംബന്ധമായി എല്ലാ ആളുകൾക്കും തുല്യ അവസരം ലഭിക്കുകയെന്ന ഭരണഘടനാപരമായ അവകാശത്തെ നിഷേധിക്കലാണ് ഇതിലൂടെയുണ്ടാകാൻ പോകുന്നത്.

പേജ് നമ്പർ 8-ൽ സൂചിപ്പിച്ചിരിക്കുന്ന, മാനേജിംഗ് ഡയറക്ടറുമായി ബന്ധപ്പെട്ട കാര്യത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി നേരത്തെ പറഞ്ഞു. അതിൽ പറയുന്നത്, 'വ്യവസായ വാണിജ്യ വകുപ്പിന്റെ ഭരണനിയന്ത്രണത്തിൻ

കീഴിലുള്ള പൊതുമേഖലാസ്ഥാപനങ്ങളുടെ മാനേജിംഗ് ഡയറക്ടർമാരുടെയോ മേധാവിയുടെയോ തസ്തികകളിലേയ്ക്കുള്ള സെലക്ഷൻ സംബന്ധിച്ച് നിലവിലുള്ള മറ്റേതെങ്കിലും ആക്ടുകളിലോ ചട്ടങ്ങളിലോ റെഗുലേഷനുകളിലോ ഉത്തരവുകളിലോ വിധിന്യായങ്ങളിലോ ഡിക്രികളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും അനുയോജ്യരായ ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിനായി സർക്കാരിനോട് ബോർഡ് ശിപാർശ ചെയ്യേണ്ടതും....' എന്നാണ്. കോടതി വിധിയുൾപ്പെടെ എല്ലാത്തിനെയും ചവിട്ടിമെതിച്ച് ബോർഡിന് സെലക്ഷൻ ഓപ്ഷൻ നൽകുകയാണ്. അതിലൂടെ മറ്റെല്ലാത്തിനെയും മറികടന്ന് നിയമിക്കാൻ സാധിക്കുമെന്ന തീരുമാനമാണ് പ്രഖ്യാപിച്ചിരിക്കുന്നത്. വിവിധ കാര്യങ്ങൾ ഇതുമായി ബന്ധപ്പെട്ട് ചെയ്തിരിക്കുകയാണ്. അതുകൊണ്ട് ഗൗരവമുള്ള ഒരു സാഹചര്യം രൂപപ്പെട്ടിരിക്കുകയാണ്. ഓട്ടോണമിയുള്ള ഒരു ബോർഡ് എന്നുപറഞ്ഞ് സെലക്ഷൻ റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ച് പി.എസ്.സി. എന്ന നിയതമായ റിക്രൂട്ട്മെന്റ് സംവിധാനത്തെ ഇകഴ്ത്താനും പാർട്ടി ആഗ്രഹിക്കുന്ന, പിൻവാതിലിലൂടെ കടന്നുവരേണ്ട നിയമനങ്ങൾ, മുൻവാതിലൂടെ റിക്രൂട്ട്മെന്റ് നടത്തി കൊണ്ടുവരുന്നതിന് നിയമപരമായ പരിരക്ഷ നൽകുന്നതിനുംവേണ്ടിയുള്ള ഒരു സംവിധാനമായി ഇത് മാറാനുള്ള സാധ്യത ഒരിക്കലും തള്ളിക്കളയാൻ സാധിക്കില്ലെന്ന് ബഹുമാനപ്പെട്ട ഗവൺമെന്റിന്റെയും നിയമസഭയുടെയും മുമ്പിൽ രേഖപ്പെടുത്തിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ</u>: സർ, 2022-ലെ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതിയെ ഞാൻ പിന്താങ്ങുന്നു. കേരള സർക്കാരിന്റെ വ്യവസായ-വാണിജ്യ വകുപ്പിന്റെ ഭരണനിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ പി.എസ്.സി. മുഖേനയല്ലാതെ നിയമനം നടത്തേണ്ട വിവിധ തസ്തികകളിലേയ്ക്ക് നിയമിക്കുന്നതിനായി ഉദ്യോഗാർത്ഥികളുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനും ബന്ധപ്പെട്ട വകുപ്പുകൾ ആവശ്യപ്പെടുന്നതിന്മേൽ നിയമനം നടത്തുന്നതിനും ഏറെ സഹായകരമായിരിക്കും ഈ ബോർഡ് രൂപീകരണം. കേരളത്തിന്റെ വ്യവസായ രംഗം ഉണരുകയാണ്. നമ്മുടെ വ്യവസായ രംഗത്തെ സജീവമാക്കുന്ന നിരവധി വികസന സംരംഭങ്ങൾ ആവിഷ്കരിച്ച് മുന്നോട്ടുപോകുന്ന വ്യവസായ വകുപ്പിനെയും ഗവൺമെന്റിനെയും ഈ സന്ദർഭത്തിൽ ഞാൻ അഭിനന്ദിക്കുന്നു. പരിമിതമായ കേന്ദ്ര-സംസ്ഥാന ബന്ധങ്ങൾക്ക് നടുവിലാണ് വ്യവസായ വകുപ്പ് പ്രവർത്തിക്കുന്നതെന്ന് എല്ലാവർക്കുമറിയാം. പുതിയ വ്യവസായ നിക്ഷേപങ്ങൾ കേന്ദ്രം നടത്തുന്നില്ല. ധനകാര്യ കമ്മീഷന്റെ വിഹിതം കേരളത്തിൽ കുറഞ്ഞുവരുന്നു. തന്ത്രപ്രധാനമായ മേഖലകളിൽപ്പോലും സ്വകാര്യ മൂലധന

കമ്പനികൾക്ക് കേന്ദ്രം ഒത്താശ ചെയ്തുകൊടുത്തുകൊണ്ടിരിക്കുകയാണ്. സാമ്പത്തികമായി കേരളത്തോട് അവഗണന കാണിക്കുകയും ശ്വാസംമുട്ടിക്കുകയും ചെയ്യുകയാണ്. ഈ പരിമിതികൾക്കുള്ളിൽനിന്നുകൊണ്ടാണ് വ്യവസായ വകുപ്പിന് കീഴിലുള്ള 30 പൊതുമേഖലാ സ്ഥാപനങ്ങളെങ്കിലും അടുത്ത സാമ്പത്തിക വർഷം ലാഭത്തിലാക്കുമെന്ന് ബഹുമാന്യനായ മന്ത്രി പി. രാജീവ് പ്രഖ്യാപിക്കുന്നത്. RIAB (Public Sector Restructuring and Internal Audit Board)-ന്റെ ചുമതലയിൽ അതിനാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തിക്കഴിഞ്ഞു. വ്യവസായ വകുപ്പിനുകീഴിൽ 53 വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എല്ലാ സ്ഥാപനങ്ങളുടെയും പേരെടുത്ത് പറയുന്നില്ല. ഈ സ്ഥാപനങ്ങളിലെ നിയമനങ്ങൾ കുറെക്കൂടി സുതാര്യമാക്കാനും സ്ഥാപനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാനും ഈ ബോർഡ് രൂപീകരണം സഹായകരമാകുകയും സഹകരണ പരീക്ഷാ ബോർഡുപോലെയും ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡുപോലെയും സുതാര്യവും മാതൃകാപരവുമായ ഒരു സ്ഥാപനമായി ഇത് മാറുകയും ചെയ്യും. നിലവിൽ പി.എസ്.സി. മുഖേന നിയമനം നടത്തുന്നതിന് തസ്തികകൾ പി.എസ്.സി.-ക്ക് ശിപാർശ ചെയ്തിട്ടില്ലാത്ത നിരവധി സ്ഥാപനങ്ങളുണ്ട്. കേരള മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷനും കാപ്പെക്സും ഉൾപ്പെടെ പത്തൊൻപതോളം സ്ഥാപനങ്ങൾ ഇപ്രകാരമുണ്ട്. ഈ വർഷം 'സംരംഭക വർഷ'മായി വകുപ്പ് പ്രഖ്യാപിക്കുകയുണ്ടായി. ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ. ഇന്ന് രാവിലെ ബഹുമാന്യനായ മന്ത്രി അതിന്റെ കണക്കുകൾ ഇവിടെ ഉദ്ധരിക്കുകയുണ്ടായി. 49608 പേർ രജിസ്റ്റർ ചെയ്യുകയും ഏതാണ്ട് മുപ്പതിനായിരത്തിലധികം സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്തിരിക്കുകയാണ്. എന്റെ മണ്ഡലമായ വൈപ്പിനിൽത്തന്നെ 341 പുതിയ സംരംഭങ്ങൾ ആരംഭിച്ചുകഴിഞ്ഞു. 641 പേർക്ക് തൊഴിൽ ലഭിക്കാൻ അതിടയാക്കി. 10 കോടി 30 ലക്ഷം രൂപയുടെ നിക്ഷേപമാണ് ഇതിനായി വന്നുചേർന്നത്. നല്ല പ്രതികരണമാണ് ഈ പദ്ധതിക്ക് ലഭിച്ചത്. അഭ്യസ്തവിദ്യരായ 45 ലക്ഷം പേർ കേരളത്തിൽ തൊഴിൽരഹിതരാണെന്ന് സർക്കാർ കണക്കാക്കുന്നു. അതിൽ 20 ലക്ഷം പേർക്ക് സമയബന്ധിതമായി തൊഴിൽ നൽകാൻ നോളജ് മിഷനെ സർക്കാർ ചുമതലപ്പെടുത്തിയിരിക്കുകയാണ്. മഴത്തുള്ളിക്കുവേണ്ടി വേഴാമ്പലിനെപ്പോലെ കാത്തിരിക്കുന്ന യുവതയ്ക്ക് സർക്കാരിന്റെ ഈ സംരംഭങ്ങൾ ആശ്വാസം പകരുന്നുണ്ട്. ഇരുപത്തിയഞ്ച് വർഷം കഴിയുമ്പോൾ ലോകത്തെ വികസിത രാജ്യങ്ങൾക്കൊപ്പം കേരളത്തിന്റെ ജീവിതനിലവാരവും വരുമാനവും എത്തിക്കുകയെന്ന ഭാവനാസമ്പന്നമായ ലക്ഷ്യമാണ് കൈവരിക്കാനുള്ളത്. ആ യാത്രയിൽ സുസ്ഥിരമായ തൊഴിലും മെച്ചപ്പെട്ട സേവന-വേതന വ്യവസ്ഥകളും ഉറപ്പുവരുത്താൻ 2022-ലെ കേരള പബ്ലിക് എന്റർപ്രൈസസ് ബോർഡ്

രൂപീകരണം സഹായിക്കും. നിലവിൽ കമ്പനിയിലെ മാനേജിംഗ് ഡയറക്ടർമാർ റിയാബ് വഴി നൈപുണ്യ പരീക്ഷകളും ഇന്റർവ്യൂകളും നടത്തിയാണ് പൊതുമേഖലാ സ്ഥാപനങ്ങളിൽ നിയമനം നടത്തുന്നത്. ഈ നിയമന പ്രക്രിയ നടപ്പിലാകാൻ ഏകദേശം ആറ് മാസത്തോളമെടുക്കുന്നുണ്ട്. ദീർഘമായ നടപടിക്രമങ്ങൾ പരിഗണിച്ച് കുറച്ച് ഒഴിവുകൾ നികത്താൻ കമ്പനികൾ താൽപ്പര്യപ്പെടാത്തത് ഒഴിവുകൾ ദീർഘകാലത്തേയ്ക്ക് നീണ്ടുപോകാൻ കാരണമാകുന്നു. ഇത് മറ്റ് ഉദ്യോഗസ്ഥരുടെ അധിക ജോലിഭാരത്തിന് കാരണമാകുകയും അർഹമായ സ്ഥാനക്കയറ്റത്തിന് വിലങ്ങുതടിയാകുകയും ചെയ്യുന്ന സ്ഥിതിയുണ്ട്. ഇതിന്റെ ഭാഗമായി ഓവർടൈം വേതനം സ്ഥാപനങ്ങൾക്ക് അധികബാധ്യത വരുത്തുന്ന സ്ഥിതിയുമുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങൾ പലതിലും അപകടകരമായ തൊഴിൽ സാഹചര്യങ്ങൾ നിലനിൽക്കുകയാണ്. സാങ്കേതിക പരിജ്ഞാനവും തൊഴിൽ നൈപുണ്യവും അനിവാര്യവുമാണ്. എന്നാൽ കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്ക് പ്രവൃത്തിപരിചയം കുറവായതിനാൽ നൈപുണ്യം കുറയുന്നത് അപകടസാധ്യത വർദ്ധിപ്പിക്കാനും ഉൽപ്പാദനക്ഷമത കുറയാനും കാരണമാകും. ഈ പ്രശ്നത്തെ അഭിമുഖീകരിക്കാൻ സഹായിക്കുന്ന ഒന്നാണ് ഈ ബോർഡിന്റെ രൂപീകരണം. സ്ഥിരനിയമനം സാധ്യമാകുമ്പോൾ ഉൽപ്പാദന പ്രവർത്തനത്തെ ഏകോപിപ്പിക്കാനാകും. നിയമനങ്ങളിൽ സംവരണ വിഭാഗങ്ങൾക്ക് അർഹമായ പരിഗണന ലഭിക്കുകയും ചെയ്യും. പല പൊതുമേഖലാ സ്ഥാപനങ്ങളിലും ആവശ്യമായ ജീവനക്കാരില്ലാത്തത് ഉൽപ്പാദനത്തെ ഗുരുതരമായി ബാധിക്കുന്ന സ്ഥിതിയുമുണ്ട്. എറണാകുളം ജില്ലയിലെ ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡിന്റെ അനുഭവം തന്നെയെടുത്താൽ, കമ്പനിയുടെ ഇരുമ്പനം, തിരുവല്ല യൂണിറ്റുകളിൽ മൂന്ന് ഷിഫ്റ്റ് പ്രവർത്തിക്കേണ്ടതുണ്ട്. എന്നാൽ നിലവിൽ എംപ്ലോയ്മെന്റ് വഴി നിയമിതരായവരെയും അപ്രന്റീസ് ഉൾപ്പെടെയുള്ളവരെയും ഉൾപ്പെടുത്തിയാണ് ജോലി ചെയ്യിക്കുന്നത്. ഇവർ പരിചയക്കുറവുള്ളവരായതിനാൽ ആവശ്യത്തിനുള്ള ഉൽപ്പാദനം കിട്ടാതെയും സമയത്ത് ഓർഡറുകൾ കൊടുക്കാൻ കഴിയാതെയും വരുന്ന സാഹചര്യമാണുള്ളത്. ഇത് വലിയ നഷ്ടമുണ്ടാക്കുന്നുണ്ട്. കമ്പനി മറ്റ് ചില പ്രശ്നങ്ങളും നേരിടുന്നുണ്ട്. ഇരുപത്തിയഞ്ച് കോടി രൂപയുടെയെങ്കിലും സഹായം പ്രഖ്യാപിക്കേണ്ട പ്രശ്നങ്ങൾ സർക്കാരിന്റെ മുമ്പിലുണ്ട്. അത് ആ നിലയിൽ പരിഗണിക്കണമെന്ന് ഞാൻ ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുകയാണ്. ഇതിനുപുറമെ 2023-24 സാമ്പത്തിക വർഷത്തിൽ പരിചയസമ്പന്നരായ ഭൂരിഭാഗം ജീവനക്കാരും റിട്ടയർ ചെയ്യുന്ന സ്ഥിതിയുണ്ടാകും. പുതിയ സ്ഥിര നിയമനങ്ങൾ യഥാസമയം നടക്കുന്നില്ലെങ്കിൽ കമ്പനിയുടെ പ്രവർത്തനം സ്തംഭനാവസ്ഥയിലേയ്ക്ക് നീങ്ങാനാണ് സാധ്യത. ഇത് ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡിന്റെ അനുഭവമാണ്. ഇത്തരം സമാന

സാഹചര്യം മറ്റ് സ്ഥാപനങ്ങളിലും കണ്ടേക്കാം. ഇത്തരം പ്രശ്നപരിഹാരങ്ങൾക്ക് വഴിതെളിയിക്കാൻ ബോർഡ് രൂപീകരണം സഹായിക്കുമെന്ന കാര്യത്തിൽ സംശയമില്ല. അതുകൊണ്ട് ഭേദഗതിയെ ഒരിക്കൽക്കൂടി പിന്തുണയ്ക്കുന്നു.

ശ്രീ. കെ. പി. മോഹനൻ: സർ, 2022-ലെ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതിയെ ഞാൻ പിന്തുണയ്ക്കുന്നു. സംസ്ഥാനത്ത് വ്യവസായം വളരെയധികം പിന്നോട്ടായിട്ടുണ്ടെങ്കിലും അതിൽനിന്ന് വ്യത്യസ്തമായി ഈയടുത്ത കാലത്ത് ഒരു ലക്ഷം സംരംഭകരെ മുന്നോട്ട് കൊണ്ടുവരാൻവേണ്ടിയുള്ള തീവ്രമായ ശ്രമമാണ് പഞ്ചായത്തുതലം മുതൽ ജില്ലാതലം വരെ നടത്തിക്കൊണ്ടിരിക്കുന്നത്. സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ യുവതീയുവാക്കൾ തൊഴിൽരഹിതരാണെന്ന കാര്യം നമുക്ക് കാണാൻ സാധിക്കും. അവരെല്ലാം പി.എസ്.സി.-യുടെ ഊഴം കാത്തുനിൽക്കുകയാണ്. എന്ന് ജോലി ലഭിക്കുമെന്ന് പറയാൻ സാധ്യമല്ല. അവർക്ക് ഒരു അത്താണിയായിട്ടാണ് ഈ ബില്ലിനെ ഞാൻ കാണുന്നത്.

സംസ്ഥാനത്തിന്റെ തൊഴിൽ-സാമ്പത്തിക മേഖലകളെ സമ്പുഷ്ടമാക്കുന്നതിൽ നിർണ്ണായക പങ്ക് പൊതുമേഖലാ സ്ഥാപനങ്ങൾക്കുണ്ട്. ഇന്ത്യയ്ക്ക് മാതൃകയായതും ലോകനിലവാരമുള്ളതുമായ പൊതുമേഖലാ സ്ഥാപനങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ട്. ഇവയ്ക്ക് കാര്യക്ഷമമായി മുന്നോട്ടുപോകാനും മത്സരാടിസ്ഥാനത്തിൽ പ്രവർത്തിക്കാനും കാര്യപ്രാപ്തിയുള്ള മേധാവികളെ ആവശ്യമാണ്. അതാണ് ഇതിലെ പ്രധാനപ്പെട്ട കാര്യമായി നമ്മൾ കാണുന്നത്. പലപ്പോഴും സ്ഥാനക്കയറ്റംവഴി പൊതുമേഖലാ സ്ഥാപനങ്ങളുടെ മേധാവികളെയും ടെക്നിക്കൽ സ്റ്റാഫിനെയും നിയമിക്കുന്നത് ആ സ്ഥാപനത്തിന്റെ മെല്ലെപ്പോക്കിന് കാരണമാകുകയാണ്. ഈ ബിൽ യാഥാർത്ഥ്യമാകുമ്പോൾ അത് പരിഹരിക്കാൻ സാധിക്കും. അതിന് വിദഗ്ദ്ധരും ദീർഘവീക്ഷണവുമുള്ള സ്റ്റാഫിനെ കണ്ടെത്തണം. കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ആൻഡ് റിക്രൂട്ട്മെന്റ് ബോർഡുവഴി ഇത് യാഥാർത്ഥ്യമാക്കാൻ സാധിക്കും. ഇതുവഴി സ്റ്റാഫിനെ കണ്ടെത്താൻ സാധിച്ചാൽ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കുറേക്കൂടി ഊർജ്ജം പകർന്ന് മുന്നോട്ടുപോകാൻ സാധിക്കും. പല പൊതുമേഖലാ സ്ഥാപനങ്ങളെക്കുറിച്ചും നമുക്കറിയാം. ഓരോ വകുപ്പിന്റെ കീഴിലുമുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് എങ്ങനെയാണെന്ന് മനസ്സിലാക്കിക്കൊണ്ടുള്ള ഒരു ബില്ലായിട്ടാണ് ഇതിനെ കാണുന്നത്. ഇതിൽ കുറെ കാര്യങ്ങൾ പറയാനുണ്ട്. ബഹുമാനപ്പെട്ട കെ. എൻ. ഉണ്ണിക്കൃഷ്ണൻ, എം.എൽ.എ. സൂചിപ്പിച്ചപ്പോൾ കുറെ കാര്യങ്ങൾ പറഞ്ഞു. എഴുത്തുപരീക്ഷയുടെ ഉത്തരസൂചികയുടെ കരട് പരീക്ഷ കഴിഞ്ഞ ഉടൻതന്നെ പ്രസിദ്ധപ്പെടുത്തുന്നു,

പരാതികളും നിർദ്ദേശങ്ങളും പരിഗണിച്ചശേഷം മാത്രമേ തുടർനടപടി സ്വീകരിക്കുകയുള്ളൂ. അങ്ങനെ കുറെ കാര്യങ്ങളുണ്ട്. റാങ്ക്പട്ടികയിൽ ഉദ്യോഗാർത്ഥികൾക്ക് ഓരോ ഇനത്തിലും ലഭിച്ച മാർക്കറിയാൻ കഴിയുന്നു, റാങ്ക്പട്ടികയിൽ ഉൾപ്പെടാത്ത ഉദ്യോഗാർത്ഥികൾക്കും മാർക്ക് വിവരം അറിയാൻ അവസരം, ഉത്തരക്കടലാസുകളുടെ പകർപ്പ് ലഭ്യമാക്കുന്ന സംവിധാനം തുടങ്ങി വളരെ സുതാര്യമാണ് ഇതിന്റെ സംവിധാനങ്ങൾ. റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളുടെ വിവരം വെബ്സൈറ്റിൽ ലഭ്യമാക്കുക, നിയമന ശിപാർശ അംഗീകരിച്ചാൽ ഉടൻതന്നെ വിശദമായ അപ്പോയിന്റ്മെന്റ് ചാർട്ട് ലഭ്യമാക്കുക, നികത്താനുള്ള മുൻ ഊഴങ്ങൾ/ഒഴിവുകാരുടെ സ്വഭാവം എന്നിവ ഉൾപ്പെടെയുള്ള വിശദവിവരങ്ങൾ ലഭ്യമാക്കുക, ക്ലോസിംഗ്/പെൻഡിംഗ് ടേണുകളുടെ സ്റ്റാറ്റസ് വെബ്സൈറ്റ് വഴി ലഭ്യമാക്കുക തുടങ്ങി ഈ ബില്ലിലെ സംവിധാനങ്ങൾ മുഴുവൻ സുതാര്യമാണ്. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളൊക്കെത്തന്നെ നല്ല നിലയിൽ പ്രവർത്തിക്കുന്നതാണ് എന്ന കാര്യം നമുക്കെല്ലാമറിയാം. അതേസമയം ടെക്നിക്കലും അതുമായി ബന്ധപ്പെട്ട കാര്യങ്ങളും താഴേയ്ക്കിടയിലെത്തിക്കാൻ സാധിക്കുന്നില്ല. അതിന് ഈ ബിൽ ഉപകാരപ്രദമാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ട് ഞാൻ ഈ ബില്ലിനെ ഒന്നുകൂടി അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബിൽ സംബന്ധിച്ച ചർച്ചകളിൽ ബില്ലുമായി ബന്ധപ്പെട്ടും ബില്ലിന് പുറത്തുള്ളതുമായ നിരവധി കാര്യങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. പി.എസ്.സി.-യെ നോക്കുകുത്തിയാക്കി പുതിയൊരു സംവിധാനം കൊണ്ടുവരുന്നുവെന്നുള്ള രീതിയിലാണ് ശ്രീ. പി. ഉബൈദുള്ളയും ശ്രീ. ടി. സിദ്ദിഖും സംസാരിച്ചത്. പി.എസ്.സി.-ക്ക് വിട്ടിരിക്കുന്ന ഒരു നിയമനവും ഈ ബോർഡിന്റെ പരിധിയിലേയ്ക്ക് കൊണ്ടുവരുന്നേയില്ല എന്ന കാര്യം ഞാൻ നേരത്തേതന്നെ സൂചിപ്പിച്ചു. ചിലപ്പോൾ ഒരു സ്ഥാപനത്തിലേയ്ക്ക് സാങ്കേതിക പരിജ്ഞാനമുള്ള രണ്ടോ മൂന്നോ ആളുകളെയായിരിക്കും ആവശ്യം. അതിന് കഴിയുന്ന റിക്രൂട്ട്മെന്റ് സംവിധാനം അതത് ബോർഡുകൾ പ്രത്യേകം തീരുമാനിച്ച് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുകയാണ്, പോസിറ്റീവ് സൈഡാണ് കാണേണ്ടത്. കേരളത്തിൽ റിയാബിന്റെ കീഴിൽ 42 പൊതുമേഖലാ സ്ഥാപനങ്ങളിൽ 512 പോസ്റ്റുകൾ പി.എസ്.സി.-ക്ക് വിട്ടിട്ടുണ്ട്. അതിൽ 138 പോസ്റ്റുകളിലായി 448 വേക്കൻസികളാണ് നിലവിലുള്ളത്. അതിൽത്തന്നെ ഇപ്പോൾ 379 വേക്കൻസികൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിന്റെ പ്രോസസ്സ് നടന്നുകൊണ്ടിരിക്കുകയാണ്. പി.എസ്.സി.-ക്കുവിട്ട പോസ്റ്റുകളിൽ തൊടുന്നതേയില്ല, അവ അതുപോലെതന്നെ നിലനിർത്തിക്കൊണ്ടാണ് പുതിയ

സംവിധാനം വരുന്നത്. നേരത്തെ പലയിടങ്ങളിലും പല രീതിയാണ് നടന്നുകൊണ്ടിരുന്നത്. നിങ്ങളൊക്കെ ഒരു കാലത്തിന്റെ ഓർമ്മയിൽ ഇപ്പോഴും ജീവിക്കുന്നതുകൊണ്ട് അന്നത്തെ കാലത്തെ അനുഭവങ്ങൾ നോക്കിയാൽ മതി. എങ്ങനെയൊക്കെയാണ് ഓരോ സ്ഥലങ്ങളിലും നിയമനങ്ങൾ നടന്നുകൊണ്ടിരുന്നത്? ഭരണമേതുമാകാം, ചില സ്ഥലങ്ങളിൽ പ്രത്യേക രീതികൾ നിലനിന്നെന്നുവരാം. അവിടത്തെ മാനേജ്മെന്റുണ്ടാകും, യൂണിയനുകളുണ്ടാകും, മറ്റ് പല പ്രശ്നങ്ങളുമുണ്ടാകും, ചില തെറ്റായ രീതികൾ വന്നെന്നുവരാം. അങ്ങനെ നടന്നുകൊണ്ടിരുന്ന നിയമനങ്ങളെ സുതാര്യമായ സംവിധാനത്തിലേയ്ക്ക് കൊണ്ടുവരികയാണ് ചെയ്യുന്നത്. ഇത് നിലവിൽ വന്നുകഴിഞ്ഞാൽ പി.എസ്.സി.-ക്ക് വിടാത്തതും പൊതുമേഖലാ സ്ഥാപനങ്ങൾ ഓരോന്നും നേരിട്ട് നിയമനം നടത്തിക്കൊണ്ടിരിക്കുന്നതുമായ, സർക്കാർ ഇപ്പോൾ അംഗീകരിച്ചിട്ടുള്ള 503 പോസ്റ്റുകളാണ് ആദ്യഘട്ടത്തിൽ ഇതിന്റെ പരിഗണനയിൽ വരുന്നത്. അത് സുതാര്യമായിരിക്കും. ബഹുമാന്യനായ അംഗം ശ്രീ. കെ. പി. മോഹനൻ ചൂണ്ടിക്കാണിച്ച, മാർക്ക് കൃത്യമായി അറിയാൻ കഴിയും, ഉത്തരക്കടലാസ് സംബന്ധിച്ചുള്ള തീരുമാനങ്ങളുണ്ട്, പരീക്ഷ എങ്ങനെ നടത്തണം, ഓൺലൈനല്ലാത്ത പരീക്ഷയാണെങ്കിൽ ഉത്തരക്കടലാസ് തിരിച്ചുകൊടുക്കുന്ന കാര്യം തുടങ്ങിയവയെല്ലാം പരിഗണിക്കണം എന്നതുൾപ്പെടെയുള്ളത് ചട്ടങ്ങളുടെ ഭാഗമായി കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ട്. പൂർണ്ണമായും സുതാര്യമായി നടത്തുക എന്നതാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. ശ്രീ. പി. ഉബൈദുള്ള, ഇപ്പോൾ ഇവിടെയില്ല. ഞാൻ അദ്ദേഹത്തെ കുറ്റപ്പെടുത്തുന്നതല്ല. നാടിന്റെ പൊതുസ്വഭാവം അദ്ദേഹത്തിന്റെ പ്രതികരണത്തിൽ പ്രതിഫലിച്ചിട്ടുണ്ട്. അദ്ദേഹം പറഞ്ഞത്, നമ്മളിപ്പോൾ 28-ാം റാങ്കിൽ നിൽക്കുന്നുവെന്നാണ്. അത് അദ്ദേഹത്തിന്റെ കുഴപ്പമല്ല. നമ്മൾ 28-ാം റാങ്കിൽനിന്നും 29-ലേയ്ക്ക് താഴ്ന്നെങ്കിൽ അടിയന്തരപ്രമേയം വരുമായിരുന്നു, ന്യൂസ് അവറിൽ ചർച്ചയും പ്രത്യേക ലേഖനങ്ങളും വരുമായിരുന്നു. കേരളമല്ല, ലോകത്തുള്ള എല്ലാവരുമറിയും, ഇനിയിപ്പോൾ നമ്മൾ ഒരിടത്തും പോകാനില്ല, ഏറ്റവും താഴ്ന്നാണ് കേരളം കിടക്കുന്നതെന്ന്. ഇതുസംബന്ധിച്ച് ശ്രീ. പി. ഉബൈദുള്ളയെയല്ല ഞാൻ കുറ്റം പറയുന്നത്, നാടിന്റെ പൊതുസ്ഥിതിയാണ്. ഒരു എം.എൽ.എ.-യുടെ ഈ ധാരണയിലേയ്ക്കിവർ എത്താത്തത് അദ്ദേഹത്തിന്റെ കുഴപ്പമല്ല. അദ്ദേഹം വായിക്കുന്നതെവിടെങ്കിലും കാണണ്ടേ; അദ്ദേഹം കാണുന്ന ചാനലുകളിൽ കാണണ്ടേ? ഒറ്റയടിക്ക് നമ്മൾ 28-ൽ നിന്ന് 15-ലേയ്ക്ക് കയറി. 13 പടി മുന്നിലാണ് ഒറ്റവർഷംകൊണ്ട് കയറിപ്പറ്റിയത് ചരിത്രത്തിലെ ഏറ്റവും വലിയ നേട്ടമാണ്. നമ്മുടെ നാടിന്റെ പൊതുവായൊരു സ്ഥിതി ഇതാണ്. അതിൽ പ്രത്യേകം മനസ്സിലാക്കേണ്ടത്, പരിഷ്കാരങ്ങളെ അടിസ്ഥാനപ്പെടുത്തിയാണെങ്കിൽ 7-ാം

സ്ഥാനത്താണ് നമ്മൾ. പ്രതിപക്ഷത്തുള്ളവരെ മാത്രമല്ല പറയുന്നത്, ഭരണപക്ഷത്തുമുണ്ടാകും. ഞാൻ സംരംഭകരുമായും പത്രക്കാരുമായി സംസാരിക്കുമ്പോഴൊക്കെ ഒറ്റയടിക്കാണ് നമ്മൾ കയറിയതെന്ന് നല്ലൊരു വിഭാഗത്തിനും അറിയില്ല. റാങ്ക് നിശ്ചയിക്കുന്നത് പരിഷ്കാരങ്ങളെ അടിസ്ഥാനപ്പെടുത്തിയല്ല. പരിഷ്കാരങ്ങളിൽ നമ്മൾ 7-ാം റാങ്കിലാണ്. ഇത് സാമ്പിളിൽനിന്ന് അവർ സർവ്വേ നടത്തി സംരംഭകരുടെ അഭിപ്രായത്തെ അടിസ്ഥാനപ്പെടുത്തിയുള്ള റാങ്കിംഗാണ്. യഥാർത്ഥത്തിലുള്ള റാങ്ക് വരും, എങ്കിലും നമ്മുടെ നാടല്ലേ; എന്തെങ്കിലും നടന്നാൽ പ്രചരണങ്ങൾ വരും. അപ്പോൾ സംരംഭകർ എങ്ങനെയൊക്കെ പ്രതികരിക്കുമെന്ന് ആർക്കും മുൻകൂട്ടി പറയാൻ സാധിക്കില്ല. 15-ാം റാങ്കിൽ വരുന്നതുവരെ ഒന്നും പ്രതീക്ഷിക്കാൻ സാധിക്കില്ലായിരുന്നു, എന്തും സംഭവിക്കാമായിരുന്നു. ഇപ്പോൾ സംരംഭക സമൂഹത്തിലും ആത്മവിശ്വാസം വന്നിട്ടുണ്ടെന്നതാണ് ഈ റാങ്ക് ഉയർന്നതിൽ തെളിയുന്നത്. അങ്ങ് പ്രധാനപ്പെട്ട ട്രേഡ് യൂണിയൻ നേതാവായതുകൊണ്ടും എല്ലാകാര്യങ്ങളിലും ക്രിയാത്മകമായി ഇടപെടാൻ ശ്രമിക്കുന്ന ആളായതുകൊണ്ടും തൊഴിലാളി മേഖലയിലും അങ്ങയുടെ പാർട്ടിയുമായി ബന്ധപ്പെട്ട എല്ലാ മേഖലയിലും ഇക്കാര്യം നന്നായി പ്രചരിപ്പിക്കുന്നതിന് സഹായിക്കണമെന്നുകൂടി ഈ സന്ദർഭത്തിൽ ഞാൻ അഭ്യർത്ഥിക്കുകയാണ്. പിന്നെ എവിടെ ജോലി, അത് നമ്മളൊന്നിച്ച് തീരുമാനിക്കേണ്ട വിഷയമാണ്. നരേന്ദ്രമോദി ഗവണ്മെന്റിനെതിരായിരുന്നു ആ സമരം. തൊഴിൽ മേഖലയിൽ വരുന്ന മാറ്റങ്ങൾ, അതിലെല്ലാം നമുക്ക് വ്യത്യസ്തത ഇല്ലല്ലോ. അവിടെയാകെ ജോലി കിട്ടിയെന്ന് അങ്ങും അങ്ങയുടെ പാർട്ടിയും പറയും; അങ്ങയുടെ മുന്നണി പറയുമെന്ന് ഞാൻ കണക്കാക്കുന്നില്ല. അത് അവർ ഉയർത്തിയ മുദ്രാവാക്യമാണ്. നമ്മളെല്ലാവരും ഏറ്റെടുക്കേണ്ട മുദ്രാവാക്യവും പല സംഘടനകളും ഇപ്പോഴും ഏറ്റെടുത്തുകൊണ്ടിരിക്കുന്ന മുദ്രാവാക്യവുമാണ്. അവർ മാത്രമല്ല, പലരും ഏറ്റെടുത്തുകൊണ്ടിരിക്കുന്ന മുദ്രാവാക്യംതന്നെയാണ്.

അങ്ങ് പറഞ്ഞ കരിമണൽ പ്രശ്നം വളരെ പ്രസക്തമായതാണ്. അതിലിപ്പോൾ കേന്ദ്രഗവണ്മെന്റിന്റെ പുതിയ ഭേദഗതിയുടെ കരട് വന്നത് വലിയ ആഘാതമുണ്ടാക്കുന്നതാണ്. സംസ്ഥാന ഗവണ്മെന്റ് അപ്പോൾത്തന്നെ അതിൽ വ്യത്യസ്തത രേഖപ്പെടുത്തി. വകുപ്പുമന്ത്രി എന്ന നിലയിൽ ഞാനും പ്രിൻസിപ്പൽ സെക്രട്ടറിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കത്തയച്ചു. തന്ത്രപ്രാധാന്യമേറിയ ആണവോർജ്ജ മേഖലയിൽ ഉപയോഗിക്കുന്നതുൾപ്പെടെ സ്വകാര്യമേഖലയ്ക്ക് കൊടുക്കുകയാണ്. നേരത്തെ ഇത് ഖനനം ചെയ്യുന്ന സ്ഥാപനങ്ങൾ 50 ശതമാനം ഉപയോഗിച്ചതിനുശേഷമാണ് വേറെ കൊടുത്തിരുന്നത്. ഇപ്പോൾ ഏത് സ്ഥാപനത്തിനും ഖനനം ചെയ്യാം. പൊതുമേഖലാ സ്ഥാപനങ്ങൾ വേണ്ട; സ്വകാര്യ

സ്ഥാപനമോ, കമ്പനിയോ വേണ്ട; ആർക്കുവേണമെങ്കിലും ഖനനം ചെയ്ത് കൊണ്ടുപോകാം. ഇതിൽ സ്വകാര്യമേഖല വരുന്നതോടുകൂടി, എല്ലാം താളംതെറ്റും. ഇപ്പോൾ നമ്മൾ ഒരു ബാലൻസിംഗിലാണ് പോകുന്നത്, തീരദേശം വളരെ സെൻസിറ്റീവാണ്. അത്തരത്തിലുള്ള പാരിസ്ഥിതികമായ മാനദണ്ഡങ്ങൾ പാലിക്കണം. പല വിമർശനങ്ങളും വരുന്നുണ്ട്, ആ ഘട്ടത്തിൽ ഇവരുംകൂടി വന്നുകഴിഞ്ഞാൽ പൂർണ്ണമായി അത്തരം മാനദണ്ഡങ്ങളൊന്നും പാലിക്കപ്പെടില്ല. ഈ സാഹചര്യത്തിൽ, മന്ത്രിയെന്ന നിലയിൽ ഞാനും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും കൊല്ലം ജില്ലയിൽനിന്നുള്ള ബഹുമാനപ്പെട്ട പാർലമെന്റ് അംഗം ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ, സി.ഐ.റ്റി.യു.-വിന്റെ സെക്രട്ടറിയും പാർലമെന്റംഗംകൂടിയായ ശ്രീ. എളമരം കരീം ഉൾപ്പെടെ നാലുപേരും കൂടി ഡൽഹിയിൽപോയി ബഹുമാനപ്പെട്ട കേന്ദ്രമന്ത്രിയെ കണ്ട് ഇതുസംബന്ധിച്ച് നിവേദനം സമർപ്പിക്കുകയുണ്ടായി. കോസ്റ്റൽ ഏരിയയിലുള്ള എം.പി.-മാരുടെ യോഗം വിളിച്ചുചേർക്കാമെന്ന് പറഞ്ഞിട്ടുണ്ട്. അടുത്തദിവസം ഇതുമായി ബന്ധപ്പെട്ട മന്ത്രിതല യോഗം ചേരുന്നുണ്ട്. നമ്മുടെ അഭിപ്രായം ശക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. ട്രേഡ് യൂണിയനുകൾ ഡൽഹിയിൽ സംയുക്തമായി പ്രക്ഷോഭം സംഘടിപ്പിച്ചിട്ടുണ്ട്. നമ്മളെല്ലാവരും ഒറ്റക്കെട്ടായി ഏറ്റെടുക്കേണ്ട പ്രശ്നമാണത്. പ്രതിപക്ഷത്ത് എവിടെയോ ഒരു വിമർശനം വന്നപ്പോൾ ബഹുമാനപ്പെട്ട അംഗം ശ്രീ. കുറുക്കോളി മൊയ്തീൻ സഹായിച്ചു. വിമർശനം വരണമല്ലോ. എങ്കിലല്ലേ എന്തെങ്കിലും കുറവുവന്നാൽ തിരുത്താൻ സാധിക്കുകയുള്ളൂ. ട്രേഡ് യൂണിയനുകളിലും സംരംഭകരിലും വിമർശനമുണ്ടാകും. അപ്പോൾ വകുപ്പിന്റെ പ്രവർത്തനത്തിൽ കുറവുണ്ടെങ്കിൽ അത് തിരുത്താം. ചില നടപടികൾ വിമർശനം നേരിടേണ്ടിവരുമെന്ന് കരുതിത്തന്നെ ഏറ്റെടുക്കേണ്ടിവരും. ആലപ്പുഴ ജില്ലയിൽ കയർമേഖലയിൽ 63 വർഷമായി 'ബേസിക് X ഡി.എ. ഫാക്ടർ' ആണ് അവിടെയുള്ള തൊഴിലാളികളുടെ കൂലിയായി നിലനിന്നിരുന്നത്. ഡി.എ.-യുടെ ഫാക്ടർ കൂടുമ്പോൾ മൾട്ടിപ്ലൈ ചെയ്ത് പോകുകയാണ്. അതിൽ മാറ്റംവരുത്തണമെന്ന് ആവശ്യപ്പെട്ടപ്പോൾ ഞങ്ങൾ എത്രയോകാലമായി ഇത് പിന്തുടരുന്നതാണെന്ന് പറയുന്നു. അതിൽ രണ്ടുകൂട്ടർക്കും വ്യത്യസ്ത നിലപാടുകളാണ്. കയർത്തൊഴിലാളികളുടെ ഒരു മാസത്തെ basic 3 രൂപയായിരുന്നു. പക്ഷേ മൾട്ടിപ്ലൈ ചെയ്തുപോകുന്നതുകൊണ്ട് മോശമല്ലാത്ത കൂലി തൊഴിലാളികൾക്ക് ലഭിക്കും. ഈ വിഷയത്തിൽ തുടർച്ചയായി ചർച്ച നടത്തി. എല്ലാ യൂണിയനുകൾക്കും ആദ്യം എതിർപ്പായിരുന്നു. പക്ഷേ ഇപ്പോഴത്തെ അവസ്ഥയെല്ലാം മനസ്സിലാക്കി യൂണിയനുകളെത്തന്നെ ചർച്ചചെയ്യാൻ ഏൽപ്പിച്ചു. ഞാൻ ഈ ആശയം മുന്നോട്ടുവച്ചു. പിന്നീട് ട്രേഡ് യൂണിയനുകളുടെ നേതൃത്വത്തിൽ സി.ഐ.ടി.യു. നേതാവും ഈ മേഖലയിൽ

പരിണിതപ്രജ്ഞനമായ ശ്രീ. ആനത്തലവട്ടം ആനന്ദൻ മുൻകയ്യെടുത്തു, എല്ലാ യൂണിയനുകളുമുണ്ടായിരുന്നു, അവരുമായി ചർച്ച നടത്തി. 63 വർഷമായി തുടരുന്നത് തെറ്റായ പ്രാക്ടീസാണെന്ന് അവർ കണ്ടെത്തുകയും ഇപ്പോഴത് അവസാനിപ്പിക്കുകയുമുണ്ടായി. ഇപ്പോൾ ബേസിക് + ഡി.എ. എന്ന പൊതുതത്വത്തിലേയ്ക്ക് എത്തി. ചിലപ്പോൾ എതിർപ്പുണ്ടാകും. ഇപ്പോൾ രണ്ടുകയ്യും നീട്ടി സ്വീകരിച്ചുകൊണ്ട് ഈ വ്യവസായത്തെ മുന്നോട്ടുകൊണ്ടുപോകാനാവശ്യമായ നടപടി സ്വീകരിക്കുകയെന്നല്ലാതെ ഇത്തരം ചില തീരുമാനങ്ങളെടുക്കുമ്പോൾ വിമർശനം ഉണ്ടാകുമോ എന്ന് കരുതിയാൽ ഇതൊന്നും ചെയ്യാൻ സാധിക്കില്ല. ഒരു പൊതുമേഖലാ സ്ഥാപനത്തിൽ ഒരു വർഷത്തെ ഓവർടൈം അലവൻസ് 27 കോടി രൂപയായിരുന്നു. എന്താണെന്ന് പരിശോധിച്ചപ്പോൾ 2.6 മടങ്ങാണ്, ഡബിൾ വേജ് അല്ല വാങ്ങിക്കൊണ്ടിരിക്കുന്നത്. 2000 മുതലുള്ളതാണ്. എല്ലാ യൂണിയനുകളും ഉൾപ്പെട്ടിട്ടുണ്ട്. ഈ പ്രശ്നം ചർച്ചചെയ്തു. അവസാനം ഇത് മാറ്റാമെന്ന് എല്ലാ യൂണിയനുകളും സമ്മതിച്ചു. അവർക്ക് അർഹമായ ആനുകൂല്യം നൽകി. ട്രേഡ് യൂണിയനുകൾ വളരെ യാഥാർത്ഥ്യബോധത്തോടുകൂടി നിലപാട് സ്വീകരിക്കുന്നുണ്ട്. സർക്കാർ ഇപ്പോൾ കേരള പേപ്പർ പ്രോഡക്റ്റ്സ് ലിമിറ്റഡ് ഏറ്റെടുത്തല്ലോ; യഥാർത്ഥത്തിൽ നിയമപരമായി സംസ്ഥാന ഗവൺമെന്റ് വാങ്ങിയെന്നത് ശരിയാണ്. പക്ഷേ തൊഴിലാളിയെ സംബന്ധിച്ച് മുഴുവൻ ആനുകൂല്യങ്ങളും ലഭിച്ചിട്ടില്ല. എങ്കിലും അവർ ഈ സ്ഥാപനം മുന്നോട്ടുകൊണ്ടുപോകുന്നതിനായി പൂർണ്ണമായി പ്രവർത്തിക്കുകയാണ്. ഒരു ഓവർടൈം അലവൻസും അവർക്ക് കൊടുക്കുന്നില്ല. ഞാൻ 27 കോടി രൂപയെക്കുറിച്ച് സൂചിപ്പിക്കുമ്പോൾ, കെ.പി.പി.എൽ.-ൽ തൊഴിലാളികൾ അധിക വേതനം വാങ്ങാതെ വാണിജ്യ ഉൽപ്പാദനത്തിലേയ്ക്ക് പോകുന്നതിന് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. കുറേ നല്ല ഗുണങ്ങളുണ്ടാകുമ്പോൾ ചില തെറ്റായ പ്രവണതകളുമുണ്ടാകും. അത് വരുമ്പോൾ വിമർശനവും വരും. ഈ വിമർശനമൊന്നും ഞങ്ങളുടെ ശ്രദ്ധയിലില്ല. ഇനി അദ്ദേഹം സി.പി.ഐ.-യിലേയ്ക്ക് മാറിയോ, സമ്മേളനത്തിലെങ്ങാനും പങ്കെടുത്തോ എന്നത് എന്റെ അറിവിലില്ല. അങ്ങനെയാണെങ്കിൽ നമ്മുടെ നിയമമനുസരിച്ച് അംഗത്വത്തെ ബാധിക്കാനിടയുണ്ട്. അതും ശ്രദ്ധിക്കണം.

ശ്രീ. പി. ഉബൈദുള്ള സൂചിപ്പിച്ച ഒരു കാര്യത്തോട് എല്ലാവർക്കും യോജിപ്പാണെന്ന് തോന്നുന്നു, കരാർ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്ന കാര്യം. പക്ഷെ, കോടതി ഇതിനെ പറയുന്നത് പിൻവാതിൽ നിയമനമെന്നാണ്. ഇതിനൊരു മാനുഷികവശമുണ്ട്. അത് ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ ശരിയാണ്. ഇപ്പോൾ 15-ഉം 18-ഉം വർഷംവരെ നിന്നവരുണ്ട്. അവരെ ഇപ്പോൾ

റെഗുലറൈസ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് കോടതിവിധികൾ വന്നിട്ടുണ്ട്. എത്രയോ കാലംമുമ്പുള്ള കേസിന്മേലാണ് ഇപ്പോൾ സുപ്രീംകോടതി വിധി വന്നിരിക്കുന്നത്. ഗവണ്മെന്റിന് അതിൽ പിടിവാശിയൊന്നുമില്ല. മാനുഷിക സമീപനമാണ് അക്കാര്യത്തിൽ സർക്കാർ സ്വീകരിക്കുന്നത്.

ശ്രീ. പി. ഉബൈദുള്ള: സർ, നേരത്തെ നിയമിക്കപ്പെട്ട ജീവനക്കാരെ രാഷ്ട്രീയ അനുഭാവം നോക്കി ആദ്യമേ പിരിച്ചുവിടുന്നത് ഒഴിവാക്കണമെന്നാണ് ഞാൻ സൂചിപ്പിച്ചത്.

ശ്രീ. പി. രാജീവ്: സർ, താൽക്കാലിക സ്വാഭാവത്തിലുള്ളവരെ രാഷ്ട്രീയം നോക്കി പിരിച്ചുവിടുന്ന ഒരു പ്രശ്നം പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും വന്നു. അതിൽ ഞങ്ങളിടപെടുകയും പരിഹരിക്കുകയും ചെയ്തു. പക്ഷേ പൊതുവെ അങ്ങനെയൊരു സമീപനമില്ല. അങ്ങ് പറയുന്നതനുസരിച്ച് എവിടെയെങ്കിലും അങ്ങനെ ഉണ്ടെങ്കിൽ പരിശോധിക്കാം.

പ്രവാസികൾക്കുവേണ്ടിയുള്ള കാര്യങ്ങൾ ഞാൻ രാവിലെ ചോദ്യോത്തരവേളയിൽ സൂചിപ്പിച്ചതാണ്. അവരെയും പ്രത്യേകമായ പരിഗണനയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബോണസ് സംബന്ധിച്ച കാര്യം നിയമസഭയിലൊന്നും പറയാൻ സാധിക്കില്ല, പൊതുവായ മാനദണ്ഡം തൊഴിൽ വകുപ്പ് ഉണ്ടാക്കിയതനുസരിച്ച് ബോണസ് വരുമെന്നാണ് പറയാനുള്ളത്. എന്നാൽ ഇത്തവണത്തെ മാനദണ്ഡത്തിൽ പ്രത്യേകമായൊരു പാരഗ്രാഫുകൂടിയുണ്ട് - പി.എൽ.ബി. (Productivity Linked Bonus) കൂടിവരുന്ന എന്നുള്ളതാണ്. പ്രൊഡക്റ്റിവിറ്റി കൂടുമ്പോൾ പ്രൊഡക്ഷൻ കൂടുന്നു, പ്രോഫിറ്റ് കൂടുന്നു, ആനുപാതികമായി തൊഴിലാളിക്ക് കൊടുക്കാം. നഷ്ടത്തിലുള്ളപ്പോഴും ലാഭത്തിലുള്ളപ്പോഴും ഒരേതുക കൊടുക്കണമെന്ന ആ സമീപനം വേണമെന്നില്ല. ബോണസ് നിയമത്തിൽ ഒരു പൊതുമാനദണ്ഡമുണ്ട്. ഒപ്പംതന്നെ ഒരു അഡീഷണൽ വ്യവസ്ഥകൂടി ഇത്തവണ ചേർത്തിട്ടുണ്ട്. ഗ്രാറ്റുവിറ്റിയെ സംബന്ധിച്ചുള്ള പ്രശ്നം കുറെക്കാലമായി നിലനിൽക്കുന്നതാണ്. ഗ്രാറ്റുവിറ്റി കൊടുക്കുന്നതിനുതന്നെയാണ് പ്രധാന പരിഗണന. സ്ഥാപനം നിലനിർത്തിക്കൊണ്ട് ഇപ്പോഴുള്ള തൊഴിലാളികളെയും പിരിഞ്ഞുപോയവരെയും സംരക്ഷിക്കണം. ശ്രീ. എൻ. എ. നെല്ലിക്കുന്ന് ഇങ്ങനെ പറയുമെന്ന് ഞാൻ കരുതിയില്ല. KEL Electrical Machines Limited (KEL EML)-ലെ തൊഴിലാളികൾ ദുരിതപൂർണ്ണമായ, ദാരുണാവസ്ഥയിലായിരുന്നു. എല്ലാവരും ചേർന്ന്, ശ്രീ. പി. കരുണാകരൻ പാർലമെന്റിൽ ഉന്നയിച്ച് കഴിഞ്ഞ ഗവണ്മെന്റ് നിശ്ചയദാർഢ്യത്തോടെ നിലപാട് സ്വീകരിച്ച് BHEL EML ആയിരുന്നത് നമ്മൾ ഏറ്റെടുത്ത് KEL EML ആക്കി. നമ്മൾ ഒന്നിച്ചല്ലേ ഉദ്ഘാടനത്തിൽ പങ്കെടുത്തത്. ആദ്യഘട്ടം ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് കൊടുത്തു, ഒന്നിച്ച് എല്ലാ ആനുകൂല്യങ്ങളും കൊടുക്കാൻ പറ്റിയിട്ടില്ല. നമ്മൾ യാഥാർത്ഥ്യബോധത്തോടെ ഇടപെട്ടില്ലെങ്കിൽ, ഒന്നുമില്ലാതിരുന്ന അവസ്ഥയിൽനിന്നുകൊണ്ട് പരിവർത്തനഘട്ടത്തിൽ,

ഉള്ളതെല്ലാം കൊടുത്തുതീർത്താൽ പിന്നെ ആ സ്ഥാപനം ഉണ്ടാകില്ല. ഇപ്പോൾ കേന്ദ്ര റെയിൽവേ സംഘത്തെ കൊണ്ടുവന്നില്ലേ? അവരുടെ മറ്റെല്ലാ യൂണിയനുകളും ആവശ്യപ്പെട്ടത് ഒരു ഫുൾ ടൈം എം.ഡി. വേണമെന്നാണ്. അതിനായി നമ്മൾ സെർച്ച് കമ്മിറ്റിയെ വച്ചിരിക്കുന്നു. അത്തരത്തിൽ നല്ല രീതിയിൽ കൊണ്ടുപോകാനുള്ള നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ആനുകൂല്യം കിട്ടാതെ പിരിഞ്ഞുപോയവരുടെ അവസ്ഥ മനസ്സിലാക്കണം.

ശ്രീ. പി. രാജീവ്: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ നമ്മൾ ഒന്നിച്ച് ആനുകൂല്യം കൊടുത്താൽ പിന്നെ ആ സ്ഥാപനം പ്രവർത്തിക്കില്ല. അസംസ്കൃത വസ്തുക്കൾ വാങ്ങണം, അത് പ്രവർത്തിപ്പിക്കണം, ലൈസൻസ് വാങ്ങണം തുടങ്ങി നിരവധി കാര്യങ്ങളുണ്ട്. നമ്മൾ ഒന്നിച്ചാണല്ലോ അത് കൈകാര്യം ചെയ്യുന്നത്. നല്ല രീതിയിലല്ലേ ആ മേഖലയിൽ ഗവൺമെന്റ് ഇടപെട്ടത്. അതിൽ ബഹുമാനപ്പെട്ട അംഗത്തിന് തർക്കമുണ്ടാകില്ലല്ലോ. എടരിക്കോട് പ്രശ്നം പ്രത്യേകം നോക്കാം.

ബഹുമാന്യനായ ടി. സിദ്ദിഖ് ഏത് നിയമത്തെക്കുറിച്ചാണ് ചർച്ച ചെയ്തതെന്ന് എനിക്ക് ഒരു പിടിയുമില്ല. ഇങ്ങനെയൊക്കെ നമ്മൾ ബില്ലിനെക്കുറിച്ച് ചർച്ചചെയ്യാൻ തുടങ്ങിയാൽ എവിടെയെത്തും? അങ്ങ് ഒരു മുതിർന്ന നേതാവും അടുത്ത സുഹൃത്തുമല്ലേ. സർവ്വകലാശാലകളുടെ ഓട്ടോണമിയെക്കുറിച്ച് പറഞ്ഞു. അതുസംബന്ധിച്ച് രാവിലെ പറഞ്ഞതാണല്ലോ? നമ്മുടെ നാട്ടിൽ നീതിന്യായ സംവിധാനമുണ്ട്. ഇപ്പോഴത്തെ നിയമനം 2018-ലെ യു.ജി.സി. റെഗുലേഷൻ അനുസരിച്ചാണ്. അതുപ്രകാരം പൂർണ്ണമായ അധികാരം ഇന്റർവ്യൂ ബോർഡിനാണെന്നാണ്. തെറ്റോ, ശരിയോ. അത് വേറെ കാര്യം. യു.ജി.സി. റെഗുലേഷൻ 2018 പ്രകാരം അദ്ധ്യാപക നിയമനത്തിൽ പൂർണ്ണമായ അധികാരമുള്ളത് ഇന്റർവ്യൂ ബോർഡിനാണ്, അതിനുമുൻപ് 2010-ലെ റെഗുലേഷനുണ്ടായിരുന്നു. അത് എന്താണ്? പ്രത്യേക മാർക്കുണ്ട്, നിങ്ങൾക്ക് ഡിഗ്രിക്ക് മാർക്കുണ്ടോ, പി.ജി.-ക്ക് മാർക്കുണ്ടോ, റാങ്കുണ്ടോ എന്നതായിരുന്നു. എനിക്ക് 200 പേപ്പർ ഉണ്ടെന്ന് കരുതുക, 2010 റെഗുലേഷൻ പ്രകാരം ഒരു പേപ്പറിന് രണ്ട് മാർക്കായിരിക്കും. 200 പേപ്പറുള്ള ആൾക്കും 2010-ലെ റെഗുലേഷൻ പ്രകാരം പത്ത് മാർക്കേയുള്ളൂ. എനിക്ക് അഞ്ച് പേപ്പറേയുള്ളൂ എന്ന് കരുതുക, ഒരു പേപ്പറിന് 2 മാർക്ക് വച്ച് എനിക്കും പത്ത് മാർക്ക് കിട്ടും. അഞ്ച് പേപ്പറുള്ള ആൾക്കും 200 പേപ്പറുള്ള ആൾക്കും 2010-ലെ റെഗുലേഷൻ അനുസരിച്ച് 10 മാർക്കാണ്, അത് മാർക്കിൽ കൂട്ടും. 75% ആ രീതിയിലുള്ള മാർക്കും 25% മാർക്ക് ഇന്റർവ്യൂവിന്റേതുമാണ്. അത് ഓരോ യൂണിവേഴ്സിറ്റിയിലും

വ്യത്യസ്തമായിരിക്കും. ചിലപ്പോൾ ചിലർ ക്ലാസ്സെടുക്കുന്നതിന് കൊടുക്കും, ചിലർ അഭിമുഖത്തിന് കൊടുക്കും. ഇന്റർവ്യൂവിൽത്തന്നെ നേരത്തെ രണ്ട് ഘടകങ്ങളുണ്ടായിരുന്നു - ക്ലാസ്സ് എടുക്കുന്നതും മറ്റുള്ളതും. ആയിരം പേപ്പറുണ്ടെങ്കിലും അഞ്ച് പേപ്പർ മാത്രമേ ഉള്ളുവെങ്കിലും പത്ത് മാർക്ക് മാത്രമേ മുമ്പ് ലഭിക്കുമായിരുന്നുള്ളൂ. ഇപ്പോൾ എന്താണ്? ഇപ്പോൾ screening for formulating a short list. ഇതാണ് 2018-ലെ റെഗുലേഷൻ. ഈ പോയിന്റുകൾ നോക്കി ഷോർട്ട് ലിസ്റ്റ് തയ്യാറാക്കി അതനുസരിച്ച് ആളുകളെ ഇന്റർവ്യൂവിന് വിളിക്കും. നൂറ് ശതമാനം ഇന്റർവ്യൂവിന്റെ മാർക്കാണ്. ശരിയോ തെറ്റോ എന്നുള്ളത് വേറെ. പക്ഷെ, that is the law of the land. ഇപ്പോൾ സബോർഡിനേറ്റ് ലെജിസ്ലേഷനാണ് യു.ജി.സി. ആ റെഗുലേഷൻ നമ്മുടെ സ്റ്റേറ്റ് ജി.ഒ. വഴി അഡോപ്റ്റ് ചെയ്തിരിക്കുകയാണ്. നിലവിൽ ഏത് യൂണിവേഴ്സിറ്റിയിലെയും റാങ്കിംഗ് രീതി ഇതാണ്. പിന്നെ ഇവർക്ക് മറ്റ് ബേസിക് ക്വാളിഫിക്കേഷനുണ്ട്. അത് കോടതി പരിശോധിക്കും. സിംഗിൾ ബെഞ്ചും ഡിവിഷൻ ബെഞ്ചും ശരിവച്ച് ഗവണ്മെന്റ് കോളേജിൽ പഠിച്ച് റാങ്കും നേടി പുറത്തുവന്ന ആളുകളെ ഞങ്ങളാരെങ്കിലും കല്യാണം കഴിച്ചാൽ എല്ലാ അക്കാദമിക യോഗ്യതയും നിങ്ങൾ റദ്ദ് ചെയ്യുമല്ലോ. അങ്ങനെയൊന്നും പോകാൻ പാടില്ല. യൂണിവേഴ്സിറ്റിയെക്കുറിച്ച് രാവിലെ ചർച്ചചെയ്തതാണ്, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതാണ്. മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. പക്ഷെ ഇതാണ് പ്രധാനം, ഇപ്പോഴത്തെ നിയമമതാണ്, പിന്നെ കോടതി തീരുമാനിച്ചോട്ടേ, കോടതിക്ക് വിട്ടുകൊടുത്തേക്കാം.

സാധാരണ ബില്ലിന്റെ ചർച്ചയിൽ ആ ബില്ലിന്റെ പരിധിക്കുള്ളിൽനിന്ന് മാത്രമേ സംസാരിക്കാവൂ. പക്ഷേ ബഹുമാനപ്പെട്ട അംഗം ടി. സിദ്ദിഖ് സർവ്വകലാശാലകളുടെ സ്വയംഭരണത്തെക്കുറിച്ച് പറയുമ്പോൾ, ഇവിടെയാരും വേറെ തർക്കങ്ങൾ ഉന്നയിക്കാത്തതുകൊണ്ട് രേഖയിൽ കിടക്കുമല്ലോ. അതുകൊണ്ട് പറഞ്ഞതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ശ്രീ. ടി. സിദ്ദിഖ് appointment-നെപ്പറ്റി സംസാരിച്ചപ്പോൾ യൂണിവേഴ്സിറ്റിയെ റഫർ ചെയ്തുവെന്നേ ഉള്ളൂ. ബഹുമാനപ്പെട്ട മന്ത്രി ഒരംഗം സബ്ജക്ടിൽനിന്നും മാറിപ്പോയിയെന്ന് പറയരുത്. ഇന്നലെ എത്രയോ അംഗങ്ങൾ ഇവിടെ ഈ ബില്ലുമായി ബന്ധമില്ലാത്ത കാര്യങ്ങൾ പറഞ്ഞു. മട്ടന്നൂരിലെ തെരഞ്ഞെടുപ്പിനെപ്പറ്റിവരെ ഇന്നലെ ഈ ബില്ലിന്റെ ഭാഗമായി സംസാരിച്ചു. അപ്പോൾ അങ്ങ് ഒരംഗത്തെ അധിക്ഷേപിക്കുന്ന രീതിയിൽ പറയുന്നത് ശരിയല്ല, irregular appointments പല സ്ഥലത്തും നടക്കുന്നുണ്ട്, അതുകൊണ്ട് പബ്ലിക് സെക്ടറിൽ വരുമ്പോഴും നിങ്ങളത്

രാഷ്ട്രീയവൽക്കരിക്കാൻ സാധ്യതയുണ്ട് എന്നുള്ള ഉത്കണ്ഠയാണ് അദ്ദേഹം പങ്കുവച്ചത്. അതിന് അദ്ദേഹത്തിനെതിരെ ബഹുമാനപ്പെട്ട മന്ത്രി സംസാരിച്ചത് ശരിയായില്ല എന്നാണ് എന്റെ അഭിപ്രായം. ഞാൻ അത് റെക്കോർഡ് ചെയ്തു എന്നുമാത്രമേയുള്ളൂ.

ശ്രീ. പി. രാജീവ്: സർ, ബഹുമാനപ്പെട്ട അംഗത്തെ ഞാൻ അധിക്ഷേപിച്ചതായി അദ്ദേഹത്തിന് തോന്നിയിട്ടുണ്ടാകില്ല. അദ്ദേഹത്തെ ഞാൻ ബഹുമാനിക്കുകയും ഞങ്ങളുടെ സൗഹൃദം ഓർമ്മപ്പെടുത്തുകയുമാണ് ചെയ്തത്. പക്ഷെ ഒരു ബില്ലിനെപ്പറ്റി ചർച്ച ചെയ്യുമ്പോൾ അതുസംബന്ധിച്ച് പുതിയ ആരോപണങ്ങൾ ഉന്നയിക്കാൻ പാടില്ല. നേരത്തെ അടിയന്തരപ്രമേയ നോട്ടീസ് അവതരണത്തിൽ ഇവിടെ സൂചിപ്പിച്ചതും അങ്ങ് വാക്കൗട്ട് പ്രസംഗത്തിൽ നന്നായി വിശദീകരിച്ചതും ഇവിടെ ബഹുമാനപ്പെട്ട മന്ത്രി കൃത്യമായി മറുപടി പറഞ്ഞ കാര്യങ്ങളും വീണ്ടും പുതിയ രൂപത്തിൽ ഈ ബില്ലിന്റെ മറവിൽ അവതരിപ്പിക്കുമ്പോൾ അത് തെറ്റാണെന്നേ പറഞ്ഞുള്ളൂ. മട്ടന്നൂരിൽ ആര് ജയിച്ചു, തോറ്റു എന്നുള്ള രീതിയിൽ തെറ്റായ വാർത്ത വന്നാൽ ആ വാർത്ത ശരിയാണെന്ന് പറയുന്നതുപോലെയാണോ ഒരു ബില്ലിന്റെ മറവിൽ മറ്റൊന്ന് പറയുന്നത്. അത് തെറ്റാണെന്നേ ഞാൻ പറഞ്ഞുള്ളൂ. അദ്ദേഹം പറഞ്ഞതിനെ ഞാൻ ചോദ്യം ചെയ്തിട്ടില്ല. സർവ്വകലാശാലയുമായി ബന്ധപ്പെട്ട വിവരങ്ങൾ എന്റെ കയ്യിൽ ലഭ്യമല്ല, കാരണം എന്റെ വകുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങളല്ല.

ശ്രീ. ടി. സിദ്ദിഖ്: സർ, സെലക്ഷൻ പ്രോസസ്സുമായി ബന്ധപ്പെട്ട് ഓട്ടോണമിയുള്ള സ്ഥാപനങ്ങളിലും അല്ലാത്ത സ്ഥാപനങ്ങളിലും രാഷ്ട്രീയ അതിപ്രസരത്തിലൂടെ വരുന്ന കാര്യങ്ങൾ കൃത്യതയോടുകൂടി വിവരിച്ചതാണ്. അത് ഇതുമായി കണക്ട് ചെയ്തുതന്നെയാണ് പറഞ്ഞത്, തർക്കമില്ല. ഓട്ടോണമിയുള്ള സർവ്വകലാശാലകളിൽ നടക്കുന്ന കാര്യങ്ങൾ ഓട്ടോണമി വിഭാവന ചെയ്തിരിക്കുന്ന പ്രസ്തുത ബോർഡിലേയ്ക്ക് കടന്നുവരുമെന്നുള്ള ആശങ്ക കൃത്യമായി പങ്കുവച്ചതാണ്.

ശ്രീ. പി. രാജീവ്: സർ, ഇനിയിപ്പോൾ ഞാൻ അത് വിശദീകരിക്കുന്നില്ല. അങ്ങ് വളരെ സമർത്ഥമായി പറഞ്ഞുവെന്ന് ഞാൻ പറഞ്ഞല്ലോ, ആ വൈദഗ്ദ്ധ്യത്തെക്കുറിച്ചുമാത്രമേ പറഞ്ഞുള്ളൂ, അല്ലാതെ ബഹുമാനപ്പെട്ട അംഗത്തിനെ അധിക്ഷേപിക്കാനല്ല പറഞ്ഞത്. കൃത്യമായി അങ്ങേയ്ക്ക് പറയാനുള്ള കാര്യം ഈ രൂപത്തിൽ പറഞ്ഞു. അത് ഞാൻ തുറന്ന് കാണിക്കാൻ ശ്രമിച്ചുവെന്നേയുള്ളൂ. പക്ഷെ ബില്ലിലെ ബോർഡ് ചെയർമാനെക്കുറിച്ചുള്ള വ്യവസ്ഥ സംബന്ധിച്ച് അദ്ദേഹം പറഞ്ഞത് എന്നെ അത്ഭുതപ്പെടുത്തി. പ്രിൻസിപ്പൽ സെക്രട്ടറിയായിരിക്കും എന്നാൽ ഒരു ഡയറക്ടർ ബോർഡ് അംഗത്തെ വരെ ആക്കാം എന്നുള്ള വ്യവസ്ഥ ഇതിനകത്തുള്ളത് സൂക്ഷ്മതയോടെ വായിച്ചാൽ മതി.

ഞാൻ വേറൊന്നും പറയുന്നില്ല. പ്രിൻസിപ്പൽ സെക്രട്ടറിയായിരിക്കണം, ഒപ്പം ഒരു പൊതുമേഖലാ സ്ഥാപനത്തിന്റെ ബോർഡിൽ അംഗമെന്ന നിലയിൽ പ്രവൃത്തിപരിചയമുള്ള ആളായിരിക്കണം എന്നത് ഒരു അഡീഷണൽ ക്വാളിഫിക്കേഷനാണ്, പ്രിൻസിപ്പൽ സെക്രട്ടറി ആയാൽ മാത്രം പോരാ. അതങ്ങ് തെറ്റിദ്ധരിച്ചതാണ്. ആ ഒരു യോഗ്യതകൂടി വേണം. പ്രിൻസിപ്പൽ സെക്രട്ടറിയായതുകൊണ്ടും പൊതുമേഖലാ സ്ഥാപനത്തിന്റെ പ്രവർത്തന രീതികൾ സിവിൽ സർവ്വീസിലുണ്ട് എന്നതുകൊണ്ടും പരിചിതമാകണമെന്നില്ല. എന്നാൽ ബോർഡിന്റെ എക്സ്പീരിയൻസ് കൂടിയുള്ള പ്രിൻസിപ്പൽ സെക്രട്ടറിയാണെങ്കിൽ അതിനെ സംബന്ധിച്ച് ഒരു വ്യക്തതയുണ്ടാകും. അതൊരു അഡീഷണൽ ക്വാളിഫിക്കേഷനാണ്, അങ്ങ് തെറ്റിദ്ധരിച്ചതാണെന്ന് ഞാൻ കരുതുന്നു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, പ്രിൻസിപ്പൽ സെക്രട്ടറി ആകണം എന്നുപറഞ്ഞാൽ അതൊരു പൊതുതത്വമാണ്, കാറ്റഗറിയാണ്. ഒരു ബോർഡിലെ അംഗംകൂടിയാകണം എന്നുപറയുമ്പോൾ pinpoint ചെയ്യുകയാണ്, ആരെയോ കണ്ടുവച്ചിട്ട് അവരെ ഇങ്ങോട്ട് കൊണ്ടുവരാൻവേണ്ടി ഒരു അഡീഷണൽ ക്വാളിഫിക്കേഷൻ വയ്ക്കുകയാണ്. പ്രിൻസിപ്പൽ സെക്രട്ടറി അല്ലെങ്കിൽ ചീഫ് സെക്രട്ടറി എന്നുപറഞ്ഞാലും അങ്ങേയ്ക്ക് ആരെയും വയ്ക്കാം. പക്ഷെ ഇന്നതുകൂടി വേണം എന്നുപറയുമ്പോൾ ഒരു വ്യക്തിയെ pinpoint ചെയ്യുകയാണ്. അത് നമുക്ക് ഗുണകരമല്ല, അത് bad precedent ഉണ്ടാക്കും. മാത്രമല്ല, അതൊരു നല്ല നിയമനിർമ്മാണമല്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി അതിൽ വാശിപിടിക്കാതെ അതിന്റെ ശരിയായ പൊസിഷൻ കാണണം എന്നുള്ളതാണ് എന്റെ അഭിപ്രായം.

<u>ശ്രീ. പി. രാജീവ്</u>: സർ, ഗവൺമെന്റിന്റെ ഉദ്ദേശ്യം ഇത്രയേയുള്ളൂ, ഞങ്ങൾ ഒരാളെയും കണ്ടുവച്ചിട്ടില്ല, കാരണം നിരവധി പ്രിൻസിപ്പൽ സെക്രട്ടറിമാരുണ്ടല്ലോ. ബഹുമാനപ്പെട്ട അംഗത്തിന് പരിചയമുള്ള ആരെങ്കിലുമുണ്ടെങ്കിൽ പറഞ്ഞാൽ പരിഗണിക്കാം. ഞങ്ങൾ പറഞ്ഞത്, പൊതുമേഖലാ സ്ഥാപനത്തെക്കുറിച്ച് യാതൊരു പരിചയവുമില്ലാത്ത ഉദ്യോഗസ്ഥനാണെങ്കിൽ ഇതിന്റെ പ്രവർത്തനരീതിയുമായി അത്ര ബന്ധമുണ്ടാകില്ല. ഐ.എ.എസ്. ഉദ്യോഗസ്ഥരായ നല്ലൊരു വിഭാഗം ആളുകൾ ഇത്തരം പരിചയമുള്ളവരാണ്. ഗവൺമെന്റിന്റെ intention അത്രയേയുള്ളൂ. ബോർഡംഗത്തിൽ കുറയാത്ത സ്ഥാനം വഹിക്കുന്നതോ വഹിച്ചിരുന്നതോ ആയതും ഒരു പൊതുമേഖലാ സ്ഥാപനത്തിന്റെ ബോർഡിൽ അംഗമെന്ന നിലയിൽ പ്രവൃത്തിപരിചയമുള്ളതുമായ ഒരാൾ എന്നതാണ് ഉദ്ദേശിക്കുന്നത്. അതൊരു അഡീഷണൽ ക്വാളിഫിക്കേഷനാണ്. അദ്ദേഹം

പറഞ്ഞ മറ്റൊരു പ്രശ്നം, എം.ഡി.-മാരുടെ പ്രശ്നത്തിൽ കമ്പനി നിയമമനുസരിച്ചേ നിയമിക്കാൻ സാധിക്കുകയുള്ളൂ. കമ്പനി നിയമമനുസരിച്ചാണെങ്കിൽ ബോർഡ് ശിപാർശ ചെയ്യണമെന്നതാണ് വ്യവസ്ഥ. ഓരോ സ്ഥാപനവും പ്രത്യേക entity-യാണ്. അതാണ് അതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ലോക്ആയുക്തയെക്കുറിച്ച് പറഞ്ഞത് സംബന്ധിച്ച് ഞാനിപ്പോൾ പറയുന്നില്ല, കാരണം ഇന്നലെ കാര്യമായി വിശദീകരിച്ചതാണല്ലോ. പിന്നെ ബഹുമാന്യരായ പഴയ ആളുകളുടെ പ്രസംഗത്തെക്കുറിച്ച് പറഞ്ഞു, അങ്ങ് ഇനി പ്രസംഗിക്കുന്നതിനുമുമ്പ് അതൊക്കെ വായിച്ചുനോക്കിയാൽ ഈ പറഞ്ഞ പല ആളുകളും നേരെ തിരിച്ചാണ് പറഞ്ഞിട്ടുള്ളതെന്ന് മനസ്സിലാകും.

ഇവിടെ ബഹുമാനപ്പെട്ട അംഗം കെ. എൻ. ഉണ്ണികൃഷ്ണൻ ട്രാക്കോ കേബിളിന്റെ പ്രശ്നം പറയുകയുണ്ടായി. അഞ്ച് കോടി രൂപ ഇപ്പോൾ കൊടുത്തു. ഒരിക്കലും ഇല്ലാത്ത തരത്തിൽ മറ്റൊരു പൊതുമേഖലാ സ്ഥാപനത്തിന് പത്ത് കോടി രൂപ കടം കൊടുത്തു. ഒരു പ്രതിസന്ധി അവർ നേരിടുന്നുണ്ട്, ഗവണ്മെന്റ് നന്നായി സഹായിക്കുന്നുണ്ട്. പല പൊതുമേഖലാ സ്ഥാപനങ്ങൾക്കും കൃത്യസമയത്തുള്ള ഡെലിവറി, ക്വാളിറ്റി എന്നിവയിൽ കുറവുകളുണ്ട്. ഇന്ന് ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയുമായി ട്രാക്കോ കേബിളിന്റെ കാര്യത്തിലുൾപ്പെടെ ഒരു ചർച്ച വച്ചിട്ടുണ്ട്. പൊതുവെ പൊതുമേഖലാ സ്ഥാപനങ്ങളെ സഹായിക്കുക എന്നുള്ളതാണ് ലക്ഷ്യം. പൊതുമേഖലാ സ്ഥാപനങ്ങളിലെ പി.എസ്.സി.-ക്ക് വിടാത്ത എല്ലാ പോസ്റ്റുകളിലേയ്ക്കും കുറേക്കൂടി സുതാര്യവും സത്യസന്ധവും അഴിമതിരഹിതവുമായ നിയമനരീതി ഉറപ്പുവരുത്തുക എന്നതാണ് ഇവിടെ പുതുതായി കൊണ്ടുവരുന്ന ബിൽ കൊണ്ട് ഉദ്ദേശിക്കുന്നത്. അത് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ച് കുറേക്കൂടി സമ്പന്നമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ചെയർമാൻ: ശ്രീ. പി. ഉബൈദുള്ള അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. ചെയർമാൻ: ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതിയെ...

അനുകൂലിക്കുന്നവർ...

പ്രതികൂലിക്കുന്നവർ....

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. സിദ്ദിഖ് അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ടി. സിദ്ദിഖ്: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. ചെയർമാൻ: ശ്രീ. ടി. സിദ്ദിഖ് അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ...

പ്രതികൂലിക്കുന്നവർ....

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2022-ലെ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ബിൽ വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയത്തെ,

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

4.00 PM]

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

(iv) 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

## ക്രമപ്രശ്നം

(3) ബിൽ യു.ജി.സി. റെഗുലേഷന് വിരുദ്ധമാണെന്നത് സംബന്ധിച്ച്

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഭരണഘടനയുടെ 7-ാം പട്ടികപ്രകാരം കൺകറന്റ് ലിസ്റ്റിലാണ് വിദ്യാഭ്യാസം വരുന്നത്. ഭരണഘടനയിലെ ആർട്ടിക്കിൾ 254 പ്രകാരം, " (1) If any provision of a law made by the Legislature of a State is repugnant to any provision of a law made by Parliament which Parliament is competent to enact, or to any provision of an existing law with respect to one of the matters enumerated in the Concurrent List, then, subject to the provisions of clause (2), the law made by Parliament, whether passed before or after the law made by the Legislature of such

State, or, as the case may be, the existing law, shall prevail and the law made by the Legislature of the State shall, to the extent of the repugnancy, be void" എന്നാണ്. വൈസ്-ചാൻസലറെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് യു.ജി.സി. റെഗുലേഷൻ പറയുന്നത് 'Chancellor shall appoint the Vice-Chancellor out of the panel of the names recommended by the Search-cum-Selection Committee' എന്നാണ്. ഇതാണ് യു.ജി.സി.-യുടെ റെഗുലേഷൻ. എന്നാൽ ഇവിടെ കൊണ്ടുവന്നിരിക്കുന്ന അമെന്റ്മെന്റ് പ്രകാരം " The Chancellor shall appoint one person as the Vice-Chancellor from a panel consisting of three names recommended by a majority of members of the Search-cum-Selection Committee appointed by the Chancellor' എന്നാണ് പറയുന്നത്.

Majority of members of the Search-cum-Selection Committee എന്നുപറയുന്നത് യു.ജി.സി.-യുടെ റെഗുലേഷന് വിരുദ്ധമായിട്ടുള്ളതാണ്. ആർട്ടിക്കിൾ 254 പ്രകാരം, യു.ജി.സി.-യുടെ റെഗുലേഷന് വിരുദ്ധമായി, അതായത് പാർലമെന്റ് പാസ്സാക്കിയ നിയമവും സ്റ്റേറ്റ് ലെജിസ്ലേച്ചറിന്റെ നിയമവും തമ്മിൽ clash ഉണ്ടായാൽ, നിലനിൽക്കുന്നത് പാർലമെന്റ് പാസ്സാക്കിയ നിയമമാണ്. യു.ജി.സി. റെഗുലേഷന് വിരുദ്ധമായാണ് ഇവിടെ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. നിയമസഭ പാസ്സാക്കിയ ആദ്യത്തെ യൂണിവേഴ്സിറ്റി ആക്ടുകളിലൊന്നായ കേരള യൂണിവേഴ്സിറ്റി ആക്ടിന്റെ മൂലനിയമത്തിൽ പറയുന്നതെന്താണ്; 'is unable to recommend a name unanimously, the Vice-Chancellor shall be appointed by the Chancellor from among the panel of three names submitted to him by the Committee within the period specified in the preceding sub section' എന്നാണ്. മാത്രമല്ല, അങ്ങനെയല്ലെങ്കിൽ ഈ പാനലിലെ ഓരോ അംഗങ്ങൾക്കും പാനലായിത്തന്നെ ശിപാർശ ചെയ്യാമെന്ന് പറയുന്നുണ്ട്. ഇതിലെ ഒരംഗത്തിന് വേണമെങ്കിലും പാനൽ സബ്മിറ്റ് ചെയ്യാൻ സാധിക്കും. അത് മാറ്റുകയാണ്. ഇവിടെ ചാൻസലർക്കുണ്ടായിരുന്ന അധികാരത്തെ പരിമിതപ്പെടുത്തി ഗവണ്മെന്റിന്റെ താല്പര്യത്തെ കൊണ്ടുവരാൻവേണ്ടിയാണ് അത് മാറ്റുന്നത്. അഞ്ചിൽ മൂന്നുപേർ, ആ മൂന്നുപേരിൽ ഭൂരിപക്ഷമുള്ള ആളുകൾ നിർദ്ദേശിക്കുന്നയാളെ മാത്രമേ നിയമിക്കാൻ കഴിയുകയുള്ളൂ എന്നുവരുന്നത് ആർട്ടിക്കിൾ 254-ന് വിരുദ്ധമായിട്ടുള്ളതും അൺകോൺസ്റ്റിറ്റ്യൂഷണലുമാണ് എന്നതിൽ ഞാൻ വീണ്ടും ഉറച്ചുനിൽക്കുന്നു. ഇത് സ്ക്രൂട്ടിണിക്കായി വരുന്ന നിയമ കോടതിയുടെ മുമ്പാകെ പരാജയപ്പെടാൻ പോകുന്ന നിയമമാണ്. പല നിയമങ്ങളുടെ കാര്യത്തിലും തടസ്സവാദം ഉന്നയിക്കുമ്പോൾ നൽകിയ മുന്നറിയിപ്പ് ഇക്കാര്യത്തിലും ബഹുമാനപ്പെട്ട സ്പീക്കറുടെയും സഭയുടെയും മുമ്പാകെ സമർപ്പിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ഈ ബില്ലിന്റെ യാതൊരു ഭാഗവും യു.ജി.സി.-യുടെ 2018-ലെ റെഗുലേഷന് വിരുദ്ധമാകുന്നതല്ല. സംസ്ഥാനത്തെ സർവ്വകലാശാലകളുടെ ആക്ടുകളിൽ വൈസ്-ചാൻസലർമാരുടെ നിയമനവുമായി ബന്ധപ്പെട്ട് നിലവിലുള്ള വ്യവസ്ഥകൾ യു.ജി.സി. റെഗുലേഷൻ, 2018-ലെ വ്യവസ്ഥകൾക്കനുസൃതമായി ഭേദഗതി വരുത്തുന്നതിനായി ഉന്നതവിദ്യാഭ്യാസ കൗൺസിൽ സർക്കാരിന് ശിപാർശ സമർപ്പിച്ചിരുന്നു. യു.ജി.സി. റെഗുലേഷൻ 2018 പ്രകാരം വൈസ്-ചാൻസലർ നിയമനവുമായി ബന്ധപ്പെട്ട് നിയമിക്കപ്പെടുന്ന Search-cum-Selection Committee-യിലെ അംഗങ്ങൾ ഉന്നതവിദ്യാഭ്യാസ മേഖലയിൽ പ്രാഗത്ഭ്യമുള്ളവരും സർവ്വകലാശാലയുമായോ അതിൽ അഫിലിയേറ്റ് ചെയ്ത കോളേജുകളുമായോ ബന്ധമില്ലാത്തവരുമായിരിക്കണമെന്നാണ് വ്യവസ്ഥ ചെയ്യുന്നത്. ഇതിലൊരാൾ യു.ജി.സി. ചെയർമാൻ നാമനിർദ്ദേശം ചെയ്യുന്ന ആളായിരിക്കണം. മറ്റുള്ള അംഗങ്ങൾ എത്രയായിരിക്കണമെന്നോ ആരൊക്കെയായിരിക്കണമെന്നോ സംബന്ധിച്ച് റെഗുലേഷനിൽ വ്യവസ്ഥ ചെയ്യുന്നില്ല. കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ, വൈസ്-ചാൻസലറുടെ നിയമനത്തിനായി സർക്കാർ നാമനിർദ്ദേശംചെയ്യുന്ന ഒരു പ്രതിനിധി, യു.ജി.സി.-യുടെ ചെയർമാൻ നാമനിർദ്ദേശംചെയ്യുന്ന ഒരു പ്രതിനിധി, സർവ്വകലാശാല സിൻഡിക്കേറ്റ് നാമനിർദ്ദേശംചെയ്യുന്ന ഒരു പ്രതിനിധി എന്നിവരുൾപ്പെടുന്ന ഒരു Search-cum-Selection Committee-യെയാണ് ശിപാർശ ചെയ്തിരുന്നത്. പ്രസ്തുത നിർദ്ദേശം സർക്കാർ വിശദമായി പരിശോധിച്ചു. ഉന്നത വിദ്യാഭ്യാസരംഗത്തെ കൂടുതൽ പ്രാഗത്ഭ്യമുള്ളവരെക്കൂടി ഉൾപ്പെടുത്തണമെന്നുള്ളതിനാൽ കൗൺസിൽ നിർദ്ദേശിച്ചതിനുപുറമെ രണ്ടുപേരെക്കൂടി ഉൾപ്പെടുത്തി Search-cum-Selection Committee രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചു. കൗൺസിൽ നിർദ്ദേശിച്ചതിനുപുറമെ ഉന്നത വിദ്യാഭ്യാസ കൗൺസിൽ വൈസ്-ചെയർമാനെയും ചാൻസലറുടെ പ്രതിനിധിയെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു ബില്ലാണ് ഇന്ന് പരിഗണനയ്ക്കുള്ളത്.

Search-cum-Selection Committee ഭൂരിപക്ഷാഭിപ്രായമുള്ള മൂന്ന് പേരുടെ ഒരു പാനൽ സമർപ്പിക്കുകയും ഇതിൽനിന്നും ചാൻസലർ ഒരാളെ വൈസ്-ചാൻസലറായി നിയമിക്കുകയും ചെയ്യണമെന്ന നിർദ്ദേശം ഈ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇന്ത്യൻ ഭരണഘടനയുടെ സമവർത്തി ലിസ്റ്റിലെ 25-ാം ഉൾക്കുറിപ്പിലെ അധികാരം വിനിയോഗിച്ച് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച 1956-ലെ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ ആക്ടിനുകീഴിലുണ്ടാക്കിയ 2018-ലെ യു.ജി.സി. റെഗുലേഷനുകളിലാണ് വൈസ് ചാൻസലറുടെ നിയമനം സംബന്ധിച്ച് ഇപ്രകാരം പ്രതിപാദിക്കുന്നത്. യു.ജി.സി. റെഗുലേഷനിലെ വ്യവസ്ഥകൾക്കനുസൃതമായി മാത്രമാണ് ബില്ലിലെ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുള്ളത്. അതിനാൽ ഈ ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഭേദഗതികൾ ഇന്ത്യൻ ഭരണഘടനയുടെ 254-ാം

അനുച്ഛേദത്തിന് വിരുദ്ധമല്ലാത്തതാണ്. വിദ്യാഭ്യാസം എന്ന വിഷയം ഭരണഘടനയുടെ 7-ാം പട്ടികപ്രകാരം സമവർത്തി ലിസ്റ്റിലെ 25-ാം ഉൾക്കുറിപ്പിൽ ഉൾപ്പെടുന്നുവെങ്കിലും ഭരണഘടനയുടെ 7-ാം പട്ടികയിലെ സംസ്ഥാന ലിസ്റ്റിലെ 32-ാം ഉൾക്കുറിപ്പുപ്രകാരം സർവ്വകലാശാലകളെ സംബന്ധിച്ച് സംസ്ഥാന സർക്കാരിന് നിയമനിർമ്മാണം നടത്തുന്നതിന് അധികാരമുണ്ട്. ഈ ബില്ലിലെ വ്യവസ്ഥകൾപ്രകാരം Search-cum- selection Committee രൂപീകരിക്കേണ്ടത് ചാൻസലർതന്നെയാണ്. ചാൻസലറുടെ പ്രതിനിധിയെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടാണ് കമ്മിറ്റിക്ക് രൂപം നൽകിയിട്ടുള്ളത്. ചാൻസലറുടെ വിവേചനാധികാരം കുറയ്ക്കുന്നവിധത്തിലുള്ള വ്യവസ്ഥകളാണ് ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന വ്യാഖ്യാനം നിലനിൽക്കുന്നതല്ല. ഉന്നത വിദ്യാഭ്യാസ രംഗത്ത് പ്രാഗത്ഭ്യമുള്ളവരെ ഉൾപ്പെടുത്തുന്നതിലൂടെ ഏറ്റവും അനുയോജ്യനും പരിണതപ്രജ്ഞനുമായ വ്യക്തിയെ കണ്ടെത്താനും സാധിക്കും. ആയതിനാൽ ബഹുമാനപ്പെട്ട അംഗം ചട്ടം 303 പ്രകാരമുള്ള ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചിട്ടുള്ള വാദങ്ങളൊന്നും നിലനിൽക്കുന്നതല്ല.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഗൗരവമായ ചില പരാമർശങ്ങൾ ഈ ക്രമപ്രശ്നത്തിലുള്ളതുകൊണ്ടാണ് ഞാൻ ഇടപെടുന്നത്. ഒന്ന്, സഭയ്ക്കുള്ള അധികാരത്തെ പൂർണ്ണമായും നിരാകരിക്കുന്ന പരാമർശങ്ങൾ ക്രമപ്രശ്നത്തിലുണ്ട്. നേരത്തെ സംസ്ഥാന ലിസ്റ്റിന്റെ 11-ൽ ഉണ്ടായിരുന്നത് ഭരണഘടനാ ഭേദഗതിയോടുകൂടി കൺകറന്റ് ലിസ്റ്റ് 25-ലേയ്ക്ക് മാറി. അങ്ങ് പറഞ്ഞതുപോലെ, വിദ്യാഭ്യാസം കൺകറന്റ് ലിസ്റ്റിലേയ്ക്ക് വന്നു. എന്നാൽ 7-ാം ഷെഡ്യൂൾ (സംസ്ഥാന ലിസ്റ്റ്)-ലെ എൻട്രി 32 പ്രകാരം ‘ Incorporation, regulation and winding up of corporations, other than those specified in List I, and universities;’ എന്നാണ്. യൂണിവേഴ്സിറ്റികളുടെ incorporation, regulation, winding up എന്നിവ സംസ്ഥാന ലിസ്റ്റിലാണ് ഇപ്പോഴും നിൽക്കുന്നത്; അത് ഭേദഗതി ചെയ്തിട്ടില്ല. അത് നമ്മുടെ അധികാരമാണ്. ഇപ്പോൾ ഒരു പ്രത്യേക പ്രശ്നത്തിൽ ഇങ്ങനെ പറയുന്നുവെങ്കിലും അത് രേഖയിൽ വരുമ്പോൾ അപകടമുള്ളതുകൊണ്ടാണ് ഇടപെടുന്നത്. നിയമസഭയ്ക്ക് ഒരു അധികാരമുണ്ട്. National Importance ഉള്ള Universities ആണെങ്കിൽ യൂണിയൻ ലിസ്റ്റിലേയ്ക്ക് പോകും. അത് നമ്മുടെ അധികാരമല്ല. രണ്ട്, യു.ജി.സി. റെഗുലേഷനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞെങ്കിലും അതുമായി ബന്ധപ്പെട്ട് ഞാൻ കൂട്ടിച്ചേർക്കാൻ ഉദ്ദേശിക്കുന്നത്, സംസ്ഥാനത്ത് യു.ജി.സി. റെഗുലേഷൻ മാൻഡേറ്ററിയാണോ എന്നതുസംബന്ധിച്ച് ഏറ്റവും അവസാനം വന്ന കോടതി വിധി Kalyani Mathivanan v. K. V. Keyaraj, 2022-ലെ സുപ്രീംകോടതി വിധിയാണ്. ‘ UGC Regulations are mandatory to teachers and other academic staff in all the Central Universities and Colleges thereunder and the Institutions deemed to be Universities whose maintenance

expenditure is met by UGC.' ഇവിടെയാണ് മാൻഡേറ്ററി. അടുത്തതായി പറയുന്നത് ' UGC regulations is directory for the Universities, Colleges and other higher educational institutions under the purview of the State Legislation as the matter has been left to the State Government to adopt and implement the Scheme.' അപ്പോൾ സംസ്ഥാന സർവ്വകലാശാലകൾക്കെല്ലാം directory ആണ്. ഇല്ലാത്ത ഒരു അധികാരവും സബോർഡിനേറ്റ് ലെജിസ്ലേഷന് കൊടുക്കാൻ പാടില്ല. യു.ജി.സി. ഒരു സബോർഡിനേറ്റ് ലെജിസ്ലേഷൻ മെക്കാനിസമാണ്. 2022-ലെ വിധിയിൽ അവസാനം പറയുന്നുണ്ട്. അതുമാത്രമല്ല, പാറ്റ്ന ഹൈക്കോടതി, മുംബൈ ഹൈക്കോടതി എന്നിവയെല്ലാം ഇക്കാര്യം പരിഗണിക്കുന്നുണ്ട്. യു.ജി.സി. റെഗുലേഷൻ തമിഴ്നാട് സ്വീകരിച്ചിട്ടില്ല. തമിഴ്നാട് ഇത് സ്വീകരിക്കാത്തതുകൊണ്ട് അവിടെ അവരുടെ നിയമമാണ് നിലനിൽക്കുന്നത്. യു.ജി.സി.-യുടെ നിയമം അവിടെ നിലനിൽക്കില്ല. ഗവണ്മെന്റ് ഉത്തരവുപ്രകാരം നമ്മൾ ഇത് സ്വീകരിച്ചിട്ടുണ്ടെന്ന് പറഞ്ഞു. അങ്ങനെ സ്വീകരിക്കുമ്പോൾ ' Once it is adopted by the State Government, the State legislation to be amended appropriately.' ഗവണ്മെന്റ് ഉത്തരവുപ്രകാരം അഡോപ്റ്റ് ചെയ്താൽ സംസ്ഥാന നിയമസഭയുടെ ഉത്തരവാദിത്വമാണ് ആ പ്രൊവിഷൻ അനുസരിച്ചോ അല്ലെങ്കിൽ ഭേദഗതി വരുത്തിക്കൊണ്ടോ നമ്മുടെ നിയമത്തിൽ ഭേദഗതി വരുത്തണമെന്നത്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഏറ്റവും അവസാനത്തെ വിധികൂടി ചേർന്നതാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അവതരിപ്പിക്കുന്ന ഈ ബിൽ എന്നതുകൂടി ഞാൻ കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്നു.

**റൂളിംഗ്**

മി. സ്പീക്കർ: ഓർഡർ... ഓർഡർ...

2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബില്ലിലെ വ്യവസ്ഥകൾ 2018-ലെ യു.ജി.സി. റെഗുലേഷന് വിരുദ്ധവും അത് സർവ്വകലാശാലാ ചാൻസലറുടെ വിവേചനാധികാരം പരിമിതപ്പെടുത്തുന്നതുമാകയാൽ അത് ഭരണഘടനാവിരുദ്ധമാണെന്നും അതിനാൽ ബില്ലിന് അവതരണാനുമതി നൽകരുതെന്നുമാണ് ശ്രീ. പി. സി. വിഷ്ണുനാഥ് തടസ്സവാദത്തിലൂടെ ഉന്നയിച്ചത്.

ബില്ലിന്റെ ഭരണഘടനാ സാധുത, ഉദ്ദേശ്യലക്ഷ്യങ്ങൾ എന്നിവ സംബന്ധിച്ച് ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി. അതിനോട് കൂട്ടിച്ചേർത്ത് ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി യു.ജി.സി. റെഗുലേഷൻ സംസ്ഥാനങ്ങളെയും സർവ്വകലാശാലകളെയും സംബന്ധിച്ചിടത്തോളം നിർദ്ദേശക സ്വഭാവം

മാത്രമുള്ളതാണെന്നും യു.ജി.സി. റെഗുലേഷൻ അനുസരിച്ചാണ് നിയമനിർമ്മാണ ഭേദഗതികൾ നടത്തുന്നതെന്നും അത് നിയമസഭയുടെ ലെജിസ്ലേറ്റീവ് കോംപീറ്റൻസിന് വിധേയമാണെന്നും വിശദീകരിക്കുകയുണ്ടായി.

നിയമസഭയുടെ നിയമനിർമ്മാണാധികാരത്തിന് വിരുദ്ധമായ ഒന്നുംതന്നെ ഈ ബില്ലിന്റെ അവതരണത്തിലൂടെയും അനന്തര നടപടികൾ സ്വീകരിക്കുന്നതിലൂടെയും സംഭവിക്കുന്നില്ല എന്നതന്നെയാണ് കാണുന്നത്. അതുകൊണ്ടുതന്നെ തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ലെന്ന് റൂൾ ചെയ്യുന്നു. ഓർഡർ....ഓർഡർ.....

ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ, വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, നേരത്തെ അടിയന്തരപ്രമേയത്തിന് മറുപടിയായി സാമാന്യേന കാര്യങ്ങൾ വിശദീകരിച്ചുകഴിഞ്ഞിട്ടുണ്ട്. യു.ജി.സി. റെഗുലേഷൻ 2018-ന്റെ അടിസ്ഥാനത്തിൽ വൈസ്-ചാൻസലറുടെ നിയമനവുമായി ബന്ധപ്പെട്ട് നിയമിക്കപ്പെടുന്ന സെർച്ച്-കം-സെലക്ഷൻ കമ്മിറ്റിയിലെ അംഗങ്ങൾ എങ്ങനെയായിരിക്കണമെന്നത് സംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ കൗൺസിൽ സർക്കാരിന് ഒരു ശിപാർശ സമർപ്പിച്ചിരുന്നു. 2018-ലെ റെഗുലേഷൻ പ്രകാരം ഈ മേഖലയിൽ പ്രാഗത്ഭ്യമുള്ളവരും സർവ്വകലാശാലയുമായോ അതിൽ അഫിലിയേറ്റ് ചെയ്ത കോളേജുകളുമായോ ബന്ധമില്ലാത്തവരായിരിക്കണമെന്ന് ഈ റെഗുലേഷനിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. അതിൽ ഒരാൾ യു.ജി.സി. ചെയർമാൻ നാമനിർദ്ദേശം ചെയ്യുന്ന പ്രതിനിധിയായിരിക്കണം. മറ്റുള്ള അംഗങ്ങൾ എത്രയാകണമെന്നുള്ളതിനെ സംബന്ധിച്ച് റെഗുലേഷൻ കൃത്യമായി നിർവ്വചിക്കുന്നില്ല. സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നിർദ്ദേശപ്രകാരം സർക്കാർ നാമനിർദ്ദേശംചെയ്യുന്ന ഒരു പ്രതിനിധി, യു.ജി.സി. ചെയർമാൻ നാമനിർദ്ദേശംചെയ്യുന്ന ഒരു പ്രതിനിധി, സർവ്വകലാശാല സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന ഒരു പ്രതിനിധി എന്നിവരുൾപ്പെട്ട സെർച്ച്-കം-സെലക്ഷൻ കമ്മിറ്റിയാണ് വൈസ്-ചാൻസലർ നിയമനത്തിനുള്ള പാനൽ

സമർപ്പിക്കേണ്ടതെന്നതാണ് ശിപാർശ ചെയ്തിട്ടുള്ളത്. പ്രസ്തുത നിർദ്ദേശം സർക്കാർ വിശദമായി പരിശോധിച്ചശേഷം ഉന്നതവിദ്യാഭ്യാസ രംഗത്ത് കൂടുതൽ പ്രാഗത്ഭ്യമുള്ളവരെക്കൂടി ഉൾപ്പെടുത്തി സെർച്ച്-കം-സെലക്ഷൻ കമ്മിറ്റി രൂപീകരിക്കുന്നതിന് തീരുമാനിച്ചു. കൗൺസിൽ നിർദ്ദേശിച്ചതിനുപുറമെ ഉന്നത വിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാനെയും ചാൻസലറുടെ പ്രതിനിധിയെയുമാണ് കൂടുതലായി ഉൾപ്പെടുത്തിയിട്ടുള്ളത്. സെർച്ച്-കം-സെലക്ഷൻ കമ്മിറ്റി ഭൂരിപക്ഷ അഭിപ്രായപ്രകാരം മൂന്നുപേരുടെ പാനൽ സമർപ്പിക്കുകയും ഇതിൽനിന്നും ചാൻസലർ ഒരാളെ വൈസ് ചാൻസലറായി നിയമിക്കുകയും വേണമെന്ന നിർദ്ദേശം ഈ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പാനൽ സമർപ്പിക്കുന്നതിന് കമ്മിറ്റിക്ക് മൂന്നുമാസം വരെയും ചാൻസലറുടെ പ്രത്യേക അനുമതിയോടെ പരമാവധി നാലുമാസം വരെയും സമയമെടുക്കാവുന്നതാണ്. പാനൽ ലഭിച്ചുകഴിഞ്ഞാൽ ചാൻസലർ പരമാവധി ഒരു മാസത്തിനുള്ളിൽ നിയമനം നടത്തേണ്ടതാണെന്നും ഈ ബില്ലിൽ വ്യവസ്ഥചെയ്യുന്നുണ്ട്. വൈസ്-ചാൻസലറുടെ നിയമനത്തിനുള്ള ഉയർന്ന പ്രായം 65 വയസ്സായി നിജപ്പെടുത്താൻ ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. ഉന്നത വിദ്യാഭ്യാസരംഗത്ത് നടപ്പിലാക്കാനുദ്ദേശിക്കുന്ന പരിഷ്കാരങ്ങൾ അധികവും നടപ്പിലാക്കേണ്ട സർവ്വകലാശാല വൈസ്-ചാൻസലർമാരെ കുറ്റമറ്റരീതിയിൽ നിയമിക്കുന്നതിന് ഈ നിയമം അത്യന്താപേക്ഷിതമായതിനാൽ 2018-ലെ യു.ജി.സി. റെഗുലേഷന് വിധേയമായി ഈ നിയമനിർമ്മാണത്തിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ് ചുമതലപ്പെടുത്തിയതനുപ്രകാരം ശ്രീ. ടി. വി. ഇബ്രാഹിം: സർ, 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-12-2022 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി ഈ ബില്ലിന്റെ ഉദ്ദേശ്യമായി ഇവിടെ പറഞ്ഞത്, സെർച്ച്-കം-സെലക്ഷൻ കമ്മിറ്റി അഞ്ച് അംഗങ്ങളാക്കി വർദ്ധിപ്പിക്കുന്നുവെന്നും സർവ്വകലാശാലകളിൽ വൈസ് ചാൻസലർമാരുടെ പ്രായപരിധി 65 വയസ്സായി വർദ്ധിപ്പിക്കുന്നുവെന്നുമാണ്. ഇന്ന് രാവിലെ നടന്ന ചർച്ചയിൽ ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി വിശദമായി സംസാരിക്കുകയുണ്ടായി. അതിൽ പറഞ്ഞത് ഒരു ജ്ഞാനസമ്പന്ന സമൂഹത്തെ സൃഷ്ടിക്കുകയും ഒരു ജ്ഞാന സമ്പദ്‌വ്യവസ്ഥയാണ് ഞങ്ങൾ വിഭാവനം ചെയ്യുന്നത് എന്നെല്ലാമാണ്. സത്യത്തിൽ ഈ ബിൽ കൊണ്ടുവരുന്നത് ജ്ഞാനസമൂഹത്തെ സൃഷ്ടിക്കാനോ ഒരു ജ്ഞാനസമ്പദ്‌വ്യവസ്ഥയെ സൃഷ്ടിക്കാനോ ലക്ഷ്യം വച്ചുകൊണ്ടുള്ളതല്ല, മറിച്ച് വൈസ് ചാൻസലർമാരെയും സർവ്വകലാശാലയുടെ തലപ്പത്തിരിക്കുന്ന എല്ലാ

ആളുകളെയും തങ്ങളുടെ വരുതിയിൽ നിർത്തുന്നതിനും തങ്ങളുടെ വിനീതവിധേയരാക്കുന്നതിനും അതുവഴി തങ്ങൾ ഉദ്ദേശിച്ച കാര്യങ്ങൾ നടപ്പിലാക്കുന്നതിനും വേണ്ടിയാണ്. സർവ്വകലാശാലകളിലെ നിയമനം, സംവരണം അട്ടിമറിക്കൽ, കോപ്പിയടി, കോപ്പിയടിച്ച ആളുകളിൽനിന്നും കൈക്കൂലി വാങ്ങുന്ന ആളുകളെ സംരക്ഷിക്കുക തുടങ്ങിയ കാര്യങ്ങളിലെല്ലാം തങ്ങളുടെ നിയന്ത്രണത്തിന് വിധേയമായി നിൽക്കുന്ന ആളുകളെ നിയമിച്ചാൽ മതിയെന്നുള്ള ദുരുദ്ദേശ്യമാണ് ഗവണ്മെന്റിന് ഇതിന്റെ പിന്നിലുള്ളത്. ഗവർണർക്ക് അദ്ദേഹത്തിന്റേതായ ദുരുദ്ദേശ്യങ്ങളുണ്ടെന്ന് നമുക്കെല്ലാവർക്കുമറിയാം. ഗവർണർക്ക് കടിഞ്ഞാണിടാൻ, ബംഗാൾ പോലുള്ള സംസ്ഥാനങ്ങളിൽ ചാൻസലർ സ്ഥാനത്തുനിന്നും ഗവർണറെ നീക്കംചെയ്ത അനുഭവമുണ്ട്. ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി അയൽസംസ്ഥാനമായ തമിഴ്നാട്ടിലെ കാര്യം പറഞ്ഞു. ഒരു ബദൽ രാഷ്ട്രീയവും ബദൽ അക്കാദമിക മേഖലയും മുന്നോട്ടുവയ്ക്കുന്നുവെന്ന് ഗവണ്മെന്റിന്റെ പ്രതിനിധികൾ വീമ്പിളക്കുന്നത് തെറ്റാണ്. കേന്ദ്ര ഗവണ്മെന്റിന്റെ നിയമങ്ങളും യു.ജി.സി.-യുടെ നിയമങ്ങളും ദേശീയ വിദ്യാഭ്യാസ നയവും ഞങ്ങൾക്ക് സ്വീകാര്യമല്ല, ഞങ്ങളത് സ്വീകരിക്കുന്നില്ലെന്ന് തമിഴ്നാട് ഗവണ്മെന്റ് ഉറച്ച സ്വരത്തിൽ പറഞ്ഞു. എന്നാൽ കേരള ഗവൺമെന്റിന് അത് പറയാനുള്ള ധൈര്യം ഇതുവരെ വന്നിട്ടില്ല. സർവ്വകലാശാലകളിൽ എന്താണ് നടക്കുന്നത്? അദ്ധ്യാപക തസ്തികയുടെ നിയമനത്തെക്കുറിച്ച് ഇന്നുരാവിലെ നടന്ന അടിയന്തരപ്രമേയത്തിലൂടെ വളരെ വിശദമായി ചർച്ചചെയ്തതാണ്. കണ്ണൂർ സർവ്വകലാശാലയിലെ ഒരു വിവാദ നിയമനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ വാക്കൗട്ട് പ്രസംഗത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വളരെ വിശദമായി സൂചിപ്പിക്കുകയുണ്ടായി. ആ നിയമനം എന്നുപറയുന്നത് 'tip of the iceberg' മാത്രമാണ്. അതൊരു ഉദാഹരണം മാത്രമാണ്. കേരള യൂണിവേഴ്സിറ്റിയിൽനിന്നും വിവരാവകാശ നിയമപ്രകാരം വിവരങ്ങൾ ലഭ്യമായതുകൊണ്ടുമാത്രമാണ് അവ ലഭിച്ചത്. കേരളത്തിലെ എല്ലാ സർവ്വകലാശാലകളിലും നിയമവിരുദ്ധ അദ്ധ്യാപക നിയമനങ്ങൾ നടക്കുന്നു, സംവരണങ്ങൾ അട്ടിമറിക്കുന്നു, ഭിന്നശേഷി സംവരണം ഇല്ലാതാക്കുന്നു. അതുപോലെ തങ്ങൾക്ക് ഇഷ്ടമുള്ള ആളുകളെ നിയമിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നു. അതിനെക്കുറിച്ച് വിവരാവകാശ നിയമമനുസരിച്ച് ചോദ്യം ചോദിച്ചാൽ മറുപടി ലഭ്യമാക്കുന്നില്ല. സർവ്വകലാശാലകളെ ഇരുമ്പുമറയ്ക്കുള്ളിൽ നിർത്തിയിരിക്കുകയാണ്. എന്തിനധികം, കേരള നിയമസഭയെപ്പോലും ഇരുട്ടിൽ നിർത്തിയിരിക്കുകയാണ്. 'ഏതെല്ലാം തസ്തികകളിലാണ് നിയമനം നടക്കുന്നത്; ഒഴിവുകൾ ഏതൊക്കെയാണ്?' എന്ന് കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ നിയമനത്തെക്കുറിച്ച് ഞാൻ കഴിഞ്ഞ സഭയിൽ

ചോദിച്ച ചോദ്യത്തിന് 'വിവരം ലഭ്യമല്ല' എന്നതാണ് മറുപടി. നിയമസഭയ്ക്കുപോലും ഉത്തരം ലഭിക്കുന്നില്ല. കാലിക്കറ്റ് സർവ്വകലാശാല ഒന്നിനും കൃത്യമായ മറുപടി കൊടുക്കാൻ തയ്യാറല്ല. ഇക്കാര്യം ഞാൻ വെറുതെ പറയുന്നതല്ല. അദ്ധ്യാപക തസ്തികകളിൽ ഇഷ്ടക്കാരെ (അത് പാർട്ടിക്കാരോ ബന്ധുക്കളോ സ്വന്തക്കാരോ ആകാം) നിയമിക്കുന്നതിനുവേണ്ടിയുള്ള കാര്യങ്ങളാണ് ഒരുക്കിവച്ചിരിക്കുന്നത്. സംവരണം അട്ടിമറിക്കുകയാണ്. ഉദാഹരണമായി, കാലിക്കറ്റ് സർവ്വകലാശാലയിലെ റഷ്യൻ ലിറ്ററേച്ചർ തസ്തികയിൽ വന്ന ഒഴിവിലേയ്ക്ക് ഇപ്പോൾ മൂന്നുപേരെ നിയമിച്ചുകൊണ്ട് അവരെ കംപാരിറ്റീവ് ലിറ്ററേച്ചറിലേയ്ക്ക് മാറ്റിയിരിക്കുന്നു. യഥാർത്ഥത്തിൽ റൊട്ടേഷൻപ്രകാരം ആ തസ്തിക ലഭിക്കേണ്ടത് ഒരു സംവരണ വിഭാഗത്തിനായിരുന്നു. സംവരണ വിഭാഗത്തിൽ തങ്ങളുടെ ഇഷ്ടക്കാരെ വയ്ക്കാൻ കഴിയില്ലെന്ന് വന്നപ്പോൾ അത് കംപാരിറ്റീവ് ലിറ്ററേച്ചർ തസ്തികയിലേയ്ക്ക് മാറ്റിയിരിക്കുകയാണ്. ഏതെല്ലാം ടേൺ ഏതെല്ലാം സമുദായത്തിനും സംവരണ വിഭാഗത്തിനുമാണ് വരേണ്ടതെന്ന് സംവരണ റോസ്റ്ററിൽ കൃത്യമായി പറയുന്നുണ്ട്. അത് അട്ടിമറിക്കുന്നതിനുവേണ്ടി, ഓരോ ഡിപ്പാർട്ടുമെന്റിലും വെവ്വേറെ സംവരണ നിയമനങ്ങൾ നടത്തുന്നതിനുപകരം ഒറ്റയൂണിറ്റാക്കിക്കൊണ്ടാണ് കാലിക്കറ്റ് സർവ്വകലാശാലയിൽ ഇപ്പോൾ നിയമനം നടക്കുന്നത്. അതുപോലെ മലയാള സർവ്വകലാശാലയിൽ മാധ്യമപഠനം, ഭാഷാപഠനം തസ്തികകൾ മറ്റ് തസ്തികകളാക്കി മാറ്റിയിരിക്കുകയാണ്. എന്നുപറഞ്ഞാൽ, ഈ തസ്തികയിൽ വരേണ്ടയാൾ നമുക്ക് വേണ്ടപ്പെട്ടവരല്ലെങ്കിൽ, അതല്ലെങ്കിൽ മറ്റുതസ്തികയിൽ വരേണ്ടയാൾ തങ്ങൾക്ക് വേണ്ടപ്പെട്ടവരാണെങ്കിൽ ആ വകുപ്പിലേയ്ക്ക് ഈ തസ്തിക മാറ്റിനിയമിക്കുകയാണ്. സംവരണത്തിന്റെ ഊഴത്തെപ്പോലും തെറ്റിച്ചുകൊണ്ട് ഇപ്രകാരമൊരു രീതിയിലാണ് നിയമിക്കുന്നത്. കണ്ണൂർ, മഹാത്മാഗാന്ധി, കേരള സർവ്വകലാശാലകളിലെല്ലാം ഇത് വ്യാപകമാണ്. ഇത്തരം നിയമനങ്ങൾ നടത്താൻ സർവ്വകലാശാലകളുടെ അധിപൻ ഞങ്ങൾ നിയമിക്കുന്ന ആളായിരിക്കണം, അല്ലെങ്കിൽ പാർട്ടിയോ ഗവണ്മെന്റോ പറഞ്ഞാൽ കേൾക്കുന്ന ആളായിരിക്കണം, അതിനുപറ്റിയ ഒരാളായിരിക്കണം സർവ്വകലാശാലയുടെ വൈസ്-ചാൻസലർ എന്നതിനൊരു സാഹചര്യമൊരുക്കലാണ് ഈ ബില്ലിന്റെ ഭേദഗതിയിലൂടെ ഗവണ്മെന്റ് ഉദ്ദേശിക്കുന്നതെന്നാണ് എന്റെ ആക്ഷേപം.

ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം ഭിന്നശേഷി സംവരണം ശക്തമായി നടപ്പാക്കുമെന്ന് പറഞ്ഞിരുന്നു. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ വെല്ലുവിളിക്കുകയാണ്. ഞാൻ സഭയിൽ ഈ വിഷയം ശ്രദ്ധ ക്ഷണിക്കലിലൂടെ ഉന്നയിച്ചതാണ്. നേരത്തെ ഭിന്നശേഷി സംവരണം 33(a), 66(a), 99(a) പ്രകാരം ഹൊറിസോണ്ടലായി നടപ്പാക്കാൻ കഴിയുമായിരുന്നു, അന്ന് നടപ്പാക്കിയില്ല.

അതുമാറ്റി 4 ശതമാനം ഭിന്നശേഷി സംവരണം നടപ്പാക്കാൻപറഞ്ഞു. ഇന്നേവരെ ഭിന്നശേഷിക്കാരായ ഒരു കുട്ടിക്കുപോലും സംവരണം കൊടുത്തിട്ടില്ലെന്ന് മാത്രമല്ല, അത് നടപ്പിലാക്കിയിട്ടുമില്ല. ഹൊറിസോണ്ടലായി ഭിന്നശേഷി സംവരണം നടപ്പിലാക്കുകയാണെങ്കിൽ, കണ്ണൂർ സർവ്വകലാശാലയിലെ വിവാദ നിയമനം ഈ പറയപ്പെടുന്ന വ്യക്തിക്ക് കിട്ടുമായിരുന്നില്ല എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഈ വ്യക്തിക്ക് നിയമനം കിട്ടുന്നതിനുവേണ്ടിയാണ് ഹൊറിസോണ്ടലായിപ്പോലും നടപ്പാക്കാതെ ഭിന്നശേഷി സംവരണം പോലും അട്ടിമറിച്ചത്. ഇങ്ങനെയുള്ള കാര്യങ്ങളാണ് വ്യാപകമായി ഇവിടെ നടക്കുന്നത്. അതുപോലെ ഇതിനെക്കുറിച്ച് ചോദ്യം ചോദിച്ചാൽ ഒരിടത്തുനിന്നും കൃത്യമായി ഉത്തരം കിട്ടുന്നില്ല. ഉത്തരം കിട്ടുന്നില്ലെന്ന് മാത്രമല്ല, സിൻഡിക്കേറ്റിൽപ്പോയി ഒരു വിയോജനക്കുറിപ്പ് കൊടുക്കാമെന്ന് തീരുമാനിച്ചാൽ, അത് രേഖപ്പെടുത്തുകയില്ലെന്ന് കാലിക്കറ്റ് സർവ്വകലാശാല തീരുമാനമെടുത്തിരിക്കുകയാണ്. ഇവിടെ പ്രതിപക്ഷം 40 പേരെയുള്ളൂ. ഈ 40 പേർക്കും വിയോജനക്കുറിപ്പ് രേഖപ്പെടുത്താൻ കഴിയില്ല, അവിടത്തെ ഭൂരിപക്ഷത്തിന്റെ അംഗീകാരമുണ്ടെങ്കിൽ മാത്രമേ വിയോജനക്കുറിപ്പ് രേഖപ്പെടുത്താൻ കഴിയൂവെന്ന് നിയമം വന്നാൽ എന്താണ് ചെയ്യുക? കാലിക്കറ്റ് സർവ്വകലാശാലയിൽ ഞങ്ങളുടെ സിൻഡിക്കേറ്റ് മെമ്പറായ ഡോ. റഷീദ് അഹമ്മദ് വിയോജനക്കുറിപ്പ് കൊടുത്താൽ രേഖപ്പെടുത്തുകയില്ല. ജനാധിപത്യവിരുദ്ധമായ രീതിയിലാണ് സർവ്വകലാശാലകൾ മുന്നോട്ടുപോകുന്നത്. സിൻഡിക്കേറ്റ് അംഗം കൊടുക്കുന്ന വിയോജനക്കുറിപ്പ് രേഖപ്പെടുത്തണമെങ്കിൽ ആ സിൻഡിക്കേറ്റിന്റെ ഭൂരിപക്ഷ അഭിപ്രായം വേണം. ഇത് എവിടത്തെ നിയമമാണ്; പിന്നെ എന്തിനാണ് പ്രതിപക്ഷം? എതിർ ശബ്ദം ഒരിക്കലും രേഖപ്പെടുത്താൻ പാടില്ലെന്ന് പറയുന്ന ജനാധിപത്യ വിരുദ്ധരീതിയിലാണ് നമ്മുടെ സർവ്വകലാശാലകൾ നയിക്കപ്പെടുന്നത്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ഇതേ സമീപനം തന്നെയാണല്ലോ ശ്രീ. നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ പാർലമെന്റിൽ ചെയ്യുന്നത്. എതിർശബ്ദങ്ങളെ മുഴുവൻ ഇല്ലാതാക്കാൻ ശ്രീ. നരേന്ദ്ര മോദി പാർലമെന്റിൽ ശ്രമിക്കുമ്പോൾ, അതുതന്നെയല്ലേ കോഴിക്കോട് സർവ്വകലാശാലയിലെ ഇടതുപക്ഷ ഭൂരിപക്ഷമുള്ള സിൻഡിക്കേറ്റ് ചെയ്യുന്നത്. വിയോജനക്കുറിപ്പ് സ്വീകരിക്കണമെങ്കിൽ സിൻഡിക്കേറ്റ് അംഗങ്ങളുടെ ഭൂരിപക്ഷം വേണമെന്നാണ് പറയുന്നത്. രണ്ടും തമ്മിൽ എന്തെങ്കിലും വ്യത്യാസം കാണുന്നുണ്ടോ?

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ഒരു വ്യത്യാസവുമില്ല. അതാണ് ഞാനും പറയുന്നത്. ഇവിടെ തങ്ങളുടെ വരുതിക്കുനിൽക്കുന്ന ആളുകൾ വൈസ് ചാൻസലർമാരായി വന്നാൽ മാത്രമേ, അവർ പറയുന്ന, പാർട്ടി ഓഫീസിൽനിന്നും

പറയുന്ന നിയമനം നടത്തുകയുള്ളൂ, അതിനുവേണ്ടിയുള്ള സാഹചര്യമുണ്ടാക്കാൻ കഴിയൂ എന്നതുകൊണ്ടാണ്. അല്ലാതെ ഗവർണറോടുള്ള വിരോധം കൊണ്ടല്ല. ഗവർണറും ഗവണ്മെന്റും തമ്മിൽ 'give and take' പോളിസിയാണ്. രാവിലെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സൂചിപ്പിച്ചതുപോലെ ചില സന്ദർഭങ്ങളിൽ കൊടുക്കുന്നു, അത് വാങ്ങുന്നു. അത് തിരിച്ചുംമറിച്ചുമുള്ള കളിയാണ്.

ഇവിടെ പി.എച്ച്.ഡി.-യുടെ കാര്യം പറഞ്ഞു. ഇവിടെയുള്ള എസ്.സി./ എസ്.ടി. വിദ്യാർത്ഥികൾക്കും പിന്നാക്ക വിഭാഗ വിദ്യാർത്ഥികൾക്കും പി.എച്ച്.ഡി.-യിൽ സംവരണം പറഞ്ഞിട്ടുണ്ട്. പക്ഷേ എവിടെയാണുള്ളത്? ഏത് സർവ്വകലാശാലയിലാണ് പി.എച്ച്.ഡി.-ക്ക് സംവരണം കൊടുക്കുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി അന്വേഷിച്ച് മറുപടി പറയണം. എസ്.സി./എസ്.ടി., പിന്നാക്ക വിഭാഗങ്ങൾക്കുള്ള സംവരണം കൊടുക്കുന്നില്ല. ഇതിനെതിരായി വിവരാവകാശനിയമം അനുസരിച്ച് ചോദ്യം കൊടുത്താൽ മറുപടി കിട്ടുന്നില്ല. നിയമസഭയിൽനിന്നുപോലും ചോദ്യത്തിനുത്തരം കിട്ടുന്നില്ല. ഈ രീതിയിൽ മുന്നോട്ടുപോകുകയാണ്. അതുകൊണ്ട് ജുഡീഷ്യറിയെ അഭയം പ്രാപിക്കുക മാത്രമേ അവസാന ആശ്രയമുള്ളൂ.

അദ്ധ്യാപക നിയമനവുമായി ബന്ധപ്പെട്ട് കാലിക്കറ്റ് സർവ്വകലാശാലയിൽ 20 കേസ്സുകളും കണ്ണൂർ സർവ്വകലാശാലയിൽ 18 കേസ്സുകളും ഹൈക്കോടതിയിലുണ്ട്. ഇങ്ങനെയുള്ള രീതിയിലാണ് കാര്യങ്ങൾ പോകുന്നത്. നിയമിക്കപ്പെടുന്ന വ്യക്തിയുടെ യോഗ്യതയും എക്സ്പീരിയൻസും എന്താണ്; ഇന്റർവ്യൂവിൽ അവർക്ക് ലഭിച്ച മാർക്കെത്രയാണ്? ഇങ്ങനെയെല്ലാം ചോദിച്ചാൽ ഒന്നിനും കൃത്യമായ ഉത്തരം പറയാൻ കഴിയാത്ത രീതിയിലാണ് കാര്യങ്ങൾ മുന്നോട്ടുപോകുന്നത്.

കേരളത്തിലെ സർവ്വകലാശാലകൾ ഗുണനിലവാരമുള്ളവയായി മാറിയിരിക്കുന്നുവെന്നും കേരള സർവ്വകലാശാലയ്ക്ക് A++ കിട്ടിയിരിക്കുന്നുവെന്നുമാണ് ബഹുമാനപ്പെട്ട മന്ത്രി രാവിലെ പറഞ്ഞത്. പക്ഷെ എൻ.ഐ.ആർ.എഫ്.-ന്റെ (National Institutional Ranking Framework) കണക്കെടുത്ത് പരിശോധിച്ചാൽ കേരളത്തിലെ സർവ്വകലാശാലകളുടെ റാങ്കിംഗ് കുറഞ്ഞുവരികയാണ്. കേരള സർവ്വകലാശാലയ്ക്ക് A++ കിട്ടി എന്നതുകൊണ്ടുമാത്രം ഇവിടത്തെ മികവുയരുന്നില്ല. സത്യത്തിൽ ഇത് മികവിന്റെ കേന്ദ്രങ്ങളല്ല. എല്ലാ സർവ്വകലാശാലകളുടെയും എൻ.ഐ.ആർ.എഫ്.-ന്റെ റാങ്കിംഗ് കണക്ക് ബഹുമാനപ്പെട്ട മന്ത്രി കൃത്യമായി പരിശോധിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കാലിക്കറ്റ്/എം.ജി./കേരള സർവ്വകലാശാലകളാണെങ്കിലും A++ കിട്ടിയെന്നുപറയുന്ന സർവ്വകലാശാലകളുടെ കാര്യമാണെങ്കിൽപ്പോലും എൻ.ഐ.ആർ.എഫ്. റാങ്കിംഗിൽ കേരളത്തിലെ സർവ്വകലാശാലകൾ വളരെ

പിന്നോട്ട് പോയിക്കൊണ്ടിരിക്കുന്നുവെന്ന് പറയുന്നതിന്റെ കാരണമെന്താണ്? ഇവിടെ ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, എല്ലായിടത്തും പരീക്ഷ സമയത്തിന് നടത്തുന്നുണ്ടോ? പരീക്ഷ വൈകിക്കൊണ്ടിരിക്കുന്നു. കാലിക്കറ്റ് സർവ്വകലാശാലയുടെ ആറാം സെമസ്റ്റർ പരീക്ഷ നടക്കുന്ന ഈ സന്ദർഭത്തിൽപ്പോലും സെക്കൻഡ് സെമസ്റ്ററിന്റെ റിസൾട്ട് വന്നിട്ടില്ല. റിസൾട്ട് വൈകുകയും ഉത്തരക്കടലാസ് നഷ്ടപ്പെടുകയും ചെയ്യുകയാണ്. ഉത്തരക്കടലാസ് നഷ്ടപ്പെടുന്നതിന്റെ പിന്നിൽ ഒരു ലോബി പ്രവർത്തിക്കുന്നുണ്ടെന്നാണ് പറയുന്നത്. അത് കൈക്കൂലിക്കുള്ള അവസരമുണ്ടാക്കാൻ പോകുന്നുവെന്നാണ് പറയുന്നത്. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ ഉത്തരക്കടലാസ് നഷ്ടപ്പെടുന്നകാര്യം അന്വേഷിക്കാൻപോയ ഇടതുപക്ഷ അനുകൂലിയായ ഒരു ഉദ്യോഗസ്ഥനെതന്നെ അതിന്റെ പേരിൽ മർദ്ദനമേൽക്കേണ്ടിവന്നു. അതുപോലെ വ്യാപകമായ കൈക്കൂലി നടക്കുന്നു. ഓൺലൈനിൽപ്പോലും കൈക്കൂലി സ്വീകരിക്കുന്ന ഉദ്യോഗസ്ഥരുള്ള സർവ്വകലാശാലയായി കാലിക്കറ്റ് സർവ്വകലാശാല മാറിയിരിക്കുന്നു. ഒരു ഉദ്യോഗസ്ഥൻ മാർക്ക് ലിസ്റ്റ് കൊടുക്കാൻ കൈക്കൂലിവാങ്ങിയതിന് പിടിക്കപ്പെട്ടു. ഞങ്ങളെല്ലാം ആ സർവ്വകലാശാലയിൽനിന്നും ഡിഗ്രി കഴിഞ്ഞുവന്നവരാണ്. അത്ര വിശ്വാസ്യതയുള്ള യൂണിവേഴ്സിറ്റിയുടെ നിലവാരം മാത്രമല്ല വിശ്വാസ്യതയും തകർന്നിരിക്കുന്നു. മാർക്ക് ലിസ്റ്റ് കിട്ടാൻ കൈക്കൂലി കൊടുക്കേണ്ടിവരികയാണ്. കൈക്കൂലി വാങ്ങിയ ഉദ്യോഗസ്ഥനെ തിരിച്ചെടുക്കുന്ന കാര്യമാണ് കഴിഞ്ഞ സിൻഡിക്കേറ്റ് പരിഗണിച്ചത്. ആ രീതിയിലേയ്ക്ക് തരംതാണിരിക്കുന്നു. സ്വന്തം യൂണിയനായ എംപ്ലോയീസ് യൂണിയനിൽപ്പെട്ട അംഗമാണെങ്കിൽ ഏതുകൈക്കൂലിയും എങ്ങനെയും ഓൺലൈനായും നേരിട്ടും സ്വീകരിക്കാൻ പറ്റുന്ന രീതിയിലേയ്ക്കാണ് കാലിക്കറ്റ് സർവ്വകലാശാലയിലെ അഴിമതിയുടെകാര്യം പോയിക്കൊണ്ടിരിക്കുന്നത്.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, മാർക്ക് ലിസ്റ്റിന്റെ കാര്യം പറഞ്ഞതിനാൽ ഞാൻ സൂചിപ്പിക്കുകയാണ്. എന്റെ മണ്ഡലത്തിലെ തിരൂർ തുഞ്ചൻ മെമ്മോറിയൽ കോളേജിൽ കഴിഞ്ഞ വർഷം ഡിഗ്രി പരീക്ഷ എഴുതിയ 26 കുട്ടികളുടെ മാർക്ക് ലിസ്റ്റ് പുറത്തുവന്നിട്ടില്ല. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ വാല്യുവേഷൻ നടന്നപ്പോൾ ഇവരുടെ ഉത്തരക്കടലാസുകൾ പരിഗണിച്ചിട്ടില്ലെന്നാണ് അന്വേഷിച്ചപ്പോൾ അറിയാൻ സാധിച്ചത്. അന്വേഷണം നടത്തിയപ്പോൾ അവിടെ സാധനം എത്തിയിട്ടുമില്ല. കോളേജിൽനിന്നും സാധനങ്ങൾ അയച്ചെങ്കിലും അവിടെ എത്തിയിട്ടില്ല. ഇപ്പോൾ അതിന്റെ അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. ഇങ്ങനെ ഒരവസ്ഥയാണ് കാലിക്കറ്റ് സർവ്വകലാശാലയിൽ നടന്നുകൊണ്ടിരിക്കുന്നത്. അങ്ങ് പഴയ സിൻഡിക്കേറ്റ് മെമ്പറാണല്ലോ; ഇക്കാര്യം താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ബഹുമാനപ്പെട്ട മെമ്പർ പറയുന്നത് വളരെ ശരിയാണ്. ഇങ്ങനെയുള്ള നിരവധി ഉദാഹരണങ്ങൾ നമുക്ക് ചൂണ്ടിക്കാണിക്കാൻ കഴിയും. ഞാൻ കാലിക്കറ്റ് സർവ്വകലാശാലയുടെ ഒരു കേന്ദ്രത്തിൽ പഠിക്കുകയും അവിടത്തെ ഭരണ വിഭാഗത്തിൽ ഇരുന്ന ആളുമാണ്. യൂണിവേഴ്സിറ്റിയുടെ നിലവാരം കുറഞ്ഞുവരുന്നുവെന്ന് ഞാൻ വെറുതെ പറഞ്ഞതല്ല. NIRF-ന്റെ കണക്ക് ഞാനിവിടെ സൂചിപ്പിച്ചു. രാവിലെ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബിന്റെ വാക്കൗട്ട് പ്രസംഗത്തിൽ സൂചിപ്പിച്ചത് സർവ്വകലാശാല സ്റ്റുഡന്റ് ഫ്രണ്ട്ലി സർവ്വകലാശാലയാണെങ്കിൽ, ഈ സർവ്വകലാശാലയിൽ കഴിഞ്ഞ വർഷം ആകെ ആപ്ലിക്കേഷൻ കൊടുത്തത് ഒരു ലക്ഷത്തി മുപ്പതിനായിരത്തിൽപ്പരമായിരുന്നു എന്നാണ്. ഇന്ന് അതേ സർവ്വകലാശാലയിൽ ഈ വർഷം അപ്ലൈ ചെയ്ത കുട്ടികളുടെ എണ്ണം ഒരു ലക്ഷത്തി അയ്യായിരമാണ്. 25000 കുട്ടികൾ ഓരോ വർഷവും കുറഞ്ഞുവരികയാണ്. അതുപോലെ വിദൂര വിദ്യാഭ്യാസത്തിൽ ഓരോ വർഷവും ശരാശരി പതിനായിരംവീതം കുട്ടികൾ കുറഞ്ഞുവരുന്നു; എന്തുകൊണ്ടാണത്? സമയബന്ധിതമായി റിസൾട്ട് പബ്ലിഷ് ചെയ്യുന്നില്ല. വരുന്ന റിസൾട്ടിൽത്തന്നെ വിശ്വാസ്യതയില്ല, സമയത്തിന് കാര്യങ്ങൾ നടക്കുന്നില്ല, റിസൾട്ട് ലഭിക്കണമെങ്കിൽ കൈക്കൂലി കൊടുക്കേണ്ടിവരുന്നു. ഇതാണ് സർവ്വകലാശാലയുടെ നിലവാരം താഴേയ്ക്കുപോകുന്നുവെന്ന് പറയുന്നത്. നമുക്കെല്ലാവർക്കുമറിയാവുന്നതുപോലെ കാലിക്കറ്റ് സർവ്വകലാശാലയിൽ ധാരാളം വിദേശ വിദ്യാർത്ഥികൾ പഠിച്ചിരുന്നതാണ്. ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ വെല്ലുവിളിക്കുകയാണ്, മന്ത്രി സിൻഡിക്കേറ്റ് മെമ്പറായിരുന്ന കാലിക്കറ്റ് സർവ്വകലാശാലയിൽ ഒരു വിദേശ വിദ്യാർത്ഥിപോലുമില്ല. വിദേശത്തുള്ള ഒരു വിദ്യാർത്ഥിയെപ്പോലും ആകർഷിക്കാൻ കേരളത്തിലെ സർവ്വകലാശാലകൾക്ക് കഴിയുന്നില്ല. നമ്മുടെ കുട്ടികളെല്ലാം പുറത്തേയ്ക്ക് പോകുകയാണ്. മേന്മയുള്ള വിദ്യാഭ്യാസം നൽകുകയാണെങ്കിൽ, നമ്മുടെ സർവ്വകലാശാലകളാണ് ഏറ്റവും നല്ല മേന്മ പുലർത്തുന്നതെങ്കിൽ വിദേശത്തുള്ള വിദ്യാർത്ഥികൾ ഇവിടെ വരുമായിരുന്നു. എന്നാൽ സംസ്ഥാനത്ത് വന്നുകൊണ്ടിരുന്ന വിദേശ വിദ്യാർത്ഥികൾപോലും കുടൊഴിഞ്ഞുപോയിരിക്കുന്നു.

ഇവിടെ ലിംഗനീതിയെക്കുറിച്ച് പറഞ്ഞു. ഡ്രസ്സ് മാറ്റിയുടുക്കലും ബഞ്ചിൽ ഒരുമിച്ചുള്ള ഇരിക്കലുമൊക്കെ ആയാൽ ഇവിടെ ലിംഗനീതിയാകുമോ? ബഹുമാനപ്പെട്ട മന്ത്രി സാമൂഹ്യനീതി വകുപ്പുകൂടി കൈകാര്യം ചെയ്യുന്നതാണ്. ഉന്നതവിദ്യാഭ്യാസ രംഗത്ത് ലിംഗനീതിപോയിട്ട് സാമൂഹ്യനീതിയുണ്ടോ? 16 സർവ്വകലാശാലകളുടെ തലപ്പത്തിരിക്കുന്നവരിൽ എസ്.സി./എസ്.ടി. വിഭാഗത്തിലുള്ള ആരെങ്കിലുമുണ്ടോ? എസ്.സി./എസ്.ടി. വിഭാഗത്തിലുള്ള ഒരാളെ

വി.സി., പി.വി.സി. ആയി നിയമിച്ചിട്ടുണ്ടോ? ഞാൻ കൂടി പ്രതിനിധാനം ചെയ്യുന്ന മുസ്ലീം സമുദായത്തിൽനിന്നും എത്ര വി.സി.-മാരുണ്ട്? 26 ശതമാനമുള്ള മുസ്ലീം വിഭാഗത്തിൽനിന്നും എത്ര വി.സി.-മാർ ഇവിടെയുണ്ട്. ഇതെല്ലാം പറഞ്ഞാൽ വർഗ്ഗീയമാണെന്ന് പറയും, അല്ലെങ്കിൽ ഞങ്ങൾ ധ്രുവീകരണത്തിന് ശ്രമിക്കുന്നുവെന്ന് പറയും. ഇത് സാമൂഹ്യനീതിയുടെ ഭാഗമല്ലേ? മുഖ്യധാരയിലുള്ള ഓരോ വിഭാഗത്തെയും നിങ്ങൾ അകറ്റിനിർത്തുകയല്ലേ? സീറ്റുകളുടെയും അതുപോലെ ഉന്നതവിദ്യാഭ്യാസ രംഗത്തെ സൗകര്യത്തിന്റെ കാര്യത്തിൽപ്പോലും വലിയ അന്തരമുണ്ട്. മലബാറിലും മലപ്പുറത്തും വിദ്യാർത്ഥികൾക്ക് സീറ്റുകളുടെ എണ്ണത്തിൽ കുറവില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു. ഒരു ജില്ലയിൽ 1000 കുട്ടികൾ പാസ്സാകുമ്പോൾ എയ്ഡഡ്/ഗവണ്മെന്റ് കോളേജിൽ പഠിക്കാൻ 571 കുട്ടികൾക്ക് അവസരം ലഭിക്കുന്നുണ്ട്. തിരുവനന്തപുരം - 327, കൊല്ലം -269, പത്തനംതിട്ട -455, ആലപ്പുഴ -311, ഇടുക്കി -331, എറണാകുളം -355, തൃശ്ശൂർ -320, പാലക്കാട് -191-ഉം ആണ്. മലപ്പുറത്ത് 110 ആണുള്ളത്. 1000 കുട്ടികൾ യു.ജി.-ക്ക് അപേക്ഷിച്ചാൽ അതിൽ ക്വാളിഫൈഡായ കുട്ടികളിൽ 110 കുട്ടികൾക്ക് മാത്രമാണ് അവസരം ലഭിക്കുന്നത്.

മി. സ്പീക്കർ: പെട്ടെന്ന് കൺക്ലൂഡ് ചെയ്യൂ...

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഡോ. കെ. ടി. ജലീൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് കൈകാര്യം ചെയ്തിട്ടാണ് അസന്തുലിതാവസ്ഥ വർദ്ധിച്ചിട്ടുള്ളത്. അദ്ദേഹമിപ്പോൾ കാശ്മീരിൽപ്പോയി 'ആസാദി കാശ്മീർ' പരാമർശത്തിൽ അദ്ദേഹത്തെ കുഴപ്പത്തിലാക്കിയത് സംബന്ധിച്ച് ശ്രീമതി കെ. കെ. ശൈലജ ടീച്ചർ സംസാരിച്ചതാണ്. ശ്രീ. വെള്ളാപ്പള്ളി നടേശന്റെയടുത്തുപോയി പ്രശ്നമാക്കിയതെല്ലാം പറഞ്ഞു. ഏതായാലും ഈ അസന്തുലിതാവസ്ഥ പരിഹരിക്കാതെ കേരളത്തിലെ സർവ്വകലാശാലകൾ രക്ഷപ്പെടുകയില്ല. അതുകൊണ്ട് സർവ്വകലാശാലകളെ തങ്ങളുടെ വരുതിയിലാക്കാൻ വേണ്ടിയിട്ടുള്ള ബില്ലിലെ ഭേദഗതിയെ ഞാൻ എതിർക്കുകയാണ്.

മി. സ്പീക്കർ: ഇന്ന് ഇനിയും രണ്ട് ബില്ലുകൾ പരിഗണിക്കാനുണ്ട്. സഭ പിരിഞ്ഞതിനുശേഷം സബ്ജക്ട് കമ്മിറ്റികളെല്ലാം ചേരാനുള്ളതാണ്. അതുകൊണ്ട് അംഗങ്ങൾ പ്രസംഗം പരമാവധി ചുരുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. എ. പ്രഭാകരൻ ചുമതലപ്പെടുത്തിയതുപ്രകാരം ഡോ. കെ. ടി. ജലീൽ: സർ, 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. പ്രധാനമായും മൂന്ന് ഭേദഗതികളാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

അതിന്റെ സംഗ്രഹം ഞാൻ ഇവിടെ വായിക്കുകയാണ്.

1. സർവ്വകലാശാലകളിലെ വി.സി. സെലക്ഷനുവേണ്ടിയിട്ടുള്ള സെർച്ച് കമ്മിറ്റിയുടെ അംഗസംഖ്യ 5 ആക്കി ഉയർത്തുന്നു, ഇതുവരെ 3 ആയിരുന്നു. ഇവരുടെ ഭൂരിപക്ഷാഭിപ്രായപ്രകാരം 3 പേരടങ്ങുന്ന വി.സി. നിയമനത്തിനുള്ള പാനൽ ചാൻസലർക്ക് സമർപ്പിക്കേണ്ടതാണ്. അതിൽനിന്ന് ഒരാളെ വി.സി.ആയി ചാൻസലർക്ക് നിയമിക്കാവുന്നതാണ്;

2. Search-cum-Selection committee അതിന്റെ നിയമനത്തീയതി മുതൽ മൂന്ന് മാസത്തിനുള്ളിൽ സെലക്ഷൻ പ്രോസസ്സ് പൂർത്തിയാക്കി പാനൽ ചാൻസലർക്ക് സമർപ്പിക്കണം;

3. Search-cum-Selection committee നൽകുന്ന പാനലിൽനിന്നും ഒരാളെ പാനൽ സമർപ്പിച്ച് 30 ദിവസത്തിനുള്ളിൽ ചാൻസലർ നിയമിക്കേണ്ടതാണ്. ഇങ്ങനെ നിയമിക്കപ്പെടുന്നയാളുടെ പ്രായം 65-ൽ കവിയാൻ പാടില്ല.

കേന്ദ്ര-സംസ്ഥാന ബന്ധങ്ങൾ മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാൻ 2007-ൽ കോൺഗ്രസ്സ് നേതൃത്വം നൽകുന്ന ഒന്നാം യു.പി.എ. സർക്കാർ നിയമിച്ച ജസ്റ്റീസ് മദൻമോഹൻ പൂഞ്ചി കമ്മീഷൻ റിപ്പോർട്ട് ഇത്തരുണത്തിൽ വളരെ പ്രസക്തമാണെന്ന് എനിക്ക് തോന്നുന്നു. കേന്ദ്ര - സംസ്ഥാന ബന്ധം വഷളാകുന്നതുമായി ബന്ധപ്പെട്ട പല കാര്യങ്ങളും ജസ്റ്റീസ് പൂഞ്ചി തന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ട ഒന്ന് സംസ്ഥാന ഗവണ്മെന്റുകളുടെ അധീനതയിലുള്ള സർവ്വകലാശാലകളിലെ വൈസ് ചാൻസലർമാരെ നിയമിക്കുമ്പോൾ ഉണ്ടാകുന്ന തർക്കങ്ങളാണ്. ഗവർണറും ബന്ധപ്പെട്ട സംസ്ഥാന സർക്കാരുകളും വൈസ് ചാൻസലർ നിയമനങ്ങളുമായി ബന്ധപ്പെട്ടുണ്ടാകുന്ന തർക്കങ്ങൾ കേന്ദ്ര-സംസ്ഥാന ബന്ധത്തെ വഷളാക്കുന്നുവെന്ന് ആ കമ്മീഷൻ റിപ്പോർട്ടിൽ വ്യക്തമായി പറഞ്ഞിരുന്നു. 2022 ഏപ്രിൽ 25-നാണ് തമിഴ്നാട് നിയമസഭ 13 സംസ്ഥാന യൂണിവേഴ്സിറ്റികളുടെ വൈസ് ചാൻസലർമാരെ നിയമിക്കാനുള്ള അവകാശം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാക്കിക്കൊണ്ടുള്ള നിയമം പാസ്സാക്കിയത്. തമിഴ്നാട് സർക്കാർ പ്രസ്തുത ബില്ലിന് ആധാരമാക്കിയത് 1949-ലെ ഗുജറാത്ത് യൂണിവേഴ്സിറ്റി നിയമമാണ്. പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി മൂന്ന് തവണ മുഖ്യമന്ത്രിയായ ഗുജറാത്തിൽ 1949 മുതൽ അനുവർത്തിച്ചുവരുന്ന നയം സംസ്ഥാന സർവ്വകലാശാലകളിൽ സംസ്ഥാന സർക്കാർ വി.സി.-മാരെ നിയമിക്കുക എന്നുള്ളതാണ്. 1991-ൽ തെലങ്കാനയും സമാന നയം സ്വീകരിച്ച് തങ്ങളുടെ കീഴിലുള്ള സർവ്വകലാശാലകളിൽ വി.സി.-മാരെ നിയമിക്കാനുള്ള അധികാരം

സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാക്കി. 2000-ൽ കർണ്ണാടക സർക്കാരും ചാൻസലർമാരുമായുള്ള സംഘർഷമൊഴിവാക്കുന്നതിന് സർക്കാരിന്റെ അനുമതിയോടെ മാത്രമേ സ്റ്റേറ്റ് സർവ്വകലാശാലകളിൽ വി.സി.-മാരെ നിയമിക്കാവൂ എന്ന നിയമം നടപ്പിലാക്കി. 2022-ൽ കുറച്ചുകൂടി കടന്ന് പശ്ചിമ ബംഗാൾ ഗവണ്മെന്റ് സ്റ്റേറ്റ് സർവ്വകലാശാലകളിലെ ചാൻസലർ പദവി എടുത്തുകളഞ്ഞു. പ്രസ്തുത ബില്ലിനെ നിയമസഭയിൽ എതിർത്ത ബി.ജെ.പി.-യെ ചൂണ്ടി ബംഗാളിലെ വിദ്യാഭ്യാസ മന്ത്രി ശ്രീ. ബ്രത്യാ ബസു ചോദിച്ചൊരു ചോദ്യമുണ്ട്; ഇവിടെയും ആ ചോദ്യം പ്രസക്തമാണെന്ന് എനിക്ക് തോന്നുന്നു. കൽക്കട്ടയിലെ വിശ്വഭാരതി കേന്ദ്ര സർവ്വകലാശാലയുടെ ചാൻസലറായി പ്രധാനമന്ത്രിക്ക് പ്രവർത്തിക്കാമെങ്കിൽ എന്തുകൊണ്ട് സംസ്ഥാന യൂണിവേഴ്സിറ്റികളുടെ ചാൻസലറായി മുഖ്യമന്ത്രിക്ക് പ്രവർത്തിച്ചുകൂടാ? കേന്ദ്ര സർവ്വകലാശാലകളുടെ വിസിറ്റർ ഇന്ത്യൻ പ്രസിഡന്റും വിശ്വഭാരതി കേന്ദ്ര സർവ്വകലാശാലയുടെ ചാൻസലർ/വിസിറ്റർ ഇന്ത്യൻ പ്രധാനമന്ത്രിയുമാണ്. കോൺഗ്രസ് ഭരിക്കുന്ന രാജസ്ഥാനിൽ സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സഹായത്തിൽ പ്രവർത്തിക്കുന്ന 28 സർവ്വകലാശാലകളിൽ വി.സി.-മാരെ നിയമിക്കാനുള്ള അധികാരം നിയമഭേദഗതിയിലൂടെ മുഖ്യമന്ത്രിക്കാണ് നല്കിയിട്ടുള്ളത്. നിങ്ങളുടെ വാദങ്ങൾ അവിടെ പ്രസക്തമല്ലേ; സ്വന്തക്കാരെയും വേണ്ടപ്പെട്ടവരെയും നിയമിക്കാൻ മുഖ്യമന്ത്രിക്ക് അവസരം നല്കുന്ന നിയമം രാജസ്ഥാനിൽ പാസ്സാക്കാനൊരു പ്രത്യേക രാഷ്ട്രീയ സാഹചര്യമുണ്ട്. എന്തുകൊണ്ടാണ് നമ്മളത് മനസ്സിലാക്കാതെ പോകുന്നത്? നിയമനിർമ്മാണം വഴി ഗവർണറെ ചാൻസലർ സ്ഥാനത്തുനിന്നുമാറ്റി രാജസ്ഥാനിലെ കോൺഗ്രസ് സർക്കാർ അദ്ദേഹത്തെ വിസിറ്ററാക്കി മാറ്റി.

ഡോ. എം. കെ. മുനീർ: സർ, അങ്ങനെയാണെങ്കിൽ ശരിക്കും ഈ ബില്ലിനുപകരം എന്തുകൊണ്ട് ചാൻസലറെ മാറ്റാനുള്ള തീരുമാനമെടുക്കാൻ സർക്കാരിന് സാധിക്കുന്നില്ല?

ഡോ. കെ. ടി. ജലീൽ: സർ, ബഹുമാനപ്പെട്ട മുനീർ സാഹിബ് അത്തരത്തിലൊരു ഭേദഗതി കൊണ്ടുവരികയാണെങ്കിൽ നമുക്കതിനെക്കുറിച്ച് ചർച്ച ചെയ്യാമല്ലോ;

ഡോ. എം. കെ. മുനീർ: സർ, ഞാനല്ലല്ലോ കൊണ്ടുവരേണ്ടത്.

ഡോ. കെ. ടി. ജലീൽ: സർ, നിങ്ങൾ പറയൂ. 3 പേരടങ്ങുന്ന ഒരു പാനലിനെ ചാൻസലർക്ക് സമർപ്പിക്കാം; അതിൽ നിന്നൊരാളെ ചാൻസലർക്ക് സെലക്ട് ചെയ്യാമെന്ന് പരാമർശിക്കുന്ന നിയമം ഇവിടെ കൊണ്ടുവരുന്നതിനെയാണ് നിങ്ങൾ

അതിശക്തമായി എതിർക്കുന്നത്. എന്നിട്ട് നിങ്ങൾതന്നെ ചോദിക്കുകയാണ് - ചാൻസലർ വേണ്ടല്ലോ രാജസ്ഥാനിൽ ചെയ്തതുപോലെയായിക്കൂടേയെന്ന്? ഇത് തികച്ചും വൈരുദ്ധ്യമല്ലേ; ഇരട്ടത്താപ്പല്ലേ? ഇതിനെയാണ് കാപട്യം എന്നുപറയുന്നത്. 2021 ഡിസംബറിൽ മഹാരാഷ്ട്രയിലെ കോൺഗ്രസ് പങ്കാളിത്ത സർക്കാർ നിലവിലെ നിയമം പൂർണ്ണമായും മാറ്റി. ഗവർണർക്ക്/ചാൻസലർക്ക് സർക്കാർ ഉദ്ദേശിക്കുന്നയാളെ മാത്രമേ സ്റ്റേറ്റ് യൂണിവേഴ്സിറ്റികളുടെ വൈസ് ചാൻസലർമാരായി നിയമിക്കാനാകൂ. വി.സി.-മാരെ നിയമിക്കാനുള്ള അധികാരം ഗവർണർമാരിൽനിന്നെടുത്ത് മാറ്റണമെന്നാണ് ജസ്റ്റിസ് എം. എം. പൂഞ്ചി കമ്മീഷൻ ശിപാർശ ചെയ്തിരിക്കുന്നത്. സംസ്ഥാന നിയന്ത്രണത്തിലുള്ള സർവ്വകലാശാലകളിലെ വി.സി.-മാരെ നിയമിക്കാനുള്ള അധികാരം ഗവർണർക്ക് നൽകരുതെന്നാണ് ജസ്റ്റിസ് എം. എം. പൂഞ്ചി കമ്മീഷൻ (ഒന്നാം യു.പി.എ. സർക്കാർ നിയമിച്ച കമ്മീഷൻ) കേന്ദ്ര-സംസ്ഥാന ബന്ധങ്ങളുടെ സൗഹൃദം മെച്ചപ്പെടുത്തുന്നതിനുള്ള ശിപാർശകളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ജസ്റ്റിസ് എം. എം. പൂഞ്ചി കമ്മീഷൻ റിപ്പോർട്ടിലെ പ്രസ്തുത ശിപാർശ നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കുന്നില്ല. അത് വലിയ പ്രശ്നങ്ങളും കോളിളക്കങ്ങളും തെറ്റിദ്ധാരണകളുമൊക്കെയുണ്ടാക്കും. ഇങ്ങനെയൊന്ന് കൊണ്ടുവന്നിട്ടുകൂടി അതിനെ അനുകൂലിക്കാൻ പ്രതിപക്ഷം തയ്യാറല്ല. 'ആട്ടുന്നിടത്ത് പോയാൽ പിണ്ണാക്ക് കൊടുക്കാത്തവൻ വീട്ടിൽ പോയാലെങ്ങനെയാണ് വെളിച്ചെണ്ണ കൊടുക്കുന്നത്' എന്ന ഒരു ചൊല്ലുണ്ട്. ഇതേ സമീപനമാണ് പ്രസ്തുത വിഷയത്തെ സംബന്ധിച്ച് നിങ്ങൾക്കുള്ളത്. ജസ്റ്റിസ് എം. എം. പൂഞ്ചി കമ്മീഷന്റെ ഈ ശിപാർശ ഇന്ത്യയിലെ 19 സംസ്ഥാനങ്ങൾ സർവ്വാത്മനാ അംഗീകരിച്ചു. 5 വർഷംമുമ്പ് ഈ നിയമനിർമ്മാണം കൊണ്ടുവരേണ്ടതായിരുന്നെന്ന അഭിപ്രായക്കാരനാണ് ഞാൻ. കേരളത്തിൽ ബി.ജെ.പി.-ക്ക് അധികാരത്തിൽ വരാൻ കഴിയില്ലെന്നത് ഒരു യാഥാർത്ഥ്യമാണ്. എന്നാൽ നമ്മുടെ സർവ്വകലാശാലകളുടെ കുഞ്ചികസ്ഥാനങ്ങളിൽ ചാൻസലറിലൂടെ/ഗവർണറിലൂടെ ആർ.എസ്.എസ്. അനുകൂലികളെ എത്തിക്കാനാണ് അവർ ശ്രമിക്കുന്നത്. നമ്മുടെ സർവ്വകലാശാലകളുടെ വി.സി. പദവികളിൽ അത്തരക്കാർ അവരോധിതരായാലുണ്ടാകുന്ന ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ കാണാതിരുന്നുകൂടാ. വർത്തമാന യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കിക്കൊണ്ടുതന്നെയാണ് ഇങ്ങനെയൊരു ബിൽ സർക്കാർ കൊണ്ടുവന്നത്. ഈ ബില്ലിനെ പ്രതിപക്ഷം എതിർക്കുമെന്ന് എനിക്ക് തോന്നുന്നില്ല. അപ്പുറത്തിരിക്കുന്ന ആര് അംഗീകരിച്ചാലും എതിർത്താലും മുസ്ലീം ലീഗിന് ഈ ബില്ലിനെ അനുകൂലിക്കാതിരിക്കാൻ കഴിയില്ലെന്നാണ് എന്റെ പൂർണ്ണ വിശ്വാസം. കാരണം ചാൻസലറിലൂടെ ആർ.എസ്.എസ്. അനുകൂലികളെ സർവ്വകലാശാലകളുടെ വൈസ് ചാൻസലർ പദവിയിൽ എത്തിക്കാനുള്ള നിഗൂഢമായ നീക്കം ആർ.എസ്.എസ്. നടത്തുന്നു. അതിൽ നിങ്ങൾക്കൊരു

വിരോധവുമില്ലേ; പരാതിയുമില്ലേ? ചാൻസലർക്ക് എല്ലാ അധികാരങ്ങളും കൊടുത്താൽ ബുദ്ധിമുട്ടാണ്. അതുകൊണ്ടാണ് സെർച്ച് കമ്മിറ്റി അംഗങ്ങളുടെ എണ്ണം 3-ൽനിന്ന് 5 ആക്കി ഉയർത്തിയത്, ഭൂരിപക്ഷം അംഗങ്ങൾ പറയുന്ന 3 പേരിൽ ഒരാളെ ചാൻസലർക്ക് അംഗീകരിക്കാമെന്ന അവസ്ഥ നമ്മളുണ്ടാക്കിയത്. കേരള നിയമസഭ ഈ നിയമനിർമ്മാണം ഏകകണ്ഠമായി പാസ്സാക്കി രാജ്യത്തിന് മാതൃകയാകണം. ഈ ബിൽ ഇന്ന് പാസ്സാക്കിയില്ലെങ്കിൽ നാളെയോ മറ്റന്നാളോ ഇത്തരമൊരു നിയമനിർമ്മാണം നടത്താൻ നാം നിർബന്ധിതമാകും. ഇന്നുതന്നെ നടത്തിയാൽ അത്രയും നല്ലത്. നിങ്ങൾ എഴുതിവച്ചോളൂ; ഇപ്പോൾ നാം കണ്ടറിഞ്ഞു. കൊണ്ടറിഞ്ഞേ ഇതിന് മുതിരുകയുള്ളൂ എന്നാണെങ്കിൽ ഇടതുപക്ഷ മുന്നണി സർക്കാരിന് കയ്യുംകെട്ടി നോക്കിനില്ക്കാനാകില്ല. എൽ.ഡി.എഫ്.-നോടുള്ള രാഷ്ട്രീയ വിയോജിപ്പുകാരണം പ്രതിപക്ഷം ഇതിനോട് നിസ്സഹകരിക്കരുത്. പ്രസ്തുത ബിൽ കേരളത്തിനുവേണ്ടിയുള്ളതാണ്; കേരളമെന്ന മതേതര തുരുത്ത് കാത്തുസംരക്ഷിക്കാനുള്ളതാണ്. ഇവിടെ പല വി.സി.-മാരെക്കുറിച്ചും വി.സി.-മാരുടെ നിയമനങ്ങളെക്കുറിച്ചും സൂചിപ്പിച്ചു. കേരളചരിത്രത്തിൽ ഏതെങ്കിലും വി.സി.-മാർ ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയിൽ മെമ്പർഷിപ്പ് എടുത്തിട്ടുണ്ടെങ്കിൽ അത് യു.ഡി.എഫ്. നിയമിച്ച വി.സി.-മാരാണ്. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നിങ്ങൾ നിയമിച്ച ഡോ.അബ്ദുൽ സലാം ബി.ജെ.പി. അംഗത്വം സ്വീകരിച്ച് ഇന്ന് ബി.ജെ.പി.-യിലാണ്. ആദ്യം സംസ്കൃത സർവകലാശാല വി.സി.-യായും തുടർന്ന് പി.എസ്.സി. ചെയർമാനായും യു.ഡി.എഫ്. നിയമിച്ച ഡോ. കെ. എസ്. രാധാകൃഷ്ണൻ ഇന്ന് ബി.ജെ.പി. അംഗവും താമരചിഹ്നത്തിൽ സ്ഥാനാർത്ഥിയായി മത്സരിച്ചയാളുമാണ്. ഇന്ത്യയിൽ ഇങ്ങനെയൊരു കാര്യം ചെയ്തത് കേരളത്തിലെ യു.ഡി.എഫ്. സർക്കാർ മാത്രമാണ്.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, യു.ഡി.എഫ്. നിയമിച്ച ഒരു വി.സി. പിന്നീട് ലോക്സഭാ സ്ഥാനാർത്ഥിയായി കാസർഗോഡുനിന്ന് മത്സരിച്ചത് അങ്ങയുടെ ശ്രദ്ധയിലുണ്ടോ?

<u>ഡോ. കെ. ടി. ജലീൽ</u>: സർ, തീർച്ചയായും. അതൊക്കെ എല്ലാവർക്കും അറിയാവുന്നതാണ്. കൂടുതലായി അക്കാര്യങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല.

<u>ശ്രീ. എം. വിജിൻ</u>: സർ, ജസ്റ്റിസ് എം. എം. പൂഞ്ചി കമ്മീഷൻ റിപ്പോർട്ടിനെകുറിച്ചും അതിലെ ചില പരാമർശങ്ങളെക്കുറിച്ചും ഇവിടെ സൂചിപ്പിക്കുകയുണ്ടായി. റിപ്പോർട്ട് സംബന്ധിച്ച് സംസ്ഥാനങ്ങളുടെ അഭിപ്രായം ആരാഞ്ഞപ്പോൾ 26-08-2015-ൽ യു.ഡി.എഫ്. സർക്കാർ അതിനുകൊടുത്ത മറുപടി ഇപ്രകാരമായിരുന്നു. 'ചില സമയങ്ങളിൽ സർക്കാരും ഗവർണറും തമ്മിൽ വൈസ് ചാൻസലർ പോലുള്ള തസ്തികകളിലെ നിയമനം സംബന്ധിച്ച് ഉരസലിന്

ഇടയാകാറുണ്ട്, ഗവർണർ പദവിയെ പൊതുവായി വിമർശനങ്ങളിൽനിന്ന് ഒഴിവാക്കാൻ ഇതിലൂടെ കഴിയുമെന്നതിനാൽ ശിപാർശ അംഗീകരിക്കുന്നു'. പ്രസ്തുത മറുപടി നല്കിയവരാണ് ജനാധിപത്യവല്ക്കരിക്കുമ്പോൾ കൂടുതൽ എതിർക്കുന്നത് എന്നത് അങ്ങയുടെ ശ്രദ്ധയിലുണ്ടോ?

ഡോ. കെ. ടി. ജലീൽ: സർ, 19 സംസ്ഥാനങ്ങൾ റിപ്പോർട്ട് പരാമർശം അംഗീകരിച്ചെന്ന് ഞാൻ സൂചിപ്പിച്ചു. അതിലൊരു സംസ്ഥാനം കേരളമാണ്. കേരളത്തിലെ അന്നത്തെ യു.ഡി.എഫ്. സർക്കാരാണ് അത്തരമൊരു നിർദ്ദേശം മുന്നോട്ടുവച്ചത്. അങ്ങനെയൊരു നിർദ്ദേശം മുന്നോട്ടുവച്ച നിങ്ങൾ ദയവായി ഈ ബില്ലിനെ എതിർക്കരുത്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഞങ്ങൾ വൈസ് ചാൻസലറാക്കിയ ആൾ പിന്നീട് ബി.ജെ.പി.-യിൽ ചേർന്നെന്ന് പറഞ്ഞു. നിങ്ങൾ എം.എൽ.എ.-ആക്കിയ ഒരാൾ പിന്നെ എം.പി.-യായി ബി.ജെ.പി.-യിൽ ചേർന്ന് കേന്ദ്രമന്ത്രിയായ വിഷയം ഓർക്കുന്നുണ്ടോ?

ഡോ. കെ. ടി. ജലീൽ: സർ, അത് രാഷ്ട്രീയക്കാരനാണ്. ഒരു എം.എൽ.എ.-യ്ക്കോ എം.പി.-യ്ക്കോ അങ്ങനെ ചെയ്യാം. യു.ഡി.എഫ്.-ൽ നിന്ന് എത്ര എം.പി.-മാരും എം.എൽ.എ.-മാരും ബി.ജെ.പി.-യിലേയ്ക്ക് മാറിയിട്ടുണ്ട്. പക്ഷെ വി.സി. അങ്ങനെയല്ലല്ലോ. നിങ്ങൾ എന്തൊക്കെയാണ് പറയുന്നത്. നിങ്ങൾ രാഷ്ട്രീയക്കാരെയും അക്കാഡമിക് യോഗ്യതയില്ലാത്തവരെയും രാഷ്ട്രീയ പശ്ചാത്തലത്തിൽനിന്ന് വന്നവരെയും വി.സി. ആക്കുന്നു. ഇടതുപക്ഷ സർക്കാരിന്റെ കാലത്ത് അത്തരമൊരു വി.സി. ആയി ഒരാളെയും നിയമിച്ചിട്ടില്ല. ഡോ. അബ്ദുൽ സലാമിനെപ്പോലെയും ഡോ. കെ. എസ്. രാധാകൃഷ്ണനെപ്പോലെയും ഏതെങ്കിലുമൊരു വ്യക്തിയെ നിങ്ങൾക്ക് ചൂണ്ടിക്കാണിക്കാൻ കഴിയുമോ?

എന്റെ സുഹൃത്ത് ബഹുമാന്യനായ അംഗം ശ്രീ. ടി. വി. ഇബ്രാഹിം എന്നെ പരാമർശിക്കുന്ന ചില കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചു. നിയമസഭയുടെ പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ കാശ്മീർ വിസിറ്റുമായി ബന്ധപ്പെട്ട് ഞാൻ ഒരു യാത്രാക്കുറിപ്പ് എഴുതിയിരുന്നു. അതിൽ നടത്തിയ ഒരു പരാമർശം ഉയർത്തിക്കാണിച്ച് എന്നെ രാജ്യദ്രോഹിയാക്കാനാണ് ചിലർ ശ്രമിച്ചത്. അതുമായി ബന്ധപ്പെട്ട് കേരള ഹൈക്കോടതിയിലെ അറിയപ്പെടുന്ന അഭിഭാഷകൻ അഡ്വ. റ്റി. കൃഷ്ണനുണ്ണി കഴിഞ്ഞ ആഗസ്റ്റ് 14-ന് ഉച്ചയ്ക്കുശേഷം 2:16-ന് തന്റെ മുഖപുസ്തകത്തിലെഴുതിയ പോസ്റ്റ് സഭയുടെ ശ്രദ്ധയിലേയ്ക്കായി ഞാൻ ഇവിടെ വായിക്കുകയാണ്. ഇത് എന്റെ വാക്കുകളല്ല എന്ന് പ്രത്യേകം ഉണർത്തുന്നു. പ്രഗത്ഭ അഭിഭാഷകൻ A. G. Noorani കാശ്മീർ തർക്കത്തെക്കുറിച്ച് എഴുതിയ

പുസ്തകമാണ് 'The Kashmir Dispute 1947-2012' - രണ്ട് വാല്യങ്ങൾ, ധാരാളം പേജുകൾ, ഒരുപാട് രേഖകൾ, പ്രമാണങ്ങൾ, ലേഖനങ്ങൾ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പഠനം രണ്ടാഴ്ചയായി വായിച്ചുകൊണ്ടിരിക്കുകയാണ്. മാതൃഭൂമി പത്രത്തിൽ ഇന്ന് രാവിലെ പ്രതിപക്ഷനേതാവിന്റെ പ്രസ്താവന ഞാൻ വായിച്ചു. പാക് അധിനിവേശ കാശ്മീരിനെ ആസാദ് കാശ്മീരെന്ന് വിശേഷിപ്പിച്ചത്, ഇതുവരെയൊരു ഇന്ത്യക്കാരനും ഉപയോഗിച്ചിട്ടില്ലാത്ത പരാമർശമാണെന്നും അത് ദേശതാല്പര്യവിരുദ്ധമാണെന്നും അദ്ദേഹം പറയുന്നു. ശ്രീ. ചെറിയാൻ ഫിലിപ്പ് 'The Kashmir Dispute 1947-2012 കോൺഗ്രസ്-ബി.ജെ.പി. നേതാക്കൾ ഈ പ്രസ്താവന രാജ്യദ്രോഹമാണെന്നാണ് അഭിപ്രായപ്പെട്ടത്. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഉൾപ്പെടെയുള്ളവർ പാകിസ്ഥാൻ അധിനിവേശ കാശ്മീരിനെ ആസാദ് കാശ്മീരെന്ന് വിശേഷിപ്പിച്ചിട്ടുണ്ട്. A. G. Noorani-യുടെ പുസ്തകത്തിൽ 176, 180 പേജുകളിൽ 1952 ആഗസ്റ്റ് 25-ന് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഷേക്ക് അബ്ദുള്ളയ്ക്ക് കൈമാറിയ ഒരു കുറിപ്പ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. Selected Works of Jawaharlal Nehru, Second Series, Volume 23-ൽ നിന്ന് ഉദ്ധരിച്ചതാണ് ആ ഭാഗം. ആ കുറിപ്പിന്റെ ഖണ്ഡിക 24-ൽ നിന്ന് ഒരു വാചകം ഞാൻ വായിക്കാം. '….. that we should consolidate our position in these areas and not care very much for what happens in 'Azad Kashmir' areas…..'. ഇവിടെ പണ്ഡിറ്റ്ജി 'ആസാദ് കാശ്മീർ' എന്ന പദം സിംഗിൾ ഇൻവെർട്ടഡ് കോമയ്ക്കുള്ളിലാണ് ചേർത്തിരിക്കുന്നത്. അതേ പുസ്തകത്തിൽ 210, 214-ാം നമ്പർ പേജുകളിൽ Opinion 1964 മേയ് 12-ന് പ്രസിദ്ധീകരിച്ച ഒരു ലേഖനം ചേർത്തിട്ടുണ്ട്. അതിൽ ഒരിടത്ത് അവർ പറയുന്നു.... One can think of a particular form of independent Kashmir which will not affect our security interests. It lies in making the Valley and Azad Kashmir territory as a whole, in the precise manner indicated here..… ഇവിടെ ആസാദ് കാശ്മീർ ഇൻവെർട്ടഡ് കോമയില്ലാതെയാണ് ഉപയോഗിച്ചിട്ടുള്ളത്. അതേ പുസ്തകത്തിൽ 214, 218-ാം നമ്പർ പേജുകളിൽ ജയപ്രകാശ് നാരായണന്റെ സഹായിയായ കെ. രാധാകൃഷ്ണൻ ഗാന്ധി പീസ് ഫൗണ്ടേഷനുവേണ്ടി 1965 ഒക്ടോബർ 6, 7 തീയതികളിൽ ഷേക്ക് അബ്ദുള്ളയെ സന്ദർശിച്ച റിപ്പോർട്ടിൽ പലയിടത്തും ആസാദ് കാശ്മീർ എന്നാണ് പാക് അധിനിവേശ പ്രദേശത്തെ വിശേഷിപ്പിച്ചിട്ടുള്ളത്. കാശ്മീരിനെക്കുറിച്ച് ഡോ. കരൺസിംഗും ഇന്ദിരാഗാന്ധിയുമായി നടന്ന കത്തിടപാടുകളുടെ സംഗ്രഹം പെൻഗ്വിൻ ബുക്സ് 'Kashmir & Beyond 1966-84' എന്ന പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആ പുസ്തകത്തിൽ 22-ാം പേജിൽ 12-10-1966-ന് കരൺസിംഗ് ഇന്ദിരാഗാന്ധിക്കയച്ച കത്തിലെ ഒരു ഭാഗം, …This is obviously being undertaken by some Azad Kashmir leaders under instructions from

Pakistan... ആ പുസ്തകത്തിൽ 79-ാം പേജിൽ യു.എൻ. മീഡിയേറ്ററായിരുന്ന ആസ്ട്രേലിയൻ ചീഫ് ജസ്റ്റിസ് ഓവൻ ഡിക്സന്റെ തർക്കപരിഹാര ഫോർമുലയെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. അവിടേയും പാക് അധിനിവേശ കാശ്മീരിനെ ആസാദ് കാശ്മീർ എന്നാണ് വിശേഷിപ്പിക്കുന്നത്. കാശ്മീരിൽ പാക് അധിനിവേശത്തിലുള്ള പ്രദേശത്തെ പൊതുവായി പലരും അങ്ങനെ വിശേഷിപ്പിക്കുന്നു.' ഇതാണ് അഡ്വ. റ്റി. കൃഷ്ണനുണ്ണി തന്റെ ഫെയ്സ് ബുക്ക് പോസ്റ്റിൽ പങ്കുവച്ചിട്ടുള്ള വരികൾ. വർത്തമാന ഇന്ത്യയിൽ എന്ത് പറയുന്നുവെന്നതല്ല, ആര് പറയുന്നുവെന്നാണ് നോക്കുന്നത്. പലരുടെയും ജല്പനങ്ങൾ കേട്ട് എനിക്കെതിരെ കുരുക്ക് മുറുക്കാൻ നോക്കി നിരാശരായവരാണ് ഇപ്പോൾ രാജ്യദ്രോഹിയാക്കി ശൂക്കിലേറ്റാൻ ഇറങ്ങിത്തിരിച്ചിരിക്കുന്നത്. ചിലർ എനിക്ക് പാകിസ്ഥാനിലേയ്ക്ക് ടിക്കറ്റ് വരെ എടുത്തുവച്ചിട്ടുണ്ട്. ഈ സഭയിലെ ചില അംഗങ്ങളും അതിന് ചൂട്ടുപിടിക്കുന്നുവെന്നത് വേദനാജനകമാണ്. എന്റെ കുറിപ്പിൽ ഒരിടത്തും 'ഇന്ത്യൻ അധിനിവേശ' എന്ന പദം ഞാനുപയോഗിച്ചിട്ടില്ല. വിവാദ പരാമർശങ്ങൾ ഞാൻ പിൻവലിച്ചു. കാരണം, നാട്ടിൽ അതുകൊണ്ട് ഒരു വർഗ്ഗീയ ധ്രുവീകരണമോ കുഴപ്പമോ ഉണ്ടാകാൻ പാടില്ലെന്ന ഉത്തമബോധ്യത്തിന്റെ അടിസ്ഥാനത്തിലാണ്. എന്നിട്ടും എന്നെ വിടാൻ തൽപ്പരകക്ഷികൾ തയ്യാറല്ല. ഈ രാജ്യത്തിനുവേണ്ടി അതിർത്തിയിൽ പൊരുതിയ എന്റെ ഉമ്മയുടെ പിതാവ് പാറയിൽ മുഹമ്മദിനെ ഇത്തരുണത്തിൽ ഞാൻ ഓർക്കുന്നു. മിലിട്ടറിയിൽനിന്ന് റിട്ടയർചെയ്ത അദ്ദേഹത്തെ ഇന്ത്യ-പാക് യുദ്ധകാലത്ത് വീണ്ടും തിരിച്ചുവിളിച്ചു. അന്ന് പോയ അദ്ദേഹം പട്ടാള ക്യാമ്പിൽ റിപ്പോർട്ട് ചെയ്തു. സേവനത്തിനായി എങ്ങോട്ടോ നിയോഗിക്കപ്പെട്ടു. പിന്നീട് ഒരിക്കലും തിരിച്ചുവന്നിട്ടില്ല. ജീവിച്ചോ മരിച്ചോയെന്ന് അറിയാത്ത കാലത്താണ് എന്റെ ഉമ്മയുടെ വിവാഹം നടന്നതെന്ന് ഉമ്മ പറഞ്ഞ് ഞാൻ കേട്ടിട്ടുണ്ട്. ആ രാജ്യസേവകന്റെ മകളുടെ മകനാണ് ഈ വിനീതൻ. എന്റെ പിതാവിന്റെ ഉപ്പ 1921-ലെ ബ്രിട്ടീഷ് വിരുദ്ധ സമരത്തിൽ പങ്കെടുത്ത് കാട്ടിപ്പരുത്തി പോലീസ് സ്റ്റേഷൻ ആക്രമിച്ച കേസിൽ പ്രതിയായി പിടിക്കപ്പെട്ട് 12 കൊല്ലമാണ് ബെല്ലാരി ജയിലിൽ അടയ്ക്കപ്പെട്ടത്. അത്തരമൊരു കുടുംബ പശ്ചാത്തലത്തിൽനിന്ന് വരുന്ന എന്നെ രാജ്യദ്രോഹിയാക്കി ചാപ്പകുത്താൻ നിൽക്കുന്നവരോട് എനിക്ക് പരിഭവമില്ല. ഇന്ത്യയുടെ മുൻ വൈസ് പ്രസിഡന്റായ ശ്രീ. ഹമീദ് അൻസാരിയെ ബി.ജെ.പി. നേതാക്കൾ ചാനൽ ചർച്ചയിൽവന്ന് സാധാരണ വിശേഷിപ്പിക്കാറുള്ളത് പാക്ചാരൻ എന്നാണ്. Mahboob e Millath Ebrahim Sulaiman Sait Sahib-നെ ഇത്തരം മേലങ്കികൾ ചാർത്തി അപമാനിച്ചിട്ടുണ്ട്. രാഷ്ട്രീയ വിമർശനങ്ങൾ ആകാം, രാജ്യദ്രോഹത്തിന്റെ തീക്കൊള്ളിയെടുത്ത് മറ്റുള്ളവരുടെ തലയ്ക്ക് തീകൊളുത്താൻ ശ്രമിക്കരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. റോജി എം. ജോൺ: സർ, ബില്ലിലില്ലാത്ത കാര്യങ്ങളാണ് അംഗം പറയുന്നത്.

മി. സ്പീക്കർ: നേരത്തെ ശ്രീ. ടി. വി. ഇബ്രാഹിം സംസാരിച്ച സമയത്തും ബെല്ലടിച്ചപ്പോൾ കൺക്ലൂഡ് ചെയ്യാൻ അവസരം തരണമെന്ന് പറഞ്ഞശേഷമാണ് അദ്ദേഹം ഈ പ്രശ്നമെടുത്തിട്ടത്. അദ്ദേഹത്തിന്റെ പേര് പരാമർശിച്ച് പറഞ്ഞാൽ മറുപടി പറയാനുള്ള അവസരം കൊടുക്കേണ്ടി വരും.

ശ്രീ. റോജി എം. ജോൺ: സർ, അദ്ദേഹത്തിന് അധികസമയം നൽകിയിട്ടുണ്ട്.

മി. സ്പീക്കർ: അങ്ങനെ തർക്കമുണ്ടാക്കാതെ നിങ്ങൾ ഇരിക്കൂ. അദ്ദേഹത്തിന് സമയം കൊടുത്തത് ഞാൻ എഴുതിവച്ചിട്ടുണ്ട്. അങ്ങല്ല ചെയറിലിരിക്കുന്നത്. അങ്ങ് പതിവായി ചെയറിനെതിരായി ദുരാരോപണങ്ങൾ ഉന്നയിക്കുന്ന മനോഭാവം തിരുത്തണം. ഇവിടെ മറ്റംഗങ്ങളുമുണ്ടല്ലോ;

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷം ഇവിടെ ആരോപിക്കുന്നതുപോലെ ചാൻസലറുടെ അധികാരങ്ങൾ എടുത്തുമാറ്റുന്ന യാതൊരു നിർദ്ദേശങ്ങളും ഈ ബില്ലിലില്ല. ചാൻസലർ തന്നെയാണ് സെർച്ച് കമ്മിറ്റിയെ നിയമിക്കുന്നത്. സെർച്ച് കമ്മിറ്റി മുന്നോട്ടുവയ്ക്കുന്ന പാനലിൽനിന്ന് വൈസ് ചാൻസലറെ നിയമിക്കുന്നതും ചാൻസലർ തന്നെയാണ്. ബഹുമാനപ്പെട്ട അംഗം ശ്രീ. ടി. വി. ഇബ്രാഹിം ഉയർത്തിയ ചില കാര്യങ്ങളോട് പ്രതികരിക്കാൻ ഞാൻ അല്പസമയമെടുക്കുകയാണ്. അദ്ധ്യാപക നിയമനം ഇരുമ്പുമറയ്ക്കകത്താണെന്ന് അദ്ദേഹം ഇവിടെ പറയുകയുണ്ടായി. ആർക്കും പരിശോധിക്കാവുന്ന വിധത്തിൽ അതെല്ലാം സുതാര്യമാണ്. പത്രമാധ്യമങ്ങളിലൂടെ പരസ്യം ചെയ്തിട്ടാണ് അപേക്ഷകൾ ക്ഷണിക്കുന്നത്. വിവരാവകാശ നിയമപ്രകാരവും അല്ലാതെയും ഇതുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ലഭിക്കുന്നതാണ്. ഇവിടെ ഭിന്നശേഷി നിയമനം നടന്നിട്ടില്ലെന്ന് അദ്ദേഹം പറയുകയുണ്ടായി. എം.ജി. യൂണിവേഴ്സിറ്റിയുടെ ഇംഗ്ലീഷ് ഡിപ്പാർട്ടുമെന്റിൽ പൂർണ്ണമായും കാഴ്ച പരിമിതിയുള്ള ഒരു വ്യക്തി അസോസിയേറ്റ് പ്രൊഫസറായി നിയമിതനായിരിക്കുകയാണ്. അദ്ദേഹത്തിന്റെ പേര് ഡോ. പി. രോഷിൻ, തിരൂർ നിവാസിയാണ്. മലപ്പുറം ജില്ലയിലെ വ്യക്തിയായതിനാൽ ബഹുമാനപ്പെട്ട മെമ്പർക്ക് പരിചയമുണ്ടാകും. അതുപോലെ കാലിക്കറ്റ് സർവ്വകലാശാലയുടെ അരനൂറ്റാണ്ടിലേറെ നീളുന്ന ചരിത്രത്തിൽ ആദ്യമായി മാനേജ്മെന്റ് വിഭാഗത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽനിന്നുള്ള ശ്രീ. ഹരികുമാർ സി. അസിസ്റ്റന്റ് പ്രൊഫസറായി നിയമിക്കപ്പെട്ടിരിക്കുകയാണ്.

കോഴിക്കോട് സർവ്വകലാശാലയിൽ മാത്രമല്ല, സർവ്വകലാശാലകളുടെ ചരിത്രത്തിൽ ആദ്യമായിട്ടാണ് ഇത്തരമൊരു നിയമനം നടന്നിട്ടുള്ളത്. സാമൂഹ്യനീതിയുടെ ലംഘനമെന്ന നിലയ്ക്ക് വൈസ് ചാൻസലർമാരില്ലെന്ന കാര്യം അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. ഇപ്പോൾ രൂപീകരിക്കപ്പെട്ടിട്ടുള്ള ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലർ ഡോ. പി. എം. മുബാറക് പാഷ ഏത് സാമൂഹ്യ വിഭാഗത്തിലുള്ളതാണെന്ന് ഞാൻ വിശദീകരിക്കുന്നില്ല. കാലിക്കറ്റ്/കണ്ണൂർ സർവ്വകലാശാലകളിലെ പ്രോ വൈസ് ചാൻസലർമാരായ ഡോ. സാബു ഹമീദ്, ഡോ. നാസർ ഇവരൊക്കെ ഏത് വിഭാഗത്തിലുള്ളതാണെന്ന് പ്രത്യേകം പറയേണ്ടതില്ല. അതുപോലെ, കെ.ടി.യു.-വിൽ വനിതാ വൈസ് ചാൻസലറാണ്. ജെന്റർ ജസ്റ്റിസിനെക്കുറിച്ചും ഇവിടെ സൂചിപ്പിച്ചു. വൈസ് ചാൻസലർമാരെ നിയോഗിക്കുന്നത് ഇതൊന്നും അടിസ്ഥാനപ്പെടുത്തിയല്ല. അതിന്റെ കണക്കുപ്രകാരമല്ല ലിംഗനീതിയും സാമൂഹ്യനീതിയും വിലയിരുത്തപ്പെടേണ്ടതെന്നുള്ളത് വേറെ കാര്യം. എങ്കിലും അതിന് മറുപടി പറഞ്ഞ് പോകുകയാണ്.

5.00 PM]

കോപ്പിയടിയെ സംബന്ധിച്ച് ഇവിടെ വിശദീകരിക്കുകയുണ്ടായി. കോപ്പിയടിച്ച് ഡീബാർ ചെയ്യപ്പെട്ടവരെ ഈ സഭയിലേയ്ക്കുപോലും പറഞ്ഞയയ്ക്കാൻ തയ്യാറാകുന്ന നിങ്ങളെക്കുറിച്ച് എന്ത് പറയാനാണ്? ഇതൊന്നും ഇരുമ്പുമറയ്ക്കുള്ളിലല്ല. എന്നെ ഏറെ അതിശയിപ്പിച്ച ഒരു കാര്യമുണ്ട്. കാലിക്കറ്റ് സർവ്വകലാശാലയിൽ ഡിസന്റ് രേഖപ്പെടുത്താൻ സിൻഡിക്കേറ്റ് അംഗത്തിന് അനുവാദമില്ലെന്ന അങ്ങേയറ്റത്തെ മണ്ടത്തരം അദ്ദേഹം പറയുന്നത് കേട്ട് ഞാൻ അന്തംവിട്ടിരിക്കുകയാണ്. ഒരുകാര്യം അദ്ദേഹത്തെ ഓർമ്മിപ്പിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. ബഹുമാനപ്പെട്ട എം. അബ്ദുൽ സലാം കാലിക്കറ്റ് സർവ്വകലാശാലയുടെ വൈസ് ചാൻസലറായിരിക്കുമ്പോൾ ആ സെനറ്റിൽ മെമ്പറായിരിക്കാൻ എനിക്ക് ദൗർഭാഗ്യമുണ്ടായിട്ടുണ്ട്. കരിമ്പൂച്ചകളെ കാവൽ നിർത്തിക്കൊണ്ടാണ് അവിടെ അന്ന് ആ വൈസ് ചാൻസലർ കാര്യങ്ങൾ നടത്തിയെടുത്തിരുന്നതെന്നത് അറിയുമെന്ന് ഞാൻ വിചാരിക്കുന്നു. കാലിക്കറ്റ് സർവ്വകലാശാലയുടെ ചരിത്രത്തിലാദ്യമായി, സർവ്വകലാശാലകളുടെ ചരിത്രത്തിലാദ്യമായി, ആ സെനറ്റ് ഹാളിൽ കരിമ്പൂച്ചകൾ നിരന്നുനിന്നിരുന്നത് ഓർമ്മയുണ്ടാകുമെന്ന് കരുതുകയാണ്. അത്തരം ദുരാരോപണങ്ങളൊക്കെ തള്ളിക്കളയുകയാണ്. അതൊന്നും കേട്ടുനിൽക്കാൻ സമയമില്ല. കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖല വലിയ മാറ്റങ്ങളിലേയ്ക്കും മുന്നേറ്റങ്ങളിലേയ്ക്കും നീങ്ങിക്കൊണ്ടിരിക്കുകയാണ്. ആഗോളസമൂഹത്തിന് ആനുപാതികമായ നിലയിലുള്ള

വിദ്യാഭ്യാസ സാഹചര്യങ്ങൾ കേരളത്തിലുണ്ടാക്കണമെന്ന ദൃഢനിശ്ചയത്തോടുകൂടിത്തന്നെയാണ് സർക്കാർ പ്രവർത്തിച്ചുവരുന്നതെന്ന് നേരത്തെ പറഞ്ഞതല്ലേ ; കുട്ടികൾക്ക് ഉത്തരാധുനിക ലോകം മുന്നോട്ടുവയ്ക്കുന്ന എല്ലാ വെല്ലുവിളികളും ആത്മവിശ്വാസത്തോടെ ഏറ്റെടുക്കാൻ കഴിയേണ്ടതുണ്ട്. കേരളത്തെ ഒരു വിജ്ഞാന സമൂഹമാക്കി മാറ്റിയെടുക്കുന്നതുമായി ബന്ധപ്പെട്ടുകൊണ്ടുതന്നെയാണ് paradigm shift ഉന്നത വിദ്യാഭ്യാസ മേഖലയിൽ സൃഷ്ടിക്കണമെന്ന് കരുതുന്നത്. രാജ്യങ്ങളുടെ സാമ്പത്തിക-സാംസ്കാരിക ഘടനകൾ തമ്മിലുള്ള അതിർത്തിരേഖകൾ മാഞ്ഞുപോകുകയാണ്. അതിനനുസൃതമായ സമ്പ്രദായങ്ങൾ ഉന്നത വിദ്യാഭ്യാസ മേഖലയിലും അടിയന്തരമായി കൊണ്ടുവരേണ്ടതുണ്ടെന്ന രീതിയിലുള്ള ചർച്ചകൾ ഇവിടെ കേൾക്കുകയുണ്ടായി. അത്തരത്തിലുള്ള ഒരു കാഴ്ചപ്പാട് ഏറ്റെടുത്തുകൊണ്ട് അതിനനുസൃതമായ രീതിയിൽ ഉന്നത വിദ്യാഭ്യാസ മേഖലയെ ഒരുക്കിക്കൊണ്ടിരിക്കുകയാണ്. അതിൽ പങ്കുചേരുന്നതിനുപകരം അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ട് ആ മുന്നേറ്റത്തെ തുരങ്കംവയ്ക്കാൻ ശ്രമിക്കുന്ന പരിപാടികൾ അവസാനിപ്പിക്കണമെന്നാണ് എനിക്ക് സവിനയം അഭ്യർത്ഥിക്കാനുള്ളത്. നമ്മൾ ഇരുകൂട്ടരുംചേർന്ന് ഏറ്റെടുക്കേണ്ട ഒരു കാര്യമാണത്. ഇപ്പോൾ സമൂഹം ആവശ്യപ്പെടുന്ന കാര്യങ്ങൾ ഏറ്റെടുക്കാൻ കഴിയുന്ന വിധത്തിൽ വിദ്യാഭ്യാസസ്ഥാപനങ്ങളെ സജ്ജമാക്കിക്കൊണ്ടിരിക്കുകയാണ്. കേരളത്തിന്റെ സമ്പദ്ഘടനയുടെ വിപുലീകരണത്തിനും കേരളീയ സമൂഹത്തിന്റെ പുരോഗമനപരമായ മുന്നോട്ടുപോക്കിനുമൊക്കെ സർവ്വകലാശാലകളെയും കോളേജുകളെയും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെയും പ്രയോജനപ്പെടുത്തുകയെന്ന രീതിയിലാണ് മുന്നോട്ടുപോകുന്നത്. അതുകൊണ്ടുതന്നെ experiential learning-ന് പ്രാധാന്യം കൊടുത്തുകൊണ്ട് സംരംഭകത്വ അന്തരീക്ഷം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലുണ്ടാക്കണമെന്നാണ് കരുതുന്നത്. ഇന്നൊവേഷൻ ഇക്കോസിസ്റ്റം അതത് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉയർത്തിക്കൊണ്ടുവന്ന് 'Earn While You Learn' എന്ന പദ്ധതി നടപ്പാക്കി കുട്ടികളെ പുതിയ സമ്പ്രദായത്തിലേയ്ക്ക് കൊണ്ടുപേകുന്നതിനുള്ള ശ്രമമാണ് നടക്കുന്നത്. തൊഴിലും വിദ്യാഭ്യാസവും തമ്മിലുള്ള വിടവ് നികത്തുന്നതിനും അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണുന്നതിനും ആവശ്യമായ പരിശ്രമങ്ങൾ നടന്നുവരികയാണ്. മാതൃഭൂമിയുടെ വാർത്താശകലത്തിലേയ്ക്ക് നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. അതിൽ നമ്മുടെ സംസ്ഥാനത്തിന്റെ, ഒരുപക്ഷെ ഇന്ത്യയുടെതന്നെ ചരിത്രത്തിലാദ്യമായി കഴിഞ്ഞ വർഷം 20 ലക്ഷം രൂപ കുട്ടികൾക്ക് അവർ ചെയ്ത ചെറിയ ജോലികൾക്ക് പ്രതിഫലം നൽകാൻ സാധിച്ചു എന്നാണ് പറഞ്ഞിരിക്കുന്നത്. തൊഴിലും വിദ്യാഭ്യാസവും തമ്മിലുള്ള ബന്ധം വർദ്ധിപ്പിക്കുന്നതിന് 103 സ്കിൽ കോഴ്സുകളാണ് അസാപ് മുഖാന്തരം

നൽകിവരുന്നത്. അത് അവരുടെ അഭിരുചി എന്തെന്ന് കൃത്യമായി തിരിച്ചറിഞ്ഞുകൊണ്ട്, അതിനനുസരിച്ചുള്ള വൈദഗ്ദ്ധ്യം ആർജ്ജിച്ചെടുക്കാനും അവരുടെ സംരംഭകത്വ താൽപ്പര്യങ്ങളെ പ്രോത്സാഹിപ്പിക്കാനും വേണ്ടിയാണ്. അപ്പോൾ സ്വയംതൊഴിൽ സൃഷ്ടിക്കുകയും സഹപാഠികൾക്കും സമപ്രായക്കാർക്കും തൊഴിൽ സൃഷ്ടിക്കുകയും ചെയ്യുന്ന തൊഴിൽ ദാതാക്കളായും തൊഴിൽ സൃഷ്ടാക്കളായും അവർ മാറും. അതിനൊക്കെയുള്ള പരിശ്രമങ്ങളാണ് ഉന്നത വിദ്യാഭ്യാസ മേഖലയിൽ നടക്കുന്നത്. ഇത്തരം paradigm shift -ന് നേതൃത്വം നൽകാൻ സാധിക്കുന്നവരെയാണ് വൈസ് ചാൻസലർമാരായി നിയോഗിക്കാൻ സാധിക്കുക. അതിനനുസൃതമായ നേതൃത്വം സർവ്വകലാശാലകൾക്കുണ്ടാകണമെന്ന് കരുതിക്കൊണ്ടാണ് ഇത്തരത്തിലുള്ള ഒരു ബിൽ അവതരിപ്പിക്കുന്നത്. സർക്കാരിന്റെ ഇക്കാര്യത്തിലെ നയപരമായ നിലപാടുകൾ, അതിന്റെ നിർവ്വഹണത്തിൽ നേതൃത്വംവഹിക്കുന്ന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ കാഴ്ചപ്പാടുകൾ, ഇതൊക്കെ സർവ്വകലാശാലകളുടെ നേതൃത്വത്തെ സംബന്ധിച്ച് വളരെ പ്രധാനപ്പെട്ടതാണ്. അതിന്റെ അടിസ്ഥാനത്തിലാണ് സർവ്വകലാശാലാ നിയമത്തിൽ ഭേദഗതികൊണ്ടുവന്നിട്ടുള്ളത്. ചാൻസലർ നിയമിക്കുന്ന അഞ്ചംഗങ്ങൾ അടങ്ങുന്നതാണ് സെർച്ച്-കം-സെലക്ഷൻ കമ്മിറ്റി. അക്കാദമിക് ഗുണനിലവാരത്തിൽ ഒരു വിട്ടുവീഴ്ചയുമില്ല. കമ്മിറ്റി അംഗങ്ങൾ ഉന്നത വിദ്യാഭ്യാസ രംഗത്തെ പ്രഗത്ഭരാകണമെന്നാണ് വ്യവസ്ഥ ചെയ്യുന്നത്. സർവ്വകലാശാലകളുമായോ അതിന്റെ കോളേജുകളുമായോ യാതൊരുവിധത്തിലും ബന്ധപ്പെട്ടവരാകരുതെന്നും വ്യവസ്ഥയുണ്ട്. ചാൻസലർതന്നെയാണ് നിയമന അതോറിറ്റി. ചാൻസലറുടെ ഒരധികാരവും സർക്കാർ കവരുന്നില്ല. സെലക്ഷൻ കമ്മിറ്റി അംഗങ്ങളെ നിയമിക്കുന്നതും സെലക്ഷൻ കമ്മിറ്റി നിർദ്ദേശിക്കുന്ന മൂന്ന് പേരടങ്ങുന്ന പാനലിൽനിന്നും ഒരാളെ നിയമിക്കുന്നതും ചാൻസലറാണ്. ഭരണഘടനാ സ്ഥാപനങ്ങളുടെ ബഹുമാന്യതയെ എക്കാലത്തും ഉയർത്തിപ്പിടിക്കുന്ന പാരമ്പര്യമുള്ള ഇടതുപക്ഷമാണ് ഈ സർക്കാരിനെ നയിക്കുന്നത്. അതുകൊണ്ട് ഒരു ആശയക്കുഴപ്പവും ആരും സൃഷ്ടിക്കേണ്ടെന്നാണ് വിനയപൂർവ്വം അഭ്യർത്ഥിക്കാനുള്ളത്. യു.ഡി.എഫ്. നിയോഗിച്ച വൈസ് ചാൻസലർമാരുടെ ഇപ്പോഴത്തെ സ്ഥിതിയെക്കുറിച്ച് ബഹുമാന്യനായ അംഗം ഡോ. കെ. ടി. ജലീൽ ഇവിടെ പറഞ്ഞല്ലോ. ഡോ. എം. അബ്ദുൽ സലാമിനെ വൈസ് ചാൻസലറാക്കി, ബി.ജെ.പി.-യിലേയ്ക്ക് പോയി. ശ്രീ. കെ. എസ്. രാധാകൃഷ്ണനെ വൈസ് ചാൻസലറാക്കി ബി.ജെ.പി.-യിലേയ്ക്ക് പോയി. ബി.ജെ.പി.-യിലേയ്ക്ക് പോയത് കുറ്റമാണോയെന്നതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. നിങ്ങൾക്കേവർക്കും അറിയാം, ബി.ജെ.പി.-യിലേയ്ക്ക് പോകാനുള്ള സർട്ടിഫിക്കറ്റ് നൽകാനാണ് വൈസ് ചാൻസലർ പദവിയിൽ അവരെ ഇരുത്തുന്നത്. അതുപോലെ

കോൺഗ്രസിന്റെ ഡി.സി.സി.-യുടെ സെക്രട്ടറിയെ വൈസ് ചാൻസലറായി അവരോധിച്ച ആളുകളല്ലേ ഈ പറയുന്നത്. അങ്ങനെ ഇടതുപക്ഷം എപ്പോഴെങ്കിലും ചെയ്തിട്ടുണ്ടോ? ഈ സർക്കാർ ഊന്നൽ നൽകുന്നത് ഉന്നത വിദ്യാഭ്യാസ മേഖലയിലാണെന്ന് നേരത്തെ പ്രഖ്യാപിച്ചിട്ടുണ്ട്.

ശ്രീ. ടി. സിദ്ദിഖ്: സർ, പോയിന്റ് ഓഫ് ഓർഡർ. ചട്ടം 307. സഭയിൽ ഇല്ലാത്ത ഒരാളെ സംബന്ധിച്ച് അവാസ്തവമായ സ്റ്റേറ്റുമെന്റാണ് നടത്തിയിട്ടുള്ളത്.

മി. സ്പീക്കർ: ആരുടെയും പേര് പരാമർശിച്ചിട്ടില്ല.

ഡോ. ആർ. ബിന്ദു: സർ, ഈ സർക്കാരിനെ സംബന്ധിച്ചിടത്തോളം വാണിജ്യ താൽപ്പര്യങ്ങൾ കടന്നുകൂടാത്തതും സ്ഥാപിത താൽപ്പര്യങ്ങൾക്ക് വിധേയമാകാത്തതുമായ നവവൈജ്ഞാനിക സമൂഹമാണ് ലക്ഷ്യംവയ്ക്കുന്നത്. കേരളത്തിന്റെ വികസന വഴികൾക്ക് ഉന്നത വിദ്യാഭ്യാസരംഗത്തെ ഇടപെടലിലൂടെ തിളങ്ങുന്ന ഒരു അദ്ധ്യായം കാഴ്ചവയ്ക്കാനാണ് കേരള സർക്കാർ പരിശ്രമിക്കുന്നത്. തൊഴിലും വിദ്യാഭ്യാസവും തമ്മിലുള്ള വിടവ് നികത്താനും അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മയെന്ന പ്രശ്നത്തിന് പരിഹാരം കാണാനുമാണ് ഉന്നത വിദ്യാഭ്യാസരംഗത്ത് പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. അത് മെല്ലെ ലക്ഷ്യത്തിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ കലാലയങ്ങളെ ഇന്നൊവേഷൻ സ്റ്റാർട്ടപ്പ് അന്തരീക്ഷ സൃഷ്ടിയിലൂടെ മുന്നോട്ടുകൊണ്ടുപോകുക തന്നെചെയ്യും. ക്യാമ്പസുകളിലെ വൈദഗ്ദ്ധ്യ പോഷണവുമായി ബന്ധപ്പെട്ട് പ്രത്യേക പരിപാടികൾ നടത്തുകയാണ്. തൊഴിൽ അന്വേഷകരെയും തൊഴിൽ ദാതാക്കളെയും വൈദഗ്ദ്ധ്യ പോഷണത്തിൽ ഏർപ്പെട്ടിട്ടുള്ള ഏജൻസികളെയും പരസ്പരം ബന്ധിപ്പിക്കുന്ന DWMS (Digital Workforce Management System) സംവിധാനത്തിന് തുടക്കം കുറിച്ചുകഴിഞ്ഞു. ആഗോളതലത്തിൽ പ്രവർത്തിക്കുന്ന തൊഴിൽ ദായകരെ പരിചയപ്പെടാൻ വിദ്യാർത്ഥികൾക്ക് അവസരം ലഭിക്കുകയാണ്. അവർക്ക് അഭിമുഖങ്ങളെ അഭിമുഖീകരിക്കാനുള്ള ഗ്രൂമിംഗ് സെക്ഷനുകളും ഫിനിഷിംഗ് പ്രോസസ്സും അതിനുള്ള ട്രെയിനിംഗും നൽകുകയാണ്. വ്യക്തിത്വ വികസനത്തിനും കമ്മ്യൂണിക്കേഷൻ സ്കിൽ വർദ്ധിപ്പിക്കാനും ഇംഗ്ലീഷ് ഭാഷാശേഷി വർദ്ധിപ്പിക്കാനുമൊക്കെ ഈ കോഴ്സുകളിലൂടെ അവസരം ലഭിക്കുകയാണ്. ഉത്തരാധുനിക ലോകം മുന്നോട്ടുവയ്ക്കുന്ന പ്രശ്നങ്ങളെ അഭിമുഖീകരിക്കാൻ അവരെ സജ്ജരാക്കിക്കൊണ്ടിരിക്കുകയാണ്. അതിലേയ്ക്ക് കൈകോർത്തുപിടിക്കുകയെന്നുള്ളതാണ് ബഹുമാനപ്പെട്ട പ്രതിപക്ഷം ചെയ്യേണ്ടത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ ദിവസം 'Connect Career to Campus' എന്ന പരിപാടി ഉദ്ഘാടനം ചെയ്യുകയുണ്ടായി. അതുപോലെ പോളിടെക്നിക്കുകളിൽ 'Industry on Campus' എന്ന പദ്ധതി വളരെ വിജയകരമായി മുന്നോട്ടുപോകുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ കണ്ടെത്തിയ തൊഴിലില്ലാത്ത മുഴുവൻ ആളുകൾക്കും തൊഴിൽ

ലഭ്യമാക്കാൻ സാധിക്കുന്ന വിധത്തിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ കേന്ദ്രീകരിച്ചുകൊണ്ട് പ്രവർത്തനങ്ങൾ മുന്നോട്ടുപോകുകയാണ്. ഇപ്പോൾ മൂന്ന് പരിഷ്കരണ കമ്മീഷനുകൾ നിർദ്ദേശിച്ചിട്ടുള്ള എല്ലാ നിർദ്ദേശങ്ങളും നടപ്പിലാക്കുകയാണ്. അതിന് കഴിയുന്നവിധത്തിൽ കരിക്കുലം റീ-ഡിസൈനിംഗിലേയ്ക്ക് കടന്നുചെല്ലാൻ പോകുകയാണ്. അതിനനുസൃതമായ രീതിയിൽ സിലബസ്സുകൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് സർവ്വകലാശാലകൾക്ക് പ്രത്യേക പരിശീലനം നൽകുകയാണ്, വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. സർവ്വകലാശാലകളും ഉന്നതവിദ്യാകേന്ദ്രങ്ങളും സമൂലവും സമ്പൂർണ്ണവുമായ മാറ്റത്തിലേയ്ക്ക് പൊയ്ക്കൊണ്ടിരിക്കുന്ന ഒരു സംക്രമണഘട്ടത്തിൽ ആ paradigm shift -ന് നേതൃത്വം നൽകാൻ ശേഷിയുള്ള ആളുകളെ കണ്ടെത്തേണ്ടതുണ്ട്. എന്നുവച്ചാൽ അടിസ്ഥാനപരമായ ഒരു മാറ്റത്തിലേയ്ക്കാണ് നാം പൊയ്ക്കൊണ്ടിരിക്കുന്നത്. പഴയ ജ്ഞാനമാതൃകകളൊക്കെ തകർന്നടിഞ്ഞിരിക്കുകയാണ്. പഴയ മോഡൽസ് ഓഫ് നോളഡ്ജ് തകർന്നുപോയിരിക്കുകയാണ്. പുതിയ മാറ്റമുണ്ടാക്കിയെടുക്കുന്നതിന് കഴിവുള്ളതും ഉന്നതവിദ്യാഭ്യാസ രംഗത്ത് വിചക്ഷണരും വിദഗ്ദ്ധരുമായ ആളുകളെ വൈസ് ചാൻസലറായി അവരോധിക്കാനുള്ള പരിശ്രമങ്ങളാണ് നാം നടത്തേണ്ടത്. അത്തരമൊരു ഉദ്ദേശശുദ്ധിയോടെ അവതരിപ്പിക്കപ്പെട്ടിട്ടുള്ള ഈ ബില്ലിനെ കരിവാരിതേയ്ക്കാൻ ശ്രമിക്കാതെ ഇതുമായി സഹകരിച്ച് ഈ ബിൽ ഐകകണ്ഠ്യേന പാസ്സാക്കുന്നതിന് തീരുമാനമെടുക്കണമെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങളോട് എനിക്ക് സവിനയം സൂചിപ്പിക്കാനുള്ളത്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. ടി. വി. ഇബ്രാഹിം, അങ്ങയുടെ '1 എ' നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: ഭേദഗതിയെ

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ..............

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. കെ. ടി. ജലീൽ, അങ്ങയുടെ '2 ബി' നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ഡോ. കെ. ടി. ജലീൽ: സർ, സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2022-ലെ കേരള സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ..............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

(v) 2022-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2022-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, 2022-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, എഫ്.ആർ.ബി.എം. ആക്ടനുസരിച്ചുള്ള നിയമത്തിലെ ഭേദഗതിയാണിത്. അതുമായി ബന്ധപ്പെട്ട് ഏതെങ്കിലും പ്രത്യേക പ്രശ്നം അംഗങ്ങൾ ചർച്ചയിൽ ഉന്നയിക്കുകയാണെങ്കിൽ അതിനുശേഷം മറുപടി പറയാം.

ശ്രീ. സി. ആർ. മഹേഷ് ചുമതലപ്പെടുത്തിയതുപ്രകാരം (ഡോ. മാത്യു കുഴൽനാടൻ): സർ, 2022-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 15-11-2022 വരെ സർക്കുലേറ്റ് ചെയ്യണമെന്ന '1എ' നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. എഫ്.ആർ.ബി.എം. ആക്ടിലെ വ്യവസ്ഥകൾ കംപ്ലൈ ചെയ്യുന്നതിനുവേണ്ടിയാണ് അല്ലെങ്കിൽ അതുമായി ബന്ധപ്പെട്ട് നമുക്ക് ലഭിച്ചിട്ടുള്ള ആനുകൂല്യങ്ങൾ കൂടുതൽ

പ്രയോജനപ്പെടുത്തുന്നതിനുവേണ്ടിയാണ് ഈ ബിൽ അവതരിപ്പിക്കുന്നതെന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത്. തത്വത്തിൽ ആ ബില്ലിന്റെ വ്യവസ്ഥകളോട് ഞാൻ വിയോജിക്കുന്നില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയിൽനിന്നും അറിയാൻ ആഗ്രഹിക്കുന്ന ചില കാര്യങ്ങൾമാത്രം വളരെ ചുരുങ്ങിയ സമയംകൊണ്ട് പറയാനാണ് ആഗ്രഹിക്കുന്നത്. അങ്ങ് ധനകാര്യ വകുപ്പുമന്ത്രിയായി അധികാരത്തിൽ വന്നിട്ട് ഏകദേശം ഒന്നര വർഷത്തോടടുക്കാൻ പോകുന്നു. അങ്ങയുടെ ആദ്യത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ചില നിർദ്ദേശങ്ങൾ പറഞ്ഞിരുന്നു. സംസ്ഥാനത്തിന്റെ ഇക്കണോമിക് ആക്ടിവിറ്റീസ് വർദ്ധിപ്പിക്കാൻ കഴിയുന്ന നിലയ്ക്കുള്ള ഇനിഷ്യേറ്റീവ്സ് ഉണ്ടാകുമെന്നാണ് പ്രധാനമായും അദ്ദേഹം പറഞ്ഞത്. അങ്ങ് പറഞ്ഞ കാര്യങ്ങളേതെങ്കിലുമൊക്കെ ഒരു take off/start ഇതിനോടകം ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് ഞാൻ ചോദിക്കുകയാണ്. അങ്ങയുടെ ആദ്യത്തെ ബഡ്ജറ്റ് പ്രസംഗം ഞാൻ ഇന്നും ഓർക്കുന്നുണ്ട്. കാർഷിക മേഖലയിലുള്ള കേരളത്തിന്റെ സാദ്ധ്യതകളെ പ്രയോജനപ്പെടുത്തേണ്ടതുണ്ടെന്നും അതിനുവേണ്ടി ഓട്ടോമേഷൻ, അഗ്രോ പാർക്കുകൾ, വാല്യൂ ആഡഡ് പ്രോഡക്ട്സ് ഉൾപ്പെടെയുള്ള കാര്യങ്ങൾക്കുവേണ്ടി വലിയ പരിശ്രമമുണ്ടാകുമെന്നും പറഞ്ഞു, ഏതെങ്കിലും കാര്യങ്ങൾ ഇതുവരെ മൂവ് ചെയ്യാൻ സാധിച്ചിട്ടുണ്ടോ? കേരളത്തിലെ കാർഷിക മേഖലയെ സംബന്ധിച്ച് ഇതിനുമുമ്പുള്ള സർക്കാരിന്റെ കാലത്തെ ഒരു റിപ്പോർട്ടുതന്നെ സർക്കാരിന്റെ പക്കലുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതിനെ അടിസ്ഥാനപ്പെടുത്തി എന്തെങ്കിലും നടപടികളെടുക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് പറയണം. കേരളത്തിന്റെ കാലാവസ്ഥ അല്ലെങ്കിൽ ഇവിടത്തെ സാമൂഹ്യസ്ഥിതിയുമായൊക്കെ യോജിച്ചുപോകുന്ന ഒരു രാജ്യം നെതർലാൻഡ് ആണ്. അവിടത്തെ അഗ്രികൾച്ചർ മോഡണൈസേഷൻ കേരളത്തിനും മാതൃകയാക്കാൻ കഴിയുന്നതാണെന്നാണ് എനിക്ക് തോന്നുന്നത്. വർക്കിംഗ് ഫോഴ്സിന്റെ ലഭ്യതക്കുറവും ഹൈ കോസ്റ്റുമൊക്കെ നോക്കി, ഇന്റൻസീവ് ഓട്ടോമേഷൻ അഗ്രിക്കൾച്ചറിൽ വരുത്തിയിട്ടാണ് നെതർലാൻഡ് വളരെ വിജയകരമായി മുന്നോട്ടുപോയത്. മറ്റു രാജ്യങ്ങളും അതുപോലെയുണ്ട്. അങ്ങയുടെ ബഡ്ജറ്റ് പ്രസംഗത്തിനുശേഷം ആ ഡയറക്ഷനിൽ കാര്യമായ ചലനങ്ങളൊന്നും കണ്ടില്ല. ഇപ്പോൾ ഇക്കണോമിക് ആക്ടിവിറ്റി, ഇക്കണോമിക് ഗ്രോത്ത്, സോഷ്യൽ അച്ചീവ്മെന്റ് എന്നിവയുടെ ചരിത്രം പരിശോധിക്കുകയാണെങ്കിൽ പ്രൈവറ്റ് സെക്ടറിന്റെ വലിയൊരു കോൺട്രിബ്യൂഷൻ കാണാൻ കഴിയും. കേരള സംസ്ഥാനം രൂപീകൃതമാകുന്നതിനുമുമ്പുതന്നെ സോഷ്യൽ ഇൻഡിക്കേറ്റേഴ്സ് വളരെ മുമ്പിൽനിൽക്കാൻ കാരണം വിദ്യാഭ്യാസ-ആരോഗ്യ മേഖലകളിൽ വലിയതോതിൽ മുന്നോട്ടുപോകാൻ കഴിഞ്ഞതുകൊണ്ടാണ്. അന്നത്തെ പ്രൈവറ്റ് മേഖലയിലുണ്ടായിരുന്ന, പ്രത്യേകിച്ച് സർക്കാരിന്റെ ഡയറക്ട് ഇന്റർവെൻഷൻ ഇല്ലാതെ വിദ്യാഭ്യാസ-ആരോഗ്യ മേഖലയിലുണ്ടായ നേട്ടമാണ്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ടി. വി. ഇബ്രാഹിം)

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, അങ്ങ് കൃഷിയെക്കുറിച്ച് പറഞ്ഞു. ഇൻഡോ-പസഫിക് കരാറിൽ മൂന്നാഴ്ചമുമ്പ് ധാരാണാപത്രം ഒപ്പിടുന്നതിനുമുമ്പുതന്നെ നാളികേരത്തിന്റെ വില പകുതിയിൽത്താഴെ താഴ്ന്നു, റബ്ബർ വില ഇടിഞ്ഞു, കുരുമുളക് കൃഷി തകർന്നു. ഇതൊന്നും അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലേ; കേന്ദ്രഗവണ്മെന്റിന്റെ പുതിയ നയത്തെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ഡോ. മാത്യു കുഴൽനാടൻ: സർ, ഇൻഡോ-പസഫിക് കരാർ ഒപ്പിടുന്നത് സംബന്ധിച്ച വിഷയത്തിൽമാത്രമല്ല, ഒരു slice or piece ആയിമാത്രം overall പോളിസിയെ അപ്രോച്ച് ചെയ്യരുത്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, വഴങ്ങുമോ?

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ പറഞ്ഞതിനുശേഷം ബഹുമാനപ്പെട്ട മന്ത്രിക്ക് സംസാരിക്കാം. ഇന്റർനാഷണൽ എഗ്രിമെന്റുകൾ ഒപ്പിടുമ്പോഴെല്ലാം ഗവണ്മെന്റിന്റെ രാഷ്ട്രീയ ഇച്ഛാശക്തിയെ ആശ്രയിച്ചാണ് കാര്യങ്ങൾ പോകുന്നത്. കാരണം, safeguard measures എടുത്തുകൊണ്ട് ലിബറലൈസേഷനും ഗ്ലോബലൈസേഷനും ആകാം. Nobody stopped you from taking your safeguard measures. പക്ഷേ, നിലവിലുള്ള safeguard measures ഇംപ്ലിമെന്റ് ചെയ്യാനോ ഇനിഷ്യേറ്റ് ചെയ്യാനോ ഉള്ള രാഷ്ട്രീയ ഇച്ഛാശക്തി ഡെമോൺസ്ട്രേറ്റ് ചെയ്യാതെ ഏതെങ്കിലുമൊരു ഇക്കണോമിക് പോളിസി മാത്രമാണ് കാർഷിക മേഖലയിലെ പ്രശ്നം എന്ന അപ്രോച്ച് ശരിയല്ല. കോമ്പറ്റിറ്റീവായ ഇന്റർനാഷണൽ മാർക്കറ്റിൽ നമ്മളെ കോമ്പീറ്റ് ചെയ്യുന്ന പ്രോഡക്ട്സ് വന്നാൽ ഗ്ലോബൽ മാർക്കറ്റിനോട് 'No' പറഞ്ഞുകൊണ്ട് കാർഷിക മേഖലയെ സംരക്ഷിക്കാൻ കഴിയുമെന്ന് വിചാരിക്കുന്നുണ്ടോ? കോമ്പിറ്റിറ്റീവല്ലാത്ത പ്രോഡക്ടിനെ പ്രൊട്ടക്ട് ചെയ്തുകൊണ്ട് എത്രകാലം നമുക്ക് പോകാൻ സാധിക്കും? ഇന്ന് പ്രൊട്ടക്ടീവ് മെഷേഴ്സിലേയ്ക്ക് യു.എസ്. ഉൾപ്പെടെയുള്ള രാഷ്ട്രങ്ങൾ പോകുന്നതിനെയാണ് നമ്മൾ എതിർക്കുന്നത്. Deglobalization will not be in favour of India. ഡെവലപ്ഡ് വേൾഡായ യു.എസ്.-ഉം യൂറോപ്പും ഉൾപ്പെടെയുള്ളവരാണ് ഡീഗ്ലോബലൈസേഷനുവേണ്ടി ശ്രമിക്കുന്നത്. കാരണമെന്താണ്? ഇന്റർനാഷണൽ മാർക്കറ്റിൽ, ഗ്ലോബലൈസ്ഡ് വേൾഡിൽ the advantage was in our favour. കാർഷിക മേഖലയെ പ്രൊഡക്ടീവ് ആക്കുന്നതിനെക്കുറിച്ചാണ് പറയേണ്ടത്. ഇൻഡോ-പസഫിക് കരാർ ഒപ്പിടുന്ന സമയത്തുതന്നെ you should take initiatives to make the agri-sector in India more competitive. If the Minister decides, I mean let the Kerala agriculture have a fast track growth. You need to initiate action. You

cannot say the farmers should do this at a lower cost and you cannot say that you should not bring up any crops from outside. കാരണം അത് കൺസ്യൂമേഴ്സിന് കൊടുക്കുന്ന ഒരു ഗുണമുണ്ട്. അതിന്റെ രണ്ട് ആസ്പെക്ടും മനസ്സിലാക്കണം.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, മലേഷ്യയിലെ പ്രൊഡക്ഷനുമായി നമുക്ക് നിൽക്കാൻ കഴിയില്ല. അവിടത്തെ കാലാവസ്ഥ അതാണ്. മലേഷ്യയിലെ പാമോയിലിന്റെ ഡ്യൂട്ടി എടുത്തുകളഞ്ഞ് പകുതിവിലയ്ക്ക് ഇറക്കുകയാണ്. അതിനെക്കുറിച്ച് ഒരു പ്രതിഷേധവും വേണ്ടേ; ആന്റി ഡംപിംഗ് ഡ്യൂട്ടിയുള്ളതിനും കേന്ദ്രഗവൺമെന്റ് ചെയ്യണ്ടേ; അതിനെക്കുറിച്ച് ഒരു വാക്ക് പറയുന്നില്ലല്ലോ?

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ അതിന് കറക്റ്റായിട്ടുള്ള മറുപടി പറയാം. കർഷകപക്ഷത്തുനിന്ന് ചിന്തിക്കുമ്പോൾ, import-നെ തീർച്ചയായും എതിർക്കും. ഞാൻ consumer perspective-ൽനിന്ന് ചോദിക്കുകയാണ്, ഇവിടെ ഒരു കിലോ ഏത്തക്കായയ്ക്ക് 36 രൂപ ചെലവ് വരുമെങ്കിൽ, അത് ചെലവാക്കി നമ്മൾ ഉണ്ടാക്കുന്ന ഏത്തക്കയെക്കാളും ക്വാളിറ്റിയുള്ള, നല്ല രുചിയുള്ള ഏത്തക്കായ 12 രൂപയ്ക്ക് വെസ്റ്റ് ഇൻഡീസിലും കരീബിയൻ നാടുകളിലും കിട്ടും. അവിടെനിന്ന് അത് import ചെയ്ത് ഇവിടെ വന്നാൽ 22 രൂപയോ 24 രൂപയോ ആകും. ഇവിടത്തെ കൺസ്യൂമേഴ്സിന്റെ അവസരം നിഷേധിക്കണമെന്ന് പറയാൻ കഴിയുമോ? അതിന് വേണ്ടതെന്താണ്? You should make your farmers competent to produce at the rate of ₹ 22, അതാണ് വേണ്ടത്. അതല്ലാതെ you cannot go and stop importing the product. കാരണം അത് കൺസ്യൂമേഴ്സിന് നേട്ടമാണ്. ഇതുപറയുമ്പോൾ മറുവശത്ത് നമ്മൾ നേടിയ ഒരുപാട് ബെനിഫിറ്റ്സുണ്ട്. യു.എസ്.എ.-യിലെ സൂപ്പർ മാർക്കറ്റിലിരുന്ന് കണക്കുകൂട്ടുന്നതിന്റെ ജോലിയുണ്ടായിരുന്നു; അവൻ അവിടെ 3000 ഡോളറിന് ചെയ്തുകൊണ്ടിരുന്നതാണ്. We started doing it at 800 dollars, ഇവിടെ നമുക്ക് എത്ര രൂപയുടെ വരുമാനം വന്നു? ഒരു വശം മാത്രമെടുത്തിട്ട് ആർഗ്യൂ ചെയ്യുന്നത് ഒരു പൊളിറ്റിക്കൽ ആർഗ്യുമെന്റിന് പറ്റും. ഇന്ന കരാർകൊണ്ടാണ് നമുക്ക് ദോഷമുണ്ടായതെന്ന് പൊളിറ്റിക്കൽ ആർഗ്യുമെന്റായി പറയാം. അല്ലാതെ ഏത് ഗവൺമെന്റ് ചെയ്തുവെന്നുള്ളതല്ല. ഒരു പോളിസിയെ നമ്മൾ അഡ്രസ്സ് ചെയ്യുമ്പോൾ we should be honest with that. കാരണം എനിക്ക് വേണമെങ്കിൽ ഏതെങ്കിലും ഒരു സൈഡ് മാത്രം പറഞ്ഞ് ആരെയെങ്കിലും ഇംപ്രസ്സ് ചെയ്യാൻ ശ്രമിക്കാം. അതുകൊണ്ടാണ് ഞാൻ ചോദിച്ചത്, what is the initiative coming from the Government and as a Finance Minister what is he going to offer to the farmers to make it more competent എന്ന്. ഇവിടത്തെ economic activity -ക്ക് പറ്റിയ അന്തരീക്ഷം കേരളത്തിലുണ്ടാക്കണം.

ഇന്ന് കേരളത്തിലെ ഏത് സമൂഹത്തിനാണ് സന്തോഷമുള്ളത്? ഞാൻ ചെറുപ്പക്കാരുടെ കാര്യമാണ് പറയുന്നത്. സിവിൽ എഞ്ചിനീയറിംഗ്, മെക്കാനിക്കൽ എഞ്ചിനീയറിംഗ്, എം.ബി.എ. അല്ലെങ്കിൽ മറ്റിതര കോഴ്സുകൾ പഠിച്ചിറങ്ങുന്ന വിദ്യാസമ്പന്നരായ കുട്ടികൾക്ക് ഇവിടെ എത്ര രൂപയ്ക്കാണ് ജോലി കിട്ടിക്കൊണ്ടിരിക്കുന്നതെന്ന് ധനകാര്യ വകുപ്പുമന്ത്രി എന്ന നിലയ്ക്ക് അങ്ങ് ഈ നിയമസഭയിൽ പറയണം. അവരിൽ 10,000/- രൂപയ്ക്ക് താഴെ ജോലി ചെയ്യുന്നവർ കാണും. ആവറേജ് 10,000/- രൂപ മുതൽ 14,000/- രൂപ വരെയാണ് ഇവിടെ പഠിച്ചിറങ്ങുന്ന ചെറുപ്പക്കാർക്ക് ഒരു quality employment-ന് കിട്ടുന്ന റെമ്യൂണറേഷൻ. അതേസമയം ഇവിടെ ജോലിചെയ്യുന്ന ഒരു ബംഗാളിയുടെ വരുമാനം അതിനേക്കാളും കൂടുതലാണ്. ഇതിനൊരു സോഷ്യൽ ഇംപാക്റ്റുണ്ട്. ഏതാണ് വരുമാനം കിട്ടുന്ന ജോലിയെന്ന് ചെറുപ്പക്കാർ നോക്കും. അങ്ങനെ ഇന്ന് drugs വളരെ ഈസിയായി വിറ്റഴിക്കാൻ പറ്റുന്ന മാർക്കറ്റായി കേരളം മാറി. കാരണം അതിന്റെ carriers ആയി ഒരുപാട് പേരെ കിട്ടുകയാണ്. പെൺകുട്ടികൾ ഉൾപ്പെടെയുള്ളവർ ഇതിന്റെ carriers ആയും അഡിക്റ്റായും വരുന്നതുസംബന്ധിച്ച വാർത്തകൾ കഴിഞ്ഞ ദിവസങ്ങളിൽ പത്രത്തിൽ വായിച്ചില്ലേ; ഇതിലൊരു സാമൂഹ്യവിപത്തുണ്ട്. നിങ്ങൾക്ക് ഇവിടെ quality employment generate ചെയ്യാൻ പറ്റിയിട്ടില്ലെങ്കിൽ തീർച്ചയായും ഇവിടത്തെ ചെറുപ്പക്കാർ വഴിതെറ്റിപ്പോകുമെന്ന കാര്യത്തിൽ സംശയമില്ല.

ഞാൻ നമ്മുടെ അപ്രോച്ചിന്റെ പ്രശ്നം പറയാം. ഏറ്റവും കൂടുതൽ ഡിമാന്റുള്ള നഴ്സിംഗിന് ഇവിടെ ഒരു സീറ്റുപോലും വർദ്ധിപ്പിക്കാൻ തയ്യാറായിട്ടില്ല. സിവിൽ എഞ്ചിനീയറിംഗ്, മെക്കാനിക്കൽ എഞ്ചിനീയറിംഗ്, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് തുടങ്ങിയവയ്ക്ക് ഡിമാന്റുണ്ടായിരുന്ന സമയത്ത് ഇവിടെ എഞ്ചിനീയറിംഗ് കോളേജുകൾ തുടങ്ങുകയോ സീറ്റ് വർദ്ധിപ്പിക്കുകയോ ചെയ്തില്ല. ആ സമയത്തുള്ള മുഴുവൻ വിദ്യാർത്ഥികളും പഠിച്ചത് കർണ്ണാടകയിലും വിദേശത്തുമൊക്കെയാണ്. ആ കാലഘട്ടം കഴിഞ്ഞപ്പോഴാണ് ഇവിടെ എഞ്ചിനീയറിംഗ് കോളേജുകളിൽ സീറ്റുകൾ വർദ്ധിപ്പിക്കുന്നത്. ഇപ്പോൾ 30,000, 40,000 സീറ്റുകൾ കോളേജുകളിൽ ഒഴിഞ്ഞുകിടക്കുകയാണ്. ഇപ്പോൾ ആർക്കുവേണം സീറ്റ്; ബസ് പോയി കഴിഞ്ഞിട്ട് കൈ കാണിക്കുക, വെള്ളം ഒഴുകിപ്പോയിട്ട് തടകെട്ടുക എന്നുപറഞ്ഞതുപോലെയുള്ള പണിയാണ്. ഇപ്പോൾ നഴ്സിംഗിന് ഒരു സീറ്റുപോലും വർദ്ധിപ്പിക്കുന്നില്ല. കുട്ടികളെല്ലാം വിദേശത്ത് പോവുകയാണ്. ബഹുമാന്യയായ മന്ത്രി ഉന്നതവിദ്യാഭ്യാസത്തെക്കുറിച്ച് പറഞ്ഞു. നമ്മൾ കണ്ണടച്ച് ഇരുട്ടാക്കാൻ ശ്രമിച്ചിട്ട് എന്താണ് കാര്യം? ഇവിടത്തെ ക്യാമ്പസുകളെ കുട്ടികൾ പരിത്യജിക്കുകയാണ്; കുട്ടികൾ ഇവിടെ നിൽക്കുന്നില്ല. ബഹുമാന്യനായ പ്രതിപക്ഷനേതാവ് കഴിഞ്ഞ ദിവസം സൂചിപ്പിച്ചു, ഒന്നും രണ്ടും രൂപയല്ല,

ഏകദേശം 8 ലക്ഷം രൂപ മുതൽ 38 ലക്ഷം, 45 ലക്ഷം രൂപവരെ ബാങ്ക് വായ്പ എടുത്ത് വിദ്യാർത്ഥികൾ വിദേശത്തേയ്ക്ക് പോകുകയാണ്. ഞാൻ ഈ സഭയിൽനിന്ന് പറയുന്നത് റെക്കോർഡ് ചെയ്യപ്പെടുകയാണ്. കേരളം അഭിമുഖീകരിക്കാൻ പോകുന്ന ഏറ്റവും വലിയ ചലഞ്ച് എന്നുപറയുന്നത് - Kerala will remain as an area where aged population is living. ഇസ്രായേലിൽ ഏറ്റവും കൂടുതൽ അവസരങ്ങൾ ഉള്ളത് എന്തുകൊണ്ടെന്നാൽ, അവിടെ പ്രായമുള്ള ആൾക്കാരെ നോക്കാൻ നഴ്സുമാരെ ആവശ്യമുണ്ടെന്നതാണ്. ഒരാളെ നോക്കാൻ ഒരു നഴ്സിന് പോകാം; നല്ല ശമ്പളം കിട്ടും. കാരണം അവിടെ ചെറുപ്പക്കാരുടെ എണ്ണം കുറവാണ് അല്ലെങ്കിൽ പ്രായമായവരെ നോക്കാൻ ആളില്ലാത്ത അവസ്ഥയായതുകൊണ്ടാണ്. കേരളം ആ ഒരു സ്ഥിതിയിലേയ്ക്കാണ് പൊയ്ക്കൊണ്ടിരിക്കുന്നത്. അതാണ് മൈഗ്രേഷന്റെ ഫലം. പന്ത്രണ്ടാം ക്ലാസ്സ് കഴിയുന്ന കേരളത്തിലെ ഒരു കുട്ടിയുടെ ശരാശരി മാനസികാവസ്ഥ എന്നുപറയുന്നത്, somehow to get out of this State and somehow to get out of this Country എന്നതാണ്. ഇവിടെ കുട്ടികളെ inspire ചെയ്യാൻ പറ്റുന്ന അന്തരീക്ഷമില്ലാത്തതാണ് കാരണം. ഉന്നതവിദ്യാഭ്യാസമേഖല വലിയ performing ആണെന്നല്ലേ ഇപ്പോൾ മന്ത്രി പറഞ്ഞുനിർത്തിയത്. അങ്ങനെയായിരുന്നെങ്കിൽ, ഇവിടെനിന്ന് കുട്ടികൾ വിദേശത്തേയ്ക്ക് പോകാൻ തയ്യാറാകുമോ; ഇവിടെനിന്ന് പഠിച്ചിറങ്ങുന്ന കുട്ടികൾക്ക് വിദേശത്തുള്ളതുപോലുള്ള അവസരങ്ങൾ ലഭിക്കുന്നുണ്ടോ? ഞാൻ വീണ്ടും ആവർത്തിച്ചുപറയാൻ ആഗ്രഹിക്കുന്ന കാര്യം, ധനകാര്യ വകുപ്പുമന്ത്രിയെന്ന നിലയിൽ അങ്ങ് എന്ത് initiative ആണ് ഈ മേഖലയിൽ ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് പറയണം. Economic activity വർദ്ധിപ്പിക്കണം. ഏത് സെക്ടറാണ് ഇവിടെ ഹാപ്പിയായിട്ടുള്ളത്? കർഷകർ ഹാപ്പിയല്ലെന്നുള്ളത് മന്ത്രിതന്നെ പറഞ്ഞു. ഇനി അടുത്തത്, ബിസിനസ്സ് കമ്മ്യൂണിറ്റി ഹാപ്പിയാണെന്ന് പറയാൻ സാധിക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, ഇവിടെ സൗകര്യമില്ലാത്തതുകൊണ്ട് ഒരുപാട് മലയാളി വിദ്യാർത്ഥികൾ വിദേശരാജ്യങ്ങളിലേയ്ക്ക് പഠിക്കാൻ പോകുന്നുവെന്ന് അങ്ങ് പറഞ്ഞു. സത്യത്തിൽ അങ്ങനെയല്ല, വിദേശരാജ്യങ്ങളിലേയ്ക്ക് പഠിക്കാൻ പോകുന്നവർ പഠനം കഴിഞ്ഞ് ഇങ്ങോട്ട് തിരികെ വരാൻവേണ്ടിയല്ല; അവർ അവിടെ സെറ്റിൽ ചെയ്യാൻ വേണ്ടിയാണ് പോകുന്നത്. യഥാർത്ഥത്തിൽ വിദേശരാജ്യങ്ങളിലേയ്ക്ക് പഠിക്കാൻ പോകുന്നതിലൂടെ നടക്കുന്നത് ശരിക്കുമൊരു മൈഗ്രേഷനാണ്. അതിനെ ഇവിടെ സൗകര്യമില്ലാത്തതുകൊണ്ടാണെന്ന് പറയുന്നത് വസ്തുതാവിരുദ്ധമല്ലേ?

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ പറഞ്ഞത് അതാണ്. എന്തുകൊണ്ടാണ് കുട്ടികൾ മൈഗ്രേറ്റ് ചെയ്യാൻ ആഗ്രഹിക്കുന്നത്; എന്തുകൊണ്ടാണ് ജന്മനാട് അവരെ inspire ചെയ്യാത്തത്; എന്തുകൊണ്ടാണ്

അവർ ജന്മനാട്ടിൽ നിൽക്കാൻ ആഗ്രഹിക്കാത്തത്? There are several social, economic and political reasons. അത് അഡ്രസ്സ് ചെയ്യാതെ, അംഗീകരിക്കാതെ, പോകുന്നവരുടെ കുഴപ്പമാണെന്ന് പറയരുത്.

ഡോ. കെ. ടി. ജലീൽ: സർ, liberty, freedom തുടങ്ങിയ കൺസെപ്റ്റ് ചെറുപ്പക്കാർക്കിടയിൽ വളർന്നുവരികയാണ്. അതുകൊണ്ടാണ് അങ്ങോട്ട് പഠിക്കാൻ പോകുന്നത്. അവർ ഇഷ്ടപ്പെടുന്നതുപോലെ ഉദ്ദേശിക്കുന്നതുപോലെ, ജീവിക്കാൻ അനുകൂലമായ ഒരു സാഹചര്യം തേടിയാണ് അവർ മൈഗ്രേറ്റ് ചെയ്യുന്നത്. അവരെ നമുക്ക് ഒരിക്കലും ഇവിടെ കെട്ടിയിടാൻ പറ്റുമെന്ന് തോന്നുന്നില്ല. ഉദാഹരണത്തിന് ഗൂഗിൾ, ഫെയ്സ് ബുക്ക് തുടങ്ങിയ ഇടങ്ങളിൽ ജോലി ചെയ്യുന്നവരിൽ കൂടുതലും നമ്മുടെ ഐ.ഐ.ടി.-കളിലും എൻ.ഐ.ടി.-കളിലും പഠിച്ചിട്ടുള്ള മിടുമിടുക്കന്മാരാണ്. മൈഗ്രേഷൻ സംബന്ധിച്ച് അവർ പറയുന്ന ഒരു കാരണം, അവർക്ക് അവിടെ ചെന്നാൽ അവരുടെ കഴിവ് അംഗീകരിക്കപ്പെടുമെന്നാണ്. അവർക്ക് ഒരുതരത്തിലുമുള്ള political pressure-നും നിൽക്കേണ്ടിവരുന്നില്ല, നിൽക്കേണ്ടിവരാറില്ല, എന്നൊക്കെയുള്ള കാരണങ്ങളാണ് അവർ പറയുന്നത്.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ പറഞ്ഞത് അതുതന്നെയാണ്. ഇതുപോലുള്ള political, economic, social reasons ഉണ്ട്. അത് ഈ സഭ ആദ്യം അംഗീകരിക്കണം. ലോകത്തെ ഏറ്റവും വലിയ ജനാധിപത്യ-മതേതര രാഷ്ട്രമെന്ന് പറയുന്നത് ഇൻഡ്യയാണ്. ഇൻഡ്യയിലെ ഏറ്റവും literate ആയിട്ടുള്ള സ്റ്റേറ്റ്, ഏറ്റവും വലിയ advanced social indicators ഉള്ള സംസ്ഥാനമാണ് കേരളം. Then why don't they are inspired with that? ഇതിലും വലിയ സ്വർഗ്ഗം എവിടെയാണ്? എവിടെയാണ് liberal democracy? That shows the political reasons. അതുപോലെ ഇവിടെ comfortable ആയിട്ടുള്ള ലൈഫ് ഇല്ലെന്ന് അവർക്ക് തോന്നാൻ കാരണമെന്താണ്? പഠിച്ചിറങ്ങുന്നവർക്ക് കിട്ടുന്നത് under employment ആണ്. Why should I spoil my life here എന്നാണ് അവർ ചിന്തിക്കുന്നത്. ഇന്നത്തെ ശരാശരി എം.ബി.എ.-ക്കാരന്റെ, ബി.ടെക്-കാരന്റെ, ഒരു ഡിഗ്രി കഴിഞ്ഞവന്റെ ശമ്പളം എത്രയാണെന്ന് അന്വേഷിക്കണം. Its very pathetic, its very poor. എഡ്യൂക്കേഷൻ ഇല്ലാത്തതുകൊണ്ടോ അവൻ കഴിവില്ലാത്തവനായതുകൊണ്ടോ അല്ല.

ശ്രീ. ടി. സിദ്ദിഖ്: സർ, ഡൽഹി യൂണിവേഴ്സിറ്റി, ജെ.എൻ.യു., ഹൈദരാബാദ് യൂണിവേഴ്സിറ്റി, ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട്, ജാമിയാ മില്ലിയ യൂണിവേഴ്സിറ്റി തുടങ്ങി വിവിധ സർവ്വകലാശാലകളിലേയ്ക്കും വിദേശത്തേയ്ക്കും ഓരോവർഷവും പോകുന്ന മലയാളി കുട്ടികളുടെയും വിദേശത്തുനിന്നും ഇതരസംസ്ഥാനങ്ങളിൽനിന്നും നമ്മുടെ

സർവ്വകലാശാലകളിലേയ്ക്ക് പഠിക്കാൻ വരുന്ന കുട്ടികളുടെയും എണ്ണം നോക്കിയാൽ നമ്മുടെ സർവ്വകലാശാലയുടെ ക്വാളിറ്റി അസസ്സ് ചെയ്യാൻ സാധിക്കും. അത് വളരെയധികം പിറകിലാണെന്നുള്ളത് മനസ്സിലാക്കിയിട്ടുണ്ടോ?

ഡോ. മാത്യു കുഴൽനാടൻ: സർ, തീർച്ചയായും.

മി. ചെയർമാൻ: ഒരു മിനിട്ട്.... ഇനി വഴങ്ങിയാൽ, സമയം തീർന്നുപോയിട്ടുണ്ട്. 16 മിനിട്ടായി. ..... പ്ലീസ് കൺക്ലൂഡ്...

ശ്രീ. കെ. ബാബു (നെന്മാറ): സർ, ഉന്നത വിദ്യാഭ്യാസ മേഖലയിൽ കേരളത്തിൽനിന്നുള്ള കുട്ടികൾ വിദേശത്തോ അന്യസംസ്ഥാനങ്ങളിലോ പഠിക്കാൻ പോയതിന്റെ പേരിൽ ഇവിടത്തെ സർവ്വകലാശാലകളിൽ ഏതെങ്കിലും ഒരു സീറ്റിൽ പഠിക്കാൻ കുട്ടികളില്ലെന്ന കാരണത്താൽ കോഴ്സ് ഇല്ലാതാകുകയോ കോളേജുകൾ അടച്ചുപൂട്ടുകയോ ചെയ്ത അവസ്ഥ ഉണ്ടായിട്ടുണ്ടോ?

ഡോ. മാത്യു കുഴൽനാടൻ: സർ, നിരവധി കോളേജുകൾ ഈ ചലഞ്ച് ഫെയ്സ് ചെയ്തുകൊണ്ടിരിക്കുകയല്ലേ; ഒരു സംശയവുംവേണ്ട, എല്ലാ മേഖലകളും പ്രതിസന്ധി നേരിടുന്നുണ്ട്. കോളേജുകൾക്ക് ആർട്ടിഫിഷ്യലായി കുട്ടികളെ ഇൻജെക്റ്റ് ചെയ്തുനൽകുന്നതിനായി കോളേജുകളെ നിലനിർത്തുന്നതിനായി ഇവിടെ നയം രൂപീകരിക്കേണ്ടി വന്നിട്ടുണ്ട്, അത് ചെയ്തിട്ടുമുണ്ട്. ഞാനത് പറയുന്നില്ലെന്നേയുള്ളൂ.

ശ്രീ. റോജി എം. ജോൺ: സർ, കുട്ടികളെ കിട്ടാത്തതിന്റെ പേരിൽ കോളേജുകളിൽ സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടോയെന്ന് ശ്രീ. കെ. ബാബു (നെന്മാറ) ചോദിച്ചു. നിരവധി എഞ്ചിനീയറിംഗ് കോളേജുകളിൽ പല കോഴ്സുകൾക്കും സീറ്റുകൾ ഒഴിഞ്ഞുകിടക്കുകയാണ്. മെക്കാനിക്കൽ/ കെമിക്കൽ എഞ്ചിനീയറിംഗിന് അഡ്മിഷനെടുക്കാൻ ആരുംവരുന്നില്ല. കേരളത്തിലെ മുഴുവൻ വിദ്യാർത്ഥികളും ഇപ്പോൾ കമ്പ്യൂട്ടർ സയൻസിനാണ് സീറ്റ് ആഗ്രഹിക്കുന്നത്. നമ്മുടെ നാട്ടിലെ യൂണിവേഴ്സിറ്റികളുടെ Administrative Structure അനുസരിച്ച് വിദ്യാർത്ഥികളുടെ താൽപ്പര്യങ്ങൾക്കും ആവശ്യങ്ങൾക്കുമനുസരിച്ച് കോളേജുകളിൽ വേണ്ട മാറ്റങ്ങൾവരുത്താനും പുതിയ കോഴ്സുകൾ തുടങ്ങാനും സാധിക്കാത്തൊരു സംവിധാനമാണ് ഇവിടെ നിലനിൽക്കുന്നതെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഡോ. മാത്യു കുഴൽനാടൻ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. സമയമില്ലാത്തതുകൊണ്ട് ദീർഘമായി പറയുന്നില്ല. ഒരു നിർദ്ദേശം പറഞ്ഞുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കാം. We should be able to arrest this migration. അതിന് ആദ്യം വേണ്ടത് ചെറുപ്പക്കാരുടെ

മൈൻഡ്സെറ്റിൽ മാറ്റംവരുത്തണമെന്നതാണ്. ധനകാര്യ വകുപ്പുമന്ത്രിയെന്ന നിലയിൽ അങ്ങ് നമ്മുടെ Credit-Deposit Ratio പരിശോധിച്ചിട്ടുണ്ടാകും. കേരളത്തിലെയാളുകൾ സമ്പാദിച്ച ഭൂരിപക്ഷം പണവും ഇപ്പോഴും ബാങ്കിൽത്തന്നെ കിടക്കുകയാണ്, എന്തുകൊണ്ട്? അവർക്കിവിടെ ഇക്കണോമിക് ആക്ടിവിറ്റീസിനുള്ള സ്കോപ്പ് നൽകാൻ സാധിക്കുന്നില്ല. അല്ലെങ്കിൽ ബാങ്കിൽ Credit-Deposit Ratio വലുതായി വരികയില്ല. കാർഷിക/ടൂറിസം/സേവന മേഖലകളിലെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്ന തരത്തിൽ നയങ്ങളും രാഷ്ട്രീയാന്തരീക്ഷവും സൃഷ്ടിച്ചുകൊണ്ട് ചെറുപ്പക്കാരെ സ്വാധീനിക്കാൻ കഴിയുന്ന പുതിയ ഒരു ലിബറൽ സംസ്കാരം രൂപപ്പെടുത്തിയാൽ മാത്രമേ വിദേശരാജ്യങ്ങളിലേയ്ക്കുള്ള കുടിയേറ്റം നിയന്ത്രിക്കാൻ സാധിക്കുകയുള്ളൂ. ആ നിലയ്ക്കുള്ള ഒരു ഇക്കണോമിക് പോളിസി/ ഇനിഷ്യേറ്റീവ് അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നാണ് ഈയവസരത്തിൽ എനിക്ക് നിർദ്ദേശിക്കാനുള്ളത്.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, 2022-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. എനിക്കുമുമ്പ് സംസാരിച്ച ബഹുമാന്യനായ മൂവാറ്റുപുഴ അംഗം ഡോ. മാത്യു കുഴൽനാടന്റെ പ്രസംഗത്തിൽ ആദ്യംപറഞ്ഞ നമ്മുടെ സമ്പദ്ഘടന പരിപോഷിപ്പിക്കുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനും കാർഷിക മേഖലയുടെ പുനരുദ്ധാരണം ലക്ഷ്യം വച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കണമെന്ന ക്രിയാത്മകമായ നിർദ്ദേശത്തോട് ഞാൻ യോജിക്കുകയാണ്. ഈ ഗവൺമെന്റ് ആ ദിശയിലുള്ള ഗുണപരമായ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് തുടങ്ങിയിട്ടുണ്ടെന്ന് കാണുന്നതിനെ ശുഭോദർക്കമായി കാണുകയും അഭിനന്ദിക്കുകയും ചെയ്യാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. റബ്ബർ മേഖലയിൽനിന്നാണ് ഞാൻ വരുന്നത്. റബ്ബർ കൃഷി വലിയ നഷ്ടത്തിലേയ്ക്ക് കൂപ്പുകുത്തിയിട്ട് ഏതാണ്ട് ഒരു വ്യാഴവട്ടത്തിലധികമായി. ഇപ്പോൾ സംസ്ഥാന ഗവൺമെന്റ് കേരള റബ്ബർ ലിമിറ്റഡ് എന്ന കമ്പനിക്ക് രൂപം നൽകുകയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് കർഷകരെക്കൂടി ഉൾപ്പെടുത്തി പൊതുജന-സ്വകാര്യ പങ്കാളിത്തത്തോടെയുള്ള പദ്ധതികളാവിഷ്കരിച്ച് നല്ലനിലയിലുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുകയുമാണ്. മറ്റ് കാർഷിക വിഭവങ്ങളുമായി ബന്ധപ്പെട്ടും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുണ്ടാക്കുന്നതിനും അതുവഴി കാർഷിക മേഖലയ്ക്ക് കൂടുതൽ ഉണർവ് പകരുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഈ ബഡ്ജറ്റിൽത്തന്നെ ധനകാര്യ വകുപ്പുമന്ത്രി നിർദ്ദേശിക്കുകയും അതിനാവശ്യമായ പണം വകയിരുത്തുകയും ചെയ്തിട്ടുണ്ട്. അത്തരം കാഴ്ചപ്പാടോടുകൂടിയ പ്രവർത്തനങ്ങൾ സഹകരണ മേഖലയുമായി ബന്ധപ്പെട്ടും നടത്തുന്നുണ്ടെന്ന് ഇതോടൊപ്പം കൂട്ടിച്ചേർത്ത് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഭേദഗതി ബില്ലിന്റെ ഉദ്ദേശ്യത്തെക്കുറിച്ച് നമുക്കൊക്കെയറിയാം. മാൻഡേറ്ററിയായിട്ടുള്ള കാര്യമാണെന്നും റവന്യൂ കമ്മി കുറച്ചുകൊണ്ടുവന്ന് ഇല്ലാതാക്കുന്നതിനും കടത്തിന്റെ ആരോഗ്യകരമായ മാനേജ്മെന്റ് ഉറപ്പുവരുത്തുന്നതിനും ധനസംബന്ധമായ സുസ്ഥിരതയുമൊക്കെ ലക്ഷ്യംവച്ചുള്ള ബില്ലാണിത്. സംസ്ഥാനത്തിന്റെ പൊതുതാൽപ്പര്യ സംരക്ഷണവും വികസനവും ക്ഷേമവുമായി ബന്ധപ്പെട്ട ക്രമവൽക്കരണവും നടത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ട് അവതരിപ്പിക്കപ്പെട്ട ഈ ബില്ലിനോടനുബന്ധിച്ച് വളരെ പ്രസക്തമായ ചില ചോദ്യങ്ങൾ ഉയരുന്നുണ്ടെന്നും ഗഹനമായ ചില വിഷയങ്ങൾ വിശകലനം ചെയ്യപ്പെടേണ്ടതുണ്ടെന്നുംകൂടി സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കേന്ദ്ര-സംസ്ഥാന ബന്ധങ്ങളും ഭരണഘടന വിഭാവനംചെയ്യുന്ന ഫെഡറൽ തത്വങ്ങളും പാലിക്കപ്പെടുന്നുണ്ടോയെന്നും അവ ദുർബലപ്പെടുത്താനും ലംഘിക്കപ്പെടാനുമുള്ള ശ്രമങ്ങളും സംബന്ധിച്ച ചർച്ചകളും ഇതോടനുബന്ധിച്ച് നടത്തേണ്ടതുണ്ടെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കേരളത്തിലെ വികസനവും ക്ഷേമപ്രവർത്തനങ്ങളും നല്ലരൂപത്തിൽ അതിവേഗത്തോടും ലക്ഷ്യബോധത്തോടുംകൂടി എൽ.ഡി.എഫ്. സർക്കാർ മുന്നോട്ടുകൊണ്ടുപോകുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളൊക്കെ ഈ ബില്ലുമായി ബന്ധപ്പെട്ട് ഉയർന്നുവരുന്നുണ്ട്. പ്രതിപക്ഷവും ചില നിക്ഷിപ്തതാൽപ്പര്യക്കാരുമൊക്കെ ആരോപിക്കുന്നതുപോലെ കേരളം കടക്കെണിയിലേയ്ക്ക് പോകുന്നുവെന്ന പരിഭ്രാന്തിയും ആശങ്കയും പരത്തുന്ന തെറ്റിദ്ധാരണാപരമായ പ്രചാരണങ്ങൾ സംബന്ധിച്ച വസ്തുതകളും ഇതുമായി ബന്ധപ്പെട്ട് വിശകലനം ചെയ്യപ്പെടേണ്ടതുണ്ടെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ധനകാര്യപരമായി കൂച്ചുവിലങ്ങിട്ട് സാമ്പത്തികമായി ദുർബലപ്പെടുത്തികൊണ്ട് സംസ്ഥാനത്തെ വരുതിയിൽനിർത്താമെന്നുള്ള രാഷ്ട്രീയപ്രേരിതമായ നിലപാടും സമീപനവും കേന്ദ്രഗവണ്മെന്റ് അവലംബിക്കുന്നുവെന്നത് സുവ്യക്തമാണെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഭരണഘടന അംഗീകരിച്ചുനൽകിയിട്ടുള്ള ഫെഡറൽ തത്വങ്ങളുടെ അടിസ്ഥാനത്തിലുള്ള അവകാശങ്ങൾ ലംഘിക്കപ്പെടുന്ന തെറ്റായ നിലപാടുകൾ കേന്ദ്ര ഗവണ്മെന്റ് ധനപരമായ കാര്യങ്ങളിൽ സംസ്ഥാനങ്ങളോട് വച്ചുപുലർത്തുകയാണെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. സംസ്ഥാനത്തെ സാമ്പത്തികമായി ഞെരുക്കി കൂച്ചുവിലങ്ങിടാൻ ശ്രമിക്കുകയാണ്. പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റഴിച്ചും കുത്തകകളെ പ്രോത്സാഹിപ്പിച്ചും സാധാരണക്കാരുടെ അവകാശങ്ങൾ ഹനിച്ചും എല്ലാ സംരക്ഷണ-സേവന-ക്ഷേമ പ്രവർത്തനങ്ങളെയും പരിമിതപ്പെടുത്തിയും കേന്ദ്ര ഗവണ്മെന്റ് നടത്തുന്ന നവഉദാരവൽക്കരണ നയങ്ങളുടെ ഭാഗമായി സംസ്ഥാനത്തെയും കൊണ്ടുപോകാനുള്ള ശ്രമങ്ങളാണ് ഇവിടെ നടത്തിക്കൊണ്ടിരിക്കുന്നതെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, വായ്പയുടെയും ധനകാര്യ മാനേജ്മെന്റിന്റെയും കാര്യത്തിൽ കുറച്ചുകൂടി നിയന്ത്രണം കൊണ്ടുവരികയെന്ന ലക്ഷ്യത്തോടെയാണ് 2003-ൽ ഈ നിയമം കൊണ്ടുവന്നത്. ഇപ്പോഴത് നിയന്ത്രണത്തിനപ്പുറം ചെലവുചുരുക്കലിന്റെ ഘട്ടത്തിലേയ്ക്ക് എത്തിയിരിക്കുകയാണ്. കേന്ദ്ര ഗവണ്മെന്റ് എടുക്കുന്ന നിലപാടുകളുടെ ഫലമായി ഡിവിസിബിൾ പൂളിൽനിന്നും നമുക്ക് ലഭിച്ചുകൊണ്ടിരുന്ന വരുമാനം ലഭിക്കാത്ത സാഹചര്യം ഉണ്ടാകുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സൂചിപ്പിച്ചതുപോലെ സ്പെഷ്യൽ എക്സൈസ് ഡ്യൂട്ടി പോലുള്ള ചില മാർഗ്ഗങ്ങളിലൂടെ സംസ്ഥാനങ്ങൾക്ക് നിയമപരമായി നൽകേണ്ടതായ പണം നൽകാതിരിക്കുന്നതിനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. നമുക്ക് കേന്ദ്രാവിഷ്കൃത പദ്ധതിയും കേന്ദ്ര പദ്ധതിയുമുണ്ട്. സംസ്ഥാനങ്ങൾ വിഹിതം വയ്ക്കേണ്ടതായ പദ്ധതികളുടെ എണ്ണം വർദ്ധിപ്പിക്കുകയും കേന്ദ്ര ഗവണ്മെന്റ് നേരിട്ട് നടപ്പാക്കേണ്ട പദ്ധതികളുടെ എണ്ണം കുറയ്ക്കുകയും ചെയ്യുവെന്നതാണ് കഴിഞ്ഞ കേന്ദ്ര ബഡ്ജറ്റിൽ കണ്ട ഒരു പ്രവണത. ഇത് സംസ്ഥാനങ്ങൾക്ക് അധിക ബാധ്യത ഉണ്ടാക്കുകയാണ് ചെയ്യുന്നത്. ഡിവിസിബിൾ പൂളിൽനിന്നും നമുക്ക് ലഭിക്കേണ്ട വരുമാനം കുറയ്ക്കുകയും സെസ്സ് പോലുള്ള മറ്റു മാർഗ്ഗങ്ങളിലൂടെ പണം കേന്ദ്ര ഗവണ്മെന്റ് കളക്ട് ചെയ്യുകയും ചെയ്യുന്നു. ഇന്ത്യയുടെ മൊത്തത്തിലുള്ള ചെലവെടുത്താൽ ഏറ്റവും കൂടുതൽ ചെലവ് ചെയ്യുന്നത് സംസ്ഥാനങ്ങളാണെന്നും വരുമാനത്തിന്റെ കണക്കെടുത്താൽ ഏറ്റവും കൂടുതൽ വരുമാനം കേന്ദ്രത്തിനാണെന്നും മനസ്സിലാകും. ഈയൊരു വൈരുദ്ധ്യം നിലനിൽക്കുകയാണ്. കേന്ദ്ര-സംസ്ഥാന ബന്ധങ്ങൾ പൊളിച്ചെഴുതണമെന്നത് പാർട്ടിയുൾപ്പെടെ ആവശ്യപ്പെട്ടിരുന്ന കാര്യമാണ്. Fiscal federalism ഇല്ലാതാക്കുന്ന ഈയൊരു കാലഘട്ടത്തിൽ അന്ന് നമ്മൾ പറഞ്ഞത് വളരെയേറെ പ്രസക്തമായൊരു കാര്യമാണെന്ന് അങ്ങേയ്ക്ക് ഇപ്പോൾ തോന്നുന്നുണ്ടോ?

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. പ്രമോദ് നാരായൺ: സർ, ബഹുമാനപ്പെട്ട അംഗം ഡോ. എൻ. ജയരാജ് fiscal federalism എന്ന വാക്ക് ഉപയോഗിക്കുകയുണ്ടായി. ധനകാര്യ വകുപ്പുമന്ത്രിയും fiscal federalism-ത്തെക്കുറിച്ച് ആവർത്തിച്ച് സഭയിൽ ചർച്ചചെയ്തു. Centrally Sponsored Scheme (CSS)-ന്റെ കാര്യത്തിൽ പദ്ധതികളുടെ എണ്ണത്തിൽ മാത്രമല്ല, പദ്ധതികളിലെ കേന്ദ്ര വിഹിതത്തിന്റെ കാര്യത്തിലും സിഗ്നിഫിക്കന്റായ കുറവുണ്ടായിട്ടുണ്ട്. യഥാർത്ഥത്തിൽ fiscal federalism എന്നതിനേക്കാൾ കേന്ദ്രത്തിൽ അധികാരത്തിലിരിക്കുന്ന ഗവണ്മെന്റ്, തുടർച്ചയായ രണ്ടാം തവണയും ഫിസ്കൽ ഫാസിസ്സമാണ് നടപ്പാക്കുന്നതെന്ന് പറഞ്ഞാൽ അതിനോട് അങ്ങ് യോജിക്കുമോ?

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, ബഹുമാനപ്പെട്ട ചീഫ് വിപ്പ് ഡോ. എൻ. ജയരാജും ബഹുമാനപ്പെട്ട റാന്നി എം.എൽ.എ., ശ്രീ. പ്രമോദ് നാരായണനും ഉന്നയിച്ച വിഷയങ്ങളോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. കേന്ദ്ര ഗവണ്മെന്റ് fiscal federalism സംബന്ധിച്ച് സ്വീകരിക്കുന്ന നയങ്ങൾ, ഒരു നിലയിലും സംസ്ഥാനത്തിന് ഗുണകരമല്ല. അതുപോലെ ഡിവിസിബിൾ പൂളിൽനിന്നും നമുക്ക് ലഭിക്കേണ്ട അവകാശങ്ങൾ വെട്ടിച്ചുരുക്കുകയും നമ്മെ നിയന്ത്രിക്കുകയും പരിമിതപ്പെടുത്തുകയും ചെയ്യുന്ന സമീപനം വച്ചുപുലർത്തുന്നുവെന്നത് വളരെ സുവ്യക്തമാണ്. ഇവിടെ ഉയരുന്ന ഒരു ചോദ്യം; കേന്ദ്ര ഗവണ്മെന്റ് സംസ്ഥാന ഗവണ്മെന്റിനെ ഞെരുക്കുമ്പോൾ, നമ്മുടെ വികസന പ്രവർത്തനങ്ങളാകെ നിർത്തിവയ്ക്കണോ; ക്ഷേമപ്രവർത്തനങ്ങൾ അവസാനിപ്പിക്കണോ എന്നുള്ളതാണ്. അപ്പോൾ തെറ്റായ ഉദ്ദേശ്യത്തോടുകൂടി നിയമവിരുദ്ധമെന്ന് വിശേഷിപ്പിക്കാവുന്ന വിധത്തിലുള്ള ഒരു സമീപനവുമായി കേന്ദ്ര സർക്കാർ മുന്നോട്ടുപോകുമ്പോൾ നമുക്ക് വഴങ്ങിക്കൊടുക്കാൻ കഴിയില്ല. നമ്മുടെ സാമ്പത്തിക സ്വാതന്ത്ര്യം അടിയറവ് വയ്ക്കാതെ, അവകാശങ്ങൾ മുറുകെപ്പിടിച്ചുകൊണ്ട് സംസ്ഥാനത്തെ മുന്നോട്ട് നയിക്കേണ്ടതുണ്ട്. കേന്ദ്ര ഗവണ്മെന്റ് തുടരുന്ന തെറ്റായ സമീപനത്തേയും രാഷ്ട്രീയപ്രേരിതമായ നയപരിപാടികളെയും സഹായിക്കുന്ന തരത്തിലുള്ള ഒരു നയസമീപനമാണ്, കേരളം കടക്കെണിയിലേയ്ക്കെന്ന രീതിയിലുള്ള തെറ്റായ പ്രചാരവേലയുമായി ചില മാധ്യമങ്ങളെ കൂട്ടുപിടിച്ചുകൊണ്ട് പ്രതിപക്ഷം നടത്തുന്നതെന്ന കാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ ആകെ കടത്തിന്റെ തോത് മൂന്ന് ലക്ഷം കോടി രൂപയിലധികമാണെന്നുള്ളതും അത് നമ്മുടെ ജി.ഡി.പി.(Gross Domestic Product)-യുടെ അല്ലെങ്കിൽ ജി.എസ്.ഡി.പി.(Gross State Domestic Product)-യുടെ 36 ശതമാനമാണെന്നതും വസ്തുതയാണ്. പക്ഷെ, ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ മെച്ചപ്പെട്ട നിലയിലാണ് നാം. ഇന്ത്യയിൽ ഏറ്റവും കൂടുതൽ കടബാധ്യതയുള്ള സംസ്ഥാനം ഉത്തർപ്രദേശാണ്. 6,29,000 കോടി രൂപയുമായി ഒന്നാം സംസ്ഥാനത്ത് യു. പി. നിൽക്കുമ്പോൾ, കേരളം കേവലം 3,29,000 കോടി രൂപയുടെ കടബാധ്യതയുമായി ഒൻപതാം സ്ഥാനത്താണുള്ളത്. അപ്പോൾ സ്വാഭാവികമായും ജി.എസ്.ഡി.പി. അവിടെ കൂടുതലാണെന്ന വസ്തുതയുടെ അടിസ്ഥാനത്തിൽ അതിനെ ശതമാനക്കണക്കിൽ വകയിരുത്തിയാലും നേരത്തെ സൂചിപ്പിച്ചതുപോലെ കേരളത്തിന്റേത് 36 ശതമാനത്തിലധികം നിൽക്കുമ്പോൾ, ജി.എസ്.ഡി.പി.-യുടെ 40 ശതമാനത്തിലധികം കടബാധ്യതയുള്ള പല സംസ്ഥാനങ്ങളും ഇന്ത്യയിലുണ്ടെന്നത് വസ്തുതയാണ്. അതിൽ ശ്രദ്ധേയമായൊരു കാര്യം കോൺഗ്രസ് ഭരിക്കുന്ന രാജസ്ഥാനിൽ, ജി.എസ്.ഡി.പി.-യുടെ 40 ശതമാനത്തോളമാണ് ആകമാന കടം. ഏതാനും മാസങ്ങൾക്കുമുമ്പുവരെ കോൺഗ്രസ് ഭരിച്ചിരുന്ന പഞ്ചാബിൽ 46 ശതമാനമാണ്

കടബാധ്യത, ശതമാനക്കണക്കിൽ ഇന്ത്യയിലെതന്നെ ഏറ്റവും കൂടുതൽ കടബാധ്യതയുള്ള ഒരു സംസ്ഥാനമായി പഞ്ചാബ് മാറിയിരിക്കുന്നു. ഈ യഥാർത്ഥ വസ്തുതയെല്ലാം മറച്ചുവച്ചുകൊണ്ട് ബോധപൂർവ്വം കേന്ദ്ര ഗവണ്മെന്റ് പലവിധത്തിലുള്ള ചിറ്റമ്മനയം കേരളത്തോട് സ്വീകരിക്കുമ്പോൾ, അതിനെയെല്ലാം സഹായിക്കുന്ന നിലയിലും സംസ്ഥാനത്തിന്റെ പൊതുതാൽപര്യങ്ങൾ നിഷേധിക്കപ്പെടുന്നതിന് ഇടയാക്കുംവിധമുള്ള പ്രചാരവേലയാണ് പ്രതിപക്ഷം നടത്തുന്നതെന്നാണ് ഇക്കാര്യത്തിൽ എനിക്ക് സൂചിപ്പിക്കാനുള്ളത്. കടം വർദ്ധിച്ചുവെന്ന് പറയുമ്പോൾ ജി.ഡി.പി.-യും ജി.എസ്.ഡി.പി.-യും വർദ്ധിച്ചുവെന്ന വസ്തുത കാണാതെ പോകരുത്. അതുപോലെ പ്രധാനമായും സോഷ്യൽ കമ്മിറ്റ്മെന്റിന്റെ കാര്യത്തിൽ, കണക്കുകൾ പരിശോധിച്ചാൽ ബോധ്യപ്പെടുന്ന ഒരുകാര്യം കേരളത്തിന്റെയത്ര പ്രതിബദ്ധത ഇന്ത്യയിൽ മറ്റൊരു സംസ്ഥാനവും പുലർത്തിയിട്ടില്ലെന്നതാണ്. സംസ്ഥാനം രൂപീകൃതമായ കാലംമുതൽ ആരോഗ്യ-വിദ്യാഭ്യാസ മേഖലയിൽ കേരളം വച്ചുപുലർത്തിയിട്ടുള്ള വലിയ ഊന്നലും അതിന്റെ ഫലമായി നാം കൈവരിച്ച നേട്ടങ്ങളും എടുത്തുപറയേണ്ട ഒന്നാണ്. ഹ്യൂമൻ റിസോഴ്സ് ഇൻഡക്സിന്റെ കാര്യത്തിൽ, കേരളം ഇന്ത്യയിൽ ഒന്നാം സ്ഥാനത്താണ് നിൽക്കുന്നത്. നമ്മുടെ ആളുകൾ എത്തിപ്പെടാത്ത ലോക രാജ്യങ്ങളൊന്നുംതന്നെയില്ല. നമ്മൾ ഈ അടുത്ത സമയത്താണ് 'ലോക കേരളസഭ' നടത്തിയത്. ആ രൂപത്തിൽ നമ്മുടെ ആളുകൾ, യുവത്വം ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലുംപോയി അവസരങ്ങൾ നേടിയെടുത്ത് മികവ് തെളിയിച്ചിട്ടുണ്ട്. അക്കാര്യത്തിൽ കേരളം കാലങ്ങളായി നടത്തിയ പ്രധാനപ്പെട്ട ഇടപെടലുകളും അതുപോലെ സോഷ്യൽ സെക്യൂരിറ്റി മിഷനുമായി ബന്ധപ്പെട്ടുള്ള സാമൂഹ്യ സുരക്ഷിതത്വ പ്രവർത്തനങ്ങളും ഈ രംഗങ്ങളിൽ 'കേരളാ മോഡൽ' എന്ന പേരുതന്നെ നമുക്ക് നേടിയെടുക്കാൻ കഴിഞ്ഞു.

സാർവ്വത്രികമായ പെൻഷൻ സ്കീം, ഒരു പക്ഷെ general wellbeing-ന്റെ കാര്യത്തിൽ, ലോകത്ത് മികച്ചുനിൽക്കുന്ന സ്കാന്റിനേവിയൻ രാജ്യങ്ങളോട് തുലനംചെയ്യാൻ കഴിയുന്ന ഏക ഇന്ത്യൻ സംസ്ഥാനം കേരളമായിരിക്കും. ഇന്ത്യയിലെ സാമ്പത്തിക നയങ്ങളുടെ അടിസ്ഥാനത്തിൽ ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം വളരെയേറെ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ, ആ അന്തരം ഏറ്റവും കുറവുള്ള സംസ്ഥാനം കേരളമാണെന്ന് നമുക്ക് അഭിമാനപൂർവ്വം പറയാൻ കഴിയും. അതുപോലെ കോവിഡ് മഹാമാരി, പ്രളയം തുടങ്ങിയ ദുരിതങ്ങൾക്കിടയിലും സാമൂഹിക സുരക്ഷിതത്വം ഉറപ്പുവരുത്തിക്കൊണ്ട് ഈ നാടിനെ സംരക്ഷിച്ചുകൊണ്ടുപോകാനും സാധാരണക്കാരനെയും പാർശ്വവൽക്കരിക്കപ്പെട്ടവനെയും ചേർത്തുപിടിച്ചുകൊണ്ട് മുന്നോട്ടുപോകാനും ഈ ഗവണ്മെന്റിന് കഴിഞ്ഞുവെന്നുള്ളതാണ് എടുത്തുപറയത്തക്ക നേട്ടമെന്ന്

സൂചിപ്പിക്കുകയാണ്. കോവിഡ് കാലത്തിനുമുമ്പ് നമ്മുടെ ആകെ കടം ജി.എസ്.ഡി.പി.-യുടെ 30 ശതമാനത്തിന് താഴെയായി നിലനിർത്തിക്കൊണ്ടുപോകാൻ കഴിയുമായിരുന്നുവെന്നുള്ളതാണ് വസ്തുത. അവിടെ മനസ്സിലാക്കേണ്ട വേറൊരു കാര്യം, ഓരോ സാമ്പത്തിക വർഷവും നമുക്ക് കടമെടുക്കാനുള്ള പരിധി മൂന്ന് ശതമാനമോ അല്ലെങ്കിൽ അതിനോടടുത്ത സംഖ്യയോ ആണ്. ആ കണക്കുതന്നെ കഴിഞ്ഞ കുറെയേറെ വർഷങ്ങളായി, എൽ.ഡി.എഫ്., യു.ഡി.എഫ്. ഗവൺമെന്റുകളെന്ന വ്യത്യാസമില്ലാതെ സംസ്ഥാന ജി.ഡി.പി.-യുടെ ഏതാണ്ട് മൂന്ന് ശതമാനമെന്ന നിരക്കിൽ ഓരോ വർഷവുമെടുത്ത ആകെ കടമാണെന്ന യാഥാർത്ഥ്യം നാം കാണേണ്ടതാണ്. അവസാന കാലഘട്ടത്തിലെ വർദ്ധനവ്, കോവിഡിന്റെ പശ്ചാത്തലത്തിൽ ചെലവ് വർദ്ധിക്കുകയും വരവ് കുറയുകയും ചെയ്ത സാഹചര്യത്തിലുണ്ടായ സ്വാഭാവിക വർദ്ധനയാണെന്ന വസ്തുതയും യാഥാർത്ഥ്യവും നിഷ്പക്ഷ ബുദ്ധിയോടുകൂടി കേരളത്തിന്റെ സാമ്പത്തിക സ്ഥിതിവിവരക്കണക്കുകൾ പരിശോധിക്കുന്ന ആർക്കും മനസ്സിലാകും.

മറ്റൊരു കാര്യം, ഈ അടുത്ത നാളുകളിൽ ഗവണ്മെന്റിനെതിരെ അല്ലെങ്കിൽ സംസ്ഥാനത്തിന്റെ താൽപര്യത്തിന് വിരുദ്ധമായി, കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറലുൾപ്പെടെ നിലപാട് സ്വീകരിച്ച സാഹചര്യമുണ്ടായി. എന്തടിസ്ഥാനത്തിലാണ് അങ്ങനെയൊരു നിലപാട് സ്വീകരിച്ചത്; ഓഫ് ബഡ്ജറ്റ് ബോറോയിംഗുമായി ബന്ധപ്പെട്ട് ബഡ്ജറ്റിന് പുറത്തുള്ള കടമെടുക്കലാകെ (അത് കിഫ്ബിയുടേതായാലും പെൻഷൻ കമ്പനിയുടേതായാലും) സംസ്ഥാനത്തിന്റെ ബാധ്യതയാണെന്ന നിലയിൽ വകയിരുത്തുകയും അതെല്ലാം നിയന്ത്രിക്കണമെന്നും നിരോധിക്കണമെന്നുമുള്ള നിർദ്ദേശങ്ങൾ വരുമ്പോൾ, ഇക്കാര്യത്തിലും രാഷ്ട്രീയപ്രേരിതമായ ഇരട്ടത്താപ്പ് ഭരണഘടനാ സ്ഥാപനമായ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ ഭാഗത്തുനിന്നുമുണ്ടായിയെന്ന് പറയേണ്ടിവരുന്നത് ദൗർഭാഗ്യകരമാണെന്ന് സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. കാരണം ഇതേ നിലപാടുതന്നെയാണ് കേന്ദ്രഗവണ്മെന്റും സ്വീകരിച്ചുവരുന്നത്. ബഡ്ജറ്റിന് പുറത്തുനിന്നുള്ള കടമെടുക്കൽ കേന്ദ്രഗവണ്മെന്റ് എല്ലാരംഗത്തും അനുവർത്തിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞവർഷത്തെ കേന്ദ്ര ബഡ്ജറ്റിൽ, ഭക്ഷ്യസബ്സിഡിക്കായി ഒന്നര ലക്ഷം കോടി രൂപ വകയിരുത്തിയപ്പോൾ അതിൽ പകുതി മാത്രം ബഡ്ജറ്റിൽ കണക്കാക്കുകയും ബാക്കി തുക ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയോട് പുറത്തുനിന്നും കടമെടുക്കാൻ നിർദ്ദേശിക്കുകയുമാണ് ചെയ്തത്. അതുതന്നെയാണ് ഗ്യാസ്/ വളം സബ്സിഡികളുടെയും നാഷണൽ ഹൈവേ അതോറിറ്റിയുമായും റെയിൽ വികസനവുമായി ബന്ധപ്പെട്ടുള്ള പദ്ധതികളുടെ കാര്യത്തിലും അനുവർത്തിച്ചുവരുന്നത്. അവിടെയൊന്നും ബഡ്ജറ്റിനുപുറത്തുനിന്നുള്ള കടമെടുപ്പ്

പാടില്ലെന്നും ആ കടമാകെ ആകമാന കടത്തിന്റെ ഭാഗമായി പരിധിക്കുള്ളിൽ നിർത്തണമെന്നുമുള്ള നിർദ്ദേശം പുറപ്പെടുവിക്കാൻ സി.&എ.ജി. മുന്നോട്ടുവരുന്നില്ലെന്നുള്ളത് നാം കാണേണ്ട വലിയൊരു യാഥാർത്ഥ്യമാണ്. സംസ്ഥാനങ്ങളുടെ ആകമാന കടം ജി.ഡി.പി.-യുമായി തട്ടിച്ചുനോക്കുമ്പോൾ കേരളത്തിന്റേത് 2.6 ശതമാനം ആണെങ്കിൽ കേന്ദ്ര ഗവൺമെന്റിന്റേത് 4.6 ശതമാനമാണ്. അതുപോലെ കേരളത്തിന്റെ ആകെ പൊതുകടത്തേക്കാൾ അധികമാണ് കേന്ദ്ര ഗവൺമെന്റിന്റെ കഴിഞ്ഞ സാമ്പത്തിക വർഷം മാത്രമുള്ള ഓഫ് ബഡ്ജറ്റ് ബോറോയിംഗ്സ് എന്ന് മനസ്സിലാക്കുമ്പോഴാണ് കേന്ദ്രം എത്രമാത്രം സാമ്പത്തിക രംഗത്ത് കുത്തഴിഞ്ഞ സമീപനമാണ് സ്വീകരിക്കുന്നതെന്ന് മനസ്സിലാകുന്നത്. ഇത് ആകെ കുത്തകകളെ പ്രോത്സാഹിപ്പിക്കുന്ന രാജ്യതാൽപര്യത്തിന് വിരുദ്ധമായ സമീപനമാണ്. കേന്ദ്രത്തിന്റെ തെറ്റായ നയങ്ങൾ ഏതൊക്കെ കാര്യങ്ങളിലാണ്; വികേന്ദ്രീകരണത്തിനുപകരം വിഭവങ്ങളുടേതുൾപ്പെടെ കേന്ദ്രീകരണമാണ് നടക്കുന്നത്. അശാസ്ത്രീയമായ ജി.എസ്.ടി., നോട്ട് നിരോധനം, സംസ്ഥാന വിഹിതം വെട്ടിക്കുറച്ചത്, കേന്ദ്രാവിഷ്കൃത പദ്ധതികൾ പരിമിതപ്പെടുത്തുന്നത്, പൊതുമേഖലാ സ്ഥാപനങ്ങളാകെ വിറ്റഴിക്കുന്നത്, സബ്സിഡികൾ വെട്ടിക്കുറയ്ക്കുന്നത്, സഹകരണ പ്രസ്ഥാനങ്ങളെ തകർക്കാൻ ശ്രമിക്കുന്നത്, തൊഴിൽനിയമങ്ങൾ അട്ടിമറിക്കുന്നത്, ക്ഷേമപദ്ധതികൾ നിർത്തലാക്കുന്നത്, കർഷകവിരുദ്ധ കരിനിയമങ്ങൾ പാസ്സാക്കുന്നത്, ഭരണഘടനാസ്ഥാപനങ്ങളെ ദുർബലമാക്കുന്നതുൾപ്പെടെ ധനകാര്യരംഗത്ത് അങ്ങേയറ്റം ഏകാധിപത്യപരമായ, കേന്ദ്രീകൃതമായ തെറ്റായ നയസമീപനങ്ങളുമായി മുന്നോട്ടുപോകുമ്പോൾ അതിനെ ഒന്നിച്ച് എതിർക്കാൻ പ്രതിപക്ഷം മുന്നോട്ടുവരണമെന്നുമാത്രമാണ് എനിക്ക് ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കാനുള്ളത്. സംസ്ഥാനത്തിന്റെ അവകാശങ്ങൾ കവർന്നെടുക്കുന്ന കേന്ദ്രനയങ്ങളെ ഒന്നിച്ചെതിർക്കുന്നതിനുപകരം സംസ്ഥാന താൽപ്പര്യങ്ങൾ ഹനിക്കുന്നതിനുവേണ്ടി കേന്ദ്രം നടത്തുന്ന തെറ്റായ നയങ്ങളെ പരോക്ഷമായി പ്രോത്സാഹിപ്പിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുന്ന സമീപനമെടുക്കുന്നത് അങ്ങേയറ്റം ദൗർഭാഗ്യകരമാണ്. അതിന്റെ ഭാഗമായാണ് കിഫ്ബിക്കെതിരായ ഇ.ഡി.-യുടെ നീക്കത്തെ ഒരു പരിധിവരെ അംഗീകരിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന സാഹചര്യം പ്രതിപക്ഷം അവലംബിച്ചതെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. അത്തരമൊരു സാഹചര്യത്തിൽ പാവപ്പെട്ടവന്റെ പക്ഷംചേർന്ന് നിൽക്കാനും സംസ്ഥാന താൽപ്പര്യങ്ങൾ സംരക്ഷിക്കാനും സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വികസനക്ഷേമപ്രവർത്തനങ്ങൾ ഒരു ഭംഗവും വരാതെ മുന്നോട്ടുകൊണ്ടുപോകാനുമുള്ള ഈ ഗവൺമെന്റിന്റെയും ധനകാര്യ

വകുപ്പുമന്ത്രിയുടെയും അങ്ങേയറ്റം ആത്മാർത്ഥവും ദിശാബോധവും വച്ചുപുലർത്തിക്കൊണ്ടുള്ള ഭാവനാപൂർണ്ണമായ പ്രവർത്തനത്തിന് കൂടുതൽ സഹായകരമാകുന്നതാണ് ഈ ബിൽ എന്ന് ചൂണ്ടിക്കാണിച്ചുകൊണ്ടും ഈ ബില്ലിന് പിന്തുണ അറിയിച്ചുകൊണ്ടും എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 15-ാം ധനകാര്യ കമ്മീഷൻ പറഞ്ഞിരിക്കുന്ന സാമ്പത്തിക രംഗത്തെ ചിട്ടപ്പെടുത്തലിന്റെ ഭാഗമായാണ് ഈ നിയമം ഭേദഗതി ചെയ്യുന്നത്. ബോറോയിംഗിന്റെ ലിമിറ്റ് മൂന്ന് ശതമാനമാക്കിയാണ് നിർത്തേണ്ടത്. അതുകൊണ്ടുതന്നെയാണ് ഇത്തരമൊരു നിയമം കൊണ്ടുവന്നത്. പക്ഷേ, കോവിഡ് സമയത്ത് 5%, 4½%, 4%, 3½% എന്ന നിലയിൽ പ്രത്യേകമായി കടമെടുക്കാൻ എല്ലാ സംസ്ഥാനങ്ങൾക്കും അവകാശം കൊടുത്തു. അതുകൂടി ഈ നിയമത്തിൽ ഉൾപ്പെടുത്തിക്കൊണ്ടുവരണം. അതുപോലെ 2021-22, 2022-23, 2023-24, 2024-25, 2025-26 വർഷങ്ങളിലെ കടബാദ്ധ്യത ആകെ എത്രയാകാമെന്നതിന് കണക്കുണ്ട്. യഥാക്രമം 34.7%, 34.5%, 33.7%, 32.8%, 32% എന്ന നിലയിൽ കുറച്ചുകൊണ്ടുവരണമെന്ന നിയമപരമായ ബാദ്ധ്യതയും നമുക്കുണ്ട്. ആ നിർദ്ദേശം ഉപദേശരൂപത്തിലാണ് നൽകിയിരിക്കുന്നത്. അതുപോലെ മൂന്ന് ശതമാനമെന്നത് കേന്ദ്ര ഗവണ്മെന്റിന്റെ കണക്കനുസരിച്ചുള്ളതാണ്. അതെത്തിക്കാൻവേണ്ടിയുള്ള ഒരു ഭേദഗതിയാണിത്. ഇടക്കാലത്ത് വന്ന ചെറിയ വർദ്ധനവുൾപ്പെടെ ഈ ഭേദഗതിയിൽ ചേർക്കണം, അതാണ് ഇതിന്റെ സാങ്കേതികമായ കാര്യം. കണക്ക്, നിയന്ത്രിക്കൽ തുടങ്ങിയ സാമ്പത്തികമായ പ്രവർത്തനങ്ങളെ സംബന്ധിച്ച് വലിയ വിമർശനങ്ങളൊന്നും ഇവിടെ വന്നില്ല. ഇതുസംബന്ധിച്ചൊരു ചർച്ച പോലെയായിരുന്നു ഇന്നത്തെ ചോദ്യോത്തരവേളയും. ഭരണകക്ഷി അംഗങ്ങൾ മാത്രമല്ല, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും പ്രതിപക്ഷ ഉപനേതാവും പ്രതിപക്ഷാംഗങ്ങളുമുൾപ്പെടെ ഫിസ്കൽ ഫെഡറലിസത്തിന്റെയും സംസ്ഥാന വരുമാനത്തിന്റെ പ്രശ്നവും സംബന്ധിച്ച് ഒരുമിച്ച് മുന്നോട്ടുപോകാമെന്നുള്ള അഭിപ്രായംതന്നെയാണ് പറഞ്ഞത്. അതുമായി ബന്ധപ്പെട്ട വളരെനല്ല ചർച്ചയാണ് ഇന്ന് രാവിലെ നടന്നത്. കടബാധ്യതയെ സംബന്ധിച്ച് പരിശോധിക്കുമ്പോൾ ഒന്നുരണ്ടുകാര്യങ്ങൾ ചുരുക്കിപ്പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം.

2000-2001-ൽ സംസ്ഥാനത്തിന്റെ ആകെ കടബാധ്യത 26259 കോടി രൂപയായിരുന്നു, എന്നുപറഞ്ഞാൽ 36.14% ആയിരുന്നു. അത് ക്രമേണ വർദ്ധിച്ച് 2003-04-ൽ 39,151 കോടി രൂപയായി, അതായത് 40.49% ആയി, 2003-04-ൽ കേരളം ഭരിച്ചത് ആരാണെന്ന രാഷ്ട്രീയകാര്യങ്ങളിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. 2006-07 മുതൽ ഇത് കുറഞ്ഞു, 2010-11 ആയപ്പോൾ 83,960 കോടി രൂപയായി അതായത് 31.83 ശതമാനമായി. 2011-12-ൽ വി. എസ്. അച്ചുതാനന്ദൻ

ഗവണ്മെന്റിന്റെ അവസാനവർഷത്തെ കണക്ക് വന്നപ്പോൾ 26.05 ശതമാനമായി കുറഞ്ഞു. എന്നാൽ വീണ്ടുമിത് വർദ്ധിച്ച് 2016-17-ൽ 30.18 ശതമാനമായി. അത് 30.92% എന്ന നിലയിൽ നിൽക്കുകയായിരുന്നു. എന്നാൽ 2019-20-ൽ ആകെയുള്ള കടം 2,67,585 കോടി രൂപയാണ്. എന്നുപറഞ്ഞാൽ സംസ്ഥാനത്തിന്റെ ജി.എസ്.ഡി.പി.-യുടെ 32.46 ശതമാനമായിരുന്നു. കോവിഡ് സാഹചര്യത്തിൽ അത് 37 ശതമാനത്തിനടുത്തേയ്ക്കുവന്നു. ഈ കണക്കുകളിൽ ചില വ്യത്യാസങ്ങളുണ്ട്. കഴിഞ്ഞവർഷം ഇത് കുറഞ്ഞിട്ടുണ്ട്. ഇങ്ങനെ കുറഞ്ഞതല്ലാതെ, ഇവിടെ പ്രചരിപ്പിക്കുന്നതുപോലെ വലിയ വർദ്ധനവുണ്ടായിട്ടില്ല. 22 വർഷത്തെ കണക്കിന്റെ സംക്ഷിപ്തമാണ് എന്റെ കൈവശമുള്ളത്. ഇത് പരിശോധിച്ചാൽ നമ്മുടെ സംസ്ഥാനത്തിന് കടബാധ്യത നിയന്ത്രണമില്ലാത്ത വിധത്തിൽ വർദ്ധിച്ചിട്ടില്ലെന്ന് മനസ്സിലാകും. ഇടയ്ക്ക് കടബാധ്യത കൂടിയിട്ടുണ്ടെങ്കിലും അത് കുറഞ്ഞുവരുന്നതുൾപ്പെടെയുള്ള കണക്കുകൾ ഞാനിവിടെ വിശദീകരിച്ചു. എന്നാൽ കേന്ദ്രഗവണ്മെന്റിന്റെ കടം ഇതിനേക്കാളും വലിയതോതിൽ വർദ്ധിക്കുന്ന സ്ഥിതിയാണുള്ളത്, നിലവിലെ കണക്കനുസരിച്ച് 69 ശതമാനമാണ്. സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി നിയന്ത്രണവിധേയമാക്കി കൊണ്ടുപോകാൻ കഴിയുന്നുണ്ട്.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, സാമ്പത്തിക ശാസ്ത്രത്തിൽ Harrod-Domar Model പറയുന്നത് മൊത്തം ജി.എസ്.ഡി.പി.-യുടെ ഉല്പാദനത്തിന്റെ തോതിനെടുക്കുന്ന പലിശയുടെ കടം ഒരു കാരണവശാലും എക്സീഡ് ചെയ്യരുതെന്നുമാത്രമേയുള്ളൂ, ആ അർത്ഥത്തിൽ Harrod-Domar Model അനുസരിച്ച് കേരളം സ്റ്റേബിളാണ്. 15-ാം ധനകാര്യ കമ്മീഷന്റെ നിലപാടനുസരിച്ച് നിലവിൽ നമ്മുടെ വായ്പാ പരിധി ജി.എസ്.ഡി.പി.-യുടെ നാല് ശതമാനമെന്നുപറഞ്ഞു. ഇത് വെട്ടിക്കുറച്ചുകൊണ്ടിരിക്കുകയാണ്. 2023-24 ആകുമ്പോൾ ഗ്രാന്റിന്റെ കമ്മി നിർത്താനുള്ള ശ്രമമുണ്ടെന്ന വാർത്ത പുറത്തുവരുന്നുണ്ട്. അങ്ങനെയാണെങ്കിൽ അത് നമുക്ക് ദോഷകരമാണ്. എങ്ങനെയാണ് അതിനെ പ്രതിരോധിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ബോറോയിംഗ് മാത്രമായി ബന്ധപ്പെട്ടല്ല ഗ്രാന്റ് വരുന്നത്. അത് ഡെഫിസിറ്റ് കുറയ്ക്കാനായി പ്രത്യേകം തന്ന ഗ്രാന്റാണ്. സാമ്പത്തികശാസ്ത്ര അദ്ധ്യാപകൻകൂടിയായ അങ്ങയുടെ അഭിപ്രായത്തെ വിലമതിക്കുന്നു. കാരണം സംസ്ഥാനം ആരോഗ്യകരമായ നിലയിൽത്തന്നെയാണ് ഇപ്പോൾ നിൽക്കുന്നത്. വലിയതോതിൽ അപകടത്തിലേയ്ക്ക് പോകുന്ന സ്ഥിതി സ്വീകരിച്ചിട്ടില്ല. അങ്ങ് ഇപ്പോൾ പറഞ്ഞ ഗ്രാന്റിനെ സംബന്ധിച്ച് ഫിനാൻസ് കമ്മീഷന് ഒരുകാര്യം ബോധ്യപ്പെട്ടു, നമുക്ക് 1.92 അല്ല തരേണ്ടതെന്ന്. നമ്മുടെ

ആ വാദം അവർ അംഗീകരിച്ചു. അതിന്റെ ഭാഗമായി തുടങ്ങിയ വർഷം 19,000 കോടി രൂപ പ്രത്യേക ഗ്രാന്റായിതന്നിരുന്നു. ഏകദേശം നമുക്കുവന്ന ഗ്രാന്റിലെ കുറവ് അത്രയും വരും. നമുക്ക് 3.92 തന്നാൽ 19,000 കോടി രൂപ കൂടി ലഭിക്കേണ്ടതാണ്. അത് ആ വർഷംതന്നെ. ഈ വർഷം 13,000 കോടി രൂപയാക്കിക്കുറച്ചു. അടുത്ത വർഷം അത് 3,000 കോടി രൂപയാക്കി കുറയ്ക്കും. അതുകഴിഞ്ഞാൽ ആ ഗ്രാന്റില്ല. അങ്ങ് പറഞ്ഞത് ശരിയാണ്. നമുക്ക് കിട്ടേണ്ട ഗ്രാന്റ് കുറച്ചുവെന്ന് കേന്ദ്ര ധനകാര്യ കമ്മീഷന് തോന്നിയതുകൊണ്ടാണ് റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് തന്നത്. പക്ഷേ അത് രണ്ടുവർഷം കഴിയുമ്പോൾ പൂർണ്ണമായി ഇല്ലാതാക്കും. അപ്പോൾ വലിയ ബാധ്യതയിലേയ്ക്കുവരും. പിന്നീടങ്ങോട്ട് കിട്ടേണ്ട അർഹമായ ശതമാനം ലഭിക്കില്ല. അതുപോലെ, ജി.എസ്.ടി. വന്നതിനുശേഷമുള്ള വെട്ടിക്കുറവ്. ഇപ്രാവശ്യം കിഫ്ബിയുടെ പേരിൽ, പെൻഷൻ കമ്പനിയുടെ പേരിൽ നമുക്ക് അനുവദിച്ചിരുന്ന വായ്പാപരിധി വീണ്ടും കുറച്ചു. 4,000 കോടി രൂപയോളമാണ് ഈ വർഷം കുറച്ചിരിക്കുന്നത്. 3½ ശതമാനത്തിലേയ്ക്ക് കുറച്ചതുവഴി കഴിഞ്ഞ വർഷത്തിനേക്കാളും കുറവ് വന്നതുൾപ്പെടെ നോക്കിയാൽ കഴിഞ്ഞവർഷം ലഭിച്ചതും ചെലവാക്കിയതുമായ തുകയിൽനിന്ന് 23,000 കോടി രൂപ കുറഞ്ഞു. യഥാർത്ഥത്തിൽ 10,000 കോടി രൂപകൂടി വർദ്ധിച്ചാൽ മാത്രമേ വിലക്കയറ്റമനുസരിച്ച് കൈകാര്യം ചെയ്യാൻ സാധിക്കുകയുള്ളൂ. പക്ഷേ യഥാർത്ഥ മോണിറ്ററി ടേംസിൽ 23,000 കോടി രൂപ കുറയുന്ന സ്ഥിതിയാണുണ്ടായിട്ടുള്ളത്. അങ്ങ് പറഞ്ഞത് ശരിയാണ്. ഗ്രാന്റ് വെട്ടിക്കുറച്ചതുകൊണ്ട് നല്ല ബുദ്ധിമുട്ട് അതുമായി ബന്ധപ്പെട്ടുമുണ്ട്.

ഡോ. മാത്യു കുഴൽനാടൻ: സർ, അങ്ങ് മുൻ ഗവൺമെന്റുകളുടെ കണക്കുകൾ പറഞ്ഞു. അത് ശരിയാണ്. 37-38 ശതമാനം വരെ പോയി. ബഡ്ജറ്റിൽ പറഞ്ഞ കണക്കാണ്. പക്ഷേ ഗവൺമെന്റിന് ഗ്യാരന്റീഡായ actual liability കൂടി ചേർത്താൽ ജി.എസ്.ഡി.പി.-യുടെ എത്ര ശതമാനത്തിൽ വന്നുനിൽക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ? That means off budget liability കൂടി ചേർത്തശേഷമുള്ള കണക്ക് പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഓഫ് ബഡ്ജറ്റെന്ന് കേന്ദ്രഗവൺമെന്റ് ഇപ്പോൾ ആരോപിക്കുന്ന തുക 14,000 കോടി രൂപയാണ് വരുന്നത്. ഇപ്പോഴുള്ള തുകയോടൊപ്പം 14,000 കോടി രൂപകൂടി വരും. അതേ വരികയുള്ളൂ. ആ കണക്കുതന്നെ ശരിയല്ല. കാരണം എത്ര ആയിരം കോടിരൂപയാണ് കേന്ദ്രഗവൺമെന്റ് ഓഫ് ബഡ്ജറ്റായെടുത്ത് ബഡ്ജറ്റിൽ കാണിക്കാത്തതെന്ന് സി.ആൻഡ് എ.ജി. റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത് ഇന്ന് രാവിലെ

ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചൂണ്ടിക്കാണിച്ചതാണ്. ഹൈഡ് ചെയ്ത് നിങ്ങളെടുത്തിരിക്കുന്ന ബോറോയിംഗ് ഇത്രയാണെന്ന് കേന്ദ്രഗവണ്മെന്റിനെപ്പറ്റി സി.ആൻഡ് എ.ജി. പറഞ്ഞതാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചൂണ്ടിക്കാണിച്ചത്. ഇക്കാര്യത്തിൽ പെൻഷൻ കമ്പനി പെൻഷൻ കൊടുക്കുന്നതിനെടുക്കുന്ന പണവും കിഫ്ബി എടുത്ത പണവും കൂട്ടിച്ചേർത്ത് 14,000 കോടി രൂപയാണ് അവർ നമ്മുടെ ഓഫ് ബഡ്ജറ്റ് ബോറോയിംഗായി കണക്കുകൂട്ടിയിരിക്കുന്നത്. അതിൽത്തന്നെ പെൻഷൻ കമ്പനിക്കുള്ള കടം കുറേ കൊടുത്തുതീർത്തു. എല്ലാവർഷവും ഇത് കൊടുത്തുതീർക്കുകയും ലിക്വിഡിറ്റിക്കുവേണ്ടി എടുക്കുകയും ചെയ്യുന്ന ഫണ്ടാണത്. അതിൽ അവർ ആരോപിക്കുന്നതുപോലെയോ നേരത്തെ കിഫ്ബിയുടെ പേരിൽ പറഞ്ഞതുപോലെയോ ഉള്ള വലിയ തുകകളൊന്നും കണക്കിനെ ബാധിക്കുന്ന തരത്തിലേയ്ക്ക് വന്നിട്ടില്ല.

<u>ഡോ. മാത്യു കുഴൽനാടൻ</u>: സർ, കാര്യങ്ങളിൽ വ്യക്തത വരുത്താൻവേണ്ടി ചോദിക്കുന്നതാണ്. ഗവണ്മെന്റ് പെർമിറ്റ് ചെയ്തിട്ടുള്ള ബിൽ ഡിസ്കൗണ്ടിംഗ് മുഖേന കോൺട്രാക്ടർമാർ മാറുന്ന തുക, that is an actual liability on the Government. അത് എവിടെയെങ്കിലും പരിഗണിച്ചിട്ടുണ്ടോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ഇല്ല. ബിൽ ഡിസ്കൗണ്ടിംഗിനുവേണ്ടി കൊടുക്കുന്ന പണം വലിയതോതിലില്ല. ഇന്ന് രാവിലെ കോൺട്രാക്ടർമാരുടെ സംഘടനകളുടെ സംയുക്ത കമ്മിറ്റിയുടെ ഭാരവാഹികൾ വന്നിരുന്നു. അവർ പറഞ്ഞത്, ഇത്രയും കൃത്യമായി സമയത്ത് പണം കൊടുത്തുതീർത്തൊരു കാലഘട്ടം വളരെ കുറവാണെന്നാണ്. അങ്ങനെ ചില സന്ദർഭങ്ങളുണ്ട്. കഴിഞ്ഞ പ്രാവശ്യം എല്ലാ തുകയും കൊടുത്തുതീർക്കാൻ സാധിച്ചു. ഇപ്പോൾ അഞ്ചാറുമാസത്തെ മാത്രമേ ബിൽ ഡിസ്കൗണ്ടിംഗിൽ വന്നിട്ടുള്ളൂ. ഇപ്പോഴത്തെ സ്ഥിതി പറയുകയാണെങ്കിൽ അതിൽ കാര്യമായ തുകയൊന്നും വന്നിട്ടില്ല. കോൺട്രാക്ടർക്കും മറ്റുമുള്ളവർക്ക് കൊടുക്കുന്നതിനുവേണ്ടിയുള്ള ബിൽ ഡിസ്കൗണ്ടിംഗ് സ്കീം നേരത്തെ സ്വീകരിച്ചിരുന്നു. പലിശയുടെ പകുതി നമ്മളും പകുതി കോൺട്രാക്ടർമാരും കൊടുക്കും. താൽപ്പര്യമുള്ള കോൺട്രാക്ടർമാർ എടുത്താൽമതി. അതിൽ വലിയ പെന്റിംഗില്ല. നൂറോ ഇരുന്നൂറോ കോടി രൂപയല്ലാതെ അതിനപ്പുറത്ത് കോൺട്രാക്ടർ പേമെന്റിൽ വലിയ പെന്റിംഗില്ല. അതുകൊണ്ട് ബിൽ ഡിസ്കൗണ്ടിംഗിന്റെ കാര്യത്തിൽ മാത്രമല്ല, ലിക്വിഡിറ്റിക്കുവേണ്ടിയുള്ള അത്തരം കാര്യങ്ങൾ വാസ്തവത്തിൽ ബോറോയിംഗിനകത്ത് വരേണ്ടതല്ല. ഇപ്പോൾ കേന്ദ്രമെടുത്ത സമീപനം ശരിയല്ലെന്നാണ് എല്ലാവരും പറയുന്നത്.

6.00 PM]

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, കോൺട്രാക്ടർമാരുടെ കാര്യം പറഞ്ഞല്ലോ; എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടുപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികൾ സർക്കാരിന്റെ അക്രെഡിറ്റഡ് ഏജൻസികൾക്ക് കൊടുക്കുകയും അത് അവർ നിർവ്വഹിച്ചുവരികയും ചെയ്തിരുന്നു. എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടിൽനിന്നും ഒരു ഗ്രാമീണ റോഡിനുവേണ്ടി ഒരു കൊല്ലം ഇരുപത്തിയഞ്ചും അമ്പതും ലക്ഷം രൂപയാണ് വകയിരുത്തുന്നത്. അത് ഈ ഏജൻസികൾക്ക് കൊടുത്താൽ ഒരുവർഷംകൊണ്ട് പൂർത്തിയാകുമായിരുന്നു. ഇത് ഏജൻസികൾക്ക് കൊടുക്കുന്നതിനുമുമ്പ് ജില്ലാ പഞ്ചായത്തുവഴി തദ്ദേശസ്വയംഭരണ വകുപ്പായിരുന്നു ചെയ്തിരുന്നത്. അവർക്ക് ഇപ്പോൾ വർക്ക്‌ലോഡ് കൂടുകയും ചെയ്തു. അതിനുള്ള സംവിധാനങ്ങളുമില്ല. തദ്ദേശസ്വയംഭരണ വകുപ്പുവഴി ഒരു റോഡ് ഇതുപോലെ അസറ്റ് ഡെവലപ്മെന്റ് ഫണ്ട് കൊടുത്ത് ചെയ്തുവരണമെങ്കിൽ മൂന്നോ നാലോ വർഷമെടുക്കും. നമ്മുടെ കാലയളവിൽപ്പോലും അത് പൂർത്തിയായി വരണമെന്നില്ല. നമ്മുടെ താൽപ്പര്യത്തിലുള്ള അക്രെഡിറ്റഡ് ഏജൻസികൾക്ക് വർക്ക് കൊടുത്താൽ ആ വർഷം കൊണ്ടുതന്നെ പൂർത്തിയായിക്കിട്ടും. തകർന്ന റോഡുകൾ അപ്പോൾത്തന്നെ നന്നാക്കി കിട്ടാനാണ് ആളുകൾ സമീപിക്കുന്നത്. പക്ഷേ നമ്മൾ ഈയൊരു അവസ്ഥയിൽ നിസ്സഹായരാണ്. മുമ്പ് ചെയ്തിരുന്നതുപോലെ അക്രെഡിറ്റഡ് ഏജൻസികൾതന്നെ ഈ പ്രവൃത്തികൾ ചെയ്യുമെന്ന് ധനകാര്യ വകുപ്പ് കൃത്യമായി ഉത്തരവുകൊടുത്താൽ ഈ പ്രശ്നത്തിന് പരിഹാരമാകും. അക്കാര്യത്തിൽ ഇടപെടുമോയെന്നുള്ളതാണ് എന്റെ ചോദ്യം?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, നിലവിലുള്ള അക്രെഡിറ്റഡ് ഏജൻസികളുടെ കാലാവധി ഒരു മാസംകൂടി നീട്ടിക്കൊടുത്തിട്ടുണ്ട്. പുതിയ ലിസ്റ്റുകളുടെ പരിശോധന നടക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർമാരിൽ പലരും പ്രസ്തുത വിഷയം മുമ്പും ഉന്നയിച്ചിരുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇത്തരം വിഷയങ്ങളിൽ കളക്ടർമാർ തീരുമാനമെടുത്താലും അവിടത്തെ ഫിനാൻസ് ഓഫീസർമാർ തടസ്സം നിൽക്കുന്നു. അക്കാര്യംകൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം അടുത്തയാഴ്ച വിളിക്കുന്നുണ്ട്. ഇപ്പോഴുള്ള അക്രെഡിറ്റഡ് ഏജൻസികളുടെ കാലാവധി നീട്ടിക്കൊടുത്തിട്ടുണ്ട്. പാലക്കാട് ജില്ലയിലെ എം.എൽ.എ.-മാരും പ്രസ്തുത വിഷയം ഉന്നയിച്ചിരുന്നു. അവിടത്തെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിക്കുന്നുണ്ട്. പലരും പൊതുനിയമത്തിൽനിന്നും വ്യത്യസ്തമായി

കാര്യങ്ങൾ വച്ചുതാമസിപ്പിക്കുകയും തടസ്സമുണ്ടാക്കുകയും ചെയ്യുന്നുണ്ടെന്ന പരാതി ലഭിക്കുന്നുണ്ട്. ഏജൻസികളുടെ കാര്യത്തിലും മറ്റ് വിഷയങ്ങളിലും അടുത്തയാഴ്ചതന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് തീരുമാനമെടുക്കുന്നതാണ്.

ഇവിടെ ബഡ്ജറ്റിനെ സംബന്ധിച്ച് പൊതുവായ കുറച്ചുകാര്യങ്ങൾ പറഞ്ഞു. കേരളത്തിന്റെ വികസനത്തിനുവേണ്ടി എന്തൊക്കെയാണ് ചെയ്യുന്നത്, എന്തൊക്കെയാണ് നടക്കുന്നതെന്ന് ചോദിച്ചു. ഒന്നാം പിണറായി സർക്കാരിന്റെയും ഈ സർക്കാരിന്റെയും സമീപനം കാര്യങ്ങൾ കുറച്ചുകൂടി വേഗത്തിൽ മുന്നോട്ടുകൊണ്ടുപോകണമെന്നുള്ളതാണ്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി നേരത്തെ സ്റ്റാർട്ടപ്പ് മേഖലയെക്കുറിച്ചുള്ള കാര്യങ്ങൾ വിശദീകരിച്ചു. ഒരു ലക്ഷം സംരംഭങ്ങളെക്കുറിച്ച് സംസാരിച്ചു. ഉന്നത വിദ്യാഭ്യാസ വകുപ്പിൽ ധാരാളം പുതിയ സംരംഭങ്ങളാണ് വന്നുകൊണ്ടിരിക്കുന്നത്. കൂടുതൽ ഗവേഷണപരമായി പ്രൊഡക്ഷനിലേയ്ക്ക് പോകാൻ സാധിക്കുന്ന തരത്തിലുള്ള സംരംഭങ്ങളുണ്ട്. മൃഗസംരക്ഷണ മേഖലയിലെ കൃഷിയിലും പാലുൽപ്പാദനത്തിലും ഇറച്ചിയുടെ കാര്യത്തിലുമുണ്ടായ മുന്നേറ്റം വളരെ വലുതാണ്. ഓരോ വകുപ്പും എടുത്തുപറയേണ്ടതില്ല. കേരളത്തിൽനിന്നുള്ള ആൾക്കാരുടെ വലിയ തോതിലുള്ള ഒഴുക്ക് മറ്റ് രാജ്യങ്ങളിലേയ്ക്കുണ്ടാകുന്നുണ്ട്. ഇത് കേവലം ചെറിയൊരു പ്രശ്നമായി കാണേണ്ടതല്ല. കേരളം സെക്കന്റ് ജനറേഷൻ യുഗത്തിലാണ്. നമ്മുടെ കുട്ടികൾ മറ്റ് രാജ്യങ്ങളിലേയ്ക്ക് പഠിക്കാൻ പോകുന്നത് കേവലം ഇവിടത്തെ വിദ്യാഭ്യാസംകൊണ്ട് മാത്രമല്ല, അവർക്ക് അത്രയും എക്സ്പോഷറുണ്ട്, പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ട്, കുറച്ച് പർച്ചേസിംഗ് പവറുണ്ട്. എത്ര പണമുണ്ടെങ്കിലും മറ്റുസ്ഥലങ്ങളിൽ പഠനത്തിന് പോകാതെ ഇവിടെത്തന്നെ നിൽക്കാമെന്ന സമീപനം സ്വീകരിക്കുന്നവരുണ്ടെങ്കിലും ചിലർ മറ്റ് രാജ്യങ്ങളിൽ പഠിക്കാൻ പോകുന്നുണ്ട്. അതിനൊപ്പം മൈഗ്രേഷന്റെ പ്രശ്നവും വരുന്നുണ്ട്. ആളുകൾ കാനഡയിലോ അമേരിക്കയിലോ യൂറോപ്യൻ രാജ്യങ്ങളിലോ ആസ്ട്രേലിയയിലോ ന്യൂസിലാൻഡിലോ പോയാൽ അവിടെ മൈഗ്രേറ്റ് ചെയ്യപ്പെടുകയാണ്. തൊഴിലിന്റെ പ്രശ്നം വരുന്നുണ്ട്. അവിടെയാണ് കേരളത്തെ നവകേരളമാക്കണമെന്ന സമീപനം ഞങ്ങൾ പറയുന്നത്. അതിന് കേരളത്തിന്റെ അടിസ്ഥാന സൗകര്യങ്ങളിലും ജോലികിട്ടുന്ന കാര്യത്തിലും വരുമാനത്തിന്റെ കാര്യത്തിലും മാറ്റമുണ്ടാകണം. അടുത്ത ജനറേഷനെപ്പറ്റി ഇവിടെ പറഞ്ഞ ആശങ്ക നേരത്തെ ഞങ്ങൾ പങ്കുവച്ചതാണ്. ബഡ്ജറ്റിന്റെ സമയത്തും പറഞ്ഞതാണ്. Kerala can be a place of geriatric population. Kerala should not be a geriatric ward. നമ്മുടെ മക്കളും കൊച്ചുമക്കളുമൊക്കെ പുറംരാജ്യങ്ങളിൽ ജോലിചെയ്ത് അവരുടെ പ്രായമായ മാതാപിതാക്കൾക്ക് കുറെ പണം അയയ്ക്കുന്നവരായിമാത്രം മാറുകയും പ്രായമുള്ളവർ മാത്രമുള്ള സ്ഥലമായി കേരള

സംസ്ഥാനം മാറാതിരിക്കുകയും ചെയ്യണമെങ്കിൽ നമ്മൾ കേരളത്തിന് അനുകൂലമായ സാഹചര്യങ്ങൾ ഒരുക്കണം. അത് ഇവിടെ ചുരുക്കി പറയേണ്ട കാര്യമല്ല. വളരെ വിപുലമായി കേരളത്തിൽ ചർച്ചചെയ്യേണ്ട ഒരു വിഷയമാണത്. ആ വിഷയം ചർച്ച ചെയ്തേ മതിയാകൂ. അതിന് നല്ല റോഡുകളും പാലങ്ങളും റെയിൽവേ സൗകര്യങ്ങളും പുതിയ തരത്തിലുള്ള വ്യവസായങ്ങളും വേണം. ലോകത്തിൽ വലിയ മാറ്റംവരികയാണ്. കാരണം ടെക്നോളജി ഡെവലപ്മെന്റിലൂടെ നൂറുപേർ ചെയ്തിരുന്ന ജോലി ഒരാളെ കൊണ്ടുമാത്രം ചെയ്യിക്കാൻ കഴിയുന്ന തരത്തിലേയ്ക്കുള്ള ഓട്ടോമേഷനും പുതിയ തരത്തിലുള്ള ടെക്നോളജിയും വരികയാണ്. ഡ്രൈവർലെസ് കാർ എന്നാൽ അതിൽ റോബോട്ടൊന്നും ഇരിക്കുന്നില്ല. കാർ തന്നെ ഒരു റോബോട്ടാണ്. കാർ സ്വയം ഓടിപ്പോകുകയാണ്. ഇത്തരത്തിൽ ടെക്നോളജി വരുമ്പോൾ പുതിയ ജോലിക്കാരെ ആവശ്യമില്ലാതെ വരുന്നു. ഇത്തരം ടെക്നോളജിയെയും കാര്യങ്ങളെയും സഹായിക്കുന്ന തരത്തിലേയ്ക്കുള്ള ഇക്കണോമിക് പോളിസി രാജ്യത്ത് വളർന്നുവരുന്നുണ്ട്. നമ്മുടെ നാട്ടിലെ ആളുകൾക്ക് പരമാവധി ജോലി കൊടുക്കാനുള്ള സമീപനം സ്വീകരിക്കുമ്പോൾ മറ്റ് ചില സംസ്ഥാനങ്ങളിൽ അതായത് ബംഗാളിൽ കഴിഞ്ഞ പതിനൊന്ന് വർഷമായി പതിനായിരത്തിൽ താഴെ ആളുകളെ മാത്രമേ റെഗുലറായി ഗവൺമെന്റ് സർവ്വീസിൽ നിയമിച്ചിട്ടുള്ളൂ. ബാക്കി നിയമനം മുഴുവൻ കരാറടിസ്ഥാനത്തിലാണ്. അതേസമയം അവിടത്തെ ജനസംഖ്യയുടെ പകുതിയുള്ള നമ്മൾ അതേ കാലയളവിൽ ഏകദേശം മൂന്നുലക്ഷത്തോളം ആളുകളെ സർക്കാർ സർവ്വീസിലേയ്ക്ക് പി.എസ്.സി. വഴി നിയമിച്ചിട്ടുണ്ട്. മറ്റുസംസ്ഥാനങ്ങളുടെ കാര്യം പരിശോധിച്ചാൽ പലസ്ഥലത്തും കൃത്യമായി ശമ്പളം കൊടുക്കുന്നില്ല, കോൺട്രാക്റ്റാണ്, ആളുകളില്ല എന്നുകാണാം. അതിന്റെകൂടെ പുതിയ ടെക്നോളജി വരുന്നതിന്റെ ഭാഗമായി എംപ്ലോയ്മെന്റിനെ squeeze ചെയ്യുന്ന തരത്തിലേയ്ക്കുള്ള കാര്യങ്ങൾ വരികയാണ്. ഇക്കണോമിക്-ഡെവലപ്മെന്റ് പോളിസികളുടെ കാര്യത്തിൽ വളരെയേറെ ചർച്ചകൾ നടക്കുന്ന ഒരു ഘട്ടമാണ്. അതുകൊണ്ട് ഇവിടെ ബഹുമാനപ്പെട്ട മെമ്പർമാർ പറഞ്ഞ കാര്യങ്ങൾ ശരിയാണ്. മൂവാറ്റുപുഴ അംഗം കുറെ കാര്യങ്ങൾ പറഞ്ഞു. നമ്മൾ ഇവിടെ കുറെ കാര്യങ്ങൾക്ക് ഡയറക്ഷൻ വയ്ക്കുന്നു. കാർഷികമേഖലയിൽ കൂടുതൽ മൂല്യവർദ്ധനവ് കിട്ടുന്ന ഉൽപ്പന്നങ്ങൾ വേണം. അതുസംബന്ധിച്ച് കുറച്ച് കാര്യങ്ങൾ ചർച്ച ചെയ്തു. ഇപ്പോൾ പഴവർഗ്ഗങ്ങളുടെ കൃഷിയിൽ പുരോഗതി വന്നിട്ടുണ്ട്. അങ്ങയുടെ മണ്ഡലത്തിന്റെ അടുത്തുള്ള സ്ഥലത്ത് ഞാൻ കഴിഞ്ഞ ദിവസം വന്നിരുന്നു. അങ്ങേയ്ക്കറിയാം. അവിടെ കൃഷി ചെയ്യുന്ന ആളുകളുണ്ട്. നൂറ്റിയമ്പത് ഏക്കറോളം സ്ഥലത്ത് പുതിയ തരത്തിലുള്ള പഴവർഗ്ഗങ്ങളായ റംബൂട്ടാനും മാംങ്കോസ്റ്റീനും അവക്കാഡോയും കൃഷി ചെയ്യുന്നുണ്ട്. മൂന്നുമുതൽ

നാലുലക്ഷം രൂപവരെ ഒരേക്കറിൽനിന്നും മിച്ചം കിട്ടുന്നുവെന്നാണ് അവിടത്തെ കർഷകർ പറഞ്ഞത്. റബ്ബർ കൃഷിയാണ് നമ്മുടെയൊക്കെ മേഖലയിലുള്ളത്. റബ്ബർ കൃഷിയിൽനിന്നും അമ്പതിനായിരം രൂപപോലും കിട്ടുന്നില്ല. ഈ പഴവർഗ്ഗങ്ങൾ നല്ലരീതിയിൽ ചെലവാകുന്നുണ്ട്. നൂറ്റിയമ്പത് ഏക്കറിൽനിന്നും അവർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് നല്ല ഡിമാന്റുമുണ്ട്, അതനുസരിച്ച് വന്നുകൊണ്ടുപോകുന്നുമുണ്ട്. ഞാൻ ഇത്തരത്തിൽ കൃഷിചെയ്യുന്ന പല സ്ഥലങ്ങളിലും പോകാറുണ്ട്. എന്റെ പരിമിതമായ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ പറയുകയാണ്. അവിടെ മാത്രമല്ല തിരുവനന്തപുരം ജില്ലയിലെ പാലോട് എന്ന സ്ഥലത്ത് ഡ്രാഗൺ ഫ്രൂട്ട് കൃഷി ചെയ്യുന്ന രണ്ടുമൂന്ന് കൃഷിക്കാരുടെ സ്ഥലങ്ങളിൽ ഞാനും അവിടത്തെ എം.എൽ.എ.-ആയ ശ്രീ. ഡി. കെ. മുരളിയും പോയിരുന്നു. അവർക്ക് നാല് ലക്ഷം രൂപയിലധികം കിട്ടുന്നുണ്ടെന്നാണ് പറഞ്ഞത്. നാലുലക്ഷം രൂപയില്ലെങ്കിലും ഒരേക്കറിൽനിന്ന് രണ്ട് ലക്ഷംരൂപ കിട്ടിയാലും മതിയാകും. മഴയും വെയിലും കുന്നുകളുമൊക്കെയുള്ളതിന്റെ അടിസ്ഥാനത്തിൽ അത്തരം കാര്യങ്ങൾ കൃഷി ചെയ്യാവുന്ന ലോകത്തെ രണ്ട് ശതമാനത്തോളം വരുന്ന ഭൂപ്രദേശമുള്ള സംസ്ഥാനമാണ് കേരളം. വാല്യൂ ആഡഡായിട്ടുള്ള കൃഷി നമ്മൾ ചെയ്യണം. നമുക്ക് അതിന് വേണ്ടത്ര കഴിയുന്നില്ല, പക്ഷേ കഴിയണം.

ഉന്നത വിദ്യാഭ്യാസ മേഖലയിൽ നമ്മൾ പഠിപ്പിച്ച് കുട്ടികളെ പുറത്തേയ്ക്കുവിട്ടാൽ മാത്രം പോര. എന്തുകൊണ്ടാണ് കാനഡയിലും അമേരിക്കയിലും ആളുകളെ എടുക്കുന്നത്? നല്ലതുപോലെ കൊച്ചുകുട്ടികളെ പഠിപ്പിച്ച് പത്തോ ഇരുപത്തിരണ്ടോ വയസ്സാക്കി അവന് എല്ലാ കഴിവും തിരിച്ചറിവും ഉണ്ടാകുമ്പോഴാണ് എടുക്കുന്നത്. മുഴുവൻ ഹ്യൂമൻ ഇൻഡക്സിന്റെ ഡെവലപ്മെന്റിനും ഹ്യൂമൻ ക്യാപ്പിറ്റലിനും പണം മുടക്കുന്നത് നമ്മളാണ്. നമുക്ക് ഫിനിഷിംഗിലേയ്ക്ക് കൊണ്ടുവരാൻ സാധിക്കണം. ഇവിടെ അത്തരം കേന്ദ്രങ്ങളുണ്ട്. നമ്മുടെ സ്റ്റാർട്ടപ്പ് മിഷന്റെ പ്രവർത്തനങ്ങൾ കാണാൻ എനിക്കും അവസരം ലഭിച്ചു. റോബോട്ടുകളെ ഡെവലപ് ചെയ്ത രണ്ട് ചെറുപ്പക്കാരുണ്ടായിരുന്നു. മാൻഹോളിൽ ആൾ മരിച്ച സംഭവം എല്ലാവർക്കുമറിയാമല്ലോ? അതുകണ്ടപ്പോൾ അവരോട് ചോദിച്ചു, മാൻഹോളിൽ ആളിറങ്ങി ശ്വാസംമുട്ടി മരിച്ചതുകൊണ്ട് മാൻഹോളിൽ ഇറങ്ങാനുള്ള റോബോട്ടിനെ നിർമ്മിക്കാൻ സാധിക്കുമോയെന്ന്. അങ്ങനെ അവർ ഒരു റോബോട്ടിനെ നിർമ്മിച്ചു. ഇപ്പോൾ മാൻഹോൾ മാത്രമല്ല നമ്മുടെ കൊച്ചിയിലെ കടലിൽ കപ്പലിന്റെ അടിത്തട്ടിൽ പണിയെടുക്കുന്നതിനും ബോംബ് ഡിറ്റക്ട് ചെയ്യാനുമുള്ള റോബോട്ടും ഡെവലപ് ചെയ്തിട്ടുണ്ട്. അതൊരു സ്റ്റാർട്ടപ്പ് കമ്പനിയാണ്. അവർക്ക് അടുത്ത ഘട്ടത്തിലേയ്ക്ക് ഫണ്ട് വേണമെന്ന് ആവശ്യപ്പെട്ടു. ഞങ്ങൾ കെ.എഫ്.സി.-യുമായി ബന്ധപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കുറച്ച് സഹായം ലഭിക്കുകയുണ്ടായി. ഇതുപോലെ ആയിരക്കണക്കിന് സംരംഭങ്ങളുണ്ട്.

അങ്ങനെ വരുമ്പോൾ ചിലത് വിജയിക്കും, ചിലത് പരാജയപ്പെടും. കേരളത്തിൽ ഇത്തരം മേഖലകളിൽ വരുമാനംകിട്ടുന്ന ജോലിയും പുതിയ വ്യവസായവും വന്നേ മതിയാകൂ. നമ്മുടെ രാഷ്ട്രീയം ഈ മേഖലകളെ ശ്രദ്ധിക്കാനായിരിക്കണം. അതിനുവേണ്ടി കൂടുതൽ കാര്യങ്ങൾ ചെയ്യേണ്ട സമയമാണ്. പ്രത്യേകിച്ച് ലോകം ഇപ്പോൾ വലിയൊരു മാറ്റത്തിലൂടെയാണ് കടന്നുപോകുന്നത്. ഓരോ ജോലിക്കും ലക്ഷക്കണക്കിനും കോടിക്കണക്കിനുമൊന്നും ആളുകൾ വേണ്ട. അതിനുപകരം കുറച്ച് ആളുകളെ ഉപയോഗിച്ച് ജോലി ചെയ്യിക്കാനുള്ള ശ്രമം നടക്കുകയാണ്. അവിടെ നമ്മൾ ശ്രദ്ധിച്ചേ മതിയാകുകയുള്ളൂ. അതിനുവേണ്ടിയുള്ള കാര്യങ്ങൾ ചെയ്യണം. രാഷ്ട്രീയമായി ഇവിടെ ഉയർന്ന ആരോപണങ്ങൾക്ക് മറുപടി പറയുന്നില്ല. ഓരോ യൂണിവേഴ്സിറ്റികൾക്കും ട്രാൻസ്‍ലേഷൻ ലാബിനുവേണ്ടി 20 കോടി രൂപ വീതം കൊടുത്തിട്ടുണ്ട്. വാസ്തവത്തിൽ നമ്മുടെ സിസ്റ്റം വളരെ സ്ലോയാണ്. ഹോസ്റ്റലുകൾക്കുവേണ്ടി ഈ വർഷം ബഡ്ജറ്റിൽ തുക ആകുന്നതേയുള്ളൂ. ഇന്റർനാഷണൽ കുട്ടികൾ വരണമെങ്കിൽ അവർക്ക് ഹോസ്റ്റൽകൂടി വേണ്ടേ? ഇന്റർനാഷണൽ കുട്ടികൾ കുറച്ചൊക്കെ വരും. നമ്മുടെ ഡി.ആർ.ഡി.ഒ., റോക്കറ്റ് ടെക്നോളജി, എഡ്യൂക്കേഷൻ സിസ്റ്റം ഉൾപ്പെടെയുള്ള ലോകോത്തരമായ പല സ്ഥാപനങ്ങളും തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലുണ്ട്. അതിനുവേണ്ടി ഇത്തരം സൗകര്യങ്ങളുണ്ടാക്കാൻ ഗവൺമെന്റ് തയ്യാറാണ്. 150 കോടി രൂപ ഹോസ്റ്റലുകൾക്കുവേണ്ടി മാറ്റിവച്ചു. നമ്മൾ അൽപ്പംകൂടി വേഗത്തിൽ ചെയ്യേണ്ട കാര്യങ്ങളുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും നമ്മുടെ മന്ത്രിസഭയും ഗവൺമെന്റും ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഇത്തരം കാര്യങ്ങളിൽ പുരോഗതി കൈവരിക്കുന്നതിനായി ഒരുമിച്ച് പ്രവർത്തിച്ച് ചില മോഡലുകൾ ഇവിടെ സൃഷ്ടിച്ചേ മതിയാകൂ. മോഡലുകൾ വന്നാൽ പിന്നീട് ബാക്കി വന്നോളും. ഞാൻ അതുകൊണ്ടാണ് കൃഷിയുടെയും സ്റ്റാർട്ടപ്പിന്റെയും കാര്യം എടുത്തുപറഞ്ഞത്. ഇങ്ങനെയുള്ള മോഡലുകൾ നമ്മുടെ നാട്ടിലുണ്ട്. വിജയിപ്പിക്കാനുള്ള കൂടുതൽ കാര്യങ്ങൾ നാം ചെയ്യണം. തീർച്ചയായും നമുക്കതിന് സാധിക്കും. ഡോ. മാത്യു കുഴൽനാടന്റെ മണ്ഡലത്തിലുൾപ്പെടെ ഫ്രൂട്ട് പ്രോസസ്സിംഗിനുവേണ്ടിയുള്ള ഇൻഡസ്ട്രി ഡെവലപ് ചെയ്യാമെന്ന് പറഞ്ഞിട്ടുണ്ട്. ഇപ്പോൾ അവിടെ വലിയൊരു പാർക്കുണ്ട്. പ്രിസിഷൻ ഫാമിംഗും ഫാമിംഗിന്റെ മറ്റ് വിവിധ മേഖലകളും ഫുഡ് പാർക്കിന്റെ കാര്യങ്ങളും ഇന്നലെ വ്യവസായ വകുപ്പുമന്ത്രിതന്നെ പറയുന്നുണ്ടായിരുന്നു. അത്തരം കാര്യങ്ങൾ ചെയ്യുന്നതിന് പണം തടസ്സമല്ല. ഇതുപോലുള്ള കാര്യങ്ങൾ ചെയ്യുന്നതിന് പണം തടസ്സമാകില്ല. നമുക്കത് ചെയ്തേ പറ്റൂ, അതിജീവിച്ചേ മതിയാകൂ. ലോകത്ത് ഏറ്റവും വലിയ മാറ്റങ്ങളുണ്ടാകുന്ന നൂറ്റാണ്ടിന്റെ പ്രത്യേക ഘട്ടമാണിത്. ടെക്നോളജി ഡെവലപ്മെന്റോടുകൂടിയാണ് ലോകത്ത് ജനങ്ങളുടെയും രാഷ്ട്രീയത്തിന്റെയും പൊളിറ്റിക്കൽ സിസ്റ്റത്തിന്റെയും സ്വഭാവത്തിൽ മാറ്റമുണ്ടായിട്ടുള്ളത്. ആ പൊളിറ്റിക്കൽ സിസ്റ്റത്തിലുൾപ്പെടെ മാറ്റമുണ്ടാക്കുന്ന ഡിക്റ്റേറ്റോറിയൽ സമീപനം

ലോകത്ത് പലയിടത്തും വരികയാണ്. അതാണ് കേന്ദ്ര സർക്കാരിന്റെയും മറ്റ് രാജ്യങ്ങളിലെ ഭരണത്തിന്റെയും സമീപനം. ആ സമീപനം കൂടുതൽ അതോറിറ്റേറിയൻ ആകുകയും ടെക്നോളജി ഉപയോഗിച്ചുകൊണ്ട് മുഴുവൻ ആളുകളെയും കൺട്രോൾ ചെയ്യുകയുമാണ്. 800 കോടി രൂപയുടെ ഡ്രോൺ ഇന്ത്യ വാങ്ങാൻ പോകുകയാണ്. അത് 40 മണിക്കൂർ ആളില്ലാതെ പറക്കും. അതിൽനിന്ന് പ്രിസിഷനോടുകൂടി ഏതുസ്ഥലത്തുമുള്ള ആളെയും പോയിന്റ് ചെയ്ത് റൂമിനകത്തിരിക്കുന്ന ആളുകളെ വേണമെങ്കിലും കൈകാര്യം ചെയ്യാൻ സാധിക്കും. പുതിയ ജീനോം ടെക്നോളജികൂടി വരുമ്പോൾ വേറൊരു തരത്തിൽ ആളുകളെ കൈകാര്യം ചെയ്യാൻ സാധിക്കും. ഇങ്ങനെ ടെക്നോളജി വലിയതോതിൽ ഉപയോഗിച്ചുകൊണ്ട് ലോകത്തെ കീഴ്പ്പെടുത്താനുള്ള ഏകാധിപത്യ-ഫാസിസ്റ്റ് സ്വഭാവം ഒരു വശത്തുകൂടി വരുമ്പോൾ മറുവശത്ത് മഹാഭൂരിപക്ഷം വരുന്ന ജനങ്ങളുടെ താൽപ്പര്യം സംരക്ഷിക്കാനുള്ള വലിയ മൂവ്മെന്റിന് എന്നും മാർഗ്ഗനിർദ്ദേശം നൽകിയിട്ടുള്ള സ്ഥലമാണ് കേരളം. കേരളത്തിലുള്ളവർ പൊതുവെ വികസനം ആഗ്രഹിക്കുന്നവരാണ്. അതാണ് കേരളത്തിന്റെ പ്രത്യേകതയും. നമുക്കതുകൊണ്ട് കാര്യങ്ങൾ ചെയ്യാൻ സാധിക്കും. ഇവിടെ വന്ന ചർച്ചകളിൽ ബിൽ സംബന്ധിച്ച കാര്യത്തിനൊപ്പം വന്ന ഇത്തരം പൊതുവായ പൊളിറ്റിക്കൽ കാര്യങ്ങളും പരിഗണിച്ചുകൊണ്ട് കൂടുതൽ നല്ലകാര്യങ്ങൾ ചെയ്യാൻ സാധിക്കുമെന്നുള്ള ആത്മവിശ്വാസമാണുള്ളത്. അതിന് ഇപ്പോഴത്തെ സ്ഥിതിയിൽ നമ്മളെല്ലാം ഒരുമിച്ച് ചേർന്ന് മുന്നോട്ടുപോയാൽ അക്കാര്യങ്ങളിൽ മാറ്റമുണ്ടാക്കാം എന്നാണ് തോന്നുന്നത്. ഈ ബിൽ സംബന്ധിച്ച് പൊതുവെ മറ്റ് തർക്കങ്ങളൊന്നും വന്നിട്ടില്ല. സാങ്കേതികമായി ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയച്ച് മാറ്റംവരുത്തേണ്ടതുണ്ട്. അതുകൊണ്ട് ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ഡോ. മാത്യു കുഴൽനാടൻ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ ......

പ്രതികൂലിക്കുന്നവർ .....

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2022-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-VIII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

## VIII അറിയിപ്പ്

### ബില്ലുകളിന്മേൽ ഭേദഗതി നോട്ടീസ് നൽകാനുള്ള സമയം ദീർഘിപ്പിക്കൽ

മി. സ്പീക്കർ: ഓർഡർ...ഓർഡർ...2022 ആഗസ്റ്റ് 31-ാം തീയതി സഭ മുമ്പാകെ വരുന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 3 ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തിന്മേലും പ്രസ്തുത ബില്ലുകളുടെ വകുപ്പുകളിന്മേലും ഭേദഗതി നൽകാനുള്ള അവസാന തീയതിയും സമയവും 2022 ആഗസ്റ്റ് 29 തിങ്കളാഴ്ച ഉച്ചയ്ക്കുശേഷം 3 മണി എന്നത് ബഹുമാനപ്പെട്ട അംഗങ്ങളുടെ സൗകര്യാർത്ഥം തൊട്ടടുത്ത ദിവസം ഉച്ചയ്ക്കുശേഷം 3 മണിവരെയാക്കി മാറ്റി നിശ്ചയിക്കണമെന്ന് കാണിച്ച് ഇന്ത്യൻ നാഷണൽ കോൺഗ്രസ് പാർലമെന്ററി പാർട്ടി സെക്രട്ടറി ശ്രീ. എ. പി. അനിൽകുമാർ ചെയറിന് കത്ത് നൽകിയിരുന്നു. ശ്രീ. എ. പി. അനിൽകുമാറിന്റെ കത്തിലെ ആവശ്യം തികച്ചും ന്യായയുക്തമാണെന്നാണ് കാണുന്നത്. എന്നാൽ 31-ാം തീയതി ബുധനാഴ്ച പരിഗണിക്കാനിരിക്കുന്ന 3 ബില്ലുകളുടെ ഭേദഗതികൾ നൽകാനുള്ള സമയം തൊട്ടുമുമ്പുള്ള ദിവസം ഉച്ചയ്ക്കുശേഷം 3 മണിയായി നിശ്ചയിച്ചാൽ ലഭ്യമാകുന്ന എല്ലാ ഭേദഗതി നോട്ടീസുകളും സമയബന്ധിതമായി പ്രോസസ് ചെയ്ത് ലിസ്റ്റാക്കി അംഗങ്ങൾക്ക് ലഭ്യമാക്കാൻ കഴിയില്ല എന്ന് കാണുന്നതിനാൽ പ്രസ്തുത ബില്ലുകൾക്കുള്ള ഭേദഗതി നോട്ടീസുകൾ നൽകുന്നതിനുള്ള അവസാന തീയതിയും സമയവും ആഗസ്റ്റ് 30-ാം തീയതി ചൊവ്വാഴ്ച രാവിലെ 9 മണിയായി പുതുക്കി നിശ്ചയിച്ചിട്ടുള്ള വിവരം അംഗങ്ങളെ അറിയിക്കുന്നു.

(2) 2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം (ഉല്പാദനവും വിൽപ്പനയും നിയന്ത്രിക്കൽ) ബില്ലിന്റെ അവതരണവും സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, 2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം (ഉല്പാദനവും വിൽപ്പനയും നിയന്ത്രിക്കൽ) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

**ക്രമപ്രശ്നം (തുടർച്ച)**

(4) ബില്ലിലെ വ്യവസ്ഥകൾക്ക് മുൻകാല പ്രാബല്യം നൽകുന്നത് സംബന്ധിച്ച്

ശ്രീ. മാത്യു ടി. തോമസ്: സർ, ഇത് തടസ്സവാദമല്ല, തടസ്സവാദമാണെങ്കിൽ ബിൽ അവതരിപ്പിക്കുന്നതിനുമുമ്പുതന്നെ പറയുമായിരുന്നു. ബില്ലിൽ ഭരണഘടനാവിരുദ്ധമായി ഒരു വകുപ്പ് കടന്നുകൂടിയിരിക്കുന്നത് തിരുത്തിക്കൊണ്ടുവേണം മുന്നോട്ടുപോകണമെന്നുള്ള നിർദ്ദേശം വയ്ക്കുകയാണ്. ഭരണഘടനയുടെ 20-ാം അനുച്ഛേദത്തിൽ 'ഒരു കുറ്റമായി ആരോപിക്കപ്പെടുന്ന കൃത്യംചെയ്ത സമയത്ത് പ്രാബല്യത്തിലുണ്ടായിരുന്ന ഒരു നിയമത്തിന്റെ ലംഘനത്തിനൊഴികെ ഏതൊരാളുടെ പേരിലും കുറ്റം സ്ഥാപിക്കാൻ പാടില്ല' എന്നുള്ളതാണ്. ഒരു കുറ്റം സ്ഥാപിക്കണമെങ്കിൽ ആ പ്രവൃത്തി ചെയ്ത സമയത്ത് കുറ്റമായി പ്രഖ്യാപിച്ചുകൊണ്ടുള്ള നിയമം നിലവിലുണ്ടാകണം. ഇപ്പോൾ അവതരിപ്പിക്കുന്ന ബില്ലിലെ 19 മുതൽ 25 വരെയുള്ള വകുപ്പുകളിൽ, വകുപ്പ് 19-ൽ 'ലൈസൻസിംഗ് അതോറിറ്റിയാലുള്ള ന്യായനിർണ്ണയം' എന്നതിനെ അടിസ്ഥാനപ്പെടുത്തി 20-ാം വകുപ്പിലെ 'ശിക്ഷ', 21-ാം വകുപ്പിൽ 'അപ്പീൽ' എന്നീ ശീർഷകങ്ങളിൽ പരാമർശിച്ചിട്ടുണ്ട്. 22-ാം വകുപ്പിൽ 'കോടതിയിൽ വിചാരണ ചെയ്യേണ്ട കുറ്റങ്ങൾ' എന്നതിൽ പറയുന്നത്, 'ആറുമാസത്തിൽ കുറയാത്തതും ഒരു വർഷം വരെയാകാവുന്നതുമായ തടവും അഞ്ച് ലക്ഷം രൂപ വരെയാകാവുന്ന പിഴയും നൽകി കോടതി ശിക്ഷിക്കപ്പെടുന്നതാണ്' എന്നാണ്. 23-ാം വകുപ്പിൽ 'കുറ്റത്തിന്മേൽ നടപടിയെടുക്കൽ' എന്നും 24-ാം വകുപ്പിൽ 'കമ്പനികൾ, ഇൻസ്റ്റിറ്റ്യൂഷനുകൾ, സ്ഥാപനങ്ങൾ എന്നിവ ചെയ്യുന്ന കുറ്റങ്ങൾ' സംബന്ധിച്ചും 25-ാം വകുപ്പിൽ 'കുറ്റകൃത്യത്തിന് സഹായിക്കൽ' എന്നതിൽ 'ഏതെങ്കിലും കുറ്റകൃത്യത്തിന് സഹായിക്കുന്ന ഏതൊരാളും അപ്രകാരം സഹായിക്കപ്പെട്ട കൃത്യം ആ സഹായത്തിന്റെ ഫലമായി ചെയ്യപ്പെട്ടാൽ ഒരുവർഷം വരെയാകാവുന്ന തടവിനോ അഞ്ച് ലക്ഷം രൂപ വരെയാകാവുന്ന പിഴയ്ക്കോ അല്ലെങ്കിൽ

രണ്ടിനംകൂടിയോ ശിക്ഷിക്കപ്പെടേണ്ടതാണ് എന്നും പറയുന്നുണ്ട്. പ്രസ്തുത വകുപ്പുകൾ എന്നുമുതൽ നിലവിൽ വരുന്നുവെന്നുള്ളതാണ് ഇതിലെ പ്രശ്നം. ബില്ലിലെ ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തിൽ ചൂണ്ടിക്കാണിച്ചിരിക്കുന്നതുപോലെ 2021 ഫെബ്രുവരി 18-ാം തീയതി പുറപ്പെടുവിച്ച് 35-ാം നമ്പർ ഓർഡിനൻസിൽ പ്രസിദ്ധീകരിക്കുകയും ചെയ്തതുമുതൽ വ്യവസ്ഥകൾ പ്രാബല്യത്തിലുണ്ട്. പ്രസ്തുത ഓർഡിനൻസിന്റെ കാലാവധി കഴിയാറായ സമയത്ത്, 2021-ലെ 65, 111, 143, 2022-ലെ 10 എന്നീ നമ്പർ ഓർഡിനൻസുകൾ യഥാസമയം പുറപ്പെടുവിച്ചു. എന്നാൽ അവസാനം പുറപ്പെടുവിച്ച 2022-ലെ 10-ാം നമ്പർ ഓർഡിനൻസ് 8-8-2022-ൽ കാലഹരണപ്പെട്ടതിനാൽ അന്നുമുതൽ ഈ നിയമം നിലവിലില്ല. നിയമം നിലവില്ലാത്ത കാലഘട്ടത്തിൽ ചെയ്തൊരു പ്രവൃത്തിയെ കുറ്റമായി കണ്ട് ശിക്ഷ കൽപ്പിക്കാൻ പാടില്ല. പ്രസ്തുത ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയക്കണമെന്ന പ്രമേയമാണ് അവതരിപ്പിക്കാൻ പോകുന്നത്. ബിൽ മാസങ്ങൾക്കുശേഷം നിയമമായി വരുമ്പോൾ ഓർഡിനൻസ് ലാപ്സായ 8-8-2022 മുതൽ നിയമം നടപ്പിൽ വരുന്നതുവരെയുള്ള കാലഘട്ടത്തിലെ ഒരു പ്രവൃത്തിയെ കുറ്റമായി കാണുന്നത് ഭരണഘടനയുടെ 20-ാം അനുച്ഛേദത്തിന്റെ ലംഘനമാകും. ഭരണഘടനാവിരുദ്ധമായ ഒരു കാര്യമായതുകൊണ്ട് ഈ ബില്ലിലെ 19 മുതൽ 25 വരെയുള്ള വകുപ്പുകളുടെ പ്രയോഗത്തിൽനിന്ന് 8-8-2022 മുതൽ നിയമം നിലവിൽ വരുന്നതുവരെയുള്ള കാലയളവ് ഒഴിവാക്കണമെന്ന നിർദ്ദേശത്തോടുകൂടി മാത്രമേ ബിൽ അവതരിപ്പിച്ച് മുന്നോട്ട് നീങ്ങാവൂ എന്നുള്ള നിർദ്ദേശമാണ് മുന്നോട്ടുവയ്ക്കാനുള്ളത്.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (<u>ശ്രീമതി ജെ. ചിഞ്ചുറാണി</u>): സർ, ബഹുമാനപ്പെട്ട അംഗം മാത്യു ടി. തോമസ് നോട്ടീസ് നൽകിയ ക്രമപ്രശ്നവുമായി ബന്ധപ്പെട്ട വിഷയം സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. 2022-ലെ 10-ാം നമ്പർ ഓർഡിനൻസിന് 2022 ആഗസ്റ്റ് 8-ാം തീയതി പ്രാബല്യമില്ലാതായി. ആയതിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിലേയ്ക്കായി ഒരു സാധൂകരണ വ്യവസ്ഥകൂടി ഉൾപ്പെടുത്തിയാണ് 2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം (ഉല്പാദനവും വിൽപ്പനയും നിയന്ത്രിക്കൽ) ബിൽ (ബിൽ നമ്പർ 128) പ്രസിദ്ധീകരിച്ചിട്ടുള്ളത്. പ്രസ്തുത ബില്ലിലെ 19 മുതൽ 25 വരെയുള്ള ഖണ്ഡങ്ങൾ ശിക്ഷയും ആയതിന്റെ നടപ്പാക്കൽ വ്യവസ്ഥകളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ളതാണ്. 2022 ആഗസ്റ്റ് 8-ാം തീയതി പ്രാബല്യമില്ലാതെയായിത്തീർന്ന പ്രസ്തുത വ്യവസ്ഥകൾക്ക് സാധൂകരണം നൽകുന്നത് ഭരണഘടനയുടെ അനുച്ഛേദം 20 (i)-ന് വിരുദ്ധമാകുമെന്നതിനാൽ പ്രസ്തുത വ്യവസ്ഥകൾ സെലക്ട് കമ്മിറ്റി പരിഗണിക്കുന്നവേളയിൽ ഒഴിവാക്കാവുന്നതാണ്.

## റൂളിംഗ്

മി. സ്പീക്കർ: ഓർഡർ... ഓർഡർ... 2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം (ഉല്പാദനവും വിൽപ്പനയും നിയന്ത്രിക്കൽ) ബില്ലിന് ആസ്പദമായി അതേ പേരിൽ നിലവിലുണ്ടായിരുന്ന ഓർഡിനൻസ് 2022 ആഗസ്റ്റ് 8-ാം തീയതി മുതൽ ലാപ്സായ സാഹചര്യത്തിൽ ബില്ലിലെ ശിക്ഷാനടപടികൾ സംബന്ധിച്ച വ്യവസ്ഥകൾക്ക് മുൻകാല പ്രാബല്യം നൽകുന്നത് ഭരണഘടനയുടെ 20-ാം അനുച്ഛേദത്തിന് വിരുദ്ധമാകയാൽ പ്രസ്തുത വ്യവസ്ഥകൾ ബില്ലിൽനിന്നും നീക്കം ചെയ്യണമെന്നാണ് ശ്രീ. മാത്യു ടി. തോമസ് ഇവിടെ ഉന്നയിച്ചത്. ഇക്കാര്യം സംബന്ധിച്ച ഗവണ്മെന്റിന്റെ നിലപാട് ബഹുമാനപ്പെട്ട മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി.

ചെയർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഹുമാനപ്പെട്ട അംഗം മാത്യു ടി. തോമസ് ചൂണ്ടിക്കാണിച്ചത് വളരെ ഗൗരവതരമായ ഒരു പിശക് ബില്ലിൽ ഉൾപ്പെട്ടിട്ടുണ്ടെന്നാണ്. ചെയറും അതിനോട് യോജിക്കുകയാണ്. എന്നാൽ അവതരണഘട്ടത്തിൽ ബില്ലിന്റെ ഉള്ളടക്കത്തിന്റെ വിശദമായ പരിശോധനയിലേയ്ക്ക് സഭ കടക്കുന്ന പതിവില്ല. ഈ ബിൽ വിശദപരിശോധനയ്ക്കായി ഒരു സെലക്ട് കമ്മിറ്റിക്കാണ് റഫർ ചെയ്യപ്പെടുന്നത്. ഇവിടെ വളരെ ഗൗരവത്തോടുകൂടി ചൂണ്ടിക്കാണിച്ച പിശക് ഉൾപ്പെടെയുള്ള കാര്യങ്ങൾ സമഗ്രമായി പരിശോധിച്ച് കുറ്റമറ്റതും സമ്പൂർണ്ണമായതുമായ ഒരു നിയമനിർമ്മാണത്തിനുള്ള ശിപാർശകൾ പ്രസ്തുത സെലക്ട് കമ്മിറ്റി എത്രയുംവേഗം നൽകുമെന്ന് ചെയർ പ്രതീക്ഷിക്കുന്നു. അതിനുശേഷം സെലക്ട് കമ്മിറ്റിയുടെ ശിപാർശയോടുകൂടി ബിൽ വീണ്ടും സഭയുടെതന്നെ പരിഗണനയ്ക്ക് വരികയും ചെയ്യുന്നതാണ്. ആ ഘട്ടത്തിലും സഭയ്ക്ക് ഈ കാര്യം പരിശോധിക്കാനും ആവശ്യമായ മാറ്റങ്ങൾ വരുത്താനുമുള്ള അവകാശവും അധികാരവുമുണ്ട്.

ബില്ലിന്റെ ഡ്രാഫ്റ്റിംഗിൽ കടന്നുകൂടിയ ഗൗരവതരമായ പിശക് യഥാസമയം ചൂണ്ടിക്കാണിച്ച ശ്രീ. മാത്യു ടി. തോമസിന് സഭയുടെ പ്രത്യേക അഭിനന്ദനങ്ങൾ കൂടി അറിയിക്കട്ടെ. ഓർഡർ... ഓർഡർ....

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, അങ്ങ് വളരെ പ്രധാനപ്പെട്ടൊരു റൂളിംഗാണ് നടത്തിയത്. ഇവിടെ ഒരു പ്രീസിഡന്റുണ്ട്. കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം വന്ന സമയത്ത്, ഇതുപോലെതന്നെ പീനൽ പ്രൊവിഷനിൽ retrospective effect വച്ചത് അന്ന് ഞാൻ ചൂണ്ടിക്കാണിക്കുകയുണ്ടായി. അന്ന് അത് അവതരിപ്പിച്ച മന്ത്രി, ബഹുമാനപ്പെട്ട ചെയറിന്റെ അനുവാദത്തോടുകൂടി പൈലറ്റ് ചെയ്ത സമയത്തുതന്നെ ആ പ്രൊവിഷൻ

വിത്ഡ്രോ ചെയ്യുകയാണുണ്ടായത്. അങ്ങനെയൊരു പ്രീസിഡന്റുകൂടിയുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. ഇതിപ്പോൾ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കുപോയി വരണമെന്നില്ല. ബഹുമാനപ്പെട്ട മന്ത്രിക്ക് ഇപ്പോൾത്തന്നെ അക്കാര്യം സംബന്ധിച്ച് തീരുമാനമെടുക്കാവുന്നതേയുള്ളൂ.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): സർ, ഗൗരവമായ പ്രശ്നമാണ് ഇവിടെ ഉന്നയിക്കപ്പെട്ടിട്ടുള്ളത്. പക്ഷെ, legislative competence ഇല്ലെങ്കിൽ മാത്രമാണ് സാധാരണ മാറ്റിവയ്ക്കാറുള്ളത്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഈ ബിൽ ആക്ട് ആക്കുന്നതിനുവേണ്ടിയുള്ള legislative procedure-നെ ഞങ്ങൾ പിന്തുണയ്ക്കുന്നുണ്ട്. ഞങ്ങൾ ചിലത് ചൂണ്ടിക്കാണിക്കുന്നുവെന്നേയുള്ളൂ. ബിൽ മാറ്റിവയ്ക്കണമെന്നല്ല, പൈലറ്റ് ചെയ്യുന്ന അവസരത്തിൽത്തന്നെ ബഹുമാനപ്പെട്ട മന്ത്രിക്ക് വിത്ഡ്രോ ചെയ്യാവുന്നതാണ്. 2008-ൽ, റവന്യൂ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. കെ. പി. രാജേന്ദ്രൻ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം സംബന്ധിച്ച ബിൽ അവതരിപ്പിച്ച സമയത്ത് ഞാൻ ഇതുപോലൊരു ലീഗൽ ഒബ്ജക്ഷൻ ഉയർത്തിയിരുന്നു. അദ്ദേഹം അപ്പോൾത്തന്നെ പ്രസ്തുത പ്രൊവിഷൻ വിത്ഡ്രോ ചെയ്തു. ഇത്തരത്തിലുള്ള പ്രീസിഡന്റ് ഉണ്ടായിട്ടുണ്ടെന്ന കാര്യമാണ് ഞാൻ സൂചിപ്പിച്ചത്. ഇവിടെയും അങ്ങനെ ചെയ്യാവുന്നതാണെന്നാണ് പറഞ്ഞത്.

<u>ശ്രീ. പി. രാജീവ്</u>: സർ, ബിൽ സഭയിൽ അവതരിപ്പിച്ചുകഴിഞ്ഞാൽ സഭയുടെ പ്രോപ്പർട്ടിയായി. മുമ്പുള്ള തടസ്സവാദമായിരുന്നുവെങ്കിൽ ഈ പറഞ്ഞത് പ്രസക്തമാണ്. എന്നാലിപ്പോൾ ഇത് പാസ്സാകുന്നതുവരെ നിയമത്തിന്റെ ഭാഗമല്ല. അത് ഒഴിവാക്കുമെന്നുള്ള ഉറപ്പ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞുകഴിഞ്ഞു. ഇപ്പോഴത് നിയമമല്ല. വളരെ പ്രസക്തമായൊരു ക്ലോസാണ് അദ്ദേഹം പറഞ്ഞത്. നിയമം സെലക്ട് കമ്മിറ്റി പരിഗണിക്കുന്ന സന്ദർഭത്തിൽ ആർട്ടിക്കിൾ 20-ന് വിരുദ്ധമായ പ്രസ്തുത ക്ലോസുകൾ ഒഴിവാക്കുമെന്ന് മന്ത്രി ഉറപ്പ് നൽകിയിട്ടുണ്ട്. ബിൽ സെലക്ട് കമ്മിറ്റി പരിശോധിച്ചശേഷം തിരികെവരുമ്പോൾ ആ പ്രൊവിഷനുകൾ ഇല്ലെന്ന് സഭയ്ക്ക് ഉറപ്പുവരുത്തുകയും ചെയ്യാം.

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, പ്രൊവിഷൻസ് പൂർണ്ണമായും ഒഴിവാക്കേണ്ട ആവശ്യമില്ല. ആദ്യത്തെ ഓർഡിനൻസ് മുതൽ 8-8-2022 വരെ പ്രബല്യത്തിലിരിക്കുന്നതിന് തടസ്സമില്ല. 8-8-2022 മുതൽ ഇനി ഈ നിയമം പാസ്സാകുന്നതുവരെയുള്ള കാലഘട്ടത്തിൽ ബന്ധപ്പെട്ട വകുപ്പുകൾ പ്രാബല്യത്തിലാകാത്ത രൂപത്തിലുള്ള ഭേദഗതി ഉണ്ടായാൽ മതി.

ശ്രീ. വി. ഡി. സതീശൻ: സർ, ഇവിടെ ചൂണ്ടിക്കാണിച്ചത് ഗുരുതരമായ തെറ്റാണ്. സെലക്ട് കമ്മിറ്റി എന്നുപറയുമ്പോൾ നമ്മളൊരു പബ്ലിക് കാര്യത്തിലേയ്ക്ക് പോകുകയാണ്. അപ്പോൾ ഇത്തരം തെറ്റുകൾ ഉണ്ടാകാതിരിക്കുന്നതാണ് ഭംഗി എന്നതുകൊണ്ടാണ് ഞാൻ അങ്ങനെ പറഞ്ഞത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഒരു പ്രീസിഡന്റ് ചൂണ്ടിക്കാണിച്ചു. ബഹുമാനപ്പെട്ട മന്ത്രിമാർ രണ്ടുപേരും ഇക്കാര്യത്തിലുള്ള സർക്കാരിന്റെ നിലപാടും വിശദീകരിച്ചു. ഇക്കാര്യത്തിൽ സെലക്ട് കമ്മിറ്റിയുടെ പരിശോധനാവേളയിൽ ഒഴിവാക്കുന്നതായിരിക്കും ഉചിതമെന്ന് കാണുന്നു. ഇപ്പോൾ സഭയുടെ പൊതുവികാരം ഈ പീനൽ പ്രൊവിഷൻ retrospective effect-ൽ ഉണ്ടാകാൻ പാടില്ലെന്നുള്ളതാണ്. അത് സർക്കാർ അംഗീകരിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രി നിയമസഭയിൽ ഉറപ്പും നൽകിക്കഴിഞ്ഞതാണ്. അക്കാര്യത്തിൽ ആശങ്കയുടെ പ്രശ്നം വരുന്നില്ല. ചെയർ അക്കാര്യം റൂൾ ചെയ്ത് കഴിഞ്ഞതുമാണ്. അതിന്റെ അടിസ്ഥാനത്തിൽ സെലക്ട് കമ്മിറ്റി ഉചിതമായ ശിപാർശ നൽകുമെന്ന് പ്രതീക്ഷിക്കാം.

ബിൽ അവതരിപ്പിച്ചിരിക്കുന്നു.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): 2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണ മിശ്രിതം (ഉല്പാദനവും വിൽപ്പനയും നിയന്ത്രിക്കൽ) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, സെലക്ട് കമ്മിറ്റിയുടെ ശിപാർശയോടുകൂടി ബിൽ വീണ്ടും സഭയുടെ പരിഗണനയ്ക്ക് വരുമ്പോൾ സംസാരിക്കാം.

ശ്രീ. കെ. വി. സുമേഷ് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീമതി ശാന്തകുമാരി കെ.: സർ, 2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം (ഉല്പാദനവും വിൽപ്പനയും നിയന്ത്രിക്കൽ) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 26-08-2022 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. വളരെ ശ്രദ്ധേയമായ ബില്ലാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. അതിൽ 1 മുതൽ 37 വരെയുള്ള വകുപ്പുകൾ കേരളത്തിന്റെ രണ്ട് കാർഷിക അനുബന്ധ മേഖലകളായ ക്ഷീര-മൃഗസംരക്ഷണ മേഖലകളിൽ

അവശ്യം വരുത്തേണ്ട നിയമ വ്യവസ്ഥകളെ സംബന്ധിച്ചുള്ളതാണ്. ഈ രണ്ട് മേഖലയും ലക്ഷക്കണക്കിന് മനുഷ്യരുടെ ഉപജീവന മാർഗ്ഗമാണ്. അതിന്റെ ഭാഗമായി പാൽ ഉൽപ്പാദനം, കിടാരികളുടെ വളർത്തൽ, മുട്ടക്കോഴി ഉൽപ്പാദനം, ചിക്കൻ ഉൽപ്പാദനം തുടങ്ങിയ നിരവധി കാര്യങ്ങൾ കേരളത്തിന്റെ സമ്പദ്ഘടനയിൽ നിർണ്ണായകമായ പങ്കുവഹിച്ച് മുന്നോട്ടുപോകുകയാണ്. കേരളത്തിലെ 8 ലക്ഷം കുടുംബങ്ങൾ ക്ഷീരമേഖലയിൽ പശു വളർത്തുന്നുണ്ട്. 3.97 ലക്ഷം അംഗങ്ങൾ ക്ഷീരസംഘങ്ങൾ വഴി രജിസ്ട്രേഷൻ നടത്തിയിട്ടുണ്ട്. 3635 പ്രാഥമിക സഹകരണ സംഘങ്ങൾവഴി പ്രതിദിനം 21.17 ലക്ഷം ലിറ്റർ പാൽ ഉൽപ്പാദിപ്പിച്ചുവരികയാണ്. ഞാൻ ഇതൊരു ആമുഖമായി സൂചിപ്പിച്ചുവെന്ന് മാത്രമേയുള്ളൂ. എന്നാൽ ഇവയെ വളർത്താൻ ഏറ്റവും ആവശ്യമായത് കലർപ്പില്ലാത്ത ഭക്ഷ്യവസ്തുക്കൾ, കാലിത്തീറ്റ, കോഴിത്തീറ്റ എന്നിവയാണ്. അതിന്റെ വില കേരളത്തിന് പുറത്തുള്ള ലോബികൾ വ്യാപകമായ രീതിയിൽ വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഏതാനും മാസങ്ങൾക്ക് മുൻപുതന്നെ ഓരോ ജില്ലയിലും 100 കണക്കിന് വരുന്ന ഫാമുകൾ അടച്ചുപൂട്ടിയത് തീറ്റയുടെ വില പൊള്ളുന്ന രീതിയിൽ ഉയർന്നുകൊണ്ടിരിക്കുന്നതിന്റെ ഭാഗമായിട്ടാണ്. കർഷകർ ഈ മേഖലകളെ അവരുടെ ഉപജീവന മാർഗ്ഗത്തിന് ആശ്രയിക്കുമ്പോൾ അതിനാവശ്യമായ തീറ്റ ലഭ്യമാകുന്നില്ലെന്നതും ലഭ്യമാകുന്നവ കലർപ്പ് നിറഞ്ഞതുമാണെന്ന വസ്തുതയാണ് ചൂണ്ടിക്കാണിക്കാനുള്ളത്. ഇതിന് പ്രധാന കാരണം, പുറത്തുനിന്ന് വരുന്ന ലോബികൾ വലിയ രൂപത്തിൽ ഇതിൽ ഇടപെടുന്നു എന്നതാണ്. അത് നിയന്ത്രിക്കുകയും മിതമായ വിലയിൽ കലർപ്പില്ലാത്ത തീറ്റകൾ കേരളത്തിൽത്തന്നെ ഉണ്ടാക്കിയെടുക്കുകയെന്ന ലക്ഷ്യമാണ് ഈ ബില്ലിന്റെ ഭാഗത്തുണ്ടായിട്ടുള്ളത്. അതിനെ പൂർണ്ണമായും ഞാൻ പിന്തുണയ്ക്കുകയാണ്. ഇവിടെ പരാമർശിച്ചതുപോലെ ശിക്ഷാനടപടികൾ ലളിതവൽക്കരിച്ചുകൊണ്ട്, ഒഫിഷ്യൽ സംവിധാനങ്ങളിലൂടെ ശിക്ഷ ഉറപ്പുവരുത്തിയാൽ മാത്രമേ കലർപ്പില്ലാത്ത രീതിയിൽ കാലിത്തീറ്റ ഉൽപ്പാദനം ഉറപ്പുവരുത്താനും കേരളത്തിലെ കർഷകരെ സഹായിക്കാനും കഴിയുകയുള്ളൂ. ആ നിലയിൽ അവതരിപ്പിക്കപ്പെട്ട ഈ ബിൽ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ചുമതലപ്പെടുത്തിയതുപ്രകാരം <u>ശ്രീമതി സി. കെ. ആശ</u>: സർ, 2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണ മിശ്രിതം (ഉല്പാദനവും വിൽപ്പനയും നിയന്ത്രിക്കൽ) ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. കേരളത്തിൽ ഏകദേശം എട്ട് ലക്ഷത്തോളം കർഷകർ ഉപജീവന മാർഗ്ഗമായി കന്നുകാലി വളർത്തലിനെ ആശ്രയിക്കുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. സംസ്ഥാനത്തെ കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണ

മിശ്രിതം എന്നിവയുടെ ഉൽപ്പാദനം, സംഭരണം, വിതരണം, വിപണനം ചെയ്യുന്നതിന്റെ ഗുണനിലവാരം തുടങ്ങിയവ ഉറപ്പാക്കുന്നതിനുള്ള ഒരു ബില്ലാണ് കൊണ്ടുവന്നിരിക്കുന്നത്. ഈ നിയമത്തിന്റെ സംക്ഷിപ്തംമാത്രം പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കാലിത്തീറ്റയുടെയും കോഴിത്തീറ്റയുടെയും നിർമ്മാണത്തിൽ ഉപയോഗിക്കേണ്ടതും ഉപയോഗിക്കാൻ പാടില്ലാത്തതുമായ തീറ്റ വസ്തുക്കൾ, അസംസ്കൃത വസ്തുക്കൾ, ചേരുവകൾ എന്നിവ നിർണ്ണയിക്കാനും കാലിത്തീറ്റയുടെയും കോഴിത്തീറ്റയുടെയും ധാതുലവണ മിശ്രിതത്തിന്റെയും നിർമ്മാണത്തിനും അവയുടെ വിപണനത്തിനും സംഭരണത്തിനും ലൈസൻസ് നൽകാനും ലൈസൻസിംഗ് അതോറിറ്റിയെ നിശ്ചയിക്കാനും നിലവാരമില്ലാത്തതോ മായം ചേർത്തതോ വ്യാജ ബ്രാൻഡിംഗ് ഉപയോഗിച്ചിട്ടുള്ളതോ ആയ തീറ്റകൾ വിൽക്കുന്നത് നിരോധിക്കുന്നതിനും തീറ്റയുടെ തെറ്റായ രീതിയിലുള്ള പരസ്യപ്രചാരണങ്ങൾ, അനഭിലഷണീയമായ വ്യാപാര നടപടികൾ എന്നിവയുടെ നിരോധനത്തിനും ഗുണനിലവാരമില്ലാത്ത തീറ്റകൾ വിപണിയിൽനിന്ന് തിരിച്ച് എടുപ്പിക്കുന്നതിനും നിയമവ്യവസ്ഥകളുടെ ലംഘനം സംബന്ധിച്ച റിപ്പോർട്ടുകൾ ലഭിക്കുന്നപക്ഷം ഉചിതമായ ശിക്ഷാനടപടികൾ സ്വീകരിക്കാനും ഈ നിയമം വഴി സർക്കാരിന് അധികാരം ലഭിക്കുന്നു. ഇവയെല്ലാം തീർച്ചയായും കേരളത്തിലെ ക്ഷീര കർഷകർക്കും കോഴിവ്യവസായത്തിൽ ഏർപ്പെടുന്നവർക്കും ഏറ്റവും ഫലവത്തായ, ഏറ്റവും മികച്ചരീതിയിലുള്ള കോഴിത്തീറ്റയും കാലിത്തീറ്റയും ധാതുലവണ മിശ്രിതവും ലഭിക്കുന്നതിനുള്ള സർക്കാരിന്റെ ഇടപെടലായിത്തന്നെ കണ്ടുകൊണ്ട് ഞാൻ ഈ ബില്ലിനെ പൂർണ്ണമായും പിന്തുണയ്ക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, 2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം (ഉല്പാദനവും വിൽപ്പനയും നിയന്ത്രിക്കൽ) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതിയെ ഞാൻ പിന്താങ്ങുന്നു. 2021 ഫെബ്രുവരി 17-ന് പുറപ്പെടുവിച്ച ഓർഡിനൻസ് നിയമമാക്കുന്നതിനുവേണ്ടിയുള്ള ബില്ലാണ് മുന്നിലുള്ളത്. ഇങ്ങനെയൊരു ബിൽ സഭയിൽ വന്നതിൽ സന്തോഷമുണ്ട്. ഈ ബില്ലിന്മേലുള്ള പ്രസംഗം എങ്ങനെ ചുരുക്കിപ്പറയുമെന്ന അങ്കലാപ്പിലാണ് ഞാൻ. മനുഷ്യൻ കഴിക്കുന്ന ഭക്ഷണത്തിൽ എന്നപോലെ മൃഗങ്ങൾക്ക് നൽകുന്ന തീറ്റയിലും വിഷത്തിന്റെ അളവ് വർദ്ധിക്കുകയും വിറ്റാമിന്റെ അളവ് കുറഞ്ഞുവരികയും ചെയ്യുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. മൃഗങ്ങൾ കഴിക്കുന്ന തീറ്റയിലെ വിഷം അവയുടെ പാലും മാംസവും കഴിക്കുന്നതിലൂടെ മനുഷ്യരിലേയ്ക്ക് എത്തിച്ചേരുകയാണ്. കേരളത്തിൽ സമീപകാലത്തായി ജനങ്ങളിലും മൃഗങ്ങളിലും കോഴി, താറാവ് ഇനങ്ങളിലും പുതിയ രോഗബാധ വർദ്ധിച്ചുവരികയാണ്. കന്നുകാലികൾക്ക് രോഗങ്ങളും മരണവും ഉണ്ടാകുന്നു. അതുപോലെ മനുഷ്യർക്കും പുതിയതരം

രോഗങ്ങൾ ഉണ്ടാകുകയും അത് കഠിനമാകുന്ന സാഹചര്യമുണ്ടാകുകയും ചെയ്യുന്നു. ഇത്തരം രോഗങ്ങളെല്ലാം ഇതുവഴിയാണ് കടന്നുവരുന്നതെന്ന യാഥാർത്ഥ്യം നമുക്ക് അറിയാവുന്നതാണ്. ആത്മഹത്യയ്ക്ക് ഉപയോഗിക്കുന്ന ഫ്യൂറിഡാനും കാസർഗോഡ് മാത്രമുണ്ടെന്ന് കരുതുന്ന എൻഡോസൾഫാനും ഈ വിഷവസ്തുക്കളിലെ ഇനങ്ങൾ മാത്രമാണ്. പാലിൽ യൂറിയ മുതൽ സോപ്പുപൊടിവരെ ഉപയോഗിക്കുന്നുവെന്നുള്ളതാണ് യാഥാർത്ഥ്യം. ഈയടുത്തകാലത്ത് മലയാള മനോരമ ദിനപ്പത്രം പ്രസിദ്ധീകരിച്ച ഒരു ലേഖനത്തിൽ പാലിന്റെ കൊഴുപ്പ് വർദ്ധിപ്പിക്കുന്നതിനായി ഞാഞ്ഞൂലിനെ പാലിലിടുന്ന ശ്രമത്തെക്കുറിച്ച് പരാമർശിച്ചത് വായിക്കാനിടയായി. ഇങ്ങനെ ഭക്ഷണപദാർത്ഥങ്ങളിലും മൃഗങ്ങൾക്ക് കൊടുക്കുന്ന തീറ്റയിൽപ്പോലും വിഷത്തിന്റെ അളവ് വർദ്ധിച്ചുവരുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നതെന്ന് മനസ്സിലാക്കണം. ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള കേരളാ ഫീഡ്സുണ്ട്. മിൽമയുടെ കീഴിൽ കാലിത്തീറ്റയും കോഴിത്തീറ്റയും ഉൽപ്പാദിപ്പിക്കുന്നുണ്ട്. അതിന് ശക്തി പകരുന്നതിനും കേരളത്തിന് ആവശ്യമായ തീറ്റ ഇതുവഴി ലഭ്യമാക്കാൻ സാഹചര്യമുണ്ടാക്കുന്നതിനുള്ള പരിശ്രമങ്ങളുമാണ് നടത്തേണ്ടത്. സ്വകാര്യമേഖലയിൽ ധാരാളം സ്ഥാപനങ്ങൾ ഇതുമായി ബന്ധപ്പെട്ട് കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. അവർക്ക് ശക്തിപകരുന്ന തലത്തിലേയ്ക്ക് നമ്മൾ പോകരുത്. ബില്ലിലെ ചില ഭാഗങ്ങളിൽ ഭേദഗതികൾ നിർദ്ദേശിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. 4-ാം വകുപ്പിൽ ഉപവകുപ്പ് (1) ആകാം. എന്നാൽ ഉപവകുപ്പ് (2)-ഉം, (3)-ഉം എന്തിനാണെന്ന് മനസ്സിലാകുന്നില്ല. 2-ാം ഉപവകുപ്പ് പറയുന്നത് "കന്നുകാലികൾക്കുള്ള ധാതുലവണമിശ്രിതത്തിൽ ജന്തുജന്യഘടകങ്ങളും മാർബിൾപൊടി, ഡോളോമൈറ്റ്പൊടി, ഫെറിക് ഓക്സൈഡ്, കുപ്രിക് ഓക്സൈഡ്, മാംഗനീസ് ഡയോക്സൈഡ്, സംസ്കരിച്ചിട്ടില്ലാത്ത റോക്ക് ഫോസ്ഫേറ്റ് പോലെയുള്ള മറ്റു ചേരുവകളും അടങ്ങിയിരിക്കാൻ പാടില്ലാത്തതാകുന്നു" എന്നാണ്. മായംചേർക്കുന്ന ലോബികൾക്ക് ഇങ്ങനെയും ഒരു വിദ്യയുണ്ടെന്ന് ഒരു നിയമത്തിലൂടെ നാം പഠിപ്പിക്കണോ? അതുകൊണ്ട് ഇത് ആവശ്യമില്ലാത്തതാണ്. ഇതിൽ ഇങ്ങനെ പല പേരുകളും ചേർക്കാം; അതുകൊണ്ട് ഈ ഉപവകുപ്പ് ഒഴിവാക്കണമെന്നാണ് എന്റെ അഭിപ്രായം. 3-ാം ഉപവകുപ്പിൽ "(1)-ഉം (2)-ഉം ഉപവകുപ്പുകളിൽ പറഞ്ഞിട്ടുള്ളവയല്ലാതെ, കന്നുകാലികൾക്കും കോഴിവർഗ്ഗത്തിനും വേണ്ടിയുള്ള ധാതുലവണമിശ്രിതം നിർമ്മിക്കുമ്പോൾ ഉപയോഗിക്കേണ്ടതോ, ഉപയോഗിക്കാൻ പാടില്ലാത്തതോ ആയ ചേരുവകൾ സർക്കാരിന്, ഔദ്യോഗിക ഗസറ്റിലെ വിജ്ഞാപനം വഴി, പ്രഖ്യാപിക്കാവുന്നതാണ്" എന്നാണ്. ചേർക്കാൻ പാടില്ലാത്തത് ഒരു ഗസറ്റിലൂടെ പ്രഖ്യാപിക്കേണ്ടതില്ല. കാലാകാലമായി ചേർക്കേണ്ടത് വിജ്ഞാപനത്തിൽ ഉൾപ്പെടുത്താം. അതുപോലെ 9-ാം വകുപ്പിൽ പറയുന്നത് "നിലവാരമില്ലാത്തതോ മായം ചേർത്തതോ മിസ്ബ്രാന്റഡ് ആയതോ ആയ തീറ്റയും ധാതുലവണമിശ്രിതവും നിർമ്മിക്കുന്നതിനും മറ്റുമുള്ള നിരോധനം" എന്നാണ്. ഞാൻ ഇത് മുഴുവൻ വായിക്കുന്നില്ല. അതിൽ ലൈസൻസില്ലാത്ത ആൾ തീറ്റ ഉണ്ടാക്കി കൊടുക്കുന്നതിനെ എതിർക്കുന്നുണ്ട്.

മി. സ്പീക്കർ: ഇത് പൊതു ചർച്ചയാണ്. വകുപ്പുതിരിച്ചുള്ള ചർച്ച പിന്നീട് നടക്കുമല്ലോ?

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, വകുപ്പുകളിലെ അപാകതകൾ ചൂണ്ടിക്കാണിക്കേണ്ടത് ഇവിടെയല്ലേ? ഞാൻ ഒന്നുരണ്ട് കാര്യങ്ങൾകൂടി പറഞ്ഞു നിർത്താം. എനിക്ക് രണ്ടോമൂന്നോ കന്നുകാലികൾ ഉണ്ടെങ്കിൽ അവർക്കുള്ള ഭക്ഷണം പല ചേരുവകളും ചേർത്ത് സ്വന്തമായി തയ്യാറാക്കി നൽകാറുണ്ട്. നാട്ടിൽ പല കർഷകരും ജൈവപരമായ പയർ, പുല്ല് ഇതൊക്കെ ചേർത്ത മിശ്രിതം സ്വന്തമായി തയ്യാറാക്കി കന്നുകാലികൾക്ക് കൊടുക്കുന്നുണ്ട്. അതിനെ നിയന്ത്രിക്കാൻ ഇത് കാരണമാകും. അതായത് കർഷകർക്ക് സ്വന്തം വളർത്തുമൃഗങ്ങൾക്ക് തീറ്റകൊടുക്കുന്നത്, സ്വന്തം നിലയ്ക്ക് ഉൽപ്പാദിപ്പിക്കാൻ പാടില്ലെന്നാകും. ഒരു ഉദാഹരണം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ഇവിടെ തെങ്ങുകൾക്ക് മണ്ഡരി ബാധിച്ചു. 1998-ൽ കേരളത്തിലെ സർവ്വകലാശാലകളും ശാസ്ത്രജ്ഞരും സർക്കാരുമൊക്കെ കിണഞ്ഞുപരിശ്രമിച്ചെങ്കിലും അതിന് ഫലം കണ്ടില്ല. ഇതിനുള്ള പരിഹാരം രണ്ട് നാടൻ കർഷകരാണ് കണ്ടുപിടിച്ചത്. പുകയിലയും സോപ്പ് കലക്കിയ വെള്ളവും ചേർത്ത മിശ്രിതം തെങ്ങിൽ അടിച്ചാൽ മണ്ഡരിബാധ കുറയുമെന്ന് മനസ്സിലായി. ഇന്ന് കേരളത്തിൽ വ്യാപകമായി ഉപയോഗിക്കുന്നത് ഈ മാർഗ്ഗമാണ്. അതുകൊണ്ട് നാടൻ കർഷകരുടെ അനുഭവസമ്പത്തിനെ പിച്ചിയെറിയുന്ന രീതിയിൽ നിയമങ്ങൾ നിർമ്മിക്കാൻ പാടില്ലെന്നുകൂടി പറഞ്ഞുകൊണ്ട്, ബഹുമാനപ്പെട്ട സ്പീക്കറുടെ അഭ്യർത്ഥന മാനിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

മി. സ്പീക്കർ: ശ്രീമതി ശാന്തകുമാരി കെ., അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീമതി ശാന്തകുമാരി കെ.: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി സി. കെ. ആശ, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീമതി സി. കെ. ആശ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സെലക്ട് കമ്മിറ്റിയുടെ ഘടന ബഹുമാനപ്പെട്ട വകുപ്പുമന്ത്രിക്ക് അവതരിപ്പിക്കാവുന്നതാണ്.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, പ്രസ്തുത ബില്ലിന്റെ പരിഗണനയ്ക്കായി രൂപീകരിക്കാവുന്ന സെലക്ട് കമ്മിറ്റി അംഗങ്ങളുടെ ലിസ്റ്റ് സഭയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

1. ശ്രീമതി ജെ. ചിഞ്ചുറാണി (മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി)
2. ശ്രീ. അൻവർ സാദത്ത്
3. ശ്രീമതി സി. കെ. ആശ
4. ശ്രീ. ജി. എസ്. ജയലാൽ
5. ശ്രീ. ജോബ് മൈക്കിൾ
6. ശ്രീ. സി. എച്ച്. കുഞ്ഞമ്പു
7. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
8. ഡോ. മാത്യു കുഴൽനാടൻ
9. ശ്രീ. കെ. പി. മോഹനൻ
10. ശ്രീ. കുറുക്കോളി മൊയ്തീൻ
11. ശ്രീ. മോൻസ് ജോസഫ്
12. ശ്രീ. ഡി. കെ. മുരളി
13. ശ്രീ. കെ. ഡി. പ്രസേനൻ
14. ശ്രീമതി യു. പ്രതിഭ
15. ശ്രീമതി കെ. കെ. രമ

മേൽപ്പറഞ്ഞ ഘടന അംഗീകരിച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: 2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം (ഉല്പാദനവും വിൽപ്പനയും നിയന്ത്രിക്കൽ) ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ....

പ്രതികൂലിക്കുന്നവർ....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

സെലക്ട് കമ്മിറ്റിയുടെ ചെയർപേഴ്സണായി ബഹുമാനപ്പെട്ട മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി ശ്രീമതി ജെ. ചിഞ്ചുറാണിയെ നിയോഗിച്ചിരിക്കുന്നു.

ഓർഡർ... ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2022 ആഗസ്റ്റ് മാസം 29-ാം തീയതി തിങ്കളാഴ്ച രാവിലെ 9 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 6.44-ന് പിരിഞ്ഞു.)

## അനുബന്ധം

### ഫയർ സ്റ്റേഷൻ സംബന്ധിച്ച് ശ്രീ. കെ. പ്രേംകുമാർ എം.എൽ.എ.-യുടെ സബ്മിഷന് ബഹു. മുഖ്യമന്ത്രി നൽകിയ മറുപടി

ഒരു പ്രദേശത്തെ ജനസാന്ദ്രത, റസ്പോൺസ് ടൈം, ഭൂപ്രകൃതി സംബന്ധമായ പ്രത്യേകതകൾ, തീർത്ഥാടന കേന്ദ്രങ്ങൾ, വ്യാപാര വാണിജ്യ സ്ഥാപനങ്ങളുടെ സാന്നിധ്യം, ജലലഭ്യത, തുടങ്ങിയവ അടിസ്ഥാനപ്പെടുത്തിയാണ് പൊതുവെ ഫയർസ്റ്റേഷനുകൾ ആരംഭിക്കുന്നത്. എന്നാൽ, സർക്കാർ അനുവദിക്കുന്ന ഫയർസ്റ്റേഷനുകൾ പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കുന്നതിനുമുമ്പ് വീണ്ടും ഫയർ സ്റ്റേഷനുകൾ അനുവദിച്ചുകൊണ്ടുള്ള ഉത്തരവുകൾ പുറപ്പെടുവിക്കുന്ന സ്ഥിതി നിലവിലുണ്ടായിരുന്നു. ഇത് കണക്കിലെടുത്ത് മുമ്പ് ആരംഭിക്കാൻ തീരുമാനിച്ചിട്ടുള്ള ഫയർ സ്റ്റേഷനുകളുടെ പ്രവർത്തനം തുടങ്ങുന്നതിന് മുൻഗണന നൽകുക എന്ന നയമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. അവ പ്രവർത്തനസജ്ജമാകുന്ന മുറയ്ക്ക് പുതിയ സ്റ്റേഷനുകൾ ആരംഭിക്കുന്ന കാര്യം തീരുമാനിക്കുന്നതാണ്. ആ സന്ദർഭത്തിൽ ഒറ്റപ്പാലത്ത് ഫയർ സ്റ്റേഷൻ അനുവദിക്കുന്ന കാര്യവും പരിഗണിക്കാവുന്നതാണ്.